കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

തുള്ളൽ കഥകൾ



ശ്രീ

എസ്സ്. റ്റി. റെഡ്ഡ്യാർ ശേഖരിച്ച

കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

തുള്ളൽ കഥകൾ



ഒന്നാംഭാഗം

പ്രകാശകൻ,

റ്റി. സുബ്ബയ്യാ റെഡ്ഡ്യാർ,

റെഡ്ഡ്യാർ പ്രസ്സ് & ബുക്കഡിപ്പോ,

തിരുവനന്തപുരം-1.

പരിഷ്കരിച്ച പതിപ്പ്

കാപ്പി 2000

റെഡ്യാർ പ്രസ്സ്, തിരുവനന്തപുരം.

സെപ്റ്റംബർ 1953.



ഒന്നാംഭാഗത്തിന്

വില 3—0—0.

മുഖവുര

ഞാൻ പുസ്തകവ്യാപാരത്തിൽ ഏർപ്പെട്ടിട്ട് ഇപ്പോൾ ഇരുപത്തിഏഴുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ പ്രാചീനങ്ങളും, നവീനങ്ങളുമായ അനവധി ഭാഷാഗ്രന്ഥങ്ങൾ എന്റെ പ്രസിദ്ധീകരണത്തിൽ ഉൾപ്പെട്ടു പൊതുജനങ്ങൾക്ക് ഉപകാരമായി ഭവിച്ചിട്ടുണ്ടെന്നുള്ളതു സർവ്വവിദിതമായ വാസ്തവമാണ്. ഒരു ഭാഷയ്ക്ക് എന്തുമാത്രം ഉൽക്കർഷമുണ്ടെന്നുള്ളത് ആ ഭാഷയിൽ പ്രചാരത്തിൽ ഇരിക്കുന്ന ഗ്രന്ഥങ്ങളുടെ എണ്ണവും വണ്ണവും ഘനവും തെളിവുംകൊണ്ടു നിശ്ചയിക്കാവുന്നതാണ്. ഞാൻ പുസ്തകപ്രചരണവിഷയത്തിൽ ആദ്യം ഏർപ്പെട്ടപ്പോൾ മലയാളഭാഷയിൽ പുസ്തകങ്ങൾക്ക് വളരെ ദാരിദ്ര്യവും ഉള്ളവയ്ക്ക് അസീമമായ വിലയും ഉണ്ടായിരുന്നു. എഴുത്തറിയാവുന്ന കേരളീയഹിന്ദുക്കളിൽ അധികം ആളുകളും അനുദിനവും പാരായണം ചെയ്യുന്നവയാണല്ലോ എഴുത്തച്ഛന്റെ ഭാഗവതം ഭാരതം, രാമായണം എന്നീ മൂന്നു കിളിപ്പാട്ടുകളും; ഇവയിൽ ഓരോ പുസ്തകത്തിനും അന്ന് 7-൦ 4-൦ 3-൦ രൂപാവീതം വില കൊടുത്താലും അത്ര സുലഭമല്ലായിരുന്നു. അവ അച്ചടിക്കപ്പെട്ടിരുന്നതും വാല്യം തലയും നിത്തും നിലയും ഒന്നും കൂടാതെയും അപരിഷ്കൃതമായും ഭീമാബദ്ധനിർഭരിതമായും ആയിരുന്നു. പുസ്തകത്തിന്റെ ചുരുക്കംകൊണ്ടും വിലക്കൂടുതൽകൊണ്ടും ഒരുവിധം ദ്രവ്യസ്ഥന്മാരുടെ ഭവനങ്ങളിൽ അല്ലാതെ സാധാരണന്മാരുടെയും പാവങ്ങളുടെയും ഭവനങ്ങളിൽ അവയ്ക്കു അന്ന് ഇന്നത്തെപ്പോലെ പ്രവേശനം ലഭിച്ചിരുന്നതുമില്ല. അവയെ എന്റെ പ്രസിദ്ധീകരണകോടിയിൽ അകപ്പെടുത്തി ആകൃതിയിൽ പരിഷ്കാരവും പ്രകൃതിയിൽ സംസ്കാരവും വരുത്തിട്ടുള്ളതു ഇപ്പോൾ മുമ്പിലത്തേതിൽ അഞ്ചിൽ ഒരോഹരി വിലയ്ക്കു കേരളത്തിലെങ്ങും സുലഭമാണെന്നുള്ളതിനു ദൃഷ്ടാന്തം ധനികന്മാരുടെ പ്രാസാദങ്ങളിലും സാധാരണന്മാരുടെ ഭവനങ്ങളിലും പാവങ്ങളുടെ കുടിലുകളിലും ഒന്നുപോലെ പുരാണപാരായണം നടന്നുവരുന്നതാകുന്നു. ഭാഷാകവികുലഗുരുക്കന്മാരായ എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ, ചെറുശ്ശേരി നമ്പൂരി മുതലായ പ്രസിദ്ധകവികളുടെ ദ്രവോൻമുഖങ്ങളും മലയാളഭാഷയുടെ പൂർവ്വികസമ്പത്തുകളും, ഗുണപ്രദങ്ങളുമായ അനവധി കൃതികളെ അച്ചടിച്ചുസംരക്ഷിച്ചു ജനസാമാന്യത്തിനു ഒന്നുപോലെ അനുഭവയോഗ്യമാക്കിത്തീർത്തിട്ടുള്ളതുമല്ലാതെ അപ്രസിദ്ധങ്ങളും, പരിഷ്കാരവിമുഖന്മാരും സ്വാർത്ഥതൽപ്പരന്മാരുമായ പലരും ഗൂഢമായി സംഗ്രഹിച്ചു വെള്ളരമ്പിനും പാററയ്ക്കും കൊടുപ്പാനായി വച്ചിരുന്ന പല പ്രയോജനകരങ്ങളായ ഗ്രന്ഥങ്ങളേയും ഞാൻ അതിപ്രയത്നംകൊണ്ടും ധനവ്യയംകൊണ്ടും സമ്പാദിച്ചു മുദ്രണംചെയ്തു പൊതുജനങ്ങൾക്കുപകാരമാക്കിട്ടുള്ളതിനെ തന്നത്താൻതന്നെ മഹാജനങ്ങളോട് ഘോഷിക്കുന്നതു ആത്മപ്രശംസയിൽ അകപ്പെട്ടുപോകുമോ എന്നു ശങ്കിക്കുന്നെങ്കിലും വാസ്തവനിവേദനമാണല്ലോ എന്നൊരു സമാധാനവും ഉണ്ട്. മലയാളഭാഷാസാഹിത്യലോകത്തിനു പത്തിരുപതിൽ ചില്വാനം കൊല്ലത്തിനിപ്പുറമായി പെട്ടെന്നൊരു വികാസവും, ശക്തിയും, പരിഷ്കാരവും, തെളിവും വർദ്ധിച്ചിട്ടുള്ളതിനു ഇപ്പോഴത്തെ ഭാഷാസാമ്രാജ്യത്തിലെ ചക്രവർത്തിതിരുമനസ്സിലെയും, യുവരാജാവുതിരുമനസ്സിലെയും, സാമന്തഭൂപന്മാരുടെയും ഭരണനൈപുണ്യവും പ്രധാന ഉദ്യോഗസ്ഥന്മാരുടെ കൃത്യനിഷ്ഠയും, മലയാളം മാതൃഭാഷയായ കേരളത്തിന്റെ ഒന്നാകെയുള്ള ഉണർച്ചയും പരിഷ്കൃതനിലയിൽ വർത്തിക്കുന്ന അന്യഭാഷകളോടുള്ള സംസർഗ്ഗവും സർവ്വകലാശാലയിൽ മലയാളഭാഷയും ഒരു ഉപഭാഷയായി സ്വീകരിക്കപ്പെട്ടതും ബ്രിട്ടീഷ്, തിരുവിതാംകൂർ, കൊച്ചി ഈ ഗവമ്മെൻറുകൾ മലയാളവിദ്യാലയങ്ങളെ സ്ഥാപിച്ചു പോഷിപ്പിക്കുന്നതും

അച്ചുടിയന്ത്രങ്ങളുടെ ആവിർഭാവവും പ്രധാനകാരണങ്ങളാണെങ്കിലും, മലയാളത്തെ ദ്രാവിഡഭാഷാ മഹാസാമ്രാജ്യത്തിൽനിന്നും വിമുക്തി പ്രത്യേകമായ ഒരു മഹാരാജ്യമാക്കി ഭരിച്ച എഴുത്തച്ഛന്റെ പാവനമായ കൃതികളെയും, അതിനുശേഷം പല നൂതനരീതികളെയും വിചിത്രസ്ഥാപനങ്ങളെയും അലങ്കാരസാധനങ്ങളെയുംകൊണ്ടു പരിഷ്കരിച്ചു കോട്ടയത്തരചൻ ഉണ്ണായിവാൎയ്യർ മുതലായവരുടെ സാരഗൎഭങ്ങളായ കല്പനകളെയും സ്വതന്ത്രസ്വതന്ത്രനായി സൎവ്വവിഷയങ്ങളിലും തുള്ളിത്തകത്തു ജൈത്രപ്രസ്ഥാനമേറി മുഴക്കി ഭരണം നടത്തിയ കുഞ്ചൻനമ്പ്യാരുടെ ശാസനകളെയും പിന്നീടുണ്ടായ ഭരണദോഷംകൊണ്ടു ഭിന്നിച്ചു മാഞ്ഞും, തേഞ്ഞും പോയവയെ എല്ലാം അത്യദ്ധ്വാനം ചെയ്തൊന്നിച്ചുചേൎത്തും അദ്ധ്യാത്മരാമായണം മനുസ്മൃതി, ഭൎത്തൃഹരി മുതലായ ശ്രേഷ്ഠഗ്രന്ഥങ്ങൾക്കു വ്യാഖ്യാനങ്ങളെ എഴുതിച്ചും ശ്രീമച്ഛങ്കരാചാൎയ്യർ, വിക്രമാദിത്യകഥ, കീൎത്തികേസരി, കാദംബരി, കഥാസരിത്സാഗരം, ശ്രീകൃഷ്ണാഖ്യായാമൃതം, ഭൂലോകവിനോദകഥകൾ, രുഗ്മിണിദേവി, ലീലാവതി, ആറുമാറാട്ടം, ശ്രീരാമകൃഷ്ണപരമഹംസരുടെ ഉപദേശങ്ങൾ 100 ൽ ചില്വാനം ഗദ്യപുസ്തകങ്ങളെ ദ്രാവിഡം, സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിൽനിന്നും വിദ്വാന്മാരെക്കൊണ്ടു തൎജ്ജമചെയ്യിപ്പിച്ചും വക്കലസ്ഥലമാഹാത്മ്യം, ഗരുഡപുരാണം, സേതുമാഹാത്മ്യം മുതലായി പല കിളിപ്പാട്ടുകൾ ഹരിശ്ചന്ദ്രചരിതം തുടങ്ങിയ 50-ൽ ചില്വാനം നാടകപുസ്തകങ്ങൾ, ശ്രീകൃഷ്ണചരിതം, സന്മാൎഗ്ഗചന്ദ്രിക, അവസരോക്തിമാല, ഗുരുജ്ഞാനോപദേശം മുതലായി 100-ൽവരെ മണിപ്രവാളപദ്യപുസ്തകങ്ങൾ, മാധവനിദാനം, വൈദ്യസംഗ്രഹം മുതലായ വൈദ്യഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ ഇവയും വള്ളപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ, അമ്മാനപ്പാട്ടുകൾ, വാതില്തുറപ്പാട്ടുകൾ, കമ്മിപ്പാട്ടുകൾ, ഊഞ്ഞാൽപ്പാട്ടുകൾ, നേരമ്പോക്കുവിഷയമായ ക്രിമിനൽക്കേസു പുസ്തകങ്ങൾ മുതലായി 300-ൽ ചില്വാനം ചില്ലറ ഇനങ്ങൾ ഇങ്ങനെ പത്തെഴുനൂറിൽ ചില്വാനം ഭാഷാഗ്രന്ഥങ്ങളെ ഒരു വ്യാഴവട്ടക്കാലമായിട്ട അനവരതപ്രയത്നംകൊണ്ടു സംഗ്രഹിച്ചും സമ്പാദിച്ചും പ്രസിദ്ധംചെയ്തു ഭാഷാസാഹിത്യലോകവാസികൾക്കുപകാരപ്പെടുത്തിവരുന്ന "വിദ്യാഭിവൎദ്ധിനി" പുസ്തകശാലയുടെയും മുദ്രാലയത്തിന്റെയും പ്രയത്നവും ഭാഷാഭിവൃദ്ധിക്ക് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതിനെ മഹാജനങ്ങൾതന്നെ തീൎച്ചപ്പെടുത്തേണ്ടതാണ്. ഞാൻ ഇതുവരെയും ഉള്ള എന്റെ ജീവിതകാലം മുഴുവനും ഭാഷാഗ്രന്ഥങ്ങളെ പ്രചരിപ്പിക്കുന്നതിനും മലയാളം അച്ചുടിയെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനും ആയിട്ടാണ് വിനിയോഗിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ എനിക്കു സഹായമായി ഭവിച്ചിട്ടുള്ളതു വിദ്വത്സത്തമന്മാരായ പണ്ഡിതാഗ്രേസരന്മാരുടെ അനുമോദനങ്ങളും അവരിൽ ചുരുക്കം ചിലരുടെ ഉദാരതയും പൊതുജനങ്ങൾ എന്നാൽ പ്രസാധിതങ്ങളായ പുസ്തകങ്ങളെ ധാരാളം വാങ്ങിച്ചു എനിക്കു നൽകുന്ന കൃതാൎത്ഥതയെ വൎദ്ധിപ്പിക്കുന്നതും മാത്രമാകുന്നു. പരിഷ്കൃതരാജ്യങ്ങളിൽ ഭാഷാപോഷണവിഷയത്തിൽ പ്രയത്നിക്കുന്നവൎക്ക് ഗവൎമ്മെണ്ടിൽനിന്നും ബുക്കുകമ്മറ്റിയിൽനിന്നും പല സഹായങ്ങളും ചെയ്തുകൊടുക്കുന്ന പതിവുണ്ട്. എന്നാൽ വിദ്യാഭ്യാസവിഷയത്തിൽ അത്യന്തം ജാഗ്രൂകതയും ഉദാരതയും നാനാപ്രകാരത്തിലും പ്രകാശിപ്പിക്കുന്ന നമ്മുടെ ഗവൎമ്മെണ്ടിൽനിന്നാകട്ടെ ബുക്കുകമ്മിറ്റിയിൽ നിന്നാകട്ടെ സ്മരണീയമായ യാതൊരു സഹായവും ഇതുവരെയും "വിദ്യാഭിവൎദ്ധിനി"ക്കു ലഭിച്ചിട്ടില്ലാത്തതു ഭാഗ്യദോഷംകൊണ്ടെന്നല്ലാതെ മറ്റൊന്നും പറയാവതല്ല. ഏതൊരു വ്യവസായവും അഭിവൃദ്ധിയിൽ വരുന്നതിന് താദൃശഗവൎമ്മെണ്ടിന്റെ സഹായം അത്യന്താപേക്ഷിതമാണെന്നുള്ളതു പ്രസ്താവയോഗ്യമാണ്. ഞാൻ അച്ചുക്കൂടം നടത്തി തുടങ്ങിയതുമുതൽ മലയാളം അച്ചുടിയെ വിവിധവിധത്തിലും പരിഷ്കരിച്ചുവരികയാണെങ്കിലും എന്റെ എല്ലാ മനോഗതങ്ങളും ഒന്നുപോലെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനു മേൽ യാതൊരു വിധത്തിലും സഹായികളില്ലാത്തതിനാൽ സാധിച്ചിട്ടില്ലെന്നുള്ളതിനേയും വ്യസനസമേതം വെളിപ്പെടുത്തിക്കൊള്ളുന്നു. പ്രാചീനന്മാരും അൎവ്വാചീനന്മാരും

ആയ പണ്ഡിതാഗ്രേസരന്മാരുടെ കവനങ്ങളെ ഇനംപ്രതി കൂട്ടിച്ചേൎത്തടിക്കുന്നതു് ഭാഷാഗ്രന്ഥങ്ങളെ രക്ഷിക്കുന്നതിനുള്ള ഒരു നല്ലവഴിയും വായനക്കാൎക്കു സുഗമവും സുകരവും ആയിരിക്കുമെന്നെനിക്കു കുറെ മുമ്പിനാലെ ഉണ്ടായിരുന്ന അഭിപ്രായത്തെ അടിസ്ഥാനമാക്കി അഞ്ചാറുകൊല്ലങ്ങൾക്കുമുമ്പിൽ പൂൎവികന്മാരും ആധുനികന്മാരും ആയ വിദ്വാന്മാരുടെ 72 ദിവസത്തെ ആട്ടക്കഥകളെ കൂട്ടിച്ചേൎത്തു് അച്ചടിച്ചു മലയാളത്തിലെ പണ്ഡിതന്മാരിൽ പലൎക്കും മാന്യപത്രങ്ങൾക്കും അഭിപ്രായത്തിനയച്ചതിൽ എല്ലാവരും ഐകകണ്ഠ്യേന ഈ പ്രയത്നം മലയാളഭാഷയ്ക്കും മലയാളത്തിനും അമൂല്യമായ ഒരനുഗ്രഹവും അത്യന്തം ശ്ലാഘനീയവുമാണെന്നഭിപ്രായപ്പെട്ടതുകൂടാതെ അവരിൽ സൎവകലാവല്ലഭനായ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, ഇതിനുതന്നെ ഭാഷാഭിമാനികളിൽ അഗ്രേസരന്മാരായ എ. ആർ. രാജരാജവൎമ്മകൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകളും മററും ഇതുപോലെ തുള്ളക്കഥകൾ, വഞ്ചിപ്പാട്ടുകൾ മുതലായതും സങ്കലനം ചെയ്തച്ചടിപ്പിക്കുന്നതു വളരെ പ്രയോജനവും ആശാസ്യവുമാണെന്നഭിപ്രായപ്പെട്ടു്. ആ വിഷയത്തിൽ എനിക്കു അത്യന്തം ഉത്സാഹത്തെ ജനിപ്പിച്ചു.

അതിൽപിന്നെ ഞാൻ ഭാഷാകവികുലഗുരുവായ കുഞ്ചൻനമ്പ്യാരുടെ സരസമധുരപ്രസന്നഗംഭീരങ്ങളായ തുള്ളൽപാട്ടുകൾ സങ്കലനം ചെയ്തച്ചടിപ്പിച്ചാൽ ഭാഷയ്ക്കും ജനങ്ങൾക്കും പ്രയോജനമായി ഭവിക്കുമെന്നുവിചാരിച്ചു ശ്രമിച്ചതിന്റെ ഫലമായിട്ടാണു് 32 കഥകൾ അടങ്ങിയ കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ 1-ാംഭാഗം എന്ന പുസ്തകം 1084 ൽ "വിദ്യാഭിവൎദ്ധിനി" മുദ്രാലയമുദ്രിതമായി പുറപ്പെട്ടു് ഇപ്പോൾ കേരളത്തിലെങ്ങും വിഹരിക്കുന്നതു്. മലയാളത്തിലെ എല്ലാ മാന്യപണ്ഡിതന്മാരും പൊതുജനപ്രാതിനിധ്യത്തെ വഹിക്കുന്ന മാന്യ പത്രങ്ങളും വിലയേറിയ പല അഭിപ്രായങ്ങൾമൂലം എന്നെ അനുമോദിക്കുകയും കേരളവാസികൾ ആദരിക്കുകയുംചെയ്തു ഏതദ്വിഷയത്തിൽ സ്വതഃ ജാഗരൂകനായ എനിക്കു വിശേഷാൽ ഉന്മേഷത്തെ ഉളവാക്കിയെങ്കിലും കൃത്യാന്തരങ്ങളാൽ ഉടനടി അതിന്റെ 2-ാംഭാഗം പുറപ്പെടുവിക്കുന്നതിനു സംഗതിയായില്ല.

അതിന്റെശേഷം എന്റെ മാന്യസുഹൃത്തുകളിൽ പലരും, സരസകവിയായ കുഞ്ചൻനമ്പ്യാരുടെ ശില്പമുള്ള കവിതാരത്നങ്ങളെക്കൂടി സമ്പാദിച്ചു 2-ാംഭാഗമായി ഒരു മാലകൂട്ടികൊണ്ടു മലയാളഭാഷാവനിതയുടെ ഗളതലത്തെ അലങ്കരിക്കണമെന്നു നിൎബന്ധിച്ചെങ്കിലും രണ്ടാംഭാഗത്തിൽ ചേൎത്തിട്ടുള്ള തുള്ളലുകളിൽ അധികവും മുൻപിൽ അച്ചടിച്ചിട്ടുള്ളവ അല്ലാത്തതിനാൽ അപ്രസിദ്ധങ്ങളും ഗ്രന്ഥം കൈയിൽ ഉള്ളവരിൽ അധികംപേരും പ്രസിദ്ധപ്പെടുത്തുന്നതിൽ വൈമനസ്യമുള്ളവരും ആകയാൽ അവയെ സമ്പാദിക്കുന്നതിനുള്ള ബുദ്ധിമുട്ടും ധനവ്യയവും ക്രമാധികമായി കണ്ടുകൊണ്ടുണ്ടായ ഏതദ്വിഷയത്തിലുള്ള എന്റെ മന്ദഗതിയെ മഹാമഹിമശ്രീ കൊച്ചിയിൽ എച്ച്. എച്ച്. രാമവൎമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു അനുഗ്രഹസൂചകങ്ങളും ചാരിതാൎത്ഥ്യജനകങ്ങളുമായ തിരുവെഴുത്തുകൾമൂലം ഏതാനും ചില ദുൎല്ലഭങ്ങളായ നല്ല കഥകൾ അയച്ചുതന്നും ത്വരിതപ്പെടുത്തുകയാൽ 1086-ൽ 26 കഥകൾ അടങ്ങിയ രണ്ടാംഭാഗവും വെളിക്കാക്കി. അതിൽ എനിക്കു അധികം ബുദ്ധിമുട്ടും ധനവ്യയവും നേരിട്ടിട്ടുണ്ടെങ്കിലും പൊതുജനങ്ങളുടെയും വിദ്വാന്മാരുടെയും ശ്ലാഘയ്ക്കു നിദാനമായി ഭവിച്ചതുകൊണ്ടു പരോപകാരംതന്നെ ലാഭമെന്ന വിചാരത്തോടുകൂടിയ എനിക്കു യാതൊരു ചാരിതാൎത്ഥ്യക്കുറവും സംഭവിച്ചില്ല.

അതിൽപിന്നെ രണ്ടുഭാഗത്തിലുംകൂടി ഉള്ള അൻപത്തെട്ടു കഥകളെയും ഒന്നിച്ചു ചേൎത്തു അവയിൽ ഓട്ടൻ എല്ലാം ഒന്നായും ശീതങ്കൻ പറയൻ ഇവയെ അനുക്രമമായും ഇനംതിരിച്ചു ചേൎത്തും വായനക്കാരുടെ സൌകൎയ്യത്തിനുവേണ്ടി റായൽസയിസ്സു മാററി ഡിമ്മി എട്ടുക്കിയും ഒന്നാംപുസ്തകത്തിൽ പുസ്തകരൂപീകരണത്തിന്റെ ദുരിതംകൊണ്ടു് വന്നുപോയ നിസ്സാര

ങ്ങളായ ചില അച്ചുപിഴകളെ തിരുത്തീട്ടും അച്ചടിച്ചു പ്രസിദ്ധം ചെയ്യണമെന്നു സ്വല്പ ദിവസമായിട്ടു വിചാരിച്ചുകൊണ്ടു വരികയായിരുന്നു. ഇതിനിടയിൽ ഹിന്ദുമതതത്വനിക്ഷേപഭണ്ഡാരമായ മഹാഭാരതത്തെ ഗദ്യമാക്കി പ്രസിദ്ധപ്പെടുത്തണമെന്നുള്ള മോഹംകൊണ്ടു് ഞാൻ ഈയിടെ പ്രകടീകരിച്ച ധർമ്മരഹസ്യസഞ്ചയസ്ഥാനമായ ഭാരതം ഒൻപതാം വാല്യത്തിന്റെ രൂപീകരണത്തിൽകൂടി പ്രവേശിച്ചുപോയതിനാൽ എന്റെ അഭീഷ്ടപ്രകാരം ഉള്ളകഥ ഒന്നാം ഭാഗവും രണ്ടാംഭാഗവും ഇനംപ്രതി സങ്കലനംചെയ്തു മുൻപതിപ്പിൽ ഉണ്ടായിരുന്ന അക്ഷരവീഴ്ചകളും തീർത്തു നല്ല കടലാസിൽ ഭംഗിയായിട്ടു അച്ചടിച്ചു ഒതുങ്ങിയ സൈസ്സിൽ ചുരുങ്ങിയ വിലയ്ക്കു ഇപ്പോൾ മാത്രമേ പൊതുജനസമക്ഷം സമർപ്പിക്കുവാൻ സംഗതിയായിട്ടുള്ളു.

ഇതിൽ അടങ്ങീട്ടുള്ള എല്ലാ കഥകളേയും ഒന്നിച്ചു കൂട്ടിച്ചേർത്തു അവയെ സംസ്കരിച്ചു ഇപ്രകാരം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു ഞാൻ സഹിച്ചിട്ടുള്ള ധനവ്യയത്തേയും പ്രയത്നത്തേയും എന്നല്ല മററുംകൊണ്ടും ഈ പുസ്തകത്തിനു ഒരു പത്തു രൂപാ വില നിശ്ചയിച്ചാലും കൂടിപ്പോകുകയില്ല. ഇതിൽ ആദ്യം പ്രസിദ്ധപ്പെടുത്തിയ ഒന്നാം പുസ്തകത്തെപ്പററി അഭിപ്രായം പറഞ്ഞകൂട്ടത്തിൽ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പുസ്തകമൊന്നിനു അഞ്ചു രൂപാവീതം വില വച്ചാലും കൂടുതൽ അല്ലെന്നു കല്പിച്ചിട്ടുണ്ടു്. എന്നാൽ നമ്മുടെ മലയാളികളിൽ അധികം ആളുകളും ദ്രവ്യസ്ഥന്മാർ അല്ലായ്കയാൽ എന്റെ ഈ പ്രയത്നത്തിന്റെ ഫലവും ഭാഷാകവികലകിരീടമണിയായ കുഞ്ചൻനമ്പ്യാരുടെ വാഗ്മാധുര്യവും എല്ലാവരും ഒന്നുപോലെ അനുഭവിക്കാറാകണമെന്നു നിശ്ചയിച്ചു ഞാൻ ഇതിനു ഏററവും ചുരുങ്ങിയ വില മാത്രമേ നിശ്ചയിച്ചിട്ടുള്ളു.

അല്ലയോ കേരളീയമഹാജനങ്ങളേ! ഈ മഹത്തായ ഗ്രന്ഥത്തിനു ഈ നിസ്സാരമായ തുക കൂടുതൽ അല്ലല്ലോ. അതുകൊണ്ടു മഹാജനങ്ങൾ എല്ലാം ഈ പുസ്തകംവാങ്ങി വായിച്ചു മലയാളഭാഷയെ ഉദ്ദേശിച്ചിട്ടുള്ള എന്റെ വലുതായ ഈ ശ്രമത്തിനു് കൃതാർത്ഥതയുണ്ടാക്കിത്തരണമെന്നു അപേക്ഷിച്ചുംകൊണ്ടും ഒന്നും രണ്ടും ഭാഗങ്ങളെ സംബന്ധിച്ചു സദയം അഭിപ്രായങ്ങൾ അയച്ചുതന്ന മഹാശയന്മാർക്കും പുസ്തകരൂപീകരണത്തിനു കഥകൾ അയച്ചുതന്ന എല്ലാ ഉദാരശീലന്മാർക്കും വിശേഷിച്ചും ഇതിൽ എന്നെ അത്യന്തം ഉത്സാഹപ്പെടുത്തുകയും നല്ലതിൽ ചില കഥകൾ അയച്ചുതരികയും ചെയ്ത ഔദാര്യനിധിയും ഭാഷാപോഷണൈകാഭിലാഷിയും ആയ മഹാമഹിമശ്രീ കൊച്ചി ഒന്നാംകൂർ എച്ച് എച്ച്. രാമവർമ്മത്തമ്പുരാൻ തിരുമനസ്സിലേക്കും ഞാൻ എന്റെ ഏകാംഗമങ്ങളായ വന്ദനങ്ങളെ പറഞ്ഞുകൊണ്ടും ഇതിന്റെ ആദ്യപതിപ്പുകാലത്തു അച്ചടിച്ചും പകർത്തിയും ഏററവും ദുഷിച്ചുപോയ പല കഥകളേയും സശ്രദ്ധം പരിശോധിച്ചു യഥാപൂർവം സംസ്കരിക്കുന്നതിനു തന്റെ വിലയേറിയ സമയത്തെ വ്യയംചെയ്തു പ്രബോധകപ്പണം അധിപരവർകളോടെന്നപോലെ രണ്ടു ഭാഗങ്ങളേയും ഒന്നായിട്ടു ഇനംതിരിച്ചു സങ്കലനം ചെയ്തതിലും അവയിൽ ഉണ്ടായിരുന്ന അച്ചടിത്തെററുകളും മററും പരിശോധിച്ചു ശുദ്ധിപ്പെടുത്തിയതിലും പ്രയത്നിച്ചിട്ടുള്ള തെങ്ങിലഴികത്തു എൻ. നാണുപിള്ള ആശാനവർകളോടും ഞാൻ ഏററവും നന്ദിയുള്ളവനായിരിക്കുന്നതാണെന്നു പ്രസ്താവിച്ചുകൊണ്ടു ഈ മുഖവുരയെ ഉപസംഹരിച്ചുകൊള്ളുന്നു.

എന്നു്,

1088 ചിങ്ങം 30-ാംനു.

എസ്സ്. ററി റെഡ്യാർ.

—◆—

പല മഹാന്മാരിൽനിന്നും കിട്ടിയിട്ടുള്ള

വിലയേറിയ അഭിപ്രായങ്ങൾ.

അനന്തപുരത്തുകൊട്ടാരത്തിൽ മഹാമഹിമശ്രീ മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിൽനിന്നും,

ശ്രീ

എസ്സ്. ററി. റെഡ്യാരവർകൾക്ക്.

തുള്ളൽകഥകൾ അടങ്ങിയ ഒന്നാംഭാഗം പുസ്തകം കിട്ടി വളരെ സന്തോഷമായി. കുറഞ്ഞൊരുകാലത്തിനിപ്പുറം മലയാളഭാഷ ഒരപരിഷ്കൃതഭാഷയാണെന്ന് ചിലർക്കൊരാക്ഷേപമുണ്ടായതിനെ, നീക്കുന്നതിനുവേണ്ടി ഭാഷാഭിമാനികളായ പല മഹാന്മാരും പലപ്രകാരത്തിൽ ഉള്ള ശ്രമങ്ങൾ ചെയ്തതിന്റെ ഫലമായിട്ട് ഇപ്പോൾ ആ ഭാഷ ഒരുവിധം പരിഷ്കൃതസ്ഥിതിയിൽ എത്തീട്ടുണ്ടെന്നുള്ളതു സർവ്വസമ്മതമാണല്ലോ. എന്നാൽ മഹാന്മാരായ പ്രാചീനകവികളുടെ കൃതികളെ ദൃഷ്ടാന്തരൂപേണ വെളിപ്പെടുത്തി മേൽപറഞ്ഞ ആക്ഷേപത്തെ പരിഹരിക്കുന്നതിലേക്കു നിങ്ങൾ ചെയ്തുവരുന്ന പരിശ്രമം ഒട്ടുമപ്രധാനമല്ലാത്തതിനാൽ, അതിൽവച്ചു നിങ്ങൾക്കുണ്ടാകുന്ന യശസ്സ് ഈ കേരളഭൂമിയുള്ളകാലമെല്ലാം അനശ്വരമായിരിക്കുമെന്നു ഞാൻ ആശംസിക്കുന്നു. ഇതിൽ നാലുപുസ്തകം വി. പി. ആയി അയച്ചുതരേണ്ടിയിരിക്കുന്നു.

മൂത്തകോയിത്തമ്പുരാൻ (ഒപ്പ്)

മഹാമഹിമശ്രീ കേരളവർമ്മ സി. എസ്സ്. ഐ. എഫ്. എം. യു. എം. ആർ. ഏ. എസ്സ്.
എഫ്. ആർ. എച്ച്. എസ്സ്. വലിയകോയിത്തമ്പുരാൻ തിരുമനസ്സിൽനിന്നും,

28-ാംനു- അയച്ച എഴുത്തുകിട്ടി. മുപ്പത്തിരണ്ടു തുള്ളൽകഥകൾ അടങ്ങിയ രണ്ടു തരത്തിലുള്ള പുസ്തകം രണ്ടും കിട്ടീട്ട് ഏതാനും ദിവസമായി. അതു കിട്ടിയതുമുതൽ നമ്പ്യാരുടെ ഓരോ അതിസരസങ്ങളായ തുള്ളൽക്കഥകളെ ഒന്നും രണ്ടും മണിക്കൂറുനേരം വായിക്കാതെ ഒരു ദിവസവും കഴിയാറില്ല.

കുറച്ചുകാലമായിട്ടു ദേഹത്തിന്റെ അസ്വാസ്ഥ്യതയാൽ പുസ്തകവായനയിൽ ശ്രദ്ധ എനിക്കല്പം കുറവായിട്ടാണിരിക്കുന്നതു്. എങ്കിലും ഈ തുള്ളൽക്കഥകളിൽ മുൻപു കേട്ടിട്ടില്ലാത്തതായി ചിലതും, കേട്ടിട്ടുള്ളതായി പലതും, എടുത്തു വായിച്ചുതുടങ്ങിയാൽ ഇതര കൃത്യനിർബ്ബന്ധംകൊണ്ടു മാത്രമാണ് പുസ്തകം കയ്യിൽനിന്നും താഴെ വയ്ക്കേണ്ടിവരുന്നതു്. ഈ നാട്ടിൽ വിദ്യാഭിവൃദ്ധിക്കായി നിങ്ങൾ അനവധി ദ്രവ്യം ചെലവുചെയ്തും നാനാപ്രകാരമായി പരിശ്രമിച്ചും വരുന്നതിന്റെ വില മതിക്കത്തക്കതല്ലാത്ത പല ഫലങ്ങളും വെളിക്കു വന്നകൂട്ടത്തിൽ ഈ മുപ്പത്തിരണ്ടു തുള്ളൽക്കഥകളേയും ഇങ്ങിനെ ഒന്നായിച്ചേർത്തു അച്ചടിപ്പിച്ചു്, ജനങ്ങൾക്കു സമർപ്പിച്ചിരിക്കുന്നതിനേക്കാൾ ശ്ലാഘ്യതരമായ ഒരു കൃത്യം ഭാഷാഭിമാനമുള്ള ഒരുവനാലും സാധിപ്പാൻ ശക്യമല്ല.

നിങ്ങൾ ഈ തുള്ളൽക്കഥാപുസ്തകത്തിന്റെ രണ്ടു പ്രതികൾ എനിക്കയച്ചുതന്നതിനുവേണ്ടി എന്റെ ഹൃദയംഗമമായ നന്ദി പറഞ്ഞുകൊള്ളുന്നു.

പുസ്തകം ഒന്നിനു അഞ്ചുരൂപാവീതം ഒട്ടും സംശയംകൂടാതെ വിലവയ്ക്കാമെന്നിരിക്കെ, നിങ്ങൾ ഇപ്പോൾ വച്ചിരിക്കുന്ന വില അത്യന്തം ലഘുവാകയാൽ നാട്ടുകാരിൽ നിർവ്വാഹമുള്ളവരൊക്കെയും ഓരോ പ്രതിയെങ്കിലും വാങ്ങിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

വലിയകോയിത്തമ്പുരാൻ (ഒപ്പ്)

മഹാമഹിമശ്രീ ഏ. ആർ. രാജരാജവൎമ്മ, എം. ഏ., എം. ആർ. ഏ. എസ്സ്., തിരുമനസ്സിൽനിന്നും.

നിങ്ങൾ അയച്ച "തുള്ളൽക്കഥകൾ ഒന്നാംഭാഗം കിട്ടി സന്തോഷമായി. സരസകവിയായ കുഞ്ചൻനമ്പ്യാരുടെ തുള്ളൽകഥകൾ ശേഖരിച്ചു ഇങ്ങിനെ അച്ചടിപ്പിക്കുന്നതിനായി നിങ്ങൾ ആരംഭിച്ചിരിക്കുന്നതു ഭാഷയുടെ ഭാഗ്യദശതന്നെ എന്നു പറയാം. 72-ദിവസത്തെ ആട്ടക്കഥകൾ ഒന്നിച്ചു നിങ്ങൾ അച്ചടിപ്പിച്ചതുതന്നെ ഭാഷയ്ക്കു വലിയ സഹായമാണ്. എന്നാൽ ഈ തുള്ളൽകഥകൾ കൊണ്ടുള്ള ഉപയോഗം അതിലും അധികമായിട്ടുള്ളതാകുന്നു. അച്ചടിയുടെ രീതിയും മററും നന്നായിട്ടുണ്ട്. നമ്പ്യാരുടെ ശേഷമുള്ള തുള്ളൽകഥകളും കഴിയുന്നിടത്തോളം ശേഖരിച്ചു നിങ്ങൾ പ്രസിദ്ധപ്പെടുത്തുമെന്നു വിശ്വസിക്കയും ഈ മാതിരി ഓരോ നല്ല കൃതികൾ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി ഭാഷയുടെ പരിഷ്കാരം വൎദ്ധിപ്പിക്കുന്നതിനായി നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമത്തെപ്പററി വളരെ അഭിനന്ദിക്കയും ചെയ്യുന്നു.

ഏ. ആർ. രാജരാജവൎമ്മ (ഒപ്പ്)

സൎവ്വകലാശാലാ പരിശോധകൻ കൊച്ചി ഴ-ാംകൂർ മഹാമഹിമശ്രീ കേരളവൎമ്മ ബി. ഏ. കൊച്ചുതമ്പുരാൻ തിരുമനസ്സിൽനിന്നും.

തുള്ളൽകഥകളുടെ 1-ാംഭാഗം എന്റെ അഭിപ്രായത്തിന്നായി നിങ്ങൾ എനിക്കയച്ചുതന്നതിനെ, ഞാൻ നന്ദിപൂൎവ്വം സ്വീകരിച്ചുകൊള്ളുന്നു. നിങ്ങളുടെ "ആട്ടക്കഥകൾ" പുറത്തുവന്നപ്പോൾ എനിക്കാദ്യമെയുണ്ടായ വിചാരം ഇതുപോലെ തുള്ളൽക്കഥകളും ഒന്നായി സംഗ്രഹിച്ചിട്ടുള്ള ഒരു പുസ്തകം അച്ചടിച്ചുകിട്ടിയാൽ നന്നായിരുന്നു എന്നായിരുന്നു. അതും ഇപ്പോൾസാധിച്ചുകൂട്ടത്തിലായി. ഇതിൽ വായനക്കാർ നിങ്ങളോട്, എത്രതന്നെ കടപ്പെട്ടിരിക്കുന്നുവെന്ന്, പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ല. ഈ 1-ാംഭാഗത്തിൽ അടങ്ങിയിരിക്കുന്ന കഥകൾ മുഴുവൻ കുഞ്ചൻനമ്പ്യാരുടെ കൃതികളാണെന്നോൎക്കുമ്പോൾ ഈ പുസ്തകത്തിന്റെ ഗുണവും ആവശ്യകതയും ഒരുപോലെ സ്പഷ്ടമാകുന്നു. പിന്നെ, വല്ല ന്യൂനതകളും സംഭവിപ്പാനിടയുള്ളതു അച്ചടിക്കാൎയ്യത്തിലാണ്. എന്നാൽ ഏഴെട്ടു കഥകളോളം ഞാൻ വായിച്ചുനോക്കി. പറയത്തക്ക അച്ചടിപ്പിഴകളൊന്നും കണ്ടുമുട്ടിയില്ല. മററു കഥകളിലും ഇങ്ങിനെതന്നെ നിഷ്കൎഷിച്ചിരിക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം. എന്നാൽ ഒരു ദോഷമില്ലെ എന്നു സംശയിക്കുന്നു. അതായതു പുസ്തകത്തിനു വീതി കുറെ അധികമായിപ്പോയി. പക്ഷെ അതുകൊണ്ടുള്ള നഷ്ടം നിങ്ങൾക്കല്ലാതെ വായനക്കാൎക്കില്ല.

നിങ്ങളുടെ ഉദ്യമത്തിനു തക്ക പ്രതിഫലം സിദ്ധിച്ചു ജനോപകാരത്തിനായി ഇനിയും അനേകഗ്രന്ഥങ്ങളെ പ്രസിദ്ധപ്പെടുത്തുവാൻ, നിങ്ങളുടെ മനസ്സിൽ ഉത്സാഹം തോന്നിക്കുന്നതിന് ഈശ്വരനെ പ്രാൎത്ഥിച്ചുംകൊണ്ട് ഈ എഴുത്തു ഞാൻ അവസാനിപ്പിക്കുന്നു.

കേരളവൎമ്മ (ഒപ്പ്)

ബ്രഹ്മശ്രീ നടുവത്തച്ഛൻനമ്പൂരിപ്പാട് തിരുമനസ്സിൽനിന്നും.

കുഞ്ചൻനമ്പ്യാരനേകംകഥകൾകവിതയിൽതുള്ളലായിച്ചമച്ചു
തഞ്ചുംമോദാൽഭവാനാക്കൃതികൾമുഴുവനൊന്നായിവച്ചച്ചടിച്ചു
കിഞ്ചിൽസന്ദേഹമില്ലിശ്രമമതുവളരെശ്ശ്ലാഘനീയംനിനച്ചാൽ
താൻചെയ്യുംനില്ലവേറിട്ടിതിലുമധികമായിട്ടുലോകോപകാരം.
കൊള്ളാംബുക്കിലശേഷമില്ലപിഴ'കത്തിക്കെട്ടുമച്ചടി-
ക്കുള്ളൗജ്ജ്വല്യവു,മല്പമായവിലയുംമററുംവിചാരിക്കുകിൽ
ഉള്ളത്തിൽപ്രിയമാൎക്കുമേകുമിടയാംരണ്ടാംപതിപ്പിന്നിനി-
ത്തുള്ളക്കാൎക്കുപജീവനത്തിനിതുതാൻ നിക്ഷേപമിക്ഷോണിയിൽ.

എന്നു നടുവത്ത്, അച്ഛൻനമ്പൂരി (ഒപ്പ്)

മ. രാ. രാ. കെ. പരമുപിള്ള എം. ഏ. അവർകളാൽ അയച്ചുതരപ്പെട്ടതു്,
മ. രാ. രാ. എസ്സ്. ററി. റെഡ്യാരവർകൾക്കു്.

നിങ്ങൾ അയച്ച തുള്ളൽക്കഥകൾ ഒന്നാംപുസ്തകം കിട്ടി. പുസ്തകം എല്ലാവിധത്തിലും നന്നായിരിക്കുന്നു എന്നാണു് എന്റെ അഭിപ്രായം. മലയാളഭാഷയ്ക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന ശ്രമത്തെപ്പററി സന്തോഷിക്കാത്തവർ ആരും കാണുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. "എഴുപത്തിരണ്ടുദിവസത്തെ ആട്ടക്കഥകൾ" നിങ്ങൾ പ്രസിദ്ധപ്പെടുത്തിയ അവസരത്തിൽ നിങ്ങളുടെ അക്ഷീണപരിശ്രമത്തിന്റെ ഫലമായി, മലയാളഭാഷയിലുള്ള എല്ലാ ഉത്തമഗ്രന്ഥങ്ങളും, "വിദ്യാഭിവർദ്ധിനി" മുദ്രാലയമുദ്രയെ ധരിച്ചു നാടെങ്ങും സ്വൈരമായി സഞ്ചാരം ചെയ്യട്ടെ എന്നു ഞാൻ ആശംസിച്ചിരുന്നു. ഈ ആശംസ ചുരുക്കമെങ്കിലും ഫലവത്തായി വന്നുകാണുന്നതിൽ പ്രത്യേകം സന്തോഷമുണ്ടു്. നമ്പ്യാരുടെ തുള്ളൽക്കഥകളോടു കേരളവാസികൾക്കെല്ലാം ഒരു പ്രത്യേക വാത്സല്യമുണ്ടല്ലോ. അവയെ കൂട്ടിച്ചേർത്തു ഭംഗിയായവിധി പ്രസിദ്ധംചെയ്യുന്നതിനു സാധിച്ചതു നിങ്ങൾക്കായിരിക്കെ, അവയ്ക്കു നിങ്ങളോടും ഒരു പ്രത്യേക വാത്സല്യം തോന്നാൻ ന്യായമുണ്ടു്. ഗ്രന്ഥപ്രചാരവിഷയത്തിൽ നിങ്ങൾക്കു സർവ്വവിജയവും ഉണ്ടാകട്ടെ!

എന്നു് കെ. പരമുപിള്ള (ഒപ്പു്)

വലിയകൊട്ടാരം അദ്ധ്യാപകൻ
മ. രാ. രാ. കെ. സി. കേശവപിള്ള അവർകളിൽനിന്നു.

സരസകവി സാർവ്വഭൌമനായ കുഞ്ചൻനമ്പ്യാരുടെ നിസർഗ്ഗമധുരങ്ങളായ തുള്ളൽക്കഥകൾ 32-എണ്ണം ഒന്നിച്ചച്ചടിച്ചിരിക്കുന്ന ഈ പുസ്തകം കണ്ടപ്പോൾ എനിക്കുണ്ടായ സന്തോഷാതിശയം അനിർവ്വചനീയമായിരിക്കുന്നു. "നമ്പ്യാരുടെ തുള്ളക്കഥ" എന്ന വാക്കുതന്നെ കർണ്ണപീയൂഷമാണു്. മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള യഥാർത്ഥകവിതകളിൽ ഉൽകൃഷ്ടതമമായ സ്ഥാനത്തെ അർഹിക്കുന്നതു് ഈ മഹാകവിയുടെ തുള്ളൽക്കഥകൾ ആണെന്നുള്ളതിനു സംശയമില്ല. ഇതുകൊണ്ടു് എഴുത്തച്ഛനെ നമ്പ്യാരിൽനിന്നും താഴ്ത്തിപ്പറകയാണെന്നു വായനക്കാർ ശങ്കിക്കരുതു്. എഴുത്തച്ഛൻ ഭാഷയ്ക്കു ചെയ്തിട്ടുള്ള പരിഷ്കാരമാണു് സർവ്വോപരി പ്രധാനമായിട്ടുള്ളതു്. ആ മഹാത്മാവിനെ അനുഗമിപ്പാൻ ഭാഗ്യമുണ്ടായതാകുന്നു നമ്പ്യാരുടെ അനതിശയനീയമായ ഈ ഉൽക്കർഷത്തിനു ഹേതുവായിത്തീർന്നതു്.

"താഴത്തുഭാഗത്തുവീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടുമൂടീമഹീതലം
പാഴററപട്ടു വിരിച്ചകണക്കിനെ
വാഴയ്ക്കു ചുററം പ്രകാശമുണ്ടെപ്പോഴും
വാവലുംകാക്കയുംപച്ചക്കിളികളും
പ്രാവുംപരുന്തുംപറന്നുനടക്കുന്ന
പക്ഷികൾവന്നിപ്പഴുത്തപഴങ്ങളെ
ഭക്ഷിക്കമാറില്ലപേടികൊണ്ടങ്ങിനെ"

എന്നിങ്ങിനെ "മധുരകോമളകാന്തപദാവലി"യായ "സരസ്വതി" അത്ര ധാരാളമായി മററൊരു കവിയുടേയും നാവിൽ ആവിർഭവിച്ചിട്ടില്ലെന്നു തീർത്തുപറയാവുന്നതാണു്. അപ്രകാരമുള്ള ഈ ദിവ്യകവിയുടെ തുള്ളൽകഥകൾ ഓരോന്നായി അങ്ങുമിങ്ങും ചിതറിക്കിടന്നു് ചിതലിനും പാററയ്ക്കും ആഹാരമായിത്തീരാനിടയാകാതെ അവയെ സമാഹരിച്ചു് ഇപ്രകാരം അച്ചടിപ്പാൻ തുടങ്ങിയ മിസ്റ്റർ എസ്. ററി. റെഡ്യാരുടെ പ്രയത്നം, അത്യന്തം അഭിനന്ദനീയംതന്നെയാകുന്നു.

പാഠങ്ങൾ തിരിച്ചുവെക്കുക, തെററുകളെ കഴിയുന്നതും പരിഹരിക്ക മുതലായി ഇതിന്റെ അച്ചടിയിൽ ചെയ്തിരിക്കുന്ന പരിഷ്കാരങ്ങളും ആദരണീയങ്ങളായിട്ടുണ്ടു്. ദുർല്ലഭമായി ചില ദിക്കിൽ മാത്രം കാണുന്ന അച്ചടിത്തെററുകൾ തീരെ നിസ്സാരങ്ങളും രണ്ടാംപതിപ്പിൽ പരിഹരിക്കാവുന്നവയും ആകുന്നു.

72-ദിവസത്തെ ആട്ടക്കഥകൾ ഒന്നായി അച്ചടിപ്പിച്ചതുകൊണ്ടു് മിസ്റ്റർ റെഡ്യാരുടെ മേൽ ഭാഷാഭിമാനികൾക്കുണ്ടായിരിക്കുന്ന ബഹുമാനം ഈ പുസ്തകത്തിന്റെ പ്രചാരത്തോടുകൂടി ചിരഞ്ജീവിക്കാതെയിരിക്കയില്ലെന്നു പൂർണ്ണമായി വിശ്വസിക്കുന്നു.

കെ. സി. കേശവപിള്ള (ഒപ്പ്)

മ. രാ. രാ. കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളിൽനിന്നും.

ശ്രീ.

എസ്സ്. ററി. റെഡ്യാരവർകൾക്കു്.

നിങ്ങൾ ഈയിടെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന "തുള്ളൽക്കഥകൾ" 1-ാം ഭാഗം പുസ്തകം ആകപ്പാടെ വളരെ നന്നായിരിക്കുന്നുവെന്നുള്ളതിനു സംശയമില്ല. ആകെ ഈ പുസ്തകത്തിൽ 32 കളം കഥകളാണല്ലോ അടങ്ങിയിരിക്കുന്നതു്. അവയിൽ ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ മൂന്നിനത്തിലുള്ള തുള്ളൽക്കഥകളേയും മൂന്നായി വേർതിരിച്ചു ശേഖരപ്പെടുത്തിയും പാഠങ്ങൾ വരിവരിയായി തിരിച്ചും ഇടയ്ക്കിടയ്ക്കു സന്ദർഭോചിതങ്ങളായ പര്യായപദങ്ങൾ കൂടി ചേർത്തും അച്ചടിപ്പിച്ചിരിക്കുന്നതു് ഏററവും ഉചിതവും വായനക്കാർക്കു സൗകര്യപ്രദവും രസാവഹവും ആയിരിക്കുന്നു. മലയാളഭാഷയുടെ പരിഷ്കാരാഭിവൃദ്ധികളേയും ഗുണത്തേയും ഉദ്ദേശിച്ചു വളരെക്കാലമായി പല ഇനങ്ങളിലായിട്ടു അനവധി പുസ്തകങ്ങൾ വിശേഷിച്ചും 72 ദിവസത്തെ ആട്ടക്കഥകൾ ഒന്നായിച്ചേർത്തും അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും തന്നിമിത്തം ഏറിയൊരു മഹാന്മാരുടെ ശ്ലാഘയ്ക്കു പാത്രീഭവിക്കുകയും ചെയ്തിട്ടുള്ള നിങ്ങൾക്കു് ഈ തുള്ളക്കഥകളുടെ പ്രസിദ്ധീകരണം വിശേഷിച്ചു് ഒരഭിമാനഹേതുവായിരിക്കുന്നില്ല. എങ്കിലും, ഭാഷാഭിമാനികളായിട്ടുള്ള ഏവരും നിങ്ങളുടെ ഈ ഉചിതകൃത്യത്തെപ്പററി അത്യന്തം അഭിനന്ദിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

പരിഷ്കാരമെന്നതു് ഒരിക്കലും അവസാനിക്കാത്തതും കുററം പറവാനായി നോക്കിക്കൊണ്ടിരിക്കുന്നവർക്കു് അതിനുള്ള വകകൾ പിന്നെയും പിന്നെയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതുമാണു്. പുസ്തകങ്ങൾ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിലുള്ള കഷ്ടപ്പാടുകളും നഷ്ടങ്ങളും മുതൽ ഈ ഭാഷക്കാരനുള്ള ബുദ്ധിമുട്ടുകളും മററും എന്തുമാത്രമുണ്ടെന്നു അനുഭവസ്ഥന്മാർക്കു മാത്രമേ അറിവാൻ പാടുള്ളു. അതിനാൽ പ്രസ്തുതപുസ്തകത്തിൽ പാഠങ്ങൾ വേർതിരിച്ചിരിക്കുന്ന സ്ഥിതിക്കു്, പദങ്ങൾ കൂടി വേർതിരിച്ചു അച്ചടിച്ചിരുന്നു എങ്കിൽ വായനക്കാർക്കു കുറച്ചുകൂടി സൗകര്യമുണ്ടായിരുന്നു എന്നും, പ്രൂഫ് നോക്കിയതിൽ കുറച്ചുകൂടി മനസ്സിരുത്തേണ്ടതായിരുന്നുവെന്നും മററും ചിലർ അഭിപ്രായപ്പെട്ടേക്കാൻ ഇടയുണ്ടു്. അങ്ങിനെ വല്ല മഹാന്മാരും അഭിപ്രായപ്പെടുന്നതായാൽ, അതു ഇതിന്റെ രണ്ടാംഭാഗത്തിനു ഒരു പരിഷ്കാരകാരണമാകുമെന്നു വിശ്വസിക്കുന്നു.

റെഡ്യാരവർകൾ ഇപ്രകാരം മലയാളഭാഷയുടെ ഗുണത്തിനായി ഇനിയും പരിശ്രമിച്ചുകൊണ്ടു വളരെക്കാലം ആരോഗ്യദൃഢഗാത്രനായി ജീവിച്ചിരിക്കുന്നതിനു സകലജഗന്നിയന്താവായ സർവ്വേശ്വരൻ സദയം കടാക്ഷിക്കട്ടെ!

എന്നു്, കൊട്ടാരത്തിൽ ശങ്കുണ്ണി (ഒപ്പ്)

കവിയുടെ ജീവചരിത്രം.

ഏതെങ്കിലും ഒരു പുസ്തകം വായിക്കുമ്പോൾ അതിന്റെ കർത്താവിന്റെ ജീവചരിത്രം അറിഞ്ഞാൽ കൊള്ളാമെന്നുള്ള ജിജ്ഞാസ വായനക്കാരിൽ ആൎക്കും ഉണ്ടാകുന്നതാണല്ലോ. അതിലും കവി പ്രസിദ്ധനും കവിത സരസവും ആണെങ്കിൽ ആ മോഹം ഒട്ടും ചില്ലറയായിരിക്കുകയില്ല. എന്നാൽ നമ്മുടെ പൂൎവ്വികന്മാൎക്ക് ഒരാളുടെ വാസ്തവചരിത്രത്തെ രേഖപ്പെടുത്തുന്നതിലുണ്ടായിരുന്ന വൈമുഖ്യംകൊണ്ടു നമുക്കിപ്പോൾ എല്ലാ പുരാതന മഹാശയന്മാരുടേയും ചരിത്രങ്ങളിൽ അധികം ഭാഗവും അതിശയോക്തി കൂട്ടി ഉരുക്കിയിട്ടുള്ളതിനെ പരമ്പരയായിട്ടല്ലാതെ അറിവാൻ മാൎഗ്ഗമില്ലാതെ ആണ് ഇരിക്കുന്നതു്. അതിനെ വിശ്വസിച്ചു് ഒരാളുടെ ജീവചരിത്രം എഴുതുന്നതു വളരെ സൂക്ഷിച്ചും വേണ്ടിയിരിക്കുന്നു. എങ്കിലും സരളപ്രസന്നമധുരമായ കവിത കൊണ്ടു കേരളത്തിൽ എങ്ങും പ്രസിദ്ധനായ കുഞ്ചൻനമ്പ്യാരുടെ ജീവചരിത്രം പഴമക്കാരിൽ നിന്നും മററും അറിഞ്ഞിട്ടുള്ളവയേയും വേറെ അന്വേഷിച്ചു അറിഞ്ഞിട്ടുള്ളവയേയും അടിസ്ഥാനപ്പെടുത്തി എഴുതിയാൽ അത്ര അധികം തെററിപ്പോകുന്നതല്ലെന്നു വിചാരിച്ചു സമഷ്ടിയായി ഇതിനു കീഴിൽ പറയുന്നു.

മലയാളഭാഷാസാഹിത്യസാമ്രാജ്യത്തിൽ സൎവ്വപ്രകാരേണയും ചക്രവൎത്തിയായി അരിഷ്ഠകം ചെയ്തിരിക്കുന്ന മഹാകവി കുഞ്ചൻനമ്പ്യാരുടെ മൂലകുടുംബം കിള്ളിക്കുറിശ്ശിമംഗലത്തിനു സമീപത്തുള്ള കലക്കത്തു എന്ന പാവനമായ ഭവനം ആകുന്നു. അതുകൊണ്ടത്രേ അദ്ദേഹത്തെ കലക്കത്തു കുഞ്ചൻനമ്പ്യാർ എന്നു വിളിച്ചുവരുന്നതു്. അദ്ദേഹത്തിന്റെ ജനനം എണ്ണൂററിഎൺപതാമാണ്ടിടയ്ക്കായിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ ഒരു നമ്പ്യാരുതന്നെ എങ്കിലും അദ്ദേഹത്തിന്റെ ജനനത്തിനു ഹേതുവായി ഒരു കഥ കേട്ടിട്ടുള്ളതുകൂടി ഇവിടെ എഴുതുന്നതു് അത്ര അസംഗതമായി വരികയില്ലെന്നു വിചാരിക്കുന്നു.

"പണ്ടു കോഴിക്കോട്ടുകാരനും ദരിദ്രനുമായ ഒരു സാധു നമ്പൂരിബ്രാഹ്മണൻ തന്റെ പുത്രികളെ വേളികഴിച്ചു കൊടുക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തുപോയി മഹാരാജാവിനെ മുഖംകാണിച്ചു സങ്കടം അറിയിച്ചു. കല്പിച്ചു നൽകിയ പണക്കിഴിയുംകൊണ്ടു തിരിച്ചുപോകുന്ന വഴിമദ്ധ്യേ കിള്ളിക്കുറിശ്ശി ക്ഷേത്രത്തിൽചെന്നു കുളിക്കാനായി കുളക്കടവിൽ ഇറങ്ങി പണക്കിഴി കല്പടയിൽവച്ചിട്ടു കുളിക്കുമ്പോൾ ആവഴി കടന്നുപോയ ഒരു പശു കിഴിയുടെ മുകളിൽ തന്നെ അതു മൂടത്തക്കവണ്ണം ചാണകം ഇട്ടു. നമ്പൂരി കുളിച്ചുകയറി നോക്കിയപ്പോൾ പണക്കിഴി കണ്ടില്ല. അദ്ദേഹം ക്രമാധികമായ ദുഃഖത്തോടുകൂടി ക്ഷേത്രത്തിൽപോയി വിചാരിച്ചു കിടന്നു. ഈ അവസരത്തിൽ നമ്മുടെ കവികുലഗുരുവിന്റെ മാതാവായ നങ്ങിയാർ ഗോമയം വാരുമ്പോൾ പണക്കിഴി കണ്ടുകിട്ടുകയും അതിനെ ഉടമസ്ഥനായ നമ്പൂരിക്കു കൊണ്ടുചെന്നു നൽകുകയും ചെയ്തു. പണക്കിഴി കിട്ടിയതുകൊണ്ടു സന്തുഷ്ടനായ ബ്രാഹ്മണൻ "നിനക്കു പ്രസിദ്ധനായ പുത്രൻ ഉണ്ടാകട്ടെ" എന്നു ആശീൎവദിച്ചു. അതിന്റെ ഫലമായിട്ടാകുന്നു സരസകവികുലതിലകനായ കുഞ്ചൻനമ്പ്യാർ ഭൂലോകജാതനായതു്.

കുഞ്ചൻനമ്പ്യാരുടെ ബാല്യകാലത്തെ താമസവും വിദ്യാഭ്യാസവും സ്വദേശമായ കിള്ളിക്കുറിശ്ശിമംഗലത്തുതന്നെ ആയിരിക്കണം. ഈ സ്ഥലം തിരുവില്വാമലയ്ക്കു സമീപവും, ലക്കിടി ആഫീസിനു അടുത്തും ആണു്. അതിൽ പിന്നീടുള്ള അദ്ദേഹത്തിന്റെ താമസം കോട്ടയം താലൂക്കിൽ കിടങ്ങൂർ ആയിരുന്നു. അതിനു കാരണം അദ്ദേഹത്തിന്റെ അച്ഛനു കിട

ങ്ങൂർ എന്തോ ജോലിയുണ്ടായിരുന്നതുകൊണ്ടു തന്റെ പാർപ്പും അച്ഛനോടൊന്നിച്ചു് ആക്കിയതത്രെ. അവിടെ വന്നതിൽ പിന്നീടും അദ്ദേഹം കുറേനാൾ വിദ്യാഭ്യാസം ചെയ്തതായി അറിയുന്നുണ്ടു്. തെക്കൻ ദിക്കിൽ അദ്ദേഹത്തിനുള്ള ഗുരുനാഥന്മാരിൽ അദ്ദേഹം തന്റെ കവിതകൾകൊണ്ടു നമ്മെ പരിചയപ്പെടുത്തുന്നതു ദ്രോണംപള്ളി ആചാര്യനേയും "ചണ്ഡികാദേവിയെ സേവിച്ചു മേവുന്ന" ഉണ്ണിരവിക്കുറുപ്പിനേയും ആണു്. ഇവരിൽ ദ്രോണംപള്ളിയിൽ ആചാര്യൻ എന്നു പറയുന്നതു അമ്പലപ്പുഴ നെടുമുടി പ്രവൃത്തിയിൽ ഉള്ള ഓണംപള്ളിയെന്ന ഇല്ലത്തിൽ അന്നുണ്ടായിരുന്ന പ്രധാന ബ്രാഹ്മണനെപ്പററിയാണു്. ഈ ഓണംപള്ളിക്കുടുംബക്കാർ കലാവിദ്യകളിൽ മാത്തൂർ കുടുംബക്കാർക്കു് ഗുരുസ്ഥാനം വഹിച്ചുവന്നവർ ആയിരുന്നു. ഇവർ ദ്രോണാചാര്യരുടെ വംശജാതന്മാരെന്നു വിചാരിക്കപ്പെടുന്നവരും തുളുനാട്ടിൽനിന്നു അമ്പലപ്പുഴെ വന്നവരും ആണു്. ദ്രോണംപള്ളി ആചാര്യരെ നമ്പ്യാർ ഗുരുവാക്കിയതു തുള്ളലിനു് ആവശ്യമുള്ള കായികാഭ്യാസത്തിന്നായിട്ടല്ലാതെ അക്ഷരവിദ്യാഭ്യാസത്തിന്നായിട്ടാണെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. ഓണംപള്ളി നായിക്കർ നമ്പ്യാരെ അക്ഷരവിദ്യ അഭ്യസിപ്പിച്ചിരുന്നുവെങ്കിൽ അദ്ദേഹം തന്റെ മററുള്ള കവിതകളിൽ ഇദ്ദേഹത്തിനെ ഉപേക്ഷിക്കുന്നതല്ലായിരുന്നു. കണ്ടംകെരിക്കാവിലെ ഇന്ദുചൂഡപ്രിയയെ സേവിക്കുന്ന നന്ദികാട്ടു ഭവനത്തിന്റെ നായകനായ ഉണ്ണിരവിക്കുറുപ്പു് നമ്പ്യാരെ ശാസ്ത്രങ്ങൾ വായിപ്പിച്ചതായിട്ടാണറിയുന്നതു്. നമ്പ്യാർക്കു വ്യാകരണം, വേദാന്തം, തർക്കം, ജ്യോതിഷം, വൈദ്യം എന്നു വേണ്ടാ എല്ലാ ശാസ്ത്രങ്ങളിലും കാവ്യനാടകാലങ്കാരങ്ങളിലും അപാരമായ ജ്ഞാനം ഉണ്ടായിരുന്നു എന്നു അദ്ദേഹത്തിന്റെ കവിതകളിൽ എവിടെയും തെളിവായിക്കാണുന്നതുകൊണ്ടു് അവയെല്ലാം അഭ്യസിച്ചതു് ഉണ്ണിരവിക്കുറുപ്പിനോടായിരുന്നു എന്നും ഉണ്ണിരവിക്കുറുപ്പു് അവയിൽഎല്ലാം സമർത്ഥനായിരുന്നു എന്നും ആണു് പറയുന്നതു്. നമ്പ്യാർ ബാല്യത്തിലെ ഒരു കവിതാവാസനക്കാരൻ ആയിരുന്നു എങ്കിലും വ്യുൽപ്പത്തിക്കു ദൃഢതയും, ജ്ഞാനത്തിനു വിശാലതയും, ഗതിക്കു പരിഷ്കാരവും പ്രകാശിച്ചു കാണുന്നതു അമ്പലപ്പുഴെ താമസം തുടങ്ങിയതിൽ പിന്നീടു് ഉണ്ടാക്കിയിട്ടുള്ള കവിതകളിൽ ആയതുകൊണ്ടു് അദ്ദേഹത്തിന്റെ വിദ്യാഭ്യാസം പരിപൂർത്തിയാക്കിയതു് അമ്പലപ്പുഴെ വന്നതിൽ പിന്നീടാണെന്നുള്ളതും, അദ്ദേഹം ഉണ്ണിരവിക്കുറുപ്പിനോടു ശാസ്ത്രങ്ങൾ അഭ്യസിച്ചിട്ടുണ്ടെന്നു പറയുന്നതും അധികം തെററുകയില്ലെന്നു തോന്നുന്നു.

അദ്ദേഹം കോട്ടയം താലൂക്കിൽ ഉള്ള കിടങ്ങൂർനിന്നും അമ്പലപ്പുഴെ പാർപ്പു മാററിയതിനുള്ള പ്രത്യേകകാരണം എന്താണെന്നു വിവരമായി അറിയപ്പെട്ടിട്ടില്ല. കവിയായ തനിക്കു ചെമ്പകശ്ശേരി രാജാവു തെക്കേടത്തു ഭട്ടതിരി മുതലായവരോടുണ്ടായ പരിചയം കൊണ്ടാണെന്നും കുലശേഖരപ്പെരുമാൾ ബാലമാർത്താണ്ഡവർമ്മവഞ്ചീശ്വരൻ വടക്കുംകൂർ തെക്കുംകൂർ മുതലായ രാജ്യങ്ങൾ അടക്കിയതോടുകൂടി അവിടത്തെ തൽക്കാലവാസം അത്ര സുഖമല്ലെന്നു വിചാരിച്ചിട്ടാണെന്നും കിടങ്ങൂർനിന്നും അമ്പലപ്പുഴ കൂത്തുപറവാൻപോയ ഒരു ചാക്യാർക്കു സഹായമായിട്ടാണെന്നും മററും കിംവദന്തികൾ ഉണ്ടു്. അദ്ദേഹം അമ്പലപ്പുഴെ വന്നതിൽ പിന്നീടു ഒന്നാമതായി "മന്ദാരദാരുവാം നന്ദികാരണ്യവാസ" ഉണ്ണിരവിക്കുറുപ്പിനേയും പിന്നീടു ചെമ്പകശ്ശേരി രാജാവു, മാത്തൂർപണിക്കർ ഇവരേയും ആശ്രയിച്ചു താമസിച്ചിരുന്നു. ഇദ്ദേഹം തന്റെ ഗുരുവായ ഉണ്ണിരവിക്കുറുപ്പിനോടൊന്നിച്ചു തകഴിയിലും കൂടാതെ ചെമ്പകശ്ശേരിരാജാവിനോടൊന്നിച്ചു് അമ്പലപ്പുഴത്താലൂക്കിലുള്ള എല്ലാ പ്രവൃത്തികളിലും താമസിച്ചിട്ടുണ്ടു്. കുമാരപുരേശ്വരീസ്തോത്രം എന്നൊരു കവിത നിർമ്മിച്ചിട്ടുള്ളതുകൊണ്ടു് ഇദ്ദേഹം കുമാരനെല്ലൂർ രുഗ്മിണീസ്വയംവരത്തിൽ കുടമാളൂർ വേട്ടെക്കൊരുമകനെപ്പററി പ്രസ്താവിച്ചുകാണുന്നതുകൊണ്ടു കുടമാളൂരും താമസിച്ചിട്ടുള്ളതായി അനുമാനിക്കാം. അതു് അദ്ദേഹത്തിന്റെ കിടങ്ങൂർ ഉള്ള സ്ഥിരതാമസകാലത്തായിരിക്കണം.

നമ്പ്യാർ തന്റെ ജീവിതകാലത്തിൽ അധികം ഭാഗവും നയിച്ചിട്ടുള്ളതു ചെമ്പകശ്ശേരിരാജാവിന്റെയും തിരുവിതാംകൂർ മഹാരാജാവിന്റെയും ആശ്രയത്തിൽ താമസിച്ചാണെന്നാണ് അഭിപ്രായപ്പെടുന്നതു്. പണ്ഡിതപക്ഷപാതിയും പരാക്രമശാലിയും ആയിരുന്ന തിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതസ്ഥാനത്തെ നമ്പ്യാർ കൈക്കൊണ്ടതു മാത്തൂർപ്പണിക്കർ വഴിയായിട്ടായിരുന്നു. നമ്പ്യാർ ഉണ്ടാക്കുന്ന കവിതകൾ എല്ലാം വാങ്ങി ശേഖരിച്ചതും തുള്ളൽ നടത്തിവന്നതും മാത്തൂർപ്പണിക്കർ ആണ്. നമ്പ്യാരുടെ കൃതികളിൽ ശീലാവതിയും പഞ്ചവൃത്തവും, പതിനാലുവൃത്തവും, ഭാഗവതം ഇരുപത്തുനാലുവൃത്തവും നളചരിതം, ഫണകൃസൂത്രം ഈ കിളിപ്പാട്ടുകളും, കുമാരപുരേശചരിസ്തോത്രവും, ബാല്യകാലത്തിൽ ഉണ്ടാക്കിയവയാകുന്നു. വിദ്വൽകല്പകദാരുവായിരുന്ന കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ അഭീഷ്ടപ്രകാരം ശംബരവധം, സ്യമന്തകം മുതലായി മൂന്നുനാലു ആട്ടക്കഥകളും ഉണ്ടാക്കിയിട്ടുണ്ടു്. ഇദ്ദേഹത്തിന്റെ കൃതിയായ മണിപ്രവാളകാവ്യത്തിന്റെ രുചി അറിയാത്തവരായി എഴുത്തറിയാവുന്ന മലയാളികളിൽ ആരുംതന്നെ ഇല്ലല്ലൊ. അതു് അദ്ദേഹം ഒരു ദിവസം രാത്രികൊണ്ടു എഴുതിത്തീർത്തതാണെന്നു പറയുന്നതിലും അതിന്നു ഹേതുവായ വിവരവിഷയത്തിലും എത്രത്തോളം വാസ്തവം ഉണ്ടെന്നു അറിയുന്നില്ല. എങ്കിലും അതിനെപ്പററിയുള്ള പുരാവൃത്തവും ചുരുക്കമായിപ്പറയാം.

ചെമ്പകശ്ശേരി രാജാവിനു് സകലശാസ്ത്രപാരാവാരപാരംഗതനായ ഒരു ഭട്ടതിരി ഇഷ്ടനായിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഇല്ലപ്പേരു് തെക്കേടത്തെന്നാണ്. ഇദ്ദേഹം ചെമ്പകശ്ശേരി രാജാവിന്റെ വിദ്വൽസദസ്സദ്ധ്യക്ഷനായിരുന്നതിനാൽ, എല്ലായ്പ്പോഴും രാജാവിനോടൊന്നിച്ചുതന്നെയായിരുന്നു താമസിച്ചുവന്നിരുന്നതു്. നമ്പ്യാർ അമ്പലപ്പുഴെ പാർപ്പു തുടങ്ങിയതു മുതൽ, ഭട്ടതിരിയുടെ ശിഷ്യത്വംകൂടി സ്വീകരിച്ചുപോലും. നമ്പ്യാർ ഭട്ടതിരിയുടെ ശിഷ്യത്വം സ്വീകരിച്ചതിൽ പിന്നെ അദ്ദേഹം സ്വദേശത്തേക്കോ മററോ പോയിരുന്ന ഒരു അവസരത്തിൽ പരദേശിയായ ഒരു ശാസ്ത്രിബ്രാഹ്മണൻ രാജസദസ്സിൽ ഉള്ള വിദ്വാന്മാരുമായി ശാസ്ത്രവാദംചെയ്തു വിജയവും രാജസമ്മാനവും വാങ്ങുന്നതിന്നായി വരികയും, രാജാവിന്റെ ആജ്ഞപ്രകാരം ഭട്ടതിരിയും ശാസ്ത്രിയും തമ്മിൽ വാദം തുടങ്ങുകയും ചെയ്തു. അവർതമ്മിൽ വളരെനാൾ വാദം നടന്നിട്ടും ജയാപജയങ്ങൾ ഒന്നും തീർച്ചയാക്കാറായില്ലെങ്കിലും ഇനിയും വാദം മുമ്പോട്ടുപോകുന്നതായാൽ ഭട്ടതിരി തോൽക്കാനാണെളുപ്പമെന്നു രാജാവിനു് തോന്നുകയാൽ അദ്ദേഹം അവരോടു്, നിങ്ങൾ തമ്മിൽ വാദം തുടങ്ങിയിട്ടു് ദിവസം കുറെ അധികമായി. ഇതേവരെ, ആർക്കും ജയാപജയങ്ങൾ ഒന്നും ഉണ്ടായില്ല. ഇനിയും നിങ്ങൾ ഇങ്ങനെ വാദിച്ചു് അനവധി ദിവസം പോകുമായിരിക്കും; അതുകൊണ്ടു് കാര്യമില്ല. നാം നിങ്ങളുടെ യോഗ്യത അറിയുന്നതിനു വേറൊരു പരീക്ഷ നിശ്ചയിച്ചിരിക്കുന്നു. അതു മററൊന്നും അല്ല; കവിതാപരീക്ഷയാണ്. ഇന്നു രാത്രി കൊണ്ടു നിങ്ങൾ രണ്ടുപേരും പന്ത്രണ്ടുസർഗംവീതം അടങ്ങിയ ഓരോ മണിപ്രവാളകാവ്യം ഉണ്ടാക്കി നാളെ രാവിലെ നമ്മുടെ മുമ്പാകെ കൊണ്ടുവരണം. നാം അതു നോക്കി നിങ്ങളിൽ സമർത്ഥൻ ആരെന്നു നിശ്ചയിച്ചുകൊള്ളാമെന്നു പറഞ്ഞു വാദം അവസാനിപ്പിച്ചു.

ശാസ്ത്രി വലിയ സംസ്കൃതപണ്ഡിതനും കവിയുമായിരുന്നെങ്കിലും മണിപ്രവാളത്തിൽ കാവ്യം ഉണ്ടാക്കുക അദ്ദേഹത്തിനെക്കൊണ്ടു അസാദ്ധ്യമെന്നു അദ്ദേഹത്തിനു തോന്നുകയാൽ അദ്ദേഹം കവിതയെഴുതാൻ ആരംഭിക്കാതെ അത്താഴം ഊണുംകഴിഞ്ഞു കിടന്നുറങ്ങി. ഭട്ടതിരി അദ്ദേഹത്തിന്റെ സ്വന്തം മഠത്തിൽപോയി അത്താഴം ഊണും കഴിഞ്ഞു കവിതഎഴുതാൻ ഉള്ള വട്ടങ്ങൾ എല്ലാം ഉണ്ടാക്കിയുംകൊണ്ടു വിചാരിച്ചതിൽ അർദ്ധരാത്രിവരെ ആയിട്ടും അദ്ദേഹത്തെക്കൊണ്ടു ഒരു ശ്ലോകംകൂടി ഉണ്ടാക്കാൻ കഴിഞ്ഞില്ല. സംസ്കൃതത്തിലായിരുന്നെങ്കിൽ

അദ്ദേഹത്തിനും പ്രയാസമില്ലായിരുന്നു. ഈ അവസരത്തിൽ നമ്പ്യാർ വടക്കനിന്നും അമ്പലപ്പുഴയ്ക്കു വള്ളംവഴി വരികയായിരുന്നു. ഭട്ടതിരിയുടെ മഠത്തിൽ അർദ്ധരാത്രിയായിട്ടും വിളക്കണച്ചിട്ടില്ലാത്തതു് എന്താണെന്നറിയണമെന്ന വിചാരിച്ചു് കരയ്ക്കിറങ്ങി ഭട്ടതിരിയുടെ അടുക്കലേക്ക പോയി വന്ദിച്ചു. ഭട്ടതിരി ആകസ്മികമായുണ്ടായ നമ്പ്യാരുടെ ആഗമനംകൊണ്ടു് സന്തുഷ്ടനായി വിവരം നമ്പ്യാരോടു പറഞ്ഞു. നമ്പ്യാർ, കവിത ഉണ്ടാക്കിക്കളയാം. 1 സർഗമല്ലാതെ 12 സർഗവും കൂടി ഇനിയുള്ള രാത്രികൊണ്ടു തന്നെക്കൊണ്ടുമാത്രം എഴുതാൻ ഒക്കുകയില്ല. 11 സർഗം പറഞ്ഞുകൊടുക്കുന്നതുപോലെ എഴുതിക്കൊള്ളുന്നതിനു 11 ആളുകളെക്കൂടി ഉണ്ടാക്കാമെങ്കിൽ സംഗതി ഭംഗിയാകും എന്നു് ഭട്ടതിരിയോടറിയിച്ചു. അദ്ദേഹം ഉടൻ തന്നെ തന്റെ ശിഷ്യന്മാർ അവിടെക്കിടന്നുറങ്ങുന്നവരിൽ 11 പേരെ വിളിച്ചുണർത്തി അയച്ചുകൊടുത്തു. നമ്പ്യാർ മുറയ്ക്കു് 1-ാം സർഗത്തിന്റെ 1-ാം ശ്ലോകം താനെഴുതുകയും അതോടുകൂടെത്തന്നെ 2 മുതൽ 12 വരെ സർഗങ്ങളുടെയും ഒന്നാമത്തെ ശ്ലോകങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു. ശ്രീകൃഷ്ണചരിതം 12 സർഗം കാവ്യവും ഉണ്ടാക്കി വെളുക്കുന്നതിനുമുമ്പായി ഭട്ടതിരിയെ ഏല്പിച്ചു. ഇങ്ങനെയാണു് ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിന്റെ ഉത്ഭവത്തെപ്പററിയുള്ള കേൾവി.

രാമചന്ദ്രവിലാസം എന്നൊരു സംസ്കൃതകാവ്യവും അദ്ദേഹത്തിന്റെ കൃതിയായിട്ടുണ്ടു്. ഉത്തരരാമായണം കിളിപ്പാട്ട കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്നു് ഭാഷാചരിത്രകർത്താവു അഭിപ്രായപ്പെട്ടതിനെ ഇദാനീന്തന ഭാഷാഭിമാനികളിൽ പ്രധാനികൾ എല്ലാം സകാരണം അപലപിക്കുന്നതു് സ്വീകാര്യമത്രേ.

ഇങ്ങിനെ മലയാളഭാഷയിൽ ഉള്ള പഴയ മാർഗ്ഗങ്ങളിൽകൂടി നമ്പ്യാരും തന്റെ കവിതാവനിതയേയും പ്രചരിപ്പിച്ചു എങ്കിലും അദ്ദേഹത്തിന്റെ ആ പ്രൌഢാംഗനയുടെ വിലാസങ്ങൾ എല്ലാം സർവജനഹൃദയാകർഷകമായി പ്രകാശിച്ചതു് സർവതന്ത്രസ്വതന്ത്രനായ അദ്ദേഹം തന്നെ ഏർപ്പെടുത്തിയ തുള്ളൽ എന്ന പുതിയ മാർഗ്ഗത്തിലൂടെയുള്ള പ്രദർശനത്തിൽ നിന്നും ആകുന്നു. അദ്ദേഹം തുള്ളൽ ഉണ്ടാക്കിയതു് അമ്പലപ്പുഴെ ക്ഷേത്രത്തിൽ കൂത്തിനു മിഴാവു കൊട്ടിക്കൊണ്ടിരിക്കുമ്പോൾ തന്നെ അപഹസിച്ച ചാക്യാരോടു പിണങ്ങിയിട്ടാണെന്നുള്ള സംഗതി സുപ്രസിദ്ധമാണെങ്കിലും ചുരുക്കത്തിൽ വിവരിക്കാം. "നമ്പ്യാർ അമ്പലപ്പുഴെ താമസിക്കുമ്പോൾ ഒരിക്കൽ ഉത്സവത്തിനു ചാക്യാരുടെ കൂത്തിനു മിഴാവു കൊട്ടാൻപോകേണ്ടിവന്നു. നമ്പ്യാരന്മാരുടെ കുലധർമ്മം മിഴാവു കൊട്ടുകയാണെങ്കിലും നമ്മുടെ കവിപുംഗവൻ അതു അത്ര ശീലിച്ചിരുന്നില്ല. പരിചയം ഇല്ലാത്ത അദ്ദേഹത്തെ ക്ഷണിച്ചതു പതിവുകാരൻ നമ്പ്യാർക്കു ഉത്സവമദ്ധ്യേ ആശൌചം നേരിട്ടതുകൊണ്ടും വേറെ നമ്പ്യാരന്മാർ അടുത്ത സ്ഥലത്തെങ്ങും ഇല്ലായിരുന്നതുകൊണ്ടും ആയിരുന്നു. കുഞ്ചൻനമ്പ്യാരെ ക്ഷണിച്ചപ്പോൾ തനിക്കു മിഴാവുകൊട്ടാൻ പരിചയമില്ലെന്നു പറഞ്ഞതിൽ ചാക്യാർ അറിയാവുന്നതുപോലെ കൊട്ടിയാൽ മതിയെന്നും അല്ലെങ്കിൽ അടിയന്തിരം മുട്ടിപ്പോകുമെന്നും പറഞ്ഞതുകൊണ്ടായിരുന്നു പോയതു. കൂത്താരംഭിച്ചു നമ്പ്യാർ മിഴാവുകൊട്ടിത്തുടങ്ങിയപ്പോൾ തെററിപ്പോയി ആക്ഷേപിക്കാൻ വിരുതുള്ള ചാക്യാർ തിരിഞ്ഞുനിന്നു പരിഹാസം തുടങ്ങി. ചാക്യാർ തന്നെ സഭയിൽവച്ചു പരസ്യമായി അധിക്ഷേപിച്ചതുകൊണ്ടു നമ്പ്യാർ വളരെ മുഷിഞ്ഞു. ഉടൻതന്നെ അദ്ദേഹം കൊട്ടുനിർത്തി ഇറങ്ങിപ്പൊയ്ക്കളഞ്ഞു. അതിൽപ്പിന്നെ നമ്പ്യാർക്കുണ്ടായ വിചാരം തന്നെ ആക്ഷേപിച്ച ചാക്യാരെ ലജ്ജിപ്പിക്കുന്നതിനുള്ള വഴി എന്തെന്നായിരുന്നു. ആ വിചാരത്തിന്റെ ഫലമായി ആ ദിവസംകൊണ്ടുതന്നെ അതിനുമുൻപില്ലാത്ത രീതിയിൽ ഒരു കവിത (കല്യാണസൌഗന്ധികം ശീതങ്കൻ തുള്ളൽ) ഉണ്ടാക്കി അതിനെ രംഗത്തിൽ അഭിനയിക്കുന്നതിനു ഒരു വേഷവും നിശ്ചയിച്ചു. പിറേറദിവസം നാടകശാലയിൽ ചാക്യാർ കൂത്തു ആരംഭിച്ചപ്പോൾ നമ്പ്യാർ ഒരു പുതിയ വേഷംകെട്ടി അമ്പലപ്പുഴെ ക്ഷേത്രത്തിന്റെ പടിഞ്ഞാറെവശത്തു കളിത്തട്ടിന്മേൽ കയറി മേള

താളസംഗീതത്തോടുകൂടി തുള്ളൽ ആരംഭിച്ചു. കളിത്തട്ടിന്മേൽ കൊട്ടും, പാട്ടും, തുള്ളലും, ആംഗ്യവും ഭാവവും എല്ലാം കലശൽ ആയപ്പോൾ ഇതു് എന്തൊരു വിദ്യ ആണെന്നു നോക്കാനായി നാടകശാലയിൽ കൂടിയിരുന്നവർ ഒന്നാകെ നമ്പ്യാരുടെ ചുററം ചെന്നുകൂടി. നാടകശാലയിൽ ചാക്യാരും നമ്പ്യാരും മാത്രം ശേഷിച്ചു. നമ്പ്യാരുടെ പുതിയ പ്രസ്ഥാനത്തിലുള്ള പ്രയോഗവും പണ്ഡിതപാമരന്മാരെ ആകർഷിക്കുന്നതിനു ശക്തിയുള്ള അദ്ദേഹത്തിന്റെ കവിതാമാധുര്യവും അഭിനയചതുരതയും കണ്ടു വന്നവർക്കാർക്കും തിരിച്ചുപോകാൻ നിവൃത്തി ഉണ്ടായില്ല. കേൾക്കാൻ ആളില്ലെന്നായപ്പോൾ ചാക്യാർ കൂത്തും മതിയാക്കിപ്പോകയും ചെയ്തു. ഇതായിരുന്നു തുള്ളക്കഥയുടെ ഉത്ഭവം.

നമ്പ്യാരുടെ കൃതികളിൽ, അദ്ദേഹത്തിന്റെ മുഴുവൻ ശക്തിയും മനസ്സിന്റെ പരിഷ്കാരവും പക്വതയും പ്രസന്നമായി പ്രകാശിച്ചുകാണുന്നതു് തുള്ളൽക്കഥകളിൽ ആണു്. അദ്ദേഹത്തിനു മലയാളഭാഷാസാമ്രാജ്യത്തിൽ അനശ്വരമായ ഒരു കീർത്തിസ്തംഭം ഉയർത്തിട്ടുള്ളതും തുള്ളക്കഥകൾതന്നെ. സരളപ്രസന്നമധുരദ്രുതഗതിയോടുകൂടി തുള്ളിച്ചാടിക്കുതിക്കുന്ന നമ്പ്യാരുടെ തുള്ളക്കഥകൾപോലെ വായനക്കാരെ രസിപ്പിക്കുന്നതായ മറെറാരു കവനങ്ങളും മലയാളത്തിൽ ഇല്ലെന്നുള്ളതു് സർവ്വസമ്മതമാണല്ലോ. ഇപ്രകാരം തുള്ളക്കഥകൾ സർവ്വജനഹൃദയാവർജ്ജകമായി ഭവിച്ചിരിക്കുന്നതു്, കവി വിശാലവും ഉന്മേഷകരവുമായ തന്റെ മനഃശക്തിയുടെ ഗതിയെ അനുസരിച്ചല്ലാതെ, പഴയ മാമൂൽപ്രകാരം, തണ്ടാരും, അമ്പിളിയും ചക്രവാകപ്പക്ഷിയും തന്റെ കാവ്യനിർമ്മാണോപകരണവസ്തുക്കളാക്കി കരുതി കവിത എഴുതാൻ തുനിയാഞ്ഞതുകൊണ്ടും മനോഹരങ്ങളായ ആശയാഭരണങ്ങൾകൊണ്ടു തന്റെ കവിതാകാമിനിയെ അലങ്കരിച്ചിട്ടുള്ളതിനാലും പ്രതിപാദ്യവിഷയത്തിന്റെ ഗുരുലഘുത്വമനുസരിച്ചു ഭാഷയ്ക്കുവരുത്തിക്കൂട്ടിയിട്ടുള്ള ലളിതപ്രൌഢതകൾകൊണ്ടും കവിതാരംഗത്തിൽ അവതരിപ്പിക്കുന്ന സ്ത്രീപുരുഷന്മാരുടേയും വസ്തുവകകളുടേയും തന്മയമേറിയ വർണ്ണനവൈചിത്ര്യംകൊണ്ടും രചനയുടെ ലാളിത്യംകൊണ്ടും മനോഗതങ്ങളുടെ അനുക്രമമായ ഒഴുക്കുകൊണ്ടും സങ്കല്പശക്തിയുടെ ധാരാളത്വംകൊണ്ടും കവിതാപ്രവാഹത്തിന്റെ അതിയായ വേഗത്തെത്തടഞ്ഞും ഛിന്നഭിന്നമാക്കി ഭവിപ്പിക്കുന്ന സാരശൂന്യമായ ഭേദഗതികളേയും കെട്ടുപാടുകളേയും വകവയ്ക്കാതിരുന്നതിനാലും സർവ്വതന്ത്രസ്വതന്ത്രതകൊണ്ടും സകലവിഷയജ്ഞാനംകൊണ്ടും ആണെന്നുള്ളതു പരസ്യമാണല്ലോ.

മലയാളഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അത്യന്തം ദീപ്രമായി പ്രശോഭിക്കുന്ന ഒരു നക്ഷത്രമായ ഈ കവിയാൽ ഇങ്ങിനെ വിദ്വൽപാമരന്മാരെ ആദരണീയമായവിധത്തിൽ നൂററിൽപരം തുള്ളക്കഥകൾ ഉണ്ടാക്കിയിട്ടുള്ളതായും പറഞ്ഞുകേൾവി ഉണ്ടു്. അവയിൽ പുറത്തുവന്നിട്ടുള്ളതും രഹസ്യത്തിൽ വച്ചിരുന്നതുമായി അൻപത്തെട്ടുകഥകൾ പുസ്തകത്തിൽ അടങ്ങിയിട്ടുണ്ടു്. ശേഷം ഉള്ളവകൾ മാത്തൂർഭവനത്തിലെ ഗ്രന്ഥപ്പുരയിൽ ഇരിപ്പുള്ളതായും അറിയുന്നു. ചില കഥകൾ അഗ്നിബാധയിൽപ്പെട്ടു നശിച്ചുപോയതായി കേട്ടിട്ടുള്ളതു വാസ്തവമാണെങ്കിൽ കഷ്ടമാണു്. നമ്പ്യാരുടെ കൃതികൾ മാത്തൂർപ്പണിക്കരുടെ കൈവശത്തിൽ ആകുന്നതിനിടയായതു് നമ്പ്യാർ ചെമ്പകശ്ശേരിരാജാവിന്റെ കല്പനപ്രകാരം തുള്ളൽപാട്ടുകൾ ഉണ്ടാക്കിയാൽ ഉടനെ പണിക്കരെ പഠിപ്പിച്ചു തിരുമുമ്പിൽ തുള്ളിച്ചുവന്നതുകൊണ്ടും ദ്രവ്യസ്ഥനായ പണിക്കരുടെ സംരക്ഷണയിൽ നമ്പ്യാർ താമസിച്ചിരുന്നതുകൊണ്ടും ആണു്. നമ്പ്യാർ ഉണ്ടാക്കിയ തുള്ളപ്പാട്ടുകൾ ഏതെല്ലാമാണെന്നും അവയിൽ എന്തെല്ലാമടങ്ങിയിട്ടുണ്ടെന്നും അവയിൽ രസികത്വവും ആസ്വാദ്യതയും ഏതിന്നാണെന്നും മററുമുള്ള നിരൂപണം വെളിപ്പെട്ടിടത്തോളമുള്ള കൃതികൾ ഈ പുസ്തകത്തിൽ ഉണ്ടെന്നും ശർക്കര ഉണ്ടെങ്കിൽ എവിടെയും മധുരംതന്നെ എന്നും ചുരുക്കികഴിക്കയല്ലാതെ വിസ്തരഭയംകൊണ്ടു തൽക്കാലം നിവൃത്തിയില്ല. അകൃത്രിമരാമണീയകത്തോടും വിസ്മയനീ

യമായ മാധുര്യം ഔദാര്യംകൂടി സർവ്വത്ര പ്രകാശിക്കുന്ന ഈ മഹാകവിയുടെ കവിതയിൽ എത്രമാത്രം വായിച്ചാലും മനസ്സിനുണ്ടാകുന്ന ആനന്ദം ഒന്നു വേറെതന്നെയാണ്.

"സമുല്ലാസം വാചാം സരസമധുനിഷ്യന്ദലഹരീ
സമുന്മേഷാദേഷീ സകലരസപോഷോപജനകഃ
ന കേഷാമാമോദം മനസി പരിതോഷം നവനവൈ-
ർവ്വിലാസൈരുന്മീലദ്രുചികചിതമധുളീപരിമളഃ."   എന്നും

"സാ കവിതാ സാ വനിതാ യസ്യാഃ ശ്രവണേന ദർശനേനാപി
കവിഹൃദയം വിടഹൃദയം സരളം തരളം ച സത്വരം ഭവതി."

എന്നും മററുമുള്ള ആപ്തവാക്യങ്ങൾ വെറുതെ അല്ലെന്നു കാണിക്കുന്നതു് ഇദ്ദേഹത്തെപ്പോലെയുള്ളവരാണല്ലോ. ലൌകിക സംഗതികളെ സരസമായി വർണ്ണിക്കുന്നതിനു മലയാളഭാഷയ്ക്കു ശക്തിയുണ്ടെന്നുള്ളതിനെ കുഞ്ചൻനമ്പ്യാരാണ് അദ്ദേഹത്തിന്റെ തുള്ളൽക്കഥകൾമൂലം ഒന്നാമതായി വെളിപ്പെടുത്തിയതു്. കുഞ്ചൻനമ്പ്യാരെ അനുകരിക്കുന്നതിനായി അക്കാലത്തും ഇക്കാലത്തും പല കവിപുംഗവന്മാരും പ്രയത്നിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തെ കടത്തിവയ്ക്കാനോ സമപ്പെടുക്കാനോ ആർക്കും കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല പലരും ഭഗ്നാശയന്മാരായി പിന്മടങ്ങുകയാണ് ചെയ്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ വഴി ഒന്നുവേറെ ആയിരുന്നു. അതിലെക്കൂടിപ്പോകുന്നതിനു കയ്യിൽ ധാരാളം കോപ്പും നല്ല സ്വാതന്ത്ര്യബുദ്ധിയും ഊഹാപോഹവിചക്ഷണതയും സർവ്വതോമുഖമായ ജ്ഞാനവും രസജ്ഞതയും മനസ്സിൽ ഉണ്ടാകുന്ന എല്ലാ വികാരങ്ങളേയും വാഗ്ദ്വാരേണ പരഹൃദയത്തിൽ കടത്തി കടന്നുകേറിയ ക്ഷണത്തിൽതന്നെ ഇറങ്ങിപ്പോകാതെ പതിഞ്ഞുയർന്നു അനുകരണീയമാംവണ്ണം പ്രസ്ഫുരിപ്പിക്കത്തക്ക ഒരു വിശേഷവാസനയും ഉണ്ടായിരിക്കണം. വിദ്വൽപാമരാന്തം ആസ്വാദ്യങ്ങളായ കവിതകളെ അനുഗ്രഹകവിയായ ഇദ്ദേഹത്തിനൊപ്പം മലയാളഭാഷയിൽ മറെറാരുകവികളും നിർമ്മിച്ചിട്ടില്ല, അതു് മററു കവികൾക്ക ഇല്ലാത്തതായി അദ്ദേഹത്തിനുണ്ടായിരുന്ന പരിഹാസകവനപാടവവും എത്തും പിടിയും ഇല്ലാത്ത വേദാന്തവിഷയങ്ങളേയും പ്രൌഢതരങ്ങളായ ശാസ്ത്രീയവിഷയങ്ങളേയും സാധാരണങ്ങളായ ലൌകിക നടപടികളേയും ഒന്നുപോലെ സരസമായും ലളിതമായും പ്രതിപാദിക്കാൻ കഴിയുമായിരുന്ന വിശേഷാശയവാസനയും കൊണ്ടായിരുന്നു.

നമ്പ്യാർ പലസ്ഥലങ്ങളിലും വച്ചു പല ഫലിതങ്ങളും പ്രവർത്തിച്ചിട്ടുണ്ടു്. അവയിൽ ചിലതു വായനക്കാരുടെ അറിവിനുവേണ്ടി ഉല്ലേഖനം ചെയ്യാം. "നമ്പ്യാരു അമ്പലപ്പുഴെ താമസിക്കുമ്പോൾ ചെമ്പകശ്ശേരി രാജാവിന്റെ ഗുരുവായി "കല്ലിഴ" എന്നൊരു നമ്പൂരി ഉണ്ടായിരുന്നു. അദ്ദേഹം രാജാവിന്റെ സ്വാധീനംകൊണ്ടു മററുള്ളവരോടെല്ലാം ധിക്കാരമായി പെരുമാറുകയും കൊട്ടാരത്തിൽകാഴ്ച വയ്ക്കുന്ന വസ്തുക്കൾ എല്ലാം മററുള്ളവർക്ക കൊടുക്കാതെ നമ്പൂരിതന്നെ കൊണ്ടുപോവുകയും ചെയ്തുകൊണ്ടു നമ്പൂതിരിയെ രാജാവിങ്കൽനിന്നു അകററുന്നതിനു നമ്പ്യാരെ രാജസേവകന്മാർ ശുപാർശചെയ്തു. തനിക്കിഷ്ടമില്ലാത്തവരെ കണക്കിനു ആക്ഷേപിക്കുവാനും സൌകര്യംപ്രതി കാര്യം പററിക്കാനും വിരുതുള്ള നമ്പ്യാർ രാജപരിചാരകന്മാരുടെ അപേക്ഷയെ സാധിക്കാൻ സൌകര്യം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരു ദിവസം ചെമ്പകശ്ശേരിരാജാവു കല്ലിഴയോടൊന്നിച്ചു എഴുന്നള്ളിവരുന്നതിനെക്കണ്ടു അവർ അടുത്തുവന്നപ്പോൾ നമ്പ്യാർ കയ്യിൽ ഇരുന്ന പാത്രം നിലത്തു ഇട്ടുകളഞ്ഞു. ഉടനെ രാജാവു അതുകണ്ടു പാത്രം ഇട്ടതു എന്തിനാണെന്നു ചോദിച്ചതിനു നമ്പ്യാർ ഉത്തരം പറഞ്ഞതു "കല്ലിഴവന്നതുകൊണ്ടുള്ള ഗ്രഹപ്പിഴ" ആണെന്നാണ്. അതുകേട്ടു ഇംഗിതജ്ഞന്മാരായ രാജാവും നമ്പൂരിയും നമ്പ്യാരുടെ ബുദ്ധിശക്തിയേയും ഫലിത വൈഭവത്തേയും ഓർത്തു അത്യന്തം സന്തോഷിച്ചു. അന്നുമുതൽ

നംപൂരിയുടെ ധിക്കാരപ്രവൃത്തികൾക്കും ലോകചാഞ്ചല്യങ്ങൾക്കും വളരെ ഒതുക്കവും ഉണ്ടായി ഇദ്ദേഹം തിരുവനന്തപുരത്തു താമസിക്കുന്ന കാലത്തിൽ ഒരു ദിവസം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ തൊഴുന്നതിനായി ചെന്നപ്പോൾ അകത്തെ ശാന്തിക്കാരനായ നമ്പി, നമ്പ്യാരോടു ആരാണെന്നു ചോദിച്ചതിനു "നമ്പിയാർ" എന്നു ഉത്തരം പറഞ്ഞതുകേട്ടു കലുഷഹൃദയനായ നമ്പി വിവരം തിരുമനസ്സ് അറിയിക്കയാൽ മഹാരാജാവു തിരുമനസ്സുകൊണ്ടു നമ്പ്യാരെവരുത്തി ഉണ്ടായ പരമാർത്ഥം ചോദിച്ചപ്പോൾ,

"നമ്പി,യാരെന്നു ചോദിച്ചു നമ്പിയാരെന്നു ചൊല്ലിനേൻ
നമ്പി,കേട്ടഥ കോപിച്ചു തമ്പുരാനേ പൊറുക്കണം."

എന്നു അറിയിച്ചതായും തമ്പുരാൻകേട്ടു സന്തോഷിച്ചതായും കേൾവി ഉണ്ട്. അതുപോലെതന്നെ ഇദ്ദേഹത്തിന്റെ സഹജീവിയായിരുന്ന ഉണ്ണായിവാര്യരുടേയും സഹൃദയതയെപരിശോധിക്കുന്നതിനുവേണ്ടി ഇവർ സാധാരണ കുളിച്ചുവരുന്ന തിരുവനന്തപുരത്തു ശ്രീവരാഹത്തുകുളം ആനയെക്കൊണ്ടു കലക്കിക്കയും രണ്ടുപേരും കുളിയുംകഴിഞ്ഞു തിരുമുൻപാകെ ചെന്നപ്പോൾ തിരുമനസ്സുകൊണ്ട് ആദ്യം വാര്യരോട് ഇന്നത്തെക്കുളി എവിടെ ആയിരുന്നുഎന്നു കല്പിച്ചുചോദിച്ചതായും വാര്യർ ശ്രീവരാഹത്തു കുളത്തിൽ കരികലക്കിയ സ്ഥലത്തായിരുന്നു എന്നും നമ്പ്യാരോടു ചോദിച്ചപ്പോൾ അവിടെത്തന്നെ കളഭം കലക്കിയ സ്ഥലത്തായിരുന്നു എന്നും അറിയിച്ചതായും ഉടനെ മഹാരാജാവ് തിരുമനസ്സുകൊണ്ടു സമീപത്തുണ്ടായിരുന്ന വിദ്വാന്മണി അശ്വതി തിരുനാൾ കൊച്ചുതമ്പുരാനോടു ഇവരുടെ യോഗ്യത ഇതുകൊണ്ടു നിശ്ചയിക്കരുതോ എന്നു ചോദിച്ചതായും ഒരു കിംവദന്തി ഉണ്ട്. കൂടാതെ സരസനായ നമ്പ്യാരും,പണ്ഡിതനായ വാര്യരുംകൂടി തിരുവനന്തപുരത്തു പത്മതീർത്ഥത്തിൽ കുളിച്ചുകൊണ്ടുനില്ക്കുമ്പോൾ ഒരു മാന്യകുടുംബത്തിലുള്ള ശൂദ്രസ്ത്രീ സൌന്ദര്യവതിയായ ദാസിയോടൊന്നിച്ചു കടന്നുപോകുന്നതിനെക്കണ്ടു വാരിയർ "കാതിലോല" എന്നു ചോദിച്ചു. നമ്പ്യാർ അതിനുത്തരം പറഞ്ഞതു് "നല്ലതാളി" എന്നായിരുന്നു. ഇതിൽ വാര്യരുടെ "കാതിലോല" എന്ന ചോദ്യത്തിന്റെ അർത്ഥം ഇവരിൽ സുന്ദരി ആരെന്നും "നല്ലതാളി" എന്ന നമ്പ്യാരുടെ ഉത്തരത്തിന്റെ അർത്ഥം നല്ലതു ആളി (ദാസി)യാണെന്നും പറയേണ്ടതില്ലല്ലോ. അതുപോലെതന്നെ ഒരിക്കൽ മഹാരാജാവുതിരുമനസ്സുകൊണ്ടു അദ്ദേഹത്തിന്റെ ആശ്രിതന്മാരായ കവികളോടൊന്നിച്ചു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പുതുതായി ഒരു കമ്പവിളക്കുണ്ടാക്കിയതിനെ കാണുന്നതിനായി എഴുന്നള്ളി. മഹാരാജാവുതിരുമനസ്സുകൊണ്ടു വിളക്കിന്റെ പണികണ്ടു സന്തോഷിച്ചിട്ടു കൂടെ ഉണ്ടായിരുന്ന കവികളോടു ദീപസ്തംഭത്തെ വർണ്ണിച്ചു ശ്ലോകങ്ങൾ ഉണ്ടാക്കുവാൻ കല്പിച്ചു. അവരിൽ ഓരോരുത്തരും അർത്ഥശബ്ദാലങ്കാരവൈചിത്ര്യത്തോടുകൂടി ശ്ലോകങ്ങൾ ഉണ്ടാക്കി. നമ്പ്യാർ,

"ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം
ഇത്യർത്ഥ ഏഷാം ശ്ലോകാനാം അല്ലാതൊന്നും ന വിദ്യതേ"

എന്നൊരു ശ്ലോകമുണ്ടാക്കി മററുകവികളെ ലജ്ജിപ്പിക്കുകയും മഹാരാജവിനെ സന്തോഷിപ്പിക്കുകയും ചെയ്തു. നമ്പ്യാർക്കു കൊട്ടാരത്തിൽനിന്നും ദിവസംപ്രതി രണ്ടുകാലും കോപ്പും കൊടുക്കുന്നതിനു കല്പനയുണ്ടായിരുന്നു. നമ്പ്യാർ അതു പതിവായി വാങ്ങിവരികയും ചെയ്തിരുന്നു. ഒരിക്കൽ കലവറക്കാരൻപണ്ടാല രണ്ടിടങ്ങഴി അരിയും കോപ്പുമേ, കൊടുക്കയുള്ളെന്നു തർക്കിച്ചു. ഉടനെ നമ്പ്യാർ,

"രണ്ടുകാലെന്നു കല്പിച്ചു രണ്ടു,കാലെന്നിതയ്യനും
ഉണ്ടോ കാലെന്നു പണ്ടാല ഉണ്ടില്ലിന്നിത്രനേരവും".

എന്നൊരു ശ്ലോകം എഴുതി തിരുമുമ്പാകെ വരുത്തി അറിവിക്കുകയും ശ്ലോകം കണ്ടു സന്തുഷ്ടനായ മഹാരാജാവു കുറവുകൂടാതെ അരികൊടുക്കാൻ കല്പിച്ചു പട്ടാകെട്ടുകയും അന്നുമുതൽ ക്രൂട്ടതലായി ഇടപ്പക്കളത്തു രണ്ടുനേരം ഭക്ഷണം കൊടുക്കുന്നതിനു കല്പിക്കുകയും ചെയ്തു.

നമ്പ്യാരുടെ ഹാസ്യരസപ്രധാനങ്ങളും സരസമധുരതരങ്ങളുമായ കവിതകളെക്കൊണ്ടു സന്തുഷ്ടനായ മഹാരാജാവു് ഒരിക്കൽ അദ്ദേഹത്തിനു ആയിരം പണംകൊടുത്തു. പണംകൊടുത്തപ്പോൾ ഇതിനെ നല്ലതായി ഒരു സ്ഥലത്തിൽ ഉറപ്പിക്കണമെന്നുകൂടി കല്പിച്ചിരുന്നു. നമ്പ്യാർ സ്ത്രീജിതനായതുകൊണ്ടു ദുർവ്യയം ചെയ്യുമെന്നു വിചാരിച്ചാണു് അപ്രകാരം അരുളിച്ചെയ്തതു്. നമ്പ്യാർ അതുകേട്ടു പണവും വാങ്ങി സ്വദേശമായ കിള്ളിക്കുറിശ്ശിമംഗലത്തേക്കു തിരിച്ചു അവിടെച്ചെന്നപ്പോൾ കിള്ളിക്കുറിശ്ശിമംഗലത്തു ശിവക്ഷേത്രത്തിന്റെ ബലിപ്പുര ജീർണ്ണംഭവിച്ചു കിടക്കുകയായിരുന്നു. നമ്പ്യാർ താൻ കൊണ്ടുവന്ന ആയിരംപണവും ചെലവാക്കി ബലിക്കല്പുര നന്നാക്കീട്ടു തിരുവനന്തപുരത്തേക്കുമടങ്ങിപ്പോയി. അവിടെച്ചെന്നപ്പോൾ മഹാരാജാവു നമ്പ്യാരോടു പണം എന്തുചെയ്തു എന്നു ചോദിച്ചു. നമ്പ്യാർ ഉടനെ അടിയൻ വസ്തുവിന്മേൽ ആക്കീട്ടുണ്ടു് എന്നുത്തരംപറഞ്ഞു. കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിൽ ഇപ്പോഴുള്ള ബലിക്കല്പുര നമ്പ്യാരു പണിയിപ്പിച്ചതാണെന്നുള്ളതിനു ലക്ഷ്യമായിട്ടു് ആ ബലിക്കല്പുരയുടെ കരിങ്കല്ലിന്മേൽ—

"ശ്രീ ബലിപ്രസ്ഥശ്ശംഭോഃ ശ്രീശുകാലയവാസിനഃ
രാമേണ പാണിവാദേന കാരിതോ ഭൂതയേ ധ്രുവം."

എന്നൊരു ശ്ലോകം കാണുന്നതായിട്ടറിയുന്നുണ്ടു്. അതുപോലെ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്കു നമ്പ്യാരുടെ മേൽ ഒരിക്കൽ എന്തോ തിരുവുള്ളക്കേടുണ്ടാവുകയാൽ നമ്പ്യാർ കൊട്ടാരത്തിൽ കടക്കാൻ പാടില്ലെന്നും നമ്പ്യാർക്കു പതിവുള്ള അരിയും കോപ്പും കൊടുത്തുപോകരുതെന്നും കല്പനയായി. അങ്ങനെ രണ്ടുമൂന്നുദിവസം കഴിഞ്ഞു. അതിന്റെശേഷം ഒരുദിവസം നമ്പ്യാർ—

"ചൂര്യത്വം സുജനൈ,രഹം ച വട്ടുകൾ ശത്രുക്കളാലനാഹം
കേറാൻ ധാരണമുണ്ടു തേ, മമയഹോ കൊട്ടാരവാതുക്കലും
ഒട്ടും തന്നരിയില്ല തേ,മമ തഥാപ്യഷ്ടിക്ക കപ്പാട്ടിലും
സേവിച്ചിട്ടർത്ഥൻ ചിരതര നൃപതേ! ത്വത്തുല്യനായീടിനേൻ."

ഇങ്ങനെ ഒരു ശ്ലോകം എഴുതി തിരുമനസ്സറിയാൻ കൊടുത്തയച്ചു. മഹാരാജാവു തിരുമനസ്സുകൊണ്ടു ശ്ലോകംവായിച്ചു വളരെവളരെ സന്തോഷിച്ചു കൊട്ടാരത്തിൽ മുൻപതിവുപോലെ വന്നുകൊള്ളുന്നതിനും കൊടുത്തുവന്ന അരിയും കോപ്പും കുടിശ്ശിക തീർത്തുകൊടുക്കുന്നതിനും കല്പനയാവുകയും ചെയ്തു.

നമ്പ്യാർ തിരുവനന്തപുരത്തു താമസിക്കുമ്പോൾ ആദ്യകാലത്തു പക്ഷത്തായിരുന്നു അഷ്ടി. പക്ഷത്തെ ഊണു് അത്ര തൃപ്തികരമല്ലെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. നമ്പ്യാർക്കു പക്ഷത്തു് ഊണുകൊണ്ടു വയറിനു സുഖമില്ലാതെ ആവുകയാൽ ഇതിനൊരു നിവൃത്തി ഉണ്ടാക്കണമെന്നു വിചാരിച്ചുകൊണ്ടിരിക്കയായിരുന്നു. മഹാരാജാവു തിരുമനസ്സിലേക്കു പതിവായി എട്ടുനേരം വെടിയുടെ വട്ടം ഉണ്ടു്. യോഗ്യന്മാരായ സേവകന്മാർ എല്ലാം ആ സമയം തിരുമുമ്പിൽ ഉണ്ടായിരിക്കും. ഈ കൂട്ടത്തിൽ വെടിപറയുവാൻ മിടുമിടുക്കനായ നമ്പ്യാർ ഇല്ലാതെ ഇരിക്കയില്ലല്ലോ. ഒരുദിവസം മഹാരാജാവും വിദ്വാന്മാരുംകൂടി മാളികമുകളിൽ ഇരുന്നു വെടിപറഞ്ഞുകൊണ്ടിരിക്കുമ്പോൾ മാളികത്താഴെക്കൂടിപ്പോയ ഒരു പശു ഇളകിച്ചാണകം ഇടുന്നതിനെ നമ്പ്യാർ കണ്ടു "അല്ലാ പശ്വേ നിനക്കും പക്ഷത്തിലാണോ ചോറു്" എന്നു ചോദിച്ചു. ഇംഗിതജ്ഞനായ മഹാ-

രാജാവു തിരുമനസ്സുകൊണ്ടു അന്നുമുതൽ നമ്പ്യാരുടെ പക്കത്തിലെ ഊണുമാററി. പക്കത്തെ ഊണിന്റെ ബുദ്ധിമുട്ടിനെക്കുറിച്ചു "അരുളുപ്പൊരുളുകൊൾവാൻ കൊട്ടണം തോടിനിക്കെ"ന്നും മററും പരാതി പറഞ്ഞിട്ടുള്ളതും സുപ്രസിദ്ധമാണല്ലൊ. നമ്പ്യാർ തിരുവനന്തപുരത്തെ താമസം മതിയാക്കി യാത്ര അറിയിച്ചു അമ്പലപ്പുഴയ്ക്കു പോകുമ്പോൾ —

"നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻപാദം തലോടീ ചിരം
പാലഞ്ചും മൊഴിതന്നപാംഗവലയിൽ ചാടീട്ടുഴന്നേൻ ചിരം
കോലം കെട്ടുക കോലകങ്ങളിൽ നടിക്കെന്നുള്ള വല്ലായ്കിനി—
ക്കാലം വാർദ്ധകമാകകൊണ്ടടിയനെച്ചാടിക്കൊലാ ഭൂപതേ!"

എന്നിങ്ങനെ ഒരു ശ്ലോകം എഴുതി തൃക്കയ്യിൽ കൊടുത്തു തിരുമനസ്സുകൊണ്ടു വളരെ സന്തോഷിച്ചു വീരശൃംഖല സമ്മാനിച്ചതുമല്ലാതെ അമ്പലപ്പുഴെ ക്ഷേത്രത്തിൽ ചോറും പാൽപ്പായസവും പതിച്ചുകൊടുക്കുകയും ചെയ്തു. നമ്പ്യാർ അമ്പലപ്പുഴെ താമസിച്ചിരുന്നപ്പോൾ ചെമ്പകശ്ശേരിരാജാവിന്റെ അടുക്കൽ അവിടത്തെ ഊണിനെപ്പററി സ്തുതിച്ചുണ്ടാക്കി കേൾപ്പിച്ചു സമ്മാനംവാങ്ങിയ ശ്ലോകംതന്നെ, ഊണു വളരെ വഷളെന്നനിലയിൽ അർത്ഥവ്യത്യാസം വരത്തക്കവണ്ണം തിരുവിതാംകൂർ മഹാരാജാവിനെ ചൊല്ലി കേൾപ്പിച്ചു് ആ തിരുമേനിയോടും സമ്മാനം വാങ്ങിയതായി കേൾവിയുണ്ടു്. ആ ശ്ലോകം താഴെപ്പറയുന്നതാണ്.

"പത്രം വിസ്തൃതമത്ര തുമ്പമലർതോററീടിനോരന്നവും
പുത്തൻനെയ്യുനിയപ്പഴുത്തപഴവും കാളിപ്പഴം കാളനും
പത്തഞ്ഞുറകറികളാസ്യമിയലും നാരങ്ങയും മാങ്ങയും
നിത്യം ചെമ്പകനാട്ടിലമ്പിളിതയിർമോർ തട്ടാതെ കിട്ടും സുഖം"

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിന്റെ കാലത്തു് തൊള്ളായിരത്തി നാല്പതാമാണ്ടിടയ്ക്കാണ് അദ്ദേഹം തിരുവനന്തപുരത്തുനിന്നും അമ്പലപ്പുഴെപ്പോയി സ്ഥിരതാമസം തുടങ്ങിയതു്. അതിൽപിന്നെ നാലഞ്ചുകൊല്ലത്തിനകം അദ്ദേഹം പരലോകപ്രാപ്തനായി. നമ്പ്യാർ മരിക്കുമ്പോൾ അറുപതിൽപ്പരം വയസ്സുണ്ടായിരുന്നതായിട്ടാണ് അറിയുന്നതു്. നമ്പ്യാർ മരിച്ചതു പേപ്പട്ടി കടിച്ചു ചികിത്സയിൽ ഇരുന്നപ്പോൾ പത്ഥ്യം അവസാനിക്കുന്നതിനു മുൻപായി അമ്പലപ്പുഴെ തിരുമുല്പാടിന്റെ കോവിലകത്തുണ്ടായിരുന്ന ഒരു മാസമുറടിയന്തിരത്തിനു പോയി സദ്യ ഉണ്ടതിനാൽ സുഖക്കേടു വീണ്ടും വർദ്ധിച്ചതാണെന്നാണ് കേട്ടുകേൾവി. നമ്പ്യാരുടെ കുടുംബക്കാർ ഇപ്പോഴും കിള്ളിക്കുറിശ്ശിയിൽ ഉണ്ടു്. അവരാണ് അമ്പലപ്പുഴെ ക്ഷേത്രത്തിൽനിന്നും നമ്പ്യാർക്കുണ്ടായിരുന്ന പതിവുകൾ ഇപ്പോഴും വാങ്ങിവരുന്നതു്.

നമ്പ്യാർ ഒരു വലിയ പരിഷ്കാരിയും സരസനും വിശാലബുദ്ധിമാനും ദൃഢവ്യുൽപ്പന്നനും സംസ്കൃതഭാഷയിൽ ധാരാളം ഗ്രന്ഥപരിചയമുള്ളവനും ഒന്നാംതരം ഫലിതക്കാരനും ലോകനടപടികളിലും വിവിധവിധക്കാറരായ ആളുകളുടെ എല്ലാവിധമനോഗതികളിലും നല്ല ജ്ഞാനമുള്ളവനും ഒരു വലിയ സദ്യപ്രിയനും രാജസേവ മദ്യപാനം മുതലായവയിൽ ഏററവും വെറുപ്പുള്ളവനും ആക്ഷേപസ്വരത്തിൽ ഗുണദോഷിക്കുന്നവനും കൈക്കൂലിവാങ്ങുക, ശുപാർശികേൾക്കുക മുതലായവയിൽ വളരെ അറപ്പുള്ളവനും ആയിരുന്നു എന്നു് അദ്ദേഹത്തിന്റെ കവിതകൾകൊണ്ടു അനുമാനിക്കാവുന്നതാണ്. രസമിരിക്കുന്ന വഴിയേക്കൂടിപ്പോകുവാൻ നമ്പ്യാർക്കു അറിയാവുന്നതുപോലെ മലയാളഭാഷാകവികളിൽ ആർക്കും ഇതുവരെയും അറിവാൻ കഴിഞ്ഞിട്ടില്ല. ദുഷ്കവിതകൾ ഉണ്ടാക്കി മനുഷ്യരെ ഉപദ്രവിക്കുന്ന ബ്രഹ്മാണ്ഡവങ്കന്മാരെ അദ്ദേഹത്തിനു വളരെ പുച്ഛമായിരുന്നു. തുള്ളക്കഥകളിൽ പലേടത്തും അവരെ ആക്ഷേപിച്ചിട്ടുണ്ടു്. കൃഷ്ണലീലയിലും മററും ആട്ടക്കാരെ ആക്ഷേപിച്ചിട്ടുണ്ടെന്നു കണ്ടുകൊണ്ടു നമ്മുടെ കവിപുംഗവനു ആട്ടക്കാരോടും

വെളുപ്പായിരുന്നെന്നു ഊഹിക്കാം. അദ്ദേഹം കിട്ടിയേടത്തെല്ലാം വച്ചു സമ്പ്രദായികളായ വൈദ്യന്മാരേയും മന്ത്രവാദികളേയും വെളിച്ചപ്പാടന്മാരേയും കണക്കിനു് ആക്ഷേപിച്ചിട്ടുണ്ടു്. നമ്പ്യാർ തന്റെ കവിതയിലുള്ള പാത്രങ്ങളെ തന്മയപ്പെടുത്തുന്നതിനുവേണ്ടി കൈലാസത്തും, പാതാളത്തും, പാലാഴിയിലും, ദേവലോകത്തും, അളകയിലും മററും പോകാതെ അധികവും കേരളംകൊണ്ടുതന്നെ ഞൂണ് കഴിച്ചുകൂട്ടിയിട്ടുള്ളതു്. നമ്പ്യാരുടെ ദൃഷ്ടാന്തങ്ങളും, ഉപമകളും മററും വളരെ പററിയതാണു്. അദ്ദേഹത്തിനു മൂടിയന്മാരായ കാരണവന്മാരോടും തന്നോന്നികളും ഭീരുക്കളുമായ ഭടന്മാരോടും പ്രതിഗ്രഹത്തിനുവേണ്ടി നടന്നലയുന്ന ബ്രാഹ്മണരോടും വിശേഷിച്ചു, പരദേശബ്രാഹ്മണരോടും ജാതിമതാചാരങ്ങൾ ലംഘിക്കുന്നവരോടും പാതിവ്രത്യവിഹീനകളായ സ്ത്രീജനങ്ങളോടും മററും വളരെ വിരോധമായിരുന്നു. നമ്പ്യാർ ഭക്തനും ശുദ്ധാത്മാവുമായിരുന്നു എന്നു അദ്ദേഹത്തിന്റെ കവിതകൾകൊണ്ടു ഊഹിക്കാം. നമ്പ്യാർ മററുള്ള കവികളെപ്പോലെ അതിശയോക്തിക്കാരനല്ലാതെ വാസ്തവോക്തിക്കാരനും ചുററുമുള്ള സംഗതികളെക്കുറിച്ചുമാത്രം വർണ്ണിക്കുന്നവനുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ കവിതകൊണ്ടു അന്നത്തെ ജനസമുദായാവസ്ഥയെ നമുക്കു പരിഗണിക്കാൻ കഴിയും. തൻമൂലം അദ്ദേഹത്തിന്റെ കവിതകൾക്കുള്ളിടത്തോളം പ്രസിദ്ധിയും മാഹാത്മ്യവും മററു കവിതകൾക്കുണ്ടായിട്ടില്ല. അദ്ദേഹം പരലോകപ്രാപ്തനായെങ്കിലും യശശ്ശരീരിയായി ഇപ്പോഴും ജീവിക്കുന്നുണ്ടു്

"ജയന്തി തേ സുകൃതിനോ രസസിദ്ധാഃ കവീശ്വരാഃ
നാസ്തി തേഷാം യശഃകായേ ജരാമരണജം ഭയം"

എന്നാണല്ലോ ആപ്തവചനം. സാഹിത്യകലകളിൽ യത്നിച്ചു് ശാശ്വതമായകീർത്തി സ്തംഭത്തെ മലയാളത്തിൽ സ്ഥാപിച്ചിട്ടുള്ള അദ്ദേഹത്തിനെക്കുറിച്ചു് മലയാളം അറിയാവുന്നവർക്കുള്ള ആദരാതിശയം അനിതരസാധാരണമാകുന്നു. നല്ല കവിതാചാതുര്യമുള്ള കവിവരന്റെ മാധുര്യത്തെ അനുഭവിക്കുന്നതുപോലെ സുഖം മറെറാന്നുകൊണ്ടും ഉണ്ടാകുന്നതല്ല. ശ്രീശങ്കരാചാര്യരുടെ വാങ്മാധുരിയിൽ മനസ്സലിഞ്ഞു മാധവാചാര്യർ ചൊല്ലിയ,

"അപ്പൂർദ്ദസ്സം സഖിപ്പം ചിരതരമപരം ക്ഷീരമദ്രാക്ഷമിക്ഷും
സാക്ഷാദ്ദ്രാക്ഷാമജക്ഷം മധുരസമധയം പ്രാഗവിന്ദം മരന്ദം
മോചാമാചാമമന്യോ മധുരിമഗരിമാ ശങ്കരാചാര്യവാചഃ
ആചാന്തോ ഹന്ത കിം തൈരലമപി ച സുധാസാരസീസാരസീമ്നാ"

എന്ന ശ്ലോകം നമ്പ്യാരെക്കുറിച്ചു മലയാളഭാഷ അറിയാവുന്ന ഏതൊരുത്തനും ചൊല്ലേണ്ടുന്നതാണു്.

"യസ്യാശ്ചോരശ്ചികുരനികരഃ കർണ്ണപൂരോ മയൂരോ
ഭാസോ ഹാസഃ കവികുലഗുരുഃ കാളിദാസോ വിലാസഃ
ഹർഷോ ഹർഷോ ഹൃദയവസതിഃ പഞ്ചബാണസ്തു ബാണഃ
കേഷാം നൈഷാ കഥയ കവിതാകാമിനീ കൗതുകായ."

ഇങ്ങനെ ഒരു സംസ്കൃതവിദ്വാൻ കവിതാകാമിനിയെ സംസ്കൃതകവികളെക്കൊണ്ടു വർണ്ണിച്ചിട്ടുള്ളതുപോലെ ഒരു മലയാളകവി കവിതാകാമിനിയെ മലയാളകവികളെക്കൊണ്ടു വർണ്ണിക്കാൻ തുടങ്ങിയാൽ ആയാളും കവിതാകാമിനിയുടെ വിലാസമായി വർണ്ണിക്കുന്നതു മലയാളകവികളുടെ ഗണനാപ്രസംഗത്തിൽ കനിഷ്ഠികാധിഷ്ഠിതനായിത്തീരുന്ന സരസകവി കുഞ്ചൻ നമ്പ്യാരെത്തന്നെയായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല.

നമ്പ്യാർ "വായിൽവന്നതു കോതയ്ക്കു പാട്ടു" എന്ന രീതിയിൽ കവിതയെഴുതിയതല്ലെന്നും കവിത എഴുതേണ്ടതു ഇന്ന പ്രകാരത്തിൽ ആണെന്നു് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു എന്നും നമുക്കു അദ്ദേഹത്തിന്റെ എല്ലാ കവിതകളിൽനിന്നും അനുമാനിക്കാവുന്നതു കൂടാതെ

"കോൽത്തേനൊലേണമോരോപദമതിനെ നറുംപാലിൽ നീരെന്നപോലെ
ചേർത്തീടേണം വിശേഷിച്ചുടനതിലൊരലങ്കാരമുണ്ടായ്വരേണം
പേർത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോന്നേണമെന്നിത്ര വന്നേ
തീർത്തീടാവൂ ശിലോകം ശിവശിവ കവിതാരീതി വൈഷമ്യമത്രേ."

എന്നു തന്നത്താൻ പറഞ്ഞിട്ടുള്ളതുകൊണ്ടു തീർച്ചയാക്കാവുന്നതാണു്. സംസ്കൃതകവികളിൽ കാളിദാസനും, ഇംഗ്ലീഷുകവികളിൽ ഷേക്സ്പീയരും ഏതൊരു സ്ഥാനങ്ങൾക്കു അർഹന്മാരാണോ ഭാഷാകവികളിൽ കുഞ്ചൻനമ്പ്യാർ തൽസ്ഥാനാർഹനാണെന്നുള്ളതു നിരാക്ഷേപമാകുന്നു. ഉഭയനപ്രശാന്തയശസ്വിയായ ഇദ്ദേഹത്തിന്റെ കവിതകൾ എന്നെന്നേക്കും, കൈരളീമഹിളയുടെ കണ്ഠത്തിൽ അമൂല്യമായ ഒരു മുക്താഹാരമായി പ്രകാശിക്കുന്നതാണ്. ഇപ്രകാരമുള്ള ഒരു മഹാകവി നമ്മുടെ കേരളഭൂമിയെ അലങ്കരിച്ചതു് നമ്മുടെയും നമ്മുടെ ഭാഷയുടേയും മഹാഭാഗ്യമെന്നുതന്നെ പറയാം. അതിനേക്കാൾ ഒരു മഹാഭാഗ്യമാകുന്നു ആ കവിതാമുക്തങ്ങൾ അങ്ങുമിങ്ങും ചിന്നിച്ചിതറി കളിഞ്ഞും തെളിഞ്ഞും കിടന്നവയെ അതിപ്രയത്നംകൊണ്ടു ചേർത്തു ദ്രവ്യവ്യയംചെയ്തു മിനുക്കി കോർത്തു നമുക്കു നൽകുന്നതിനു ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണകർത്താവായ എസ്. റ്റി. റെഡ്യാരെ നമുക്കു ലഭിച്ചതു്. അതുകൊണ്ടു കവികുലമുഖ്യനായ കുഞ്ചൻനമ്പ്യാരുടെ യശസ്സെന്നപോലെ "വിദ്യാഭിവർദ്ധിനി" മുദ്രാലയത്തിന്റെ പ്രശസ്തിയും കല്പാന്താവധി മുഴങ്ങുമാറാകട്ടെ!!

എന്നു്,

റ്റി. എൻ. നാണുപിള്ള ആശാൻ.

ഓട്ടൻതുള്ളൽ

വിഷയാനുക്രമണിക.

എസ്സ്. റ്റി. റെഡ്യാർ ശേഖരിച്ച കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

തുള്ളൽക്കഥകൾ

ഒന്നാം ഭാഗം

പ്രദോഷമാഹാത്മ്യം

ഓട്ടൻതുള്ളൽ.

അണിമതിശകലവുമംബരനദിയും
ഫണിപതിഫണഗണമണികളുമണിയും
ഗുണഗണനിധിയാം പരമേശ്വരനും
പ്രണയിനി ഭഗവതി പരമേശ്വരിയും
ഗണപതിഭഗവാനാനമുഖനും ബഹു
ഗണപരിപാലിതഹരിഹരസുതനും
പണിയുന്നവരുടെ പാപമൊഴിപ്പാൻ
പണിക്കൂടാതെ കടാക്ഷിച്ചരുളിന
ഫണിപതിശയനനനന്തപുരേശനു-
മന്മതിയാകുമൊരടിയനുവടിവൊ-
ത്തുണചെയ്തരുളുക സുഖമേ പദതളി-
രിണപണിയുന്നേനഹമിഹസതതം.
ധരണീസുരവരമകുടമഹാമണി
കരണീയങ്ങളിലമലമഹാമതി
തരണിസമാനൻ ദുരിതമഹാർണ്ണവ-
തരണത്തിന്നൊരു തരണീഭൃതൻ
കരുണാഗുണഗണവരുണാലയനാം
ഗുരുനാഥൻ മമ വരമരുളേണം.
അരുണാംബുജരുചിതന്തിരുവടിയുടെ
ചരണയുഗം മമ ശരണംശരണം.
ധാത്രിയിലഴകിനകിള്ളിക്കുറിശി-
ക്ഷേത്രംതന്നിൽവിളങ്ങിനദേവൻ
നേത്രം മൂന്നുള്ളൊരു പരദൈവം
ഗാത്രം പാതിപരിഗ്രഹമാക്കി
ഗോത്രം നല്ലൊരുവില്ലുമതാക്കി
ഗോത്രാധിപനെ വാഹനമാക്കി
ഗോത്രാപാലനശീലൻ മന്മതി-
പാത്രംതന്നിൽ വിളങ്ങീടേണം.
മാത്തൂരാലയവാസിനി ഭഗവതി
മനസിജരിപുജനിനന്ദിനിസുന്ദരി
കാത്തരുളീടുക കളരിനിവാസിനി
കളമനോഹരഗാമിനി കാമിനി.
വഞ്ചിമഹീപതിവരകുലശേഖര-
നഞ്ചിതവിമലമഹാഗുണസഞ്ചയ
സഞ്ചിതനാകിനസകലജനേശനു-
മഞ്ചിതധനജനകുലബലശാലീ
പഞ്ചശരോപമമധുരശരീരന-
ചഞ്ചലമാനസനമരസമാനൻ
കിഞ്ചനകനിവരുളീടുകിലടിയനു
നെഞ്ചിനുവെളിവുവിശേഷിച്ചുളവാം.
പഞ്ചായുധരിപുതൻ തിരുനാമം
പഞ്ചാക്ഷരമയമഖിലശിവങ്കര-
മഞ്ചാതനിശമുരുക്കഴിയുന്നവ-
നഞ്ചുമൊരാറും രുദ്രന്മാരുടെ
തിരുവുടലുടെസാരൂപ്യമുടൻവരു-
മുരുതരദുരിതവിനാശനമൂലം.
ഹരശിവശങ്കരഗിരിജാവല്ലഭ!
പുരഹര! പുഷ്പശരാന്തക! ശംഭോ!

ശരണം ഭവ! ഭവഭവശമലംപരി-
ഹരണം ചെയ്തരുളീടിന ഭഗവാൻ
തരണം വരുമടിയന്ന വിരവോട്
വരണം സർവ്വസമീഹിതമതും
ചരണസ്മരണം ചെയ്യുംമനുജനു
മരണഭയം നഹി യമഭയവും നഹി
കരണവിശുദ്ധി ഭവിച്ചു ഭവാംബുധി-
തരണം തരസാ സംഗതികൂട്ടും.
പ്രശമമിയന്ന പ്രദോഷം നോറ്റാൽ
പ്രശമിതമാകുമശേഷം ദുരിതം
ശശധരശേഖരനാകിയഭഗവാ-
നശുഭമശേഷമൊഴിച്ചരുളീടും.
അശനത്തിനുവകയില്ലാത്തവനതി
ഭൃശതരധനധാന്യാദികളുണ്ടാം
വിശദമതാകിനകീർത്തിയുമുണ്ടാം
കൃശദേഹത്തിനു പുഷ്ടിയുമുണ്ടാം
ദാരിദ്ര്യങ്ങളശേഷം നീങ്ങി
പ്പാരിൽ ദ്രവ്യപ്രഭുവായ്വരുവാൻ
മുററുമൊരാഗ്രഹമുണ്ടെന്നാകിൽ
ചെററം മടികൂടാതെ പ്രദോഷം
നോററുതുടങ്ങുക മനുജന്മാർക്കതി-
ഘോരം മറെറാരു ധർമ്മവുമില്ല.
വിനയമിയന്നവിദർഭമഹീപതി
തനയൻതന്നുടെ ചരിതം കേട്ടാൽ
മനുജന്മാർക്ക പ്രദോഷം നോല്പാൻ
മനസികുതൂഹലമുണ്ടാം നിയതം.
കുണ്ഡിനമെന്നുപ്രസിദ്ധമതാം ഭൂ-
മണ്ഡനമാകിയനഗരംതന്നിൽ
വിണ്ണവർപതിയൊടുതുല്യനതാമൊരു
പുണ്യമഹാമതി നൃപനുണ്ടായി.
ചണ്ഡതപെരുകിനവിമതന്മാരുടെ
ഖണ്ഡനവിധികളിലധികവിദഗ്ദ്ധൻ
മണ്ഡലമവനം ചെയ്യുതിനവനാ-
ഖണ്ഡലനേക്കാൾ കൌശലമേറും.
നാടുകൾതോറും നായന്മാരുടെ
വീടുകൾ കണ്ടാലറിയാം നൃപനുടെ
കേടുകൾ കൂടാതുള്ളൊരുസമ്പൽ-
പ്രൌഢികളെല്ലാമധികമനോജ്ഞം.
നാടകമല്ലിതു നരപതിതന്നുടെ
നാടുകളെല്ലാം ബഹുധനധാന്യം
മാടുകൾ മഹിഷികൾ കാളകളും പുന-
രാടുകളെന്നിവയങ്ങുതളപ്പാൻ
കൂട്ടുകൾ പോരാഞ്ഞൊരുവകവളരെ-
ക്കാട്ടുകൾ മേഞ്ഞുനടന്നീടുന്നു
ആട്ടുകളനവധി യുവതിജനത്തിനു-
മാടകളണിയാത്തവരതിതുച്ഛം
പീടികമാളികമണിമാടവുമ-
ങ്ങാടികൾ തെരുവുകൾ പെരുവഴിതോറും
മോടികലർന്നൊരു വേശ്യാസ്ത്രീകടെ
വീടുകളമരപുരത്തിനു സദൃശം.
നാടകമാടുക നടിമാരൊരുദിശി
പാടുക ചാടുക ചന്തംപെരുകിന
ചാട്ടുകൾകൊണ്ടുപുകഴ്ത്തുക നൃപനെ
കോട്ടകളെല്ലാം ശ്രീഭഗവതിവിള-
യാട്ടുകൾകൊണ്ടൊരു കുണ്ഠത വന്നിട-
കൂട്ടുകയില്ലിതുകാരണമർത്ഥം
നേടുകയും ചിലവിടുകയുമതിനൊരു
കേടുകളെങ്ങും കാണ്മാനില്ല
കടമില്ലൊരുവനുമതുകാരണമൊരു
തടവില്ലിവിടെ വസിച്ചുസുഖിപ്പാൻ
കടകാദികളാംകോപ്പുകൾ പട്ടും
പുടവയുമെന്നിവവച്ചാനറകളി-
ലിടമില്ലാഞ്ഞു വിഷാദിക്കുന്നൊരു
മടവാർമണികളുമവരൊടുചന്ത
നടമാടുന്നൊരുപുരുഷന്മാരുമൊ-
രടവുകളിതുപോലെങ്ങാനുണ്ടോ
ദേവബ്രാഹ്മണവിശ്വാസംപുന-
രേവം മറെറാരുനാട്ടിലുമില്ല
ദേവസ്വത്തെ ഹരിപ്പാൻതന്നുടെ
ജീവനതുള്ളന്നാഗ്രഹമില്ല
ശൈവഹരിക്ഷേത്രങ്ങളിലെല്ലാം
നൈവേദ്യത്തിനു പാല്പായസവും
ശീവേലി പൂജ വിളക്കും മാലയു-
മിവകൾ സകലം സമ്പാദിച്ചു
വെൺമകലർന്നമഹാക്ഷേത്രം ബഹു-
വെൺമാടമതാക്കിപ്പണിയിച്ചു
ഉണ്മാൻവകയില്ലാത്തജനത്തിനു
ധർമ്മക്കഞ്ഞികൊടുത്തുതുടങ്ങി
നാട്ടിൽ പലപലദിക്കിൽ പെരുവഴി
യൂട്ടുതുടങ്ങിമുടങ്ങീടാതെ

കെട്ടും ചുമടുമെടുത്തുവരുന്നൊരു
പട്ടന്മാൎക്ക വിശേഷിച്ചുൻപൊൻ
മൃഷ്ടാശനവുംപച്ചടികിച്ചടി
കൂട്ടാനുള്ളവിധങ്ങളനേകം
നറുനൈ ദധിയും പാലും പഴവും
കറിനാലും നാരങ്ങാക്കറിയും.

മട്ടമാറി.

ചൊറിയപപ്പടം വലിയപപ്പടം
കറിയചോറുമക്കറിയുമൽഭുതം!
നിറയെയുണ്ടുകൊണ്ടമലവെങ്കളി-
ത്തായിലേറിയപ്പുരികൾ ഭൂസുര-
പ്പരിഷയൊക്കവേ പെരിയഭോജനവും
വരിഷകാലവുംകുളിരുകാലവും
പുരുഷകാരമപ്പുരിയിലെപ്പൊഴു-
മുരുസുഖം വസിച്ചരുളുമനവരം.

മട്ടമാറി.

ശോഭാസമുദയപൂൎണ്ണസുവൎണ്ണതു-
ലാഭാരാദിമഹാദാനങ്ങളും,
അറുപതുലക്ഷം ഗോദാനങ്ങളു-
മനവരതം ബഹുഭൂദാനങ്ങളു-
മനവധിമണികനകാഭരണാദികൾ
ഘനതരദാനവിശേഷമശേഷം
കനിവൊടു ചെയ്തു വിദൎഭമഹീപതി
ഘനമൊടു വാണിതു കുണ്ഡിനനഗരേ.
പത്തുമൊരെട്ടും കന്യകമാരേ
പാണിഗ്രഹണം ചെയ്തു നരേന്ദ്രൻ
ഉത്തമമാരാമവരൊടുകൂടി-
ത്തത്രസുഖിച്ചു രസിച്ചു വസിച്ചു.
സന്തതിയുണ്ടായില്ലതുകാരണ-
മന്തസ്താപം കിമപി തുടങ്ങി
സന്തതമോരോസൽക്കൎമ്മങ്ങള-
ന്തണരെക്കൊണ്ടാരംഭിച്ചു
അപ്പവു,മടയും, കദളിപ്പഴവും,
പാല്പായസവും, മലർ, അവൽ, തേനും,
നെയ്പായസവും, ഗുളവു, മിളന്നീ,-
രല്ലേതരമാമാജ്യാഹുതിയും,
നെല്ലൊരി, തേങ്ങാ, നല്ലകരിമ്പും,
വെള്ളം, വെള്ളരി, വെററില, പാക്കും,

വല്ലഭമേറിന ഗണപതിഹോമമി-
തെല്ലാംകൂട്ടിക്കൊണ്ടു തുടങ്ങി.
മന്ത്രജപം, ബഹുമുറജപമൊരുദിശി,
തന്ത്രവിധം, ബഹുപുഷ്പാഞ്ജലിയും,
ഭഗവതിസേവയുമെന്നിവ സൎവ്വം
ഭഗവൽപ്രീതിക്കനുഗുണമായി
പലവിധമങ്ങുതുടങ്ങിയസമയേ
ഫലമപി കിഞ്ചന കാൺമാറായി.
ചപലമിഴിമാർപതിനെട്ടുള്ളതിലൊരു
കുലമഹിഷിക്കഥ ഗൎഭമുണ്ടായ്
മുലയിണകണ്ണു കറുത്തുശരീരവു-
മലസതപൂണ്ടു വിളൎത്തു വിളങ്ങി;
ഉരുവയർ വീൎത്തു തുടങ്ങി ഭുജിപ്പാ-
നരുചിയുമങ്ങുതളൎച്ചയുമധികം;
നരപതിവരനുടെ മാനസതാരിൽ
പരിചൊടു മോദവുമാശു വളൎന്നു.
അൻപൊടുഗൎഭിണിയാകിയമഹിഷി-
ക്കൊൻപതുമാസവുമങ്ങു തികഞ്ഞു;
ഗുമ്പവുമന്നു വിദൎഭമഹീപതി
വൻപനുമാശു വളൎന്നുതുടങ്ങി.

മട്ടമാറി.

അക്കാലം സാല്വനെന്നു ചൊൽക്കൊണ്ട-
(ശത്രുഭൂപൻ
വക്കാണത്തിന്നു പട്ടമൊക്കവേ കൂട്ടിക്കൊണ്ടു
തക്കത്തിൽപടകൂട്ടി ചിക്കെന്നുപുറപ്പെട്ടു
ഇക്കാലം വിദൎഭൻെറ ദിക്കുകളെല്ലാമിങ്ങ-
ടക്കണമെന്നുറച്ചുതെക്കുള്ള പുരുഷാര-
മൊക്കെയും വരുത്തിക്കൊണ്ടൊന്നിച്ചു പുറപ്പെട്ടു
എട്ടുദിക്കുകളെല്ലാം പൊട്ടുമാറുള്ളൊരിടി-
വെട്ടുന്നപോലെപടക്കൊട്ടും മുഴക്കിക്കൊണ്ടു
ഒട്ടും ഭയം കൂടാതെ പെട്ടെന്നു നായന്മാൎക്ക
പട്ടം മുട്ടവും നൽകി പെട്ടെന്നു തെളിയിച്ചു
ചട്ടയും തൊപ്പികളും കെട്ടിമുറുക്കിക്കൊണ്ടു
ചട്ടറവില്ലുമമ്പും വട്ടപ്പരിശവാളും
ചട്ടസമെന്നീവണ്ണം വട്ടങ്ങളെല്ലാംകൂട്ടി
പട്ടണംതന്നിൽനിന്നു പാരാതെ നടകൊണ്ടു;
നാട്ടുനഗരങ്ങളും വീടുംകുടികളും പുഴ
തോടും വലിയമലമുട്ടുംകടന്നുപല

കാട്ടുമതിക്രമിച്ചു ചാട്ടംകൂടങ്ങളിട-
ക്കൂട്ടംപെരിയ ചില മാട്ടം പിന്നിട്ടു ചെന്നു
കുണ്ഡിനപുരത്തിന്റെ കൂട്ടവഴിയടക്കെ
കണ്ണം കിടങ്ങും കോരിച്ചുന്നപാളയമിട്ടു
സാല്വൻ സമരഭുവി മല്ലൻ സകലബല-
കല്യൻ കാന്തരവിഴൻ വിജയനൊടു
തുല്യൻ വിഗതഭയ ശല്യൻ വിമലതര
കല്യൻ കുപിതമതി കില്ലം വെടിഞ്ഞു പാ-
വില്ലുംകുലച്ചുതടവില്ലെന്നാർത്തുവെക്കം
ചൊല്ലുന്നതുണ്ടരിയെക്കൊല്ലുന്നതുണ്ടു മമ
തെല്ലും വിവാദമതിനില്ലെന്നു കരുതിക്കൊ-
ണ്ടുല്ലാസത്തോടെമൊഴി ചൊല്ലാനണഞ്ഞു ചെന്നു

മട്ടുമാറി

കോപമിയന്നഥ കുണ്ഡിനപുരിയുടെ
ഗോപുരനികടേ ചെന്നഥ ചാടി,
ചാപമെടുത്തു കുലച്ചു പിടിച്ചുത
ചാപലവാക്കു പറഞ്ഞു തുടങ്ങി: --
"വാടാ! വികൃതവിദർഭമഹീപതി-
ഖേടാ! നിന്നുടെ വികൃതികൾ നമ്മോടു
കൂടാ, കാപുരുഷ! പോരിനൊരല്പം
വാടാത്തവനഹമെന്നു ധരിക്കണം
ആടലിനിക്കിഹ നഹി നഹി, നിന്നുടെ
വാട, കിടങ്ങുകൾ, ആനപ്പന്തികൾ
ഘോടകഭവനം, നാടകഭവനം,
ചേടകഭവനം, പേടകഭവനം,
നടപടവീടുകളെന്നിവ സകലവു-
മിടിപൊടിയാക്കി മുടിപ്പതിനിന്നൊരു
തടവു നമുക്കില്ല, ടവുക, ഉന്നവധി
പടവുകൾ, വഞ്ചികൾ, വള്ളമിതുള്ളവർ
കടവിലടുത്തുകലമ്പിപ്പാട്ടുപൊരടെ
വെടിയുടർന്നുപോലുള്ളിലിരിക്കും
മട്ടമലർമിഴിമാർമറവുള്ളവരും
കിടുകിടെ നിന്നു വിറയ്ക്കുകയുള്ളു;
കടുകൾനാലിനകത്തുള്ളവനി-
ക്കടയവനാകിന സാല്വനിരിക്കെ
കയ്യുമെടുത്തുപിടിപ്പിച്ചങ്ങനെ
നടനം; ചെയ്യു നിനക്കെളുതാമോ?
ഇടയില്ലാത്തൊരു മൂഢൻ നമ്മോടു
പടയിൽതോറ്റുമടങ്ങുന്നേരം
കുടയും തഴയുമെടുത്തൊരുമലയുടെ
മടയിൽ പോട്ടുക താനേവന്നു.
പടയണിനടുവിലൊരടവു പിടിപ്പാൻ
പടുതരിമ്പുമതില്ലാത്തവരുടെ
തടികൊണ്ടൊരുഫലമില്ല, തനിച്ചൊരു
തടിയൻ തിന്നുമുടിപ്പാൻ കൊള്ളാം;
പിടിയാത്തവരുടെഹുംകൃതികണ്ടാ-
ലടിയാത്തവർ വിടുഭോഷന്മാരൊരു
തടിയൊടിയോളവുമടികൂട്ടാനൊരു
മടിയരുതൊരുവനുമെന്നറിയേണം."

മട്ടുമാറി.

കേട്ടില്ലയോ നീ മറുനാട്ടിൽ ദുഷ്പ്രഭുക്കന്മാർ
കാട്ടിയോരപരാധം കേട്ടു ഞാൻ സഹിക്കാഞ്ഞു
നാട്ടിൽനിന്നവരെയങ്ങോട്ടിക്കളഞ്ഞു, നമ്മുടെ
പാട്ടിലാക്കി രാജ്യങ്ങൾ, കാട്ടിലുമങ്ങുമല-
മൂട്ടിലും മരത്തിന്റെ പൊട്ടിലും, നീചരുടെ
വീട്ടിലും പലപലകോട്ടിലും നടന്നോരോ
ഗോഷ്ഠികാട്ടുന്നവൈരിക്കൂട്ടക്കാരങ്ങുമിങ്ങു-
മാട്ടക്കാരെന്നപോലെ ചെട്ടക്കാരുഴലുന്നു;
കാറ്റുംമഴയുംമഞ്ഞുമേറ്റുകൊണ്ടേകാദശി
നോറ്റുള്ളവരെപ്പോലെ ഏറ്റുനടപ്പാൻമേലാ
മാറ്റുള്ളമാലോകരു, മാറ്റിക്കണ്ടോന്മാക്കൊരു
പാറ്റും കൊട്ടുകയില്ലാ, മുറ്റുമിവർകൾക്കെങ്ങും
കൊറ്റുംകിടയാ, പിന്നെ മറ്റുള്ളസംസാരങ്ങൾ
ചെറ്റുംനിരൂപിക്കേണ്ടാ, പാറുന്നില്ലൊരേ
(ടത്തും
ഓർക്കുമ്പോൾ നമ്മോടെത്തി നേർക്കുന്നവൈരി-
ലാക്കും വിരുതുകെട്ടിപ്പാർക്കുന്നജനമില്ലാ, (കളി-
തോക്കുമെടുത്തുപട കേൾക്കുന്നനേരംതന്നേ
തോല്ക്കുന്നവരേയുള്ളൂ നോക്കുന്നതിക്കിലെങ്ങും
തെക്കുംവടക്കുംസഞ്ചരിക്കുംപഥികരോടു
കേൾക്കുമ്പോളറിയാമിനിക്കുള്ള പ്രബന്ധങ്ങൾ
കാട്ടുകോവിലിലെത്തു സംക്രാന്തിയെന്നപോലേ
നാട്ടുപിള്ളർക്കു നമ്മുടെ നാണയംഗ്രഹിക്കാമോ!

മട്ടുമാറി.

എന്തിനനേകം മൊഴി പറയുന്നിതു
ദന്തിരഥാദിധനങ്ങളശേഷവും

ഇപ്പോഴതെങ്കൽക്കയ്യാളിച്ചിഹ
കപ്പംതന്നുപൊറുക്കാമെങ്കിൽ
ഇപ്പടവന്നതുമാററിയയയ്ക്കാം-
മില്ലെപ്പോഴതൊരുകുറി നികൃതി സഹിക്കാം.
അല്ലെന്നാകിലനത്ഥമനേകം
സാല്വമഹീപതി സപദി വരുത്തും.
വില്ലന്മാരിൽ വിദഗ്ദ്ധൻ ഞാൻതട-
വില്ലെങ്ങും തവ നാട്ടുമുടിപ്പാൻ.
ഇത്ഥം മൊഴികൾ വിളിച്ചുപറഞ്ഞാ
നുദ്ധതനാകിന സാല്വനരേന്ദ്രൻ.
ക്രുദ്ധനതായവിദർഭമഹീപതി
യുദ്ധം ചെയ്വതിനാശു മുതിന്നു;
വൻപേറീടിന നായന്മാരഥ
തമ്പോരടി വടിവോടു തുടങ്ങി;
അൻപതുനൂറുസഹസ്രംഭടജന-
മൻപൊടു കുണ്ഡിനപുരിയിൽ നിറഞ്ഞു
വൻപടഹങ്ങളടിച്ചുമുഴക്കി
സംപ്രതി ചടുചടപടരവഘോഷം
കുന്തം, ചവളം, വില്ലും, ശരവും,
ചന്തത്തോക്കുകൾ, ചക്രം, ശൂലം,
ചന്തംപെരുകിനവാള്, കടുത്തില,
തൊന്തിത്തടി, വടി, തോമരജാലം
ഇത്തരമായുധനികരമശേഷം
സത്വരമങ്ങു കരത്തിലെടുത്തഥ
ഉത്തരഗോപുരവാതിൽതുറന്നാപു-
റത്തുപുറപ്പെട്ടാർത്തുവിളിച്ചു
അണിവെടിവച്ചുപടയ്ക്കു തുടന്നിതു
പണിക്കൂടാതെ ഭടജനമുടനേ,
സാല്വനരേന്ദ്രവിദർഭമഹീപതി
സൈന്യഭടന്മാർതങ്ങളിലേററഥ
ജന്യമഹോത്സവമതികോലാഹല-
മവികലകലശലുകൂടിയസമയേ.

മട്ടുമാറി.

പടമല്ലനൊരുത്തനടുത്തു
ചടുവില്ലുകരത്തിലെടുത്തു
ചടുകോപമവന്നുകടുത്തു
പരിചോടടനമ്പുതൊടുത്തു
അഥ പത്തുബാണമൊത്തുവിട്ടു
മറുതല ചത്തുവീണായുധഭൂമി നടുവിലുടൻ
ഒരുവീരനുകണ്ണുകലങ്ങി
തെരുതെരെവെടിവെച്ചുതുടങ്ങി
അരിഭടജനമതിലൊന്നുമടങ്ങി
പരിചൊടുകരമൊന്നുമുടങ്ങി
അവനിഴഞ്ഞുകുഴഞ്ഞുവലഞ്ഞു-
മുലഞ്ഞുമൊരുതരമിഹപോന്നു.
അതുകണ്ടൊരുനായർ ചൊടിച്ചു-
പുതുകള്ളമെടുത്തുകുടിച്ചു
പ്രതിനായകനെച്ചെന്നുപിടിച്ചു
ചതിയാലഥ മൂക്കുകടിച്ചു
മുട്ടിപിടിച്ചുമിടിച്ചുമടിച്ചുമൊടിച്ചു
മൊരുകലശലുകൂട്ടി ചിലർ
വിരവോടുംവെട്ടിമരിച്ചു
ചിലരവശത പൂണ്ടുതിരിച്ചു
ചിലരതു ബത കണ്ടുചിരിച്ചു
ചിലരണികളിലങ്ങു ചരിച്ചു
പലവിധത്തിലടുത്തുകടുത്തുതകർത്തുതിമിർത്തും
രണഘോഷം.

മട്ടുമാറി.

നരവരനാകിയ സാല്വനൃപൻ പൊടു
ശരവരമാരി ചൊരിഞ്ഞുചൊരിഞ്ഞഥ,
തെരുതെരെനിജഭടപടലമശേഷം
പരിമഥനം ചെയ്യുന്നതുകണ്ടുടൻ
അരിശമിയന്നുവിദർഭമഹീശ്വര-
നരിശമനത്തെവരുത്തുവനെന്നിതി
കരുതിയുറച്ചുരഥത്തിലേറി
പരിചൊടുനേർത്തുശരങ്ങളുതിർത്തു:—
“സാല്വകുലാധമ! കുടിലാ നിന്നുടെ
സാഹസമെത്രവിചിത്രമിതോർത്താൽ!
നിർമ്മര്യാദമൊരുത്തൻ വന്നിഹ
നമ്മുടെ രാജ്യമൊടുക്കുവതിന്നായ്
ദുർമ്മാർഗ്ഗങ്ങൾ തുടങ്ങിയതെന്തൊരു
ദുരഹങ്കാരമഹോ! ബത മൂഢാ!
ധർമ്മമിതെന്നുമധർമ്മമിതെന്നും
നിന്മനതാരിൽ വിചാരം നാസ്തി;
അന്യജനങ്ങടെ നാട്ടിൽ ബഹുധന-
ധാന്യസമൃദ്ധികൾ കാണുന്നേരം

തന്നുടെകരളിൽമുഴക്കമസൂയയി-
തിന്നിഹ കാരണമെന്നേ വേണ്ടു;
തന്നേക്കാൾവലുതായിട്ടൊരുവൻ
മന്നിലിരിക്കരുതെന്നൊരുഭാവം
നിന്നുടെമാനമതിലതിശയമോടേ
വന്നുഭവിക്കനിമിത്തംനമ്മൊടു
ജന്യത്തിന്നുമതിന്നുഭവാനിഹ
തന്നത്താനറിയാത്തൊരുദുഷ്ടൻ;
അന്യമഹാജനമിതുകേൾക്കുമ്പോൾ
നിന്നെക്കൊണ്ടു ദൂഷിക്കുമശേഷം:
എന്നതുകൊണ്ടു നമുക്കൊരു ചേതം
വന്നുഭവിപ്പാനില്ലെട സാല്വാ!
വന്നതുവന്നു, ഭവാനെ വണങ്ങി-
ത്തന്നുടെ നാട്ടിലിരിപ്പാനാഗ്രഹ-
മെന്നുള്ളിൽപ്പുനരെള്ളോളവുമിഹ
തോന്നുന്നില്ല, ധരിച്ചീടുകനീ:
അമർചെയ്യുമ്പോളധുനാനിന്നൊടു
സമമായ്നില്പാനെളുതല്ലെങ്കിൽ
സമരേ വെട്ടിമരിച്ചുതിരിച്ചട-
നമരേശന്റെ പുരത്തിലിരിക്കാം.''
ഇത്ഥമുരത്തുവിദർഭനരേന്ദ്രൻ
യുദ്ധവിധങ്ങൾ തുടങ്ങി, മഹാരഥൻ
ഉദ്ധതനാകിയസാല്വന്നമാസ്ത്ര-
ണത്തിനണഞ്ഞുശരങ്ങളുതിർത്തു,
സർപ്പം ദൈവതമാകിനബാണം
സപദി തൊടുത്തഥ സാല്വനരേന്ദ്രൻ,
അപ്പോൾതന്നേ ഗരുഡാസ്ത്രത്തെ
ക്ഷിപ്രമയച്ചുവിദർഭനരേന്ദ്രൻ
പവമാനാസ്ത്രമയച്ചിതു സാല്വൻ
പർവതബാണമയച്ചു വിദർഭൻ
ആഗ്നേയാസ്ത്രമയച്ചിതു സാല്വൻ
അംഭോദാസ്ത്രമയച്ചു വിദർഭൻ!
പുഷ്കരാസ്ത്രമയച്ചിതു സാല്വൻ
പുരഹരബാണമയച്ചു വിദർഭൻ
ആസുരമസ്ത്രമയച്ചിതു സാല്വൻ
അജിതശരംമോചിച്ചു വിദർഭൻ
രാക്ഷസമസ്ത്രമയച്ചിതു സാല്വൻ
രാഘവബാണമയച്ചു വിദർഭൻ
തിമിരാസ്ത്രങ്ങളയച്ചിതു സാല്വൻ
മിഹിരാസ്ത്രങ്ങളയച്ചു വിദർഭൻ
കരിശരമാശുതൊടുത്തിതു സാല്വൻ
ഹരിശരമുഗ്രമയച്ചു വിദർഭൻ
ഇത്തരമസ്ത്രപ്രത്യസ്ത്രങ്ങളു-
തിർത്തുതിമിർത്തൊരുസമരംതന്നിൽ
കുണ്ഡിനനൃപനുടെ വില്ലുംതേരും
ഖണ്ഡിതവാനഥ സാല്വനരേന്ദ്രൻ
ചണ്ഡശരംകൊണ്ടവനീപതിയുടെ
മുണ്ഡവുമാശുമുറിച്ചു തദാനീം;
പ്രാണവിനാശമടുത്തവനിന്നതു
വേണം കാരണമെന്നി[illegible]ളും
ബാണം തന്നുടെ ബലമ[illegible]ന്നറി-
യേണം സർവജനങ്ങളുമിപ്പോൾ
ധീരപ്രകൃതി വിദർഭനരേന്ദ്രൻ
വീരസ്വർഗ്ഗവുമാശു ലഭിച്ചു,
സ്വൈരമതായിസ്സുരതരുണീമണി-
മാരൊടുകൂടിരമിച്ചുവസിച്ചു.

മട്ടുമാറി.

സമരത്തിൽ ജയിച്ചോരു സാല്വനും പടകളും
സാഹസാ പുരത്തിൽകേറി സർവമപഹരിച്ചു,
കനകപ്പൊടിയും, നല്ലകാഞ്ചനകുംഭങ്ങളും,
കനത്തപൊൻപാത്രങ്ങളും, കാതുള്ള വാല്പ്പുകളും
മഹത്തുപരിരാശിചക്രം, മാറ്റേറുംതങ്കങ്ങളും
മഹനീയ രത്നങ്ങളും, മാലാകടകങ്ങളും,
പട്ടും, പുടവകളും, പെട്ടിപെട്ടകങ്ങളും,
കട്ടിലും, മെത്തകളും, കട്ടകം, ചട്ടകങ്ങൾ,
രജതസ്വർണ്ണാദിയാകുംരാജദ്രവ്യങ്ങളെല്ലാം,
രഥസേന കൈക്കലാക്കി രാജേന്ദ്രകിങ്കരന്മാർ,
കൊള്ളയുമിട്ടുകൊട്ടി ഘോഷിച്ചുകുണ്ഡിനത്തി-
ലുള്ളപദാർത്ഥമെല്ലാമൂനംകൂടാതെതന്നെ
കണ്ടെഴുതിച്ചുംകൊണ്ടു കാര്യക്കാരന്മാർക്കും
കണ്ടങ്ങൾപറമ്പുകൾ കരക്കാർക്കും കയ്യാളിച്ചു,
മടിക്കാതെസാല്വഭൂപൻ മാളികമീതിലേറി
മടവാർമണികളോടേമാനിച്ചു വിനോദിച്ചു.
വിദർഭഭൂപാലനായി വിരവോടെതത്രവാണു
വിദഗ്ദ്ധന്മാർക്കെന്നുംപിന്നെ വിഷമം സുഖിച്ചി-
രിപ്പാൻ.

മട്ടുമാറി.

മൃതനായുള്ളവിദർഭാധിപന്റെ
പത്നികളംഗനമാരവരെല്ലാം
കലശലുകൂടിയസമയേ ശിവശിവ!
പലവഴിയോടിക്കാട്ടുകരേറി,
അതിലൊരു ഗർഭിണിയാകിയ സുന്ദരി
പതിയുടെ മരണം കേട്ടുകരഞ്ഞൊരു
ഗതിയില്ലാഞ്ഞു വനത്തിൽ പുക്കട-
നതിപരവശയായ് മെല്ലെ നടന്നാൾ
പത്തുതികഞ്ഞിതു ഗർഭമവൾക്കവി-
പത്തുമതിങ്ങനെ സംഗതിവന്നു,
തത്രവനത്തിലവൾക്കു നടപ്പതി-
നെത്ര മഹാപണിശിവശിവ! കഷ്ടം!
പേററിനടുത്തൊരു നോവുതുടങ്ങി:
ഏററനടപ്പാനരുതാതായി;
മുററമുട്ടത്തൊരുതുണിയല്ലാതെ
മററൊരുവസ്ത്രവുമില്ലകരത്തിൽ;
കാട്ടിൽകൂടെനടന്നുനടന്നൊരു
തോട്ടിന്നരികെച്ചെന്നവൾ പററി;
പെട്ടെന്നവിടെപ്പെററൊരു പുരുഷ-
ക്കുട്ടി പിറന്നു നിലത്തു പതിച്ചു
പിള്ളപിറന്നതുനേരം ജനനി-
ക്കുള്ളമെരിഞ്ഞൊരു ദാഹംമൂലം
വെള്ളംതെല്ലുകുടിക്കണമെന്നവ-
ളുള്ളംതന്നിലുറച്ചു പതുക്കെ,
തോട്ടിലിറങ്ങീജലപാനത്തിനു
പാട്ടിലിരുന്നുതുടർന്നൊരുനേരം,
പോട്ടിലൊളിച്ചുകിടക്കുംമുതല-
ക്കൂട്ടങ്ങളിലൊരുപൊണ്ണൻമുതല
തണ്ണീരങ്ങുകുടിച്ചുതുടങ്ങിയ
പെണ്ണിനെവന്നു പിടിച്ചുവിഴുങ്ങി
പൊണ്ണത്തടിയനുതടിയുംവയറും
വണ്ണംവച്ചുതിരിച്ചുഗമിച്ചു
കണ്ണിണ ചിമ്മിക്കയ്യുംകാലും
മണ്ണിലിഴച്ചുകരഞ്ഞുകിടക്കും
ഉണ്ണി വിശന്നു-തളർന്നു വിരഞ്ഞഥ
ഒണ്ടിക്കുന്നതുദൈവാധീനം;
അന്നേരം പുനരതുവഴിപോവാൻ
വന്നിതുകാചനഭൂസുരപത്നി;
തന്നുടെ പിള്ളയെയെളിയിലെടുത്തുന-
ടന്നുപതുക്കെവരുന്നൊരുവഴിയിൽ,
കാലുകുടഞ്ഞുകരഞ്ഞുകിടക്കും
ബാലനെയവിടെക്കണ്ടൊരുനേരം
ആരുടെകുഞ്ഞിതു? ശിവശിവ! ശിവനേ
കാരണമെന്തിതു വന്നുഭവിപ്പാൻ?
ആരുമൊരാശ്രയമില്ലിവനയ്യോ!
പാരംകാഠിനമിതെന്തൊരുകഷ്ടം!
പിള്ളയെയിങ്ങനെപെററുവെടിഞ്ഞൊരു
തള്ളയ്ക്കെന്തൊരുഭ്രാന്തുപിടിച്ചോ?
പള്ളയിലേതും നാസ്തി മുലപ്പാൽ
തുള്ളികുടിച്ചതുമില്ലകുമാരൻ;
ഇപ്പോൾതന്നെപിറന്നിഹ വീണുവി-
കല്പമതിന്നുതരിമ്പില്ലിവന്റെ
പൊക്കിൾക്കൊടിയുംവീണില്ലിവനെയെ-
ടുക്കരുതോവാ? നെന്തിഹ ദോഷം?
മുലകുടിയെന്നതിൽമുൻപേകുഞ്ഞിനു
കുലസംബന്ധമതില്ലതുനൂനം;
പലരുംകേട്ടാലിതിന്നൊരുകുററം
പറകയുമില്ലെന്നെന്നുടെപക്ഷം.
വിപ്രകുടുംബിനിതന്നുടെമകനേ
ക്ഷിപ്രംതാഴെയിറക്കിയിരുത്തി,
കുഞ്ഞിനെവെക്കമെടുത്തുകുളിപ്പി-
ച്ചാദരവോടേ മുലയുംനല്കി
തത്ര വസിക്കുന്നേരം വന്നാ-
നെത്രയുമുത്തമനൊരു സന്ന്യാസി;
അരുളിച്ചെയ്തിതുദിവ്യയതീശ്വര-
"നരുവയർമണിയാമന്തണർഭാമേ!
നരപതിനന്ദനനേഷ കുമാരൻ
സുരസുസദൃശനിവൻസുകുമാരൻ
സുതനെപ്പെററൊരുസമയംതന്നേ
മുതലപിടിച്ചുമരിച്ചിതുജനനി;
അതുലംഗുണഗണമിവനെവളർത്താ-
ലതുകൊണ്ടേതും ദോഷവുമില്ലാ;
ധാത്രീസുരന്റെ താഴെനില്ക്കും
ക്ഷത്രിയനത്രേ ഭേദമതുള്ളു
ധാത്രീഭാവം പൂണ്ടുവളർക്ക

ധാത്രീപതിസുതനാക്കാനിവോടേ”
എന്നരുൾചെയ്തു ഗമിച്ചു യതീശൻ
നന്ദികലർന്നഥ ഭൂസുരപാ[illegible]
തന്നുടെ മകനെ വലത്തെയെല്ലയിൽ
മന്നവസുതനെയിടത്തെയെല്ലയിൽ
ഇങ്ങനെ പരസമെടുത്തുംകൊണ്ടു പ-
ലങ്ങുനടന്നൊരുദേശംപാറി;
തന്നുടെ മകനെപ്പോറ്റാതിലുടനേ
തന്നുടെ ഭർത്താവാശു മരിച്ചു
എന്നതുമൂലമിരന്നുംകൊണ്ടുന-
ടന്നു ദിനങ്ങൾ കഴിച്ചീടുന്നു;
ആണ്ടതികഞ്ഞു മഹീസുരപുത്രനു
വേണ്ടുംക്രിയകൾ കഴിഞ്ഞതുമില്ലാ
രണ്ടുസുതന്മാരെയുമവൾനീളെ
ക്കൊണ്ടുനടന്നുമിരന്നുഭുജിച്ചും
രണ്ടുവയസ്സുംമൂന്നുവയസ്സും
രണ്ടുകുമാരന്മാർക്കുമതായി;
മണ്ടിനടന്നുതുടങ്ങിപതുക്കെ
കണ്ണീരമ്മയ്ക്കൊട്ടുകുറഞ്ഞു.

മട്ടുമാറി.

ഏകദാ മുദാ ചെന്നു തദാനീ-
മേകചക്രയെന്നുള്ളൊരുദേശേ
ആകുലംവെടിഞ്ഞന്നമിരപ്പാ-
നാകവേനടന്നന്തണപത്നി
ഇമ്പമോടുബഹുഭൂസുരരുള്ളോ-
രമ്പലത്തിലഥ ചെന്നുകരേറി;
അമ്പലവാസികൾ പറഞ്ഞു ശിശുക്കൾ-
ക്കമ്പ്രാന്തിരികൾ ചോറു കൊടുത്തു.
കുന്നിൻമാതിനൊടുകൂടിവസിക്കും
ചന്ദ്രശേഖരനെ വന്ദനചെയ്തു,
മന്ദിരത്തിനഥ മൂന്നു വലംവെ-
ച്ചന്നൊരന്തണഗൃഹത്തിലിരുന്നു;
പിറ്റേന്നാളുഷസി ചെന്നുകുളിച്ചു
മറ്റൊരില്ലമഥ പുക്കു വസിച്ചു;
കൊറ്റുമന്നവിടെനിന്നു ലഭിച്ചു;
മുറ്റുമിങ്ങനെ ദിനങ്ങൾ കഴിച്ചു.

മട്ടുമാറി.

ബ്രാഹ്മണദേശംതന്നിലിവണ്ണം
ബ്രാഹ്മണിയും നിജതനയന്മാരും
ഭിക്ഷയുമേറ്റു ഭുജിച്ചു സുഖിച്ചൊരു
പക്ഷമതങ്ങുകഴിഞ്ഞൊരുശേഷം;
പാണ്ഡിത്യാദിഗുണങ്ങളിണങ്ങിന
ശാണ്ഡില്യാഖ്യനൊരവനിസുരേന്ദ്രൻ,
ജ്യോതിശ്ശാസ്ത്രമശേഷമറിഞ്ഞോൻ
ജാതിശ്രേഷ്ഠതയുള്ളൊരുവിദ്വാൻ,
പാണ്ടുകഴിഞ്ഞതു, മുപരിവരുന്നതു-
മുണ്ടുമനസ്സിലൊരീഷലുമില്ല;
രണ്ടുശിശുക്കടെ ജാതകമൊക്കെ-
ക്കണ്ടുവരുത്തിയറിഞ്ഞു സമസ്തം;
രാവിലൊരുനാൾ ശിവനെത്തൊഴുവാൻ
കോവിലിൽവന്നൊരു വിപ്രാംഗനയേ
ദേവഗൃഹത്തിലകത്തു വിളിച്ചുട-
നേവം കിമപി പറഞ്ഞുതുടങ്ങി:—
“നിന്നുടെ പരമാർത്ഥങ്ങളശേഷവു-
മെന്നുടെ ബുദ്ധിയിലുണ്ടിഹ ഭദ്രേ!
ധന്യനതാകിന നരപതിസുതനും
നിന്നുടെമകനുംപിന്നെ നിനക്കും
ബഹുദാരിദ്ര്യം തീരണമെങ്കിൽ,
ബഹുമാനിക്കണമെന്നുടെ വചനം
അഞ്ചുവയസ്സുവിദർഭകുമാരനു-
മാറുവയസ്സിഹനിന്നുടെമകനും
എന്നൊരുദിവസം തികയുന്നോപുന-
രന്നുതുടങ്ങി ശ്ശിവപൂജാർത്ഥം
തിങ്കളിൽരണ്ടുപ്രദോഷംവരുമതു
നിങ്ങടെമക്കളെനോല്പിക്കേണം,
സന്തതിലാഭംധനലാഭംപുന-
രന്ത്യകാലേശിവസാരൂപ്യം
എന്തൊരുവസ്തുനിനച്ചോരുമാനുഷ-
നെന്തെങ്കിലുമതുസാധിച്ചീടും;
കനിവൊടു തത്ര കറുത്തപ്രദോഷം
ശനിയാഴ്ചയുമൊരുമിച്ചു വരുന്നാൾ
അനുപമഫലമിദമെന്നുതുടങ്ങാൻ
മനുജനു സംഗതി വരുമെന്നാകിൽ,
അതുമല്ലെന്നാൽ വൃശ്ചികമാസം
മുതലായിട്ടു തുടങ്ങിക്കൊൾവിൻ!
അതിനുടെനിയമവുമുരചെയ്യാമഹം.
അതിശയഭക്തി വിശുദ്ധതവേണം

മതികല ചൂടുംശിവനെത്തന്നോടെ-
മതിതളിർതന്നിലുറപ്പിക്കേണം;
മതിമുഖിമാരുടെ കാമ്യയനാളുള്ളു-
മതിദൂരത്തു വെടിഞ്ഞീടേണം,
ഞാറ്റിവസം പുനരഞ്ചുവെളുപ്പി-
ന്നകമേ സുഖമെഴുനേററു കുളിച്ചഥ
വെള്ളപ്പുടവയുടുത്തു ശരീരേ
വെള്ളംകൂട്ടി വിശുദ്ധിവരുത്തിയ-
വെള്ളച്ചാരമെടുത്തു മഹേശ്വര-
നുള്ളോരു പഞ്ചാക്ഷരമന്ത്രത്തെ
ഭക്തിപുരസ്സരമാകുംവണ്ണം
മുക്തിഫലപ്രദമാവർത്തിച്ചഥ
നിടിലംതൊട്ടഥ സന്ധികൾതോറും
വടിവൊടു കുറിയിട്ടാദരവോടേ
രുദ്രാക്ഷങ്ങൾ ശിരസ്സിൽ കണ്ഠേ
വക്ഷസി കർണ്ണേ കരയുഗളേപി ച
ശിക്ഷയിലങ്ങുതനിച്ചുധരിച്ചുശി-
വക്ഷേത്രേ മരുവീടുക വേണം;
പ്രവരബ്രാഹ്മണജാതികൾനൊടു
ശിവപൂജനവിധി വിധിയാംവണ്ണം
സന്ധ്യയടുത്താൽ മൂന്നരനാഴിക
മുൻപേചെന്നു കുളിച്ചുവരേണം,
സന്ധ്യാനടനുടെതിരുനാമങ്ങള-
വന്ധ്യഫലങ്ങൾജപിച്ചീടേണം
ഹോമം, തർപ്പണ, മഭിഷേകം, ശിവ-
നാമംകൊണ്ടഥ പുഷ്പാഞ്ജലിയും,
പാലും തേനും നെയ്യും കരിക്കും
നാലുവിധങ്ങളിലഭിഷേകം, ശുചി
വില്വദലംകൊണ്ടർച്ചനമതുപുന-
രെല്ലാവസ്തുവിലധികവിശേഷം;
അപ്പവു,മടയും,പാല്പായസവും,
ശില്പമതാകിനഗുളപായസവും,
വെള്ളരി, വെററില,മലര,വിൽ,തേങ്ങാ,
വെള്ളവെളെയുള്ളനിവേദ്യവുമിവക
സംഗതിവന്നതുകൊണ്ടിഹനൈവേ-
ദ്യംവിധിപോലേ ചെയ്തീടേണം,
വിപ്രന്മാരെക്കാൽകഴുകിച്ചു ഭു-
ജിപ്പിക്കേണം സംഗതിപോലെ,

ശക്തിക്കൊത്തൊരുദക്ഷിണവേണം
ഭക്തിക്കൊത്തതുപോലെ ഫലിക്കും;
ആരണഭോജനശേഷംകൊണ്ടഥ
പാരണചെയ്തു സമപ്പിക്കേണം
വൈദികവിധിയില്ലാത്തമനുഷ്യൻ
വേദിയരെക്കൊണ്ടതു ചെയ്യിക്കാം:
പ്രാതഃസ്നാനംഭസ്മാലേപം
ജാതികൾനാലിനുമില്ലൊരുഭേദം;
ശിവനാമോച്ചാരണവും പിന്നേ
ശിവഭവനേഷു പ്രദക്ഷിണ,മെന്നിവ
രുദ്രാർച്ചന,മുപവാസവ്രതമിഹ
ശൂദ്രാദികടേ ധർമ്മമിതുചിതം
രുദ്രാക്ഷം പുനരാമെന്നും ചില-
രരുതെന്നും പുനരുരചെയ്യുന്നു;
രുദ്രാക്ഷാവലി ധാരണമെന്നതു
ശൂദ്രന്മാൎക്കൊരു ദൂഷണമല്ലാ
രുദ്രപ്രീതിയവൎക്കു ഭവിപ്പാൻ
ഭദ്രമിതെന്നു മഹാജനപക്ഷം;
ഉണ്ണരുതാരുമൊന്നരുതിദ്ദിന-
മെണ്ണയുമംഗേ തേക്കരുതിങ്ങിഹ
പെണ്ണുങ്ങടെ കഥ ചൊല്ലരുതാരുമി-
വണ്ണമിരുന്നു പ്രദോഷം നോററാൽ
ഇഹലോകങ്ങളിലൈശ്വര്യാദികൾ
ബഹുലാഭം ഫലമെല്ലാവൎക്കും;
പരലോകേശിവസായൂജ്യാമൃത-
പരമാനന്ദം ഫലമതിഭദ്രം.

മട്ടമാറി.

പ്രമോദമുടയൊരുപരമശിവൻ
പ്രദോഷനടവരനഖിലൻവൻ
പ്രമേഹനിരസനനിപുണനവൻ
പ്രസാദമരുളുക മയി ഭഗവാൻ!
ഗിരിമകൾവരനുടെ പടുനടനം
പരിചൊടു പലപലരസ ചടുലം
സുരനരമുനിവരപരിമിളിതം
സുരുചിരകരമിദമതിലളിതം,
ജടിയുടെ ചടചടശബ്ദിതങ്ങളും
മുടിയിലമരധുനീതിരകളിയും

കടകടമകുടഫണിചലനങ്ങളും
കടിതടകരിതുകിൽചലനങ്ങളും
പുരിജടമുടിതന്നിലാവങ്ങളും
ചരിചിലിളകിയൊരാസ്വവങ്ങളും
കരിമുഖനുടെ ഗളരണിതങ്ങളും
പരിജനതതിനുതിഭണിതങ്ങളും
ഹിമഗിരിയുടെ മകൾ പാടുകയും
സുമധുരരവങ്ങളാടുകയും
പ്രമഥനികരമഥ ചാടുകയും
പ്രമദമധികമിടകൂടുകയും
സരസിജഭവനുടെ വേദങ്ങളും
സകലമുനികളുടെവാദങ്ങളും
സരസമരവപടുനാദങ്ങളും
ചരണചലനബഹുഭേദങ്ങളും:

മട്ടമാറി.

ഉത്തരമുത്തരമുത്തമനുത്തമ-
മെത്രവിചിത്രചരിത്രപവിത്രമ-
മിത്രപുരത്രയവൈരിജഗത്രയ
ശുഭകരമത്രഹി സമയേ ഫണിഗണ-
ഫണമണിഘണഘണവിരണിതമനുഗുണ-
ഗുണഗണപരിണതമിഹനടനം
കരുതേ ഗുരുഗുരുപരിഘടനം
പരമാഘാതകപരിതരണം
സരസം സന്തതമിഹ ശരണം.
ഇങ്ങനെയുള്ള പ്രദോഷമാഹാത്മ്യമ-
തെങ്ങനെ ഞാനിഹ വണ്ണിക്കേണ്ടു?
നിങ്ങളിതിന്റെ ഗുണങ്ങളറിഞ്ഞുരു-
ടങ്ങുകസുഖമുപവാസമുദാരം.

മട്ടമാറി.

ധമ്മവിശ്രുതവിദർഭകുമാരൻ
"ധമ്മഗുപ്ത"നിതിപേരിവനുചിതം,
നിന്മകന്നഥ ശുചിവ്രതനെന്നും
നിമ്മലാംഗി! കരുതീടു സുശീലേ!
ഏകചക്രയിലൊരന്തണഗേഹേ
ശോകഹീനമഥ വാണു യഥേഷ്ടം
സുപ്രദോഷമഥ നോററശിവന്റെ
സുപ്രസാദമചിരേണ ലഭിപ്പിൻ!

മട്ടമാറി.

ബ്രാഹ്മണശ്രേഷ്ഠൻതന്റെ വാക്കുകൾകേട്ടനേരം
ബ്രാഹ്മണിക്കുള്ളിൽബഹു സന്തോഷമുളവായി
ബ്രാഹ്മണന്മാരെയെല്ലാം വന്ദിച്ചു പോന്നങ്ങൊരു
ബ്രാഹ്മണഭവനത്തെ പ്രാപിച്ചു വാസംചെയ്തു!
ഭിക്ഷയുമേററുതാനും മക്കളുമൊരുനേരം
ഭക്ഷിച്ചുംകൊണ്ടു രണ്ടു മൂന്നുസംവത്സരങ്ങൾ
ശിക്ഷയിലവിടത്തിൽ വാണിതുമനക്കാമ്പിൽ
തൃക്ഷനെ വഴിപോലെ ചിന്തിച്ചുഭക്തിയോടേ;
ശാണ്ഡില്യബ്രാഹ്മണന്റെ ശാസനമനുഷ്ഠിപ്പാൻ
ഉണ്ണികൾക്കിരുവക്കുമൂനമെന്നിയേ കാലം
സംഭൃതമെന്നറിഞ്ഞു സാധുപ്രദോഷംതന്നിൽ
ശംഭുസേവനമങ്ങാരംഭിച്ചുവിപ്രപത്നി;
മക്കളെപ്പുലർകാലേ കൊണ്ടുപോയ്കുളിപ്പിച്ചു
ചിക്കെന്നു താനുംകൂടെ സ്നാനവുംചെയ്തുവന്നു,
ചൊല്ലെഴുംശിവക്ഷേത്രേ മൂവരും കൂടിച്ചെന്നു
മുക്കണ്ണൻതിരുമുമ്പിൽ കൂപ്പി വെള്ളച്ചാരവും
വെള്ളവുംകൂട്ടിത്തേച്ചു വെള്ളവസ്ത്രവും ധരി-
ച്ചുള്ളത്തിൽ ഭക്തിയോടെ ഉണ്ണികുമാരന്മാരും
ഉഷയെന്ന പേരായുള്ളോരുനിദ്രബ്രാഹ്മണിയും
ഉചിതംപ്രദോഷംനോററു പഞ്ചാക്ഷരമന്ത്രത്തെ
പരിചിൽജപിച്ചുംകൊണ്ടുപരിതാപനാശനനാം
പഞ്ചായുധാന്തകന്റെ പാദയുഗം സ്മരിച്ചും
കൂവളത്തില ചെത്തിക്കുസുമങ്ങൾ കൊണ്ടുവന്നു
മൂവരും പുഷ്പാഞ്ജലിമുടങ്ങാതെചെയ്തുംകൊണ്ടു്
ശാണ്ഡില്യപത്രം നല്ലു ശശിചൂഡൻ പ്രസാദിപ്പാൻ
ശാണ്ഡില്യബ്രാഹ്മണൻ താനരുൾചെയ്തു നമ്മോടെന്നു
ചിന്തിച്ചുകൂവളത്തിന്നിലകൊണ്ടുമാലകെട്ടി
അന്തിക്കു ശിവബിംബേ അണിയിച്ചു കൂപ്പിക്കൊണ്ടു
വെൺതിങ്കൾമൌലിക്ഷേത്രേ വെളിയിൽപ്രദക്ഷിണവും
അന്തിയാവോളം വച്ചുമലസാതെ സേവ ചെയ്തു.

മട്ടമാറി.

കാററും കുളിരുംപനിയും പരിചോടു
പാററും മഴ പുതുമാരികളെല്ലാം

ഏറവംകൊണ്ടവരഞ്ചുവെള്ളപ്പി-
ന്നൊരുപുറപ്പെട്ടുണ്ണികളിരുവരു-
മാററിൽചെന്നു കുളിച്ചൊരുദിനവും
മാററിത്തം പിണയാതെ പ്രദോഷം
നോറവംകൊണ്ടൊരുസംവത്സരമതി-
ലേറാം മാസവുമൊന്നു കഴിഞ്ഞു;
ഒരുദിനമാത്രം ശുചിവ്രതനാകും
ധരണീസുരേന്ദ്രകുമാരൻതാനേ
വിരവൊടു പുഴയിൽ സ്നാനം ചെയ്തഥ
കരമേലേറി വസിക്കുംനേരം
പെരുകിനകാറവും മഴയും മിന്നലു-
മുരുതരമിടിയുമിയന്നൊരുസമയേ
തിരകളടിച്ചു പിളന്നൊരുകരമേ-
ലൊരുവിവരം ബത കാൺമാറായി;
പെട്ടെന്നിളകിയുരുണ്ടുവരുന്നൊരു
കുട്ടകമരികിലണഞ്ഞുപതിച്ചു:
ഒട്ടല്ലിരുപറ മുപ്പറ കനക-
ക്കട്ടകളിട്ടുനിറച്ചൊരുപാത്രം:
എട്ടുവെള്ളപ്പിന്നുമൻപോടധികമി-
രുട്ടുംമഴയുംപുഴയുമിതൊന്നും
കൂട്ടാക്കാതെ കുമാരൻ വിരവൊടു
കുട്ടകമതുപുനരുന്തിത്തള്ളിയു-
രുട്ടിയുരുട്ടിക്കൊണ്ടുതിരിച്ചൊരു
കാട്ടിൽക്കൂടെക്കഥമപി ചെന്നൊരു
കോട്ടിലൊളിച്ചഥ വച്ചു കുളിച്ചു;
പിറേറന്നാളൊരുനേരംതന്നുടെ
പെററമ്മയ്ക്കുവിളിച്ചഥ കാട്ടി,
തെറെറന്നമ്മയുമമ്മകനുടെ മുടി
തൊട്ടുടനധികമനുഗ്രഹമേകി,
കണ്ടിനനൃപതികുമാരകനാമമ
ററുണ്ണിയെ വിരവിൽ വിളിച്ചഥ ജനനി
തണ്ണീർ പൊഴിയും ജലമതിൽ മുഴുകി
ക്കനിവോടവരൊടുമിദമുരചെയ്തു:—
"വിധികാരുണ്യംകൊണ്ടുനമുക്കൊരു
നിധികുംഭം ബത സപദി ലഭിച്ചു
അധികം ധനമതിലധികം കനകമി-
തധിഗതമായതു നമ്മുടെ ഭാഗ്യം:
ഗണിതക്കാരൻ ബ്രാഹ്മണവരനുടെ
ഭണിതം നലമൊടുഫലിതമിദാനീം;
ഫണിപതിഭൂഷണസേവയിൽ വന്നൊരു
ഗുണമിതു ഹന്ത കുമാരന്മാരേ!
അർത്ഥമൊരുത്തനുമേറവരുംപുന-
രർത്ഥമതിങ്ങനെ വീതിക്കേണം
അർത്ഥംമൂലം കലഹമിതെന്നോര-
നർത്ഥം വന്നുഭവിപ്പാനെളുതു
ഒരുതള്ളയ്ക്കുപിറന്നവരെങ്കിലു-
മൊരുകള്ളപ്പണമെന്നതുമൂലം
വിരസതപൂണ്ടവർജ്യേഷ്ഠാനുജന-
മിരുവരുമെന്തൊരുകലശലുകൂട്ടം!
യഷ്ടികൾതമ്മിൽപ്പൂശനകൂട്ടി
ച്ചട്ടികലങ്ങൾ പകുക്കുന്നല്ലോ!
കുട്ടികൾ നിങ്ങൾക്കവ്വണ്ണം വരു
മെന്നിട്ടുപറകല്ല ധരിപ്പിൻ!
പണമെന്നുള്ളതു കയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും
പണവും ഗുണവും കൂടിയിരിപ്പാൻ
പണിയെന്നുള്ളതു ബോധിക്കേണം
പണയംമേടിക്കാതൊരുകാലം
പണവുമൊരുത്തനുനൽകരുതാരും
ഗ്ഗുണവുംവന്നുമുഴുത്തെന്നാകിൽ
ഗുണവും പൂരുഷനില്ലൊരുഭേദം
പട്ടന്മാരൊടു വസ്തുമെടുത്താൽ
പൊട്ടന്മാരിഹ തോല്ക്കയുള്ളു;
എട്ടുപണംമുതലുള്ളതിനവർപതി-
നെട്ടുപണംവിലവച്ചുകൊടുക്കും;
അവരൊടുചെന്നുകടംകൊണ്ടെങ്കിൽ
ഭവനംകൂടെനശിപ്പാറാകും;
പത്തിനുകാലുകൊടുക്കണമപ്പോൾ
പത്തിനു രണ്ടര പലിശയുമായി;
വീട്ടുവതിന്നു തരംകൂട്ടാഞ്ഞാൽ
വീട്ടിൽകേറിപ്പാടുകിടക്കും
നിങ്ങൾക്കങ്ങനെ കേടുകൾവരു-
മെന്നതു നിരുപിച്ചല്ലപറഞ്ഞു-
അംഗനമാരുടെ സംസാരത്തിനു
സംഗതി ചേരണമെന്നില്ലല്ലോ.

മട്ടുമാറി.

അമ്മതൻമൊഴികൾകേട്ടുകുമാരൻ
ധർമ്മപുത്രനരചെയ്തിതു മന്ദം.

ഞാനെന്നുടയ ചേട്ടനമേക-
പ്രാണനെന്നു ധരിച്ചുരുളന്നം
രണ്ടുഗാത്രമതൊന്നുമിദാനീം
ഉണ്ടുഭേദമതുകൊണ്ടു കിമമ്മേ?
നാഗ്രജന്റെ ധനമിങ്ങുമദീയം
വ്യഗ്രമില്ലതിനു ചേതസി കിഞ്ചിൽ
പാതിപാതി വിഭജിച്ചതുകൊണ്ടി-
ങ്ങേതുമില്ല ഫലമെന്നറിയേണം;
രണ്ടുപേരുമതിയങ്ങളിഹശ്രീ-
കണ്ഠസേവ സമമേവ തുടങ്ങി;
ശങ്കരന്റെ മനതാരിലിദാനീം
എങ്കിലില്ലക നിവെന്നുവരാമോ?
എങ്കിലസ്തു ഗുരുവിപ്രനിയോഗം
ഖംഡിയാതെ ശിവമേവ ഭജേഹം.
ഇപ്രദോഷദിവസങ്ങളിലെല്ലാ-
മിപ്രകാരമിനിയും പലകാലം
ഊണുറക്കവുമിളച്ചു നിതാന്തം
സ്ഥാണുദേവചരണാബ്ജമുപാസേ.

മട്ടുമാറി.

ഇത്ഥം വൃതമൊരിരുപത്താറും
പത്തുമൊരെട്ടും മാസം മുഴുവൻ
ഇത്ര വസിച്ചു പ്രദോഷം നോറ്റ
ക്ഷത്രിയസുതനും ബ്രാഹ്മണസുതനും
താരുണ്യവുമൊരു ലാവണ്യവുമതി-
കാരുണ്യവുമധരാരുണ്യവുമൊരു
ചാതുര്യവുമൊരു മാധുര്യവുമൊരു
വൈദുഷ്യവുമൊരു വൈദഗ്ദ്ധ്യവുമൊരു
സൌഭാഗ്യവുമൊരു സൌശീല്യവുമൊരു
സൌന്ദര്യവുമൊരുസൌജന്യവുമിതി
സർവ്വഗുണങ്ങളവർക്കതെളിഞ്ഞിതു
വ്യൃത പെരുകിന രാജകുമാരനു
യൌവനസമുദയസമയേ നല്ലൊരു
ദിവ്യവധൂപാണിഗ്രഹണത്തിനു
സംഗതികൂട്ടണമെന്നു തദാ പുന-
രംഗജവൈരിക്കുള്ളിലുറച്ചു:
അങ്ങനെ ഭഗവൽ പ്രേരണകൊണ്ടവ-
രങ്ങൊരുവനഭുവി ചെന്നു കളിപ്പാൻ
ഉഷസി കുളിച്ചഥ ശിവനെത്തൊഴുതുട
നന്ദനയോടു യാത്ര പറഞ്ഞു നടന്നു;
വിമലവസന്തവിഭൂഷിതമാകിന
വിപിനേ ചെന്നു വസിച്ചു രസിച്ചു.

മട്ടുമാറി.

പൂത്തുമലർകുലമൊക്കെ വിരിഞ്ഞു-
മധുരസമയമാരി ചൊരിഞ്ഞു
മധുകരനികരങ്ങൾ വിരിഞ്ഞു
മണമുടയസുമങ്ങൾ തിരിഞ്ഞു
മുട്ടമദകളമിളദളിഗളതലകൾകള-
മിളകിനകിളികളുമവിടെ നിറഞ്ഞു
നവകുരവകവല്ലികൾ പൂത്തു
കുവമൊഴികളുമാശു തെഴുത്തു.
ചെറുതരദലപുഷ്പമിതർത്തു
നവമലർമണമൊന്നു മുതിർത്തു
വനതടമതിലുടയൊരുപട്ടതരുപടലികളുടെ
മട്ടമലർ കുലമുടമപൊരുത്തു.
മലകാറ്റുകളൊന്നു പകർന്നു
കലമാനുകളോടി നടന്നു
പുലി പന്നികളൊന്നു നിവർന്നു
കലികാലവിലാസമുയർന്നു
മദമിയലും മുയലും മയിലും കുയിലും
മലകളിലൊരുകളിവെളിവിലിയന്നു
കുളിർമതിയുമുദിച്ചു വിളങ്ങി
കളമൊഴികടെ കേളിതുടങ്ങി
തളവളകളുമാശുകിലുങ്ങി
തടമുലകളുമൊന്നുകുലുങ്ങി
ചിറർകളിച്ചു പുളച്ചു വിളിച്ചു
തെളിച്ചുമൊളിച്ചുമധികരസം.

മട്ടുമാറി.

കുന്ദകരണ്ഡക പൂതമശോകം
കുന്തളകുരവകമരുവകനാകം
ചന്ദനതിന്ദുകവൃന്ദവുമെന്നിവ
സുന്ദരതരുവരനികരമശേഷം
ചന്ദനശിശിരസമീരണകലിത
സ്യന്ദനാഘനതരപരിമളമിളിതം
സുന്ദരിമാരും പുരുഷന്മാരും
കുന്ദശരന്റെ ശരങ്ങൾ നിറച്ചും
മന്ദവിലാസവിശേഷമുറച്ചും
നന്ദിതകലഹരസങ്ങൾ മറച്ചും

നന്ദികലൻ നമിച്ചു രസിച്ചു
ലസിച്ചുരസിച്ചു ഹസിച്ചു വസിച്ചു.
തണ്ടാർമണമതു തെണ്ടിപ്പലദിശി
മണ്ടിപ്പുതുമധുവുണ്ടുമുരണ്ടവി-
രണ്ടുപറക്കുംവണ്ടുകളേറ്റു
കണ്ണസ്ഫുടകളകളഘോഷം
കൊണ്ടുമുഴങ്ങിനകോലാഹലമതു
കൊണ്ടുമനോജ്ഞവസന്താരംഭേ
''ദ്രമിളാ''ഹ്വയഗന്ധർവ്വാധിപന്റെ
മകളാ''മംശുമതീ''തികുമാരി
കമലാമലമുഖി സഖികളുമായി
ബകുളാദികകുസുമങ്ങളിറുപ്പാൻ
തരളാപാംഗികളിച്ചു ചിരിച്ചു
വിരളാരാമവനങ്ങളിലതിരുചി
തരളാമോദഭരേണ നടന്നിതു
സരളാമൃതരുചിരുചിരശരീരാ
ന്ത്യളികുലങ്ങളെലാളിച്ചും പല
കേളിവിധങ്ങളിൽ മേളിച്ചും വന-
പാളികൾ കണ്ടു വിനോദിച്ചും തര-
ളാളിരവങ്ങളിൽ മോദിച്ചും കുസു-
മങ്ങടെപേരുകൾ ചോദിച്ചും ചില
സംഗതികൊണ്ടവർ വാദിച്ചും മലർ
ചൂടുകയും ചിലർ പാടുകയും ചില-
രാടുകയും ചിലരോടുകയും ചിലർ
ചാടുകയും മലർ തേടുകയും നട-
മാടുകയും മരുവീടുകയും ചിലർ
ചന്തമോടുപന്തുമാടുമൊരുവക
ചിന്തുപാട്ടുമെന്തുകേട്ടവർക്കിഹ
സന്തതമിങ്ങനെ സരസവനങ്ങളി
ലന്തികസീമനി കളിയാടുന്നൊരു
ചന്തണിമുലയാളാകിനനല്ലൊരു
ഗന്ധർവ്വാധിപകന്യകതന്റെ
ബന്ധുരമാകിനരൂപവുമുരുമദ-
സിന്ധുരമന്ഥരഗമനവുമഭിനവ
ബന്ധൂകാരുണമധരവുമിന്ദുസു-
ബന്ധുഭ്രുതമുഖാംബുജഭംഗിയും
ഇങ്ങനെകണ്ടൊരു നൃപതികുമാരനു
തിങ്ങിനകൗതുകമുള്ളിലുറച്ചുട-
നങ്ഗജശരശതമേറ്റുമനസ്സുമ-
യങ്ങിദ്വിജസുതനോടരുൾചെയ്തു.

മട്ടുമാറി.

''കണ്ടാലുമഗ്രേ നല്ലൊരു വണ്ടാർകുഴലിമണി
കണ്ടാലാനന്ദം കൂട്ടുന്ന തണ്ടാർവിശിഖസ്ത്രീയു
രണ്ടാംജനനമിതു കൊണ്ടാടിപ്രസാദിച്ചു (ടെ
കൊണ്ടാലും ഭൂമിദേവ! പണ്ടെങ്കിലിവളെപ്പോ-
ലുണ്ടായില്ലൊരുപെണ്ണും. വേണ്ടാ സന്ദേഹമേതും
കണ്ടിവാർകുഴലിയേ കണ്ടില്ലായെങ്കിലെന്റെ
രണ്ടുനയനങ്ങളേ കൊണ്ടില്ലാഫലമേതും,
തൊണ്ടിപ്പഴത്തെത്തല്ലി മണ്ടിപ്പാൻ വിരുതുള്ള
ചുണ്ടിന്റെ ചുകപ്പു നീ കണ്ടില്ലയോ കുമാരാ!
മല്ലീവിശിഖന്റെ വില്ലിൻവിലാസത്തേയും
തല്ലിയോടിക്കുന്നൊരു ചില്ലീയുഗവും നല്ല-
മുല്ലപ്പൂമൊട്ടിനുള്ളോരുല്ലാസംകലരുന്നൊരു
പല്ലും നിനച്ചാലെന്നേ കൊല്ലുമിക്കാമദേവൻ
പങ്കജമൊട്ടിനോടങ്കംപിടിപ്പാനൊരു-
ശങ്കകൂടാതുള്ളൊരു കൊങ്കയുഗവുംകാൺകിൽ
ലോകാഭിരാമാവദനാകാരം കാണുന്നേരം
രാകാചന്ദ്രങ്കലുമൊരാകാംക്ഷയില്ലാതാകും;
കല്ലോലത്തിന്റെ നല്ല ഹല്ലോഹലത്തെച്ചെന്നു
വെല്ലുംകടാക്ഷമിഴിത്തെല്ലും കണ്ടാലുമിന്നു
തെല്ലുംമടികൂടാതെ ചൊല്ലുന്നതുണ്ടു ഞാനും
ചൊല്ലുന്നതുണ്ടുമോഹമെല്ലാമിപ്പെണ്ണിനോടു്
കല്യാണം കഴിഞ്ഞില്ലാ കല്യാണിക്കെങ്കിൽ,
തടവില്ലാനമുക്കിവളേ വല്ലഭയാക്കീടുവാൻ.

മട്ടുമാറി.

ഭാവികലമക്കഥ കേട്ടൊരുനേരം
ചെവിയും പൊത്തിദ്വിജനരുൾചെയ്തു:—
''ശിവ ശിവ! കഷ്ടമിതെന്തൊരുമോഹം?
തവഹൃദി സംപ്രതി കഥയ! സഖേ! മേ
ശിവഭജനത്തിനു ഭംഗംവരുവതി-
നവകാശംവരുമിത്തൊഴിൽമൂലം
സവിശദഹൃദയ നിനക്കെന്തിപ്പോൾ
ഭാവിനയമിങ്ങനെ വരുവാൻ ബന്ധം?
ചഞ്ചലലോചനമാരുടെകള്ള-
പ്പുഞ്ചിരികണ്ടുകൊതിക്കും നിന്നുടെ

നെഞ്ചിലൊരെരിപൊരിവള്ളലന്തരം
വഞ്ചിതനായ്‌വരുമെന്നറിക നീ;
പണമുള്ളവനെ പെണ്ണിനു വേണ്ടൂ
ഗുണമുള്ളവനിലൊരാദരവില്ലാ;
പണവുംകൊണ്ടിഹ ചെല്ലാത്തവനും
ഗുണവുമവൾക്കൊരു ഭേദവുമില്ല
ധനവാനെങ്കിലകത്തു കരേറി-
പ്പനിനീർകൊണ്ടവൾ കാൽകഴുകിക്കും:
കനിവൊടു വെറ്റതെറുത്തു കൊടുക്കും
കനമൊടുമെത്തകരേറിയിരുത്തും,
ധനമൊപ്പരവുംവാങ്ങീട്ടവനെ
കനമില്ലാത്തൊരു പഞ്ഞികണക്കേ
മനസാ, വാചാ നോക്കുകയില്ലവൾ
മനമൊരുകല്ലുകണക്കു കഠോരം;
ചതിയായുള്ള പണങ്ങൾ പിടുങ്ങി
പതിയെന്നുള്ളൊരു കൃപകൂടാതെ
കൊതിയനെയങ്ങു പുറത്തുകിടത്തും
കൊഴുകിന്നതിന്മാൻ വകയുണ്ടാക്കും
എഴുപത്തെണ്പതുവയസ്സായുള്ളൊരു
കിഴവനുകൈയിൽ പണമുണ്ടെങ്കിൽ
അഴകിയസുന്ദരനായിട്ടവളെ
തഴുകിപ്പോരാൻ തടവില്ലൊട്ടും;
വടിയും കുത്തി നരച്ചു ജരച്ചു
കൊരച്ചുവരുന്നൊരു കിഴവച്ചാരുടെ
മടിയിൽപണമുണ്ടെന്നാലായവൾ
മടിയാതവനെ കെട്ടിപ്പുണരും;
ചിലവിടുവാൻ തടവില്ലാത്തവരുടെ
കുലമെന്തെന്നുവിചാരവുമില്ലാ
ചലമിഴിമാരുടെ ശീലമിതിങ്ങനെ
പലരുംചൊല്ലിക്കേട്ടറിയുന്നു."

മട്ടുമാറി.

കുരുടനെങ്കിലും ജരഠനെങ്കിലും
നരയനെങ്കിലും ജടയനെങ്കിലും
കുടിയനെങ്കിലും കുടിലനെങ്കിലും
മുടിയനെങ്കിലും തടിയനെങ്കിലും
കള്ളനെങ്കിലും കാടനെങ്കിലും
മുള്ളനെങ്കിലും മൂഢനെങ്കിലും
ചട്ടിയെങ്കിലും കുഷ്ഠിയെങ്കിലും
യഷ്ടിയെങ്കിലും വിദ്വേഷിയെങ്കിലും
വിരസനെങ്കിലും സരസനെങ്കിലും
വികൃതിയെങ്കിലും വിരുതനെങ്കിലും
വിമുഖനെങ്കിലും സുമുഖനെങ്കിലും
വിമതനെങ്കിലും സുമതനെങ്കിലും
ചോരനെങ്കിലും ചപലനെങ്കിലും
ക്രൂരനെങ്കിലും കുപിതനെങ്കിലും
രണ്ടുനാലുപണമുണ്ടവന്റെ കുറി-
മുണ്ടിലെന്നതവർ കണ്ടുപോകിലിഹ
മണ്ടിവന്നവനു വേണ്ടുമാഗ്രഹ-
മറിഞ്ഞു ചെയ്യുതിനു സംശയമില്ല.

മട്ടുമാറി.

ഗണികാജാതിക്കൊരുവനിലൊരു കൃപ
കണികാണ്മാനില്ലെന്നുടെ സഹജ!
ഗുണിയാകിന നീ തരുണീമണികളി-
ലണയാഞ്ഞെങ്കിലതെങ്ങടെ ഭാഗ്യം.
തുണിയും കിട്ടണമഷ്ടിലഭിക്കണ-
മണിയും മണിഭൂഷണവും കിട്ടണ-
മിങ്ങനെയുള്ള ദുരാഗ്രഹമല്ലാ-
തംഗനമാക്കൊരു നേരവുമില്ല
കളമൊഴിയെന്നും കാമിനിയെന്നും,
കളഭമനോഹരഗാമിനിയെന്നും;
സുവദനയെന്നും, സുന്ദരിയെന്നും
കുവലയവിപുലവിലോചനയെന്നും;
വരതനുവെന്നും, വല്ലഭയെന്നും,
വരകരികുംഭപയോധരയെന്നും;
മതിമുഖിയെന്നും, മാനിനിയെന്നും,
മധുരാമൃതസദൃശാധരിയെന്നും
വസ്തുവിചാരമതില്ലാപ്പുരുഷക-
ളിസ്തുതിചെയ്തു വസിച്ചീടുന്നു.
മൂത്രം മലവും ചലവുമതിന്നൊരു
പാത്രം, പരമിഹ സുന്ദരിമാരുടെ
ഗാത്രം, ശിവ ശിവ! ചിന്തിച്ചാലതു
മാത്ര, മിനിക്കൊരു കൌതുകമില്ലാ,
നേത്രങ്ങളിലേപ്പീളയുമവരുടെ
വക്ത്രങ്ങളിലേ ദുർഗ്ഗന്ധങ്ങളും
അത്രയുമല്ല വിയർത്തുശരീരമ-
തെത്രയുമങ്ങിനെ വിളുവിളെ വഷളം വഷളം

കക്ഷങ്ങളിൽനിന്നൊഴുകും ജലമൊരു
ലക്ഷത്തിൽപ്പുറമീച്ചകളാർത്തും
പക്ഷമിതൊക്കെനിനക്കെന്നാകിലൊ-
രക്ഷരമുരിയാടുകയില്ലിനി ഞാൻ
ഞാനുനടന്നുമിരന്നും ഗതിയൊരു
വസ്ത്രംപോലുമുടുപ്പാനില്ലാ
അത്രദരിദ്രതയുള്ളവനിന്നക-
ളത്രംവച്ചു പുലർത്താൻ മോഹം!
ശാത്രുബലിക്കറിയില്ലാത്തവനി-
ച്ചാത്തത്തിന്നതിമോഹം പാരം
താനുണ്ണാത്തൊരുദേവർ വരത്തേ
ദാനംചെയ്യാനെളുതായ്വരുമോ?
ഞാനിങ്ങനെ ചില ശാതപറഞ്ഞു
മാനിച്ചെങ്കിലതങ്ങനെ കൊള്ളാം;
മാനിനിമാരിൽ വലഞ്ഞൊരു പുരുഷനു
ഹാനികൾ പലവക വന്നുഭവിക്കും
മാനക്ഷയവും ദ്രവ്യക്ഷയവും
സ്ഥാനക്ഷയവും ദേഹക്ഷയവും
ധർമ്മക്ഷയവും കർമ്മക്ഷയവും
ധൈര്യക്ഷയവും കാര്യക്ഷയവും
തർക്കവ്യാകരണാദി പഠിച്ചതു-
മൊക്കെമറന്നുമലർന്നുകിടക്കും;
കയ്യിൽപ്പണമില്ലാതെ വരുമ്പോൾ
കടവുംവന്നഥ തലയിൽകേറും;
പൊക്കംപിന്നെ സ്ത്രീജനസംഗം
പൊക്കണമൊന്നിഹ തോളിലുമേറും;
ചെക്കനുമില്ലൊരു പട്ടരുമില്ലവ-
നൊക്കെത്തക്കനടക്കുമകീർത്തി;
ദുഃഖം ദുഷ്പ്രഭുസേവതുടങ്ങി-
പ്പക്കംതിന്നു കിടക്കാംപക്ഷേ:
പണ്ടൊരുഭൂസുരനില്ലത്തുള്ളൊരു
പണ്ടമശേഷം വിററുമുടിച്ചും
കണ്ടജനത്തൊടിരന്നു ലഭിച്ചൊരു
മുണ്ടുമുടുത്തൊരു കുടയും ചൂടി
പ്പെരുവഴിയൂട്ടിൽ ചെന്നുസ്ഥലം വ-
ച്ചൊരുനേരത്തവനഷ്ടികഴിക്കും
കടയിൽച്ചെന്നു പുകലയിരന്നൊരു
കടയിൽത്തിരുകിക്കൊണ്ടു നടക്കും;

ഇടയിലൊരിക്കൽ പരദേവതയുടെ
നടയിൽച്ചെന്നു വണങ്ങിപ്പോരും,
ശിവശർമ്മാവെന്നവനുടെ നാമം
ശിവപൂജയ്ക്കു മുടക്കവുമില്ലാ,
ഇരുപത്തഞ്ചുവയസ്സുമതായി
പരിചൊടുവേദവുമൊക്കെ മുഖസ്ഥം.
“ധനമുണ്ടാവാനെന്തൊരു കർമ്മം
മനസാ, വാചാ ചെയ്യേണ്ടു ഞാൻ”
എന്നൊരുകണിയാനോടൊരു ദിവസം
ചെന്നുപതുക്കെ ക്ലേശിച്ചപ്പോൾ
ജാതകമൊക്കെവരുത്തിക്കണിയാൻ
പാതകമൊഴിവാൻ പ്രശ്നംവച്ചു,
“ദ്രവ്യമിതൊക്കെ നശിപ്പാനിന്നൊരു
ചൊവ്വാദോഷം കാണ്മാനുണ്ട്
കണ്ടൻകാവിൽ ഭഗവതിനിങ്ങടെ
പണ്ടേയുള്ളൊരു പരദൈവമതു
കൊണ്ടുവിചാരിച്ചപ്പോളടിയൻ
കണ്ടുവിരോധമതവിടെത്തന്നേ
യവിടെച്ചെന്നഥ നിങ്ങൾ ഭജിച്ചാൽ
അനവധിധനമുണ്ടായ്വരുമുടനേ”
എന്നതുകേട്ടഥ കണ്ടൻകാവിൽ
ചെന്നുഭജിച്ചു മഹീസുരനങ്ങൊരു-
തിങ്ങൾമുടങ്ങാതർച്ചനചെയ്തു ഗു-
ണങ്ങൾപണങ്ങളുമുണ്ടായ്വരുവാൻ;
മുപ്പത്തൊന്നാംദിവസം രാത്രിയി-
ലൽഭുതമാകിനസ്വപ്നംകണ്ടു;
കെല്പൊടുവന്നൊരു സുന്ദരിതാനൊരു
ചെപ്പുംനല്ലചെരിപ്പുംനൽകി.
ഇച്ഛിക്കുന്നപദാർത്ഥമശേഷവു-
മച്ചെപ്പിൽ പുനരുണ്ടാമുടനേ
നിരുപമമായചെരുപ്പുകൾപോട്ടാൽ
നിരുപിക്കുന്നൊരു ദിക്കിൽചെല്ലും
ചെപ്പുമെടുത്തുചെരിപ്പുമെടുത്തവ-
നപ്പോൾത്തന്നെ നടന്നുപതുക്കെ
തൃക്കാവിൽ ചെന്നപ്പോളൊരുവഴി-
പോക്കൻ ബ്രാഹ്മണനവിടേക്കെത്തി;
ശിവശർമ്മാവഥ ചോദിച്ചു“തവ
ഭവനം കുത്ര ധരിത്രീദേവാ”?

"നമ്മുടെ ഭവനം കാശിക്കപ്പുറ-
മംബരനദിയുടെ തടകോടരമേൽ"
"കണ്ടാൽനല്ലൊരു വേശ്യാസ്ത്രീജന-
മുണ്ടോ വിപ്രാ! തന്നുടെദിക്കിൽ?"
"ഉണ്ണി ഉണിച്ചിരിയെന്നൊരുപെണ്ണു-
ണ്ടലകിലവൾക്കെതിരില്ലൊരുപെണ്ണും
തലമുടികാതും കണ്ണുംമൂക്കും
മുലയിണ തുടയിണകൊടിനടുവെന്നിവ
സകലാവുമെത്രമനോഹരമവളുടെ
ശകലവുമില്ലിവ ദമയന്തിക്കും"
"ഇത്രശമിച്ചുടനവളെ നമുക്കുക-
ളത്രമതാക്കാൻ സംഗതിവരുമോ!"
"സംഗതിവരുമവൾതിങ്ങൾ നടന്നാ-
ലങ്ങവൾ വീട്ടിന്നരികെച്ചെല്ലാം;"
"ഞാങ്ങിനെയല്ലിന്നന്തിക്കവിടെ-
ച്ചെന്നങ്ങവളെക്കണ്ടേപോവൂ"
"ഭ്രാന്തുതനിക്കുകുറഞ്ഞൊന്നുണ്ടോ?"
"ഭ്രാന്തല്ലിതു പരമാർത്ഥംതന്നെ;
ഒത്താഴത്തിനു തന്നുടെയില്ല-
ത്തെത്താനതിനൊരു സംശയമില്ല.
എന്നുടെ മെതിയടിരണ്ടുണ്ടായതി-
ലൊന്നുതനിക്കും മറ്റേതനിക്കും
കാലേലിട്ടുനിരൂപിച്ചെന്നാൽ
ചാലേകാശിക്കപ്പുറമെത്താം"
എന്നുപറഞ്ഞു ചെരിപ്പുംകെട്ടി
ചെപ്പുമെടുത്തഥ ശിവശർമ്മാവും
പെരുവഴിപോക്കദ്വിജനുംകൂടി;
ത്തരസാ കാശിക്കപ്പുറമെത്തി
ആദ്വിജവരനുടെ ഇല്ലംപുക്കട-
നത്താഴംവഴിപോലെ ഭുജിച്ചവ-
രുണ്ണിയുണിച്ചിരി തന്നുടെവീട്ടിൽ
തിണ്ണപ്പുറമതിലേറിവസിച്ചു
വാർത്തപറഞ്ഞുടനവളൊടുകൂടി
ച്ചേർന്നുമുദാ ശിവശർമ്മദ്വിജനെ
നല്ലസമർത്ഥൻ പഥികദ്വിജനൊരു
തെല്ലുംമടിയല്ലീവക ചെയ്വാൻ
ചെപ്പുചെരിപ്പുമൊളിച്ചഥ വച്ചുട-
നെപ്പൊഴുമവളൊടുകൂടി വസിച്ചു;

കോപ്പുകൾതീർത്തുകൊടുത്തിതു പലവക
വാൽപ്പുകൾ ചെമ്പുകളുരുളികൾ കിണ്ടിക-
ളനവധി സമ്പത്തവളുടെ വീട്ടിൽ
ധനപതിവിപ്രൻ സമ്പാദിച്ചു;
അവളുടെ തള്ളക്കിഴവിയൊരുനാ-
ളവളൊടുവേറെവിളിച്ചു പറഞ്ഞു;
"മകളേ നിന്നുടെ വിപ്രൻമൂലം
മറ്റുള്ളാളുകളൊക്കെ മറന്നു;
പാരം കഷ്ടമൊരാപത്തിലുമുപ-
കാരംചെയ്വാനൊരുവരുമില്ലാ
അതിധനവാനിവനെങ്കിലുമേകൻ
മതിയാമോതവ വീട്ടുപുലർത്താൻ?
തോട്ടം പുഴയും മഴയും വന്നിട-
ക്കൂട്ടുകൾകൊണ്ടിക്കടൽ നിറയുന്നോ
എന്നാകണക്കിനു പലരും പലവക
തന്നുകൊണ്ടേ വീടുതഴക്കൂ;
നിങ്ങടെ നമ്പൂരിക്കു പണംവര-
വെങ്ങനെയെന്നു ഗ്രഹിച്ചോ നീ?
ഓത്തം മാസം ശാന്തിപ്രതിഗ്രഹ
മിത്യാദികളിൽ സംഖ്യയുമില്ലാ,
എങ്ങാനും പലിശപ്പണമതുമി-
ച്ചങ്ങാരുക്കിഴവരുവാനില്ല,
വെറ്റില പുകയില വളരെക്കാണാം
കോറിനുമെങ്ങും കുറവുമതില്ലാ,
പത്തുംനൂറും വിപ്രന്മാർക്കിഹ
നിത്യംചോറു കൊടുത്തിടുന്നു;
മധുരക്കറിയും പാൽപായസവും
മതിയാവോളം കോരിച്ചൊരിയും
ഇങ്ങനെനിത്യം ചെലവിടുവാൻവക-
യെങ്ങനെയങ്ങേരുണ്ടാകുന്നു?
ഏതാനും ചില വിദ്യകളുണ്ടതു
നീതാനെന്നുമറിയുന്നില്ലാ
എന്നാലവകളശേഷതയാൽ
നന്നായ് ഗ്രഹിച്ചറിയിക്കേണം"

മട്ടുമാറി.

എന്നുള്ളമാതാവിന്റെ നിർബന്ധംകൊണ്ടൊ
രുനാൾ
ചോദിച്ചറിഞ്ഞുമെല്ലെ മേടിച്ചുകൈക്കലാക്കി
ചെപ്പും ചെരിപ്പും തന്റെ പെട്ടിയിലിട്ടുപൂട്ടി;

വിപ്രന്നു ചെലവിന്നുമില്ലാതെയാക്കിപ്പിന്നെ
തന്നുടെ വീട്ടിൽനിന്നു തള്ളിപ്പുറത്തിറക്കി
ഉണ്ണി ഉണിച്ചിരിയും തള്ളയുമൊരുമിച്ചു
കണ്ണിൽ കാണാത്തദിക്കിലാട്ടിക്കളഞ്ഞുകുറെ
പട്ടിണിയിട്ടുംകൊണ്ടു പാരംപരവശനായ
പട്ടിയെപ്പോലെവിപ്രൻ പാഞ്ഞുനടന്നീടുന്നു.

മട്ടുമാറി.

ഇങ്ങനെ കനിവില്ലാത്തൊരുജാതിക-
ളംഗനമാരെന്നോർത്തീടേണം
എങ്ങനെയെങ്കിലുമർത്ഥമശേഷം
തങ്ങടെ കൈക്കലതാക്കും സഹജാ!
ഇത്തരമുള്ള ശുചിവ്രതവാക്കിന്നൊ-
രുത്തരവചനവുമുരിയാടാതേ
സത്വരമൻപൊടു രാജകുമാരൻ
ചിത്തരസേന നടന്നാതിരിച്ചു.
ധന്യതപെരുകിന ഗന്ധർവ്വാധിപ-
കന്യകതന്നുടെ മുന്നിൽച്ചെന്നഥ
നിന്നൊരു സുന്ദരവരനെക്കനിവൊടു
തന്നരികേ ബത കണ്ടൊരുനേരം,
കൌതുകവിസ്മയകാമഭ്രമര-
സാതുരമാനസയായകുമാരീ
കനിവൊടു തരസാ ചോദ്യം ചെയ്തിതു:—
"കനകസമാനമനോഹരകാന്ത!
നളകൂബരനോ നളഭൂവരനോ!
നളിനായുധനോ! നാരായണനോ!
അശ്വിനി മക്കളിലൊരുവൻ താനോ!
വിശ്വമനോഹര! വദ ഹി ഭവാൻ മേ
ഗാത്രമിദം തവകാൺകനിമിത്തം
നേത്രയുഗംമമ സഫലമിദാനീം;
കോ നുഭവാനെന്നറിവാൻ ഞാനൊരു
പാത്രമതാമോ പരമിഹലോകേ!"
എന്നതുകേട്ടുരചെയ്തു കുമാരൻ:—
"എന്നുടെ നഗരം കുണ്ഡിനനഗരം
വൈദേഹീ വല്ലഭനു സമാനൻ
വൈദർഭൻ നൃപനെന്നുടെ താതൻ
സാല്വമഹീപതിമൂഢൻ വന്നഥ
സമരേ താതനെ ഹനനംചെയ്തു
മുതലുള്ളതുമവനൊക്കെഹരിച്ചു
മുതലപിടിച്ചെൻറമ്മ മരിച്ചു;
ഉഷയെന്നുള്ളൊരു ഭൂസുരപത്നി
ഉടനേ നമ്മെയെടുത്തുവളർത്തി;
ഉഷയുടെ സുതനൊരു വിപ്രകുമാരൻ
വിഷയനിരാദരനെന്നുടെജ്യേഷ്ഠൻ
ധർമ്മഗുപ്തനെന്നെന്നുടെ നാമം
കർമ്മശക്തിയാലിങ്ങനെതന്നെ
ഏകാശ്രയമാംബ്രാഹ്മണദേശേ
ഏകത്രസുഖേന മരുവുന്നു,
ഭിക്ഷയോടേ ദിവസങ്ങൾകഴിച്ചും
ദക്ഷവൈരിചരണങ്ങൾഭജിച്ചും
അക്ഷയേണമരുവുന്നിതു, ദൈവം
രക്ഷയുണ്ടിഹപരമസ്മജ്ജനാനാം."

മട്ടുമാറി

ഞാനും ജ്യേഷ്ഠനുമിന്നുവിഭാതേ
കാനനഭൂതികൾ കാൺമാനായി
വനഭുവിവന്നു വസിക്കുന്നേരം
വരതനു! നിന്നെക്കണ്ടിതു ഞങ്ങൾ!
മതിമുഖി! നിന്നുടെ വദനാംബുജമിദ-
മതിരമണീയം കാൺകനിമിത്തം
മതികമലേമമ കൌതുകമധികം
ചതിവാക്കല്ലിതു ചഞ്ചലനയനേ!
എന്നതുകാരണമിഹ ഞാൻ വന്നതു-
മെന്നധരിച്ചീടുക നീ സുന്ദരി!
ഇന്നനമുക്കിഹ സുദിനം നിന്മുഖ-
മിന്ദുസമാനം കണ്ടതുമൂലം
ഇന്ദിരയോ നീ! സതിയോ! രതിയോ!
ഇന്ദ്രകുടുംബിനിയാകിയ ശചിയോ?
നിന്നുടെപേരും വാർത്തകളെല്ലാ-
മെന്നൊടുചൊൽക മനോഹരശീലേ!
പങ്കജനവദളനയനേ പരിചൊടു
നിൻകനിവെങ്കലിയന്നീടേണം
പങ്കജശരശതമേറ്റു നമുക്കതി
സങ്കടമെന്നേ പറവാനുള്ളു"
എന്നുരചെയ്തതു കേട്ടുകുമാരി;—
"എന്നുടെ താതൻ ഗന്ധർവ്വേന്ദ്രൻ
ദ്രമിളാഖ്യൻ പരമേശ്വരഭക്തൻ
സുമതി സുശീലൻ സുരപതിതുല്യൻ
"അംശുമതീ"തിനമുക്കിഹനാമം
കിംശുകപുഷ്പസമാധരി! സുമതേ!

വംശവിശുദ്ധിനിനക്കുമെനിക്കും
സംശയമില്ല [illegible];
സകലഗുണോന്നതനാകിയ താതൻ
സപദി ഭവാനെ കണ്ടെന്നാകിൽ
സഫലം നിന്നഭിലാഷം നമ്മുടെ
സർവമനോരഥമപി സാധിക്കും,
പാർവണചന്ദ്രമനോഹരവക്ത്ര!
ലാളിക്കും മമ ജനകൻ നമ്മുടെ
വേളിക്കും വഴിയുണ്ടായ്‌വരുമേ
മേളിക്കും നാമിരുവരുമതുഭുവി .
കേളിക്കുന്തരമായ്‌വരുമെന്നാൽ
നാളെക്കഴികെ വിവാഹം വേണ്ടാ-
ന്നാളെക്കൊണ്ടു വരുന്നുണ്ടിഹ ഞാൻ
നാളേക്കും ഗുണമിങ്ങനെവന്നാൽ
നീളേക്കും ഗുണമങ്ങതുതന്നെ
മൂററം നമ്മുടെ വാഞ്ഛിതമിപ്പോൾ
പാററം ചേതസി താതനുമുടനേ
ചെററം സംശയമതിനിനിവേണ്ടാ
മറെറന്നാളിഹ വരിക സുശീലാ!"
എന്നുപറഞ്ഞവൾ തന്നുടെ ഗളമതിൽ
നിന്നൊരുഹാരമെടുത്തുകുമാരൻ
തന്നുടെ ഗളഭുവി ചേർത്തുഗമിച്ചിതു
കന്യകയും സഖിമാരും തരസാ

മട്ടുമാറി (ചായ്‌പുതാളം)

രമണിമണിവചനമിതി സദയമഥകേട്ടവൻ
രാഗംവളർന്നോരു രാജവീരൻതദാ
കുതുകമൊടു കുസുമശരസദൃശനതിസുന്ദരൻ
കൂടലർകാലനാം ഭൂപാലബാലകൻ,
അടവിതടമചലതടമഴകൊടുകടന്നവൻ
ആരണന്മാരുടെ ആലയം പ്രാപിച്ചു,
ജനനിയുടെ നികടഭുവി നിമിഷമഥ ചെന്നവൻ
നീതിമാനായവൻ കൂപ്പിനിന്നീടിനാൻ
"വരികരികിൽ മമതനയ വരിക തവ മംഗലം
വൈകുവാനെന്തു നീയിങ്ങുവന്നീടുവാൻ!
അധികമൊരുകൗതുകമിഹ തവ മനസിയുണ്ടെന്നു
ആനനകാന്തികൊണ്ടങ്ങറിഞ്ഞീടിനേൻ;
പറക രിപുമഥന! തവ പരമസുഖകാരണം
പാർത്ഥന്റെ നേരായ പാർത്ഥിവനന്ദനാ!"
ഇതിജനനിവചനമഥ സദയമഥ കേട്ടവൻ
ഇനശഭഗോത്തമനാശുചൊല്ലീടിനാൻ:—
"പരമശിവഭജനമതു പരിചൊടഥ ചെയ്തു ഞാൻ
പാരാതെ കാനനേ ചെന്നുനില്ക്കുംവിധൌ
ഗഗനചരികുലമഖിലമണിയുമൊരു മാനിനി
ഗന്ധർവകന്യകാ തത്ര വന്നീടിനാൾ
കളകളഭകളഗമനകളമൃദുസുഭാഷിണി
കാനനേയെന്നെയും കണ്ടുകാമിച്ചവൾ
മമതയൊടുമധുരതരവചനമപി ചൊന്നവൾ
മാലയിട്ടീടിനാൾ മന്ദമന്ദം തദാ
ഉഷസി മമ ജനകനൊടുമിവിടെവരുമീ ഞാനു-
മൂനമില്ലെന്നു പറഞ്ഞു മറഞ്ഞവൾ
സുരതരുണിജനമണിയുമണിമകുടമാലിക
സുന്ദരിയെന്നുടെ കാന്തയായ്‌വന്നിഹ
ജയജനനി! തവകരുണപരിണതി ഭവിക്കയാൽ
ജന്മംസഫലമായ് വന്നിതു സാംപ്രതം."
കനിവിനൊടുതനയനുടെ വചനമിവകേൾക്ക[യാൽ
കൗതുകംപൂണ്ടുരചെയ്തു വിപ്രാംഗനാ:—
"പരമമൃതരസസദൃശവചനമിതു കേൾക്കയാൽ
പാരംതണുത്തു മേ കണ്ണുകളിങ്ങനേ
നിരവധികരുചിരുചിരകനകമണിതങ്ങളിൽ
നീതിയിൽ ചേർന്നപോൽ നിങ്ങളും ചേർന്നിതു;
ഭവജനഫലമഖിലമഴകൊടുധരിക്ക നീ
ഭാവംതെളിഞ്ഞു സുഖേനവസിക്കനീ.

മട്ടുമാറി.

തനിക്കുള്ളോരഭിലാഷമിനിക്കാലം വൈകിടാതേ
ലഭിക്കുമെന്നോർത്തു ചിത്തം കുളുർത്തുരാജകുമാരൻ
തരത്തിലീവർത്തമാനമുണർത്തിച്ചു മോദിപ്പിച്ചു
രസിച്ചു ജ്യേഷ്ഠനും താനും വസിച്ചു വിപ്രാലയത്തിൽ
തളത്തിലിരുന്നു തന്റെ ഗളത്തിൽ വിളങ്ങീടുന്ന
വെളുത്തമുത്തുമാലയെ വളർത്തമാതാവേക്കാട്ടി-
പ്പറഞ്ഞോരവസ്ഥയെല്ലാമൊരു കുറഞ്ഞൊന്നുനീക്കമില്ലെ-
ന്നറിഞ്ഞോമാതാവെന്നുള്ള പരിജ്ഞാനമുളവാക്കി

ഗന്ധൎവ്വകന്യകയും ബന്ധുസ്ത്രീകളുംകൂടി
ഗന്ധൎവ്വരാജാവിന്റെ ഗേഹത്തിലങ്ങുചെന്നു
വന്ദിച്ചു താതനോടുമൊന്നിച്ചിരുന്നു ശുദ്ധ-
മാകിന ചന്ദ്രഗുപ്തഭൂപന്റെ വൎത്തമാനം,
ഗാഢകൌതുകത്തോടെ താതനെ ഗ്രഹിപ്പിച്ചു
സന്തോഷമിയന്നോരു ഗന്ധൎവ്വരാജൻ തന്റെ
ബന്ധുജനത്തെയെല്ലാമന്തികേവരുത്തിക്കൊ-
ണ്ടന്തമില്ലാതുള്ളോരു പൊന്നും പണവും പട്ടും
ചന്തമേറുന്ന ദിവ്യരത്നങ്ങൾ ഭൂഷണങ്ങൾ
ദന്തികൾ കുതിരകൾ തേരുകൾ കാലാളുകൾ
അന്ദോളം പല്ലക്കുകളിത്യാദിപദാൎത്ഥങ്ങ-
ളൊക്കവേ സ്വരൂപിച്ചു കെട്ടിച്ചുമപ്പിച്ചുംകൊ-
ണ്ടക്കാട്ടിൽവന്നുയോഗം കൂട്ടിപ്പാൎത്തൊരുനേരം
വിപ്രകുമാരനോടുമൊന്നിച്ചു ധൎമ്മഗുപ്തൻ
തൽപ്രദേശത്തുവന്നുനോക്കുന്നനേരം ബഹു
ദിവ്യന്മാരുടേയോഗം ദിവ്യസ്ത്രീകടെയോഗം
ദ്രവ്യസമ്പത്തുകണ്ടു വന്ദിച്ചുമോദത്തോടേ.

മട്ടുമാറി.

ദ്രമിളനതാകിന ഗന്ധൎവ്വാധിപ-
നമിതകുതൂഹലമോദത്തോടെ
നൃപതിസുതന്റെ കരാംബുജയുഗളം
സപദിപിടിച്ചു പുണൎന്നരുൾചെയ്തു,
ആമോദാദരമവനുടെ വാക്കുകൾ
കാമോദരി രാഗത്തിലുദിച്ചു:—

"കേൾക്കസഖേ! കേവലം മേ വചനം
കേളീഗുണവസതേ!
ആക്കമിയന്നൊരു നിന്നുടെ വാൎത്തകൾ
അഖിലവുമെൻ മകൾ ചൊല്ലിക്കേട്ടു
ഇന്നലെ ഞാൻ മമ പരദൈവതമാം
ഇന്ദുചൂഡനുടെ പദതളിർതൊഴുവാൻ (കേൾക്ക)
ചെന്നിതു കൈലാസാചലസീമനി
ചേതസി പെരുകിന ഭാവനയോടേ (കേൾക്ക)
ചരണസരോജസമീപേ ചെന്നഥ
പരിചൊടു വന്ദനചെയ്തതുനേരം
പുരഹരഭഗവാനെന്നൊടു ശുദ്ധം
സരസതരം ഗിരമരുളിച്ചെയ്തു (കേൾക്ക)
"ദ്രമിളസഖേ! ശൃണു സാധുവിശേഷം
സുമഹിതനാകിന ഭൂസുരസുതനും
വിമലസ്വരൂപി വിദർഭാത്മജനും
മമ പാദഭജനം ചെയ്തിട്ടോ (കേൾക്ക)
വിധിപിഴയാതെ പ്രദോഷം നോററവ-
രനവധികാലം ബാലന്മാരവർ
മതികമലേ മമ മോദമിദാനീ-
മതിശയതരമുളവാക്കി നിയതം (കേൾക്ക)
വിപ്രകുമാരനു ധനമുണ്ടാവാൻ
ക്ഷിപ്രം ഞാനൊരു നിധിയും നൽകി
മൽപ്രിയനാകിന രാജകുമാരനു
സുപ്രിയമാശു വരുത്തിടേണം (കേൾക്ക)
ദ്രമിളാ! നിന്നുടെ മകളായുള്ളൊരു
കമലായതമിഴി കന്യാമണിയേ
മമഹിതനാകിന രാജകുമാരനു
മമതകലൎന്നു കൊടുത്തിടേണം (കേൾക്ക)
ധന്യതപെരുകിന നൃപസുതനും തവ
കന്യകയാകുമൊരംശുമതിയും
അന്യോന്യം ബത കണ്ടുമനോരഥ-
മഖിലവുമാശു പറഞ്ഞു പിരിഞ്ഞു (കേൾക്ക)
കാണിവിളംബനമരുതിനിമകളുടെ
പാണിഗ്രഹണമഹോത്സവമധുനാ
വേണമതിങ്ങനെ ഭഗവാനെന്നൊടു-
വേറെവിളിച്ചരുൾചെയ്തു കുമാര! (കേൾക്ക)
ബാലാ! വരികമലാ! സരസഗുണശീലാ!
യുവതിജനലീലാ രസികാ! നിന്നെ-
ക്കണ്ടൊരുനേരമിനിക്കുണ്ടായ
സന്തോഷത്തിനുണ്ടോ അവസാനം
നീ മിണ്ടാതെ നില്ക്കുന്നെന്തേ?
കേളീരസികയാകും നാളീകമുഖിയുടെ
വേളികഴിച്ചവളെ ലാളിച്ചുകൊണ്ടുപോക!
കേളിമൊഴികൾ ശുകവാളിമൊഴിയേ ഞാനു-
മാളീജനങ്ങളോടേ മേളിച്ചങ്ങയച്ചീടാം.
ഏവം പറഞ്ഞു നിജഭാവം തെളിഞ്ഞു ശംഭു
സേവപ്രിയനാമുപദേവപ്രധാനിവീരൻ
അംശുമതിയെ വിളിച്ചാശുവരുത്തിത്തുഹി-
നാംശുമുഖനാം കുണ്ഡിനേശനു ദാനംചെയ്തു
ഗന്ധൎവ്വകന്യകേടെ വേളിക്കപിന്നെമററു
ബന്ധുക്കളാരും വേണ്ടാ സന്ധിപറകവേണ്ടാ,
കാന്തനാകുംപുരുഷൻ താൻതന്നെ ചെന്നവിടെ

പെരുതായിട്ടൊരു ഗുണമുണ്ടാകുമൊ-
മരുതാത്തു പറകല്ല സഖേ! ഞാൻ.
കുയിലും കാകനുമൊരുനിറമെന്നതു
കുറവില്ലതിനു പലക്കും ബോധം;
നാദംകൊണ്ടേ നിങ്ങളു തമ്മിൽ
ഭേദമതുള്ളു ബലിഭോക്താവേ!
മാവിന്നഗ്രേ ചെന്നുവസിച്ചാൽ
കാകൻ നീയൊരു കോകിലമാകും;
കാണികൾ നിന്നെക്കുയിൽകുയിലെന്നൊരു
നാണിയമങ്ങു നടത്തിക്കൊള്ളും,
ആയതുവരുമോ എന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ടാ,
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടംതന്നിൽ
ചേറുപിരണ്ടതു കണ്ടാലതുവില-
വേറില്ലാത്തൊരു കസ്തൂരിക്കുറി;
എന്നല്ലാതൊരു മനുജന്മാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ;
കുങ്കുമമണിയും തിരുനെറ്റിക്കൊരു
പങ്കം പിരൾവാനെന്തവകാശം?
ശങ്കരശിവശിവ! ചോരാതുള്ളൊരു
ശങ്കിച്ചുവന്നൊരബദ്ധക്കാരൻ
ഏറെപ്പൊന്നു ജനങ്ങടെ പാലനു
ചോറൊന്നുള്ളതിനെന്തവകാശം?
ചതിയെന്നുള്ളതൊരുത്തനുപോലും
കളിയായിട്ടുപറവാനും മേലാ;
ജളനെന്നാലും സ്ഥലഭേദംകൊ-
ണ്ടുളവാകും ഗുണമെന്നിതിനർത്ഥം."

ശാസ്ത്രങ്ങൾ വ്യാകരണസൂത്രങ്ങൾ നല്ല തർക്ക-
വാദങ്ങൾപിന്നെ ധർമ്മശാസ്ത്രങ്ങൾ പുരാണങ്ങൾ
വേദം ഗണിതം മന്ത്രവാദം ചികിത്സാഗ്രന്ഥ-
ഭേദം ശാസ്ത്രവിദ്യാവിനോദമെന്നിവകളും
ആട്ടം കളികൾപിന്നെച്ചാട്ടം ഞാണിന്മേലേറി
ഓട്ടംതുള്ളലും പല കൂട്ടം ഗ്രഹിച്ചവനും,
കോട്ടംകൂടാതെ കവിക്കൂട്ടം ചമച്ചുണ്ടാക്കി
വാട്ടംകൂടാതെവിദ്വൽക്കൂട്ടത്തെബോധിപ്പിപ്പാൻ
ഒട്ടുമെളുതല്ലെന്നു ഞെട്ടും സഭയെക്കണ്ടാൽ
മുട്ടും മനസ്സപാരം ചുറ്റാടിച്ചതെല്ലാം,
വിട്ടുപോമത്രയല്ലാ കിട്ടും പരിഹാസങ്ങൾ;
കേട്ടും കവികൾ ചിലർകേട്ടും പ്രയോഗിക്കു-
തട്ടുംമേലേറുംനേരം തട്ടുമവനുഭംഗം [മ്പോൾ
ഇഷ്ടം ലഭിക്കയുമില്ലനിഷ്ടം ലഭിക്കുംതാനും;
ഇത്ഥംവിചാരിക്കുമ്പോളിത്തൊഴിലെളുതല്ലാ
ചിത്തം ഗുരുക്കന്മാരിൽ നിത്യമുറപ്പിക്കുന്ന
സത്തുക്കൾക്കൊരുഭാഗ്യമെത്തുമെന്നതേ വേണ്ടു.

ഉലകുടെ പെരുമാൾ വാഴുംകാലം
പലകുടിയില്ല ധരിത്രിയിലെങ്ങും
വിലപിടിയാത്ത ജനങ്ങളുമില്ല
ചെലവിടുവാൻ മടിയൊരുവനുമില്ല;
തലമുടി ചൊടിയും പല്ലും മുഖവും
മുലയും കണ്ടാലഴകില്ലാത്തൊരു
ചലമിഴിമാരിവിടൊരുത്തരുമില്ല;
മലയാളം പരദേശങ്ങളിലും
സ്ഥലമില്ലാത്ത ഗൃഹങ്ങളുമില്ല;
ജലമില്ലാത്ത കുളങ്ങളുമില്ല;
ഫലമില്ലാത്ത മരങ്ങളുമില്ല,
ഫലമില്ലാത്ത വിവാദവുമില്ല,
ഓത്തില്ലാത്ത മഹീസുരരില്ല;
കൂത്തില്ലാത്ത നടന്മാരില്ല;
പോത്തില്ലാത്ത കൃഷിക്കാരില്ല,
ചാർത്തില്ലാത്ത ധനവ്യയമില്ല;
കള്ളപറഞ്ഞു നടക്കുന്നവരും
കള്ളുകുടിച്ചു മുഷിക്കുന്നവരും
പൊള്ളപറഞ്ഞു ഫലിപ്പിപ്പവരും
ഉള്ളിലസൂയ മുഴുക്കുന്നവരും
കള്ളന്മാരും കശ്മലജാതികൾ
ഉള്ളൊരു ദിക്കുകൾ കാണ്മാനില്ല
എള്ളും നെല്ലും പൊന്നും പണവും
എങ്ങുമൊരേടത്തില്ലാതില്ല
ഉത്തമഗുണനാമുലകുടെ പെരുമാൾ
ഇത്തരമവനിസുഖത്തെവരുത്തി
പത്തനസീമനി പരമാനന്ദം
സ്വസ്ഥതയോടെ വസിക്കുംകാലം;
ശാസ്ത്രിബ്രാഹ്മണനൊരുവൻ വന്നഥ
ശാസ്ത്രമൊരല്പം വായിച്ചൻപൊടു
ധാത്രീശ്വരനെബ്ബോധിപ്പിച്ചതു-
മാത്രം ഞാനിഹ കഥനംചെയ്യാം.

ളുത്ഥം ദ്രമിളമഹാഗന്ധൎവ്വൻ
തത്ഥം ഗിരമുരചെയ്തുപതുക്കെ
പുത്രനെയാത്രയുമാക്കിത്തരസാ
തത്രമാഞ്ഞിതു മഹിതചരിത്രൻ.

മട്ടുമാറി.

ആനപ്പടകളോടും സേനാഭടന്മാരോടും
നാനാവൃന്ദങ്ങളോടും കൂടിമേളിച്ചു നല്ല
മോടികലൎന്നു വനവാടികടന്നുമേളം
കൂടിനടന്നുചെന്നു ശക്രാനുഭാവനേക-
ചക്രദേശത്തുമേറും വിപ്രാത്മജൻറെപാദേ
വീണുനമസ്കരിച്ചു മാതാവിനേയും ചെന്നു
ജാതമോദേന വീണുവന്ദിച്ചു വഴിപോലെ
സീതാവല്ലഭനോടു തുല്യൻ നൃപതിപുത്രൻ
സന്തോഷവാരിധിയിൽ നീന്തുന്നമാതാവിനെ
ഗന്ധൎവ്വകന്യകയും ചെന്നു നമസ്കരിച്ചു;
വൈദൎഭരാജ്യംതന്നിൽ ചെന്നുകൊണ്ടടിയങ്ങൾ
വൈരിയെജ്ജയിച്ചിങ്ങുവൈകാതെവരുന്നുണ്ടു്
അത്രനാളുമെൻ മാതാവത്രവസിക്കേവേണ്ടു
തത്രവിരോധംതീൎന്നാലത്രഗമിച്ചുകൊള്ളാം.

മട്ടുമാറി.

ഇങ്ങനെയാത്ര പറഞ്ഞു കുമാരൻ
തിങ്ങിനപൂരുഷാരത്തോടുകൂടെ
ഭംഗിയിലങ്ങു നടന്നുതുടങ്ങി
ഭംഗമറ്റിഹ സാലംബമപ്പോൾ;
അഗ്രജനാകിന ഭൂസുരസുതനെയു-
മഗ്രേ സപദി നടത്തിക്കൊണ്ടഥ
ഉഗ്രതപെരുകിന ഗന്ധൎവ്വാദിസ-
മഗ്രബലേന സമേതനദാരൻ,
കൊട്ടും കുഴൽവിളി കോലാഹലമിത-
മൊട്ടും കുറവുവരാതെ ദിഗന്തര-
മെട്ടും ഝടിതിമുഴക്കിക്കൊണ്ടണി-
യിട്ടും പൊട്ടുപൊടെ വെടിയും വെച്ചഥ
കാടുകടന്നു വിദൎഭമഹീപതി
നാടുപുക്കു വിളിച്ചുപറഞ്ഞു:—
"മാടുകളാടുകൾ വിപ്രന്മാരും
മാടണിമുഖിമാർ ബാലന്മാരും
മറെറാരുദിക്കിനു മാറിക്കൊൾവിൻ
മറെറന്നാളിഹ വന്നുപോരുകതാം;

പടയിൽവരുന്ന ഭടന്മാരിൽ ചില-
രിടയില്ലാതെയുമുണ്ടാമായവർ
ഝടിതികടന്നു കലമ്പിക്കലശലി
ലടിയോ പിടിയോ ഒന്നുപിണയ്ക്കും;
ആരുതരുതെന്നുവിലക്കാനുള്ളോ-
രെജമാനന്മാരറിയും മുൻപേ
തെരുതെരെ ബഹുപുരുഷാരമടുത്തുട-
നുരുതരമാപത്തുളവാക്കിടും
പിന്നെനിനച്ചാൽ ഫലമില്ലീവക-
മുന്നേതന്നേ കരുതീടേണം
ഞായംനോക്കി നടപ്പാൻ നമ്മുടെ
നായന്മാരുപഠിച്ചിട്ടില്ലാ;
നായും നായരുമൊക്കെമിനിക്കൊര-
പായം വരുമെന്നുള്ളവിചാരം
രണ്ടുവിധത്തിനുമില്ലതരിമ്പും
മിണ്ടുകിലായവർ ശുണ്ഠികൂടിക്കും;
കണ്ടഗൃഹത്തിൽ കലവും തവിയും
കണ്ടെന്നാലവർ കേറിയെടുക്കും;
സന്തജ്ജനമെന്നുള്ളൊരു ശങ്കയു-
മന്തണരെന്നൊരു ബഹുമാനവുമി-
ജ്ജന്തുക്കൾക്കതരിമ്പില്ലവരുടെ-
ബന്ധുക്കൾക്കുമതങ്ങിനെതന്നെ;
ഭള്ളുനടിച്ചുനടക്കുന്നവരു
കള്ളുകുടിച്ചാൽ മറെറാരുമാറ്റം
മുള്ളുപറഞ്ഞു പലൎക്കും ചിലരൊടു
കൊള്ളും പ്രഹരവുമങ്ങിനെയൊള്ളു;
കൊള്ളയിടാനും വീടുകളൊക്കെ-
ക്കൊള്ളികൾവെച്ചു ദഹിപ്പിക്കാനും
ഉള്ളതുകുത്തിക്കവരാനും പുന-
രെള്ളോളം മടിയൊരുവനുമില്ല.
അവരുടെ യജമാനന്മാൎക്കും പുന-
രവരെയമൎപ്പാൻ ഭാവവുമില്ലാ:
കവരുന്നതിലൊരുപാതികൊടുത്താ-
ലവരുമതിന്നു സഹായംതന്നെ,
എന്നതുകാരണമിന്നും നാളയു-
മെന്നുടെനാട്ടിൽ പാൎക്കരുതാരും
പെണ്ണും പിള്ളകൾ ഗോബ്രാഹ്മണരും
കണ്ണും ചെവിയുമതില്ലാത്തവരും

ഉണ്ണികളും ചിലർ മുടവന്മാരും
ദണ്ഡംകൊണ്ടു കിടക്കുന്നവരും
പടയെന്നുള്ളതു കേൾക്കുന്നേരം
തുടതുള്ളുന്നമിടുക്കന്മാരും,
അമ്പലവാസികളെമ്പ്രാന്തിരിമാ-
രായുധമില്ലാത്തൊരുനായന്മാർ
ഇങ്ങനെയുള്ളവരെല്ലാം വിരവിനൊ-
ടങ്ങൊരുനാട്ടിനുമാറിക്കൊൾവിൻ;
തങ്ങടെകോപ്പുകൾ പാത്രങ്ങളുമിവ
തങ്ങടെകൈക്കലിരിക്കേവേണ്ടു;
നമ്മുടെവീട്ടിൽകിണ്ടികൾനാലും
നാല്പതുനാഴിച്ചെമ്പുംപോയി,
നമ്മുടെയില്ലത്താത്തന്മാരുടെ
ചിററം ചെറുതാലികളും പോയി,
ഇല്ലത്തൻപത്തുഗ്രന്ഥംപോയി,
നെല്ലുകിടന്നതശേഷംപോയി,
എന്നുടെ വീട്ടിലൊരോട്ടുക്കിണ്ടിയു-
മൊന്നരവയ്ക്കും കലവുംപോയി.
അയ്യോ! നമ്മുടെ കന്നുകളോടും
പയ്യൊരുപത്തുമതൊക്കെപ്പോയി,
അപ്പംവിററം ശക്കരവിററം
അപ്പനൊരല്പം മുതലുണ്ടാക്കിയ-
തിപ്പോൾ നമ്മുടെ നിർഭാഗ്യതകൊ-
ണ്ടെപ്പേരുംപടതന്നിൽ നശിച്ചു;
ചിരുതപ്പെണ്ണവൾ മിന്നും മുട്ടും
കരുതിപ്പോകാഞ്ഞിട്ടു കളഞ്ഞു
ഇളയച്ചിക്കുള്ളാഭരണത്തെ-
ക്കളയിച്ചതുമപ്പട്ടരുതന്നെ;
കോതപ്പെണ്ണിനു കാതിലപോയി
നീലിപ്പെണ്ണിനു താലികൾപോയി
ചക്കിപ്പെണ്ണിനു ചരടും മിന്നുമ-
ലക്കിയതോരൻ മുണ്ടുംപോയി
ഇട്ടിപ്പെണ്ണിനു കട്ടിലുപോയി
ചെട്ടിപ്പെണ്ണിനു പെട്ടികൾപോയി;
കണ്ടച്ചാരുടെ മുണ്ടുംപോയി;
ചെണ്ടക്കാരുടെ ചെണ്ടകൾപോയി;
കേളച്ചാരുടെ വാളുംപോയി;
കാളൻനായുടെ ചങ്ങലപോയി;
ചിരികണ്ടച്ചാർ പടയിൽചാടി-
ച്ചുരികകളഞ്ഞങ്ങോടിപ്പോന്നു;
കോന്തിച്ചെട്ടനു കുന്തംപോയി
കോന്തിക്കവനുടെ കൊട്ടുവാൾപോയി;
ചേനുകിളച്ചുനടുമ്പോൾ നമ്മുടെ
ചങ്ങാതിക്കൊരു തുമ്പാപോയി,
എന്നെല്ലാം ചില ദൂഷണവാക്കുകൾ
പിന്നെക്കേൾക്കാം പടപിരിയുമ്പോൾ
പണവും പൊന്നും പാത്രവുമോരൊ
പണയങ്ങളുമണിയാഭരണങ്ങളും
ഒന്നും പാഴിൽ കളയാതൊക്കയു-
മിന്നൊരുദിക്കിനുമാററിക്കൊൾവിൻ!"
ഇങ്ങനെയങ്ങു വിളിച്ചുപറഞ്ഞഥ
തിങ്ങിനബന്ധുപ്പടയും പെരുകിന
ഗന്ധർവ്വപ്പട തേരും കുതിരകൾ
ദന്തിപ്പടകളുമങ്ങുകരേറി
കുണ്ഡിനപുരിയുടെ ഗോപുരസീമനി
കുപിതനതാകിന രാജകുമാരൻ
ചണ്ഡശരാസമെടുത്തുകുലച്ചതി
ഖണ്ഡനചതുരൻ പുനരുരചെയ്തു:—
"നമ്മുടെ ജനകനെ വെട്ടിക്കൊന്നിഹ
നമ്മുടെ നഗരമടക്കിയിരിക്കും
ദുർമ്മതിയാകിയ സാലപാനികുല-
ഹമ്മതിയുള്ളതു കാണണമിപ്പോൾ;
തന്നത്താനറിയാത്തൊരു നിന്നുടെ
തടിപുനരടിമുടിപൊടിയാക്കാതിഹ
വിട്ടുമോ ഞാനിഹ തടിയാമുടിയാ
വിട്ടഭോഷാ! നീയെന്തിനുകൊള്ളാം?
ദുസ്ഥിതിനന്നിതു പരരാജ്യങ്ങൾക-
രസ്ഥാമതാക്കാനുള്ളൊരു മോഹം;
അർത്ഥമടങ്ങുകയില്ലനിനക്കൊര-
നർത്ഥംവന്നിഹ തലയിൽകേറി;
വ്യർത്ഥംനിന്നുടെ വിക്രമവിരുതുക-
ളർത്ഥിതമാക്കുവനഹമിഹ മൂഢാ!
അത്രവസിക്കും വിപ്രകുലം തവ
പുത്രകളത്രസമൂഹം പിന്നെ
ഛത്രം ചാമരമഖിലം ദുഷ്ട-
ക്ഷത്രിയനിന്നു നശിക്കുമശേഷം
കൊമ്പൻകരിയുടെ ദിക്കുപിടിപ്പാ-
നൻപതുകുറുനരികളുടെച്ചെന്നുക-

ലമ്പിയടുത്താലെല്ലതാമോ ശിവ
ശംഭിണ്ഡന്മാരുടെ ദുർമ്മോഹം!
കേസരിവരനുടെ ഗിരികുഹരത്തിൽ
കേവലമൊരുമുതുവാനര മൂഢൻ
കേറിയിരിക്കാൻ മോഹിക്കുന്നതു
കേട്ടവരാരു ചിരിക്കാതുള്ളു!
പോടാ നമ്മുടെ പുരിയിലിരിപ്പാൻ
കൂടാതവപടപൊരുതിടുവതിന്
വാടാ! നരകുലഖേടാ! നരപതി
മൂഢാ നമ്മുടെ നാടായുള്ളതിൽ
ഊടാന്നിഹമലവീടാമിതു മമ
വീടായതുമതു കരുതിയ ഭോഷാ!
കാടായതുമിനിവാസത്തിനു ബത
വേടാദികളോടുകൂടെത്തന്നേ."

മട്ടുമാറി.

മർമ്മത്തെഭേദിക്കുന്ന ധർമ്മഗുപ്തന്റെവാക്യം
ധർമ്മത്തെമോചിക്കാത്ത കർമ്മത്തിന്നനുകൂലം
കേട്ടപ്പോൾ ഭയപ്പെട്ടു സാലപനും കൂട്ടക്കാരും
കൂട്ടാക്കാതിങ്ങിരുന്നാൽ കോട്ടംവരികേയുള്ളു.
ഗന്ധർവന്മാരും മററു ബന്ധുരാജാക്കന്മാരും
സിന്ധുര വൃന്ദങ്ങളും സിന്ധുജവൃന്ദങ്ങളും
ഒക്കവേ കൂടെ വന്നു വിക്രമിക്കുന്നനേരം
ഇക്കൂട്ടം നാമെല്ലാരും തോല്ക്കുമെന്നതേ വരൂ;
ഊററക്കാരായുള്ളോരു മാററാരോടെതിർപ്പാൻ
ഏററു മനസ്സുമുട്ടി തോററു മടങ്ങുന്നേരം
മാററിക്കണ്ടവരെന്നു മാലോകർ വാലെടുക്കും
മാററിക്കൊൾകയേ നല്ലൂ നമ്മുടെ വൃന്ദമെല്ലാം;
ചെന്നു കെട്ടുകയെക്കാൾ നിന്നു കെട്ടുക നല്ലൂ
എന്നുള്ള ചൊല്ലിനിപ്പോളെങ്ങുമേനീക്കമില്ലാ
തന്നേക്കാൾ വലിയോനെ താണുസേവിച്ചിടാഞ്ഞാൽ
പിന്നെത്താനുദ്ഭ്രാന്തമായി പിന്നോക്കം പോകേയുള്ളൂ
അന്യന്റെ രാജ്യം കിട്ടാനാഗ്രഹിക്കുന്നവനു
തന്നുടെ രാജ്യംകൂടേ തനിക്കു ലഭിക്കാതാകും
ഈവണ്ണം വിചാരിച്ചു സാലപനും ബന്ധുക്കളും
സേവിക്കതന്നേനല്ലൂ എന്നങ്ങു നിശ്ചയിച്ചു
വെള്ളക്കൊടിയുംകൊണ്ടു വേഗേന പുറപ്പെട്ടു
വെള്ളക്കുടയും താഴ്ത്തി വേഷം പകർന്നപോലെ
പട്ടുംപണവുംപൊന്നും കെട്ടിയെടുപ്പിച്ചുംകൊ-
ണ്ടൊട്ടും താമസിക്കാതേ കൊട്ടുംകുഴലുംമാററി
കാരിയക്കാരന്മാരും കാര്യസ്ഥന്മാരുംകൂടി
വൈരിയെക്കാണ്മാനായി വൈകാതെ തത്ര ചെന്നു;
വൈദർഭമന്നവന്റെ വൈരസ്യംപോക്കിടുവാൻ
വൈദഗ്ദ്ധ്യമുള്ളസാലപൻവന്ദിച്ചുവഴിപോലെ

മട്ടുമാറി.

"വന്ദിക്കരുതരുതയ്യോ! ശിവശിവ!
വളരെ വയസ്സേറുന്ന ഭവാനിഹ
നിന്ദിക്കാതെയിരുന്നാലതുമതി
നിഖിലം പിഴകളുമിങ്ങുപൊറുക്കാം"
എന്നുപറഞ്ഞു വിദർഭകുമാരൻ
ചെന്നുപിടിച്ചുപുണർന്നുപതുക്കെ
തന്നുടെയരികിലിരുത്തിക്കഥകളു-
മൊന്നൊഴിയാതെ പറഞ്ഞറിയിച്ചു
സന്തോഷിച്ചഥ സാലപനരേന്ദ്രൻ
സകല ദ്രവ്യവുമങ്ങുകൊടുത്തു
മന്ത്രികളോടുംകൂടിത്തന്നുടെ
മന്ദിരഗമനത്തിനുമതിനു
ആയതുസർവ്വം വാങ്ങി വിദർഭൻ
ആദ്ദേഹത്തിനുതന്നെ കൊടുത്തു;
പിന്നെ വിശേഷിച്ചനവധിപട്ടും
പൊന്നും പണവും മണിഭൂഷണവും
സമ്മാനിച്ചിതു സാലപനുപനും
സാലപൻ തന്നുടെ കാര്യക്കാർക്കും
സമ്മോദിച്ചഥ സാലപമഹീപതി
സമയംചെയ്തു "സഖേ പുനരിഹ നാം
തമ്മിൽ കലഹിക്കരുതൊരുനാളും
ജന്മികൾ നാമിരുവരുമുള്ളന്നി"തി
യാത്രപറഞ്ഞു നടന്നുമഹീപതി
ഗോത്രമഹത്തരനാകിന സാലപൻ
പല്ലക്കുംമുകളേറിക്കൊണ്ടഥ
പടയും കുടയും ഘോഷത്തോടെ
നല്ലമുഹൂർത്തേ തൻപുരി പുക്കട-
നല്ലാസേന സുഖിച്ചുവസിച്ചു
കുണ്ഡിനനഗരം പുക്കിതു ഗുണഗണ
മണ്ഡിതനാകിന രാജകുമാരൻ

കുണ്ഡലമകുടാദികളുമണിഞ്ഞഥ
മണ്ഡപമേറി വസിച്ചു മഹീശൻ
ഗന്ധർവാധിപ മകളുടെ ദിവ്യസു-
ഗന്ധമനോഹര ചാരുശരീരം
ഹന്ത പുണൎന്നു രമിച്ചു രസിച്ചുട-
നന്തഃപുരമതിൽ വാണുസുഖിച്ചു.
സുപ്രിയഹിതനായുള്ള ശുചിവ്രത-
വിപ്രനൊരില്ലം തീൎത്തുകൊടുത്തഥ
നെല്ലും പണവും ഭണ്ഡാരങ്ങളു-
മെല്ലാമനവധി ദാനം ചെയ്തു.
കനിവൊടു ഭൂസുരദേശേ മേവും
ജനനിയെ വേഗാലിങ്ങുവരുത്തി
പുനരപി പുനരപി തൊഴുതു വണങ്ങി
ഘനതരഭക്തിവിശേഷത്തോടെ
അനഘമതാകിന കനകഗൃഹത്തിൽ
കനിവിലിരുത്തിപ്പരിപാലിച്ചു.
പ്രിയസുതനായ ശുചിവ്രതനുള്ളിൽ
പ്രിയമായുള്ളതു ദാനം ചെയ്തു
നിയമമിയന്നു പ്രദോഷദിനങ്ങളി-
ലുപവാസത്തിനു ഭംഗവുമില്ലാ.
പുരഹര! ശങ്കര! ശങ്കര! ശിവനേ!
ഹര! ഹര! ശശധരശേഖര! ശംഭോ!
ഗിരിജാവല്ലഭ! ഗിരിശ! മഹേശ്വര!
പരിപാലയ മാം പരിപാലയ മാം!
ഇങ്ങനെ ശിവനുടെ പാദസരോജേ
തിങ്ങിന ഭക്ത്യാ വന്ദന ചെയ്തു
മംഗലശാലി വിദർഭമഹീപതി
മങ്ങാതവിടെ വസിച്ചുസുഖിച്ചു.
ഈദൃശമായ പ്രദോഷമഹത്വം
സാദരമേവം കഥിക്കുന്നവരും
മോദമിയന്നിതു കേൾക്കുന്നവരും
വേദമയാകൃതി പരമേശ്വരനുടെ
പാദസരോജേ ചെന്നു സുഖിച്ചൊരു
ഭേദം കൂടാതവിടെ വസിക്കും;
വേദിയകുലപതി മമ ഗുരുവരനുടെ
പാദസരോജം ശരണം ശരണം.

ഇതി പ്രദോഷമാഹാത്മ്യം ഓട്ടൻതുള്ളൽ സമാപ്തം.

കിരാതം

ഓട്ടൻതുള്ളൽ.

ഹരിഹരതനയൻ തിരുവടി ശരണം
വിരവൊടു കവി ചൊൽവാൻ വരമരുളേണം
മരുതലരടിയനൊടടൽ കരുതായ്വാൻ
കരുതുന്നേൻ കരുണാമൃതസിന്ധോ!
കരികരടികൾ കടുവാ പുലി സിംഹം
വനമതിൽ നിന്നു വധിച്ചതുപോലെ
മറുമലർ തമ്മെയൊഴിച്ചരുൾ നിത്യം
തഴുകഴൽ വിലസീടുന്നലമയ്യാ?
അണിമതി കലയും തുമ്പയുമെല്ലാം
ഫണിപതിഫണഗണമണികളുമണിയും
പുരരിപുതൻ പദകമലേ പരിചൊടു
പണിയുന്നവരുടെ പാലനശീലൻ
പ്രണയിനിയാകിന മലമകൾ താനും
പ്രണയസുഖേന രമിപ്പാനായി
ക്ഷണമൊരു കരിവരമിഥുനമതായി
ക്ഷണികമതാകിന വിഷയസുഖത്തിൽ
പ്രണയമിയന്നൊരു രസികന്മാരവർ
പ്രണിഹിത കുതുകം വാഴുംകാലം
മണമിയലുന്നമരപ്പൂങ്കാവിൽ
മണലിൽ നടന്നു മദിച്ചു മരങ്ങടെ

തണലിലിരുന്നു രമിക്കുന്നേരം
ഗുണവതിയാമുമതന്നുടെ മകനായ്
ഗണപതിയെന്നൊരു മൂർത്തിവിശേഷം
പ്രണതജനങ്ങടെ വിഘ്നമൊഴിപ്പാൻ
പ്രണയിതകൗതുകം വന്നുപിറന്നു
ക്ഷണമാത്രം തത്തിരുവടിയടിയനു
ഗുണമാത്രം ചെയ്യീടുന്നാകിൽ
ഗുണപാത്രം ഞാനിന്നിഹ വരുവൻ
അണുമാത്രം മമ സംശയമില്ലാ;
ഗണരാത്രങ്ങൾ കഴിഞ്ഞതിലങ്ങൊരു
കണമാത്രം പുനരുണ്ടായില്ല.
തൃണമാത്രം ബഹുമാനവുമില്ല
ധനവാന്മാരുടെ സഭയിൽ വരുമ്പോൾ
പരമാർത്ഥം പറയാമടിയന്നൊരു
പരനിന്ദാദികൾ നാവിലുമില്ല
പരിചൊടു സന്തതമംബരതടിനീ
പുരിയിൽ വസിച്ചരുളീടിന ഭഗവാൻ
പരമാനന്ദമയാകൃതി കൃഷ്ണൻ
പരദൈവതമടിയന്നനുകൂലം
നരപതി കുലപതി ധരണീസുരപതി
നിരവധി ഗുണഗണനിധിപതിസദൃശൻ
പെരുകിന ചെമ്പകനാടാകുന്നൊരു
സുരവരനാട്ടിലനാഹതരാജ്യം
പരിജനപാലന പരിചയശീലൻ
പരിപാലിച്ചരുളീടുകധീശൻ
ഗുരുനാഥൻ മമ ഗുണഗണമേറിയ
ധരണിസുരോത്തമനരുളുകമൂലം
സരസകഥാകഥനത്തിനിനിക്കൊരു
പെരുവഴിമാത്രം കാണായ്വായി;
കിള്ളിക്കുറിശിമഹേശപരനും പുന-
രുള്ളിലിരുന്നരുളുന്നു സദാ മേ.
തുള്ളലിനുള്ള രസങ്ങളറിഞ്ഞവ-
രുള്ളം തന്നിൽ രസിച്ചീടേണം;
വെള്ളിച്ചുരികയിളക്കിപ്പലപല
പുള്ളിപ്പുലി കടുവാ മഹിഷാദിക-
ളുള്ളവനങ്ങളിൽ വേട്ടയുമാടി-
പ്പുള്ളിക്രീഡാതൽപ്പരനാകിന
തകഴിയിൽ വാണരുളീടിന ഭഗവാൻ
അകളാകൃതിയാം ഹരിഹരതനയൻ
സകലവരപ്രദനപ്രതിമാനൻ
സുകൃതിഗുണങ്ങൾ വരുത്തീടേണം;*
കവിമാതാവേ! ദേവി സരസ്വതി!
കവിതാഭാവേ കാത്തരുളേണം;
സജ്ജനസഭയുടെ സുപ്രസാദംകൊ-
ണ്ടിജ്ജനമൊന്നു പ്രയോഗിക്കുമ്പോൾ
ദുർജ്ജനമെങ്കിലുമതിനൊക്കെയൊരു
ദൂഷണമവർ ചൊല്ലുകയില്ല;
നല്ലജനങ്ങടെ സഭയിൽ ചെന്നാൽ
വല്ലതുമവരുടെ ദ്രോഹിതമാറും;
പുല്ലപ്പൊടിയേറാകിലുമതു
കല്ലിനുമുണ്ടാമൊരു സൌരഭ്യം;
സുജനഗുണംകൊണ്ടുളവാകും ബഹു-
മാനവിശേഷം വരുമെന്നുള്ളു
ഞാനൊരു പദ്യം ചൊല്ലാമായതു
മാനുഷരെല്ലാം കേട്ടറിയേണം.

"കണ്ണാരുണ്ണുദമന്ദരണ രണിതം
ഗാഹസ്വ കാക! സ്വയം
മാകന്ദം മകരന്ദശാലിനമിഹ
ത്വാം മന്മഹേ കോകിലം
ധന്യാനി സ്ഥലവൈഭവേന കതിചി-
ദ്വസ്തൂനി കസ്തൂരികാം
നേപാളക്ഷിതിപാലഫാലപതിതേ
പങ്കേ ന ശങ്കേത കഃ"

"നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലൻെറ വലിപ്പം പറവാൻ
പണ്ടൊരു കവിതക്കാരൻ പദ്യമ-
തുണ്ടാക്കി സ്തുതി ചെയ്തു കേൾപ്പിൻ!
പിതൃപിണ്ഡത്തെക്കൊത്തിത്തിന്മാൻ
കൊതിയേറുന്നൊരു കാക്കേ! കേൾ നീ
കൂരിരുൾപോലെ കറുത്ത ശരീരം
ക്രൂരമിതയ്യോ! നിന്നുടെ ശബ്ദം;
പാരമസഹ്യം കേൾക്കുന്നോർക്കൊരു
നേരവുമില്ലൊരു സൌഖ്യമിദാനീം;
കണ്ണുകൾക്കിതു കേൾക്കുന്നേരം
പുണ്ണിലൊരമ്പു തറച്ചതുപോലെ
ഉരിയാടാതൊരു തേന്മാവിന്മേൽ
മരുവുന്നാകിൽ നിനക്കിഹ കാക്കേ!

പെരുതായിട്ടൊരു ഗുണമുണ്ടായ്വരു-
മരുതാത്തു പറകല്ല സഖേ! ഞാൻ.
കുയിലും കാകനുമൊരുനിറമെന്നു
കുറവില്ലതിനു പലക്കും ബോധം;
നാദംകൊണ്ടു നിങ്ങളു തമ്മിൽ
ഭേദമുള്ളു ബലിഭോക്താവേ!
മാവിന്നഗ്രേ ചെന്നുവസിച്ചാൽ
കാകൻ നീയൊരു കോകിലമാകും;
കാണികൾ നിന്നെക്കുയിൽകുയിലെന്നൊരു
നാണിയമങ്ങു നടത്തിക്കൊള്ളും,
ആയതുവരുമോ എന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ടാ,
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടംതന്നിൽ
ചോരപിരണ്ടു കണ്ടാലതുവില-
പോല്ലാത്തൊരു കസ്തൂരിക്കുറി;
എന്നല്ലാതൊരു മനുജന്മാക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ;
കുങ്കുമമണിയും തിരുനെറ്റിക്കൊരു
പങ്കം പിരൾവാനെന്തവകാശം?
ശങ്കരശിവശിവ! ചോരാതുള്ളതു
ശങ്കിച്ചുവനൊരു ബഞ്ജാക്കാരൻ
ഏറെപ്പോന്നു ജനങ്ങടെ പാലനു
ചോരനുള്ളതിനെന്തവകാശം?
ചതിയെന്നുള്ളതൊരുത്തനുപോലും
കളിയായിപ്പറവാനും മേലാ;
ജളനെന്നാലും സ്ഥലഭേദംകൊ-
ണ്ടുളവാകും ഗുണമെന്നിതിനർത്ഥം."

ശാസ്ത്രങ്ങൾ വ്യാകരണസൂത്രങ്ങൾ നല്ല തർക്ക
വാദങ്ങൾപിന്നെ ധർമ്മശാസ്ത്രങ്ങൾ പുരാണങ്ങൾ
വേദം ഗണിത മന്ത്രവാദം ചികിത്സാഗ്രന്ഥ-
ഭേദം ശാസ്ത്രവിദ്യാവിനോദമെന്നിവകളും
ആട്ടം കളികൾപിന്നെച്ചാട്ടം ഞാണിന്മേലേറി
ഓട്ടംതുള്ളലും പല കൂട്ടം ഗ്രഹിച്ചവനും,
കോട്ടംകൂടാതെ കവിക്കൂട്ടം ചമച്ചുണ്ടാക്കി
വാട്ടംകൂടാതെവിദ്വൽക്കൂട്ടത്തെബോധിപ്പിപ്പാൻ
ഒട്ടുമെളുതല്ലെന്നു ഞെട്ടും നരയെക്കണ്ടാൽ
മുട്ടും മനസ്സുപാരം ചുട്ടുപാടിച്ചതെല്ലാം,
വിട്ടുപോമത്രയല്ലാ കിട്ടും പരിഹാസങ്ങൾ;
കേട്ടും കവികൾചിലർകേട്ടും പ്രയോഗിക്കു-
തട്ടുംമേലേറുംനേരം തട്ടുമവനുഭംഗം [മ്പോൾ
ഇഷ്ടം ലഭിക്കയുമില്ലനിഷ്ടം ലഭിക്കുംതാനും;
ഇത്ഥംവിചാരിക്കുമ്പോളിത്തൊഴിലെളുതല്ലാ
ചിത്തം ഗുരുക്കന്മാരിൽ നിത്യമുറപ്പിക്കുന്ന
സത്തുക്കൾക്കൊരുഭാഗ്യമെത്തുമെന്നതേ വേണ്ടു.

ഉലകുടെ പെരുമാൾ വാഴുംകാലം
പലകുടിയില്ല ധരിത്രിയിലെങ്ങും
വിലപിടിയാത്ത ജനങ്ങളുമില്ല
ചെലവിടുവാൻ മടിയൊരുവനുമില്ല;
തലമുടി ചൊടിയും പല്ലും മുറിവും
മുലയും കണ്ടാലഴകില്ലാത്തൊരു
ചലമിഴിമാരിവിടൊരുത്തരുമില്ല;
മലയാളം പരദേശങ്ങളിലും
സ്ഥലമില്ലാത്ത ഗൃഹങ്ങളുമില്ല,
ജലമില്ലാത്ത കുളങ്ങളുമില്ല;
ഫലമില്ലാത്ത മരങ്ങളുമില്ല,
ഫലമില്ലാത്ത വിവാദവുമില്ല,
ഓത്തില്ലാത്ത മഹീസുരരില്ല;
കൂത്തില്ലാത്ത നടന്മാരില്ല;
പോത്തില്ലാത്ത കൃഷിക്കാരില്ല,
ചാർത്തില്ലാത്ത ധനവ്യയമില്ല;
കള്ളംപറഞ്ഞു നടക്കുന്നവരും
കള്ളുകുടിച്ചു മുഷിക്കുന്നവരും
പൊള്ളപറഞ്ഞു ഫലിപ്പിപ്പവരും
ഉള്ളിലസൂയ മുഴുക്കുന്നവരും
കള്ളന്മാരും കശ്മലജാതികൾ
ഉള്ളൊരു ദിക്കുകൾ കാണ്മാനില്ല
എള്ളും നെല്ലും പൊന്നും പണവും
എങ്ങുമൊരേടത്തില്ലാതില്ല
ഉത്തമഗുണനാമുലകുടെ പെരുമാൾ
ഇത്തരമവനിസുഖത്തെ വരുത്തി
പത്തനസീമനി പരമാനന്ദം
സ്വസ്ഥതയോടെ വസിക്കുംകാലം;
ശാസ്ത്രിബ്രാഹ്മണനൊരുവൻ വന്നഥ
ശാസ്ത്രമൊരല്പം വായിച്ചുൻപൊട്ട
ധാത്രീശ്വരനെബ്ബോധിപ്പിച്ചതു-
മാത്രം ഞാനിഹ കഥനംചെയ്യാം.

ശ്രീമധുസൂദന ഭക്തശിരോമണി
സോമകുലാംബുധി പൂർണ്ണശശാങ്കൻ
ഭൂമിപുരന്ദരനായ യുധിഷ്ഠിര
ഭൂമിപനടവിയിലാദരവോടേ
ഭീമാദികളാമവരജരോടും
ഭാമിനിയാകിയ ദ്രൗപദിയോടും
മാമുനിമാരുടെ വേഷംപൂണ്ടഥ
യാമിനിതന്നിലുറക്കമിളച്ചു
"രാമഹരേ! വരദേ"തി മുദാ തിരു
നാമജപങ്ങൾ മുടങ്ങീടാതെ
ആമയഹരരുചി തീർത്ഥജലങ്ങളി-
ലാമഗ്നന്മാരായിനടന്നു.
കൈതവരഹിതന്മാരവർ സുഖമൊടു
ദ്വൈതവനത്തിലിരിക്കുംകാലം
കൈതവമിയലും കുരുകുല കുമതികൾ
ചെയ്യൊരു കള്ളച്ചൂതുനിമിത്തം
ജാതമതാകിന വൈരമൊഴിപ്പാ-
നേതൊരുമാർഗ്ഗം സമുചിതമെന്നായ്
ചേതസി കിമപി വിചാരിക്കുമ്പോൾ
പ്രീതനതാകിന വേദവ്യാസൻ
പരിചൊടു വന്നുപദേശംചെയ്തു;
പരമേശ്വരനൊടു പാശുപതാസ്ത്രം
വിശ്വാസത്തൊടു വാങ്ങിക്കൊണ്ടഥ
ശത്രുജയത്തിന വരവുംവാങ്ങി
സത്വരമങ്ങു വരേണം വിജയൻ
വിരവൊടു പോകെന്നരുൾചെയ്തീടിന
പരവചനത്തെക്കേട്ടഥ വിജയൻ
ഗുരുവന്ദനവും ചെയ്തു കരത്തിൽ
ശരവും വില്ലുമെടുത്തു തിരിച്ചു
ഗിരിശൻ ഭഗവാൻ വാണരുളുന്നൊരു
ഗിരിയുടെ മുകളിൽ ച്ചെന്നുകരേറി
സുരവരതടിനീസലിലേമുഴുകി
തരസാ നിന്നു തപസ്സുതുടങ്ങി.
പഞ്ചായുധരിപു തന്നുടെ നാമം
പഞ്ചാക്ഷരമതു പാഠംചെയ്തു
പഞ്ചാഗ്നികളുടെ നടുവിലനാരത-
മഞ്ചാതേകണ്ടവിടെവസിച്ചു,
പഞ്ചാനനസമധീരനതാകിന
പാഞ്ചാലീപതി പാണ്ഡുതനൂജൻ
പഞ്ചേന്ദ്രിയവുമടക്കി മനസ്സിൽ
സഞ്ചാരത്തിന വഴികൾ മുടക്കി
ചഞ്ചലഭാവവുമഖിലമകന്നു ക-
രാഞ്ചലയുഗളം മുകുളിതമാക്കി
കിഞ്ചന സംശയമിടകൂടാതെ
നെഞ്ചിലുറച്ചു ശിവോഹമതെന്നു്
സഞ്ചിതഭാവവിശുദ്ധജ്ഞാനവു-
മഞ്ചിതമാകിന ശിവനുടെ രൂപം
അഞ്ചും മൂന്നും മൂർത്തികളുള്ളൊരു
സഞ്ചിതഗുണനാമഖിലേശ്വരനുടെ
ചെഞ്ചിടമുടിയും, നിടിലത്തടവും,
സഞ്ചിത പാവക നേത്രപ്രഭയും
ചഞ്ചലഫണമണികുണ്ഡലയുഗവും
പുഞ്ചിരിതഞ്ചിന തിരുമൊഴിവടിവും
ഗരളസ്ഫുരിതമഹാഗളതലവും
പരിലസിതം ഫണി തിരുമാറിടവും
പരശുമൃഗാഭയവരദകരങ്ങളും
ശരശുഭാഞ്ചിത കരനാളികയും
കരിചർമ്മാവൃത വികടകടീതട
പരിലസിതോരഗമണിമേഖലയും
പരിമൃദുതുടകളുമടിമലരിണയും
പരിചൊടു ചേതസി ചേർത്തു കിരീടി
പരമാനന്ദസമുദ്രേ മുഴുകി-
പ്പരമേശ്വരനഹമെന്നുമുറപ്പി-
ച്ചുരുതരഭക്തിമുഴുത്തുമുനീശ്വര
ചരിതത്തെക്കാളൊന്നു കവിഞ്ഞു;
ഫലമൂലാദികൾ ഭക്ഷണമില്ലാ
ജലപാനത്തിനുമാഗ്രഹമില്ലാ
നിലമതിലൊരു കാലൂന്നിക്കൊണ്ടൊരു
നിലയും നിഷ്ഠയുമെത്രസുഘോരം!
വലരിപുസുതനുടെ ജടയുടെ നടുവിൽ
പലപല പക്ഷികൾ കൂടുകൾകെട്ടി
കലപുലിപന്നികളെന്നിവ വന്നു
പലരും ചെന്നു വണങ്ങീടുന്നു
ചുററും വള്ളികൾ വന്നുടനിടയിൽ
ചുററുന്നതുമവനറിയുന്നില്ല,
പുററുചുഴന്നു കിളുന്നിതിനകമേ
ചുററുന്നതുമവനറിയുന്നില്ല

പൂവാം പാമ്പുകൾ വന്നാൽ...
മൂന്ന് ജില്ലാ മാലയും...

മട്ടുമാറി.

ചന്ദ്രക്കലാധരൻ സന്തോഷം സേവ ചെയ്യാൻ
ചന്ദ്രപ്രതിമൻ വീരൻ ചാപ്പസമേതനായി
രണ്ടുള്ള പങ്കജങ്ങളും വെടിഞ്ഞുമറയാക്കി
ആറിൽ കടന്നു പിന്നെ ഏഴുള്ള മാർഗ്ഗത്തൂടെ
എട്ടുള്ള പെട്ടകങ്ങൾക്കുള്ളും തുറന്നുവച്ചു
ഒമ്പതാം വാതിലപ്പുറം ബന്ധനം ചെയ്തുധീരൻ
പത്തുള്ള ദിക്കിൽക്കൂടെ പേറും സഞ്ചാരം ചെയ്തു
ആയിരമിതളുള്ള താമരയിതൾ പല
ഭംഗം പറന്നു പല ഭംഗികയായുള്ളൊരു
പിംഗ യിടതന്നിൽ പിന്നെ സുഷുമ്നതന്നിൽ
ഒക്കെക്കടന്നു പിന്നെ ദുർഘടനദികളും
ജിഹ്വാഗ്രബന്ധത്തിന്റെ സാഗ്രേ കടന്നു വീരൻ
സൂര്യന്റെ ദിക്കിൽ ചെന്നു സൂര്യപ്രതിമൻ ധീരൻ
പഞ്ചാരപായസങ്ങൾ കൂടിക്കലർന്നിട്ടുള്ള-
തഞ്ചാതെ സേവ ചെയ്തു പായസപ്രിയസഖി.

മട്ടുമാറി.

അത്ര ഭയങ്കരമായ തപസ്സിനു
പാത്രമതാകിയ പാർത്ഥൻ തന്നുടെ
വാർത്തകൾ കേട്ടു വനവാസങ്ങളിൽ
ചീർത്തൊരു ഭീതി മുഴുത്തു തുടങ്ങി;
പാർത്ഥിവവരനിവനെന്നുടെ രാജ്യം
പാർത്തിരിയാതെ കരസ്ഥമതാക്കും
പാർത്തലമൊക്കെയടക്കി ഭരിയ്ക്കും
പാർത്താലിനിയിതുവരെ വാസവ്യ,
സാർത്ഥമിതാവനമെന്നോർത്ത്
ദുർഗ്ഗവന്നടമകനു തുടങ്ങി
ഭർഗ്ഗനെ വന്നു തപസ്സു തുടങ്ങി
ദുർഗ്ഗതിനീക്കാമെന്നുറച്ചു,
തൻകഴൽ വന്നു വണങ്ങുന്നവരുടെ
സങ്കടമൊക്കെയൊഴിക്കണമെന്നു
ശങ്കരനൊന്നു കടാക്ഷിക്കുമ്പോൾ
കിങ്കരരായ്‌ വരുമിജ്ജനമെല്ലാം,
നിർജ്ജരരാജൻ നിയമപ്രകാരമത്
അജ്ഞനനിവഹത്താൻ വാപ്പുകൊടുത്തു
സാപ്പുനടങ്ങിയിരിക്കവേണ്ട
വെച്ചാലും വാളെന്നു ഗിരീശൻ
കല്പിച്ചതുകിപലരാനെന്നാല്ലാ-
തിപ്പുരിഷയ്ക്കൊന്നറിയാമോ?
ഇത്തൊഴിലൊക്കെ വരുത്തും നമ്മുടെ
പുത്രൻ ഫല്ഗുനനെത്രസമർത്ഥൻ,
ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹ നൂനം;
തനയൻ ജനകനെ വഞ്ചന ചെയ്യും
ജനകൻ തനയനെ വധവും കൂട്ടും
അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും
മനുജന്മാരുടെ മാർഗ്ഗമിതെല്ലാം;
കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം;
ഉഗ്രതപെരുകിനധൃതരാഷ്ട്രാത്മജ-
നഗ്രജനാകിന ധർമ്മാത്മജനുടെ
നിഗ്രഹമല്ലാതുള്ളൊരു തൊഴിലുക-
ളൊക്കെയെടുത്തു തടുത്തു വലച്ചും
പലരും കാൺകെ ദ്രൗപദിതന്നുടെ
തലമുടി പിടിപെട്ടടിയും കൂട്ടി
തുടതിപൊടിച്ചും പുടവയഴിച്ചും
പൊടിയിലിഴച്ചും പൂജ കഴിച്ചും
ദുശ്ശാസനനെന്നവനെപ്പോലെ
കശ്മലനായിട്ടൊരുവനുമില്ലാ:
മര്യാദയ്ക്കു നടക്കണമെന്നു
ദുര്യോധനനൊരുഭാവവുമില്ലാ,
ജ്യേഷ്ഠനിരിക്കെക്കുരുവംശത്തിൽ
ശ്രേഷ്ഠൻ ഞാനെന്നവനുടെ ഭാവം
ജ്യേഷ്ഠനെ നാട്ടിൽ കണ്ടെന്നാകിൽ
വെട്ടുകൾ തല്ലിപ്പല്ലുപൊഴിക്കും;
നാടും നഗരവുമൊക്കെ വെടിഞ്ഞിഹ
കാടും വാഹനവസിച്ചു യുധിഷ്ഠിരൻ
സാദരമതുമബ്ധിനലഞ്ഞെനിപ്പോൾ
ശിവനെസ്സേവതുടങ്ങി പെരുക്കേ;
ഭുവനം ചൂണ്ട മടക്കിവസിപ്പാ-
നവനുടെ ഗ്രഹമതുസാധിക്കും
ശിവനും പിന്നെ സേവിപ്പോരെ
ശിരസികരേറാനൊരു മടിയില്ലാ;
കടിലതയുള്ളൊരു ചന്ദ്രക്കലയും
മുടിയിലെടുത്തു നടക്കുന്നില്ലേ?

ഭുവനദ്രോഹം ചെയ്യാനായി
ശിവനെച്ചെന്നു ഭജിക്ക നിമിത്തം
ഭുവനം മൂന്നു ലഭിച്ചു പുരന്മാർ
ഭുവനം മൂന്നും ഭസ്മമതാക്കി;
നമ്മുടെ മകനെന്നാകിലുമിങ്ങിനെ
നിൎമ്മൎയ്യാദം ഭാവിച്ചാലതു
സമ്മതമല്ലനമുക്കൊരുനാളും
തന്മതഭംഗം ചെയ്യേ പോകൂ;
തള്ളെയ്ക്കിട്ടൊരു തല്ലുവരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളു;
തന്നേക്കാൾ പ്രിയമുള്ള ജനത്തിനു
തന്നുടലിന്നു പിറന്നതു പോരും;
വല്ലാമക്കളിലില്ലാമക്കളി-
തെല്ലാവൎക്കും സമ്മതമല്ലോ
എന്നു മനസ്സിലുറച്ചുടനേ സുര
സുന്ദരിമാരെവിളിച്ചു വരുത്തി;
"സുരകുലതരുണമനോഹരയാകിയ
സുരുചിരതരുണിതിലോത്തമയെങ്ങു?
ഉൎവ്വശിയെങ്ങു? മേനകയെങ്ങു?
സൎവ്വഗുണാംബുധിരംഭയുമെങ്ങു?
സൎവ്വരുമിങ്ങു വരട്ടെ നിങ്ങടെ
സൌന്ദൎയ്യാദിഗുണങ്ങടെ ഭംഗികൾ
പാരാതൊരു ദിശി കാട്ടണമെങ്കിൽ
സംഗതി വരുമൊരു പുരുഷനുടെ വ്രത-
ഭംഗം ചെയ്യാനൊരു വഴിയുണ്ടാം
നമ്മുടെ മകനാമൎജ്ജുനനിപ്പോൾ
മന്മഥഹരനെസ്സേവ തുടങ്ങി;
നമ്മുടെ രാജ്യമടക്കി വസിപ്പാ-
നെന്മകനുള്ളിലൊരാശതുടങ്ങി;
ഭക്തപ്രിയനാം ഭഗവാനും പുന-
രൊത്ത വരങ്ങൾ കൊടുക്കും നിയതം;
സത്വരമവനുടെ ചിത്തമിളക്കാ-
നിത്തിരിപണിയെന്നാകിലുമുടനെ
ചെന്നതു സാധിച്ചില്ലെന്നാൽ പുന-
രെന്നുടെ പൌരുഷമൊക്കെ നശിക്കും.

മട്ടുമാറി.

"ഉല്ലാസത്തോടേനിങ്ങളെല്ലാമവിടെച്ചെന്നു
വില്ലാളിവീരനോടു സല്ലാപംപേശിക്കൊണ്ടു
മല്ലീവിശിഖനുടെ വില്ലിനെതിരായുള്ള
ചില്ലീവിലാസം കൊണ്ടുതല്ലിവശം കെടുപ്പിൻ
കല്ലോലംപോലെയുള്ള നല്ലൊരു കൺമുനകൾ
മെല്ലെന്നവന്റെ നേരെ ചെല്ലുന്നനേരമുള്ളിൽ
തെല്ലും വികാരമുണ്ടായില്ലെന്നു വരത്തില്ലാ
മുല്ലമൊട്ടിന്റെഭംഗി വെല്ലുംനിങ്ങടെനല്ല
പല്ലും ചൊടിയുംമിഴിത്തെല്ലും കാണുന്നനേരം
കല്ലുംമയങ്ങിപ്പോമെന്നല്ലോ ജഗൽ പ്രസിദ്ധം;
കില്ലുനമുക്കു ചെറ്റും ഇല്ലിതു നിങ്ങളുടെ
ചെല്ലുന്നതാമസമതല്ലാതെ മറ്റൊന്നില്ലാ
നല്ലാർമണികൾ നിങ്ങളല്ലാതിന്നൊരുത്തരു-
മില്ലാ നമുക്കെന്നുള്ളതെല്ലാരും ബോധിക്കേണം
വല്ലാതെ ശങ്കിച്ചിങ്ങുനില്ലാതെ ചെന്നടുത്തു
നല്ലകടാക്ഷംകൊണ്ടുകൊല്ലാക്കൊലചെയ്യേ
[ണം;
നല്ലപാട്ടുകൾ കൂത്തുമെല്ലാംപ്രയോഗിക്കുമ്പോൾ
നല്ലരസികൻ പാൎത്ഥൻ മെല്ലവേ കൺമിഴിച്ചു
കല്യാണിമാരെക്കണ്ടാ ലില്ലാതെയാകുംധൈൎയ്യം
ചൊല്ലാമന്നേരം കാൎയ്യമെല്ലാംനമുക്കുവന്നു."
ഏവമരുൾ ചെയ്തോരു ദേവാധിരാജനുടെ
ഭാവമറിഞ്ഞുടനേ ദേവസ്ത്രീകൾ പറഞ്ഞു
"നിന്തിരുവടിയുടെ ചിന്തിതം സാധിപ്പിപ്പാൻ
ദന്തിഗാമിനിമാൎക്കെന്തു സന്ദേഹം നിന്റെ
അന്തികേ സൎവ്വകാൎയ്യംസാധിച്ചുപോരുംഞങ്ങൾ
ചെന്തീയിൽചെന്നു ചാടിനീന്തീടാൻകല്പിച്ചെ
ന്നന്തരംഗത്തിലേതും അന്തരമില്ലതിനു [ന്നാൽ
കുന്തീസുതന്റെ ചിത്തഭ്രാന്തി വരുത്താനൊരു
പന്തികൾ നിരൂപിച്ചാൽ സാധിക്കുന്നതുമല്ല;
എന്നുവരുകിലുമതിന്നു മടിക്കൂടാതെ
ചെന്നു സാധിച്ചുപോരാമെന്നു ധരിച്ചീടേണം
കിന്നരന്മാരും കൂടെപിന്നാലെ പോന്നീടേണം
പിന്നെ ഗന്ധൎവ്വന്മാരും മുന്നിൽനടന്നീടേണം.
എന്നാലടിയങ്ങൾക്കു നന്നായ് വരുവാൻവരം
തന്നാലും! തമ്പുരാനേ വന്നാലു"മെന്നു ചൊല്ലി
ഒന്നിച്ചു നാരീവൃന്ദം വന്ദിച്ചു വഴിപോലെ
നന്ദിച്ചു പുറപ്പെട്ടു മന്ദിച്ചിടാതെ തന്നെ.

മട്ടുമാറി.

സുരതരുണികളുടെ നടന്നു,
സുരഗിരികടകങ്ങൾ കടന്നു,

പരിമളവചനങ്ങൾ തുടർന്നു,
പരിചൊടുമനമൊന്നു വിടർന്നു,
വരവാണിജനങ്ങടെ തലമുടി
പട്ടതരമഴികയും മലർ പൊഴികയും
മണമമ്പൊടു വിലസുകയും,
ഹരിസുതനുടെ മുമ്പിലടുത്തു,
കരതലമതിൽ വീണയെടുത്തു,
സരസിജശരനൊന്നു കയർത്തു,
പരിചൊടു മലരമ്പു തൊടുത്തു,
വിധമൊന്നു പകർന്നു വിളങ്ങിനകാലം
പുലി കരടികളും കുറുനരികളും
മാനുകൾ പന്നികളും
മദമിളകി നടന്നു തുടങ്ങി,
മലയുടെ തടമൊന്നു നടുങ്ങി
മലയരും പുനരൊക്കെ നടുങ്ങി,
പലവഴികളുമൊക്കെ മുടങ്ങി,
സുരസുന്ദരിമാരഥ മലഹരി ബലഹരി
പാടുകയും ചിലരാടുകയും
ഒളിമുഖവീണകളോതുകയും,
ഒളിമിഴിയുടെ ഭംഗി വരുത്തി,
തെളിവൊടു ചിലർ പൂവു നിരത്തി,
കളിപൂവുമതുടങ്ങിയൊരുത്തി,
കളമൊഴികളെ മുന്നിലിരുത്തി,
കനിവൊടു തുടർന്നിതു പട്ടതര-
മൊരുവകതാളവും, ചിലമേളവും,
ചിലകൊട്ടുകൾ പാട്ടുകളും,
ഒരുകാമിനി വൊറിലതെറുത്തു,
ഒരു സുന്ദരി പുഷ്പമറുത്തു,
ഒരുവൾക്കഥ പാതികൊടുത്തു,
ഒരുവൾക്കതുകണ്ടു വെറുത്തു,
ഒരുവൾക്കഥമുഞ്ഞികറുത്തു;
ചലഭാവവുമിങ്ങിനെ:കാട്ടുന്ന
കനിയുന്ന കാട്ടും പടലും,
സുതനുക്കളൊന്നു തളർന്നു,
നരവീരനെ മാടി വിളിച്ചും
സരസം പുനരൊന്നു കളിച്ചും,
വിരവോടൊരു മിക്കിളിയൊളിച്ചും
ചിലരൻപൊടുനെററി ചുളിച്ചും

കലഹിച്ചു പറഞ്ഞിതു കൊട്ടിന്നു-
പാട്ടിന്നും കുഴലൂത്തിന്നും
ഒട്ടും വിജയാ! നിനക്കരസമില്ലേ?
അതിമോഹനമെന്നുടെയാനം
അതിമോഹനമെന്നുടെ ഗാനം
ഹിതമില്ലിതു നിന്നുടെ ഗാനം
ബാധിലൊക്കെനിനക്കഭിമാനം
ഇതിനെന്തൊരു സംഗതി കണ്ടാലും കളിയല്ലേ
തണ്ടാർമിഴിമാരശേഷമിതാവന്നു;
തവകണ്ണുകളാശു തുറക്ക!
നവലീലമനസ്സിലുറയ്ക്ക!
ശിവസേവയിലാശകുറയ്ക്ക!
അവമാനമിതൊക്കെ നിനയ്ക്ക!
നരവീര! ധനഞ്ജയ!വന്നാലും വിരവോടെ
വാമാക്ഷിമാരെ വിരഞ്ഞങ്ങു വിഹരിക്കാം;
വല്ലഭ! നാരിമാരെക്കണ്ടാൽ
നല്ലവാക്ക പറഞ്ഞിടേണം
മുല്ലസായകതുല്യനാകിയ
നല്ലസുന്ദരനല്ലയോ നീ
കന്തിനന്ദനനായ ഭവാൻ
എന്തിനിങ്ങനെ ദുഃഖിക്കുന്നു?
പന്തണിക്കുളർകൊങ്കമാരുടെ
ചന്തമൻപൊടുകണ്ടാലും നീ
കണ്ണുകളായിരമുള്ളവനും
കണ്ണനും പ്രിയനായ ഭവാൻ
കണ്ണടച്ചിതു വിണ്ണിലുള്ളൊരു
പെണ്ണുങ്ങൾക്കതിദന്ധമയ്യോ!
ഖാണ്ഡവത്തെക്കരിച്ചവനേ!
ഗാണ്ഡിവത്തെ ധരിച്ചവനേ!
പാണ്ഡവ! കളവാണിമാരുടെ
താണ്ഡവങ്ങളെക്കണ്ടുകൊൾക!
വാശിയൊന്നും തുടങ്ങിടാതെ
വേശ്യമാരെ പരിഗ്രഹിക്ക
ഈശസേവയിലാശവേണ്ടാ സു-
രേശനന്ദന! ക്ലേശമയ്യോ.

മട്ടുമാറി.

ഇങ്ങനെ പലവിധമുരചെയ്തും പുന-
രംഗജശരതതിയേററവലഞ്ഞും

അംഗനമാരവർചെയ്യോരു യത്നം
ഭംഗമതായി മനസ്സുംമുട്ടി.
അഥാഘനഭാവസമാധിയുറപ്പി-
ച്ചവിടെ സ്ഥിതനാമർജ്ജുനവീരൻ
ഇക്കഥയൊന്നുമറിഞ്ഞതുമില്ലവ-
നൽക്കടുധൈര്യപദയാധിഗഭീരൻ
അർജ്ജുനമാനസബന്ധമഴിപ്പാ-
നിജ്ജനമോർത്താലെളുതല്ലന്നിററ
നിർജ്ജരനാരികളെല്ലാം തരസാ
ലജ്ജിതമാരായങ്ങു നടന്നു.
ഹസ്തിനപുരമതിലതുകാലം ചില-
രൊത്തുവിചാരവുമൊന്നു തുടങ്ങി;
കാട്ടിലിരിക്കും ധർമ്മാത്മജനെ
നാട്ടിലിരിക്കും ബ്രാഹ്മണർ ചൊല്ലി:
കേട്ടുവിശേഷം ദുര്യോധനനും
കൂട്ടക്കാരും കുരുസഭതന്നിൽ
മന്ത്രികളും യജമാനന്മാരും
യന്ത്രികളാകിന കണ്ണൻ ശകുനി
"അന്തണവരരേ! കാട്ടിലിരിക്കും
കുന്തീസുതരുടെ വാർത്തകൾ പറവിൻ,
നാട്ടിലവർക്കു പുരധരിത്രിയെക്കാൾ
കാട്ടിൽപെരുകിന പരമാനന്ദം;
കാററിൻമകനുടെ കായമതിപ്പോൾ
കാററും മഴയുമേററു വലഞ്ഞു
കൊററിനു വകയില്ലാഞ്ഞിട്ടങ്ങൊരു
കൊററിപ്പക്ഷികണക്കെ മെലിഞ്ഞു"
"കൊററിനു വകയില്ലെന്നോ? ശിവശിവ!
മാററികൾ നിങ്ങൾക്കെന്തറിയാവൂ
ഊററക്കാർക്കൊരിടത്തും ചെന്നാൽ
ഊനം വരുമാറില്ലെന്നറിവിൻ
ഫലമൂലാദികൾ വളരെത്തിന്നാം
മലയിലതല്ലാതെന്തൊന്നുള്ളൂ?
ഫലമില്ലാത്ത വിവാദംകൊണ്ടിഹ
കലഹിക്കുന്നതുമെന്തിനുവെറുതേ?
കറിനാലും കൂടാതൊരു ഭക്ഷണ-
മറിയുന്നില്ല വനങ്ങളിലെങ്ങും"
"കറിവെപ്പാനെന്തുള്ളതു കാട്ടിൽ!
വിറകിനു മാത്രം മുട്ടില്ലവിടെ
അരിയും മോരും പാത്രവുമീവക-
യൊരു വസ്തുക്കളുമവിടെക്കിട്ടാ;
കൂറപറഞ്ഞാൽ ബോധംവരുമോ
ചോറുണ്ണുന്നവരുണ്ടോ കാട്ടിൽ?
ചോറുതരും യജമാനന്മാരിൽ
കൂറുണ്ടായതു കുററമതല്ലേ?"
"കാര്യം പറയാമറിയണമെങ്കിൽ
സൂര്യനവർക്കൊരു പാത്രം നൽകി:
എന്തൊരു വസ്തു നിരൂപിച്ചെന്നാൽ
അന്തരമില്ലതിലുണ്ടാമപ്പോൾ
അരിയുംവേണ്ടാ വിറകുംവേണ്ടാ
കറിവെപ്പാനായൊന്നുംവേണ്ടാ
ഉപ്പുംവേണ്ടാ മുളകുംവേണ്ടാ
വെപ്പാനുള്ളവരാരുംവേണ്ടാ
നിരുപിക്കുമ്പോൾ ചോറുംകറിയും
പരിചൊടു പാത്രംതന്നിൽക്കാണാം
എലയുംമോരുംപഴവുംതൈരും
ചെറുവഴിയാതങ്ങവിടെക്കാണാം"

മട്ടുമാറി.

"തോരമ്പരിപ്പുപ്രഥമൻ പീരക്കറിയുമിഞ്ചി-
ത്തൈരും പച്ചടിയതിൽചേരും വേപ്പിലക്കട്ടി
നാരങ്ങാമാങ്ങാ പലനേരം ശാപ്പാടിങ്ങനെ
ഓരോ ദിവസമോരോ ഘോഷം വിശേഷിച്ചു-
ണ്ടാം
കണ്ണൻപഴവും പൊന്നിൻകിണ്ണം നിറച്ചു പാലും
വെണ്ണയും നല്ല ചോറുമുണ്ണാതെ പോകുന്നെന്തേ?
പൊണ്ണാ വന്നാലുമെന്നീവണ്ണം വിളിക്കും ഭീമൻ
തിണ്ണംവഴിമേൽ വന്നു കണ്ണിൽ കണ്ടോരെയെ-
പക്കപ്രഥമനോടു വക്കാണിക്കുന്നവരെ ല്ലാം
തക്കത്തിൽ വിളിച്ചില വെട്ടുന്നു ഭീമസേനൻ;
ഒക്കെപ്പറവതിനു വാക്കിനു ഭംഗിപോരാ
പാക്കിനും വെററിലയ്ക്കും തുക്കപുകയിലയ്ക്കും
ആർക്കും മുഷിച്ചിലില്ല പാക്കും പരിഷകൾക്കു
ഭോഷ്ക്കല്ലവിടെയുള്ള സൌഖ്യത്തിനെതിരില്ല.

മട്ടുമാറി.

സമ്പത്തികളുമാപത്തികളു-
മെമ്പത്തെട്ടു സഹസ്രംബ്രാഹ്മണ-
രെപ്പൊഴുമവരൊടുകൂടി നടക്കുമ-
തില്ലരമെന്തൊരു ഭാഗ്യം വേണ്ടു;

ഇപ്പോളർജ്ജുനനവിടത്തില്ലാ
അല്പം നീരസമതുകൊണ്ടുണ്ട്"
"എങ്ങുഗമിച്ചു ഫൽഗുനനിപ്പോൾ?"
"നിങ്ങളതൊന്നും ബോധിച്ചില്ലേ"
പാരാശര്യൻ വന്നരുൾചെയ്തു
പാരാതേകണ്ടർജ്ജുനനിപ്പോൾ
പുരാന്തകന്റെ ചരണാംഭോരുഹ-
മാരാധിച്ചു തപംചെയ്യുന്നേ
പശുപതിതന്നോടു പാശുപതാസ്ത്രം
ശരവുംവാങ്ങി ശത്രുജയത്തിനു
വരവും വാങ്ങി വരേണം വിജയൻ
പാരാതേകണ്ടരികളെയെല്ലാം
കൊൽവാനെളുതല്ലെന്നരുൾചെയ്തു;
തെല്ലുംമടിക്കൂടാതേ പാർത്ഥൻ
വില്ലും ശരവുമെടുത്തുതിരിച്ചു
കൈലാസാചല മൂലേചെന്നഥ
കാലാന്തകനെസ്സേവ തുടങ്ങി;
ശരവും വാങ്ങിക്കൊണ്ടു ധനഞ്ജയ-
നൊരുമാസത്തിനകത്തുവരുമ്പോൾ
കുരുവംശത്തെ മുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലാ."
അന്തണരുടെമൊഴികേട്ടു സുയോധന-
നന്തസ്താപം വളരെമുഴുത്തു,
"കൌന്തേയന്റെ തപസ്സുമുടക്കാ-
നെന്തൊരുകുസൃതി വിചാരിക്കേണ്ടു?
അമ്മാവന്റെ പ്രയത്നമിതെന്ന്യേ
നമ്മാലൊരുകഴിവില്ലെന്നറിവിൻ,
ധർമ്മാത്മജനും സഹജന്മാർക്കും
ഉമ്മാറ്റം വകയില്ലെന്നല്ലവർ
സമ്മാനങ്ങളുമങ്ങുതുടങ്ങി
സമ്മോദാൽമരുവുന്നിതുപോലും
നിർമ്മാനുഷവിപിനത്തിലിരുന്നവർ
ധർമ്മംചെയ്തു തുടർന്നുകൊള്ളും;
അതിനെക്കാളൊരു ദുർഘടമിപ്പോൾ
അതിയായിട്ടു നമുക്കുലഭിക്കും;
ഹരനെച്ചെന്നു തപസ്സും ചെയ്തൊരു
ശരവുംവാങ്ങി വരുമ്പോൾ വിജയൻ
കുരുവംശത്തെമുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലാ"
വിരുതൻ ശകുനി പറഞ്ഞാനപ്പോൾ
മരുമകനേ! നീ ഖേദിക്കേണ്ട
നമ്മുടെകൂട്ടിൽ പ്രാണനിരിക്കെ
ധർമ്മജനിവിടെവരത്തില്ലുണ്ണി!
മർമ്മംനോക്കിക്കൊണ്ടു ചതിപ്പാൻ
നമ്മെപ്പോലൊരു മാനുഷനില്ലാ;
മാറ്റലർതലപൊക്കാതെയിരിപ്പാൻ
മരുമകനേ! ചില വിദ്യയെടുക്കാം;
നെറുതികെടുപ്പാൻ കൂടില്ലെങ്കിൽ
പൊറുതികെടുപ്പാൻ ഞാൻമതിയാകും;
ഏതുംഭയമില്ലെന്നുടെകയ്യിൽ
ചൂതും പടവുമിരിക്കുന്നുണ്ട്
വാതുപറഞ്ഞു പിടിച്ചുപറിപ്പാൻ
മാതുലനൊരുവിരുതുണ്ടവിരോധാത്"
കർണ്ണനതുകേട്ടാനാ പറഞ്ഞു
"കർണ്ണസുഖം പറകല്ലനരേന്ദ്ര!
പൊണ്ണൻമാരുതി പോരിൽമടങ്ങും
അണ്ണൻ ധർമ്മജനങ്ങിനെതന്നെ
ഉണ്ണികൾ നകുലൻ സഹദേവനുമി-
ട്ടെണ്ണിനുതുല്യമിതൊക്കെയമർക്കാം;
പാശുപതാസ്ത്രം വാങ്ങി ഫല്ഗുന-
നാശുവരുമ്പോളിത്തിരിവിഷമം
ക്ലേശത്തിനു പുനരർജ്ജുനനോടൊരു
വീശത്തിനുഞാൻ കുറകയുമില്ലാ
ഈശപ്രീതി ലഭിച്ചുവരുമ്പോൾ
ആശുതടുപ്പാനാരുംപോരാ
കീശധ്വജന്റെ ചിത്തമിളക്കാൻ
കൌശലമെന്തു ചിന്തിച്ചാലും
കിങ്കരഭടരെയയച്ചുടനവന്റെ
ശങ്കരസേവമുടക്കാമെങ്കിൽ
സങ്കടമൊന്നു ലഭിക്കയുമില്ലിഹ
ശങ്കവെടിഞ്ഞു നിയോഗിച്ചാലും
ആയതുകേട്ടുപറഞ്ഞുസുയോധന-
"നായതിനൊന്നു പ്രയത്നംചെയ്വാൻ
നായന്മാരെക്കൊണ്ടൊരു ഫലമി-
ല്ലായുധമുള്ളവർതന്നെ ചുരുക്കം.
കള്ളുകുടിപ്പാനല്ലാതൊന്നിനു
കൊള്ളരുതാത്തജളന്മാരേറും

തടിയന്മാരിവർ വീട്ടിലശേഷം
മുടിയന്മാർ ചിലരൊടിയന്മാരും
കുടിയന്മാരിവരെന്തിനുകൊള്ളാം"
"കറുപ്പതിന്നവൻ വരുമ്പോൾ
വെറുപ്പുപാരം നമുക്കതൊന്നും
കറുപ്പതാനെങ്കിലും കണക്കേ
പുറത്തുനില്ലെന്നിരിക്കിലിത്തും
മുറുത്തുവന്നാലവന്റെ കണ്ഠം
അറുത്തുകൊൾവാൻ മടിക്കയില്ല
ചെറുപ്പകാലത്തു ഞാൻ വരുത്തി
പൊറുപ്പതിന്നും കൊട്ടുളുവെട്ടികം
ചുറപ്പതിന്നും നമുക്കു വൈരില
തെറുപ്പതിന്നും തെളിഞ്ഞുനില്ലും
ചെറുക്കനും കൾ കുടിച്ചുവന്നാൽ
കുറുക്കനെപ്പോലടിച്ചുട്ടരേ
പറക്കമാറാകുംപ്രകാരം
മറക്കവോളം പുറത്തുനാട്ടിൽ
കറുത്തുകീറിപ്പറിച്ചുമുണ്ടും
തെറുത്തുകെട്ടിത്തരംകെടേണം;
തരത്തിലെന്റെ പുരത്തിലിപ്പോൾ
കരുത്തരായിട്ടൊരുത്തരില്ലാ
സമർത്ഥരെന്നു നടിച്ചുപാരം
തിമിർത്തുനില്ക്കും ജനങ്ങളെക്കൊ-
ണ്ടനർത്ഥമല്ലാതൊരിക്കലില്ല
പെരുത്തകാര്യം വരുത്തുവാനി-
ന്നൊരുത്തനെഞൊന്നരുത്തുവിട്ടാൽ
അരപ്പണംപോലിനിക്കുകിട്ടാ-
നിരപ്പിലെല്ലാം കരസ്ഥമാക്കും;
കടുത്തൊരിക്കൽപിടിച്ചുകെട്ടി
കടുത്തവെയിലിൽ കിടത്തുമപ്പോൾ
അടുത്തതമ്പിക്കൊത്തവൻവ-
ന്നടുത്തുടൻ വേർപെടുത്തുകൊള്ളും."
"കറമൊരേടത്തുണ്ടാകുമ്പോൾ
മറവരെസ്സേവിച്ചു പൊറുക്കാം;
ജ്യേഷ്ഠനു തിരുവുള്ളക്കേടെന്നതു
കേട്ടാലനുജൻ രണ്ടോ നാലോ
കാട്ടുന്നേരത്തായാലവനുടെ
പാട്ടിലതായ് വരുമെന്നതു മൂലം
കൂട്ടത്തിൽ പലരുണ്ടാകുന്നതു
കോട്ടം നമ്മുടെ കൂട്ടക്കാർക്കു
നാട്ടിലിരിക്കും പരിഷകളേഷണി
കൂട്ടിത്തമ്മിൽ കുലററിടുമ്പോൾ
പോരാക്കാട്ടുകം യജമാനനൊയൊരു
കൂറില്ലാർക്കും നമ്മുടെ നാട്ടിൽ,
ഏറെക്കൊല്ലാൻ തോന്നുമിരിക്കി-
ട്ടേപ്പാറകളും കാട്ടും തൊഴിലുകൾ കണ്ടാൽ
ഈറാവരുംപോലിതാളു ചെയ്യരു-
തെന്നതുമുക്കില്ലെന്നതു കണ്ണാ!
എന്തിനു പലരെശ്ശട്ടയിടുന്നു?
കുന്തീസുതനാം ദേവമൂകകാ-
നന്നെന്നുപായമിതെന്നല്ലാതൊരു
ചിന്തനമുക്കിഹ ചിതമല്ലിപ്പോൾ"
"മൂകാസുരനെച്ചൊല്ലിയയച്ചാ-
ലാകാത്തൊരു വഴിയല്ലിഹ ജ്യേഷ്ഠാ!
ദുശ്ശാസനനസാധിക്കുമവൻ" ഇതി
ദുശ്ശാസനനും വന്ദനചെയ്തു;
"എങ്കിൽ ചെന്നു വിളിച്ചു വരുത്തിൻ"
മൂകൻ വന്നു വണങ്ങിച്ചൊന്നാൻ:—
"മൂകൻ ഞാനിഹ കല്പനകേട്ടാൽ
ആകെച്ചെന്നു ജയിച്ചു വരുന്നോൻ
നാകം മേദിനി പാതാളവുമിഹ
ലോകം മൂന്നിലുമുള്ള ജനത്തിനു
പാകം വരുവാനുള്ള വിധങ്ങളി-
തൊക്കെപ്പോലും ഗ്രഹിയാതില്ലാ"
"ശകുനി പറഞ്ഞതു കൊള്ളാം മൂകാ!
ശകുനം കൊള്ളാമിന്നു നിനച്ചാൽ
പലരെക്കൂട്ടുകവന്നാലുടനെ
തലപോമെന്നതു ബോധിച്ചാലും!
നിർജ്ജനമാകിന ഹിമഗിരിവനമതി-
ലർജ്ജുനനുഗ്രതപം ചെയ്യുന്നു
അവനെച്ചെന്നു ജയിച്ചുവരാനുട-
നവകാശം വരുമെങ്കിലിദാനീ.
കെല്പോടുടനതിഗമിക്കവാനിഹ
കല്പനഞാൻ പറയുന്നിതു മൂകാ!"
അതുകേട്ടവനും തൊഴുതറിയിച്ചു
അതു ഞാൻ സാധിച്ചീടുവരുന്നേൻ

ചതിക്കുട്ടിപ്പാൻ നമ്മെക്കാട്ടിൽ
ക്ഷിതിയിലൊരുത്തരുമില്ലുന്നുണ്ടോ!
തടിയൻ കിടിയുടെ പടിവു ധരിച്ചും-
നടിയൻ ചെമ്പാഹരിക്കാരാരും
കണ്ണുമടച്ചു തപം ചെയ്യുന്നൊരു
പാണ്ഡുകുമാരൻ തന്റെ ശരീരം
വിരവൊടു ചെന്നു പിളർന്നവനെ-
ന്തരനിമിഷംകൊണ്ടു സുരവരൻ തോന്നു"
ഇത്തരമവനൊടു സമയം ചെയ്തു.
മത്തനതാകിയ മൂകൻ വലിയൊരു
പന്നിത്തടിയനതായിച്ചമഞ്ഞൊരു
കുന്നിൻ മുകളിലൊളിച്ചു വസിച്ചു.

മട്ടുമാറി.

അമരപതിതനയനുടെ ഉരുതര തപോബലാൽ
ആകെ ദഹിച്ചു തുടങ്ങി മഹീതലം
കരടികരിഹരിഹരിണ ശരഭമഹിഷങ്ങളും
കാട്ടുതീതട്ടിദ്ദഹിക്കും കണക്കിനെ;
മനുജനുടെ പരവശത വിരവിനൊടു കണ്ടുടൻ
മാമുനീന്ദ്രന്മാർ പുറപ്പെട്ടു മെല്ലവേ;
തരുണിമുനി, ഹരിണമുനി, കശികമുനി, ഗൌതമി
വാമദേവൻ, ദന്ധി, നാരദൻ, വ്യാസനും, പ്രവർ
കലശഭവമുനിതിലക, മധികനിശിതന്മുഥാ
കണ്വൻ, പുലസ്ത്യൻ, പരാശരൻ വാല്മീകിയും
പലമുനികളിങ്ങധികമതിഭയമിയന്നുടൻ
പാർവതീകാന്തനെക്കാൺമാൻ പുറപ്പെട്ടു;
വിരവിനൊടു രജതഗിരിയുടെ മുകളേറിടിനാർ
വിഘ്നേശജനകനാഥനെ വാഴ്ത്തിനിന്നീടിനാർ,
ഭൂതപതിഭവനമതിലധിയലുമതിപരം
ഭൂതങ്ങൾ ചെന്നങ്ങുണർത്തിച്ചു മെല്ലവേ
"സരവകുലമഖിലമുനികളുമിഹ വിലോചനാ!
ആവലാധിക്കാർ വരുന്നുണ്ടൊരു വിധം
തലിരതജടമുടിയുമധികമിഹരാടിയും
ചാരുരുദ്രാക്ഷവും യോഗപട്ടങ്ങളും
സുരമുനികൾ പലരുമുടനടിപ്പുജലപാത്രവും
മാമുനിമാരുടെ വേഷം മനോഹരം
വിരവിനൊടു മുനികൾ തവ കഴലിണവണങ്ങുവാ
കാലവും പാർത്തു വാഴുന്നു ബാഹ്യാങ്കണേ" ന്ന്

മട്ടുമാറി.

ഇങ്ങനെയുള്ളൊരു ഗിരമാകർണ്ണ്യ
കാമശരാരിയുമരുളിച്ചെയ്തു.
"ആശ്രിതരാകിന താപസവരരെ
ആശുവരുത്തുക വിരവിനൊടേപ്പോയ്"
കിങ്കരവരമതു കേട്ടുടനേ മുനി
സംഘങ്ങളെയും ചെന്നു വരുത്തി.

മട്ടുമാറി.

മുനിവരരമതു പൊഴുതുമുത്തരപിനമിച്ചുടൻ
മുദമോടു ചൂഡനോടേവമോതീടിനാർ
പരമശിവ! പുരമഥന! വരദ! കരുണാനിധേ
പാർവതീകാന്ത! നമസ്തേ നമോസ്തുതേ!
കനകനിറമുടയഫണിനികരമണികുണ്ഡല—
കാലാദിദേവ! നമസ്തേ നമോസ്തുതേ!
നിടിലതടനയനപുര! നിഹതകുസുമായുധ!
നിർമ്മലാകാര! നമസ്തേ നമോസ്തുതേ!
സകലസുരമുനിമനുജദനുജകുലവന്ദിത!
സർവേശശംഭോ! നമസ്തേ നമോസ്തുതേ!"

മട്ടുമാറി.

"മന്ദിമഹാസുരനിധനം ചെയ്യൊരു
നിന്തിരുവടിയിവിടെയറിയേണം
കുന്തീസുതനുടെ നിയമമതാകിന
വെന്തീക്കനലതിലിങ്ങുള്ളോ! ശിവ ശിവ!
വെന്തിടുന്നു ജഗത്ത്രയമെല്ലാം
നിന്തിരുവടിയറിയാത്തതുമല്ലാ;
ചിന്തിതമാകിയ വരദാനത്തിനു
മന്തിഹ താമസമരുതേ ധീശാ!
ദാനവരായവർ ത്രിപുരന്മാരുടെ
ഭവനം മൂന്നു ചുട്ടതുമുള്ള;
തവ പാദസേവകനാകിയ പാർത്ഥൻ
ഭുവനം മൂന്നും ഭസ്മമതാക്കും;
താപരം പാരം മേനിമെലിഞ്ഞു
ശിവനേയൊരുപിടിയെല്ലുമുള്ളൂ
ദിവസംതോറും കൃശനായാൽ പുന-
രവസാനം വരുവാനെന്തുള്ളു
വരമവനേകീലെന്നാലവനുടെ
മരണവുമാശുവരുത്തി മഹേശൻ;
തരമല്ലാത്തവയെസ്സേവിക്കരു—
തെന്നൊരു ദൂഷണമങ്ങുഭവിക്കും

എന്തിനു ശിവനെസ്സേവിക്കുന്നു?
ചിന്തിതമൊന്നു ലഭിക്കയുമില്ല
അന്തംവരുവാനെളുതാം നമ്മുടെ
കുന്തീസുതനു പിണഞ്ഞതുപോലെ
ശത്രുജയത്തിനു ശിവനെക്കണ്ടാൽ-
ലെത്രയുമെളുതെന്നൊരുമുനി ചൊല്ലി
അയയുനേരന്നൊരുത്തൊരു ഭോഷൻ
രാവും പകലും മടിക്കൂടാതെ
കായക്ലേശം ചെയ്തു തുടങ്ങി
കായും കനിയും കൂടെ വെടിഞ്ഞു
ഊണുമുറക്കവുമൊക്കെവെടിഞ്ഞൊരു
ണ്ണുകണക്കേ നിന്നുഭജിച്ചു
എങ്ങും ശിവനെക്കണ്ടതുമില്ലവ-
നിങ്ങനെനിന്നുമരിക്കയുമുള്ളു;
സേവിച്ചവരെക്കുറില്ലാത്തൊരു
ദേവന്മാരെച്ചെന്നു ഭജിച്ചാൽ
ഏവം ഫലമെന്നുള്ളപവാദം
കേവലമിന്നുഭവാനുഭവിക്കും;
നിങ്കലപശ്രുതികേൾക്കും പൊഴുതിൽ
സങ്കടമടിയങ്ങൾക്കു മഹേശ!
ശങ്കരശംഭോ!ശതമഖതനയനു
ശങ്കരനായിവരേണം ഭഗവാൻ."

മട്ടുമാറി. (ലക്ഷ്മീതാളം)

ഹരഹരപുരഹരപരമശിവ!
"ശ്രീകണ്ഠ! ശിതികണ്ഠ! ശംഭോശരണം
ഫണീന്ദ്രമണികണ്ഠ! ജയജയ!
വിശേശ! വിജിതാശ! വിത്തേശസഖ!
പ്രസീദപരമേശ! ജയജയ!"

മട്ടുമാറി. (കുംഭതാളം)

"പരിഹതസുരരിപുമണ്ഡല!ഫണികുണ്ഡല!
പരിപാലയ! പാണ്ഡു സുതം;
ജയജയ!മനസിജമദഭരഖണ്ഡന!
ശശിമണ്ഡന!മദവാരണദണ്ഡധര!"

മട്ടുമാറി. (മർമ്മതാളം)

"ടങ്കവും മൃഗവും പരശുവും
തിങ്കളും തിരുനീർഫണികളും
ഗംഗയും ജടയും പലവിധം
മംഗലാഭരണം തവ വിഭോ!
ജയജയ! ഹര ഹര!
പുരഹര പരമശിവ!
ജയ ജയ! ഹരഹര!"

മട്ടുമാറി. (കുമ്മാച്ചീതാളം)

"മനക്കാമ്പിലുറച്ചുന്നവർക്കെല്ലാം കൊടുക്കും
മടിക്കാതെ വരം നീ മഹാദേവ!
പടയ്ക്കും മിടുക്കുണ്ടായിവരുത്തീട്ടുവാനസ്ത്രം
കൊടുക്കാതിരിപ്പാനെന്തഹോകാരണംജയജയ!"

മട്ടുമാറി. (ചമ്പതാളം)

"കരബലം തടിക്കും കുരുബലം മുടിക്കും
സുരകുലം പുകഴ്ത്തും-വരഫലം കരുത്തും
പലഗുണം വരുത്തും വിജയനു."

മട്ടുമാറി. (പഞ്ചാരിതാളം)

വിജയകരം വിപുലതരം
"വിശിഖവരം വിമതഹരം
വിമലമരം വിതര!പരം
വിഹിതവരംജയജയ!
ഹരഹര!പുരഹര!പരമശിവ!"

മട്ടുമാറി. (അടന്തതാളം)

"തവവരവരബലംകൊണ്ടും
ഗുരുതരംശരബലംകൊണ്ടും
പുനരവൻ കരബലം കൊണ്ടും
ഘനതരം ഹരിബലം കൊണ്ടും
ഹരിസുതൻ വരബലം കൊണ്ടും
വിരുതനായി വരുമതേവേണ്ടു."

മട്ടുമാറി.

ഇത്ഥം മുനികളുടെസിദ്ധാന്തമെല്ലാംകേട്ടനാ-
മുഗ്ധേന്ദുചൂഡൻ മന്ദമന്ദസ്മിതം പൂണ്ടുകി
ഉത്തരമൊന്നവർകൾക്കൊന്നാപംതീരുവാനാ-
യത്രമാത്രമെങ്കിലുമൊന്നരുൾ ചെയ്തില്ലെന്നും;
മറവും തിരുമനസ്സിൽ പാറന്ന ഭാവമെല്ലാം
കുറവും വരാതെ കണ്ടു തെറ്റൊന്നു പോകനല്ലു;
വനമുഖ്യഗിരിടിവന്നു പുറത്തിരിക്കും
മുമ്പേഗമിച്ചു കൊൾകനല്ലു നമുക്കെന്നവർ

കമ്പിട്ടു കൂപ്പിത്തിരുമുമ്പിൽ നിന്നങ്ങുപോന്നു
വമ്പിച്ചതാപസന്മാരെല്ലാരുമൊരുമിച്ചു
ചിന്തിച്ചു ചൂഡവരം പാർവ്വതീദേവിയുടെ
സന്നിധിക്കു ചെന്നുണർത്തിച്ചു വൃത്താന്തങ്ങൾ
"കുന്തീതനയനൊരു [illegible] വിക്കുന്നാ
നിന്തിരുവടിയെപ്പോൾ ബോധിച്ചില്ലയോ ദേവി!
പൊന്തീകനക്കവെൽ ദേഹം ജ്വലിച്ചീടുന്നു
വെന്തീടുമാറായല്ലോ മൂന്നു ഭുവനങ്ങളും
മുന്നമുനികൾ ഞങ്ങൾ [illegible] ണർത്തിച്ചീടും
ഒന്നുമരുൾചെയ്യാഞ്ഞു പോന്നു ഞങ്ങളെല്ലാരും
കുന്നിൻമകളേ! നീതാൻ ചെന്നങ്ങുണർത്തിച്ചെ-
ന്നാൽ
നന്നായ് ഫലിക്കുമെന്നു തോന്നുന്നു ഞങ്ങൾക്കെ-
ല്ലാം
തൃക്കൺമുനകൾകൊണ്ടു വക്കാണിക്കുന്നനേരം
മുക്കണ്ണൻ തമ്പുരാന്റെ മുഷ്കൊന്നുതാണുപോകും;
ഇക്കണ്ടപുരുഷന്മാർ നെയ്യ്ക്കുംഭംപോലെതന്നെ
മൈക്കണ്ണിമാരെല്ലാരും തീക്കട്ടയെന്നപോലെ
ചൊല്ലുള്ളോരം വിദ്വാന്മാരുരചെയ്യുന്നവാക്കിന്നു-
ണ്ടോ
ദോഷമായ് വരുന്നതറിയിലക്കാതിരുന്നാൽപോരാ
ശ്രോത്രപ്രിയം പറകമാത്രമല്ലിപ്പനിന്റെ
നേത്രപ്രസാദമത്രേ [illegible] ലോ;
നേത്രം മൂന്നുള്ളവന്റെ [illegible] പാതിമേടിപ്പാൻ
പാത്രമായല്ലോ നീയും ഗോത്രാധിരാജപുത്രി!"
എന്നതു കേട്ട ഗിരിനന്ദിനി [illegible]
മന്ദഹാസവും ചെയ്തു [illegible]
"ഇന്നൊരുവൻ [illegible]
എല്ലാമുണ്ട [illegible] യാതെ [illegible]
എന്നാലറിയാമല്ലോ എന്നെ [illegible]
എന്നോടു കോപിക്കുന്നിൽ [illegible] മാറിപ്പോ
എന്നരുൾചെയ്തു ദേവി ചെന്നു ഗിരീശൻമുമ്പിൽ
വന്ദനം ചെയ്തുനിന്നാൾ മന്ദഹാസവും തൂകി.

പദം

നിരുപമഗുണവസതേ! ശ്രീനീലകണ്ഠ
നിശമയ മേ വചനം
സുരവരസുതനെന്തേ വാമശിലോത്തമ!
പുരഹര നാഥാ! വിഭോ (നിരുപമഗുണ)

പെരികെക്കാലമുണ്ടല്ലോ ഞാൻ ഭർത്താവേ!
പരിചോടേ സേവിക്കുന്നു
സുരപതിസുതനുടെ പരിഭവം പോക്കുവാൻ
പെരികെയുണ്ടിങ്ങാഗ്രഹം (നിരുപമഗുണ)

ഘോരനിയമങ്ങൾ കാരണം പാർത്ഥന്റെ ദേഹം
പാരം മെലിഞ്ഞുപോയയ്യോ!
പാരാതെ ചെന്നവനു പാശുപതാസ്ത്രം
നൽകീടേണമിന്ദുശേഖരാ! (നിരുപമഗുണ)

ഊണും ഉറക്കവുമെല്ലാം വെടിഞ്ഞു കാട്ടിൽ
വാണു തപം ചെയ്തീടുന്ന
പ്രാണങ്ങൾ പോകുംമുൻപേ
ബാണം കൊടുത്തീടേണം
ബാണന്റെ വാതിൽകാത്തവനേ! (നിരുപമ)

തിരുവുള്ളമെങ്കലുണ്ടെങ്കിൽ താമസിയാതെ-
സുരപതിസുതനു നൽകേണം
അരയ്ക്കാൽനാഴികപോലും
ഇളക്കാതിരുന്നുപോയാൽ
തരക്കേടുവന്നുകൂടും (നിരുപമഗുണ)

മട്ടമാറി.

ഗിരിവരമകളുടെ കളവചനം
പരിചൊടു കരുതിന പുരമഥനൻ
സരസമൊരുവചനമരുളി മുദാ:—
"സരസിജായതദലലോചനയേ!
സുരവരസുതനുടെ മനസ്സിൻമദം
പെരുതു കുറയുക ഗിരിതനയേ!
ധരാശയവനൊരുതരിയുമില്ലാ
കരളിലഹമ്മതി കുറവുമില്ലാ;
സുരകുലവരനുടെ തനയനെന്നും
സരസിജശരനൊടു സദൃശനെന്നും
സരസചരിതങ്ങളിൽ പടുതമനെന്നും
മരുത്തിന്റെ മകനുടെ സഹജനെന്നും
കുരുപതികളിലോരു പ്രധാനനെന്നും
മരുത്തിന്റെ മകനെക്കാൾ വലിപ്പമെന്നും
കരുത്തുള്ളപരിഷയിലധീശനെന്നും
ഗുരുതയുള്ളവർകളിൽ പ്രഥമനെന്നും
കരത്തിൽ വില്ലെടുത്തോരിൽ മുമ്പനെന്നും
ഗുരുക്കന്മാരെക്കാട്ടിൽ പ്രഥിതനെന്നും

നരകമഥനനൊടു സഖിത്വമെന്നും
നരപതികളിലേററം പ്രസിദ്ധനെന്നും
തരുണികലമണികൾ രമണനെന്നും
തരണിഗുണമുടയപുരുഷനെന്നും
പൊരുവതിനതിതരംവിരുതനെന്നും,
പടുതരമമരരാൽ ഭരിതനെന്നും"

മട്ടുമാറി.

"ഇത്തരമുള്ളൊരു ഗർവ്വുശമിപ്പാൻ
ഇത്തിരിപാഠം വന്നേതിരു
യുദ്ധംചെയ്തു തളച്ചുവരുമ്പോൾ
ബുദ്ധിയിൽനല്ല വിവേകവുമുണ്ടാം
പാരംവന്നു പഴുത്തോരൊടുകിനു
നീരുംകെട്ടിയുറച്ചു ചമഞ്ഞാൽ
ക്ഷാരംവച്ചുപഴിപ്പിച്ചവിടെ
ഭാരംവച്ചുമൃദുത്വംവന്നാൽ
വ്യാധിയെടുത്തുകളഞ്ഞതിനകമേ
ശോധനവന്നാലുടനേതന്നെ
വരളാനുള്ള കുഴമ്പുമതിന്മേൽ
പിരളുംനേരം താനേവരളും;
തരളാംബുജദളനയനേ! നിന്നോടു
കരളുപറഞ്ഞിട്ടെന്തൊരുകാര്യം
ദുഷ്ടുകിടക്കെ വാട്ടം വ്രണമതു
പൊട്ടും പിന്നെയുമൊരുസമയത്തിൽ
ഒട്ടുംവൈകാതവനോടു യുദ്ധം
വെട്ടെന്നെടുതുകണ്ടാലും നീ.
എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെവരുന്നതുകാണാം
നേററവിശന്നുകിടക്കും ഫൽഗുന-
നേററവരുമ്പോൾ ഭൂമികുലുങ്ങും
കാററിന്മകനുടെ സോദരനെന്നതു
കാട്ടിത്തരുവൻ കണ്ടാലും നീ;
കാട്ടാളാകൃതികൈക്കൊണ്ടിഹ ഞാൻ
വേട്ടയുമാടിനടക്കുന്നേരം
കോട്ടംകൂടാതവനോടു സമരം
കൂട്ടുവതിന്നും സംഗതിയുണ്ടാം
മട്ടോലുംമൊഴിയാളേ നീയൊരു
കാട്ടാളസ്ത്രീവേഷമെടുക്കാ,
കൂട്ടക്കാരിവർ ഭൂതഗണം പല-
കാട്ടാളന്മാർ കൂടെവരേണം;
കുംഭോദരനും, കുംഭീധരനും
കുംഭാണ്ഡകനും കുംഭീലകനും,
സിംഹീരണനും, ശൂലാംഘ്രിപനും,
ശൂലാവൃതനും, കുംഭനികുംഭൻ,
കുണ്ഡീവരദൻ കുഞ്ജരജംഘ-
നുദഗ്രൻവീരൻ, ഗണ്ഡൂകാക്ഷൻ
കണ്ഠീരവനും, ഭൃംഗിരിടിയും,
ഘണ്ടാരവനും, ഭൈഷ്മീരജനും,
തുംഗരാജ, നസുരമർദ്ദനഭദ്രൻ;
വീരഭദ്രനതി, ഭദ്രനുദഗ്രൻ
ഭൈരവൻ, മണിവരൻ, മണികണ്ഠൻ,
നന്ദികേശ്വരനിവർക്കെജമാനൻ,
നന്നിതൊക്കെവന ചാരികളാവാൻ,
ശ്വാക്കളായിചിലരോടു കുരച്ചും
പോക്കുപോലെ ചിലരൊട്ടു തടിച്ചും,
വെക്കമൻപൊടുനടപ്പിനശേഷം
തക്കമിന്നുമമവേട്ടകളാടാൻ"

മട്ടുമാറി.

ഇത്തരമരുളിച്ചെയ്തുമഹേശൻ
സത്വരമങ്ങൊരുവനചരനായി
തത്രസുവർണ്ണകവർണ്ണശരീരൻ
തത്രവിളങ്ങിവിശേഷമനോജ്ഞം
ജടമുടിനല്ലൊരു തലമുടിയായി
നിടിലത്തിരുമിഴിതിലകമതായി,
ഫണിമണിമാലകൾ പീലികളായി,
ഫണിപതിവാസുകി കടകമതായി,
അസ്ഥികൾ ശംഖാഭരണവുമായി,
അത്തൊഴിൽ കണ്ടാലെത്രമനോജ്ഞം
കരിത്തോൽ നല്ല കവുത്തുകൂലം
വരിത്തോൽഭുജംഗം പൊന്നരഞ്ഞാണം
വെൺമഴുശ്ശൂലം ചാപം ശരവും
വെൺമയിലവപുനരങ്ങിനെയല്ലോ,
കുന്നിൻമകളുമതിന്നനുകൂലം
കുന്നിക്കുരുകലമാലയണിഞ്ഞു
ഒട്ടുകവത്തൊരു പുടവയുടുത്തു
കൊട്ടയെടുത്തൊരു കോലുമെടുത്തു

ശങ്കരഭാമിനികൈകളിലങ്ങനെ
ശംഖംമുടവുകൾ കൊണ്ടുനിറച്ചു
മെച്ചമിയന്നൊരുകൈവിരൽമുഴുവൻ
പിച്ചളമോതിരമിട്ടുവിളങ്ങി

നടന്നുകാനനതടത്തിലവരൊരു
കടന്നുവേട്ടകൾ തുടങ്ങി, നല്ലൊരു
കറുത്തപട്ടുകളുടുത്തുകൊണ്ടിരു-
പുറത്തുതൊങ്ങലുനിരത്തിയവരൊരു
ഉരത്തകാർമ്മുകമെടുത്തുതാൻകണ
തൊടുത്തുകാനനതടത്തിലെത്തിന
കടുത്തപന്നികളടുത്തപോത്തുകൾ
അടക്കമെന്നിയെ നടക്കുമാനകൾ
തുടങ്ങിയിങ്ങനെ മൃഗങ്ങളിൽവിട-
ത്തുടങ്ങിലീലകളൊടുങ്ങി കേഴകൾ.

പാണ്ടൻനായുടെ പല്ലിനുശൌര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ലാ
പണ്ടിവനൊരുകടിയാലൊരു പുലിയെ
കണ്ടിച്ചതുഞാൻ കണ്ടറിയുന്നേൻ,
കാടൻനായും കാട്ടിൽവരുമ്പോൾ
കോളല്ലാതൊരുപേടിതുടങ്ങും
വീട്ടിൽവരുന്നവരെപ്പലരെക്കടി
കൂട്ടിയചെണ്ടക്കാരനെ ഞാനൊരു
കൂട്ടിലതാക്കിച്ചങ്ങലയിട്ടഥ
പൂട്ടിപ്പിന്നെക്കഞ്ഞികുടിക്കാം;
വെള്ള, വാ വായെന്നുവിളിച്ചാൽ
തൊള്ളതുറന്നു പറന്നുവരുംതാൻ
കള്ളനുതുള്ളിക്കഞ്ഞികൊടുപ്പാ-
നുള്ളൊരുപായം കാണ്മാനില്ല,
കാററുകൊണ്ടവനെപ്പൊഴുമങ്ങിനെ
കൂററൻപോലിറയത്തുകിടക്കും
തിമ്മാനല്ലാതൊന്നിനുപോലും
നമ്മുടെവീട്ടിൽ കാണ്മാനില്ലാ;
വണ്ണൻവാഴകണക്കെതടിച്ചൊരു
പൊണ്ണൻനായുണ്ടെന്നുടെ വീട്ടിൽ
അന്നന്നുമാത്രം ചോറുണ്ടവിടവ-
ന്നുണ്ണുമ്പോൾ നല്ലുരുളകൊടുക്കും,
പന്നിയിറച്ചികൾ പണ്ടേവേണ്ടാ
മുന്തിലകൊണ്ടൊരു പൊറുതിയുമില്ലാ
കുറിച്ചുവിയൻ നായെക്കൊണ്ടൊരു
കാര്യംപറവാൻ കാണ്മാനില്ലാ,
വേട്ടക്കായിവിളിക്കുന്നേരം
വേട്ടക്കാരനുചെവിയുംകേളാ
വേട്ടക്കാർക്കു വിളിച്ചുകൊടുത്താൽ
ഉച്ഛ്വാസംകേട്ടാൽ കലശലുകൂട്ടും
ഇത്തരമോരോവക കാട്ടാളന്മാർ
പിത്തരസേന പറഞ്ഞു ചിരിച്ചും
ഒക്കെച്ചാടിക്കാടുതകർത്തും
ബദ്ധപ്പെട്ടുനടന്നുതിമിർത്തും
ചാടിവരുന്നാമൃഗങ്ങളെയെല്ലാം
കുത്തിക്കൊന്നു കളിച്ചു പുളച്ചും
ചത്തമൃഗത്തെക്കെട്ടിയെടുത്തും
മത്തഗജത്തെച്ചെന്നുതടുത്തും
വരിയൻ പുലിയെച്ചുരികകൾകൊണ്ടും
കരടിമൃഗത്തെച്ചുരികം കൊണ്ടും
ദന്തികുലത്തെഖഡ്ഗംകൊണ്ടും
ബാലമൃഗത്തെ വേലുകൾകൊണ്ടും
വ്യാഘ്രകുലത്തെ ചക്രംകൊണ്ടും
വ്യാളമൃഗത്തെ വാളുകൾ കൊണ്ടും
മർക്കടവരരെക്കർക്കടകൊണ്ടും
സൈരമൃഗത്തെഗ്ഗദയെക്കൊണ്ടും
ഖഡ്ഗമൃഗത്തെ ഖഡ്ഗംകൊണ്ടും
കണ്ഠീരവരെമുസൃണ്ഠികൾകൊണ്ടും
കാട്ടും ചാടലും കടുത്തിലകൊണ്ടും
തെരുതെരെയങ്ങു വധിച്ചുതുടങ്ങി
വിരുതുപെരുത്തൊരു ശബരഭൃത്യന്മാർ;
തടിയൻ പന്നിയെ വെടിവെപ്പാനാ-
യൊരുവൻ ചെന്നൊരു പടലിലൊളിച്ചു
പടലിൽ കണ്ടതു പന്നിയതെന്നൊരു
കരുതൊരുവെടിയും വെച്ചാനുടനേ
തടിയൻ വെടികൊണ്ടവിടെ മറിഞ്ഞു
ഓടിച്ചെന്നിതു വെടിവെച്ചവനും
മക്കടനല്ലിവനയ്യോ! നമ്മുടെ
മക്കടെ മാതുലനിങ്ങനെകമ്മം!
മലയന്മാരൊരു ദിക്കിൽ ചെന്നു
വലയും കെട്ടിപ്പാർക്കുന്നേരം
കലയെക്കണ്ടു ഭയപ്പെട്ടൊരുവൻ
തലയും കമ്പിട്ടോടിപ്പോയി

വലയിൽപ്പെട്ട വലഞ്ഞതുകണ്ടേ
മലയനൊരന്യപ്രയോഗിച്ചുടനേ
തലയിൽകൊണ്ടു തറച്ചു വിറച്ചൊരു
ഫലമില്ലാതെ മരിച്ചാൻ ഘോഷൻ;
നായന്മാരുടെ നായാട്ടിങ്കല-
പായം പലവിധമിങ്ങനെയുണ്ടാം
ആയതിനൊന്നു സംഗതിയില്ലാ
നായകജനകൻ കളിയാടുമ്പോൾ.

മട്ടുമാറി.

കാട്ടാളരാജന്മാരും കാട്ടാളസ്ത്രീയും തന്റെ
കൂട്ടാളിവൃന്ദത്തോടെ മോദവിനോദം പൂണ്ട
കണ്ഠീകുമാരനുടെ അന്തികം തന്നിൽ ചെന്നു
പന്തിയായിരുന്നു നിന്നു ചന്തത്തിൽ വന്ദനംചെയ്തു;
തടിച്ചൊരു പന്നിവേഷം ധരിച്ചോരു മൂകാസുരൻ
കടുത്തൊരുകോപത്തോടുള്ളുപാർത്ഥനെക്കൊൽവാൻ
ഉരത്തപന്നിക്കുറുമ്പന്റെ ഘോരത്തരഘോഷങ്ങൾ കേട്ടു
കരുത്തുള്ളർജ്ജുനൻ തന്റെ ഗുരുത്വംകൊണ്ടു നേരം
ഒഴിച്ചു സമാധിനേരം മിഴിച്ചു നോക്കുന്നനേരം
ഉറച്ചു തന്നുടെ ദേഹം മറച്ചുകൊണ്ടൊരു ശത്രു
ചതിച്ചുനമ്മെക്കൊല്ലുവാൻ മതിച്ചു വന്നിതുമൂഢൻ
വധിപ്പാൻ വരുന്നവനെ വധിച്ചാൽ മൽഗുരുനാഥൻ
വിധിച്ചകർമ്മങ്ങൾക്കെല്ലാം വിരോധവുമില്ലനൂനം
പടുത്വമോടേവം പിടിച്ചിളക്കി ഗാണ്ഡീവം കയ്യി
ലെടുത്തുനല്ലൊരു ബാണം തൊടുത്തുകോപം നടിച്ചു

മട്ടുമാറി.

ഘോണിത്തടിയനെ നോക്കിയയച്ചൊരു
ബാണമതുൽക്കടമക്കിടിതന്നുടെ
ഘോണാം ചെന്നു പിളന്നൊരുനേരം
പ്രാണങ്ങൾക്കു പ്രയാണമടുത്തു
സംഗതികൊള്ളാമെന്നു മുറച്ചി-
ട്ടംഗജരിപുവും ബാണമയച്ചു
പൃഷ്ഠേചെന്നു തറച്ചൊരു ബാണം
പൃഷ്ഠം ഝടിതി പിളന്നു തിരിച്ചു
വന്നു പതിച്ചതുനോക്കി കിരീടി
ചെന്നു കരത്തിലെടുത്തൊരു സമയം
വന്നു സമീപേ നിന്നു കിരാതൻ
ഒന്നു കയർത്തു പറഞ്ഞുതുടങ്ങി;
"നമ്മുടെ ബാണം മോഷ്ടിപ്പാനോ
ദുർമ്മതി വന്നു തപം ചെയ്യുന്നു?
അമ്പുകളില്ല നിനക്കെന്നാലതി
നമ്പുകൾകൊണ്ടു വരുത്തിക്കോനീ;
അമ്പൊടു നമ്മോടു യാചിച്ചാൽ പ-
ത്തമ്പതു കണകൾ തരുന്നുണ്ടിഹ ഞാൻ;
കട്ടുകവർന്നാലുടനേ തന്നെ
വെട്ടും തരമതു സംശയമില്ലാ.
ഉള്ളുനിനച്ചിഹ കണ്ണു മറച്ചൊരു
കള്ളൻ നിന്നു തപം ചെയ്യുന്നു.
കൊള്ളാമിതുമിന്നിതു വഴിപോക്ക-
ർക്കുള്ള ധനങ്ങൾ പിടിച്ചു പറിപ്പാൻ,
പകൽ കഴിവോളം കപ്പാനെങ്ങും
കഴിവില്ലാഞ്ഞു തപോധനഭാവം
ആക്കാൻ പോയി മറഞ്ഞൊരു സമയേ
തസ്കരണത്തിനു സമയം നോക്കും
ദിക്കുകളൊക്കെ നടന്നു ദിനേശ-
നുദിക്കും മുമ്പേ വന്നു കുളിക്കും
കണ്ണുമടച്ചു വിചാരിക്കുന്നതു
പൊന്നുള്ളേടം പണമുള്ളേടം
പെണ്ണുള്ളേടമതല്ലാതിന്നൊരു
നിനവില്ലനിനക്കെന്തൊരു കഷ്ടം!
നാണം കൂടാതയ്യോ നമ്മുടെ
ബാണം കട്ടവനേതിൽ കൂട്ടു?
ആണുങ്ങൾക്കു പിറന്നവനെങ്കിൽ
പ്രാണനേക്കാൾ നാണം വലുതേ"
വ്യാധവചസ്സുകൾ കേട്ടനേരപ്പോൾ
ക്രോധമിയന്നരുചെയ്തു കിരീടി
"നില്ലെടവേടാ നിന്നുടെ പല്ലുകൾ
തല്ലിയുതിർപ്പാൻ ഞാൻ മതിയാകും
ഇല്ലൊരു സംശയ"മെന്നു പറഞ്ഞു
വില്ലുവലിച്ചു കുലച്ചു കിരീടി
നല്ലൊരു ബാണമെടുത്തു കുലച്ചു
മുല്ലശരാരിക്കിട്ടുടവിട്ടു
തെല്ലും പഴുതാതവനുടെ നേരേ

ചെല്ലുന്നതു കണ്ടംബരചാരികൾ
അല്ലൽ മുഴുത്തു വിറച്ചു തുടങ്ങി
തെല്ലുകലുങ്ങീലന്തകവൈരി;
വില്ലിൻ മുനകൊണ്ടവനുടെ ബാണം
തല്ലിയൊടിച്ചു പൊഴിക്കുന്നകണ്ടു,
ആയതു കണ്ടപ്പോളതിപരുഷത്തോ-
ടതിലധികം ശരവരിഷം ചെയ്തു
അതിശയമവനുടെ ശരനികരത്താൽ
കതിരവനുടെ കിരണങ്ങൾ മറഞ്ഞു.
നാട്ടുനടുങ്ങിനാലുനിലയും കലുങ്ങിമാനം
കലയും നടുങ്ങി തമ്മിൽ കലഹം മുഴുത്തനേരം
മലമകളതുനേരം തലയുമഴിഞ്ഞു കുത്തു
മുലയും തുള്ളമ്പിച്ചെന്നു കലഹം ശമിപ്പാനായി
പലവാക്കുകൾ ചെയ്തു ഫലമില്ലെന്നൊത്തുമാറി
പരിചൊടെപാർവതിയുംകലശൽപിന്നെയുമേറി
മലമകൾ ഭഗവതിപുനരരുൾചെയ്തു
വലരിപുസുതനുടെ ബാണമശേഷം
മലർസമമാകെന്നരുളിച്ചെയ്തു
മലർശരനായിമഹേന്ദ്രതനുജൻ;
ശരധിയിലൊരു ശരമില്ലാതാകെ-
ന്നരുൾചെയ്തുഗിരിനന്ദിനിയപ്പോൾ
ഇല്ലെന്നാകിൽ ശരവും വേണ്ടാ
നല്ലതരം പുനരെന്നു കിരീടി
വില്ലുവലിച്ചഥതല്ലു തുടങ്ങി
മുല്ലശരാരിയെവിരവൊടുപാർത്ഥൻ;
ഹരനുടെ ജടയിൽ കുടികൊണ്ടീടിന
സുരനദിയാകിയ ഭഗവതിയപ്പോൾ
വലരിപുസുതനുടെ വില്ലുപിടുങ്ങി-
ത്തരസാതനുടെതിരയിലൊളിച്ചു;
ചാപം പോയൊരു സമയേ വിജയൻ
കോപം പൂണ്ടു മരങ്ങൾ പറിച്ചു
താപസവന്ദിതനാകിയ ശിവനെ
താഡനപീഡനമങ്ങുതുടങ്ങി
ത്രീക്ഷണനും ഹരിസുതനും തമ്മിൽ
വൃക്ഷംകൊണ്ടു മടിച്ചു പിടിച്ചും
വട്ടംതിരിക ചവിട്ടുകമുട്ടുക
കുട്ടയിലിട്ടു ചവിട്ടിയുരുട്ടുക
തുള്ളുകകിള്ളുക തങ്ങളിലിങ്ങനെ
തുള്ളിയലഞ്ഞു വലഞ്ഞു കിരീടി.
തല്ലും ചവിട്ടും കൊണ്ടംഗങ്ങളെല്ലാം പൊടിഞ്ഞു- പിന്നെ
പല്ലും കൊഴിഞ്ഞുമദമെല്ലാം ശമിച്ചു പാർത്ഥൻ
വല്ലാതെത്ത്രമൊവീണാൻവില്ലാളിമാരിൽമുൻപൻ
അല്ലൽ മുഴുത്തു പാർത്ഥനുള്ളിൽ വിചാരം പൂണ്ടു
ചാരുമൂർത്തേ ഗൌരിനാഥ! കാരുണ്യാംബുരാശേ നാഥാ!
കാരുണ്യം കുറവാനെന്തുകാരണം? ശംഭോ!
എത്രനാളുണ്ടയ്യോ! ഞാനും സേവിച്ചുകൊണ്ടിരിക്കുന്നു
ഇത്രനാളുമെന്റെ കാമം പൂരിച്ചില്ലയ്യോ!
കേടനേകമുണ്ടെന്നാലും കേവലം നീശിക്ഷിയാതെ
വേടനെക്കൊണ്ടെന്നെത്തല്ലിക്കൊല്ലിക്കുന്നെന്തേ?
ആരുനല്ലകാട്ടാളൻതല്ലുകൊണ്ടുംകുത്തുകൊണ്ടും
എത്രയും തളർന്നു ദേഹം ധാത്രിയിൽ വീണു.
നാൽവർക്കും സഭതന്നിൽവാലെട്ടപ്പാനുള്ളമൂലം
ബാലചന്ദ്രചൂഡാ! നീതാൻ കാരണംശംഭോ!
കർണ്ണനും ശകുനിയുമാകർണ്ണനം ചെയ്യുന്നനേരം
കർണ്ണസൌഖ്യം വരുത്തും കൌരവന്മാർക്ക്
ഊറ്റക്കാരൻ പാർത്ഥൻ പോരിൽ
തോറ്റപോൽ വേടനോടെന്ന-
തോറ്റവുംകുറവായ് വന്നിതവർകേട്ടാൽ.

കൃത്വാ മൃത്തികയാ കഥഞ്ചന പൃഥാ-
പുത്രസ്ത്രിണേത്രാകൃതിം
ഭക്ത്യാ യോഽതിസമർച്ച്യ പുഷ്പകൃതവാൻ
പത്രാണി തത്രാദരാൽ
ചിത്രം തത്ര കിരാതപുംഗവശിരോ-
ഭ്യാനി സന്ദൃഷ്ടവാൻ
തന്ത്രവേന്ദുകലാജടോഽപി ച മുദാ
നോഽരണ്യചര്യാച്ഛനാൽ.

മൃത്തികകൊണ്ടൊരു ശിവലിംഗത്തെ
തത്രധരിത്രിയിലങ്ങുളവാക്കി
തത്രപഴുത്തു കൊഴിഞ്ഞു കിടക്കും
പത്രമെടുത്തുടനർച്ചനചെയ്തു
മൃത്തികലിംഗം തങ്കൽവണങ്ങി
മൃത്യുഞ്ജയനെസ്സേവതുടങ്ങി

മൃത്യുഞ്ജയജയജയശങ്കരശംഭോ!
ഇത്ഥം തൊഴുതുവണങ്ങിനപാൎത്ഥന
പത്രമതെല്ലാം വേടൻ തന്നുടെ
മസ്തകസീമനികാൺമാറായി
എന്തൊരു വിസ്മയമെന്നു വിചാരി-
ച്ചന്തികസീമനിമേവും വേടനെ
മുഴുവൻ നോക്കിക്കാണുന്നേരം
മഴുവുംമാനും പുരികുഴമുടിയതി-
ലൊഴുകും സുരനദിതന്നുടെ തിരയതിൽ
മുഴുകും ചന്ദ്രക്കലയും ഫാലവു-
മളികതടേ തിരുമിഴിയുമൊരേറും
തിരുനാസികയും തൃക്കണ്ണിണയും
തിരുമുഖവും മുഗ്ദ്ധമന്ദസ്മിതവും
ഗളരുചിതലവും തിരുമാറിടവും
ഉദരംനാഭികടാഹരം കടിതട-
മതിരമണീയം ഫണികാഞ്ചിഗുണം
കരിചൎമ്മാംബരമൂരുദ്വയവും
പരിമൃദുജാനുകജംഘായുഗവും
തിരുവടിമലരും നഖപംക്തികളും
ഗിരിമകൾതാനും കരിമുഖനാമുണ്ണി-
ന്നുടനെഹരിഹരസുതനും വേട്ട-
യ്ക്കൊരുമകനും ബഹുഭൂതഗണങ്ങളും
ഒരുമിച്ചങ്ങനെ കാണാറായി;
പങ്കജശരനുടെ ഹുംകൃതിതീൎത്തോരു
ശങ്കരജയജയ സങ്കടമദഹര!

ഏതും ഗ്രഹിയാതെ ഞാൻ ചെയ്തോരപരാധ ങ്ങൾ
എല്ലാം ക്ഷമിച്ചുകൊൾക കല്യാണകരശംഭോ!
നിംഗുണങ്ങളടിയത്തിന്നെണ്ണുമിളകാവല്ലാ;
അങ്ങുവന്നുവന്ദിപ്പാനിങ്ങു ശക്തിയുമില്ലാ
മംഗളനേത്ര! വന്ദേ ഗംഗാഭൂഷണാ! വന്ദേ
തുംഗാനന്ദവ വന്ദേ! മംഗല്യാകാര വന്ദേ!.”

അതിശയഭക്ത്യാ വിവശനതാകിയ
ഹരിസുതവചനം കേട്ടുഗിരീശൻ
മതിതളിൎത്തെളിവൊടുചെന്തകരംകൊ-
ണ്ടതിമോദേനപിടിച്ചെഴുനേല്പി-
ച്ചംഗമശേഷം തൊട്ടുതലോടി
തുംഗപരാക്രമപുഷ്ടിവരുത്തി
പുംഗവകേതനനാകിയഭഗവാ-
നംഗജശാസനനിദമരുൾചെയ്തു:—
“വത്സധനഞ്ജയതുംഗകളേബര!
വത്സരമനവധി ജീവിച്ചീടുക!
മത്സരമുള്ളരിപുക്കളെയെല്ലാം
ഭസ്മമതാക്കാൻ നീ മതിയാകും;
ഭീമസഹോദരനാകിയനിന്നുടെ
ഭീമപരാക്രമമറിവാനായി
ഭീമകിരാതശരീരം പൂണ്ടു
ഭീമതരംബഹുയുദ്ധംചെയ്തു
ഹേമകുലോത്തമനാകിയനിങ്കൽ
പ്രേമപ്രീതിവരുന്നു നമുക്ക്!
കാമാധികസുകുമാരാ നിന്നെ-
കാണ്മാനിത്തൊഴിലൊക്കെയെടുത്തു
പാശുപതാസ്ത്രം വാങ്ങുക ഭവഹിത
മാശുലഭിക്കും ഫൽഗുനവീരാ!
കർണ്ണസുയോധനഭീഷ്മാദികളാം
അൎണ്ണവമാശുകടപ്പാൻ നല്ലൊരു
കപ്പൽമരക്കലമെന്നതുപോലാം
കെല്പോടുകൊണ്ടു ഗമിക്കധനഞ്ജയ!
പുരരിപുഭഗവാനിദമരുൾചെയ്തു
ശരവും വരവും ദാനംചെയ്തു
ഗിരിമകളോടും പ്രമഥാദികളോടു-
മണ്ടുഗമിച്ചുമറഞ്ഞുദശായാം
തിരയിൽമറച്ചോരു വില്ലുലഭിപ്പാൻ
സുരനിമ്നഗയെസ്സേവതുടങ്ങി.

മട്ടുമാറി.

നമസ്തേഗംഗായൈതുഭ്യംരണത്തിൽ മയാ- കൃതമാം
സമസ്താപരാധമെല്ലാം ക്ഷമിച്ചു വരംനൽകേണം
അരികളെവെൽവതിന്നായ് പരമശിവൻനൽ കിയ
ശരമിതുപാശുപതംപഴുതയാംവില്ലില്ലാഞ്ഞാൽ.
ഇത്തരംസ്തുതികേട്ടു സത്വരംപ്രസാദിച്ചു
ഉത്തമനാമവനോടുത്തരമരുൾചെയ്തു:
വില്ലാളിവീരപാൎത്ഥ വില്ലിതാധരിച്ചാലും?
മല്ലീശരാന്തകനെസ്സേവിച്ചുവസിച്ചാലും
ഇത്തരംവരംനൽകി സത്വരംമറഞ്ഞവൾ.

സുരവരനരുളാൽ [illegible]കൊണ്ടു
സുരവരസുതൻ മാതലിയുമായി
പെരുകിന മോദം കൈക്കൊണ്ടുടനെ
സുരവരസുന്ദരരഥമതിലേറി
സുരലോകംപ്രതി യാത്രതുടങ്ങി
കുരുകുലകമലദിനേശൻ പാർത്ഥൻ
മംഗലമിക്കഥകേൾക്കുന്നോർക്കും
മംഗലമനവധി വന്നുഭവിക്കും.

കിരാതം ഓട്ടൻതുള്ളൽ സമാപ്തം.

രുക്മിണി സ്വയംബരം

ഓട്ടൻതുള്ളൽ.

ഒന്നാം കളം.

അഖിലഭുവനകാന്തം ഹാസനിർജ്ജിതകുന്ദം
ശമിതവിനതവൃന്ദം ധാമ്നമാണാരവിന്ദം
സമുചിതമുചുകുന്ദം സ്വ്രത്പാദാരവിന്ദം
സുരവരതടിനീന്ദം സാധുവന്ദേ മുകുന്ദം.

ഭൂപാളി.

ഇന്ദുകാന്തിരമ്യഖേലവിളങ്ങിടുന്നൊരംബികേ
തിരുമനസ്സുണ്ടൊരു കടാക്ഷമതില്ലയെന്നിൽ
[illegible]
ചന്ദ്രബിംബസന്നിഭാനനേ [illegible]!
പരമഭക്തമിത്ത[illegible]
ചന്നഗാധിനാ[illegible]!
പരമഭക്തമിത്ത[illegible] മഹേശ്വരി
വന്നെതിർത്തരിത[illegible]
വഹ്നിയായ് വിളങ്ങി[illegible]

പാദം.

കൊണ്ടാടിയുടൻ കുമാരന്മാർ [illegible]
മകനേ
കൊണ്ടാടണമേ കവിതയ്ക്കിന്നു [illegible]
[illegible]മേ
കണ്ഠേനിശം സുന്ദരം കളേബര[illegible]
തരം
[illegible]വിളങ്ങൊന്നൊരു നാളിൽ കനത്തമോദം-
[illegible]
കുത്തവൻപടതട്ടുപ്പതിന്നൊരുക്കമാനിയെ
പട്ടപ്പും
[illegible] (കൊണ്ടാടി)
കല്യാണ[illegible]കീർത്തിയുള്ളേ-
ളേണമേ
കല്യാണ[illegible] കലയ-
ണമേ
ക[illegible]ശോകം-
[illegible]
കളിച്ചുകൊ[illegible]
[illegible] (കൊ)
ഉ[illegible]
ഗണിക്കണം
ക[illegible]
[illegible]
വെളിവിലെഴുന്ന[illegible]വിലസിന
ഹസന[illegible]വിലസണമനിശം (കൊ)
[illegible]
[illegible]
[illegible]
[illegible]!
സുഗന്ധി[illegible]വിലേപവും
സുബന്ധുര[illegible]വിലാസവും

സുബന്ധമാകിന്ന കിരീടവും കില
സുഗന്ധിയാകിന്ന ശരീരവും
വിമലകരവലയ വലനകിലികിലിത
വലസമലനമതിവിലസിതഗതിയും (കൊ)

ഫണിപതിഭൂഷണനാകിന്ന ദേവാ-
നണികലയാണ്ടദേഹശരീരനൊരുനാൾ
ഗുണവതിയാകിയ പാർവ്വതിയോടും
ഗണമിയലുന്നൊരു കരിവടിവായി
അടവിയിലങ്ങു കടന്നു നടന്നും
മടികൂടാതെ കളിച്ചു രസിച്ചും
തരുണിയെ വിരവിലടുത്തുവിളിച്ചും
പെരുകിനരസ സുഖേനകളിച്ചും
മരുവിനമലർശരാഹരനുടെ ബീജം
ഉരുതരമുടനുള്ള കരിമുഖമായി
ധരണിയിൽ വന്നു പിറന്നൊരു മൂർത്തേ!
കരിവദന! ഭവാൻ കാത്തരുളേണം
വാണിഭഗവതി! കല്യാണിഫലനദേവണി!! സു-
ശ്രോണി! സുന്ദരി!! ശുകവാണി!!വാരിജവേണി
കാണിപിരിഞ്ഞിടാതെ വാണിടേണം നീയെ-
ന്റെ;
വാണിയിൽ വഴിപോലെ താണുവണങ്ങുന്നേൻ
ഞാൻ
ഏണാങ്കാനനയാളേ! വേണം നിൻ കൃപയെങ്കൽ
നാണമകററി മമക്ഷീണമൊഴിച്ചീടേണം
ക്ഷോണീവാസികൾക്കൊരു ഭൂഷണമെന്നപോലെ
വാണീവിശേഷം കൊണ്ടങ്ങാനന്ദിക്കേണം ദേ-
അംബരനദീവാസനംബുജവിലോചനൻ [വി!
ചിന്മയൻ ജഗന്മയൻ കന്മഷവിനാശനൻ
തുംബുരുനാരദാദിസേവിതൻ മഹാവന്ദ്യൻ
ശംബരരിപുതാതൻ കാത്തുകൊൾകടിയനേ
പീലിത്തിരുമുടിയും മാലയും ചില്ലികളും
നീലോല്പലത്തെ വെല്ലും ലോചനപ്രഭാവവും
ചേലൊത്ത നാസികയും ബാലത്തരുണിമാർ
[തൻ
ചേതസ്സൈവഞ്ചിച്ചീടും ലോലമാമധരവും
കർണ്ണാലങ്കാരമത്സ്യകുണ്ഡലവിലാസവും
കണ്ണാടിവെല്ലുന്നൊരു ഗണ്ഡസ്ഥലവും നല്ല-
പൂർണ്ണചന്ദ്രനും പുനരംഭോജവും നമിക്കും
പൂർണ്ണമായിടുന്നൊരു പൊന്നരമ്യാനനവും
ഓമൽ കഴുത്തിൽ മുത്തുമാലയും വനമാല
ശ്രീമൽപ്രകാശങ്ങളും ശ്രീവത്സകൌസ്തുഭവും
ചേരുന്ന മാറിടവും ചേർച്ചയുള്ളുദരവും
ചാലേ വിളങ്ങീടുന്നൊരോമനക്കൈകൾരണ്ടും
മഞ്ഞപ്പട്ടുടയാടകാഞ്ചിയും കലാപവും
മഞ്ജുളമായുള്ളൊരു പാദപങ്കജങ്ങളും
ശോഭിച്ച കരങ്ങളിൽ ചേരും ചമ്മട്ടിശംഖും
ചാലേ ധരിച്ചു രഥമേറിത്തിരിച്ചു പണ്ടു
പാരാതെ വിജയന്റെ തേരുതെളിച്ച കൃഷ്ണൻ
പാലിച്ചീടേണമെന്നെ നിത്യം വണങ്ങുന്നേൻ
ഏവം സ്തുതിച്ചു വസുദേവൻ വസിച്ചു ബല
ദേവൻ വിവാഹമൊന്നു ചെയ്‌വൻഞാനെന്നു
രേവതാത്മജയാകും രേവതിയുടെവേളി [ച്ചു
ആരവോളം ഘോഷത്തോടേ ആശുകഴിച്ചു-
കൊണ്ടു
ഭാവം തെളിഞ്ഞു തത്രമേവുന്ന കാലമങ്ങു

ഭീഷ്മകനെന്നുള്ളൊരു ഭൂമിപാലേന്ദ്രൻ പാരം
ഉൽകൃഷ്ടയുള്ളൊരുവീരനൂഴിവാഴുന്നകാലം
രുക്മിയെന്നൊരു പുത്രനുണ്ടായിതു ഭീഷ്മകനു
രുക്മികനുജന്മാരും മൂന്നുപേരുണ്ടായ് പിന്നെ
രുക്മിണിയെന്നു പേരായുള്ളൊരു കന്യകയും
രുക്മപ്രകാശംപോലെ രൂപപ്രകാശത്തോടും
ഉണ്ടായിതവൾപിന്നെ കണ്ടാലെത്രയും സുമ
മുണ്ടാമാകൃതികൊണ്ടു തണ്ടാർമാനിനിതന്റെ
രണ്ടാമവതാരംപോൽ വണ്ടാർവേണിമാരൊക്കെ
കൊണ്ടാടിസ്തുതിക്കുന്നു കണ്ടാൽ തൃപ്തിയുമില്ല;
വണ്ടിനു മകതാരിലിണ്ടലുളവാക്കുന്ന
കൊണ്ടൽ പൂരികുഴൽ ചുരുണ്ടു വിളങ്ങീടുന്നു
തൊണ്ടിപ്പഴങ്ങൾ മങ്ങിമണ്ടിയൊളിക്കുമവളുടെ
ചുണ്ടിന്റെ ഭംഗിയുകണ്ടു വെന്നാകിലുടൻ
രണ്ടുകൺമുനകളെക്കൊണ്ടു കടാക്ഷമതു
കണ്ടു പുരുഷന്മാർ വിരണ്ടു വശംകെടുന്നു
മല്ലീശരന്റെ പടവില്ലിൻ വിലാസമൊക്കെ
തല്ലിയമർക്കും കുനുചില്ലിയുഗവും നല്ല
മുല്ലമുകുളംപോലെ പല്ലും മന്ദസ്മിതവും
ഉല്ലാസമേറുന്നൊരു നല്ലാർമണിജനങ്ങ-
ളെല്ലാമവളെന്നുനില്ലാതെ വണങ്ങേണം,
അല്ലാതെയൊന്നുമിന്നു ചൊല്ലുവാനെളുതല്ല

ചൊല്ലേറുമവളുടെ കല്യാണകാലം വന്നു
നല്ലൊരു പുരുഷനു നല്കീടവേണമെന്നു-
ണ്ണെവ്വാവരോടും നൃപനാ സഭാവത്തോടെ
മെല്ലെന്നു ചോദിച്ചിതു നല്ക്കൌതുകത്തോടെ.

മട്ടുമാറി.

കുണ്ഡിനവാസികൾ ബോധിക്കേണം
പെണ്ണിനു ചെറ്റുവയസ്സു തികഞ്ഞു
മന്നിൽ പലഗുണമുള്ളൊരു പുരുഷനു
ഉമകളെ പ്രതിപാദിക്കേണം
ജാതിശ്രേഷ്ഠതമുമ്പിൽവരേണം
ജാതിഗുണങ്ങളിണങ്ങീടേണം
ശില്പവിധങ്ങളിൽ നിപുണതവേണം
കല്പനതങ്കലുറപ്പുംവേണം
കണ്ടാൽ നല്ലൊരു രൂപഗുണം പുന-
രുണ്ടായ്വരികവിശേഷാവശ്യം
ധനസമ്പത്തും ഗുണസമ്പത്തും
ജനസമ്പത്തും ജയസമ്പത്തും
കനിവേറീടിനശാസ്ത്രജ്ഞാനവു-
മനുപമമായുധവിദ്യാവിധവും
കനിവും കാന്തിയുമതിസരസതവു-
മിനിയും പലഗുണമുണ്ടായ്വരണം
കീർത്തികൾ വേണം കുശലത വേണം
പൂർത്തികൾ വേണം പുണ്യതവേണം
ശത്രുജനത്തെയമർപ്പാനുള്ളൊരു
ശക്തിവിശേഷിച്ചുണ്ടായ്വരണം
നാടകകാവ്യപുരാണാദികളിൽ
പാടവമവനുണ്ടായിവരേണം
തർക്കവ്യാകരണാദികളിൽ [illegible]
കർക്കശബുദ്ധിവിശേഷം വേണം
കവിതകൾ കേൾക്കുന്നേരംതന്നെ
ചെവിയുള്ളോർക്കാനന്ദം വേണം
ക്വിദിക്രിയയിൽ വിദഗ്ദ്ധതവേണം
കവിയണമീവകമാറുള്ളവരെ
സംഗീതം പുനരധികം വേണം
ഭംഗിയിലോരോ കുശലതവേണം
വൈദ്യം വേണം ഗണിതംവേണം
വൈദികവിധി ബഹുമാനിക്കേണം
ദേവബ്രാഹ്മണവിശ്വാസത്തിനു
കേവലമവനൊരു പാത്രതവേണം

രത്നപരീക്ഷകനകപരീക്ഷ
യത്നം ചെയ്തു വരുത്തീടേണം
എന്തിനു പലവിധമുരചെയ്യുന്നു
ചിന്തിതമിനിയും പലവിധമുണ്ടു്.
സകലഗുണങ്ങളുമുള്ളവനെന്നുടെ
മകളെ വിവാഹം ചെയ്വാനുചിതൻ;
ഇങ്ങിനെയുള്ളവനവനിതലങ്ങളി-
ലെങ്ങാനും പുനരുണ്ടെന്നാകിൽ
ആവനെ വരുത്തുവിനാദരവോടെ
അവനു കൊടുപ്പാൻ മടിയില്ലേതും
അല്ലാതുള്ളവരാരും മകളുടെ
കല്യാണത്തിനു യോഗ്യരതല്ല
മടിയന്മാരും തടിയന്മാരും
മുടിയന്മാരും കുടിയന്മാരും
ജരയന്മാരും ജാരന്മാരും
മുണ്ടന്മാരു മുരണ്ടന്മാരും
ചെണ്ടക്കാരും ചെകിടന്മാരും
ശണ്ഠയിടുന്നൊരു ശുണ്ഠിക്കാരും
ശണ്ഠികൾ നല്ല കുശുണ്ഠിക്കാരും
ദുഷ്ടവികെട്ടിനടക്കുന്നവരും
ഗോഷ്ഠുപറഞ്ഞു നടക്കുന്നവരും
ദുസ്സാമർത്ഥ്യക്കാരും പലവക
ദുസ്തർക്കം പറയുന്ന ജനങ്ങളും
ഏഷണിപറയുന്നവരും ചിലരൊടു
ഭീഷണികാട്ടി വലയ്ക്കുന്നവരും
ദുർജ്ജനവാക്കുകൾ ഘോഷിക്കുന്നൊരു
ദോഷന്മാരും വിഷമന്മാരും
ഇങ്ങിനെയുള്ളവരാരും മകളുടെ
മംഗലകർമ്മം മോഹിക്കേണ്ട
രുക്മിണിതന്നുടെ സോദരനാകിയ
രുക്മി പറഞ്ഞു പിതാവിനൊടപ്പോൾ:—
"കുറ്റം കൂടാതുള്ള നരന്മാർ
കുറയും ഭൂമിയിലെന്നുടെ താതാ!
ലക്ഷം മാനുഷർ കൂടുമ്പോളതി
ലക്ഷണമുള്ളതിലൊന്നോ രണ്ടോ
ഉടലതിരമ്യമൊരുത്തനു കാൽക്കൊരു
മുടവുണ്ടവനു നടക്കുന്നേരം
മറെറാരു പുരുഷൻ സുന്ദരനെങ്കിലു-
മൊററക്കണ്ണനതായതു ദോഷം;

ചെച്ചുകൾ പലതുണ്ടൊരുവന്നു കിഞ്ചിൽ
പൂച്ചക്കണ്ണുണ്ടെന്നൊരു ദോഷം
കാഴ്ചക്കാരു ചിരിച്ചു തുടങ്ങും
ചെച്ച്യുവനും ചിതമല്ലല്ലോ
നല്ലൊരു വിദ്വാനവന്നുടെ വായിൽ
പല്ലുകളൊന്നും കാണ്മാനില്ല
പലഗുണമുള്ളൊരു പുരുഷനവന്റെ
തലമുടിയൊക്കെ നരച്ചു വെളുത്തും
തിലകക്കുറിയും ചൊടിയും കൊള്ളാം
തലയിലവന്നൊരു രോമവുമില്ല,
ശാസ്ത്രമശേഷം വശമൊരു പുരുഷനു
ഗാത്രംകണ്ടാലത്യം വികൃതം
ശ്രോത്രംരണ്ടും വെടിവെച്ചാലൊരു
മാത്രം പോലും കേൾപ്പാൻവഹിയാ;
വ്യാകരണങ്ങടെ വ്യാഖ്യാനങ്ങളു-
മാകത്തന്നെ മുഖസ്ഥമൊരുത്തനു
വാക്കിനു ഫലിതവുമുണ്ടവനല്പം
കാക്കക്കണ്ണുണ്ടെന്നൊരുദോഷം;
തർക്കം പലതും കണ്ടവനൊരുവനു
വക്കത്തില്ല ശരീരം കണ്ടാൽ
മിക്കതുമൊരുവനു ലക്ഷം ശ്ലോകമൊ-
രിക്കൽ കേട്ടാലങ്ങു ഗ്രഹിക്കും;
വിക്കുകൾ കൊണ്ടതു ചൊല്വാൻ വഹിയാ
സൽക്കഥ വളരെയറിഞ്ഞൊരു ദേഹം
കകകക കംസൻ കികികികികൃഷ്ണൻ
പൂപൂപൂപൂ പൂതനയെന്നാം കഥയിൽ;
നല്ലൊരു ജാതിയിൽ വന്നു പിറന്നു
നല്ലൊരു രൂപഗുണങ്ങളുമുണ്ടു
ഹരിയെന്നാദിയൊരക്ഷരമവനുടെ
യരികേ കൂടെപ്പോയിട്ടില്ലാ
പ്രൌഢതയെല്ലാം കണ്ടാൽതോന്നും
മൂഢതയല്ലാതവനറിവില്ലാ
ഗണിതഗ്രന്ഥം വൈദ്യവുമുണ്ടതി
ഗുണവാനെന്നു പ്രസിദ്ധന്താനും
ലോകതയെന്നതു കണികാണ്മാനി-
ല്ലേകനു ദോഷമനേകമസംഖ്യം
കണ്ടാൽ നല്ലൊരു പുരുഷനവന്നു
വേണ്ടാസനവും കോപവുമേറ്റം
കണ്ടജനത്തൊടു ശുണ്ഠികടിച്ചും
രണ്ടാംവാക്കിനു കേറിയടിച്ചും
മീശക്കൊമ്പും ലന്തക്കുഴലും
ദേശത്തേക്കൊരു മുമ്പും വമ്പും
ഊശന്താടിയുമുള്ളവനങ്ങൊരു
കാശിനു പിടിയാ പടയിൽച്ചെന്നാൽ
പഞ്ഞികണക്കെ നരച്ചൊരു വൃദ്ധനു
കഞ്ഞികുടിപ്പാനൊരുവകയില്ല
മുഞ്ഞിയതങ്ങിനെ മൂക്കുംതാടിയു-
മൊന്നിച്ചമ്പതുവർഷമതായി
അക്കിഴവച്ചാർക്കിന്നും പടകളിൽ
വക്കാണിപ്പാനൊരുകുറവില്ല
തോക്കുമെടുത്തു നടക്കുമതിന്നും
ചാക്കെന്നുള്ളതുമായാൾക്കില്ല;
ഊട്ടുകളിൽ ചെന്നാസ്ഥികഴിക്കും
പാട്ടും പാടി നടക്കുമൊരിക്കൽ
വീട്ടിലിരുന്നാൽ കടമുണ്ടാമതു
വീട്ടിക്കൊൾവാൻ മുതലും നാസ്തി;
മാമ്മാവൻ പണ്ടക്ഷരവിദ്യയി-
ലെമ്മാത്രം പിടിപെട്ടൊരു ദേഹം
സമ്മാനക്കവി ചൊൽവാനുചിതൻ
ഉമ്മാനും വകയില്ലെന്നല്ല
മാമ്മാവിക്കും മക്കൾക്കും പല
സമ്മാനങ്ങൾ കൊടുത്തു പുലർത്തി
തിന്മാനില്ലാതിങ്ങിനെയാക്കിയ-
തമ്മാചാപിപിണച്ചൊരനർത്ഥം;
ഇങ്ങനെ പൂർവന്മാരെക്കൊണ്ടൊരു
ഭംഗിക്കാരനു ഭാഷിക്കുന്നു.
മാറും പലഗുണമുണ്ടെന്നാലും
കുററം വരുമിതു ഗുരുനിന്ദകളാൽ
അടിയനിതൊക്കെ വിചാരിച്ചാലി-
ത്തടിയന്മാർ പലരുള്ളതിലിപ്പോൾ
മടിയാതൊരുവനു പെൺകൊടിയാളെ
ഝടിതി കൊടുപ്പാൻ തോന്നുന്നില്ല,
ശിശുവാമെന്നുടെ സോദരിതന്നെ
ശിശുപാലനു കൊടുത്താൽ കൊള്ളാം;
ശിശിരാചലപതിതന്നുടെ മകളെ
ശിശുശശിചൂഡനു വേൾപ്പാൻ നൽകി

ചേദിമഹീപതിയെന്നതുപോലെ
നന്നായുരുമവനോടിവർ ചൊന്നാർ
വേദിയർ പലരും ബഹുമാനിച്ചു
ആദിയിലവരുടെ ജനനദശായാം
ജനനീഗർഭേ നിന്നു ജനിച്ചുട-
നവനീതലേ വീഴുംനേരം
അവനീപാലനുമൂന്നു ഭുജങ്ങളു-
മവയവശോഭയുമെന്തു വിചിത്രം!
അവനുടെ വൈരിയൊരുത്തൻ ചെന്ന-
ങ്ങവനെക്കയ്യിലെടുത്തൊരു സമയേ
മൂന്നാംഭുജമതു സപദി മറഞ്ഞു
മൂന്നുലകൊക്കെ നിറഞ്ഞൊരു യശസ്സും
അതിശയമുള്ളൊരു പുരുഷനവൻ പുന-
രതിബലവീര്യപരാക്രമശാലി
പ്രതിഭടപടലമശേഷമമർപ്പാൻ
മതിമാനവനിഹ മതിയാമൊരുവൻ;
മതിലും ഗോപുരമെന്തു മനോഹര-
മതിലും വിസ്മയമെഴുനിലമാടം
മതിയുടെ മണ്ഡലമതിലംഘിപ്പാൻ
മതിയുള്ളോരു മഹാസൌധങ്ങളും
അതിരേകം ധനധാന്യസമൃദ്ധിയു-
മതിലൊരു പാതി നമുക്കില്ലർത്ഥം;
അതിമാനുഷനവനവനീവല്ലഭ-
നതിസുന്ദരനവനതി സുകുമാരൻ
ഗതിയും നല്ലൊരു മതിയും രാജ്യ-
സ്ഥിതിയും ക്രീഡാരതിയും കണ്ടാൽ
അഴൽപെട്ടമാസുരപതിയും ധനപതി
ജനപതിമാരും മാമുനിമാരും
മതിമുഖിയാകിന രുക്മിണിതന്നുടെ
പതിയാവാനുചിതൻ ശിശുപാലൻ.
ഇങ്ങിനെ നിന്നുടെ മാനസമെങ്കില-
തങ്ങിനെയെന്നു പിതാവരുൾചെയ്തു.
രുക്മിണിതന്നുടെ സഖിമാരക്കഥ
രുക്മിണിയോടും ചെന്നറിയിച്ചു:—
നരപതികന്യേ! നിന്നുടെ വേളി-
ക്കൊരു നരപാലനെ വേസ്ഥവരുത്തി
ശിശുവാം നിന്നുടെ ഭർത്താവാവാൻ
ശിശുപാലൻ താനെന്നും കേട്ടു
മൂപ്പിന്നും പുനരെളമയുമങ്ങിനെ
കല്പിക്കുന്നതു പലരും കേട്ടു
നാളെക്കഴിയെ വരാനായ്ക്കല്പി-
ച്ചാളെയയച്ചു നിന്നുടെയച്ഛൻ
നീളെക്കേളിതുടർന്നിതു മതിമുഖി-
യാളേ നിന്റെ വിവാഹവിശേഷം
മേദിനിപതികളിലഴകേറുന്നൊരു
ചേദിമഹീശനെന്നും കേട്ടു
ഖേദിക്കരുതേ രുക്മിണി നിൻമതി
മോദിക്കണമിത്തു വിവാഹം.

മട്ടുമാറി.

ഉച്ചൂണ്ണമവർ ചൊന്നു പറഞ്ഞനേരംതന്നെ
വിഷണ്ണഭാവം പൂണ്ടു വിറച്ചു ശശിമുഖി
തളർന്നു തനുലത വളർന്നു വിവശത
ഗളിച്ചു കണ്ണുനീരിൽ കുളിച്ചു മാറിടവും
തളിച്ചു സഖിമാരും വിളിച്ചു രുക്മിണിയെ
എടുത്തു മടിതന്നിൽ കിടത്തി വിശറിയു-
മെടുത്തു മെല്ലെ വീശിത്തുടങ്ങീടവരെല്ലാം
ഞടുങ്ങിയിരുന്നപ്പോൾ പറഞ്ഞു കണ്ണുനീരും
നിറഞ്ഞു ശക്തിഹീനം കരഞ്ഞു മതിമുഖി:—
വിരഞ്ഞു നിങ്ങൾ ചെന്നു തിരഞ്ഞു വെക്കമൊരു
സമർത്ഥൻ ഭൂസുരനെ വരുത്തീടേണമിപ്പോൾ.
ഒരുത്തിയിതു കേട്ടു തരത്തിൽ പുറപ്പെട്ടു
പുരത്തിലന്വേഷിച്ചു വരുത്തിയരികില-
ങ്ങിരുത്തി ഭൂസുരനെ വണങ്ങി രുക്മിണിയു-
മിണങ്ങി വിപ്രനോടു പറഞ്ഞു പലമൊഴി

വേദിയ! കേട്ടാലും മേ ഖേദമുള്ളിലുള്ള
തെല്ലാം
സോദരനും താതൻതാനും മാതാക്കന്മാരും
മന്ത്രികളുംകൂടി മന്ത്രിക്കുന്ന പോലുമയ്യോ;
യന്ത്രികളെല്ലാരും നമ്മെ വഞ്ചിച്ചീടുന്നു
അത്ഭുതമൂർത്തിയായുള്ളൊരു
ശിശുപാലനു കല്പിച്ചുപോൽ
ശിശുവാമെന്നെ ദാനം ചെയ്വാൻ
ശിവശിവ ശംഭോ പറയൻ കയ്യിൽ
പശുവെ മേപ്പാൻ പരിചിനോടേകുന്നപോലെ
പറയുന്നിതു കേൾക്കുന്നൊരു മാനുഷരെല്ലാം,
കരുണയില്ലെൻ മാതാവിനും ഗുരുവിനും സോദര
ന്മാർക്കും
മരണഖേദംപോലെ ഖേദം മനസി മേ ജാതം

കരുണാസിന്ധുകാർവർണ്ണന്റെ ചരണപങ്കജങ്ങൾ രണ്ടും
ശരണംതന്നൊരുക്മിണിക്കായ്‌വരണമിക്കാലം
പാരാതെനീഭൂമിദേവദ്വാരാവതിതന്നിൽ ചെന്നു
നാരായണനോടെൻ മോഹം ബോധിപ്പിച്ചീടേണം
വാരിജാക്ഷനീയല്ലാതെ പാരിലാരുമില്ലാധാരം
ദാരികയാംരുക്മിണിക്കെന്നറിയിച്ചീടേണം;
വൃഷ്ണിവംശേ ശോഭിക്കുന്ന കൃഷ്ണനെന്നാലിനിക്കേ
തൃഷ്ണമേറ്റമൽ വർദ്ധിക്കുന്നു ഭൂസുരാധീശാ [റ്റം
വരനായിട്ടെൻ ഗോവിന്ദനെ
വരണം ചെയ്യാൻ കൂടില്ലെങ്കിൽ
മരണം തന്നെ രുക്മിണിക്കെന്നറിയിച്ചീടേണം
മാരനാകും വീരൻ തന്റെ ക്രൂരനാകുമമ്പുകൊണ്ടു-കൊണ്ടു
പാരമയ്യോ കേണിടുന്നു രുക്മിണിയെന്നു
ഊണുമില്ലുറക്കമില്ല കാണുന്നേരം ചെറ്റുമില്ല
പ്രാണനാഥ! ദേവകീനന്ദന! മാമെന്നും
കേൾപ്പാനിന്നു രൂപം കേശാദിപാദാന്തം കാന്തം
ശൈശവം തൊട്ടുറച്ചതാണുമെയ്യേ ഞാനെന്നും
ആശയം മറ്റില്ലെനിക്കുന്നാശയില്ലെ വാസുദേവ!
ആശ്രിതവാനിതനാനാനിന്നു കോപം വേണ്ടകേണം
കഷ്ടമാകും ശിശുപാലൻ കണ്ടിരിക്കത്തന്നെ-യെന്നെ
കൊണ്ടുപോകേണം നീ കൃഷ്ണ വിരവിനോടെന്നും
ഇപ്രകാരമെല്ലാം ചെന്നു ക്ഷിപ്രമങ്ങു ബോധിപ്പിക്ക
വിപ്ര!ദേവാനിന്നെത്തന്നെ വിശ്വസിക്കുന്നേൻ

മട്ടുമാറി.

രുക്മിണിതന്നുടെ വാക്കുകളിങ്ങനെ
രുചിതമിതമ്പൊടു കേട്ടൊരു വിപ്രൻ
രുക്മിണി!നിന്നുടെ മനസിവസിച്ചൊരു
രുചിപൂനരധനാ സാധിച്ചീടും
പരിചൊടു ശിശുപാലന്റെ മുഖത്തൊരു
കരിതേപ്പിപ്പാൻ ഞാൻ മതിരുക്മിണി!
കാർമുകിൽ വർണ്ണനെ വിരവിനൊടും ചെ-
ന്നരുവയർ മണിയേ! കൊണ്ടിഹ വരുവൻ
ക്ലേശം മതി മതി! മതിമുഖി! നിന്റെ നി-
ദേശം കേൾപ്പാൻ മമ കുറവില്ല
കേശവനാണേ ശിശുപാലനെ ഞാൻ
മീശകരിച്ചു വിട്ടുന്നുണ്ടുടനേ;
കേശവനിങ്ങു വരുമ്പോൾ നൃപതികൾ
പൂശകനെക്കണ്ടെലികൾകണക്കെ
നാശത്തിന്നവകാശം വരുമൊരു
വീശത്തിന്നും വിലപിടിയാത്തോർ;
ആട്ടക്കാരുടെ കൂട്ടൊരുകൂട്ടം
കൂട്ടക്കാരൊട്ടു കൂടിവരുന്നൊരു
ചോട്ടക്കാരെപ്പോലെ പിടിച്ചു-
ക്കോട്ടക്കാരനു വിറപോലെ
ചാട്ടക്കാരു വിളക്കിനു മീതേ
ചാടിച്ചത്തു പതിക്കുമ്പോലെ
കൂട്ടത്തോടേ ശിശുപാലാദിക-
ളൊട്ടൊഴിയാതെ നശിക്കുമിദാനീം
കേട്ടിട്ടകനീയട്ടുകുലവരനെ-
ക്കൂട്ടിക്കൊണ്ടു വരുന്നുണ്ടിഹ ഞാൻ
ഒട്ടും താമസമില്ലിനിമുക്കൊരു
കൂട്ടംവേണ്ട വഴിക്കരിവേണ്ട;
ഊട്ടുമഠങ്ങളിലത്താഴം കഴിക്കാം
പൂട്ടിയെറിച്ചു നടക്കാം രാവും
കുടയും വിറനൊരു കുറിമുണ്ടും മതി
മടിയിലിരിക്കും വെററിലപാക്കും
ഇടയിൽ തെല്ലു ചരിഞ്ഞു കിടപ്പാ-
നിടമുള്ളാൽത്താകേറിക്കൊള്ളാം
മടിയിലിരിക്കും വെററിലപുകയില
പടലേറയത്തും നേരത്തെത്തും
മടികൂടാതെയിരന്നും തിന്നാ-
മതിനൊരു സംശയമില്ല നമുക്കു്;
സന്ധ്യയെടുക്കാൻ ചെക്കൻപോന്നാൽ
സന്ധ്യാരത്തിനസൗകര്യമുണ്ടാം
സന്ധ്യക്കാരാരു ചോർകിടയാത്താ-
ലിഞ്ചിക്കാരനവൻ താനപ്പോൾ
പൂണൂൽക്കാരനുവാശ്ശേട്ടത്തും
ഊണുകഴിപ്പാൻ തടവില്ലേത്തും
ചെക്കനു ചോറുകൊടുക്കരുതെന്നുവി-
ലക്കമുടുക്കുളവെക്കുന്നവരൊട്ടു

വക്കാണത്തിനു വട്ടം കൂട്ടീന-
ടക്കം നമ്മുടെ ചന്ത്രക്കാരൻ;
നായന്മാർക്കും ചോറുകൊടുപ്പാൻ
കോയിമ്മയ്ക്കുള്ള സമ്മതമല്ല;
പട്ടന്മാരുടെ സദ്യകഴിഞ്ഞാൽ
കിട്ടും ഭക്ഷണമെന്നൊരു വക
പട്ടിണിയിട്ടുപതിനാറടിയോളം
പാത്തുഭടന്മാർ പാടുപെടുന്നു;
അച്ചികൾ വന്നു വിളിച്ചെന്നാകിലൊ-
ളിച്ചുകൊടുക്കും ചോറും കറിയും
വച്ചുതുമിക്കയുമെന്നതുപോലില-
വെച്ചൂട്ടങ്ങും നായന്മാർക്ക്;
കഞ്ഞിയൊഴിച്ചാൽ കറിയുണ്ടാക്കും
വെള്ളമൊഴിച്ചാൽ മോരുണ്ടാക്കും
ചട്ടമിവണ്ണമടുക്കളവെല്ലാം
പട്ടന്മാർക്കു മാറുകയില്ല;
പൊട്ടന്മാരെയെടുത്തു മറിപ്പാൻ
പട്ടന്മാർക്കതിരാരും പോരാ;
പിള്ളേർ കൂടെപ്പോന്നാലവരുടെ
പള്ളവിശന്നു നടക്കേയുള്ളൂ.
നല്ലതുതാനേ കുടയുമെടുത്തിനി
വല്ലതുമങ്ങുതിരിക്കനമുക്ക്

മട്ടുമാറി.

യദുവരനിലതികുതുകമിയലുമവളോടുടൻ
യാത്രയും ചൊല്ലിപ്പുറപ്പെട്ടു ഭൂസുരൻ;
നഗരികളുമടവികളുമചലതടഭാഗവും
നാടും കടന്നു നടന്നു ചെന്നങ്ങിനെ
കടലുടയതടനികടഭുവി ഝടിതി ചെന്നവൻ
കപ്പലേറിക്കടന്നക്കരെച്ചെന്നുടൻ
കനകമണിഭവനശതമനഘമണിമാടങ്ങ-
ളങ്ങാടിവാടി പൂങ്കാവും പുരങ്ങളും
മണിയറകളണിയറകളനവധി ധനങ്ങളും
മാണിക്യവൈഡൂര്യപത്മരാഗങ്ങളും
തെരുവുകളുമിരുപുറവുമൊരു കുറവുകൂടാതെ
തെങ്ങും കവുങ്ങും പുലാവു ചൂതങ്ങളും
മതിലുകളുമതിലു പരിമരതകപുരങ്ങളും
മാടമഞ്ചങ്ങളും മാളികാജാലവും
ഇവപലതുമവനിസുരനഴകിനൊടുകണ്ടുട-
നിന്ദിരാകാന്തന്റെ മന്ദിരേ ചെന്നുടൻ
പരിചിനൊടുനരകരിപുസതതമപിവാഴുന്ന
പള്ളിമാടം കേറിയങ്ങു ചെല്ലും വിധൌ
വിരവിനൊടുമുരമഥനനരികിലഥവന്നുടൻ
വിപ്രനെപ്പൂജിച്ചു സല്ക്കരിച്ചാദരാൽ
രചിതസുഖമതി സുമുഖനവനിസുരനെത്തദാ
രത്നസിംഹാസനത്തിലിരുത്തീടിനാൻ;
അതികുശലമതി സുഗുണമവനിസുരപുംഗവാ!
ആഗമിപ്പാനുള്ള കാരണം ചൊൽകെടോ
കടലുടയനടുവിലിഹമമ നഗരമിന്നു നിൻ
കാൽപ്പൊടികൊണ്ടേറ്റം ശുദ്ധമായീവിഭോ!
വിമലതരഗുണമുടയവിനയഗുണശീലരാം
വിപ്രരെല്ലാം നമുക്കീശ്വരന്മാർ സഖേ!
അതിസരസമഖിലപതിവചനമതുകേട്ടട-
ങ്ങാനന്ദമോടേ പറഞ്ഞു ഭൂമീസുരൻ
വല്ലവിമാരുടെ വല്ലഭനാകുന്ന
മല്ലരിപോ! ഭഗവൻ ശൃണു
മല്ലവിലോചന! പാപവിമോചന! മാമകവാക്യമിദം
കുണ്ഡിനമന്ദിരേനിന്നുവരുന്നൊരു-
നന്ദജവാഹന കേളൊരു പെണ്ണിന്റെ
ദൂതുപറവാനൊരുമ്പെട്ടുവന്നിതു നന്ദസുതാ!
കണ്ണിന്റെകാഴ്ചും വരുത്തേണമെങ്കിലാ
പെണ്ണിന്റെ രൂപഗുണം കാണ്മാൻ
ദണ്ഡിച്ചുകൊള്ളേണമവനെന്നാകിലും
ഖണ്ഡിച്ചുചൊല്ലാമിദം
മണ്ണിലും വിണ്ണിലും മറ്റുള്ളലകിലും
മേവുന്നസുന്ദരിമാരിന്നു
കുണ്ഡിനഭൂപന്റെ നന്ദിനിയാകുമ-
പ്പെണ്ണിനെക്കുമ്പിടേണം;
ഉർവ്വശി മേനക രംഭ തിലോത്തമ
മുമ്പായനാരിമാരുമിപ്പോ-
ളുർവ്വീശപുത്രിയെക്കണ്ടുവെന്നാകി-
ലൊളിച്ചുനടക്കേയുള്ളൂ,
നീണ്ടങ്ങിരുണ്ടു ചുരുണ്ടതലമുടി
കണ്ടാൽമനോഭിരാമം വരി-
വണ്ടിന്റെ വർണ്ണവും മണ്ടിയൊളിച്ചൊരു
കണ്ടിൽപതിക്കയുള്ളൂ
തൊണ്ടിപ്പഴത്തിനങ്ങിണ്ടൽവളർക്കുന്ന

ചുണ്ടിന്റെ ശോഭകളും കണ്ണു
രണ്ടിന്റെ ഭംഗിവിലാസങ്ങളും
നല്ല ചില്ലികൾ വില്ലാട്ടവും
പൂർണ്ണശശാങ്കനെത്തൂർണ്ണം ജയിക്കും
മുഖാംബുജസൌന്ദര്യവും
ഹേമപ്രകാശവുമംഗപ്രകാശവുമെത്രമനോജ്ഞമഹോ
പങ്കജമൊട്ടിനോടങ്കം പൊരുതു
ജയിപ്പാൻ വിരുതുംകെട്ടിമാറിൽ
കൊങ്കകൾവന്നടനംകുരിച്ചീടുന്നു
പങ്കജനാഭാ വിഭോ!
പഞ്ചശരൻതന്റെ പഞ്ചശരങ്ങളെ
അഞ്ചാതെകയ്യിലാക്കിവന്നു
സഞ്ചരിച്ചീടുന്നകാമുകന്മാരുടെ
നെഞ്ചുപിളർന്നീടുവാൻ
പങ്കജബാണനശേഷനൃപന്മാരെ
ശങ്കികളിപ്പിക്കുന്ന ഒരു
ശങ്കയില്ലേ അവൾ തങ്കലേക്കല്ലുന
കേൾപ്പാനൊരുമ്പെടുന്നു;
രുക്മിണിയെന്നു പുകഴ്ന്നോരു പെണ്ണിന്റെ
സോദരനുണ്ടൊരുവൻ ദുഷ്ടൻ
രുക്മനെന്നിങ്ങനെ പേരുള്ളവനൊട്ടും
നേരില്ലേ നാരായണ!
മൂഢനായുള്ളശിശുപാലമന്നന-
ക്കന്യകാദാനം ചെയ്യാൻ അതി
ഗൂഢപ്രയത്നം തുടങ്ങീ മഹാശാൻ
കൂടെപ്പലരുമുണ്ട്
അച്ഛനുമമ്മയ്ക്കുമിച്ഛയില്ലെങ്കിലു-
മായതുസമ്മതിപ്പാൻ, വഴി
വെച്ചുപാലിച്ചതിൽ കൂട്ടിച്ചുമച്ചതി
കശ്മലൻ മൂഢനവൻ
അക്കഥകേട്ടിട്ടു ദുഃഖിച്ചിരിക്കുന്ന
രുക്മിണിതാനുമഹോ! ഒരു
തക്കത്തിലെന്നെപ്പറഞ്ഞുനിയോഗിച്ചു
നിന്നോടുണർത്തീടുവാൻ
രാമസഹോദര! നിൻഗുണമൊക്കവേ
കേട്ടവൾമുമ്പേതന്നെ, പാരം
കാമപരവശയായ് മരുവീടുന്ന
കാമിനീരുക്മിണീതാൻ
ഗോവിന്ദമുകുന്ദമുരാന്തക!
ഗോപാലഹരേ! മധുസൂദന!
നീ വന്നുവിവാഹം ചെയ്യണ-
മേവമവൾക്കഭിമതമധുനാ
കരുണാകര! മാധവ! നിന്നുടെ
ചരണാംബുജയുഗളമവൾക്കൊരു
ശരണംഭുവി ശശിബിംബാനന!
വരണംചെയ്യുതിനധുനാ നീ
വരണം മേ രുചിരംവിരവൊടു
മരണം വരുമല്ലെന്നാകിൽ മറ്റൊരുഗതിയില്ല
മധുസൂദന! ബോധിച്ചാലും നമുക്ക
ഉറ്റവരും വിപരീതം മമ
പെറ്റമ്മയുമച്ഛനുമേവം
കുറ്റംപറയുമവരറിയുമ്പോൾ
കുടിലന്മാരവരെല്ലാരും
തെറ്റെന്നുഹരിക്ക ഹരേഗുണ-
മേറും വരുമതുചെയ്യെന്നാൽ
ശിശുപാലജരാസന്ധാദികളശുഭന്മാർ
നോക്കിയിരിക്കെ ശിശുവാമൊരുമറി-
മാൻപേടയെ പഞ്ചാനനനെന്നതുപോലെ
വന്നുഹരിച്ചീടുകവിരവൊടു
വരഗുണഗണഭൂഷണ ഭഗവൻ
എന്നിങ്ങനെ രുക്മിണിചൊന്നതു
വന്നിഹഞാനുരചെയ്യുന്നേൻ
അവളുടെ ഹൃദിവിവശത ശിവ! ശിവ!
അവയവമതിയായി മെലിഞ്ഞു,
നവശശികലപോലേകശതനു
തവവിരഹംകൊണ്ടുതളർന്നു
ഊണില്ല ഉറക്കവുമില്ലാ
ഉരിയാട്ടവുമൊന്നുകുറഞ്ഞു;
കാണുന്നനമുക്കും ചേതസി
കളിയല്ലവിഷാദമനേകം
നിന്നുടെയുടലടിമുടിപരിചൊടുനിരുപി-
ച്ചോരുനെടുവീർപ്പുകളും
ഖിന്നതയും പറവതിനിഹപണി
നിന്നുടെകൃപതാനിഹശരണം.

ധരണീസുരേന്ദ്രനുടെ സരസവാക്കുകൾകേട്ടു
തരസാ സന്തോഷത്തോടേ നരകാരിയരുൾ
ചെയ്തു

വരവാനിരുക്മിണിയെ വിരവോടു ചെന്നു കണ്ടു
വരുവാനെനിക്കുമോഹം പെരുതായുളന്നിട്ടുന്നു;
സുരതാപംവളരുന്നു പെരുതായിട്ടുന്നുപണ്ടേ
സൂരിച്ചുംകൊണ്ടെപ്പോഴും ഞാനിരിക്കുന്നുഭൂമിദേവ
തെരിക്കെന്നചെന്നു ഞാനും വരിക്കുന്നനേരം- കണ്ടി-
ങ്ങിരിക്കുന്നരാജാക്കന്മാരൊരിക്കലേകോപത്തോടേ
അട്ടത്തുകൈകളിൽവില്ലുമെട്ടത്തുസായകങ്ങളും
തൊട്ടത്തുവലിച്ചുവന്നതട്ടത്തുവന്നാകിൽഞാനും
മടങ്ങുകയില്ല യുദ്ധം തുടങ്ങുമന്നേരമവർ
മടങ്ങുംനായന്മാരെല്ലാമൊട്ടുങ്ങുമെന്നതേവേണ്ടു;
ഒട്ടക്കംരാജാക്കൾമണ്ടിത്തിരിക്കും ബ്രാഹ്മണരെല്ലാം
ചിരിക്കുമന്നേരംനാണിച്ചിരിക്കുംസംശയം
"കൊണ്ടാടാരുക! തേരും കുതിരകൾ [വേണ്ടാ
വണ്ടിനടപ്പാനടിക്രുട്ടിട്ടുക
രണ്ടാമ്പടിമാർമാത്രം, മതിപുന-
രുണ്ടാമാളുകൾ പെരുവഴിതോറും
തേരിൽകേറുകവിപ്രാ! താനിനി
നേരംപോകപറഞ്ഞു ഗമിക്കാം
തേരിൽനമുക്കു കരേറുകവിഷമം
തേരിൽനടന്നൊരു പരിചയമില്ലാ
നമ്മുടെപാണിപിടിച്ചുകരേറുക
സമ്മതമെങ്കിലതങ്ങിനെചെയ്യാം;
തേരിഹതെരുതെരെയോട്ടുന്നേരം
തേരിലുറച്ചിഹനില്ലാൻവിഷമം
"കൊടിമരമാശുപിടിച്ചുമുറുക്കി
പ്പടിമേൽവന്നുവസിക്കരുതായോ!
കൊടിമരമിളകിമുറിഞ്ഞെന്നാകിൽ
പൊടിയാമെന്നുടെ ദേഹമശേഷം
മരണഭയംപുനരെന്തിനുവിപ്രാ?
നരനുവിനാശം നിശ്ചയമല്ലോ.
പത്തുപണത്തിനുമുതലില്ലാതെ
ചത്തുമറിഞ്ഞാലെന്തിനുകൊള്ളാം.
ചത്തമനുഷ്യൻ വിത്തംകൊണ്ടൊരു
കൃത്യമതുണ്ടോ പൃഥ്വീദേവ!
പിണ്ഡംവെപ്പാനാളുണ്ടാക്കുക
ദണ്ഡമതാംധനമില്ലെന്നാകിൽ!
സുതനുണ്ടെന്നാലവനിഹതന്നുടെ
പിതൃപിണ്ഡത്തിനുമടിയുണ്ടാമോ?"
വേളികഴിപ്പാൻ മുതലില്ലാത്തൊരു
വേദിയനുണ്ടോ സുതനുണ്ടാവൂ?
ഇത്തരമവനിസുരനും കൃഷ്ണനു
മുത്തരമുത്തരമുരചെയ്തുടനേ
സത്വരമഥരഥമേറിനടന്നു
ചിത്തരസേനവനങ്ങൾകടന്നു
അണ്ഡജവാഹനനാകിയ ഭഗവാൻ
കുണ്ഡിനനഗരം പ്രാപിച്ചുടനേ
കുണ്ഡിനനരപതിഭീഷ്മകനമ്പൊടു
കുണ്ഡികതന്നിൽ നിറച്ചൊരുജലവും
ധൂപം ദീപം കുസുമം ചന്ദന
ലേപനമെന്നിവയാൽ പൂജിച്ചും
ശ്രീപതിയെബഹുമാനിച്ചഴകൊടു
ഭൂപതിദീർഘനമസ്കൃതിചെയ്തു;
കാഞ്ചനമണിഗണ ശോഭിതമാംമണി
മഞ്ചം തന്നിലിരുത്തിവണങ്ങി
വിപ്രൻചെന്നഥ രുക്മിണിയോടും
സുപ്രിയമാകിയ വചനംചൊല്ലി

രുക്മിണീശുഭം തവ രുക്മിണീ
രുക്മിണീസോദരീ നിന്റെരുചിതം സാധുവായ്വന്നു
സുകൃതത്തിന്നൊരനുപമാനുഭവംമേലിൽ- രുക്മിണീ
ദ്വാരകാപുരിതന്നിൽ പാരാതെയകംപുക്കു
നാരായണനെക്കണ്ടു നലമൊടുഞാനും — രുക്മിണീ
സുന്ദരാംഗനേ! നിന്റെ സന്ദേശമറിയിച്ചു
സന്ദേഹമിനിവേണ്ടസാരസനയനേ!— രുക്മിണീ
നമ്മുടെമുഖേനിന്നുനിന്മൊഴിശ്രവിച്ചപ്പോൾ
മന്മഥാർത്തിപൂണ്ടേറ്റം മയങ്ങിഗോവിന്ദൻ— രുക്മിണീ
ചന്ദ്രമോഹനനിന്റെചാരുരൂപസൌന്ദര്യം
ചിന്തിച്ചുപൂരപ്പെട്ടു ചിരം താനേനാഥൻ— രുക്മിണീ

കുണ്ഡിനപുരംതന്നിൽവന്നവിന്നുടെകാന്തൻ
കണ്ണിതംകളകനീ കുവലയനയനേ!
രുക്മിണീ

ഭൂസുരവരനുടെവാക്കുകളിങ്ങനെ
ഭാസുരസുഖമൊട്ടു കേട്ടൊരുസമയേ
ഭൂമിപനന്ദിനി ഘനഭരമോടാൽ
ഭൂമിയിൽവീണാവണങ്ങിച്ചൊന്നാൾ:—
അത്യുപകാരം ചെയ്തഭവാനൊരു
പ്രത്യുപകാരം ചെയ്തതിനിപ്പോൾ
ക്ഷിതിതലമുടനുദകം ചെയ്താലും
മതിയാമെന്നു തോന്നുന്നില്ല;
കൈതൊഴുകെന്ന്യേ മറ്റൊരു ദാനം
ചെയ്തു കടത്തെയൊഴിപ്പാൻ വിഷമം
കൈതവമല്ലിതു നിന്തിരുവടി മമ
ചെയ്തുപകാരമസാരവുമല്ല
അറിവുള്ളൊരുനീ ചെയ്തുപകാരം
മറവില്ലെന്നുടെ മനസി മഹതാം
കുറവില്ലിനി മമ കാര്യമശേഷം
തിറമൊടു സാധിച്ചീടും ഭൂസുര!"
കന്യക ചൊന്നതു കേട്ടുര ചെയ്താൻ
ധന്യത പെരുകിന ധരണിസുരേന്ദ്രൻ
നിന്നുടെ കൃപയുണ്ടെന്നാലതുകൊ-
ണ്ടെന്നുടെജന്മം സഫലമിദാനീം
അന്തർജ്ജനവും ഞാനും നമ്മുടെ
ബന്ധുക്കളുമടിയാർ കുടിയാരും
സന്തതിയും ബ്രഹ്മസ്വവുമെല്ലാം
സന്തതമിഹതവ താതനധീനം.

ഇല്ലത്തെച്ചിലവിനു നെല്ലുംപണവുമിവ-
യെല്ലാമിക്കോയിക്കൽനിന്നല്ലോ കൊണ്ടുപോ-
കുന്നു
അല്ലാതൊരാശ്രയവുമില്ല രുക്മിണി!നിങ്ങ-
ളല്ലാതൊരാധാരവുമില്ല നമുക്കുപിന്നെ
വല്ലോരാവശ്യത്തിങ്കൽവല്ലോരോടുംചോദിച്ചാ-
ലില്ലെന്നവർ നമ്മോടു ചൊല്ലുകയുമില്ലിപ്പോൾ
തെല്ലുപേടിയുണ്ടവർക്കെല്ലാമീ നമ്മെയാരു
വല്ലാത്ത ദേഹമൊരുവല്ലന്തിപ്രയോഗിക്കും
നമ്പൂരിയച്ഛനോടു വമ്പുതുടങ്ങീടൊല്ല
തമ്പുരാൻതന്റെതിരുമുമ്പിൽനിൽക്കുന്നദേഹം
തമ്പുരാൻ തനിക്കുമീ നമ്പൂരാരറിയിച്ചാ-
ലമ്പോടെ കല്പിപ്പാനൊരു തരിമ്പും സംശയമി
എന്നുള്ള ബഹുമാനമിന്നും നമുക്കു മരു- [ല്ല
മെന്നും കുറവില്ലതുതന്നേ നമുക്കുവേണ്ടൂ.

സദ്യശ്രമിപ്പാൻ പോകുന്നിനിഞാ-
നദ്യനമുക്കില്ലവസരമൊട്ടും
വിദ്വാന്മാരെസ്സമ്മാനിപ്പാൻ
വിദ്വാന്മാർക്കേ എളുതാവുള്ളൂ;
ഇങ്ങനെ രുക്മിണിയോടു പറഞ്ഞുട-
നങ്ങുഗമിച്ചാനവനിസുരേന്ദ്രൻ.

രുക്മിണീ സ്വയംവരം
ഒന്നാംകളം സമാപ്തം.

രുക്മിണീ സ്വയംവരം

രണ്ടാംകളം.

ആക്കാലത്തദ്വാരകതന്നിൽ
ചൊൽക്കൊണ്ടീടിന ബലഭദ്രൻതാൻ
ചക്രായുധനെക്കാണാഞ്ഞഥ കാ-
വൽക്കാരൊടു വക്കാണവുമേശി
നമ്മുടെ സോദരനെങ്ങുഗമിച്ചു?
നമ്മെയൊളിപ്പാനെന്തവകാശം?
നിങ്ങൾ ഗ്രഹിക്കാതൊരു ദിശിപോവാൻ
സംഗതിയില്ലതിനില്ല വിവാദം
പരമാർത്ഥം പറയാഞ്ഞാൽ നിങ്ങടെ
ശിരസികലപ്പ പതിപ്പിപ്പൻഞാൻ
ഇന്നലെയസ്തമയത്തിനുമുമ്പേ
നന്ദകുമാരനെയിവിടെക്കണ്ടു
രാവെങ്ങാനും പോയെന്നാലീ
നായന്മാരിവരെന്തറിയാഞ്ഞു?
കള്ളന്മാരിവർ മൂക്കോളംബത
കള്ളുകുടിച്ചുകുടിച്ചുമയങ്ങി
തൊള്ളതുറന്നു മലച്ചുകിടന്നുട-
നുള്ളൊരു കാലമുറങ്ങുവതിന്നോ?

നിങ്ങളെയിവിടെക്കാവലിനാക്കി?
നിങ്ങടെ നാശമടുത്തിതു കൂടി
ഇങ്ങനെയുള്ള ജളന്മാരില്ലാ-
തിങ്ങൊരു ഭൃത്യരശേഷമതില്ല
തിന്നുമുടിപ്പാനിങ്ങനെയോരോവക
വന്നു പിറന്നു നമ്മുടെ നാട്ടിൽ
ഒന്നിനുകൊള്ളില്ലാലസ്യമെല്ലാ-
നൊന്നാമതല്ലോ ഉണർച്ചയതിപ്പോൾ.
തന്നെ പുലർത്തുന്നവരെ വണങ്ങണ-
മെന്നുള്ളതുമിവരറിയുന്നില്ല;
തങ്ങടെതങ്ങടെ സാമർത്ഥ്യംകൊ-
ണ്ടങ്ങിനെ ചെലവു കഴിച്ചീടുന്നതു-
മെന്നൊരുഭാവമിവർക്കുണ്ടായതു-
മൊന്നുകലമ്പുംനേരത്തറിയാം.
പട്ടിണിരണ്ടു കിടക്കുന്നേരം
പട്ടികളേക്കാൾ പരവശഭാവം
കാട്ടിനടക്കും കുററംതീർന്നാൽ
ഗോഷ്ഠികൾ മുന്നേപ്പോലെതുടങ്ങും;
ശണ്ഠകളിട്ടു ശകാരിച്ചാലൊരു
കുണ്ഠിതമെന്നതുമില്ലാതായി
കണ്ടാലറിയാത്താളുകളുടനടി-
കൊണ്ടാലറിയും പണ്ടൊരുകാലം
കൊണ്ടാലും പുനരറിയാത്തവനെ-
ക്കൊണ്ടൊരു വേലയെടുപ്പിക്കാമോ?
കണ്ടകവാക്കുകൾ പറയുന്നവനിഹ
[illegible]
കംസാന്തകനവനെന്നെങ്ങുള്ളതു
[illegible]
സംശയമില്ലതു ചൊല്ലീടുകിൽ
വംശമൊടുക്കും ബലഭദ്രൻതാൻ.
ഇങ്ങിനെ ഭഗവാൻ നീലാംബരനും
തിങ്ങിനകോപാലരുൾചെയ്യുമ്പോൾ
ഭീതനതായൊരു ദൂതൻ പരിചൊടു
കൈതൊഴുതുരചെയ്താനുടനേരം.
ഇന്നലെ നിശി ശശിയുടെ ബിംബ-
മുദിച്ചുവിളങ്ങുന്നേരം
വന്നാനൊരു കുടയും നല്ലൊരു മേ-
ല്പുടവയുമായൊരുവൻ
നന്ദജനുടെമണിമാളികമേൽ
ചെന്നുകരേറിയിരുന്നു
വന്നതിനുടെ കാരണമാരണ-
നന്ദജനൃപനോടറിയിച്ചു
കുണ്ഡിനപുരിതന്നിൽ വിളങ്ങിന
കുളിർമതിമുഖിരുക്മിണിയാം
പെണ്ണിനുടെ ഗുണഗണമഖിലവു-
മാശു പറഞ്ഞറിയിച്ചു,
സോദരനും ജനനിയുമച്ഛനു-
മിച്ഛമറിച്ചുതുടങ്ങി.
സാദരമഥ ശിശുപാലനു
കൊടുക്കണമെന്നവർപക്ഷം
ആയതുകേട്ടാധിപിടിച്ചവ-
ളെന്നെയയച്ചിതു ഗൂഢം
ആയതമിഴിയാകിയ രുക്മിണി-
യെന്നറിയിച്ചിതു വിപ്രൻ
ദാരുകനെ വിളിച്ചുപതുക്കെ
യുറക്കമുണർത്തിമുകുന്ദൻ
തേരുമവിടാശു വരുത്തിയൊ-
രുത്തിനിമിത്തമതെല്ലാം
ഭൂവരരിരുവരുമൊരുമിച്ചമ്പൊടു
ചെന്നാശു രഥവരമേറി
ആവലുടെ കഥ കഥനംചെയ്തു
കളിച്ചുരസിച്ചു ചിരിച്ചു
കാടിനുമതുകണ്ടിട നിന്നിതു
മിന്നുകിലപ്പുതനപ്പോൾ
മാടിക്കുടമതിനൊരു സംശയ-
മങ്ങുഭവിക്കയുമില്ല.
ഇങ്ങിനെയവരങ്ങുഗമിച്ചു
കുണ്ഡിനനഗരംനോക്കി
ഇങ്ങിനെ പരമാത്മനിതിൽപര-
മൊക്കെ വിചാരിച്ചാലും.
ഇത്തരമവരുടെ മൊഴികളും പല വഴികളും
പരമാത്മമറിഞ്ഞുടവേ
സത്വരമുടനഥ ഹലധരൻ ഭുജബലധരൻ
പുരുഷോത്തമ പൂർവ്വഭവൻ
യദുകുലപതികടെ പടകളും ഗജഘടകളും
നലമേറിന മന്ത്രികളും

നല്ലൊരു ബഹുജനപതികളും കുലപതികളും
പലരോടിടചേർന്നതേ
ചിന്തിച്ചു ചിരകാലം ചിന്തയിലിയലുന്ന
ഭാവമരുൾചെയ്തു
ആരാനും അറിയുന്നോ ആരും ഗ്രഹിയാതെ
പോയി മമ സഹജൻ
വൈദർഭീവരണാർത്ഥം വൈരികൾ മരു-
വുന്ന കുണ്ഡിനംപുക്ക
കണ്ണന്മാർ കുടിലന്മാർ കുമതികൾ പലരും
കൊതിച്ചിരിക്കുന്നു
കണ്ണാടൻ ശിശുപാലൻ കണ്ണൻ കുരുപുംഗവൻ
ജരാസന്ധൻ
അന്നേരം അനുജൻതാൻ അരുവയർമണിയേ
സ്വയം ഹരിക്കുമ്പോൾ
എല്ലാരും എഴുന്നേല്പും വില്ലുംശരവുംതൊടുത്തു
പടയുടരും
ബാലൻമേ സഹജൻതാൻ ബന്ധുവിഹീനൻ
വലഞ്ഞുപോകില്ലല്ലീ!
നാട്ടിലിരിക്കും നായന്മാരെ
കൂട്ടിസ്വരൂപിച്ചീടുക വിരവൊടു
കൊട്ടിഘോഷിച്ചാർത്തുവിളിച്ചു
കൂട്ടിക്കൊണ്ടുവരേണമിദാനീം
ആയുധപാണികളായിട്ടനവധി
നായന്മാരുമമാത്യന്മാരും
കാര്യസ്ഥന്മാരെജമാനന്മാ-
രായിരമായിരമാൾക്കധിപന്മാർ
പട്ടാണികൾ പല കുതിരക്കാരും
കോട്ടപ്പടിയിൽ കാവൽക്കാരും
കാട്ടാളന്മാർ മുക്കോപ്പരിഷകൾ
കൊട്ടക്കാരന്മാരും പലവക
നസ്രാണികളും ജോനകർ പത്തുസ-
ഹസ്രാധികമിഹവന്നീടേണം
നീലാംബരനുടെ ശാസനയിങ്ങിനെ
നീളെനടത്താനാദരവോടെ
ഭൃത്യന്മാരെയയച്ചു വെക്കമ-
മാത്യന്മാരിലധിപൻസാത്യകി
കല്പനപറവാൻ കുറവില്ലാത്തവർ
കെല്പൊടുനാട്ടിൽ നടന്നുപറഞ്ഞു;
കേട്ടവർകേട്ടവർ വരവുതുടങ്ങി
കൂട്ടമിരുന്നു പറഞ്ഞുതുടങ്ങി
“നായന്മാരെ വരുത്താനെന്തോ-
ന്നായതു താനതുകേട്ടോ കുറുപ്പേ”?
“കല്പനയെന്നതു മാത്രംകേട്ടു അ-
തിൽപരമുള്ളതെനിക്കറിയാമോ?”
“ദ്വാരാവതിപുരി വെട്ടിയടക്കാൻ
വൈരികൾ വരവുണ്ടെന്നതുകേട്ടു”
നാരായണനുടെ നഗരമടക്കാ-
നാരെന്നാകിലുമെളുതല്ലിപ്പോൾ
“എന്തിനു താനിഹ ക്ലേശിക്കുന്നു
തന്തിരുവടിയുടെ കല്പനയെന്നാൽ
എന്തെങ്കിലുമതു സാധിക്കാഞ്ഞാ-
ലെന്തിനുകൊള്ളാമിജ്ജനമെല്ലാം”
“വീട്ടിലൊരമളി നമുക്കുണ്ടായതു
കേട്ടില്ലെങ്കിൽ പറയാമല്പം
മാക്കോച്ചാരുടെ മകനും നമ്മുടെ
മൂക്കച്ചാരും തമ്മിലടിച്ചു
നാലുപണംകൊണ്ടെടവാടുണ്ടതു
മൂലംതങ്ങളിലിങ്ങനെ നേർപ്പാൻ
ഊക്കം കോപമടക്കരുതാഞ്ഞവർ
മൂക്കുകടിച്ചു മുടിക്കുപിടിച്ചു
ഇങ്ങനെയുള്ളൊരു കലശലുകേട്ടട-
നങ്ങേക്കുറാച്ചിരികണ്ടച്ചാർ
ഓടിയടുത്തങ്ങവരുടെയിടയിൽ
ചാടിക്കൈക്കു പിടിച്ചുവലിച്ചു
വണ്ണൻവാഴകണക്കെയിഴച്ചാ-
പ്പൊണ്ണന്മാരെപ്പുറമേനീക്കി;
നായന്മാർ ചിലരക്കഥയെല്ലാം
കോയിക്കൽ ചെന്നങ്ങറിവിച്ചു
കാര്യക്കാരതു കേട്ടുടനേ നാ-
ലാര്യപ്പട്ടന്മാരെയയച്ചു
പട്ടന്മാർ വന്നെന്നുടെ വീട്ടിൽ
തൊട്ടുതശേഷം തല്ലിമുടക്കി
തിരുവാണയുമിട്ടായവരോരോ
കരുമനചെയ്തതു പറവാൻ വിഷമം
ഒന്നിനുപോയിട്ടല്ല നമുക്കതു
വന്നുഭവിച്ചതുമെന്നറിയേണം

ആരാൻതമ്മിലടിച്ചതിനെന്നൊരു
ചേരാനെന്തവകാശം പാർത്താൽ
വീട്ടിൽ വരുന്നവർ കാട്ടിയദോഷം
വീട്ടിലെ നായർക്കെന്നുവരാമോ
ഇങ്ങിനെയുള്ള തിരുക്കംവന്നാ-
ലെങ്ങിനെ കല്പന കേട്ടീടേണ്ടു
കല്പന കേൾക്കാത്തവനോ നിന്നാപൊ-
റുപ്പാനും പുനരെളുതല്ലല്ലോ."
പത്തുവിതച്ചാലതു പത്തും വിളയും കണ്ടം
പത്തുപാട്ടുള്ളതെടുത്തു മാറാക്കാനും കൊ-
ടുത്തു എജമാനന്മാർ പത്തുപണം കയ്യിലെ-
ടുത്തുകൊടുത്തെന്നാൽ പൊറുത്തു അതല്ലെന്നാൽ-
റത്തുപോമെന്നല്ലാമറുത്തുപണിതുടങ്ങും, [പ്ര-
ശത്രുക്കളോടു പടയെത്തുന്ന നേരമങ്ങു
ചത്തുമറിഞ്ഞെന്നാകിലസ്സപിന്നെയിങ്ങൊരു
വസ്തുക്ലേശവുമില്ലെന്നോർത്തു നടന്നാനേകൻ;
ഇത്ഥംപറഞ്ഞു മറെറാരുത്തൻ "നമുക്കെന്തൊ
പുത്തൻകടമുണ്ടതിൽ പത്തെങ്കിലുമിപ്പോൾ-
കൊ-
ടുത്തേച്ചുപോയാൽപിന്നെ ചത്തെങ്കിലുംനമു-
ക്കോ-
രത്തൽവിശേഷിച്ചു വരത്തില്ല നായന്മാരേ!
തുക്കപ്പുകയിലയ്ക്കുതോക്കപ്പണയംവെച്ചു
പാക്കുകൊടുത്തക്കടംപോക്കന്നതുണ്ടെന്നൊരു
വാക്കുംപറഞ്ഞുംകൊണ്ടുപാക്കുന്നു കണ്ടച്ചേട്ടൻ
തോക്കുംകൂടാതെചെന്നാൽതോല്ക്കുമമ്പലക്കാരൻ
വായ്ക്കുന്നപടതന്നിൽ നേക്കുന്നനേരംപല
ചാക്കുംമുറിവുമങ്ങുണ്ടാകുമറിഞ്ഞുകൂടാ;
കല്യാണത്തിനുവീട്ടിൽനെല്ലും പണവുമൊന്നു-
മില്ലാഞ്ഞുരണ്ടുവാളും വില്ലുമെടുത്തുവിററു
നെല്ലുംപണവുംവാങ്ങിക്കല്യാണവുംകഴിച്ചു
വില്ലാളിവീരന്മാരെല്ലാംപടയ്ക്കൊരുങ്ങി-
ച്ചെല്ലാൻ കല്പനവന്നു വല്ലാതെ നാണംകെട്ടു-
വല്ലോ ചങ്ങാതിനിങ്ങൾക്കെല്ലാമായുധമുണ്ടോ?
രണ്ടുകൈകളുംവീശിക്കൊണ്ടുപടയ്ക്കുചെല്ലും
തണ്ടുതപ്പിക്കുവെടികൊണ്ടുമരിക്കയല്ലാ-
തുണ്ടോമറെറാരുകാര്യം?ചെണ്ടക്കാരെന്നപേരും
കൊണ്ടുകാലൻെറവീട്ടിൽ മുണ്ടുവിരിച്ചിരിക്കും
പണ്ടുള്ള പരാക്രമംകൊണ്ടുള്ള കീർത്തികൾക്കു-
മുണ്ടാമിളപ്പമയ്യോകണ്ടാലും കാലദോഷം."
ഇങ്ങനെ പലപല നായന്മാർ വ-
ന്നങ്ങുപുരത്തിൽ നിറഞ്ഞൊരു സമയേ
ഉദ്ധവർ സാത്യകികൃതവർമ്മാവുമ-
മതാ യദുപ്രവരന്മാരോടും
മത്തഗജപ്പടകുതിരപ്പടകളു-
മൊത്തുരഥങ്ങളുമനവധികൂടി;
ബലദേവൻനിജകുലബലസഹിതൻ
ജലധികടന്നു രഥത്തിൽകേറി
പുരുഷാരത്തൊടുകൂടിക്കുണ്ഡിന-
പുരവരഗോപുരസീമനി ചെന്നു;
പടകൾക്കെല്ലാം പാളയവാടികൾ
പലതരമവിടെക്കെട്ടിത്തീർത്തു;
പടഹംതുടിപറതാളംമേളം
പൊടുപൊടെ വെടിയും കലശലുകൂട്ടി
ഉടനേ ഹലധരനരമനപുക്കു
കുടതഴചാമരമെന്നിവയോടെ
വെക്കംചെന്നു വിദർഭനരേന്ദ്രൻ
സൽക്കാരാദികൾ ചെയ്തുവണങ്ങി;
പൊക്കമതേറിന മണിമഞ്ചൊഗ്രേ
ചിക്കെന്നവിടെയിരുന്നനിദാന്തം
ഉദ്ധവർകൃതവർമ്മാദികൾചെന്ന-
ങ്ങുത്തമപുരുഷനെ വന്ദിച്ചുടനേ
ചിത്തസുഖേന വസിച്ചുസഭായാ-
മിത്ഥം ബഹുജനമവിടെനിറഞ്ഞു
കെട്ടുംചുമടുമെടുത്തൊരുകൂട്ടം
പട്ടന്മാരുടെ വരവുതുടങ്ങി
കുട്ടികളൊരുവക ദുസ്സാമർത്ഥ്യം
കാട്ടിക്കശപിശ വാക്കുപറഞ്ഞും
കൊട്ടിലിൽ വന്നു സ്ഥലംവയ്ക്കുന്നവ-
രൊട്ടല്ലതുമൊരു നൂറുസഹസ്രം
കെട്ടുകളൊക്കെയഴിച്ചതിലുള്ളൊരു
പട്ടുകൾ പുടവകൾ തുപ്പട്ടികളുമി-
രട്ടകരിമ്പടമുറുമാൽ വകകളി-
രട്ടിപ്പട്ടുമണപ്പാടൻവക
കോട്ടാരൻമുറി പാണ്ടിക്കവണികൾ
പട്ടാണിത്തുകിൽ പൂമുണ്ടുകളും

പെട്ടന്നൊക്കെയഴിച്ചുനിരത്തി
ച്ചെട്ടികളൊരുവക കൊങ്കണിജാതികൾ
കൊട്ടിൽനിറഞ്ഞുപുറത്തുകവിഞ്ഞു
കുടയും സഞ്ചിയുമൊരുമാറാപ്പും
വടിയുമെടുത്തിഹ മണ്ടിവരുന്നു
കൊട്ടവെയിൽകൊണ്ടുവിയർത്തുതളർന്നിഹ
നെട്ടുവീർപ്പിട്ടു പടിപ്പുരകേറി
നമ്പൂരാരൊരുലക്ഷം കൂടിയ-
കമ്പൂകുന്നൊരു തിക്കും മുഷ്ക്കും
കുടകൾ തടഞ്ഞുമിടഞ്ഞുംപൊടിഞ്ഞും
ഝടഝടഘോഷമഹങ്കാരികളുടെ
നടനം തമ്മിൽ തിക്കിത്തെരിച്ചുട-
നടനേ ചെന്നു നെയ്യമ്പുരപുക്കു;
ഊട്ടിനുമുമ്പു പ്രതിഗ്രഹമെന്നു
കേട്ടഴറിപ്പല കൂട്ടത്തോടെ
കൊട്ടിലിലങ്ങു കരേറിച്ചെന്നൊരു
കോട്ടിലിരുന്നു മഹീസുരവൃന്ദം;
രുക്മിണിതന്നുടെ സോദരനാകിയ
രുക്മിയുമിവനുടെ സഹജന്മാരും
പെട്ടിനിറച്ചഥ പൊന്നും പണവും
കെട്ടിയെടുപ്പിച്ചാദരവോടെ
കൊട്ടിലിൽവന്നു കൊടുത്തുതുടങ്ങി
വ്യഷ്ടികണക്കിനെ വളരെ ദ്രവ്യം
നമ്പൂരാർക്കു പ്രതിഗ്രഹമെന്നാ-
ലമ്പതുവഴിയൊരഹസ്സിൽനടക്കാം
വാരമൊളിച്ചൊരു കലശമുഹൂർത്തമ-
താരംഭിക്കാൻ ഭാവിക്കുമ്പോൾ
കുടയുംസഞ്ചിയുമായിക്കാണാ-
മുടനൊരു മൂന്നൂറവനിസുരന്മാർ,
സോമാത്തത്തിനു രാശിയെടുത്താൽ
ചോമാതിരിമാരക്കിത്തിരിമാർ,
നമ്പൂതിരിമാരെമ്പ്രാന്മാരുമ-
കമ്പൂകുന്നതു കാണാമുടനേ.
വേളിയൊരേടത്തുണ്ടെന്നുള്ളതു
കേളിപരക്കും മുമ്പേതന്നെ
വിപ്രന്മാരതു സപദിഗ്രഹിക്കും
ക്ഷിപ്രം ചെന്നു പുറത്തളമേറും.
കാശിലെങ്കിലുമൊരുകലശത്തിനു

രാശിയെടുത്താലവിടെക്കാണാം
രാശിക്കാഗ്രഹമെന്നല്ലായൊരു
കാശിനുകാതം വഴിമണ്ടുന്നു
ആയ്യഞ്ചുപണം ചോമാതിരിമാ-
ർക്കങ്ങിനെതന്നേ ഭട്ടേരിക്കും;
അക്കിത്തിരിമാർക്കതിലൊന്നേറമ-
തൊക്കെ വിശേഷക്കാരുടെ വകയിൽ
നന്നാലുപണം നമ്പൂരാർക്കു്
എമ്പ്രാന്മാർക്കുമതങ്ങിനെതന്നെ
മുമ്മൂന്നുപണം പട്ടന്മാർക്കതി-
ലൊന്നുകുറച്ചു ചിലമ്പാണ്ടിക്കു്
അമ്പലവാസിക്കോരോ പണമതി-
ലപ്പുറമുള്ളോർക്കഷ്ടികൊടുക്കാം;
ഇങ്ങിനെയുള്ളൊരു സംസാരത്തിനു
സംഗതിപോലുമിതവിടെക്കാണാം
ഇരുകൈകൊണ്ടും വാരിക്കോരി-
ത്തെരുതെരെയങ്ങുകൊടുത്തുതുടങ്ങി;
കനകപ്പൊടിയും പണവും രാശിയു-
മനവധി രത്നമാഭരണങ്ങളു-
മവനിസുരന്മാരാർത്തുവിളിച്ചു
ശിവ!ശിവ! നല്ലൊരു പരമാനന്ദം.
രണ്ടുകരങ്ങൾ നിറഞ്ഞപ്പോൾ കുറി-
മുണ്ടുവിരിച്ചതിലാക്കിമുറുക്കി
കെട്ടിത്തലയിലെടുത്തുകരേറി
കുട്ടിപ്പട്ടർക്കിരുമുടിയാക്കി
കെട്ടിയെടുപ്പിച്ചങ്ങിനെയവർപണി
പെട്ടുനടന്നാരവനിസുരന്മാർ;
സദ്യയ്ക്കിലവച്ചാനപ്പോൾ ചില-
രുദ്യോഗിച്ചു ശ്രമിച്ചുതുടങ്ങി
വമ്പന്മാരെ വിളിച്ചുവരുത്തി
കല്പനപാവാൻ കാര്യക്കാർപുന-
രപ്പൊഴുതൊരു ദിശി വന്നിടകൂടി
കെല്പൊടുനിന്നുപറഞ്ഞുതുടങ്ങി;
"സംഘങ്ങളിലെപ്പുരിഷക്കാരെ!
ശങ്കിക്കാത്ത ശാന്മാരെല്ലാം
സത്രക്കൊട്ടിലിൽ നിന്നുഗമിക്കണ-
മത്രനടന്നുകുഴയ്ക്കരുതാരും
ചോറും കറികളുമുപദംശങ്ങളു-

മാറും മുമ്പേ വിളമ്പീടേണം
ചോററിനു പുറകേ കറികൾ വരാഞ്ഞാൽ
മാറികൾനിന്നു ശകാരംകൂട്ടും;
എലവെച്ചുടനേ ചോറുവരാഞ്ഞാൽ
കലഹിച്ചോറു തിരിക്കും ചിലരു്
കരുതിക്കൊണ്ടു വിളമ്പിവിളമ്പി-
ത്തെരുതെരെയൊക്കെ നികത്തീടേണം.
ഇലകളിൽ വളരെശ്ശേഷിപ്പിക്കും
ചിലരതു നോക്കി നടത്തീടേണം
വിശകിവിളമ്പിശ്ശേഷിപ്പിച്ചാൽ
പിഴയുണ്ടായ്വരുമെന്നറിയേണം
കിട്ടിയതൊന്നും മതിയാകില്ലാ
പട്ടന്മാർക്കതു ബോധിക്കേണം
ഹടബെട്ടുവാവിട്ടുവിണ്ടകണക്കോ
പോടെടമെത്തക്കറികിറി സാദം''
ഇങ്ങിനെ വിശകി വിളമ്പിച്ചങ്ങിനെ
ചിങ്ങൻപഴവും തൈരുംകൂട്ടി
ചളുപിളെയാക്കി ശേഷിപ്പിച്ചതു
വളുവളെവാരി വിതച്ചുതിരിച്ചും
പപ്പടവും പഴവും പഞ്ചാരയു-
മപ്പോൾതന്നൊരു മുണ്ടിൽകെട്ടിയി-
ടത്തേക്കയ്യിലെടുത്തുംകൊണ്ടു പു-
റത്തേക്കങ്ങു പുറപ്പെട്ടുടനേ
വെററില പുകയില കൊൾവാനായതു
വിറവപിരിച്ചു തിരിച്ചുനടക്കും
കാവൽക്കാരെത്തിക്കിമറിച്ചവർ
ധാവതിചെയ്യുമതോർത്തീടേണം;
സദ്യകുഴപ്പമതെന്നുവരുത്താ-
നുദ്യോഗിച്ചുനടക്കുന്നാളുക-
ളിട്ടിക്കിൽപലരുണ്ടായ്വരുമവ-
രിത്തിരിപാകംവന്നേ അറിയൂ.
നാനാവിധമിവ കാട്ടുന്നവരുടെ
നാശംവരുമേ സംശയമില്ല
കൊല്ലാവുന്ന ജനങ്ങൾ പിഴച്ചാൽ
കൊല്ലാൻ കല്പനയുണ്ടെന്നറിവിൻ
കൊല്ലരുതാത്തവരെക്കൂട്ടത്തിൽ
കൊള്ളരുതാത്ത വഴിക്കുംകൂട്ടം
ഭോഷ്കിപ്പാൻ ചിലർ ഭാവിച്ചാലതു
ഗോഷ്ഠിയതെന്നേ വന്നുഭവിപ്പൂ;
കട്ടുംകൊണ്ടു പുറപ്പെട്ടാലൊരു
വെട്ടുംകൊണ്ടു മരിക്കാമുടനേ
ഇതുകൊണ്ടൊരു ഭയമില്ലനമുക്കി-
ന്നിതുകൊണ്ടേ പുനരാധിയുമുള്ളു;
ഊട്ടിനു ചെറു കുഴപ്പുണ്ടായാൽ
നാട്ടിനു ഹാനി നമുക്കുംഹാനി
സംഘങ്ങൾക്കുറപ്പുണ്ടെന്നാൽ
സങ്കടമേതും വരുവാനില്ല
കൽപനപോലെ നടപ്പാൻനിങ്ങൾ-
ക്കൽപം കുറവു ഭവിച്ചീടൊല്ലാ
എന്നാൽ ഞങ്ങൾ ഗമിച്ചീടുന്നേ-
നെണ്ണയെടുപ്പാൻ കാലംവൈകി
എന്നുപറഞ്ഞഥ യജമാനന്മാർ
മന്നവനോടറിയിപ്പാൻപോയാർ.

കുളിച്ചുടമണ്ണുതേച്ചും കുളിച്ചും പേരു ചൊല്ലി
വിളിച്ചും ജലംതന്നിൽ പുളച്ചും തെരുതെരെ
നടന്നും പുരകളിൽ കടന്നും സ്ഥലംവെച്ചും
കിടന്നും ചിലരങ്ങു കടന്നൂട്ടുംപുര
വിളമ്പി വരുംമുൻപേ കലമ്പിയൊരുകൂട്ടം
സ്ഥലംപിടിച്ചിരുന്നു കലമ്പിരിക്കും ചിലർ

കുറിയരിവെച്ചു വെളുത്തരിചോറും
കറികളുമാശു വിളമ്പിനിരന്നു
നറുനെ ശക്കര നേന്ത്രപ്പഴവും
ചെറുപപ്പടമൊരു പത്തിരുനൂറും
ആനച്ചുവടൻ പപ്പടമൊരുവക
തേനുംനല്ലൊരു പഞ്ചാരപ്പൊടി
ചേനക്കറിചില പച്ചടികിച്ചടി
പാനകമൊരുവക നാരങ്ങാക്കറി
മാങ്ങാപ്പച്ചടി ഇഞ്ചിപ്പച്ചടി
ചേനവറുത്തും പയറുവറുത്തും
ചക്കപ്രഥമനടപ്രഥമൻവിധ-
മൊക്കെപ്പറവാൻ നേരംപോരാ;
പാലുംതൈരുംമോരും പലവക
കോലാഹലതരമെന്തുരചെയ്യാം
കൊണ്ടാപപ്പടമെന്നൊരു ദിക്കിൽ
കൊണ്ടാ പഴമെന്നങ്ങൊരു ദിക്കിൽ
ചക്കപ്രഥമൻ കൊണ്ടാവളരെ

ശക്കരയുണ്ടകളുമ്പഴുകൊണ്ടാ
പച്ചടികൊണ്ടാ കിച്ചടികൊണ്ടാ
പഞ്ചാരപ്പൊടിയൊരുപാറകൊണ്ടാ
മധുരക്കറിയോ മഥിതക്കറിയോ
മതിമതിപോരാ കോരിക്കൊണ്ടാ
എരിച്ചകറികൊണ്ടാ പുളിച്ചകറികൊണ്ടാ
പരിപ്പുകൊണ്ടാ നല്ല കരിമ്പിൻനീരുകൊണ്ടാ
ഛരിപ്പുകാരാ തന്റെ ഇരിപ്പുചിതമല്ല
നിരപ്പിൽ നടന്നൊന്നു ഛരിപ്പിലതേനല്ല

എരിച്ച കറിവെച്ചുകരിച്ചതെന്തേ പിന്നെ
പുളിച്ചകറിയൊന്നതിളച്ചാലെന്തുചേതം
പഴത്തിനൊന്നും നല്ല പഴപ്പമതിയല്ലാ
പഴപ്രഥമൻപാരം കുഴപ്പമായിപ്പോയി;
കരിമ്പിൻനീരിനൊരു തരിമ്പു പുളിയുണ്ട്
വറുത്തവിധമെല്ലാം കറുത്ത നിറമായി
കടിച്ചുകൂടാ, തെല്ലു പൊടിച്ചുകൊണ്ടെന്നാലും
അടക്കമില്ലാത്തവർ കടക്കപ്പുറത്തോട്ട്
കടക്കുംനേരമങ്ങു തട്ടുകളെന്നും ചിലർ
കറിക്കു കുറവുകൾ കഥിക്കും നേരമിങ്ങു
വെറുപ്പുവരുമിനിമറിപ്പുവയ്ക്കുമിപ്പോൾ

സദ്യമനോഹരമെന്നിഹവന്നവ-
രദ്ഭുതഘോഷം വർണ്ണിക്കുന്നു
നൂറുമൊരെട്ടും രാശിയെടുത്ത്
വേറതിരിച്ചൊരു കിഴിയായ്കെട്ടി
അങ്ങിനെ ലക്ഷം കിഴിയുണ്ടാക്കി
ഭംഗിയൊടോരോ പൊന്നിൻതളികയി-
ലിട്ടുനിറച്ചതിലോരോരോ കിഴി
പട്ടന്മാർക്കുകൊടുത്തുതുടങ്ങീ
കിഴിമേടിക്കും പട്ടന്മാക്കൊരു
വഴിയേയുള്ളൂ പുറത്തുകടപ്പാൻ
മേടിച്ചാളുകൾ മറ്റൊരു വഴിയെ
ചാടിച്ചെന്നു കരേറാൻമേലാ.
എടയിൽചെന്നു കലമ്പുന്നവരുടെ
പിടലിപിടിച്ചുപുറത്തുംതള്ളും;
വടിയും തടിയുമെടുത്തുനടക്കും
ഭടജനമനവധി എടയിൽകാണാം
സവ്വാണിപ്പണമിങ്ങിനെവിരവൊടു
സവ്വമഹീസുര നികരങ്ങൾക്കും
സപദികൊടുത്തു പ്രസാദിപ്പിച്ചു
നൃപതികുമാരകനാകിയ രുക്മൻ;
കന്യാമണിയുടെ വേളിക്കുള്ളൊരു
സന്നാഹങ്ങൾ തുടങ്ങിപലതുകെ
കാലമടുത്തു മുഹൂത്തമഹോശിശു-
പാലമഹീപതിയോടറിയിക്കാം;
എന്നൊരു വാത്തകൾ കേട്ടുടനപ്പോൾ
മന്നവനാകിന ശിശുപാലൻതാൻ
ക്ഷൌരംചെയ്യിപ്പിച്ചുകുളിച്ചു
ഗോരോചനവും തൊട്ടു ലലാടേ
തലമുടിനന്നായ്ക്കെട്ടിമുറുക്കി
തിലകംചാത്തും കുറികളുമിട്ടു
വളകളുമിട്ടു കരങ്ങളിൽ മുഴുവൻ
കളഭംകൊണ്ടു മുഴുക്കാപ്പിട്ടു
ചേലപ്പട്ടിണ കെട്ടിയുടുത്തു
ചാലേ മാലകൾ പലതുമണിഞ്ഞു
പൊന്നരഞ്ഞാണം തോൾവളകടകം
പൊന്മണിഹാരം കുണ്ഡലമെന്നിവ
കോപ്പുകളിട്ടു ഞെരിഞ്ഞുപിരിഞ്ഞ്
കാപ്പുംകെട്ടിക്കരമതിലുടനേ
ആയിനിയൂണാകഴിച്ചുപുറപ്പെ-
ട്ടായിരമാമ്പടിപിമ്പിൽനടന്നു;
മുമ്പിൽതന്നുടെ ബന്ധുപ്പടകളു-
മൻപിനകോലാഹലമിടകൂടി;
ആത്തുവിളിച്ചുടനവനീസുരന്മാ-
രാൽത്താറകോറിനിരക്കെയിരുന്നു
രുക്മിയകമ്പടിയായഥമുമ്പിൽ
തിഗ്മപരാക്രമശാലിനടന്നു
മണിമഞ്ചത്തിൽ കേറിയിരുന്നു
മണിഗണഭൂഷിതനാം ശിശുപാലൻ.

തുടങ്ങീ മഹാഘോഷ തുടികൾ പടഹവും
നടുങ്ങീ മഹീലോകം നഗരനികരവും
അണിഞ്ഞു പുറപ്പെട്ടാരലസമിഴികളും
കുണിഞ്ഞു നടക്കുന്ന മുതുവൃഷലികളും
വിടന്മാർ ഭടന്മാരും വികൃത ഗതികളും
നടന്മാർ ശഠന്മാരും നഗരവാസികളും
നിറഞ്ഞു പുരംതന്നിൽ ബഹളഗളഗളം
പറഞ്ഞുമഹായോഗം പലതുമവിടുളം.

നാളീക മുഖിതാനാളീജനങ്ങളുമായ്
മേളിച്ചു മെല്ലെമെല്ലെ ലാളിച്ചുനടന്നു
കാളീഭഗവതിയെക്കണ്ടു വണങ്ങീടുവാൻ;
കാളമേഘരുചികേളികാലകരപാളിയാമമല-
കേളിസുശീലേ
വണ്ടാർകുഴലിനീയും കണ്ടാലുമോരോ വക
തണ്ടാർശരന്മാർ പലരുണ്ടായിതധുനാ
കണ്ടാലഴകുള്ളോരു കാമുകന്മാരാമിവർ
രണ്ടുപന്തിനിരകൊണ്ടു നിൻവടിവു
കണ്ടുകാമകണകൊണ്ടുഴലുന്നു.
ധന്യരുക്മിണി! കേൾ നിന്നെക്കൊതിച്ചുകൊ
തന്നെവന്നിരിക്കുന്നു മന്നിലെ നൃപന്മാർ [ണ്ടു
തന്നത്താൻ മറക്കും മന്നവന്മാരാമിവർ
നിന്നെവെച്ചു പുനരന്യചിന്തകളു-
മൊന്നുമില്ലറിക നന്നിതു സകലം.
ഇങ്ങുനിന്നുടെ രമണൻ വന്നു വസിച്ചീടുന്നു
നന്ദതനയനതി സുന്ദരവദനൻ
സുന്ദരിയിവൻതന്നെ നിന്നെവിവാഹംചെയ്യും
നന്നുനന്നു തവ വന്നുകാര്യമിദമിന്ദുബിംബമുഖി
സുന്ദരനയനേ!"

ഇങ്ങിനെസഖിമാരിംഗിതമുരചെയ്തു
തിങ്ങിനരസംപൂണ്ടുമംഗലസമയേന
അംഗജരിപുതനംഗനയാകുംദേവി
ഭംഗിയോടിഹ വിളങ്ങിമേവുമൊരു മംഗലാ-
ലയേ ചെന്നുകടന്നു

വേളിമഹോത്സവഘോഷം കാൺമാൻ
വേശ്യപ്പെൺകുലമന്നൊരുകൂട്ടം
മേളിച്ചൊരുദിശിവരവുതുടങ്ങീ
മാളികകേറിനിരക്കെയിരുന്നു
അച്ചികൾ തങ്ങടെ വീട്ടിലിരുന്നുവി-
ളിച്ചുകയർത്തുപറഞ്ഞുതുടങ്ങീ
കൊച്ചുനജത്തി കൊതിച്ചുതിരിച്ചു
നിച്ചിരിയത്തിക്കില്ലൊരുനാണം;
കോയിക്കൽപോയ്കാഴ്ചകൾകാൺമാൻ
സഹായിക്കാർ ചിലരുണ്ടെന്നാകിൽ
പോയിക്കണ്ടുവരാമെന്നാലതി-
നായിക്കൊണ്ടൊരു പുരുഷൻവേണം
കുഞ്ഞുലിക്കൊരു നംപൂര്യച്ചൻ
അഞ്ഞൂറാഞ്ചുപണത്തിനുനല്ലൊര-
രഞ്ഞാണം പണിയിച്ചുകൊടുത്തതു
കുഞ്ഞിക്കാളിക്കിരവുകൊടുത്തു
തന്നുടെയരയിലെടുത്തിടുവാനാ-
പ്പെണ്ണിനു സംഗതിവന്നതുമില്ലാ
അങ്ങിനെ വരുമതു താന്തോന്നിത്തം
തങ്ങൾതുടങ്ങുകകൊണ്ടതുവന്നു;
ഈച്ചുരനായരൊഴിച്ചേപ്പിന്നെ
കാഴ്ചയ്ക്കെങ്ങും ഞാൻപാറില്ലാ
താച്ചൻനായരുമായിപ്പോയാൽ
താഴ്ചവരുംതരമല്ലിക്കാലം
അങ്ങേക്കുറ്റക്കൊച്ചിളയച്ചിയു-
മവളുടെ നായരുമൊരുമിച്ചമ്പൊടു
ചെന്നൊരുദിക്കിലിരിക്കുന്നേരം
വന്നവരെല്ലാമാനകളിച്ചു
അങ്ങോരായതുകേട്ടുകയർത്തട-
നങ്ങോട്ടും പലവാക്കു പറഞ്ഞു
കൊച്ചിളയച്ചികരഞ്ഞുംകൊണ്ടൊരു
പച്ചപ്പട്ടരുമായിപ്പോയി
നിച്ചിരിയന്മാരായവരോടൊരു-
മിച്ചിരിയാക്കുന്നുമുക്കിനിനല്ലു
ഇക്കാലത്തൊരുകാഴ്ചകൾ കാൺമാ-
നിക്കൂട്ടത്തിനു വിഷമം തന്നെ
കൾക്കുടിയന്മാർ പലരുണ്ടവരുടെ
തിക്കുകൾകൊണ്ടു സഹിപ്പാൻ മേലാ
പണ്ടൊരു പടയണികാൺമാൻ നമ്മെ
ക്കൊണ്ടു പുറപ്പെട്ടാനിവിടാൻ
ചെണ്ടക്കാരൻ ചെല്ലുന്നേട-
ത്തുണ്ടാം വാശ്ശുതുമൊരു വൈഷമ്യം
അക്കരെയുണ്ടൊരു തുള്ളക്കാരൻ
തെക്കേത്തട്ടേൽ വന്നു കരേറി
പറയൻകഥചൊൽവാനൊരുഗണപതി
കുറയെച്ചൊല്ലിത്തുള്ളുന്നേരം
ധൃഷ്ടനൊരുത്തൻ വന്നു വടക്കേ
ത്തട്ടേൽ കേറിത്തുള്ളൽ തുടങ്ങി
ശുണ്ഠികടിച്ചു മുറിക്കാർ തമ്മിൽ
ശണ്ഠതുടങ്ങി പ്രഹരം കൂട്ടി
കണ്ടുവസിക്കും നായന്മാരവർ
രണ്ടുമുറിക്കാരോടിടകൂടി
കല്ലും തടിയുമെടുത്തവർ തമ്മിൽ

തല്ലും തള്ളും കലശലുംകൂട്ടി
നമ്മുടെ വിദ്വാനേററുനടന്നു
നമ്മെ മറന്നു പറന്നു തിരിച്ചു
മണ്ടുംനേരം മുണ്ടും പോയൊരു
കണ്ടുകിണററിൽ ചെന്നു പതിച്ചു
കൊണ്ടന്നവനെ കാണാഞ്ഞിട്ടു്
കണ്ടവരോടു കരഞ്ഞു പറഞ്ഞൊരു
വണ്ണം ഞാനിഹ വീട്ടിൽ പോന്നു-
പൊണ്ണനെയിന്നും ഞാൻ കണ്ടില്ലാ
ദോഷമതിങ്ങിനെ വരുമുടനേ ചില
ഭോഷന്മാരുടെ കൂടെപ്പോയാൽ
ചക്കിപ്പെണ്ണിനു ശങ്കരനെന്നൊരു
ചക്കരവായൻ ചേച്ചുതുടങ്ങി
കൈക്കലിരിപ്പതു ചെങ്ങാതിക്ക-
ച്ചക്കച്ചുളയെന്നാകിലുമില്ലാ
കച്ചയുടുക്കാനില്ലാഞ്ഞവളെ
കാഴ്ചക്കായിക്കൊണ്ടു തിരിച്ചാൽ
ആനന്ദിച്ചു നടക്കും വിപ്ര-
ക്കാനകളിപ്പാൻ വകയുണ്ടാകും;
ഞാനൊരു കാഴ്ചക്കിളകണമെങ്കിൽ
സ്ഥാനത്തുള്ളതിലൊരുവൻവേണം
പണ്ടുപണിക്കരുനിൽക്കും കാലം
കണ്ടതുകാര്യമതെന്നുമുറച്ചു
കണ്ടവതാളന്മാരുടെ പുറകേ
മണ്ടിനടപ്പാനിവളൊടുകൂടാ
കാൺമാൻ വിധിയില്ലാത്ത ജനത്തിനു
മാമാങ്കത്തിനു പോയാലും ശരി
ഏതിനൊരുതടവുണ്ടാം മാററികൾ
യാതൊന്നിനു കോപ്പിട്ടു തിരിച്ചു
തൊടുകറിയിട്ടു ചമഞ്ഞൊരു കഞ്ഞി-
പ്പുടവയുടുത്തും മോടികൾ കൂട്ടി
കൊടുവെയിൽകൊണ്ടൊരു കാഴ്ചപ്പന്തലി-
ലുടനേ ചെന്നൊരു ദിക്കിലിരുന്നു
തടവില്ലിനിയെന്നോർത്തവളപ്പോൾ
തൊടുവാൻ വഹിയാതായി മടങ്ങി
വിടുഭോഷി! നീയെന്തിനു വന്നു?
ഉടനൊരു പരിഹാസത്തിനുമാത്രം
കൊച്ചിനുമാസം പത്തായില്ലവ-
ളിച്ചീരികാഴ്ചക്കായിയൊരുങ്ങി
നിച്ചിരിയത്തികടിഞ്ഞൂൽപെററൊരു
കൊച്ചിനെയിന്നിവൾ കൊല്ലും താനും
വേശ്യകളൊന്നു നടിക്കും നേരം
വാഗ്ശൂലമൊരു പരിഹാസവുമുണ്ടാം
നംപൂരാരിവർനമ്മെക്കണ്ടാൽ
അയ്മ്പതുദൂഷണമൊരുവൻ ചൊല്ലും
വീട്ടിൽ വരുമ്പോൾ സരസന്മാരു്
പാട്ടിൽ വരുമ്പോൾ വിരസന്മാരു്
കൂട്ടിക്കൊണ്ടൊരു സഭയിൽ ചെന്നാൽ
കോട്ടമറിഞ്ഞു പറഞ്ഞു ചിരിക്കും
പട്ടന്മാരുടെ കൂടെപ്പോയാൽ
ഒട്ടുപൊറുപ്പുണ്ടെന്നൊരുപക്ഷം
ഗോഷ്ഠികളാരാൻ ഭാവിച്ചാലവർ
കൂട്ടത്തോടേ വടിയുമെടുക്കും
പോടാചട്ടുവാ! പീത്താരയോളി!
കൂടാകുസൃതികളെന്നു കയക്കും;
കേട്ടുകളോരോന്നോർത്തു തുടന്നാൽ
കൂട്ടുകയില്ലാ കാഴ്ചകൾ കാൺമാൻ
രുക്മിണിതൻെറ സ്വയംബരഘോഷം
രുചിരമനോഹരമായതു കാൺമാൻ
പെണ്ണുങ്ങളിലൊരു പെണ്ണിനുമാഗ്രഹ-
മെന്നുള്ളതിനൊരു കുറവില്ലേതും.

പെണ്ണുങ്ങൾ വിരവോടിവണ്ണംപറഞ്ഞുപല
പൊണ്ണന്മാരോടും നല്ല ദണ്ഡന്മാരോടും കൂടി
കുണ്ഡിനപുരം പുക്ക പെണ്ണിനെക്കാണ്മാൻവന്നു
തിണ്ണം നിറഞ്ഞു പല തിണ്ണപ്പുറങ്ങളേറി
കൊട്ടും കുഴൽ വിളിയും പാട്ടും പല വിധങ്ങൾ
കേട്ടുരസിച്ചു പല കൂട്ടംവസിച്ചനേരം
വേളിയടുത്തനേരം നാളികമുഖിയാളും
ആളീജനവും കൂടി കേളീവിനോദത്തോടെ
കാളീഭഗവതിതൻ കേളീഭവനത്തിൽ പ്ര-
തോളീപ്രദേശത്തു പ്രവേശം തുടങ്ങിമെല്ലെ.
ദുർഗ്ഗാദേവിവാണരുളും ചാരുഗേഹം തന്നിൽ
രുക്മിണിയും തോഴിമാരും വിപ്രനാരിമാരും
മന്ദംമന്ദം ചെന്നുനിന്നു വന്ദനങ്ങൾചെയ്തു
സുന്ദരീരുക്മിണിതൻെറ കാമമുരചെയ്തു
"ചന്ദ്രചൂഡജായേ! ദേവി! ചണ്ഡി! ചാരുശീലേ
വല്ലവീവല്ലഭൻ ദേവൻ വാസുദേവനെൻെറ
വല്ലഭനായ്വരവേണം വൈകിടാതെ തന്നെ

ഈരേഴുഭുവനങ്ങൾക്കും വേരായൊരുമൂർത്തി!
നാരായണനെന്നു നല്ല പേരായൊരു ദേഹം
കരുണാവാരിരാശേ! കൃഷ്ണൻ തരുണിമാർക്കുകാമൻ
തരുണാംബുവാഹാഭിരാമൻ വരനായ്വന്നീടേണം
ഹരജായേ! നിൻപാദാംഭോജം ശരണംമേഹേ-
ഗൌരി!!
പരമാനന്ദാകാരേ! ധീരേ! പരിപാലിക്കേണം-
നീയെന്നെ"

വരമപിവിരവൊടു വാങ്ങി മനോഹരി
ഉരുതരസുഖമൊടു നടനം ചെയ്താൾ
നരവരകുലമുടനഖിലവുമവളുടെ
വരവതു കണ്ടു കുതൂഹലമോടെ
സരസിജശരനുടെ ശരതതിയേററു
പരവശവികൃതികളാശു തുടങ്ങീ
ഹര!ഹര!ശിവ!ശിവ!നരവരവികൃതിക-
ളുരചെയ്യാനുരഗേശനുമലസൻ
കന്യകതന്നുടെ വദനസരോജേ
കണ്ണുകൾ രണ്ടുമുറപ്പിച്ചൊരുവൻ
തന്നെത്താനെ മറന്നു വസിച്ചാ-
നുന്നതമായൊരു കുററികണക്കെ;
മറെറാരു മന്നൻ വാല്യക്കാരൻ
വെററ്ലതെറുത്തു കൊടുത്തതുവാങ്ങി
തലമുടിതന്നിലതെല്ലാം ചൂടി
ചലമിഴിയാളെക്കണ്ടു വസിച്ചാൻ,
വെള്ളിയടപ്പനെടുത്തുതുറന്നതി-
നുള്ളിലിരിക്കും ചുണ്ണാമ്പെല്ലാം
പച്ചപ്പുഴുവെന്നോർത്തു മുഖത്തു
തേച്ചു തുടങ്ങീ മറെറാരു ഭൂപൻ
അവളെക്കണ്ടു ഭ്രമിച്ചൊരു ഭൂപതി
പവിഴംകോർത്തൊരു മാലയെടുത്തു
കണ്ടിച്ചോരോമണികളെടുത്തതു
കൊണ്ടുടനച്ചനവിധികൾ തുടങ്ങി;
മറെറാരു നരപതിമഞ്ചത്തിൽ നി-
ന്നേററു പതുക്കെപ്പലരും കാൺകെ
ഏററം ദോഷൻ കാതുപിടിച്ചുട-
നേത്തംവിട്ടുതുടങ്ങാനപ്പോൾ;
ഗ്രന്ഥമഴിച്ചു പിടിച്ചൊരു വിദ്വാൻ
ബന്ധം വിട്ടുപറഞ്ഞു തുടങ്ങി
"സുഗ്രീവൻ ധൃതരാഷ്ട്രൻ ശകുനിദ-
ശഗ്രീവൻദമയന്തിവിരാധൻ
ലക്ഷ്മീഭഗവതിശൂപ്പണഖാമുനി
ലക്ഷ്മണനർജ്ജുന"നെന്നിവണ്ണം
മദ്ദളമൊത്താൻ വിരുതനൊരുത്തൻ
മദനഭ്രാന്തു പിടിച്ചൊരു ദോഷൻ
കുട്ടിപ്പട്ടരെ മദ്ദളമാക്കി
കൊട്ടിദ്ധരതിണത്തോംഘോഷിച്ചു;
ഓടക്കുഴലെന്നോർത്തൊരു ഭൂപതി
കൂടെനടക്കും ശാസ്ത്രിദ്വിജനുടെ
പുസ്തകമൊന്നു വലിച്ചു മുഖത്തു്
ഹസ്തംകൊണ്ടഥ ചേർത്തു തുടങ്ങീ;
തപ്പിനുവിരുതുള്ളൊരു ധരണീശൻ
തപ്പില്ലാഞ്ഞിഹ തപ്പിതന്നുടെ
മുന്നിലിരിക്കും മുതുവിപ്രൻറെക-
ഷണ്ടിത്തലയിൽത്തടവിക്കൊട്ടി;
ശാതോദരിയുടെ രൂപം തന്നുടെ
ചേതോദർപ്പണമതിൽ നിഴലിച്ചു്
കണ്ണുമടച്ചഥ രുക്മണി രുക്മിണി!
എന്നുജപിച്ചു വസിച്ചാനൊരുവൻ;
വിദ്വാൻ താനെന്നറിയിപ്പാനൊരു
വിദ്വാൻ ഗ്രന്ഥമഴിച്ചു പിടിച്ചു
പ്രദ്വിശതുഗിരിശസ്ഥമിതാമെന്നഥ
പദവും പൊരുളും ചൊല്ലിരസിച്ചാൻ;
തുംബുരുതുല്യൻ താനെന്നൊരുവൻ
തംബുരുകയ്യിലെടുത്തു പതുക്കെ
സരിഗമപധനിസ എന്നും ചൊല്ലി
പരിചൊടുപാട്ടും പാടിരസിച്ചാൻ.
വണ്ടാർ കുഴലിവരുന്നതുമരികെ-
ക്കണ്ടാനന്ദിച്ചവളുടെ രൂപം
കൊണ്ടൊരു ശ്ലോകം കെട്ടിത്തീർത്തു
കൊണ്ടാടിച്ചിലപൊള്ളുപറഞ്ഞും;
സുന്ദരിമാരുടെ രൂപം തീർപ്പാൻ
സൌന്ദര്യാദിഗുണങ്ങളെവളരെ
പണ്ടേ പണ്ടേ പങ്കജസംഭവ-
നുണ്ടാക്കിപ്പലപെട്ടിലിട്ടതു
പൂട്ടിത്തന്നുടെ പുരിയിൽ പരിചൊടു
പാട്ടിലിരിപ്പതശേഷവുമിപ്പോൾ

രുക്മണിതന്നുടെ രൂപംതീപ്പാൻ
രുചികൊണ്ടൊക്കെയടിച്ചു ഉലിച്ചിഹ
ചിലവിട്ടതിനാലെത്തിപ്പോയൊരു
തിലമാത്രം ബത ശേഷിച്ചില്ലാ;
നഷ്ടിപിടിച്ചുനാന്മുഖനിപ്പോൾ
സൃഷ്ടിപ്പാനും സാധനമില്ലാ
എന്നതുകാരണമന്യസ്ത്രീകൾ-
ക്കൊന്നിനു മിപ്പോൾ പൂർണ്ണതയില്ലാ
തലമുടിയുള്ളൊരു പെണ്ണിന്നപാരം
മുലയില്ലാതെ ചമഞ്ഞിട്ടുണ്ടു;
നല്ലമുഖശ്രീയൊരുവൾക്കുണ്ടു്
പല്ലുകളെല്ലാം വെളിയിൽ കാണാം;
വണ്ണംകൊള്ളാമൊരു നാരിക്കൊരു
കണ്ണുംനാസ്സിയതങ്ങിനെകുറ്റം,
ഇപ്പോഴുള്ളൊരു പെണ്ണുങ്ങൾക്കു
ചൊല്ലൊണ്ണും ഗുണമെല്ലാമില്ലാ
വാരിജഭവനുടെ ദാരിദ്ര്യംബത
കാരണമെന്നതിനർത്ഥവുമിതമം.

എവംവികൃതിയുള്ളഭാവം പ്രകാശിപ്പിച്ചു
ഭൂപാലകന്മാരെല്ലാംമോഹനകാലമങ്ങു്
ചേദിഭൂപാലനേററംമോദിച്ചുതൻെറകാര്യം
സാധിക്കുമെന്നുതന്നെ ബോധിച്ചുശിശുപാലൻ
മാലയേല്ക്കാനുള്ളൊരു കാലമെന്നോർത്തുകൊണ്ടു
നാലുഭാഗത്തും വാദ്യകോലാഹലങ്ങൾക്കൂട്ടി
മാലോകരെല്ലാമെന്നെയാലോകനം ചെയ്യണം
നാലാഴിനടുവിലെ ഭൂലോകമൊക്കെശിശു-
പാലന്നധീനമനുകൂലം ദൈവമെന്നനു-
വേലംമദിച്ചുമദശീലൻ മരുവുന്നേരം;

തദനുമധുസൂദനൻ തന്വംഗിയേക്കണ്ടു
മദനതരളാശയൻ മഞ്ചത്തിൽനിന്നാശു
അവനിയിലിറങ്ങിവന്നാനന്ദമൂർത്തിതാൻ
കമലദളനേത്രയാം കന്യയെപ്രാപിച്ചു,
കരമുവപിടിച്ചുടൻ കാമമൊന്നോതിനാൻ:—
"രുചിരഗുണമോഹനേ!രുക്മിണി'മൽപ്രിയേ
രുചിരമനുരാഗിഞാൻ സുന്ദരീകേളെടോ!
കനിവിനൊടുനിൻമുഖംകാണ്മതിന്നേഷഞാൻ
മനസിബഹുകൌതുകാൽ മണ്ടിവന്നീടിനേൻ
മമതരുണി നീയെടോ! മാനിനീമാലികേ!
മമതയുടയോരുമാം മാനിക്കനീ മുദാ
തരികപരിരംഭണം താമ്രബിംബാധരേ!
പെരികെവളരുന്നഹേ പ്രേമഭാരംപ്രിയേ!
കരികളഭഗാമിനീ! കാമിതം ഭേഹിമേ
തെളിവൊടുവിദഗ്ദ്ധേ! തേരിലേറീടുക
ലളിതതനു! വല്ലഭേ! ലജ്ജമോചിക്കനീ
സരസതരമിങ്ങിനേ സാധുവാക്യംപറ-
ഞ്ഞനുമതിവരുത്തിനാനംബുജാക്ഷൻ മുദാ;
നരപതികളൊക്കവേ നോക്കിനില്ക്കുംവിധൌ
നരകരിപുമാധവൻ നാരിയെക്കൈക്കൊണ്ടു
വിരവൊടുനടന്നുതേവീരചൂഡാമണി
വിരചിതമഹോത്സവം വിശ്വലോകാധിപൻ

അംഗമഹീപതി, മഹിഷമഹീപതി
വംഗമഹീപതി, സിന്ധുമഹീപതി,
ആന്ധ്രമഹീപതി, സിംഹളഭൂപതി
കുന്തിമഹീപതി കുരുധരണീപതി,
കൊങ്കണഭൂപതി, കോസലനരപതി,
മകുണമന്നവരെന്നിവരെല്ലാം
കന്യാഹരണംകണ്ടുകലമ്പി-
സ്സന്നാഹത്തോടുക്കൂടെയടുത്താർ,
'നില്ലെടകടിലാനിന്നുടെ തൊഴിലിതു
നല്ലതിനല്ലെവല്ലവബാലാ!
വല്ലവനെങ്കിലുമിങ്ങനെ ചെയ്താൽ
കൊല്ലുമതിന്നൊരുകില്ലമതില്ലാ
ശിശുപാലൻെറകളത്രമതിന്നൊരു
പശുപാലനുതൊടാമോ മൂഢ!
ശിശുജനമഹോത്സവമോഷണമെന്നതു
ശിശുവായന്നേ ശീലമിതല്ലോ
പാലും തൈരും കട്ടുകവന്നൊരു
ബാലാ! നില്ലെട! ഗോപകുമാരാ!
നാലുജനങ്ങടെ സഭയിൽനിനക്കൊരു
നാളും വരുവാൻ സംഗതിയുണ്ടോ?
മാതുലനെക്കൊലചെയ്ത കുമാരാ
പൂതനയെക്കൊലചെയ്ത കുമാര
കൈതവമല്ലാതൊരുകർമ്മം നീ
ചെയ്തവനല്ല ജനിച്ചുപ്പിന്നെ
വെണ്ണകവന്നുഭുജിച്ചുനടന്നും
പെണ്ണുങ്ങടെവസനം മോഷ്ടിച്ചും
കണ്ണിൽകണ്ടതു കട്ടുമുടിച്ചും

കഞ്ഞികുടിപ്പാനില്ലാതാക്കി
യജമാനന്മാർ പലരുണ്ടവരുടെ
പ്രജകളുമനവധികാൎയ്യക്കാരും
മേനോന്മാരുപണിക്കരുമെന്നിവർ
നാനാജാതികൾ നോക്കിയിരിക്കെ
എടയന്മാരിലൊരുത്തൻവന്നു
മടികൂടാതിക്കന്യാരത്നം
ഝടിതിപിടിച്ചുരഥത്തിൽകേറി
പടഹമടിച്ചുതിരിച്ചുകൊള്ളാം."

കൊട്ടുപ്പിൻതാഡനംപാഞ്ഞ-
ങ്ങെട്ടുപ്പിൻ! കള്ളനെച്ചെന്നു
തട്ടുപ്പിൻ കന്യകമെല്ലെ
പ്പിടിപ്പിൻ ചേദിഭൂപന്നു
കൊട്ടുപ്പിൻവില്ലുകളെല്ലാ-
മെട്ടുപ്പിൻ! ബാണമെയ്യാശു
തട്ടുപ്പിൻ! യാദവന്മാരേ
മുടിപ്പിൻ! ഭൂപാലന്മാരേ
നടപ്പിൻ! തേർത്തടംതല്ലി-
പ്പൊടിപ്പിൻ! കൃഷ്ണന്റെമാറിൽ
തെറിപ്പിൻ! പാരാതെവേഗം
ഒരിപ്പിൻ കൂട്ടത്തിൽവന്നു
മരിപ്പിൻ! പേടിയുള്ളോരി-
ങ്ങിരിപ്പിൻ! പെണ്ണിനെച്ചൊല്ലി
മരിപ്പിൻ! മന്നവന്മാരെ!
ധരിപ്പിൻ കംസനെക്കൊന്ന
ശാനെസംഹരിക്കേണ-
മുടനേസംശയംവേണ്ടാ
വിടനേക്കൈക്കലെത്തുമ്പോൾ
വിടൊല്ലാമന്നവന്മാരേ!

ഇങ്ങനെപലപലദൂഷണവാക്കുകൾ
തിങ്ങിനമദമൊടുഘോഷിച്ചങ്ങിനെ
മുറവും നൃപതികൾവന്നുരഥത്തിനു
ചുററുംനിന്നുതടുത്തൊരുസമയേ
സാത്യകിവീരൻ കൃതവൎമ്മാവും
സാത്വതസംഘവുമവരുടെ പടയും
ഉദ്ധവരും ബലദേവരുമൻപൊടു
യുദ്ധംചെയ്യതിനെത്തിമുതിൎന്നു;
"ക്ഷത്രിയകീടകമൂഢന്മാരേ!
ശൂരതകൊണ്ടൊരു ഫലമില്ലേതും
എലികളൊരായിരമുണ്ടെന്നാലൊരു
പുലിയൊടുകലഹിപ്പാനെളുതാമോ!
കുറുനരിലക്ഷം വന്നാലിന്നൊരു
ചെറുകടുവായെവധിപ്പാനെളുതോ?
നിങ്ങൾക്കീവക കന്യാലാഭം
സംഗതിവരുമോ? ചപലന്മാരേ!
തങ്ങടെവാൎത്തകൾ താനറിയാത്തവ-
രിങ്ങിനെവന്നുതരംകെട്ടുമുടനേ
ഉപ്പുചുമന്നുനടക്കുമവന്നൊരു
കപ്പലുകടലിലിറക്കാൻമോഹം
ഞാണ്ടികൾ ചപ്പിനടക്കുന്നവനൊരു
തണ്ടിലിരിപ്പാനാശകണക്കേ
കുണ്ടുകിണററിൽ തവളക്കുഞ്ഞിനു
കുന്നിന്മീതെപറക്കാൻ മോഹം
ചൊട്ടച്ചാൺവഴിവട്ടംമാത്രം
കഷ്ടിച്ചങ്ങുപറക്കുംകോഴികൾ
ഗരുഡനുപിറകേ ചിറകുംവീശി
ഗഗനേഗമനം വാഞ്ഛിക്കുന്നു
ഞാഞ്ഞൂലെന്നൊരുകൂട്ടം ഭൂമിയി-
ലഞ്ഞൂറായിരമെണ്ണംകൂടി
സ്വരുപിച്ചെങ്കിലനന്തനെടുക്കും
ധരണിയെടുപ്പാനെളുതായ്‌വരുമോ?
കൊതിയന്മാരേ! മതിയന്മാരേ!
മതി! മതി! നിങ്ങടെ മതിയിലെമോഹം
മതിമുഖിയാകിയ രുക്മിണിതന്നിലെ
മതിരതിയൊക്കെ വൃഥാഫലമിപ്പോൾ
ആയനിയുണ്ടവനെങ്ങുദുൎഭഗ-
നായവനാണോ പെണ്ണോ ചൊൽവിൻ
ചെങ്ങാതിക്കിനിവേളികഴിപ്പാ-
നെങ്ങാനൊരുപെണ്ണുണ്ടായ്‌വരുമോ?
ചേദിമഹീശനു വേളിമുടങ്ങി-
ച്ചേതംവന്നതുമൊട്ടുപൊറുക്കാം
മലയാളത്തും പരദേശത്തും
തലയുംപൊക്കിനടപ്പാൻമേലാ
ഭംഗിപറഞ്ഞുപ്രതിഗ്രഹമെല്ലാം
വാങ്ങിക്കൊണ്ടവർതന്നേയിപ്പോൾ
പരിഹാസത്തിനുവട്ടംകൂട്ടി-
പ്പഥിപഥിവന്നവർപാൎത്തീടുന്നു
യുദ്ധമഹോത്സവമുടനേതുടരുകി-
ലുദ്ധതഭാവമശേഷംതീരും.

ഉദ്ധവർ കൃതവൎമ്മാസാത്യകിസകലയദുക്കളു-
മുടനെ
ഉദ്ധതമതിനൃപതിബലത്തൊടു യുദ്ധവിധങ്ങൾ-
തുടങ്ങി
വില്ലുശരംചുരികകടുത്തിലശൂലം ചവളംകുന്തം
നല്ലഗദകൾവാളുമ്പരിചകൾ മുൾത്തടിചക്രം-
പരിഘം
ചന്തക്കുഴലിട്ടികൾ ശക്തികളൊരുവക പീരങ്കി
കളും
ചന്തത്തൊടുപലവിധമായുധമതിലെടുത്തു ഭട-
ന്മാർ
വെട്ടുംപലവെടികളുമിടയിട ചട ചടഘോഷ-
ത്തോടെ
തട്ടു ചിലകുഴൽവിളി നിലവിളികൊമ്പുകൾ-
വൻചുകൾകാട്ടി
ആനപ്പടകുതിരപ്പടകളുമിടവക മാടമ്പികളും
സേനാപതിമെനോക്കികളുഗ്രമൂത്തപടത്തലവ-
ന്മാർ
പട്ടാണികൾപലതരമിങ്ങനെ കളകളമിളകി-
നിറഞ്ഞു
പെട്ടെന്നൊരു സമരമഘോരവിധ ഉചുനരുലക
രാളം
സാത്യകിയുടെശരശതമേററിഹതോദവമടങ്ങി-
നൃപന്മാർ
നൃപതികളുടെ കണ്ണപൊടിഞ്ഞഥ ചിലരുടെ
കാലുമൊടിഞ്ഞു
നൃപനൊരുവൻപല്ലുതകൎന്നൊരുമല്ലൻമൂക്കു ചത-
ഞ്ഞു
വസ്ത്രംപോയാഭരണംപോയുടലു ചിലൎക്കലടിച്ചു
ഛത്രംപോയ് നാണംകെട്ടഥ ഝടിതിനടന്നു
തിരിച്ചു
പെണ്ണിനെ മോഹിച്ചുലഭിച്ചൊരുമാനക്ഷയമധി
കമഹോ!
വന്നതുമിനിമതിമതി നമ്മുടെവീട്ടിലിരുന്നാൽ
പോരും
ഇത്തരമതിഭയമിടകൂടിൻരാജസമൂഹമശേഷം
സത്വരമങ്ങോടിയൊളിച്ചു ശമിച്ചുഗമിച്ചു-
വസിച്ചു

മട്ടുമാറി.

വാളുമെടുത്തുപിടിച്ചുകളിച്ചു-
ച്ചീളെന്നോടിയടുത്തിതു രുക്മൻ
വേളിമുടക്കിയമൂഢാ! നില്ലെട
കേളിവിനോദമിതല്ലെട കൃഷ്ണാ!
ഗോക്കളെമേച്ചുനടക്കുന്നവനി-
പ്പോക്കിളമെന്നുഗ്രഹിച്ചിട്ടുണ്ടോ!
നോക്കെടാ! നിന്നുടെ കുലബലധനജന-
മൊക്കെയുമാശുമുടിക്കും രുക്മൻ
ശിശുപാലന്നുകൊടുപ്പാനായി
ശിശുവായന്നേകല്പിതമാക്കിയ
മത്സോദരിയെക്കട്ടൊരു നിന്നുടെ
ദുസ്സാമൎത്ഥ്യം നമ്മൊടുകൂടാ;
പാലും തൈരുമിതല്ലെടകൃഷ്ണ!
പോരുംനിന്നുടെ പൌരുഷമെല്ലാം
നമ്മാനമ്മുടെ പെൺകൊടിയാളെ-
സ്സമ്മാനിപ്പാൻ നല്ലൊരു പാത്രം
അമ്മാവനെയും കൊന്നുമുടിച്ചാ-
നമ്മാനിപ്പോളൊരു വകയില്ലാ;
കട്ടുഭുജിച്ചും കാലികൾ മേച്ചും
വട്ടുകളിച്ചും കാട്ടിലൊളിച്ചും
മട്ടോൽമൊഴികടെ പുടവകവൎന്നും
നാട്ടാരോടു പിടിച്ചു പറിച്ചും
പെരുവഴിപോകുന്നേരം ചെന്നൊരു
പെരുമണ്ണാനെക്കുത്തിക്കൊന്നും
പെരുതെട! നിന്നുടെ വിരുതുകളിങ്ങിനെ
കരുതിപ്പൊരുതിക്കൊള്ളുടകുടില!
ഇങ്ങിനെ വന്നു ശകാരം കൂട്ടി
സംഗരസീമനികണ്ടൊരു സമയേ
തിങ്ങിനകോപാലോടിയടുത്താൻ
മംഗലമൂൎത്തിമുകുന്ദനമപ്പോൾ;
പടയുടെ കലശലുകേട്ടപ്പോൾ ചിലർ
പടികളടച്ചു മുടക്കണുമിട്ടു
ഊട്ടിനു വന്നൊരു പട്ടന്മാർ ചിലർ
കേട്ടു ഭയപ്പെട്ടുഴറിത്തന്നുടെ
കുട്ടികളെച്ചിലർ തോളിലെടുത്തും
കുട്ടിസ്സാദം കെട്ടിനുമീതെ
കെട്ടിമുറുക്കിദ്ധാവതി ചെയ്തു

ചന്ത്രക്കാരൻ കലവറപൂട്ടി-
ച്ചന്തത്തൊപ്പിയുമിട്ടുമുറുക്കി
കുന്തമെടുത്തു കുറുക്കു വിളിച്ചുക-
തിച്ചുഥ ചാടിപ്പാഞ്ഞു തിരിച്ചും
അച്ചികൾ ചൂലും മുറവുമെറിഞ്ഞും
മച്ചിലൊളിച്ചും മണ്ടിനടന്നും
അച്ഛനെ വിളിയെടിയങ്ങൊക്കിപ്പോൾ
കൊച്ചിനെ വേണ്ടാ കോയിക്കൽ ചില
നിച്ചിരിയത്തികളുണ്ടവർ മേനികൊ-
തിച്ചുനടക്കുന്നെന്നിഹ കേട്ടു;
കള്ളന്മാർക്കു തനിക്കു പിറന്നൊരു
പിള്ളയെവേണ്ടാതായാൽ പിന്നെ
തള്ളയിലൊരു കനിവുണ്ടായ് വരുമോ?
പള്ളപൊറുപ്പാനിങ്ങു വലഞ്ഞു
പടവന്നെന്നുടെ വീട്ടിൽ കോഴി-
പ്പിടിയും കതകും തല്ലിയൊടിച്ചു
കൊടിയും വാഴയുമൊക്കെ നശിക്കും
മുടിയും നമ്മുടെ നാടുകളെല്ലാം
ഇങ്ങിനെയിവരെയെടുത്തും കൊണ്ടിനി-
യെങ്ങൊരു ദിക്കിനു പോയിടേണ്ടൂ?
ഖഡ്ഗമെടുത്തു കയർത്തു വരുന്നൊരു
രുക്മനെ വിരവിലെതിർത്തു മുകുന്ദൻ
വെക്കം ചെന്നു പിടിച്ചുടനവനുടെ
ഖഡ്ഗവുമിങ്ങു പിടിച്ചു പറിച്ചു,
തലമുടിപിടിപെട്ടസികൊണ്ടവനെ
ക്കൊലചെയ്‌വാനുടനാരംഭിച്ചു;
കാടൻ പൂച്ചപിടിച്ചെലിപോലെ
മൂഢൻ നിന്നു വിറച്ചു തുടങ്ങി;
ആയതുകണ്ടു കരഞ്ഞു വിരഞ്ഞുട-
നായതമിഴിയാൾ രുക്മിണിയപ്പോൾ
തൃക്കാൽ ചെന്നു പിടിച്ചു പറഞ്ഞു
ചക്രായുധനൊടു ചടുലാപാംഗി.

മട്ടുമാറി.

"കരുണാസാഗരനാഥ! ശരണം നീ ശരണം
ചരണാന്തേ പണിയുന്നേനരുതയ്യോ കോപം
കുലനാശം വരുത്തൊല്ലാ കുവലയനയന!
കൊലചെയ്തീടരുതെന്റെ സഹജനാമിവനെ
ഇവൻ ചെയ്തോരപരാധം കഠിനമെന്നാലും
സഹിക്കേണം മുകിൽ വർണ്ണ! നമുക്കുള്ളമൂലം
ചെറുപ്പം കൊണ്ടിവനോർ രാജസതങ്ങൾ പറ-
ഞ്ഞതു
വെറുപ്പമിന്നതു കേട്ടാൽ വധിപ്പാനും തോന്നും;
പൊറുപ്പാനുള്ളൊരു മോഹം വരുമോ കൊല-
ചെയ്താൽ
പുറപ്പെട്ടു ഗമിക്കുമേ ജനകാദിസകലം
ഒരു ദോഷം പൊറുക്കേണം പെരുതായിവന്നാലും
നിരൂപിച്ചു സഹിക്കേണം നിഖിലേശാ കൃഷ്ണാ!
ഇതിനെല്ലാം നിമിത്തം ഞാനെന്നല്ലോ വരുന്നതും
അതുപാരം മമ ഖേദം മധുവൈരിൻ നാഥാ!
നമസ്തേ ശ്രീഗോവിന്ദ! നമസ്തേ ഗോപാല!
നമസ്തേ ശ്രീധരാവിഭോ! നമസ്തേ ഭുവനേശ!"

മട്ടുമാറി.

ഇങ്ങിനെ വന്നു കരഞ്ഞു പറഞ്ഞൊരു
മംഗലമധുമൊഴിയാളെക്കണ്ടുട-
നങ്ങിനെയെന്നരുൾ ചെയ്തു കൃപാനിധി
അംഗനമാർമണിയോടനുരാഗാൽ
"മൽപ്രിയകാന്തേ! രുക്മണിതവ പുന-
രപ്രിയമുണ്ടോ ഞാൻ ചെയ്യുന്നു?
ദുഷ്പ്രഭുവാകിയ സോദരനിവനതി
ദുഷ്കൃതമൂർത്തി മഹാശഠനധമൻ
ധിക്കാരങ്ങൾ പറഞ്ഞതശേഷവു-
മിക്കാലത്തു സഹിക്കാമിഹ ഞാൻ;
പങ്കജനയനേ! നിന്നുടെ ചേതസി
സങ്കടമെങ്കിലെനിക്കും സങ്കട-
മെന്നാലൊരു പിഴയിന്നു പൊറുക്കാ-
മെന്നരുൾ ചെയ്തു പതുക്കെ മുകുന്ദൻ
പാണികൾ കൊണ്ടഥ രുക്മിണിതന്നുടെ
പാണിപിടിച്ചു പുണർന്നു വസിച്ചു.
ദുഷ്ടതപെരുകിന രുക്മനെ വിരവൊടു
മുഷ്ടികൾ കൊണ്ടു ശിരസ്സിലടിച്ചു
ഖഡ്ഗം കൊണ്ടുടനവനുടെ തലമുടി
ചിക്കന്നങ്ങു ചിരച്ചൊരു ശേഷം
നാലുമൊരൊന്നും കുടുമകൾ വെച്ചൊരു
കോലം കണ്ടാൽ ചിരിയാമങ്ങിനെ
നാണക്കേടു വരുത്തിയയച്ചു
പ്രാണൻമാത്രം പോയതുമില്ലാ.

മൂന്നം രണ്ടും കൂട്ടമക്കാരൻ
പോന്ന പുരത്തിൽ പുക്കഥ രുക്മൻ
കതകുമടച്ചു പുതച്ചു കിടന്നു
ഹിതമല്ലാത്തതു ചെയ്തു നിമിത്തം.
വീര്യാംബുരാശി കൃഷ്ണൻ ഭാര്യാസമേതനായി
തേരിൽ കരേറിയ ദുർവീരന്മാരോടുംകൂടി
സീരായുധനെച്ചെന്നു പാരാതെ കൈവണങ്ങി
ദ്വാരാവതിക്കുപോവാനാരംഭിച്ചുഴകോടെ
കൊട്ടും കുഴൽ വിളിയും പാട്ടും തഴകളാല-
വട്ടംതൈവിടിശ്ശികടാട്ടും, കുത്താടികടെ
ഓട്ടം എന്നിവ ചൊററ കൂട്ടം മേളങ്ങളും വല
കൂട്ടി നടന്നു ചെന്നു ക്ഷിപ്രം കടൽ കടന്നു;
വിപ്രന്മാരോടും കൂടിവപ്രംഗോപുരം വല
സുപ്രദേശം ലംഘിച്ചു ഉള്ളിൽ കടന്നു കൃഷ്ണൻ,
പുള്ളിമാൻ മിഴിയാളും വെള്ളിത്രാമ്പിമേലേറി
പള്ളിക്കട്ടിലിന്മീതേ ചെന്നങ്ങധിവസിച്ചു;
നന്ദനന്ദനൻ കൃഷ്ണൻ മേളിച്ചു പുലർകാലേ
നന്ദിച്ചു മാതാവിനെ ഒന്നിച്ചു താതനേയും
വന്ദിച്ചു വഴിപോലെ മേളിച്ചു രുക്മിണിയെ
ലാളിച്ചങ്ങവളുടെ വേളികഴിച്ചു നല്ല
കേളിയുമാടിക്കൊണ്ടു മാളികമീതേ വാണു;
നാളീകമുഖിയുടെ വ്രീളിതവുമകന്ന-
ങ്ങാളീകൌശലമൂലമെന്നതേ പറയാവൂ.
ഇങ്ങിനെ രുക്മിണി ഹരണം ചെയ്തു
ഭംഗിയിലംബുജനയനൻ കൃഷ്ണൻ
മംഗലമിക്കഥ കഥനം ചെയ്താൽ
സംഗതമായ്വരുമമിതാനന്ദം;
ഉലകടെപെരുമാളിക്കഥയെല്ലാം
നലമൊടുമനസിനിനിച്ചുവസിച്ചു
ഉലകടെ പൊലിമവരുത്തിരമിക്കാം
കലബലപുഷ്ടിയുമുളവാം ഭദ്രം.

—:o:—

മംഗളം.

സുരതടിനീ നിലയോത്തമ! മുരരിപൊ!
സരസിജലോചന! പാഹി
നരപതി വിജയൻ രഥമണിയാം യദു-
വര! കരി വരദ! പാഹി
മത്സ്യകൂർമ്മസൂകരനരഹരി
വാമന ഭൃഗുവര! പാഹി
ശ്രീരാഘവജയ! സീതാവരജയ!
പീതാംബര!ജയജയ പാഹി
ശ്രീവസുദേവാത്മജ! ജയശൌരേ!
ശ്രീലക്ഷ്മീ രമണ!മാം പാഹി
വാരിജഭവമുഖസുരവരവിനുത!
സാരസനയന! ശൌരേ!
നീരദമോഹനദിവ്യകളേബര!
ഹാരവിരാജിതകണ്ഠ!
ദേവകിനന്ദന!യാദവബാല!
ദേവജനാവനശീല!
വസുദേവാത്മജ! വാനവർ പാല!
വാസവിസൂതമുരാരേ!
മഞ്ജുളകുണ്ഡലമണ്ഡിതഗണ്ഡ!
ഖണ്ഡരിഷണ്ഡാ! ലോലാ
രഞ്ജിതമഞ്ജുളകുന്തളശോഭിത
ബിംബഫലാധര! നാഥ!
മാററലർ പാശമറുത്തിഹ പാലയ!
ചോററാനിക്കരവാസാ!
നളിനാസനമുഖസുരഗണപൂജിത!
അന്ധകജനപാലനപാഹി
മനസിജനാശന! ജനിമൃതിമോചന
മഹിത ഗുണാലയപാഹി
ശിശുശശിശേഖര! ശിവമൃഡശങ്കര!
ശിതിഗള! ശംഭോ! പാഹി!
വനോർസേവിതവാസുകിഭൂഷണ!
വരമരുളീടുകവന്ദേ
യക്ഷേശ്വരവരദാ!നതജന
മോക്ഷദ! മാം പര പാഹി
ശ്രീപൂർണ്ണത്രയീമന്ദിര!നാഥ!
ശ്രീപുരുഷോത്തമവന്ദേ
ശ്രീഗുരുവായുപുരേശ! ഹരേ മാം
പരിപാലയമാം ദേവ!
നാരായണജയ! നാരായണജയ! നാരായണ
കൃഷ്ണ! ശരണം ശരണം.

രുക്മിണീ സ്വയംബരം ഓട്ടൻതുള്ളൽ സമാപ്തം.

ഘോഷയാത്ര

ഓട്ടൻ തുള്ളൽ.

അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും
ഗുണഗണമേറിനപുരിചിടയുടയോൻ
പ്രണതശിവങ്കരനഗമാരമണൻ
കരിണീവടിവുചമഞ്ഞു വിളങ്ങിന
തരുണീമണിയാം ഗിരിസുതയാസഹ-
കരിവരവേഷം പൂണ്ടൊരു ദിവസം
കരിഹരിശരഭവരാഹമഹാമൃഗ-
പരിവൃതമാകിനവിപിനംതന്നിൽ
പരിചൊടുവിഹരിച്ചീടിനസമയേ
പെരുകിനമട്ടുമലർവാസനകൊണ്ടും
സുരഭിമലയപവനാഗതികൊണ്ടും
പരിസരമിളദളിഝംകൃതികൊണ്ടും
പരഭൃതപഞ്ചമരാഗംകൊണ്ടും
പരിണതശശധരകിരണംകൊണ്ടും
സരളബകുളമുകുളാവലികൊണ്ടും
സരസിജശരശരനികരംകൊണ്ടും
സരസികുമുദവനധൂളികൾകൊണ്ടും
പരവശമാനസരാമവരുടനേ
പരിചൊടണഞ്ഞു പുണർന്നൊരുനേരം
തരസാവന്നുപിറന്നു വിളങ്ങും
തരുണദിവാകരകോടിസമാനൻ
കരിമുഖമാകിന പരദൈവതമേ!
വരമരുളീടുക വന്ദിക്കുന്നേൻ.

മട്ടുമാറി.

കല്യാണവാരിരാശി കല്ലോലജാലംപോലെ
നല്ലൊരുതിരുമിഴിവില്ലാട്ടംകൊണ്ടുമമ
കല്യാണമരുളുക കല്യാണി വാണീദേവി
ഫുല്ലാരവിന്ദരുചി വെല്ലുന്നഭംഗിയുള്ള
സല്ലോചനങ്ങളുടെ തെല്ലോടിടകലരും
മല്ലായുധൻറെപട വില്ലോടുതുലിതമാം
ചില്ലീമയകനക വല്ലീവിലാസംകൊണ്ടു-
മുല്ലാസഗുണമുള്ള വില്ലാതെവിലസുന്ന
സല്ലാപമധുരസാസല്ലാളനങ്ങൾകൊണ്ടു-
മെല്ലാനേരവുമെന്നെ കല്യാണി! കാത്തരുൾക
കല്യേ! ഭഗവതി! നീയല്ലാതിനിക്കുഗതി-
യില്ലാമമമനസി വല്ലായ്മവന്നീടുന്ന-
തെല്ലാമകത്തിപ്രതിമല്ലന്മാരുടെ മദ-
മെല്ലാംകുറപ്പതിനു നല്ലൊരുവചനകൌ-
ശല്യംതരിക മമ ശല്യങ്ങൾതീർത്തരുൾക
മല്ലാധിവാസജാതേ ഫുല്ലാക്ഷി സരസ്വതീ
ചൊല്ലേറുമൊരുകവി ചൊല്ലുന്നമൊഴി ചെവി
തെല്ലുണ്ടിനിക്കുമൊരു കില്ലുണ്ടതിനുമിന്നു
നല്ലോരമൃതരസ കല്ലോലജാലങ്ങൾക്കു
തുല്യങ്ങളാം കവികൾ ചൊല്ലും ജനങ്ങളുടെ
ചൊല്ലുകൾകേൾക്കത്തന്നെ നല്ലനമുക്കതിനു
തുല്യംകവിതാഗുണമില്ലെന്നറിഞ്ഞീടേണം
വല്ലാത്തകവിതകൾ ചൊല്ലുന്നവനെക്കാട്ടിൽ
ചൊല്ലാതിരിക്കുന്നവൻ നല്ലൂനിരൂപിച്ചാല-
തല്ലാതെദുസ്സാമർത്ഥ്യമെല്ലാം തുടങ്ങുന്നേര-
മെല്ലാർക്കും പരിഹാസമല്ലാതെവരികില്ല;
ഒല്ലാത്തവാക്കുവന്നു ചൊല്ലുന്നപുരുഷനെ-
ക്കൊല്ലാതെകൊല്ലുമിന്നെല്ലാ മഹാജനങ്ങൾ;
വല്ലാത്തദുഷിവാക്കുതെല്ലും സഹിച്ചുകൂടാ
തല്ലുകൊണ്ടെന്നാലതു തെല്ലുദിവസമങ്ങു
ചെല്ലുമ്പോൾവേദനകളെല്ലാം ശമിച്ചുപോകും
വല്ലാത്തവാക്കുഹൃദിശല്യംതറച്ചപോലെ
അല്ലൽവരുത്തുമതിനില്ലിങ്ങവസാനമ-
തെല്ലാംവിചാരിക്കുമ്പോൾചൊല്ലാനെളുതല്ല;
നല്ലഗുരുകടാക്ഷമല്ലാതൊരുശരണ-
മില്ലാമനുഷ്യർക്കുചൊല്ലാമൊട്ടുക്കമിനി;

മട്ടുമാറി.

ധരണീസുതകുലമകുടമഹാമണി
ഗുരുനാഥൻ മമ വരമരുളേണം
ധരണീസുരപ്രഭു ചെമ്പകനാടാം
അരവിന്ദാകരദിനകരനരശൻ

ധരണീധരന്റെ ചരണാംബുജയുഗ
ശരണീകൃതനിജകരണീയൻ ഗുരു
കരുണാമൃതരസവരുണാലയനതി-
തരുണാമിതരുചിപരിണാഹംകൊ-
ണ്ടരുണാമലനവകിരണാവലിയുടെ
പരിണാമമായിതകരുണാകാരൻ;
അരുണാംഗുലിനവ ചരണാംഭോരുഹ-
നരുണാപാംഗസ്ഫുരണാനന്ദൻ
ഹരിണാകനകവിതരണാദിഷുസുര-
തരുണാനീതിഷു ഗുരുണാധൈര്യേ
ഗിരിണാസമഗുണനരുണാ, സുമധുര
തരുണീമാനസഹരണോചിതനിജ
കരണോന്നതഗുണഭരണോദാരവി-
ഹരണോദാത്തൻ, സുരണോദഗ്രൻ,
ചരണോൻമുഖജനശരണോന്നിദ്രൻ;
ധരണീപാലനശീലൻ നരപതി
ചരണംപരിചൊടുവന്ദിക്കുന്നേൻ
വരണംമമഗതിപരിണാമസുഖം.

ശ്ലോകം.

ഗോഷ്ഠീസാവിരളാനയത്രഘടതേ
സത്താപുരോഭാഗിനാം
നാരീസാഖലുദുർല്ലഭാനകസ്യതി
ശ്ലിഷ്ടംയദീയം മനഃ
ദുഷ്പ്രാപശ്ചതദംബുതീരജരജോ
രാജിന്നയദ്ദൂഷയേ
ദുസ്സാധശ്ചസുഖം തദാവിലയതേ
ദുഃഖാനുവൃത്തിന്നയൽ;

ഇതിനുടെപൊരുളുപറഞ്ഞീടാമതു
മതിമാന്മാരറിയേണമിദാനീം;
അതിയായുള്ളഗുണങ്ങൾവരുമ്പോ-
ളതിലൊരുദോഷമകപ്പെട്ടുമല്ലോ;
"മുററം നല്ലമഹാജനമെല്ലാം
ചുററംവന്നുനിറഞ്ഞസഭായാം
കുററംനോക്കിപ്പറവാൻ വലിയൊരു
കുററികണക്കിനെ നില്ക്കും ചിലരിഹ;
ദോഷഗ്രാഹികളില്ലാതുള്ളൊരു
ദോഷജ്ഞന്മാരുടെസഞ്ചാരം;
വേഷമനോഹരിയാകിയപെണ്ണിനു
ദൂഷണമൊന്നുണ്ടതുമുരചെയ്യാം;
പല്ലവമെന്നതുപോലെ ദേഹം
പല്ലഞ്ചുണ്ടുമതെത്രമനോജ്ഞം!
നല്ലകടാക്ഷം നല്ലൊരുഭാവം
സല്ലാപങ്ങളുമാനന്ദകരം
എല്ലാമിങ്ങനെ മംഗലമെങ്കിലു-
മല്ലാതുണ്ടൊരു ദോഷമവൾക്കും
കല്ലുകണക്കേ കഠിനംഹൃദയമ-
തല്ലാതുള്ളവൾ ദുർല്ലഭമല്ലോ;
ചാരുതയുള്ളൊരു സലിലത്തിന്നൊരു
നീരസമുണ്ടതുബോധിക്കേണം,
തീരത്തുള്ളൊരുപൊടിപടലംബേത
ചേരുന്നേരമതൊന്നുകലങ്ങും
എന്നതുപോലേ നല്ലസുഖത്തിനു
മൊന്നുവിരോധം ദുഃഖാഗമനം
അന്നന്നോരോദുഃഖാനുഭവം
വന്നിടകൂടാതുള്ളസുഖം ബഹു-
ദുർല്ലഭമെന്നുധരിച്ചീടേണം
നല്ലബുധന്മാരഖിലമിദാനീം"
ചൊല്ലിയപദ്യത്തിന്റെ പൊരുളിതു
വല്ലഭമോടുഗ്രഹിച്ചീടേണം,
ദൂഷണവാക്കുകൾ ചൊല്ലുകയത്രേ
ഭൂഷണമെന്നുനടിച്ചുനടക്കും
ദോഷന്മാർപലരുണ്ടതിനാലി-
ബ്ഭാഷാകവിതമഹാവൈഷമ്യം
ഗുരുകപുരമമരും പരമശിവൻ മമ
സുകരതവരുവാൻ വരമരുളേണം;
തകഴിയിലമരും ഹരിഹരസുതനും
സകലഗുണങ്ങൾ നമുക്കുതരേണം;
നഗവരനന്ദിനിമാളൂരമരും
ഭഗവതിസതതം കാത്തരുളേണം;
വിഗതകളങ്കം കവികളുരപ്പാൻ
മികവുനമുക്കു ലഭിപ്പിക്കേണം,
അംബരതടിനീനിലയനിലീനമൊ-
രംബുജനയനം നയനാനന്ദം
കംബുകശാപരിശോഭിതമാകിന
ബിംബമെനിക്കവലംബനമേകം
ഉലകുജയിച്ചു ജയശ്രീകൾക്കൊരു
കുലഗൃഹമാകിന കുവലയനയനൻ,

ഉലകുടെപെരുമാളവനീ പതികുല
തിലകമതാകിന മന്നരിൽ മന്നൻ,
വലരിപുസന്നിഭനംബുധികാഞ്ചീ
വലയിതമാകിനവസുധാചക്രം
കുലബലധനജനപൌരുഷശാലീ
നലമൊടുവാണുവസിക്കും കാലം;
പാരിൽദ്രവ്യവിഭൂതിപെരുത്തും
ദാരിദ്ര്യംബതകേൾപ്പാനില്ലാ
ചാരുസ്ത്രീകുലപാലികമാരുടെ
ചാരിത്രത്തിനുഭംഗവുമില്ലാ;
ദുർമ്മദമില്ലാ ദൂഷണമില്ലാ
ദുർമ്മുഖമുള്ളജനങ്ങളുമില്ലാ
കല്മഷമില്ലാ കശ്മലരില്ലാ
കർമ്മങ്ങൾക്കൊരുബാധകളില്ലാ,
വഞ്ചനമില്ലാ വൈരമതില്ല
വാഞ്ഛിതമൊന്നുവരാ
ചഞ്ചലമില്ലാ ചാപലമില്ലാ
ചഞ്ചലമിഴിമാർക്കല്ലലുമില്ലാ,
നിന്ദകളില്ലാ നിഷ്ഠുരമില്ലാ
നിന്നനിലയ്ക്കൊരിളക്കവുമില്ലാ,
മന്ദതയില്ലാ മത്സരമില്ലാ
മന്ദിരഭൂതിവിനാശമതില്ലാ;
ഭീഷണിയില്ലാ ഭീതിയുമില്ലാ
ഭീഷണഭാഷണഘോഷണമില്ലാ,
ഏഷണിയില്ലാ എതിർപടയില്ലാ
ഏഷണദോഷവിശേഷമതില്ലാ
മോഷണമില്ലാ മോഹവുമില്ലാ
മോക്ഷാവ്യന്നാ നാമവുമില്ലാ;
കുത്സിതമില്ലാ കുടിലതയില്ലാ
കുത്സാളുജാബലഭടജനമില്ലാ;
ശങ്കകളില്ലാ ശഠതകളില്ലാ
പങ്കികളാകിനമാനുഷരില്ലാ;
സങ്കടമില്ലാ സംഭ്രമമില്ലാ
സംഘവിരോധമൊരുത്തനുമില്ലാ
സങ്കരമില്ലാ സാഹസമില്ലാ
സംഗരഭീതിപരാഭവമില്ലാ;
വ്യാകുലമില്ലാ വ്യാധികളില്ലാ
വ്യാകരണംപറയാത്തവരില്ലാ;

ലാഘവമില്ലാ ലാലസമില്ലാ
രാഘവസേവകരല്ലാതില്ലാ
വിഷഭയമില്ലാ വിഷമമതില്ലാ
വിഷയഭ്രാന്തുപിടിച്ചവരില്ലാ,
പിഴകളുമില്ലാ പീഢകളില്ലാ
പിഴുകിപ്പോയജനങ്ങളുമില്ലാ,
കണ്ടകനില്ലാ കർക്കശനില്ലാ
കണ്ടാലഴകില്ലാത്തവനില്ലാ,
കാതരനില്ലാ കപടമതില്ലാ
കാതരമിഴിമാർക്കൊരു വിനയില്ലാ
ധർമ്മപ്പെരുമാൾ പണ്ടുനടന്നൊരു
ധർമ്മത്തിന്നൊരുപിഴകൂടാതെ
തന്മകനതിലൊരുപത്തുമടങ്ങുസു-
ധർമ്മസമൃദ്ധിവരുത്തിവസിച്ചാൻ
നെല്ലും പണവും പാത്രങ്ങളുമിവ-
യെല്ലാമനവധിവർദ്ധിച്ചതിനാൽ
ഇല്ലങ്ങളിലൊരുദിക്കുമൊഴിഞ്ഞി-
ട്ടില്ലെന്നായിതുവിപ്രന്മാർക്കും
വിത്തും നെല്ലും വാരിക്കോരി-
പത്തായങ്ങൾനിറച്ചൊരുശേഷം
പത്തായിരമിനിയുണ്ടതിനാലാ-
പത്തായെന്നു ഗൃഹസ്ഥന്മാർക്കു.
പെരുവഴിപോക്കർക്കൂട്ടുകൊടുപ്പാ-
നൊരുവനുമില്ലാതു ഭൂമിയിലേശം;
ഒരു നാഴിക പുലരുന്നതിൽ മുമ്പേ
ചോറിയും കറിയും വെച്ചുളവാക്കി
പെരുവഴി പോക്കർ വരാഞ്ഞിട്ടവരുടെ
പെരുവഴി നോക്കിയിരിക്കും സരസൻ.
അരമനതന്നിൽ വരും പഥികന്മാ-
ർക്കൊരുവൈഷമ്യമൊരിക്കലുമില്ലാ
നിരുപിക്കുമ്പോൾ കൊറവകഴിക്കാ-
മൊരുകുറിയല്ലതു രാത്രിംപകലും;
കുറിയരിവെച്ചു വെളുത്തൊരു ചോറും
കറികളുമാജ്യം ദധിയും കൂട്ടി-
നിറയെക്കൊറ കഴിക്കും പരിഷകൾ
കുറയല്ലൻപതു ലക്ഷം ദിനവും.
പട്ടന്മാർക്കിഹ ചോറുകൊടുപ്പാ-
നൊട്ടല്ലാദരമുലകടെ മന്നനു,

വട്ടം പലവക പച്ചടികിച്ചടി
ചട്ടററീടിന ചാറ പരിപ്പും
വണ്ണൻ പഴവും പപ്പടവും പല
കണ്ണൻ പഴവും കറികളു നാലും
തിണ്ണം ദധിമധുപാലുംഗുളവുമി-
വണ്ണം പ്രാതലിനെല്ലാരുഘോഷം
അത്താഴത്തിനു കാച്ചിയമോരും
പുത്തൻ മാങ്ങാനാരങ്ങാക്കറി
മത്തങ്ങാക്കറി മററം പലവക
നിത്യവുമിങ്ങിനെ ഭോജനദാനം
കൂത്തുണ്ടൊരുദിശി പാട്ടുണ്ടൊരു ദിശി
ഓത്തുണ്ടൊരുദിശി കീത്തനമൊരുദിശി
ആട്ടമൊരേടത്തഭ്യാസികളുടെ
ചാട്ടമൊരേടത്തായുധവിദ്യാ
കൊട്ടും കോലടി ചെപ്പടി തപ്പടി
തട്ടമ്മേൽ കളി തകിലും മുരളും
നാടകനടനം നമ്മവിനോദം
പാഠകപഠനം പാവക്കൂത്തും
മാടണിമുലമാർ മോഹിനിയാട്ടം
പാടവമേറിന പലപല മേളം
ചന്തംതടവിന ചതുരംഗങ്ങളു-
മന്തരഹീനം പകിടക്കളിയും
പന്തടിവീണാ വേണുമൃദംഗം
ചിന്തും പോരണി പോരണി വിധവും
അന്തണവരരുടെ ശാസ്ത്രവിചാരം
ഗ്രന്ഥികളുടെ പട്ടമത്സരവാദം
സന്ധിതുടങ്ങിന നയശാസ്ത്രങ്ങളു-
മെന്തിതു ചൊന്നാലില്ലവസാനം
ദന്തികളനവധികാലാളുകളും
പന്തിനിറഞ്ഞൊരു കുതിരപ്പടയും
ലന്തത്തോക്കു പറങ്കിത്തോക്കുകൾ
കുന്തം ചവളം വില്ലും ശരവും
ആയുധവാഹനവിഭവം പറവാ-
നായിരമാനനമുള്ളവനും പണി;
മായവിതന്നുടെ മകനാം മന്നവ-
നായതനയനൻ വാണൊരു കാലം
നായന്മാരുടെ വീടുകൾ തോറം
മായാഭഗവതി വിളയാടുന്നു,

കായസ്ഥന്മാരച്ഛന്മാക്കൊരു
കായക്ലേശവുമില്ലക്കാലം.
ഞാഞ്ഞു പറയ്ക്കുള്ളൊരു കണ്ടത്തിൽ
പുഞ്ചവിതച്ചു വിളഞ്ഞതു കൊയ്താൽ
അഞ്ചുജനത്തിനു ചെലവു കഴിക്കാ-
മഞ്ചുമൊരേഴും മാസം മുഴുവൻ
തഞ്ചിലവുകളും വിത്തും കൂലിയു-
മഞ്ചാതേ കണ്ടങ്ങു കഴിച്ചാൽ
ഞാഞ്ചോ പാത്തോ വാശ്ശികൊടുപ്പാൻ
വാഞ്ഞെരിച്ചാലതുമതിലുണ്ടാവും;
കണ്ടങ്ങളിലുഴവെന്നതു കൂടാ-
തുണ്ടാമനവധി നെല്ലതു കാലം.
കണ്ടങ്ങളിലുളവാം വിളവളവേ
കണ്ടവരില്ല കൃഷിക്കാരന്മാർ
പ്രജകളെ രക്ഷിപ്പാൻ വിരുതുള്ളോ-
രെജമാനന്മാരതി സരസന്മാർ
ദ്വിജവരഭക്തിയുമൈത്രവിശേഷം
വിജയസമത്ഥന്മാരവരെല്ലാം
നാരികളോടു വിചാരിച്ചിട്ടൊരു
കാര്യക്ലേശവുമന്നില്ലേതും
നേരല്ലാതൊരു സംസാരങ്ങളി-
ലാരംഭങ്ങളുമില്ലക്കാലം
അപരാധികളോടത്ഥം വാങ്ങി-
ട്ടപരാധത്തെ മറയ്ക്കയുമില്ലാ
ഉപകാരം ചെയ്യുവരെത്തന്നെ
കൃപകൂടാതെ ചതിക്കയുമില്ലാ;
ദൂഷണമുള്ളതു ധനവാനെങ്കിൽ
ഭൂഷണമെന്നൊരു ഭാവവുമില്ലാ.
ഏഷണി കേട്ടിട്ടെജമാനൻ ചില-
ഭീഷണി കാട്ടുകയില്ലതു കാലം;
ജാതിക്കഹ്തയില്ലാതുള്ളതു
ചെയ്തീടുന്ന ജനങ്ങളുമില്ലാ,
കോട്ടക്കല്ലുമണപ്പാടൻവക
കോട്ടാറൻ പലതുപ്പട്ടികളും
കട്ടിക്കവണികൾ പട്ടതരങ്ങളു-
മെട്ടുമുളം പലഭേസാമൻ മുറിയും
കെട്ടിക്കാച്ചിയമുണ്ടുകളെന്നിവ
കെട്ടിയെടുക്കും പട്ടന്മാർ ചിലർ

നാട്ടിൽ നടന്നൊരു വാണിഭമെന്നതു
കേട്ടിട്ടില്ലക്കാലത്തിങ്കൽ
ഏഴരവെളുപ്പിന്നേററു കുളിച്ചൊരു
പാഴവരാതെ കഴിക്കും നിയമം
താഴകയില്ലൊരു ദിക്കിലുമെന്നാ-
ലൂഴിയിലുള്ള മഹാവിപ്രന്മാർ
ഉലകിനിവണ്ണം പൊലിമവരുത്തി-
ക്കലബലഭൂഷണമുലകുടെ പെരുമാൾ
പലപലമന്ത്രികളോടിടകൂടി
പലസുഖസുമുഖം വാണരുളുന്നാൾ
ഒരുദിനമരചൻ നരവരസഭയിൽ
പരിചൊടുമണിസിംഹാസനമേറി-
പ്പുരിണതരാകിന മന്ത്രികളോടൊ-
ന്നരുളിച്ചെയ്താനമിതോത്സാഹൻ;—
"മധുരയിൽ മന്നവനെന്നൊടു ചെയ്തൊരു
മതികപടങ്ങളശേഷമിദാനീം
മതിമാന്മാരാം മന്ത്രിവരന്മാർ
മതിയിൽ മറന്നിഹ മരുവീടുകയോ?
മതിയാകില്ലവനെക്കൊലചെയ്താ-
നിതിലൊരു പൂരുഷനെന്നൊരുമതമോ?
മതിമതിയെന്തിനനർത്ഥമിതെന്നൊരു
മതിമാന്ദ്യനവസിച്ചീടുകയോ?
അതിനുതുടർന്നാൽ ചെലവിടുവാൻ ഞാൻ
മതിയല്ലെന്നൊരു ദുർബ്ബോധം കൊ-
ണ്ടതിയായിട്ടൊരു സന്നാഹത്തിനു
മതിമാന്മാരുമടിച്ചീടുകയോ?
മാതുലരെവരെവെട്ടിക്കൊന്നൊരു
പാതകിയാമവനവനിവെടിഞ്ഞ-
പ്രേതപുരത്തിലിരിക്കണമിന്നതി-
നേതുമിനിക്കൊരു സംശയമില്ലാ.
ക്ഷോണീപതിയെന്നിങ്ങനെയുള്ളൊരു
നാണിയമിങ്ങു നശിച്ചു തുടങ്ങി
നാണം കെട്ടൊരു കോണിലിരിപ്പാൻ
ആണുങ്ങൾക്കതു ഗുണമായ്‌വരുമോ?
ഊണുമുറക്കവുമെന്യേയൊരു തൊഴിൽ
കാണുന്നീലിഹ ജ[illegible]ന്മാ-
ക്കേണവിലോചനമാരെപ്പോലെ
വാണാൽ മതിയോ? മതിമാന്മാരേ!
ഊണുകഴിപ്പാനടവിയിലൂടനേ
ന്നുണനടക്കും ക്രോഷ്ടാവും മതി,

ആണുങ്ങൾക്കു പിറന്നവനീവിധ-
മൂണുകളൊന്നുമൊരുണ്ണായിലാ
ക്ഷീണമകന്നുടനരിഭടപടയെ-
ബ്ബാണംകൊണ്ടു തകർത്തവരുടെ
ശോണിതശോണമതാകിന ദേഹം
ക്ഷോണിയിലിട്ടു പിരട്ടിശ്വാവിനൊ-
രൂണിനു നൽകി സ്വാമിയെ വന്നഥ
താണുവണങ്ങിത്തരസാകിട്ടുമൊ-
രോണപ്പുടകയുടുത്തുടനുളവാ-
മൂണത്രേ പുനരുണ്ണെന്നറിവിൻ"
ഇത്ഥം നൃപനുടെ വാക്കുകൾ കേട്ടതി
വൃദ്ധനതാകിന മന്ത്രിപ്രവരൻ
സത്വരമെഴുന്നേററടിമലർ കൂപ്പി-
ട്ടുത്തരമിത്തരമൊന്നറിയിച്ചാൻ:—
"അരുളിച്ചെയ്തതു സത്യമിതൊന്നും
നിരുപിക്കായ്കയുമല്ലടിയങ്ങൾ,
കുരുസുതരാകിന്നൂററുവരെപ്പോ-
ലരുതൊരു സാഹസമെന്നൊരുപക്ഷം;
നരപതിധർമ്മജനനുജന്മാരും
പരിചൊടുവിപിനേ വാഴുംകാലം
ഉരഗദ്ധ്വജനും സഹജന്മാരും
തരസാതങ്ങടെ വിഭവം കാട്ടാൻ
പെരുകിനപടയും കുടയും തഴയും
കരിതുരഗങ്ങളുമെന്നൊരു ഘോഷം
നിരുപമപൌരുഷമവിടെച്ചെന്നാർ
നിരുപിക്കാതൊരു നാണക്കേടഥ
വിരവൊടുകിട്ടിത്തലയും താഴ്ത്തി-
പ്പുരിപുക്കാരതു കേട്ടിട്ടില്ലേ?"
അരുളിച്ചെയ്താനുലകുടെ പെരുമാൾ
"അതുമാത്രം ഞാൻ കേട്ടിട്ടില്ലാ
പെരുകിനകൌതുകമുണ്ടതു കേൾപ്പാൻ
പരിചൊടുതൽക്കഥകഥനം ചെയ്ക"
അരുളപ്പാടതു കേട്ടൊരു സചിവൻ
കരതളിർകൂപ്പിക്കഥനം ചെയ്താൻ;—
"എങ്കിലൊരുന്നാളുരഗദ്ധ്വജനും
ഹുംകൃതിയേറിന ശകുനിയുമുടനെ
പങ്കജലോചനപാദാംബുജമധു
ഭൃംഗമതാകിന ധർമ്മാത്മജനെ

കള്ളച്ചൂതുകൾ കൊണ്ടു ചതിച്ചു-
ക്കള്ളന്മാരുടനടവിയിലാക്കി;
വെള്ളക്കുടയും പടയും രാജ്യവു-
മുള്ളപദാർത്ഥമശേഷമടക്കി
ക്കള്ളനടിച്ചു തടിച്ചു മദംകൊ-
ണ്ടുള്ളു നിറഞ്ഞു കവിഞ്ഞാറ്റും മല-
വെള്ളത്തിരപോലിരവും പകലും
തള്ളിയലയ്ക്കും പരിതോഷത്താ-
ലുള്ളത്തിൽ പുനരുത്തമ പുരുഷരി-
ലെള്ളോളം ബഹുമാനം കൂടാ-
തുള്ളശഠന്മാരോടിടകൂടി
ത്തള്ളലിയന്നു വസിക്കും കാലം;
ധർമ്മതനൂജനുമനുജന്മാരും
പെൺമണിയാളാം ദ്രൗപദിതാനും
നിർമ്മലരാകിന വിപ്രന്മാരും
ശർമ്മദമാകിന ധർമ്മാരണ്യേ
നിർമ്മലതീർത്ഥജലങ്ങളുമാടി
ധാർമ്മികരാകിന താപസവരരുടെ
സമ്മാനത്തെ ലഭിച്ചു ലഭിച്ചും
കിർമ്മീരാസുരനിധനാനന്തര-
മന്തരിതാഖിലചിന്താഭാരം
സന്തോഷാംബുധി വൻതിരനീന്തി
ശാന്തന്മാരവരന്തണരോടെ
ഹന്ത സുഖിച്ചു നിതാന്തമനോഹര-
കാന്താരേ നിജ കാന്താസഹിതം
ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രന്തസ്സുഖമൊടു ചെന്താർമകളുടെ
കാന്തനുതന്നുടെ കാന്തം തിരുവുടൽ
ചിന്തിച്ചധിഗതസന്തതമോദമ-
നന്തുരന്തനിരന്തരമാം ഭവ-
സിന്ധുതരംഗനിബന്ധനമൻപൊടു
സന്തരണം ചെയ്തവിടെ വസിച്ചാർ.

മട്ടുമാറി.

അക്കാലം ദുര്യോധനൻ ചൊല്ലിക്കൊണ്ടനുജ-
ന്മാരും
അർക്കാത്മജൻ കർണ്ണനും ധിക്കാരി ശകുനിയും
ഉൾക്കാമ്പിലുള്ള വൈരമൊക്കെപ്രകാശിപ്പിച്ചു
തക്കത്തിലൊരു ദിക്കിലൊക്കെത്തികഞ്ഞുകൂടി
ച്ചൊക്കത്തിലുള്ള പുരിപുക്കാശു ചെന്നിരുന്നു-
സൽക്കാരങ്ങളും ചെയ്തു സൽകൗതുകവും പൂണ്ടു
നില്ക്കുന്ന കർണ്ണനുടെ കൈക്കുപിടിച്ചു മെല്ലെ
ചിക്കെന്നു പലപല വാക്കുകളുരചെയ്തു
വെക്കെന്നു സുയോധനൻ ഇക്കണ്ട നമുക്കെല്ലാം
ഇക്കാലം നിരൂപിച്ചിതൊക്കെസ്സഫലമായി;
ഭോഷ്കല്ല ബോധിക്കണം ഓർക്കുമ്പോളിപ്ര
യോഗം
ആർക്കും വരുന്നതല്ലാ; പാർക്കാതെവരെക്കാട്ടി-
ലാക്കാനുള്ളുപദേശമാർക്കും മാതുലനല്ലാ-
താർക്കാനും സാധിക്കുമോ!
ഊക്കുള്ള ഭീമസേനൻ തോല്ക്കുമെന്നിരുന്നാലും
ആർക്കും നിനവില്ലതും ഇക്കാലം സാധിച്ചല്ലോ.
വർണ്ണൻ വാഴകണക്കു തടിച്ചൊരു
പൊണ്ണൻ മാരുതി മലയുടെ മൂട്ടിൽ
കണ്ണു മയങ്ങി വിശന്നു തളർന്നൊരു
മണ്ണിൽ മലർന്നു കിടന്നുഴലുന്നതു
കണ്ണുകൾ കൊണ്ടതു കണ്ടു രസിപ്പാൻ
കർണ്ണ! കൗതുകമിയലുന്നല്ലീ?
കർണ്ണസുഖം പുനരവരുടെ വാർത്താ-
കർണ്ണനമാത്രമതും മതിതാനും
ഓട്ടന്മാരിലൊരുത്തനെ വിരവൊടു
വിട്ടീടുകനാമെങ്കിലിദാനീം
കാട്ടിൽ ചെന്നവനവരുടെ ഗോഷ്ഠികൾ
ഒട്ടൊഴിയാതെ ഗ്രഹിച്ചു വരേണം;
കാട്ടിൽ നടക്കും കാട്ടുമൃഗത്തെ-
ക്കാട്ടിൽ പരവശഭാവത്തോടെ
പട്ടിണിയിട്ടു നടക്കുന്നവരുടെ
ചട്ടമശേഷം കേട്ടു രസിക്കണ-
മൊട്ടും താമസമരുതരുതതിനിഹ
വട്ടം കൂട്ടുകവടിവൊടു കർണ്ണാ!
കോട്ടമതില്ലാത്തോട്ടനെയുടന-
ക്കോട്ടിനു പോവാൻ വിട്ടീടുക നീ,
നന്നായ്യുക്തിയുള്ളൊരു പുരുഷനെ-
യിന്നു നിയോഗിച്ചീടണമതിനായ്-
ഒന്നും തിരിയാത്താളുകളുണ്ടിഹ
മന്ദന്മാരവരെന്തിനു കൊള്ളാം?
തിന്നു മുടിപ്പാനല്ലാതവരാൽ
ഒന്നുമിനിക്കൊരു ലാഭമതില്ലാ;

ഒന്നിനയച്ചാലതു സാധിക്കി-
ല്ലെന്നല്ലമല്ലിയുമൊന്നു വരുത്തും,
തന്നത്താനറിയാത്തൊരു കൂട്ടം
വന്നു നിറഞ്ഞു നമ്മുടെ നാട്ടിൽ
എന്നുടെ മുതലുമുടിപ്പാനെപ്പോഴു-
മെന്നുടെ ഭൃത്യന്മാർ മുതിരുന്നു,
അഷ്ടികണക്കിനു കൂടാഞ്ഞാലവർ
കുട്ടിപ്പട്ടരെദയത്തമിടീക്കും,
പട്ടിണിയെന്നതു നമ്മുടെ പിള്ളേ-
ർക്കൊട്ടും തന്നെ സഹിപ്പാൻ മേലാ,
വെട്ടമെടുക്കും മുമ്പേയഷ്ടികൾ
ഘട്ടിസ്വാദമെടുത്തു ഭുജിക്കും
കട്ടത്തൈരും കൂട്ടിയുരുട്ടിയ-
തൊട്ടല്ലതു മൊരു പഞ്ചപ്രഥമം,
കൊററകഴിച്ചൊരു തെക്കൻ മുണ്ടും
ചുററിയുടുത്തൊരു തൊങ്കലുതുക്കി
വെററിലതിന്നു മുഴപ്പിച്ചുംകൊ-
ണ്ടേററ തിരിക്കും രസികന്മാരായ്,
കററക്കുഴൽ മണിമാരുടെ വീടുകൾ
പററിപ്പകിടപറഞ്ഞു രസിച്ചും
വെററപിടുങ്ങിത്തിന്നുടനവരുടെ
കുററമുരച്ചു ചിരിച്ചുതിരിച്ചും,
പകയുള്ളവരെപ്പിഴചെയ്യിച്ചൊരു
വകയുണ്ടാക്കും പുകയിലകൊൾവാൻ
പകലും രായുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നാത്തി-
ട്ടുരിയാടുകയില്ലറിവുള്ളവരും;
തിരിയാത്തവരിവരൊരുവക്കും വഴി-
തിരിയാപെരിയ ജനത്തിനുപോലും;
മുടിയന്മാരിവരാകൃതികണ്ടാൽ
തടിയന്മാരൊരു വേലയെടുപ്പാൻ
മടിയന്മാർ പലജനമുണ്ടിഹ കൾ-
കടിയന്മാർവരൊന്നി[illegible]കാ,
ചോറുകൊടുക്കും യജമാനങ്കൽ
കൂറുള്ളവരിഹ പാരംകുറയും
മാറുകയില്ല പറഞ്ഞാലെന്നാ-
ല്ലേറുകയേ വരുദിവസംതോറും,
ഏറുകൊടുപ്പാൻ തോന്നുമെനിക്കി-
പ്പോരുകളുടെ ധിക്കാരം കണ്ടാൽ;
നൂറുജനത്തിലൊരുത്തനുനേര-
ല്ലിവരുന്നതു പെരുതാകുന്നാ-
തോണികടന്നാൽ തുഴകൊണ്ടെന്തൊരു
നാണിയമുണ്ടതു ഭോഷ്കല്ലേതും,
ഊണുകഴിച്ചു തിരിച്ചാലവരെ-
ക്കാണുകയില്ലൊരു ദിക്കിൽപോലും,
കാണുകയില്ലെന്നല്ലതിരഞ്ഞാ-
ലേണാക്ഷികളുടെ വീട്ടിൽ കാണാം.
ആത്താഴത്തിന്നിലവെയ്ക്കുമ്പോൾ
എത്താത്തവരുടെ പിലകൊണ്ടീടാം
ചത്താലും വരുമഷ്ടിയടുത്താൽ
ഓർത്താലിങ്ങു വെറുപ്പാകുന്നു.
കൂറില്ലാത്തവരെങ്കിലുമിവരുടെ
ചോറുമുടക്കാൻ മടിയാകുന്നു
നീരസം ക്ഷുത്തുവളർന്നീടുമ്പോൾ
ആരും ഭേദമതില്ലെന്നാക
ഈവിധമോരോന്നരചെയ്യുന്നാൽ
കേവലമിതിനോ നേരായുള്ളു.
ദൈവികമുള്ളൊരു ദൂതനെവിരവൊടു
പോവതിനായി നിയോഗിച്ചാലും
അതുകേട്ടൻപൊടു രാധാതനയൻ
മതിമാനാകുമൊരോട്ടനെ വിരവൊടു
ഹിതമൊടുമെല്ലെ വിളിച്ചു വരുത്തി
ക്ഷിതിപതിശാസനമെന്നരചെയ്താൻ.

ഓട്ടൻ വചനമതു കേട്ടൻപൊടുസരസ-
നൊട്ടും മടികൂടാതെ ഓട്ടം തുടങ്ങിയൊരു
കോട്ടംവരാതെ ചെന്നു കാട്ടിലങ്ങകംപൂക്കു
കാട്ടുമൃഗങ്ങളുടെ കൂട്ടത്തെയവനേതും
കൂട്ടാക്കാതെ കണ്ടോരോകോട്ടിൽതിരിഞ്ഞുമല-
മൂട്ടിൽ നടന്നു പല തോട്ടിൽ ചില വലിയ
മേട്ടിൻമുകളിലോരോ കോട്ടിൽമുനികളുടെ
കൂട്ടത്തെക്കണ്ടുകണ്ടങ്ങൊട്ടുനേരം ചെന്നപ്പോൾ
കേട്ടദ്വൈതകമെന്നകാട്ടിൽ മരുവീടുന്ന
ശ്രേഷ്ഠന്മാരായുള്ളയുധിഷ്ഠിരാദികളെന്നു

ദ്വൈതേ തരസുഖരസികന്മാരായ്
ദ്വൈതവനത്തിൽ വസിച്ചരുളീടും

ശീതകിരണകുലതിലകന്മാരാം
ഭൂതലനുതനചൂതശരന്മാർ
പാർത്ഥന്മാരവരമിതാനന്ദകൃ-
താർത്ഥന്മാരതി പാവനമാകിന
തീർത്ഥസ്നാനം ചെയ്തു സുഖിച്ചോര-
നർത്ഥം കൂടാതിഹ വിലസുന്നു.
വാർത്തകളിങ്ങനെ ഗൂഢമറിഞ്ഞതി-
ധൂർത്തനതാകിന കുരുസുതദൂതൻ
പാർത്തിരിയാതെ തിരിച്ചു നടന്നഥ
പാർത്ഥിവനഗരം പുക്കാനുടനെ
കർണ്ണാദികളോടുകൂടിസ്സഭയിൽ
സ്വർണ്ണാസനവരമേറിവസിക്കും
കർണ്ണജപനാം ധൃതരാഷ്ട്രജനുടെ
കർണ്ണേ ചെന്നു പറഞ്ഞറിയിച്ചാൻ.

ആനന്ദഭൈരവി—ചെമ്പട.

(പല്ലവി)

"കേട്ടാലും വീര! കേട്ടാലും!
കേട്ടാലും ദുരിതശാന്തികേവലംനമുക്കുണ്ടാകും
ഗുരുകടാക്ഷ പരമഭാഗ്യമുള്ളവ-
നൊരുദുരാധി വരികയില്ലമന്നവ! (കേട്ടാലും)
കൗന്തേയന്മാർക്ക് സന്തോഷം
കാന്താരേ വസിക്കുമ്പോളും
സന്താപമവർക്കില്ലേതും
കനിവിയന്നമുനിജനങ്ങളോടവ-
രനിശമേവഘനശമേന ചേർന്നിതു (കേട്ടാലും)
ദ്വൈതകാരണ്യേമേവുന്നു,
കൈതവങ്ങളവരോടു
ചെയ്തതേതും ഫലിച്ചീല
കരുണയുള്ള നരകവൈരിതന്നുടെ
ചരണമുണ്ടു ശരണമിന്നവർക്കിഹ (കേട്ടാലും)
തീർത്ഥങ്ങൾ തോറും പാർത്ഥന്മാർ
സാർത്ഥമാക്കി നാലാം പുരു-
ഷാർത്ഥമവരാത്തമോദം
സരസിജാക്ഷചരിത സാർത്ഥകീർത്തന
വിതതമായി (കേട്ടാലും)
ദുരിതമായതൊക്കവേ
കാടുകൾ തന്നെ വീടുകൾ
തോടുകൾ നദികൾ നല്ലകോടുകൾ പലതുണ്ടു
അരിവിയാറുമരികെയുണ്ടു നല്ലൊരു
വരിയിൽവേണ്ടുമരിയുമുണ്ടുകൊററിനു-
ജന്തുക്കളെല്ലാം ബന്ധുക്കൾ (കേട്ടാലും)
അന്തിക്കുമുച്ചയ്ക്കും വന്നോ-
ക്കത്താഴം പ്രാതലുമാർക്കും
അടവിവാസമടവുനന്നുനന്നൊരു
കടവുമില്ല തടവുമില്ലവർക്കിഹ (കേട്ടാലും)
ഉത്സാഹം പൂണ്ടു മേവുന്നു
മത്സരം കൂടാതവർക്ക് വത്സരംപതിനൊന്നായി
വിരവിലിങ്ങു വരുവതിനു സംഗതിവരുമവർക്ക്
കരുതിവാനാകൊള്ളുക!

മട്ടുമാറി.

ഓട്ടൻ വന്നു പറഞ്ഞൊരു വാക്കുകൾ
കേട്ടുകയർത്തുരചെയ്തു സുയോധനൻ
"ഒട്ടുമകം പുറമില്ലാതുള്ളൊരു
യഷ്ടി! നില്ലുനിനക്കെന്തറിയാം?
നിന്നോടവരുടെ ഗുണദോഷങ്ങളി-
ലൊന്നും ഞാനിഹ ക്ലേശിച്ചീലാ
ഒന്നിനയച്ചാലക്കഥമാത്രം
വന്നു പറഞ്ഞീടുകിലതുപോരും
പോടാ നിന്നുടെ ദുസ്സാമർത്ഥ്യം
കൂടാ നമ്മൊടുകുടിലകോരാ!
പാടവമേറിന പാണ്ഡുസുതന്മാ-
രോടിടകൂടി നടന്നാലും നീ;
നമ്മുടെ ചോർതിന്നുന്നൊരു ദുഷ്ടൻ
നമ്മുടെ വൈരികളിൽ ബഹുമാനം
നമ്മുടെ ദോഷവുമവരുടെ ഗുണവും
വെൺമയിലുരചെയ്തീടിനമൂഢാ!
കാട്ടിൽ ചെന്നുടനവരൊടുകൂടി
കായ്കനിതിന്നുകിടന്നാലും നീ
കൂട്ടക്കാരെക്കൂറില്ലാത്തൊരു-
ചേട്ടക്കാരനൊരിടയില്ലേതും
ചോറൊരിടത്തിൽ കൂറൊരിടത്തിൽ
വേറതിരിച്ചുഗ്രഹിപ്പാറായി
ഏറിപ്പോം പറയുമ്പോളിക്കഴ-
വേറിക്കിട്ടുതൊഴിപ്പാൻതോന്നും
മാററാരിൽകനിവേററമുള്ളൊരു
കൂററാരേക്കാൾ മാററാർനല്ലു
ഉപ്പുപിടിച്ചപദാർത്ഥത്തേക്കാൾ
ഉപ്പിനുപുളികറയും പറയുമ്പോൾ

അപ്രിയമായ്‌വരുമെന്നുകൊണ്ടും ഭയ-
മിപ്പരിഷയ്ക്കൊരിമ്പില്ലറിവിൻ!
ഇക്കൂട്ടത്തിൽ പരിചയമുള്ള പ-
ന്നക്കൂട്ടം ചിതമെന്നിഹ തോന്നും
അക്കൂട്ടത്തിൽ ചെന്നിടപെട്ടാ-
ലിക്കൂട്ടം ചിതമെന്നും തോന്നും
ദുഷ്ക്കരമുള്ള മഹാപാപികൾ വ-
ന്നിക്കൂട്ടത്തിൽ നിറഞ്ഞു കഴിഞ്ഞു;
ദോഷ്ക്കല്ലൊരുവനെ വിശ്വാസം പുന-
രിക്കാലത്തു നമുക്കില്ലേതും
ഇജ്ജനമൊന്നിനിറങ്ങുന്നേരം
ദുർജ്ജനമതിനൊരു ദൂഷണമേശും
സജ്ജനമെന്നുപചാരം കുറയും
പങ്കമനസ്സുകളേറെസ്സഭയിൽ
ഇതുകൊള്ളാമെന്നൊരുവന്റെ പക്ഷം
അതുകൊള്ളാമെന്നപരന്റെ പക്ഷം
ഇതുരണ്ടും ചിതമല്ലെന്നും ചില
മതമുണ്ടായ്വരുമങ്ങനെയുള്ള;
കള്ളച്ചൂതുകൾ മാതുലനെന്ന-
ന്നുള്ളതു ഞാനോ കേട്ടിട്ടില്ലാ,
കള്ളന്മാരുടെ വാർത്തകളെല്ലാം
കള്ളന്മാർക്കേ ബോധമതുള്ളൂ
ചേതുകഥിക്കാമന്തകതനയ
ചൂതുകൾ പൊരുവാൻ വാസനയില്ലാ,
കൌതുകമെന്നുപചാരം താനും
വാതുകൾ പറവാൻ കാരണമതുതാൻ,
വാതു പറഞ്ഞു കൊടുത്തതശേഷം
മാതുലനിങ്ങു കരസ്ഥമതാക്കി
കൈതവമെന്നതു മാതുലനിവിടെ
ചെയ്തതിലൊന്നും തോന്നുന്നീല
പണയം തന്നതു വാങ്ങരുതെങ്കിൽ
പണയം പറയുന്നെന്തിനു പാഴിൽ?
പണമെന്നുള്ളതിനോടിടപെട്ടാൽ
പ്രണയം കൊണ്ടൊരു ഫലമില്ലേതും
ഗുണവാന്മാരൊരു ബന്ധം ചെയ്താൽ
തുണ ചെയ്യുവനാബന്ധക്കാരൻ,
പണമുള്ളവനെപ്പാട്ടിൽ വരുത്താൻ
പണി ചെയ്യുന്നതു പാർത്ഥിവധർമ്മം,

ചൂതിൽച്ചെയ്കതി പിന്നെയൊരുനേരം
കൈതവമെന്നൊരു വാർത്ത നടത്തി
ഏതും തിരിയാത്തവർ പറയുന്നതി-
ലേതുമിനിക്കൊരു ഭീതിയുമില്ലാ
ഇവനും പുനരതു നേരെന്നോർത്തി-
ട്ടവരുടെ ഗുണഗണമുരചെയ്യുന്നു
വേതനമുക്കതിലും നഹി ഖേദം
ഇവനല്ലീശ്വരനെന്നെ വലപ്പാൻ"
ഇത്തരമങ്ങു കയർത്തുപറഞ്ഞതി-
നുത്തരമവനൊന്നുരചെയ്തീലാ
സത്വരമവനിയിൽ വീണുവണങ്ങി
ക്രുദ്ധന്റെ കോപവുമൊന്നു ശമിച്ചു,
ഗാന്ധാരീസുതനുടനേ പുനരപി
ഗാന്ധാരാദികളോടുരചെയ്താൻ
"കൌന്തേയന്മാരവർ പുനരിനിയും
കാന്താരാടനമങ്ങു കഴിഞ്ഞാൽ
മാററാരവരിഹ മററൊരു കൂട്ടം
കൂററാർ ചിലരെക്കൂട്ടിക്കെട്ടി
ഏററം കോപിച്ചിഹ വന്നൊരു പട-
യേററാലിനിമിനില്പാൻ വിഷമം.
കാററിൻ മകനൊരു വൻപുലിപോലെ
ചീറിയണഞ്ഞു പിണങ്ങുന്നേരം
തോററു മടങ്ങുകയില്ലല്ലീനാം?
ഊററക്കാരവർ പലരുണ്ടല്ലോ,
ഇക്കൂട്ടത്തിലൊരാളിപിണപ്പാൻ
നോക്കിയിരിക്കുന്നുണ്ടിഹ പലരും;
തെക്കുവടക്കു കിഴക്കു പടിഞ്ഞാർ
ദിക്കതുമുള്ളതിൽ വൈരികളേറും
ഇക്കാലം ചില കലശലു കൂട്ടാ-
നൊക്കെക്കൂടി വിചാരിക്കുന്നു
ഇക്കണ്ടോർകളൊക്കെ വരുമ്പോൾ
ഇക്കഥയൊന്നു മറിഞ്ഞേ പോവൂ"
ദുര്യോധനനുടെ വചനം കേട്ടഥ
വീര്യഗുണാംബുധി കർണ്ണനുരത്താൻ
"ധൈര്യം പൂണ്ടു വസിച്ചരുളേണം
കാര്യം കൊണ്ടു വിഷാദിക്കേണ്ടാ
നേർത്തു വരുമ്പരിപന്ഥിജനങ്ങടെ
ധൂർത്തുകളൊന്നും നമ്മൊടു കൂടാ

കൂർത്തശരാവലികൊണ്ടുടനവരുടെ
മൂർത്തിപിളർപ്പാൻ ഞാനൊരുവൻമതി,
മറുപക്ഷത്തുവരുന്നജനങ്ങളെ
അറുതിപെടുപ്പാനെന്തിഹദണ്ഡം?
കുറുനരിലക്ഷം കൂടുകിലും ഒരു
ചെറുപുലിയോടുഫലിക്കില്ലേതും
അറിവുള്ളവനിഹ നമ്മുടെ വിരുതുക-
ളറിയുവതിന്നൊരു സംശയമില്ലാ
അറിവില്ലാത്തവർ ദൂഷണവാക്കുകൾ
പറയുന്നതിന്നൊരു സങ്കടമില്ലാ,
കണ്ടാലറിയാതുള്ളശഠന്മാർ
കൊണ്ടാലറിയും കളിയല്ലരശാ!
വേണ്ടാത്തതിനു തുടങ്ങരുതാരും
വേണ്ടാസനമൊന്നെന്നൊടുകൂടാ;
ശുണ്ഠികടിച്ചുപടയ്ക്കുവരുന്നൊരു
ചണ്ഡിപ്പുരിഷകൾമണ്ടിയൊളിക്കും
ശണ്ഠതുടർന്നാലതിനുമൊരതിശയ-
മുണ്ടുനമുക്കതുബോധിക്കേണം
കുന്തന്മാരിനിവന്നിഹനേർത്താൽ
ചെണ്ടക്കാരെന്നൊരുപേരുണ്ടാം
പണ്ടേക്കാൾ പല വിക്രമപൌരുഷ-
മുണ്ടിപ്പോൾ മമ കൌരവവീരാ!"
ശകുനിയുമപ്പോളുരചെയ്താൻ മരു-
മകനേ! മതിമതി ഭീതികളെല്ലാം
പ്രകൃതിഗഭീരന്മാർക്കും ഞാനൊരു
വികൃതിവരുത്തുവതിന്നു സമർത്ഥൻ,
പാർത്ഥന്മാരിനി വന്നാലുടനേ
തീർത്തുരചെയ്യാമില്ലവിവാദം
തീർത്ഥസ്നാനമൊരിരുപതുവർഷം
പാർത്ഥന്മാർക്കിനിയുംകല്പിക്കാം
പിന്നെവരുമ്പോൾ പിന്നെയുമുണ്ടാ-
മെന്നുടെകൌശലമതിലുമൊരധികം
ചേട്ടനുമനുജനുമനുജന്മാരും
ചേട്ടകളൈവരുമുള്ളൊരുകാലം
കാട്ടിലിരുന്നുപിരിഞ്ഞീടേണം
നാട്ടിൽ ?കറാനിനിയെളുതല്ലാ"
ഇങ്ങനെശകുനിയുമുരചെയ്തപ്പോൾ
തിങ്ങിനമോദം മനസിജനിച്ചു

തുംഗമഹാഹങ്കാരം പൂണ്ടുഭു-
ജംഗധ്വജനഥ പുനരുരചെയ്താൻ
"കാട്ടിലിരിക്കും പാർത്ഥന്മാർക്കിഹ
കാട്ടീടേണം നമ്മുടെ വിഭവം
കൂട്ടീടേണം ബഹുപുരുഷാരം
കേട്ടീടേണമിതെല്ലാജ്ജനവും
കൊട്ടീടേണം ഭേരീഡമരം
ഞെട്ടീടേണം ഭുവനമശേഷം
തട്ടീടേണമകമ്പടിവടിവൊടു
പൊട്ടീടേണം കുലഗിരികുഹരം
ചട്ടകൾതൊപ്പികളിട്ടുമുറുക്കി
ചട്ടറീടിനവട്ടംകൂട്ടി
തട്ടിനടത്തിക്കൊട്ടിമുഴക്കി
പെട്ടികളും പല പെട്ടകവും ചില
കുട്ടകമെന്നിവകെട്ടിയെടുപ്പി-
ച്ചൊട്ടകവും ചില പട്ടിക്കുതിരകൾ
പട്ടാണികൾ പല ചെട്ടികളും കോ-
മട്ടികളും പല പട്ടന്മാരും
വട്ടംകൂട്ടിവനത്തിനുപോവാ-
നൊട്ടുംതാമസമരുതിനി നമ്മുടെ
പുഷ്ടശ്രീഭരപൌരുഷമവരെ
കാട്ടുവതിന്നുനമുക്കുത്സാഹം
നായന്മാരെവരുത്തീടുവതിനു
പോയാലുംചിലർ വേഗമിദാനീം,
ആയുധവാഹനകോപ്പുകളെല്ലാ-
മായതുപോലെ വരുത്തീടേണം;
നാട്ടിലൊരുത്തനുമിതിനുവരാഞ്ഞാൽ
വീട്ടിൽചോദ്യം കല്പിക്കേണം
കേട്ടവർ കേട്ടവർ കൂട്ടത്തോടെ
കോട്ടയിലെത്തിസ്വരൂപിക്കേണം
എങ്ങുനമ്മുടെ ചന്ത്രക്കാരൻ?
ചങ്ങാതിക്കൊരുണർച്ചയുമില്ലാ
അങ്ങാടിത്തെരുവിൽച്ചെന്നരിയും
തേങ്ങാ മുളകും വാഴക്കായും
നായന്മാർക്കിഹചോറുകൊടുപ്പാ-
നായതിനുള്ളപദാർത്ഥമശേഷം
വിരവൊടുകൊണ്ടുവരേണമതിന്നായ്
ഇരുനൂറുജനംപോയീടേണം

പുകയില വെററില കഞ്ചാറും പല
വകയിൽ കള്ള കാഴ്ചവേണം
സകലപദാർത്ഥവുമിങ്ങുവരുത്തി-
സ്സന്നാഹംപലതുണ്ടാകണം"
എന്നതുകേട്ടൊരു രാജഭടന്മാ-
രൊന്നൊഴിയാതെ പദാർത്ഥംകൂട്ടി
സന്നാഹന്മാർ കല്പനയാലവ-
നൊന്നുമുതിർന്നടന്നുതുടങ്ങി:
പുരുഷാരത്തെയറിയിപ്പാനായ്-
പ്പുരുഷന്മാരെയയച്ചുതുടങ്ങി:
വിരുതന്മാരവർ നാട്ടിലശേഷം
നരപതികല്പനയങ്ങുനടത്തി,
കല്പനകേട്ടൊരു നായന്മാരും
കെല്പൊടുവന്നുനിറഞ്ഞുതുടങ്ങി,
അല്പമതല്ലൊരു ജലധികണക്കെ
തല്പരസീമ്നിപരന്നുനിരന്നു
തങ്ങളിലങ്ങുപറഞ്ഞുതുടങ്ങി:—
"സംഗതിയെന്തിതു കേട്ടോക്കൂവാ
ഇങ്ങനെപുരുഷാരത്തെവരുത്തി-
ട്ടെങ്ങുപടയ്ക്കുതുടങ്ങീടുന്നു?
കടുവാപന്നികളേതാൻ തലമേൽ
വെടികൊണ്ടിങ്ങാൻ വീണിട്ടുണ്ടോ?
ഉടനേമറുതലനാടുപിടിപ്പാൻ
പടയുംകൂട്ടിയടുക്കുന്നുണ്ടോ?
പടയിൽചെന്നുമരിപ്പാനിങ്ങൊരു
മടികൊണ്ടല്ല പറഞ്ഞീടുന്നു,
കടമുണ്ടെമ്പതുപുത്തനിനിക്കതു
തടവു[illegible],
തുക്കപ്പുകേലരു[illegible]-
ത്തോക്കൊരുദിക്കിൽ പണയംവെച്ചു
മാടക്കാച്ചാരുടെ മരുമകനിന്നൊരു
തോക്കുതരാമെന്നെന്നൊടുചൊല്ലി
ആക്കാരുള്ളൊരുതോക്കും കൊണ്ടുപ-
ടയ്ക്കായ്ചെന്നുമരിച്ചെന്നാകിൽ
തോക്കവർകൊണ്ടുതിരിക്കുംവന്നുക-
ടക്കാർ വീട്ടിൽ പാടുകിടക്കും.
ചേട്ടൻ പണ്ടു പടയ്ക്കു മരിച്ചതു
കേട്ടിട്ടില്ലേ നിങ്ങളിലാരും?
എട്ടുജനങ്ങളെ വെട്ടിക്കൊന്നൊരു
കോട്ടപിടിച്ചേ പിന്നെമരിച്ചു
മണ്ടുന്നേരം പിടരിക്കൊരു വെടി
കൊണ്ടു മരിച്ചെന്നുണ്ടൊരു കേളി;
വാളില്ലെന്നല്ലെന്നുടെ വീട്ടിലൊ-
രാളില്ലിന്നിതു കൊണ്ടു നടപ്പാൻ
കാളകൃഷിക്ക നടക്കയിതെന്ന്യേ
കേളച്ചാക്കൊരു തൊഴിലില്ലിപ്പോൾ
നായന്മാരായുള്ള പിറന്നാൽ
ആയുധമൊന്നു തനിക്കായ്വേണം
ആയതിനൊരു വകയില്ലാത്തവനുടെ
കായം കൊണ്ടൊരു ഫലമില്ലറിവിൻ!
നെല്ലും പണവും മോഹിച്ചെന്നുടെ
വില്ലും കണയും പണയം വച്ചു
നല്ലചിതക്കാരൻ ഞാൻ താനിനി
ഇല്ലം വിററു കരുപ്പും തിന്നും
ഇല്ലെന്നല്ലിതു മൂടിയന്മാരുടെ
ഇല്ലന്നില്ല നശിച്ചേ നില്പൂ.
വല്ലാതുള്ള വിശപ്പു വരുമ്പോൾ
വല്ലതുവിററും കൊററ കഴിക്കാം;
ഇക്കഥയെല്ലാം മതിമതി നാമിനി
വെക്കം ചെന്നു മുഖം കാട്ടേണം
നോക്കെടനമ്മുടെ യജമാനന്മാർ
വക്കാണിക്കുമതോർത്തിടേണം.
രായും പകലും കല്പനകേൾക്കും
നായന്മാർക്കൊരു കാശുകൊടുപ്പാ-
[illegible]യജമാനന്മാർക്കുമനല്പ-
ല്ലായതുമൊന്നാൽകുററവുമുണ്ടാം
ഇഷ്ടം ചൊന്നുപറഞ്ഞു മറിപ്പാൻ
ഒട്ടും മടിയില്ലാത്ത സമർത്ഥനു
കിട്ടുംപലകുറി പട്ടും വളയും;
വെട്ടംകൂടുമനിഷ്ടമുരച്ചാൽ;
പണമുള്ളവനെപ്പാട്ടിൽ വരുത്തി
ഗുണദോഷങ്ങൾ പറഞ്ഞു പതുക്കെ
പണമെപ്പേരും കൈക്കലുമാക്കും;
ക്ഷണമവനെത്തൻ വീട്ടിലുമാക്കും;
അമ്മാവൻ കൃഷികൊണ്ടു നടന്നു-
ന്നമ്മാനില്ലെന്നറിയുന്നീലാ

നമ്മുടെ കാലത്തതിനും പിന്നെ
ജന്മാന്തരമായ് ചെല്ലുന്നീല;
ഇപ്പോൾ നമ്മുടെ കണ്ടമെടുപ്പാൻ
കല്പനവന്നെന്നൊരു വഴികേട്ടു
കല്പനപറയുന്നാൾക്കൊരു കാശുകൊ-
ടുപ്പാനിങ്ങൊരു വകയില്ലിപ്പോൾ,
പണ്ടുപ്രവൃത്തി നടത്തിയ പരിഷകൾ
ഉണ്ടെന്നാലിതു വരികില്ലനിയ്യാ!
കണ്ടച്ചാരുടെ കണ്ടമെടുത്തതു
കണ്ടന്നീവരവുണ്ടെന്നോർത്തു,
കണ്ടം പോയതുകൊണ്ടു നമുക്കൊരു
കുണ്ഠിതമില്ലിനിയുണ്ടാമൊരുനാൾ;
കണ്ഠം പോയാലുണ്ടാകില്ലതു
കൊണ്ടു കുറഞ്ഞൊന്നുണ്ടു വിഷാദം.
കണ്ടാലറിയാം കണ്ടവർ കൂട്ട-
ന്നുണ്ടിതിനേഷണി ചെണ്ടപിണപ്പാൻ,
ചണ്ടികൾ പലരുമുരുണ്ടു കരേറി-
ക്കൊണ്ടുമരിക്കുന്നുണ്ടിഹ നാട്ടിൽ"
ഇങ്ങിനെ പലപല വാക്കുകൾ ഘോഷി-
ച്ചിങ്ങിനെ വന്നിട കൂടിഭടന്മാർ
തിങ്ങിനപടയുടെ സംഖ്യഗണിപ്പാ-
നെങ്ങിനെ കുശലതമതിയാകുന്നു?
തോക്കുള്ളവർ പുനരൊക്കെച്ചെന്നുവെ-
ടിയ്ക്കോട്ടയ്ക്കൽ പാക്കണമുടനേ
ആക്കംപൂണ്ടു വെടിക്കു മരുന്നു കൊ-
ടുക്കുന്നുണ്ടു തിടുക്കമനേകം,
തിക്കും വലിയ തിരക്കും പല പല
വാക്കും ചിലരുടെ മുഷ്കും ചുട്ടമാഴി
നോക്കും വിരവൊടു വാക്കും വികൃതിക-
ളാക്കും പറവതിനാക്കം പോരാ.
ഇത്തരമൊരുദിശി ഘോഷം പലവിധ-
മെത്രയുമത്ഭുതമെന്നുരചെയ്യാം.
ഹസ്തിരഥാദികൾ വസ്തുസമസ്തം
ഹസ്തിനപുരമതിലെത്തിനിറഞ്ഞു
നായന്മാർക്കിലവച്ചു തുടങ്ങി,
ആയതു പറവാനവസരമില്ലാ
ആയിരമായിരമോരോകൊട്ടിലി-
ലായുധപാണികളിലവെപ്പിപ്പാൻ
പന്തിനിരത്തിയിരുത്തുവതിന്നായ്
മന്ത്രികൾ പലരും കൂടിയിറങ്ങി
ഉന്തിയലച്ചു പിടിച്ചു വലിച്ചൊരു
പന്തിപരാക്രമമൊക്കെയെടുത്തു
പാലുകുടിച്ചു തടിച്ച ജനത്തിന്
നാലുപദം വെയ്ക്കുമ്പോൾ വിയർക്കും
വെയിലും കാററും കൊള്ളാതുള്ളവർ
പോലുമിതിന്നുദ്യമിച്ചേ പോവൂ.
ഇലവച്ചങ്ങു നിരന്നു തുടങ്ങി
വലിയരിവെച്ചു വെളുത്തൊരു ചോറും
പലപല കറിയും പഴവും നെയ്യും
നലമൊടു വളരെ വിളമ്പീടുന്നു.
വട്ടച്ചക്കരചേർത്തു കലക്കി
ചട്ടംകൂട്ടിന തെങ്ങാപ്പാലും
ഒട്ടല്ലുണിനുവട്ടം പലവിധ-
മിഷ്ടമറിഞ്ഞു കൊടുത്തീടുന്നു.
കടൽവാഴയ്ക്കാക്കറിയുണ്ടൊരുവക
ടഭോജനമുമതു കൂടാതില്ലം.
വടിവൊടുഭക്ഷണമങ്ങു പിരിഞ്ഞഥ
പടഹമടിച്ചു വിളിച്ചൊരുമിച്ചു
കുരുപതിസുതനാം ദുര്യോധനനഥ
തരസാതന്നുടെ സഹജന്മാരെ
പരിചൊടു ചെന്നു വിളിപ്പിച്ചപ്പോൾ
തെരുതെരെയവരും വരവു തുടങ്ങി.
ദുശ്ശാസനനും ദുദ്ധർഷണനും
ദുശ്ശേശരനും, ദുർമ്മർഷണനും
ദുർമ്മുഖനും ദുഷ്കർണ്ണന മഥദു-
ർമ്മേധാവും ദുഷ്പ്രസഹൻ താനും.
ദുർമ്മതിയും ജലസന്ധൻ കർണ്ണൻ
ദുർബുദ്ധിയുമഥദുർബോധകനും
ചിത്രൻ വികടൻ ചിത്രരഥൻ താൻ
ചിത്രധ്വജനും കനകധ്വജനും
ചിത്രശരാസന ചിത്രകനും സുവി-
ചിത്രൻപിന്നെച്ചിത്രാംഗദനും,
നന്ദൻ പുനരുപനന്ദൻ പിന്നെ
കുണ്ഡോദരനും ദൃഢവർമ്മാവും
കുണ്ഡധൻ പിന്നെ മഹാകുണ്ഡധൻ താൻ
കുണ്ഡവിഭേദിയുമപരാജിതനും

ദീർഘഭുജൻ താൻ ദീർഘബാഹുജനാം
ദീർഘൻ ദീർഘരഥൻ ദീർഘാക്ഷൻ
ദീർഘഹനസ്സും വ്യൂഢോരസ്കൻ
ദീർഘായുസ്സും ബാഹുപാശനനാം
ഭീമരഥൻ ദൃഢഹസ്തൻ ഭീമൻ
ഭീമപരാക്രമനഭയൻ താനും
എന്നു തുടങ്ങീട്ടുള്ളനുജന്മാർ
തൊണ്ണൂററൊൻപതുപേരും വന്നാർ
വിരവൊടുഭോജനമങ്ങു കഴിച്ചവർ
പരിചൊടുകോപ്പുകളിട്ടുതുടങ്ങി
പരിമളമേറിനകളഭമെഴുക്കി
പുരികുഴൽ മാലകൾകൊണ്ടുമുറുക്കി
പെരുകിന കുറിതിലകങ്ങളൊരുക്കി
തരമൊടുതലമുടി ചിക്കിമിനുക്കി
തരിവള, പിരിവള, കാഞ്ചി, പതക്കം,
വിരുതുകൾ പലവക വിരൽമോതിരവും,
അരമണി, കുടമണി, തുടർമണി, കങ്കണ-
മരഞാണം, ചിലതോൾപൂട്ടുകളും,
മകുടം, കടകം, മണികണ്ഡലവും,
വികടകിരീടം വിദ്രുമഹാരം,
വികസിതസുരഭിലമലർ മാലകളും
സകലമണിഞ്ഞു ഞെളിഞ്ഞു നടന്നാർ
പട്ടുകൾ പലതും കെട്ടിയുടത്തുട-
നെട്ടുമുഴം ചിലചേലകൾ ചുററി
പട്ടുറുമാലും തലയിൽ കെട്ടി
തട്ടുപുഴുകുമഥനാടൻ പുഴുകും
തൊട്ടുമുഖത്തിനു ഭംഗി വരുത്തി
ചട്ടം പലവക കൂട്ടിത്തരസാ
പെട്ടികൾ പെട്ടകമെന്നിവ പലതിൽ
ചട്ടററീടിനകനകപ്പൊടികളു-
മിട്ടുനിറച്ചതു കെട്ടിയെടുപ്പി-
ച്ചെട്ടുദിഗന്തം പൊട്ടും പടിപല
കൊട്ടും,വെടിയും, തട്ടിമുഴക്കി-
ത്തട്ടിനടത്തിനടന്നു തുടങ്ങി.

മട്ടുമാറി.

ഉച്ചത്തിലുള്ളഘോഷം മെച്ചത്തിൽ കേട്ട
അച്ചിമാരൊക്കെക്കൂടികാഴ്ചയ്ക്കുപുറപ്പെട്ടു[നേരം
നിച്ചിരിയത്തിനിൻെറ കൊച്ചിനെ എവിട-
ത്തിൽ
വച്ചേച്ചു പുറപ്പെട്ടു കാഴ്ചയ്ക്കു താനേതന്നെ
ഒച്ചുന്നപെവി വെടി വച്ചാലും കേട്ടുകൂടാ
ഉച്ചയ്ക്കുപോലും കിഴവച്ചാക്കു കണ്ണുകാണാ
കൊച്ചിനേനാകേറിക്കടിച്ചെങ്കിലീമൂളുക്ക.
നൊച്ചപോലുംകേൾക്കില്ലെന്നച്ചിമാരുടെ
ഘോഷം
എന്തൊരുപുറപ്പാടെന്നോതാനുംബോധിച്ചോനീ
എന്തെൻെറചട്ടത്തീഞാനേതുമേബോധി
ച്ചീല
ഇപ്പോൾ തിരുമാടം പുറപ്പാടെന്നെൻെറപക്ഷം
ഇപ്പോളല്ലതു പണ്ടുകെല്ലോടു കഴിഞ്ഞല്ലോ
മൂപ്പുവാഴ്ചയ്ക്കുള്ളൊരു കോപ്പുകൾ കൂട്ടുകയോ
മൂപ്പുധൃതരാഷ്ട്രരിരിപ്പൊണ്ടു മരിച്ചില്ലാ,
എങ്കിൽ പടയ്ക്കുള്ളൊരു സന്നാഹമെന്നുവരും
ശങ്കയില്ലെനിക്കതു സംഗതിയിപ്പോളില്ലാ
ബാണങ്ങൾപടക്കങ്ങൾമത്താപ്പൂക്കററി
കൾ
എണാക്ഷിമാരും ചിലവീണക്കാർപാട്ടുകാരും
വേണമോപടയ്ക്കായി പോണെങ്കിലെൻെറ-
തോഴി
കാണാം നമുക്കു വെക്കം പോണംപുറപ്പെട്ടാലും
അങ്ങേപ്പുറവുള്ളച്ചികളെല്ലാം
ആങ്ങുനടന്നിതു കാഴ്ചകൾ കാൺമാൻ
നിങ്ങൾ ചമഞ്ഞും ചന്തം നോക്കിയു-
മിങ്ങനെ തന്നിതു പിരികേയൊള്ളൂ.
ഘോഷമതെല്ലാം പിരിയുന്നേരം
ഭോഷികളവിടെച്ചെന്നിഹ ചാടും
ഭാഷിപ്പാൻ വിരുതുള്ള ജനത്തിനു
ശേഷിയതാമൊരു കൂട്ടമശേഷം
ചിററമ്മയ്ക്കിതു പത്തുപിറന്നു
മറെറാരു പൂതരുമില്ലെൻവീട്ടിൽ
പെററൊന്നാകിലൊരമളിയതായ്വരു-
മീററില്ലത്തിലിരുന്നേപോവൂ
മറെറാരു നാരിപറഞ്ഞാളപ്പോൾ
മറെറാരു ചിന്തനമുക്കില്ലതും
മറെറാരു പുരുഷൻ വീട്ടിൽ വരുമ്പോൾ
ഏററം നമ്മുടെ നായർ കലമ്പും;
കുററം വാങ്ങുതുമൊന്നുണ്ടാക്കി
കൊററ മുടക്കാൻ മടിയില്ലവനും

പൊറാമയ്ക്കിട്ടടിക്കൂട്ടുന്നവർ
മറവുള്ളവരൊട്ടു നേരാസ്ഥയൊ?
മുള്ളില്ലാതൊരു വാക്കില്ലവരോ-
ക്കുള്ളിൽ ക്രൂറെന്നുള്ളതുമില്ലാ
ഉള്ളൊരുനെല്ലും പണവും പാടെ
കള്ളുകുടിച്ചു കുടിച്ചു മുടിച്ചു.
കഞ്ഞികുടിപ്പാനില്ലാഞ്ഞെന്നുടെ
കുഞ്ഞുകളേറ്റം നടക്കാതായി
ഇങ്ങനെ തലയിലെഴുത്തെന്നാകില-
തെങ്ങനെ ഞാനതൊഴിച്ചീടേണ്ടു
ഇതുകേട്ടപ്പോളൊരച്ചി പറഞ്ഞാൾ
ഇതുകേട്ടാലും കൊച്ചനിയത്തി,
അതിയായിട്ടൊരു വിട്ടുപുലത്താൻ
മതിയായിട്ടൊരു നായരെ നിർത്താൻ
അമ്മയ്ക്കാഗ്രഹമുണ്ടായപ്പോൾ
അമ്മാവിക്കതു സമ്മതമല്ലാ,
അമ്മാവന്റെ മനസ്സു മറിപ്പാൻ
അമ്മാപാപിക്കെത്ര വിശേഷം;
വല്ലാതൊരു ഭോഷച്ചാർ നമ്മെ
ഇല്ലത്തേക്കും കൊണ്ടു തിരിച്ചാൻ.
നെല്ലുകൊടുത്തു കറുപ്പും തിന്നൊരു
കല്ലുകണക്കിനു കുത്തിയിരിക്കും
കണ്ണുതുറക്കെന്നുള്ളതു മില്ലി-
പ്പൊണ്ണച്ചാർക്കൊരു ബോധവുമില്ലാ
കിണ്ണം കിണ്ടിയുമിത്യാദികളിലൊ-
രെണ്ണം കണികാണ്മാനില്ലാതായ്;
അരിയും കറിയും വച്ചുകൊടുപ്പാൻ
അരുതാതായി നമുക്കും പിന്നെ
ഒരു സുഖമെന്നതു ഞാനറിയുന്നി-
ല്ലൊരു ക്രൂരാരുമെനിക്കില്ലിപ്പോൾ
അങ്ങേപ്പുറവുള്ളച്ചികളെല്ലാ-
മിങ്ങോട്ടേക്കു വിരോധം തന്നെ
ഉരിയരിപോലും ചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും.
തിരിയാത്തവനൊടു ഞാനൊരക്ഷര-
മുരിയാടാറില്ലെന്തിനു പാഴിൽ
പരിഹാസത്തിനു വകയില്ലാഞ്ഞവർ
പെരുവഴി നോക്കിയിരുന്നീടുന്നു

ഇങ്ങനെയോരോ വാക്കു പറഞ്ഞു ട-
നംഗനമാരും വന്നു നിറഞ്ഞു
അങ്ങാടികളിലുമാൽത്തറമേലും
സംഗ്യാനിന്നിതു ഘോഷം കാൺമാൻ
കുരുപതിതനയരുമനുജന്മാരും
പെരുകിന പടകളുമിളകിയമെല്ലെ
പെരുവഴി തിങ്ങി വിങ്ങി നടന്നീടുന്നു.
തുടിപറകിടുപടപടഹങ്ങളും
പൊട്ടുപൊടെവെടികളുമുടമയോടെ
ഇടിപൊടിതകരുമൊരരവമുടനേ
വടിവൊടുനടന്നിതു പടകളെല്ലാം
കടലുടെ വടിവൊരു കലശലമോഹാ
പാടലുമനവധികളിടിഞ്ഞുടനേ
പൊടിയുടെ പടലുമുലകിലെല്ലാം
പടുതരമുയരുന്നു പലവഴിയിൽ
കുടതഴകൊടികളുമിടകലരും
ഭടജനപടകടെ നടനവിധൌ
തടമുലതടവിന തരുണികളും
മനുമലർ മലരവൽ ചൊരിഞ്ഞീടുന്നു.
അനവധി കരികളതിനിടയിൽ
ഘനരുചികരികളുമളവില്ലതും
ധനജനവിഭവങ്ങളിവണ്ണം കണ്ടാൽ
ധനപതിഭയപ്പെട്ടങ്ങൊളിച്ചുമണ്ടും.
കനകമണിഞ്ഞൊരു കരവരകന്റെ
കനിവൊടു കേറിയിരുന്നാൻ കുരുപതി
പനിമതിസമമൊരു വെള്ളക്കുടയും
കനകാഞ്ചിതമാം വെൺചാമരവും
അനവധി തഴയും മുത്തുക്കുടയും
ധനവിഭവങ്ങളനേകമനേകം
അനുജന്മാരുടെ മോടിയുമെന്നിവ
മനുജന്മാർക്കു മനോഹരമെല്ലാം
ആട്ടുകയും ചിലർ പാട്ടുകയും ചില-
രോട്ടുകയും ചിലർ ചാട്ടുകയും ചിലർ
വാട്ടുകയും ചിലർ തേട്ടുകയും ചിലർ
ചോടുകൾ വച്ചിടക്കൂട്ടുകയും ചിലർ
വീട്ടുകളും പല നാട്ടുകളും പല-
തോട്ടുകളും പല കോട്ടുകളും പല
കാട്ടുകളും പല മാട്ടുകളും മല-
മൂട്ടുകളും മലർവാടികളും പല

മേട്ടുകളും പലവേട്ടുകളും പല
പാടവമോട്ടുകടന്നു കടന്നവ-
രാടലകന്നുതകൎത്തു തിമിൎത്തുമ-
ഹാടവിപൂക്കുഗമിക്കുന്നേരം
ബന്ധകദ്യുതിബന്ധുരമാകിന
സന്ധ്യാസമയം വന്നിടകൂടി
അന്ധമതാകിനതിമിരം വന്നനു-
ബന്ധിച്ചുടവിതടങ്ങൾ നിറഞ്ഞു
ഗന്ധൎവന്മാൎക്കുള്ളൊരു സമയം.
ചന്തമൊടവിടെസ്സംഗതമായി
ഗന്ധൎവന്മാരതി സുഖമോടെ
പന്തണിമുലമാരോടിടകൂടി
കാന്താരത്തിലിറങ്ങിക്കനിവൊടു
ചെന്താമരമലർ വാപികൾ തോറും
സന്തോഷേണ ജലക്രീഡാദിനി-
താന്താനന്ദമിയന്നാദശായാം
കുന്തീതനയന്മാർ മരുവീടിന
കാന്താരാന്തികഭൂമൌ ചെന്നാർ
ഗാന്ധാരിതനയന്മാർ പടയും
ഗാന്ധാരേശ്വരനംഗാധിപനും
വഞ്ചനുശീലനതാകിനകുരുപതി
പുഞ്ചിരിപൂണ്ടു പറഞ്ഞാനുടനേ;—
“നെഞ്ചിൽ നമുക്കൊരുപായംതോന്നി
കിഞ്ചിൽഗ്ഗുണമതിനുണ്ടാമിപ്പോൾ
നഞ്ചുകലക്കണമിവിടത്തിൽ ഫല
വഞ്ചോലകളിലെവാരിയിലെല്ലാം
ചഞ്ചലമിന്നിഹപാണ്ഡുസുതന്മാ-
രഞ്ചുജനങ്ങളുമതികുടിലന്മാർ
പാഞ്ചാലിയുമുടനംബുകുടിച്ചിഹ
പഞ്ചതയെ പ്രാപിച്ചീടേണം;
നഞ്ചുകലക്കുവി”നെന്നീവണ്ണം
പഞ്ചമഹാപാപി പറഞ്ഞപ്പോൾ
പാപികളൊരുവകരാജഭടന്മാർ
വാപികൾ തന്നിൽ മരുന്നു കലക്കി
കോപികളായവർ കാട്ടിയതെല്ലാം
പാപത്തിന്നൊരു വഴിയായ്‌വരുമേ!

വൃത്രനെക്കൊന്നവന്റെ മിത്രമായ്മരുവുന്ന
ചിത്രസേനഗന്ധൎവൻ ധാത്രിയിലങ്ങിറങ്ങി
രാത്രിയിൽ തന്റെ ചാരുഗാത്രിമാരോടുകൂടി
തത്രവന്നൊരു ശതപത്രിണീതോയംതന്നിൽ
ചിത്രമാം കേളികൾക്കു പാത്രമാമവനപ്പോൾ
മാത്രാധികാനന്ദവിചിത്രം വിഹരിക്കുമ്പോൾ
വെള്ളപ്പളുങ്കിനൊത്തവെള്ളത്തിൽനഞ്ചിടുവാ-
നുള്ളകുതുകം കൊണ്ടു തള്ളിവരുന്ന ചില
കള്ളന്മാരെക്കണ്ടപ്പോളുള്ളം കയൎത്തുബല-
മുള്ള ചിത്രസേനൻ താൻ വെള്ളത്തിൽ നിന്നു-
കേറി
കള്ളക്കുടിലന്മാരേ! കൊള്ളാമിക്കാട്ടുതന്നി-
ലുള്ളമുനികളുടെ വെള്ളത്തിൽ നഞ്ചിടുവാ-
നുള്ളൊരുത്സാഹമിപ്പോൾ
കള്ളുകുടിച്ചു വന്നു ള്ളനടിക്കും നിങ്ങൾ
തുള്ളുന്നതെല്ലാമിതുവുള്ളു എന്നിങ്ങുറച്ചു;
കൊള്ളും പ്രഹരമതിനുള്ള വഴികൾ വീണ്ടു
കൊള്ളി വാക്കുകൾകൊണ്ടു തുള്ളിക്കുന്നതുപ
ന്നെ
കൊള്ളിക്കുന്നുണ്ടുബാണംകൊള്ളിക്കുംബഹു
മെള്ളോളമില്ലെന്നോൎപ്പിൻ! മാന-
മട്ടുമാറി.

കുരുകുലമൂഢന്മാരേ നിങ്ങടെ-
പരമാൎത്ഥം ഞാനഖിലമറിഞ്ഞേൻ,
തരമില്ലിങ്ങിനെ ചതിയും കൊതിയും
തരസാമനമതിലേറെ മുഴുത്താൽ,
പൌരവകുലമതിലഴകേറീടിന
വീരന്മാരാം പാൎത്ഥന്മാരൊടു
വൈരം മനസി മുഴുത്തതിനാൽ നിജ
പൌരുഷമവരെക്കാട്ടുവതിന്നായ്
പൌരന്മാരും പടയും കുടയും
വാരണഘടയും കൂട്ടിക്കെട്ടി
പാരിടമൊക്കെമുഴക്കി വരുന്നതു
നേരായ് വരികില്ലധമന്മാരേ!
അഞ്ചിതമാകിന ശുദ്ധജലങ്ങളിൽ
നഞ്ചിടുവാനായ്. വന്നൊരു നിങ്ങടെ
നെഞ്ചകമെന്നതുകല്ലോശിവ! ശിവ!
പഞ്ചമഹാപാതകിമാർനിങ്ങൾ;
നേരേനിന്നു പ്രയോഗിപ്പാനായ്
ഭീരുക്കൾക്കൊരു വൈഭവമില്ലാ;
നേരല്ലാതെ ചതിപ്പാൻ പെരുവഴി
യോരോന്നിങ്ങിനെ നോക്കി നടന്നാൽ

സ്വൈരക്കേടുകൾ വളരെ വരുമ്പോൾ
ആരുമൊരാശ്രയമില്ലാതാകും
നീരസമല്ലാതുള്ള പ്രയോഗം
പാരം കുറയും നിങ്ങൾക്കിപ്പോൾ
തന്നേക്കാൾ ബലവിക്രമമുള്ളൊരു
ധന്യന്മാരൊടു ചെന്നിഹ നേർത്താൽ
ഒന്നും തരമായ് വരുകില്ലതുകൊ-
ണ്ടെന്നും തീരാദുഷ്കീർത്തികളും
ആണുങ്ങൾക്കു പിറന്നവരെങ്കിൽ
പ്രാണൻ കളവിൻ നമ്മുടെ നേരെ
ബാണം കൊണ്ടു സഹിക്കാഞ്ഞുടനേ
നാണം കെട്ടു നടക്കും നിങ്ങൾ
ഇക്കൂട്ടത്തിനു ബലമില്ലെന്നൊരു
ധിക്കാരം കൊണ്ടിവിടെ വരുന്നു
വക്കാണത്തിനടുക്കുന്നേരം
കൈക്കാണം ഞാൻ വാങ്ങുകയില്ലാ
വാക്കിനുവാക്കും വമ്പിനുവമ്പും
മുഷ്കിനു മുഷ്കും മുള്ളിനുമുള്ളും
നോക്കിനു നോക്കും തല്ലിനുതല്ലും
ദോഷ്ടിനുദോഷ്ടുമിനിക്കുണ്ടറിവിൻ!
കള്ളന്മാരാം നിങ്ങളെ ഞങ്ങൾ-
ക്കെള്ളോളം ബഹുമാനമതില്ലാ;
ഉള്ളംതന്നിലഹംഭാവംകണ-
കൊള്ളുന്നേരമതുച്ഛമതാകും
പുള്ളിപ്പുലിയുടെ മുന്നിൽ ചെന്നിഹ
തുള്ളിനടക്കും കുറുനരിയെപ്പോൽ
കൊള്ളാം നീയിഹ കൌരവമൂഢാ!
കള്ളാ നിന്നുടെ നാശമടുത്തു,”
ഇത്തരമുള്ളൊരു ദുഷിവാക്യം ബത
സത്വരമൻപൊടു കേട്ടൊരുനേരം
ക്രുദ്ധനതാകിയ ധൃതരാഷ്ട്രാത്മജ-
നുദ്ധതമുദ്ധതമിത്ഥമുരത്താൻ:—
“നില്ലെടമൂഢാ! മതിമതി നിന്നുടെ
വല്ലാതുള്ളൊരു വാക്കുകളെല്ലാം
മല്ലനടിച്ചു ചൊടിച്ചു പറഞ്ഞാൽ
കൊല്ലുവതിന്നൊരു സംശയമില്ലാ;
ഖലനാം നിന്നുടെ കരളിലഹമ്മതി
കളവാൻ വിരവിലഹമ്മതിദോഷാ
വളരെപ്പറവാൻ കുറവില്ലെന്നൊരു
വെളിവുണ്ടുള്ളിൽ നിനക്കതുവിഫലം.
പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിനു
പൊണ്ണൻ പലവക ജല്പിക്കുന്നു,
വിണ്ണവർ നാട്ടിലെ വിരുതുംകൊണ്ടിഹ
വന്നു പറഞ്ഞാലിവിടെ ഫലിയാ,
മറുനാട്ടീന്നൊരു വിരുതൻ വന്നിഹ
തിറമൊടു നിന്നു ഫലിപ്പിക്കുന്നതു
കുറയുമതോർത്തു പറഞ്ഞീടുക നീ
കുറവു വരുത്തിയയയ്ക്കും ഞങ്ങൾ;
സംഗതിക്കൂടാതുള്ളൊരു വാക്കുകൾ
നിങ്ങടെനാട്ടിൽ തന്നേനല്ലൂ;
ഇങ്ങനെയുള്ളൊരു നല്ലസമക്ഷ-
ത്തെങ്ങുംനിങ്ങടെ വിദ്യകളൊക്കെ
പൊട്ടക്കളമതുവിട്ടുതിരിച്ചാ-
ലട്ടയ്ക്കൊരുഗതിയില്ലെന്നറിക!
യഷ്ടികളേഭയമില്ല കുരയ്ക്കും-
പട്ടികടിക്കില്ലെന്നു പ്രസിദ്ധം.
ഗന്ധർവ്വൻനീയെങ്കിലുമിങ്ങനെ
ബന്ധംകൂടാതുരചെയ്യുന്നാൽ
ബന്ധുവിഹീനനതാകിനനിന്നെ
ബന്ധിച്ചീടുന്നുണ്ടിഹ ഞങ്ങൾ,
പന്തണിമുലമാരാകുമിവർക്കൊരു
സന്താപത്തിനു സംഗതിയില്ലാ
ചന്തമിയന്നൊരു പുരുഷന്മാർ പല-
ബന്ധുതചെയ്വാനിവിടെയുമുണ്ടാം.
അഞ്ചാറനുജന്മാരുനമുക്കു-
ണ്ടഞ്ചായുധനെക്കാൾ വിരുതന്മാർ
അഞ്ചാതവരൊടുകൂടിവസിക്കാം
കഞ്ചത്താർമിഴിമാരേ! വരുവിൻ!
കണ്ടകനാമിക്കണവൻകേറി
ശണ്ഠയിടുന്നതുശങ്കിക്കേണ്ടാ;
ശുണ്ഠികടിച്ചാൽ ഫലമില്ലവനതു
കണ്ടൊരുകോണിലിരിക്കേയുള്ളൂ,
നടുമിററത്തൊരു കുററിതറച്ചൊരു
നെടുപാശംകൊണ്ടരയിൽമുറുക്കി
തടിയനെയതിനൊടുബന്ധിക്കുന്നു-
ണ്ടുടനൊരുമൂത്തകുരങ്ങതുപോലെ;

വാടാനിന്നടെ വിരുതുകളെന്നൊട്ടു
കൂടാമൂഢാകടിലകശീലാ!
പാടവമോടിഹ പൊരുതിട്ടുക
നാടകമല്ലിതു വീരവിനോദം"
"കണ്ണാനീയിതുകേൾക്കുന്നില്ലേ
കണ്ണാരുന്തുദമിവന്റെ വചനം
കണ്ണാക്രുഷ്ടമതാക്കുക ചാപം
കീർണ്ണമതാകണമിവന്റെഗാത്രം"
ഘോരശരങ്ങളെടുത്തുതൊടുത്തൊരു-
മാരികണക്കിനെ വർഷിച്ചാലും!
വടിവൊടുഖേചരനെന്റെതനൂട-
ലുടിമുടിപൊടിയാക്കീടുക കണ്ണാ!
ദുശ്ശാസനനും ദുർമ്മുഖനും പുന-
രിശ്ശാസനമനുമാനിച്ചാലും!
വാശ്ശുതുമെന്നൊരുപേക്ഷകണക്കി-
ല്ലിശ്ശാനെക്കൊലചെയ്യേപോവൂ.
നമ്മുടെനേരേവന്നൊരുകൂട്ടം
നിർമ്മരിയാദം ജല്പിക്കുന്നൊരു
ദുർമ്മതിയാമിവനുള്ളിലിരിക്കുമ-
ഹമ്മതിയിന്നുശമിപ്പിക്കേണം.
രണ്ടുശരങ്ങൾകണക്കിനുകൊണ്ടാൽ
മണ്ടുംവിരവൊടുമറുതലവീരൻ
തൊണ്ടന്മാരിവർ പടയെന്നുള്ളൊരു
രണ്ടക്ഷരമതുകേട്ടിട്ടില്ലാ
ശണ്ഠയിടാനല്ലാതൊരുവസ്തു
ചെണ്ടക്കാരവർഗ്രഹിച്ചിട്ടില്ലാ,
ചണ്ടികൾപറയുന്നതിനെക്കൂടെ
കൊണ്ടാടാൻ ചില മൂഢരുമുണ്ടു്"
"അട്ടക്കവിരവൊടു തട്ടുക ചിലർചെന്നു
പിടിക്കശരവരമെടുക്ക പരിചൊടു
കൊടുക്കയിവന്റെമിടുക്കുകൊണ്ടുതന്നെ
നടക്കമെന്നരുചി മുടക്കുവതിനിന്നു
മടിക്കരുതുഗതി മുടക്കിമദഭര-
മടക്കിയുടനതിപടുക്കളൊരുവക
പടയ്ക്കുതുടരുക!
പൊട്ടക്കെന്നിവന്റെമിടുക്കുഫലിക്കാഞ്ഞു
നടക്കമില്ലെന്നാകിലട്ടക്കമതുകൊണ്ടു്
നട്ടക്കമിനിക്കില്ല പട്ടക്കളിവരെല്ലാ-
മൊട്ടക്കംതോററമുണ്ടും"

ഇങ്ങനെയുള്ളൊരു ദുർഭാഷണമവർ
തങ്ങളിലങ്ങുപറഞ്ഞൊരുശേഷം
സംഗരമാശുതുടങ്ങിപ്രകടശ-
രങ്ങൾചൊരിഞ്ഞുമറഞ്ഞിതുഗഗനം;
ചൊല്ലേറീടിനഗന്ധർവ്വൻനിജ-
വില്ലുവലിച്ചുചെവിക്കിടചേർത്തു,
നല്ലശരങ്ങളുതിർത്തുതുടങ്ങി
നല്ലൊരുസമരമതെന്നേവേണ്ടൂ;
ഊററക്കാരവർനൂററവരെല്ലാം
ഏററംചാടിയടുത്തുതുടങ്ങി;
കാററുകൾതട്ടിക്കരപററീടുമൊ-
രാററിലെവെള്ളത്തിരകൾകണക്കെ
കേററംപാരമതാരംഭേ പുന-
രേററംപേടിയുമുടനേകൂടി
തോററുതിരിച്ചുതുടങ്ങിപ്പുള്ളെ-
പ്പാറാകൾപോലെ പടജ്ജനമെല്ലാം
മാറാലർബാണഗണങ്ങളുമുടനുട-
നേററുമുറിഞ്ഞുമറിഞ്ഞഥവീണാ,
ഏററുതിരിപ്പാനെളുതല്ലാഞ്ഞവ-
രേററംഭൂമിയിൽ വീണുമുരുണ്ടും,
പേടികലർന്നൊരുനായന്മാര-
ങ്ങോടിച്ചെന്നുമരങ്ങടെമൂട്ടിൽ
കൂടിക്കരിയിലകൊണ്ടുശരീരം
മൂടിയൊളിച്ചുശയിച്ചാരുടനേ.
നായന്മാരുടനോടുന്നേര-
ത്തായുധമെല്ലാം വഴിയിൽപോയി
ആയതുപിന്നെയുമുണ്ടാക്കീടാം
കായംകിട്ടുകിലതുബഹുലാഭം
മലയുടെഗുഹയിൽചെന്നുകടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ
വലിയൊരുപുലിവന്നടിയുംകൂട്ടി-
ത്തലയുംകൊണ്ടുതിരിച്ചാനപ്പോൾ;
കലയും മാനും വരുമൊരുമാർഗ്ഗേ
വലയുംകെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹപാർക്കുന്നേരം
വലയിൽചെന്നുവലഞ്ഞാനൊരുവൻ;
വലയിൽപെട്ടതുകണ്ടൊരുവേടൻ
കലയെന്നോർത്തൊരുബാണമയച്ചാൻ

തലയിൽകൊണ്ടുതറച്ചിതുകണ്ടാ-
മലയൻവന്നിഹനോക്കുന്നേരം
കലയല്ലിവനൊരുവലിയൊരുതടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ!
വലയീന്നിങ്ങുവലിച്ചുപതുക്കെ
തലയീന്നമ്പുപറിച്ചാൻ വേടൻ
പേടിത്തൊണ്ടൻ മറെറാരുമാനുഷ-
നോടിപ്പോംവഴിയറിയാറാക്കി
കാടുതകത്തൊരുവാരിക്കുഴിയിൽ
ചാടിയൊളിച്ചുകിടന്നാനപ്പോൾ;
ഉള്ളത്തിൽഭയമേറുകമൂലം
വെള്ളത്തിൽചിലർ ചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾതോറുംചെന്നതി-
നുള്ളിൽപുക്കിതുപലജനമപ്പോൾ,
മണ്ണിൽ പലപല കുഴിയുണ്ടാക്കി-
പ്പൊണ്ണന്മാർ ചിലരവിടെയൊളിച്ചു
കണ്ണുമടച്ചുപുതച്ചുകിടന്നൊരു-
വണ്ണമുറക്കവുമങ്ങുതുടങ്ങി;
കൊമ്പുകുഴൽക്കാർ ചെണ്ടക്കാരരു-
മമ്പുഭയപ്പെട്ടോടിനടന്നാർ,
കൊമ്പന്മാരുടെകൊമ്പുമരത്തിൻ
കൊമ്പുതടഞ്ഞുടനമ്പതുഭിന്നം,
മദ്ദളമരയിലുറപ്പിച്ചീടിന
വിദ്വാനോടുകപാരംബന്ധം
മദ്ദളമങ്ങൊരുകാട്ടിലെറിഞ്ഞി-
ട്ടുദ്രിക്കീന്നഥധാവതിചെയ്തു,
ഒരുഭാഗത്തെത്തോലുപിളർന്നി-
ട്ടൊരുവൻചെണ്ടയ്ക്കകമേപുക്കാൻ,
പെരുവഴിതന്നിലുരുണ്ടുതിരിച്ചാൻ
പെരുതായുള്ളൊരു ചെണ്ടക്കാരൻ,

ഉടുക്കുംകൊട്ടികൊണ്ടഗ്രേനടക്കുന്നമേളക്കാര
ഉടുക്കുംമുണ്ടുംകളഞ്ഞു മിടുക്കുംഭാവിച്ചുമണ്ടി [ൻ
തിടുക്കംപൂണ്ടൊരുവീട്ടിക്കടപ്പാൻ ഭാവിക്കു
ന്നേരം
കടുത്തനായർതാൻവന്നതടുത്താ,നത്രയുമല്ലാ,
മുടിക്കുപിടിച്ചുനാലഞ്ചടിക്കുന്നഘോഷംകേട്ടു്
പൊടുക്കെന്നുകാട്ടിലുക്കുകിടക്കുന്നനായന്മാർവ-
ന്നുടുക്കുന്നകോലാഹലം കടുക്കുന്നുണ്ടൊരു
ദിക്കിൽ

പടയ്ക്കുതോററുമണ്ടുന്നാഭടന്മാർവന്നുകേറുമ്പോൾ
പടിക്കൽകാവലുംവച്ചുകടപ്പാനെളുതല്ലെന്നും
വനത്തിൽനിന്നോടിവന്ന ജനത്തിന്റെഭാവം
കണ്ടു
മനസ്സിൽനിന്ദിക്കും നാരീജനത്തിന്റെവാക്കു-
ണ്ടായി
"വമ്പന്മാരായ മീശക്കൊമ്പന്മാരെല്ലാമോരോ
വമ്പുംപറഞ്ഞു വില്ലുമമ്പുമെടുത്തുംകൊണ്ടു്
തമ്പുരാന്മാർക്കുതിരുമുമ്പിലകമ്പടിക്ക-:
ങ്ങിമ്പംകലർന്നുചെന്നു വമ്പിച്ചകാനനത്തിൽ
ഗന്ധർവന്മാരെപ്പേടിച്ചന്ധന്മാരായ നിങ്ങ-
ളെന്തിപ്പോളോടിപ്പോരാൻ ബന്ധമെൻഭോഷ
ന്മാരേ!
ചന്തംപെരിയതൊക്കൻകുന്തംകളഞ്ഞുവീണു്
ദന്തങ്ങളുംതകർന്നു എന്തൊരുസാഹസങ്ങൾ,
തോല്ക്കുന്നകൂട്ടംനിങ്ങൾതോക്കുംകളഞ്ഞുപോന്നു
താക്കുമടുത്തതല്ലിതോക്കുമ്പോൾ ചിരിയാകും,
നേക്കംമാററാരൊട്ടുപോരേല്ക്കുന്നനേരം പല
ചാക്കുംമുറിവുംപുനരാക്കും വരാത്തതല്ലാ;
ചാട്ടംപെഴച്ചകപിക്കൂട്ടംകണക്കെ നിങ്ങൾ
കൂട്ടംപിരിഞ്ഞുപാരംകോട്ടംപിണഞ്ഞുമൂലം
ഓട്ടംതുടങ്ങിയതുവാട്ടംവരുവാൻതന്നെ
കേട്ടാലുടനേതന്നെ നാട്ടാർപരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്നു വീട്ടിലുക്കൊളിക്ക-
ക്കാട്ടിൽമരിക്കനല്ലുകേട്ടീലേനായന്മാരേ [യെ-
ഗോഷ്ഠികൾപതിനാലുനാട്ടിലുംകേൾക്കുമെയ്യോ
കാട്ടിയകർമ്മമേതും പാട്ടിലായതുമില്ല"
പെണ്ണുങ്ങളുടെവാക്കീവണ്ണം കേൾക്കുന്ന ചില
പൊണ്ണന്മാർ വീടുകളിൽ കണ്ണുമടച്ചിരുന്നാർ;
കർണ്ണൻ ദുര്യോധനൻ വികർണ്ണൻ ദുശ്ശാസനനും
കണ്ണുംചുവത്തിച്ചാപദണ്ഡാകുലച്ചുംകൊണ്ടു്
ചണ്ഡമായുള്ളശരഷണ്ഡമുതിർത്തുംകൊണ്ടു
തത്രവന്നടുക്കുന്ന ചിത്രസേനന്റെക്കൂട്ട-
മെത്രവളരെയുണ്ടമിത്രന്മാരവരോടു
യുദ്ധംതുടങ്ങിയവരിത്ഥംപറഞ്ഞീടുന്നു
ക്രുദ്ധന്മാരായകുരുവൃദ്ധന്റെ നന്ദനന്മാർ.

"ഗന്ധർവന്മാരാകിനനിങ്ങടെ
ഗന്ധംപോലും നാസ്തിയതാമൊരു
ബന്ധംകൂടാതിങ്ങനെനേർപ്പാ-
നെന്തൊരുകാരണമധമന്മാരേ!

അംബരചാരികളാകിന നിങ്ങടെ
ഡംബരമിന്നശമിക്കുമശേഷം
സംഗരമിവിടെച്ചെയ്യുന്നതിന്നൊരു
സംഗതിവന്നിതു നന്നിതുകാലം
അംഗമഹീപതി കർണ്ണൻതന്നുടെ
നിങ്ങളറിഞ്ഞീലെങ്കിലിതറിവിൻ!
അംഗങ്ങളിലൂടമ്പുകൾ കൊണ്ടിഹ
ഭംഗംവരുമളവറിയാമെല്ലാം;
നിങ്ങടെ വിരുതുകളൊന്നുമിദാനീം
ഞങ്ങടെ നേരെ ഫലിക്കയുമില്ലാ;
കുരുകുലതിലകൻ ദുര്യോധനനൃപ-
നരികുലശലഭദവാനലസാരൻ
കരബലശാലികളനുജന്മാരും
പരബലമാശുതകർക്കുമശേഷം."

ശ്ലോകം.

കുംഭീന്ദ്രപ്രൌഢകുംഭീസ്ഥലദലനകലാ
ചണ്ഡദോർദ്ദണ്ഡസാരാൻ
ഗംഭീരാരാവഘോരാൻ കിമു ശശനികര-
സ്സംഹരേത്സിംഹവീരാൻ
കിംഭോ! ഗന്ധർവ്വവൃന്ദം സകലമപി സമം
സംഗതം സംഗരാന്തേ
ഡംഭോപേതം വിജേതും [illegible] പതിമതോൽ
കർത്താരാൻ ധാർത്തരാഷ്ട്രാൻ.

ശ്ലോകംകൊണ്ടു പറഞ്ഞാലറിവാൻ
ആകുലമെങ്കിൽ പൊരുളുകളൊ[illegible]ം
ലോകരശേഷം ബോധിക്കേണം
ലൌകികമില്ലുകവ[illegible]
ആനത്തലവന്മാരുടെ മസ്തക-
മാശുപിളർന്നുകിളർന്നൊരു രുധിരം
പാനം ചെയ്തു മദിച്ചു നടക്കും
പുരുഷമതാകിന സിംഹകുലത്തെ
താനേ ചെന്നൊരു കൂട്ടം മുയലുകൾ
താഡിച്ചാശു വധിപ്പാൻ മതിയോ;
അതുപോലെ ബഹുഗന്ധർവ്വന്മാ-
രതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർ ചെയ്വാൻ
മതിയാമോ ബത ശിവ ശിവ! മോഹം

കൂടലർ കുലബലമറുതി പെടുക്കും
കൂട്ടംകുരുകുലമെന്നു ധരിപ്പിൻ!
ആടലശേഷമകന്നു പടയ്ക്കുതി
പാടവമേറിന കർണ്ണാദികളൊടു
കൂട്ടാ നിങ്ങടെ നികൃതികളൊന്നും
വാടാ ഖേചര മൂഢാ! രണഭുവി
വാടാ ഞങ്ങളിലൊരുവൻ പോരും
പ്രൌഢാഹംകൃതി ഹുംകൃതിയാലതി
മൂഢന്മാരുടെ വാക്കിതിവണ്ണം
ഗൂഢമതല്ലിഹ പൊരുളിതു കിഞ്ചിൽ.

മിത്രനന്ദനസുയോധനവൃന്ദം
തത്രവന്നുടനടുത്തദശായാം
ചിത്രസേനനഥസേനകളോട-
ങ്ങൊത്തുകൂടിയവരോടുരചെയ്താൻ;—
നില്ലുനില്ലെടസുയോധന! കർണ്ണാ!
നിങ്ങൾചൊന്നമൊഴിനിന്ദിതമെല്ലാം
വില്ലെടുത്തു വിളയാടിനഞങ്ങൾ-
ക്കില്ലതെല്ലുമൊരുവാട്ടമിദാനീം
കൃത്തമൂർത്തശരമാരികളെല്ലാം
പേർത്തുപേർത്തുടനതിർത്തുതുടർന്നാൽ
ചീർത്തമൂർത്തികളിലാശുസമസ്തം
കോർത്തുകോർത്തു ശകലീകൃതമാകും.
ധാർത്തരാഷ്ട്രകുടിലാശയ! നിന്റെ
ധൂർത്തുകൊണ്ടു ഫലമില്ലെട! മൂഢാ
ഓർത്തുകൊൾക മമ ബാഹുബലം നീ
നേർത്തുവന്നതതിസാഹസമല്ലോ.
ഊർദ്ധ്വചാരിവരരോടമർചെയ്താ-
ലൂർദ്ധ്വമാമവനിചാരികളെല്ലാം
മൂർദ്ധഭാഗമതിലമ്പുകളേറ്റി-
ട്ടൂർദ്ധ്വലോകഗതിവന്നുഭവിക്കും.
കാട്ടിൽവന്നു നിജപൌരുഷഭാവം
കാട്ടുവാനിഹ തുടർന്നൊരു കള്ള-
ക്കൂട്ടമിങ്ങനെതിമിർത്തതു മൂലം
കോട്ടമിന്നു വരുവാൻ വഴികൂട്ടി;
നൂറ്റുപേരുമിഹനിങ്ങളശേഷം
കൂറ്റുകാരുമുടനൻപൊടുപോരിൽ
തോറ്റുപോം ഝടിതിയത്രയുമല്ലാ
കാറ്റുപോലെ ഉഢമാശുപറക്കും.

അഷ്ടികഴിച്ചു തിമിർത്തു നടക്കും
യഷ്ടികളൊരുവക ദുർവിനയന്മാർ
നഷ്ടിവാരാനൊരു വഴിയും നോക്കി
കഷ്ടിച്ചങ്ങനെ പടയും കൂട്ടി
കെട്ടിച്ചുററിയണിഞ്ഞു ഞെളിഞ്ഞിഹ
കൊട്ടിഗ്ഘോഷിച്ചാർത്തുവിളിച്ചും,
പെട്ടികളും ചില പെട്ടകവും പല
ചട്ടമതിങ്ങനെ വട്ടം കൂട്ടി
ചെട്ടികളും ചില കുട്ടികളും കോ-
മട്ടികളും പല പട്ടന്മാരും
നാട്ടിലിരിക്കും പ്രജകളെയെല്ലാം
കൂട്ടിസ്വരൂപിച്ചെന്തൊരുകാര്യം?
കാട്ടിൽ വരാനിഹ കുടിലന്മാരേ!
കാട്ടിയവിരുതുകളൊക്കെയബദ്ധം
കാട്ടിലിരിക്കും പാർത്ഥന്മാരെ-
ക്കാട്ടീട്ടുവതിന്നിങ്ങനെ നിങ്ങടെ
ഗോഷ്ഠികളോർത്താൽ ചിരിയാകുന്നു.
ഘോഷവിലോകനമെന്നൊരുകപടം
പുഷ്ടിനടിക്കും നിങ്ങളെയിപ്പോൾ
പട്ടിക്കും ബഹുമാനം നാസ്തി;
കൊട്ടിക്കൊണ്ടിഹവരുവാനിങ്ങനെ
സൃഷ്ടിച്ചൊന്നൊരു കുസൃതിക്കാരൻ
രാഷ്ട്രവിനാശത്തിന്നുടനേധൃത-
രാഷ്ട്രസുതന്മാർ നിങ്ങൾ പിറന്നു
നാട്ടിന്നു നാശം നിങ്ങടെ മൂലം,
നാണക്കേടിന്നു നല്ലൊരു മാർഗ്ഗം
പടയും നിങ്ങടെ പദവികളും പല
കുടയും കൊടിയും തഴ ചാമരവും
പടഹത്തുടിപറകൊമ്പും കുഴലും.
പടുതരഘോഷമശേഷവുമിപ്പോൾ
ഝടിതിനശിച്ചിതു ജളരേ! നിങ്ങടെ
തടിമാത്രം ശേഷിച്ചിതു സമരേ;
തടിയന്മാരേ! പടപൊരുതീടുക
കുടിലന്മാരേ! മൂഢന്മാരേ
മടിയന്മാരുടെ മദവും മതവും
പടയുടരുമ്പോൾ തീരുമതറിവിൻ!

ഇത്ഥം പറഞ്ഞുകൊണ്ടുയുദ്ധംതുടങ്ങീതത്ര
ചിത്രസേനാദികളും ധാർത്തരാഷ്ട്രാദികളും,
അസ്ത്രങ്ങളനവധി ശസ്ത്രങ്ങൾപലവിധം
ചിത്രപ്രകാരമതുമാത്രം പറവാൻ വേല,
വെട്ടും തടവും ചില മുട്ടും മുറികൾ പുന-
രൊട്ടും കുറവില്ലാത്ത കൊട്ടും കുഴൽവിളിയും;
എട്ടുദിഗന്തങ്ങളും പൊട്ടുംപ്രകാരം പട-
വെട്ടും കുരുക്കളമ്പത്തെട്ടും മുപ്പതും നാലു-
മെട്ടും തളർന്നു വില്ലുമിട്ടും കളഞ്ഞു നല്ല
പട്ടും വെടിഞ്ഞു പിറകോട്ടുതിരിച്ചുനേരം
കൂട്ടം കലമ്പിപ്പടക്കൂട്ടം പലവഴിക്കും
ഓട്ടം തുടങ്ങിപ്പലകോട്ടങ്ങൾ കണ്ടുനില്ക്കും
ധീരൻ ചിത്രസേനൻ ഗംഭീരൻ ഗന്ധർവ്വരാജ
വീരൻ നൂറുപേരുടെ നേരെ പാഞ്ഞടുത്താശു
രേരേമൂഢരേ!നിങ്ങളാരെക്കാൺമാനോടുന്നു
പോരാട്ടുവാൻമിടുക്ക പോരാത്തനിങ്ങളി-
പ്പോൾ
ആരുചൊല്ലിത്തങ്ങടെപൌരുഷംകാട്ടാൻവന്നു
നില്പിൻ തരിമ്പെങ്കിലും കെല്പില്ലാത്തവർനി-
ങ്ങൾ
ജല്പിപ്പാൻ മാത്രംകൊള്ളാം അല്പന്മാരയ്യോകഷ്ടം
"ചൊല്ലൊങ്ങുംദേവരാജൻകല്പിച്ചുവന്നു ഞങ്ങൾ
സർപ്പധ്വജന്റെ കൂട്ടമെപ്പേരുമിന്നുതന്നെ
സ്വർഗ്ഗത്തിൽ വന്നീടണം മറ്റില്ലാ പറയുന്നു
പട്ടും വളയുമെല്ലാം കിട്ടുമത്രയുമല്ലാ
വീരശൃംഖലനിങ്ങൾക്കോരോന്നുകൈക്കു
പോരും
പാരാതെ പോന്നുകൊൾവിൻ വീരാളിപ്പട്ടും
കിട്ടും"

മട്ടുമാറി.

ഇത്തരം മൊഴിപറഞ്ഞു സമർത്ഥൻ
ചിത്രസേനനതിവേഗമടുത്തു,
തേരുവട്ടമതിധാവതിചെയ്തും
നൂറുപേരെയുമടുത്തു തടുത്തു,
വാറുകൊണ്ടുടനടിച്ചുപിടിച്ചു-
ക്കയറുകൊണ്ടുടൽ വരിഞ്ഞഥകെട്ടി
തേരിലെക്കൊടിമരത്തൊടുകൂടി-
ച്ചേരുമാറു പലകെട്ടുമുറുക്കി
ക്ഷിപ്രമംബരതലത്തിലുയർന്നാൻ
അപ്രമേയബലനാകിന ദിവ്യൻ
ധാർത്തരാഷ്ട്രശതവും പുനരപ്പോൾ
ആർത്തരായി മുറയിട്ടുതുടങ്ങി:—

ധൂർത്തരാമരികൾ ഞങ്ങളെയെല്ലാം
തേർത്തടത്തിലുടനിട്ട വരിഞ്ഞു
ഊർദ്ധ്വദിക്കിനിഹ കൊണ്ടു തിരിച്ചു
പാർത്തുകാണ്കമമധർമ്മതനൂജാ
പാർത്ഥ! ഹാ നകുല! ഹാ സഹദേവാ!
കാത്തുകൊൾക കനിവോടതിവേഗാൽ,
ഭീമസേനവരികാത്തുതരിനും
താമസിക്കരുതു നിങ്ങളിദാനീം,
സീമയില്ലമമ സങ്കടമയ്യോ!
ധീമതാംവര! യുധിഷ്ഠിരവീര!

(ഇന്ദിശരാഗം—കുണ്ടനാച്ചിതാളം)

തടിച്ചൊരുഗന്ധർവ്വൻ മഹാകശ്മലൻ അടിച്ചു
പിടിച്ചു കെട്ടിക്കൊണ്ടു തിരിച്ചു ശിവ ശിവ!
ഒരുത്തൻ വരുത്തുന്നൊരനർത്ഥങ്ങളാൽ
കരത്തിന്നൊരു കരുത്തുമില്ലാഞ്ഞങ്ങൾക്കനക്കെ-
തരംകെട്ട
വലഞ്ഞുവശംകെട്ട വയംകേവലം വലയ്ക്കുകത്തു
പതിച്ചു മൃഗങ്ങളെക്കണക്കെ ശിവ ശിവ!
സഖേ! ധർമ്മജ! വീരസമീരാത്മജ! സരസപാർത്ഥ
നകുലസഹദേവ! വരിക വിരവോടെ
നിരാധാരമായുള്ള ജനങ്ങൾ,ക്കഹോനിങ്ങളെ-
ന്നിയെമറ്റൊരു ജനമില്ല ശരണമതു ദൃഢം
കുരുക്കൾക്കു വന്നീടും തരക്കേടഹോകുലത്തി-
ലുള്ള ജനങ്ങൾക്കൊക്കെത്തന്നെസമമെന്നറിക
ഭടാ

ഇത്തരമുള്ളൊരു മുറവിളികൊണ്ടഥ
പത്തുദിഗന്തരമൊക്കെ മുഴങ്ങി,
സത്വരമതുകേട്ടധികദയാനിധി
സത്യഗുണാംബുധി ധർമ്മതനൂജൻ.
ഗന്ധവഹാത്മജനോടരുൾ ചെയ്തു:—
ഗന്ധർവ്വന്മാർ വന്നിഹ നമ്മുടെ
ബന്ധുജനങ്ങളെയെല്ലാം വിരവൊടു
ബന്ധിച്ചും കൊണ്ടങ്ങു തിരിച്ചു
ബന്ധം കൂടാതിങ്ങനെ ചെയ്തതി-
നന്ധതതാനൊരു കാരണമിപ്പോൾ
അന്ധൻജനകനമിക്കതുകേട്ടാൽ
അന്തസ്താപംകൊണ്ടു മരിക്കും
എന്തെങ്കിലുമുടനനുജന്മാരുടെ
സന്താപങ്ങളൊഴിക്കണമിപ്പോൾ
അന്തരമില്ലതു ചെയ്തീലെന്നാൽ
എന്തിനു നമ്മുടെ ധർമ്മവിചാരം?
ദുര്യോധനനും ദുശ്ശാസനനും
ദൂഷണമനവധി ചെയ്തവരെങ്കിലു-
മയ്യോ ഞങ്ങൾ വലഞ്ഞെന്നിങ്ങനെ
കയ്യും മെയ്യും വശമല്ലാഞ്ഞവർ
നമ്മെ വിളിച്ചു കരഞ്ഞതു കേട്ടിഹ
ചുമ്മയിരിപ്പതുചിതമോസഹജ!
ധർമ്മം നൃപതിക്കാശ്രിതരക്ഷണ
കർമ്മമതല്ലോസഹജന്മാരേ;
ദുർമ്മദമിപ്പോളരുതരുതരുത
ദുരിതംവരുമതിനനവധിമേലിൽ
അഗ്രജവചനം കേട്ടൊരുനേരമു-
ദഗ്രപരാക്രമിയാകിയ ഭീമൻ
അഗ്രേനിന്നുപറഞ്ഞുതുടങ്ങിസ-
മഗ്രാഹംകൃതിശാലിഗഭീരൻ:—
"അടിയങ്ങൾക്കിഹനാലുജനത്തിനു-
മരുളിച്ചെയ്യൊരു കല്പനകേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹധർമ്മം
പിടിപാടില്ലാത്താളുകളല്ലാ,
കള്ളച്ചൂതുകൾകൊണ്ടു ചതിച്ചൊരു
കള്ളന്മാരുടെ കപടമതോർത്താൽ
ഉള്ളന്തന്നിലൊരല്പംകനിവെ-
ന്നുള്ളതുസംപ്രതിതോന്നുന്നീലാ;
തള്ളലുമവരുടെതുള്ളലുമൊരുവക:
ഉള്ളംപെരുകിനകള്ളവുമോർത്താൽ
കൊള്ളാമിത്തൊഴിൽതാനേവന്നതു
കോലാഹലമെന്നെന്നുടെ പക്ഷം;
ഗന്ധർവ്വന്മാർ സരസന്മാരവർ
എന്തെന്നില്ലാത്താളുകളല്ലവർ
ബന്ധംകൂടാതല്ലവരിവരെ-
ബ്ബന്ധിച്ചങ്ങനെകൊണ്ടുതിരിച്ചു
പാലുകുടിച്ചുതടിച്ചൊരുകൂട്ടം
വാലില്ലാത്തകുരങ്ങച്ചന്മാർ
നാലഞ്ചല്ലൊരുനൂറുജളന്മാർ
നാട്ടുമുടിപ്പാൻവന്നുപിറന്നു
ചന്തംകാട്ടിനടക്കുന്നവരുടെ
ദന്തംതല്ലിയുതിർപ്പാൻനല്ലൊരു

ബന്ധംകാണാഞ്ഞങ്ങുവസിക്കും-
ഗന്ധർവന്മാർക്കിന്നു കണക്കിൽ
ബന്ധിപ്പാനൊരുസംഗതിവന്നതു
സന്ധിക്കാതവർവിടുകയുമില്ലവ-
രെന്തെങ്കിലുമൊന്നാരംഭിച്ചാൽ
അന്തരമില്ലതുചെയ്യേനിൽപൂ
വിണ്ണവർനാട്ടിലിരിക്കുംവേശ്യ-
പ്പെണ്ണുങ്ങടെനടുമുറ്റമടിപ്പാൻ
പൊണ്ണന്മാരിവർ കൊള്ളാമവരുടെ
പെണ്ണുങ്ങടെവിടുപണിചെയ്യിക്കാം.
കാളിപ്പെണ്ണുകുളിക്കുന്നേരം
താളിപതയ്പാനൊരുവൻകൊള്ളാം,
നീലിപ്പെണ്ണിനു നിദ്രാസമയേ
കാലിണഞെക്കാനപരൻകൊള്ളാം
ഉർവശിതന്റെ പടിക്കമെഴുപ്പാൻ
ഉർവിയിലുള്ളവരിവർ ചിലർകൊള്ളാം,
അരുവയർമൌലിതിലോത്തമതന്റെ
പുരമുറിതൂപ്പാനൊരുവൻകൊള്ളാം,
സ്വർഗ്ഗസ്ത്രീകടെ വൃഷലികൾവേലയെ-
ടുക്കേണ്ടുന്നതിനിവരെക്കൊള്ളാം,
പച്ചിലയുള്ളൊരുപദവിക്കാരുടെ
എച്ചിലെടുപ്പാനിവർ ചിലർകൊള്ളാം,
ചന്ത്രക്കാരനുവെററതെറുപ്പാൻ
ചന്തക്കാരരിലൊരുവൻകൊള്ളാം
കുട്ടിപ്പട്ടന്മാരുടെചുമടുകൾ
കെട്ടിപ്പേറാനൊരുവകകൊള്ളാം,
കല്പകവൃക്ഷംകാപ്പാനുള്ളൊരു
കല്പനകേൾപ്പാനൊരുവകകൊള്ളാം,
ആമ്പടികൂടുന്നവരുടെവീട്ടിൽ
തുമ്പകിളപ്പാനും ചിലർകൊള്ളാം,
ഗോക്കളെമേപ്പാനും ചിലർകൊള്ളാം,
[illegible]ാക്കളെനോക്കാനും ചിലർകൊള്ളാം
കാക്കവരുമ്പോൾവക്കാണിപ്പാ-
നാക്കണമെങ്കിലുമിവരെക്കൊള്ളാം,
ഈവകവിടുപണിചെയ്യിപ്പാനിഹ
ദേവകൾചൊല്ലാൽഗന്ധർവന്മാർ
ഇവരെക്കെട്ടിക്കൊണ്ടുതിരിപ്പാ-
നവകാശമിതെന്നടിയനുതോന്നി.

മറെറാരുകാര്യക്ലേശംചെയ്വാൻ
നൂററിലൊരുത്തനുമില്ലിഹനൂനം,
മാററികളെപ്പുനരെന്തിനുനാമിഹ
മാററിക്കൊൾവാൻ പണിചെയ്യുന്നു?
കുരുടച്ചാരുടെമക്കളെയൊക്കെ
തെരുതെരെമമഗദകൊണ്ടടികൂട്ടി
ചരിപൊട്ടക്കൊന്നുമുടിപ്പാനായി-
പ്പലകുറിയടിയൻ ഭാവിച്ചപ്പോൾ
അരുതരുതെന്നിഹ ജ്യേഷ്ഠൻനമ്മോടു
തിരുവുള്ളക്കേടായതുമൂലം
കുററംവരുമെന്നോർത്തുടനടിയൻ
മുറമടങ്ങിപ്പാർക്കുന്നിപ്പോൾ
മറെറാരുകൂട്ടക്കാർവന്നേററി-
ട്ടുററവരെയുംകൊണ്ടുതിരിച്ചതു
മാററന്നെന്തിനുനല്ലകണക്കിലി-
തോററമൊഴിപ്പാനെന്താവശ്യം?
താനൊന്നിനുകല്പിക്കയുമില്ലിഹ
താനേവന്നതുമൊക്കെമുടക്കും;
ജ്ഞാനികളാകിന നിങ്ങടെമദ്ധ്യേ
ഞാനിങ്ങനെയൊരുമൂഢൻതീൻ:
ജ്യേഷ്ഠനുമനുജന്മാരുംകൂടി
കാട്ടിലിരുന്നു തപംചെയ്താലും!
ശാന്തന്മാരൊടുകൂടിയിരിപ്പതു
താന്തോന്നിക്കിഹതരമില്ലിപ്പോൾ
തടിയൻഭീമൻ. ഞാനിനിനിങ്ങടെ
ഇടയിലിരുന്നുതരങ്ങൾകെടാതെ
വാശ്ശൊരുദിക്കിനുപോകയുമുള്ള
വാച്ചൊരുപരിഭവമൊഴിയണമുടനേ
ഗദയുംകയ്യിലെടുത്തൊരുപൊണ്ണൻ
ഉദയേ കുളിയും പുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരിതുടർന്നാൽ
അപവാദങ്ങൾനമുക്കുഭവിക്കും
ചേട്ടനുമനുജന്മാരുംചെന്ന-
ച്ചെണ്ടക്കാരുടെദീനമൊഴിച്ചുട-
നവരുടെദിക്കിനയയ്ക്കവേണ്ടു
വേനേചെന്നവർകേറും മുൻപേ
കാററിന്മകനുടനവിടെച്ചെന്നിഹ
നൂററിനെയുംപൊടിഭസ്മമതാക്കി

കാലത്തിങ്ങുവരുന്നുണ്ടവരെ
കാലപുരത്തിൽ ചെന്നാൽകാണാം.
    കടുത്തവാക്കുകളുരത്തു ഭീമൻ
കരത്തിലഗ്ഗദയെടുത്തുവെക്കും
നടപ്പതിന്നഥ തുടർന്നനേരം
കടുപ്പമായുരുമടക്കമില്ലാ
തടുത്തസോദര! തുടങ്ങൊലാനീ
പൊട്ടക്കനെക്കഥയൊടുക്കുകെന്നു
നടക്കയില്ലിഹമിടുക്കനെങ്കിലും
ഒടുക്കമെൻപൊട്ടമടക്കവും ചില-
മുടക്കവും വരുമടക്കമേശുഭ-
മിടയ്ക്കസോദര! പടയ്ക്കുകാലമ-
തടുക്കുമന്നിതു നടക്കുമായതു
തടുക്കയില്ലഹമെടുക്കിലും ഗദ
മുടിക്കിലും പുനരടിക്കിലും പൊടി
പെടുക്കിലും പുരമടക്കിലും പഥി
വടക്കുതെക്കിഹ നടക്കിലും തവ
മതംനമുക്കനുമതം വൃകോദര!
ഹിതംപറഞ്ഞതു ചിതംഗ്രഹിക്കനീ.
    കുരുകുലമതിലിഹജാതന്മാരവർ
ഒരുനൂറും നാമൈവരുമല്ലോ,
ഒരുമ നമുക്കുമവർക്കും തങ്ങളിൽ
വരുവാൻവിഷമമതെങ്കിലുമിപ്പോൾ
മാററാർവന്നുവിരോധിക്കുമ്പോൾ
നൂററഞ്ചും പുനരൊന്നെന്നേവരു.
ഊററക്കാർക്കുംവരുമൊരബദ്ധം
ക്രൂററാർവേണമൊഴിപ്പതിനപ്പോൾ
ക്രൂററാരൊരുവരുമില്ലാതൊരുദിശി
മാററാരെങ്കിലുമുപകൃതിചെയ്യാം.
കാററിന്മകനേ! മടിയാതവർകളെ
മാററിക്കൊണ്ടിഹവരിക കുമാര!
പണ്ടൊരുപൂച്ചയുമെലിയുംതങ്ങളി-
ലുണ്ടായ്വന്നുസഖിത്വമൊരുനാൾ
മലയുടെമൂട്ടിൽ കാട്ടാളന്മാർ
വലയുംകെട്ടിയുറപ്പിച്ചങ്ങനെ
കലയും മാനും പുലിയുംവന്നതിൽ
വലയുംനേരം കൊലചെയ്യാനായ്
ഒരുദിശിപാർത്തിതു പകൽകഴിവോളം
ഒരുമൃഗമന്നിഹവന്നതുമില്ലാ,
വരുമിന്നിരാത്രിയിൽ നാളെവെളുത്താൽ
വിരവൊടുവന്നുവധിക്കാമെന്നവർ
കരുതിത്തങ്ങടെഭവനേചെന്നട-
ന്നൊരുമിച്ചവിടെയുറക്കവുമായി
ഒരുമാർജ്ജാരംവനഭുവിരാത്രിയി-
ലിരയുംതെണ്ടിനടക്കുന്നേരം
തരസാചെന്നൊരുവലയിൽചാടി
കരവും കാലുമിളക്കാൻമേലാ
പരവശനപ്പോൾ മ്യാവൂ മ്യാവൂ
കരവുതുംചെയ്തവിടെവലഞ്ഞു
അരികേയുണ്ടൊരുപൊട്ടിലിരിക്കും
പെരുതായുള്ളൊരു മൂഷികനപ്പോൾ
അരിയായുള്ളൊരു പൂച്ചത്തടിയൻ
കരയുന്നതുകേട്ടൊന്നുവിരണ്ടു.
ഉരിയാടാതെമുഖംകാട്ടുന്നതു-
മൊരുകുറികണ്ടാൻ പൂച്ചയുമപ്പോൾ,
സരസതയോടുവിളിച്ചാനവനെ
പ്പരവശനായ് ഞാൻ മൂഷികവീര!
വലയിൽചാടിവലഞ്ഞിതു ഞാനൊരു
ഫലമില്ലാതെമരിപ്പാറായി,
കലമാൻ പന്നികൾ വന്നാപതിച്ചാൽ
മലയന്മാർക്കുതിന്മാൻകൊള്ളാം,
വിലപിടിയാത്തൊരു പൂച്ചലഭിച്ചാൽ
മലയനുമായതുതിന്മാനാകാ
തലയിലെഴുത്തിൻബലമതുകൊണ്ടിഹ
വലയിൽപെട്ടു വലഞ്ഞുസഖേ! ഞാൻ
എലിയും പൂച്ചയുമന്യോന്യം ബഹു
കലഹികളെന്നൊരുചൊല്ലതുകൊള്ളാം
കലഹമെനിക്കുഭവാനോടില്ലതു
നലമൊടുനീയിഹബോധിക്കേണം
വലയുടെചരടുകടിച്ചുമുറിപ്പാൻ
പലപലകൌശലമങ്ങുണ്ടല്ലോ.
മലയൻപോന്നുവരുന്നതിൻമുമ്പേ
വലകണ്ടിപ്പാൻ കനിവിയലേണം
വലയുന്നവരുടെ പാലനമല്ലോ
വലിയജനങ്ങടെ ധർമ്മമതറിക!
എലിയെന്നല്ലഭവാനൊരു ദശയിൽ
പുലിയെക്കാളതിവൻപനതാകും

പലവിധമിങ്ങനെമാർജ്ജാരകനുടെ
പരവശവാക്കുകൾ കേട്ടൊരുനേരം
എലിയതുമേബോധിച്ചരികേചെന്നഥ
വലകണ്ടിപ്പാൻ വട്ടംകൂട്ടി
ഓരോചരടുകടിച്ചുമുറിപ്പാ-
നോരോനാഴികനേരംവേണം;
തെരുതെരെയങ്ങുകടിച്ചുമുറിച്ചാൻ
തരമല്ലെന്നുണ്ടെലിയുടെ ഹൃദയെ
മെച്ചമിവന്നിതുചെയ്യാനെന്നതു
പൂച്ചയറിഞ്ഞാലുപകാരത്തിനു
താഴ്ചവരാനുണ്ടെന്നുകനക്കെ-
ക്കാഴ്ചയവന്നുണ്ടെന്നതുമൂലം
താമസമായതുകണ്ടൊരുപൂച്ച-
യ്ക്കാമയമേറിക്ലേശവുമേറി
തെരുതെരെ വേണമതല്ലെന്നാലി
വരുമതി ദുഷ്ടൻ മലയപ്പാഴൻ
പുലരുന്നേരം മലയന്മാരും
പലരും കലശലു കൂട്ടംമുൻപേ
വലകണ്ടിച്ചു വിടേണം നീയെ-
ന്നെലിയോടു പൂച്ച പറഞ്ഞു തുടങ്ങി
വെട്ടമടുത്തൊരു സമയേ മൂഷിക-
നൊട്ടും താമസിയാതെ വലയും-
പൊട്ടിച്ചൻപൊടു പോട്ടിലൊളിച്ചു
ധൃഷ്ടൻ പൂച്ചയുമങ്ങുനടന്നു
ഒട്ടുദിനങ്ങൾ കഴിഞ്ഞൊരു ദിവസം
കിട്ടീലെങ്ങുമൊരേടത്തശനം
അഷ്ടിക്കെന്തൊരുവകയുള്ളെന്നിഹ
കാട്ടിൽ നടന്നപ്പൂച്ചത്തടിയൻ
കൂട്ടസഖിത്വം പ്രാപിച്ചെലിയുടെ
പോട്ടിന്നരികേ ചെന്നു വിളിച്ചാൻ
പണ്ടുപകാരം ചെയ്തൊരു മൂഷിക-
നുണ്ടോസുഷിരം തന്നിലിദാനീം
എലിയതു കേട്ടു വിലത്തിന്നുള്ളിൽ
തലകാട്ടാതെ വസിച്ചുപറഞ്ഞാൻ;—

ശ്ലോകം.

"കാര്യാർത്ഥമാവയോസ്സഖ്യം
തസ്മിന്നവസിതേ പുനഃ
മാർജ്ജാരത്വം ഹിമാർജ്ജാരോ
മൂഷികോഹഞ്ചമൂഷികഃ."

കാര്യം കൊണ്ടിഹ നീയും ഞാനും
കനിവൊടു സഖ്യം ചെയ്തിതു മുന്നം
കാര്യമതന്നുകഴിഞ്ഞു പിരിഞ്ഞു
വൈരമതിനിയും മുന്നേപ്പോലെ
പൂശകനാം നീ പൂശകനിനിമേൽ
മൂഷികനാം ഞാൻ മൂഷികനിനിമേൽ,
ഇനിനാം തങ്ങളിലെത്തുന്നേരം
കനിവുമതില്ലൊരു ചേർച്ചയുമില്ലാ
ഇങ്ങനെയുള്ളൊരു ശ്ലോകം ചൊല്ലി-
ട്ടങ്ങുനടന്നിതു മൂഷികനുടനേ
എന്നതുകൊണ്ടു പറഞ്ഞു വൃകോദര!
നന്നിതു മാർഗ്ഗം നയശാലികളാൽ
നിന്ദിതമല്ലിതു നിന്ദിതമത്രേ.
ചെന്നുടനവരുടെ മോചനമുചിതം
ഇന്നിസ്സങ്കടമൻപൊടു തീർത്താൽ
പിന്നെനടേത്തെപ്പോലേതന്നെ
കൌന്തേയന്മാർ കൌന്തേയന്മാർ
കൌരവ്യന്മാർ കൌരവ്യന്മാർ
ആര്യനിദാനീമരുളിച്ചെയ്തതു
കാര്യമിതെന്നുരചെയ്തിതു നകുലൻ,
ഏഷണി പാവാൻ വിരുതുപെരുത്തവ-
നേഷസുയോധനനനുജന്മാരും
ദൂഷണമിങ്ങിനെ വരുവാനൊക്കെയു-
മേഷണി ദോഷമിതെന്നറിയേണം.

ശ്ലോകം.

"പുരാകാഞ്ചനഗോമായുർ
ദുരാഗ്രഹവശംവദഃ
പരാൻ വിനാശയൻ ഭൂയോ-
ദുരാപദമുപേയിവാൻ"

പണ്ടൊരു കുറുനരിതിന്മാനുള്ളതു-
തെണ്ടിനടന്നു മനസ്സുംമുട്ടി-
ക്കണ്ടകമുള്ളവനങ്ങളിലെല്ലാം
മണ്ടിനടന്നു തളർന്നു ശരീരം
കണ്ടാനൊരു ദിശിനല്ല കരിമ്പുക-
ളുണ്ടാക്കിപ്പല വേലികൾ കെട്ടി-
ക്കാത്തു കിടപ്പാൻ പുരയും കെട്ടി-
പ്പാർത്തീടുന്നൊരു നായരുമുണ്ടു്.
കേളച്ചാരെന്നവനുടെ പേരും
കേട്ടുഗ്രഹിച്ചാൻ കുറുനരിയൊരുനാൾ

കേളച്ചാരോടു ചെന്നു പറഞ്ഞു
കേളച്ചാ! ഞാനുരചെയ്യുന്നതു
നാളെപ്പുത്തുവെളുപ്പിനുമുൻപേ
കോളല്ലാതൊരു ദൂഷണമുണ്ടാം.
കാട്ടിൽ നടക്കുമൊരാനത്തലവൻ
കേട്ടുകരിമ്പുകളുള്ളവിശേഷം
രക്ഷിച്ചിവിടെ വളർത്തകരിമ്പുകൾ
ഭക്ഷിപ്പാനായുരുമത്തടിയൻ
രക്ഷിക്കുന്നൊരു തന്നെക്കൂടെ
ഭക്ഷിക്കാതെയടങ്ങുകയില്ല.
അതുകേട്ടപ്പോൾ നേരെന്നോർത്തൊരു
മൂഢകേളച്ചാരൊന്നു വിരണ്ടു
കുറുതായുള്ളൊരു കൗശലമുണ്ടിഹ
കുറുനരി ഞാനതു ബോധിപ്പിക്കാം
അമ്പുകൾ ചുട്ടുപഴുപ്പിച്ചെയ്താൽ
കുംഭിത്തടിയനെയിന്നു വധിക്കാം
ചെറു വടക്കൊരുപൊക്കം പെരുകിന
പുററിന്നരികെച്ചെന്നു പതുക്കെ
പററിക്കൊണ്ടാലമ്പുകളവനുടെ
നെററിക്കിട്ടു പ്രയോഗിച്ചീടും
പത്തുവെളുപ്പിനു മുമ്പേയവിടെ-
ക്കെത്തിക്കൊണ്ടാലതു സാധിക്കും
എന്നതു കേട്ടഥ കേളച്ചാരതു
നന്നെന്നോർത്തുടനവിടെപ്പാർത്താൻ.
കുറുനരിചെന്നഗ്ഗജവരനോടെ-
ങ്ങറിയിച്ചാനതു സമയേ തന്നെ.
കരിമ്പുതിന്മാൻ കരിവര നിപ്പോൾ
തരിമ്പുമോഹമതുണ്ടെന്നാകിൽ,
തരംവരുത്താം പത്തുവെളുപ്പിനു
വരമ്പിനുള്ളിൽ ചെന്നാലവിടെ
കരിമ്പുകാണാമായതുതുമ്പി-
ക്കരത്തിലാക്കിത്തിന്നുമുടിപ്പാ-
നൊരുമ്പെടേണം നീയിഹ ഞാനു-
ങ്ങകമ്പടിക്കായ് മുന്നിൽ നടപ്പാൻ.
ഇത്തരമുരചെയ്തീടിന കുറുനരി
മത്തഗജത്തെക്കൊണ്ടു വരുമ്പോൾ
പത്തൻപതു ദിവസത്തിനു ഭക്ഷണ
മിത്തടിയന്റെ ശരീരം മതിയാ-
മിത്തൊഴിൽ നല്ലുകണക്കിനു കൂടി
കേളച്ചാരുടെ തടികൊണ്ടിന്നും
നാളേക്കും തടവില്ല ഭുജിപ്പാൻ
എന്നു വിചാരിച്ചവനും തെളിവോടു
ചെന്നൊരു ദിക്കിലൊളിച്ചഥ നിന്നാൻ
വന്നുടനാനകരിമ്പു തകർത്തഥ
തിന്നു തുടങ്ങുന്നൊരു സമയേ കേളൻ,
ചുട്ടുപഴുത്തൊരു ശരവും വില്ലും
വട്ടംകൂട്ടിപ്പാതിരനേരം
പുററമ്മേലൊരു കാലും വച്ചഥ
തെററന്നക്കണ വിട്ടൊരു നേരം
മസ്തകഭാഗേ ബാണം കൊണ്ടൊരു
മത്തകരീന്ദ്രൻ ചത്തുമറിഞ്ഞു.
വമ്പനതാകിന കേളച്ചാരെ
പാമ്പുകടിച്ചുടനവനും ചത്തു
പത്തിപ്പുറമേൽ വില്ലിൻ മുനയതു
കുത്തുകയാലപ്പാമ്പും ചത്തു-
ഒക്കെച്ചത്തതു കണ്ടു പ്രസാദി-
ച്ചക്കുറുനരിയരികെച്ചെന്നുടനേ,
ആക്കുറുവില്ലിൻ മുനമേലുള്ളൊരു
രക്തം ചെന്നഥ നക്കുന്നേരം
വില്ലുകൾ തട്ടി മുറിഞ്ഞിതു ഞാണും
വില്ലുനിവിർന്നുടനവനുടെ വായിൽ
കൊണ്ടുകരേറിക്കുറുനരി ഭോഷൻ
രണ്ടുപിളർന്നുടനവനും ചത്തു.
ഏഷണിയുള്ളവനങ്ങനെ വരുമതു
ദോഷങ്ങളിലതി ദോഷം നിയതം;
ഭോഷന്മാർക്കതു കാരണമിപ്പരി-
വേഷണമിങ്ങനെ സംഗതി വന്നു.
അഥ പുനരഗ്രജനരുളിച്ചെയ്തു:—
കഥകൾ പറഞ്ഞഥ കാലം പോയാൽ
രഥമതിലധുനായന്ത്രിതരാമവ-
രതിദൂരംഗതരായെന്നവരും
വിരയപ്പോകവൃകോദരവീരാ!
ഹരിസുത! നീയും കൂടിച്ചെല്ലുക
ഇരുവരുമൊരുമിച്ചംബരചരരെ
വരിചൊട്ടുചെന്നു ജയിച്ചും കൊണ്ടഥ
കുരുസുതശതവും വീണ്ടും കൊണ്ടിഹ
വരികതരിമ്പു വിചാരം വേണ്ടാ

ഗുരുശാസനമതു കേട്ടങ്ങിരുവരു-
മുരുതരവേഗം ചെന്നു വിളിച്ചു.

ചമ്പതാളം.


ഗഗനചരമൂഢരേ! ഗന്ധർവ്വകീടരേ!
ഗമനമിതു വിരവിനൊടു വിഫലതരമാക്കുവൻ!
വിരുതുകളിതൊക്കവേ വിരളതരമാക്കുവൻ
വരുകയുധി പൊരുവതിനു വൈരികദമശീലരെ
കുരുകുലമഹീശരോടരുതരുതു സാഹസം
കരികളോടു പൊരുവതിനു കുറുനരികൾ പോരു-
ഹരിതനയനർജ്ജുനൻ പരിശമിതദുർജ്ജനൻ [മോ
പരുഷതരശരനികരനിരകൾ ചൊരിയും വിധൌ
ഝടിതിപൊടിഭസ്മമാം കുടിലകുലമൊക്കവേ
പടപൊരുകിലുടലുടയുമുടനുമുടനേവരും
പടയിലധികാദരൻ പട്ടമതി വൃകോദരൻ
കഠിനതരഗദയുടയകരമനകൾ കൊണ്ടുടൻ
അടിതുടരുമാഹവേ പൊടിയുമുടനാകവേ
അടിമുടികളഖിലമപി തിലതുലിതമായ്വരും

ഇത്ഥം പറഞ്ഞുകൊണ്ടു യുദ്ധം തുടങ്ങീ പാ-ർത്ഥൻ
ഊരുപ്രദേശങ്ങളിൽ കൂർത്തുള്ള സായകങ്ങൾ
ചേർത്തുപ്രയോഗിച്ചതു നേർത്തുപോകാതെ കൊണ്ടു
കോർത്തു ഗന്ധർവ്വന്മാർക്കു പാർത്തു കൂടാതെയാക്കി-
ത്തീർത്തു വിജയനിനി യുദ്ധം ഫലിക്കയില്ലെ-
ന്നോർത്തു, ചിത്രസേനനുമാർത്തു വിളിച്ചുടർത്തു;
മാരികണക്കേ വീരന്മാരിലസ്ത്രങ്ങളങ്ങു
വാരിച്ചൊരിഞ്ഞു വ്യോമചാരഗന്ധർവ്വരാജൻ
പോരിലുടനേ വലവൈരിതനയനപ്പോൾ
ഭൂരിശസ്ത്രങ്ങൾകൊണ്ടു ദൂരീകരിച്ചു സർവ്വം
ദിവ്യൻ പലവിധത്തിൽ ദിവ്യാസ്ത്രം പ്രയോഗിച്ചു
സവ്യസാചി താനതു സർവ്വം തടുത്തുനിന്നു;
വമ്പുള്ളർജ്ജുനനുടെ വമ്പുതടുപ്പാനും ത-
രിമ്പുശക്തിയില്ലാഞ്ഞു കമ്പം തുടങ്ങീ ദിവ്യൻ
വിട്ടുപോവാനും വഴികിട്ടുന്നതില്ലാ പട-
വെട്ടുവതിന്നു പുനരൊട്ടുമെളുതുമല്ലാ;
വെട്ടെന്നു നാമിവിടെ പെട്ടുപോമെന്നുറച്ചു
കൊട്ടും ഘോഷവും നിർത്തിയൊട്ടും താമസിക്കാതെ
തേരും പടയും നൂററവരും താനും ഭൂമിയിൽ
ചേരുവാൻ വന്നിറങ്ങി ചാരുഗന്ധർവ്വരാജൻ
മാരുതാത്മജനതുനേരം പറഞ്ഞു പാർത്ഥാ!
പോരും കലഹമിനിച്ചേരുകയെന്നേവേണ്ടു
പാരം വലഞ്ഞു നിന്റെ ക്രൂരനൃകൊണ്ടിക്കൂട്ടം
വൈരം വെടിഞ്ഞിവരെ സൈരം സംവീക്ഷണം
ഭീമസേനന്റെ വാക്കുകേട്ടൊരു സവ്യസാചി
താമസം കൂടാതെ കണ്ടായുധമങ്ങുവച്ചു;
ഭൂമിയിലിറങ്ങുക വൈകാതെ ചിത്രസേന!
നാമിരുവരും തമ്മിലേതും കലഹമില്ലാ.

ഗന്ധവാഹാത്മജവിജയന്മാരൊട്ടു
ഗന്ധർവ്വാധിപനിദമരുൾചെയ്തു;
ബന്ധുപ്രീതിബലം കൊണ്ടിവര
ബന്ധിപ്പതിനിഹ ബന്ധം വന്നു
ഒരുവസ്തുപിടിപാടില്ലാത്തൊരു
കുരുസുതമൂഢന്മാരിവർ നൂനം.
നിരുപണമില്ല ജളപ്രഭാവം
പെരുതായ് വന്നു ശിരസ്സിൽ കേറി
മററും നമ്മുടെ വിദ്യകൾ ഭേദം
മററുള്ളവരുടെ നിന്ദിതമെന്നും
ഏററം മദഭരമുള്ളതശേഷം
മാററണമെന്നിട്ടഹമിതിചെയ്തു
വീരവൃകോദര! വരികധനഞ്ജയ!
വൈരം നമ്മൊടു കരുതീടൊല്ല
വൈരിജനങ്ങടെ ബന്ധനമോക്ഷം
വിരവൊടു ചെയ്ക വൃകോദരവീര!
എന്നതുകേട്ടു വൃകോദരനുടനേ
സ്യന്ദനമേറിച്ചെന്നവരുക്കെ
കെട്ടുകളൊക്കെയഴിപ്പാൻ രഥമതി-
ലിട്ടുപുരട്ടിയുരുട്ടിച്ചിലരുടെ
കുടുമപിടിച്ചുവലിച്ചും ചിലരുടെ
പിടരിപിടിച്ചുതിരിച്ചും ചിലരുടെ
താടിപറിച്ചും മീശമുറിച്ചും
മോടികുറച്ചും തട്ടിമറിച്ചും,
കെട്ടഴിയാഞ്ഞതുപൊട്ടിച്ചും പണി-
പ്പെട്ടുരഥത്തേൽനിന്നു നിലത്തേ-
ക്കിട്ടുതുടങ്ങി മടങ്ങാതേ തല
തൊട്ടെണ്ണിസ്വരൂപിച്ചങ്ങൊരുദിശി
ദുര്യോധനനും ദുശ്ശാസനനും

ദുർമ്മുഖനും ദുർദ്ധൎഷനുമവനാം
ദുർമ്മഷണനും ദുർമ്മദനാവും
ദുഷ്പ്രധൎഷണനും ദുൎവ്വിമോചനനും
ദുഷ്കൎണ്ണനും ദുഷ്പ്രദൎശനും
ദുശ്ശീലൻ ദുൎബ്ബുദ്ധി ദുരിതൻ
എണ്ണമറ്റ മഹിതന്മാർ ബഹു
ദണ്ഡമിനിക്കിന്നൊക്കെ തല്ലുന്ന
ഉണ്ണി! ധാർമ്മികശേഖര! നീയിനി
എണ്ണിയൊരിക്കൽ സൂക്ഷിക്കേണം
അണ്ണൻതമ്പിയുടെ വാക്കിനെതമ്പിയു-
മെണ്ണത്തിൽപിഴകൂടാതെണ്ണുക!
കണ്ണില്ലാത്തൊരു ജനകനിനിത്തൊ-
ട്ടെണ്ണിയൊരേടത്താക്കുന്നേരം
തൊണ്ണൂറ്റൊൻപതിലേറ്റംകണ്ടീ-
ലെന്നുള്ളമലിവരാതെയിരിപ്പാൻ
ധൂൎത്തന്മാരെയൊരോരോഴിയിലൊക്കെ-
ച്ചാൎത്തിവിടാഞ്ഞാൽ ദൂഷണമുണ്ടാം
കാണുന്നീലകണക്കപ്പിള്ളകൾ
മേനോക്കൃച്ഛന്മാരുമതില്ലാ.
നല്ല ചിതത്തിൽക്കൂടിനമുക്കെല്ലാ-
തല്ലിനിയിവരുടെവേറതിരിപ്പാൻ
എന്നു പറഞ്ഞു ചിരിച്ചുവൃകോദര-
നൊന്നൊഴിയാതിഹ നൂറവരേയും
കെട്ടുമഴിച്ചു മെവിട്ടുപതുക്കെ
തൊട്ടുതലോടിക്കൊണ്ടുരചെയ്താൻ:—
ദുര്യ്യോധന! ശൃണുവചനം നിന്നുടെ
ദുര്യ്യോഗംകൊണ്ടിങ്ങനെ ഗതി-
വന്നുഭവിച്ചതിനായിവമിതി
നിന്നുടെ ദുൎമ്മദമൊട്ടുശമിക്കും
ആയതുവരുവാൻ നിമിഷംനിന്നുടെ
മായമതുണ്ടോ മാററീടുന്നു?
നായുടെവാലൊരുപന്തീരാണ്ടു-
ക്കായതമാകിനകുഴലതിലാക്കി,
പിന്നെയെടുത്തതുനോക്കുന്നേരം
മുന്നേപ്പോലെവളഞ്ഞേയിരിപ്പൂ
വെൺമതികുലമതിലീശ്വരനാകിന
ധർമ്മാത്മജനുടെ ചരണസമീപേ
ചെന്നുവണങ്ങിക്കരവുംകൂപ്പി
മൂന്നുവലത്തുംവച്ചുപതുക്കെ;
പൊയ്ക്കൊണ്ടാലും ഹസ്തിനപുരമതി-
ലിക്കണ്ടജനന്മാരൊടുകൂടെ
ഇങ്ങിനെയുള്ളവൃകോദരവചനം
തിങ്ങിനനാണംകൊണ്ടുമുഖത്തെ
താഴ്ത്തിക്കൊണ്ടഥകെട്ടമനസ്സിലൊ-
രാൎത്തിമുഴുത്തു സുയോധനനപ്പോൾ
ഉത്തരമൊരിയാടാതേതന്നെ
സത്വരമനുജന്മാരൊടുകൂടി
ഹസ്തിനപുരവഴിനോക്കിനടന്നാൻ
അസ്ഥിരമതിയാമതിശയകുടിലൻ
വിരവൊടുവീരൻ വായുതനൂജൻ
നരനൊടുകൂടെച്ചെന്നുവനാന്തേ
നരപതികുലപതിയാകിനതങ്ങടെ
ഗുരുവരനാകിനധർമ്മാത്മജനുടെ
ചരണസമീപേചെന്നുവണങ്ങി
പരമാനന്ദമയാകൃതിയാകിന
മുരരിപുഭഗവാൻ തന്നുടെരൂപ-
സ്മരണംചെയ്തുവസിച്ചിതുഭദ്രം
ചിത്രസേനനും വൃന്ദവുമെല്ലാം
ചിത്തസമ്മതംപൂണ്ടുഗമിച്ചു
വൃത്രവൈരിയെച്ചെന്നുവണങ്ങി
തത്രമേവിനാനതുമതിഭദ്രം.

ഘോഷയാത്ര ഓട്ടൻതുള്ളൽ സമാപ്തം.



കാർത്തവീര്യാർജ്ജുനവിജയം.

ഓട്ടൻതുള്ളൽ.

അക്കാലങ്ങളിലതിഭുജവിക്രമ
ധിക്കൃതശക്രപരാക്രമനാകിയ
നക്തഞ്ചരപതിരാവണനെന്നൊരു
ശക്തൻവന്നുപിറന്നു ധരായാം;
പത്തുമുഖങ്ങളുമിരുപതുകൈകളു-
മത്യുന്നതഗിരിസന്നിഭമാകിയ
ഗാത്രവുമുരുതരഭീഷണമിരുപതു
നേത്രവുമുൾക്കടദംഷ്ട്രാനികരം
എത്രഭയങ്കരമാകൃതികണ്ടാൽ
മിത്രതനൂജനുമാശുഭയപ്പെട്ടു-
മത്രമഹാബലനാകിയദശമുഖ-
നത്തൽവെടിഞ്ഞുതപംചെയ്തുടനേ
പങ്കജഭവനൊടുവരവുംവാങ്ങി-
ക്കിങ്കരസംഘസമേതംവിരവൊടു
ലങ്കാനഗരമടക്കിവസിച്ചഥ
ശങ്കാരഹിതം ധനപതിതന്നുടെ
ഹുങ്കാരത്തെയടക്കിജയിച്ചൊ-
രഹംകാരങ്ങൾനിലയ്ക്കാഞ്ഞവൻപൊട്ടു
ശങ്കരഭഗവാൻ വാണരുളുന്ന ഭ-
യങ്കരമാകിയകൈലാസത്തെ
കുത്തിയെടുത്തുകരങ്ങളിലാക്കി
സത്വരമമ്മാനക്കളിയാടി
പത്തിരുപതുകുറിപൊക്കിയെറിഞ്ഞും
ശക്തിപെരുത്തകരങ്ങളിലേറ്റും,
മുപ്പുരവൈരിക്കതുകൊണ്ടവനൊ-
ടപ്രിയമുണ്ടായില്ലവിശേഷി-
ച്ചുത്തമമായൊരുവാളും നൽകി
ക്ഷിപ്രമനുഗ്രഹമേകിയയച്ചു,
പുഷ്പകമായവിമാനവുമേറി
പുഷ്പശരാരിയെവന്ദിച്ചുടനേ
ഭൂതലവും പാതാളം സ്വർഗ്ഗം
വീതഭയേനജയിച്ചു ദശാസ്യൻ;
സമരാങ്കണമതിലമരാധിപനുടെ
സമരാടോപവുമാശുശമിപ്പി-
ച്ചമരാംഗനമാരെക്കൊണ്ടഥവെൺ-
ചാമരവ്യജനംവീശിപ്പിച്ചു;
നന്ദനവിപിനേകല്പദ്രുമഹരി-
ചന്ദനമന്ദാരാദിമരങ്ങടെ
വൃന്ദമശേഷംപിഴുതുപതുക്കെ
സ്യന്ദനമേററിക്കൊണ്ടുതിരിച്ചഥ
കുണ്ഠേതരഭുജവിക്രമനാംദശ-
കണ്ഠൻതന്നുടെ ലങ്കാനഗരേ
കൊണ്ടിഹവന്നുടനുദ്യാനങ്ങളു-
മുണ്ടാക്കിപ്പുനരത്രവസിച്ചു
ശാരദനീരദസന്നിഭനാകിയ
നാരദമാമുനി വീണയുമായി
ചാരുദയാനിധികലഹപ്രീതിവി-
ശാരദനാകിയഭഗവാനൊരുനാൾ
ധീരനതാകിയനക്തഞ്ചരപതി
വീരനിരിക്കും മണിമാളികമേൽ
ചാരുദയാഘനമോദമൊടിങ്ങനെ
പാരാതങ്ങെഴുനള്ളിതദാനീം;
ഉന്നതനാകിയരാവണനപ്പോ-
ളുത്ഥാനംചെയ്താശുവണങ്ങി
ഭക്തിപുരസ്സരമർഗ്ഘ്യാദികൾകൊ-
ണ്ടത്യാദരമാരാധനചെയ്തു.
ഭദ്രാസനവും നൽകിയിരുത്തി
ഭദ്രതരം കുശലപ്രശ്നാദികൾ
സമുദാചാരംചെയ്തുപതുക്കെ
സംസൽക്കരണവുമാശുകഴിച്ചു;
കമലാസനസുതനാകിയമുനിവര
വിമലഗുണാലയനാരദഭഗവാൻ
ഭവദാഗമനംകൊണ്ടുമദീയം
ഭവനംപാവനമാക്കിവിശേഷാൽ
ഭുവനംമൂന്നിലുമുള്ളജനാനാ-
മവനംചെയ്യും നിന്തിരുവടിയെ

കണ്ടതുകൊണ്ടിഹ കളിയല്ലേ ദശ-
കണ്ഠൻമനസി മഹാസന്തോഷം.
കുണ്ഠിതസുകൃതന്മാൎക്കു ഭവാനെ-
ക്കണ്ടു രസിപ്പാനെളുതല്ലേതും;
നമ്മുടെ വിക്രമമല്പമിതല്ലോ-
രഹമ്മതി ഞാൻ പറകല്ല മുനീന്ദ്ര!
നമ്മെക്കൊണ്ടു ജഗത്ത്രയവാസികൾ
ചെമ്മേ കിമപി പറഞ്ഞീടുന്നു
ധാൎമ്മികരാകിയ നിങ്ങൾക്കെന്തിഹ
ധാരണയില്ലതു ബോധിച്ചാലും
ത്രിഭുവനവാസികളെല്ലാം നമ്മുടെ
വിഭൂതതകൊണ്ടു പുകഴ്ത്തുന്നില്ലേ?
സുഭഗൻ ദശമുഖനെന്നൊരു നാണയ-
മഹഹോ! ദിശി ദിശി കേൾക്കുന്നില്ലേ?
മന്നിലിരിക്കും മാനിനിമാർ പുന-
രെന്നെക്കൊണ്ടു പുകഴ്ത്തുന്നില്ലേ?
എന്നെക്കാണാഞ്ഞംഗനമാരഥ
ഖിന്നതപൂണ്ടു വസിക്കുന്നില്ലേ?
നമ്മുടെ ഗുണമിതു മറ്റൊരു കൂട്ട-
ക്കാൎക്കു ലഭിപ്പാനതിവൈഷമ്യം;
ഉള്ളിലസൂയ നിറഞ്ഞു കവിഞ്ഞഥ
തുള്ളിനടക്കും കുസൃതിക്കാരതു
കൊള്ളരുതെന്നു ദുഷിക്കുന്നതുകൊ-
ണ്ടെള്ളോളം ഭയമില്ല നമുക്കു്
ഭള്ളു പറഞ്ഞു ഫലിപ്പിക്കയുമ-
ല്ലുള്ളതു തന്നെ കഥിച്ചീടുന്നേൻ;
തീൎത്തുരചെയ്യാമിന്നിഹ നമ്മോടു
നേൎത്തു വരുന്നവരൊക്കെ മടങ്ങും;
ധൂൎത്തുകൾ നമ്മോടു കൂടുകയില്ലെ-
ന്നോൎത്തു മഹേന്ദ്രനടങ്ങിപ്പാൎത്തു,
ജംഭാന്തകനുടെ കുംഭിപ്രവരൻ
കൊമ്പുകൾ നാലുമുയൎത്തിക്കൊണ്ടഥ
തുമ്പിക്കരമതിൽ മുസലവുമേന്തി
ജൃംഭിച്ചാശു വരുന്നേരം ഞാൻ
മുമ്പിൽ ചെന്നഥ കൊണ്ടു പിടിച്ചുത-
രിമ്പുവിടാതെ കരിമ്പു കണക്കേ
കൊമ്പുകൾ നാലുമൊരമ്പതു ഖണ്ഡി-
ച്ചുൻപൊടു കുംഭമിടിച്ചു പിളൎന്നു
ജംഭമകന്നതികമ്പമിയന്നുട-
നമ്പർകുലങ്ങളിൽ മുമ്പനതാകിയ
വമ്പൻ മണ്ടിനിലിമ്പപുരത്തി-
നകം പുക്കാനതി സംഭ്രമസരസൻ
കുംഭമുലച്ചികളാകിയ സുരകുല
ശുംഭളിമാരെ വിളിച്ചു വരുത്തി
സംഭോഗാദി സുഖത്തെ ലഭിച്ചിതു
സരസം ഞാനതു ബോധിച്ചാലും!
വെള്ളിക്കുന്നു പറിച്ചു കരത്തിൽ
തുള്ളിക്കുന്നൊരു നേരമതിന്മേൽ
പള്ളിയുറങ്ങും പരമേശ്വരനുടെ
പുള്ളിമൃഗാക്ഷിമൃഡാനീദേവി-
ക്കുള്ളിലിരിക്കും കലഹം തീൎപ്പാ-
നുള്ളൊരു സംഗതി വന്നതു മൂലം
കൊള്ളാമിവനുടെ തൊഴിലെന്നൊരു തിരു-
വുള്ളം ഭഗവാനെങ്കലുറച്ചു;
ശക്രനുമഗ്നിയുമന്തകവീരന-
രക്കൻ വരുണൻ വായുധനേശൻ
മുക്കണ്ണരുമിവരെട്ടു വസുക്കളു-
മെന്നെക്കപ്പമെനിക്കു തരുന്നു;
സൎവ്വസുരാംഗനമാരിൽ മികച്ചൊരു
ഉൎവ്വശി മേനക രംഭ തിലോത്തമ
നിത്യവുമിവർ വന്നെന്നുടെ ലങ്കയി-
ലച്ചികളായവർ വേലയെടുപ്പാൻ
നമ്മുടെ ഭവനം തൂക്കു തളിക്കു പ-
ടിക്കമെടുക്ക പട്ടപ്പുരമെഴുകുക
മണ്ഡോദരിയുടെ തലമുടിയിൽപ്പുന-
രെണ്ണകളൊക്കെത്തേപ്പിപ്പാനും
താലിയുമിഞ്ചയുമുണ്ടാക്കാനും
ആളികളെപ്പരിപാലിപ്പാനും
മാളികമേൽ മണിമെത്ത വിരിപ്പാൻ
കേളിഗൃഹങ്ങളടിച്ചു തളിപ്പാൻ
ഇങ്ങിനെ വിടുപണിയൊക്കെയെടുപ്പാ-
നിന്ദ്രസുരാംഗനമാരാകുന്നു
അങ്ങിനെ നമ്മുടെ കല്പനയായതി-
നെങ്ങുമൊരല്പം കുറവുമതില്ല;
ഇന്ദ്രജിദാഖ്യൻ നമ്മുടെ നന്ദന-
നിന്ദ്രനെ യുദ്ധം ചെയ്തു ജയിച്ചു.

എന്നല്ലവനെ ബന്ധിച്ചുംകൊ-
ണ്ടെന്നുടെ മുമ്പിൽ കൊണ്ടിഹ വന്നു;
ലങ്കാപുരിയുടെ തോരണമൂലേ
ശൃംഖലകൊണ്ടു തളച്ചേച്ചാലും
ഇങ്ങിനെ നമ്മുടെ കല്പനകേട്ടവ-
നങ്ങിനെ ചെയ്യാനുണ്ണിസമർത്ഥൻ;
കണ്ണുകളായിരമുള്ളവനവിടെ
കണ്ണീർ കൊണ്ടൊരു നദിയുണ്ടാക്കി
വിണ്ണവർ നാട്ടുവെടിഞ്ഞു വരുന്നൊരു
പെണ്ണുങ്ങൾക്കു കളിപ്പാൻ കൊള്ളാം
ഇക്കഥയും ഭുവനത്രയവാസിക-
ളൊക്കെപ്പുരികൊണ്ടു ബോധിക്കുന്നു
ഭുവനതലങ്ങൾ ജയിച്ചുവിശേഷം
മാമുനിപുംഗവനറിയുന്നില്ലേ?
പുഷ്ടിപെരുത്തൊരു നരവരവീര-
ശ്രേഷ്ഠന്മാരുടെ നാടും നഗരവു-
മൊക്കെച്ചുട്ടു പൊടിച്ചുപിന്നെ
കിട്ടുന്നവരെയടിച്ചുമുടിച്ചും
ഒട്ടും കൃപയില്ലാത്ത നിശാചര-
ദുഷ്ടന്മാരുടെ കരുമനമൂലം
നഷ്ടമതായിമഹീതലമത്തൊഴിൽ
ചട്ടമിതെന്നു നമുക്കില്ലേതും
ദുഷ്ടന്മാരാമവരുടിനംപ്രതി
കഷ്ടമിതോർത്താലത്ഭുതമല്ലോ;
പട്ടിണിയിട്ടു വരുന്നജനത്തി-
ന്നഷ്ടികൊടുക്കാത്തവനീശന്മാർ
കെട്ടിസ്വരൂപിക്കുന്ന സുവർണ്ണം
പട്ടുംപൊന്നും പണവുമിതെല്ലാം
പെട്ടെന്നാശു പിടിച്ചു പറിപ്പാ-
നൊട്ടും ദൂഷണമില്ല നമുക്കു്
പട്ടന്മാരൊടു കടവും കൊണ്ടവ-
രഷ്ടികഴിച്ചു കിടന്നീടുന്നു;
ഗാന്ധാരാപതിതന്നുടെ രാജ്യം
കാന്താരത്തിനു സദൃശമതായി;
സിംഹളഭൂപതിതന്നുടെ നാട്ടിൽ
സിംഹംപുലിയും ചെന്നു നിറഞ്ഞു;
ചേരനരാധിപനങ്ങുവനത്തിൽ
താളും തകരയുമശനമതായി;
ചോളമഹീശനു കൊററിനു കമ്പ-
ച്ചോളമതല്ലാതില്ലൊരു വസ്തു;
കുരുരാജാക്കന്മാർക്കിഹ ചക്ക-
ക്കുരുവല്ലാതില്ലൊന്നു ഭുജിപ്പാൻ
കാശ്മീരാവനിവല്ലഭനിപ്പോൾ
കുശ്മത്തിനു കിടന്നീടുന്നു;
ചാമ്പേയാവനിവല്ലഭനിപ്പോൾ
ചേമ്പുകിഴങ്ങും പഴയരിയായി.
കൊങ്കണരാജൻ തൻ പ്രിയമാരുടെ
കൊങ്കകളോർത്തു മരിപ്പാറായി
കൊങ്കണഭൂപതി പണമുള്ളവരുടെ
താങ്കണദേശേശയനം പോടീ,
ഭോജനരാധിപതിക്കമിദാനീം
ഭോജനമെങ്ങും കിടയാതായി;
താംഗമഹേശനമാഷ്ടിലഭിക്കാ-
ഞ്ഞംഗമശേഷം കൃശതമമായി;
കാലിംഗേശനമേറവനടപ്പാൻ
കാലിനുശക്തികുറഞ്ഞുതുടങ്ങി;
കാശിനരേന്ദ്രനുമിക്കാലത്തൊരു
കാശിനുമുതലില്ലാതെ ചമഞ്ഞു
കുന്തളനരപതി കുത്തിക്കവരാൻ
കുന്തവുമേന്തിനടന്നുതുടങ്ങി,
എന്തിനുപലവിധമുരചെയ്യുന്നു
പംക്തിവരന്റെ പരാക്രമപുഷ്ടികൾ
ചിന്തിച്ചാലവസാനവുമില്ല
നിന്തിരുവടിയറിയാത്തതുമല്ല;
ഭൂതലവും സ്വർഗ്ഗം പാതാളം
ഭുവനംമൂന്നിലുമിന്നിഹപാർത്താൽ
രാവണനോടുസമാനപരാക്രമ-
നേവനൊരധിപതിയുള്ളു മുനീന്ദ്ര!
എങ്ങാനൊരുദിശി മത്സമനൊരുവൻ
തുംഗാഹംകൃതിഭാവത്തോടെ
സംഗരശൂരനതുണ്ടെന്നാല-
ച്ചെങ്ങാതിക്കുമനർത്ഥമടുത്തു;
ഉണ്ടെന്നാലതുമരുൾചെയ്യേണം
ചെണ്ടക്കാരനുമരണത്തിന്നൊരു
രണ്ടോ നാലോ ദിവസം താമസ-
മുണ്ടാമായതിലേററം വേണ്ട;

കുണ്ഡോദരപ്രാണന്മാരൊട്ടു ദശ-
കണ്ഠനുപൊരുവാനാഗ്രഹമില്ല;
കുണ്ഠന്മാരിവരല്ലോ നമ്മുടെ
രണ്ടടികൊൾവാനാരും പോരാ.

ഉരത്താനനന്തരം നാരദ-
നൊരുത്തൻ നിന്നോടു പോരിനു
സമർത്ഥനില്ലെന്നോ രാവണ!
മരുത്തൻ മന്നവൻ നിന്നുടെ
മദത്തെ ശമിപ്പിച്ചില്ലേ?
തരത്തിൽ ജയിച്ചുവെന്നതു
വരുത്തിപ്പോന്നില്ലേ നീ! അതി
സമർത്ഥൻ പൌരുഷമിങ്ങിനെ
കിമർത്ഥം ഘോഷിക്കുന്നു ബത!
അനർത്ഥം നിന്നുടെ വാക്കുകൾ
സമസ്തം, നിന്ദിച്ചു ചൊന്നാൽ.

എങ്കിൽപറയാം, നിന്നുടെദ്ദോഃകൃതി
ലംഘിപ്പതിനിഹ മതിയായുള്ള ഭ-
യങ്കരഭുജബലമുള്ളൊരു പുരുഷൻ
ലങ്കാധിപതേ! കേട്ടാലും നീ
ഹേഹയനൃവരന്മാർക്കു വസിപ്പാൻ
മാഹിഷ്മതിയെന്നുണ്ടൊരു നഗരി
കൃതവീര്യാത്മജനർജ്ജുനനെന്നൊരു
മതിമാൻ ഭൂപതി തത്ര ജനിച്ചു
നീണ്ടുതടിച്ചു ഭുജങ്ങളൊരായിര-
മുണ്ടർജ്ജുനനതു ബോധിച്ചാലും
വമ്പനതാകിയ നിന്റെ ഭുജങ്ങളി-
ലൊൻപതുശതവുമൊരെൺപതുമേറും
നിന്നെക്കാൾ ഭുജവിക്രമമേറും
നിന്നെക്കാൾ ഭുജശക്തിയുമേറും
പിന്നെയുമുണ്ടു വിശേഷമിതോർത്താൽ
സജ്ജനദൂഷണമർജ്ജുനനില്ല;
അവനുടെ ജനവും നിന്നുടെ ജനവും
ശിവ ശിവ! വളരെ വിശേഷമതോർത്താൽ
അവനിയിലുള്ള മനുഷ്യരെയെല്ലാം
അവികലമവനിഹ രക്ഷിക്കുന്നു;
തവ ഭൃത്യന്മാരവനിയിലുള്ള മ-
നുഷ്യരെയെല്ലാം ഭക്ഷിക്കുന്നു
അക്കൂട്ടം പുനരവനീസുരന്മാ-
ർക്കില്ലം വളരെപ്പണിയിക്കുന്നു
ഇക്കൂട്ടം പുനരന്തണമവരുടെ
ഇല്ലം ചുട്ടുമുടിച്ചീടുന്നു,
അജ്ജനമിഷ്ടി തുടങ്ങിക്കുന്നു
ഇജ്ജനമിഷ്ടി മുടക്കിക്കുന്നു
അവർ ബഹുധർമ്മം സാധിക്കുന്നു
ഇവർ ബഹുധർമ്മം ബാധിക്കുന്നു
അർജ്ജുനനും രാവണനും തമ്മിൽ
ആനയുമാടും പോലെ വിശേഷം
അജ്ജനമിങ്ങനെ പറയിക്കുന്നു
ലജ്ജ നിനക്കു തരിമ്പുണ്ടെങ്കിൽ
അർജ്ജുനനൃപനെ വധിക്കണമെന്നേ
ദുർജ്ജനദൂഷണവാക്കു ശമിപ്പൂ
നിന്നെ സ്നേഹമിനിക്കുണ്ടതുകൊ-
ണ്ടെന്നൊടു വൈരമവർക്കെല്ലാർക്കും;
കേവലമിന്നിഹ ലങ്കാപതിയുടെ
സേവകനായതു നാരദനെന്നു
ദേവകൾ ഋഷികൾ മനുഷ്യജനങ്ങളു-
മെന്നെക്കൊണ്ടു ദുഷിച്ചീടുന്നു;
ഏഷണിക്കൂട്ടം നാരദനെന്നൊരു
ദൂഷണമുണ്ടെനിക്കിഹ പണ്ടേ
ദോഷന്മാരതു പറയും വൈരവി-
ശേഷജ്ഞന്മാർ പറകയുമില്ല;
അതുകൊണ്ടേതും ഖേദമിനിക്കി-
ല്ലിതുകൊണ്ടധികവിഷാദവുമുണ്ടു്;
കശ്മലനാകിയ കൃതവീര്യസുതൻ
വിശ്വപ്രഭുവാകുന്ന ഭവാനെ
പുല്ലോടിപോലെ നിന്ദിക്കുന്നതെ-
നിക്കുസഹിക്കുന്നില്ല ദശാസ്യ!
ബാഹുജവംശം തന്നിലധീശൻ
ബാഹുസഹസ്രംകൊണ്ടു പ്രസിദ്ധൻ
ഹേഹയമന്നവനുന്നതവീര്യൻ
ആഹവശൂരൻ അതിഗംഭീരൻ
ഇങ്ങനെ സർവ്വജനങ്ങൾ പുകഴ്ത്തി
തിങ്ങിന ഗർവ്വുമുഴുത്തു ചമഞ്ഞു;
അങ്ങനെയുള്ള മഹാമന്നവനെ
സംഗരസീമനി സപദി ജയിച്ചാൽ
തുംഗമതാകിന കീർത്തിവിജൃംഭണ-
മങ്ങു ഭവാനു ലഭിക്കും നിയതം;
ഭംഗംവരികയുമില്ല ഭവാനിഹ
സംഗതിയുണ്ടാം ബോധിപ്പാനും

നാരദൻറെ ഗിരമപ്പോൾ കേട്ടഥ
ഘോരഘോരതരഭാവമിയന്നു
ആരവേണ ഭുവനങ്ങൾ മുഴക്കി
ക്രൂരദൃഷ്ടികൾ ഉരുട്ടി മിഴിച്ചഥ
ചന്ദ്രഹാസമെടുത്തു കരത്തിൽ
മന്ദവേഗമെഴുന്നേറ്റു ദശാസ്യൻ
ഇന്ദ്രവൈരി ദശകണ്ഠനമന്ദര-
വിന്ദവാസസുതനോടുരചെയ്തു
ജംഭവൈരിയുടെ വാഹനമാകിയ
കുംഭിരാജനുടെ കുംഭതടം ഉര-
മിമ്പമോടു തടിച്ചു പൊടിച്ചൊരു
കുംഭകർണ്ണഗുരുരാവണനെന്നൊരു
വമ്പനിങ്ങു നിവസിക്കിലുമങ്ങൊരു
ഡംഭമാനുഷകുലാധമനിങ്ങനെ
ഡംഭു കാട്ടി വിളയാടുകയും ഭുവി
സംഭവിപ്പതിനു കഷ്ടമഹോ ഹാ ബത
കന്നിൻമകളുടെ നാഥനിരിക്കും
കുന്നെടുത്തുടനെറിഞ്ഞു പിടിക്കാം
ഇന്ദ്രനാദിസുരവൃന്ദമശേഷം
മന്ദിരേ മമ പിടിച്ചു തളയ്ക്കാം
ചണ്ഡദണ്ഡമുടനന്തകദണ്ഡം
ദണ്ഡമെന്നിയെ വലിച്ചു മുറിക്കാം
വമ്പനാമമരകുംഭിവരൻറെ
കൊമ്പുനാലുമഥ തല്ലിയൊടിക്കാം
ഇത്ഥമത്ഭുതമനേകമെടുപ്പാൻ
ശക്തനായൊരു ദശാനനനിപ്പോൾ
മർത്ത്യമൂഢനിധനത്തിനു മാത്രം
പാത്രമല്ല കൃശനെന്നു വരാമോ?
കണ്ടുകൊൾക മമ വിക്രമമിപ്പോൾ
രണ്ടുപക്ഷമതിനില്ല മുനീന്ദ്ര
രണ്ടുനാലു ദിവസത്തിനകത്താ-
ത്തണ്ടുതപ്പിയുടെ ഡംഭു ശമിക്കും;
അർജ്ജുനൻറെ ഭുജദണ്ഡസഹസ്രം
രജ്ജുകൊണ്ടഥ വരിഞ്ഞു മുറുക്കി
പുഷ്പകക്കൊടിമരത്തൊടു കെട്ടി
ദുഷ്പ്രഭുത്വമുടയോരവനെ ദ്രുതം
അത്രകൊണ്ടുവരവേണമതിന്നിഹ
ചിത്രയോധി മമ മന്ത്രിവരിഷ്ഠന-
മത്രമാത്രമമരാരിസമമൊരു
മാത്രകൊണ്ടുടനൊരുങ്ങിവരേണം;
ഇത്തരം മൊഴി പറഞ്ഞു ദശാസ്യൻ
തത്ര തന്നിജപുഷ്പകമേറി
ചിത്രയോധിയെ വിളിച്ചു വരുത്തി
ചിത്രമോടുടനെ യാത്ര തുടങ്ങി;
ചന്ദ്രഹാസമെടുത്തു പിടിച്ചു-
ങ്ങിന്ദ്രവൈരി സഹ നാരദനോടു
ചന്തമോടു ഗമനായ തിരിച്ചാ-
നന്ദനായ ദശകന്ധരവീരൻ.

സത്വരമൻപൊടു പുഷ്പകമപ്പോൾ
ഉത്തരദിക്കിനു ധാവതി ചെയ്തു;
ചിത്തം കൊണ്ടു ചിരിച്ചഥ നാരദ-
നിത്ഥം നിന്നു പറഞ്ഞു തുടങ്ങി:—
അർജ്ജുനനൃപനെക്കൊടിമരമൂലേ
രജ്ജുവെടുത്തു വരിഞ്ഞു മുറുക്കി-
ക്കൊണ്ടുവരുന്ന മഹോത്സവഘോഷം
കണ്ടുരസിപ്പാനഹമിഹ മാർഗ്ഗ-
ശ്രദ്ധമതായി വസിച്ചീടുന്നേൻ;
കൂടെപ്പോന്നിട്ടെന്തൊരു കാര്യം!
മൂഢന്മാരിവനോടെണ്ണിക്കൂട്ടാൻ
കൂടെ നടക്കുന്നെന്നു കഥിക്കും;
ഹേഹയനരവരപുരമതു സുരവര-
ഗേഹസമാനം ഭുവി വിലസിതമാം
മാഹിഷ്മതിയെന്നതിനുടെ പേർ ബഹു-
മാഹാത്മ്യം ബഹു മഹനീയം ബഹു
രമണീയം ബഹു കമനീയം ബഹു
കമനീകുലമണിമണിമാടങ്ങളും
അമലസലിലനവകമലവിമലതര-
ശമലഹരണജനപട്ടതമമതിരുചി;
നർമ്മദയാകിയ തീർത്ഥവിശേഷം
ശർമ്മദമാകിന പുളിനവിശേഷം
ധർമ്മദയാനിധി നൃപതിവിശേഷം
ധർമ്മപരായണപുരുഷവിശേഷം
രജതവിശേഷം രത്നവിശേഷം;
കമനിവിശേഷം കാന്തിവിശേഷം
സുകൃതിവിശേഷം സുതവിശേഷം
സുമതിവിശേഷം സുകൃതിവിശേഷം

ഇങ്ങനെയുള്ള പുരത്തിലിറങ്ങി
സംഗതിപോലെ സമീഹിതകാര്യം
സാധിച്ചീടുക! സാരസമതത്തു
ബോധിച്ചീടുക ലങ്കാധിപതേ!
ഇത്തരമരുൾചെയ്തീടിന നാരദ-
നന്തമറഞ്ഞൊരു ശേഷം ദശമുഖ-
നത്തരനരവരപത്തനദേശേ
സത്വരമവിടെയിറങ്ങി വിമൂഢൻ
നർമ്മദതന്നുടെ പുളിനംതന്നിൽ
ദുർമ്മദശാലി ദശാനനവീരൻ
ചിത്രയോധിയൊടുകൂടിയതിങ്ങനെ
തത്രനല്ലമണലുള്ള പ്രദേശേ
വസ്ത്രംകൊണ്ടൊരു പാളയമവിടെ
ചിത്രമതാക്കിത്തീർത്തു ദശാസ്യൻ
രേവാസലിലേ ചെന്നുകുളിച്ചു
ദേവാരാധനക്കോപ്പുകൾകൂട്ടി
ശിവലിംഗത്തെയെടുത്തുനിരത്തി
ശിവപൂജയ്ക്കു തുടങ്ങിപതുക്കെ;
ജലഗന്ധാക്ഷതപുഷ്പാദികളും
ഫലമൂലം പുനരവിലും മലരും
ഗുളവും കദളിപ്പഴവും പങ്കജ-
ദളവും ഗുൽഗുലുധൂപം ദീപം
വെള്ളിവിളക്കുകൾ പൊന്നിൻതളികകൾ
വെള്ളിക്കുടവും മണിതാലങ്ങളിൽ
വെള്ളരിവെറ്റില പാക്കും വെളുവെളെ-
യുള്ളപളുങ്കിന്മാലകളനവധി
മുല്ലപ്പൂമലർ ചെത്തിപ്പൂവും
വില്വദളങ്ങളെരിക്കിൻപൂവും
ചെമ്പകമലർ ചേമന്തിപ്പൂവും
വെൺതുളസിപ്പൂ തുമ്പപ്പൂവും
മണമിയലും കളഭം കർപ്പൂരം
തണുതണമലയജകുംകുമഗന്ധം
ഘണഘണഘോഷം മണിയുടെഘോഷം
ഗണപതിബിംബം ഫണിപതിബിംബം
ഗുണമിയലുന്നഷഡാനനബിംബം
ശങ്കരശങ്കരിമാരുടെവിഗ്രഹ
സംഘവുമവിടെനിരത്തിപ്പുരിചൊടു
പുഷ്പാഞ്ജലിയും മന്ത്രജപങ്ങളു-
മീവക പൂജകൾ ചെയ്തുവസിച്ചാ-
നവികലശക്തൻ നക്തഞ്ചരപതി.

ചിത്രയോധിയെവിളിച്ചുരചെയ്തു
തത്രചെന്നുകൃതവീര്യജനാകും
ക്ഷത്രിയാധമനെവേറെവിളിച്ചുട
വർത്തമാനമറിയിച്ചുവരേണം;
ഇപ്പടിനിന്നുടെ താന്തോന്നിത്തമ-
തിപ്പൊഴുതിവിടെ നടക്കയുമില്ല;
ചൊല്ലൊന്നും ദശകണ്ഠമഹേന്ദ്രൻ
കല്പിക്കുന്നതു കേട്ടേപോവൂ
കപ്പംതരണം നമ്മുടെനാട്ടി-
ലിരിപ്പാനാഗ്രഹമുണ്ടെന്നാകിൽ
മുപ്പറയും പുനരെട്ടൊന്നും പല
വൈപ്പുകളുണ്ടതു തന്നില്ലെങ്കിൽ
വെക്കംനിന്നുടെ നാട്ടും നഗരവു-
മൊക്കെപ്പൊടെയടക്കം നിന്നുടെ
ധിക്കാരങ്ങളഹങ്കാരങ്ങളു-
മിക്കാലങ്ങളിൽ നമ്മോടുകൂടാ
യുദ്ധംചെയ്തു ജയിക്കാമെന്നൊരു
ബുദ്ധിനിനക്കുതരിമ്പുണ്ടെങ്കിൽ
പത്തുശതംകരമുള്ളതിൽ വില്ലുമെ-
ടുത്തുപടയ്ക്കു പുറപ്പെട്ടാലും!

ഇപ്രകാരമവനോടുരചെയ്തു-
നല്പബുദ്ധിയുടെ ഭാവമറിഞ്ഞിഹ
സത്വരംവരിക സാധുമതേ! നീ
ചിത്രയോധിസചിവൻ സാഹസാദശ-
വക്ത്രനെത്തൊഴുതുകൊണ്ടു നടന്നു;
തത്രഹേഹയനരേന്ദ്രനിരിക്കും
ചിത്രകാഞ്ചനമഹാപുരിപുക്കാൻ
ധാർമ്മികനാകിയനരവരനപ്പോൾ
നർമ്മദനദിയുടെ സലിലംതന്നിൽ
പെൺമണിമാരോടൊരുമിച്ചമ്പൊടു
വെൺമകലർന്നുകളിച്ചീടുന്നു
നാരിമാരുമവരർജ്ജുന നൃപതി-
ക്കായിരമുണ്ടുമഹാസുന്ദരിമാർ
ആയിരമുണ്ടുകരങ്ങളുമതിസുഖ-
മായിരമിപ്പാനതുമനുകൂലം.
മുഴുകിപ്പൊങ്ങും കാമിനിമാരെ-
ത്തഴുകിക്കൊണ്ടു രമിക്കും മുലകളിൽ

ഇഴുകുംകുങ്കുമകളഭം നാടൻ
പുഴുകുംനൎമ്മദതന്നിൽ ദ്രുതതര-
മിഴുകും തലമുടി വടിവിലഴിഞ്ഞും
മലർനിരപയസിയഴിഞ്ഞു കവിഞ്ഞും
ചലമിഴിമാരുടെ തലയും മുലയും
തടളവിവാരിയഴിഞ്ഞു കവിഞ്ഞും
കമനികൾതമ്മിലിടഞ്ഞുതടഞ്ഞും
മുഴുകിത്തത്തിമറിഞ്ഞു വലഞ്ഞും
നീന്തിവലഞ്ഞു തിരിയിലുലഞ്ഞും
താലികളഞ്ഞും തദനുതിരഞ്ഞും
തങ്ങൾപിരിഞ്ഞും തോണികളിച്ചും
താണുകുളിച്ചും നാണമിളച്ചും
വേണിയഴിഞ്ഞും പാണികുഴഞ്ഞും
ക്ഷോണീപതിയുടെ പാണിപിടിച്ചഥ
ചലമിഴിമാരുടെ മാർവിലണച്ചും
ജലമൊഴുകീടിനമുലകൾ പുണൎന്നും
മുഖചുംബനവുംപലപലവിലസിത
കലിതലളിതകളികളുമതിചതുരം.

അമലകമലമുഖിമാരൊടുകൂടി
ബഹുവിധമാരമഹോത്സവഘോഷത്തോടെ
നരപതിവീരൻ ക്രീഡിച്ചങ്ങിനെ
കനിവൊടുപയസികുളിക്കുന്നേരം
രാത്രിഞ്ചരവരദൂതനതാകിയ
ചിത്രയോധി വിരവോടുതിരിഞ്ഞഥ
തത്രചെന്നു തടിനീതടഭാഗേ
മുക്തശങ്കമുരചെയ്തുതുടങ്ങി:—
മൂവരേഴുലകിനുമീശനതാകിയ
വീരൻ വാരാന്നിധിയുടെമദ്ധ്യേ
ലങ്കാനഗരേസ്വൈരമതായി
വാണരുളും ദശകണ്ഠപ്പെരുമാൾ
ഹേഹയനൃപതേ! നിന്നെക്കാണ്മാൻ
മാഹിഷ്മതിയിലെഴുന്നരുളുന്നു
സാഹസമെന്തിപ്പെണ്ണുങ്ങളുമായ്
മോഹമിയന്നുകളിക്കുന്നെന്തിഹ?
ഝടിതിഭവാൻ ചെന്നമ്പൊടുതന്തിരു-
വടിയുടെചരണസരോജബദ്ധധന-
മടിയറയുംവച്ചാശുവണങ്ങും;
മുടിയരുതേതവനാടും നഗരവു-
മടിയാർകുടിയാരങ്കം ചുങ്കം
പടയും കൊടയും പ്രജകളുമൊന്നും
മുടിയരുതാകിലശങ്കംനിന്നുടെ
മുടിയിൽത്തന്തിരുവടിയുടെയടിമലർ
പൊടിയേററവിടെവസിച്ചീടുകനീ
പിടിപാടില്ലാത്തെന്തൊരു കഷ്ടം!
പിടിയാത്തവരൊടു പടവെട്ടിച്ചില
പിടിയാനകളുമ്പിടികുതിരകളു-
മുടനേ കിട്ടിയതോൎത്തുതിമൎത്തിഹ
പടുഭാവത്തെ നടിച്ചീടുന്നൊരു
വിടുഭോഷൻ നീ, ദശമുഖചരിതം
വിരവൊടു ബോധിച്ചില്ലേ നിയതം?
ചടുലവിലോചനമാരുടെ തടമുല
ഉടലിലണച്ചു പുണൎന്നും കൊണ്ടിഹ
നടനംചെയ്യും കാമിജനം മറു-
നാട്ടിലെ വാൎത്തകളെന്തറിയുന്നു?
മട്ടമലർ ശരനെച്ചുട്ടുപൊടിച്ചൊരു
നിടിലതടത്തോൻ വാണരുളുന്നൊരു
കുലഗിരിവരനെക്കുത്തിയെടുത്തു
കുലുക്കിയിളക്കിയെറിഞ്ഞു പിടിച്ചൊരു
കരബലജലനിധിയാകും രാവണ-
നലകുജയിച്ച ജഗത്ത്രയമന്നൻ
ശ്രീമദുദാരശ്രീദശകണ്ഠ-
സ്വാമിഭവാനോടരുൾ ചെയ്യുന്നു
കല്പനയെന്തെന്നാലുമുരചെയ്യാം
കപ്പം തരണം കാലം തോറും
വിളവിൽ പാതി നമുക്കു തരേണം
മുളകുസമസ്തവുമേല്പിക്കേണം;
തെങ്ങുകവുങ്ങുകൾ മാവുംപ്ലാവും
എങ്ങുമെനിക്കിഹകണ്ടെഴുതേണം;
മാടമ്പികളുടെ പദവികളൊന്നും
കൂട്ടുകയില്ലാ നമ്മുടെ നാട്ടിൽ
വീടന്മാരും വിളവുകൾ നെല്ലുകൾ
വിത്തിലിരട്ടി നമുക്കു തരേണം;
നാട്ടിലിരിക്കും പട്ടന്മാരും
നാലാലൊന്നു നമുക്കു തരേണം;
വീട്ടിലിരിക്കും നായന്മാർ പട-
വില്ലും കുന്തവുമേന്തിച്ചൊല്ലും
വേലയെടുത്തു പൊറുക്കണമെല്ലാ-
നാളും പാൎത്താദശമുഖഭവനേ;

കള്ളുകുടിക്കും നായന്മാൎക്കി-
കൊള്ളന്താനമരാവതിയിലെത്തേണം;
ഉള്ളിൽ ക്രൂരിപ്പുതജ്ഞാനത്ത-
ക്കൊന്നിക്കെന്നാൽ മാനവരാരോ
കൊള്ളിക്കും വിലവാരിയാതവരെ-
ത്തുള്ളിക്കും ദശകണ്ഠപ്പുരമാം;
ഉണ്ടിനിയുള്ളൊരു ദുഷ്ടമന്ത്രിക-
ളെണ്ണം ചൊല്ലുകയില്ലൊരുകാലം
ഹേഹയനൃപതേ! നിന്നുടെ മന്ത്രിക-
ളായവർ ശൂരന്മാരായുള്ളവ-
രെല്ലാമുടനേ ലങ്കാപുരിയിൽ
ച്ചെല്ലാനരുളിച്ചെയ്തു ദശാസ്യൻ
നെല്ലും പണവും പൊന്നും പാത്രവു-
മുള്ളതശേഷവുമങ്ങു കൊടുത്താൽ
തെല്ലും ദുർഘടമില്ല നിനക്കതു
നല്ലനരന്മാൎക്കിക്കാലങ്ങളിൽ
വല്ലായുള്ളൊരു ശഠതയുടന്നാൽ
വല്ലന്തിയുമിഹ വന്നു ഭവിക്കും;
നല്ലൊരു പെരുവഴിഞാനിഹ നിന്നൊടു
ചൊല്ലുന്നതു നീ മാനിക്കാഞ്ഞാൽ
പെട്ടെന്നിവിടെക്കാണാമനവധി
ദുഷ്ടന്മാർ ദശകണ്ഠഭടന്മാർ
വട്ടക്കണ്ണും ചെമ്പൻ തലയും
വായിൽ നിറഞ്ഞു വളഞ്ഞൊരു പല്ലും
അഞ്ജനശൈലംപോലെ ശരീരവു-
മതിതീവ്രതനമുഖവും കണ്ടാൽ
മൎത്ത്യന്മാരുമമൎത്ത്യന്മാരും
മൃത്യുഭയത്തെ പ്രാപിച്ചീടും;
ധൂമ്രാക്ഷൻ മകരാക്ഷൻ പിന്നെ വി-
രൂപാക്ഷൻ ധൂമ്രാക്ഷൻ ദുർമ്മുഖ-
നതികായൻ പ്രതികൎണ്ണൻ പ്രഹരൻ
വരദൻ പിന്നെ നികുംഭൻ നീരദൻ
കുംഭൻ കുംഭോദരനും പുനരഥ
വമ്പുപെരുത്ത മഹാപാൎശ്വകനും
കമ്പനമീവകരാക്ഷസവൃന്ദം
വന്നുകരേറി മനുഷ്യരെയെല്ലാം
കൊന്നും തിന്നും ചോരകുടിച്ചും
സുന്ദരിമാരുടെ തലമുടി പിടിപെ-
ട്ടൊന്നൊന്നൊഴിയാതവർ കൊണ്ടു തിരിച്ചു
അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നമ്പൂരാരുടെ ഭവനം ചുട്ടും
എമ്പ്രാന്തിരിയെത്താഡിച്ചും പുന-
രമ്പലവാസികളെക്കൊലചെയ്തും
കലശലു പലതും കൂട്ടും നിന്നുടെ
കുലനാശത്തെ വരുത്തും നൃപതേ!
ഇങ്ങിനെവള്ളരെയനൎത്ഥം വരുമതു
നിങ്ങൾ നിനച്ചാലൊഴികയുമില്ല;
നത്തൊഴിലൊന്നും കൂടാതിവിടെ
സാദരമോടു വസിക്കണമെങ്കിൽ
ചൊല്ലൊണ്ടും ദശകണ്ഠമഹേന്ദ്രനു
കപ്പം തരണം കാലന്തോറും;
കല്പനകേട്ടു വസിച്ചെന്നാൽ പുന-
രല്പമൊരല്ലൽ ഭവിക്കയുമില്ല.

ഇത്ഥംഘോഷിച്ചു ചിത്രയോധിപറയുന്നൊ-
ബദ്ധവചനമതു കേട്ടുഹൈഹയനൃപൻ [ഉ-
പെട്ടെന്നു കൈകളെല്ലാം കൊട്ടിച്ചിരിച്ചുകൊണ്ടും
മട്ടോലും മൊഴിമാരെക്കെട്ടിത്തഴുകിക്കൊണ്ടും
ഉത്തരമൊന്നുരിയാടാതെ വാരിധിയിൽ
സത്വരമങ്ങിറങ്ങി ക്രീഡതുടങ്ങിമെല്ലെ;
മുങ്ങുമങ്ങൊരു ദിക്കിൽ പൊങ്ങുമങ്ങൊരുദിക്കിൽ
മാനിനിയെ വിളിക്കും ആഴത്തിലങ്ങൊളിക്കും
മെല്ലെമെല്ലെക്കുളിക്കും ഓളത്തിൽ ചെന്നു ചാടും
മേളത്തിലാട്ടമാടും സുന്ദരിമാരെത്തേടും
ക്രീഡകളൊന്നുമൂക്കും വാരിയിലങ്ങുനോക്കും
മുഞ്ഞിയും മന്ദമാക്കും വെറ്റില നല്ലപാക്കും
നകൻ കളിവാക്കും പറഞ്ഞുതമ്മിൽ നോക്കും
തിരയിൽ ചാടിനീന്തും നെറ്റിമേൽ കുറിചാന്തും
തഴുകീകാമഭ്രാന്തുപിടിച്ചപോലെ കാന്താ
നാരീജനങ്ങളോട്ടു വാരിയിൽ ക്രീഡകളും
നേരം പോക്കല്ലാതൊരു നേരമിളക്കമില്ല;

ചിത്രയോധിപുനരിത്തൊഴിലെല്ലാം
തത്രനിന്നു ബതകണ്ടു കയൎത്തു
കൊണ്ടുപോന്നു ദശകണ്ഠനിരിക്കും
പാളയത്തിലഥപുക്കുവണങ്ങി;
വൎത്തമാനമറിയിച്ചൊരു നേരം
ക്രൂരനാകിയ ദശാനനവീരൻ

ഭാഷകൊണ്ടു ശിവപൂജനമദ്ധ്യേ
ഭാഷണം വലിയ ദൂഷണമിങ്ങിനെ
ചിത്രയോധിയൊടു സംസ്കൃതമായി-
ട്ടുത്തരമാത്രമരുൾചെയ്തു ദശാസ്യൻ:—
അർജ്ജുനസ്യമയികിംബഹുമാനം
നാസ്തിതസ്യബഹുകഷ്ടമിദാനീം
ദുർജ്ജനസ്യഗുണദോഷവിചാരം
ദുർല്ലഭോജഗതികിംകഥനീയം!
ശാസനം മമനിശാമ്യദുരാത്മാ
ഹാസമേവകൃതവാനവിവേകീ
വസ്തുതസ്യഭവനാദിസമസ്തം
അസ്തുനാശമുപവസ്യതിനൂനം
പാകശാസനമുഖേന്ദ്രദമന്ദം
നാകവാസിനിഖിലാസുരവൃന്ദം
യേനഹസ്തവിജിതം സദശാസ്യോ
മാനുഷാദപിചകിന്നു ബിഭേതി?
താംസമർപ്യപരമേശ്വരപൂജാം
തത്സമീപമുപഗമ്യ ചശീഘ്രം
ചന്ദ്രഹാസഭുജഗാമിഷമേനം
കല്പയാമിനഹിസംശയമദ്യ.
ഇങ്ങിനെ സംസ്കൃതവാക്കു പറഞ്ഞും
തിങ്ങിനഭക്ത്യാ പൂജകൾ ചെയ്തും
കണ്ണുമടച്ചു ജപിച്ചു വസിക്കും
പൊണ്ണനിരിക്കും ചെറുകുഴിതന്നിൽ
വെള്ളംവന്നു കടന്നുതുടങ്ങി
വെള്ളപ്പട്ടു നനഞ്ഞുതുടങ്ങി;
വെള്ളിവിളക്കുകൾ പൊന്നിൻ തളികക-
ളുള്ളതശേഷവുമൊഴുകിപ്പുതുക്കെ
മുങ്ങിസമസ്തം ശിവലിംഗാദികൾ
പൊങ്ങിയൊലിച്ചിതു പുഷ്പാദികളും
കെട്ടുവിളക്കുകളവിലുംമലരും
കൊട്ടത്തേങ്ങാകദളിപ്പഴവും
പെട്ടെന്നിട്ടു നിറച്ചൊരുവെള്ളി-
ത്തട്ടുകൾ മുഴുകിപ്പെട്ടികളൊഴുകി,
ആറുനിറഞ്ഞു ജലങ്ങൾകവിഞ്ഞു
കാറും മഴയും കാണ്മാനില്ല;
ആററിലെ വെള്ളം പൊങ്ങിവരുന്നൊരു
കാരണമതില്ലതിനെന്തൊരു ബന്ധം?
ഏററം വന്നാലിത്രവരാമോ?
ഊററമൊഴുക്കും നിലയില്ലാതായ്;
തള്ളിവരുന്നൊരു വെള്ളത്തിരയിൽ
തുള്ളിയലഞ്ഞു വലഞ്ഞു ദശാസ്യൻ;
വെള്ളവുമൊട്ടു കുടിച്ചു തടിച്ചു
പള്ളയുമൻപൊടു വീർത്തുതുടങ്ങി;
ഇരുപതുകൈകൊണ്ടൊത്തുതുഴഞ്ഞു
കരപററാഞ്ഞു കരങ്ങൾ കുഴഞ്ഞു;
ഇരുപതു തണ്ടുകൾവച്ചുമുറുക്കിയ
പെരിയൊരു വഞ്ചികണക്കേ രാവണ-
നൊരുവണ്ണംകരപററിക്കയറി-
ത്തെരുതെരെ മണ്ടിട്ടരെച്ചെന്നഥ
നോക്കുന്നേരം കാണായ് വന്നു
നരപതികൃതവീര്യാത്മജവീരൻ
തിറവിയബാഹുസഹസ്രംകൊണ്ടൊരു
ചിറയും കെട്ടിയുറപ്പിച്ചങ്ങിനെ
കുത്തിയൊലിച്ചുവരുംജലമങ്ങുത-
ട്ടുത്തും കൊണ്ടാനദിയുടെ മദ്ധ്യേ
മട്ടോലും മിഴിമാരെത്തന്നുടെ
അരികിൽ നിരത്തിക്കൊണ്ടു കളിച്ചും
സ്വസ്ഥതയിൽ ചില വാക്കുപറഞ്ഞു കൃ-
താർത്ഥതപൂണ്ടുടമരുവീടുന്നു;
ഇടവും വലവുമൊരഞ്ഞൂറഞ്ഞൂ-
റിടതിങ്ങീടിനകൈകളശേഷം
തടികൾ കണക്കെ നിരത്തിക്കൊണ്ടഥ
നടുവിൽ താനൊരു കുററിക്കണക്കെ
തടവുവരുത്തിത്തത്രവസിക്കും
പടുമതിയാകിയ പാർത്ഥിവവരനെ
തടമുലകൊണ്ടഥമടവാർമണിമാർ
വടിവൊടവൻമുൻപിടചേർന്നങ്ങിനെ
ദൃഢതരമാലിംഗനവും ചെയ്തു
ചടുലവിലാസമരുവീടുന്നു
ഇത്തൊഴിൽ കണ്ടു കയർത്തു ദശാസ്യൻ
ഇത്ഥം നിന്നു പറഞ്ഞുതുടങ്ങി;
നോക്കെടമൂഢാ! നിന്നുടെ വികൃതിക-
ളാർക്കുസഹിക്കാ! മിനിക്കിതുകണ്ടാൽ
ഖഡ്ഗമെടുത്തു കരങ്ങളശേഷം
ഖണ്ഡിക്കാതെയിരിപ്പാൻ മേലാ;
ചിറകെട്ടീടിന പാണികൾ വെട്ടി
കുറുകുറെന്നു മുറിക്കുന്നേരം

പിറകാറീടിനശൈലംപോലിഹ
മറിയും നീയെട! മാനുഷകീട!
പിറകിലിരിക്കും പെൺകൂത്തിനു
വിറവിനുകൊള്ളും നിന്റെ കരങ്ങൾ
ഉള്ളംതന്നിൽ കള്ളംബഹുവിധ-
മുള്ളോരുനീദശകണ്ഠനെയിങ്ങിനെ
വെള്ളംതന്നിൽ ചാടിച്ചുള്ളതൊ-
ന്നുള്ളംതന്നിൽ മറന്നീട്ടവനോ?
പോടാനിന്നുടെ വികൃതികൾ നമ്മോടു
കൂടാ കേളെടമാനുഷകീടാ!
നിന്നുടെനാടായുള്ളതശേഷം
വലിയൊരുകാടായ്‌വരുമതിമൂഢ!
വാടകിടങ്ങുകളങ്ങാടികളും
മേടകൾ നാടകശാലകളെന്നിവ
ദൃഢതരമിടിപൊടിയാക്കിമുടിപ്പാൻ
പടുതനമുക്കുണ്ടെട[illegible]നകീട!
മത്തഗജങ്ങടെ മദജലമിയലിന
മസ്തകമോരമടിച്ചുപിളന്നതിൽ
മുത്തുകളുള്ളതു കുത്തിയെടുത്തൊരു
മാലചമച്ചങ്ങതിശയമായക-
ളത്രമതാകിയ മണ്ഡോദരിയുടെ
കുത്തുമുലത്തടയിടയിലണച്ചോരു
നക്തഞ്ചരപതി തിലകൻ ഞാനതി
ശക്തൻ സാധുവിരക്തൻ ഭുജബല-
യുക്തൻമധുവിലയുക്തൻ സംഗര-
ശക്തൻ നിന്നുടെ പത്തുശതം കര-
മുള്ളതശേഷവുമൊത്തുതകർത്തലി-
വില്ലാതങ്ങുമുടിച്ചീടുന്നതു
കണ്ടുവിരണ്ടു കരഞ്ഞു പിരിഞ്ഞിഹ
മണ്ടും നിൻമഹിഷികളെല്ലാം ദശ-
കണ്ഠനു ചേതസി കനിവെന്നുള്ളതു
പണ്ടേയില്ലതു ബോധിച്ചാലും!
തന്നെപ്പോലും കനിവില്ലാതൊരു
സന്നദ്ധൻ ഞാൻ വളരെക്കാലം
നിന്നുതപംചെയ്തിട്ടും നാന്മുഖ-
നെന്നുടെമുമ്പിൽ വരാത്തതുമൂലം
അമ്പൊടുഖഡ്ഗമെടുത്തുശിരസ്സുക-
ളൊമ്പതുമുടനേഖണ്ഡിച്ചീടിന

വമ്പൻ ധീരതയുള്ളജനങ്ങളിൽ
മുമ്പൻ ഞാനതിധൂർത്ത! മദാൽ നീ
കിംപുനരെന്നോടുകാട്ടുമിനിക്കത-
രിമ്പുഭയംനഹിയെന്നതുമറിക-
പലപലമീശക്കാരവന്മാരെ
കൊന്നൊരുയാതുകുലാധീശൻ ഞാൻ
ഹേററയമാനുഷകീടാ! നമ്മോടു
നേരേനിന്നിഹപോരാടീടുക
ദൂരേമാനിനിമാരുടെനടുവിൽ
പ്രിയമിയലുന്നതുകണ്ടെന്നാകിൽ
ഭീരുജനങ്ങളിൽമൂത്തവനെന്നൊരു
പേരുനിനക്കുണ്ടെന്നതുതോന്നും
ഓരായിരമിക്കൈകൾ നിനക്കൊരു
ഭാരമതായിത്തീന്നു ചമഞ്ഞു
മാനിനിമാരെപ്പുണരാൻമാത്രം
മറ്റൊരുപോരിനു പോരാതാനും
പോരാൽതന്നുടെ വേരുകണക്കെ
പൊരുതെങ്കിലുമൊരു ഫലമില്ലല്ലും

ചെവിക്കസഹ്യതപെരുകിയ വാക്കുകൾ
ശ്രവിച്ചുഭൂപതി വിരവൊടു കൈകളി-
ലെടുത്തുവില്ലും കണകളുമനവധി
തൊടുത്തുടനിഹ നിശിചരവരനെ-
ത്തടുത്തുകൊണ്ടൊരുശിരമുരചെയ്തു
കടുത്തവാക്കുകൾ മതിമതി ഭുവനം
കെടുത്തനിന്നുടെ കരതലവിരുതുകൾ
അടക്കിവയ്ക്കുന്നുണ്ടതിനൊരു ശര-
മുടക്കിവിരവിനൊടയച്ചുനിന്നുടൽ
മുടക്കിമൂഢനെ മുഹുരപി മുഹുരപി
മടക്കിമണ്ടിക്കുന്നതുമുണ്ടിഹ
പടയ്ക്കുവന്നൊരു ബഹുതലമൻപൊടു
കൊടുത്തുമൂഢനെയടുത്തുവടികൊ-
ണ്ടടിച്ചു പല്ലുകൾ പൊഴിച്ചുഞാനും
പിടിച്ചുകെട്ടിയിരുപതുകൈകളു-
മൊടിച്ചയയ്ക്കണമെന്നൊരുപക്ഷം;
ഒരിക്കൽനിന്നുടെ ഇരുപതുമീശകൾ
കരിച്ചയയ്ക്കണമെന്നവിചാരി-
ച്ചിരിക്കവേനീവന്നിഹചാടിയ-
തെനിക്കനല്ലൊരുകൌതുകമധികം;

മദിക്കകൊണ്ടും പലപല ചപലത
കഥിക്കകൊണ്ടും സുരകുലമേറെ-
ച്ചതിക്കകൊണ്ടും കുലതരുണികളെ-
പ്പിടിക്കകൊണ്ടും കള്ളകൾ വളരെ
ക്കുടിക്കകൊണ്ടും ഭള്ളുകൾ പലവക
നടിക്കകൊണ്ടും നാട്ടുകളഖിലം
മുടിക്കകൊണ്ടും നതാംഗിമാരെ
പിടിക്കകൊണ്ടും വന്നൊരുപാതകം
അപവാദത്തിനു മൂലമതിങ്ങനെ
വിപദേവമനുഭവിച്ചതുമിപ്പോൾ
ഝടിതിനിന്നുടെ; തടിയടിച്ചു
പൊടിപൊടിച്ചു മുടിയിഴച്ചു
പടയിലുടയപട്ടതപലതു
ഝടിതിതുടങ്ങുക സപദിമടങ്ങുക!
കരുതിനിന്നു പൊരുതുകൊൾക രാവണ
പെരുതുനിന്റെ വിരുതുസജ്ജനാനാം!
ബലചരിതമൊക്കെ ദുരിതമാക്കിയൊരു ബഹു
ദുരിതരാശിഭരിതനായകാരണം
ഇതമിനുവന്നുകൂടിസംഗതി
രൂക്ഷഹൃദയ! രാക്ഷസാധമ! തവ
തൽക്ഷണത്തിലിതമോതിരോഷമോ-
ടർജ്ജുനൻ രണത്തിനായ്തുടർന്നിതു

നൃപതികുലനാഥനും നിരൃതികുലനാഥനും
സപദിബത തങ്ങളിൽ സമരമിടകൂടിനാർ
പഞ്ചശതപാണികളിലഞ്ചിതമതാകുമൊരു
പഞ്ചശത ചാപശരസഞ്ചയമെടുത്തൊരുവ-
നഞ്ചുമുടനഞ്ചുമൊരുപാണികളിൽ വില്ലുകളു-
മമ്പുകളുമമ്പൊടുധരിച്ചു പരനും മുദാ
സംഗരവിധങ്ങളവർതങ്ങളിലരംഗതര-
മങ്ങവർ തുടങ്ങിയിടരോടതിഗഭീരം
ഘോരശരമാരികളുതിർത്തതിമിത്തുബത-
പൊരുതുതുടങ്ങിനിശിചാരി നൃപവീരൻ [ടെ
പലപൊഴുതുമവർകരുതികുറവതു വരുതിവി
നിരവധികനിശിതശരമരിവരനിലരിശമൊടു
വിട്ടുപടവെട്ടുവതിനൊട്ടും, ഞെട്ടലതിനില്ല
വടിവിനൊടുമവരുടയഝടഝടതയിങ്ങനെ
ഝടിതിഗുരുവിപ്ലവമതുടനുടനുയർന്നു
ഇരുവരെവരുന്ന ബഹുശരനിരകളന്നിശി
ചരമഥികവരനധികശകലിതനതായി;
അഗ്ന്യസ്ത്രം വരുണാസ്ത്രം ചക്രാസ്ത്രം
ചാരുതരമഥപ്രത്യസ്ത്രംത്ര്യക്ഷാസ്ത്രം ഈവിധം
പലവകയിലവരുടെയകലശലുപറവതിനു
ഫണിപതിയുമതിനുമതിയല്ലെന്നതും ദൃഢം
ക്ഷിതിപതിയുമഥരജനിചരപതിയുമങ്ങിനെ
തങ്ങളിൽസംഗരം ചെയ്തോരനന്തരം
വീര്യംപെരുത്തകൃതവീര്യാത്മജന്റെ ബാഹു
ദണ്ഡപ്രയുക്തശരഷണ്ഡങ്ങൾകൊണ്ടു ദശ-
കണ്ഠന്റെ വീര്യമതുകുഞ്ഞ ചാപമാനയുധി
കണ്ടിച്ചുവില്ലുമതുമിണ്ടൽക്കുമൂലമായ്
മണ്ടിത്തിരിപ്പതിനുമാർഗ്ഗത്തെനോക്കിയതു
കണ്ടിട്ടുനില്ക്കുന്ന കാർത്തവീര്യാർജ്ജുനൻ
ഝടിതിദശമുഖനുടയമുടികൾ പിടിപെട്ടട-
നങ്ങോട്ടുമിങ്ങോട്ടുമുന്തിയും തള്ളിയും
ഝടിതിഝടിതിയുടനടിയുമിടികളും കൊണ്ടു
ചാകാതെ ചത്തുതരംകെട്ടു രാവണൻ [ടൻ
ചപലമതിയവനുടയപുഷ്പകവിമാനവും
ചന്ദ്രഹാസാദിയും കൈക്കലാക്കി നൃപൻ,
കരചരണമുപചരണമിരുപതുകരങ്ങളും
ചങ്ങലകൊണ്ടുബന്ധിച്ചു ലങ്കേന്ദ്രനെ
കരചരണചലചലനരഹിതമിഹകൊണ്ടുപോ
യ്ക്കാരാഗൃഹംതന്നിലിട്ടു പൂട്ടീടിനാൻ;

പത്തുമുഖങ്ങളിൽ നിന്നുപുറപ്പെട്ടു-
മത്യുന്നതതരമുറവിളിഘോഷം.
പത്തുദിഗന്തരമൊക്കെമുഴങ്ങി
പാതാളസ്വർഗ്ഗങ്ങളിലെത്തി
എന്തൊരുമുറവിളിയായിതു കൂവേ!
പംക്തിഗളന്റെ കരച്ചിലുപോലും
എന്തൊരുസങ്കടമങ്ങവനിപ്പോൾ
ബന്ധനമാകുലമേകിയതുപോലും
മററുള്ളവരെക്കെട്ടിയടിച്ചു
പിടിച്ചുപറിച്ചുവലയ്ക്കുന്നവനെ
കെട്ടിയടിപ്പാനേതൊരു വമ്പൻ
നാട്ടിലിദാനിമുണ്ടായ്‌വന്നു
കേട്ടില്ലേ താനർജ്ജുനനെന്നൊരു
കേളിപെരുത്ത ധരിത്രീപാലൻ
അദ്ദേഹം താനാശരവരനാ-
മിദ്ദേഹത്തെ ബന്ധിച്ചതുപോൽ

ബന്ധിപ്പാനൊരു ബന്ധം വേണമ-
തെന്തെന്നുമറിഞ്ഞോ ഹേ താൻ
എന്തെന്നുമറിഞ്ഞീലവനതു
താന്തോന്നിത്തമതത്രേ വരിക
താന്തോന്നികളതങ്ങനെ ദൈവം
കന്ധരനാമതു ബോധിച്ചോ താൻ?
ബോധിപ്പാനെന്തൊരു വൈഷമ്യം!
ചോദിച്ചറിയണമെന്നില്ലല്ലോ;
സുരകുലനാരീവിധുകൾ പലരും
കുലതരുണികളെ വെന്നു പിടിച്ചും
പലമുനിമാരെ കെട്ടിയടിച്ചും
ബലരിപുവനമിടിച്ചു പൊടിച്ചും
വലനം ചെയ്യും നക്തഞ്ചരവര-
ബലനിതുവനനുഭവിച്ചിതിദാനീം;
ബലവാനാകിയ കൃതവീര്യജനോടു
കലഹിപ്പാനായ്ച്ചെന്നൊരു ശേഷം
പാദാതവനം ഇവനെക്കെട്ടി-
ക്കാരാഗ്രഹമതിലാക്കിയടച്ചാൻ;
അങ്ങിനെയനുഭവമേറെനടിച്ചാ-
ലിങ്ങിനെയനുഭവമുടനേ കിട്ടും;
കൊലചെയ്യാത്തതുമെന്തേ ക്രൂര
കൊലചെയ്യാൻതരിയാതെ ദേവാ!
പലനാളിങ്ങിനെ പട്ടിണിയിട്ടും
പലരുംകണ്ടുടനാകളിച്ചും
വലയിൽപ്പെട്ടു കുരങ്ങുകണക്കേ
വലയണമെന്നു മതിയാവുള്ള
കൊലചെയ്യാതെ പുനരേകനവനെ
വലയ്ക്കുന്നതിനു നമുക്കറിയാമോ?

അസ്സുരനേരാണിഹ നമ്മെക്കാളും
അതികാരുണ്യം പെരുതുതനിക്കു
രാവണമുറവിളി കേട്ടിട്ടിങ്ങനെ
രാവും പകലും ഘോഷിക്കുന്നു,
ദേവകളെന്തു പ്രസാദിക്കുന്നു?
ദേവസ്ത്രീകൾക്കതിലും മോദം;
ഓജസ്സും തേജസ്സും പലനാ-
ളായുസ്സും ശ്രേയസ്സും വരുവതി-
നന്തണവരരും മുനിവരരും ദിശി
സന്തതവും ഹേഹയനൃപവരനെ
പാരമനുഗ്രഹമേകിനടന്നു
പാരിലതിശ്രമമേറിയിരുന്നഥ
ഭീതികലർന്നു ജഗത്ത്രയവാസികൾ
ഭീതിവെടിഞ്ഞു വസിച്ചീടുന്നു

ദാഹംതെളിയാതെ പാരം കാരാഗ്രഹം തന്നുള്ളി
ദാഹംവിശപ്പുകൊണ്ടു മോഹംവളർന്നതു [ൽ
സ്നേഹംതരിമ്പുമുള്ളദേഹങ്ങളാരുമില്ല
ആഹന്തകഷ്ടം! ദശകണ്ഠന്റെ വർത്തമാനം
സ്നാനവുമില്ല മദ്യപാനവുമില്ലപാരം
നാണവുമുണ്ടു ദേഹക്ഷീണവുമകപ്പെട്ടു
കൂറില്ലാത്തവരോടു ചോറു മേടിച്ചുതിന്നു
കീറത്തുണിയുടുത്തു ചേറുമണിഞ്ഞങ്ങനെ
ആറുമാസംകഴിഞ്ഞിട്ടാരുമൊരുത്തൻ കുറ്റം
തീരുവാൻ ശ്രമിക്കുന്നില്ലേറുന്നു സന്താപങ്ങൾ
പതിനഞ്ചുമുഖങ്ങളോടൊത്തിരിക്കുന്നതിൽവച്ചുകൊണ്ടു
പെണ്ണുങ്ങൾ വന്നുനിന്നു വണ്ണം പറഞ്ഞീടുന്നു
ലങ്കാധിപതിതന്റെ കാര്യമോർക്കുമ്പോൾ നല്ല
ശൃംഖലകിലുങ്ങാതെ ചങ്ങലകളിലൊന്നാകിൽ
പാദങ്ങൾ വാറില്ല നല്ല തൂക്കുപകയിലയും
പാക്കാതെ തരുന്നതു ഭോഷ്ക്കു പഞ്ചതികണ്ണു!
പത്തുമുഖങ്ങൾകൊണ്ടു പത്തുപദങ്ങൾപാടി
തിത്തിത്തെയ്യന്നു ചാടിനൃത്തംവെക്കരാവ-
ണത്തലജങ്ങളുടെ മസ്തകം തകരുന്നു [ണ
ഹസ്തങ്ങളങ്ങുന്നിന്റെ നക്തഞ്ചരാധിനാഥാ!
എണ്ണമിഴിമാരുടെ പാണിപിടിച്ചിഴയ്ക്കും
പാണികൾകൊണ്ടു നമ്മെ താണുതൊഴുതുകൊണ്ടു
കേണുകിടന്നിടാതെ പിന്നാരിയെങ്കിൽനല്ല
ചോറും കറിയും പുളിഞ്ചാറും കാച്ചിയമോരും
ആറുന്നതിനുമുൻപേ കൂറുള്ളതാൻതരുവൻ
മണ്ഡോദരിയെന്നൊരു പെണ്ണുനിനക്കുണ്ടെന്നു
മന്നിടംതന്നിൽ വെള്ളപെണ്ണുങ്ങൾ ചൊല്ലിക്കേട്ടു
സന്ദേഹമൊന്നുണ്ടു നിന്നോടു ചോദിക്കുന്നു
ഒന്നോ അവൾക്കു മുലമുള്ളതെന്നു കേട്ടുഞങ്ങൾ
ഒന്നല്ലമുഖം നിനക്കഞ്ചുമഞ്ചുമുണ്ടല്ലോ
എന്നാലെങ്ങിനെയവൾ നിന്നോടു രമിക്കുന്നു
പത്തുപുരുഷന്മാരോടൊത്തുവിനോദിക്കുന്ന
പുള്ളിപ്പെണ്ണുങ്ങളുടെ കേൾവിയവൾക്കുവന്നു
പോടീ! മഹാരാജേന്ദ്രനോടീവിശേഷം ചെന്നു
ചോദിച്ചിട്ടെന്താവശ്യം ചോദിച്ചാലെന്തു

ചേതം

ഓരോദിവസംമുഖമോരോന്നു ചുംബിച്ചുകൊ-
ണ്ടാരോമൽക്രീഡിക്കുന്നതാരോടുകേൾപ്പിക്കനോ

ഇത്ഥംവന്നൊരുകൂട്ടം സ്ത്രീകള-
ഖിലംപറയുന്നതുകേട്ടപ്പോൾ
നാണംപൂണ്ടുകിടന്ന ദശാസ്യൻ
പ്രാണൻപോകാഞ്ഞതുതൽഭാഗ്യം.
എത്രയുംപാരം സമതാമിളച്ചു
തത്രവാണു ദിവസങ്ങൾകഴിച്ചു
ചിത്രയോധി ദശകന്ധരനോടഥ
യാത്രചൊല്ലിയവനങ്ങുഗമിച്ചു;
തത്രചെന്നഥപുലസ്ത്യനിരിക്കും
ആശ്രമപദത്തിങ്കണഞ്ഞു;
തൃക്കഴൽക്കഥവണങ്ങിയവൻ പുന-
രിക്കഥകിമപി പറഞ്ഞറിയിച്ചു;
ഏവമെന്തുവരുവാനവകാശം?
രാവണൻെറ ചരിതം ബഹുകഷ്ടം;
ആവതെന്തുശിവശങ്കര പാർത്താൽ
ദൈവകല്പിതമിതാക്കറിയാവൂ
ചിത്തവൈരമൊടു ചെന്നുദശാസ്യൻ
കാർത്തവീര്യനൊടു നേർത്തുപിണങ്ങി
ആർത്തിപൂണ്ടുസമരാത്തിലഭിച്ചു
പാർത്തിടാതെയിഹ ബന്ധിതനായി;
ബന്ധുവാരുമില്ലാഞ്ഞതുകൊണ്ടവൻ
ഹന്ത! കേണമരുവുന്നിതുതാപാൽ
അന്തരംഗമതിലാധിമുഴുത്തു
സന്തതം ബത വിശന്നുവലഞ്ഞു
പാണികാലുകളുമൻപൊടുകെട്ടി
ക്ഷോണിതന്നിലിളകാതെകിടന്നു
പ്രാണനാശമവനാശുകൊതിച്ചു
വാണിടുന്നബലമോടുമിദാനീം
അഞ്ചുമാസമിതുപോലെ കഴിഞ്ഞിതു
വഞ്ചനാവചനമല്ല മുനീന്ദ്ര!
നെഞ്ചകത്തിലടിയനൊരുപായം
കിഞ്ചനാസ്തിയിഹനിൻകൃപയെന്യേ
മാമുനീശ്വര! ഭവാൻവിരവോടു
മാനവേന്ദ്രനൊടു ചെന്നറിയിച്ചാൽ
സ്വാമിതന്നെവിട്ടുവാൻ കല്പിക്കും
താമസിക്കരുതെഴുന്നരുളേണം.

ഇത്തരമുള്ളൊരു[illegible]ം കേട്ടു പു-
ലസ്ത്യമുനീന്ദ്രനമന്ദ[illegible]കം
പൌത്രസ്നേഹവശാദ്വ്യാകുലനായ്
ചിത്തംതന്നിൽ വിചാരംപൂണ്ടു
എത്രയുമാപത്തല്ലോ നമ്മുടെ
പൌത്രനുസംഗതിവന്നതു ശിവശിവ!
ഹേഹയനരപതി പാരംചെയ്യും
ഗേഹേവിരവൊടു ഞാനും പോവാം;
ധീരതരേയവം മന്നവനെന്നൊ
ശാതപറഞ്ഞുമടക്കിയയച്ചും
വാശ്ശുതുമവനൊടുശ്ലേശിക്കാം പുന-
രീശ്വരകല്പിതമാർക്കറിയാവൂ,
എന്നരുൾചെയ്തുടനെഴുന്നു ന-
ടന്നുതുടങ്ങിപുലസ്ത്യമുനീന്ദ്രൻ
മന്ത്രീശ്വരനൊടുകൂടിനടന്നു
മാഹിഷ്മതിപുരിതന്നിൽചെന്നു
കൃതവീര്യജനെക്കണ്ടാനപ്പോൾ
കൃതവീര്യാത്മജനാശുവണങ്ങി
അർഘ്യാദികളുംചെയ്തുമഹീപതി
സരസമുവാച മുനീന്ദ്ര! നമസ്തേ
എന്തൊരുസംഗതിയാഗമനത്തിനു
ഹന്തഭവാനരുൾചെയ്തീടേണം,
നിന്തിരുവടിമമകുലബലധനസുഖ
സന്തതിപുഷ്ടിവരുത്തീടേണം,
നിന്തിരുവടിയൊന്നരുളിച്ചെയ്താ-
ലെന്തെങ്കിലുമതുസാധിക്കുന്നേൻ
ഇത്ഥംനരവരഗീരുകൾകേട്ടതി-
നുത്തരമരുളിച്ചെയ്തു മുനീന്ദ്രൻ:—
സാധുമതേ! തവഭൂതികൾ കാണ്മാൻ
സിദ്ധാന്തിച്ചിഹവന്നതുഞാനും;
സിദ്ധന്മാരൊടുകൂടിവസിപ്പാ-
നെത്രയുമാഗ്രഹമുണ്ടുനമുക്കു;
ഉദ്ധതഗതിയാം നമ്മുടെപൌത്രന-
ബദ്ധമതല്ലാതില്ലൊരുനാളും,
മൃത്യുഞ്ജയനുടെവാസഗിരീന്ദ്രം
കുത്തിയെടുത്തവനെന്തരുതാത്തു!
അത്രപെരുത്തദുരാചാരത്തെ നി-
വൃത്തിവരുത്താനിത്തൊഴിൽകൊള്ളാം,

എന്നാലവനെയഴിച്ചുവിട്ടേനം
നന്നായ്വരുമിതുകൊണ്ടിനിക്കു
ചെമ്മേനിൻകൃപകൊണ്ടിപ്പോളാൽ
നന്മനിനക്കിനിമേലവരുത്താം
മാമുനിവചനം കേട്ടു നരേന്ദ്രൻ
മനസിഹിതം പൂണ്ടിദമരുൾചെയ്തു
ഉടനപ്പോൾതന്നെയഴിച്ചുവിട്ടേനൊ-
ന്നപ്രിയമതുകൊണ്ടുണ്ടാകേണ്ട,
അപ്പോൾവന്നൊരു കിങ്കരഭടനെ
കല്പിച്ചൻപൊടയച്ചു നരേന്ദ്രൻ;
കിങ്കരനുടനേ ചെന്നതുനേരം
ലങ്കാപതിയുടെ കൈകാൽകളിലെ
ശൃംഖലവിരവൊടഴിച്ചവനുടനെ
തൻകരയുഗളംകൊണ്ടുതലോടി,
വെളിയിൽകൊണ്ടന്നങ്ങു നൃപനികടേ
തെളിവിൽനിറുത്തി, വണങ്ങിയിരുന്നു
നാണം പൂണ്ടുമുഖവുമിതാഴ്ത്തി
ക്ഷീണംപൂണ്ടുവസിക്കുന്നവനൊടു
നരപതിയരുളിച്ചെയ്തിതു നിന്നൊടു
പരിഭവമൊക്കെത്തീർന്നുനമുക്കു
ലങ്കാധിപതേ! പോയാലും നീ
ശങ്കരസേവവെടിഞ്ഞിനിമേലില-
ഹങ്കരിയാതെയിരിക്കിൽകൊള്ളാം
എന്നുപറഞ്ഞുകൊടുത്തിതുപുഷ്പക-
മെന്നുള്ളൊരു രമണീയവിമാനം;
ഊനതഗുണഗണമിയലിനവാളും
സന്നതനാം ദശകണ്ഠനു നൽകി
കുണ്ഠിതമൊക്കെത്തീർന്നു നൃപൻദശ-
കണ്ഠനെവിരവിലയച്ചുവസിച്ചു,
കിങ്കരസംഘവുമവനൊടുസഹിതം
ലങ്കാനഗരേ ചെന്നുവസിച്ചു
തുംഗസുഖേനപുലസ്ത്യമുനീന്ദ്രനു-
മങ്ങുഗമിച്ചുസുഖിച്ചുവസിച്ചു
കൃതവീര്യാത്മജനാകിയനരപതി
പുംഗവനംബരമംഗലമതുലം,

ഇതി കാർത്തവീര്യാർജ്ജുനവിജയം ഓട്ടൻതുള്ളൽ സമാപ്തം.

സ്യമന്തകം

ഓട്ടൻ തുള്ളൽ.

വാരണമദഹരനന്ദനനാകിയ
വാരണവദനൻ നിഖിലജനാർത്തി
വാരണനിപുണൻ സമദാസുരരിപു-
വാരണസേവിതചരണസരോജൻ
കാരണഭൂതൻ വിമലസരോജദ-
ളാരുണനയനൻ ചാരണനമിതൻ
പ്രണതജനാഭയദാനവിധാനൻ
പ്രണതപരായണനാകിയ ദേവൻ
ഗുണഗണനിലയൻ നിത്യവുമെന്നെ-
ഗ്ഗണപതിഭഗവാൻ കാത്തരുളേണം;
വേണീവിജിതകളേണീനതജന-
ശ്രേണീചടുലയതാകിയ ഭഗവതി
വാണീദേവി മനോഹരയാകിയ
വാണിജനിപ്പോളെന്നുടെനാവിൽ
വാണീടേണം സന്തതവും കള-
വാണീമണിയാം ദേവി നമസ്തേ
വീണാപാണേ! നിൻപദകമലേ
വീണോരടിയനു വരമരുളേണം
ഏണീശാബവിലോചനയാളേ!
വീണാലാപിനി! നിൻകൃപയാലേ

വാണീമംഗിതരംഗിണിതന്നുടെ
വേണീമധുരതയാൽമധുവെപോലും
കേണീടേണമതിന്നായടിയൻ
ക്ഷോണീതലമതിൽവീണതിബലം
പാണികൾകൂപ്പിവണങ്ങീടുന്നേൻ.

സംഗീതമപിസാഹിത്യം
സരസ്വത്യാസ്തനദ്വയം
ഏകമാപാതമധുരം
അന്യമാലോചനാമൃതം.

മംഗലയാകിയഭാരതിതന്നുടെ
തുംഗകുചങ്ങളിലൊന്നിൽ നിറഞ്ഞൊരു
സംഗീതാമൃതസാരംതന്നെ
ഭംഗിയൊടങ്ങുവിളങ്ങീടുന്നു;
മററതിലൻപൊടുസാഹിത്യാമൃത-
മററമകന്നുവസിച്ചീടുന്നു;
മുററംകേൾക്കുന്നേരംതന്നെ
പററുന്നൂരസമൊന്നിലുമാദ്യം;
മററതുപിന്നെവിചാരിക്കുമ്പോ-
ളേററംതെളിവുവരുത്തീടുന്നു
എന്നതുകൊണ്ടീരണ്ടുകുചങ്ങളിൽ
നിന്നുഗളിക്കും പീയൂഷത്തെ
ഇന്നടിയത്തിനു ബുദ്ധികളുൾപ്പാൻ
തന്നരുളേണമൊരല്പംപോലും

വൃന്ദാരകകുലവന്ദിതനാകിന
നന്ദതനൂജൻ സുന്ദരവദനൻ
വൃന്ദാവനതലലീലാലോലൻ
മന്ദാരകകുസുമാഞ്ചിതമാലൻ
വന്ദേയിരുൾരുചിമാലതമാലം
വൃന്ദാരകപശുപാലനശീലൻ
മന്ദേതരമദദാനവകാലൻ
ഇന്ദീവരദളലോചനനീലൻ;
ഇന്ദ്രോപമകലിതാചലലീലൻ
നന്ദിതപശുപവധൂജനജാലൻ
നന്ദജനന്ദപമപീതദുകൂലൻ
പാർത്ഥനുസാരഥിയായിക്കനിവൊടു
തേർത്തടമേറിപ്പടകളിലുടനെ
പാർത്ഥിവരാമരിജാലമൊടുക്കി
പാർത്തലമങ്ങു കവിഞ്ഞു വിളങ്ങിന
കീർത്തിനടത്തീട്ടഖിലജനാനാം
ആർത്തികളെല്ലാം തീർത്തരുളീടിന
മൂർത്തിനമുക്കിഹ കീർത്തിവരുത്താൻ
ചീർത്തൊരു കരുണ നിവർത്തീടേണം;
ധൂർത്തുപെരുത്തൊരു കുരുകുലമെല്ലാം
പാർത്തിരിയാതെയമർത്തതുപോലെ
നമ്മുടെ വൈരിസമൂഹമമർത്താൻ
അംബരതടിനീപൂരവരമമരം
കംബുകരോപരിശോഭിതകരനാം
അംബുജനയനൻ കനിവൊടുനമ്മെ
കൺമുനകൊണ്ടു കടാക്ഷിക്കേണം.

കാട്ടിലണഞ്ഞൊരു വേട്ടക്കായി
പാട്ടിലിണങ്ങിന പടയൊടുകൂടി
ചട്ടയുമിട്ടൊരു വേലുമെടുത്തഥ
ചട്ടററീടിന പച്ചപ്പട്ടും
കെട്ടിയുടുത്തൊരു വാലുംതൂക്കി
ചട്ടററീടിനകുതിരയുമേറി
കാട്ടുമൃഗങ്ങടെ കൂട്ടമശേഷം
വെട്ടിവധിച്ചു വിശിഷ്ടതയോടെ
വാട്ടമകന്നിഹതകഴിയിൽ മരുവും
വിഷ്ടപനായകനാകിയ ശാസ്താ-
വിഷ്ടം നൽകിപ്പുഷ്ടിവരുത്തി
ദുഷ്ടവിനാശനനാകിയ ദേവൻ
തുഷ്ടിനമുക്കു വരുത്തീടേണം.

ജംഭാരിപുരത്തിന്റെ സംഭോഗകരമായ
സംഭാരമെല്ലാം കൂട്ടിസമ്പാദിച്ചുണ്ടായൊരു
ചെമ്പകശ്ശേരിനാട്ടിലിമ്പമാസ്ഥാണരുളും
തമ്പുരാനെന്റെ ദേവനാരായണഭൂപാലൻ
കെല്ലോടു കരുണയാലെപ്പേരും കാത്തീടേണ-
മിപ്പാരിലശുഭങ്ങളെപ്പേരും കളഞ്ഞെന്നെ
സല്പാത്രമാക്കിപ്പരിപ്പാലിക്ക! വണങ്ങുന്നേൻ

അംഭോജാലയനായ വിരിഞ്ചനു-
മംഭോജായതനയനൻ വിഷ്ണുവു-
മംഭോജാകരബന്ധുദിനേശനു-
മംഭോജാകരവൈരിശശാങ്കനു-
മംഭോജാത്മജയാകിയ ലക്ഷ്മിയു-
മംഭോവായുമഹീദഹനൻ ബത
സംഭാവിതമാം ഭൂതമശേഷം
ജംഭാരാതിയുമമരന്മാരും

കംജനാഭിമാ[illegible]
കംളിവ[illegible]-
സംഭവനായ[illegible]
കംഭജരാമുഖ[illegible]-
മവൊടു [illegible]ത്ത
സംഭാവിച്ചു തുണച്ചീടേണം.

ഗു[illegible] നമ്മുടെ
കരളിൽ [illegible]വിടേണം
ഗുരുവാ[illegible]ക്കാം
സുരവരമന്ദിരവാസം[illegible]
ധരണിസുരന്മാർ മകുടമണി
വരനല്ലോ മമ ഗുരുവായുള്ളതു
സരസഗുണാകരനഖില[illegible]രാണാം
ദുരിതനിവാരണ കാരണഭൂതൻ
തന്തിരുവടിയുടെ കൃപയുണ്ടെന്നാൽ
എന്തു നമുക്കിഹ വശമല്ലാത്തു
അന്തണരെല്ലാം സന്തതമെന്നെ
ചിന്തതെളിഞ്ഞിഹ കാത്തീടേണം.
ചെന്തളിരടികളിലടിയൻ വിരവോടു
ശാന്തന്മാരെ വണങ്ങീടുന്നേൻ.
മന്ദേതരഗുണമന്ദിരനെൻ ഗുരു
നന്ദിതനാകിയ ബാലകവിക്കു്
നന്ദിവരുത്തും പരദൈവതമേ!
സുന്ദരികണ്ടംകരിപുത്രമരും
വൃന്ദാരകകുലവന്ദിതചരണേ!
വന്ദേഭഗവതി നന്ദിതദാസേ!
മന്ദാശയനാമടിയനെ വിരവൊടു
നന്ദിച്ചാശു തുണച്ചീടേണം

"ചീയതേ ബാലിശസ്യാപി
സൽക്ഷേത്രപതിതാ കൃഷിഃ
നശാലേസ്തംബകരിതാ
വപ്തുർഗ്ഗുണമപേക്ഷതേ."

കറവില്ലാതുള്ളക്ഷരവിദ്യക-
ളറിവാൻമാത്രം ബുദ്ധിയുമില്ല
അറിവുള്ളതിനെസ്സഭയിൽ ചെന്നാൽ
പറവാൻ വാക്കിനു കൌശലമില്ല;
ചിലവകനാടകകാവ്യാദികളിൽ
ചിലവും കവിതാമാധുര്യവുമില്ല
ചിലവസ്തുക്കൾ ചമയ്ക്കാമതിനൊരു
വിലപിടിയാ ചിലർ കേൾക്കുന്നേരം
ഞാങ്ങിനെയുള്ളൊരു മാനുഷനാകിലു-
മിങ്ങിനെയുള്ള മഹാജനസഭയിൽ
ചെന്നൊരു വിദ്യപ്രയോഗിച്ചാലതു
നന്നെന്നുള്ളതു വന്നുഭവിപ്പതു
സജ്ജനസഭയുടെ സൽഗുണഗണ്യത
ഇജ്ജനമതിനാളായിട്ടല്ല;
വളമേറിന കണ്ടത്തിൽ വിതച്ചാൽ
വിളവൊരു പത്തിനു സംശയമില്ല
വളമില്ലാത്ത പറമ്പിൽ വിതച്ചാൽ
അളവെവിത്തും കിട്ടുകയില്ല
കണ്ടത്തിന്റെ ഗുണം കൊണ്ടേവിള-
വുണ്ടാവുള്ളൂ വിതച്ചതിലധികം
കൊണ്ടിഹ ചെന്നു വിതച്ചവനാലൊ-
ക്കൊണ്ടൊരു കാര്യം വരുവാനില്ല;
നല്ലകൃഷിക്കാരൻ താൻവിത്തൊരു
കല്ലിൽ വിതച്ചാൽ കരികേയുള്ള
നല്ലൊരു വയലിലുഴുതു വിതച്ചാൽ
നെല്ലൊരു നാഴിക്കൊരുപറവിളയും
എന്നകണക്കേ കേൾക്കുന്നവരറി-
യുന്ന ജനങ്ങൾ മഹത്തുകളെങ്കിൽ
ഇന്നവനെന്നില്ലവനുടെ വാക്കുകൾ
നന്നെന്നും വരുമിതിനുടെയർത്ഥം
അക്ഷരമെന്നാലമ്പതുമൊന്നുമ-
തിൽപരമെങ്ങാൻ കേൾപ്പാനുണ്ടോ!
പ്രാകൃതമൊന്നും സംസ്കൃതമെന്നും
വ്യാകരണം പതിനെട്ടു പുരാണം
സൂത്രം നാടകകാവ്യശ്ലോകം
ശാസ്ത്രം പലവക ചംബുബൃഹൽക്കഥ
ഗദ്യഗ്രന്ഥം പദ്യഗ്രന്ഥം
ഗണിതം വൈദ്യം വൈദികതന്ത്രം
ഇത്തരമനവധി പുസ്തകജാല
സമസ്തവുമമ്പത്തൊന്നിലടങ്ങും
അക്ഷരമീവക കൂട്ടിച്ചേർത്തതി-
ലക്ഷതമാകിയ രസമുളവാക്കി
പ്രാസവുമർത്ഥവുമിടചേർത്തീലു-
ള്ളാസ്യരസങ്ങളുമങ്ങുളവാക്കി

തീക്കും നല്ലൊരു കവിയുടെ കവിതകൾ
കേൾക്കും പരിഷകളെത്തരസിക്കും
കണ്ണുങ്ങൾക്കു സഹിക്കാതുള്ളൊരു
വണ്ണമതാക്കിച്ചൊല്ലും ദുഷ്കവി
ഇത്ഥം സൽക്കവിദുഷ്കവിഭേദം
സിദ്ധമതായ്വരുമെന്നിതിനർത്ഥം
ശിക്ഷയിലൊരു സാദൃശ്യം ചൊല്ലി
തൽക്ഷണമിഹ ഞാൻ ബോധിപ്പിക്കാം
പൃഥ്വിയുമപ്പും വഹ്നിമരുത്തും
പ്രഥയാമാകാശമിവയഞ്ചും
സാധനമഖിലശരീരം തീർപ്പാൻ
സാധുവതാകിയ ബ്രഹ്മാവിന്നും
ചട്ടികലംകുടമെന്നിവയെല്ലാം
കൊട്ടിത്തീർക്കും കുശവന്മാർക്കും
ചട്ടമിതെല്ലാമൊരു പോലിരുവരു-
മൊട്ടും ഭേദവുമില്ല നിനച്ചാൽ
മണ്ണും വേണം ജലവും വേണം
മണ്ണതു ചുടുവാൻ തീയും വേണം
ആയതു തീർത്താൽ വെള്ളം വലിവാൻ
വായുവുമതിലുള്ളാകാശവുമാം
ഭൂതമതഞ്ചും കുശവനു വേണം
ബ്രഹ്മാവിന്നതു തന്നേ സാധനം
ഇന്ദ്രാദികളാമമരന്മാരും
ചന്ദ്രദിവാകരചാരണഗണവും
മനുജന്മാരും ദനുജന്മാരും
മനുമുതലായ മഹീശന്മാരും
ഫണികളുമനവധി പലപല ഭുവനേ
പണിക്കൂടാതെ ചമയ്ക്കും ബ്രഹ്മൻ
ആയതുപോലെ വരുമോ കുശവൻ
നായർ ചമയ്ക്കും കലവും കുടവും
സാധനമൊന്നെന്നാലുമതിങ്ങിനെ
ഭേദവിശേഷം വരുവാൻ സംഗതി;
ഇത്ഥം സൽക്കവിദുഷ്കവിഭേദം
സിദ്ധമതായ്വരുമെന്നിതിനർത്ഥം.

പണ്ടുസ്യമന്തകമെന്നതു കാരണ-
മുണ്ടായോരപവാദകളങ്കം
പണിപല ചെയ്തു സമസ്തമൊഴിച്ചു
കഥനൊകരനതു കേട്ടിട്ടില്ലേ?
അരുളിച്ചെയ്താനലകടപൈതമാ-
ളതുഞാനെന്നതും കേട്ടിട്ടില്ല,
അക്കഥനമ്മോടറിയിക്കേണം
സൽക്കഥകേട്ടാൽ ദുരിതം നീങ്ങും;
എന്നതു കേട്ടു തെളിഞ്ഞൊരു സചിവൻ
വന്ദിച്ചങ്ങു പറഞ്ഞു തുടങ്ങി:—
ലക്ഷ്മീകുചതടകുങ്കുമരേഖാ
ലക്ഷ്മിലളിതഭുജാന്തരനാകിയ
ലക്ഷ്മീപതിനിജഭക്തജനാനാം
ലക്ഷ്മീവിതരണശീലൻ ഭഗവാൻ.
ലക്ഷ്മീഭഗവതി രുക്മിണിയോടും
ലക്ഷ്മീവാനൊരുമിച്ചു വസിച്ചു;
മന്ദിരപൂർത്തികൾ കീർത്തിപ്പാൻമമ
മന്ദതകൊണ്ടതിദുർഘടമല്ലോ;
മന്ദരശൈലമഹാശിഖരങ്ങളു-
മന്നതിനോടെതിരാകരുതേതും;
ചന്ദനവാടിയിലിടചേർന്നീടിന
സാന്ദ്രാലയശതമുണ്ടൊരു ഭാഗേ;
ചന്ദ്രികതട്ടിയലിഞ്ഞൊഴുകീടിന
ചന്ദ്രോപലപലമതിലുകളതുലം
ചന്ദ്രാനനമാർ പതിനാറായിര-
മിന്ദ്രാവരജമനോഹാരിണിമാർ
സാന്ദ്രമനോഹരഗാനാരംഭേ
മന്ദമണഞ്ഞു പുണർന്നു പുണർന്നും
കന്ദകരണ്ഡകമാലകൾ ചൂടി
കന്ദുകതാഡനലീലകളാടി
ഇന്ദിശമലഹരിബലഹരിപാടി
ഇന്ദളമെന്നിവസരസംപാടി

അങ്ങാടിയതുതന്നിലെങ്ങാനുമൊരുനിശി
പാദേകനകപ്പൊടിക്കൂടെയിടകലർന്നു
മുത്തുമണിപലതുമുത്തുംഗകാന്തിയോടെ
വിങ്ങുന്നപാതിരാവിലെങ്ങും നടക്കുന്നേരം
കണ്ടാലതിങ്ങലൊട്ടുമുണ്ടാകയില്ലരുചി;
കാണാതപഹരിക്കകാണിപോലുമില്ലെന്നു
പ്രാണികൾക്കെല്ലാമുണ്ടപ്രാണാപായത്തിൽഭ-
നാട്ടുമകന്നുനിശി കാട്ടുകൾതോറുമെന്നല്ല [യം
ചോട്ടമിറക്കിച്ചിലകേഴമിഴിമാർതാനേ
പേടിയുംവെടിഞ്ഞങ്ങുതാനേകിടക്കുന്നേരം

ഭവടക്കലങ്ങളെല്ലാമൊരിക്കലുമില്ലാതെ
മാത്രയുമല്ലതിലും പരിതാപമില്ലാതെ
പെട്ടന്നാങ്ങളോടും മറ്റാരായാലുമൊന്നും
പെട്ടന്നിളക്കമില്ലാതൊന്നുംഭേദമായിട്ടുന്നു
ഏവമൊരിജപുരിയിൽ ഭവാൻ സുഖിച്ചുബല-
ദേവൻതന്നോടുകൂടെമേവുന്നകാലമങ്ങു
വൃത്രാരിസഹജനാമിത്രമാസ്സ്വദിക്കുന്ന
സത്രാജിത്തൊരുദിനംമിത്രനെസ്സേവിപ്പാനായ്
കാലേകുളിച്ചുചിലമൂലമന്ത്രംജപിച്ചു
ചാലേസമുദ്രംതന്റെകൂലേവസിച്ചു രവി
തന്നെസ്തുതിച്ചാനവനനോരമാടലോടെ

അംഭോജാകരതോഷണം ത്രിജഗതാ-
മാനന്ദസംപോഷണം
ഗംഭീരാമയശോഷണം വരതര
ശ്രീമന്മഹാഭീഷണം
ഡംഭാഹമ്മതിദൂഷണം സുരഗിരേ-
രേകംമഹാഭൂഷണം
സ്തംഭിന്നാരിഷുരോഷണം പ്രതിദിനം
വന്ദാമഹേപൂഷണം.

അംബരചാരിൻ! അംബുജധാരിൻ!
ഉരുതരദുരിതമഹാമയഹാരിൻ!
മണ്ഡനധാരിൻ! ഖണ്ഡിതവൈരിൻ?
ദിനമനുനിഖിലചരാചരഹാരിൻ!
കാമവിസാരിൻ കോമളധാരിൻ
ജയജയ! ദിനകരവാതാഹാരിൻ!
ഒട്ടൊഴിയാതെ ചരാചരമെല്ലാം
ഒട്ടുപുലച്ചുതുടങ്ങുന്നേരം
ഒട്ടുംതാഴ്ചവരാതെഗമിച്ചുട-
നോട്ടംതേടിനടന്നീടുകയും
വാട്ടമകന്നുപിടിച്ചുകളിച്ചും
വേട്ടകളാടിനടന്നുരസിച്ചും
പാട്ടിലിരുന്നുരസിച്ചുമുടിച്ചും
തണ്ടാർമലർശരമേററുവലഞ്ഞും
തണ്ടാർമിഴികളെയങ്ങുതിരഞ്ഞും
തേടിനടന്നുനടന്നുവലഞ്ഞും
തണ്ടിലിരുന്നുശരീരമുലഞ്ഞും
ഭക്ഷണമാശുകഴിച്ചുകിടന്നും
ഭിക്ഷുകളേററുവിശന്നുതളന്നും
രക്ഷകളാംചെയ്യുതിനങ്ങുമറിഞ്ഞും

രൂക്ഷമതാം ചില കുന്നുകടന്നും,
ദുഷ്ടവിശേഷിതമൊക്കെലഭിച്ചും
ശിഷ്ടജനത്തെയടിച്ചുപിടിച്ചും
കഷ്ടമഹോ ചിലർ കള്ളുകുടിച്ചും
പുഷ്ടമിറച്ചിയെടുത്തുകടിച്ചും
നിന്തിരുവടിയുടെ ചരിതമിതെല്ലാം
സന്തതമഖിലംകാണാകുന്നു
സൃഷ്ടിക്കുന്നു ഭവാനിഹലോകേ
പുഷ്ടതയാപരിപാലിക്കുന്നു,
ദുഷ്ടരെയൊക്കെയൊതുക്കീടുന്നു
വിഷ്ടപമൊക്കെയഴിച്ചീടുന്നു
ജനനംചെയ്യുന്നുമവനംചെയ്യുന്നു
മഖിലചരാചരഹനനംചെയ്യുന്നു-
മനവരതം ദിനനാഥ! കൃപാലോ
നനുകലയാമി ഭവാനിഹ നൂനം
ശങ്കരനായതു നിന്തിരുവടിതാൻ
ശങ്കയെനിക്കിഹതെല്ലുമില്ല;
പങ്കജനാഭൻ നിന്തിരുവടിതാൻ
പങ്കജഭവനും നിന്തിരുവടിതാൻ,
വൃന്ദാരകപതിയാദിയതാം സുര-
വൃന്ദമശേഷം നിന്തിരുവടിതാൻ,
നിൻകഴലിന്നിഹകൂപ്പീടുന്നേൻ
നിൻകൃപയെങ്കലുദിച്ചീടേണം
എന്നിവപലവകചൊല്ലിനമിച്ചും
ഇന്ദ്രിയമഖിലമടക്കിജയിച്ചും
ഘോരമതായതപസ്സിലുറച്ചും
വാരിജബന്ധുമനസ്സിലുറച്ചും
പഞ്ചപാവകമദ്ധ്യഗനിന്ദ്രിയ
പഞ്ചകത്തെജയിച്ചുനിതാന്തം
ചഞ്ചലത്തെവെടിഞ്ഞൊരുനേരം
നെഞ്ചകത്തുമുദിച്ചുദിനേശൻ;
അഞ്ചിതായതലോചനനാമവ-
നഞ്ചുനാളിനകത്തൊരുഭേദം
തഞ്ചിനാനൊരുകാന്തിവിശേഷം
പഞ്ചസായകനോടുസമാനൻ
നെഞ്ചിലെപ്പൊഴുമഞ്ചിതമാകിന
വാഞ്ഛിതംമമനൽകണമിപ്പോൾ
കന്ദമൂലഫലങ്ങൾ ദലങ്ങളി-
ലൊന്നിലുംരുചിയില്ലവനന്ന

മന്ദവാതമതെന്നിയെമററവ-
യൊന്നുവേണ്ടഭുജിപ്പതിനായി,
ഡംബരങ്ങളകന്നിതുദേവാ-
ലംബനംരവിയെന്നുമുറച്ചു
ദേവദേവദിവാകര! പാലയ!
കേവലാഗമമാകിയമൂത്തേ!
ദേവസേവിതനായഭവാനുടെ
സേവചെയ്യതിനാരിഹപോരും
ഇത്തരം പലവാക്കു പറഞ്ഞതി
ഭക്തിയോടെ വണങ്ങി വണങ്ങി
ആത്തമോദം തപസ്സു തുടങ്ങിനാ-
നാത്തിതീക്കണമെന്നവനപ്പോൾ
അനന്തരം ദിനനാഥനവന്റെ
മുന്നിൽപ്പരിചൊടു കാണ്മായ് വന്നു
മന്ദസ്മിതവും തൂകിനികാമം
മന്ദമൊരക്ഷരമരുളിച്ചെയ്തു;
നന്ദകുമാരക! ചൊല്ലേണം നീ
ചിന്തയിലെന്തു നിനക്കഭിലാഷം?
സന്താപങ്ങളകന്നീടേണം
സന്തതമോദം വന്നീടേണം
ആത്തികളൊക്കെയകററീടേണം
കീത്തി നിനക്കു നടന്നീടേണം
ചിത്തഗുണങ്ങളിണങ്ങീടേണം
പൂത്തികളാത്തു വിളങ്ങീടേണം
ഇത്തരമുള്ള ദിവാകരവചനം
സത്വരമവിടെക്കേട്ടുദശായാം
അത്തലകന്നിഹ സത്രാജിത്തും
ഉത്തരമിത്ഥമുണത്തിച്ചുമുദാ;—
ഭക്തികൊണ്ടു ഗൃഹത്തിലിരിപ്പോൻ
ഭ്രഷ്ടമെന്നതറിഞ്ഞീടേണം
സവ്വമറിഞ്ഞൊരു നിന്തിരുവടിയൊടു
സാമ്പ്രതമെന്തിനുണത്തിക്കുന്നു?
പാരിടമൊക്കെയടഞ്ഞു നിറഞ്ഞൊരു
ക്രൂരിരുളൊക്കെയടക്കിക്കളവാൻ
കാരണമായൊരു തേജസ്സുണ്ടു
ചാരുതരം ത്വയി കാണാകുന്നു;
അടിയനുമൊന്നു തന്നരുളേണം
അടിയനുതേയം കരുണാസിന്ധോ

അടിമലർ കൂപ്പുന്നോക്കഭിലാഷം
വടിവൊടു നിന്തിരുവടി നൽകുന്നു;
ഇത്തരമുള്ളൊരു സത്രാജിത്തിൻ
ചിത്തമനോരഥ സാരമറിഞ്ഞു
ഉത്തമനാകിയ സൂര്യൻ ഭഗവാൻ
ഉത്തരമൊന്നിദമരുളിച്ചെയ്തു:—

ഭോ! ഭോ! സത്രാജിദത്രാജിതപദകമലാ-
ലംബനം സാമ്പ്രതം തേ
ദാതും ചേതോനുകൂലം കിമപി പടുതരം
നൈവലോകേ വിലോകേ
കാമംകാമപ്രദായീവപുഷിവിജയതേ
കോപിചിന്താമണിമ്മേ
സ്വണ്ണാനാമഷ്ടഭാരം ദിനമനുജനയേ
ദേഷദാസ്യാമിചൈനം.

ഇത്തരമുള്ളൊരു പദ്യം ചൊന്നാ-
നുത്തമനാകിയ സൂര്യഭഗവാൻ;
അത്ഥമിതിന്നറിവാൻ പണിയെങ്കിൽ
അത്ഥംഭാഷയിലങ്ങറിയിക്കാം
കൈകൊണ്ടൊട്ടറിയിച്ചീടേണം
മെയ്കൊണ്ടൊട്ടു നടിക്ക്യം വേണം
എന്നതുകൊണ്ടുമറിഞ്ഞില്ലെങ്കിൽ
ചൊന്നതിനത്ഥം ചൊല്ലുന്നുണ്ടു
സത്രാജിത്തേ! കേട്ടാലും! നീ
ചിത്രം ചിത്രം! നിന്നുടെ ധൈയ്യം
വല്ലവിമാരുടെ വല്ലഭനാകിയ
മല്ലവിലോചനനല്ലാതേന
വാണീടുമ്പോൾ നിങ്ങൾക്കെല്ലാം
കണിപോലും വേദവുമില്ല;
എന്നതിലേററവുമൊന്നു തരുന്നതി-
നെന്തിഹവേണ്ടിതിചിന്തിതമിങ്ങു
പണ്ടേയുണ്ടെന്റംഗം തന്നിൽ
കണ്ടാലും നീ കണ്ണതയെന്യേ
ഹന്തസ്യമന്തകമെന്നമഹാമണി
കാന്തികൾകൊണ്ടതികാന്തമിതല്ലോ
നിത്യം നിത്യം പൂജിക്കേണം
ചിത്താനന്ദം സേവിക്കേണം
എട്ടെട്ടുഭാരം പൊന്നുദിനംപ്രതി
മുട്ടാതെതരുമിമ്മണിരാജൻ;

എന്നാലിതു നീ മേടിച്ചാലും!
തന്നീടുന്നേനിന്നിതു തന്നെ.
ശിക്ഷയിലിന്നിതു സൂക്ഷിച്ചങ്ങിനെ
രക്ഷിക്കേണമിതെന്നരുൾചെയ്തു.

സ്യമന്തകംമണികൊടുത്തു സൂര്യൻ
സമന്ത്രമങ്ങിനെ മറഞ്ഞനേരം
അമന്ദവേഗമൊടവൻ നടന്നു
ക്രമേണ കാനനതലം കടന്നു
ഗളത്തിലമ്മണി വിളങ്ങിയപ്പോൾ
കളത്രശോഭകൾ നിറഞ്ഞു കണ്ടു;
പുരത്തിലങ്ങവനടുക്കുമപ്പോൾ
കടുക്കനേ ചിലരകന്നുനിന്നു
തെരുക്കനെച്ചിലരൊതുക്കിയെല്ലാ-
മുരത്തിരിപ്പിന്നൊരുമ്പെടുന്നു;
ദിനേശനങ്ങിഹ വരുന്നു താനേ
ജനേശനെപ്പുനരണഞ്ഞു കാൺമാൻ
ജനങ്ങളിങ്ങനെ നിനച്ചു തൽക്ഷണ-
മനേകസംഭ്രമമകന്നു നിന്നു,
അർക്കനെഴുന്നള്ളുന്നതു കാൺമാൻ
വെക്കം ചെന്നു നിറഞ്ഞു ജനങ്ങൾ
ദിക്കുകളിൽ ചില തിക്കുതുടങ്ങി
പൊക്കത്തിൽ ചിലരേറിനിരന്നു
അച്ചികളെല്ലാം കാഴ്ചയിതെന്നി-
ട്ടുച്ചത്തിൽ ചില വാക്കുതുടങ്ങി
ഇച്ചിരിയമ്മേ! നിച്ചിരിയത്തി;
ഇച്ചിരിയൊട്ടും നന്നല്ലെടി!
കൊച്ചുകളോടു കളിച്ചിരിയാമത്
കാഴ്ചയിലിച്ഛ നിനക്കുണ്ടെങ്കിൽ
കാച്ചിയ പുടവയുടുക്കരുതായോ!
പച്ചപ്പുഴവും തേക്കരുതായോ
കഞ്ഞിപ്പെണ്ണിനു കഞ്ഞികുടിപ്പാൻ
കഞ്ഞുകരഞ്ഞിട്ടാവതുമില്ല;
മഞ്ഞളുകിലും കഞ്ഞിപ്പുടവയു-
മാഞ്ഞുപിടിച്ചൊരു കഞ്ഞച്ചാരും
കഞ്ഞിക്കാവും അവളുടെ മകളും
പാഞ്ഞിതു പോന്നു കാഴ്ചകൾ കാൺമാൻ;
മായച്ചിക്കൊരു നായർ വരാനു-
ണ്ടായതു കൊണ്ടവൾ പോരുന്നില്ല
മായം വേണ്ടയിതേറെ മദിച്ചാൽ
തായം തെറ്റുമതോർത്തീടേണം
ചക്കിക്കുണ്ടൊരു ചക്കരവായൻ
ചക്കച്ചാരെന്നക്കരവീടൻ
തക്കംനോക്കിയടുക്കുന്നേരം
വെക്കമൊടവനെപ്പോക്കണമെന്നും
നീലിപ്പെണ്ണവൾ താലിയണിഞ്ഞും
ചേലഞൊറിഞ്ഞും മാലയണിഞ്ഞും
കേളച്ചാരുടെ കോലം കണ്ടും
കാലം പോയതറിഞ്ഞില്ലവളും;
ഇങ്ങിനെയോരോവാക്കുകളോരോ-
ന്നംഗനമാരു പറഞ്ഞുതുടങ്ങി
തെക്കൻ കത്തിയെടുത്തൊരു തോളിൽ
തൂക്കിക്കൊണ്ടൊരു ക്രുക്ക് വിളിച്ചു
ചെക്കനെയങ്ങു മറിഞ്ഞഥനോക്കി-
ച്ചിക്കെന്നങ്ങു നടന്നു തുടങ്ങി,
പൌരന്മാരതു നേരമതെല്ലാം
നാരായണനോടറിവിപ്പാനായ്
ദ്വാരകതന്നിൽ ചെന്നൊരു സമയേ
നാരായണനെക്കാൺമാറായി
വൃഷ്ണികുലത്തിന്മകുടമഹാമണി
കൃഷ്ണൻ തിരുവടിതാനതുനേരം
വല്ലഭയാകിയ രുക്മിണിയോടും
നല്ലവിശേഷം ചൊല്ലി രസിച്ചു
ശീതളമായൊരു മണിയറതന്നിൽ
ചൂതും പടവുമെടുത്തുനിരത്തി
ചൂതായുധസമനാകിയ ഭഗവാൻ
ചൂതും പൊരുതു കളിച്ചുരസിച്ചു
ഇരുമൂന്നാറുകളിച്ചാലിന്നീ-
ക്കരുവതിനിക്കിഹ വെട്ടാമെന്നും
പെട്ടെന്നിപ്പോളൊരെട്ടു കളിച്ചാൽ
പെട്ടപിരിച്ചതു വെട്ടാമെന്നും
പകിടകളിച്ചതു കപടം തന്നെ
പകിടികളെന്നോടു കൂടായെന്നും
തോലിപിണഞ്ഞു നമുക്കെന്നാലെൻ
താലിയിലൊന്നു തരുന്നേൻ പണയം
കൊങ്കകൾ രണ്ടും പണയം തന്നാ-
ലെങ്കിലൊരിക്കൽ പോരുതാമെന്നും

ഇത്തരമോരോവാക്കുകൾ ചെയ്തു
ചിത്തവിനോദത്തോടു വസിക്കും
പുരുഷോത്തമനെച്ചെന്നു വണങ്ങി
പുരജനമേവമുണർത്തിച്ചു മുദാ.

രാകാശശിവദന! ദേവശൌരേ! ജയ
ലോകാഭിരാമഗുണ! ദേവശൌരേ!
ലക്ഷ്മീരമണ! ജയ ദേവശൌരേ!
അക്ഷീണഭുജബല ദേവശൌരേ!
ലീലാരസികതനോ! ദേവശൌരേ വന-
മാലാവലിഭൂഷണ ദേവശൌരേ!
ആദിത്യദേവനിങ്ങെഴുന്നരുളീതാനേ
മോദേന ഗോപുരത്തിൽ പാർത്തിടുന്നു;
കാന്തിപടലം കൊണ്ടീരാജധാനിയിലുള്ള
കാന്താരമഖിലം വിളങ്ങീടുന്നു;
നിന്നടിമലർ വന്നു കുപ്പുവാനായവ-
നിന്നിഹവന്നീടുന്നു മോദമോടെ;
എന്നാലവനെയിന്നു കാണിക്കേണം
നന്നായിട്ടൊരു ദിക്കിൽ പാർപ്പിക്കേണം.

എന്നിവാക്കുകൾ കേട്ടു മുകുന്ദൻ
മന്ദസ്മിതമോടുമൊന്നരുൾ ചെയ്തു
എന്നും ദിനകരനല്ലവരുന്നതു
മന്ദന്മാരതു ബോധിച്ചാലും!
അംബരമാർഗ്ഗം തന്നിൽ വിളങ്ങുമൊ-
രംബരമണിയുടെ ബിംബമൊരുനാളും
അവനിതലത്തിലിറങ്ങുകയില്ലെ-
ന്നറിയരുതായോ! ഘോഷന്മാരേ!
സത്രാജിത്തു തപസ്സു തുടങ്ങി-
ത്തത്രവസിക്കുന്നെന്നതു കേട്ടു
മിത്രവരം കൊണ്ടവനുടെ കാന്തികൾ
ഇത്രവിളങ്ങിയതെന്നറിയേണം;
ഇത്തരമൊന്നരുൾ ചെയ്തളവായാം
സത്രാജിത്തുമണഞ്ഞു വണങ്ങി
വൃത്രാരാതി സഹോദരനോടാ-
വൃത്താന്തങ്ങളുണർത്തിച്ചു മുദാ;
ചെന്താർമാനിനി തന്നുടെ കണവൻ
ചിന്തതെളിഞ്ഞൊന്നരുളിച്ചെയ്തു;—
ആദവനിന്നുടെ ഭാഗ്യംകൊണ്ടു
സാദരമായു ലഭിച്ചിതു മണിയും
ഭൂമിയിലുള്ള ജനങ്ങൾക്കിമ്മണി
കാൺമാൻപോലും പണിയാകുന്നു
അർക്കനു നിങ്കലുദിച്ചൊരു കരുണയ-
തോർക്കുംതോറും ചിത്രം ചിത്രം!
പരമമഹാധനമാകിയരത്നം
പരിപാലിപ്പാനെളുതല്ലേതും
ചോരന്മാരുണ്ടനവധി പാർത്താ-
ലാരെന്നാലും സൂക്ഷിക്കേണം;
നിങ്കലൊരമളിവരാതെയിരിപ്പാ-
നെങ്കിലതെങ്കലിരുന്നീടട്ടേ!
ആശയതിങ്കൽ നമുക്കില്ലേതും
നാശം വരുമതുകൊണ്ടു പറഞ്ഞു:
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമതൊക്കെ നിനക്കു തരുന്നേൻ
ഇത്തരമൊന്നരുൾ ചെയ്തു കേട്ടതി-
നുത്തരമൊന്നവനരിയാടാതെ
ചിത്തംകൊണ്ടു ചിരിച്ചു തുടങ്ങി
സത്വരമങ്ങു നടന്നു തുടങ്ങി;
ദ്രവ്യത്തിങ്കലെയാഗ്രഹമെന്നതു
ദിവ്യന്മാർക്കുമിളക്കരുതേതും
വിത്തത്തിൽ കൊതിയുണ്ടാമെന്നാൽ
ഇത്രയതെന്നൊരു നിയമംവേണം;
കാററും മഴയും വെയിലും മഞ്ഞും
ഏററം കൊണ്ടുടനാടലിനോടേ
ഏറാമുറക്കം മാററിപ്പരിചൊടു
നോററു കിടന്നുടനേററമിരന്നും
പണിപെട്ടിങ്ങു നമുക്കു ലഭിച്ചൊരു
മണിപെട്ടന്നു പിടിച്ചുപറിപ്പാൻ
മടികൂടാതരുൾ ചെയ്തൊരു വചനം
കടുതായ്വന്നുടനോർക്കുംതോറും;
സ്വർണ്ണമശേഷം തരുവനിതെന്നൊരു
കണ്ണാനന്ദം ചൊല്ലുകയത്രേ
പാട്ടിലണഞ്ഞ ധനത്തിലൊരല്പം
കൂട്ടുകയില്ലീ യജമാനന്മാർ;
പെട്ടിതുറപ്പാനിന്നെളുതല്ലാ
പൂട്ടിയ പുരുഷൻ വീട്ടിൽ പോയി
നാളെ വരേണം വേണമതെങ്കിലൊ-
രാളെയയച്ചാലതുമതിതാനും,

ഇങ്ങിനെയുള്ളൊരു ശാതപറഞ്ഞി-
ട്ടിങ്ങു ലഭിപ്പാൻ കൂടുകയില്ല
ഇത്ഥം തപസി നിന്നിട്ടും കൊണ്ടു
സത്രാജിത്തും ഭവനം പുക്കാൻ;
നിത്യവുമമ്മണിവച്ചൊരു പീഠേ
ഭക്തിമുഴുത്തഥ പൂജകൾ ചെയ്തു
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമെടുത്തു സുഖിച്ചു വസിച്ചു,
പ്രസേനനെന്നൊരു സഹോദരൻ താൻ
പ്രസാദമോടവനടുത്തു വന്നു
വണങ്ങിയമ്മണിഗുണങ്ങൾകൊണ്ടവ-
നിണങ്ങി നിന്നഥ പറഞ്ഞു കിഞ്ചന
കനത്തകൌതുകമിനിക്കു ചേതസി
ജനിക്കകൊണ്ടിതു നിനച്ചിടുന്നു
മനക്കുരുന്നതിലനുഗ്രഹം മയി
നിനക്കു കിഞ്ചന ജനിച്ചിടേണം;
നിരാകുലം മമ തരേണമിമ്മണി
ചിരേണ വാഞ്ഛിതമെനിക്കു ചേതസി
സരോജവല്ലഭ വരേണ്യനായതു
കരേണ തൊട്ടതു ധരിക്കണം
ഗളത്തിലമ്മണിവിളങ്ങണം മമ
കളത്രശോകകൾ നിറയ്ക്കണം
നെടുത്ത കാനനമടക്കിവാഴും
മൃഗങ്ങളെപ്പല തൊടുക്കണം
മുടക്കിയമ്പുകൾ തൊടുക്കണം മൃഗ-
നടിപ്പതും ചിലമുടക്കണം
സാദരമിങ്ങനെ സോദരവചനം
യാദവനമ്പൊടു കേട്ടുദശായാം
ഖേദം മനസി ജനിച്ചതടക്കി-
സ്സോദരനമ്മണിയുടനേ നൽകി;
അപ്പോഴമ്മണി മേടിച്ചവനും
ശില്പമെടുത്തു കഴുത്തിലണിഞ്ഞു;
പച്ചച്ചിലങ്ങിനകച്ചമുറുക്കി
പച്ചപ്പട്ടുമുടുത്തഥ കെട്ടി
പച്ചപ്പുരിചയുമസിയുമെടുത്തൊ
പച്ചക്കുതിരമെലേറി നടന്നു;
വേട്ടയ്ക്കിളമയെഴുന്നള്ളുന്നതു
കേട്ടുടനേരം നായന്മാരൊരു
കൂട്ടമിരുന്നു പറഞ്ഞുതുടങ്ങി
കൂട്ടിവിളിച്ചു പറഞ്ഞുതുടങ്ങി;—
നായാട്ടെന്നതു കേൾക്കും നേരം
നായന്മാർക്കൊരുത്സവമല്ലോ
മായം ചിലവക ബോധിക്കേണം
തായം കൊണ്ടതു സാധിക്കേണം
നായ്ക്കളനേകം കൂട്ടം വേണം
നായാടികളുമൊരുവക വേണം
വലയും കെട്ടിയുറപ്പിക്കേണം
മലയും കാട്ടുമിളക്കീടേണം
കലഹിക്കുന്ന മൃഗങ്ങളെയൊക്കെ
കൊലചെയ്യാനൊരു വിരുതും വേണം;
കണ്ടച്ചാരു മരിച്ചപ്പിന്നെ
തെണ്ടിപ്പെല്ലാം കൂടെ മറന്നു;
വേട്ടക്കളരിയിലെത്തുംപോഴും
കോട്ടമിതൊന്നും നമ്മുടെ കണ്ട-
ജ്യേഷ്ഠനിരുന്നാനുണ്ടായില്ല;
നമ്പൻനായെക്കൊണ്ടൊരു കൂട്ടം
വമ്പെന്നാലതു മതിയായില്ല
വമ്പടയൊക്കെ കൂട്ടിക്കൊണ്ടു
മുമ്പിൽ നടപ്പാൻ പോരാതാനും;
പണ്ടു പടയ്ക്കു മുറിഞ്ഞപ്പിന്നെ
തിണ്ടലിനിക്കോനേരായില്ല;
കേളച്ചാരുകൊടുത്തു വളർത്തൊരു
കാളൻനായവനെങ്ങു തിരിച്ചു
ചീളന്നെത്തിപ്പന്നിത്തടിയൻ
വേളകുടിച്ചു പൊളിപ്പാൻ പോയി!
കേളച്ചാരുടെ കാളൻനായുടെ
ശീലം നിങ്ങളറിഞ്ഞിട്ടില്ല;
ചാലേ പന്നികൾ കോലം കണ്ടാൽ
വാലും തറുപറക്കും കള്ളൻ,
കുറമ്പനെന്നൊരു നായുണ്ടവനൊരു
തരിമ്പുപേടിയുമില്ലൊരു നേരവും
ഉറമ്പിനല്ലൊരു വരമ്പുപററി
തരം വരുമ്പോൾ കടിയും കൂട്ടം;
വെള്ളമ്പനൻ പൊട്ടുമൃഗങ്ങളോടേ
കലമ്പുവാൻ മതി ബലം കൊടാതെ
പെരുത്തവൻ പുലിയുരത്തുവന്നാൽ
കഴുത്തറപ്പാൻ കരുത്തുപോരും;

കട്ടവായോടൊരുകടികൊണ്ടന്നേ
ന്നെട്ടവാലൻതന്നുടലുമുറിഞ്ഞു
അടവിയിലിന്നുരുനടനംചെയ്യാൻ
ളുടനേയിന്നാപട്ടവല്ലേതും
ചാത്തച്ചാരുടെ ചാത്തൻനായും
തൊമ്മച്ചാരുടെ തൊമ്മൻനായും
കണ്ടച്ചാരുടെ കണ്ടൻനായും
കോരച്ചാരുടെ വീരൻനായും
എന്നിവനായ്ക്കളനേകംവേണം
നിന്നുപിണങ്ങുമിണങ്ങരുവേണം
പടയ്ക്കുനല്ലവനിടയ്ക്കുമാകാ-
യിടയ്ക്കുനല്ലവൻപടയ്ക്കുമാകാ
പടയ്ക്കുട്ടക്കം കണക്കതന്നെ
കട്ടത്തവേട്ടയ്ക്കൊരുമ്പെട്ടണം
വെളുക്കമപ്പോൾ കുളിച്ചുനല്ല
വെളുത്തമുണ്ടും ഞൊറിഞ്ഞുടുത്തു
വെളുത്തവെണ്ണീറെട്ടത്തണിഞ്ഞു
കളുത്തചോറും ചെലുത്തിനന്നായ്
തളത്തിലേറിച്ചുരിഞ്ഞുറങ്ങും
ളളതാമേറിന തനിച്ചനായർ
പടയ്ക്കുചെന്നങ്ങടുക്കമപ്പോൾ
പടയും കുടയും വടിയും പൊടിയും
പൊട്ടുപൊടെ വെടിയും ചാക്കം മുറിവും
വാക്കും തെറിയും ചോരപ്പുഴയും
തീരാപ്പുഴിയും കണ്ടൊരുനേരം
തൊണ്ടനവന്റെ തുടകളുരണ്ടും
കിട്ടുകിടനെന്നുവിറച്ചുവിറച്ചും
ളുടലുതളന്നും പേടിവളന്നും
പടലുതടഞ്ഞിട്ടവിടെമറിഞ്ഞും
വെക്കംവീട്ടിലടുക്കളതന്നിൽ
പുക്കൊരുവമ്പൻ കതകുമടച്ചു
കഴലപനിച്ചുകിടക്കയുള്ള
കിട്ടച്ചാരൊരുവേട്ടക്കിടയിൽ
കാട്ടിൽചെന്നൊരു കോട്ടിലുറച്ചു
ക്കുട്ടംപന്നികൾ ചാട്ടംകണ്ടി-
ട്ടോട്ടംകൊണ്ടിഹവീട്ടിൽപോന്നു
അട്ടികൊതിച്ചുവസിച്ചീടുന്നൊരു
ധൃഷ്ടിയുമെന്തിനുപോന്നീടുന്നു?

കണ്ണൻപഴവും ചോറുംകറിയും
പൊണ്ണത്തടിയാ കാട്ടിൽകിട്ടാ;
[illegible]ന്ദരനെന്നൊരുഭാവത്തോടെ
[illegible]ന്ദൂരക്കുറിയിട്ടുംകൊണ്ടു്
വേട്ടയ്ക്കെന്തിനുതാൻപോരുന്നു?
കാട്ടിലിരിപ്പതുവേശ്യകളെന്നോ?
കള്ളാ! ചെന്നുകളത്രംതന്നുടെ
പിള്ളയെടുത്തുകളിപ്പിച്ചാലും!
തുള്ളിവരുന്നകുരങ്ങുകണക്കേ
തുള്ളിവരുന്നൊരുകോന്തച്ചാരുടെ
പിള്ളേരുടെയൊരു നായാട്ടിങ്ങിനെ
വള്ളികളേറിയിരുന്നുവിറയ്ക്കും
തള്ളപിരിഞ്ഞൊരുകുഞ്ഞുകളൊന്നിനു
കൊള്ളരുതെന്നതുകേട്ടിട്ടില്ലേ?
ചേന്നച്ചാക്കതിടുക്കംവന്നു
തന്നുടെമകളവർപെററതുകൊണ്ടു്
ഉള്ളിയരച്ചും മുക്കടിവെച്ചും
വെള്ളംവെച്ചും കൊള്ളിപിടിച്ചും
ഉള്ളൊരുനേരമടങ്ങിയിരിപ്പാൻ
കള്ളപ്പാഴന്നൊളുതല്ലേതും,
കൊട്ടാരത്തിൽകൊച്ചുപണിക്കരു
വേട്ടക്കായിപോകണമെന്നാൽ
മുമ്പിലൊരമ്പതകമ്പടിവേണം
പിന്നെച്ചിലവകവേറേവേണം
പെട്ടിയെടുപ്പാൻ പട്ടരുവേണം
കാലുതിരുമ്മാൻ നായരുവേണം
വേലുക്കോരനുമരികേവേണം
സഞ്ചിയെടുപ്പാൻ പൊതുവാൾവേണം
ചന്തംകൂട്ടിവനത്തിൽചെന്നാൽ
എന്തൊരുകാര്യം ചിന്തിക്കുന്നു!
കാട്ടിൽചെന്നു മഹാഘോഷ്ടംപറവാൻ
കൂട്ടിക്കൊണ്ടിഹപോകയുമല്ല
കല്പിക്കുന്നതുമെന്തിനുപാഴിൽ
കല്പനവന്നതുബോധിച്ചില്ലേ
തങ്ങളിലിങ്ങനെയോരോവാക്കുകൾ
അങ്ങുപറഞ്ഞുനിറഞ്ഞാൻപടയിട
തിങ്ങിയിടഞ്ഞുനടന്നുതുടങ്ങി
ഭംഗിയിണങ്ങിനകോപ്പുംകൂട്ടി

തപ്പുമദ്ദളമിടക്കയുടുക്കുകൾ
തിത്തിവീണമുഖവീണമുരശും
ചേങ്ങിലതിമിലനല്ലമൃദംഗം
ചെണ്ടകൊമ്പുതുടികഞ്ഞാംജാലം
ഡിണ്ഡിമമംകൃമിടക്കയുടുക്കുകൾ
മഡ്ഡു, ഝല്ലരികൾ ഝർഝരവാദ്യം
ഇത്തരംവിവിധവാദ്യസമൂഹം
പത്തുലക്ഷമിവയൊക്കെമുഴക്കി
തിത്തിമത്തതത്തരികിടകിടതക
തികധകിടധിമിതത്തധരികിട
കിടതകിജംതധാംകിടതകിധോം
ധിത്താതെധനകിടതകിധത്തീം
ധക്കധരിക്കധരിക്കധകധണ
കങ്ങണതക്കതിക്കതക്കട്ടേതക്കിടകിടതികി
ഇത്തരമുള്ളൊരുഘോഷംപലവക (ത്തരം
സത്വരമങ്ങുതുടങ്ങീടുന്നു

വില്ലും നല്ലശരങ്ങളും ചുരികയും
ചക്രങ്ങൾ ശൂലങ്ങളും
ചൊല്ലേറും ചിലകത്തിവാളുചവളം
തോക്കും മുനക്കത്തിയും
ഉല്ലാസത്തോടെടുത്തടുത്തിട്ടുടനേ
മെല്ലപ്പടക്കൂട്ടമ-
ങ്ങെല്ലാംകൂക്കിവിളിച്ചുകാട്ടിനരികേ
വേട്ടയ്ക്കൊരുമ്പെട്ടതേ.

പടയിളകീടിനസമയേ ശിവശിവ!
ഭടജനമുടനേഝടിതിചവിട്ടി
ധരണിതലങ്ങളിടിഞ്ഞുപൊടിഞ്ഞും
പൊടിപടലങ്ങളുമവിടെനിറഞ്ഞു
അഖിലമെഴുന്നനിരന്നുപരന്ന-
അംബരസീമനിരവികിരണങ്ങളു-
മൊക്കെമറച്ചുടനവിടെയടങ്ങാ-
ത്തമരപുരത്തിനകത്തുകടന്നാ-
ഗംഗാജലവും ചെന്നുകലക്കി
വട്ടപ്പുറിചയുടക്കീടുമപ്പോൾ
ചടപടനെന്നൊരുകഠുതരഘോഷം
എട്ടുദിഗന്തംപൊട്ടിച്ചീടിന
കൊട്ടുംവെടികളുമൊട്ടൊഴിയാതെ
കേട്ടുദശായാമഷ്ടമഹാഗജ
ക്കൂട്ടവുമുടനെഞെട്ടീടുന്നു;
മലകളുമാശുകുലുങ്ങീടുന്നു;
ജലധികളാശുകലങ്ങീടുന്നു
വിടപികളൊക്കെയുലഞ്ഞീടുന്നു;
തടിനികളൊക്കെയലഞ്ഞീടുന്നു;
ധരണിധരിപ്പാനെളുതല്ലാഞ്ഞി-
ട്ടുരഗാധിപതിവലഞ്ഞീടുന്നു
കമാധീശൻ തന്നുടെയുടലും
ചടുചടനെന്നുതകർന്നീടുന്നു;
ചാടിച്ചിലരുപിടിച്ചുകളിച്ചും
കൂടെച്ചിലരുപിടിച്ചുതടുത്തും
വടികൾവലിച്ചുതടികളൊടിച്ചും
പടലിലടിച്ചും പൊടികൾതുടച്ചും
ശിലകൾപൊടിച്ചും വലകൾപടുത്തും
വഴികൾതടുത്തും വികടമടുത്തും
നായാട്ടിന്നിഹ നായന്മാരവർ
കാട്ടിൽചെന്നു നിറഞ്ഞൊരുസമയേ
നായാടികളും കാടുമിളക്കി
ദിക്കുകളിൽ ചില വലയുംകെട്ടി
തക്കമറിഞ്ഞുതിരഞ്ഞുമൃഗങ്ങളെ
വക്കാണത്തിനടുത്തൊരുസമയേ
സത്രാജിത്തിൻറനുജനമപ്പോൾ
തത്രജനത്തോടൊന്നരുൾചെയ്തു
വേടന്മാരിതുബോധിക്കേണം
കാടുകളൊക്കെയുറപ്പിക്കേണം
കാട്ടീന്നൊരുമൃഗമോടിപ്പോയാൽ
കോട്ടംനിങ്ങൾക്കെന്നറിയേണം
പേടികറഞ്ഞഭടന്മാരിൽ ചില-
രോടിയണഞ്ഞുപിണങ്ങീടേണം;
വേടന്മാരൊടുകൂടിനടക്കണ-
മാടൽമനസ്സതിലുള്ളവരെല്ലാം
അമ്പൊടുകന്തക്കാരൊരുമിച്ചു
മുമ്പിൽനടന്നുപിണങ്ങീടേണം
വമ്പടയൊക്കെയുറപ്പിക്കേണം
വമ്പുപറഞ്ഞാലെളുതാകില്ല,
വമ്പുലിവന്നിഹചാടീടുന്നു
അമ്പൊടുകരുതിനടന്നീടേണം.

പ്രസേനനിങ്ങനെഗംഭീരമായി
സ്വസേനയോടഥപറഞ്ഞനേരം
പടജ്ജനങ്ങൾ വനത്തിലപ്പോൾ
നടുത്തുകാടുകളിളക്കിമെല്ലെ
തുടങ്ങിനായാട്ടനേകമപ്പോൾ
ഒടുക്കമില്ലാമൃഗങ്ങളപ്പോൾ
പൊടുക്കനെചിലപരിഭ്രമിച്ചും
കടുക്കനെച്ചിലതിരിഞ്ഞുറച്ചും
നടുക്കമോടുടനൊളിച്ചൊളിച്ചും
നെടുത്തപല്ലുകളിളിച്ചിളിച്ചും
കടുത്തമാനുകളകന്നകന്നും
തടിച്ചപന്നികളകന്നകന്നും
തനിച്ചുകാട്ടിൽ ജനിച്ചഘോഷം
നിനപ്പതിനും പ്രയാസമല്ലോ;
കൊമ്പിന്മേൽ ചില കൊമ്പുകളുള്ളൊരു
അമ്പുലക്ഷം കലകളണഞ്ഞു
ഒന്നിച്ചനവധിപന്നിക്കൂട്ടം
തിന്നുപിണഞ്ഞുചെന്നായ്ക്കൂട്ടം
കടമാനും ചില മറിമാനും പല-
നെടുമാനും ചില കുറുമാനുകളും
പുള്ളിപ്പുലിയും വൻപുലി ചെമ്പുലി
വള്ളിപ്പുലിയും വരിയൻപുലിയും
ഘനതരമാകിനവനമഹിഷങ്ങളു-
മെട്ടടിമാൻ പല കേഴക്കൂട്ടം
ന്യങ്കുകൾ രങ്കുകൾ ഗന്ധമൃഗങ്ങളു-
മളവില്ലാതൊരു കടമാനുകളും
ചമരിമൃഗങ്ങളനേകക്കൂട്ടം
കടുവാകരടികൾ കേഴക്കൂട്ടം
രൂക്ഷതരക്ഷുകൾ ഭല്ലൂകങ്ങളു-
മക്ഷതബലമാന്നാനക്കൂട്ടം
സിംഹം പലവകവികടകരാളം
വ്യാളസമൂഹം നരകരടികളും
മുയലുകളും ചില മയിലുകളും ബഹു
കുറുനരിയെന്നിവജന്തുസമൂഹം
ഒക്കെച്ചാടികാടുകൾതോറും
തക്കത്തിൽചിലപോട്ടിലൊളിച്ചും
വെക്കംചിലവകയോടിയണഞ്ഞും
നായ്ക്കളടുത്തുകടിച്ചുപൊളിച്ചും

വെട്ടുകൾ കുത്തുകൾ നീട്ടുകളെന്നിവ
വക്കാണങ്ങളനേകവിധങ്ങൾ
വെടികൊണ്ടങ്ങുമൃഗങ്ങൾ മുറിഞ്ഞും
കടികൊണ്ടങ്ങുജനങ്ങൾ മുറിഞ്ഞും
കരടികളെത്തിയടിച്ചു കടിച്ചും
കടുവാക്കൂട്ടമടുത്തു പിടിച്ചും
വ്യാഘ്രങ്ങളുമതിശീഘ്രമടുത്തും
ഊററത്തിൽചിലർ പന്നികൾ തന്നുടെ
തേററകളേററുമരിച്ചുതുടങ്ങി
ഏററമടുത്ത ഭടന്മാരെല്ലാം
തോററുമടങ്ങി നടന്നുതുടങ്ങി
അപ്പോളതിബലനാം യദുബാലൻ
കെല്പോടണഞ്ഞഥവില്ലുമെടുത്തു
അത്ഭുതമായ് ശരമാരിചൊരിഞ്ഞു
ഉൽഭടവേഗമശേഷമൃഗങ്ങടെ
ദർപ്പമടക്കി മുടക്കിച്ചിലവഴി
ചാപമെടുത്തു തൊടുത്തഥവേഗാൽ
കോപമൊടാശുകടന്നു നാഥേ
മത്തഗജങ്ങടെ മസ്തകസീമനി
പത്തുമുപ്പതുമമ്പുകളുടനേ
ഒത്തുതറച്ചാനുത്തമവീരൻ
ഉത്തരമുള്ളഗജങ്ങളുമെല്ലാം
അത്തൽപിണഞ്ഞിഹ ചത്തുമറിഞ്ഞും
ശരമേററൻപൊടു ശരഭസമൂഹം
പരവശമായിമരിച്ചീടുന്നു
പന്നിക്കൂട്ടമതൊന്നിച്ചനവധി
വന്നതശേഷം കൊന്നീടുന്നു.
കലവന്നിങ്ങൊരു വലയിൽചാടി,
പലരുംകൂടിക്കൊലചെയ്യേണം
പന്നിക്കന്തമെനിക്കുണ്ടെന്നാൽ
പന്നികളെച്ചിലകൊന്നീടുന്നോൻ
കന്തമിനി മുറിഞ്ഞതുകൊണ്ടുട-
നന്തമിപ്പോളുണ്ടായ്‌വന്നു;
മെല്ലെക്കരടിവരുന്നതുകണ്ടി-
ട്ടല്ലലൊടുംപുനരോടും നേരം
കല്ലുതടഞ്ഞുമറിഞ്ഞുടനെന്നുടെ
പല്ലുകളൊട്ടുകൊഴിഞ്ഞുംപോയി
കടുവായെന്നതു കേട്ടൊരുനേരം
ഝടിതിനടന്നിതുഞാനുംപരിചൊടു

പടലിൽപോന്നുകടന്നുകിടന്നു
കടുവായച്ചതികണ്ടതുമില്ല
ഇങ്ങനെയോരോജളതപറഞ്ഞും
തങ്ങളിലൊട്ടുവിളിച്ചുതെളിച്ചും
നായന്മാരിഹകാട്ടുകൾതോറും
നായാട്ടാടിനടക്കുന്നേരം
കൊമ്പുകൾകൊണ്ടു ശിലാതലമെല്ലാം
അമ്പൊടുകുത്തിയടൎത്തുപൊടിച്ചും
തുമ്പിക്കൈകൊണ്ടഖിലമരങ്ങടെ
കൊമ്പുകളാശു പിടിച്ചുമൊടിച്ചും
സംഭ്രമമോടുവനത്തിൽനടക്കും
കുംഭികൾതന്നുടെ കുംഭതടങ്ങളി-
ലൂടനെ ചാടിയടുത്തുകടിച്ചും
ചുടുചുടയുള്ളൊരു ചോരകുടിച്ചും
കഠിനരവംകൊണ്ടടവികളെല്ലാം
കിടുകിടനെന്നുകുലുക്കിനടന്നും
വികടതടാകുലകടുതരമാകിന
മുഖമതുയൎത്തിയെടുത്തൊരുനോക്കും
കടുതരമാകിനകണ്ണിലുദിച്ചൊരു
തീക്കനലുകളുടെ കൂട്ടംകൊണ്ടും
കാട്ടുംപടലുകളൊക്കെദഹിച്ചും
കുടിലനഖങ്ങളിലൂടനെ ചിലവക
കടുവാകരടികളെന്നിവ കോൎത്തും
സിംഹാരാനലഭീഷണനാമൊരു
സിംഹത്തടിയൻ ഝടുതിയടുത്താൻ
ഝണംഝണംക്രോരാരവപരകരിണോ
മണ്ണകോമണ്ണമാനോ
ലുണ്ണംലുണ്ണഞ്ചെകണ്ണഘാനകഠിനതയാ
കണ്ണതാംഭ്രമിമുണ്ണൻ
ഘുണ്ണംഘുണ്ണഞ്ചെകണ്ണേതരമഢനിലയോഹന
കണ്ണീരവോസൌ
വാനണ്ണേമണ്ണതാരീൻവികടഹാടൾണെനർ
വണ്ണയൻകണ്ണനാളം.
കല്ലുകടിച്ചുപൊടിച്ചിട്ടന്നൊരു
പല്ലുകളൊക്കെവളഞ്ഞുപിരിഞ്ഞും
സ്ഫുടതരമാകിന സടകൾകുടഞ്ഞും
വിടപികളോടഥഝടിതിതടഞ്ഞും
കൊടിമരമോടിഹ പടപൊരുതീടിന
നെടിയൊരുവാലുമുയൎത്തിക്കൊണ്ടും
അടവിതകൎത്തുതിമൎത്തുനടന്നും
മൃഗപടലത്തെയമൎത്തുപിടിച്ചും
മൃഗയാജനത്തെയടുത്തു പിടിച്ചും
ചുടുചുടയുള്ളൊരു ചോരയണിഞ്ഞും
യദുസുതനോടതിഘോരമണഞ്ഞാൻ
ഭാസുരനാമൊരുകേസരിവീരൻ
പഞ്ചാനനനെക്കണ്ടതുനേരം
നെഞ്ചിനകത്തൊരു ഭീതിവളൎന്നു
ചഞ്ചലമാകിനഭടജനമെല്ലാം
തഞ്ചമിളച്ചവർ പാഞ്ഞുതുടങ്ങി!
വാളുംപരിചകടുത്തിലതോക്കുക-
ളാദികളാകുമൊരായുധമെല്ലാം
കൈകളിൽനിന്നുകളഞ്ഞുകളഞ്ഞു.
കാടുകളിൽ ചിലരോടിയൊളിച്ചും
യജമാനനെയുമുപേക്ഷിച്ചവരും
അളവേപുരിപുക്കങ്ങുവസിച്ചാർ.
സിംഹം ഝടിതിയടുത്തുപിടിച്ചു
പ്രസേനനേയും കുതിരയുമെല്ലാം
കഠോരമാകിന കരയുഗളംകൊ-
ണ്ടടിച്ചുകൊന്നങ്ങവനിയിലിട്ടാൻ;
സ്യമന്തകംമണിപറിച്ചുകൊണ്ടട-
നമന്ദസാഹസമവൻനടന്നു;
പെരുത്തകാനനതലത്തിലമ്പൊടു
കരുത്തനങ്ങനെ ചരിക്കുമപ്പോൾ.

സകലകപികുലതിലകഭൂപനാംജാംബവാൻ
സപദിനിജഗുഹയിൽ നിന്നിങ്ങുപോന്നേകദാ
വനഭുവിഫലങ്ങളെത്തേടിമേവുംവിധൌ
ഘനകുതുകമോടവൻകണ്ടുമൃഗേന്ദ്രനെ
വികിടമണിഘൃണിപടലവിതസിതശരീരനാം
മൃഗപതിയൊടെത്തിനേൎത്തീടിനാൻജാംബ-
വാൻ
കുതുകമൊടുടൻ കളിച്ചൊന്നടിച്ചീടിനാൻ
അതുപൊഴുതുതവിട്ടുപൊടിയായി സിംഹേന്ദ്ര-
മണിയതുമെടുത്തുടൻ പുക്കഗുഹാന്തരേ [ന്നും;
മഹിതഗുണശാലിയാം വാനരാധീശനും
ഉചിതതരകാന്തിയുള്ളോരുരത്നമതും
കൊച്ചുനികളിപ്പതിന്നായിനൽകീടിനാൻ;

എട്ടുഭാരംധനംവിളഞ്ഞീടുന്ന
ചട്ടററത്തിനൊട്ടല്ലസങ്കടം:
പെട്ടെന്നു കുഞ്ഞുങ്ങളങ്ങുമിങ്ങുംവലി-
ച്ചിട്ടുംവലിച്ചുംകളിക്കമാറാകയാൽ.

സത്രാജിത്തതുനേരം സോദര-
നത്രവരാഞ്ഞതുകൊണ്ടകതാരിൽ
ചിത്തവിഷാദം പൂണ്ടുടനവനുടെ
വൃത്താന്തങ്ങൾ തിരഞ്ഞൊരുസമയേ
സത്യമൊരുത്തരുമുരചെയ്യാഞ്ഞി-
ട്ടത്തൽമുഴുത്തുവനത്തിൽനടന്നു
കാട്ടിൽനടന്നുതിരിഞ്ഞുതിരഞ്ഞൊരു
കോട്ടിലുമവനെക്കാണാഞ്ഞിട്ടു
പെട്ടെന്നുടലുതളൎന്നുമനസ്സും
കെട്ടുകരഞ്ഞുപുരംപുക്കചരാൽ:
ഉദകക്രിയകൾ കഴിച്ചൊരുവിജനേ
വദനംതാഴ്ത്തിവസിക്കുംനേരം
ബന്ധുജനങ്ങളുമളവേചെന്നവ-
നന്തികസീമനിനിന്നുപറഞ്ഞു
സന്താപിച്ചുകരഞ്ഞു വിരഞ്ഞാ-
ലെന്തൊരുഫലമിനിവരുവാനുള്ളു?
ചിന്തിച്ചാലതു ഞങ്ങൾക്കേററമൊ-
രന്തരമിന്നിഹതോന്നുന്നില്ല:
ഈശ്വരകല്പിതമെന്നതുപാൎത്താൽ
വിശ്വജനത്തിനൊഴിക്കാവോന്നോ?
കൎമ്മത്താലെവരുന്നതുമെല്ലാം:
ശൎമ്മമിതെന്നുനിനച്ചീടേണം:
ജനനമിതെന്നും മരണമിതെന്നും
മനുജന്മാൎക്കുവിധിച്ചതിതെല്ലാം
അനുജവിനാശം കല്പിതമെന്നാൽ
അനുഭവിയാതെയിരുന്നീടാമോ?
വിനനിവണ്ണം വരുവാനെന്തൊരു
കാരണമെന്നതു തോന്നീലേതും
ക്ലേശിച്ചാലിതു തുമ്പുണ്ടാമെ-
ന്നാശനമുക്കവളൎന്നീടുന്നു:
ഇത്തരമുള്ളൊരു ബന്ധുജനാനാം
ചിത്തശ്രമഹരവചനംകേട്ടഥ
നേത്രജലങ്ങളടക്കിക്കഥമപി
സത്രാജിത്തുപറഞ്ഞുതുടങ്ങി:—

എല്ലാമെന്നുടെ ദുരിതംതന്നേ
വല്ലാതുള്ളൊരവസ്ഥഭവിച്ചു;
നല്ലജനത്തൊടുകൂടിവസിപ്പാൻ
ഇല്ലനമുക്കൊരുഭാഗ്യമതോൎത്താൽ
ബാലനെയങ്ങുവനത്തിലയച്ചതു
മൂലമിനിക്കിതുവന്നുഭവിച്ചു;
കാലമടുത്താലെവിടെയിരുന്നെ-
ന്നാലുംവരുവതുവന്നേപോവൂ
എന്നുമനസ്സിലുറച്ചെന്നാകിലു-
മിന്നിതുകൊണ്ടൊന്നോൎപ്പാനുണ്ട്
വന്നതുവന്നുനമുക്കിനിമേലിൽ
നിന്നുപൊറുപ്പാനെളുതല്ലേതും;
സഹജവിനാശമതിന്നൊരുതുമ്പു-
ണ്ടിന്നതുചൊന്നാൽതലപോയേക്കും
എന്തിനതെല്ലാം ശങ്കിക്കുന്നു
എന്നുടെകൎമ്മമിതെന്നേവേണ്ടൂ;
ചെല്ലുകചൊല്ലുക സത്രാജിത്തേ!
ഖിന്നതയേതും വേണ്ടമനസ്സിൽ
തുമ്പുള്ളതിനെ മറച്ചീടേണ്ടാ
വമ്പില്ലാഞ്ഞാൽ പിന്നെയടങ്ങാം
ജീവസമാന്മാരാകിയ ഞങ്ങളൊ-
ടീവകപറവാൻ മടിയെന്തയ്യോ!
ഇത്തരമുള്ളൊരുബന്ധുജനങ്ങടെ
നിൎബ്ബന്ധംകൊണ്ടവനുരചെയ്തു—
ചൊല്ലരുതെന്നതുകൊണ്ടല്ലേതും
ചൊന്നതുകൊണ്ടിനിയെന്തൊരുകാൎയ്യം
പെട്ടെന്നൊരുവക ബോധിക്കേണം
പെട്ടതിതെല്ലാംമണിയുടെമൂലം
മൂഢതകൊണ്ടുപറഞ്ഞീടുന്നു
ഗൂഢമിതെന്നുധരിച്ചീടേണം
കൃഷ്ണനൊരുന്നാളിമ്മണിമേലൊരു
തൃഷ്ണഭവിച്ചുകുറഞ്ഞൊരുനേരം
ഇപ്പോൾ നമുക്കുതരേണമിതെന്നൊരു
കല്പനഞാനതുകൂട്ടാക്കീലാ
ഊണുമുറക്കമിളച്ചുലഭിച്ചതു
വേണമെനിക്കെന്നോതീടാമോ
തട്ടുംകൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടുംപണമതുമാരാന്മാൎക്കും
വെട്ടുംകുത്തും പരിശയ്ക്കത്രേ
കിട്ടുംവിരുതുപണിക്കൎക്കെന്നും;

ഉത്തരമുള്ള പഴഞ്ചൊല്ലോട-
ങ്ങൊത്തിട്ടന്നീവാർത്തകളെല്ലാം
വിത്തത്തിൽകൊതിയുണ്ടാമെന്നാൽ
ഇത്രയതെന്നൊരു നിയമംവേണ്ട'
എന്നതുകൊണ്ടിഹ ശങ്കിപ്പാൻവഴി
വന്നനമുക്കടനെന്നേവേണ്ടൂ
വന്ദിക്കേണ്ടജനങ്ങളെയെല്ലാം
നിന്ദിക്കുന്നതുകഷ്ടംതന്നെ
സുകൃതമശേഷം പോട്ടുകകൊണ്ടീ-
പ്രകൃതികളൊക്കെനമുക്കവരുന്നു;
സുകൃതികളെക്കൊണ്ടൊരുതരമേതും
സുകൃതവിനിന്ദകളെന്നറിയേണം
ഇത്ഥംകിമപിപറഞ്ഞുവിശേഷം
സത്രാജിത്തുവസിച്ചൊരുസമയേ
മിത്രജനങ്ങളുമാദരവോടെ
യാത്രപറഞ്ഞുതിരിച്ചുനടന്നു;
അവരതിഗൂഢംചിലരൊട്ടുചൊല്ലീ,
അവരുംചിലരൊട്ടുചെന്നുപറഞ്ഞു;
അവരപ്പോളതു പലരൊട്ടുചൊല്ലീ
അവരതുമൊക്കെനടന്നുപറഞ്ഞു;
ഇതുവരുകൂടിനടക്കുന്നേരം
ചരിതമിതൊന്നേ കേൾപ്പാനുള്ളൂ;
കരളപറഞ്ഞുനടന്നുവരുന്നൊരു
വിരുതന്മാർക്കൊരുവകയുണ്ടായി,
ചെവിയിൽ ചിലരുപറഞ്ഞുതുടങ്ങി
ചിലരതുകേൾപ്പാൻ ചെന്നുതുടങ്ങി
ചെവിപൊത്തിച്ചിലർ നിന്നുതുടങ്ങി
ചിലരതുകേട്ടുചിരിച്ചുതുടങ്ങി;
ബാലന്മാരും വൃദ്ധന്മാരും
യൌവനമുള്ളൊരു ഭവ്യന്മാരും
കളമൊഴിമാരും കന്യകമാരും
വൃഷലികളും ചില വിഷരൂപികളും
ചിത്തഗുണത്തിന്നൊത്തതുപോലെ
തഞ്ചമിളച്ചുപറഞ്ഞുതുടങ്ങി
കാലത്തിന്റെ പകച്ചുനിനച്ചാൽ
മാലോകർക്കുപൊറുപ്പാൻമേലാ
വേലികൾതന്നെ വിളവുമുടിച്ചാൽ
കാലികളെന്തുനടന്നീടുന്നു-
കപ്പലകത്തൊരു കള്ളനിരുന്നാൽ
എപ്പൊഴുമില്ലൊരുസുഖമറിയേണം
വീട്ടിലിരിപ്പാൻ തരമില്ലാഞ്ഞാൽ
കാട്ടിലിരിക്കാം പണ്ടൊരുകാലം
കാട്ടിൽചെന്നും കൊന്നുപറിക്കും
കൂട്ടമതിപ്പോളുണ്ടായ്വന്നു
നാലുപണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരിപ്പാനെളുതല്ലേതും
നല്ലമനോഗുണമുള്ളജനത്തെ
കൊല്ലാനിന്നൊരുമടിയില്ലേതും;
പത്തമ്പതുപറനെല്ലുണ്ടെന്നടെ
പത്തായങ്ങളിലളവേകണ്ടതെ-
ട്ടുത്തുകൊട്ടത്തെൻവിത്തും കൂലിയു-
മെത്താനൊരുവഴികണ്ടതുമില്ല;
പത്തായത്തിനുറപ്പുംപോരാ
കാത്തുകിടപ്പാനാളുംപോരാ
കട്ടുനടക്കും ദുഷ്ടജനത്തിനു
കിട്ടിയതെല്ലാം കൊള്ളാന്താനും;
തുമ്പകിളച്ചും ചേമ്പുകൾനട്ടും
തുവരകൾ വട്ടിന വാഴകൾവച്ചും
നമ്പൂരാരുടെ പുറകെനടന്നി-
ട്ടിമ്മിണിമുതലുനമുക്കുണ്ടായതു
പാടേകട്ടുമുടിച്ചെന്നാകിൽ
പാളപിടിച്ചുനടക്കേയുള്ളൂ;
നെല്ലുംതാൻപൊലിശകടമുള്ളതു-
മെല്ലാമിങ്ങുവശത്തായില്ല;
ഒരുമേനികളും പല മേനികളും
സ്വരൂപിച്ചൊട്ടുകളത്തിലുമായി
പലിശകൊടുപ്പാനുള്ളൊരുനെല്ലും
പലതരമാക്കിയളന്നുംവച്ചു
ഇപ്പോൾനമ്മുടെവീട്ടിൽകള്ളൻ
കപ്പാൻനല്ലൊരുതരമായ്വന്നു;
എതാനുംചില കാളകളുള്ളതു-
മേതൊരുദിക്കിൽ സൂക്ഷിക്കേണ്ടൂ
കാളകളേയും മൂരികളേയും
കള്ളനുകപ്പാൻ വിരുതേറീടും;
എള്ളുവിതച്ചിട്ടുള്ളതുമെല്ലാം
കള്ളന്മാരുടെ വായിൽതന്നെ
കള്ളന്മാരതുകട്ടുഭുജിച്ചാൽ
പള്ളപൊറുപ്പാനാവതുമില്ല

മംഗലഗുണനാം ഭഗവാനെക്കൊ-
ണ്ടിങ്ങനെ ചിലർ ദൂഷിച്ചീടുന്നു
ഉള്ളിലസൂയ മുഴുത്തിട്ടുള്ളവർ
കള്ളനടിച്ചു ദൂഷിച്ചു തുടങ്ങി
സത്രാജിത്തൊരു മണിയുംകൊണ്ടതി
ഗൂഢതയാ ഹരിമുന്നിൽച്ചെന്നു
കൃഷ്ണനവനിൽ തൃഷ്ണയുമുണ്ടായ്
സത്രാജിത്തു കൊടുത്തതുമില്ല
പെട്ടന്നനുജൻ മണിയുംകൊണ്ടൊരു
കാട്ടിൽച്ചെന്നു മരിച്ചും പോയി;
ചിത്തംകൊണ്ടു വിചാരിക്കുമ്പോൾ
കൊത്തുംകോളുമതൊത്തു ചമഞ്ഞു
ശൈശവകാലത്തുണ്ടായീടിന
കൈതവമുണ്ടോ മാറീടുന്നു?
ആയിരവർഷം കുഴലിലിരുന്നൊരു
നായുടെ വാലു വളഞ്ഞേ തീരൂ
കൊച്ചുകളോടു പിടിച്ചു പറിച്ചും
മച്ചിലൊളിച്ചു ഘൃതപാലു കുടിച്ചും
അച്ചികളങ്ങു കുളിക്കുന്നേരം
കച്ചകളൊക്കെയെടുത്തു മറച്ചും
പച്ചപ്പാലും മോരും തൈരും
നിത്യവുമങ്ങിനെ കട്ടു ഭുജിച്ചും
പൂച്ചയ്ക്കൂട്ടുകൊടുത്തും പലവക
പിച്ചുകളിച്ചു നടന്നവനല്ലോ
കണ്ണൻ കണ്ണനിതെന്നൊല്ലാർക്കും
തിണ്ണം തേടിന ഭക്തിയുമോർത്താൽ
വെണ്ണകൾ കട്ടുനടന്നപ്പോഴേ
കള്ളനിതെന്നൊരു പേരവനുണ്ട്
മുള്ളുവലിച്ചക്കംതേത്തലൊരു
കള്ളുകൊടുത്താപ്പാലു കുടിച്ചും
ഇത്തരമുള്ളൊരു കള്ളം കാട്ടീ-
ട്ടുത്തമയാകിയ ജനനിയൊരുന്നാൾ
സത്വരമവനെയണഞ്ഞു പിടിച്ചവ-
നുരലോടു കൂട്ടിക്കെട്ടീട്ടില്ലേ?
പൂതനയെന്നൊരു പെണ്ണിനെയും കൊല
ചെയ്തതു നിങ്ങൾ ധരിച്ചിട്ടില്ലേ?
മാതുലനായൊരു കംസനെ വെന്നൊരു
കൈതവമെല്ലാം ബോധിച്ചില്ലേ?

കാടുകൾതോറും കാലികൾ മേപ്പാൻ
ആടലകന്നു കടന്നു നടന്നും
പേടമൃഗാക്ഷികളോടിടകൂടി
ക്കൂടുന്നവരെത്തന്നെ ചതിച്ചും
കൂട്ടരുമായിക്കൂടി നടക്കും
കാടുകൾ പലതും കാട്ടീടുന്നൊരു
കടുതരനാകിയ കണ്ണൻതന്റെ
നാടകമെല്ലാം കേട്ടിട്ടില്ലേ?
എടയന്മാരുടെ ജാതികളേറെ
എടയെന്നുള്ളതുമുണ്ടാകുന്നു?
തടിയുമെടുത്തു ഞെളിഞ്ഞു നടക്കും
തടിയന്മാരവർ കാടുകൾതോറും
എടയാ! നില്ലെന്നോതുന്നേരം
തുടയും തുള്ളിത്തുടതി പറക്കും
കപ്പാനുള്ളൊരു തക്കം നോക്കി-
ട്ടെപ്പോഴും പണി ചെയ്യേയുള്ളൂ;
പെണ്ണുങ്ങൾക്കിഹ കണ്ണനെയോർത്താൽ
ഉണ്ണണമെന്നുമുറങ്ങണമെന്നും
തങ്ങടെ തങ്ങടെ വീടുകളെന്നും
ചങ്ങാതികളെക്കാണണമെന്നും
അമ്മ പറഞ്ഞാൽ കേൾക്കണമെന്നും
നമ്മെച്ചിലരേപ്പടിയതെന്നും
നാണമിതെന്നു മടക്കമിതെന്നും
കാണിക്കൊരുകുറി കാണ്മാനില്ലാ;
രാവെന്നുണ്ടോ പകലെന്നുണ്ടോ
കാടെന്നുണ്ടോ വീടെന്നുണ്ടോ
കയ്യേച്ചെന്നു പിടിക്കുമൊരുത്തി
മെയ്യിൽച്ചെന്നു വസിക്കുമൊരുത്തി
മടിയിൽച്ചെന്നു മലയ്ക്കുമൊരുത്തി
അടിയിൽച്ചെന്നു കിടക്കുമൊരുത്തി
മെല്ലെയിരുന്നു കളിച്ചു ചിരിച്ചാ-
വല്ലവിമാരെപ്പാട്ടിലണപ്പാൻ
നല്ലതിനല്ലതുനിഞ്ഞീടുന്നു
മെല്ലെക്കൊന്നു കഴുത്തു പറിക്കും;
മല്ലാക്ഷികളെക്കൊല്ലരുതെന്നാ-
മല്ലാരാതിക്കില്ല വിചാരം;
ഇത്തരമോരോ വാക്കുകളെ-
ച്ചിലരു പറഞ്ഞു ദൂഷിച്ചു തുടങ്ങി

അച്ചികളും ചിലരങ്ങുവിളിച്ചു-
ക്കൊച്ചുകളോടുപറഞ്ഞുതുടങ്ങി:—
ഉണ്ണികളൊന്നുധരിച്ചീടേണം
കണ്ണനനേകം വിദ്യകളുണ്ട്
എന്നാലുംകൊണ്ടപാന്തികസീമനി
നിന്നുകളിക്കരുതെന്നറിയേണം
കാലേലുള്ള ചിലമ്പും മണിയും
ചാലേവന്നുപിടിച്ചുപറിക്കും
കയ്യത്തിൽചിലമോതിരമുണ്ടതു
കൊണ്ടുനടപ്പാനെളുതല്ലേതും
കണ്ടവരൊട്ടുപിടിച്ചുപറിപ്പാൻ:
ഉണ്ടാം ചിരുതേ കൃഷ്ണൻപാത്താൽ
സത്രാജിത്തിന്നനുജനെയത്തി-
ക്കത്തിക്കൊന്നാൻ മണിയുടെമൂലം;
അരയിൽകെട്ടിയമണികൾപറിപ്പാൻ
പരിചൊടുനിങ്ങളെയങ്ങുവിളിക്കും
അപ്പവുമടയുംപഴവുംകാട്ടി
ശില്പമണച്ചുമയക്കിക്കൊള്ളും;
അച്ചതികണ്ടാൽപോന്നീടേണം
അച്ഛൻവേണ്ടതുതരുമിഹവന്നാൽ
അച്ചികൾതമ്മിൽപേരുവിളിച്ചി-
ട്ടിച്ഛക്കൊത്തുപറഞ്ഞുതുടങ്ങി
ചിരുതപ്പെണ്ണേ! കരുതിക്കോനീ
ചരിതംനിന്നുടെകോപ്പുകളെല്ലാം
എന്തൊരുകഷ്ടമിടക്കാത്താലി
കഴുത്തിൽനിന്നതഴിപ്പാൻമേലാ,
കള്ളന്മാരവർ രാവും പകലും
ഉള്ളപറഞ്ഞുനടന്നീടുന്നു
എളയച്ചിക്കൊരിളക്കവുമില്ല
കയ്യതിലുള്ളതുകളയാറായി,
കേളച്ചാരുനിനക്കുണ്ടാക്കിയ
താലികളെല്ലാമെങ്ങടിപെണ്ണേ?
കാലികൾമേച്ചുനടക്കുംകൂട്ടം
തോലിപിണയ്ക്കുമതോർത്തീടേണം,
കുമ്മണിയമ്മേ! നമ്മുടെനാട്ടിൽ
പൊൻമണികെട്ടിനടപ്പാൻമേലാ
മണികണ്ടാലും തുണികണ്ടാലും
മടികൂടാതെപിടിച്ചുപറിക്കും
യജമാനന്മാർ കട്ടുതുടർന്നാൽ
മറുജനത്തിനുമടിയുണ്ടാമോ?
നിന്നോതിക്കോൻമുള്ളതന്നേരം
ഉണ്ണികൾകരമേറീട്ടും മുള്ളും,
എമ്പ്രാനപ്പംകട്ടുഭുജിച്ചാ-
ലമ്പലവാസികളൊക്കെക്കക്കും
ഇട്ടിപ്പെണ്ണേ! കേട്ടായോനീ?
കഷ്ടംകഷ്ടമിതോക്കുംതോറും
കലിയുഗമെന്നതു തന്നെമുഴുത്തു
കപടമിതൊന്നേ കേൾപ്പാനുള്ളൂ;
ഇങ്ങനെ പലരും പലവിധമായി
തങ്ങളിലിതുകൊണ്ടാനകളിച്ചും
അംഗനമാരുടെ കോപ്പുകളെല്ലാം
അങ്ങൊരു ദിക്കിൽ ഗൂഢമൊളിച്ചും
വളയും തളയും മണിമോതിരവു-
മിടയ്ക്കാത്താലി മടക്കാത്താലികൾ
പൂത്താലികളും മാലകൾ നൂലുകൾ
മുട്ടകം കുഴലും കടകം കാതില
തൂക്കം മണികൾ പതക്കം തോൾവള
തുടലുംകൂട്ടമരഞ്ഞാണുകളും
ഹാരമണിക്കൂട്ടം മണികിങ്ങിണി പൊൻ-
മണിയും മിന്നുമിരട്ടക്കുഴലും
പവിഴക്കുഴലും മുത്തുക്കലയും
കരലാരം പലകാശ്താലികളും
മററും പല പല കോപ്പുകളെല്ലാം
പെട്ടിയിലിട്ടവർ പൂട്ടിക്കെട്ടി
പെട്ടെന്നുടനെനാടുകടത്തി
പാട്ടിലുറപ്പിച്ചാനതു കാലം
വനങ്ങളിലും നഗരങ്ങളിലും
മാടപ്പുരയിലുമങ്ങാടിയിലും;
മാളികകളിലും; മച്ചിട്ടറയിലു-
മാനക്കൊട്ടിലിലണിയറകളിലും
നെല്പുരകളിലുമറപ്പുരകളിലും
നാടകശാലകൾ നടുമുററത്തും
പെരുവഴികളിലും തെരുവിലുമെല്ലാ-
ഭുവനങ്ങളിലും ഗഗനങ്ങളിലും
ഇക്കഥതന്നേകേൾപ്പാനുള്ളൂ
വിപ്രന്മാരുകുളപ്പുരതന്നിൽ

സന്ധ്യാവന്ദനസമയത്തിങ്കൽ
സംസ്കൃതമായിട്ടിക്കഥതന്നെ
തങ്ങളിലങ്ങു പറഞ്ഞു തുടങ്ങി:—
സത്രാജിത്കിലമിത്രവരാദതി
ചിത്രതരംമണിമത്രസഖേഭേ
യത്ഗൃഹീതേ പുത്രഫലഞ്ചക-
ളത്രഫലഞ്ചസുമിത്രഫലഞ്ചപ-
വിത്രഫലഞ്ചജഗത്ത്രയമംഗല
പാത്രമയംഖലുതത്രസുഖാദതി-
മാത്രമുവാചചരിത്രമുദാരം;
കഷ്ടതരംകിലശിഷ്ടതരം പരി-
പുഷ്ടഗുണം ശിതുശിഷ്ടതരാന്മണി
ദൃഷ്ടിസമൂഹവിശിഷ്ടരുചാഘന
കഷ്ടനികാരണമിഷ്ടതരംഹരി
തിഷ്ടഗുണോവതിദിഷ്ടപരാജം
സത്യംകിമിദമസത്യം വാകിമു
സത്യയനോനനനത്യമിഹാസൌ
ബഹുലഗുണേഭ്യോബഹുകരണേഭ്യോ
വിഗതഭയേഭ്യോമനജഹിതേഭ്യോ
നിപുണതരേഭ്യോലളിതപദേഭ്യോ
ലപിതതമേഭ്യോജഗതിഹിതേഭ്യോ
നരജഹരേഭ്യോദലിതപരേഭ്യോ
പവൃരുഷേഭ്യോഹന്തനമോസ്തു
ചരിതമഹായജനേഭ്യോനിതരാം
സംസ്കൃതമായിച്ചൊല്ലുകകൊണ്ടതു
പലരുമറിഞ്ഞതുമില്ലന്നേരം;
പങ്കജനയനൻ തങ്കലിവണ്ണം
ശങ്കപലർക്കമുണ്ടാകുന്നു
അച്യുതനെക്കാണുന്നതു നേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങി,
അണയത്തങ്ങു വിളിക്കുന്നേരം
മണിയുംപൊത്തിപ്പാഞ്ഞുതുടങ്ങി,
കയ്യേച്ചെന്നു പിടിക്കുന്നേരം
അയ്യോ!യെന്നു കരഞ്ഞു തുടങ്ങി
തിന്മാനായിട്ടടയും പഴവും
സമ്മാനിപ്പാൻ തുനിയുന്നേരം
അമ്മകലമ്പും മേടിച്ചാലെ-
ന്നാകഞ്ഞുങ്ങൾ പറഞ്ഞു തുടങ്ങി.

എന്തിഹനമ്മെ ശങ്കിപ്പാനൊരു
ബന്ധമിതെന്നരുൾ ചെയ്യുന്നേരം
പ്രസേനനെത്താൻ കൊലചെയ്തില്ലേ
സ്യമന്തകം മണിമോഷ്ടിച്ചില്ലേ!
ഞങ്ങടെ മണി [illegible] മോതിരമെല്ലാ-
മങ്ങുപറിപ്പാൻ കൂട്ടാക്കയില്ലാ,
അച്ഛനുമമ്മയുമൊന്നു പറഞ്ഞു
അച്യുതനരികെച്ചെല്ലുന്നാകിൽ
തച്ചുപറിക്കും കോപ്പുകളെല്ലാം
കൊച്ചുകളറിയണമെന്നീവണ്ണം;
മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻ പോയാലുണ്ണികളേ! പുന-
രുണ്ടാകില്ലെന്നമ്മ പറഞ്ഞു
പണ്ടേ തന്നേ പാലും തൈരും
വെണ്ണയുമെല്ലാം കക്കുമ്പോൾ നീ
എന്നീവണ്ണം പലരും പലവക
നിന്നെക്കൊണ്ടു ദുഷിച്ചീടുന്നു
ഇത്തരമെല്ലാം ബാലന്മാരുടെ
വാക്കുകൾ കേട്ടൊരുനേരം കൃഷ്ണൻ
ചിത്തംകൊണ്ടു വിചാരിച്ചരുളി
സത്രാജിത്തിൻ കപടമിതെല്ലാം
പാപികളോടഹിതത്തെച്ചൊന്നത്
അപത്തായിത്തന്നേതീരും;
പാമ്പിനു പാലുകൊടുത്തെന്നാകിൽ
കമ്പിരിയേറിവരാറേയുള്ളു.
പരമാർത്ഥത്തെ വിചാരിക്കാതെ
പരിഹാസത്തെനടത്തീടരുതു,
പരിചൊടു സർവ്വജനങ്ങളുമിപ്പോൾ
പരിപന്ഥികളുമതായിത്തീർന്നു.
നമ്മെക്കൊണ്ടും ദൂഷണമിങ്ങനെ
നിർമ്മിച്ചോബതപലരും കൂടി?
കർമ്മഫലങ്ങളൊഴിക്കാവല്ല
ഇമ്മണിമൂലമിനിക്കും വന്നു.

സ്യമന്തകം ഒന്നാംകളം സമാപ്തം.

സ്യമന്തകം

രണ്ടാംകളം

എന്നാലമ്മണിപോയതു കാരണ-
മൊന്നു തിരഞ്ഞേ മതിയാവുള്ളു
മന്ദന്മാരിതു ബോധിക്കാഞ്ഞാ-
ലെന്നും തീരാ ദുഷ്കീർത്തികളും;
ഇത്തരമൊക്കെ മനസ്സിൽ നിരൂപി-
ച്ചുത്തമപൂരുഷൻ ഭഗവാനൊരുനാൾ
പത്തമ്പതു യദുവീരന്മാരോടു-
മൊത്തു പുറപ്പെട്ടടവികൾ തോറും
സത്വരമാരാഞ്ഞങ്ങെഴുന്നള്ളി
സ്വാസ്ഥതയോടു നടക്കുംകാലം
ചത്തുകിടക്കും കുതിരയുമവിടെ
സ്സത്രാജിത്തിൻ്റനുജൻ തന്നെയു-
മംഗം തന്നിൽ കേസരി തന്റെ
തുംഗനഖങ്ങൾ പതിഞ്ഞു കലങ്ങി
തിങ്ങിവരുന്നൊരു ചോരയണിഞ്ഞും
കണ്ണു തുറിച്ചു മരിച്ചു കിടപ്പതു
കണ്ണൻ തിരുവടി കണ്ടാനപ്പോൾ
കാടുകൾതോറും കേസരി തന്റെ
ചോടുകൾ നോക്കി ഗമിച്ചാൻ പിന്നെ
അവിടെച്ചത്തു മറിഞ്ഞു കിടക്കും
സിംഹത്താനെക്കണ്ടാനുടനേ,
വാനരവരന്റെ ചുവടുകൾ നോക്കി
കാനനഭാഗേ ചെല്ലുന്നേരം
പാതാളത്തോടു സദൃശമതായി
ഭീതിക്കങ്ങൊരു ഭാജനമായി
ക്രൂരിരുളിന്നൊരു കുലഗൃഹമായി
ക്രൂരമൃഗങ്ങൾക്കാലയമായി
കുലഗിരിയിന്റെ പ്രതിനിധിയായി
ചാടുചടെ ചടുതരഭീഷണമായി
കണ്ടാനൊരുഗുഹ കാട്ടിൻ നടുവിൽ;
യാദവവീരന്മാരോടെല്ലാം
സാദരമരുളിച്ചെയ്തു മുകുന്ദൻ:—
നിങ്ങളുമെല്ലാമിവിടെ വസിപ്പിൻ!
അങ്ങുകടപ്പാൻ ഞാനേ വേണ്ടു
ഘോരമതായ ഗുഹാന്തരമെല്ലാം
ആരാഞ്ഞിങ്ങു വരുന്നേനുടനേ
ദിവസം പലതു കഴിഞ്ഞെന്നാലും
അതുകൊണ്ടൊന്നു കുഴമ്പീടേണ്ട;
എന്നരുൾ ചെയ്തു ഗുഹയുടെയുള്ളിൽ
ചെന്നു കടന്നു നടന്നു തുടങ്ങി
മുന്നിൽ പരിചൊടു കാണായ് വന്നു
മിന്നിവിളങ്ങും മണിഗോപുരവും
ഉന്നതമാകിന മതിലുകൾ പലവക
തന്നിൽ ചേർന്ന മഹാമണികിരണം
കൊണ്ടാക്കൂരിരുളോടിയൊളിക്കും
ഘണ്ടാപഥമതിനുള്ളൊരു ദൈർഘ്യം
കണ്ടാലധികമനോഹരമല്ലോ
ഇത്ഥം വിലസിന മണിഗോപുരമതി-
ലുത്തമപൂരുഷൻ ചെന്നു കടന്നു
തത്ര വലത്തെ ഭിത്തിതലത്തിൽ
ചിത്രമെഴുത്തുകൾ കണ്ടാൻ ദേവൻ;
ചിത്രം തത്ര വിചിത്രാകാരം
ചിത്തവിനോദം രാമചരിത്രം
പൂർവ്വചരിത്രം കണ്ടു മുകുന്ദനു
പൂർവ്വസ്മരണയുമുണ്ടായ്വന്നു
ചിത്രം കണ്ടു രസിച്ചതിമന്ദം
സുന്ദരവദനനെഴുന്നള്ളുമ്പോൾ
കുന്തത്തിന്നു പിണങ്ങീടും ദശ-
കണ്ഠം തന്റെ നിധനം കണ്ടാൻ
കണ്ഠം പലകുറി നിശിതശരൌഘം
കൊണ്ടു മുറിച്ചങ്ങിടുന്നതു കണ്ടാൻ
ഇന്ദ്രതുല്യനഥ ലക്ഷ്മണനപ്പോ-
ളിന്ദ്രജിത്തിനെ വധിക്കണ കണ്ടാൻ
ജൃംഭമാനഗുണനാകിയ രാമൻ
കുംഭകർണ്ണനെ വധിപ്പതു കണ്ടാൻ
കുംഭനികുംഭാദികളെയുമെല്ലാം
അമ്പുകൾകൊണ്ടു വധിക്കണ കണ്ടാൻ
രാക്ഷസരും പല കപികളുമായി
രൂക്ഷത പെരുകിന യുദ്ധം കണ്ടാൻ
സുഗ്രീവൻ ദശകണ്ഠൻ തന്റെ
മകുടം തച്ചു പറിക്കണ കണ്ടാൻ
നീലൻ ചെന്നാശുകസാരണരെ
ചാലേ കെട്ടി മുറുക്കണ കണ്ടാൻ

ഝടുതി കുരങ്ങുകൾ ലങ്കാപുരിയിൽ
പടവീടുകളും കെട്ടണകണ്ടാൻ;
നിറയും ഗിരികളെടുത്തു സമുദ്രേ
ചിറയും കെട്ടിമുറുക്കണകണ്ടാൻ
വരുണൻ വന്നിഹ ചരണാംഭോജേ
ശരണം ചൊല്ലി നമിക്കണകണ്ടാൻ,
ആഗ്നേയാസ്ത്രമെടുത്തുതൊടുത്തഥ
സാഗരശോഷണഘോഷം കണ്ടാൻ
ദർഭകൾകൊണ്ടു പരത്തിവിരിച്ചതി-
ലത്ഭുതമാകിന ശയനം കണ്ടാൻ
രാവണസോദരനായ വിഭീഷണ-
നാവോളമങ്ങുനമിക്കണകണ്ടാൻ;
ഹനുമാൻ വന്നാ ചൂഡാമണിയും
ജനകജവരനു കൊടുക്കണകണ്ടാൻ
ധൃഷ്ടതയോടെ ലങ്കാനഗരം
ചുട്ടുപൊടിക്കണഘോഷം കണ്ടാൻ
അക്ഷകുമാരകനിധനം കണ്ടാൻ
വൃക്ഷലതാദികൾ നാശം കണ്ടാൻ;
ചൂഡാമണിമേടിപ്പതുകണ്ടാൻ
മോതിരമങ്ങുകൊടുപ്പതുകണ്ടാൻ
സിംഹികയെക്കൊലചെയ്യണകണ്ടാൻ
മൈനാകത്തെയമർപ്പതുകണ്ടാൻ
പർവ്വതമുകളിന്നാശുകപീന്ദ്രൻ
ഉർവ്വികലുക്കിയുയർന്നതുകണ്ടാൻ
ഗുഹയിൽചെന്നുകടപ്പതുകണ്ടാൻ
സീതാദേവിയെയാരാഞ്ഞക്കപി
ഖേദത്തോടുനടപ്പതുകണ്ടാൻ
ദിക്കുകൾനാലിലുമക്കപിവീരരെ
യർക്കകുലേശനയപ്പതുകണ്ടാൻ
ചാതുർമ്മാസ്യമിരുന്നതുകണ്ടാൻ
സുഗ്രീവനെവാഴിപ്പതുകണ്ടാൻ
ബാലിയെയും കൊലചെയ്യണകണ്ടാൻ
സാലച്ഛേദവുമുടനേകണ്ടാൻ
ദുന്ദുഭിഗാത്രമിളക്കണകണ്ടാൻ
സുഗ്രീവനുമായ് സഖ്യംകണ്ടാൻ
ഹനുമാനൊന്നുതൊഴുന്നതുകണ്ടാൻ
അനുജനുമായിനടപ്പതുകണ്ടാൻ
പമ്പയുമുടനെകടന്നതുകണ്ടാൻ

അമ്പൊടുശബരീമോക്ഷംകണ്ടാൻ;
ദാരുണകബന്ധവിനാശംകണ്ടാൻ
അരുണജസഹജവിനാശംകണ്ടാൻ
മാരീചാദികൾനിധനംകണ്ടാൻ
രൂക്ഷതപെരുകിന രാക്ഷസരാജൻ
പക്ഷിയെവെട്ടിമുറിക്കണകണ്ടാൻ
ഭിക്ഷുശരീരംപൂണ്ടവനുടനേ
ഭിക്ഷയെടുപ്പാൻ ചെല്ലണകണ്ടാൻ
സീതാലക്ഷ്മണസഹിതൻ രാമൻ
വീതായാസമിരുന്നതുകണ്ടാൻ
വിരവൊടുഖരനെക്കൊല്ലണകണ്ടാൻ
അവരുടെപടയുമൊടുക്കണകണ്ടാൻ
രാവണസോദരിതന്നുടെമൂക്കും
മുലയുംചെത്തിയയപ്പതുകണ്ടാൻ
ലളിതാകൃതിയാമവളെക്കൊണ്ടൊരു
കളിയാടുന്നതുമവിടെക്കണ്ടാൻ
ഗോദാവരിയുടെതീരേരാമൻ
മോദതയോടുവസിപ്പതുകണ്ടാൻ
പക്ഷീശ്വരനൊടുസഖ്യംകണ്ടാൻ
രാക്ഷസനിഗ്രഹസമയംകണ്ടാൻ
കുംഭജമുനിയെവണങ്ങണകണ്ടാൻ
അമ്പിൽവിരാധവധത്തെക്കണ്ടാൻ
ശരഭംഗാശ്രമവാസംകണ്ടാൻ
ഓരോമുനിപദനമനംകണ്ടാൻ
അത്രിമഹാമുനിനമകംകണ്ടാൻ
ചിത്രകൂടാചലവാസംകണ്ടാൻ
ദശരഥമരണംകേട്ടുകുളിച്ചവ-
നുദകക്രിയയും ചെയ്യണകണ്ടാൻ
ഭരതൻപോന്നുതൊഴുന്നതുകണ്ടാൻ
തരസാ ഗംഗകടന്നതുകണ്ടാൻ
വിരവൊടുചെന്നുഗുഹാശ്രമസവിധേ
ജടകൾധരിച്ചവിശേഷംകണ്ടാൻ
സരയുകടന്നുനടന്നതുകണ്ടാൻ
പുരിയിലിരുന്നരുളുന്നതുകണ്ടാൻ
അഭിഷേകത്തെമുടക്കണകണ്ടാൻ
മന്ഥരയോടിനടക്കണകണ്ടാൻ,
നാലരുമവരുടെഭാര്യകളോടും
ചാലെസുഖിച്ചുവസിക്കണകണ്ടാൻ

മാൎഗ്ഗഭാൎഗ്ഗവജയവുംകണ്ടാൻ
സീതാപാണിഗ്രഹണംകണ്ടാൻ
ഹരനുടെവില്ലുമുറിക്കുന്നകണ്ടാൻ
ചരിതമഹല്യാമോക്ഷംകണ്ടാൻ
മുനിവരയാഗത്രാണംകണ്ടാൻ
മാരീചാദികൾനിധനംകണ്ടാൻ
താടകയെക്കൊലചെയ്യുന്നകണ്ടാൻ,
കാടകമേറിനടപ്പതുകണ്ടാൻ,
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസത്തോടെചെന്നതുകണ്ടാൻ
വിശ്വനൃപാധിപദശരഥനോടും
വിശ്വാമിത്രനിരന്നതുകണ്ടാൻ
നാലുരുമവിടെയയോദ്ധ്യാപുരിയിൽ
ബാലതയോടുവളൎന്നതുകണ്ടാൻ
ശത്രുഘ്നനുടെജനനംകണ്ടാൻ
ലക്ഷ്മണനുടെയും ജനനംകണ്ടാൻ,
ഭരതൻതന്നുടെ ജനനംകണ്ടാൻ
രഘുപതിതന്നുടെ ജനനംകണ്ടാൻ
രാമായണമതനുക്രമമായി
ദാമോദരനഥകണ്ടുനടന്നു
ചാലേയങ്ങെഴുനള്ളിനനേരം
ബാലകരങ്ങളിൽമണിയുംകണ്ടു
മണിമേടിപ്പാനുടനേമാധവ-
നണയുംനേരം പേടിയൊടവനും
അച്ഛനെയങ്ങുവിളിച്ചുകരഞ്ഞു
അച്യുതനതുമേടിച്ചതുമില്ല;
ബ്രഹ്മപ്രളയമടുക്കുന്നേരം
ബ്രഹ്മാണ്ഡത്തെമുടിപ്പാനായി
സാഹസമോടുനടക്കുംപുരഹര
വാഹനമാകിയ വൃഷഭേന്ദ്രന്റെ
കണ്ഠധ്വനിയെക്കുത്സിതമാക്കും
കണ്ഠധ്വനിയതുകേൾക്കായ്വന്നു
ഗുഹകളിലൊക്കെനിറഞ്ഞുകവിഞ്ഞൊരു
ഘുമുഘുമഘോഷംപെരുതായ്വന്നു.

ഘനതരഭുജദണ്ഡംഗാത്രമത്യന്തചണ്ഡം
പ്രചലിതജഗദണ്ഡംഖണ്ഡിതാരാതിഷണ്ഡം
ഹതനിശിചരമുണ്ഡംഭീമദോലോലഗണ്ഡം
വികടകഠിനതുണ്ഡംജാംബവാനാജിശൌണ്ഡ

ഉറച്ചകോപമോടകത്തുനിന്നഥ
പുറത്തുവന്നുടനെതിൎത്തുജാംബവാൻ
അടച്ചകണ്ണുതുറന്നതില്ലവ-
നുരച്ചവാക്കുകൾ പറഞ്ഞുകൊണ്ടുട-
നടുത്തുകണ്ണനെത്തടുത്തിതേ മൽ
പുരത്തിലെന്നോടു വരുന്നതാരിഹ?
കരുത്തനെന്നതു വരുത്തുവാനൊരു
ജളത്വമിങ്ങനെ നടിക്കയോമമ
കരങ്ങടേ പുരുതരിപ്പുതീൎപ്പതി-
നൊരുത്തനില്ലിഹജഗത്രയേജള-
പൊടുക്കനെപ്പുനരടുത്തു വന്നിഹ
അടിച്ചു നിന്മദമടക്കുവാൻ തവ
നടിപ്പു ഞാനിഹ മുടക്കുവാൻ ഭുവി
പടയ്ക്കു നല്ലൊരു പടുത്വമുള്ളൊരു
കുരങ്ങു ഞാനതു ധരിക്ക നീ
കുരങ്ങനെന്നതു നിനയ്ക്കകൊണ്ടൊട്ടും
കുറച്ചു കാണരുതൊരിക്കലും നടേ
പെരുത്തരാവണ പുരത്തിലുള്ളൊരു
പരാക്രമങ്ങളെ നിനയ്ക്കനീ
തടിച്ചരാക്ഷസരടുത്തു നിന്നിഹ
തൊടുത്തൊരമ്പുകൾ തടുത്തതും ചില
തടിച്ചവീരരെയടിച്ചതും തല
കടിച്ചതും മലപൊടിച്ചതും ചില
പിടിച്ചതും ചില പുരങ്ങളെപ്പൊടി-
പൊടിച്ചതും പല തരത്തിലങ്ങടി-
കൊടുത്തതും കപിബലനകൊന്നിഹ
കളിച്ചതും പുനരരക്കരൊക്കെയു-
മൊളിച്ചതും പടവിളിച്ചതും മുറ-
വിളിച്ചതും നിലവിളിച്ചതും
അതൊക്കെയങ്ങനെനിനയ്ക്കനീതവ
മനക്കരുത്തു നിലയ്ക്കയില്ലതു
ധരിക്കനീയ്യിഹതിരിക്കിനി
അടക്കമെന്നിയേ കടന്നുവന്നൊരു
മിടുക്കുകാട്ടിയാലടങ്ങുമോ?
മിടുക്കനെന്നൊരു നടിപ്പുതാൻ മണി-
യടക്കുവാനിഹ തുടൎന്നിതോ?
ശിശുക്കളെൻപൊടുകളിക്കുമമ്മണി-
പിടിപ്പതിന്നുടനടുക്കയാൽ

അട്ടുള്ളു നിന്നുടലൊട്ടുക്കുമെന്നാലു
ധരിക്കനീലഘു.നടക്കെടോ!
മനുജനെന്നാകിലും ദനുജനെന്നാകിലും
മദമൊടുടനിവിടെ വരുമമരനെന്നാകിലും
യക്ഷിയെന്നാകിലും പക്ഷിയെന്നാകിലും
യമവരുണനിരതിപുരവൈരിയെന്നാകിലും
കാലനെന്നാകിലും ബാലനെന്നാകിലും
കടുതകളൊടിടപെടുമരക്കനെന്നാകിലും
വീരരെന്നാകിലും ശൂരരെന്നാകിലും
വിരവിലിഹ വരുമളവുഝടിതി പൊടിയാക്കു
ഭക്ഷനെന്നാകിലും യക്ഷനെന്നാകിലും [വൻ
പടയടിയിലടൽ കരുതുമേവനെന്നാകിലും
ഇന്ദ്രനെന്നാകിലും ചന്ദ്രനെന്നാകിലും
ചതിയുടയഭൂതവേതാളമെന്നാകിലും
വൃദ്ധനെന്നാകിലും ക്രുദ്ധനെന്നാകിലും
കുടിലഗതികലരുമുരഗേശനെന്നാകിലും
പേടികൂടാതെ നീ ചാടിവന്നീടിനാ-
നിഹസപദിജാംബവാനെന്നു കേളായ്കയോ
സൂര്യവംശേ പണ്ടു ജാതനായുള്ളൊരു
ശ്രീരാമഭദ്രനെന്നാണ്ടുകേൾപ്പില്ലയോ?

ഇത്തരമുള്ളൊരുവാക്കുപറഞ്ഞവ-
നുത്തമപൂരുഷൻ തന്നുടെനേരേ
സത്വരമലറിയണഞ്ഞതിഘോരരാൽ
മുഷ്ടിമടക്കിത്തിരുമാറിൽ ചില
കുത്തുകൾകുത്തിയമർത്തുപിടിച്ചു
മങ്കകൾ തന്നുടെകൊങ്കയിലിഴുകും
കുങ്കുമമതുകൊണ്ടങ്കിതമാകിന
പങ്കജനയനൻ തന്നുടെമാർവ്വിൽ
തൻകൈകൊണ്ടവനാരെന്നുള്ളൊരു
ശങ്കവെടിഞ്ഞുടനടിതട്ടീടിന
ഹുംകൃതിയോർത്താലൽഭുതമത്രേ!
ഗോപീനായകനതുകൊണ്ടേതും
കോപം മനസിജനിച്ചതുമില്ല
നമ്മുടെ ഭക്തൻ നമ്മെച്ചൊല്ലി
പലകുറി പലരോടേറ്റുപിണങ്ങി
കലപെട്ടീടിനഗാത്രത്തോടേ
കലഹത്തിന്നണയുന്നൊരു നേരം
കലഹിക്കുന്നതു ചിതമല്ലെന്നി-
ട്ടവനുടെയടിയും കടിയും പിടിയും
തൂക്കൈകൊണ്ടു തട്ടുതടുത്താ-
വൻകരുമനകളടപ്പാനുള്ളൊരു
വക്കാണത്തിനു ഭാവിച്ചില്ലം;
ഉൽക്കടനാകിയ മർക്കടനപ്പോൾ
ധിക്കാരത്തെയകത്തു നിറച്ചു
ഇക്കഴിയന്നമതല്ലം കുത്തും
വെക്കമെടുത്തു തടുപ്പാറായോ?
നോക്കെടപോഴാ! നിന്നുടെയുടലുക-
ടിച്ചുപൊളിച്ചു വരുന്നൊരു ചോരകു-
ടിച്ചുകളിച്ചീടുന്നേനെന്നവ-
നിടയിടെഘോഷിച്ചും കൊണ്ടുടനേ
അടലിലണഞ്ഞുപിണങ്ങുന്നേരം
പുരുഷോത്തമനും മനസികുരുത്തൊരു
കോപത്തോടെമയടിച്ചു തുടങ്ങി
യദുനായകനും കപിനായകനും
ഘനതരമാകിനയുദ്ധം ചെയ്തു
ഫണിനായകനും വർണ്ണിപ്പാനതി
പണിയെന്നത്രേതോന്നീടുന്നു.

തടിച്ചമരശതമൊടിച്ചു കരമതിൽ
പിടിച്ചുമുടനുടനടിച്ചുമുടലുകൾ
കടിച്ചുമിടയിടെപിടിച്ചും കടുഘോര-
ത്തുടച്ചുംഗിരികളുമുടച്ചുംപലവിധ
മുരച്ചുംതരംനോക്കിച്ചിരിച്ചുമിരുവരു-
മുറച്ചുപിണങ്ങുമ്പോൾ വിറച്ചുധരിണിയി-
ലുറച്ചു ഗിരികളും നിറച്ചുഭയമുള്ളി-
ലുറച്ചുദിഗ്ഗജങ്ങൾവിറച്ചു താപമോടേ
കുറച്ചുമതുനേരം

നരവരവാനരവീരന്മാരവ-
രുരുതരയുദ്ധം ചെയ്തുതുടങ്ങി;
കടുതരകഠിനമരങ്ങളുതങ്ങളി-
നുടനുടനവിടെയിടഞ്ഞുതടഞ്ഞും
ദൃഢതരമുടലിലടിച്ചുഞെരിച്ചും
ചടചടരവമൊടുതമ്മിലടിച്ചും
തക്കംനോക്കിച്ചാടിയടിച്ചും
വെക്കംചെന്നൊരുകുത്തുകൊടുത്തും
മുട്ടുതകർത്തുംമുഷ്ടിയടിച്ചും
കാട്ടിലുടുത്തുമരങ്ങൾപറിച്ചും

കോട്ടിലെടുത്തുപിടിച്ചുപറിച്ചും
പർവ്വതശിഖരമെടുത്തുപിടിച്ചും
ഗർവ്വോടുധരണി ചവിട്ടിയിടിച്ചും
വട്ടത്തിൽപലമട്ടമണഞ്ഞും
കെട്ടിത്തങ്ങളിലൊട്ടു പിണഞ്ഞും
കാലൊടുകാലും കയ്യൊടുകയ്യും
മുട്ടൊടുമുട്ടും തട്ടൊടുതട്ടും
തല്ലൊടുതല്ലും പല്ലൊടുപല്ലും
മാറൊടുമാറും തലയൊടുതലയും
മലയൊടുമലയും മരമൊടുമരവും
തങ്ങളിലവിടെയിടഞ്ഞുതുടർന്നൊരു
ചടചടരടിതം ഝടിതിനിറഞ്ഞൊരു
ഭുവനകടാഹമുടഞ്ഞീടുന്നു
ജലധികളങ്ങു കലങ്ങിമറിഞ്ഞും
ജലമതുപൊങ്ങി മരങ്ങൾമറിഞ്ഞും
ജലജകുലങ്ങളൊടിഞ്ഞുനിറഞ്ഞും
ജലമതിൽമുങ്ങിബ്ഭംഗികുറഞ്ഞും
മലകൾകുലുങ്ങിയുലഞ്ഞുപതിഞ്ഞും
മലയാചലവും പേടിപിടിച്ചും
മലജലവൃക്ഷമശേഷമൊടിച്ചും
മലനദിയങ്ങു കലങ്ങിമറിഞ്ഞും
ഭൂമിനടുങ്ങി ഭൃതിമുടങ്ങി
ഭൂതമടങ്ങി ഭീതിതുടങ്ങി
രവമതുപൊങ്ങി രവിരുചിമങ്ങി
രസമടങ്ങി രാഗമിണങ്ങി
ഗോപീനായകനാകിയ ദേവൻ
കോപംകൊണ്ടു മഹാകപിതന്നുടെ
കവിളിലടിച്ചു പിടിച്ചുപറിച്ചും
മാർവിലണഞ്ഞു നഖങ്ങൾതറച്ചും
ഘോരതരന്നൊരു സമരമുറച്ചും
വാലുപിടിച്ചു വലിച്ചുമുലച്ചും
കാലുപിടിച്ചു മലച്ചുപതിച്ചും
ചാട്ടുളന്നും ചാടിയകന്നും
നിഖിലചരാചരനാഥൻതന്നൊടു
നിജമാവണ്ണം നടിച്ചുമവിച്ചൊരു
നിഖിലഭയങ്കരമാകിയയുദ്ധം
ദിവസംതോറും വർദ്ധിക്കുന്നു;

ഋക്ഷേശ്വരനും തൽക്ഷണമങ്ങഥ
ലക്ഷ്മീപതിയുടെ വക്ഷോദേശേ
വൃക്ഷംകൊണ്ടഥ രൂക്ഷമടിച്ചും
ദക്ഷതതേടിന ദക്ഷിണപാണിയി-
ലക്ഷതമാകിന വൃക്ഷമെടുത്തു
ഇക്ഷുകണക്കേ തൽക്ഷണമോടവ-
നൃക്ഷാധിപനാമക്ഷയസാരൻ
ശിക്ഷയിലങ്ങു പൊടിച്ചുതകർത്തും
സാക്ഷാൽഭുവനം രക്ഷിച്ചീടിന
പക്ഷിവരാസനനിക്ഷിതിതന്നിൽ
ദക്ഷിതിപാലക ശിക്ഷയ്ക്കായി
തൽക്ഷണമങ്ങു സമക്ഷേവന്നു
ഋക്ഷകുലാധിപനോത്തീലേയും
തിരുമാറിടമതിലിരുമാറുള്ളൊരു
വനമാലകളഥ മണിമാലകളും
കഷ്ടമവൻചില മുഷ്ടികൾകൊണ്ടേറി
ധൃഷ്ടതയോടുടനെത്തിപ്പലവക
കുത്തുന്നേരമലഞ്ഞുപിരിഞ്ഞു
പൊട്ടിച്ചിതറി വിതറീടുന്നു
ഉദ്ധതരാമവരിദ്ധാടോപം
ബദ്ധരസം ബഹുയുദ്ധംചെയ്തു
വൃദ്ധകപീന്ദ്രൻ ക്രുദ്ധതയോടെ
ബുദ്ധികുലുങ്ങി സിദ്ധമടങ്ങി
ബദ്ധാവിമഥന ക്ഷുബ്ധമതാകിന
ദുഗ്ദ്ധാംബുധിതന്നുദ്ധത നാദമ-
നുദ്ധതമാകിനഹിക്കാനാദമിടിച്ചുമുഴക്കി
ധിക്കൃതനിഖില ചരാചരനാകിന
മർക്കടമകുടശിരോമണിതന്നുടെ
ഉൽക്കടകഠിന നഖാഗ്രമുദാരം
സുന്ദരനാകിയ നന്ദസുതന്റെ
സുന്ദരിമാരുടെ കോമളമാംനഖ
രേഖകൾതട്ടുംനേരം കീറിന
സരസശരീരംതന്നിലുറച്ചു
തറയ്ക്കുന്നളവു മുറിഞ്ഞുമുറിഞ്ഞു തെറിച്ചീടുന്നു
നോക്കടദോഷം ഭിക്കറിയാതെ
കൊക്കമുണങ്ങി നരച്ചുകരച്ചൊരു
മർക്കടനെന്നനിനച്ചിഹ നമ്മോ-
ടിക്കളിയൊക്കെയിളയ്ക്കാറായോ?

ഗിരികടഹങ്ങളടിച്ചു പൊളിപ്പാൻ
വിരുതുനടിച്ചു തടിച്ചുകരംകൊ-
ണ്ടടികൊണ്ടുടനെ ചെകിട്ടടയുമ്പോ
ളിടയുണ്ടാകമതെന്നേവേണ്ടു
ളക്കണ്ടതുകൊണ്ടറിയാറായി-
ല്ലിക്കപിതന്റെ പരാക്രമമെല്ലാം
അർക്കനുദിക്കുംനേരം വെയിലിനു
രൂക്ഷതയില്ല സഹിക്കാംതാനും
ഉച്ചയ്ക്കുള്ള പകച്ചുനിനച്ചാൽ
പിച്ചയിലല്ലെന്നോർത്തീടേണം
നന്നുകരങ്ങേ! നമ്മൊട്ടുനേരത്തിഹ
നിന്നു പിണങ്ങാമെന്നൊരുമോഹം
നിന്നുടെ ശക്തികളൊക്കെയെടുത്തി-
ട്ടിങ്ങിഹ വന്നാലെന്തൊരു ചേതം!
ഭല്ലൂകങ്ങടെ.മല്ലനിലപ്പാൻ
മെല്ലെയെടുത്തൊരു തല്ലേവേണ്ടു
എല്ലുഞെരിഞ്ഞും പല്ലുപൊടിഞ്ഞും
കൊല്ലാക്കൊലതാൻ ചെയ്യാമല്ലോ
ഗർവുകൾമതിമതി പൊണ്ണത്തടിയാ!
ദുർവിധവചനംകൊണ്ടെന്തുഫലം?
സർവമഹീതലവാസികൾ ചരിതം
സർവമിനിക്കു മനസ്സിലുദിക്കും
ദുർവഹമായീടിക്കുകളെന്നും
സർവശിവങ്കരമംബരമെന്നും
ഭേദമിനിക്കൊരുനേരവുമില്ലാ
മോദമിതൊന്നേ സന്തതമുള്ള
തങ്ങളിലിങ്ങിനെയോരോവചനം
തിങ്ങിനമദമൊട്ടു തമ്മിലുരച്ചും
ഭംഗിയിൽ മാറിയൊരടവുപിടിച്ചും
തുംഗമരാമരശിഖരമൊടിച്ചും
ജലധികലക്കിദ്ധരണികുലുക്കി
ഭുവനമിളക്കി ഗുഹകളിളക്കി
ത്രിഭുവനമാടി മുഖമതുവാടി
ഭയമതുതേടി രസമതുമോടി
ഖഗകുലമാടി ജലമതു ചാടി
കലുഷതതേടി ബഹുരണമാടി
ഭ്രമമിഹകൂടി സുരജനമാടി
യുവതികൾ പാടികപികലമാടി
മനമതു പേടി രസമതു തേടി
ഹരിവരചാടി ജനമപിയോടി
കലുഷതതേടിസരഭസമോടി
മലകളുമാടിമരമതു കൂടി
ഹരിവരമാടി ബഹുരണധാടി;
ഇരവും പകലും പലതു കഴിഞ്ഞതു
മിരുവരുമേതും ബോധിച്ചില്ലാ
മാറൊടുമാറിടപായുന്നേരം
മാധവനുടെ തിരുമാറിൽ വിളങ്ങിന
തുളസീമാലയിലുളവാം പരിമള
തെളുതെളയോടഥകളകളചലിതം
വിളയാടീടുമളിനിരമളവേ
ചിതറിച്ചിതറിപ്പൊടിയാകുന്നു
കപടനരന്റെ കടകം മകുടവു
മുടഞ്ഞാണും ചിലപിടിയരഞ്ഞാണും
കപിയുടെയുടലിൽ പൊട്ടുപൊടെവികട
മിടഞ്ഞു തടഞ്ഞു പൊടിഞ്ഞു കുടഞ്ഞും
പൊടിപടലങ്ങളുമടവിയിലങ്ങട-
നടനേയിളകിപ്പൊടിയാകുന്നു
ദിവസം ദിവസം ചെല്ലുന്തോറും
രണമതിദാരുണമായി വരുന്നു
ഒരു ദിവസത്തിലെടുത്ത വിധങ്ങൾ.
കുറിനാളിലുമതു കാണുന്നില്ലാ,
ഇരുവരുമിങ്ങനെ യുദ്ധം ചെയ്തി-
ട്ടിരുപത്തെട്ടു കഴിഞ്ഞു ദിനങ്ങൾ
പുരുഷോത്തമനിന്നിമതിയാക്കേണം
വിരവൊടു സംഗരമെന്നുമുറച്ചു
നിത്യവുമിങ്ങനെ നിന്നുപിണങ്ങാൻ
മൃത്തകരങ്ങിനു ദീനവുമില്ലാ
തല്ലിനുപകരം തല്ലീടുന്നു
കുത്തിനു പകരം കുത്തീടുന്നു
മല്ലിനു പകരം മല്ലും കാട്ടും
കല്ലിനുപകരം കല്ലുമെടുക്കും
എന്നാലിന്നു തടുപ്പാനാള-
ല്ലെന്നു വരുന്നു പ്രയോഗംകൊണ്ടു
ഇന്നിവനുള്ളിൽ തള്ളിവരുന്നൊരു
ദുർവഹമായൊരു ഗർവുശമിപ്പാൻ
ചിത്തംതന്നിൽ ചൂടുപിടിച്ചേ
മൃത്തകരങ്ങൻ കണ്ണു തുറക്കു;

ഇത്ഥം മനസി നിനച്ചും കൊണ്ട്
ഉത്തമപൂരുഷൻ ഝടിതിയടുത്താൻ
അഷ്ടകലാചലമൊത്തു തടുപ്പാൻ
നിഷ്ഠുരമാം ചില മുഷ്ടിമടക്കി
ശിഷ്ടശിഖാമണിയാം കപിരാജൻ
ഝട്ടന്നെന്നിട്ടുദ്ധതമാം ചില
കുന്നുകൾ കുത്തിയമർത്തു പിടിച്ചാൻ
തട്ടുകൾ മുട്ടുകൾ നീട്ടുചവിട്ടുകൾ
തള്ളുകൾ കിള്ളുകളേററ കളേറക-
ളെന്നിവകൊണ്ടു തളച്ചുവരുത്തി-
ച്ചെന്നിഹവാലും കാലും കരവും
ഒന്നിച്ചുടനേകുത്തിയമർത്തൊരു
പിണ്ഡം പോലെയുരുട്ടി ധരണിയി-
ലിട്ടാനവനെക്കൈടഭമഥനൻ
മന്ദസ്മിതവും തൂകിനികാമം
സുന്ദരവദനൻ നിന്നാനരികെ;
അന്നേരം കപിരാജനുമുള്ളിൽ
സന്താപം പെരുതായ് വർദ്ധിച്ചു
ചിന്തതുടങ്ങീയെന്തീവണ്ണം
ഹന്തനമുക്കു വരാനൊരുകാരണ-
മെന്തൊരു ദുരിതം ചെയ്തിതു നാമിവ-
നെന്തൊരു സുകൃതം ചെയ്തവനെന്നും
ധീരതയോടേ വന്നീവണ്ണം
നമ്മെക്കുത്തിനമർത്തു ചമച്ചവ-
നാരെന്നുള്ളതറിഞ്ഞില്ലെന്നേ!
വീരശിഖാമണിതന്നെന്യൂനം
ഇത്ഥം മനസി വിഷാദം പൂണ്ടു
കുന്നുകൾകൊണ്ടു തളർന്നു കിടക്കും
ഗാത്രമൊരേടമിളക്കാൻ മേലാ-
ഞ്ഞത്രകിടക്കുന്നേരം തന്നെ
നേത്രങ്ങളുടേ പോളകളുളവേ
കരയുഗളംകൊണ്ടേറ്റമുയർത്തി
പാർത്തീടുമ്പോൾ കാണായ് വന്നു
വിശ്വങ്ങൾക്കൊരു കാരണഭൂതം
വിശ്വഗുണങ്ങൾക്കുത്തമഭൂതം
വിശ്വജനങ്ങൾക്കയനീഭൂതം
വിശ്വാനന്ദം വിശ്വമനോജ്ഞം
വൈഷ്ണവമാകിന രൂപമുദാരം
കൃഷ്ണനിതെന്നൊരു നാമത്തോടേ
വൃഷ്ണികുലത്തിൽ വളർന്നുണ്ടാകിയ
തേജഃപുഞ്ജമിതെന്നേവേണ്ടു.

അഞ്ചൽകാഞ്ചനകാഞ്ചിമഞ്ജനനിഭം
ആലംബപീതാംബരം
ചഞ്ചൽകേകിശിഖണ്ഡമണ്ഡലമിള-
ദ്ധമ്മില്ലവല്ലീഭരം
കിഞ്ചിൽശിഞ്ജിതകങ്കണാങ്കിതകരം
സാനന്ദമന്ദസ്മിതം
ജ്യോത്സ്നാനന്ദമുഖേന്ദുസുന്ദരമമും
സംദൃഷ്ടവാൻജാംബവാൻ,

നീലപയോധരജാലം പോലെ
വിലസിതമായി പലനിറമായി
പീലിയണിഞ്ഞും മാലയണിഞ്ഞും
തണ്ടാർമണമതുതെണ്ടിയണഞ്ഞൊരു
വണ്ടുകൾ മണ്ടി മുരണ്ടു നടന്നും
കണ്ടാലധികമനോഹരമാകിയ
തണ്ടാർമാനിനികാന്തൻതന്നുടെ
കൊണ്ടയുമവിടെക്കണ്ടാനുടനേ
സുലളിതമാകിന കുവലയകലിതം
ഭംഗികലർന്നു വിടർന്നു വിളങ്ങും
തിരുമിഴിരണ്ടും സുഗമേ കണ്ടാൻ
തിലകസുമത്തിനു കലഹംതേടും
തിരുനാസികയുമുദാരം കണ്ടാൻ
തുടുതുടെയങ്ങു വിളങ്ങീടുന്നൊരു
ചൊടികളു രണ്ടും കണ്ടാനുടനേ;
ഗണ്ഡസ്ഥലമതിലൊളിമിന്നീടിന
കുണ്ഡലയുഗളവുമളവേ കണ്ടാൻ
മധുരസുധാകരബിംബത്തിന്നൊരു
വിധുരതനൽകും മുഖവും കണ്ടാൻ
ശംഖിനു തോലിവരുത്തീടുന്നൊരു
ശങ്കവളക്കും ഗളവും കണ്ടാൻ
ലക്ഷ്മീകുചതടകുങ്കുമരേഖാ
ലക്ഷിതമാകിന വക്ഷോഭാഗേ
ശ്രീവത്സംബതകൌസ്തുഭരത്നം
വനമാലയുമവനെല്ലാം കണ്ടാൻ
ഭുജഗശരീരവിരാജിതമാകിന
ഭുജയുഗളത്തെയുമളവേ കണ്ടാൻ

കൃശതരമാകുമൊരുദരം കണ്ടാ-
നതിഘനമാകിന ജഘനം കണ്ടാൻ
പീതദുകൂലമുടഞ്ഞാണകളും
ജാതകുതൂഹലമഖിലം കണ്ടാൻ
കംഭികരത്തിനു ഡംഭമടക്കും
കെല്പേറുന്ന മുഴങ്കാൽ കണ്ടാൻ
ശക്രാദികളാലർച്ചിതമാകിന
തൃക്കാലടിമലരിണയും കണ്ടാൻ;
അടിമലർതൊട്ടത്തിരുമുടിയോളം
തിരുമുടിതൊട്ടങ്ങടിമലരോളം
തിരുവുടൽകണ്ടകതാരിലുദിച്ചൊരു
കരുണാലേശംകൊണ്ടു ഹരീശൻ
കണ്ണിണതന്നിൽ നിറഞ്ഞു പൊഴിഞ്ഞതി
തിണ്ണം വഴിയും കണ്ണീർകൊണ്ടു
കളിച്ചു കുളുത്ത ശരീരത്തോടും
വിണ്ണോർ പതികളിലുത്തമനാകിയ
കണ്ണൻ തിരുവടി തന്നുടെ ചേവടി
പുണ്യംകൊണ്ടു ലഭിച്ചതുമൂലം
പൂർണ്ണാനന്ദപയോനിധിസലിലേ
മുങ്ങിപ്പൊങ്ങിത്തിരകൾ കളിച്ചൊരു
പുളകപ്പാളികളിച്ചു വിളങ്ങും
വെളുവെളെയുള്ളൊരു ദേഹത്തോടും
ധരണിയിൽ നിന്നെഴുന്നേറ്റൊരുവണ്ണം
കരുണാകരനുടെയടിമലർ താഴെ
വടിവൊടുവീണു വണങ്ങി വണങ്ങി
സ്തുതിവചനങ്ങളുമങ്ങു തുടങ്ങി

നന്ദനന്ദനസുന്ദരാനന! നന്ദനീയഗുണാം-
ബുധേ!
കുന്ദസുന്ദരമന്ദഹാസമുകുന്ദമാധവ! പാഹിമാം
ചഞ്ചലായതചാരുലോചന! പഞ്ചബാണസ-
മാകൃതേ!
ചഞ്ചലാമലനീലകുന്തള! മഞ്ജുളാനനപാഹി
ഗോകുലേശ! നമോസ്തുതേ ജയഗോപ- [മാം
ബാലനമോസ്തുതേ
ഗോപികേശ! നമോസ്തുതേ ജയഗോധനായ-
നമോസ്തുതേ
സാധുലോകശിഖാമണേ! പരമാത്ഥമൊക്കെയു-
മിങ്ങനെ
ബോധിയാഞ്ഞടിയൻ പിഴച്ചുപിഴയ്ക്കൊട്ടുക്ക-
വുമില്ലഹോ

മുഷ്ടികൊണ്ടു ഹനിച്ചതും ബഹുകഷ്ടമായ് വിട-
കൊണ്ടതും
നിഷ്ഠുരം പിടിപെട്ടതും ചിലരട്ടമുട്ടുകൾ
ചെയ്തതും
വാലുകൊണ്ടടിയിട്ടതും മമകാലുകൊണ്ടിഹ-
തൊട്ടതും
പീലിജാലമൊടിച്ചതും വനമാലവന്നു പിടി-
ച്ചതും
എന്നു വേണ്ടമമാപരാധമിതൊക്കെയിന്നതി-
ദാരുണം
എന്നിനിക്കു ശമിക്കുമീദുരിതങ്ങളൊക്കെ-
ദയാനിധേ
കണ്ടഗോഷ്ഠികൾ കാട്ടുവാൻ മികവുള്ളകൂട്ട-
മിതെന്നതും
കൊണ്ടൽവർണ്ണനറിഞ്ഞുകൊണ്ടു സഹിക്കിലേ-
ഗതിയുള്ളമേ
പണ്ടുനിൻകൃപകൊണ്ടുതന്നെ ജഗത്തിൽനിന്നു-
പൊറുത്തതും
കണ്ടധീരതയും നടിച്ചുരിപുക്കളോടു മറുത്തതും
രാക്ഷസപ്പടയിൽ കടന്നതിരൂക്ഷമായിനടന്നതും
വൃക്ഷപടലിതകർത്തതും ചിലരാക്ഷസൌഘമ-
മർത്തതും
വൈരിയോടടിയിട്ടതും പിടിപെട്ടതും കടി-
പെട്ടതും
വീരരെക്കൊല ചെയ്തതും ചിലരെയ്തതും പല-
ചെയ്തതും
നിൻപദാംബുജസേവനായി നടന്ന ഞാൻമൃഗ-
വാനരൻ
സാമ്പ്രതം പരമാത്ഥബോധമശേഷവും മമ-
ജൃംഭതേ
പണ്ടുനിന്നവതാരമൊക്കെയുമോർക്കിലെത്രമ-
നോഹരം
കണ്ടുനിന്നടിയൻ സുഖിച്ചതുമുണ്ടു ചേതസി-
യൊക്കവേ
മത്സ്യമായി ജനിച്ചതും മനക്കൂർമ്മമായിജനിച്ചതും
മത്സരിച്ചരിഖണ്ഡനായവരാഹമായിജനിച്ചതും
ഭീമവിക്രമമോടുടൻ നരസിംഹമായിജനിച്ചതും
വാമനാകൃതി പൂണ്ടുകൊണ്ടഥവിഷ്ടപങ്ങളെ-
വീണ്ടതും
ഭാർഗ്ഗവാകൃതി പൂണ്ടശേഷനരേന്ദ്രവൃന്ദമമർത്തതും
ഭാർഗ്ഗവീപതിരാമനായ് ദശകണ്ഠനെക്കൊല-
ചെയ്തതും
വൃഷ്ണിവംശശിഖാമണേ! ബലഭദ്രനഗ്രജനായതും
കൃഷ്ണനാകിയനീയൊരുത്തനിതൊക്കെ-
ഞാനറിയുന്നിതേ

പുത്രമിത്രകളത്രമെന്നവ ചഞ്ചലങ്ങൾ ചഞ്ചലയാൽ
ഇത്രത്തോളമറിഞ്ഞിടാതെ പിണഞ്ഞതു മേ ബഹു-
സാഹസം
ഇത്തരത്തിൽ പിണഞ്ഞ ചെറ്റു സ്യമന്തകംമണി-
കാരണം
ഇപ്പൊഴുക്കു നമുക്കു ബോധമകത്തുദിച്ചു വിരാ-
ജതേ
[illegible]കൾ പോരുവാനെഴുനള്ളിയെന്നതറി-
ഞ്ഞു ഞാൻ
കർമ്മദോഷമതെന്നിയെ ചിലതുണ്ടു കണ്ടതു-
ചൊല്ലുവാൻ
കഷ്ടമിന്നടിയത്തിനും തവ തത്വമൊക്കെമറന്നു-
ടൻ
ദുഷ്ടകർമ്മമകപ്പെടാനിഹ കാരണം കരുണാ-
നിധേ

ഭക്തിയോടിസ്തുതി ചൊല്ലിവണങ്ങും
ഭക്തശിരോമണിയാം കപിരാജനെ
ഉത്തമപൂരുഷൻ തൃക്കൈകൊണ്ടു
തൊട്ടുതലോടിത്തടവിത്തന്നുടെ-
യുടലിൽ ചേർത്തുടനമിതാനന്ദം
തടവുന്നേരം കപിയുടെ കണ്ണി-
ന്നൊഴുകീടുന്നൊരു വിമലജലങ്ങളിൽ
മുഴുകി മുകുന്ദൻ ചന്ദനപങ്കം
കഴുകിയൊഴിച്ചുടനവനീതലവും
മെഴുകിപ്പൊടികളുമടിമലർതന്നി-
ലിഴുകിപ്പുരിചൊരു കാണായ് വന്നു
ഗോപീനായകനരുളിച്ചെയ്തു
കോപം മനസി നമുക്കില്ലേതും
ഗോപികളോടു കളിച്ചു നടക്കും
ഗോപാലാകൃതി നിന്നെക്കാട്ടാൻ
എന്തൊരുപായമിതെന്നീവണ്ണം
ചിന്തിച്ചങ്ങനെ മരുവുന്നേരം
സത്രാജിത്തൊരു മണിയും കൊണ്ടു
തത്ര വരുന്നതു കാണായ് വന്നു
വേട്ടയ്ക്കായിട്ടവനുടെ സഹജൻ
കാട്ടിൽ ചെന്നു മരിച്ചും പോയി
മണിയും സഹജനുമിങ്ങു വരാഞ്ഞതി-
ട്ടത്തൽമുഴുത്തൊരു സത്രാജിത്തും
ഇഷ്ടജനങ്ങളുമൊക്കെക്കൂടി
കെട്ടിത്തീർത്തു നമുക്കപരാധം;
കൃഷ്ണൻതന്നെ മണികട്ടെന്നും
തൃഷ്ണയവാറിലവന്നുണ്ടെന്നും
പണ്ടേതന്നെ കട്ടുമുടിക്കും
പണമിതെന്നും പലവിധമിങ്ങനെ
നമ്മെക്കൊണ്ടു ചമച്ചപരാധം
തീർപ്പതിനെന്നൊരു ഭാവത്തോടെ
നമ്മുടെ ഭക്തരിലഗ്രേസരനാം
നിന്നെക്കാണ്മാനിന്നിഹ വന്നേൻ
ഇത്തരമരുളിച്ചെയ്തതുനേരം
ചിത്താനന്ദം പൂണ്ടു കപീന്ദ്രൻ
അംബുജമുഖിയാം ജാംബവതിക്കി-
ന്നംബുജനാഭൻ പതിയാകേണം
അംബരചരപുരസുന്ദരിമാരുടെ
ഡംബരമൊന്നു നിലപ്പിക്കേണം
എന്നു മനസ്സിലുറച്ചുടനേ നിജ
നന്ദിനിതന്നെ വിളിച്ചു വരുത്തി
നന്ദതനൂജനു നൽകിപ്പുരിചൊടു
വന്ദിച്ചമ്പൊടു മണിയും നൽകി
നിന്തിരുവടിയുടെ കൃപയെന്നുള്ളതു
സന്തതമെങ്കലുറച്ചീടേണം
സുന്ദരിമാർ തവ പലരുണ്ടിപ്പോൾ
എന്നതുമടിയൻ ബോധിക്കുന്നു
എന്നതിലൊന്നായ് വെച്ചീടേണം
നമ്മുടെ മകളെയുമെന്നേ വേണ്ടു
എന്നു പറഞ്ഞു വലത്തുകൾ വച്ചു
നന്നായ് ത്തൊഴുതു പദാന്തേ വീണു
തൃക്കാലടിമേൽ പരിചൊടു വിലസും
പൊടികളെടുത്തു ശിരസ്സിലണിഞ്ഞു
നിന്നീടുന്നൊരു വാനരപതിയൊടു
നന്ദതനൂജൻ യാത്രയുമരുളി
തൃക്കൈകൊണ്ടു ജാംബവതീകര-
കമലം താങ്ങിയെഴുന്നള്ളി മുദാ
ഗുഹയിൽനിന്നു പുറത്തുമിറങ്ങി
സ്വജനത്തോടും കൂടി മുകുന്ദൻ
ഝടിതി മഹാവനമങ്ങു കടന്നു
ഭഗവാൻ ദ്വാരകതന്നിൽ പുക്കു
മിത്രജനത്തോടു കൂടി മുകുന്ദൻ
സത്രാജിത്തിൻ ഭവനം പുക്കു

സത്രാജിത്തു നേരംവിരവൊടു
വൃത്രാരാതിസഹോദരനെക്ക-
ണ്ടുൾത്രാസത്തോടുകൂടെച്ചെന്നു
സത്രപമങ്ങുവണങ്ങുന്നേരം
നന്ദതനൂജൻ സുന്ദരവദനൻ
മന്ദസ്മിതരുചിവൃന്ദംകൊണ്ടു
മന്ദിരമൊക്കെവെളുപ്പിച്ചുടനേ
സാന്ദ്രകുതൂഹലമരുളിച്ചെയ്തു
സത്രാജിത്തിനുബോധിച്ചാലും!
ചിത്രമിതെല്ലാംവിധിയുടെ ചരിതം
സോദരമരണംകൊണ്ടുളവാകിയ
ഖേദംമനസിചുരുക്കീടേണം
സാദരമൊരുമൊഴികേട്ടീടേണം
മോദംമനസിവളർന്നീടേണം
നിന്നുടെസഹജൻ ഗഹനംതന്നിൽ
ചെന്നൊരുകോട്ടിലണഞ്ഞൊരുനേരം
വന്നൊരുസിംഹമടിച്ചുഹനിച്ചുപി-
ടിച്ചുപറിച്ചാൻ മണിയെയുമുടനേ;
അവനെക്കൊന്നുപിടിച്ചാനമ്മണി
ജാംബവനെന്നൊരു വാനരരാജൻ
കുഞ്ജരബലനാമവനും തന്നുടെ
കുഞ്ഞിനുമങ്ങുകളിപ്പാൻനല്കി
എന്നിതുവരുവാനെന്നു നമുക്കൊ-
രന്തസ്താപംപൂണ്ടൊരുദിവസം
കാന്താരങ്ങളിലെങ്ങും ചെന്നുതി-
രഞ്ഞുവിരഞ്ഞുനടക്കുന്നേരം
വാനരവരനുടെ ഗുഹയിൽകണ്ടേൻ
ഭാനുകരേണലഭിച്ചൊരുമണിയെ
മാനിച്ചവനൊരുതരുണീമണിയും
മണിയുംകൂടെത്തന്നാനുടനെ
എന്നാലിതുനീമേടിച്ചാലും
നന്നായ്‌വരുമെന്നരുളിച്ചെയ്തതു
കേട്ടൊരുനേരംതലയുംതാഴ്ത്തി-
പ്പെട്ടന്നവിടെവസിച്ചുനിനച്ചു
കഷ്ടമിതെന്നുടെ സാഹസമെല്ലാം
ദുഷ്ടതകൊണ്ടിതുശങ്കിച്ചേൻഞാൻ
ശിഷ്ടജനത്തെക്കൊണ്ടൊരുനാളും
നിഷ്ഠുരമായിനിനയ്ക്കരുതല്ലോ
വിഷ്ടപപതിയാം നന്ദസുതന്റെ
തുഷ്ടിവരുത്താനെന്തൊരുപായം
ഇഷ്ടക്കേടിവനുണ്ടായാൽ
നഷ്ടമിതല്ലോനമ്മുടെവംശം
വിഷ്ടപവാസികളൊക്കെയിവന്റെ
തുഷ്ടിവരുത്താനായിപ്പലതര-
മിഷ്ടികൾകൊണ്ടുവിശിഷ്ടതയോടെ
തുഷ്ടിവരുത്തിവസിച്ചീടുന്നു
യഷ്ടിജനങ്ങളിൽ മൂത്തവനാംഞാൻ
ദുഷ്ടതതന്നെനിനച്ചയുള്ളൂ;
സകലമഹാജനഭൂഷണനായി-
സ്സകലനിശാചരശോഷണനാകിയ
യദുനായകനെക്കൊണ്ടിഹഞാനും
മോഷണമെന്നൊരുദൂഷണമെല്ലാം
ശങ്കിച്ചേനതി കഷ്ടംകഷ്ടം
ഇത്ഥംമനസിവിഷാദംപൂണ്ടതി-
പശ്ചാത്താപവിഷണ്ണതയോടെ
സത്രാജിത്തുവണങ്ങിവണങ്ങിയു-
ണർത്തിച്ചാനിതുഭഗവാനോടെ
അടിയൻചെയ്തപരാധമിതെല്ലാം
വടിവൊടുപൊററിസഹിച്ചീടേണം
അടിമലരെന്നിയെമററൊരാശ്രയ-
മടിയനില്ലതുണർത്തിക്കുന്നേൻ;
അനുജവിനാശവിഷാദംകൊണ്ടുട-
നനുചിതമായിനിനച്ചുംപോയി
അനുഗുണമാകിന ചിലരുടെവാക്കുക-
ളനുമതമെന്നുനടിച്ചുംപോയീ;
ഇത്തരമുള്ളൊരുവചനംകേട്ടി-
ട്ടുത്തരമരുളിച്ചെയ്തു മുകുന്ദൻ
അത്തൽകളഞ്ഞുതെളിഞ്ഞാലുംനീ
ചിത്തവിഷാദമിതൊട്ടുംവേണ്ടാ
തത്വമറിഞ്ഞീടാഞ്ഞാലനുദിന-
മിത്തരമെല്ലാമുണ്ടായീടും
ചിത്തവികാരമിനിക്കില്ലേതും
സത്യംതന്നെപറഞ്ഞീടുന്നു
യത്നംവളരെച്ചെയ്തുലഭിച്ചൊരു
രത്നംപോയതിളച്ചീടാമോ?
എന്നരുൾചെയ്തുകൊടുത്തൊരുരത്നം
വാങ്ങിവണങ്ങിസ്സത്രാജിത്തും

ദാനവസൂദനനായിക്കൊണ്ടു
ദാനംചെയ്യാൻ തന്നുടെമകളെ
കല്യാണമുണ്ണമേറം നല്ല സത്യഭാമയെ-
ന്നല്ലോയിവൾക്കുനാമം ഉല്ലാസത്തോടെകണ്ടു
മല്ലാരിമനതാരിൽ നല്ലോരുമോദംപൂണ്ടു
മെല്ലെനിരൂപിക്കുന്നു നല്ലാരിൽമണിയോടു
തുല്യമായ്പാരിലെങ്ങും ഇല്ലൊരുതരുണികൾ
കില്ലേതുമില്ലതിനു നല്ലിത്താർബാണനുടെ
വില്ലിന്നിനിമേലിൽമുല്ലവിശിഖങ്ങൾക്കു-
മില്ലൊരുനേരംപോലും നല്ലോരുവിശ്രമമെ-
ന്നല്ലോമമതോന്നുന്നു, വില്ലുംകുലച്ചുകൊണ്ടു
മല്ലീശരംതൊടുത്തുകൊല്ലാനണഞ്ഞിടുന്നു
മെല്ലെമലർവിശിഖൻ, നല്ലോരുവദനവും
ചില്ലീലതകൾരണ്ടും സംഫുല്ലാരവിന്ദത്തെയും
വെല്ലും നയനങ്ങളും പല്ലവമധരവും
പല്ലും മന്ദസ്മിതവും മെല്ലെയഴിഞ്ഞുലഞ്ഞ
നല്ലതലമുടിയും പങ്കജമുകുളത്തോ-
ടങ്കംപൊരുതീടുന്നകൊങ്കയുഗളമതും
കങ്കേളിദളങ്ങളോടൊത്തകൈവിരലുകൾ
കാഞ്ചീഗുണങ്ങളെക്കൊണ്ടഞ്ചിതമായിടുന്ന
കാഞ്ചീസദനംമമനെഞ്ചിൽവിളയാടുന്നു
നാട്ടിൽമികവേറീടും മട്ടലർമിഴിയാളെ
കിട്ടുംമമസുകൃതമൊട്ടല്ലനിനയ്ക്കുമ്പോൾ
ഏവംനിരൂപിക്കുന്നദേവേശനായിക്കൊണ്ടു
സത്രാജിത്തുനേരം സത്യഭാമയെനല്കി
പിന്നെസ്യമന്തകവും കന്യാദാനമായ്നല്കി
ബാലജനങ്ങളുടെ ശീലക്കേടുകളെല്ലാം
ചാലേസഹിച്ചീടേണം നീലനയനാപോററി!

ഇത്തരമുരചെയ്തുവണങ്ങും
സത്രാജിത്തിൻപാണിപിടിച്ചു
ഗാത്രത്തേലുമണച്ചുമുകുന്ദൻ;
ചിത്താനന്ദംതടവിക്കനിവോടു
ചിത്രതരംമണിയവനായ്തന്നെ
സത്വരമങ്ങുകൊടുത്തു മുകുന്ദൻ;
യാത്രയുമുരചെയ്തവനൊടുമുടനേ
മിത്രജനങ്ങളുമായെഴുനള്ളി
കളമൊഴിമാരുടെ കരതലയുഗളം
കനിവൊടുകോർത്തുപിടിച്ചെഴുനള്ളി
കളികളുമരുളിച്ചെയ്തതിമധുരം
കളിയൊളിവിലസും ലളിതകടാക്ഷം
യദുവരനളവേതുകിട്ടവരുടെ
കരളിൽതെളിവുവരുത്താനായി
തെളുതെളെവിലസും മന്ദസ്മിതമാം
കുളുർചന്ദ്രികയെക്കൊണ്ടവിതടം
വെളുവെളെയാക്കിനടന്നാൻ കൃഷ്ണൻ
ലളിതവധൂജനലീലാതൃഷ്ണൻ
അപ്പോഴങ്ങദ്വാരകതന്നിൽ
കെല്പൊടുടനേപൌരന്മാരു-
ചിൽപുരുഷോത്തമനെഴുനള്ളത്തു-
ണ്ടിപ്പോഴെന്നതുകേട്ടൊരുനേരം
തല്പരമൊക്കെയടിച്ചുകടഞ്ഞുട-
നത്ഭുതമായൊരലങ്കാരത്തിനു
കോപ്പുകൾകൂട്ടിപ്പാർത്തുതുടങ്ങി
കല്പനചിലരുപറഞ്ഞുതുടങ്ങി
നമ്മുടെഭഗവാനെഴുന്നള്ളുന്നു
പെൺമണിമാരുണ്ടിരുവരുപോലും
വെൺമയിലിവിടെവിവാഹോത്സവമതി
രമ്യതയായ്ഘോഷിക്കേണം
പൊന്മയമാം ചിലമണിമാളികയും
വെൺമാടങ്ങളുമുളവാക്കേണം
ഹർമ്മ്യങ്ങളുമഥമണിഭവനങ്ങളു-
മിനിയും പലതു ചമച്ചീടേണം
പന്തലുമുയരെത്തീർത്തീടേണം
ചന്തത്തോടുവിതാനിക്കേണം
രണ്ടുതുവേണം മുല്ലപ്പന്തലു
രണ്ടുവിവാഹംകൂടീട്ടല്ലോ
കാഴ്ചക്കാർക്കുവസിപ്പാൻ ചുററും
കാഴ്ചത്തട്ടുകളിട്ടീടേണം
തട്ടുകളെല്ലാമൊട്ടൊഴിയാതെ
പട്ടുകൾകൊണ്ടുവിതാനിക്കേണം
കെട്ടീടേണം പലകുടിലുകളും
വെട്ടീടേണം കാടുകളെല്ലാം;
നാട്ടീടേണം കൊടിമരനികരം
കൂട്ടീടേണംകൊടിയേയാളം
കൂറകൾപലതും തൂക്കീടേണം
കൂറണ്ടെങ്കിലിതിപ്പോൾവേണം

അങ്ങാടികളുമുപലവകവേണം
ചങ്ങാതികളേ കാലംപോയി
കോടിസഹസ്രംപീടികവേണം
കോട്ടകളിൽചിലതുണ്ടുകൾവേണം
കോടികൾ പട്ടകൾ തൂക്കീട്ടപ്പോൾ
കോടിപ്പോമിഹതൂണില്ലാഞ്ഞാൽ
കോട്ടകളീന്നുജനങ്ങൾനിറഞ്ഞഴ-
കോടു ചമഞ്ഞുവരുന്നൊരുനേരം
കോടരുതേതുംസ്ഥലമില്ലാതെ
കോട്ടകളധികം കരുതീടേണം
കൊട്ടിലുപലതും കെട്ടീടേണം
കോട്ടത്തളവും തീർത്തീടേണം
കൊട്ടകൾ വട്ടികൾ തൊട്ടികളെല്ലാം
കോട്ടമകന്നു ചമച്ചീടേണം
പന്തിപ്പലകകൾപലതുംവേണം
മന്നുംകഴലമരക്കോരികയും
കലവറവേണം നിലവറവേണം
കലവറയിൽ ചില നിലവറവേണം
നിലവറയിൽ ചില കലവറവേണം
എലകണ്ടിപ്പാൻ പലരുംവേണം
കലകണ്ടിപ്പാനങ്ങനെതന്നെ
പാലും തൈരും നെയ്യും മോരും
ചാലെപ്പെരികെവരുത്തീടേണം
അരിയും പെരികെ വരുത്തീടേണം
പൊരിയും മലരവിലിവയും വേണം
ചന്ത്രക്കാരനു മൂഴ്യക്കാരും .
ചന്തം നോക്കി നടന്നാൽ പോരാ
സന്തതമോരോ കോപ്പുകൾ കൂട്ടാ-
നന്തരമാന്നു നിവന്നീടേണം
അന്തണരനവധി വരുമെന്നാലവർ
ചെന്തളിരടിമലരുടനേ കൂപ്പി
പന്തിനിരത്തിയിരുത്തീട്ടവരെ
ചിന്തതെളിഞ്ഞു ഭുജിപ്പിക്കേണം;
എന്തിനു പലതു പറഞ്ഞീടുന്നു?.
ചെന്താർമാനിനി വല്ലഭനാകിയ
തന്തിരുവടിയുടെ വേളിയതെന്നു
ചിന്തിച്ചെല്ലാമുത്സാഹിപ്പിൻ
ഇത്തരമോരോ വാക്കു പറഞ്ഞും
സത്വരമവിടെ നടന്നു ശ്രമിച്ചും
ചിത്താനന്ദത്തോടേ പുരജന-
മൊത്തു സമസ്തം കോപ്പുകൾ കൂട്ടി.

അനവധി ജനമധികുതുകമോടെ
ദ്വാരകമെന്ന പുരമണഞ്ഞുപാടേ
പുനരപിപുനരപിജലധിതടേ
ഘനരസമോടുടൻ നിറഞ്ഞവിടേ
ചിറതന്നിലിടഞ്ഞിടഞ്ഞുടൻ നടന്നു
പിറകിൽ നിന്നുന്തിത്തള്ളിച്ചിലർ കടന്നു
പുരങ്ങളിലകം പുക്കു ചിലരിരുന്നു
പരിചൊടു കുടിലുകളൊക്കെപ്പരന്നു
ഭടജനമൊരുവക നടന്നീടുന്നു
ചടചടപരിചകൾ തുടക്കീടുന്നു
പൊടുപൊടെവെടി ചിലർ മുഴക്കീടുന്നു
ഒരുദിശിമുനിജനമെഴുന്നള്ളുന്നു
പരിഹാസം പറഞ്ഞുടൻ ചിരിച്ചീടുന്നു
പരിചൊടവരെച്ചിലർ വണങ്ങീടുന്നു
ഒരു ദിശിവിപ്രന്മാരും വസിച്ചീടുന്നു
പരമപുരുഷനുടെ വരവു കാൺമാൻ
തരുണികളൊരുമിച്ചു പുറപ്പെട്ടു;
തരിവളകടകങ്ങൾ ഉടഞ്ഞാണുകൾ
തരമായ കുരലാരമരഞ്ഞാണുകൾ
കരയുള്ള പുടവകൾ കുറിമുണ്ടുകൾ
തെരുതെരെയെടുത്തുടനണിഞ്ഞീടുന്നു
തിലകങ്ങൾ പലതരം ചമച്ചീടുന്നു
തലമുടിവടിവൊടു തിരുകീടുന്നു
വിലസിനമധുഗണം പൊഴിഞ്ഞീടുന്നു
മലർശരനവരോടു പിണങ്ങീടുന്നു
കളമൊഴി ജനങ്ങളും തെളിവിനോടേ
കളികളും പറഞ്ഞുടൻ കളിച്ചുമെല്ലേ
വള്ളികൾ മുകളേറിയിരുന്നീടുന്നു
കളകളമോരോ വാക്കു പറഞ്ഞീടുന്നു

പെണ്ണായിട്ടു പിറന്നവരാരും
പെണ്ണെന്നേതും ഭാവിക്കേണ്ടാ
കണ്ണൻ തിരുവടി തന്നൊടു ചേരും
പെണ്ണത്രെയൊരു പെണ്ണായുള്ളൂ
എണ്ണില്ലാത്ത ഗുണങ്ങളിണങ്ങും
കണ്ണൻ തിരുവടി തന്നൊടു ചേരാൻ

പുണ്യം കൂടാതിങ്ങനെ നമ്മെ
തിണ്ണം തീർത്തവനെന്തൊരു പൊഴൻ
നന്ദാത്മജനുടെ രണ്ടു വശത്തും
സുന്ദരിമാരെക്കാണാകുന്നു;
ധന്യകളാമക്കന്യകമാരെ-
ത്തന്നോമനനിലിവണ്ണം കാണും
അന്യജനത്തിനു ഭാഗ്യം പോരാ
ധന്യജനത്തോടു കൂടിവസിപ്പാൻ
മുന്നം ചെയ്തോരു സുകൃതം കൊണ്ടേ
നന്നായിട്ടൊരു വരനുണ്ടാവൂ
നോക്കുണ്ടെങ്ങൊരു നായരവന്റെ
വാക്കുകൾ കേട്ടാലെന്തൊരു കഷ്ടം!
മൂക്കോളം ബത കള്ളുകുടിച്ചി-
ട്ടുക്കുകൾ കാട്ടണമത്രേ വേണ്ടു
ചേന്നന്നായരുവന്നാനിന്നലെ
നമ്മുടെ വീട്ടിൽച്ചെറിവാനായി-
ട്ടെന്നാറയ്ക്കൽ ഞാനുമവന്നൊരു
പായുമെടുത്തു പുറത്തു കൊടുത്തു;
ആയതുനേരം നമ്മുടെ നായരു
വന്നിട്ടേന്നോടൊന്നു കലമ്പി
കള്ളച്ചെറുമിയാരാണിന്നീ
കള്ളപ്പാഴനു പായൽകിയതു്?
കൊള്ളാമെന്നു പറഞ്ഞു കൊണ്ടവ-
നുള്ള കലങ്ങളശേഷമുടച്ചു
കൊച്ചിനെ വന്നു പിടിച്ചുപറിച്ചാ
ട്ടുഷ്ണനിനിക്കിട്ടൊന്നു മടച്ചു
ഇങ്ങനെയുള്ളൊരു കള്ളന്മാരേ
ഇങ്ങു നമുക്കുണ്ടാകുന്നുള്ളു;
മറെറാരു നാരി പറഞ്ഞാനപ്പോൾ
ഉററവരെങ്കിലിവണ്ണം വേണം
വല്ലവിമാരെപ്പരിപാലിപ്പാൻ
മല്ലാരിക്കൊരു കൌശലമേറും
നല്ലജനത്തോടു കൂടി വസിപ്പാൻ
നല്ലൊരു ഭാഗ്യം വേണം തോഴി!
അണ്ണൻ പട്ടരുകൂടിനടന്നാൽ
എണ്ണയ്ക്കൂതും ഞാനറിയേണ്ടാ
കാഴ്ചകൾ കാൺമാൻ കൊണ്ടു നടപ്പാൻ
കൊച്ചു പണിക്കരു താനേ പോരും
താച്ചൻനായരു കച്ചയെടുത്തേ
ഉച്ചക്കൊക്കു പണ്ടൊരു കാലം
പണ്ടു സുഖിച്ചു വളൎന്നവൾ ഞാനെ-
ന്നുണ്ടാകേണം മാനിനിമാരേ!
തരുണികളിത്തരമുരചെയ്തുടനേ
പരിചൊടു കണ്ടു രസിക്കുന്നേരം
സരസിജനയനനകം പുക്കുടനേ
സരസംമൊരാലയമതിലെഴുനള്ളി

വിവാഹമാകിയ മഹോത്സവത്തിനു
മുഹൂർത്തമമ്പൊടു വിധിച്ചനേരം
മഹാജനങ്ങളുമണഞ്ഞു പാരം
മഹാപുരങ്ങളിൽ നിറഞ്ഞിരുന്നു
മഹീതലങ്ങളിൽ വിളങ്ങിമേവും
മഹീസുരേശ്വരരശേഷമപ്പോൾ
വിഹീനസംഭ്രമമകന്നു യാദവ
മഹീശമന്ദിരമലങ്കരിച്ചു;
തനിച്ചു മാനുഷജനത്തിനപ്പോൾ
അനേകമുണ്ടു മനോരഥങ്ങൾ
വിനോദനങ്ങളെ നിനയ്ക്കയാലഗ-
മനസ്സിലുണ്ടതികുതൂഹലങ്ങൾ
മുരാരിതൻ പദസരോരുഹങ്ങളെ
നിരാകുലം കില വണങ്ങുവാനായ്
തരം വരേണമതിനുന്നു കാണണ-
മതൊക്കെയെന്നവർ നിനച്ചീടുന്നു

കെട്ടുകൾ പലതുണ്ടതിനുടെ ചുററും
കൊട്ടിലുപലതും കെട്ടിത്തീർത്തു
ഒട്ടല്ലുയരംമാനത്തമ്പൊടു
മുട്ടുമതെന്നേ കണ്ടാൽ തോന്നു
ചന്ദനവിടപികൾ കൊണ്ടു ചമച്ചോ-
രുന്നതമാകിന തൂണുകളെല്ലാം;
അകിലുമരംകൊണ്ടഖിലം തീർത്തു
അകലം നീളവുമളവില്ലേതും
അപ്പോളങ്ങൊരു മന്ത്രിപ്രവരൻ
കല്പനകൊണ്ടു പറഞ്ഞു തുടങ്ങി;
പത്തും രണ്ടും മന്ത്രികളുള്ളവ-
രൊത്തു പ്രയത്നം ചെയ്തീടേണം
ഉത്തമമാം ജനമിവിടെപ്പലവക-
യെത്തുമതെന്നു ബോധിച്ചാലും!
സത്രത്തിന്നു കൊഴപ്പുവരാതെ
ചിത്തമുറച്ചു ശ്രമിച്ചീടേണം;

മറുനാട്ടീന്നു വരുന്ന ജനത്തെ
പരിപാലിപ്പാൻ പലരും വേണം
നരവരമന്ത്രികൾ വന്നാലവരെ-
പ്പുരമുറിതന്നിൽ പാർപ്പിക്കേണം
മേളം കൂടി നൃപന്മാർ വന്നാൽ
മാളികതന്നിലിരുത്തീടേണം;
അക്കിത്തിരിമാർ സോമാതിരിമാർ
ചൊൽക്കൊണ്ടീടിന ഭട്ടേരികളും
ആഢ്യന്മാരും മന്ത്രികൾ തന്ത്രികൾ
മൌഢ്യമിയന്നൊരു നമ്പൂരാരും
സകലരുമങ്ങെഴുനള്ളുന്നേരം
തേവാരികൾ പരിപാലിക്കേണം
വൈദ്യക്കാരും ഗണിതക്കാരും
വന്നാലവരെപ്പാർപ്പിക്കേണം
ആട്ടക്കാരുടെ പെട്ടികൾ വയ്പാൻ
കൊട്ടിലുവേറേ കെട്ടീടേണം;
ശാസ്ത്രീപ്പിള്ളേക്കരിയും കോപ്പും
പാത്രവുമങ്ങുകൊടുത്തീടേണം
കള്ളുകുടിക്കും കള്ളന്മാരുടെ
തൊള്ളയിലുടനേ മുള്ളീടേണം
വാടയ്ക്കുള്ളിൽ കാടുകൾ കാട്ടും
ചേടന്മാരെത്താഡിക്കേണം
ഒട്ടൊട്ടസ്സമനത്തിനടുത്താൽ
വെട്ടം നീളെ നിരത്തീടേണം
വാടയ്ക്കകമേ മുള്ളുന്നവരെ
വടിയിട്ടങ്ങു മറിച്ചീടേണം
കല്പനകേൾപ്പാനെളുതല്ലെന്നാൽ
കല്പിതമാക്കുമൊഴിക്കാവല്ലാ
കൃഷ്ണൻ തിരുവടി ശാസനമെന്നതു
വൃഷ്ണികളെല്ലാം ബോധിക്കേണം.

ഗംഭീരമിങ്ങനെ പറഞ്ഞനേരം
സജ്ജനങ്ങടെ മനംതെളിഞ്ഞു
മഹോത്സവങ്ങളുമുടൻ തുടങ്ങി
മുഹൂർത്തവും പുനരടുത്തുവന്നു;
കുമാരിമാരെയുമലങ്കരിപ്പാൻ
പ്രമോദമോടിഹ മൃഗാക്ഷിമാരും;
കുളിച്ചുവന്നുടനിളച്ചിടാതെ
വിളിച്ചു കൈകളിൽ പിടിച്ചു മന്ദം
ഇരുണ്ടു നീണ്ടതി ചുരുണ്ട തലമുടി
കരങ്ങൾകൊണ്ടവർ വിടിർത്തു തിരുകി
കുരണ്ഡമാലകളണിഞ്ഞുമെല്ലെ-
പ്പുരന്ന കുറുനിര നിരക്കെവെട്ടി-
ത്തരത്തിൽ നല്ലൊരു തിലകം ചാർത്തു
വിലോലപങ്കജദളങ്ങൾപോലെ
വിലാസമുള്ളോരു വിലോചനങ്ങളിൽ
വിലാസമാകിന ശലാകചാർത്തു
വിലാസിനീജനമുദാരഭാവം
തെളിഞ്ഞ കുണ്ഡലമണിഞ്ഞു കാതിൽ
ഗളത്തിൽ മാലകളെടുത്തണിഞ്ഞു
കരങ്ങളിൽ തരിവളകളുമിട്ടു
വിരൽകളമോതിരനികരമണിഞ്ഞു
അവർണ്യമാകിന പദതളിരുകളിൽ
സുവർണ്ണനൂപുരനികരമണിഞ്ഞു
സുവർണ്ണകൌതുകമവരു ചമഞ്ഞു
കുമാരിമാരൊടുമിട ചേർന്നങ്ങനെ
പ്രമോദമോടിഹ സഖികളുമെല്ലാം.

മല്ലവിലോചനനായമുകുന്ദൻ
മുല്ലപ്പന്തലിലന്നെഴുനള്ളി
കല്യാണികളാം കന്യകമാരുടെ
കല്യാണോത്സവസമയത്തിങ്കൽ
ഉല്ലാസത്തൊടു വേണ്ടുംവിധികളു-
മെല്ലാമങ്ങു കഴിഞ്ഞതദശായാം
ഭൂമിസുരന്മാർക്കനവധിധനവും
കാർമുകിൽ വർണ്ണൻ ദാനംചെയ്തു;
ആമോദത്തൊടു മംഗലസമയേ
ഭാമാപാണിഗ്രഹണംചെയ്തു
ജാംബൂനദവും പട്ടും വളയും
താംബൂലങ്ങളുമവനിസുരന്മാ-
ർക്കംബുജനയനൻദാനംചെയ്തഥ
ജാംബവതിയെയും വേട്ടാനുടനേ
പാവകസാക്ഷികമാകിയകർമ്മം
പാവനമാശുകഴിച്ചുമുകുന്ദൻ
ദേവകിവസുദേവാദികളോടും
ദേവിയതാകിയരുക്മിണിയോടും
സേവകരാകിയവൃഷ്ണികളോടും
കേവലമൊരുമിച്ചങ്ങെഴുനള്ളി

പള്ളിമഹാമണിസൌധംപൂകുന്നതി-
നുള്ളിൽപരിചൊടുവാണിടുന്നു.
സൂര്യനുദിച്ചുവെളുക്കുന്നേരം
കാര്യക്കാർപലരെണ്ണയെടുപ്പാൻ
എണ്ണത്തട്ടേലോറിയിരുന്നു
എണ്ണയെടുത്തുകൊടുത്തുതുടങ്ങി
കെട്ടോരുദിക്കിലുറക്കിട്ടവധി
പട്ടന്മാർവന്നാർത്തുവിളിച്ചു
തട്ടിനുതാഴെനിന്നുശിരസ്സുകൾ
കാട്ടിപ്പരിചൊടുതേച്ചുതുടങ്ങി;
ചടപടനെന്നവർ മുടിയിലടിച്ചും
വടിവൊടുതേച്ചങ്ങടിയിലൊലിച്ചും
താളിത്തട്ടിനുതാഴെച്ചെന്ന-
ത്താളിക്കാരൊടുമുള്ളുപറഞ്ഞും
താളിപിഴിഞ്ഞവർ കണ്ണിലൊഴിച്ചും
താളിച്ചെളിയിൽതെററിവീയച്ചും
ഇഞ്ചകളൊട്ടുപിടിച്ചുപറിച്ചും
സഞ്ചികളിൽ ചിലരാക്കിയൊളിച്ചും
വഞ്ചിച്ചവരുടെസഞ്ചിപിടിച്ചും
വഞ്ചിയിലേററിക്കരപററിച്ചും
കടവിലിടഞ്ഞുതടഞ്ഞുകടഞ്ഞും
ചിലരവതച്ചും ചിലരുകുളിച്ചും
സോമൻപുടവകൾ നാർപ്പട്ടുകളും
കെട്ടിയുടുത്തൊരുപാളത്താറും
കൂട്ടിത്തെരുതെരെയോടിയടുക്കും
കൊട്ടിലുപൂക്കുംരെട്ടുപിരിച്ചും
വട്ടംകൂട്ടുംപട്ടന്മാരുടെ
ചട്ടംകണ്ടാലെത്രവിചിത്രം!
അപ്പൊളൂട്ടുക്കളതന്നിൽവിളങ്ങുമൊ-
രത്ഭുതമെങ്ങനെവാഴ്ത്തീടേണ്ടു
കൊള്ളിയടുപ്പിൽ തള്ളുന്നു ചിലർ
വെള്ളംകോരിനിറയ്ക്കുന്നു ചിലർ
മുള്ളുനടിച്ചുനടക്കുന്നു ചിലർ
പൊള്ളുപറഞ്ഞുചിരിക്കുന്നു ചിലർ
ആത്രശ്ശേരിചിത്രമ്പള്ളി
പാത്രമെടുത്തിളുപാപ്പാറായി
പാത്രത്തണ്ടുപിടിപ്പാൻ നല്ലൊരു
പാത്രംതെന്നനിങ്ങളിതെന്നും

തൊട്ടാശ്ശേരി എരിശ്ശേരിക്കു-
ചട്ടുകമായിക്കൂടീടേണം
കടുകശ്ശേരികടുകുവറക്ക
വേങ്ങിശ്ശേരിതേങ്ങവറക്ക
ചക്കപ്രഥമൻ വെക്കണമെന്നാൽ
തെക്കത്തിന്നൊരുതക്കവുമേറും
ചീരക്കാറിനു സരസതയേറും
ചീരക്കറികൾ ചമപ്പാനെന്നും
വഴുതക്കാട്ടും വഴുതിപ്പോമേ
വഴുതിനങ്ങാക്കറിവെക്കുന്നേരം
നെല്ലിക്കാട്ടുമഘൻമൂന്നാമൻ
നെല്ലിക്കാക്കറിവയ്പാൻകൊള്ളാം;
ഉപ്പുകൾനോക്കാനപ്പ്ഫൻവേണം
വമ്പന്മാരിരിമികളുരുവമ്പൻ
ഉപ്പേരികളുടെ പാകംനോക്കാ-
നയ്യള്ളിക്കു ശരിയല്ലാരും
വെള്ളംപോരാ വെള്ളമൊഴിപ്പാൻ
കള്ളന്മാരവരെങ്ങിറങ്ങിപോയി
മെനുകളിനിയുമൊരമ്പതുവേണം
മെനുകിടാരം മുമ്പിൽവരേണം
ഉഴക്കാരേ പാഴന്മാരേ!
വാഴക്കായിതുമതിയാകില്ല
മുപ്പറകൊള്ളും കൊട്ടനിറച്ചിനി
ഉപ്പേരിക്കു നുറുക്കീടേണം
മാങ്ങാക്കാടിചമയ്ക്കണമെന്നാൽ
തേങ്ങയരച്ചതുമതിയായില്ല
ഇങ്ങനെപലതുപറഞ്ഞുംകൊണ്ടു
ഭംഗിയൊടങ്ങുപചിച്ചുതുടങ്ങി
അഞ്ചെട്ടാളുകൾകൂടീട്ടങ്ങൊരു
സഞ്ചിയഴിച്ചുമുറുക്കുതുടങ്ങി
തൂക്കപ്പുകയിലതരിമ്പില്ലാഞ്ഞാൽ
നമുക്കുമുറുക്കിനുസുഖമില്ലേതും
പാക്കുംവെററിലയുണ്ടെന്നാകിൽ
തൂക്കംനോക്കണമെന്നുടെകുഴലിൽ
തന്നുടെകുഴലിൽ പുകയിലയെന്നതു
മുന്നംഞാനോ കണ്ടിട്ടില്ല
വെററിലപററാനുള്ളൊരുപായം
മുററമതേതും നമ്മൊടുകൂടാ

തന്നെപ്പോലേ കണ്ടതുപററി
തിന്നുമുടിക്കനമുക്കില്ലേതും
തിന്നുമുടിക്കും ഞാനെന്നിങ്ങനെ
വന്നുപറഞ്ഞാലടിയുംകൊള്ളും
അച്ചികൾമുമ്പിൽപിച്ചകളിക്കും
കച്ചകൊട്ടത്തും മച്ചിലൊളിച്ചും
നായന്മാരോടടിയുംകൊണ്ടു
പായുംനീയോ നമ്മെയടിപ്പാൻ
നിന്നെയടിച്ചാലാരുതടപ്പാ-
നെന്നുടെമുമ്പിൽ വരുന്നവനെന്നും
കന്നത്തോടേ ഞാനടികൊണ്ടാൽ
നിന്നെക്കൂടയതൊപ്പിക്കണമോ
നില്ലെടപോഴാ നില്ലെടപോഴാ
നല്ലതിനല്ലതുനിഞ്ഞീടുന്നു
എല്ലുകളെല്ലാം തല്ലിയൊടിപ്പെൻ
വല്ലതുകൊണ്ടും പല്ലുകൊഴിപ്പെൻ
ഇത്തരമോരോവാക്കുപറഞ്ഞും
ശാസ്ത്രമഹീസുരരിരുവരുതമ്മിൽ
സത്വരമുടനെയടിപ്പതിനായി
പലകവലിച്ചുപിടിച്ചതിഘോരാൽ
വഡ്ഢികളിൽകുറിമുണ്ടുമുറുക്കി
വിഡ്ഢിത്തങ്ങൾ നടിച്ചുതുടങ്ങി;
കിടുകിടെമേനിവിറച്ചുതുടങ്ങി;
കുടുകുടെയുടലുവിയർത്തു വിയർത്തും
വടിവൊടുതങ്ങളിൽ മുണ്ടുപിടിച്ചും
തണ്ടുതടഞ്ഞവർ മണ്ടിനടന്നൊരു
രണ്ടുംകൂടെ മറിഞ്ഞഥവീണു
കണ്ടുവസിക്കുന്നാളുകളെല്ലാം
കൈകൊട്ടിക്കൊണ്ടാർത്തുവിളിച്ചു
എലവെപ്പാനമട്ടത്തൊരുനേരം
പലരുംവന്നു ഭ്രമിച്ചുതുടങ്ങി
സ്ഥലവുംവച്ചുവസിക്കുന്നാളുകൾ
കലഹിച്ചങ്ങു പറഞ്ഞുതുടങ്ങി
ഞാൻവച്ചോരു നിലത്തുവസിപ്പാൻ
താനോരുവണ്ടതു കശ്മലചിത്താ
തന്നുടെനിലമല്ലേതുമതോർത്താൽ
മുന്നാംഞാനൊരു മുണ്ടുവിരിച്ചു
മുണ്ടുവിരിക്കും മുമ്പേഞാനും

രണ്ടുവരച്ചതുകണ്ടില്ലേ താൻ
രണ്ടുവരച്ചതുപണ്ടേഞാനും
കണ്ടില്ലാ ഞാനെന്നൊരുഘോഷം
കൊട്ടിലിലിങ്ങനെ സർവ്വജനങ്ങളു-
മൂട്ടിനുവന്നുനിരന്നൊരു സമയേ
കൂട്ടുകറിക്കാർ വരവുതുടങ്ങി
കൊട്ടവുമകിലും മുറവും മാഞ്ചിയു-
മൊട്ടൊഴിയാതെപൊടിച്ചുകലക്കി
തട്ടുപുഴുപ്പൊടി പച്ചകൊഴുന്നും
വാട്ടമകന്നൊരു പച്ചപ്പുഴുവും
രാമച്ചപ്പൊടി പിച്ചകമലരും
ചുട്ടററീടിന ചെമ്പകമൊട്ടും
മട്ടലർപലതും പനിനീരെന്നിവ
കൂട്ടിയിളക്കിപ്പരിമളമോടിട
കൂട്ടിനചന്ദനപങ്കം പരിചൊടു
തട്ടുകലത്തിലെടുത്തുംകൊണ്ടൊരു
കൂട്ടമെടുത്തുകൊടുത്തുതുടങ്ങി
ചാന്തും മലയജകുങ്കുമമെല്ലാ-
മന്തണർപന്തിയിൽ വന്നുതുടങ്ങി
എലവച്ചങ്ങുനിരന്നുതുടങ്ങി
ജലവുമെടുത്തുകൊടുത്തുതുടങ്ങി
മലരതുപോലെ വെളുത്തൊരു ചോറു-
വിളമ്പി വിളമ്പിയടുത്തുതുടങ്ങി
ഉപ്പേരികളും പലവകയുണ്ടതു
കെല്ലോടങ്ങുവിളമ്പീടുന്നു
പപ്പടമെന്നതു പത്തും മുപ്പതു-
മൊപ്പിച്ചങ്ങുവിളമ്പീടുന്നു;
ആനച്ചുവടൻ പപ്പടമൊരുവക
മാനിച്ചങ്ങുവിളമ്പീടുന്നു
ചക്കപ്രഥമനമമൃതുംകൂടി
തൂക്കിക്കണ്ടാലമൃതേപൊങ്ങു
പ്രഥമന്മാരിലടപ്രഥമൻപോൽ
പ്രഥമനിതെന്നൊരു ധൂളിപറഞ്ഞു
വച്ചുണ്ടാക്കിയ കറികിറിയൊന്നിലു-
മിച്ഛയിനിക്കില്ലെന്നുടെ ഘട്ടവാ
പച്ചടിസാറു പരിപ്പുണ്ടാനാ-
ലാച്ചിതുസാപ്പാടെന്നാനൊരുവൻ
അടനമ്പൂതിരിപീത്തായൊളി
റമ്പംപോട്ടു പുളിശാങ്കറിയെ

ഒന്നുടെമൂതലോ സാംപ്രതമായി
സാപ്പാട്ടക്കായ് വന്തേനെന്നാ
പഞ്ചാരപ്പൊടി ദേവാ ളദേവോരം
വേപ്പിലചിരത്ത ഭേരാടെ എട്ടുവാ
സാറംകീറം പച്ചടികിച്ചടി
പളവും കിളറും പോടെന്നൊരുവൻ
കത്തിരിക്കാക്കറിയുണ്ടൊന്നാൽ
ചെത്തവിളമ്പണമെന്നാനൊരുവൻ
ഹടന്നാഹണ്ണാ മണിയാ സ്വാമി
അബ്ബ സുബ്ബാ വെങ്കിടാമ
സീതാരാമാ കൊള്ളത്തുരാനും
ആനപിട്ടകൻ മണിയൻ ഞാഞ്ഞാൽ
അപ്പപ്പാ ചില മുഷ്ക്കകളൊന്നും
അപ്പന്മാരുടെ മുതലോഎന്നും
പോടികല പോടികലപോട്
ചോറൊരിടകഴിയികെപോട്
ഇത്തരമോരോ വിപ്രന്മാരുടെ
ഭുക്തിമഹോത്സവമെത്ര വിചിത്രം
പാലുകറക്കിയെട്ടക്കുന്നു ചിലർ
വാരിച്ചുണ്ണുനടക്കുന്നു ചിലർ
നാരങ്ങാക്കറി മാങ്ങാക്കറിയും
മോരും തൈരുമെട്ടക്കുന്നു ചിലർ
വെല്ലപ്പായസമുണ്ടവരുന്നു
മെല്ലെയിരുന്നു ചെലുത്തണമെന്നും
കന്നുംതൈരുകുടിപ്പതിനിന്നീ
വന്നജനങ്ങളിൽ മുമ്പിങ്ങെന്നും
കൊണ്ടാരണ്ടുകലപ്പുഴമെന്നും
കൊണ്ടാച്ചപ്പടമിവിടെക്കെന്നും
കൊണ്ടാടുന്ന ജനങ്ങളിൽനിന്നു-
ണ്ടുണ്ടായീടിനകൌതുകമോർത്താൽ
കണ്ടാലെത്രമനോഹരമതിനെ
കൊണ്ടുപുകഴ്ത്താനെളുതല്ലേതും
ഗോസായികളുണ്ടങ്ങൊരു ദിക്കിൽ
തങ്ങളിലോരോന്നരചെയ്യുന്നു,
വമ്പന്മാരെ വിളിക്കയുമവരെ-
രൊപ്പമിരുന്നു ഭുജിക്കുന്നേരം
ജയജേറാമ്രാം സീതാറാമ്രാം
ജേജേറാമ്രാം കോദണ്ഡറാമ്രാം
ഋമാറമുലുക്ക കോനമുലുക്ക
ഋമാറമുലുക്ക കാശിമുലുക്ക
ഋമാറട്ടിക്കാണികാഹറെബാവാ
റാമാറട്ടിക്കാണിസീതാറാമ്രാം
ബ്രംമദേവോദാവൻ ദാറോ
സച്ചപാനീഡാലോഡാലോ
പത്താലാവോക്കാരിലാവോ
മെസ്സലാഭവോകേലിലാവോ
തുഹിലാവോട്ടുവദേലാവോ
സുപാരിലാവോസക്കരിലാവോ
പൂരിഡാറോദസ്ത്തുലാവോ
ധിക്രാധാറോതമാക്കധാറോ
സുഭണ്ടധാറോകഘലാലാവോ
റേവോധാറോഭാജിക്കാറാബ്
പാനീപിയോമേരാപെടബാം
ഊട്ടുവമായികം കുറകം കുറകം കുറ
ജാറെഹറജാമുറജാഹറജാറെ.

ഇത്തരമോരോ കോലാഹലമു-
ണ്ടുത്തമപുരുഷപൂരങ്ങളിലെല്ലാം
വാണിയർഗോംകണിപെട്ടികളൊരുവക
വാണിഭവും വച്ചുണ്ടുവസിച്ചു
വാണീടുന്നതു വാഴ്ത്താൻ നമ്മുടെ
വാണിക്കേതും പ്രൌഢതപോരാ
ഇത്തരമോരോ ഘോഷത്തോടെ
രാത്രികഴിച്ചും പകലുകഴിച്ചും
മികവേറുന്ന വിവാഹമഹോത്സവ-
മഴകോടങ്ങു കഴിഞ്ഞ ദശായാം
വന്നമഹാജനമൊക്കയുമുടനെ
നന്ദികലന്നവർ ഗമനം ചെയ്തു
നന്ദതനുജൻ സുന്ദരവദനൻ
സുന്ദരിമാരൊടു കൂടിസ്സുഖമേ
കന്ദർപ്പോത്സവകേളികളാടി
നന്ദികലർന്നു സുഖിച്ചു വസിച്ചു
എന്നതുകൊണ്ടു പറഞ്ഞിതു ഞാനും
യത്നം ചെയ്തു വരുത്താമെല്ലാം
ഇക്കഥകേൾക്കണമെന്നരുൾ ചെയ്തു
മിക്കതുമടിയനുണർത്തിച്ചേനെ
ഉലകുടെ പെരുമാളോടൊരു സചിവൻ
പലതുമുണർത്തിച്ചവിടെ വസിച്ചു.

ഇതി സ്യമന്തകം ഓട്ടൻതുള്ളൽ സമാപ്തം.

രാമാനുചരിതം

ഓട്ടൻതുള്ളൽ.

കാരണപൂരുഷനാകിയ ഭഗവാൻ
വാരണവരദൻ വാരിജനയനൻ
ദ്വാരാവതി പുരിതന്നിലുദാരം
ദാരങ്ങളുടെ സമൂഹത്തോടും
സ്വൈരം വാണരുളീടിന കാലം
നാരദമുനിവരനൊരുദിനമമ്പൊടു
നാരായണനെക്കാൺമതിനവിടെ
പാരാതങ്ങെഴുനള്ളിനിഗൂഢം
പതിനാറായിരമെട്ടും സ്ത്രീകടെ
പതിയാകുന്ന പരമ്പൂരുഷൻ താൻ
അതിമാനുഷനിവനെങ്കിലുമനവധി
മതിമുഖിമാരൊടു ക്രീഡിരമിപ്പാൻ
മതിയായ്വരുമോ താനൊരുവൻ പുന-
രതിനുടെ കൌശലമുണ്ടറിയേണം
പ്രതിദിനമോരോ നാരികളോടും
രതിസുഖമനുഭവമെന്നു വരുമ്പോൾ
ഉഴവില്ലാതൊരു പുല്ലുകിളുത്തൊരു
പഴനിലമെന്നകണക്കേ സ്ത്രീകൾ
ഊഴംവരുവാൻ വളരെക്കാലം
പാഴിലിരുന്നേ സംഗതികൂടൂ
മുപ്പത്തുമെട്ടുമൊരഞ്ചും വർഷം
മാസംപത്തും ദിവസമൊരെട്ടും
അങ്ങുകഴിഞ്ഞാലൊരു ദിനമവനൊടു
സംഗമമംഗനമാർക്കുലഭിക്കും;
രണ്ടാംകുറിവരുമളവേ നാരികൾ
കണ്ടാലാകാതായ്വരുമപ്പോൾ.
തണ്ടാർമാതിൻകണവനുമായവൾ
വണ്ടാതായ്വരുമക്കാലത്തു
തലമുടിയൊക്കെ വെളുത്തുനരച്ചും
മുലയിണതൂങ്ങിയുലഞ്ഞു ചമഞ്ഞും
ചില പല്ലിനുമിളക്കം വരുമൊരു
വിലപിടിയാത്തവളായ്വരുമപ്പോൾ
ആയവൾ പെററവൾ പെണ്ണെന്നാൽ പുന-
രവളും പെററു തുടങ്ങുമതങ്ങിനെ
മകളും മകനും മരുമകൾ മകനും
വകപലതിങ്ങനെ തീർന്നാലവിടെ
സുഖമില്ലെന്നും വന്നു ഭവിക്കും
കാളിയമഥനൻ വളരെസ്ത്രീകളെ
വേളികഴിച്ചതുചിതമായില്ല;
കേളിക്കും സുഖമില്ലിസ്ത്രീകളെ
ലാളിക്കുന്നതു മെങ്ങനെ കൃഷ്ണൻ
മുററുമൊരുത്തിയെലാളിക്കുമ്പോൾ
മററെപ്പെണ്ണിനു മുഞ്ഞികറുക്കും
തെററന്നവളെസ്സമ്മാനിച്ചാൽ
കുററംമററവളൊന്നുണ്ടാക്കും
അററമതില്ലാതംഗനമാർക്കിഹ
കൊററുകൊടുത്തും കോപ്പുകൾ തീർത്തും
പോററിനു കടുകും മഞ്ഞളുമുള്ളിയു-
മോരും പലവക ചിലവുകളിട്ടും
വളരെ സ്ത്രീകളെ വച്ചു പുലർത്തും
ജളപൂരുഷൻ മുതലുള്ളതശേഷം
കളവാനുള്ളൊരു സംഗതിയാകും
കളവാണികളിൽകാംക്ഷമുഴുത്താൽ,
നളിനവിലോചനനാകിയ കൃഷ്ണനു
നാരികളനവധിയുണ്ടായതിനാൽ
കളിപറകല്ലൊരു നേരവുമുള്ളിൽ
തെളിവില്ലെന്നും വന്നുഭവിക്കും
വാശ്ശൂത്തുമസ്സുനമുക്കെന്തതിനാൽ
ഈശ്വരവിലസിതമാർക്കറിയാവൂ
നന്ദകുമാരൻ ബോധിക്കാതെ
ചെന്നുപതുക്കെയൊളിച്ചൊരു ദിക്കിൽ
നിന്നുടനൊന്നു വിശേഷമറിഞ്ഞ-
ങ്ങിന്നുനമുക്കു ഗമിച്ചീടേണം.
ഇത്ഥം നാരദമാമുനി തന്നുടെ
ചിത്തം തന്നിൽ വിചാരിച്ചങ്ങൊരു

പുത്തൻമണിമാളികമുകളേറി
പുരുഷോത്തമനുടെ ശയനഗൃഹത്തിൽ
ജാലകവാതിൽ പഴുതിൽ കൂടെ
ചാലെയൊളിച്ചഥ നോക്കുന്നേരം
ഉത്തമപുരുഷൻ വെററിലയും തി-
ന്നുത്തമകാമിനിമണിയൊടു ചേർന്നഥ
മെത്തകളേറി മനോഭവലീലകൾ
ചിത്തസുഖേന കഴിപ്പതു കണ്ടു
ഇന്നു മുരാന്തകനിവളോടുകൂടി
ചേർന്നു ശയിക്കും ദിവസമതല്ലോ
എന്നതറിഞ്ഞു മുനീന്ദ്രൻ മറെറാരു
മന്ദിരസീമനി ചെല്ലുന്നേരം
അവിടത്തിൽ പുനരംബുജനേത്രനു-
മവികലസുന്ദരിയായൊരു പെണ്ണും
ചകിടകളിച്ചും കൊണ്ടു രസിച്ചും
വികടവിനോദം വാണരുളുന്നു;
മറെറാരു ഭവനേ ചെന്നു മുനീന്ദ്രൻ
പററിയൊളിച്ചഥ നോക്കുന്നേരം
കററക്കുഴൽ മണിയൊരുവൾ മുകുന്ദനു
വെററതെറുത്തു കൊടുപ്പതു കണ്ടു
എതിർഗേഹാന്തേ ചെന്നു മുനീന്ദ്രൻ
കതകിൻ നികടേ നോക്കുന്നേരം
ചതുരൻ കൃഷ്ണനുമൊരു സുന്ദരിയും
ചതുരംഗം വയ്ക്കുന്നതു കണ്ടു
വീണാധരമുനി മറെറാരു ഭവനേ
കാണാതവിടെയൊളിച്ചഥ നോക്കി;
ചേണാർന്നീടിന മധുസൂദനനും
ഏണായതമിഴിയാകിന പെണ്ണും
വീണാവേണുവിനോദത്തോടെ
കാണായവിടെ രമിക്കുന്നതുമഥ
പരഭവനാന്തേ ചെന്നു മുനീന്ദ്രൻ
പരമപുമാനെയുമവിടെക്കണ്ടു;
പരിമളമിളകിന മലയജമൊഴുകും
പരഭൃതമൊഴിയുടെ കുചഭരയുഗളം
പരിചൊടു തിരുമാറീടമിടചേർത്തഥ
പരമസുഖേന പുണർന്നീടുന്നു;
പ്രാണാധിപനാം മാധവനങ്ങിനെ
ഏണമിഴിയുടെ പാദസരോജേ
വീണാശുവണങ്ങീടുന്നതുമഥ
കാണായ്വന്നിതു മറെറാരു ഭവനേ
നലമൊടു മറെറാരു ഗേഹേ കൃഷ്ണൻ
ചലമിഴിയെ നിജമടിയിലിരുത്തി
തലമുടി ചിക്കിവിടുത്തീടുന്നതു
സുലളിതമവിടെക്കാണായ്വന്നു;
കലിതകുതൂഹലമന്യഗൃഹത്തിൽ
കലിമുനി ചെന്നു കരേറും നേരം
ജലജദലേക്ഷണനേവം നല്ലൊരു
ചലമിഴിയെ നിജമടിയിലിരുത്തി
മലയജപങ്കിലകുങ്കുമകളഭം
മുലകളിലണിയിക്കുന്നതു കണ്ടു
കലഹപ്രിയമുനി താനഥ മറെറാരു
നിലയം തന്നിൽ ചെല്ലുന്നേരം
വലരിപുസഹജനൊരംഗന തന്നുടെ
മുലയിണമെല്ലെത്തൊട്ടുതലോടി
കലഹിക്കരുതേ കാമിനി! നിന്നുടെ
മുലയിണയാണ മറെറാരു നാരിയെ
വലനം ചെയ്കില്ലാശു സുശീലേ!
കലുഷതകളക കളമൊഴിമൌലേ!
കുലദൈവതമേ വരിക സമീപേ
ബലഭദ്രാനുജനിങ്ങനെയവളോടു
പലമൊഴിഹന്ത കനിഞ്ഞു പറഞ്ഞു
കലഹം തീർത്തുടനവളുടെ ലലാടേ
തിലകക്കുറി ചേർക്കുന്നതു കണ്ടു;
തദ്ദിശി മറെറാരു ഗേഹേ കൃഷ്ണൻ
മദ്ദളമൊത്തിപ്പദവും പാടി
പദ്യം ചൊല്ലിപ്പൊരുളരുളീടിന
വിദ്യവിനോദവിലീനൻ കണ്ടാൻ
ദോഷമകന്നഥ മറെറാരു ഭവനവി-
ശേഷമതറിവാൻ ചെല്ലുന്നേരം.

മല്ലാരിദേവനൊരു മല്ലാക്ഷിയോടുംകൂടി
മുല്ലായുധകേളിയിലുല്ലാസത്തോടുംകൂടി
മെല്ലെവരികതടവില്ലേതു മിന്നുമലർ
വില്ലേന്തിവരുന്നൊരു മാരൻ മദനനെന്നെ
കൊല്ലുന്നതിനുമുമ്പേതെല്ലും മടികൂടാതെ
വെല്ലം പഞ്ചസാരയും വെല്ലുമധരമതും
മെല്ലെന്നു തരിക നീ കില്ലൊന്നുമിന്നു വേണ്ടാ;
നല്ലന്തിനേരമൊരു വല്ലന്തിയുണ്ടാക്കാതെ

നില്ലന്തികേമനസികില്ലന്തിയുഴലുന്നു?
മുല്ലവിശിഖന്റെ മല്ലാടത്തിനകാമ-
വല്ലി! നീയെന്യേശതിയില്ലല്ലോ നമുക്കിന്നു
ഇങ്ങനെയൊരു ചരിതനാരിൽ മുകുന്ദനൊ-
ടംഗനയോടരുൾ ചെയ്തതു കേട്ടഥ
തിങ്ങിനമോദാൽ നാരദമാമുനി
യെങ്ങുമൊരേടമിളച്ചിടാതെ
ഊക്കേറം ഹരിചരിതം കണ്ടഥ
മൂക്കേൽ വിരലും വെച്ചു നടന്നു;
നിരക്കെപ്പതിനാറായിരമെട്ടു
മിതൊക്കെക്കണ്ടു സുവർണ്ണഗൃഹത്തിൽ
എല്ലാശയനഗൃഹങ്ങളിലും ബത
മല്ലാന്തകനും മഹിഷിയുമായി
സല്ലാപാദി സുഖേനശയിച്ചുള്ളു-
മുല്ലാസാലിഹ കണ്ടു മുനീന്ദ്രൻ;
കൃഷ്ണഹരേ! മധുസൂദന മാധവ!
വൃഷ്ണികുലേശ്വര! വിശ്വംഭരജയ
വിസ്മയമീശ്വരതവമഹിമായം
തസ്മിൻ സ്വാമിൻ നാഥ നമസ്തേ
സുസ്മിതനാകിയ നാരദനിങ്ങനെ
വിസ്മിതനായി വണങ്ങീട്ടടനേ
രുക്മിണിതാനഥവാണരുളീടിന
രുക്മനികേതേ ചെന്നു മുനീന്ദ്രൻ
ഒട്ടും മടിയാതേഷണി പറവാൻ
വട്ടം കൂട്ടിവസിച്ചരുൾ ചെയ്തു.

വരികവിരവൊടു വിദർഭതനൂജേ
വരഗുണശാലിനി വാരണഗമനേ!
ഹരിവല്ലഭമാർ പതിനാറായിര-
മരുണാധരിമാരതി സുന്ദരിമാർ
അതിലധികം പുനരെട്ടുനതാംഗിക-
ളതിലും സുന്ദരിനീയും ഭാമയും
അതിശയമാകിന ഹരികാമിനിമാ-
രതിനൊരു സംശയമില്ല സുശീലേ!
അതിലും ഹന്ത നിനക്കു വിശേഷി-
ച്ചതിസൌഭാഗ്യമിതെന്നു പ്രസിദ്ധം;
എന്നിഹ പലരും പറയുന്നതു കേട്ട-
ങ്ങിനെ തന്നെ നമുക്കും ബോധം.

സത്യഭാഷിണീ രുക്മിണി നീയും
സത്യഭാമയുംസംപ്രതിതുല്യം
സത്യസന്ധനാം കൃഷ്ണനനിങ്ങളിൽ
നിത്യരാഗമൊരു നീക്കവുമില്ലാ;
എങ്കിലും കിമപിസംശയമിപ്പോ-
ളെങ്കലുള്ളതിഹ ഞാനുരചെയ്യാം
മങ്കമാർമണേനിങ്കലുറച്ചൊരു
പങ്കജാക്ഷനെതങ്കലതാക്കാൻ
സത്യഭാമതാനൊന്നു മുതിർന്നിതു
സത്യബുദ്ധിയാം നീയറിയുന്നോ
ഗൂഢമന്ത്രമോകിമപിയവൾക്കൊരു
ഗൂഢതന്ത്രമോ ഉണ്ടതുനൂനം;
പ്രൌഢനാകിയഹരിക്കവൾതങ്കൽ
ഗാഢരാഗമുളവായിതു കാലം;
പാരിനീശനമരേന്ദ്രബലത്തെ
പോരിലൻപൊടു ജയിച്ചു മുകുന്ദൻ
പാരിജാതമപിഹന്തഹരിച്ചു
പാരിടത്തിലതു കൊണ്ടിഹ പോന്നു
ആരുമാരുമറിയാതൊരു ദിക്കിൽ
വേരുമാററി വിധമൊന്നു പകർത്തി
തത്രനട്ടുവളമിട്ടു നനച്ചു
ചിത്രരത്നശില കൊണ്ടു പടുത്തു
പത്മരാഗതണിവും മണവും ബദ്ധ
പത്മനാഭന്റെ ഭാമിനിയാകും
സത്യഭാമയുടെ മന്ദിരമിപ്പോൾ
സത്യലോക സുരലോകസമാനം.

ഇരിക്കുന്നജനങ്ങൾക്കു നിറക്കുന്നദ്രവ്യമെല്ലാം
തെരിക്കെന്നു ദാനം ചെയ്യാനൊരിക്കലും കുറ-
വില്ലാ,
ഉരിക്കഞ്ഞിരണ്ടുവററുമൊരിക്കൽഭുജിച്ചുകൊണ്ടു
മരിപ്പാറായ്ക്കിടക്കുന്നോരിരപ്പാളിക്കൂട്ടമെല്ലാം
നിറപ്പോടെ പാരിജാതത്തരുപ്രൌഢനോട്ടം
ചെന്നി-
ങ്ങിരക്കുന്നേരമെതന്റെ പരക്കുന്നകൊമ്പുകളി-
ലിരിക്കുന്ന പട്ടും പൊന്നും
പെരുക്കുന്ന നെല്ലും വിത്തും
കൊതിക്കുന്നതെല്ലാം താഴെ
പതിക്കുന്നതാശു കാണാം.
ഉടുപ്പാനില്ലാത്തവൻ പ-
ട്ടുടുത്തു കങ്കണം കൈയിൽ
തൊടുത്തു കാതുരണ്ടിലും
കടുക്കൻ പോട്ടുകൊണ്ടൊരോ

മിട്ടുക്കന്മാർ നെല്ലരിയും
പൊട്ടക്കെന്നു ചാക്കിൽ കെട്ടി
നടക്കുന്നു വീട്ടിൽ കൊണ്ടെ
കിടക്കുന്ന നാരിമാൎക്കും
കൊടുക്കുന്നു വേണ്ടതെല്ലാം;
കടക്കാരും പോന്നു വന്നു
തടുക്കാതെ ദ്രവ്യം വാങ്ങി
അടക്കം പൂണ്ടങ്ങു മാറി
നടക്കുന്നു സന്തോഷിച്ചു
കൊടുക്കുന്ന വേലയെല്ലാ-
മെടുക്കുന്നവൎക്കും കൂലി
കൊടുക്കുന്നതിനുമേതും
മടിക്കുന്നോരില്ലിക്കാലം.

തരുണീകുലമണിഭാമവസിക്കും
പുരമതിൽ മരുവിനൊരുരുതരസുരതരു
ധനവസനാദികളെല്ലാം കരുതും
തെരുതെരെയങ്ങു കൊടുക്കും താനും
തെരുവുകൾ വീടുകൾ നാടുകളെല്ലാം
പെരികിനധനധാന്യാദികൾ കൊണ്ടിഹ
പരിപൂൎണ്ണാമൃതമായ് വന്നിതുബത!
നരവരസുന്ദരിരുക്മിണിബാലേ!
ഇത്തരമുരുതമസുരവൃക്ഷത്തെ
സത്വരമിങ്ങിഹ കൊണ്ടുവന്നിപ്പോൾ
പത്തുസഹസ്രവുമാറുസഹസ്രവു-
മുത്തമകാമിനിമണികളിലാക്കും
ഉത്തമപുരുഷൻ ദാനം ചെയ്യി-
ല്ലത്തൊഴിൽ കൊള്ളാമായതുപോട്ടെ;
എട്ടുവധുക്കളിലേററം മുരഹര-
നിഷ്ടയതായൊരുരുക്മിണിനിന്നുടെ
വീട്ടിലെമുററത്തമരദ്രുമമതു
നട്ടുനനപ്പാൻ നിന്നുടെ വല്ലഭ-
നൊട്ടുംകനിവില്ലാഞ്ഞതുകഷ്ടം!
ഹന്തനിനക്കുതരാഞ്ഞതിനേക്കാ-
ളന്തസ്താപമവൾക്കു കൊടുത്തതു;
കൊന്നതിനേക്കാൾ കോതപിറക്കൽ
ചെന്നുവിളിക്കുന്നതു ബഹുദുഃഖം.
ഇത്തരമേഷണി കൂട്ടിമുനീന്ദ്രൻ
സത്വരമങ്ങു ഗമിച്ചൊരുശേഷം
ബുദ്ധിക്ഷയവും പൂണ്ടഥരുക്മിണി
ക്രുദ്ധിച്ചവിടെത്തന്നുടെവേറേ
കതകുമടച്ചു കിടക്കുന്നേരം
കടൽ നിറമുടയവനങ്ങെഴുന്നള്ളി.

(പദം)

ബന്ധൂകാധരിമാർ കൂപ്പുംബന്ധുരാംഗി!വാത [ൽ
ബന്ധിച്ചു കിടപ്പാനൊരുബന്ധം ബാലേ!
അന്തിനേരവുമിരുട്ടും വന്നുകൂടിനിന്റെ
സന്തികേശയിപ്പാനല്ലോ വന്നു ഞാനും;
എന്തിനുകലഹിക്കുന്നു കല്യാണാംഗി! കൃഷ്ണൻ
എന്തൊരു പിഴചെയ്തിപ്പോളെന്നു ചൊൽകാ
മാരന്റെ ശരങ്ങളേററു മാഴ്കുന്നെന്നുടെ ചി-
ആരെന്റെമാലറിയുന്നു നീയല്ലാതെ [ത്തം
പന്തിടഞ്ഞപോർമുലകൾ പുൽകാനല്ലോവന്നു
ദന്തിഗാമിനി! നിൻകാന്തൻവാസുദേവൻ
മററുള്ളമാനിനിമാരെ കൈവെടിഞ്ഞു ഞാനും
മുററും നിന്നോടു രമിപ്പാനല്ലോ വന്നു
കുററമെന്തെനിക്കുബാലേ! കൂറില്ലാതായ്‌വന്നു
തെററെന്നു കതകടപ്പാനെന്തുമൂലം?
പാരമുണ്ടുപരിതാപം പങ്കജാക്ഷിബാലേ
പാരാതെ വാതൽ തുറക്ക രുക്മിണീ നീ

ഇങ്ങനെ മധുരിപുതന്നുടെ വചനം
തിങ്ങിനകലഹത്തോടേ കേട്ടഥ
മങ്ങിനമുഖവും താഴ്ത്തിയിരുന്നു
കലങ്ങിനവചസാ രുക്മിണി ചൊന്നാൾ

(പദം)

"വണ്ടാർ കുഴലിമാരെക്കൊണ്ടാടിവിനോദി-
പ്പാൻ
പണ്ടാരുമേവമില്ലല്ലോ പണ്ടാരുമേവമില്ലല്ലോ
അംബുജമധുപാനമാദരിക്കുന്നഭൃംഗം
നിംബത്തെ കാംക്ഷിച്ചീടുമോ?
നിൎമ്മലാകാരനിംബത്തെ കാംക്ഷിച്ചീടുമോ?
പാരാതെതന്നെ പതിനാറായിരം നാരിമാർ
വേറായ് നിനക്കുമുണ്ടല്ലോ
വേദാന്തമൂൎത്തേ! വേറായ്‌നിനക്കുമുണ്ടല്ലോ
പാരിജാതത്തെ നൽകിപ്പാലിച്ചു വെച്ചിരിക്കും
വാരിജാക്ഷി ഞാനല്ലല്ലോ
വാരിധിവൎണ്ണ! വാരിജാക്ഷി ഞാനല്ലല്ലോ;

ദിവ്യസ്ത്രീയോടുകൂടി ദിവ്യകുസുമം ചൂടി
നിർവ്യാജക്രീഡചെയ്താലും നീരജനേത്ര!
നിർവ്യാജക്രീഡചെയ്താലും
സാരങ്ങളായുള്ളൊരു ദാരങ്ങൾ നിൻവരാറും
പാരംകൊതിച്ചു മേവുന്നു
പാരാതെ പോകപാരം കൊതിച്ചു മേവുന്നു.

ഭീഷ്മകമകളുടെ വചനമിതിങ്ങനെ
ഊഷ്മളതരമഥ കേട്ടു മുകുന്ദൻ
ശാന്തിദവാക്കുകൾ ചെയ്തു പതുക്കെ
ശാന്തകിമപിവരുത്തിക്കൊണ്ടഥ
വാതിൽ തുറപ്പിച്ചാശു ഗൃഹം പു-
ക്കാധിപറഞ്ഞുകളഞ്ഞുതെളിഞ്ഞൊരു
ഭാവമിയന്നൊരു ഭാമിനിയോടും
ഭഗവാനത്ര ശയിച്ചു രമിച്ചു.

അവശതകൾ പറഞ്ഞു കളഞ്ഞു
അവളുടെ മുഖമാശുതെളിഞ്ഞു
കളർമുലകളണച്ചു പുണർന്നു
രതി പലവിധലീല തുടർന്നു
രതിരമണൻ ബാണമിണങ്ങി
രതിമുഖിയുടെ കോപമടങ്ങി
മധുമലർഗണമാശു പൊഴിഞ്ഞു
മലമുടിവടിവോടുമഴിഞ്ഞു
പരിചൊടും വീടിനകന്നു
രജനിയതു കഴിഞ്ഞു പുലർന്നു.

രജനികഴിഞ്ഞു പുലർന്നൊരു സമയേ
രുചിരസുഖേന മുകുന്ദൻ ഭഗവാൻ
നിജകൃത്യങ്ങൾ കഴിച്ചുഭുജിച്ചഥ
നിജമണിഭവനേ ചെന്നുവസിച്ചു
ഉള്ളിൽനിനച്ചിതുരുക്മിണിദേവി
കള്ളിലഹമ്മതികൊണ്ടിഹ കിഞ്ചിൽ
ഉന്നതാംഗിജനങ്ങളിലതിശയ-
മുള്ളവൾഞാനെന്നുണ്ടൊരുഭാവം
എങ്കിലതൊട്ടു ശമിപ്പിക്കാഞ്ഞാ-
ലെങ്കലൊരുന്നതവരുമിനിമേലിൽ
എന്നുമനസ്സിലുറച്ചുമുകുന്ദൻ
തന്നുടെവാഹനമാകിയ ഗരുഡനെ
വിരവൊടുചിന്തിച്ചീടിന സമയേ
ഗരുഡനുമമ്പൊടുവന്നുവണങ്ങി

അരുളിച്ചെയ്തു മുകുന്ദൻ ഭഗവാൻ
ഗരുഡാ! വരിക സമീപേ സുമതേ!
കദളിവനത്തിലിരിക്കുന്നുണ്ടിഹ
കദനവിചക്ഷണനാകിയ ഹനുമാൻ
മദനാന്തകനുടെ ബീജമവൻ ദശ-
വദനപുരത്തെദ്ദഹിപ്പിച്ചൊരുവൻ
രഘുനായകനുടെ ഭക്തൻ മാരുതി
ലഘുതരലംഘിത ലവണസമുദ്രൻ
സുഗ്രീവപ്രിയനംഗദസേവ്യൻദ-
ശഗ്രീവന്റെ കപോലസ്ഥലമതി-
ലുഗ്രനഖാവലി കുലിശകരാളക-
രാഗ്രംകൊണ്ടടികൂട്ടിയവീരൻ;
അഞ്ജനതന്നുടെ തനയൻ നിശിചര-
ഭഞ്ജനമമ്പൊടുചെയ്തൊരുവീരൻ
അക്ഷകുമാരനെ വിരവൊടുതന്നുടെ
കക്ഷംതന്നിലമർത്തിഞെരിച്ചുവ-
ധിച്ചവിചക്ഷണനായ്മരുവീടിന
മാരുതസുതനുടെ വീക്ഷണമായതു
പാരാതിങ്ങുലഭിച്ചീടേണം
ദക്ഷനതായഭവാനതിനധുനാ
പക്ഷികുലോത്തമ പോയ്വരവേണം.

ഗന്ധമാദനമഹാഗിരിമുകളിൽ
ഗന്ധവാഹനതനുജനിരിക്കു-
ന്നൈന്ദ്രവാഹനസഹസ്രബലൻ മമ
ബന്ധുവാകുമവനാശുവരേണം
മർക്കടാധിപനെയിങ്ങുവരുത്താൻ
ദുർഘടം തവ ഭവിക്കയുമില്ല
മൽക്കടാക്ഷമവനാഗ്രഹമുണ്ടതു
നീക്കമില്ലവരുമിങ്ങുനിനച്ചാൽ;
പണ്ടുരാമനുടെ ചാരുകടാക്ഷം
കൊണ്ടുമൽപ്രിയനതാം ഹനുമാനെ
കണ്ടുകൊൾവതിനു കൌതുകമിപ്പോ-
ളുണ്ടുമേ മനസി പക്ഷികുലേന്ദ്ര!
രണ്ടുനാലുദിവസത്തിനകം നീ
കൊണ്ടുവന്നുമമ കാട്ടുകവേണം
രണ്ടുപക്ഷമതിനില്ല ഭവാനെ
ക്കണ്ടുവെങ്കിലവനിങ്ങിഹപോരും

അരുളപ്പാടതുകേട്ടു ഗരുഡൻ മുകുന്ദൻതന്റെ
തിരുപ്പാദേ വീണു കുപ്പിസ്തുതിച്ചുസന്തോഷ
ത്തോടെ

ചിറകുംപരത്തിക്കൊണ്ടങ്ങുയൎന്നു മാരുതവേഗ-
മിയന്നുഗഗനത്തിങ്കൽ പാന്ഥാവടക്കനോക്കി
പ്പറന്നുനാട്ടുകൾ കാട്ടുംകടന്നു ഗന്ധമാദന-
മണഞ്ഞതുകീഴ്പോട്ടുനോക്കിയറിഞ്ഞുമാരുതിവീരൻ
ഇരിക്കുംകദളികൊണ്ടുല്ലസിക്കുംപ്രദേശത്തു ചെ-
ന്നിറങ്ങിയരികേയങ്ങുനിറഞ്ഞവാഴക്കൂട്ടത്തിൽ
നിറംചേരും മണ്ഡപത്തിലിരിക്കും ശ്രീഹനുമാനെ
സ്മരിക്കും മാനുഷൎക്കുള്ളിലിരിക്കും പാപങ്ങളെല്ലാം
തെരിക്കെന്നുനഷ്ടമാകുമൊരിക്കലേതന്നെനൂനം.

ഇങ്ങനെയുള്ളൊരു ശ്രീഹനുമാനെ
തിങ്ങിനമോദാൽ കണ്ടൊരുനേരം
പതംഗപുംഗവനാകിയ ഗരുഡൻ
കപികുലപുംഗവനോടരുൾചെയ്തു:—
ജനകസുതാപതി ദൂതസഖേ! മണി
കനകസുകുണ്ഡലമണ്ഡിതഗണ്ഡ!
അനഘമതേ! ശൃണു മാമകവചനം
വിനതാസുതനഹമണ്ഡജവീരൻ
അരുണസഹോദരനധികവിനീതൻ
കരുണാകരനുടെ വാഹനഭൂതൻ
അരുണാംബുജദളലോചനനാകിയ
ഹരിയുടെദൂതൻ ഞാനിഹവന്നു
അരുളിച്ചെയ്തുനിയോഗിച്ചിതുമാം
കരളിൽ കനിവൊടു കാർമുകിൽവൎണ്ണൻ
സുരപുരിസമമാം ദ്വാരകതന്നിൽ
സുരുചിരവാസംചെയ്തരുളുന്ന
യദുകുലനാഥൻ കൃഷ്ണൻ തിരുവടി
സദുവാംശ്രീമൽചരണസരോജൻ
അഞ്ജനതന്നുടെ മകനാകുന്നനി-
രഞ്ജനഹൃദയനതായ ഭവാനെ
അഞ്ജനവൎണ്ണൻ കാണ്മാനാഗ്രഹ-
മധികമതുണ്ടെന്നറികയിദാനീം
തൻതിരുവടിതാനെന്നെയയച്ചു
ചിന്തിതമെന്തെന്നാൎക്കറിയാവൂ
പങ്ക്തിമുഖാലയദാഹകനെദ്രുത-
മന്തികസീമനികൂട്ടിക്കൊണ്ടിഹ
ചരികെന്നെന്നെനിയോഗിച്ചിതുഹരി
പെരികെക്കൌതുകമോടിതുകാലം
വിരവൊടുപോന്നീടുകനീ കപിവര!
ഹരിവരമരുളും ഹന്ത നിനക്കും.

അരുണനുടെ സഹജനുടെവചനമതുകേട്ടുടൻ
ആഞ്ജനേയൻ കപിശ്രേഷ്ഠൻ പറഞ്ഞിതു—
പശുപകുലമതിൽമരുവുമശുഭമണിയാമവൻ
പാൎത്ഥനുതേർതെളിപ്പാനിരിക്കുന്നവൻ
തെളിവുമൊരുവെളിവുമവനകമലരിലില്ല
വെണ്ണയും പാലും കവൎന്നുഭുജിപ്പവൻ [ടോ]
അവനുടയഭവനമതിൽവരികചിതമല്ലെടോ
അഞ്ജനാപുത്രനാമിക്കപിശ്രേഷ്ഠനു
വൃഷലികടെവികൃതിബത ശിവശിവനമുക്ക
വീക്ഷണംചെയ്‌വാൻ മനസ്സില്ലതെല്ലുമേ [ഹോ]
ചടുലമിഴിപടലികടെവിടുപണികൾചെയ്തുമ-
ച്ചങ്ങാതിയെച്ചെന്നു കാണ്മാൻ ചിതംനഹി
രഘുനൃപതികുലതിലകനലഘുഭുജവിക്രമൻ
രാമഭദ്രസ്വാമിദേവൻസദൈവതം
അവനുടയചരണമൃദുകമലയുഗമാശ്രയം
അന്യനെസ്സേവിക്കയില്ലഞാനണ്ഡജ!

മൎക്കടവരനുടെ വാക്കുകൾകേട്ടുട-
നൎക്കടരോഷമിയന്നഥ ഗരുഡൻ
നോക്കെടമൂത്തകുരങ്ങച്ചാരേ!
ധിക്കാരം മമ കേൾക്കരുതിപ്പോൾ
ശക്രാദികളും വന്നുവണങ്ങും
ചക്രായുധനെക്കൊണ്ടു ദൂഷിക്കും
വക്രാത്മാവേ നിന്നൊടുകിഞ്ചന
വക്കാണിച്ചേമതിയാവിപ്പോൾ
അൎക്കനുതുല്യമശേഷജഗത്തിലി-
തൊക്കെപ്പൊലിമ വരുത്തിയിരിക്കും
വിക്രമജലനിധി വിശ്വജനേശ്വര-
നക്കടൽവൎണ്ണൻ കൎണ്ണാരിസഖി
മൽകുലദൈവതമദ്ദേഹത്തെ നി-
നക്കുദൂഷിപ്പാൻ യോഗ്യതയുണ്ടോ?
മൎക്കടകീടാ നില്ലെടനിന്നുടെ
മസ്തകമിന്നു തകൎത്തേപോകൂ
ഉള്ളമരങ്ങടെ കായും കനിയും
തൊള്ളയിലിട്ടുകടിച്ചുഭുജിച്ചഥ
പള്ളനിറച്ചുമരത്തേലേറി
പല്ലമിളിച്ചുപുളച്ചുനടക്കും

കള്ളക്കൂട്ടം കപിചാപലന്മാർ
ഉള്ളപറഞ്ഞാലതുപൊഴുതടി
കൊള്ളമെടാമതികലഹം നിന്റെ
തള്ളലുമുടനേതീരുമശേഷം
കൊള്ളിവലിച്ചുതലയ്ക്കിട്ടടനടി
കൊള്ളിക്കും ഞാൻ വാലുപിടിച്ചിഹ
തുള്ളിക്കുന്നതുമിത്രയുമല്ലിനി
വള്ളികൾകൊണ്ടു വരിഞ്ഞുകിണററിൽ
തള്ളിമറിച്ചൊരു തടികൊണ്ടടലുകൾ
തല്ലിഞെരിച്ചു തടിച്ചകരങ്ങിനെ
വെള്ളിനുതുല്യം പൊടിയാക്കാതെ-
നുള്ളിൽകോപമടങ്ങുകയില്ല
തന്നെത്താനറിയാതെ ദുഷിക്കും
നിന്നെത്താമസിയാതെ വധിച്ചു
പന്നഗരിപുവിനുമതിയാകുള്ള
പന്നഗഭൂഷണപാദത്താണെ.

എന്നതുകേട്ടുരുൾചെയ്തു ഹനുമാ-
നെന്നുടെനിധനം ചെയ്തതിനിപ്പോൾ
മന്നിലൊരുത്തരുമില്ലിഹ പിന്നെ
പന്നഗലോകം തന്നിലുമില്ലാ
വിണ്ണിലുമില്ലെന്നറിയാമെന്നുടെ
ഉണ്ണികയക്കുന്നെന്തിനുപഴുതേ
കണ്ണനുവേണ്ടിക്കലഹിച്ചാൽനി-
ന്റണ്ണനുതുല്യമതാകും നീയും
അണ്ഡജമൂഢാ! നിന്നുടെ ജ്യേഷ്ഠനൊ-
ണ്ഡജനല്ലേ സൂര്യനുസാരഥി?
പൊണ്ണനുതുടയിണയിലകൾ മുറിച്ചൊരു
വണ്ണൻവാഴകണക്കെ രവിയുടെ
തേരുതെളിച്ചുനടക്കുന്നിപ്പോ-
ളാരുമിതറിയാതില്ലിഹ ഗരുഡ!
ഊരുവിഹീനൻ തന്നുടെതമ്പി-
ക്കൂരുമുറിഞ്ഞുനടപ്പാറായി
ആരതിയോട്ടുമറുത്തുവരുന്നവ-
രാരുംതോററുമടങ്ങാതില്ലാ
പോരുംനിന്നുടെ പൌരുഷവാക്കുകൾ
ചേരുന്നില്ലിഹചെററുമിദാനീം
പോരുതുടങ്ങു ജയിപ്പാൻമാത്രം
പോരുംഞാനെന്നാഗ്രഹമെങ്കിൽ
ആരംഭിക്കണമാഹവമെന്നോടു
സാരംവെച്ചുപറഞ്ഞതു മതി മതി!
കൊക്കും മുഖവും നഖവും ചിറകുമി-
നിക്കണ്ടായുധമമർചെയ്‌വതിനെ-
ന്നുൾക്കമലത്തിൽ നിനക്കൊരുഹുങ്കൃതി
നില്ക്കുംരണ്ടടികൊള്ളുന്നേരം
മുഷ്കുശമിച്ചുടനീയൽകണക്കെ
പറക്കുംനീപടയേററെന്നാകിൽ
ദിക്കുജയിച്ചൊരു രാവണവീരനി-
രിക്കും ലങ്കാനഗരം ചുട്ടുക-
രിച്ചൊരുകരുമനകേട്ടവരാരും
ഇക്കപിവീരനെതിർക്കയുമില്ലാ
ഒക്കെയറിഞ്ഞൊരു പക്ഷിക്കെന്നെയ
മക്കാമെന്നുമതിന്നുതുകൊള്ളാം
നിന്നെക്കൊല്ലുകയില്ലേ ഹനുമാൻ
പിന്നെദ്ദോഷം വരുമതുമൂലം
കിന്നരചാരണസന്നതനീശ്വര-
നെന്നുടെനാഥൻ ശ്രീനാരായണ-
ദേവൻതന്നുടെ വാഹനമാകിയ
തവദേഹത്തെനശിപ്പിച്ചെന്നാ-
ലദ്ദോഷം മമ തീരുകയില്ലെ-
ന്നുദ്ദേശിച്ചുപറഞ്ഞിതു ഞാനും
സർപ്പാശനനായുള്ളൊരു നിന്നുടെ
ദർപ്പമടക്കിയയപ്പാനല്പം
സംഗരമിവിടെച്ചെയ്യാംപുനര-
ങ്ങപ്പുറമേതും ഭാവവുമില്ലാ.

ഇങ്ങനെയുള്ളൊരു പവനാത്മജനുടെ
ഭംഗികലർന്നൊരുമൊഴികേട്ടിട്ടും
സംഗരമെളുതല്ലെന്നതുഹന്തവി-
ഹംഗമരാജനുതോന്നീലേതും
കരുതിക്കൊള്ളെട കപികുലകീടാ!
പൊരുതിക്കൊള്ളെട പൊണ്ണത്തടിയാ
തരുമൃഗമാകിയ നിന്നുടെതടിയൊരു
പെരുമലപോലെ തടിച്ചുതുടിച്ചു-
തടിച്ചുതുലച്ചുപിടിച്ചുമിഴിച്ചുമെ-
തിർത്തുവരുന്ന സമർത്ഥൻ ഗരുഡൻ;
[illegible]ത്തുപെരുത്ത കുരങ്ങച്ചാരേ!
കൂർത്തുവളഞ്ഞൊരു കൊക്കിൻമുകളിൽ

രകാന്തുംകൊണ്ടുപറന്നുതിരിച്ചു -
ക്കാർത്ത്യായനിയുടെ സോദരനാകിയ
കീർത്ത്യാവിലസിത സുലളിതകോമള
മൂർത്ത്യാനന്ദജനാർത്ത്യാദിഹരൻ
മുരരിപുഭഗവാൻ വാണരുളുന്ന
പുരത്തിൽകൊണ്ടേ താഴ്ചവരാതിഹ
തന്തിരുമുമ്പിൽ കാഴ്ചയതായ്വ-
ച്ചന്തരമെന്യേ തൊഴുതീടുന്നേൻ.

ഇത്ഥംപറഞ്ഞുചെന്നു യുദ്ധംതുടങ്ങിപോൽ
ക്രുദ്ധൻഗരുഡനതിശുദ്ധൻതാനെന്നേവേണ്ടു
ശക്തന്മാരായുള്ളൊരു നക്തഞ്ചരേന്ദ്രന്മാരെ
കുത്തിക്കൊലചെയ്യൊരു ശക്തിയിൽപാതി-
വേണ്ടാ
മരുത്തിന്റെപുത്രനാകും കരുത്തൻ ഹനുമാനെ
പരമാർത്ഥമറിയാതെ ഗരുഡൻ പടതുടങ്ങി
ചൊടിച്ചും ചിറകുകൾകൊണ്ടടിച്ചും
കൊക്കുകൾകൊണ്ടു കടിച്ചും
വട്ടത്തിൽപാഞ്ഞങ്ങണഞ്ഞും
വല്ലാത്തവാക്കുപറഞ്ഞും
തങ്ങളിൽകെട്ടിപ്പിണഞ്ഞും
ദൂഷണംചൊല്ലിപ്പഴിച്ചും
ഘോഷിച്ചുശുണ്ഠികടിച്ചും
പോരാട്ടന്നേരംകലുങ്ങി
ഗന്ധമാദനംകലങ്ങി
വാരിധിനാലുംമുടങ്ങി
മൃഗസഞ്ചാരംനടുങ്ങി
ഭൂചക്രവാളംമടങ്ങിടാതെ
തങ്ങളിൽതുടങ്ങിമുഷ്ടിയുദ്ധങ്ങൾ.

അടികളുമിടികളുമുടനുടനെ
കടിപിടികലശലുമിഹഘടനെ
വടിതടിയൊക്കയുമടവുകളും
പൊട്ടുപൊടെരടിതവും വിരുതുകളും
കദനവിധങ്ങളൊന്നുപകർന്നീടുന്നു
കദളിവിപിനമൊക്കെത്തകർന്നീടുന്നു :
മലകടെ ഗുഹകളും മുഴങ്ങീടുന്നു
കലപുലികളുമേറ്റം കുഴങ്ങീടുന്നു
കലഹരസികൻ മുനി രസിച്ചീടുന്നു
കലിതകുതുകമിഹവസിച്ചീടുന്നു
ഭയമുടയവരൊക്കെത്തിരിച്ചീടുന്നു
ഭയമില്ലാത്തവർകണ്ടുരസിച്ചീടുന്നു
വരഗിരിസമമൊന്നുവളർന്നീടുന്നു
പരിചൊടുകൈയുംകാലും തളർന്നീടുന്നു
ഗരുഡനുമദമൊന്നുകുറഞ്ഞീടുന്നു
ഗഗനഭുവതിൽനിന്നുപറന്നീടുന്നു.

തെല്ലുകയർത്തൊരു മാരുതസുതനുടെ
തല്ലുകൾകൊണ്ടുതളർന്നുശരീരം
അല്ലൽമുഴുത്തുടനരുണസഹോദര-
ന ശുപറന്നുതിരിച്ചുതുടങ്ങി
ഒന്നുവിളിച്ചുരുൾചെയ്തു ഹനുമാ-
നെന്നുടെ ഗരുഡൻ വേദിക്കേണ്ട
എന്നെപ്പൊരുതുജയിപ്പാനിപ്പോൾ
മന്നിലൊരുത്തരുമതിയാകില്ലാ
എന്നതുകാരണമെന്നോടുതോററതി
നെന്നുടെഗരുഡനൊരവമതിവേണ്ടാ
നാണ്ടുപരാക്രമമില്ലാഞ്ഞല്ലിഹ
ഭംഗംവന്നുഭവിച്ചുസഖേ തവ
തുംഗപരാക്രമനാകിയമനകുല
പുംഗവരാമസ്വാമികടാക്ഷം
കൊണ്ടുനമുക്കുവിശേഷതയുള്ളതു
കൊണ്ടുഭവാനുമറിഞ്ഞീടേണം
രണ്ടുവിധം വാക്കില്ലനമുക്കു
പണ്ടുമിദാനീമപിനഹിഭേദം
ഗുരുവാമെന്നുടെ രഘുകുലനാഥൻ
ഒരുവാക്കിപ്പോൾ ചൊല്ലിയയച്ചാൽ
വരുവാൻ സംശയമില്ലിങ്ങാവതു
മൊരുവാക്കങ്ങുധരിപ്പിക്കേണം!
സജ്ജനസഭയിലിരുന്നരുളുകിലു
ദുർജ്ജനസഭയിലിരുന്നരുളുകിലും
അജ്ജനകസുതാപതിയരുൾചെയ്യും-
ലവിടെനമുക്കുവരാൻ കുറവില്ലാ
ഇത്തരമുള്ളൊരു മാരുതിവചനം
ചിത്തരസത്തോടുകേട്ടഥ ഗരുഡൻ
സത്വരമങ്ങുപറന്നു തിരിച്ചു-
ങ്ങുത്തരമുരിയാടാതെഗമിച്ചു
കാരണപുരുഷൻവാണരുളീടിന
ദ്വാരാവതീപുരിപുക്കഥ ഗരുഡൻ

വന്ദനംചെയ്തിഹ നിന്നൊരുസമയേ
നന്ദകുമാരൻ ചോദ്യംചെയ്തു
എന്നുടെ ഗരുഡൻവന്നോ ബത പുന-
രെങ്ങുഹനൂമാൻ പിറകെവരുന്നോ?
നിന്നൊടുകൂടിവരാതെയിരിപ്പാൻ
സംഗതിയില്ലിവനെന്തിഹവൈകി
മൎക്കടവരനിഹ ഗോപുരസീമനി
പാൎക്കുന്നെന്തിനു പുഴതിലിദാനീം;
വെക്കംവരുവാൻ ചൊല്ലീടവനെ
അക്കപിവരനവസരമറിയേണ്ടാ
അഞ്ജനസഖിയുടെ വചനംകേട്ടിഹ
ലജ്ജിതനാകിയ വിനതാതനയൻ
അഞ്ജലികൂപ്പിയുണൎത്തിച്ചാനട-
നഞ്ജനതന്നുടെ മകനുടെ വചനം
ഉൽപ്പലലോചന നിന്തിരുവടിയുടെ
കല്പനഞാൻ ചെന്നവനൊടു ചൊന്നേൻ
അല്പംബഹുമാനിച്ചീലെന്നാ-
ലപ്രിയവചനമുരച്ചു. ഹനുമാൻ
നിന്തിരുവടിയെക്കൊണ്ടുദുഷിച്ചു
ചിന്തിച്ചാലതി കഠിനം കഠിനം
ഹന്തനമുക്കതുണൎത്തിപ്പാനെളു-
തല്ലമുകുന്ദ മുകുന്ദ നമസ്തേ!
ഇടയില്ലാത്തഭടന്മാരാകുമൊ-
രിടയന്മാരുടെ നടുവിൽവസിക്കും
മുടിയൻചൊല്ലിയയച്ചിഹവന്നൊരു
തടിയൻ നീയെന്തറിയും? മൂഢാ!
മടവാർചൊല്ലിയ വിടുപണിയെല്ലാം
മടികൂടാതെയെടുത്തുപൊറുക്കും
പിടിയാത്തവരൊടുപരിയപ്പെട്ടോ-
രടിയാനല്ലിക്കപികുലവീരൻ
കടിയാപ്പട്ടികുരയ്ക്കുമ്പോളൊരു
വടിയാൽനില്ക്കുമതല്ലാതെന്തിഹ
വടുവാമവനെപ്പേടിയുമില്ലി-
പ്പടുവാം പവനതനൂജനുമിപ്പോൾ
കടുതായ്ശബ്ദിക്കും കുറുനരിയെ-
ക്കടുവായുണ്ടോ പേടിക്കുന്നു?
ചൊല്ലേറും രഘുനായകനല്ലാ-
തില്ലൊരു ദൈവമിനിക്കിഹ ഭുവനേ
കല്യാണാകൃതി സീതാരമണൻ
ചൊല്ലിയയച്ചേന്നാലവിടത്തിൽ
ചെല്ലുവതിന്നൊരു സംശയവും പുന-
രില്ലനമുക്കതുബോധിച്ചാലും!
വല്ലതുമെങ്കിലുമസ്തുനമുക്കൊരു
വല്ലവശിശുവെശ്ശങ്കയുമില്ല
പുല്ലുംനിന്നുടെ സ്വാമിയുമൊക്കും
ചൊല്ലുകനീചെന്നവനൊടിതെല്ലാം
വെണ്ണകവൎന്നുഭുജിച്ചുനടക്കും
കണ്ണൻചൊല്ലിയയച്ചവിശേഷം
കണ്ണുംകൊണ്ടുശ്രവിക്കയുമില്ലീ-
യണ്ണവതരണംചെയ്തൊരു ഹനുമാൻ
അക്കപിയിങ്ങനെ നിന്തിരുവടിയെ
ധിക്കാരേണപറഞ്ഞൊരുവാക്കുസ-
ഹിക്കാഞ്ഞടിയൻ തടിയൻ കപിയൊടു
വക്കാണത്തിനുവട്ടംകൂട്ടി
കൊക്കും ചിറകുമുയൎത്തിച്ചെന്നഥ
കൊത്തും തള്ളലുമടികളുമിടികളു-
മിത്തരമഖിലവിധങ്ങളിലവനൊടു
യുദ്ധംചെയ്തു കുറഞ്ഞൊരുനേരം
ഉദ്ധതനാകിയമാരുതസുതനൊടു
കുത്തും തള്ളലുമിട്ടിയും കടിയും
തൊഴിയും പൊഴിയുംകൊണ്ടുടനടി
മണ്ടിപ്പോന്നിഹ ഭവനംപുക്കേൻ.
പണ്ടൊരുനാളുമിവണ്ണമൊരവമതി-
യുണ്ടായിട്ടറിവില്ലടിയന്നു്
പണ്ടാരമുതൽതിന്നുമുടിക്കും
പണ്ടങ്ങൾക്കിതുകേട്ടാൽ പരിഭവ-
മുണ്ടെന്നാകിൽ തഴയുംകൈയിൽ
കൊണ്ടുപുറപ്പെട്ടീടുകവേണം
യജമാനന്മാരെങ്ങു? നിന്നുടെ
യജമാനത്വമിതെന്തിനുകൊള്ളാം?
തങ്ങടെസ്വാമിയെയിന്നൊരുമൂത്തകു-
രങ്ങച്ചൻ ദുഷിവാക്കുപറഞ്ഞാൽ
എങ്ങനെകേട്ടുപൊറുത്തീടുന്നു?
ചങ്ങാതിക്കതുചിതമായ്‌വരുമോ?
ചന്തക്കുഴലും വില്ലുംകണയും
കുന്തവുമെന്തിനടക്കും നിങ്ങടെ
ചന്തംകാണ്മാനല്ലെജമാനൻ

ഘോരംതന്നെപൊറുപ്പിക്കുന്ന
എന്തെങ്കിലുമൊരുപടയിൽ വന്ന
നന്തംവരികിലതല്ലേ നല്ലൂ
അന്തരമില്ലജനിച്ചപ്പോഴേ
അന്തവുമുണ്ടുധരിച്ചീടേണം
കക്കടശ്ശൂലമുസൃണ്ഠികളെന്നിവ
യൊക്കെയെടുത്തുപടയ്ക്കുപുറപ്പെ-
ട്ടുൽക്കടരോഷം മലമുകളേറി
ദിക്കുകളൊക്കെമുഴക്കിച്ചെന്നാൽ
അക്കപിയെങ്ങനെനിന്നുപൊറുപ്പൂ?
ചുററംനിന്നുശരങ്ങളയയ്ക്കാം
എററംപിടിയും കലശലുകൂട്ടാം
കൊട്ടുകൊടുക്കാം കൊററമുടക്കാം
മുററമവന്റെപരാക്രമമപ്പോൾ
ചെററംസംശയമതിനിന്നിപ്പോൾ
കുററംകൂടാതവനെച്ചെന്നിഹ
കുത്തിക്കൊന്നുനമുക്കിഹപോരാം.

ഗരുഡനുടെഭാഷിതംകേട്ടുമന്ദസ്മിതം
മുട്ടുവദനപങ്കജേ ജാതമായീമുദാ
മുരമഥനന്തുചിവാനെന്തെടോ നിന്നുടെ
കരളിലൊരുസാഹസമിങ്ങനെ തോന്നുവാൻ
അസുരസുരസംഘവും മർത്ത്യസംഘങ്ങളും
അഖിലമൊരുമിച്ചുചെന്നാഹവംചെയ്കിലു-
മഖിലബലവീര്യനാമഞ്ജനാപുത്രന്റെ
വധമിതെളുതല്ലെടോ! വൈനതേയാസഖേ!
മതിമതിമനോഹരമെന്മൊഴികേൾക്കനീ
മതിവിഭവശാലിയാം മാരുതിവാനരൻ
രജനിചരഭഞ്ജനൻ രാമചന്ദ്രപ്രിയൻ
സലിലനിധിലംഘനൻ സാരതേജോമയൻ
സുഖഗതവിഭീഷണൻ സൂക്തിസംഭാഷണൻ
അവനൊടുമരുത്തുനീയാഹവംചെയ്കയും
അധികമവിവേകമെന്നോർത്തുകൊൾകസഖേ-
ഇനിയുമൊരെടുപ്പുനീചെന്നുപോന്നീടണം
വിരവിനൊടുവീരനെക്കണ്ടുചൊല്ലീടണം
രജനിചരവൈരിയാം രാമചന്ദ്രൻമുദാ
രജിതസുഖമെന്നോടുചൊല്ലിവിട്ടൂഹിതം
ജനഹൃദയരഞ്ജനൻ ജാനകീവല്ലഭൻ
മനസിജമനോഹരൻ മാനഗാംഭീര്യവാൻ
ദശവദനഖണ്ഡനൻ ദ്വാരകാമന്ദിരേ
വിശദമെഴുന്നെള്ളിമേവുന്നു ഹേമാരുതേ!
ഇതികിമപിചൊല്ലിയാലിന്നുതന്നേവരും
മതിഗുണമനോഹരൻ മാരുതന്റെ മകൻ.

ഏവം കനിഞ്ഞു വാസുദേവനരുളിച്ചെയ്തു
ഭാവംതെളിഞ്ഞുവൈനതേയൻ വണങ്ങിമെല്ലെ
പക്ഷിപറന്നു പലവൃക്ഷത്തിന്മീതേക്കൂടി
വിക്ഷിപ്തവേഗമോടെ വീരൻ ഗമനം ചെയ്തു
മാരുതിവസിക്കുന്ന ചാരുകദളിക്കാട്ടിൽ
പാരാതിറങ്ങിച്ചെന്നു പാരം കനിവിനോടെ
ശ്രീരാമഭക്തൻ തന്റെശ്രീപാദസന്നിധിയി-
ലാരോമൽ ഭക്തിയോടെ നിന്നുപറഞ്ഞിവണ്ണം:
വീരവിജയ ഗുണധീര പവനസുത!
ശ്രീരാമദേവനുണ്ടു ദ്വാരാവതിപുരിയിൽ
വീരാവസിച്ചീടുന്നു പാരാതെഴുന്നള്ളേണം!

എന്നതുകേട്ടുരുൾചെയ്തു ഹനുമാ-
നെന്നുടെനാഥൻ രഘുകുലവരനെ
നിന്നുടെകൺകൊണ്ടീക്ഷിതനായോ?
മുന്നമയോദ്ധ്യയിൽ വാണൊരുനാഥൻ
പിന്നെയുമിങ്ങവതീർണ്ണനതായോ?
ലക്ഷ്മണനുണ്ടോ ഭരതനുമുണ്ടോ?
ലക്ഷ്മണനാം ശത്രുഘ്നനുമുണ്ടോ?
ലക്ഷ്മീഭഗവതിയാകിയ സീതയു-
മക്ഷിതിപന്റെ സമീപത്തുണ്ടോ
പക്ഷികുലോത്തമനിദമരുൾ ചെയ്തു
ലക്ഷ്മണനില്ലാ ഭരതനുമില്ലാ
ലക്ഷ്മണനാം ശത്രുഘ്നനുമില്ലാ
ലക്ഷ്മീഭഗവതിയാകിയസീതയു-
മക്ഷിതിപന്റെ സമീപത്തില്ലാ.
ജാനകിയില്ല സമീപത്തെങ്കിൽ
ഞാനങ്ങോട്ടു വരുത്തില്ലിപ്പോൾ
നീയങ്ങോട്ടു നടന്നാലും ഹനു-
മാനങ്ങോട്ടു വരുന്നില്ലെന്നീ!
ഹനുമാനിങ്ങനെയുരചെയ്തെന്നതു
മനുകുലവരനോടറിയിച്ചാലും.
എന്നതുകേട്ടഥ ഗരുഡൻ താനും
പോന്നു പറന്നു തിരിച്ചവിടന്നു
കാരണപുരുഷൻ വാണരുളീടിന
ദ്വാരാവതീപുരിപുക്കഥമെല്ലെ

വന്ദനചെയ്തിഹനിന്നൊരു സമയേ
നന്ദകുമാരൻ ചോദ്യംചെയ്തു;
ഹനുമാനെങ്ങുവിഹംഗമവീരാ!
ഹനുമാനങ്ങുമഹാഗിരിമുകളിൽ
ഇങ്ങോട്ടെന്തു വരാഞ്ഞു ഹനൂമാൻ
ഇങ്ങോട്ടു വരത്തില്ല ഹനൂമാൻ
എന്തൊരു സംഗതിയിങ്ങനെ പറവാൻ
എന്തെന്നടിയനറിഞ്ഞതുമില്ല
പരമാർത്ഥം നീയറിയിച്ചില്ലേ?
പരമാർത്ഥം ഞാനറിയിച്ചത്രെ
രഘുപതിയെന്നുള്ളഭിമാനമതില്ലേ?
രഘുപതിയെന്നുള്ളഭിമാനമതുണ്ടു
കല്പിച്ചാലതു കേൾക്കരുതായോ
കല്പിച്ചാലതു കേൾക്കുന്താനും
അതിനെന്തൊരു വൈഷമ്യമിദാനീം
അതിനൊരു വൈഷമ്യം കുറയുണ്ടു്
ആയതുമെന്നോടറിയിച്ചാലും
ആയതുമടിയനുണർത്തിച്ചീടാം
ആയതമിഴിയാളാകിയ ജാനകി
ലക്ഷ്മീഭഗവതിയാകിയ സീതാ
രക്ഷോവരരിപുവാകിയ നൃപനുടെ
അന്തികഭാഗത്തില്ലെന്നാകിൽ
നിന്തിരുവടിയെക്കാണുകയില്ലെ-
ന്നന്തരഹീനമുരച്ചിതു ഹനുമാൻ

എന്നതുകേട്ടു മുകുന്ദൻ താനും
വന്നിതുകൊള്ളാമവനുടെ ഭാവം
എന്നാലിനിയുമൊരിക്കൽ കൂടെ
ചെന്നുവരേണം ഭാനുകുലേന്ദ്രാ
ചാരുതയാജനകാത്മജയോടും
ദ്വാരകതന്നിൽ വസിച്ചീടുന്ന
ശ്രീരഘുനായകനെന്നതുനമ്മുടെ
മാരുതിയോടു പറഞ്ഞീടുകപോയ്
കല്പനകേൾക്കാൻ മടിയില്ലടിയനു്
ചിൽപുരുഷോത്തമ! കൃഷ്ണമുരാരേ!
ത്വൽപദപങ്കജമല്ലാതൊരുഗതി
യിപ്പരിഷയ്ക്കില്ലഖിലജനേശാ!
എന്നു പറഞ്ഞു പറന്നു തിരിച്ചു
പന്നഗഭൂഷണപക്ഷിശ്രേഷ്ഠൻ.

പങ്കജാക്ഷനതുനേരം തന്നുടെ
മങ്കമാർകളെ വിളിച്ചരുൾചെയ്തു
ലങ്കചുട്ടുപൊടിയാക്കിനിശാചര
സംഘമമ്പൊടു മുടിച്ചൊരു ഹനുമാൻ
ശങ്കരപ്രിയനശേഷജനങ്ങടെ
സങ്കടങ്ങളെയൊഴിച്ചു സുഖത്തെ
സംഘടിപ്പതിനു നല്ലസമർത്ഥൻ
ശങ്കവേണ്ടശശിനേർമുഖിമാരേ!
കല്യനാമവനെയിങ്ങുവരുത്താൻ
ചൊല്ലിവിട്ടുവിനതാത്മജനേ ഞാൻ
നല്ലവീര്യബലശാലിഹനുമാ-
നില്ലകില്ലിഹവരും വിരവോടെ
രാമഭദ്രനുടെ നല്ലൊരു മേഘ-
ശ്യാമകോമളമുദാരശരീരം
ഞാനുമൻപൊടുധരിച്ചീടുന്നേൻ
ഭാഗ്യമുള്ള പതിനാറുസഹസ്രം
ഭാര്യമാരിലൊരുപങ്കജഗാത്രി
വേഗമിന്നു ജനകാത്മജതന്നുടെ
വേഷമമ്പൊടു ധരിക്കണമിപ്പോൾ.

നാരായണനുടെ കല്പനകേട്ടഥ
നാരികൾ പതിനാറായിരമുള്ളതി-
ലൊരുനാരിക്കും ജനകാത്മജയുടെ
തിരുമേനിക്കു സമാനശരീരം
വിരവൊടുഹന്ത ധരിപ്പാൻ കൌശല-
മൊരുതെല്ലും പുനരുണ്ടായില്ലാ;
പരവശമവരുടെ ഭാവമതിങ്ങനെ
മുരരിപുഭഗവാൻ കണ്ടുചിരിച്ചു
എട്ടുനതാംഗികൾ പിന്നെവിശേഷി-
ച്ചൊട്ടുമവർക്കൊരു താഴ്ചയുമില്ലാ
എന്നതിലാറുവിലാസിനിമാരൊടു
നന്ദകുമാരനരുളിച്ചെയ്തു:—

കാളിന്ദീജാംബവതീസത്യാ
കേളിയേറിനഭാമരുക്മിണി
മിത്രവിന്ദയെന്നുള്ളൊരു ഭാര്യമാർ
തത്രവന്നുവണങ്ങുവിനേവരും
നേത്രരാഗമിനിക്കിഹനിങ്ങടെ
ഗാത്രരത്നമതുകണ്ടു സുഖിപ്പാൻ
ജാനകിതന്നുടെ വേഷമെടുപ്പാൻ
മാനിനിമാർക്കിഹകൗശലമുണ്ടോ?

ഞാനതുകാരണമിങ്ങുവിളിച്ചു
ആനനമെന്തേതാഴ്ത്തീടുന്നു?
അംഗനമാരവരാരും ചൊന്നാർ
ഞങ്ങൾ നിനച്ചാലിന്നിതു മാത്രം
സാധിപ്പാനെളുതല്ലമുകുന്ദ!
ബോധിച്ചീടുകതിരുമനതാരിൽ
മന്ദസ്മിതവും ചെയ്തഥഭീഷ്മക-
നന്ദിനിയോടരുൾ ചെയ്തുമുകുന്ദൻ
രുക്മിണിബാലേ! മൈഥിലിതന്നുടെ
വേഷമിതാശു ധരിക്കണമിപ്പോൾ
രഘുനായകനുടെ വേഷം ഞാനും
ലഘുതരമങ്ങു ധരിച്ചീടുന്നേൻ
വൈദർഭി! ശൃണു നീയും വിരവൊടു
വൈദേഹീവടിവാശുധരിക്ക
ഹനുമാനിങ്ങു വരുന്നതിനുള്ളിൽ
തനുമാറിസ്ഥിതി ചെയ്യണമിപ്പോൾ
എന്നതു കേട്ടുപുരമുറിതന്നിൽ
ചെന്നുകരേറിയിരുന്നു പതുക്കെ
കതകുമടച്ചുകണ്ണുമടച്ചു
മാനമിയന്നു മനസ്സുമുറച്ചു
ജാനകിതന്നുടെ തടമുലതുടയിണ
കടിതടമുട്ടുലസ്ഫുടതരമുടലുടെ
ഗുണഗണമഹിമാവതുമുടനോർത്തും
പേർത്തുശരീരം പാർത്തുദരത്തിൽ
പണിപലതും ചെയ്താശുകരാഗ്രേ
മണിദർപ്പണവുമെടുത്തഥനോക്കി
കുനിഞ്ഞുനിവർന്നു പിരിഞ്ഞു വലഞ്ഞും
എളുതല്ലെന്നു മനസ്സിലുറച്ചു
കളമൊഴിരുക്മിണി കതകുതുറന്നു
വെളിയിൽ പോന്നു മുകുന്ദസമീപേ
തെളിവില്ലാതവൾ മുഖവും താഴ്ത്തി
ക്ഷീണമിയന്നു വണങ്ങിച്ചൊന്നാൾ
നാണക്കേടുനമുക്കു ഭവിച്ചു
രാമൻ തന്റെ കളത്രമതാകിയ
കാമിനിമണിയുടെ വേഷമെടുപ്പാൻ
പലപലയത്നം ചെയ്തതിനൊരു
ഫലമുണ്ടായതുമില്ലമുരാരേ!
അണുമാത്രം കൃപയുണ്ടെന്നാകിൽ
ഇതുമാത്രം കല്പിച്ചീടരുതേ!
രുക്മിണിയിങ്ങനെ ചൊന്നതുകേട്ടൊരു
വിശ്വംഭരനാമംബുജനേത്രൻ
സത്യഭാമയെ വിളിച്ചരുൾചെയ്തു
സത്യഭാഷിണി! നിനക്കു നിനച്ചാൽ
ജാനകിതന്നുടെ വേഷമെടുപ്പാൻ
മാനിനി! തവഹികൌശലമുണ്ടോ
ആമിതെങ്കിലതിസുന്ദരിതെല്ലും
താമസിക്കരുതു കാമിനിമൌലേ!
സത്യഭാമയതു കേട്ടൊരുനേരം
സത്യസന്ധനെ വണങ്ങിനടന്നു
അങ്ങുചെന്നു ജനകാത്മജതന്നുടെ
അംഗമംഗിവഴിപോലെ ചമഞ്ഞു
അങ്ങുചെന്നു മുകിൽവർണ്ണസമീപേ
ഇന്ദുബിംബമുഖിനിന്നു വണങ്ങി
കാർമുകിൽ വർണ്ണനുമപ്പോൾ തന്നെ
കാർമുകവും തൃക്കയ്യിലെടുത്തു
അമ്പുമെടുത്തു പിടിച്ചു കരാഗ്രേ
വമ്പുപെരുത്തദശാനനവീരനെ
അന്തകപുരിയിലയച്ചപുമാനുടെ
ചന്തമിയന്നശരീരവുമപ്പോൾ.

പക്ഷീന്ദ്രനങ്ങുചെന്നു പവനാത്മജനെക്കണ്ടു
പക്ഷമിളക്കിക്കൊണ്ടു പറഞ്ഞു സന്തോഷത്തോ
ശ്രീരാമദേവനുണ്ടു സീതാദേവിയും കൂടി (ടെ
വീരാവസിച്ചീടുന്നു ദ്വാരാവതീപുരിയിൽ
പാരാതെ പോകനമുക്കാരോമൽഭക്തിയോടെ
നാരായണവാഹനനേവം പറഞ്ഞനേരം
പാരം പ്രസാദിച്ചരുൾചെയ്തു ഹനുമാനപ്പോൾ
പോരുന്നതുണ്ടുഞാനുമേതും സംശയംവേണ്ടാ
അഗ്രേനടന്നാലും നീയധുനാപക്ഷികുലേന്ദ്രാ
വ്യഗ്രേതരം ഞാനഥ പിറകേ വരുന്നുണ്ടല്ലോ
ചിറകുള്ള നിനക്കങ്ങു പറന്നുഗമിക്കാമല്ലോ
ചിറകില്ലാത്ത ഞാനങ്ങുനടന്നുബഹു
കാടുംമലയും കുന്നുംതോടും കടന്നുദേഹം
വാടിവലഞ്ഞു ബഹുനേരം കൂടിയേപററ
മുന്നേനീയങ്ങുചെന്നുരാമനോടറിയിക്ക
പിന്നാലെവരുന്നുണ്ടു പിംഗാക്ഷനെന്നീവണ്ണം.

ഹനുമാൻ തന്നുടെവാക്കുകൾ കേട്ടു
വിഹംഗമരാജൻ പോന്നൊരുശേഷം

ശ്രീഹനുമാനൊരുനൊടിനേരംകൊ-
ണ്ടതിവേഗാലദ്വാരക പാറി
സീതാസഹിതനതാകിയ രാഘവകുല
നാഥൻതന്നുടെ ചരണസരോജേ
വീണുനമസ്കൃതിചെയ്തുപതുക്കെ
പാണികൾ മൌലിയിൽ വച്ചഥ കൂപ്പി
വാണികൾകൊണ്ടു ബഹുസ്തുതിചെയ്തു
നാണമൊഴിച്ചിതി മാരുതപുത്രൻ
രാമ ഹരേ ജയ രാഘവകുലനായക!
രാവണനാശന! രാഘവ! ജയ ജയ
ജനകതനൂജേ ദേവി! നമസ്തേ
കനകമനോഹരകോമളകായേ!
മനുകുലപുംഗവമാനിനിമായേ!
ഇത്തരമനവധിനുതിഗിരമോതി
ചിത്രവിചിത്രചരിത്രനതാകിയ
സീതാപതിയൊടു യാത്രയുമോതി
പ്രീത്യായാതനതായ് ഹനുമാനും
പവനജനങ്ങുഗമിച്ചൊരുശേഷം
പതഗകുലേന്ദ്രൻ വന്നുവണങ്ങി
ഹനുമാനെങ്ങുവിഹംഗമവീരാ
ഹനുമാനുണ്ടിഹ പിറകെ വരുന്നു
ഗർവ്വോദോഷം നീയറിയാതെ
ആഞ്ജനതന്നുടെ തനയനിദാനീം
കണ്ടുപറഞ്ഞുമറഞ്ഞിട്ടിപ്പോൾ
രണ്ടരനാഴികയങ്ങുകഴിഞ്ഞു
മാരുതനേക്കാൾ വേഗമതുള്ളൊരു
മാരുതസുതനെ ജയിപ്പാനിപ്പോൾ
പാരിലൊരുത്തരുമതിയാകില്ലാ
പോരുംനിന്നുടെ ഗർവ്വുകളെല്ലാം
എന്നരുൾചെയ്തു മുകുന്ദൻ ഭഗവാൻ
രാഘവരൂപമുപേക്ഷിച്ചുടനെ
ഉന്നതമായൊരു മണിഭവനാന്തേ
ചെന്നുവസിച്ചിതു വാസവസഹജൻ
ഗരുഡനുമേറ്റം വിസ്മയമോടെ
മാരുതസുതനെബ്ബഹുമാനിച്ചു
ഹരിഹരമുരഹരചരണംകൂപ്പി-
ത്തിരുവൈകുണ്ഠത്തങ്ങുഗമിച്ചു.

രാമാനുചരിതം ഓട്ടൻതുള്ളൽ സമാപ്തം.

ഐരാവതപൂജ

ഓട്ടൻ തുള്ളൽ.

വെള്ളിക്കുന്നിൽ പള്ളിവസിക്കും
പള്ളിപ്പുരമേശ്വരനും തന്നുടെ
പിള്ളഗണേശനുമറുമുഖനമ്മയു-
മുള്ളതെളിഞ്ഞുവസിച്ചീടുമ്പോൾ
ഉള്ളിലഹമ്മതി തള്ളിനിറഞ്ഞഥ
ഞെള്ളനടിച്ചുതിരിച്ചു ധനേശൻ
വെള്ളംചൂടും പരമേശ്വരനുടെ
പള്ളിക്കാലിണതൊഴുതറിയിച്ചു
കള്ളമതല്ലിഹനമ്മുടെനഗരേ
പള്ളിവിരുന്നിനെഴുന്നരുളേണം
ഉണ്ണികൾഭൂതാദികളുംവന്നാൽ
ദണ്ഡംനഹിനഹിവിരവൊടു വരണം;
ഉണ്ണിഗണേശനുവയർനിറവോളം
കണ്ണുമടച്ചമൃതേത്തുകഴിക്കാം
ധനപതിതന്നുടെ വചനംകേട്ടു
പനിമതിചൂടും പരമേശ്വരനും
കനിവൊടിവൻറയഹംമതിതീർപ്പൻ
പണിചെയ്യേണമിതെന്നുമുറച്ചു
വേണമിതെന്നാൽ വരുവൻനാമിഹ
കാണിയുമില്ലിഹമടിയെന്നരുളി

ഗണപതിതന്നുടെ കമ്പതലോടി
ക്ഷണമൊട്ടുമുന്നിലയച്ചു മഹോദരൻ
ഗണപതിയും ധനപതിയുംകൂടി
കനിവൊടുതൊഴുതിട്ടാശു നടന്നു;
ഗുണഗണമിയലും പുരമതിലെത്തി
ഗണപതിപൂജയ്ക്കാരംഭമതിന്നു,
വലുതായുള്ളൊരു പലകയതിന്മേൽ
വടിവൊടിരുത്തിഗ്ഗണനാഥനെയും
വിരവൊടുധനപതി വിശറിയെടുത്തു
വിരുതൻഗണപതിയേയഥവീശി
തെളിവേറീടും പൊൻകിണ്ണത്തിൽ
തെളുതെളെനല്ലോരെണ്ണയെടുത്തു
പിള്ളേർവന്നിഹമെല്ലെത്തേച്ചി-
ച്ചുള്ളൊരുകൌതുകമെന്തുരചെയ്‌വൂ
വലിയൊരുകണ്ണുദരവും മൂക്കും
വെളുവെളെമുഖവും കമ്പയുമെല്ലാം
എണ്ണയൊലിപ്പിച്ചയ്യോ ശിവശിവ
കണ്ണുംചിമ്മിപ്പിച്ചുതുനേരം
താളിയുമീഞ്ചകൾ യോജിപ്പിച്ചി-
ട്ടാളികളാൽബതസ്നാനംചെയ്തു
കാലുംകഴുകിച്ചാദരവോടെ
നാലിനകത്തൊരെടത്തുതളിച്ചു
മണ്ഡലവും തേച്ചിലയും വച്ചുക-
മണ്ഡലുജലമതിടത്തുംവച്ചു
പൊന്നുവിളക്കുകൊളുത്തിപ്പരിചൊടു
മുന്നിൽവച്ചിട്ടാദരവോടെ
ഇലയുടെയരികേ പലകയുമിട്ടു
വലിയൊരുഗണനാഥനെയുമിരുത്തി
ജലഗന്ധാക്ഷതധൂപം ദീപം
കുസുമം ചന്ദനമിവകളണിഞ്ഞു
മെല്ലെയിലയ്ക്കു ജലാദികൊടുത്തു
നല്ലൊരുചോറും കദളിഗുളവും
നറുനെയ്യിവകയൊക്കെവിളമ്പി
ക്കുടിനീർവീഴ്ത്തിക്കനിവൊടുകൂപ്പി
അമ്പൊടുഗണപതി തന്നുടെമടിയിൽ
കമ്പയൊതുക്കീട്ടുണ്ണതുടങ്ങി;
ഝടിതിവിളമ്പിന വിഭവമതെല്ലാം
ഝടഝടനെന്നമൃതെത്തുകഴിഞ്ഞു

തെരുതെരെയായതുകണ്ടുവിളമ്പീ-
ട്ടരുതരുതെന്നരുളാന്തുടങ്ങി
കോരികവച്ചവർ വട്ടിയെടുത്തം-
ച്ചോറുകൾകൊണ്ടുവിളമ്പുതുടങ്ങി
ചട്ടമിതൊന്നുപകന്നതുകണ്ടവർ
വട്ടളമാശുചരിച്ചുവിളമ്പി
തുമ്പിക്കരവുംപൊക്കിപ്പരിചൊടു
വൻപൻവായിപിളന്നവശായി;
ചെല്ലുന്നവരവർ ചോറുംകറികളു-
മെല്ലാംതൊള്ളയിലിട്ടുതുടങ്ങി;
ചോറുതൊട്ടങ്ങി കറിയതൊട്ടങ്ങി
വീരൻധനപതിയൊന്നനട്ടങ്ങി;
വച്ചൊരുചോറും കറികളുമെല്ലാം
കൊച്ചുഗണേശൻ കൊററുകഴിച്ചു;
കുലയതെടുത്തുകടന്നുപഴങ്ങൾ
കുലയുടെക്കൂടെയതൊക്കെയൊട്ടങ്ങി
പച്ചക്കായും പപ്പടവുംപല
പച്ചക്കോപ്പുകളൊക്കെയൊട്ടങ്ങി;
തൈരതൊട്ടങ്ങി മോരതൊട്ടങ്ങി
സൈപരംകുംഭവുമൊക്കെത്തീന്നു
ഉപ്പുംമുളകും ചുപ്പുംചിപ്പും
ക്ഷിപ്രംഗണപതിയപ്പടിതിന്നു
ഉള്ളതശേഷമൊട്ടങ്ങിട്ടവനുടെ-
യുള്ളിലൊരാധിവളന്നവശായി;
ഒററക്കൊമ്പൻകൊററുമുഴക്കാ-
ഞ്ഞേററംകോപിച്ചെഴുനേററുടനെ
മുൻപിലിരുന്ന വിളക്കുവിഴുങ്ങി,
ചെമ്പുകളങ്ങുമുതേത്തുതുടങ്ങി
ചട്ടകവും പല കുട്ടകവും ചില
വട്ടികളെന്നിവയൊക്കെവിഴുങ്ങി
മുരളിനടന്നങ്ങുരുളിവിഴുങ്ങീ-
ട്ടതിരുചിയോടഥ കല്ലുവിഴുങ്ങി
കട്ടോടങ്ങളുലക്കയുമിവക-
പാത്രംശാലയുമൊക്കെവിഴുങ്ങി
ആർത്തിപെരുത്തുസഹിക്കരുതാഞ്ഞി-
ട്ടൻപിനൊടൊത്തൊരുതൂണുവിഴുങ്ങി
സത്വരമങ്ങുനെടുമ്പുരയുണ്ട
തൃപ്തിവരാഞ്ഞുഗണേശസ്വാമി;

കണ്ടതശേഷവുമുണ്ടിട്ടും ഞാത-
കൊണ്ടാകൊണ്ടോയെന്നരുൾചെയ്തു:
ധനപതിതാനമൊരാധിമുഴുത്തു
മനമതിലോർത്തുഗിരീശനെയുടനെ
ഹരഹര! ശിവശിവയെന്നുവിളിച്ചു
പരവശനായിനടന്നുതുടങ്ങി
ഒററക്കൊമ്പൻ പിമ്പേ പാടി
തെററന്നോടിച്ചെന്നു മഹേശൻ
തന്നുടെയടിമലർവീണുവണങ്ങി
ഖിന്നതവന്നതുതൊഴുതറിയിച്ചു:—
"ഗണപതിയടിയനെയുണ്ണാംമുൻപേ
ഗിരിമകൾപതിനീ രക്ഷിക്കേണം
പാത്രാപാത്രമിതോർക്കാഞ്ഞെന്നുടെ
പാത്രാദികളും തിന്നുഗണേശൻ
അരുതരുതെന്നുവിലക്കീട്ടങ്ങിനെ
ഒരുപിടിമലരുകൊടുത്തു മഹേശൻ
മതിമതിയെന്നരുൾചെയ്തതുകേട്ടു
ഉരുളുരയെല്ലാം ഛർദ്ദിൽതുടങ്ങി
നെടുതായുള്ളനെടുമ്പുരമുൻപിൽ
ഝടഝടയങ്ങുഞെരിഞ്ഞഥവീണു
ഉണ്ടതുപോലെ ക്രമത്താൽതുണ്ടം
തണ്ടെന്നീവകകണ്ടുതുടങ്ങി
ചെമ്പുംവാൾപ്പുവിളക്കും പലവക
വൻപനമാത്തുവമിച്ചാനഖിലം
എണ്ണവുമേറുനടന്നാനങ്ങൊരു-
വണ്ണംധനപതി തലയുംതാഴ്ത്തി;
ഉത്തരമുള്ളൊരുഗണപതിഭഗവാ-
നിന്നിതിനൊന്നുതുണച്ചീടേണം

കള്ളാസ്യൻ ഗണനായകനെന്നുടെ
കള്ളാഷ്യത്തിന്നുതുണയായ്വരണം
കള്ളാഷിണിവാണിയുമെൻനാവിൽ
കള്ളാംവണ്ണം വിളയാടേണം,
പ്രളയപയോധിയിലിളകിമറിഞ്ഞഥ
തെളുതെളവരുമൊരുതിരമാലകൾപോൽ
ഇളകിവരേണംവാക്കുംപടുതയിൽ
ഇളകാതൊരുഗുരുകൃപയൊടുകൂടെ;
തെളിയണമാത്മജ്ഞാനമതിന്നായ്
തെളിവൊടുഞാനിത വന്ദിക്കുന്നേൻ.

കുന്തിയിരിക്കുമിടത്തുംപടിയേ
സന്തോഷത്തോടുവിപ്രന്മാരും
ഗാന്ധാരിയെമാനിച്ചീവണ്ണം
ഹന്തപറഞ്ഞുരസിച്ചുനടന്നാർ
സദ്യാഘോഷമുരന്തരന്നേ ധൃത-
രാഷ്ട്രക്കില്ലൊരു ലുബ്ധൊന്നിന്നും
സുപ്പട്ടെട്ടു ലഭിച്ചതു സുബലജ-
പോയ്വട്ടസ്സുനിമൂലന്തന്നെ
പേവട്ടച്ചാറൻ ശകുനിക്കും
ഈവട്ടംചെന്നിട്ടില്ലൊട്ടും
നാലും രണ്ടും മതിയെന്നവനും,
ചേലൊടുഗാന്ധാരിയുമുരചെയ്തു
എട്ടുംപത്തും ചെയ്യണമായതി-
നൊട്ടും സംശയമില്ലെന്നവളുടെ
നെഞ്ചികൾ കൊണ്ടിട്ടൊട്ടു ലഭിച്ചതു
മിത്രന്മാരേ! ബോധിച്ചാലും
ഭാഗ്യവതീഗാന്ധാരിയവളുടെ
യോഗ്യതമററാർക്കുള്ളൂ നിനച്ചാൽ
അല്ലേ നമ്മുടെ കുന്തികണക്കിനി-
യില്ലേനാളെയുമിങ്ങനെ പൂജാ!
അല്ലേപാണ്ഡുമഹീപതിതന്നുടെ
വല്ലഭയെന്നിവളെന്നറിയേണം
പാതിരാജ്യത്തിന്നവകാശികൾ
ബോധിച്ചാലും ധർമ്മസുതാദികൾ
നാളെത്തന്നെ പൂജതുടങ്ങും
നാമെല്ലാം പോയീടരുതിന്നു
കോള്ളപ്പുറവും കോശ്യപ്പള്ളി;
വാളക്കോടും വള്ളിക്കോടും
കൂടെക്കേറിച്ചെന്നിട്ടിപ്പോൾ
കുന്തിയൊടും ചോദിച്ചറിയേണം
ആരെല്ലാം സദ്യയ്ക്കു ഭ്രമിപ്പാൻ
സംഘക്കാരുനിന്നീടേണ്ടു
നാളെത്തന്നേയുണ്ടോയെന്നും
നല്ലപ്പോഴേയാമോയെന്നും
സുപ്പട്ടെത്രലഭിക്കുമിതെന്നും
ബോധിച്ചല്ലോ പോകണമെന്നും.
അന്തണഭാഷിതമേവം കേട്ടഥ
ചിന്താപരവശയായീവണ്ണം

നിസ്തുല്യനിന്ദിക്കാരുടെ കനകമഹാത്മ്യത്തിന്ന
ഇവരെക്കൊണ്ടിനിമേൽ ജനങ്ങൾമികച്ചോരം
കൊടുക്കുന്നതുമതിനാകിലേക്കൊണ്ടവർക്കിപ്പോ
നാടകം നാടനായി നമുക്കിപ്രകാരമായ് ഗ്രം
വിധിക്കു നേരില്ലാതെയിരിക്കുംകാലത്തിങ്കൽ
ഇരിക്കക്കാളും നല്ലമരിക്കസകലർക്കും;
ഭുജിക്കും നെയ്യുകർമ്മം മധിക്കും പിന്നെവന്നാ
പിറക്കും മുന്നേക്കർമ്മം ഭുജിക്കുമിപ്രകാരം
വഹിക്കുന്നതും നേരായിരിക്കിലിനിക്കിതു
വരുവാൻ സംഗതിയും വരികയില്ലാഞ്ഞല്ലോ.

എന്തീശ്വര! ഞാൻ മുന്നേജ്ജന്മനി
ഹന്തമഹാപാപം ചെയ്തിട്ടോ
കാന്തൻമൃതനായിങ്ങനെയുള്ളൊരു
സന്താപങ്ങൾ ഭുജിച്ചീടുന്നി?
ഭർത്താവുള്ളന്നിങ്ങിനെയൊരുവൻ
വൃത്താന്തം പോലും ചൊല്ലീടാ;
വൃദ്ധൻ പൂർവ്വജനം പേടിക്കും!
പൃത്ഥ്വീപതികളുമെന്തുരചെയ്‌വൂ!
അവകരയെന്തുപറഞ്ഞിട്ടിപ്പോ-
ളീവിധമായ്വന്നതു വിധിവിഹിതം
ഹാവിധിയോ മമകർമ്മഫലം കിമു
ദൈവത്തിന്നതകില്ലാതായോ?
ഈവിധമപവാദം കേട്ടാലി-
ജ്ജീവസുധാരണമെങ്ങനെ ശിവ ശിവ!
നാരായണ നരകാന്തക! വിഷ്ണോ!
നീരദസന്നിഭ! വാരിജനാഭാ!
നേരിന്നാധാരം നീയല്ലാ-
താരം മഹിതരമിന്നൊരുതിരാ!
ഏകാദശിതിരുവോണം രോഹിണി
തിരുവാതിര കാർത്തികവ്രതമിങ്ങനെ
ശിവരാത്ര്യാദികളുപവാസിച്ചതു
വിഫലമതായോ യോമുകിൽ വർണ്ണാ!
കരുണാകരകമലാവല്ലഭ! ജയ
ധരണീധരശരണാ! സർവ്വേശാ!
തിരുമലരടിയെന്യേമറെറാരുഗതി
ഒരുവർക്കും നഹി സുരമുനിവന്ദ്യാ!
സൃഷ്ടാസൃഷ്ടിപ്പിച്ചു നിൻകരുണാ-
പുഷ്ടാത്തന്നെ സന്ദേഹം നഹി
മട്ടലർശരവൈരിയുമിന്നിപ്പോൾ
മററില്ലെന്നാ മററുള്ളുകൾ പറവൂ-
ദുഷ്ടതരോവിച്ചുമരെന്ദ്രൻ ദിവി
പുഷ്ടാദരോപമമൈശ്വര്യമൊവി-
ച്ചിട്ടഞ്ഞെളിഞ്ഞീടുന്നതു നിന്നുടെ
പുഷ്ടകൃപാബലമല്ലോ പോററീ!
വിധിവിധികൾടവയറച്ചാർ കുബേരൻ
മൌഢ്യതയും നിൻതിരുവുള്ളമത്രേ
അന്തകനും തവകരുണാശക്ത്യാ
ഹന്തകഴിച്ചീടുന്നനിതാന്തം
എന്തീകുന്തിപിഴച്ചതു നിന്നൊടു
ചെന്താമരനയനാ! നരകാരേ!
അവളുടെ മക്കളുമെന്നുടെ മക്കളു-
മവകാശം കൊണ്ടൊരു പോരിവിടെ
ഇവരുടെ യച്ഛൻ മൃതനായതിനാൽ
അഹമിതിപിടിയാത്തവളായ്വന്നു
അതിബാലന്മാർമിറികിൻ മൂട്ടകു-
ളവരുടെ ഭാഗ്യം പോരായ്കത്രേ
അവനീശൻ മൃതനായതിനെന്തിനു
പഴുതേ ഞാൻ ദുഃഖിച്ചീടുന്നു!
മായാമാനുഷനാകിയ കൃഷ്ണൻ
ആയവനുടെ കൃപയുണ്ടെന്നാകിൽ
ആയതു സാധിപ്പാൻ ഞാനൊമതി
യായേക്കാമിക്കാലം തന്നെ
പണവും ഭണ്ഡാരം കരികോലം
പടയും നാടും പാടെയവർക്കായ്
ഉടികടമൊരുമൊരു പ്രാതുവു-
മുട്ടുതുണിപഴയതുമായി നമുക്ക
കൊട്ടണമുണ്ടോട്ടേ പാണ്ഡവരും
കൊട്ടണമതുവേണ്ടായെന്നാലും
ഇഷ്ടം ദുര്യോധനനന്നവരങ്ങരി
എട്ടുനരങ്ങയവരയ്ക്കു വേണ്ടു
കൊട്ടുവതിന്നിമ്മക്കളെയെല്ലാം
യപ്രിയുമായി നടക്കും ശകുനി
വിദുരരുഗംഗാദത്തിന്നമൊഴികെ
വിരുദ്ധക്കാരേയുള്ളിവിടത്തിൽ
ഒരുവരുമില്ലനമുക്കെന്നായി
അരുമയിതെന്നിവിടെസ്സാധിപ്പാൻ

ഇത്തിരിയെല്ലാമുണ്ടു നമുക്കു-
പ്പൊന്നും പൊടിയുമെടുപ്പാനിന്നും
കിംഫലമിതു സാധിപ്പാൻ ഞാനും
എൻപിള്ളകളും മതിയാകാതായ്
ശരണാഗതവത്സല! ജയ! ശൌരേ!
ശാർങ്ഗായുധശാശ്വതഗോവിന്ദ!
എന്മക്കൾക്കാധാരം മററി-
ല്ലിമ്മഹിയിങ്കലതിനിതതൊഴുതേൻ!

നിനച്ചീവണ്ണം ചിന്തിച്ചു കുന്തിയപ്പോൾ
ഗമിച്ചു ധർമ്മജനമനജന്മാരുമായി
എടുത്തു ഭീമനൊരു കരത്തിൽ ചോറുമന്യ-
കരത്തിൽ പ്രഥമനം കലത്തിൽ പകർന്നിട്ടു
കടത്തിൽ ദധിതൂക്കി എടുത്തു കിരീടിയും
എടുത്തു മാദ്രിജരും കരത്തിലിവമററും
നിരത്തിവച്ചമ്മയെ വിളിച്ചുമ്മാനായപ്പോൾ
മരുത്തിൻ മകനതി കരുത്തനായ ഭീമൻ.

അമ്മേ! അമ്മേ! വന്നാലും തവ
ഉമ്മാനെന്തേ വൈകിക്കുന്നു?
ചെമ്മേ ചോറും കറികളുമെല്ലാം
ചേലൊടു കൊണ്ടന്നിട്ടുണ്ടല്ലോ
ഉമ്മിണിയല്ലമ്മേ പരമാനം
തിമ്മാൻ പട്ടർ വിളമ്പുകമൂലം
അമ്മേയുൺമാൻ വരുവാറായെ-
ന്നമ്മാരുതതനയൻ പറയുമ്പോൾ
അമ്മാൻമിഴിയാളാകിയ കുന്തിയു-
മശ്രുപൊഴിച്ചഥ മൂക്കുപിഴിഞ്ഞു
അമ്മുഴുമതിമുഖവും ബന്ധൂകം
ചെമ്മേകമ്പിടുമധരോഷ്ഠങ്ങളും
ആച്ഛാദിച്ചിതു കരകമലത്താൽ
ദീർഘശ്വാസത്തോടും കൂടെ;
അമ്മയെയീവണ്ണം കണ്ടപ്പോൾ
അന്തകസുതനും ചിന്തതുടങ്ങി;
അന്നേരം ഭീമനമർജ്ജുനനും
ആദരവോടു പറഞ്ഞാനേവം
എന്താണമ്മയും ജ്യേഷ്ഠനുമിങ്ങനെ
ചിന്തതുടങ്ങീടുന്നതു കഷ്ടം!
അയുതഗജാധികബലവാനായ്ഞാ-
നനുജനുമായിങ്ങനെ ജീവിക്കിൽ
അവരിലുമധികമൈശ്വര്യാടു വാഴുവ-
നച്ഛൻ പാണ്ഡുനൃപാധിപനാണെ
അച്ഛന്റെ കാലത്തിൽ സുബലജ-
യിച്ഛകളൊന്നും സാധിച്ചീലാ
ആശ്രിതഭാവവുമുണ്ടായില്ല-
ന്നയശസ്സുകൾ കേൾപ്പാറായില്ലാ
അച്ഛൻ സ്വർഗ്ഗതനായെന്നാലു-
മനുഗ്രഹമുണ്ടെന്നാലീ ഞങ്ങൾ
അച്ഛന്റെ പാതിക്കവകാശിക-
ളിജ്ജനമെന്നതു സംശയമില്ലാ;
തച്ഛന്മാർക്കൊഴിഞ്ഞു കൊടുപ്പാ-
നിജ്ജന്മം മുളകയില്ലിഹ ഞാൻ;
അച്ഛന്റെ ശീലം നന്നല്ലേ
ഓജ്ജനുഗാന്ധാരീവഷളം
ഇച്ഛിച്ചതു സാധിക്കട്ടിപ്പോ-
ളിജ്ജനമിശ്ശിപ്രായം വരുവോളം
നൂററിനെയും കൊട്ടിക്കൊന്നെന്റെ
ഊററമതാംകരകരിശനതീർത്തു
കാററിന്മകനാം ഞാനും ജ്യേഷ്ഠനെ
വെററിയൊടേരാജ്യം വാഴിപ്പൻ!
കൊററവനന്ധൻ മൃതപ്രാണിയെന്നാം
കൊല്ലേണ്ടാ അനുമാനവിരോധം
ഇല്ലൊരു കഥയിന്നവനാലേതും
സൊല്ലയുമില്ലൊരെടത്തു കിടക്കും;
കററണികുഴൽ ഗാന്ധാരിയെ ഇന്നൊരു
പററു കുടിപ്പിച്ചീടുകയില്ലാ;
കൊററിന്നു മുട്ടിപ്പട്ടിണിയിട്ടു
ദുഷ്ടതയെന്നു നിനച്ചു കരഞ്ഞെ
തുഷ്ടിവക്രമമചിത്തതയെന്നതു
ജ്യേഷ്ഠനുമമ്മയും ബോധിച്ചാലും
ഹരിസമഭുജബലവിക്രമിയാകിയ
ഹരിസുതഗീരമിതു കേട്ടദശായാം
ഹരിഹരിവിക്രമിയാകിയ പാർത്ഥൻ
ഹരിഹയസുതനുരുത്താനേവം:

ഒട്ടുക്കിന്നൂററുപേരെ നാടക്കം രാജ്യംവാഴ്വാൻ
മിടുക്കില്ലാഞ്ഞിട്ടല്ലേകിടക്കുന്നീവണ്ണം നാം
അടിക്കീഴ്പ്പൊടിയേററു കിടക്കുന്നൊന്നുമാവതും
നടിക്കമവരിപ്പോൾ ക്ഷമിക്കുകരഞ്ഞൊന്നു

അടൽക്കളയോഗമെത്തി യടല്ക്കളത്തിലെത്തി
അടക്കുന്നേരം കാട്ടിക്കൊടുപ്പാൻ ഭുജബലം
മുടിച്ചുകള്ളന്മാരെ മുടിച്ചു ചിലരുടെ
മുടിക്കഞ്ഞംഗമേററിപ്പിടിച്ചു കെട്ടിനന്നാ-
യടിച്ചു കൊല്ലുവാനുമസഹ്യമഗ്രജനും
പടുതമോടു ഞാനും മുടിപ്പൻരിപുക്കളെ.
മക്കളുടെ ഗിരമേവം കേട്ടുകുന്തിതാനും
വിക്കനെമോദാശ്രുപൊഴിച്ചുൾക്കനിവോടെ
ദുഃഖവുമടക്കിവന്നുതൃക്കൈകൾകൊണ്ടപ്പോൾ
മക്കളെയനുഗ്രഹിച്ചു ഗദ്ഗദവർണ്ണന
ദുഃഖകാരണങ്ങളൊക്കെ അക്കരിനടയാൾ
തൽക്ഷണംചൊന്നതുകേട്ടു ഫൽഗുനനും ചൊ-
ധിക്കരിച്ചുപൂജയിതുദുഷ്കരമിതല്ലോ; [ഞാൻ
മുഷ്കരമായൊരുകർമ്മം അമ്മ ബോധിക്കേണം
അക്കരീശനെയിവിടെയിക്കിരീടികൊണ്ടു-
ന്നിക്രിയകഴിപ്പനഹംമൽഗിരീശനാണേ
പുഷ്കരലോചനന്റെ ഉൾക്കൃപയാൽവ്യോമ
പുഷ്കരചാരികളോടും ശക്രനെവരുത്തി
സ്വർഗ്ഗവിലാസിനികളാലീഗൃഹമലംകൃത്യ
അഗ്രഭുക്കുകളെയമൃതഭുക്കുകളാക്കി
സ്വർഗ്ഗവാസികളെക്കൊണ്ടു ഭക്തവുമുണ്ടാക്കി-
ച്ചിഗ്ഗേഹകഴിപ്പൻസദൃഞ്ഞക്കിരീടിനാളെ;
അച്ഛനമരേശൻ പാണ്ഡുവാകുമച്ഛനോടും
ഇച്ഛയിൽവന്നിവിടിരുന്നിജ്ജനവുമായി
മജ്ജനഭോജനനിദ്രാസക്തരായിമോദാൽ
മാനമോടുമൈരാവതപൂജകഴിപ്പിച്ചു
വേണ്ടുവോളംധനംവാരിക്കോരിവിപ്രന്മാർക്കും
കൊണ്ടുപോവാൻകൊടുപ്പിപ്പാനൊണ്ടിനിക്കു-
ശക്തി
ശങ്കികൾമണ്ണുകൊണ്ടുള്ളൊരാനയല്ലോപൂജി-
ച്ചുണ്ടർകോനെയുമാനയുമിങ്ങുവരുത്തീട്ടു
രണ്ടുനാലുദിനംകഴിയുന്നതിനുമുമ്പേ
ഉണ്ടലെന്ന്യേസാധിപ്പൻ ഞാൻ
കണ്ടുകൊൾകെൻറമ്മേ
ഉണ്ടുകൊണ്ടാലുമിതുകൊണ്ടുണ്ടാകേണ്ടതാപം
കണ്ടതകെവെടികമ്മേ! ദണ്ഡനമസ്കാരം;
ഫൽഗുനഗിരമീവണ്ണംകേട്ടു കുന്തിതാനും
ഫൽഗുപരിതാപയായി സൽഗുണിനിവേഗാൽ

ഭക്ഷ്യംഭോജ്യംലേഹ്യംപേയദ്രവ്യങ്ങളെല്ലാമൻപാൽ
ഭക്ഷണംശിക്ഷയിൽത്തന്നെ തദ്ദിനംകഴിച്ചു;
ദക്ഷനാമർജ്ജുനൻ സഹസ്രാക്ഷനായിക്കൊണ്ടു
ശിക്ഷയിലൊരു സന്ദേശപത്രികയെഴുതി
തൽക്ഷണമൊരമ്പുംകോലേകെട്ടിവില്ലുംപൂട്ടി-
ത്തൊടു
ത്തിക്ഷിതിയിൽനിന്നു മേൽഭാഗത്തയച്ചരുളി;
ബാണവുമനന്തരം ജഗൽപ്രാണവേഗംഗമിച്ചുഗീ
ർവ്വാണലോകംപ്രവേശിച്ചനേരമമരാധിപനും
ഊണുമെല്ലാംകഴിച്ചുടനേണശാബാക്ഷികളോടു
വേണുവിളിച്ചീടുകയും വീണവായിച്ചീടുകയും
തിത്തിയിൽസ്വരംവിളിക്കുകയുംമദ്ദളക്കാരൊ-
ത്തു
നർത്തകീജനംവിവിധനർത്തനകൌതുകത്തോടും
ഉത്തമനാം നാരദനും തുംബുരുവും കൈപിടിച്ചു
രുദ്രവീണതംബുരുതോളത്തുവച്ചതികുതുകം
കൃത്തുകണ്ടുരസിച്ചും മൂർദ്ധാവുകൊണ്ടുസമ്മാനിച്ചും
തത്രമദ്ധ്യേമദ്ധ്യേസുത്രാമാവിനെനോക്കിച്ചി
രിച്ചും
വൃത്രവൈരിതാനുമേറ്റംസുപ്രമോദംകലർന്നതി
സ്വസ്ഥനായിസിംഹാസനേ ഇത്തിരിനേരമി
രുന്നു
പുത്രനാമർജ്ജുനനെയ്തോരസ്ത്രവും പത്രികയുമായ്
സുത്രാമാവിൻെറമടിയിൽവന്നിരുന്നനേരം
ചിത്രമിതെന്തെന്നുതൻെറതൃക്കരങ്ങൾകൊണ്ടെ
ടുത്തു
പത്രികനോക്കിവായിച്ചുവാചകവുംധരി-
ച്ചേവം;
പുത്രവാത്സല്യാതിരേകാലെത്രയുംമുഖത്തുകാട്ടി
പത്രികമാർത്തണച്ചുനിസ്തുലകൌതുകത്തോടും
പുഞ്ചിരിതൂകിമഹേന്ദ്രനുമപ്പോൾ
കഞ്ജഭവാത്മജനോടിദമരുളി
ഹേഹേനാരദ! വരികരികേയി-
സ്സാധനമധുനാവായിച്ചാലും
ഉർവ്വശ്യാദികളിസ്ഥിയിരിപ്പിൻ
ഇസ്ഥിയിരിപ്പിൻ വാദ്യക്കാരും
അപ്പോൾനാരദനമരാധിപനൊടു
പത്രികവാങ്ങിയുടൻവായിച്ചു
അഗ്രജനായ ജയന്തൻവായി-
ച്ചച്ഛനെയറിയിക്കേണ്ടുമവസ്ഥ

സുബലസുതാതനയന്മാരിപ്പോൾ
പ്രബലംവിദ്യാഭ്യാസവൈഭവവാർ
പ്രബലകരീശ്വരപൂജകഴിച്ചു
പ്രബലതയവിടെക്കാട്ടീതവരും,
ഉത്സവഘോഷമിവണ്ണന്തന്നെ
ഉർവ്വിയിലെങ്ങുംകേട്ടിട്ടില്ലാ
കുത്സയതിന്നുണ്ടായിട്ടുള്ളതി-
ദുസ്സഹമായ് വന്നിതുഞങ്ങൾക്കും;
സദ്യകഴിഞ്ഞൊരുഭൂസുരവരരും
സദ്യോഞ്ഞങ്ങടെപടിയേപോരാപോൾ
പരിഹാസോക്തികളിഹവിപ്രന്മാർ
പഥിവിവരിച്ചുനടന്നാരേവം;
കന്തികണക്കിനിയ്ക്കണമന്നാളേ
ദന്തീശ്വരപൂജാദ്രസുരരേ!
ഹന്തപണംവിംശതികിട്ടിടും
പന്തിയിതിന്നില്ലെന്നാംകേചിത്
ഹന്തനൃപൻ മൃതനാകാഞ്ഞെങ്കിൽ
അങ്ങിനെതന്നെസംശയമില്ല,
ഇത്ഥംമാർഗ്ഗികൾപറയുന്നതുകേ-
ട്ടുൾത്താപം ജനനിക്കും ഭൃത്യന്നും
അക്കാര്യത്തിന്നച്ഛൻതന്നെ
അമരവരന്മാരേയുംകൂട്ടി
അക്കരിവരനെയുമിങ്ങുവരുത്തി-
ട്ടിജ്ജപമാശുതുടങ്ങിക്കേണം;
പിന്നെവിശേഷിച്ചും താമസിയാ-
തൊന്നിനുപേക്ഷവരാതേകണ്ടു്
വന്നീടണമച്ഛൻതന്നേയി
തൊന്നൊഴിയാതെവഹിപ്പിക്കേണം;
ഇപ്പടികൈയെഴുതിയയയ്ക്കുമ്പോൾ
ഇന്ദുകുലേശൻ പാർത്ഥനെഴുത്തു;
കറിവാചകമതുകേട്ടമരേശൻ
കറവിയലാത്തൊരു പ്രണയത്തോടും
മറുവാചകമുരചെയ്യാതേ തൻ
മന്ത്രികളോടിദമരുളിച്ചെയ്തു
എല്ലാരുംകേട്ടല്ലോയിതുകൊ
ണ്ടെങ്ങിനെവേണ്ടൂ എന്നതുപറവിൻ
ചെല്ലാഞ്ഞാലുണ്ടേപോരായ്മകൾ
ചെന്നാലുംപുനരങ്ങിനെതന്നെ;

എല്ലാരുംകൂടിക്ലേശിച്ചു
ചൊല്ലണമെങ്ങിനെവേണ്ടുവതെന്നും
അമരാധിപഗിരമേവംകേട്ടി-
ട്ടമരന്മാരും ചിന്തിച്ചേവം
കുമതികൾപലർകൂടിക്കൊണ്ടിന്ദ്രനെ
നമനംചെയ്തീവണ്ണമുരത്താർ
ഇന്ദ്രാണീവല്ലഭ! ദേവേന്ദ്ര!
വന്ദാരോർമന്ദാരാ! ജയജയ!
സന്ദേശത്തിൽകണ്ടൊരുകാര്യം
സന്ദേഹംതന്നേയാകുന്നു
തദ്ദേശംഗന്തുംനഹിയോഗ്യം
മദ്ദേശന്മാരല്ലല്ലോനാം;
വൃന്ദാരാധിപ! നമ്മളിലാരാ-
നിന്നേതിൽകീഴിൽ ഭൂലോകേ
ചെന്നൊരുമർത്ത്യനുമായിസ്സഖ്യം
വന്നിട്ടില്ലതു ബോധിച്ചാലും
ഇന്ദ്രന്മാർപലരുണ്ടായിവിടെ
അന്നിങ്ങിനെയിതുകേട്ടിട്ടില്ല
എന്നമരന്മാർചൊന്നതുകേട്ടി-
ട്ടിന്ദ്രനമരുളിച്ചെയ്താനപ്പോൾ
എന്നല്ലുത്തരകോസലമായൊര-
യോദ്ധ്യാവാസികളാകും നൃപരൊടു
വൃന്ദാരകനാഥന്മാർ സഖ്യമി-
തന്നാവഴിപലതും പറയാമേ!
അതുമിതുമെന്തിനുപറയുന്നിങ്ങിനെ?
ഇതുകൊണ്ടിപ്പോൾ വന്നതുപറവിൻ
അതുകേട്ടവർപിന്നെയുമുരചെയ്തു
ഇതുഞങ്ങൾക്കൊട്ടും ചേന്നില്ല;
കണ്ടവരുടെകുറികണ്ടീടുമ്പോൾ
മണ്ടീടത്തക്കവരല്ലല്ലോ
അണ്ടർപുരാനങ്ങന്നെന്തിങ്ങനെ
ചെണ്ടത്തരമായിട്ടുതുടങ്ങി?
പണ്ടേയീകല്പനകൾക്കല്ലാ-
തൊണ്ടേഞങ്ങൾക്കൊന്നിൽ കാര്യം?
കല്പിക്കുന്നതുകേൾക്കാമിന്നും
കല്പിക്കും വേലകളുംചെയ്യാം;
കല്പിച്ചൊരുകാര്യത്തിന്നിപ്പോൾ
ഇപ്പടിയെന്നേതോന്നുന്നുള്ളു

എന്നമരന്മാർ ചൊന്നതു കേട്ടു
മന്ദസ്മിതമൊടു ശചിയും ചൊന്നാൾ
വല്ലായ്മകൾ പറയായ്‌വിൻ! നിങ്ങൾ
വല്ലായ്മക്കാരായ് വന്നിട്ടും
സ്വർല്ലോകാധിപനുടെ അന്തർഗ്ഗത-
മല്ലായ്കയറിവന്നതുമിവിടെ;
എല്ലാരും വിപരീതിച്ചാലും
വല്ലഭനിതിനായങ്ങു ഗമിക്കും
കുന്തീ! കുന്തീ! യെന്നു നിശായാം
ഹന്ത കിനാവിൽ വിളിച്ചീടുന്നു
എന്തെന്നതു ഞാൻ ചെവി പാർത്തപ്പോൾ
എന്തൊരു പുതുമകൾ പറയാവല്ലേ
എല്ലാംകൊണ്ടും പോകേയാവൂ
അല്ലാഞ്ഞാലമരേശൻ മരണം
വല്ലാതെ പ്രാപിക്കും നമ്മൾ-
ക്കെല്ലാക്കും സങ്കടമുണ്ടാമേ,
പണ്ടുണ്ടോ ഇന്ദ്രന്മാർക്കാർക്കാ-
നങ്ങിലയിൽകാമിനിമാരാരാ
നുണ്ടായിട്ടുമിതുണ്ടോ ചില
ശങ്കകളുണ്ടാമതുകൊണ്ടിവിടെ
ഇങ്ങിനെ ശചിയുര ചെയ്തതു കേട്ടി-
ട്ടിന്ദ്രനുമവരോടരുളിച്ചെയ്തു
ഇന്നിതു നിങ്ങൾക്കെല്ലാവർക്കും
ചേർന്നതിനിക്കും ചേർന്നൊന്നറിക,
എന്നാൽ പോകുന്നില്ലെന്നപ്പോൾ
ഇന്ദ്രാദികൾ പറയുന്നതു കേട്ടു
മന്ദസ്മിതമൊടു നാരദമുനിയും
മന്ദേതരമവിടുന്നു നടന്നു;
ഇന്നെന്തൊരു കുശൽകൂട്ടേണ്ടൂ ഞാ-
നിന്ദ്രനുമർജ്ജുനനും തങ്ങളിലൊരു
ശങ്കകറഞ്ഞൊന്നുണ്ടാവാനൊരു
സംഗതിയുണ്ടാമോ എന്നിങ്ങനെ
ചിന്തപൊറാഞ്ഞുടനേ നാരദനും
കുന്തീസുതരെക്കാണ്മതിനായി
ഹസ്തിനപുരമതിലസ്തായാസം
യുതകുതുഹലി ചെന്നാനപ്പോൾ;
കൊക്കരി വീണയുമക്കരതാരിൽ
ഉൾക്കമലേ ഹരിപാദസ്മൃതിയും

തെക്കുവടക്കിടയിട നോക്കുകയും
കൊക്കുകണക്കു ഗളം നീട്ടുകയും
മൌക്തികമണിനിഭദന്തപ്രഭയും
മുക്തസ്ഫടികശരീരപ്രഭയും
അക്കാഭാജിതമായികിരീടേ
ബിഭ്രന്മരതകമണിയുടെ പ്രഭയും
തിക്കിത്തള്ളിയടുത്തുവരുന്നതു
ശിവശിവ കൗതുകം പറയാവല്ലേ;
ഏണാങ്കാന്വയജാതന്മാരും
വീണാപാണിയെയിങ്ങിനെ കണ്ടു
വീണാദരവിൽക്കുപ്പിനിവന്നു
പേണിപ്പയസാ കാൽ കഴുകിച്ചു;
പ്രീണിച്ചും തത്തീർത്ഥം ചൂമാടി
അർഘ്യാദികളാമുപചാരത്താൽ
അർക്കാത്മജസുതനാദരവോടെ
അക്കമലോത്ഭവസുതനെപ്പൂജി-
ച്ചുൾകൃപയോടരുൾ ചെയ്തീവണ്ണം
ഇന്ദീവരസുന്ദരനയനകഥാ
നന്ദാമൃതപാനാനന്ദാത്മൻ
വന്ദേ തവ ചരണാംബുജയുഗളം
വന്ദാരോമ്മന്ദാര! മുനീന്ദ്ര!
എന്തിപ്പോളിവിടേ നിന്തിരുവടി
ചെന്താർമലരടികൊണ്ടിഹ ഞങ്ങടെ
മന്ദിരമൊക്കെയലംകൃതമാക്കിയ-
തന്തർമ്മോദാലരുളീടേണം;
സ്വർഗ്ഗാവനിപാതാളങ്ങളിലെ-
ന്തിക്കാലത്തൊരു പുതുമകളുള്ളൂ;
നിശ്ശേഷതവമരുളീടുകിൽ ഞങ്ങൾ-
ക്കാഗ്രഹമേറീടുന്നതു കേൾപ്പാൻ
ധർമ്മജനുടെ ഗിരമേവം കേട്ടു
നിർമ്മലമാനസനാകിയ മുനിയും
അമ്മഹീപാലകബാലകമൂർദ്ധ്നി
ചെമ്മേ തൃക്കൈവെച്ചരുൾ ചെയ്തു
സ്വസ്ത്യസ്തു യുഷ്മാകം സുഖസം-
സിദ്ധിർഭവതു ധരേന്ദ്രം സരസം
അനുഗ്രഹിച്ചവരെ മുനിപ്രവരനിത്ഥം
കുലുക്കിജ്ജടാമുടി ചെറുപുഞ്ചിരിപൂണ്ടു
അനന്തമപ്രയുക്തം വചിച്ചു നൃപനൊടു
നിനച്ചു ദേവാദികളുറച്ചു കാര്യമെല്ലാം.

ഇന്ദുവംശാങ്കുരന്മാരേ ഇന്നു ഞാനൊരുവന്നേ
നിന്നു വേഗാലമരേന്ദ്രസന്നിധിയിൽ വന്നു
സുന്ദരിമാരോടുമുമ്പർനായകനന്തരന്റെ
മന്ദിരനികടേയാടി കൂടിയിരിക്കുമ്പോൾ
അസ്സുവുംപൌത്രികയുമായ് ദേവനന്തികത്തിൽ ഏക
മാത്രയും താമസിക്കാതെ വന്നിതന്നേരം
വൃത്രവൈരി താനതത്താദരവോടെന്റെ
ഹസ്തേ തന്നു ഞാനതു വായിച്ചറിയിച്ചാരേ
സത്രഭുക്കുകളുമായിത്തന്നിരൂപിച്ചു
ഇപ്പടയ്ക്കുമ്പാസ്സുരികയില്ലെന്നോർത്തു
ഇപ്പടിധരിച്ചുവിടന്നുടനെ പുറപ്പെ-
ട്ടിപ്പുരിയിൽ വന്നു വിരയപ്പറവതിനായ്
ഓലയെഴുതിയയച്ചു കാരിയത്തിന്നിന്ദ്രൻ
നാളെ വരുമെന്നു ഭാവിച്ചിങ്ങിരിക്കവേണ്ട
ആഗമമ്പും കണ്ടു പേടിക്കണ്ടവാല്പ്രീതൻ
വ്രീളയാമക്കുറിയിലെ വാചകങ്ങൾ കേട്ടു
ഇത്ഥമോരോ ഭർത്സനവും കുത്സയായഗീരം
സൂത്രാമാവും കൂടിക്കൊണ്ടിട്ടിദശന്മാരും
വത്സനെന്നഗീരുകേട്ടു മത്സരിച്ചിന്ദ്രാണി
കുത്സയുരചെയ്തതൊന്നും ഹന്ത പറയാമോ!
ആയവസ്ഥ കണ്ടും കേട്ടും ഞാനതിൽക്കൂടി
ആയബന്ധന്മാർ പറഞ്ഞതാകവേ ധരിച്ചു
ആയവസ്ഥ നിങ്ങളോടു ബോധിപ്പിപ്പാനായി
മായാഹീനം ഞാനിവിടെ വന്നതു നരേന്ദ്ര!
ആയതിനെന്തിനി വേണ്ടു എന്നു നിരൂപിച്ചീ-
ട്ടായുധപാണികൾ നിങ്ങളെല്ലാവരുമുറ്റു.

നാരദഗിരമതുകേട്ടദശായാം
നലമൊടു ധർമ്മാത്മജനുരചെയ്തു
ഞാനൊരു പന്തീരാണ്ടേക്കിന്നെ
നലമൊടു സേവിച്ചീടുന്നാകിൽ
നഹിസംശയമിവിടേക്കു വരുത്തി
ഞാനീകർമ്മം സാധിക്കുന്നേൻ
ഇത്ഥം ധർമ്മജഗീരുകൾ കേട്ടതി
ബദ്ധാടോപം മാരുതതനയൻ
ക്രുദ്ധിച്ചബ്ധിയിൽ വരുമൂർമ്മികളെ
സ്തംഭിച്ചുദ്ധാലജ്ജിപ്പിക്കും
ക്രുദ്ധതഭാവം കാട്ടി ദൃഷ്ടികൾ
വട്ടത്തിൽ ചുറ്റിച്ചുരചെയ്തു

മത്തേഭത്തലവന്മാർ തങ്ങടെ
മസ്തകമസ്ഥായാസമടിച്ചു
ഭിത്തിപാരകതം പാനം ചെയ്തതി
ക്രുദ്ധിച്ചലറും കേസരി തന്നുടെ
മസ്തകപാടനപടുവാം മൽഗദ
ഹസ്തേധൃത്വാ ഞാൻ സുരലോകേ
ഗത്വാതത്രസ്ഥാമമരാവതി
സുത്രാമ്ണാപൈരാവതസഹിതം
ഹൃത്വാത്രാനേതും ശക്തോഹം
തത്രഗമിപ്പതുമാത്രമസാദ്ധ്യം
എന്നെയെടുത്താരാനും വാസവ-
വാസേ വെച്ചേച്ചു എന്നാകിൽ
ഇന്ദ്രൻ തന്നെക്കൊണ്ടിക്കാര്യം
ഇന്നേദ്ദിവസം സാധിക്കും ഞാൻ
അന്തകമാരുതനന്ദനഗീരുക-
ളന്തസ്സാരവിഹീനമിവണ്ണം
കൌന്തേയൻ വിജയൻ കേട്ടുടനേ
അന്തസ്സാരസമേതൻ ചൊന്നാൻ.

ക്ഷമിക്കുകറഞ്ഞൊന്നു വരുത്തുന്നൊണ്ടിന്ദ്ര-
ഒരിക്കലിനിച്ചെന്നു പറകനാരദനും [നെ
ചതുർദ്ദന്തിയേയും കൊണ്ടിവിടെ വന്നിക്രിയ
തരത്തിൽ കഴിപ്പിക്കതരമെന്നറിഞ്ഞാലും
കരുത്തനാകുമെന്റെ ഉരത്തബാണംകൊണ്ടു
കരുത്തുകേട്ടനന്നായ് വരുത്തുമമരരെ
കനക്കേട്ടുകൾ വരും മരുത്പാനതുനേരം
ഇനിക്കൊണ്ടപമാനം കനക്കെയതുകൊണ്ടു്.

തന്നത്താനറിയാതൊരുഡംഭുകൾ
നന്നല്ലെന്നു പറഞ്ഞേച്ചാലും!
തന്നത്താനറിയാഞ്ഞാലുടനെ
പിന്നെത്താനറിയും പുനരെന്നും
ഇന്നത്തേതും മുന്നത്തേതും
പിന്നത്തേതും ചിന്തിക്കേണം;
ഇന്നത്തേ ദിവസം തന്നേ ചെ-
ന്നിന്ദ്രനൊടിങ്ങനെ ബോധിപ്പിക്ക;
എന്നർജ്ജുനനുരചെയ്തതു കേട്ടു
മന്ദസ്മിതമൊടു നാരദമുനിയും
മന്ദേതരമാശിസ്സും ചൊല്ലി
മംഗലധാമാവരുളിച്ചെയ്തു;

ഇന്നീവണ്ണം ചൊന്നു പാഞ്ഞാ-
ലിന്ദ്രൻ ബഹുമാനിച്ചുവതെങ്കിൽ
വന്നീടുവനഹമിന്നേ തന്നപ-
മാന്ന്യതയാകിലിതന്ന്യേ തന്നെ,
എന്നു പറഞ്ഞമരാലയഗതനായ
ഇന്ദീവരസുതസുതനാം മുനിയും
ഒന്നൊഴിയാതമരേന്ദ്രനെയർജ്ജുന
സന്ദേശങ്ങളുണർത്തിച്ചരുളി.
ഒന്നും മിണ്ടീലാവാസവനും
നിന്നു കുറഞ്ഞൊന്നവിടെ മുനീന്ദ്രൻ,
അക്കഥ അവിടെ ഇരിക്കട്ടേ പുന-
രർജ്ജുനനദ്ദിനമിംഗിതമോടും
നിർജ്ജരനിശ്ചയമറിയണമെന്നതി
നിശ്ചലനായി വസിച്ചു ഗഭീരൻ;
പിറ്റെന്നാളെതിരേ ഫല്ഗുനനും
തെറ്റെന്നഥ നിയമങ്ങൾ കഴിച്ചു
ഊററമതായൊരു വില്ലുകുലച്ചഥ
കാററിൻ ജവജിതബാണവരങ്ങളെ
മുററന്തെളികടയിച്ചു വെള്ളപ്പി-
ച്ചുററംകൂടാതുള്ളൊരുപാവഴിയിൽ
ഒററാൽ കുത്തും പോലേ തന്നേ
ചുററും കുത്തിനിറത്തി കിരീടി;
വൊററിയൊടേ തലകോർത്തു വലിച്ചഥ
ചുററിക്കെട്ടി മുറുക്കിതദാനീം
നെററിപ്പട്ടം പൊൻതകടാലൊരു
കുററംകൂടാതുള്ളതു കെട്ടി;
മററും പട്ടുകൾ തോൽമെത്തകളും
മംഗലധാമാഭംഗീകൃതവാ
തെററന്നഥ ചെറുഞാണൊലിയിട്ടട-
നൊററക്കൊമ്പന്നായിക്കൊണ്ടു്
ബാണവരം ചെവികഴിയെ വലിച്ചു
പിന്നെയൊരസ്ത്രം ഭൂമിയിലെയ്തു
ഗുരുഭൂതന്മാരെയുമപിതന്നുടെ
കുലദേവതമാരെയുമപി ചിന്തി-
ച്ചുരുതരശൌര്യപ്രകടിതധാമാ
വരശരനിരസുരവരലോകത്തിൽ
തെരുതെരെയങ്ങനെ വൃഷ്ടിക്കുന്നതു
കരിമുകിൽ നിരപെരു വരിഷംപോലെ;

അഭ്രസ്ഥാഭ്രമദഭ്രംക്ഷിപ്രം
ശുഭ്രപ്രായോജന്യാഥാഭ്രമു
വഭ്രതിവജ്രധ്വാനി വിഭ്രമമൊടു
തൽപ്രതിമാർജ്ജുനസിംഹധ്വാനിഭിഃ
ക്ഷിപ്രംബ്രഹ്മാണ്ഡങ്ങളുമിളകി,
അഭ്രമുവല്ലഭനേൾഭ്രമമുൾക്കൊ-
ണ്ടഭ്രതലേ പരവശനായ്മണ്ടി;
നിഭൃതേതര ചെറുഞാണൊലികൊണ്ടും
നിർഭരകുതുകം ഘുമുഘുമുനിനദം
കിമിദമിതിസ്മൃതി ചേർന്നമരകളും
സമരകുതൂഹലിനാരദമുനിയും
ഭ്രമമൊടുകീഴ്പെട്ടഥ നോക്കുമ്പോൾ
ഭീമശരാവലി വന്നു തുടങ്ങി,
അമരാധിപനും നാകാലയനി-
ലമിതാഭോഗമിരുന്നീടുമ്പോൾ
ധിമിനെന്നോരോ പത്രികളാലേ
സദനസ്തംഭക്ഷോഭം കൊണ്ടു.

കടച്ചിസ്ഥാനങ്ങൾക്കു കുട്ടക്കൊന്നുകൊണ്ടു
നട്ടക്കം പൂമുഖവാരം നക്കമായിന്ദ്രനാം
കടകങ്ങൾ കത്തൊട്ടു അട്ടല്ലുവാതിലൊക്കെ
മിട്ടക്കന്മാരെങ്ങുപോയത്തൊട്ടുക്കുകുമമെയന്നു
മിട്ടുകളുള്ളവരോടീയവസ്ഥ മുന്നേ ചൊന്നേൻ
തട്ടുക്കാമെങ്കിലനുതപ്പിന് കഷ്ടന്മാരേ!
ഒട്ടുക്കമിതുവരും നമുക്കെന്നുള്ളതൊന്ന-
ന്നരച്ചുതന്നെ ചൊന്നെ നിരസിച്ചിതുമിവർ
മടക്കിവാക്കാലെന്നൊത്തടസ്സം ചെയ്തുകൊണ്ടു
മുടിക്കുമിപ്പോഴെൻറെ മിട്ടുക്കനായകൻ
അടക്കമമരരെ നാതിനുകില്ലിതില്ലേതും
ഇതിത്രിദശരോടേവം ചിലച്ചീടുന്നനേരം
പത്നീപതികയാലടച്ചു കതകുകൾ

നാമരന്മാർക്കെല്ലാർക്കും ശര[illegible]ിര
ധിമിധിമിനെന്നിട കൊണ്ടു തുടങ്ങി
വരുണാസ്ത്രം ചെന്നഗ്നിക്കേററു
പരവശനായതുകൊണ്ടു ജ്വലനൻ
പൊരുപൊരയങ്ങു പൊരിഞ്ഞഥമങ്ങി
പരവശനായഥ പാഞ്ഞു നടന്നു.
അന്തകനുടെ ദംഷ്ട്രത്തിനുകൊണ്ടു
ഹന്തപിശാചകബാണം തരസാ

എന്തൊരുകൗതുകം ചുണ്ടു ചതഞ്ഞു
സന്താപത്തോടു ചോരയൊലിച്ചു
നീലമഹാമലയുടെ മുകളിന്നഥ
കോലാഹലമൊടു മരുവിവരുംപടി
കോലവുമങ്ങു നിണാംബുവിൽ മുഴുകി
ച്ചാലോലത്തോടുമങ്ങി നടന്നു;
വൃദ്ധിക്കടവയറച്ചാരാകിയ
വൈശ്രവണന്നൊരു ചെണ്ടപിണഞ്ഞു
ചട്ടറ്റൊരു മുടിയും കടകാംഗുലി
പെട്ടകൈവളവട്ടപ്പാറും
വെട്ടമിടിപ്രഭപോൽ വിലസുന്നൊരു
പട്ടുടഞാണുകളൊക്കെയുമറ്റ
ന്നെട്ടിപ്പേപോൽ നഗ്നനതായി
വൃദ്ധിം തുള്ളിച്ചാടുന്നേരം
എട്ടാമ്പതുബാണം ധനദന്റെ
വൃദ്ധിക്കിട്ടുഗഭീരസ്ഥനങ്ങിന്നെ
മിട്ടൽക്കൊണ്ടുതുടങ്ങി കുബേരൻ
മുട്ടംകുത്തിനടന്നുതുടങ്ങി
ഉർവ്വശ്യാദികളായിട്ടുള്ളൊരു
പാർവ്വണശശിമുഖിമാർക്കുപിണഞ്ഞൊരു
ദുർവ്വിഷമങ്ങളുരയ്ക്കാവല്ലതു
ദുർവ്വാക്കായ് വരുമെന്നൊരുശങ്കാ
അസ്ത്രംകൊണ്ടഥ വസ്ത്രംപോയി
വിത്രസ്തരാകിന ദേവസ്ത്രീകൾ
ഹസ്തംകൊണ്ടവർ മദ്ധ്യംപൊത്തി
പേർത്തുംപരവശരായ് മണ്ടുമ്പോൾ
പാർത്ഥശിലീമുഖമേകംചെന്നവ-
രസ്താംഗുലിയുടെയിടയിൽക്കൂടെ
പൃത്ഥ്വീമണ്ഡലമതിനുടെതാഴെ
അസ്ത്രംകൊണ്ടുപതിഞ്ഞഥനിന്നു
ബാണംകൊണ്ടുതറച്ചിട്ടേതും
പേണിസൂക്ഷിച്ചാൽ മുറിവില്ലാ;
പ്രാണത്രാണപരായണമാരാം
ദേവസ്ത്രീജനമിങ്ങനെയോരോ
ഭാവക്കേടുകൾകാട്ടിയതോരോ-
ന്നോതുമിനിക്കോ പറയാവല്ലേ.
കുംഭീശ്വരകുംഭസ്തനിയാകിയ
രംഭയ്ക്കുറിയൊരമളിപിണഞ്ഞു;

കുംഭീശ്വരകരദണ്ഡപ്രതിമസു-
സംഭോഗോരുഗഭീരനിതംബാ
ഡംബരസംവൃതഭാരംകൊണ്ടും
കുംഭസ്തനയുഗളങ്ങളുതങ്ങടെ
സംഭാരങ്ങടെ ഭാരംകൊണ്ടും
കമ്പപ്പെട്ടുവിറച്ചുവിറച്ചവൾ
കുംഭീശ്വരഗമനായൊരുമ്പോൾ
കുല്ലത്തല്ലിക്കവിണിട്ടുടനേ
പല്ലവതുല്യാംഗിവീണപ്പോൾ
പല്ലൊന്നുംപോയില്ലവൾതന്നുടെ
പല്ലവതുല്യാധരമതസാരം
എല്ലാവരെയും ചുംബിച്ചിട്ടവൾ
പൊല്ലാതുള്ളതഴമ്പുകളപ്പോൾ
നല്ലതുപല്ലിന്നാൾകിയമൂലം
മെല്ലെമാനിച്ചുപല്ലതിന്നെ
എന്നുപമിക്കാമവൾവീണപ്പോൾ
തന്നുടെപല്ലുകിറിക്കിണകണ്ടാൽ;
തുമ്പികളെക്കണ്ടൊരുകുംഭികളഥ
കമ്പംപൂണ്ടോടുന്നതുപോലെ
കുംഭസ്തനികളുമായോരോവഴി
അംബരചാരികളോടിനടന്നു
ശലഭംപായുംപോലെയുമപ്പോൾ
ശരതതികൊണ്ടുവിരണ്ടോടുകയും
ശശവൽച്ചാടുകകാചനയോടുക
ശശിമുഖിമാരെത്തേടുകകൂടുക
കൃശഗാത്രികളെയെടുത്തോടുകയും
പിശുനന്മാരിട്ടേച്ചോടുകയും
ആകെവിരണ്ടും മാലുപിരണ്ടും
ശോകംപൂണ്ടും മാനസകുഞ്ചിത
ബാണംകൊണ്ടും നാണംപൂണ്ടും
വീണുമുരുണ്ടും കേണുവിരണ്ടും
ഗുഹകൾകണ്ടുകൊലുവതുകൊണ്ടു
ഒന്നുംരണ്ടുമൊരോഗുഹതന്നിൽ
നിന്നുംകണ്ടുമിരുന്നുമൊളിച്ചും
വിബുധാംഗനമാർ വിബുധന്മാരും
അമളികൾവിവിധം കാട്ടിയതെല്ലാം
വിവിധമുഖൻഫണിപതിയുരചെയ്കിലു-
മവധിവരാ എന്നല്ലേവേണ്ടു.

ഉണ്ണിത്തമ്പുരാനുടെഗണ്ഡത്തിലമ്പുചെന്നു
ഭിന്നനാവിലങ്ങുകൊണ്ടമരർകോനുടെ-
സുതൻ
ഖണ്ഡിതധൈര്യത്തോടെ വിണ്ണിൽവീണു
തന്നേരം
ചെണ്ടക്കാരന്മാർചെന്നുതാങ്ങുമ്പോഴവർക്കിട്ടു
കൊണ്ടബാണങ്ങളതുകൊണ്ടുക്രൂട്ടാക്കാതവർ
ഉമ്പർകോൻസുതനെയുംകൊണ്ടുവന്നിന്ദ്രൻ-
മുമ്പിൽ
ഉണ്ടായസന്താപത്താലമ്പർകോൻനില്ക്കുന്നേരം
ഉണ്ടോരോദിക്പാലന്മാർ മണ്ടിമണ്ടിവരുന്നു.

അഗ്ന്യന്തകനിരൃതിവരുണാദികൾ
ഭഗ്നമാനസന്മാരായി
മഗ്നാശ്ചതഥാസന്താപാബ്ധൌ
മാഹേന്ദ്രാലയഗതരായൊക്കെ
ഏകാദശരുദ്രന്മാരശ്വിനി
ദേവകളഷ്ടവസുക്കൾ പിതൃക്കൾ
ഖേദാംഭോധൌമുങ്ങിമരുത്തുകൾ
ദ്വാദശസൂര്യർ ദേവസ്ത്രീകൾ
ഭാഗവതന്മാരും സുരമുനികൾ
കിന്നരകിംപുരുഷോരഗഗുഹ്യക
വിദ്യാധരയക്ഷാദികളെല്ലാം
തന്നുടെകോലംതന്നെത്യജി-
ന്നന്യോന്യംനോക്കാതെയുമായി
ഒക്കെയധോമുഖരായ്നിന്നിങ്ങനെ
സ്വർഗ്ഗനിവാസികൾ ചിന്തതുടങ്ങി
ചിത്രം ചിത്രമിതോർത്താലെന്തൊരു
മർത്ത്യന്റെഭുജവിക്രമമയ്യോ!
മർത്ത്യൻതന്നെയുമല്ലാ പാർത്ഥൻ
മറ്റൊണ്ടതിനൊരുകാരണബാധിക
കൃത്യംഗുരുവൊടുചോദിച്ചെന്നാൽ
സത്യമിതിന്നൊഴിവുണ്ടാമെന്നും
അമരേശ്വരഗുരുവിന്റെമുൻപി-
ലമംഗലവേഷത്തോടെചൊൽവാൻ
ഭ്രമമേതാനൊന്നുണ്ടോ എന്നുംചിലർ
ഭ്രമമല്ലങ്ങിനെതന്നേവേണം
എന്നുപറഞ്ഞമരന്മാർഗീഷ്പതി
തന്നെവരുത്തിയിതിന്നുടെ ഒഴിവുകൾ
ഒന്നൊഴിയാതെ ചോദിച്ചപ്പോൾ
ഇന്ദ്രാദികളോടരുളീഗുരുവും.

അങ്ങുസുരന്മാരേ! കേട്ടാലും
ഭംഗിയോടർജ്ജുനനുടെചരിതങ്ങൾ
ഗംഗാധരസേവിതചരണൻഹരി
സംഗാസംഗൻ സകലാധീശൻ
തുംഗസഹസ്രകവചനിശാചര
ഭംഗംകർത്തുംതിരുമെയ്നേരേ
ഭംഗിയൊടേരണ്ടായിവിഭജി-
ച്ചിംഗിതമൊരുപോലെരണ്ടംശം
നരനെന്നും നാരായണനെന്നും
പരബോധത്തെവരുത്തിക്കൊണ്ടട-
നരിയനിശാചരനെക്കൊലചെയ്തിതു
നരനാകുന്നതുഫല്ഗുനനെന്നറി
നരനെന്നാലവനാരാകുന്നതു
പരമാത്മംബോധിപ്പിച്ചീടാം.
വാമാംഗംവിഷ്ണുദക്ഷിണമാ-
മംഗംശങ്കരനെന്നുംകേൾപ്പൂ
സോമാങ്കൻശങ്കരനാകുന്നതു
കാമ്യാംഗംദക്ഷിണമാംഭാഗം
ആയംശംതന്നേയാകുന്നതു
വീര്യപുമാനാംഫല്ഗുനനെന്നറി
കൃഷ്ണൻ ശ്രീനാരായണനെന്നു
പ്രത്യേകംപറയേണ്ടായല്ലോ
വർണ്ണംകൊണ്ടും ചിന്തിച്ചാലീ
വർണ്ണംതന്നേഎന്നുധരിക്കാം;
ശുദ്ധസ്ഫടികവിരാജിതഗാത്രൻ
മുക്തശശാങ്കവിരാജിതമൌലീ
ഇത്രൈലോക്യങ്ങൾക്കും കർത്താ
ഇത്രിദശന്മാർകൾക്കും കർത്താ
ശത്രുജനാനാംപേത്തുംകർത്താ
സത്രഭുജാമുപചാരംകർത്തും
അസ്യപ്രസ്യാഗ്നേർമ്മുഖമാകാരം
വൃഷ്ണികുലേശ്രീകൃഷ്ണനതായി
ഉഷ്ണേതരകരകുലേജിഷ്ണുതപവു-
മത്രമുകുന്ദാംശംതാൻ വിജയൻ
തസ്യശരങ്ങൾനിരോദ്ധുംലോകേ
കോസ്തി! ഭവന്തോപ്യഭയംബ്രൂത?
പോരിമയുള്ളജനങ്ങൾമരുത്താൽ
പോരായ്മകൾവന്നീടുംമുൻപേ

ചേരകതന്നേ അതുകൊണ്ടില്ലൊരു
മാനവിരോധം വാനവവരരേ,
മാനവനെന്നൊരുനിന്ദബലാലിതു
മാനവിരോധത്തിന്നൊരുവഴിയായ്
ആമാമെന്നു പറഞ്ഞവരെല്ലാം
ഊമൻമൂളീടുന്നതുപോലെ
ഭീമശരാവലികൊണ്ടുഭയപ്പെ-
ട്ടാമയമോടഥ മണ്ടിനടന്നു;
ഇണ്ടൽനമുക്കുണ്ടായതുതീർപ്പാൻ
വേണ്ടുന്നതുപറയാം കേട്ടാലും
ചെണ്ടക്കാരന്മാരേ! ഇനിയും
മണ്ടിപ്പിൻ! നാരദനെഞ്ച് ഭ്രമമെ
വേണ്ടുംവണ്ണംകല്പിച്ചെന്നതു
കണ്ടുപറഞ്ഞേയമ്പുകൾനിൽപ്പൂ;
കൊണ്ടതിലാക്കാനൊണ്ടോമുറിവി-
ക്കണ്ടമരന്മാർക്കൊന്നതുപറവാൻ
രണ്ടുകരത്തിലുമുള്ളൊരുമുട്ടുവുകൾ
ചങ്ങലകിങ്ങിണിമണിമാലകളും
കണ്ഠലകവചകിരീടാദികളും
ഖണ്ഡിച്ചൊക്കെശ്ശരനിരകൊണ്ടു
മണ്ഡനഹീനതവന്നതുമോർത്താൽ
കണ്ണേജപവരരേ! അറിയേണ്ടേ?
കൊല്ലണമെങ്കിൽകൊൽവാനവനൊരു
തെല്ലുംവേലയുമില്ലെന്നറിവിൻ!
വില്ലാളികൾബഹുമാനിക്കട്ടീ
വില്ലിൻെറവൈദഗ്ധ്യംകണ്ടാൽ
ഭൂമിയിൽനിന്നുപ്രയോഗിച്ചതുകൊ-
ണ്ടാമയമെത്രലഭിച്ചുനമുക്ക്
ഭീമസഹോദരബാഹുബലൈരതി
ഭീമതിശാലികളായെല്ലാരും.
എന്തിനുവളരെപ്പറയുന്നിങ്ങിനെ
കുന്തീസുതസന്ദേശംകത്തും
ഇന്ദ്രാദികളേ! കോപ്പുകൾമുതിരുക
ചെന്നീടുകമുന്നേനാരദനെ-
ന്നന്നഗ്ഗുരുവരുൾചെയ്തതുകേട്ടും
തിന്നമഹാമുനിനാരദനരുളീ
മുന്നേതന്നേഞാനവയെല്ലാം
ചൊന്നതുബഹുമാനിച്ചതുമില്ലാ
ഓടേണ്ടുന്നവനോടാം നിങ്ങളു-
മോടാതേകണ്ടീശ്ശിയിരിപ്പിൻ!
മേട്ടകളിനിയുണ്ടാകരുതെന്നവ-
നോട്ടുപറഞ്ഞുശമിപ്പിപ്പൻ ഞാൻ
ഓട്ടകദേവാദികളും പുറകേ
മാട്ടകണക്കെല്ലാരുംകൂടി
പേടകപെട്ടിതുറന്നുജവത്തോ-
ടാടകളാഭരണാദികളെല്ലാം
കൂടെയണിഞ്ഞതിമോടികലന്നി-
ട്ടാദരവായ് വന്നാലും നിങ്ങൾ;
നാരദഗിരമീവണ്ണംകേട്ടു
നയവാനായബൃഹസ്പതിചൊന്നാൻ
താനിനിഹസ്തിനപുരിയിൽചെന്നാൽ
ആനന്ദാശികൾചെയ്തവനോടേ
ഞാനരുൾചെയ്തീടുംപടിപറകതു
ഊനംകൂടാതേ കേട്ടാലും!
ആനകൾ സേനകൾമാനിനിമാരും
ജ്ഞാനികളാകിയ മാമുനിമാരും
വാനവരെല്ലാവരെയും കൂട്ടി
വാനവർകോനീവാനിൽകൂടെ
ദിനം തന്നേ വരുവാനെന്നതു
താനവനോട്ടു പറഞ്ഞീടേണം;
ഇത്ഥം ഗീഷ്പതിവാക്കുകൾ കേട്ടി-
ട്ടത്യാദരനാം നാരദമുനിയും
പൃത്ഥ്വീതലമതിലാഗതനായി
പാർത്ഥനൊടിങ്ങനെയരുളിച്ചെയ്തു:—
അരുതരുതമ്പുകളെയ്തീടരുതി-
ന്നമരാലയമതിലമളികൾ പലതും
അമരാധിപനും ത്രിദശന്മാരും
ഭ്രമമൊട്ടു യാത്രമുതിന്നിട്ടുണ്ട്.
അവർകൾക്കൊരു വഴിവരുവാനില്ലാ-
ഞ്ഞവിടെത്തന്നെ പാർത്തീടുന്നു
അതിനേതാനും കുശലുണ്ടെങ്കിൽ
ത്രിദശന്മാരിഹ വന്നെന്നറിക
മതിമാനാകിയ പാർത്ഥനുമല്ലോ-
ളിതിനാരദഗിരമൻപിൽകേട്ടു
ചതുരൻ ശരതതികൊണ്ടൊരായത
സുഖകരസോപാനങ്ങൾ ചമച്ചു

സുരലോകത്തോളമുയർന്നിങ്ങിനെ
സുരുചിരമെന്നേ പറവാനുള്ളൂ.
തമ്പുരുകൊണ്ടു നടക്കും കിന്നരകുലമുമ്പൻ
തുംബുരുമുഖ്യന്മാരാമെൺപതിനെട്ടുകൂടി
തുംബുരുമുരളികൊണ്ടും ശ്രുതികരതാളം
തമ്മിട്ടമുഴക്കിക്കൊണ്ടു തപ്പുതകിൽ ചിഹ്നം
മദ്ദളം പടഹം താളം തിത്തിയും മിഴാവും
ഒത്തുകൂടി മേളമിട്ടു കൊട്ടുകയുമേവം
കേട്ടനേരമമരന്മാർ പൂവുകൊണ്ടുകൂടെത്താ-
ടൊട്ടൊഴിയാതെ സമരാംഗണത്തിൽ വന്നു
ചട്ടമോടൊരാനെയൊങ്ങിയെഴുന്നള്ളി
അഷ്ടവസുക്കളുമന്നെക്കുട്ടമെടുപ്പിച്ചു
പ്രാഡ്വിവാകന്മാരെപ്പോലെ നിന്നിതൊരോരോ പാ
അശ്വിനിദേവകൾകളങ്ങളെടുപ്പി- ട്ടിൽ
ച്ചുച്ചവേഗത്തോടുമിന്ദ്രൻ പാർപ്പതുവിവന്ന
ദ്വാദശഭാസ്കരരരിന്ദ്രഗണം കറിവക
ജാതവേദസ്സെടുപ്പിച്ചു ഹോമപാത്രാദികളെല്ലാം
ഇന്ധനക്കെട്ടുകളെല്ലാമന്തകഭടന്മാർ ചുമ്മി-
ഭിന്ദനം ചെയ്തതിന്നോരോ കോടാലിയും തോൾ-
മേൽവച്ചു
അന്ത്യഗായസ്സിനെ വന്നു ദൃഷ്ടികളുന്തിച്ചധിക
സിംഹനാദധ്വനിപോലെ ഗർജ്ജനവും ചെയ്തു
കൊണ്ടു
ഹുംകൃതികലർന്നും യമകിംകരസംഘങ്ങൾ വന്നാ
ശങ്കരാനുഗാമികളാം ഭൂതവൃന്ദങ്ങളുമപ്പോൾ
പൊൻകലശശരാവങ്ങൾ വൻ ചഷകകമണ്ഡലു
പഞ്ജരാദികളിലൊക്കെ മഞ്ജുളവിഭവത്തോടെ
കുഞ്ജരത്തെക്കൊണ്ടു വന്നു കുഞ്ജരപാലകന്മാരു-
മഞ്ജസാ കുഞ്ജരോപരി ഇന്ദ്രനമന്നരുളി
പൊന്നുകൊണ്ടു ചമച്ചൊരുന്നതമാകിയ തേ-
രിൽ
കിന്നരേശനും കരേറിത്തന്നുടെ പദവിയോടേ
എന്നുടെപൌരുഷത്തെയിമ്മന്നിടത്തിൽ കാട്ടു
ണമെ
ന്നനിയൊരോ ചാരണക്കൂട്ടന്മാരെയകമ്പടിയും
പൊന്നുമാണ്ടെ ചലമാലപൊന്നിന്മൊട്ടുള്ള വാളു
കൾ
മിന്നമിടിപോലെമിന്നും പൊന്നിന്മുടിമകുടവും
കുണ്ഡലമണ്ഡിതഗണ്ഡമണ്ഡലമണ്ഡിതനായി
ചണ്ഡബാഹുമുന്ദിലതപം എന്തൊരു പുതുമക-
ണ്ടാൽ

ക്ഷീരമാജ്യം ദധികളും പാരമായ ചാറുകളിൽ
ചാരത്തരത്തെടുപ്പിച്ചു ദേവർകോനകമ്പടിയായി
ശർക്കരപഞ്ചതാരയും പപ്പടം പഴക്കുലയും
ഒക്കെയോരോതരവഴിമിക്കതും ചുമന്നിട്ടൊണ്ടു
പെട്ടകങ്ങൾ പെട്ടിപൊതിക്കെട്ടു ഭണ്ഡാരക്കെട്ടുകൾ
കൊട്ടവട്ടിപാട്ടകങ്ങൾ വട്ടളിത്തരം വക
കട്ടകട്ടയാക്കിവെച്ചുള്ള പൊന്നുങ്ങളോരോവക
കട്ടിയാപ്പാളങ്ങൾ നീട്ടിയിട്ടുകിടന്നാപൊന്നുകൾ
എട്ടുപത്തൊട്ടകത്തിന്റെ പൃഷ്ഠഭാഗത്തിട്ടും
കൊണ്ടു
ധൃഷ്ടരായ ഗ്രാമ്യകന്മാരൊട്ടൊഴിയാതെ വന്നപ്പോ
പിക്കനെ സ്വരാദികാന്തന്നോടുകൂടിവന്നു ൾ
ശക്രന്റെ പുരോഭുവി നിസ്തരായതിമോദാൽ
ഉർവശിയാദിയായുള്ള ദേവനാരീജനമായി
ആടുകയും പാടുകയും ... കൈകൊട്ടുകയും
മന്ദമന്ദമങ്ങു നടന്നീടുകയും കിന്നരന്മാർ
തുംബുരുവും നാരദനും തംബുരുവായിച്ചുകൊണ്ടു
ഉമ്പർകോന്റെ മുമ്പിൽക്കൂടി മുഖഭേദമിയാതെ
നടന്നു
വിശ്വകർമ്മാവപ്പോൾ വന്നൊരാശ്ചര്യമേറിട്ടുതരസാ
വിശ്വദേവപിതൃക്കളും ബാന്ധവാകുംനരേന്ദ്രനും
ഒക്കെയൊരുമിച്ചു ദേവലോകവാസിജനമെല്ലാം
നിർഗ്ഗതരായതിൻമുമ്പേ വിശ്വകർമ്മാനടകൊണ്ടു
ഹസ്തിനപുരിയിൽ വന്നു പാർത്ഥഗേഹാംകണേ
നിന്നു
ത്രൈദേവരാജധാനിയെന്നപോലെ നിർമ്മിച്ചവൻ
ഹാടകനിർമ്മിതനാടകശാലക-
ളോട്ടനടപ്പുരകൂത്തമ്പലവും
ഘോടകശാലകൾ പാകശാലകൾ
വാടറൂകൾ ചില ചാവടിമാടം
ആട്ടക്കൊട്ടിലരങ്ങറപുട്ടറ
ഊട്ടുപുരാദികൾ കിണറും കുളവും
ചാട്ടക്കൊട്ടിലുചിന്തകൾ തെരുവുകൾ
കോട്ടപ്പടികൾ പടിപ്പുരമാളിക
നാട്ടിപ്പൊൻകൊടിമരമതിലൊക്കെ
തൂക്കികൊടിക്കൂറകൾ നിരനിരവേ,
മിന്നമിനെയങ്ങിനെ തെററീടുന്നൊരു
മുററം കണ്ടാലെന്തൊരു കൗതുകം
ഘനകനകത്തറുളസിത്തറകളു
ഘനപീനസ്തനിമാരുടെ സദനം

ല്ലനഖചിതം മണികാന്തികൾകൊണ്ടു
ദിനകരനുദയംപോലെ ചിലേടം.
ഇത്ഥം പാർത്ഥഗൃഹം കണ്ടൊരള-
ങ്ങത്രിദശാലയമെന്നകണക്കെ
ചിത്രതരംസൃഷ്ടിച്ചതു പറവാൻ
ബുദ്ധിബലം പോരാ നമ്മൾക്കു
സുത്രാമാദികളും ദേവകളും
എത്രയുമാഘോഷിച്ചുതിതരസാ
ബദ്ധാടോപം വന്നൊരനേകാത്ഭുതം
പൃത്ഥ്വിയിലുള്ള ജനങ്ങളുകണ്ടു
വിസ്മയശാലികളായ് പാർത്തി-
ട്ടിത്തിരിയങ്ങിനെ നിൽക്കുന്നേരം
തീക്കിടിമിന്നൽ കണക്കൊരുനാൾ
സ്വർഗ്ഗശ്രേണികളൂടെയണഞ്ഞി
നാൽക്കൊമ്പന്റെ കഴുത്തിൽ കേറി
ശക്രൻ ചാമരവും വീശിച്ചു
പൊൽക്കുടകോടിയെഴുന്നള്ളിച്ചും
തിക്കിടകൂടീട്ടന്തോരാഘോഷം
ഉക്ഷവാഹനമേറിത്തരസാ
ത്ര്യക്ഷന്മാരാം രുദ്രന്മാരും
യക്ഷാധിപനും തേരതിലേറി
ശിക്ഷയിൽ വന്നൊരു മേളംകുതുകം
തൽക്ഷണമപ്പോളിക്ഷിതി തന്നിൽ
തൽക്ഷണമെത്തിയിറങ്ങി സുരന്മാർ
ധർമ്മജനാദികളെ വരമായി
സ്സമ്മാനിച്ചവരെല്ലാവരെയും
ചെമ്മേ ഓരോരോ ഭവനങ്ങളിൽ
വെൺമതിമുഖിമാരെയുമവരാക്കി;
മണിമണ്ഡപമദ്ധ്യേ ശക്രനെയും
പ്രണമന്മാരായ്ക്കണ്ടയിരുത്തി
പ്രണമനമമ്പൊടു ചെയ്തപ്പോഴേ
ഘൃണയൊടു പാണ്ഡുവിനെയുമവർകണ്ടു
പ്രണമനമമ്പൊടു ചെയ്തപ്പോഴതി
പ്രണയത്തോടെ നരപാലകനും
ഗുണവാന്മാരെയണച്ചു പുണർന്നു
പ്രണയത്തോടശ്രുക്കൾപൊഴിച്ചു;
കുന്തിയുമൻപൊടുകാന്തം ദൃഷ്ട്വാ
സന്താപത്തോടുവന്ദിച്ചപ്പോൾ
ഇന്ദ്രാണിയുടെ സവിധേമാദ്രിയെ
സാന്ദ്രാമോദത്തോടേ കണ്ടു
ഇന്ദ്രാണിയെയും മാദ്രിയെയും ബത
കുന്തിയണച്ചാലിംഗനമേറ്റം
നിന്നീടുമ്പോൾ പാണ്ഡുസുതന്മാർ
ചെന്നവരിരുവരെയും കൈക്കൂപ്പി
ശചിയും മാദ്രിയുമാമക്കളെ
വിശദസ്മിതമൊടു പരിരംഭിച്ചു;
കുചകലശങ്ങളിൽ നിന്നു ചുരന്നിതു
വിശദപയസ്സപ്പോൾ മാദ്രിക്കും
ഇന്ദ്രനമപ്പോൾ മകനെ വിളിച്ചു
തന്നുടെയങ്കത്തിന്നായിരുത്തി;
മന്ദസ്മിതമൊടു ശിരസി നുകർന്നു
മന്ദേതരമിങ്ങനെയരുൾചെയ്തു
"ഉണ്ണീ! കേൾ നീ വിജയാ ഞാൻ
വന്നു വരാൻ വൈകിയമൂലത്താൽ
സന്താപം കരുതുന്നേയരുതു നീ
സന്ത്യജ തൽക്കാരണവും പറയാം
നിന്റെ ബാഹുപരാക്രമമറിവാൻ
നിന്നാണേയിന്നലെവരാഞ്ഞു
ഇന്നുപ്രസാദിച്ചീടുക തേ ഞാൻ
വന്നതുമിവിടെസ്സുഭഗോത്രാ!
എന്നാലിനി വൈകാതെ ക
ണ്ടൊന്നൊഴിയാതെയൊരുക്കുകൊരോന്നേ
എന്നമരാധിപനരുളിച്ചെയ്തു
നിന്നൊരു ദേവകളോടും തരസാ
വന്നീടുക വാദ്യക്കാരെല്ലാം
നന്നായാഘോഷിപ്പിൻ വിരയേ
ദേവകളൃഷികൾ കുളിച്ചുവരട്ടെ
ദേവസ്ത്രീകൾ നടിച്ചീടട്ടെ
ഒട്ടൊഴിയാതുള്ളമരകളെല്ലാ-
മുത്സവഘോഷം കൂട്ടീടട്ടേ
ദുഷ്ടന്മാർ ചിലരരിവയ്ക്കട്ടേ!
പട്ടന്മാരെക്കൂട്ടിക്കൊൾവിൻ;
ഒട്ടുംവൈകാതെവൈശ്രവണൻ
വട്ടംകൂട്ടുകപഴയരിപകപം
അഷ്ടവസുക്കൾകറിക്കു നറുക്കുക
വട്ടികളിന്നരിതട്ടുകദിനകരൻ
കൊട്ടിലിലൊക്കെ അടുപ്പേലേറ്റ
കുട്ടകമാദിചരക്കുകളൊക്കെ

ഇട്ടീടുകവെള്ളംവൈകാതരി
വട്ടികളിൽക്കത്തിക്കൊണ്ടരുവിൻ!
അമരാധിപന്റെ കല്പനകേട്ടതി
ശമദന്മാരാം ദേവകദംബം
അകമേനല്പസ്വഭാവത്തോടും
ക്രമമോരോന്നവരുറവുതുടങ്ങി;
മൃദുലതരംവാദ്യധ്വനികേട്ടതി
ശമദമമാനസനാകിയ ഭീഷ്മരും
അമിതമനോഗുണനാകിയവിദുരരു-
മമിതപരാക്രമനാകിയ കൃപരും
അമിതാനന്ദം പാണ്ഡവവാദന്മ
സുമനസ്സുകളായ്നിന്നതദാനീം
സുമനോജനകരഘടിതസുരദ്രുമ
സുമഗന്ധാദികൾകൊണ്ടവിടത്തിൽ
ക്ഷമയെല്ലാമാഹ്ളാദകമായി
വിസ്മയമെന്നേപറവാനുള്ള
ദേവാദികളാലപ്പുരമെല്ലാം
കേവലമങ്ങുനിറഞ്ഞിടതിങ്ങി
ആമല്ലാക്കുമകത്തുകടപ്പാൻ
ആഘോഷംകേട്ടീടാംതാനും
ദുരിയോധനനാദികൾ മതിൽച്ചുററും
വിരയപ്പാഞ്ഞുനടന്നുഴലുന്നു
ഒരുവാതില്ക്കും കേറിക്കൂടാ
സുരസംഘങ്ങളുടേമൂലത്താൽ
താപസരാത്തുകളിച്ചൈരാവത
പൂജതുടങ്ങി മഹോത്സവസഹിതം
ഹാടകമാദിപുരങ്ങളിലൊക്കെ
പ്പാടേരത്നക്കല്ലുകൾവച്ചോരു
കോടിദിവാകരകാന്തിവിഭ്രാജിത
കല്ലുകളായവിളക്കുകൾവച്ചു
നല്ലമുഹൂർത്തത്തോടിഹതന്നെ
മെല്ലെബൃഹസ്പതിപൂജതുടങ്ങി
ജലഗന്ധാക്ഷതധൂപാദികളാൽ
കുലിശായുധനെപ്പൂജിച്ചുടനേ
കൊലയാനത്തലവനെയുംകൂടെ
പൂരക്കേത്യാപൂജിച്ചുതുടങ്ങി;
അഷ്ടാംഗകസംയുക്തംവിരവൊടു
ഛബ്ധ്വാഗന്ധം കളഭേമിത്രം

കളഭാധിപനെക്കളഭേംതേപ്പി-
ച്ചോളിതിരളുംനെററിപ്പട്ടമിട്ടു
ഗളഭുവികിംകിണിസംഘംകെട്ടി
ഘണഘണഝണഝണത്രുംമെലശബ്ദം
ശംഖധ്വനിവാദ്യധ്വനിഘോഷം
സിംഹധ്വനിപോലാർപ്പും കുരവകൾ
ഭംഗിയൊടേജയജയശബ്ദധ്വനി
ഭാഗവതന്മാരേറെമുഴക്കി
കുങ്കുമപങ്കാങ്കിതകൊങ്കയർസുര-
മങ്കയർസംഗീതധ്വനിഘോഷം,
തുംബുരുനാരദർപാട്ടുകഘോഷം;
അംബുജമുഖിമാരാട്ടകഘോഷം
എട്ടാശാധീശന്മാർതങ്ങടെ
പുഷ്പാടോപത്തോടുംകൂടെ
ക്കെട്ടിച്ചുററിനടന്നുക്രമിക്കയു
മെച്ചിയുമായിനടന്നീടുകയും
അച്ചികഴിക്കയുമിടയിടെക്കൂടെ
തുഷ്ടപ്രാഭൃമിയിലുള്ളന്തണരും
സൌരഭ്യകരദ്രവ്യംകൊണ്ടു
സൌരഭ്യാത്ഥംധൂപിക്കയുമിട-
ഘോഷിക്കയുമുണ്ടാരോഗന്ധുക
മർഘ്യാദിക്രമമമരാംഗനകടെ
നൃത്തംഗായകവൈണികൾവർഗ്ഗം
നർത്തനവുംവിബുധൌഘസുഘോഷം
ദിഗ്ഗജവരനാംകുംഭിവരോത്സവം
ദിക്പാലകരുകഴിച്ചീവണ്ണം
ദിവസംമൂന്നുകഴിഞ്ഞിതുപൂജ
യ്ക്കവസാനാർഘ്യം നൽകിനശേഷം
ത്രിദശാധിപനൊരുസിംഹാസനമതി-
ലമിതാഭോഗമിരുന്നുംകൊണ്ടു്
ത്രിദശന്മാരോടരുളിച്ചെയ്തു
പണമെല്ലാമെങ്ങു കൊണ്ടരുവിൻ
അപ്പോൾത്രിദശന്മാരെല്ലാരും
മുപ്പറഞാൻപറകെട്ടിയപട്ടക-
ളൊപ്പാരത്തോടഴിച്ചുകടഞ്ഞതു-
മപ്പാ! വലിയൊരുകുലമലപോലെ
അപ്പോഴളാനദൻകൊണ്ടന്നൊരു
കട്ടിപ്പൊന്നുകളരികേക്കൂടെ

പെട്ടികളിന്നുകടഞ്ഞിട്ടപ്പോ-
ളൊട്ടല്ലുള്ളൊരു ചെറുമലപോലെ
ഭൂസുരവരരെല്ലാരും വരുവിൻ!
ഭൂതികൾ വേണ്ടതു കൊണ്ടുപൊയ്ക്കൊൾവിൻ
എളുംനാണിക്കേണ്ടാ വരുവിൻ
വാരിക്കോരിത്തരുവൻ ഞങ്ങൾ
ക്കാളുരഭാവമിതില്ലരമരുതെ-
ന്നരുളിച്ചെയ്തിന്ദ്രനതുനേരം
രവസരമപ്പോൾ മുണ്ടും പുടവക-
ളാകെവിരിച്ചുതുടങ്ങിപതുക്കെ;
ഭാസുരധാമാവിന്റെ നിയോഗാൽ
വാരിക്കോരിപ്പൊന്നും പണവും
ബഹുലം വിപ്രാർപ്പണവും ചെയ്തിതു
മതിമാന്മാരാം പാണ്ഡവരപ്പോൾ
കൊണ്ടുപോകാനൊരുകുശലില്ലാഞ്ഞതി-
കുണ്ഠിതരായി വിപ്രസമൂഹം
കൊണ്ടുപോകാഞ്ഞരിശപ്പെട്ടവരും
കൂടദ്രവ്യം വാരിയെറിഞ്ഞു
ഭാണ്ഡങ്ങളിൽ വാരിക്കെട്ടിട്ടു
പാണ്ഡുസുതന്മാർ ദാനം ചെയ്തു,
പാണ്ഡുരയശസ്സും വർദ്ധിപ്പിച്ചു
പാണ്ഡുവിനും ഹൃദി കൌതുകമേറി
ആശിസ്സും ചൊല്ലി ഭൂസുരരും
ആകപ്പോയിത്തങ്ങടെ ദിക്കിൽ;
ആശാപാലകരോടും ശക്രൻ
ദാശരൻ പാണ്ഡുനരപതിയോടും
ഐരാവതഗജപൂജകഴിപ്പി-
ച്ചാദരവോടുഘോഷിച്ചീവണ്ണം.
കുന്തിയൊടും തനയന്മാരോടും
ശന്തനുജൻ വിദുരൻ കൃപരോടും
സന്തമ്മോദം പൂണ്ടുസുരന്മാർ
ആമന്ത്രിച്ചുനിജാലയഗതരായ്
രാജന്നടെ കീർത്തികൾ വാഴ്ത്തീടിന
നിർജ്ജരസംഘം സുഖമായ്വാണു.

ഐരാവതപൂജ ഓട്ടൻതുള്ളൽ സമാപ്തം.

നളചരിതം

ഓട്ടൻ തുള്ളൽ

പുരരിപുവാകിയ ഭഗവാൻതന്നുടെ
തിരുമടിതന്നിൽവസിക്കും പാർവതി
തിരുമുടിജടയിൽ സുരവാഹിനിയുടെ
തിരുമുഖവും കുളുർകൊങ്കദ്വയവും
പരിചൊടുകണ്ടുസഹിക്കരുതാഞ്ഞു
പുരഹരനോടഥ ചോദ്യം ചെയ്തു:
തിരുമുടിജടയുടെനടുവിൽവിളങ്ങി-
പ്പരിചൊടുകാണുന്നെന്തൊരുവസ്തു?
ഹരനരുൾചെയ്തിതുനമ്മുടെജടയിൽ
പെരുകിനവെള്ളം വേർപെടുകില്ല.
കളുകഥിക്കരുതെന്നൊടുനാഥ!
സരസംമുഖമിഹകാണാകുന്നു
മുഖമല്ലതഹോ ജലമതിലുളവാം
വികസസരോജമിതെന്നുവരേണം;
വികസസരോജേ കുറുനിരനികരം
പരിചൊടുകാണ്മാനെന്തവകാശം?
കുറുനിരയല്ലതുമധുപാനത്തിനു
വരിവണ്ടുകൾ വന്നിണകൂടുന്നു;
പുരികക്കൊടിമുനയുഗളമിദാനീം
പരിചൊടുകാണ്മാനെന്തവകാശം;
പുരികക്കൊടിയല്ലവിരളമിളകും
ചെറുതിരയത്രേ അചലതനൂജേ!

സരസമതാകിനഘോഷനയുഗളം
പരിചൊടുകാൺമാനെന്തവകാശം?
ഗിരിവരതനയേ! ഭവാനികല്ലൂ
കരിമീനിണകളിയാടുകയല്ലോ!
കരികുംഭാകൃതികുളുർമുലയുഗളം
പരിചൊടുകാൺമാനെന്തവകാശം?
കുളുർമുലയല്ലതുകോകദ്വന്ദ്വം
നളിനസമീപേ വിളയാടുന്നു;
കളിവചനംവാകാത്മമിദംവാ
കരളിലെനിക്കുവിവാദമിദാനീം.
ഇങ്ങനെകപടഗിരാഗിരിവരസുത
തന്നുടെമാനസവഞ്ചനചെയ്യും
ഗംഗാധരനാംകിള്ളികുറിശിയ-
മന്നമഹേശൻകാത്തരുളേണം.
ഉലകുടെപെരുമാൾ മന്ത്രികളോടും
കലിയുടെകൃത വിചാരിക്കുമ്പോൾ
വലിയൊരുവൃദ്ധൻതൊഴുതുരചെയ്തിതു
കലിയുടെശക്തികുറയ്ക്കുമുപായം;
നളചരിതാമൃതമുരചെയ്താലും
തെളിവൊടുകേട്ടുരസിച്ചെന്നാലും
പൊളിയല്ലവനുടെകലിമലദോഷം
ജളനെന്നാകിലുമാശുനശിക്കും;
കലിയുഗശക്തിമുഴുത്തുജനാനാം
തലയിൽകേറിമനസ്സുംമുട്ടി
പാപികൾ പകിടകൾ പൊരുവതിനായി
ഗോപികൾകൊണ്ടു വരച്ചുതുടങ്ങും
കഷ്ടം! സാളഗ്രാമസ്ഥാനേ
കുട്ടിച്ചാത്തനമന്നുതുടങ്ങും
വിളവുകളൊന്നു കുറഞ്ഞുതുടങ്ങും
കളവുകളൊന്നുമുഴുത്തുതുടങ്ങും
വിലയുംപാരമിടിഞ്ഞുതുടങ്ങും
മലയുംകാടുമുരുത്തുതുടങ്ങും
നിലയുംവിട്ടുമനുഷ്യരശേഷം
വലയും കലിയുഗമേറെമുഴുത്താൽ;
കളമൊഴിമാരുടെ തലയും മുലയും
വളയും തളയും കളിയും ചിരിയും
വളയുംചുരികക്കൊടിയുംകണ്ടിഹ
വലയും വലയതിൽ മാനുഷരെല്ലാം
യജമാനെന്നൊരുഭാവംകതിപ്പിണപ്പാൻ
പ്രജകൾക്കൊരുമൊഴസ്യതുടങ്ങും
യജനംചെയ്യുജഗത്തുപുലത്തും
ദ്വിജവരവൃത്തികൾചെയ്തുതുടങ്ങും
രാജസമീപേ ചെന്നൊരുകൂട്ടം
ഏഷണിപറവാനാളുകളേറും
ഭോജനമാത്രംകിട്ടുന്നവനൊരു
രാജാവെന്നുനടിച്ചുതുടങ്ങും;
ദൂഷണമുള്ളൊരുനൃപനെക്കണ്ടാൽ
രോഷിപ്പാനങ്ങാത്തുതുടങ്ങും
ഭൂഷണമണിവാൻ വകയില്ലാഞ്ഞാൽ
മോഷണമൊരുവകചെയ്തുതുടങ്ങും;
വല്ലഭമൊരുടെവീട്ടുപുരത്താൻ
ഇല്ലംപണയംവച്ചുതുടങ്ങും
നെല്ലും പണവും പൊന്നും പാത്രവു-
മില്ലെന്നാമിനി ദിവസേ ദിവസേ
ചൊല്ലുംപലവിധമപരാധം പലർ
കൊല്ലുംപശുവിനെ മടികൂടാതെ
തെല്ലുംനല്ലൊരുസാധുജനത്തെ
തെല്ലുംഭയവും മാനുഷനില്ല;
പുല്ലും പുഴവും ഭൂമിയിലിങ്ങതു
മെല്ലെന്നങ്ങുനടന്നുതുടങ്ങും;
ചൊല്ലുന്നതിനെക്കേട്ടുനടപ്പാൻ
വല്ലഭമുള്ളവരില്ലെന്നാമേ;
മുത്തുതുടങ്ങുംകപടതയിനിമേ-
ലോത്തുതുടങ്ങും ശൂദ്രാദികളും
ഓത്തുതുടങ്ങും വിപ്രന്മാരതു
പേത്തുതുടങ്ങും മറവുള്ളവരും
ചേത്തുതുടങ്ങുംവികടസരസ്വതി
ക്രൂത്തുതുടങ്ങും മോഹാദികളും
ചേത്തുതുടങ്ങും ദ്രവ്യത്തിൽകൊതി
ചാത്തുതുടങ്ങും വരവും ചിലവും
പാത്തുതുടങ്ങും നെല്ലും പണവും
ആത്തുതുടങ്ങും പലരുംകൂടി-
പ്പാത്തുതുടങ്ങുംകുത്തിക്കവരാൻ
ചീത്തുതുടങ്ങും ദുഷ്ടവികെട്ടി-
ത്തീത്തുതുടങ്ങും ദുഷ്ടജനങ്ങൾ.
ആർത്തിവളന്നും പൂർത്തിതളന്നും
കീർത്തികുറഞ്ഞും പൂർത്തമെറിഞ്ഞും

വൃത്തികെടുത്തും കുത്തിയെടുത്തും
തത്രജഗത്തുവിയത്തുകയത്തും
കുത്തുവരുന്നൊരുജാതികളിനിമേൽ
വ്യാധിപിടിച്ചുകിടക്കും ചിലരുടെ
നാഡിപിടിച്ചുനടക്കുംചിലരും
സാധിക്കരുതാത്തുള്ളതിമോഹം
ബാധിക്കും ചിലമർത്ത്യജനാനാം;
അപമൃത്യുക്കളുമവതാളങ്ങളു-
മപമാനങ്ങളുമുണ്ടാമുത്തമ
വിശ്വജനത്തിനുമീശ്വരനെന്നൊരു
വിശ്വാസത്തിനുകുറവു തുടങ്ങും
കുടിലന്മാരും ജടിലന്മാരും
കുടന്മാരും ജരഠന്മാരും
കയന്മാരും കുനയന്മാരും
പലവിധമുണ്ടായ്വരുമിനിമേലിൽ;
ഈശ്വരകോപമറിഞ്ഞാൽപിന്നെ
വാസ്തുമെന്നൊരുപേക്ഷ തുടങ്ങും
വരവും തരവും ജനവും ധനവും
മനുജരിൽവച്ചതിനീചന്മാരാം
മനുജപ്പുഴുക്കൾക്കേറിച്ചമയും
മതിയും കൊതിയും അതികപടങ്ങളു-
മതിയായിട്ടബുധന്മാർക്കുളവാം;
ഗതിയില്ലാത്തജനങ്ങളിലൊരുകൃപ
മതിമാന്മാർക്കിനിവരികില്ലരചാ!
അമ്പലമെന്നുമറന്നതിനുള്ളിൽ
തമ്പലമിട്ടുമിനിമടികൂടാതെ
ചെമ്പുപൊളിച്ചുവിറ്റു തുടങ്ങും
അമ്പലമുടയവർപുകയിലതിന്മാൻ;
ലന്തപറങ്കിയുമിങ്കിരിയേസും
ബന്ധുവതാമിനിയരചന്മാർക്കും
ഗ്രന്ഥികളൊന്നുകുറഞ്ഞുതുടങ്ങും
ഗ്രന്ഥമെഴുത്തും നാസ്തിയതാമേ!
ശാസ്ത്രികളെന്നൊരുഭാവത്തോടേ
ശാസ്ത്രമൊട്ടുക്കം പകർന്നുകഴിവോളം
രാത്രിയട്ടത്താലവരെപ്പിന്നെ
ക്ഷേത്രംതന്നിലൊരോടംകാണാം
ഇരയനിഷ്ഫലപ്രദകലിബല-
മുജനങ്ങളുണർത്തിച്ചീടാം;
ഉലകുടെപെരുമാളൊന്നറിയേണം
കലിയുടെരോഷം തീരണമെങ്കിൽ
വലിയൊരുകഥയിതു നളനുടെ ചരിതം
കലിതകുതൂഹലമുരചെയ്തീടാം;
ഫലിതംകുറയുമിതെങ്കിലുമോർത്താൽ
കലിമലഹരമെന്നൊരുഗുണമധികം
പലരുമിനിക്കസഹായിച്ചീടിൽ
പലദിക്കൊട്ടുചുരുക്കിപ്പറയാം.

കരുണാമൃതരുചിവദനനുദാരൻ
തരുണാരുണഗുണഗുരുകരസാരൻ
തരുണാംബുജദളനയനൻസുരവര
തരുണാസമധനവിതരണശീലൻ
കരുണാമലജലവരുണാവാസൻ
ഹരിണാന്തകബലഹരിണാവാസൻ
ഹരിണാങ്കാടകചരിണീശോഭിത
ശരണായാംഭുവിഹരിണാസദൃശൻ
ചരണാംബുജയുഗശരണാഗതജന
ശരണായിതനവകരുണാധരണൻ
മരണംഭവഭയഹരണാദികരൻ
കരുണാകരഗുരുകരുണാശരണൻ
ധരണീപതികുലധരണീയാരുടെ
ധരണിധരിച്ചൊരു ധരണീബാലൻ
ധരണീവിലസിതതരുണീമാനസ
ഹരണീകൃതതനുധരണീമദനൻ;
അളകാപതിസമഘനതരവിഭവൻ
അളകാഞ്ചിതസ്ഫുടനിടിലകലാപൻ
നളകൂബരനെക്കാളതിസുഭഗൻ
നളനെന്നൊരുനൃപനുളവായ്വന്നു;
നളിനകലാരികൃപാലംകരണൻ
കളമധുരാകൃതിനിഷധനരേന്ദ്രൻ
കളകളതരധനദാംബരഭൂഷണ-
വളിതകളേബരനതിസുകുമാരൻ
കളിയോടുനിഷധപുരേ പുരുമോദാൽ
കളിരുചിതേടിവളർന്നുകാലം
കളമൊഴിമാരുടെ കരളിൽപരിചൊടു
കമലശരാർത്തിവളർന്നുതുടങ്ങി;
തെളുതെളെവിലസിനപനിമതിരുചിയാൽ
വെളുവെളെവിളയാടീടിനഗാത്രേ

തളവളമകുടമണിഞ്ഞു നരേന്ദ്രൻ
കളികളുമാടിനടക്കുന്നേരം;
നളിനസരസ്സിനരികേനല്ലൊരു
പുളിനംതന്നിൽ ചെല്ലുന്നേരം
നളിനംതന്നിലുറങ്ങീടുന്നൊരു
കളഹംസത്തെക്കണ്ടാനരചൻ;
പകരുകനൊത്തതങ്കംപൊന്നിനൊ-
ടകംപൊരുളുമൊരംഗപ്രഭയും
കുങ്കുമനിറമാം ചിറകുംകൊക്കും
പങ്കജരുചിരം ചരണദ്വയവും
കണ്ടതുനേരം നൃപനുകുതൂഹല-
മുണ്ടായ്വന്നു മനതാരിങ്കൽ;
കൊണ്ടാടിത്തൻ കരകമലത്തെ
ക്കൊണ്ടുപിടിച്ചുമുറുക്കിക്കൊണ്ടാൻ
അരചൻചെന്നിഹതൊട്ടതുനേരം
അരയന്നംതാൻഝടിതിയുണർന്നു
അരുതരുതെന്നെക്കൊല്ലരുതെന്നും
തെരുതെരെയങ്ങുപറഞ്ഞുതുടങ്ങി;
അപരാധത്തെച്ചെയ്യാത്തവനെ
കൃപകൂടാതെവധിച്ചെന്നാകിൽ
നൃപതേ! നിന്നുടെ നാട്ടുംധനവും
സപദിനശിക്കുമതോർത്തീടേണം
പക്ഷികളെക്കൊലചെയ്തൊരുമാംസം
ഭക്ഷിപ്പാനൊരുരുചിയുണ്ടാകിൽ
ഇക്ഷിതിയിൽപലകുക്കുടമുണ്ടതു
ഭക്ഷിച്ചാലും മതിവരുവോളം
മാനത്തങ്ങുപറന്നുനടക്കും
ഞാനെന്തൊരുപിഴചെയ്തു നിങ്കൽ?
മാനുഷകുലവരമകുടമണേ! നീ
ഹാനിനമുക്കുവരുത്തീടൊല്ല
എല്ലുംതോലും ചിറകും കൊക്കുമി-
തെല്ലാംനീക്കിനുറുക്കിക്കണ്ടാൽ
തെല്ലുഭുജിപ്പാനുണ്ടെന്നും വരു-
മില്ലെന്നുംവരുമെന്നുടെമാംസം
എന്നുടെമാതാവിന്നു വയസ്സൊരു
മൂന്നൂറാറുപതിലിപ്പുറമല്ല
എന്നുവരുമ്പോളവളുടെ ദുഃഖമ-
തെന്നുശമിക്കും നിഷധനരേന്ദ്ര!
നിന്നുടെകയ്യാൽ മരണംവരുമിനി
എന്നുടശിരസ്സിൽനമുക്കുണ്ടെങ്കിൽ
എന്നമൊരുത്തനുമാവതുമില്ലതു
വന്നുഭവിച്ചാൽ ഖേദവുമില്ലാ;
എന്നുടെപിടയും തനയന്മാരും
നമ്മുടെകുലവും ബന്ധുജനങ്ങളും
അമ്മയുമച്ഛനുമഗ്രജന്മാരും
കർമ്മബലാലിതുകാലമൊടുങ്ങും;
അന്നത്തരുണികൾ പണിയുംനമ്മുടെ
കന്നൽകുഴൽമൊഴികാന്തയുമിപ്പോൾ
എന്നുടെവരവുംനോക്കിപ്പരിചിനൊ-
ടുന്നതടിക്കിലിരുന്നീടുന്നു;
അയ്യോ! നരവര! സാഹസമിങ്ങിനെ
ചെയ്യരുതേദുരിതംവരുമെന്നാൽ
പൊയ്യല്ലൊരുപൊഴുതരുതിതുപരിദേവ-
മിയ്യൽകണക്കെനടക്കുമൊരെങ്കൽ
കൊന്നാൽപാപം തിന്നാൽപോമുട-
നെന്നൊരുവലുതാം മൂഢതയുണ്ടേ
നിന്നുടെകരളിലതഴകല്ലേതും
മന്നിൽമികച്ചൊരുബുധനല്ലേനീ?
അവനുടെവാക്കുകളിങ്ങനെകേട്ടഥ
കുവലയനയനൻ നളനരപാലൻ
ശിവശിവയെന്നുടനരയന്നത്തെ
ജവമൊടുവിട്ടുരചെയ്തപതുക്കെ
കനകമയാകൃതിയാകിയനിന്നെ
കനിവൊടുകണ്ടതുകൊണ്ടകതാരിൽ
ഘനതരമായൊരുകൌതുകമുളവായ്
മനസാവാചാസത്യംതന്നെ;
ക്ഷോണിതലങ്ങളിലിങ്ങിനെയൊരുവക-
കാണുന്നില്ലിതുകൊണ്ടുഭവാനെ
പാണിതലത്തിലെടുപ്പാൻബന്ധം
പ്രാണിവധത്തിനുഭാവിച്ചല്ലേ.
മന്നവനിങ്ങനെയുരചെയ്തപ്പോ-
ളന്നംധരണിയിൽനിന്നെഴുനീറ്റു;
ഒന്നുകുടഞ്ഞുശരീരമശേഷം
തന്നുടെചിറകുംവീശിയിതന്നു
ചിറകിനകത്തുകടിച്ചുകിടക്കും
ചെറുപേൻകൊതുകുകളൂതിച്ചുകളഞ്ഞും

തിറവിയകൊക്കുകൾകൊണ്ടുകടിച്ചുതു
കൊറകൊറെയങ്ങുകൊറിച്ചുതുടങ്ങി;
ഒരുകാൽകൊണ്ടുശിരസ്സിൽപരിചൊടു
ചൊറികിത്തത്തിനടന്നുതുടങ്ങി.
നരവരനാകിയ നളനുടെമുമ്പിൽ
തരസാനിന്നുപറഞ്ഞുതുടങ്ങി:
"ശ്രീമൻ! നൈഷധഭൂപതേ! തവ യശോ
ഗായന്തി ദേവാംഗനാഃ
ഹേമാംഭോജരജോവിരാജിതഗണൈ-
രാകാശഗംഗാതടേ
യാവത്താവദസാവമന്ദവിലസ-
ന്മന്ദാക്ഷമന്ദീകൃതാ
മന്ദാരദ്രുമവാടികാ ഹിമവതഃ
കാരുണ്യവാരാന്നിധേ!"
പാർത്ഥിവ! നിന്നുടെവാക്കുകൾകേട്ടു
കൃതാർത്ഥതയിങ്ങുവരുത്തീടേണം
ആർത്തിജനത്തിനു മതിയാംവണ്ണം
അർത്ഥമെടുത്തു കൊടുക്കണെനിന്നുടെ
കീർത്തിവളർന്നു വളർന്നുപതുക്കെ
പാർത്തലമൊക്കെ നിറഞ്ഞു സഭാന്തേ
പാർത്തിരിയാതെ വളർന്നു സുരോത്തമ-
തീർത്ഥമതാകിനഗംഗാപുളിനേ
വാർത്തകളീവകകീർത്തനമാക്കി
തീർത്തുതുടങ്ങീസുരനാരികളും
പാർത്തലവാസികൾ മറവുള്ളവരുടെ
കീർത്തികളെല്ലാം നേർത്തു ചമഞ്ഞു
ധൂർത്തല്ലതു പൊഴുതമരതരുക്കൾ
ക്കാർത്തിപിടിച്ചു തുടങ്ങിപതുക്കെ
ചീർത്തൊരുനാണം കൊണ്ടു ശിരസ്സുകൾ
താഴ്ത്തിക്കഥമപിവാണീടുന്നു;
പൂർത്തിപെരുത്തൊരു ചാരുദയാമല-
മൂർത്തേ! ജയജയ! നളനരപാല
രാജസ്തുതിയുടെ പൊരുളീവണ്ണം
യോജിപ്പിച്ചു പറഞ്ഞരയന്നം
രാജമനസ്സു കുളുപ്പാൻ പുനരിഹ
വ്യാജവിഹീനം കഥനം ചെയ്തു.
നിഷധകുലകമലവനദിനകരധരാപതേ!
നീതിശാസ്ത്രാംബുധേ കേൾക്കമേ വാക്കുകൾ

വിഭവമൊടു വിലസിനവിദർഭമണ്ഡലേ
വീരനാം ഭൂമിപാലൻ തന്റെ പുത്രിയായ്
സുമുഖിദമയന്തിയെന്നുണ്ടൊരു കന്യകാ
സുന്ദരികളിന്നവളെ വന്ദിക്കുമാകവേ
നിറമുടയതലമുടി ചുരുണ്ടുനീണ്ടങ്ങിനെ
നീലമേഘങ്ങൾക്കു തോലിനൽകുന്നിതേ
കുറുനിരയുമൊരു കുറിയുമൊരുനിടിലഭംഗിയും
കൃത്താട്ടമോമനച്ചില്ലിവില്ലാട്ടവും
കമലദളവിമലചലലോചനചാതുരവും
കാമാസ്ത്രതുല്യകടാക്ഷവീക്ഷണങ്ങളും
തിലകുസുമസമസുഷമനാസികാശോഭയും
തിങ്കളോടൊക്കും കപോലസ്ഥലങ്ങളും
മധുമധുരമൃദുലതരമധരസൌഭാഗ്യവും
മാലതീമൊട്ടിനോടൊത്തദന്തങ്ങളും
വലയകുലകിലുകിലിതകരയുഗളകേളിയും
വാഴ്ത്തിസ്തുതിപ്പാൻ നമുക്കെളുതല്ലെടോ!
കൊടിനടുവുമതിവികടകടിതടവിലാസവും
കോമളാഡംബരം കാഞ്ചീകലാപവും
കദളിയൊടുമൃദുതയൊടുകദനമിടകൂട്ടുന്ന
കാലുരണ്ടും വിഭോ! കണ്ടാൽ മനോഹരം
ശശിയൊടെതിർപൊരുതുവിരുതേറുന്നവക്ത്ര
ശംഖിനോടൊക്കുന്നകണ്ഠപ്രദേശവും [വും
മലകളൊടുപലപൊഴുതുകലഹരുചിതേടുന്ന
മാറ്റുതിങ്ങും കുചങ്ങടെ ഭംഗിയും
കിളികളൊടുകളിവചനമിളിയുമൊരുവാണി
കീർത്തിപ്പതിന്നു ഞാൻസമ്പ്രേന്ദ്രനല്ലെടോ; [യും
പലവടിവും വന്നു ചമഞ്ഞു
തലമുടിയും വന്നു തികഞ്ഞു
മുലയിണയും മാറുകവിഞ്ഞു
മലർശരനും മെല്ലെയണഞ്ഞു
ശിശുതകഴിഞ്ഞു വശതകഴിഞ്ഞു
മറവുമൊഴിഞ്ഞു മനമതഴിഞ്ഞു
കിളിമൊഴിതാനൊന്നു പകർന്നു
കളിപുതുമയ്ക്കാശവളർന്നു
കളിവചനപ്രൌഢിമുതിർന്നു
നളനൃപതേ! കാമുകരന്നു
മിഴികൾ വിടിർന്നു വഴിയിലമർന്നു
അഴകുകലർന്നു കഴലിണചാർന്നു

പ്രിയസഖിമാരോടുമിണങ്ങി
പ്രിയതമനെച്ചിന്തതുടങ്ങി
പ്രിയമധുരം വാക്കിലിണങ്ങി
പ്രിയമിതമെന്നുള്ളുവണങ്ങി;
കഥകൾ തുടങ്ങി കപടമടങ്ങി
കളികൾ തുടങ്ങി കമനിവിളങ്ങി
പലചരിതം കേട്ടുരസിച്ചും
പലകൗതുകം വന്നു ഭവിച്ചും
പലപദവും കേട്ടു രസിച്ചും
പലഗുണവും ചേൎന്നുവസിച്ചും
മദനനടിച്ചുമമമതിളച്ചു
മനസിരസിച്ചു അവിടെ മറച്ചു.

ദമനനുടെ സോദരിയാകിയ കന്യക
ദമയന്തിക്കു വിവാഹമടുത്തു
കമലവിലോചനയാളെനിനച്ചാൽ
ഭുവിയിലതിന്നൊരു പുരുഷനുമില്ല
മലർശരപരവശരായ്മുന്നീടിന
പലപല നൃപതികളവളെ ലഭിപ്പാൻ
പലതരമങ്ങു പ്രയത്നംചെയ്തു
ഫലമതുപിന്നെക്കണ്ടാലറിയാം;
ഒരുവൻകൊണ്ടുതിരിക്കും മുമ്പേ
തരസാ ചെന്നവശത്താക്കേണം;
തരുണീമണിക്കിഹ തരമായിട്ടൊരു
പുരുഷൻ ധരണിയിലില്ല ചുരുക്കം
മന്നിൽ പലപലമന്നവരുണ്ടതി-
ലൊന്നുമവൾക്കിഹസമ്മതമല്ല;
നിന്നൊടുകൂടിരമിപ്പാനൊരുഗതി-
വന്നുവെങ്കിലതവളുടെ ഭാഗ്യം.
ഇത്തരമുരചെയ്തരയന്നത്തോടു
ഉത്തരമരുളീനളനരപാലൻ
ഉത്തമനാകിയകളഹംസസഖേ!
ചിത്തസുഖംമമനിന്നുടെ വാൎത്താ
കനകസമാനകളേബരനാംനീ
കനിവൊടതിങ്കലിറങ്ങീടേണം
പനിമതിമുഖിയെനമുക്കു ലഭിപ്പാൻ
മനമതഴിഞ്ഞിഹപണിചെയ്താലും;
നിന്നുടെകൃപയുണ്ടെന്നുവരുമ്പോൾ
ഒന്നുമിനിക്കുവരാത്തതുമില്ലാ

എന്നുടെ വാൎത്തകളിന്നവളോടു
ചെന്നു പറഞ്ഞു ധരിപ്പിക്കേണം
നിന്നുമനസ്സു തെളിഞ്ഞരയന്നം
മന്നവനോടുരചെയ്തു തുടങ്ങി
നിന്നുടെ വചനം കേട്ടു നടപ്പം-
നെന്നുമിനിക്കൊരു സംശയമില്ല.
അറിയാം നാലുദിനത്തിലതപ്പുറ-
മറിവുള്ളരചാപൊളിയല്ലേതും;
കുറനാൾ കഴികേണ്ടാണാമെന്നൊരു
കുറിയും വെച്ചുതിരിച്ചിതു ഹംസം
കുണ്ഡിനനഗരം നോക്കിപ്പുരിചിനൊ-
ടണ്ഡജനാശു പറന്നു തുടങ്ങി
അണ്ഡജഗമനം കണ്ടാലൊരുശശി
മണ്ഡലമെന്നിഹ തോന്നുംഗഗനേ.

ചരിച്ചുഗഗനത്തിൽ തിരിച്ചു കളഹംസം
സ്മരിച്ചു നളനെയും ധരിച്ചു ഹൃദയത്തിൽ;
കടന്നു പലദിക്കും നടന്നു വിരവോടെ
എടങ്ങൾ നഗരങ്ങൾ മാടങ്ങൾ കിടങ്ങുകൾ
പടങ്ങൾ വിപിനങ്ങൾ തടങ്ങൾ തടാകങ്ങൾ
തുടങ്ങിപ്പലവസ്തു കടന്നു പറക്കുമ്പോൾ.

നാടുകൾകണ്ടു വീടുകൾ കണ്ടു
കൂടുകൾ കണ്ടു കോട്ടുകൾകണ്ടു
ചാട്ടുകൾകണ്ടു പോട്ടുകൾ കണ്ടു
ചോട്ടുകൾകണ്ടു വീട്ടുകൾകണ്ടു
വീട്ടുകളിൽ ചില നായന്മാരുടെ
മൂഢതകൊണ്ടൊരുഘോഷംകണ്ടു;
അച്ചികളോടുകലമ്പിച്ചിലകല-
മെച്ചിലിലിട്ടു തകൎക്കിണകണ്ടു;
കച്ചകൾ പുടവകൾ ഒരുവൻചെന്നു
വലിച്ചു കരിച്ചു തിരിച്ചതുകണ്ടു;
ഇല്ലംകൊണ്ടൊന്നവളെത്തല്ലി
പല്ലുതകൎത്തൊരു പങ്ങച്ചാരുടെ
തള്ളകയത്തൊരുലക്കയെടുത്തു
ചെള്ളക്കൊന്നു ചിമുക്കിണകണ്ടു;
മറെറാരിടത്തൊരുഘോഷംകണ്ടു
തെറെറന്നവിടെച്ചെന്നരയന്നം
മുററത്തുള്ളൊരു തെങ്ങിൻ മുകളിൽ
പററിച്ചെവിയുംപൊത്തുവസിച്ചു;

നായർവിശന്നവലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല;
ആയതുകേട്ടു കലമ്പിച്ചുനാ-
ആയുധമുടനേ കാട്ടിലെറിഞ്ഞു
ചുട്ടുതിളയ്ക്കും വെള്ളമശേഷം
കുട്ടികൾ തന്നുടെ തലയിലൊഴിച്ചു
കെട്ടിയപെണ്ണിനെ മടികൂടാതെ
കിട്ടിയവടികൊണ്ടൊന്നു കിടച്ചു
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലുവലിച്ചു കിണറ്റിൽ മറിച്ചു
ചിരവയെടുത്തഥ തീയിലെരിച്ചു
അരകല്ലങ്ങുകുളത്തിലെറിഞ്ഞു
അതുകൊണ്ടരിശം തീരാഞ്ഞവന-
പ്പുരയുടെ ചുറവും മണ്ടിനടന്നു,
അരയന്നം പുനരതുകണ്ടുടനേ
ഹരഹര! ശിവശിവ!യെന്നു പറഞ്ഞു
അരനാഴികവഴി ചെല്ലുന്നേരം
അരികേനല്ലൊരു പെരുവഴി കണ്ടു;
അരയാലുകളും പേരാലുകളും
അരമനതെരുവുകളങ്ങാടികളും
മരവും നല്ലനടക്കാവുകളും
പുരയും പുഴയും വഴിയമ്പലവും
നറുമലർവിലസിനപൂങ്കാവുകളും
തരുകുലമന്തണമത്താണികളും
കിണറുംതളവും തളവും കുളവും
തണലും മണലും മണിഗോപുരവും
അണയുംതോറും തുളസിദളങ്ങടെ
മണവും ഗുണവുമിതെത്രമനോജ്ഞം
അമ്പലമവിടെക്കണ്ടുതുടങ്ങി
വൻപടഹധ്വനി കേട്ടുതുടങ്ങി
കമ്പവിളക്കുകൊളുത്തിവിളങ്ങി
വമ്പുരപലതും കണ്ടുതുടങ്ങി;
കൊടിയേറ്റൊണ്ടിഹ വിഷ്ണുക്ഷേത്ര
കൊടിമരമുയരെക്കാണാകുന്നു
അടിയന്മാർ പലരുണ്ടുവരുന്നു
കൊടിയമഹോത്സവഘോഷംകാൺമാൻ
എന്നുമനസ്സിലുറച്ചരയന്നം
ചെന്നരയാലിൻ മുകളിലിരുന്നു

അന്നേരം പലദിക്കീന്നും ചിലർ
വന്നുതുടങ്ങീനിന്നുതുടങ്ങീ;
ആൽത്തറമേൽ ചിലർ വന്നുകരേറി
പാർത്തുതുടങ്ങീഘോഷം കാൺമാൻ;
ആർത്തുവിളിച്ചുകളിച്ചു പുളച്ചിഹ
പാർത്തലവാഹികൾ വന്നുനിറഞ്ഞു.

ഇളകിനനരവരപടയും ചില
വെളുവെളെവിലസിനകുടയും പല
കളമൊഴിമാരുടെനടയും ചെറു
കിളികളുമവരുടെ പിടയും ചില
കരികളുമവരുടെ പിടിയും പല
പരിമളമിളകിനമുടിയും ചില
കലഹവുമുടനുടനടിയും ചില
പുരികളിലനവധികൊടിയും പല
പലദിശിപൊട്ടുപൊടെവെടിയും നറു
മലരതിലതിമൃദുപൊടിയും പുന-
രൊരുവകതടവടിപിടയും.

കൊട്ടുംകുഴൽവിളിയുമൊട്ടുകുറവില്ലയാ-
ഞ്ഞിട്ടുമനുജർ ചെവിപൊട്ടുംപരിചിനോടെ
തട്ടുംമുകളിൽകൊതികിട്ടും പ്രയോഗംകണ്ടി
ട്ടൊട്ടുംവിരുതു ചിലരിട്ടുംവഴുതുകില്ലാ;
പട്ടുംപുടവമലർമൊട്ടുംതരിവളയു-
മിട്ടുംകൊണ്ടൊരുക്കൂട്ടംവാട്ടംകലരുമാല-
വട്ടംകുടതഴയും പട്ടംപടവടികൾ
ചട്ടംപലതരങ്ങൾവട്ടംതെളിഞ്ഞെരിയും
വെട്ടങ്ങളുടെനല്ലവട്ടങ്ങളൊരുദിശി
പട്ടന്മാരുടെപലക്കൂട്ടങ്ങളോരോദിശി;
ബാലത്തരുണികടെനീലത്തലമുടിയും
ചേലൊത്തമുലകളുംഫാലതിലകങ്ങളും
ചേലത്തരങ്ങളുടുത്താലോലമിഴികളും
ആലാപവടിവുകളും മേലേകണ്ടൊരുക്കൂട്ടം
ബാലപ്പുരുഷർചെന്നു നാലുവശത്തുംനിന്നു
ആലോകിച്ചോരോർകേളിജാലങ്ങളോരോദി
ആനക്കഴുത്തിൽഭഗവാനെഎഴുന്നള്ളിച്ചു [ശി
നാനാപടഹങ്ങളും സേനാപടജ്ജനവും
ആനന്ദംവരുത്തുന്നഗാനങ്ങളോരോദിശി.

ഇങ്ങനെപലവിധമുത്സവഘോഷം
തിങ്ങിനമോദാൽകണ്ടരയന്നം

അംഗനമാരും പുരുഷന്മാരും
നാങ്ങൊരുദിക്കിൽ വന്നുകണ്ടാൻ
നെട്ടതായുള്ളമണപ്പാടൻസൂ-
ണ്ടടികവിദയാളം തൊത്തിയുട്ടത്താരു
വടിയുംകയ്യിലെടുത്തുവരുന്നൊരു
തടിയൻപുറകേകരുത്തിയുമുണ്ട്
ചെണ്ടക്കാരൊട്ടുകല്പനപറകയു-
മുണ്ടൊരുദിക്കിൽകേൾക്കാകുന്നു;
മാരായന്മാരൊന്നറിയേണം
നാരായണനുടെകൊടിയേററന്നാൾ
നേരായുള്ളൊരുപാണിപിഴച്ചാൽ
തീരാതുള്ളൊരുകുററംവരുമേ
ശണ്ണിപ്പരിഷകൾ പലരുംകൂടി
ശണ്ണുതുടങ്ങിമുടങ്ങിപ്പോയാൽ
ചെണ്ടക്കാരേ! നിങ്ങടെകൈവിരൽ
കണ്ടിച്ചെറിവാൻകല്പനവരുമേ!
തിമിലയെടുത്തുനടപ്പാൻനമ്മുടെ
കൊമരിക്കിന്നിഛശരിയല്ലാരും
കുഴലുവിളിച്ചുഫലിപ്പിക്കുന്നതു
കിഴവച്ചാരതുമതിയാക്കേണം
നമ്പൻവേണം കൊമ്പുവിളിപ്പാൻ
വമ്പനതിന്നൊരുമുൻപൻതന്നെ
കാളമെടുത്തുവിളിക്കണമെന്നാൽ
കേളനെവച്ചിട്ടൊരുവനുമില്ല
മേളംകൂട്ടുകിലങ്ങവനല്പം
താളംതെററമതുണ്ടൊരുദോഷം
ചേങ്ങലകൊണ്ടൊരുവട്ടംനില്പാൻ
ചങ്ങാതിക്കൊരുവാസനയില്ലാ;
സകലജനങ്ങടെനടുവിൽചെന്നഥ
തകിലുതകത്തുതുടങ്ങുന്നേരം
അകലെപ്പോമവർതങ്ങടെചെവിയിൽ
തുകിലുംതുറവിറച്ചുതുടങ്ങും
പുതുവാളെന്നൊരുവിദ്വാനുണ്ട്
പുതുതായുള്ളവിധങ്ങളെടുപ്പാൻ
പുതുവന്മാരുടെയാളായതിനാൽ
പുതുവാളെന്നൊരുപേരവനുളവായ്;
അതിയായിട്ടവനിവിടെവരേണ്ടാ
മതിയാമവനുടെവിരുതുകളെല്ലാം
കൊച്ചൻനിന്നിഛശംഖുവിളിച്ചാൽ
അതിനുംപിന്നെവിരോധംവേണ്ട
പാട്ടിനുചേരുമിടയ്ക്കക്കാരെ
കൂട്ടിക്കൊള്ളണമവരേവേണ്ടൂ
ഊട്ടിനുവന്നുകിടക്കുന്നവരുടെ
കൂട്ടക്കാരെച്ചാർത്തുകയില്ല;
മദ്ദളമെന്നതു മൂന്നോ നാലോ
തപ്പുംവേണമതെട്ടോപത്തോ
അപ്പുറമുള്ളതുതിരിയെനടക്കാം;
തുടിയുംപറയുമുടുക്കുംവേണം
തടിയനതിങ്കൽമിടുക്കുംവേണം
ചെണ്ടക്കാരനടക്കംവേണം
കൊട്ടിനുനല്ലൊരുഴുക്കംവേണം
ഇങ്ങിനെപലവിധമുത്സവഘോഷം
ഭംഗിയൊടവിടെക്കണ്ടരയന്നം
തിങ്ങിനകൗതുകമിയന്നുപറന്നു
അങ്ങുതിരിച്ചുപുനരരിവേഗം.

വിദർഭനാകിയ നളന്റെദൂതൻ
വിദർഭനൽപുരമെത്തുകണ്ടു;
മദിച്ചുദന്തികൾനിറഞ്ഞുകണ്ടു;
കുതിച്ചുചാട്ടും കുതിരകൾകണ്ടു;
മണിപ്പുരങ്ങളുമുയർന്നുകണ്ടു;
മണിഗൃഹങ്ങളുമണഞ്ഞുകണ്ടു;
തണുത്തചന്ദനമരങ്ങൾകണ്ടു;
മണത്തമേറിനവനങ്ങൾകണ്ടു;
സ്ഥലങ്ങളും തരുഫലങ്ങളും
മലങ്ങളും മണിനിലങ്ങളും
വിലങ്ങളും പല കലങ്ങളും
ധനങ്ങളും മുനിജനങ്ങളും
മൃഗങ്ങളും ചില നഗങ്ങളും
ശുകങ്ങളും ചില പികങ്ങളും
അറങ്ങളും പല നിറങ്ങളും
പഠങ്ങളും മണിപീഠങ്ങളും
അഖണ്ഡിതായുധമുഖങ്ങളും
പറന്നുചെന്നുടനനേകവസ്തു
നിറഞ്ഞകുണ്ഡിനവിഭൂതികണ്ടു.

ദമനടെസോദരി സഖിമാരോടും
കമലസരസ്സിന്നരികേനല്ലൊരു

രമണീയാങ്കണമണിശിലകളിൽ
കമനികളിച്ചുവസിക്കുന്നേരം
കളഹംസം ചെന്നവരുടെമുമ്പിൽ
കളമധുരാകൃതിമെല്ലെയിറങ്ങി;
കളമൊഴിയോടുകളിച്ചുവസിച്ചഥ
കിളിയെപ്പോലെപറഞ്ഞുതുടങ്ങി:

പദം എരിക്കിലകാമോദരി.

കല്യാണശീലേ! ബാലേ! നല്ലാരിൽമൌലി-
ചൊല്ലേറും ഭീമനന്ദനേ! [മാലേ!
മല്ലീശരാസനവില്ലിനെവെല്ലുന്ന
ചില്ലി! നിസ്തുല്യാകൃതേ! ശൃണു
നല്ലവിശേഷം ധന്യേ നൃപതിവരകന്യേ!
നളനെന്നൊരുസുന്ദരനുണ്ടു ഭൂതലേ
മന്നരിലവനോടുസദൃശനായൊരു
മന്നവനില്ല സുശീലേ (കല്യാ)
ഈരേഴുലോകങ്ങളിലീ രാജാവിനെപ്പോലെ
വീരനായാരുമില്ലെടോ!
നാരികളവനുടെഗുണഗണരസം കേട്ടു
പാരം മയങ്ങീട്ടുണ്ടു
വില്ലാളിവീരനാകും നല്ലൊരുനളനുടെ
സല്ലാപം പറക മോഹം
പല്ലവമദൃതരമധരമധുരതയും
അധരിതവിധുരിതവിധുവാംമുഖവും (കല്യാ)
മട്ടോലുംമിഴിയാളേ! ഞാനേററവുംചിന്തിക്കുന്നു
മാനിയാംനൈഷധേശ്വരൻ
മാനിനി! നിന്നുടയ വരനായിവരികിൽ-
ലൂതരസുകൃതമവനും നിനക്കും (കല്യാ
പന്തൊലുംമുലമാർക്കു സന്താപം വളർക്കുന്ന
കാന്തികൾചൊല്ലാവല്ലെടോ!
സന്തതംപരിമളമിളകിനതലമുടി
ബന്ധനമതിഘനബന്ധുരമല്ലോ (കല്യാ)
കാമനു രതിപോലെ രാമനു സീതപോലെ
സോമനു രോഹിണിപോലെ
കോമളമദനനാം നളനരപാലനു
ഭീമസുതേ! നീപ്രിയയായ്‌വരേണം. (കല്യാ)

കളഹംസം ഞാനംബരചാരി
നളനുടെദൂതനതോർത്തീടേണം,
കളമൊഴിനിന്നുടെചരിതംകേട്ടിഹ
പൊളിയല്ലരചൻ പരവശനായി;
കാമശരാർത്തിപിടിച്ചുദഹിച്ചൊരു
കോമളതനുവാം നളനരപാലൻ
താമരയിലകൾവിരിച്ചുശയിച്ചഥ
ഭൂമിയിലനിശമുറങ്ങീടുന്നു;
തരുമലർ പരിമളമേല്ക്കുന്നേരം
കിടുകിടെമേനിവിറച്ചീടുന്നു;
ഉടലിൽ ചന്ദനമണിയുന്നേരം
ചുട്ടുകനലെന്നവനോർത്തീടുന്നു:
ശശിയുടെകാന്തികളാന്തിവരുമ്പോൾ
വിശറിയെടുത്തഥ വീശീടുന്നു;
ആശ്രയനിധിയാം സുന്ദരനൃപനെ
ശശിവദനേ! നീയോർത്തീടേണം;
അയ്യോകഷ്ടമവസ്ഥയിതൊന്നും
നീയറിയാത്തതിനെന്തിഹബന്ധം?
അവനുടെരൂപഗുണങ്ങൾനിനച്ചാൽ
ശിവശിവ! എന്നതുമാത്രംപറയാം;
ഭുവനംമൂന്നിലുമോർത്തുവരുമ്പോൾ
അവനൊടുസമമിന്നവനേയുള്ളു;
ആണല്ലാത്തൊരുമലർശരനിപ്പോൾ
നാണംകെട്ടൊരുകോണിലൊളിക്കും
എണാങ്കൻപുനരംബുദപടലേ
നാണനടപ്പതുകാണുന്നീലേ?
നളനുടെമുഖവുംചന്ദ്രനുമോർത്താൽ
വളരെവിശേഷംകാണ്മാനുണ്ടു്
അളിനിറമായകളങ്കംകൊണ്ടൊരു
വെളിവൊരുനേരവുമിന്ദുവിനില്ല;
ഒളിമിന്നീടുമൊരധരപ്രഭയാൽ
നളനുടെവദനമിതെത്രമനോജ്ഞം!

ചഞ്ചൽപുരികുഴൽതഞ്ചുംനളനുടെ
കൊഞ്ചൽ പുതുമയൊടഞ്ചിതമാകിന
പുഞ്ചിരികണ്ടുടനഞ്ചിമയങ്ങിന
ചഞ്ചലമിഴികടെനെഞ്ചിൽപരിചൊടു
പഞ്ചായുധനുടെചഞ്ചൽകണകള-
തഞ്ചുംകൊണ്ടുടനഞ്ചുംവിതരണ
സഞ്ചിതപാവകവഞ്ചനയാലെരി-
യാഞ്ചിതയും ചിലർ വാഞ്ഛിക്കുന്നു;

ഏററംപടകളിലേററതുമുമ്പുള്ളോരു
നൂററാർപടയും മാററങ്ങുവരുടെ
കൂററാർപടയും [illegible]
ചുററം[illegible]
മാററികളെല്ലാം മാററലരെങ്ങു-
മൊരുമുറിഞ്ഞൊരങ്ങോറംപയമേററു
കാററതിലകിനപാററകൾപോലെ
തെററെന്നവരികൾപാറീടുന്നു;
എട്ടുദിഗന്തരവട്ടംപൊരുതും
മുഷ്ക്കരിപുക്കടെകോട്ടകളെല്ലാം
തട്ടിനിരത്തിക്കെട്ടുകൾപലതും
മുട്ടിമുറിച്ചുടനിട്ടാലവയും
ചുട്ടുജയക്കൊടിനാട്ടിക്കാട്ടുകൾ
വെട്ടിമുറിച്ചുനാട്ടിൽവിളങ്ങിന
പുഷ്ടികളവരുടെവെട്ടിയടക്കി-
ച്ചുട്ടുംകെട്ടിന ശിപ്രൻനളനുടെ
വട്ടംകണ്ടവർക്കൂട്ടത്തോടെ
കെട്ടുംകെട്ടിക്കെട്ടിയപെണ്ണും
കട്ടികളും ചില ചട്ടികളും ചില
പെട്ടികളും ചില പൊട്ടിയകലവും
ചട്ടകവും ചില വട്ടികളും ചില
കൊട്ടകളെന്നിവകെട്ടിച്ചുററി
കാട്ടിൽപലവഴികാട്ടിൽനടന്നും
പട്ടികൾപോലെപട്ടിണിയിട്ടും
കഷ്ടമനർത്ഥപ്പെട്ടീടുന്നു;
അത്രപരാക്രമമുള്ളൊരുനളനാം
ധാത്രീപതികുലമകുടശിരോമണി!
തത്രമദനാവേശബന്ധംകൊണ്ടതി
മാത്രം പരവശനായി സരസിജ-
പത്രേ വീണു മയങ്ങീടുന്നു
ഗാത്രം പോയിമെലിഞ്ഞീടുന്നു
മാത്രം ക്ഷേമമെന്നതുമില്ലാ
ഗാത്രപകർന്നു നിഷധനരേന്ദ്രൻ
ധാത്രിയിലായി ശയനവുമിപ്പോൾ
രാത്രിയിലല്ല മുറക്കവുമില്ല
നേത്രജലങ്ങൾ പൊഴിഞ്ഞുവഴിഞ്ഞതു
ഗാത്രം മുഴുവൻ മുഴുകീടുന്നു;
നളിനാസനനുടെ വാഹനമാകിന
കളഹംസം ഞാനംബുജനയനേ!
പൊളിവചനങ്ങൾ പറഞ്ഞിട്ടില്ലേ
കളമൊഴിയാളേ കരുതുകിതെല്ലാം.

പരിചൊടരയനാം പറഞ്ഞമൊഴിയെല്ലാം
തരസാ ദമയന്തി ധരിച്ചു ഹൃദയത്തിൽ
നളിനമുഖനാകും നളനെ നിരൂപിച്ചു
വളർന്ന കാമരസം തളർന്ന ശരീരവും
ഗളിച്ചു കണ്ണുനീരിൽ കുളിച്ചു വഴിപോലെ
മുളച്ചുകുതൂഹലം ഇളച്ചു കളിയെല്ലാം
വിറച്ചു മുലരണ്ടും തറച്ചുമലർശരം
ഉറച്ചു പരിതാപമണച്ചു ക്ഷണനേരം
കയർത്തു മലരമ്പൻ വിയർത്തു മുഖമപ്പോൾ
നിറഞ്ഞലജ്ജയോടെ പറഞ്ഞു തുടങ്ങിനാൾ.

കനകമയോരഹമധുപാനം ചെ-
യ്തനവധി! സുഖമൊടു സുരലോകങ്ങളിൽ
സാനവരതം മരുവീടും നിന്നുടെ
കനിവുനിനച്ചുഹമുരചെയ്യുന്നേൻ
മനസിജസുന്ദരനാകിയ നളനെ-
മ്മനസികരേറിവസിച്ചീടുന്നു
മനുജശിരോമണിമാണിക്യം മമ
മനസിജതാപവുമുളവാക്കുന്നു;
നളനല്ലാതൊരു പുരുഷനിലെന്മന-
മിളകുന്നീലതു ബോധിച്ചാലും!
നളനുടെ ഗളമതിൽ മാലയിടുന്നതി-
നെളുതായൊരു വഴി നിരൂപിച്ചാലും
ജനകനിതിങ്കലിറങ്ങീലെങ്കിലു-
മിനിമറെറാരുവനിനിക്കിഹ വേണ്ടാ;
കനകം കോരിച്ചൊരിയുന്നവനെയു-
മനോഗം മമ മനമതിലില്ലാ
എന്നുടെ പ്രാണനുമവനുടെപ്രാണനു-
മിന്നാളുടങ്ങിയതൊന്നായുന്നു
സുന്ദരനാകിയ നളനെക്കാൺമാ-
നെന്നാ നമുക്കിഹ സംഗതിയുള്ളൂ?
സന്നപ്പുരിഷയിൽ മികവുള്ളവനേ!
നിന്നെയൊഴിഞ്ഞൊരു ഗതിയില്ലിഹമേ!
എന്നുടെ വാർത്തകളൊന്നൊഴിയാതെ
മന്നവർ മണിയോടറിയിച്ചാലും
എന്നൊക്കാൾ ഗുണമേറും തരുണികൾ
മന്നിൽ പലവിധമുണ്ടെന്നാലും

എന്നെ വെടിഞ്ഞിടരുതെ നാഥ പാരം–
ടിന്നുഭവാൻ ചെന്നരചപാദസ്ഥനം
ശരണം നീ മമ നളനെ വരുത്തി–
ത്തരണം വിരവൊടു മടിക്കരുതേ
മരണമിനിക്കു വരുത്തും മുൻപേ
വരണം നൃപതിവരണം ചെയ്വാൻ;
കരുമനപെരുകിന കാമക്കള്ളനു
കരളിലൊരല്പം കരുണയുമില്ല
നരപതി വിരവിൽ വരവില്ലെങ്കിൽ
മരണമനംഗനിനിക്കു വരുത്തും.

പദം.

കളഹംസകാരുണ്യരാശേ!
ലളിതാകൃതേ കളങ്കമെല്ലാമൊഴിക്കനീ
നളങ്കലെന്നെക്കൊടുക്കനീ
വിളംബിതത്തെക്കുറയ്ക്കനീ
തെളിഞ്ഞുനമ്മെത്തുണയ്ക്കനീ (കളഹംസ)
മനക്കുരുന്നുവെന്തുരുകീടുന്നു
നളനെത്തന്നെ നിനയ്ക്കമൂലം
മാൽപെരുകീടുന്ന പിരിഞ്ഞിരിപ്പാൻ
എനിക്കു ധൈര്യംപാരം നേർത്തിടുന്നു മനസി മമ
(കളഹംസ)
നിനച്ചതെല്ലാം വരുത്തുവാൻ
നിനക്കുപായം പെരുക്കയാൽ
നമിച്ചു നിന്നോടിരന്നു ഞാ–
നിനിച്ചിതം നീ വരുത്തുക (കളഹംസ)
അടുത്തുവന്നു നിന്നു കാമദേവൻ കുസുമബാണം
തൊടുത്തു കൊണ്ടാനെന്നു തോന്നുന്നു
അതിനെയിന്നു തടുത്തു നിൽത്താ–
നാളല്ല ഞാൻ പരമബന്ധോ! (കളഹംസ)
പടുതമമേറും നരേന്ദ്രനോ–
ടടുത്തിവണ്ണം പറഞ്ഞു നീ
അടുത്തനാളേയ്ക്കകംപരം
കടുത്തതാപം കുറയ്ക്കനീ (കളഹംസ)
നിറഞ്ഞകാന്തി കോലും കാന്തൻ തന്റെ
[രൂപസൌന്ദര്യം
പറഞ്ഞു കേട്ടതനന്തരം തന്നെ ഞാൻ കണ്ടതു
അറിഞ്ഞിതെല്ലാമിന്നു രാജഹംസമേ! [പോലെ
(കളഹംസ)

അവന്റെ ചിത്തം മറിഞ്ഞുപോവാ–
തറിഞ്ഞവണ്ണം തുണയ്ക്കനീ
പറഞ്ഞവാക്കിലൊരേടവും
കുറഞ്ഞുപോകാതുരയ്ക്കനീ
കളഹംസകാരുണ്യരാശേ! ലളിതാകൃതേ
കളങ്കമെല്ലാമൊഴിക്കനീ.

ഭീമാത്മജയുടെ വചനം കേട്ടതി
ധീമാനാമരയന്നം ചൊന്നാൻ;
ഭൂമിപതിവരനായ നളങ്കൽ
പ്രേമമുറച്ചോ! ശശധരവദനേ!
നിങ്കലുറപ്പുണ്ടെന്നതു വന്നാൽ
സങ്കടമഖിലമൊഴിക്കുന്നേൻ ഞാൻ
പങ്കജനയനേ! നളനരപാലനു
നിങ്കൽ കനിവിനു കുറവില്ലേതും
സ്ത്രീപുരുഷന്മാർക്കന്യോന്യം ഭുവി
രൂപഗുണങ്ങൾ തികഞ്ഞു വരുമ്പോൾ
സന്ധിപറഞ്ഞിഹ ചേർച്ച വരുത്തും
ബന്ധുക്കൾക്കൊരു ക്ലേശവുമില്ല;
നീറിലിരിക്കും വള്ളങ്ങൾക്കൊരു
കാററു കണക്കേ പിടിച്ചെന്നാകിൽ
തണ്ടുവലിക്കുന്നാളുകളെല്ലാം
മിണ്ടാതവിടെയിരുന്നാൽ പോരും
അമരക്കാരൻ തലതൊറാതെ
കിമപിസഹായം ചെയ്താൽകൊള്ളാം
ദമയന്തീനളയുഗളം ചേർപ്പാൻ
ശ്രമമിദമല്ലതുമിനിക്കു വിശേഷാൽ
ചുട്ടുപഴുപ്പിച്ചീടിന കനകം
കൂട്ടിവിളക്കാമെന്നു വരുമ്പോൾ
തട്ടാനരികിലിരുന്നതു തമ്മിൽ
കൂട്ടുകമാത്രം ചെയ്താൽ പോരും;
എന്നതുപോലേ ഞാനുമിതിങ്കൽ
സുന്ദരവദനേ പണിചെയ്യുന്നേൻ
ഇങ്ങിനെ നിന്നുടെ ഹൃദയമറിഞ്ഞാൽ
ചങ്ങാതിക്കിനിയില്ലൊരു വികൃതി
ഉത്തരമുരചെയ്തരയന്നം താൻ
സത്വരമങ്ങു പറന്നു തിരിച്ചു
ഉത്തമനാകിയ നളനുടെ മുമ്പിൽ
എത്തിക്കഥകൾ പറഞ്ഞറിയിച്ചു.

ചൊൽക്കൊണ്ടീടിന ഭീമനരാധിപ–
നക്കാലം നിജകന്യകതന്നുടെ

യോഗ്യമതായ സ്വയംവരഘോഷം
ഭാഗ്യഗുണനാത്മജനാരംഭിച്ചു;
പത്തുമൊരെട്ടും ദ്വീപുകളുള്ളോരു
ധാത്രിക്കാരകൾ വാണുവസിക്കും
ധാത്രീപതികൾക്കെല്ലാം വിരവോടു
പത്രികയെഴുതിയയച്ചു തുടങ്ങി;
നാരായണനുടെ കോവിൽ മുമ്പാം
നാരദമുനിയും പർവ്വതമുനിയും
പാരിടമഖിലം പുനരതുകാലം
പോരതിനിഞ്ഞു നടക്കും സമയേ
കടലിടതടവിനധരണിയിലെങ്ങും
പടയുടെനാമം കേൾപ്പാനില്ല
ഉടനെമുനിവരരിരുവരുമങ്ങിനെ
നെടുവീർപ്പിട്ടു തിരിച്ചു നടന്നു
ഇരുവരുതമ്മിൽ കലഹിക്കാഞ്ഞാൽ
ഒരുരസമെന്നതു നാരദനില്ല;
ഒരുവിധമേഷണികൂട്ടുവതിന്നൊരു
പെരുവഴി നോക്കിനടക്കുന്നേരം
സരസിജമുഖി ദമയന്തിനിമിത്തം
പരവശരാമിനിമന്നവരെല്ലാം
തരമിതുകൊള്ളാമിവിടെ വരുത്തി
സ്സുരപതിയെക്കൊണ്ടൊന്നമറിക്കാം
പലപലനൃപതികൾ തമ്മിൽ പെരുകിന
കലശലുമിവിടെ വരുത്തീടാം ഞാൻ
ഫലമിനിയവരുടെ ചരിതമിതെല്ലാം
വലരിപുതന്നോടറിയിക്കേണം
എന്നു മനസ്സിൽ കരുതി മുനിമാർ
ചെന്നു സുരേശ്വരനഗരം പുക്കു
ഇന്ദ്രനിരുന്നരുളുന്നൊരു സഭയിൽ
നന്ദികലർന്നെഴുനള്ളിമുനിമാർ
ഝടിതിസുരോത്തമനെഴുന്നേറ്റവരുടെ
അടിമലർ തൊഴുതുവണക്കത്തോടെ
അടിമലർപ്പൊടിനിജമുടിയിലണിഞ്ഞു
പടുതരപൂജകളുടനെ ചെയ്തു
കനകാസനമതിലവരെയിരുത്തി
കനിവോടുവിശറിയെടുത്തഥ വീശി
മുനിയുടെ വചസാ താനുമിരുന്നു
മനസിതെളിഞ്ഞുപറഞ്ഞു മഹേന്ദ്രൻ,

നിങ്ങളെയിവിടെക്കാണ്മാനധുനാ
സംഗതിവരുമെന്നോർത്തീലുള്ളും
ഞങ്ങടെ സുകൃതം കൊണ്ടിനിമേലിൽ
മംഗലമനവധി വരുമിഹനൂനം
കണ്ണുകളായിരമുള്ളതുമിപ്പോൾ
നിർണ്ണയമഖിലം സഫലമതായി
പൂർണ്ണാനന്ദം മനസി ഭവിച്ചു
കൂർണ്ണാനന്ദം പറകയുമല്ല;
നരകരിപുപദഭക്തന്മാരേ! ഞാ-
നന്ധാതകൊണ്ടൊന്നുരചെയ്യുന്നേൻ
നിന്തിരുവടിയോടു ചോദിച്ചെന്നാ-
ലന്തരമില്ലിതു ബോധിച്ചീടും
മന്നിലിരിക്കും മന്നവരിപ്പോ-
ളെന്നുടെനഗരേ വരുമാറില്ലാ;
മുന്നംപലരും ഭൂമിയിൽ നിന്നിഹ
വന്നു സുഖിച്ചു വസിപ്പാറുണ്ടു;
പെരുവഴിപോക്കരുടെ പാതമതായി
പെരുകിന സാധനസമ്പത്തുകളാൽ
ഒരുഫലമില്ലിനിമുക്കിതുകാലം
ഒരുവനമില്ലതുകൊണ്ടു സുഖിപ്പാൻ
നാഥം വളരെസ്സമ്പാദിച്ചു-
തന്നർത്ഥത്തിന്നൊരുപെരുവഴിയായി
നാർത്ഥികളൊരുവനുമിങ്ങുവരാഞ്ഞാൽ
വ്യർത്ഥമിതെന്തിനു രക്ഷിക്കുന്നു?
ദാനവരിപുതൻ തൃക്കാലാണെ
ദാനം ചെയ്വാൻ മടിയില്ലടിയനു
മാനിക്കാഗ്രഹമുണ്ടായാൽ ചില
ദാനം ചെയ്യുമിനിക്കതുമില്ല
മുങ്കമെടുത്തും പിഴചെയ്യിച്ചും
ശങ്കവെടിഞ്ഞു ഗൃഹങ്ങൾ കവർന്നും
വങ്കരമേൽമരുവുന്നജനത്തിനു
സങ്കടമന്നന്നുളവാക്കിച്ചും
കമ്പോളത്തിലിരിക്കുന്നവരോടു
വൻപുപറഞ്ഞുപിടിച്ചുപറിച്ചും
വമ്പെഴുതിച്ചും വിരൽമുക്കിച്ചും
മുമ്പിൽവരുത്തിപ്പണമൊപ്പിച്ചും
കല്യാണത്തിനുകൺമുനയിട്ടും
കല്ലൂൽവരുത്തിയതല്ലവയൊന്നും

കല്പകവൃക്ഷംതന്നിൽവിളഞ്ഞോരോ-
നല്ലധനങ്ങൾമുനീന്ദ്രന്മാരേ!
യജമാനന്നപിള്ളക്കണ്ടായാൽ
പ്രജകൾപൊറുപ്പാനെളുതല്ലേതും,
സ്വജനങ്ങൾക്കുകൊടുത്തതുകൊണ്ടും
സുജനങ്ങൾക്കിഹമതിയാകില്ല;
ക്രൂരുള്ളവരെവിളിച്ചുവരുത്തി
ചോറുകൊടുത്തുപുലത്തീടുകയും
വരുതിരിക്കയുമന്യജനത്തോ-
മാറീടുകയും ചിലവിദ്വാന്മാർ
പാടുകടന്നോരസൂയാദികളും
കേടുവരുന്നോക്കുനോവനായും
വിദ്യപഠിച്ചതുവിറ്റുഭുജിക്കയും
ഇട്ടിക്കകളിലൊരേടവുമില്ല
ആശ്രിതപാലകനിഹഞാനതുമിഹ
വിശ്രുതവിദ്വാന്മാൎക്കുംബോധം;
കാൎയ്യമശേഷംബോധിപ്പാനൊരു
കാൎയ്യക്കാരനെഞാൻകല്പിക്കും
വൈരമവങ്കലൊരുത്തനുമില്ലാ
വൈരികളവനെശ്ശങ്കിക്കേണം
ശേഷംപ്രജകളിലൊരുവനവനൊടു
ദൂഷണമുള്ളതുപറകയില്ലാ;
ഏഷണികൊണ്ടുദിനങ്ങൾകഴിക്കും
ദോഷജനങ്ങളുമില്ലിഹനാട്ടിൽ
ഏതാദൃശമുള്ളവിധങ്ങളിലൊന്നും
സുരലോകങ്ങളിലില്ലമുനീന്ദ്ര!
എന്നായിട്ടുസുഖിപ്പാനാളുകൾ
പോന്നുവരുന്നില്ലെന്തൊരുകഷ്ടം
പടയുടെനടുവിലണഞ്ഞുപിണങ്ങി
കടകം ഓതിരമെന്നിവപലതര-
മടവുകൾകൊണ്ടുതടുത്തുംവെട്ടി
ഝടിതികടുത്തുമുറിക്കുന്നേരം
തടികൾമുറിഞ്ഞും പൊടികളണിഞ്ഞവ-
രുടനേദേവകളായിവരുമ്പോൾ
മടവാർമണികളുമിന്നിഹഞാൻഞാ-
നിടണംമാലകഴുത്തിലിതെന്നോ-
ത്തുടലുകൾതമ്മിലിടഞ്ഞുതടഞ്ഞും
തടമുലയിണപുനരൊന്നുകുലുങ്ങും
ചൊട്ടപൊട്ടെമാലകൾപൊട്ടിയതിന്റെ
മുടികളഴിഞ്ഞുകിഴിഞ്ഞുമുതിൎന്ന
ചരിചൊട്ടവിശ്യമെഴുന്നൊരുപുരുഷരെ
വിരവിൽചെന്നുവരിച്ചുവരുന്നൊരു
വടിവുകളമ്പൊടുകണ്ടുരസിപ്പാ-
നടിയനുകണ്ണുകളിനിയുമൊരായിര-
മിടകൂട്ടുകിലേമതിയാവുള്ളു!
സമരമതിങ്കൽമരിച്ചുനരന്മാ-
രമരന്മാരാമുടനേതന്നെ
സമരവധുക്കൾക്കവരെവരിപ്പാ-
നമിതമൊരാഗ്രഹമുണ്ടുവിശേഷാൽ
പുരുപുരുഷന്മാരോടുരമിപ്പാൻ
മതിമുഖിമാൎക്കിഹകൌതുകമേറും
വൃദ്ധപുരുഷന്മാരായിപുരന്മാ-
രതുകൊണ്ടവരും ദുഃഖിക്കുന്നു;
നരുളിച്ചെയ്യുതുകേൾക്കണമെല്ലാം
കരളിലിനിക്കൊരുവെളിവില്ലേതും
പറഞ്ഞേപ്പോലെഞങ്ങടെലീലകൾ
കണ്ടുരസിക്കുന്നൊന്നില്ലാൎക്കും
മന്നിൽവസിക്കുംയജമാനന്മാ-
ൎക്കിന്നവതൊക്കെയുപേക്ഷതുടങ്ങി,
എന്നുടെകുറ്റമിതെങ്കിൽപലതടെ
മുന്നിലുടൻപരമാൎത്ഥംചെയ്യാം.
ഇന്ദ്രവചസ്സുകൾകേട്ടുമുനീന്ദ്രൻ
മന്ദസ്മിതമുഖനരുളിച്ചെയ്തു.
സകലസുധാശനമകുടമണേ! നീ
സകലമഹീതലചരിതംകേൾക്ക.
സകലവിദൎഭനരേന്ദ്രൻ ഭീമൻ
സുഖമൊടുനഗരേവാഴുംകാലം
സന്തതിയില്ലാഞ്ഞവനുമുഹുൎമ്മുഹു-
രന്തസ്താപംപെരുതായ്‌വന്നു,
സന്തതമോരോസൽകൃതിയുംചെ-
യ്തന്തണവരരെവണങ്ങിവസിച്ചു
ദമനമുനീശ്വരവരവചനത്താൽ
ദമനെന്നൊരുസുതനുളവായ്‌വന്നു
കമലശരാസനജയലക്ഷ്മിയതാം
ദമയന്തികുമാരിയുമുളവായി
ഈരേഴുലകിന്നുമവളെപ്പോലൊരു
നാരീമണിയെക്കാണ്മാനില്ലാ;

വാരിജശരനിന്നവിലമതാമെ
ധാരകളെന്നുംവാളെത്തീൎത്തു,
കുരിളുകൾകൊണ്ടവൾപൂരികുഴൽതീൎത്തു;
വാരിധിമറംകൊണ്ടക്ഷികൾതീൎത്തു
വാരിജസായകചാപംകൊണ്ടു
ചാരുതരമിഴിതൻപുരികംതീൎത്തു
കാമശരേണകടാക്ഷംതീൎത്തു
സോമനെയവളുടെവദനവുമാക്കി,
ബിംബഫലംകൊണ്ടധരംതീൎത്തു
കംബുവിനാൽഗളതലവുംതീൎത്തു
കനകപയോരുഹമുകുളംകൊണ്ടട-
നനുപമകുളുർമുലയുഗളംതീൎത്തു;
അരയാലിലകൊണ്ടുദരംതീൎത്തു
നവമാലികയാൽകരവുംതീൎത്തു
പുളിനംകൊണ്ടവൾജഘനംതീൎത്തു
നളിനംകൊണ്ടവൾതുടകൾ ചമച്ചു
മദനരസേനമനസ്സു ചമച്ചു
ചെമ്പകമൊട്ടിന്നിതളൊളികൊണ്ടട-
നിമ്പമൊടംഗപ്രഭയുംതീൎത്തു
രംഭതിലോത്തമയെന്നിവരെല്ലാം
കുമ്പിടുമവളെക്കാണുന്നേരം
ഇന്ദ്രാ നിന്നുടെവല്ലഭയാകും
ഇന്ദ്രാണിക്കമിളപ്പംതട്ടും;
കണ്ടജനങ്ങടെകണ്ണുംമനവും
വണ്ടാർകുഴലികവന്നീടുന്നു
ഏഴുസമുദ്രദ്വീപുകളധുനാ
വാഴുംനൃപതികളിവിടെവിശേഷം
ചാരന്മാരുപറഞ്ഞുധരിച്ചും
മാരശരാതുരമാനസരായി;
ദമയന്തിയുടെവിശേഷമതൊന്നേ
ദേശാദികളിൽകേൾപ്പാനുള്ളു
ഇങ്ങുലഭിക്കണമിങ്ങുലഭിക്കണ
മെന്നിഹസൎവ്വജനത്തിനുമാഗ്രഹം
എങ്ങുമൊരേടമടങ്ങിയിരിപ്പാ-
നംഗജനിപ്പോളവസരമില്ല;
വില്ലുവലിച്ചുകലച്ചുപിടിച്ചുവ-
നെല്ലാദിക്കിലുമോടീടുന്നു
അമ്പുകൾപോരാഞ്ഞിരവുംപകലും
ചെമ്പകബാണനുഴന്നീടുന്നു
ആയോധനകലഹാദികൾതങ്ങളിൽ
ആയതുമൊന്നിഹകേൾപ്പാനില്ല;
ആയതമിഴിയെനിനച്ചുനൃപന്മാർ
ആയുധവിദ്യകളൊക്കമറന്നു;
പടയെന്നുള്ളവിധങ്ങളിതൊന്നും
തടിയന്മാൎക്കുംസമ്മതമില്ല;
തടിയുടെഭംഗിവരുത്തിത്തന്നെ
മുടിവാനുള്ളൊരുചെറുവഴികൂട്ടി,
ചലമിഴിയാൾക്കമനസ്സിലിണങ്ങും
പലതരമോരോകോപ്പുകൾതീൎത്തും
എന്തൊരുവസ്തുവിലഭിലാഷംദമ-
യന്തിക്കുള്ളിലതറിവാനായി
സന്തതമാനംബാധിക്കാതെ
ബന്ധുജനങ്ങളെയാത്രയുമാക്കി;
ഒരുവനവൾക്കരത്തിനുചേരും
തരിവളതീൎപ്പിച്ചങ്ങിനെപാൎത്തു
ഗ്രന്ഥികളെബ്ബഹുമാനമവൾക്കു-
ണ്ടന്തരമില്ലെന്നറിയുംനേരം
ഗ്രന്ഥമഴിച്ചുപഠിച്ചുതുടങ്ങും
ചിന്തിച്ചൎത്ഥമുരച്ചുതുടങ്ങും
സാരമുള്ളവനിൽകൗതുകമെന്നാൽ
സരിഗമപധനിസ എന്നുതുടങ്ങും;
ആട്ടക്കാരിൽകനിവുണ്ടതുകേ-
ട്ടാട്ടവുമങ്ങുതുടങ്ങുംതാനും;
ചതുരംഗപ്പോരുള്ളൊരുപുരുഷൻ
ഹിതമെന്നിവിടെമനസ്സുണ്ടെങ്കിൽ
ചതുരംഗത്തിനുവിരുതുണ്ടാവാൻ
കൊതിയനിരുന്നുപ്രയത്നംചെയ്യും;
മാലയിലാഗ്രഹമെന്നതുകേട്ടാൽ
മാലകൾതീൎത്തുകൊടുക്കമൊരുത്തൻ
നാലുദിഗന്തരവാസികളാംക്ഷിതി-
പാലന്മാരുടെതൊഴിലീവണ്ണം.
സംഗരമെന്നതുഭൂമിയിലെങ്ങും
സംഗതിവരുവാനിനിയെളുതല്ല
എട്ടുകുംതലയിൽ പുലിവീണാലും
പൊഴകോടാലിവച്ചെന്നാലും
പിഴയുള്ളവനെക്കണ്ടെന്നാലും

വഴിയിൽവിരോധംചെയ്യുന്നാലും
നാടൊരുദിക്കുതകൎത്തന്നാലും
വാടയിടിച്ചുമുടിച്ചെന്നാലും
മൂഢന്മാൎക്കാരിളക്കവുമില്ല
കൂടലരോടുപിണക്കവുമില്ല
പാൎത്ഥലവാസികളാകിയനൃപരുടെ
വാൎത്തകളെല്ലാമങ്ങിനെതന്നെ
ധൂൎത്തനതാകിയമദനൻതന്നുടെ
കൂൎത്തശരംകൊണ്ടാതുരരായി;
മതിമുഖിമാരിലുമതിപടുവാകിയ
മതിമുഖിമാരുടെമടിയിലിരിപ്പാൻ
മതിയാംവണ്ണംപുണ്യംചെയ്തൊരു
മതിമാനുണ്ടൊരുദിക്കിലിദാനീം
വിശ്വത്തിങ്കലൊരേടത്തുണ്ടു്
ഈശ്വരനറിയാമാരെന്നുള്ളതു
വാസ്തുമാട്ടതുമെന്തിനിദാനീം
വൈശ്യകൾവൃത്തിനമുക്കറിയേണ്ടാ
യുദ്ധംകാണ്മാൻവകയില്ലാഞ്ഞു
ബുദ്ധിക്കൊരുതെളിവില്ലിഹയിപ്പോൾ
ഉദ്ധതമാകിനദേവാസുരമാം
യുദ്ധമിദാനീമുണ്ടായ്വരുമോ?
എന്നതുകേട്ടുസുരേന്ദ്രൻചൊന്നാൻ
എന്നോടുമുനിയതുദ്ദേശിക്കേണ്ടാ
എന്നുടെയനുജൻകമലാകാന്തൻ
തന്നുടെഘോരസുദൎശനചക്രം
നിന്നമരാപുരിരക്ഷിക്കുമ്പോൾ
എന്നുംദാനവർവരികയുമില്ല
നമ്മുടെവജ്രംനിഷ്ഫലമാക്കി
അംബുജലോചനനെന്നുടെസഹജൻ
ചണ്ഡമതാകിനകോദണ്ഡംമമ
മണ്ഡനമാക്കിമേഘങ്ങൾക്കു
ദേവാസുരരണമില്ലമുനീന്ദ്ര!
കേവലമതുമമമോഹിക്കേണ്ടാ
ദേവാധിപനുടെവചനംകേട്ടു
ദേവമുനീന്ദ്രൻ പുനരരുൾചെയ്തു
ഇങ്ങു ഗ്രഹപ്പിഴയുള്ളൊരുകാലം
നിങ്ങടെ കുററമതല്ല സുരേന്ദ്ര!
ഞങ്ങളിദാനീം പോകുന്നു തവ
മംഗലമസ്തു! സമീഹിതമസ്തു!
നാരദപൎവ്വതരേവംചൊല്ലി
ധീരതയോടു ഗമിച്ചൊരുശേഷം
സ്വൎപ്പതിയാകിയ വാസവനുടനെ
ദിക്പതിമാരെ വിളിച്ചരുൾചെയ്തു
ഭീമാത്മജയുടെ കല്യാണത്തെ-
ക്കാൺമാനഭിരുചി നിങ്ങൾക്കുണ്ടോ
നാമിനിയവിടെച്ചെല്ലുന്നേരം
കാമിനിനമ്മെ വരിക്കില്ലല്ലി?
എന്നതുകേട്ടുടനഗ്നിയുമിളകി
പിന്നെക്കാലനുമൊന്നുപകൎന്നു;
തരുണീമണിയെക്കേട്ടതുനേരം
വരുണൻ വിരുണൻ മുമ്പിൽനടന്നു
ധനദനുപോവതിനാഗ്രഹമുണ്ടു
ധനിവിട്ടേച്ചു ഗമിപ്പാൻമേലാ
പവനനൊരിക്കലുമവസരമില്ല
ഭുവനതലത്തിൽ നടക്കനിമിത്തം
ദനുജന്മാരിൽ ചേരുകയില്ല
മനുജന്മാരിതി നിരൃതിയടങ്ങി,
ഗിരിമകൾതന്നെശ്ശങ്കിച്ചിട്ടു
ഗിരിശനുമങ്ങു പുറപ്പെട്ടില്ലാ;
ഇന്ദ്രനുമഗ്നിയുമന്തകനപ്പതി
നന്ദികലൎന്നവർ നാൽവരുമുടനേ
ഒന്നിച്ചുനവധി കൌതുകമോടെ
മന്ദമിറങ്ങി നടന്നുതുടങ്ങി
ഉൎവ്വശിമേനകരംഭതിലോത്തമ
സൎവ്വസുരാംഗനമാരതുനേരം
പൎവ്വതശാസനഗമനംകണ്ടവർ
ദുൎവ്വചനങ്ങൾ പറഞ്ഞുതുടങ്ങി:
സുരപതി പിതൃപതി ജലപതി വഹ്നിയു-
മൊരുനരതരുണിയിലാഗ്രഹമോടേ
തെരുതെരെയങ്ങു തിരിച്ചതുകാൺമാൻ
വരുവിൻ വരുവിൻ സുരനാരികളേ!
വിണ്ണവർനാട്ടിൽ തരമായിട്ടൊരു
പെണ്ണില്ലാഞ്ഞവരങ്ങുഗമിച്ചു
തന്നുടെ നാട്ടിലെയംഗനമാരെ
ച്ചെങ്ങാതിക്കു തരംദപാരഞ്ഞി-
ട്ടങ്ങൊരുദിക്കിൽ ചെന്നൊരു പെണ്ണിനെ

ഇപ്പാരമത്താനമെന്നാരവാരം;
ഇന്ദ്രനവിടെ വന്നിരിക്കുമ്പോൾ
ഇന്നുമുഴങ്ങിയ ഭേരിനാദം
സുരനാരീജനമൗനഭൃത്യാവിലഭിതമായ
മന്നവരില്ലാത്ത ഗായികൾകൊണ്ടു-
മനോഹരിണങ്ങളെയെല്ലാമൊത്താൽ
ഇന്നിതിനൊട്ടും പൊരുതിയില്ല;
മൂന്നാംലോകമവരിങ്ങനെയുള്ള
മാരാവേന്തിന കൂടെപ്പായി?
കാറാർകുഴലിയൊരുത്തിയുള്ള
തെന്നൊന്നവളിതിലാരെവരിപ്പു?
മാറാവളതുകേട്ടൊന്നാരതെ യ്ക്കു;
കാറാംവരുമവർ കേട്ടെന്നാകിൽ
മുറ്റംമനസിയ സൂയമുഴുത്തി-
ട്ടുറവരെക്കൊണ്ടിതുപറയുമ്പോൾ
നാറാംവിട്ടന്യാമരനാരികൾ
തെറ്റെന്നങ്ങുപറഞ്ഞു തുടങ്ങി;
നാരദമുനിയുടെ കപടത്തൊഴിലുക-
ളാരറിയാത്തതു ബോധിച്ചുള്ളിൽ
ദേവരെന്നൊത്തുതിരിച്ചുനടന്നു;
ധീരതയുള്ളിലവർക്കില്ലെന്നതു
പാരാതിന്നതികച്ചുരചെയ്യാം.
കാണാമുടനേ നമ്മുടെയാളുകൾ
എണ്ണാപാംഗിയെ ലഭിയാഞ്ഞിട്ടു
വീണായഃനെ മുഷിവുംചൊല്ലി
നാണംകെട്ടു തിരിച്ചുവരുന്നതു
എണവിലോചനയായ തിലോത്തമ
നാണമിളച്ചുവളരെചെയ്കപ്പോൾ
നല്ലൊരു തരുണികൾ നമ്മുടെനാട്ടിലു-
മില്ലാഞ്ഞിട്ടവർ ദണ്ഡിക്കുന്നു
യജമാനന്മാരെന്തിനുപോയി
നിജ ദൂതന്മാരില്ലാഞ്ഞിട്ടോ!
മാനക്കേടുവരുത്തിക്കൊൾവാൻ
താനേചെന്നേ മതിയാവുള്ളൂ
മാനവാധീശന്മാരിൽവിശേഷ-
ജ്ഞാനമതുള്ളവനവളെ ലഭിക്കും
വാനോക്കീശൻ മുതലായുള്ളവർ
മാനമുപേക്ഷിച്ചിങ്ങുഗമിക്കും

ഇങ്ങനെയൊരുവിധമമരസ്ത്രീകടെ
തിങ്ങിനപരിഹാസങ്ങൾഭവിച്ചു
അങ്ങൊരുകാലം ഭീമനരേന്ദ്രൻ
മംഗലസമയമടുത്തൊരുസമയേ
നളനൃപതിക്കൊരു കുറിയെഴുതി
തെളിവോടു ദൂതനെയാത്രയുമാക്കി
നളപുരത്തിൽ ചെന്നഥ ദൂതൻ
നളനൃപനങ്ങിക്കുറിയുംനൽകി
നാരീരത്നത്തൊരു മേനവനപ്പോൾ
കുറിയിലെ വാചകമങ്ങറിയിച്ചു
ഭീമനൃപനെഴുതിയ വടിവിതു
ക്ഷേമകുശലശബ്ദനറിയണമെന്നാൽ—
ധനുമാസം പതിനാറാംതീയതി
ശനിവാരത്തെ മകരംരാശി
നമ്മുടെമകൾ ദമയന്തിയതാകിയ
കന്യകതന്റെ വിവാഹമുഹൂർത്തം
അതിനുപോന്നും മന്ത്രികൾനാലും
ചതുരംഗിണിയാം സേനയുമായി
നിഷധപതേ! പതിനഞ്ചാംതീയതി
ഉഷസികുളിപ്പാനിവിടെ വരേണം
ശേഷമവസ്ഥകളെല്ലാം നമ്മുടെ
ദൂതൻപറയുമിതേവമെഴുത്തു്.
വാചകമിങ്ങനെ കേട്ടനരേന്ദ്രൻ
വാഞ്ഛിതമഖിലംവരുമെന്നായി
ദൂതനുപട്ടുംവളയുംനൽകി
പ്രീതിവരുത്തിയയച്ചുപുരത്തിൽ;
കളമൊഴിയാളെക്കാണാമെന്നഥ
വളരെമനസ്സിൽ കൌതുകമോടെ
നളനരപാലൻ തെളിവൊടുചെന്നു
കുളിയുംഭക്ഷണമാശുകഴിച്ചു
പുരുഷാരത്തെ വരുത്താനായൊരു
പുരുഷനെനിഷധനരേന്ദ്രനയച്ചു
പരിചൊടു പെരുകിന നായന്മാർ വർ
പുരമതിൽവന്നുനിറഞ്ഞൊരുസമയേ

ഭടജനമുടനിളകിന മദമൊടുപടുതരവരവു തുടങ്ങി
കടലിടെ നടുതടമുടനിടിപൊടിപൊടികൾ പറന്നുതുടങ്ങി

തെളിവൊടു പലവാളുകൾ കൈത്തോക്കുകൾ
വില്ലുകൾ ശൂലം
വെളുവെള വിലസുന്ന കുന്തിലശക്തികൾ
പട്ടിശ്ശവാണം
തടികൾ പലപരശ്ശുമുസലങ്ങികൾ വില്ലുകൾ
ചുരികകൾകുന്തം
പരിഘകൾ ഗുരുപരിഘം തോമരപട്ടസ-
മിട്ടികൾ ചോള-
ച്ചുരികകൾ എമതാടകൾ വെൺമഴു കത്തികൾ
കവചകൾമാവം
പെരുകിനപലകാളംതോക്കുകൾ ചക്രവ്യൂ-
മുൽക്കടകുന്തം
ഉടവാളുകൾ പടവാളുകളിവയൊടുവാളുകളിവ
പലതും
പരയാളികൾ വടിവോടായു പിടിച്ചുവരവിടെ
നിറഞ്ഞു
നളനൃപന്റെ പുരമതിൽ വിരവൊടു പെരുകിന
പുരുഷസമൂഹം
കുളകളമൊടുപലതരമൊരുവക മന്ത്രികൾ
മാടമ്പികളും
പലപല കൊലയാനകൾഛത്രികൾതേരുകൾ
കാലാളുകളും
പലതരമണിചാമരഛത്രങ്ങൾ [illegible]
വെള്ളക്കൊടിയും
പരിചൊടുപലനായന്മാരവർ [illegible]
[illegible]
നരവരപുരസീമനി [illegible] തുടങ്ങി:

കണ്ടിനനരപതി [illegible] മകളാം
പെണ്ണിനെ വേൾപ്പാനെഴുന്നള്ളുന്നു
നമ്മുടെ സ്വാമി ജഗത്ത്രയവീരൻ
സമ്മതമായിതു നായന്മാരേ!
പെരിയപടജ്ജനസഞ്ചയമാനസ-
മറിയണമെന്നിട്ടുരചെയ്യുന്ന
തെവന്റസമ്മതമല്ലെന്നാലതു
ശരിയേ കേൾക്കണമെന്നരുൾചെയ്തു
തിരുവടിയുടെ കല്പനയെന്നാ-
ലൊന്നിനുമൊരുവനു സംശയമില്ലാ;
മന്ത്രികളൊന്നിനുമുതിരുംനേര-
[illegible]മുടിപ്പാൻനോക്കം

തങ്ങടെകാര്യംനോക്കിനടക്കും
ചങ്ങാതികൾ പലരുണ്ടിഹ [illegible]ത്തിൽ
ഇങ്ങൊരുകൂട്ടം വന്നുരചെയ്യും
അങ്ങുരചെയ്യും മറ്റൊരുകൂട്ടം
ഇരുവരുതമ്മിൽ കടിപിടികൂട്ടി
പരിചൊടുകണ്ടുരസിക്കു [illegible]
കരളപറഞ്ഞു നടക്കുമൊരുത്തൻ
പരിഹാസങ്ങൾ നടത്തുമൊരുത്തൻ;
ചോറുകൊടുത്തൊരു [illegible]
ന്നോരും പലവിധമേറിവരുന്നു;
തോണികടന്നാൽ [illegible]
നാണയമുണ്ടതുപോലെ [illegible]
ആണിനു ചേരുമവസ്ഥകളല്ലേ
കാണുന്നു ചില വസ്തു [illegible]
സന്ധിച്ചവനെത്തന്നൊ [illegible]
ബന്ധിപ്പാനൊരു മടിയില്ലേതും
ബന്ധുതചെയ്യും മതിമാന്മാർ [illegible]-
പന്തിപിണപ്പാൻ വഴിയില്ലേതും;
പടയെന്നുള്ളതു കേൾ [illegible]
പടലിൽചാടിയൊളി [illegible]
ഇടയില്ലാഞ്ഞൊരു [illegible]
തടിയന്മാരവരെ [illegible]
മറുനാട്ടിന്നു ഗമിക്കുംനേരം
കാവുവരാതെയിരിപ്പാനിവരെ
പറയുന്നു,ഞാനെന്നുടെ [illegible]-
ളറിവുള്ളാളുകളറിയുമശേഷം
വൻപുപെരുത്ത കരക്കാരെല്ലാം
മുമ്പിലകമ്പടി കൂടിടേണം
കൊമ്പുംകുഴലും തകിലും [illegible]
വൻപടഹങ്ങളുമനവധി [illegible].

കരങ്ങൾവീശി [illegible]
മരങ്ങൾചുമപ്പാനോ [illegible]
കരത്തിലായുധങ്ങൾ [illegible]
ഗുരുത്വമില്ലാത്ത നീ [illegible] വരുന്നാകിൽ
അടിച്ചുചെപ്പുരണ്ടും പൊടിച്ചു [illegible]
കുടിച്ചു ബോധമില്ലാതടിച്ചു [illegible]
കുന്തിലയും തോക്കും കൊടുത്തു [illegible] നീ
[illegible] നാളിലതു [illegible] മേടിച്ചേക്കാം;

ഭേദം പറയാതെ നേരെ ഞങ്ങളോടു
മിഥ്യ പറഞ്ഞെന്നാലൊരു ഫലം തനിക്കില്ല
കല്പ്പുസഞ്ചികളിൽ കാല്പ്പറിച്ചുടൻ
കരതാരുകയിലന്തരം വച്ചു പിടിച്ചുംകൊ-
ണ്ടുറച്ചു തൂക്കിത്തൂക്കി വിറച്ചുവരുന്നൊരു
നരച്ചകിഴവനെ താച്ചു മാറ്റുവാനും!
ഞങ്ങളാരും തമ്മിൽ പിണങ്ങിത്തുടങ്ങല്ലേ
പണത്തെക്കൊതിക്കരുതു ഗുണത്തെത്യജിക്കരുതല്ല
സ്വയംവരത്തിൽ ചെന്നങ്ങലങ്കരിച്ചെന്നാ-
കിൽ
മയംവരത്തുവാൻ ഞാൻ മടിയെന്നറിഞ്ഞാലും
കോയിക്കൽ ചെല്ലുന്നേരം വായിൽ കൈപൊത
ല്ലണം
ഭാവിക്കാതിരുന്നെന്നാൽ സേവയ്ക്കും മതിയല്ലാ.
അവിടെവരും ചിലയജമാനന്മാ-
രവരെപ്പരിചൊടു ശങ്കിക്കേണം
അവസരമറിയാതവരോടൊരുവക
മവതാളങ്ങൾ തുടങ്ങീടൊല്ലാ;
ഗണിതക്കാരും കവിതക്കാരും
ഗണികാജനവും വൈദ്യന്മാരും
മണികാരന്മാരെന്നു തുടങ്ങി
ഗുണമുള്ളാളുകൾ വന്നേ വരുമ്പോൾ
നമ്മുടെയാളുകളൊന്നിച്ചാദരശി
സമ്മുഖമവിടെച്ചാർത്തിടേണം
നന്നിവരെന്നു വനജനത്തിനു
തോന്നിക്കേണം നായന്മാരേ
പട്ടും മുണ്ടും പണവും പുടവ-
ക്കെട്ടും പലവിധമവിടെക്കണ്ടാൽ
ഒട്ടുംകൊതിയതിലുണ്ടാകൊല്ല
കിട്ടുന്നതിലേ മോഹമിതാവൂ
കട്ടനടക്കത്തിരുവാളികളുടെ
ചട്ടമതിൽ ചിലരറിയുന്നില്ല!
കൂട്ടക്കാർ ചിലരതിനു തുനിഞ്ഞാൽ
കിട്ടും വെട്ടു് ബോധിച്ചാലും
ഒരുവൻ ചെന്നൊരുവേഷം കാട്ടി-
ട്ടരചനറിഞ്ഞു പിടിച്ചു മറിഞ്ഞാൽ
ചിരപാട്ടുവിന്റെ വരുത്തിക്കാർവാൻ
[illegible]കില്ല;

മനമതിൽ നല്ലൊരടക്കം വേണം
കനിവൊടു ചെന്നിരിക്കണം വേണം
ധനികളിലവിടെ വണക്കം വേണം
കനിവൊടു തമ്മിലിണക്കം വേണം
സരസതവേണം ധീരതവേണം
തരസാ സമയോചിതവും വേണം
കളമൊഴിമാരെ വശത്താക്കീടുന്നൊരു
കളിചിരിജല്പതുടങ്ങുന്നവരെ
കളയാൻ കാവില്ലെന്നുമരിക-
ളയിലിരിക്കുന്നോരെന്നുമറിവിൻ?
ഇങ്ങനെയോരോ കല്പനയുരചെ-
യ്തരുളി നടന്നു തുടങ്ങിയനേരം
തിങ്ങിനപടയും പരിചൊടു താളെവ-
ന്നങ്ങിനിരന്നുവരുന്നൊരു സമയേ.
നളനൃപനുടനേ പാർശ്വതികളുകാൽ
വളതളകടകമണിഞ്ഞു തദാ,
തെളിവൊടു വലിയൊരു കരിവരന്റെ
ഗളതലമേറി നലമിയലൊളി,
കുടകൊടി തഴ പൺചാമരികൾകെട്ടി
പടഹങ്ങൾകിടുമുടി തുടിമുരങ്ങൾ
ഇടിയൊടു പടപൊരുതടിമുഴക്കി
പൊടുപൊടെ ചെടികുരുമുടയിടയിൽ
പടജനപടലവുമിടകലരുകളും
നടവിടപടചടരടികളും
തടമുലതടവിനതരുണികളും
മദമലരടയൊരു പരിമളവും
നടകളിലിളകിനകരിഘടയും
പടകളെ കലശലും നിലവിളിയും
പടുതരവടിവുകളിവ പലതും
ഇടതിങ്ങിപ്പുറപ്പെട്ടു നടനംചെയ്തു
ജയജയ! നരവരനളനൃപതേ!
ജയജയ! വിഹരണചതുരമതേ!
ജയജയ! ഗുരുതരഗുണനൃപതേ!
ജയജയ! കരിവരനിരസഗതേ!
ഇങ്ങനെ പാടിസ്തുതിചെയ്യുന്നൊരു
മംഗികളന്നൊരു വിപ്രന്മാരിട-
തിങ്ങിനപടയൊടുകൂടി നരേന്ദ്രൻ
[illegible]

സുരപതിവരുണയമാനലനിവരു-
മൊരുമിച്ചവിടെ ക്ഷിതിയിലിറങ്ങി
കരളിൽപെരുകിന കപടതയോടെ
രസതേമ്മിലുറച്ചു തുടങ്ങി
ഭുവനമനോഹരസുന്ദരവരനാ-
മിവനെക്കന്യകകണ്ടെന്നാകിൽ
മിവനെത്തന്നെവരിക്കയുമുള്ളൂ
ശിവശിവ! കണ്ടാലെത്രമനോജ്ഞൻ!
എന്തുപ്രകാരംനിരുപിച്ചാലും
വണ്ടാർമിഴിയെ നമുക്കിഹ വരുവണ്ടോ
കണ്ടാലഴകുള്ളിവനെവരിച്ചാ-
ലുണ്ടോപിന്നെനമുക്കവരുന്നു?
പ്രണയിനിയിവനെ വരിച്ചില്ലെങ്കിൽ
ഗുണമറിയാത്തവളവളെന്നുവരും
ഗുണമറിയാത്തനിതംബിനിമാരും
ഗുണവും സമമെന്നെന്നുടെപക്ഷം,
അതുകൊണ്ടിവിടെവിചാരിക്കുമ്പോൾ
ചതികൊണ്ടിവനെയെന്നുമകറ്റാം
അതിനുപദേശം ഞാനുരചെയ്യാം
മതിമുഖിയാളെക്കാട്ടരുതിവനെ
ദൂതുചെയ്യാനവനെയയയ്ക്കുന്ന-
മേതുമതിന്നൊരു സംശയമില്ല,
കാതരമിഴിയെ ലഭിക്കണമെന്നാൽ
കൈതവമൊട്ടു തുടങ്ങണമിവരും
പഞ്ചശരോപമനാം നളഭൂപനെ
വഞ്ചിപ്പതിനവർനാലരുമുടനേ
നെഞ്ചിലുറച്ചു നരേന്ദ്രാഗമനം
കിഞ്ചിൽ പാർത്തു വസിക്കുംനേരം
തുരഗംപടയും കുടയും തഴയും
പരിചൊടുപെരുവഴിതന്നിലിറങ്ങി
കളവുമനസ്സിൽ കരുതിനദേവകൾ
തെളിവിൽച്ചെന്നവർ മന്നിലിറങ്ങി
ദിവ്യന്മാരെക്കണ്ടതുനേരം
ഭവ്യനതാകിനനളനരപാലൻ
കരിവരഗളമതിൽ നിന്നു നിതാന്തം
ത്വരിതമിറങ്ങിച്ചെന്നുവണങ്ങി;
അരുളിച്ചെയ്തുസുരവരരപ്പോൾ
നരവരപുംഗവനളനല്ലേനീ?
പെരുവഴിമദ്ധ്യേനിന്നെക്കണ്ടു
പരിചൊടുഞങ്ങടെഭാഗ്യം തന്നെ
ഒരുകാര്യം ഞാൻ നിന്നൊടിരന്നാൽ
തരുവതിനെന്തുമടിനളനരപാല!
വിരവൊടുതരണം മടികൂടാതെ
അതുതന്നാകിലതും കേൾക്കേണം
കളവും ചതിയുമറിഞ്ഞിടാത്തൊരു
നളനരപാലൻ തൊഴുതുരചെയ്തു.

അടിയനു നിങ്ങടെ കല്പനകേൾപ്പാൻ,
മടിയില്ലറിയണമമരന്മാരേ!
തിരുമനതാരിൽനിനച്ചതുപോലി-
ന്നരുളിച്ചെയ്യാനെന്തുവിവാദം?
വാനവരാകിയ നിങ്ങൾക്കെന്തിഹ
മാനവനാകിയ ഞാനതുകണ്ടു?
ദാനംചെയ്യാൻ മതിയായെങ്കിൽ
മാനം ചെയ്യാൻ മടിയില്ലടിയനു.

ക്ഷിതിപതിവചനം കേട്ടുതെളിഞ്ഞു
ചതികരുതീടിനദേവശ്രേഷ്ഠൻ;
മതിമുഖിയാം ദമയന്തിയിലധികം
പ്രതിദിനമാശവളർന്നീടുന്നു.
അതുകാരണമിഹഞങ്ങളിദാനീം
ക്ഷിതിയിലിറങ്ങിനടന്നീടുന്നു
അതിയായിട്ടു പ്രയത്നം ചെയ്വാൻ
മതിയായിട്ടൊരുപായവുമില്ല
ആതുരരാകിയ ഞങ്ങടെ വചസാ
ദൂതുപറഞ്ഞാശ്ശാതോദരിയുടെ
ചേതസിഞങ്ങളിലനുരാഗംപെരി-
ചൊടവിളംബിതമുളവാക്കണം
നാലുജനങ്ങളിലൊരുവനെയിന്നവൾ
മാലയിടേണം മടികൂടാതെ
നീലക്കാർകുഴലാളോടിതെല്ലാം
ചാലേചെന്നുപറഞ്ഞീടുകനീ.
വലരിപുവചനം കേട്ടു നരേന്ദ്രൻ
വലിയവിഷാദം പൂണ്ടുരചെയ്തു:—

മട്ടലർമിഴിയെ വിവാഹം ചെയ്യാ-
നടിയനുമധുനാവിടകൊള്ളുന്നോൻ;
പന്തണിമുലയാളാമവളെന്നെ
ച്ചിന്തയിലാക്കിവരിച്ചിതുപോലും

കാന്തനിവിടെ [illegible] ഞൊന്നും
കാന്തനി [illegible] വാകും
[illegible]
[illegible];
[illegible] പറഞ്ഞിഹ
[illegible]
[illegible] ച്ചാൽ
[illegible]
[illegible] സ്യം
[illegible]!
മതിമു [illegible]
മതിമുഖിത [illegible] ചെല്ല
അതിനിടയിൽ [illegible] കാവൽക്കാര
ണ്ടതിയായി [illegible] ൻ
അവരിൽ [illegible] ചൊല്ലാതെ
അവിടെ [illegible] വിഷമം
കണ്ണുകളടി [illegible]
ക്രൂടിവ [illegible] ാൽ
വെട്ടെന്നവിടെ [illegible] ന്നൊരു
മട്ടോൽമൊഴിമാരാടിയൊളികം:
വൈരസ്യം [illegible] പുരുഷനെ
സാരസ്യത്തിന കാണുന്നതും;
[illegible] വൈരമവർക്കു [illegible] തിരു;
കാവൽക്കാരിയാ [illegible]
കേവലമവളുടെ [illegible] ചെല്ലും
എന്നാലും [illegible] ദോഷം
ഇന്ദ്രാദികളു [illegible] ന്നെന്നും
കളമൊഴിയാളെക്കാണാനൊര-
ത്തിളകിപ്പോന്നൊരു മാനസമെല്ലാം
നളനെന്നുള്ളതുമവർബോധിച്ചാൽ
തെളിവൊടുമാലയുമിട്ടവളെന്നെ
എന്നെത്തന്നെവാഴ്ത്തുകയല്ലെ-
ന്നിന്നുകനിഞ്ഞൊത്തരുളീടേണം
ഇന്നിവപലപലദുർഘടമുണ്ട്
എന്നതുകൊണ്ടുപറഞ്ഞീടുന്നു
ഇന്ദ്രാദ്യരുകളിലൊരുവനെവിട്ടവാ-
നതാഹിക്കരുതമരന്മാരെ!

വത്സലയാമവൾനിങ്ങൾനിനച്ചും-
ലു [illegible]
വിണ്ണവർ പരന്തുടകടുതനേരം
കണ്ണുകളായിരമൊന്നു ചുവന്നു
ദന്തുകരത്തിലെടുത്തുളയന്നും
തിണ്ണംവാണൊരുമൊന്നുകൊണ്ടെ
[illegible] ജപിച്ചു തുടങ്ങി
[illegible] കണ്ണുകളെ [illegible] ച്ചു
[illegible] രപ്പോൾ
[illegible] തുടങ്ങി;
[illegible] ചൊന്നൊരു
[illegible]
കടിമതമ [illegible] ച്ചൊരു
[illegible] പറഞ്ഞു [illegible] ഞ്ഞു;
ഭസാമകുലത്തിൽപിറവിലഭിച്ചൊരു
ഭൂമിപതിക്കിഹപൊളിപറയാമോ!
ഭീമാത്മജയാംകന്യകതന്നിൽ
ദപ്രേമംകൊണ്ടുപറഞ്ഞതിതെല്ലാം
സാധിപ്പിക്കാമെന്നു പറഞ്ഞു
ദബാധിച്ചപ്പോളിളതല്ലെന്നും
ഒരുനാഴികയുടെയിടയിൽപലവാ-
ക്കരചെയ്യുന്നതുചിതമോ! മൂഢാ!
തിരിയാത്തൊരുകൾഞങ്ങളിതെന്നോർ
പരിഹാസത്തിനു നീ തുനിയുന്നു;
മര്യാദയ്ക്കൊരുനീക്കംവന്നാൽ
ഇനിയാനീയിബ്‌ഭൂമിയിലെങ്ങും
സുന്ദരനാകിയനമ്മെക്കണ്ടാൽ
സുന്ദരിവന്നിഹമടിയിൽകേറും
എന്നിവകണ്ടുജളതപറവാൻ
എന്നുപഠിച്ചെടാ മനുജകിശോര!
നളനെന്നല്ലനിനക്കിനിനാമം
ജളനെന്നുള്ളതുബോധിച്ചാലും
കളവുംപൊളിയുംതെളിവുമിതെല്ലാം
അളവില്ലാതെമനസ്സിലുറച്ചു
മേനിപറഞ്ഞാൽമറവുള്ളവർബുദ്ധ്യാ
മാനിച്ചീടുമതെന്നൊരുപക്ഷം
നീയാരെന്നുഞാനാരെന്നും
താനറിയാത്തവനെത്രകബുദ്ധി

തന്നത്താനറിയുന്നതിനെക്കാൾ
പിന്നെവിശേഷിച്ചൊരുഗുണമില്ലാ?
നിന്നുടെ വൃത്തികൾ ഞാനറിയുന്നു
എന്നുടെവൃത്തികൾ നീയറിവീലാ
ധർമ്മികനാകിയധരണീപതിക്കിഹ
ധർമ്മത്തിന്നൊരുനീക്കം വന്നാൽ
കർമ്മികളാകിയവിപ്രന്മാരുടെ
കർമ്മത്തിന്നും കുറവുവരികയും.
കണ്ണുകൾരണ്ടുമുരുട്ടിമിഴിച്ചു
ദണ്ഡുംകയ്യിലെടുത്തുപിടിച്ചു
ചണ്ഡമതാകിനമീശവിറച്ചു
ദണ്ഡധരൻയമനരുളിച്ചെയ്തു;
എന്തുപറഞ്ഞെടമനുജപ്പുഴുവേ
ബന്ധുതചെയ്യാനെളുതല്ലെന്നോ?
അന്തകനാകിയനമ്മുടെവാർത്തകൾ
ചിന്തിക്കാതെപറഞ്ഞിടുകയോ
ചെമ്പുകിടാരംചുട്ടുപഴുപ്പി-
ച്ചമ്പൊടുചോരനെയ്യുതിളപ്പി-
ച്ചമ്പൊടുലക്ഷംകിങ്കരജനമു-
ണ്ടെൻപുരിതന്നിൽവസിച്ചീടുന്നു
ദുഷ്കൃതകാട്ടുംമനുജരെയിന്നതി-
ലിട്ടുവറുത്തുപൊരിച്ചീടുന്ന
ചേട്ടത്തങ്ങൾപറഞ്ഞന്നാൽതവ
പെട്ടിടുംചിലസങ്കടമിപ്പോൾ
പലപലദുരിതംചെയ്യുന്നവരുടെ
തലയിലടിച്ചുപിളപ്പാനുള്ളൊരു
വലിയൊരുദണ്ഡിതുകണ്ടാലും നീ
നല്ലദുർബുദ്ധേ പാശവുമുടനേ
കണ്ടജനങ്ങടെ കണ്ഠംതന്നിൽ
കഠോരതരമായ് കെട്ടിമുറുക്കി
കണ്ഠങ്ങളിലും കണ്ടകമതിലും
കണ്ടിലുമിട്ടുവലിച്ചുപലേടം
കൊണ്ടുനടന്നും കരചരണാദികൾ
കണ്ടിച്ചും കടുചോരപുരണ്ടും
നീണ്ടുതടിച്ചൊരുനെടുപാശത്തെ
കണ്ടതുകൊണ്ടൊരുഭയമില്ലല്ലീ?
ഇങ്ങിനെകടിക്കുംനമ്മെക്കൊണ്ടൊരു
ശങ്കയിടിപ്പാൻവകയുണ്ടാക്കിയ

ചെണ്ടക്കാരാ ശാഠ്യ പറഞ്ഞാ-
ലിണ്ടൽപിണപ്പാൻ ഞാൻമതിയാകും.
വരുണനണഞ്ഞുപറഞ്ഞുതുടങ്ങി;
കരുണനമുക്കതരിമ്പില്ലോട്ടും
തരുണീമണിയതിൽകൊതികൊണ്ടല്ലേ
വരുന്നു നമ്മൊടുപൊളിപറയുന്നു
കോപമിനിക്കുമനസ്സിലുദിച്ചാൽ
ശാപംതരുവാൻ സംശയമില്ല
ആപത്തൊന്നുവരുത്തിക്കൊണ്ടാൽ
താപമൊഴിപ്പാനെളുതല്ലേതും
അഗ്നിയുമരുളിച്ചെയ്തുതരുണിയിൽ
മഗ്നതകൊണ്ടുകനക്കില്ലരചാ
കശ്മലവൃത്തിപറഞ്ഞാൽനിന്നെ
ഭസ്മമിതാക്കും ഞാനതിമാനീ.
ഇത്തരമവരുടെവാക്കുകൾകേട്ടു
നത്തൽമുഴുത്തൊരുനളനരുൾചെയ്തു:
ഭക്തനതാകുമൊരടിയനിലീവക
യുക്തമതല്ല സുരേന്ദ്രന്മാരേ
നിങ്ങടെ ശാസനമെന്തെന്നാലതു
മംഗലമായ് വരുമധികജനാനാം
കല്പിക്കുന്നതുടൻചെയ്യാമതിനുവി-
കല്പവുമില്ലിഹ കനിവരുളേണം
എന്നതുകേട്ടുമനസ്സുതെളിഞ്ഞുസ-
മന്ദസ്മിതമരുൾചെയ്തു സുരേന്ദ്രൻ
നല്ലതുവരികനിനക്കനരേന്ദ്ര
ചൊല്ലിയവണ്ണം ദണ്ഡിച്ചാലും
സാധിക്കുംതവകാര്യമശേഷം
ബോധിക്കയുമില്ലാരും നിന്നെ
ദമനുടെസോദരിയെന്യേ മറ്റൊരു
സുമുഖികൾപോലുംനിന്നെക്കാണാ
കളഭാഷിണിയും നിന്നെക്കണ്ടാൽ
നളനെന്നുള്ളതുബോധിച്ചീടാ;
നിങ്ങൾതമ്മിൽപറയുംവാക്കുക-
ളങ്ങുമൊരുത്തരുകേൾക്കയുമില്ലാ
എന്നാൽഞങ്ങടെകാര്യമശേഷം
നിന്നുടെപക്കലുറപ്പിക്കുന്നേൻ;
ചെന്നുപറഞ്ഞുമനസ്സുമിളക്കി
സുന്ദരിഞങ്ങടെപാട്ടിൽവരേണം;

എന്നല്ല ശരമഞ്ചും ജയിക്കുന്ന-
തഞ്ചമെഴുന്നതൊക്കെന്തിനു
അഞ്ചുജനങ്ങടെ നെഞ്ചു പിളർപ്പാൻ
പഞ്ചായുധനിഹ ചെയ്വിക്കുന്നു,
നാലുശരത്തിനു ലാക്കായിട്ടിഹ
നാലുശരീരം ഞങ്ങടെതന്നെ
അഞ്ചാമത്തെക്കണകൊണ്ടുടനേ
ചഞ്ചലമിഴിയെ പ്രഹരിക്കേണം
ഗുണഗണസിന്ധോ! നിഷധനരേന്ദ്ര!
ക്ഷണനേരം നീ വൈകിക്കരുതേ
പ്രണയിനിയാം ദമയന്തിയൊടേവം
മതിമോഹങ്ങൾ പറഞ്ഞീടുക പോയ്
അണിമതിമുഖിയുടെ മണിമയഭവനേ
രണചണനരവര! ശങ്കാതെ നീ;
നല്ലതുവരിക നിനക്കു നരേന്ദ്ര!
ചൊല്ലിയവണ്ണം ബന്ധിച്ചാലും.

ശചിപതികല്പന കേട്ടു പാരം
മുഖദർശനം ക്ഷണമകപ്പെടാനും
ഉറച്ചു ചേതസി നളക്ഷിതീശൻ
മറച്ചു തന്നുടെ മനോവികാരം
പടജ്ജനങ്ങളെ വനത്തിലപ്പോ-
ളടക്കിവച്ചഥ നടന്നു ധീരൻ
കടന്നു കുണ്ഡിനപുരത്തിനുള്ളിൽ
കിടങ്ങുഗോപുരമതിൽ കടന്നു;
നിറഞ്ഞ മാനുഷജനങ്ങളാരും
അറിഞ്ഞതില്ലിഹ നളന്റെ യാനം
മറഞ്ഞു ഭൂപതി നടന്നു മെല്ലെ
പറഞ്ഞടിക്കിലുമടുത്തു ചെന്നു.

ഏണാക്ഷികളൊരുപത്തുസഹസ്രം
വാണീടുന്നതു കാണായ്‌വന്നു;
ആണായിട്ടൊരു ഭൃത്യരെയവിടെ-
ക്കാണാനില്ലൊരു കോണിൽ പോലും
നാളീകാക്ഷി വിദർഭജതാനും
ആളീപാളികളോടും കൂടി
കേളിവിനോദവിശാരദഗതിയായ്-
മാളികമുകളിൽ വസിക്കുന്നേരം,
കോമളഗാത്രൻ സോമകുലേശൻ
മേളമിതെന്നു മനോമേ ചിന്തൻ
താപമകറ്റീടുവാൻ ദിക്കുകളെ
കാമനിവൃത്തിക്കുറ്റവരെ
മാനവവീരൻ മതിമുഖിതന്നുടെ
മണിമഞ്ചത്തിന്നരികത്താസമയേ
ശ്യാമവിഹീനസ്വകാമുകമാർഗ്ഗ
പാവനമാകിന പഞ്ചശരീരം
നക്ഷത്രങ്ങടെ നടുവിൽ വിളങ്ങും
സാക്ഷാൽ പനിമതി ബിംബം പോലെ
ലക്ഷണയുതമാം ദമയന്തീമുഖ-
മക്ഷിതിപാലൻ കാണായ്‌വന്നു;
അടിമലർതുടയിണ കടിതടമോടും
പടകൊടിയുടലുടിവടിവുകളും;
മുടിയടിയുടലുകളുടെ കളുകാന്തി
പട്ടുതരമേറെ കാണായ്‌വന്നു;
വാങ്ങിയലസ്യമൊരുത്തു സമുദ്രേ
മുങ്ങിയപോലെ മനസ്സു തണുത്തു
അംഗനമാർമണിമകുടപ്പൂമണി
മംഗലദീപിക സുകലാവാണി
എങ്ങിനെയിവളുടെ മുമ്പിൽ ചെന്നാൽ
തിങ്ങിന വികൃതി മറച്ചീടാവൂ?
ഇങ്ങിനെയുള്ളൊരു പെൺകൊടിയാളുടെ
സംഗമസുഖമെന്നോ ലഭിപ്പൂ?
ക്രൂരപെരുത്താരണം പൊന്നതിൽ
ഗൗരമടങ്ങുമഹാഗുണമാരം
കാറൊളിതലമുടിവടിവും മുഖവും
മാറണിമുലകളുമിങ്ങിനെകണ്ടിഹ
നീറുന്നു മമ ഹൃദയമിദാനീം
ഏറുന്നു പുനരലർശരതാപം
മാറണികഴൽമണിയാളൊടിനിക്കിഹ
വേറുപിരിഞ്ഞു വസിപ്പാൻ ദണ്ഡം
ഇത്ഥം പലവക നളനരപാലൻ
ചിത്തം കൊണ്ടു വിചാരിച്ചുടനേ
മത്തമതംഗജഗാമിനിതന്നുടെ
പത്തനസീമനി ചെന്നകമേറി;
അതിസുന്ദരനാം പുരുഷനെയരികിൽ
പ്രതിമുഖമവിടെക്കണ്ടുടനാം
മതിമുഖിതന്നുടെ മനതളിരിൽ പുന-
രതിമായിട്ടൊരു വിസ്മയമുളവായ്

എട്ടുനാററവളൊരുമന്നിപറ്റിത്തൊത്തയു-
ന്നകൊടുനൽകിയിരുന്നിയരികേ ചൽ
ശശിമുഖിമൃദുതരകരതലപ്രാപ്തനാം
വിശദമറിഞ്ഞുപറഞ്ഞൊരു ളവം,
മാംസമാനശരീര ഭവാൻ പുന-
രെന്നുള്ളതു ചൊല്ലീടേണം
കാരണമെന്തിഹ വരുവാനെന്നും
സാരമതാം തവ കുലമേതെന്നും
ഭൂമിഹ നിന്നുടെ ജനകനാരെന്നും
പാരതിലെങ്ങധിവാസമിതെന്നും
പേരെന്തെന്നും കഥയ മഹാത്മൻ!
പാരംകൌതുകമിങ്ങുളവായി,
കളമൊഴിയാളുടെ വാക്കുകൾ കേട്ടു
നളനരപാലൻ പുനരരുൾചെയ്തു;
നളിനദളായതനയനേ കാമിനി!
കളിയല്ലിതു കേൾ ഞാനൊരു ദൂതൻ;
കലനാമാദികളുരചെയ്തിട്ടൊരു
ഫലമില്ലല്ലോ കുവലയനയനേ!
മലർശരപരവശനായിട്ടിഹ
ചിലയജമാനന്മാരിളകാമം
നിന്നുടെ ഭാഗ്യമിതതിശയമത്രെ
മന്നിലൊരംഗനമാർക്കിതുവരുമോ;
ഇന്ദ്രനിതിൽകാംക്ഷതുടങ്ങി
സുന്ദരിനിന്നുടെ സുകൃതംതന്നെ;
എന്നതുമല്ലാ പ്രേതാധിപനും
പിന്നെദ്ദഹനനുമംഭോനിധിയും
എന്നിവർനാലുമഹാപുരുഷന്മാർ
നിന്നെനിനച്ചു മരിപ്പാറായി;
ഇന്നിതിലൊരുവനെ മാലയിടേണം
നിന്നുടെമനമതിലൊത്തതുപോലെ
സുരപതിപാരം; പരവശനായി
വരുണനുമഗ്നിയുമങ്ങനെതന്നെ;
അന്തകനതിയായിട്ടനുരാഗം
അന്തമെഴുത്തു കടുത്തൊരുപോൽ
അമരാവതിയിലിരുന്നു രമിപ്പാൻ
മനതാരിലൊരുകൌതുകമില്ലേ?
അമരാധിപനെ വരിച്ചെന്നാകി-
[illegible]

ഗംഗാസലിലേ സ്നാനംചെയ്യാം
ഗംഗാപുളിനകളികളുമാടാം
ശൃംഗാരാദിരസങ്ങൾ നടിച്ചമ-
രാംഗനമാരുടെ നൃത്തം കാണാം;
കല്പകപുഷ്പംകൊണ്ടു ചമച്ചൊരു
തല്പം തന്നിൽ നിനക്കു ശയിക്കാം;
അല്പമിതല്ല സുഖങ്ങൾ നിനച്ചാ-
ലുല്പലനയനേ! ഹരിയെവരിക്കാം
വരുണനെയോർത്താലവനെത്തന്നെ
വരണം ചെയ്യണമെന്നും തോന്നും
തരണംവളരെ ദ്രവ്യമിതെന്നാൽ
വരുണനുചെറ്റും സംശയമില്ല;
തരുണിമണിക്കിഹ യമനെ വരിപ്പാൻ
കരുണമനസ്സിലുദിച്ചെന്നാകിൽ
മരണഭയംപുനരൊട്ടും വേണ്ടാ
പെരിയബ്രഹ്മൻ കാലമിരിക്കാം.
തേജസ്സുള്ള ജനങ്ങളിലത്രേ
തേൻമൊഴിമാർക്കനുരാഗമിരിപ്പൂ
എന്നാലഗ്നിയെ മാലയിടേണം
നന്നായിട്ടവനുണ്ടു പ്രകാശം.

പൂന്തേൻ മൊഴിവാണി! ദമയന്തീ
ചിന്തിതമെന്തിഹ തേ?
ചിന്താമണിയാകും സുരേന്ദ്രന്റെ
കാന്തയായീടണം നീ! കൃശോദരീ!
പൂന്തേൻമൊഴിവാണിദമയന്തീ!
ചിന്തിതമെന്തിഹ തേ?
പങ്കജബാണന്റെ ബാണങ്ങളേററവ-
നംഗംതളർന്നീടുന്നു പിന്നെ
തിങ്കളുദിച്ചുവരുന്നേരം സങ്കടം
പാരംവളർന്നീടുന്നു, നവ
കുങ്കുമപങ്കം പനിനീരു ചന്ദനം
മന്നിദഹിച്ചീടുന്നു ഇനി
നിൻകൃപയില്ലെങ്കിലെങ്ങനെവാസവൻ
പ്രാണൻവഹിച്ചീടുന്നു കൃശോദരി! (പൂന്തേൻ)
നന്ദനകാനനം തന്നിലിരുന്നാലു-
മില്ലൊരു ചിത്തസുഖം ഹരി
ചന്ദനവൃക്ഷത്തണലിൽ കിടന്നാലു-
[illegible]

മന്ദിരംതന്നിലിരിപ്പാനുംമേഘ
പുരന്ദരനെന്നവന്നു സുര
സുന്ദരിമാരുടെ നൃത്തിലുംപാട്ടിലുംകൌതുക-
മില്ലപോലും കൃശോദരി! (പൂന്തേൻ)
നിന്നുടെ നാമം ജപിക്കും കളിക്കും
ചിരിക്കും തിരിക്കും മുടൻപിന്നെ
നിന്നുടെ രൂപം സ്മരിക്കും ചിരിക്കും
ഇരിക്കും മരിക്കുംപോലെ നല്ല
മന്ദിരം തോറും നടക്കും കിടക്കും
ഉടക്കും മനോമദനൻ
സുമൻതന്നുടെ ബാണം താഴ്ത്തും വിറയ്ക്കും
കരയ്ക്കും മറക്കുമുടൻകൃശോദരി (പൂന്തേൻ)
അങ്ങിനെതന്നെ വരുണനുമഗ്നിയു-
മന്തകനേവൻ താനും അവർ
തങ്ങടെ സങ്കടമിങ്ങനെ ചൊല്ലുകിൽ
ഇല്ലൊരൊടുക്കമനോഹരേ
പുംഗവനന്ദിനിസുന്ദരാംഗിയതു
നന്ദിച്ചുയശ്ശൂണമേ പല
ഭംഗിപറഞ്ഞു മയക്കിച്ചമസ്സൂത-
ത്തെന്നെയുമിന്നിഹ നീ കൃശോദരി!
പൂന്തേൻ മൃദുവാണി! ദമയന്തി!
ചിന്തിതമെന്തിഹ തേ?

നളനുടെ വചനം കേട്ടുദാരായാം
കളമൊഴിമുഖവും താഴ്ത്തിച്ചൊന്നാൾ
വളരെപ്പറയരുതെന്നോടു നൃപ!
കളിവചനങ്ങൾ കാച്ചുവതും നീ
ഹൃദയംകൊണ്ടൊരു പുരുഷനെ മുന്നം
സദയം ഞാനിഹവരണം ചെയ്തു
അവനല്ലാതൊരു പുരുഷനെ ഞാനിബ്
ഭുവനം മൂന്നിലുമിച്ഛിച്ചീടാ;
ദൃഢമതിയായ പതിവ്രതഞാൻ ദൃഢ-
വതി വൃഥാപലരെക്കാംക്ഷിച്ചീടാ;
പടുമതിയാം മമവല്ലഭനിപ്പോൾ
ഝടിതിവരും മമവേളികഴിപ്പാൻ!
എന്നുടെ രമണനു ശരിയായിട്ടൊരു
സുന്ദരനില്ല ജഗത്ത്രയവാടേ
നിന്നുടെ ചെവിയിൽ കേളാതെന്തേ?
[illegible] നിഷധേശ്വരനെ

കളമധുരാകൃതിനളനരപാലൻ
നളിനവിലോചനനളിതചികേശൻ
തെളിവോടു മുന്നിൽ വരുന്നാളവനുടെ
ഗളമതിൽ മാലകരേറിവരിക്കും;
ഇന്ദ്രാദികളും ചന്ദ്രാദികളും
ചന്ദ്രമുഖന്മാർ മറ്റുള്ളവരും
കന്നിച്ചീടിനപണമുള്ളവരും
സുന്ദരരെന്നാടിക്കുന്നവരും
ഇവരെഴുലകിലുമമരും പുരുഷരി-
ലാരുമെനിക്കിഹ വരനാകേണ്ടാ;
വീരശിരോമണിനളഭൂപാലൻ
ചാരുഗുണാകരനെന്നുടെ കാന്തൻ
നളനുടെ രൂപം വഴിയാംവണ്ണം
നളിനദലത്തിൽ നഖംകൊണ്ടെഴുതി
തെളിവൊടുതന്നു കളഹംസം മമ
കളിയല്ലിതു ഹൃദി മരുവീടുന്നു;
നിന്നുടെ രൂപവുമെഴുതിയരൂപവു-
മിന്നൊരുപോലെ തോന്നീടുന്നു,
എന്തൊരുകാരണമതിനെന്നുള്ളതു
ചിന്തിച്ചിട്ടതു കാണാനില്ലാ;
കോടിസഹസ്രം മദനന്മാരുടെ
മോടികലർന്നൊരു [illegible]
ചാടിച്ചവരുടെ മാനതാരിങ്കലെ
മൂഢതയോർത്താൽ ചിരിയാകുന്നു;
വാസ്തവമതുകൊണ്ടെന്തിനു വളരെ
ദുസ്സാധ്യങ്ങൾ കഥിച്ചീടുന്നു?
ഈശ്വരകൃപയുണ്ടെങ്കിലുടൻനിഷ-
ധേശ്വരവരനെ വരണം ചെയ്യാം
നളനൃപനെന്നുടെ വരനായ്‌വരുവാൻ
തെളിവൊടു ദേവവരന്മാരവർമമ
പെരുകിനകൃപയൊടുവരമരുളേണം
വരമിദമേവഹി ദേവന്മാരേ!
സുരവധുമാരുടെ നടുവിലിദാനീം
നരവധു ചേരുകയില്ലേ
[illegible]കാഞ്ചനവല്ലയുടെ നടുവിൽ
പിച്ചളവല്ലയതുപോലെ
പൊന്മയഹംസികൾ തന്നുടെയിടയിൽ
[illegible] പിടയതുപോലെ

മറിമാൻ പിടകൾ തന്നുടെയിടയിൽ
കുറനരിതൻ പിടപോലെ
അഴകിയ ഹരിണികൾ അരികിൽ വച്ചും
കഴുതപ്പെൺകൊടിപോലെ
നിഷധനരാധിപനെന്നുടെ രമണൻ
ഇഷുധരബാഹുമനോജ്ഞൻ
മദനമനോഹരസുന്ദരവദനൻ
മദകളകോമളലീലൻ
സരസശിരീഷശരീരനുദാരൻ
സരസിജലോചനനല്ലോ
സുരവരസേവകനായഭവാനും
നരവരനളനുമിദാനീം
ഇരുവരുമൊരുവൻ തന്നുടെ സുതരാം
കരളിൽ വിചാരമിദം മേ
ഇതിലധികം മമ നിന്നോടുപറവാൻ
മതിബലമില്ലിഹ ഹംസ!
ഇതു കേട്ടുടനേ നളനരുൾചെയ്തു
ഇതുമതിയായില്ലംബുജനയനേ!
അതിസുന്ദരനാമിന്ദ്രങ്കൽ തവ
കൊതിയില്ലെന്നു പറഞ്ഞിതു ഭോഷ്കു്
ഇന്ദ്രൻതന്നുടെ രസമുണ്ടാവാൻ
സുന്ദരിമാർ പലരിച്ഛിക്കുന്നു
ഇന്നതുസാധിക്കില്ലെന്നോർത്തവ-
രൊന്നുമനങ്ങുന്നില്ലെന്നത്രേ
ഗന്ധർവകുലത്തിൽ മികച്ചൊരുവനവനോ
വേണ്ടനിനക്കെന്നുരചെയ്യാമോ?
കൊണ്ടൽക്കുഴൽമണിയാളേ! നിന്നുടെ
ചെണ്ടത്തം പുനരധികം തന്നെ
നളനെന്നുള്ളൊരു പുരുഷൻ ഭോഷൻ
ജളനെന്നുള്ളതു ബോധിച്ചാലും!
പൊളിയല്ലവനെക്കാണുന്നേരം
തെളികയുമില്ല നിനക്കു സുശീലേ!
മനസിനളൻ നളനെന്നുനിനച്ചി-
ട്ടനുദിനമിങ്ങുവസിച്ചുനിനക്കും
അവനെക്കണ്ണിൽകാണുന്നേരം
ഇവനോ എന്നൊരു നിന്ദയുമുണ്ടാം
കയ്യിൽ കിട്ടിയകനകമുപേക്ഷി-
ച്ചീയംകൊൾവാനിച്ഛിക്കുന്നു
സാരസ്യാഭോഗിനിയെന്തിങ്ങനെ
കാര്യാകാര്യം തിരിയാത്തവളോ!
മംഗലശീലെ നീയും നളനും
തങ്ങളിലൊട്ടും ചേരുകയില്ലാ;
നല്ലുമിനുത്ത കഞ്ചുകിക്കാരൻ
മുല്ലപ്പൂമലർ ചൂടിയപോലെ
കുന്നിക്കുരുവും പവിഴവുമിടചേ-
ർന്നുരമുലകളിലണിയുംപോലെ
കൊന്നപ്പൂവും മാറാല്ലൊത്താൽ
പൊന്നും തകരം ചേരുംപോലെ?
കാഞ്ചനമുട്ടകിൻ നടുവിലണിഞ്ഞൊരു
മണിനിരുവെന്നുളപോലെ
ഭൂപനെനിക്കു മനസ്സിലുദിച്ചാൽ
താപം തരുവതു സംശയമില്ല;
ചഞ്ചലനയനേ സുന്ദരിനിന്നുടെ
നെഞ്ചിൽ നിനച്ചതുചിതമല്ലൊട്ടും
സകലകലാമലശീലാശയയാം
ശുകമൊഴി! നിന്നുടെ ലീലകളറിവാൻ
വികൃതിജളൻ നളനാളാകുമോ?
വികൃതികളെന്തിനു ചിന്തിക്കുന്നു!
കുവലയമലരുടെ പരിമളസാരം
തവളകളറിവാൻ സംഗതിവരുമോ?
പെണ്ണിൻഭാവവിശേഷമശേഷം
കണ്ണില്ലാത്തവനനുഭവമാമോ?
നല്ലൊരുപാട്ടും കൊട്ടും കേട്ടാൽ
കല്ലിനുഭാവവികാരമതുണ്ടോ?
ശ്ലോകം ചൊല്ലിപ്പൊരുൾ പറയുമ്പോൾ
കാകനതിങ്കലൊരിടയുണ്ടാമോ!
മാടണിമുലമാർമധുരതയറിവാൻ
മാടപ്രാവിനു സംഗതി വരുമോ?
മൂഢനതാകിന നളനീവകയിൽ
പ്രൌഢതയില്ലതു ബോധിച്ചാലും!
സുരപതിവിരുതൻ നല്ലൊരു രസികൻ
സുരതരസങ്ങളറിഞ്ഞൊരുചതുരൻ;
ഒരുവനെമാലയിടേണമിതെന്നാൽ
പുരുഷോത്തമനാമിന്ദ്രനെ വേണം;
തരുണീമണിയാളതു കേട്ടപ്പോൾ
വെറിയും ചൊടിയിട്ടൊന്നുരചെയ്തു

മതി! മതി! നിന്നുടെ കുവചനോക്തികൾ
മതിതാപം മമ പെരുകിടുന്നു;
മതിമുഖനാകിയ നളനരപാലനെ
പതിയായിട്ടു വരിച്ചുള്ളമതിമതാ
തിരിയെ നടക്കാമിനിയുമൊരക്ഷര-
മുരിയാട്ടുകിൽ ഞാനങ്ങു ഗമിക്കും;
പരിഹാസാദികൾ പറയുന്നവരും
നാരികളിലിരുന്നുള്ള രകൾ കാണുന്നവരും
ദുരിതാനുഭവം സന്താപത്തെ-
ന്നൊരു ചെയ്യുന്ന ദുർനീതിലകന്മാർ;
തരുണീതരുണന്മാരെ സ്പൃശ്യം
തരമാക്കുവാൻ ദുഷ്ടമതേ നീ;
ഒരുവനിലാഗ്രഹമൊരുനാരിക്കു
പരഹൃദയത്തെയുമൊപ്പിക്കേണം
ഇരുവരുതമ്മിൽ ചേർന്നവരെന്നാൽ
പരമാനന്ദമവർക്കുളവാകും;
മാറുള്ളവരൊരുനാളും ഹൃദി
പാറുകയില്ല ചപലക്കാരുമില്ല
കാറ്റിനളന്നു പറഞ്ഞീടാനാകില്ല-
മോരാവുകൾ നാക്കെളിയോരാം
മറ്റൊന്നിനു വളരെപ്പറയുന്നു
പെറുപ്പിറന്നൊരു ജനനിയുമെന്നെ
പോററിവളർത്തൊരു ജനകൻതാനും
മററൊരു പുരുഷനെമാലയിടിപ്പാൻ
മുററും വന്നുപ്രയത്നം ചെയ്താൽ
തെററെന്നവിടെമരിക്കും ഞാനതി-
ലേററംമററൊരുപായവുമില്ല.

ഇത്തരമവളുടെ വാക്കുകൾ കേട്ടതി-
നുത്തരമില്ലെന്നോർത്തു നരേന്ദ്രൻ
സ്വസ്തിനിനക്കെന്നരുൾ ചെയ്തവളുടെ
പത്തനമതിൽ നിന്നാശു ഗമിച്ചു
നിർജ്ജരവരരുടെ മുൻപിൽ ചെന്നതി-
ലജ്ജിതനായിത്തൊഴുതുരചെയ്തു
ഇജ്ജനമോർത്താലിതിനെളുതല്ലേ
സജ്ജനനികരശിരോമണിമാരേ!
ദൃഢതരമവളുടെ ചിത്തമിളക്കാ-
നടിയനുമതിബലമില്ലെന്നറിവിൻ!
ചതിവുപറഞ്ഞു മനസ്സുമറിപ്പാൻ
പടുതപെരുത്തൊരു പെൺകൊടിയാളവൾ
മതിമുഖിതാനൊരു പുരുഷനെ മനസാ
പതിയായിട്ടു വരിച്ചിതുപോലും
മതിയായിട്ടിഹ ക്ലേശിച്ചാലും
സതിയാമവളൊട്ടു ക്രൂകയില്ല;
അടിയൻ വളരെ ക്ലേശം ചെയ്തു
മടിയെന്നുള്ളതു ബോധിക്കേണം
മറിവുണ്ടെങ്കിലിതെല്ലാം നിങ്ങൾ-
ക്കറിയാമല്ലോ വിബുധന്മാരേ!
സകലജനങ്ങടെ ഹൃദയമശേഷം
മുകുരതലത്തിൽ കാണുമ്പോലെ
ആകുതാദികൾ വിചാരിച്ചറിവാൻ
മികവുടയവന്മാരെന്നു പ്രസിദ്ധം
ഭക്തമഹാനിധിയാകിയ നളനുടെ
യുക്തികൾ കേട്ടു തെളിഞ്ഞമരന്മാർ
യുക്തമിതവനുടെ ദോഷമതല്ലെ-
ന്നോർത്തു ഭവനം മറഞ്ഞാരവരും.

നളനുമതുനേരം കളഭവരനുടെ
ഗളമതികേറിത്തെളിഞ്ഞു പുറപ്പെട്ടു
കളിച്ചു പടജ്ജനം വിളിച്ചു പുറപ്പെട്ടു
വളച്ചുവഴി വെട്ടിത്തെളിച്ചു; ജലംകൊണ്ടു
തളിച്ചു പടകളും വിളിച്ചു കുഴൽകൊമ്പും
വിളിച്ചു പടഹങ്ങൾ നടിച്ചു വിരുതന്മാർ
പിടിച്ചു കളിച്ചൊക്കെ നടിച്ചു നടകൊണ്ടു.

ഭൂപശിരോമണി നളനും പടയും
താപമകന്നഥ കുണ്ഡിനപുരിയുടെ
സവിധേ ചെന്നുടനവിടെനിറഞ്ഞു
ഭൂപം നൃപനെ വണങ്ങിഭടന്മാർ
പരിചൊടു നിഷധനരേന്ദ്രൻതരസാ
കരിവരഗളമതിൽനിന്നു പതുക്കെ
പരിജനകരതലമവലംബിച്ചുട-
നുരുതരകൗതുകം ക്ഷിതിയിലിറങ്ങി-
മുപ്പത്തുനാല്പത്തുനായന്മാരും
കെല്പൊടുനാലെജമാനന്മാരും
ഉൽപ്പലനയനൻ നളഭൂപാലൻ
അപ്പുരിപുക്കഥ നൃപനെക്കണ്ടു.
ഭീമനരേന്ദ്രൻ വിരവൊടുനളനെ
പ്രേമമുയന്നു പിടിച്ചഥ തഴുകി

കോമളമാകിനമണിമാളികമേൽ
ആമോദേന കരേററിയിരുത്തി;
പാർത്ഥിവസീമനി മരുവീടുന്നൊരു
പാർത്ഥിവവരരും വന്നു തുടങ്ങി
തങ്ങടെതങ്ങടെ പരിവാരത്തോടു-
മങ്ങിനെനൃപകുലവീരന്മാരും
ഭംഗിവരുത്തിയണിഞ്ഞു തുനിഞ്ഞു മ-
തംഗജമഞ്ജുളഗാമിനിയാളുടെ
ശോണാധരസുഖപാനാമലനി-
ർവാണാനന്ദമനസ്വിമഹീശൻ
താനാരാൽ മുന്നണിയാൾക്കുണ്ഡിന
ലീനാത്മാവായ് യാത്രതിരിച്ചു
മധുരസമങ്ങിനെ വാണൊഴുകീടിന
മധുരാധരിയുടെ മടിയിലിരിപ്പാൻ
മധുരാകൃതി ഞാൻ മതിയാംഭുവിനു-
മധിരാട്ടാണെൻ സമതവഹിപ്പാൻ
പാർത്ഥിവമതിലാരുള്ളെന്നിങ്ങനെ
ധൂർത്തരമോർത്തു ഗമിച്ചു തുടങ്ങി
പിൻപിൽ നടക്കും നൃപനുടനേരം
തുമ്പികണക്കെ പറന്നു തുടങ്ങി
പടയും വേണ്ടാ കുടയും വേണ്ടാ
മൃദുമലർമിഴിയെ ലഭിച്ചാൽപോരും
ഉടലുമുറിഞ്ഞാലന്തരമുണ്ടോ?
തടമുലപുൽകാൻ സൌഖ്യംകുറയും;
മന്നവർ പലരും പോരുന്നെന്തിനു
കന്യക നമ്മുടെ കയ്യിൽപോരും
എന്നെപ്പോലെ സുന്ദരനായി
പിന്നെയൊരുത്തൻ ഭൂമിയിലില്ല;
ആളുമല്ലെന്നുടെ കോപ്പുകളിട്ടാ-
ലതിലൊരുശോഭ നമുക്കേയുള്ളു
ചോദ്യംകൊണ്ടു പരീക്ഷിച്ചെന്നാ-
ലായതുനമ്മൊടു പോരെന്നില്ല
വിരുതന്മാരിൽ കൌതുകമേറും
നാരീമണിമാർക്കെന്നു പ്രസിദ്ധം
രതിശ്രേഷ്ഠതയുള്ളജനത്തെ
കാതരമിഴിമാർകാമിച്ചീടും;
രതിവലിപ്പം നിരൂപിച്ചെന്നാൽ-
ലേതുംകുറവുനമുക്കില്ലിപ്പോൾ;
ഇട്ടിക്കിൽ പുനരെന്നിൽ മികച്ചോരു
വിദ്വാനില്ല തികച്ചുരചെയ്യാം
വിദ്വാനാകിയ വരനെവരിപ്പാ-
നുദ്യോഗിക്കും ദമസോദരിയും
കവികളിലേറാം കൌതുകമേറും
കുവലയമിഴിമാർക്കില്ല വിവാദം;
കവിതക്കാരിഹ പലരുണ്ടെങ്കിൽ
അവരിൽമികച്ചുള്ളു ഞാനിഹനൂനം;
അംഗനമാർക്കു മനസ്സു തണുപ്പാൻ
സംഗീതത്തിനു ശരിയല്ലൊന്നും
സംഗീതങ്ങടെ ഭംഗിവരുത്താ-
നിങ്ങൊരുകൂട്ടം വാസനയേറും
ഇങ്ങിനെയോരോന്നോർത്തു നൃപന്മാ-
രംഗജബാണം കൊണ്ടു മയങ്ങി
തങ്ങടെ തങ്ങടെ പൌരുഷചിന്ത തു-
ടങ്ങി ക്ഷിതിപതിഭവനം പൂക്കാർ;
ഇന്ദ്രാദികളവർ നാലു ജനംനള-
ചന്ദ്രനു നാലുവരങ്ങൾ കൊടുപ്പാൻ
സാന്ദ്രകുതൂഹലസരസന്മാരവർ
സവിധേവന്നുരചെയ്തുതുടങ്ങി;
ഇന്ദുബിംബമുഖിയാം ദമയന്തി-
ക്കിന്നു നീ രമണനായതുമൂലം
നന്നുനന്നുസുകൃതം പരിപൂർണ്ണം
പൂർണ്ണചന്ദ്രസുമുഖാ നരവീര!
നിന്നുടെ ദൃഢമനസ്സറിവാനായ്
വന്നു ഞങ്ങളിഹ നാൽവരുമായി
മന്നിടത്തിൽ മഹിളാമണിയാകിയ
കന്യയെ ഝടിതി കൈക്കലതാക്കാൻ
മോഹമില്ല ദമയന്തിയിലേറം
സ്നേഹമുണ്ടതിനുമില്ല വിവാദം
മുഗ്ദ്ധഗാമിനികുലോത്തമതന്നുടെ
ചിത്തസാരമറിയുന്നതിനായി
അത്രമാത്രമിഹ ചെയ്തിതു ഞങ്ങളു-
മത്രതന്നെപോകുന്നനരേന്ദ്ര!

ശ്ലോകം.

കല്യാണീ കമലാ യഥാ ഭഗവതീ
കാന്തം പ്രപേദേ ഹരിം
കല്യാ സാ ചലബാലികാ ഭഗവതീ
ചാരേന്ദുചൂഡം യഥാ

മല്ലീപുഷ്പസുഗന്ധിനി രതിദേവി
പ്രാപ്തം യഥാ ചിത്തജം
മല്ലാക്ഷി ദമയന്തി! ഗുണവതി!
കാന്തം ഭൂപം തഥാ.

പദ്യമതിങ്ങനെ കേട്ടാലുടനെ
വിബുധന്മാർക്കിഹ പെരുത്തുണ്ടാകം
വിദ്യാരഹിതന്മാർക്കു ഗ്രഹിപ്പാൻ
വിരവൊടു പൊരുളുരചെയ്തീടുന്നേൻ
നളനൃപതേ! നീ നമ്മുടെ വചനം
നലമൊടു കേട്ടുരസിച്ചീടേണം
നളിനംതന്നിൽ പണ്ടുപിറന്നൊരു
കളമൊഴികുലമണി ലക്ഷ്മീഭഗവതി
നരകാന്തകനാം നാരായണനെ
തരസാ ചെന്നു വരിച്ചതുപോലെ
വരവർണ്ണിനി ദമയന്തീദേവി
വരനായ്‌വരണം ചെയ്തിതു ഭദ്രം;
യമനിയമാദിഗുണങ്ങൾ നിറഞ്ഞൊരു
സുമശരരിപുവാം പരമേശ്വരനെ
ഹിമഗിരിവരസുത വരണം ചെയ്തോരു
സുമഹിതമംഗലകർമ്മംപോലെ
കമിതാവായി ശ്രീരതിയും പുന-
രമിതരസാനന്ദിതനാകിയ മദനം
രമണനതാക്കി വരിച്ചതുപോലെ
ദമയന്ത്യാ സഹ നിഷധപതേ! നീ
നിഷധപതേ! കേൾ നിന്നുടെ യാഗേ
നിഖിലസുരന്മാരോടുംകൂടെ
നിജനിജരൂപത്തോടും വന്നു
നൃപവരസഭയിലിരുന്നിടക്കൊണ്ടു
മർത്ത്യപ്പരിഷകൾ കാൺകെത്തന്നെ
പ്രത്യക്ഷേണ ഹവിർഭാഗത്തെ
ഭുക്തികഴിക്കുന്നുണ്ടിഹ ഞാൻ തവ
ഭക്തിമഹത്തുകൾ ബോധിക്കേണം
വരുണൻഭഗവാനരുളിച്ചെയ്തു
വരികസഖേ! നളനൃപതികുലേന്ദ്ര!
പുരുഗുണരാശേ! മരുഭൂമിയിലും
പെരിയമഹാമലയുടെതടമതിലും
ഒരുനാളൊരുദിശി ചെന്നു ഭവാനും
മരുവുന്നേരം നമ്മെക്കനിവൊടു
നിരുപിക്കുമ്പോളവിടെവരുന്നേൻ
ഉദധിക്കിലുമിഹ ജലമില്ലെന്നു
പരവശമാവാം വേണ്ടിനിയക്ക
പെരുകിനവാപ്പും ചെമ്പുചരക്കുകൾ
പരിചൊടടുപ്പിൽ കേററിക്കൊണ്ടതിൽ
വാരിയുംപോട്ടാലധികമവററിൽ
പെരികെജ്ജലവും തനിയേ നിറയും
എരിയും തീയെ നഗ്നിയുമരുളി.
വാരിയും കറികളുമമൃതിനുസമമെ-
ന്നരുളിച്ചെയ്താനന്തകഭഗവാൻ;
പെരുകിന സുഖമിനി ദമയന്ത്യാ സഹ
പുരിയിൽച്ചെന്നുവസിച്ചീടുക നീ.

ഏവമരുളിച്ചെയ്തു ദേവന്മാർ നാലുപേരും
ദേവലോകത്തെ നോക്കിപ്പോവാൻ മുതിർന്നപ്പോൾ
മാഞ്ചമഞ്ചങ്ങൾതോറും നിറഞ്ഞ മേവും നൃപ-
ന്മാർ
പറഞ്ഞുതുടങ്ങി ഭാഗ്യം കുറഞ്ഞ സംസാരവാഴ്വു,
മറിഞ്ഞു കൂടാതെ ദൈവം ചതിച്ചു പെണ്ണിനെ
വേൾപ്പാൻ
കൊതിച്ചുവന്നൊരു നമ്മെത്ത്യജിച്ചു വൈരസേ-
നിയെ
വരിച്ചു ദമയന്തിയും ധരിച്ചു വിപ്രന്മാരെല്ലാം
തിരിച്ചു സ്വർണ്ണവും കെട്ടിത്തിരിച്ചുകൊണ്ടങ്ങു
മിണ്ടും
ശമിച്ചുവന്നൊരു നമ്മൾ ശ്രമിച്ചു നില്ക്കയോ വേണ്ടു
ഗമിച്ചുകൊൾകയോ വേണ്ടു നടപ്പിൻ ഭൂപാല-
ന്മാരേ
കടപ്പിൻ കുണ്ഡിനം തന്നിൽ കടപ്പിൻ ഭീമനെ-
ച്ചെന്നു
പിടിപ്പിൻ! കന്യകേ പ്പാഞ്ഞങ്ങെടുപ്പിൻ കാർമ്മു
കം കൈയിൽ
എടുപ്പിൻ ഘോരബാണങ്ങൾ തൊടുപ്പിൻ ഒന്നു
കൊണ്ടെല്ലാ-
മടുപ്പിൻ പത്തനം കുത്തിത്തകർപ്പിൻ സർവ്വ
ചെന്നു
ഹരിപ്പിൻ! പേടിയുള്ളോരിങ്ങിരിപ്പിൻ
പെണ്ണിനെച്ചൊല്ലി
മരിപ്പിൻ മന്നവന്മാരേ! സ്മരിപ്പിൻ നാണക്കേ
ടെല്ലാം.

പടഹമെങ്ങു പടകളെങ്ങു നമ്മുടെ
കൊടികളെങ്ങു കുടകളെങ്ങു സംഗര
ഘടനഘോഷമുടനെ വേണം നരികല-
മടിപെട്ടക്കപൊടിപൊടിക്കനല്ലൊരു
മിട്ടമിട്ടക്കണ്ടനട്ടക്ക വിരവോടു
നലമൊടു വിലസിന ചലമിഴിമണിയുടെ
തലമുടിവടിവൊടു പിടിപെട്ടവതിനൊരു
മടിയുടരുതിഹ പടുതരനരവര
പരിഷകളുടെയൊരു പുരിയതിൽ വിരവൊടു
മുതരമിതു ബത കരുതിയ പുരുഷരെ
വിരവൊടു ശരവരനിരകൾക്കിരയാ-
ക്കീടവേണമാടലെന്തു സംപ്രതി
മൂഢോവമൂഢമായതെന്തിഹ!
ഗൂഢമല്ല ഗാഢവൈരമിന്നതി
ഗൂഢമായി രൂഢമായി ശിവ ശിവ!
ഇത്ഥം നൃപതിസമൂഹമശേഷം
യുദ്ധമതായിതു കുണ്ഡിനനൃപനോടു
യുദ്ധം ചെയ്വതിനെത്തിനിറഞ്ഞവ-
രുദ്ധതകളകളഘോഷത്തോടും
അംഗൻ നൃപതി കലിംഗൻ നരപതി
വംഗൻ വരഗുണ തുംഗൻ ദ്രമിളൻ
കുന്തളനരപതി കുരുകുലഭൂപതി
കുന്തിമഹീപതി വിന്ധ്യനരേന്ദ്രൻ
പുണ്ഡ്രകനരപതി പുഷ്കരനരപതി
പാണ്ഡ്യമഹീപതി പാഞ്ചാലനൃപൻ
ചോളക്ഷിതിപതി ലാടനരേന്ദ്രൻ
സിന്ധുമഹീപതി സിംഹളഭൂപതി
കർണ്ണാടപ്രഭു കാശ്മീരപ്രഭു
കാശിമഹീപതി കാമപുരപ്രഭു
മദ്രമഹീപതി ഭദ്രപുരേശൻ
ഇങ്ങിനെയുള്ള നൃപന്മാരനവധി
തിങ്ങിന പുരുഷാരങ്ങളുമിളകി
തങ്ങടെതങ്ങടെ നായന്മാരെയു-
മങ്ങു സ്വരൂപിച്ചിങ്ങു തുടങ്ങി
ചന്ത്രക്കാരൻ രാമച്ചാരൊരു
കുന്തമെടുത്തു പിടിച്ചു കരത്തിൽ
വാളുമെടുത്തു താളത്തിൽച്ചില
മേളം കൂട്ടിച്ചാട്ടുകൾ വച്ചു
കാക്കരനായർ കുടത്തലക്കൈയി-
ലെടുത്തുപിടിച്ചു നടന്നു തുടങ്ങി;
ചന്തക്കഴലും തോളിലെടുത്തൊരു
കുന്തക്കാരണിയിട്ടു തുടങ്ങി;
കാപ്പിരിയെന്നൊരു ഭാഷ പറഞ്ഞു
കലശലൊരേടത്തങ്ങു തുടങ്ങി;
കണ്ടച്ചാരീ ക്രുധാ തന്നുടെ
കൈയിലൊരായുധമില്ലാത്തതെന്ത്യേ
വേണ്ടക്കാര്യമെനിക്കു പിണഞ്ഞു
ജ്യേഷ്ഠാ താനതു ബോധിച്ചില്ലേ
നമ്മുടെ വീട്ടിൽ പത്തുപണത്തിനു
ചെമ്പു, ഉരുളുമില്ലെന്നശിച്ചു
അമ്മമരിച്ചപ്പിന്നെക്കാര്യം
അമ്മാവൻ ക്ലേശിച്ചു തുടങ്ങി;
അമ്മായിക്കും മക്കൾക്കും പുന-
രമ്മാനമൂട്ടപ്പാനും വെററില
തിന്മാനും തേപ്പാനും പുനര-
മ്മാത്രം ചിലതിഷ്ടിപ്പാനും
അമ്മുതലെല്ലാം ചിലവിട്ടിപ്പോൾ
ഉമ്മാനംവകയില്ലാതാക്കി
അമ്മാ പാപികടംകൊണ്ടതുമിഹ
നമ്മാലോർത്താൽ പോക്കുകവിഷമം;
ഗണപതിവട്ടക്കമ്പതുപണവും
പലിശയുമങ്ങു കൊടുപ്പാനുണ്ടു;
പണമില്ലാഞ്ഞിട്ടെന്നുടെകുന്തം
പണയം വച്ചു പലിശകൊടുപ്പാൻ
കേളിപെരുത്തൊരു കന്യകമണിയുടെ
വേളിക്കോളമെഴുന്നള്ളുന്നു
ആയതു കേട്ടവർ കേട്ടവരെല്ലാ-
മായുധമേന്തിനടന്നു തുടങ്ങി:
ആയുധമില്ലനമുക്കെന്നുള്ളതു
നായന്മാർക്കു പറഞ്ഞീടാമോ;
ആയതുമൂലം മിണ്ടാതെഞാൻ
കൈയും വീശിക്കൊണ്ടതിരിച്ചു
കേട്ടോ താനാകന്യകയെപ്പോയ്
വേട്ടോ നമ്മുടെ സ്വാമിയുമിപ്പോൾ?
നമ്മുടെസ്വാമിക്കവളെ ലഭിപ്പാൻ
കർമ്മമതില്ലതനിക്കെന്തറിയാം

നമ്മുടെ രാജാവെന്തൊരുകാര്യം
നമ്മളെയൊക്കെ സ്വാശ്രുപിക്കുന്നു
മാലകഴുത്തേലേററ നൃപന്റെ
മൂലവിനാശം ചെയ്യതിനിപ്പോൾ
നാലംബുധിയുടെ നടുവിലിയന്നോരു
നായന്മാരവരൊക്കെമുതിർന്നു
ആയതുപാരം നിർമ്മരിയാദം
ആയവനെന്തുപിഴച്ചു നരേന്ദ്ര-
ക്കായവർതന്നെ വരിപ്പാൻ ചെന്നാൽ-
ആയതുപേക്ഷിച്ചീടുകയുണ്ടോ?
ആയിരമൻപതുകോടിനൃപന്മാർ
ആയവളൊരുവളെ മോഹിച്ചെന്നാൽ
ആയവളെങ്ങിനെവേണ്ടു ദേഹം
കണ്ടിച്ചെല്ലാം വിഭജിക്കെന്നോ?
മെല്ലെപ്പറക നൃപന്മാർകേട്ടാൽ
കൊല്ലുംതന്നെ താമസിയാതെ
മല്ലവിലോചനമാരെക്കാമി-
ച്ചുള്ളമലിഞ്ഞുഴലുന്നൃപന്മാ-
ർക്കുള്ളിൽവിചാരം ചെല്ലുകയില്ല
അല്ലേ താനതറിഞ്ഞിട്ടില്ലേ
വല്ലതുമവിടൊരുപായമതുണ്ടോ
ചൊല്ലണമീജനമെന്നോവേണ്ട
പടയിൽചെന്നുമരിപ്പാനൊട്ടും
മടിയില്ലിങ്ങതു ബോധിച്ചാലും
ഇടയില്ലാതെ കഥിക്കയുമല്ലി-
പ്പടഭാവിച്ചതു ചിതമല്ലിപ്പോൾ;
ഒരുപെൺകൊടിയിൽ കൊതികൊണ്ടൊരുവക
നിരുപണമില്ലാതുള്ള നൃപന്മാർ
നരപതിഭീമനു കററമതാക്കിയ
തൊരുവൻ കേട്ടാലാനകളിക്കും;
അങ്ങാടികളിൽ തോലിപിണഞ്ഞാൽ
അമ്മയൊടപ്രിയമെന്നതുപോലെ;
ചെങ്ങാതികടെ ജളതാമതിങ്ങനെ
എങ്ങാനുണ്ടോ പണ്ടുളവായി.
ഇത്തരമോരോവാക്കുപറഞ്ഞവ-
രെത്തിനിറഞ്ഞിതു നായന്മാരും
സത്വരമനവധിനൃപതികൾ കുണ്ഡിന-
പത്തനമൊക്കെയടിച്ചുതകർപ്പാൻ
വട്ടംകൂട്ടിയ വാർത്തകളൻപൊടു
കേട്ടുമഹീപതി ഭീമൻ നളനും
എന്തിഹ നാമുചിതമെന്നുമനസ്സിൽ
ചിന്തിച്ചവിടെവസിച്ചീടുമ്പോൾ
ഭാരതവംശാധിപനാം നളനൊടു
ഭാരതിഭഗവതിയരുളിച്ചെയ്തു;
വീരാ നൃപകുലമകുടമണേ! തവ
ധീരതകൊണ്ടു ശമിക്കുമനർത്ഥം
നൃപതിജനങ്ങടെ കലഹാരംഭം
സപദി ശമിപ്പാനുണ്ടൊരുപായം
വിപദമൊഴിപ്പാനിന്ദ്രാണിക്കൊരു
വിരുതുണ്ടവളെസ്സേവിക്കേണം.
"ഇന്ദ്രന്റെ ഭാര്യയാകുമിന്ദ്രാണിദേവിയെന-
രേന്ദ്ര ഭവാൻ മനസ്സിൽ നന്നായി ഭജിച്ചാലും;
എന്നാലുടനെതന്നെ നന്നായിവരും ഭവാൻ"
എന്നങ്ങരുളിച്ചെയ്തു മന്ദംമറഞ്ഞു ദേവി
എന്നതുമപ്പോടുകേട്ടു നരേന്ദ്രൻതാനും
ചെന്നു കുളിച്ചു വേഗം വന്നു പുലോമജയെ
പുഷ്പങ്ങൾകൊണ്ടുവന്നു പൂജിച്ചു വിധിയോടെ
നിഷ്പന്ദഭാവത്തോടെനിന്നു സ്തുതിതുടങ്ങി.
വന്ദേഹം ദേവി വന്ദേഹം ദേവി!
സന്ദേഹംകൂടാതെ എന്നെ
സന്തോഷിപ്പിക്കേണം
ദേവി സങ്കടം ദേവി സങ്കടം നമുക്കിഹ
ശങ്കയൊഴിച്ചുനിൻകടാക്ഷമേ ഗതി (വന്ദേഹം)
ഭൂപന്മാർ ബഹുകോപന്മാർ
ഭൂപാലൻ ഭീമന്റെ നാട്ടിൽ
ആപത്തു വരുത്തീടാതെ
കലഹഭാവകലുഷഭാവമൻപൊടുശമയ ദേവി
ശതമഖപ്രിയേ! തവ കരുണവേണം (വന്ദേഹം)
ദുർല്ലഭേ ശക്രവല്ലഭേ!
വല്ലാതെ നൃപന്മാർ നമ്മെ
വെല്ലാതെ ശമിപ്പതിന്നു
കല്യാണം ദിശ കല്യാണി!
കല്യാണം മുടങ്ങീടാതെ
കല്യേ നീ കാത്തരുളേണം
കമലലോചനേ ശമലമോചനേ!
തവ കരുണ വേണം അരുണപല്ലവാധരി

കല്യാണം ഭിശ! ഭിശി കല്യാണി!
വന്ദേഹം ദേവി വന്ദേഹം ദേവി!
ജംഭാന്തകന്റെ വല്ലഭതന്റെ
സംഭാവനകൊണ്ടഖിലനൃപാണാം
ജൃംഭിതകോപവികാരമശേഷം
സാമ്പ്രതമൻപൊടു സംഭൃതമോദാൽ
സംഭ്രമമാശു ശമിപ്പു നൃപന്മാർ
സമ്പ്രതിവന്നസുഖേനപാരാതെ;
എന്തുപിഴച്ചു ഭീമനരേന്ദ്രൻ?
എന്തുപിഴച്ചു മഹാമതിനളനും?
എന്തിക്കുവലയദളമിഴിയാം ദമ-
യന്തിക്കും പുനരപരാധമെന്തോ!
മാച്ചിലനമ്മുടെ നിർഭാഗ്യത്താ
മാറിക്കോൾവാനാശിച്ചതായി;
പാറിക്കും കൃപയില്ലിനിനമ്മെ
മാറികളകിനഭൂപതിമാരിൽ
നാരിലൊരുത്തനതോന്നിയതില്ലി
ദേഷ്ടികൾ കാട്ടരുതെന്നമനസ്സിൽ
നീറിൽനടക്കും മുതലകൾ പോലെ
ചീറിയടുപ്പാനെന്തവകാശം?
നളിനശശിമുഖസന്നിഭമുഖനാകിയ
നളനൃപവരനെക്കണ്ടാൽനല്ലൊരു
കളമൊഴികുലമണിമറ്റൊരുനൃപന്റെ
ഗളമതിൽമാലനിബന്ധിപ്പവളോ!
പലനൃപവരന്മാരുണ്ടെങ്കിലുമിവ
നളനൊടുതുല്യമൊരുത്തനുമില്ല;
തെളിവൊടുമവനെവരിച്ചില്ലെങ്കിൽ
കളമൃദുമൊഴിയാൾക്കൊരുവകതിരുവി-
ല്ലെന്നൊരു കുറവുഭവിച്ചേനേ ഇതു
വന്നില്ലവളുടെ ഭാഗ്യവിശേഷാൽ
നളനേത്തന്നെയസംഗതമിങ്ങിനെ
നരവരവൃന്ദമശേഷവുമപ്പോൾ
തെളിവൊടുവാഴ്ത്തിസ്തുതിചെയ്യുന്നു
നരപതിഭീമൻകേട്ടതിമോദാൽ
പൌലോമിയുടെ കൃപാബലമൽഭുതം
ആലോകിതമിതിമനസ്സിലുറച്ചു
കാലോചിതമാമുപചാരത്തെ
കനിവൊടുചെയ്തുതുടങ്ങിനരേന്ദ്രൻ!
സ്വർണ്ണാഭരണം രത്നാഭരണം
കുണ്ഡലവും കങ്കണവുംതോൾവള
കാഞ്ചിശൃംഖലതിരിവളപിരിവള
കാഞ്ചനപങ്കംകനകച്ഛത്രം
പൂഞ്ചേലകളും കുപ്പായം ബഹു
വാഞ്ചിതമൊക്കെ പല്ലക്കുകളും
നാനാവധിപണവും മണിഗണവും ബഹു
കനകപ്പൊടിയും വാരിക്കോരി
ധനപതിസകലനരേന്ദ്രന്മാർക്കും
കനിവൊടുഝടിതികൊടുത്തു തുടങ്ങി;
ദമയന്തിയുടെ സഖിമാരുണ്ടവർ
കമനീയാംഗികൾ കോടിസഹസ്രം
ഓരോരോനരവീരന്മാർക്കതിൽ
ഓരോസഖിമാരെപ്രത്യക്ഷം;
ആരോമൽകനിവോടുകൊടുത്താൻ
ധീരോദാത്തൻ ഭീമനരേന്ദ്രൻ;
ദമയന്തിക്കുസമാനമതാകിയ
കന്യാരത്നം കിട്ടുകമൂലം
പ്രമുദിതഹൃദയന്മാരായ് നൃപതികൾ
സമമഥയാത്രപറഞ്ഞു തിരിച്ചു;
കല്യാണിയതാംദമസോദരിയുടെ
കല്യാണോത്സവകോലാഹലമഥ
നല്ലമുഹൂർത്തേനലമൊടുചെയ്വാൻ
ഉല്ലാസേനതുടങ്ങിനരേന്ദ്രൻ.

നളചരിതം ഓട്ടൻതുള്ളൽ സമാപ്തം.



ലങ്കാമർദ്ദനം

ഓട്ടൻതുള്ളൽ.

പത്മലോചനം ഭജേ ദേവോച്ഛ്രിതമോചനം ഭജേ-
പവനതനയഹൃദയകമലലീനമാസാതം ഭജേ
പാപനാശനം ഭജേ പരാപരം ഹരിം ഭജേ
ഭുവനഭരണദുരിതഹരണചരണപങ്കജം ഭജേ
സർപ്പരാജതല്പശയനമുല്ലലോദ്ഭവാദിസർവ്വ-
മൂർപ്രയസ്സമദ്ഭുതാംഗമബ്ജരോചിഷം ഭജേ
രാമരാഘവം ഭജേ രമാവരം ഹരിം ഭജേ
രഘുകുലേശ! നിശിചരേശദലിതമനുജഹം ഭജേ
അമലമജിതമഖിലനാഥമചലമമൃതമതുലമാന-
മസദൃശംപരം സദൈവദശരഥാത്മജം ഭജേ
ദുരാരാഹ: കരലോകവര
ഭൂതേശനിഷേവിതപാദവര!
ശോകാപഹ പരപാപഹര!
ലോകേശമുഖാമരതാപഹര!
സീതാവരപാഹി കരുണാകര!
രണശൂരവരാഖരപാപഹര!
ശ്രീരാഘവദേവ ഭവാബ്ധിഹര
നാരായണനാഥ! നരാധിവര!
കല്യാണമുദിക്കദിനം പ്രതിമേ
വിലപാചലനായകപാലയമാം.

വേദങ്ങൾക്കൊരു കാരണനാകിയ
നാഥൻ ഗോപതിവന്ദിതനജിതൻ
ഖേദങ്ങൾക്കനുവാരം ജഗദഭി-
രാധങ്ങൾക്ക വിശേഷണമൂർത്തി
ഭൂതങ്ങൾക്ക വിശേഷിച്ചധിപതി
ലോകങ്ങൾക്ക സദാഗതിഭഗവാൻ
പാപങ്ങൾക്ക വിനാശകരൻ പരി-
താപങ്ങൾക്കൊരരാതി പുരാരി
ബോധങ്ങൾക്ക ഗുണപ്രദനാം ഹര-
നാരകോപഹനംബികയോടും
മാതംഗാഞ്ചിതപെരുവടിവഴകിന
മാതംഗാകൃതിയായുമ പിടിയായ്
ബോധങ്ങൾക്കതിതൃപ്തിവരുത്തിമു-
ദാഹംകൃതിയൊടുമരുവിനകാലം
സാരംഗാഞ്ചിതപാണികൃപാനിധി
ശ്രീഗംഗാവരദേവനുസുതനായ്
മാതംഗിനിവടിവായ ഭവാനിയി-
ലേറുംഗുണമൊടുവന്നുപിറന്നൊരു
ദേവൻ ഗണപതിനാമാഗുണപതി
ശ്രീമദ്ഗജവരഭാസുരവദനൻ
മാതംഗാനനനായ ഗണേശര
പാദങ്ങൾക്കിഹ ഞാൻ പണിയുന്നേൻ—

വരദേശാരതീചാരുചരിതേ സകലലോക
ഭരിതേ! കവിതസ്ഫൂർതിവിരുതേ സന്താപം പാരം
പെരുതെന്നിലെവം ഭാഷാതെരുതെരെ ഭരതാന്നാ-
യുവാൻ
ഭരതെല്ലാംനാണിയാതെ കരുതനരം വേർവിടാതെ
ഭരിതരിലെന്നപോലെന്നകമേ കവിമാതാ-
വേ!
ഫലതിസകലംസാരജലധേദ്ദുർബോധലേശ
രഹിതേസൽബോധരൂപലസിതേ എന്നാം-
വിടത്തിൽ
പരിശോഭിച്ചീടേണമേ! ഗുരുദേവീനിൻകടാ-
ക്ഷം;
കടൽവർണ്ണൻലോകത്രയപരിപൂർണ്ണൻ കാളമേഘ
കരുവർണ്ണൻകൃഷ്ണനെന്നിൽ മരുവുന്നമോഹം മെ
ല്ലെ
ഒഴിവിന്നന്ധകാരമാലിഴകുന്നതോയരാശി
ത്തുഴയുന്നോക്കാത്തബന്ധുപുഴകുന്നഗോവലിന്
മമരുന്നദേവനെന്നിൽ പെരുകുന്നതാപം തീർ
മിടതൊന്നമാറുമിത്തുമിടരെന്ന്യേ ചെന്നില്ലാൻ
അരവിന്ദമന്ദിരാദിസുരവൃന്ദവന്ദിതനാ-
മരവിന്ദസുന്ദരാക്ഷൻ ശരദിന്ദുബിംബാനനൻ
മുചുകുന്ദനന്ദനീയൻ ഗുരുനന്ദിതാശയനാം
വരനിന്ദിരാരമണൻ കനിവിന്നരുളേണമേ.

ഗുരുപവനാഞ്ചിതപുരവരനാം മമ
ഗുരുവരനും സുരമുനിവരനും

മറയവരായ മഹത്തുക്കളും ഖേത
മറവടിവോടു പകുത്തവനാം
സുരതോയാഞ്ചിതപുരവരനാം മമ
ഹരിഗീതാലയപതിഗുഹനും
കരുണതരേണം പിഴകൾ വിടേണം
മോദത്തോടനുവാസരമെന്നുടെ
ചേതസ്സിൽക്കുടികൊണ്ടരുളിടിന
ശ്രീതപാഞ്ചിതമാല്യമഹീവര
പാദപയബലമാശ്രയമായി
ശ്രീരാമായണമായമഹാകഥ
സാരാളുതമതിലിദമൊരു ഭാഗം
ലങ്കാമർദ്ദനനാമകഗാഥന
സംവാദയമിദമൊട്ടുരചെയ്യാം
രാമൻ ജഗദഭിരാമൻ കുശപരി-
ധാമൻ തനുജിതകാമൻ ക്ഷിതിസുതാ
രാമൻ ധൃതപരധാമൻ ജലധര
ശ്യാമൻ രിപുകുലഭീമൻ ധൃതമഖ
യാമൻ ബുധപതികാമൻ ജിതഭൃഗു
രാമൻ സുകലിതഹേമൻ ഗുണഭൂവി
കേമൻ ഖലകുലവാമൻ വിരഹിത-
ഭീമൻ ഗതപരിണാമൻ ബഹുവിധ-
നാമൻ രവികുലസോമൻ ദശരഥ-
രാമൻ മമ ഹൃദി രാമൻ

ശ്രീരാമൻ സുകൃതാരാമൻ നിജ
ദാരാർമകളാം ജാനകിയോടും
സോദരനാകിയ ലക്ഷ്മണനോടും
താതനിയോഗം കാരണമായി-
ക്കാനനസീമനി മേവിനകാല-
ത്താനന്ദമൊരുണ്ടാമമരാരി
രാവണനായ നിശാചരനൊരുനാൾ
പാവനയാകിയ ജാനകിതന്നെ
മോഷ്ടിച്ചുംകൊണ്ടവനുടെ കുസുമ
കാട്ടിൽശിംശിപവൃക്ഷമൂലേ
പാർപ്പിച്ചാനഥ ശ്രീരാഘവനു-
മഹസ്തിപുത്രനെമിത്രവുമാക്കി
തണ്ടാർമകളെക്കാണ്ടുവരേണ്ടതി-
നണ്ടർകുലാധിപപൌത്രാദികളും
തെക്കേക്കടലിനടുക്കൽച്ചെന്നവ-
ടക്കേക്കരമേൽ വസിച്ചോരശേഷം
മർക്കടസഞ്ചയമക്കടൽകണ്ടഥ
ഉൾക്കടതിമിരവിപ്ലുതമനകം
ദുർഘടമിക്കടലെന്നൊരുക
നൂക്കണിയുഴ്കിശക്യമശക്യം
വീരത്വം ശൌര്യത്വംപാരി
ഘോരത്വം രാതിസാരത്വം
നതിധീരത്വം ഭയക്ലേശത്വം
തനതാരത്വം ബലപൂരത്വം
ബുദ്ധമോദികളെന്നവരെന്നപലാദിക-
ളാടവെച്ചനശരീരികളായി
ന്നൂറുസഹസ്രം പാരവാരം
പ്ലവംഗശരീരപ്രളവഗകുലാധിപ-
നംഗദനവരിലിടയ്ക്കധീശൻ
നാൻമുഖസൂനുമഹാകപിവീരൻ
ജാംബവാനുവയസ്സൻ വിവിദൻ
ബലപതികുമുദൻ ശതബലിപനസൻ
ഗുണപതിവിനതൻ മദവരസഹിതൻ
സുഹിതൻ സുഭടൻ വിശദൻ വികടൻ
വൃഷഭൻ ശരഭൻ വിമുഖൻ സുമുഖൻ
വിപുലൻ സുബലൻ ബഹുലൻ പ്രബലൻ
ജ്യോതിർമ്മുഖനും ദുർമ്മുഖനും ബലി
ശ്വേതൻ ബലിമുഖനഗ്നിമുഖാഖ്യൻ
നീലൻ നളനും തദനു സുഷേണൻ
കാലനുസമനാം ഘുതനുഗവാക്ഷൻ
കേസരി താരൻ ഗവയൻ ശൂരൻ
സുമതിപ്രമഥിവിരാധൻ ശ്വേതൻ
മാരുതസുതനാം ശ്രീഹനുമാനതി
മേരുസമാനശരീരികൾ പലരും

പരന്നവാരിധിതന്നുടെ തീരേ
നിരന്നിരുന്നു നിരൂപണമാണ്ടു
അംഭോനിധിയുടെ ഗംഭീരാരവ
വൻഭാവാകൃതികണ്ടുദശായാം
വമ്പന്മാരാം വാനരവീരരു
ഡംഭമൊടങ്ങോട്ടു [illegible]—

കായ [illegible] ചെമ്പ-
ച്ഛായ [illegible] നിള
മേഘ [illegible] കളി-
പായു [illegible] ട്ടുകം

കാര്യങ്ങളങ്ങനെക്കല്പിച്ചുകൊണ്ടിഹസന്തോഷം
[illegible]
തെണ്ടിക്കളിച്ചങ്ങനെ തിരഞ്ഞിട്ടലഞ്ഞാർ ചില
കുണ്ടിൽകിടക്കുന്ന കുണ്ടിലെഴുന്നേറ്റവ-
ണ്ടിപ്പിടിക്കുമായവ കണ്ടിപ്പുള്ളവേപം
കുണ്ടിൽകയറിക്കണ്ടൊരു കാട്ടിടിൽ ജ്ഞാനൻ
പോരാ കാട്ടാളന്മാരിലില്ലാത്രനാം;
മുഴകാടാടൻ തോട്ടുമലകേറി മലവെള്ളർ
കൊണ്ടുവരവൊക്കെ ചന്തപ്പാടുമലഞ്ഞൊടുകൂടി
തിന്നുകലോ വരുന്നൊരു നാരിവിശേഷം ബാധ-
ധാനങ്ങലേ പാരന്നുടെ മതിവായതുങ്കൾ ം
വന്നും നികത്തിനു ജങ്കാരംപോരത്തിക്കൊണ്ട
വാനവർ പിറകായിപ്പോയവർ പിറാകിയ്ക്കും
ഘംഭം നടിച്ചധികം വമ്പുകാണിച്ചാനായി
ഇമ്പമെത്താതെ വമ്പുകരോറെണ്ണ തിരായിരങ്ങൾ
ഭീമാകൃതികൾകടലാന സമൂഹത്തെ-
നാമതിനില്ലാത്തേം പോലക്കാലത്തുമോടം.

കാളനിറത്തൊട്ടുവിള്ളമെയ്യംഫണി
പാളികളും ജലപ്പുളികളും കട
ലാമകളും ചിലതേളുകളുംവളർ
തോളരമായ് മുതുകാളിമയായ് ചില
വാളുകളണ്ടവർചപ്പുകളിച്ചുകരം
വാളുകൾപോലെ നികന്നജലോപരി
കുളികളിച്ചുപുളച്ചുമദിച്ചുട-
നോളത്തിൽ ചുവകേളികളോടും
കടിപെട്ടുദാരുണകൊട്ടുപടലികൾനിക-
പോടകളൊടൊരുമയൊടിടകലരുംപടി
കടലടിതിരയുടെനട്ടുവെമറിഞ്ഞും
ഇടയൊട്ടുമിടിതരാലടപലടരലാപ-
ത്തൊട്ടുപിടിപെട്ടുമതിരതിനിടനിദ്ദ്യം
ഇട്ടനിറമുടയകല്ലീരാവലിയും
ഇടയൊട്ടുമിടിഘലടരവമതിനടനല
കടലടിതിരയുടെനട്ടവെമറിഞ്ഞും
ഇട്ടനിറയുയരവേഘടിതിധിമിധിംധി

പിംഗലവർണ്ണമിയന്നുവളർന്നതി-
പിംഗലജാലവിധങ്ങളുമേവം
വാരാന്നിധിയുടെഘോരാഡംബര
മോരോന്നിവകകണ്ടശായാം
ധീരതപൂണ്ടമഹാകപിവരരതി
ഭീരുതപൂണ്ടുമനസ്സുമടങ്ങി
അംഭോനിധിയതിനക്കരെലങ്കയി-
ലംഭോജാക്ഷിമനോഹരിസീതാ
സംഭ്രതാധികലൻവസിപ്പുള്ളു
സംപാതിവചനേനധരിച്ചു;
അക്കരചെൽകൊരുമർക്കടവരനിഹ
ദുഷ്കരമിഴിയെക്കണ്ടുപറഞ്ഞൊരു
ട്ടർന്നലടവുംപിണയാതെകടന്നി-
ട്ടിക്കരെവരുവാനാർക്കുളതാവൂ?
എന്നതിരൂപിച്ചംഗദനായമ്പു-
ന്ദരനന്ദനനന്ദനനേവം
ശിഷ്ടന്മാരാംവാനരവരരിൽ
ശ്രേഷ്ഠന്മാരെവിളിച്ചുരചെയ്താൻ:
ഹവ്യാജംവന്നൊന്നൊട്ടുപറയിൻ
വെവ്വേറെവിവരംബലവേഗം;
ചാടിടേണംജലനിധിയതിനഴൽ
തേടിടാതവരാരെന്നറിവാൻ
നിജനിജമാനസമതമുരവിരവൊടു
വദവദവാനരനികരാധിപരേ!
അംഗദനിങ്ങനെ ചൊന്നതുകേട്ടവർ;
തങ്ങടെതങ്ങടെബലമുരചെയ്താർ
ഒരുപതുയോജന ചാടാമെന്ന-
ങ്ങൊരുകപിതന്നുടെ നിനവുപറഞ്ഞു;
നീചാട്ടംപടിയിരുപതുയോജന
ഞാൻ ചാടാമെന്നപരനുരച്ചാൻ;
മുപ്പതു ചാടാമെന്നൊരുവൻ ദൃഢ-
മപ്പുറമല്ലവുമെന്നാൽകഴിയാ;
നാല്പതു ചാടാമെന്നൊരുകപിവര-
നപ്പുറിയിൽവീണാമരിക്കാംപക്ഷേ;
അൻപതു ചാടാമറുപതുമെഴുപതു-
മെമ്പതുമാംപുനരഥതൊണ്ണൂറും;
നൂറേയോജനലങ്കയിലണവാൻ
നൂറുംചാടാനാരുംപോരാ;
പോരാതേവരുമെന്നുനിനച്ചഥ
തീരാതാധിസഹിക്കരുതാഞ്ഞു
താരാസുതനാമംഗദനവരൊടു
പാരാതേനയഗിരമുരചെയ്താൻ:--

ശതയോജനവഴി ചാടുന്നവനും
അരയുതൊണ്ണൂറെറാമ്പതുമവനും
അല്പംസ്വല്പവികല്പംനാസ്തി
വികല്പംജലധിയിൽവീണുമരിച്ചാലും
കപ്പിക്കപ്പിത്തുപ്പിത്തുപ്പി
ചപ്പിച്ചപ്പിത്തപ്പിത്തപ്പി
ബബ്ബബ്ബാഗ്ഗഡുഗ്ഗഗ്ഗഡുവെന്നും
ബുപ്പുപ്പെപ്പെപ്പേംവെച്ചേപ്പ്യാം
എന്തിനുവെറുതെ ചാവാൻപോന്നു
നീന്തിനടപ്പാൻമുതലകളല്ല;
ഞങ്ങൾമുട്ടിവിശന്നുതളർന്നു
പട്ടിണിയിട്ടുവലഞ്ഞുകഴിഞ്ഞതി-
നഷ്ടീവിച്ചുചടച്ചുനശിച്ചതി
ച്ചുട്ടമല്ലരിതിട്ടമതേവം
പാരുകിടന്നുമരിപ്പതിനീശ്വര
നിശ്ചയമാകിൽനമുക്കതുകഷ്ടം;
എന്നുടെമതവുംചൊല്ലീടാമിനി
എന്നുടെഭഗവാൻ തന്നുടെകൃപയാൽ
ഉദ്യോഗേനകതിച്ചീടുന്നേൻ
സത്വരമക്കരപൂക്കീടുന്നേൻ
അതിനുടനേപുനരിങ്ങോട്ടേയ്ക്കു-
മതിനുബലംമതിയാകയുമില്ല;
ജനകർമകളാം ജാനകിലങ്കയി-
ലുണ്ടെന്നാകിൽകണ്ടീടുന്നേൻ
ഉണ്ടെന്നാലും കണ്ടെന്നാലും
ഉണ്ടെന്നാലുമിതാരറിയുന്നു;
അംഗദവാക്യമിദംഗുണമുഖ്യം
സമ്മതയോഗ്യം ജാംബവദാദ്യൈർ
കേട്ടുകനിഞ്ഞുപറഞ്ഞിതുവെറുതേ
കൂട്ടമതെന്തിനുകൂടീടുന്നു?
അംഗദനോർത്താൽവിഷമംനാസ്തി
അങ്ങാംക്കതിനൊരുസുഖവുംനാസ്തി
ആമെന്നാലും പോമെന്നാലും
ചാമെന്നാലുംസമ്മതമല്ല;
ലക്ഷംപ്ലവഗപ്രവരരിരിക്കെ
ഭൽക്കുലമുഖ്യൻ കിഷ്കിന്ധേശൻ
ഇമ്മതമായസ്വരൂപത്തിങ്കേ-
ന്നെഴുനള്ളുന്നതുമനുചിതമോർത്താൽ

അങ്ങോട്ടിങ്ങോട്ടുശ്രമസുഖഗതി-
യങ്ങിനെയൊരുവനിതിന്നാകേണം;
എന്നാലോ ഞാനെങ്ങിനെവേണ്ടു?
എന്നാലൊന്നുംകഴികയുമില്ല;
മൂന്നാം ലോകിനുമൂന്നടിയാക്കിയ-
ളന്നാർപണ്ടുത്രിവിക്രമമൂർത്തി
അക്കാലംഞാൻപായുംകൊട്ടി-
ച്ചുഗ്രാരോഗ്യമദാതപസാറിതം
വലത്തുവച്ചേനിരുപതുമൊന്നും
ജഗത്ത്രയംദശമാത്രകളാലേ
ഇങ്ങിനെമൂന്നുംചെയ്തൊരുഞാനി-
ന്നിങ്ങനെയായിവയസ്സുംപൂക്ക;
രാക്ഷസപുരിയിൽ ജാനകിയുള്ളതു
സൂക്ഷ്മതയോടുധരിച്ചാൽപിന്നെ
കാണാതെപോയാലപവാദം
പ്രാണൻപോയാലുംപോയീടാ
ഈക്കൂട്ടത്തിലൊരുത്തൻവിരവിനൊ
ടിക്കാര്യത്തിനുമതിയാകേണം;
മരുദാത്മജനാം ഹനുമാനെന്തോ-
ന്നറിയാതാതെവസിച്ചീടുന്നു.
പവനനന്ദനമാന്യഭുവനവിക്രമസിന്ധോ!
തപനനന്ദനമവനംചെയ്യതിനായി
ലവണവാരിധിചാടിക്കടന്നുലങ്കയിൽപൂക്കീ-
ട്ടവനീനന്ദിനീസീതാചരണപങ്കജംകൂപ്പീ
ട്ടിവിടെയെത്തുവാൻശക്തരിവരിലാരുമില്ലി-
പ്പോൾ
അവിടെയുണ്ടുവൈദേഹി സുദൃഢംകേൾക്കയും
ചെയ്ക;
നിനയ്ക്കമാരുതസൂനോനിനക്കസാദ്ധ്യമായീടും
തുണയ്ക്കുംമാരുതദേവൻതനിക്ക പുത്രനല്ലോനീ;
ശിവനാമീശ്വരൻമുന്നംശിവയാമീശ്വരിയോടു
വിപിനവാനരാകാരം ധരിച്ചുസഞ്ചരിക്കു-
മ്പോൾ
പതിച്ചരേതസാഗർഭം ധരിച്ചു ദേവിസന്തോഷം
കുറച്ചുകാരണം കല്പിച്ചയച്ചിതാശുഗവീരം
എടുത്തു ഗർഭപിണ്ഡം ക്ഷണത്തിലഞ്ജനാ-
ഗർഭേ
കൊടുത്തിട്ടഞ്ജനാ പെററവെച്ചു നീയുമന്നേരം
ഉദിത്തസൂര്യബിംബംകണ്ടെടുത്തു ചാടിയന്നേരം
പഴത്തെയെന്നുഭാവിച്ചങ്ങടുത്തു ഭക്ഷണംചെ
യ്യാൻ

ഭാനിജമെന്നു [illegible]
വൃത്താന്തം വിട്ടുനിർഭയം [illegible]
കരത്തിൽനിന്നു [illegible]ളെളി-
[illegible]ടുക്ക
ജഗത്തിലാർക്കുമില്ലാതെ ചവിട്ടുവാങ്ങി, മുപ്പാരം
കമലാവല്ലഭൻ ശംഖചമലസംബന്ധമോ-
മമതയെയത്രേ [illegible]
തലയിൽ പാണികൾവെച്ചിട്ടതുതിനാശം കല്പ-
പ്രളയകാലമാമന്നുമെനിക്കില്ലയെന്നോർ
ശിവനാലുത്ഭവിച്ചോരനുതനാംനീയെന്നോർ
ഭുവനംമൂന്നിലും നിന്നെജയിപ്പാനാരുമില്ലല്ലോ,
അതിലും കേവലമിപ്പോളധികം വിസ്മയമല്ലോ
മതിമാനായനീ കേട്ടതെളിഞ്ഞു സമ്മതിച്ചാലും.

ആദരവോടു തൃക്കൈക്കമോതിനാൻ രാമദേവൻ
വാതജ!നിൻകഥയെല്ലാമോ[illegible]തന്നയച്ചു
ഒട്ടുംവിഷാദംവേണ്ട പെട്ടെന്നെഴുന്നേറ്റാലും
മുട്ടുംസമയത്തിങ്കലൊട്ടും സംശയിക്കാതെ
ചാടിഗ്ഗമിച്ചുകൊൾക നാഥന്റെ കാരുണ്യവും
കൂടിഗ്ഗമിക്കുമെന്നാൽ പേടിപ്പാനാരെവിട
അഞ്ഞൂറുയോജനചെറ്റൊന്നുചാടിയനിന-
ക്കഞ്ജസാപാത്തുകണ്ടാലിന്നിതിനെന്തുദണ്ഡം
ഭാസുരഗാത്രിയായ ഭൂസുതസീതതന്റെ
പാദപങ്കജത്തെയും ചേതസ്സിലാക്കിക്കൊണ്ടു
ശ്രീരാമപാദത്തെയും ധ്യാനിച്ചുചാടിക്കൊൾക
മാരുതൻ കൃതാർപ്പാതം ചെയ്തതിനാധാരമായ്
[illegible] പരിപാലിക്ക
സർവ്വജ്ഞനല്ലോനീയും [illegible]പോകുന്നാലും.

ഇതിപവനനന്ദനൻ വിക്രമാംഭോനിധി
വിധിതമയമോദിതം [illegible],ഗീതനായ്
ഹരിചരണമാത്മനാ [illegible]
തരസൈവഴുന്നേറ്റു വന്ദിച്ചു രാമാജ്ഞയാ
ഉലകിനരമിപ്പതിനുന്നിയായ്മാധവൻ
വലയരഹിതൻ വളർന്നിട്ടുമദ്ദേഹമ
കലഗിരിസമാനനായ് സിംഹനാദംപൊഴി-
ച്ചുലകിടമശേഷവും കേട്ടുതെളിഞ്ഞുദാ
ഉടയമമതനുരാൻ രാഘവസ്വാമിത-
ന്നടയുകതന്നാലെക്കൊണ്ടു ഞാനിക്ഷണം
ജലധിയിലുചാടുവെൻലങ്കപുക്കീട്ടുവെൻ
രഘുകുലവരപ്രിയാദേവിയെത്തേടുവെൻ
അറിവെനടിപങ്കജംകണ്ടുകൂപ്പീടുവെൻ
വിരവിലടയാളവും മുദ്രയും നൽകുവെൻ;
രാവണസുതചാരനെത്തച്ചുകൊന്നീടുവെൻ
അവന്റെ പുരത്തെയും ഭസ്മമാക്കീടുവെൻ
രജനിചരവംശവും നഷ്ടമാക്കീടുവെൻ
ജനകസുതതന്നെയുംകൊണ്ടുപോന്നീടുവെൻ
അനിശമവനീസുതാവല്ലഭൻ പാദമാം
മനസിമമ ചഞ്ചലംനാസ്തികീശേശരേ!
[illegible]തുപൊഴുതു ചൊല്ലിനാൻ ജാംബവാൻ പിന്നെയും
വാതിനൊരിടവന്നുകൂടുന്നനാളാമെടോ!
ദശമുഖനെരാഘവൻ കൊല്ലുമായോധനേ
ദശബലപരാക്രമമന്നുകാട്ടാമെടോ!
അബലമനിസീതയെക്കണ്ടു വന്നീടുക
പ്രബലതകൾ കാട്ടുവാനിന്നുവേണ്ടാസഖേ!
വചനമിവകേട്ടുമാനിച്ചുവാതാത്മജൻ
പ്രചുരതരവിക്രമൻ വീര്യവാരാന്നിധി
പ്ലവഗവരരേപോയ്‌വരട്ടേഞാനഹം
ഇവിടെമരുവീടുവിൻനിങ്ങളെല്ലാവരും
വിരവിലിതിയാത്രയും ചൊല്ലിമാഹേന്ദ്രമാം
ഗിരിമുകളിലേറിനാൻ വായുപുത്രൻതദാ,

സ്മരിച്ചുരാഘവപാദം പ്രതിഷ്ഠചേതസിചെയ്തു
ധരിച്ചുകൂടവേയുള്ളിൽധരിത്രീനന്ദിനീപാദം
ശിരസ്സിൽസ്വാമിതന്നാമംവരച്ചുമുദ്രയുംചെയ്തു
കരുത്തൻമാരുതിലങ്കാപുരത്തിൽ ചിത്തവും ചെയ്തു
ചരത്തിപാണികൾ രണ്ടുമുയർത്തിദീർഘമാം വാലും
കനത്തകൈവെടിഞ്ഞൊന്നിന്നു മുറുക്കുകാലുകൾ- രണ്ടും
ചിറയ്ക്കുകൈകൾ[illegible]കണ്ണക്കെമാരുതിലങ്കാ-
പുരിക്കനേത്രമാംസ്ഥലുപിടിച്ചു[illegible]വുംചാള്ള
നിനച്ചുമാരുതികേത്യാനിനച്ചിരാശ്ശുഗവന്ന
വിധിച്ചുകൂട്ടിനാൻ കൂടക്കരിച്ചുചാടിനാൻ തെ-
ദിശിക്കുദൃഷ്ടിയുംചെയ്തു ഉദിച്ചഭാസ്കരൻ ക്ഷേ
മസ്തമിപ്പാനെന്നതുപോലെ.
ചരിത്രമിപ്രകാരത്തെ ഗ്രഹിച്ചുനിർജ്ജരന്മാർ
വരുത്തിഗീഷ്പതിമുമ്പാംസുരശ്രേഷ്ഠോത്തമന്മാരെ

നിനച്ചിതേവരും നന്നായ് വിധിച്ചതൽപരീ-
ക്ഷാർത്ഥം
ഗമിച്ചിടേണമിന്നെന്നെന്നെന്നാമന്നിൽ സൗഖ്യമു-
ള്ള
അവന്റെ വിക്രമശക്തിയറിവതു ക്രൂരവാനായി
ട്ടവൾപോയ് നില്ക്കണം വിഘ്നാൻ വരും മാർഗ്ഗ-
ത്തിന്മദ്ധ്യേ
സുരസായെന്നപേരായൊരുരഗകാമിനിതന്നെ
സുരലോകാധിപൻ കല്പിച്ചയച്ചു പോന്നവൾ
വേഗാൽ
പവനനന്ദനൻ പോന്നു വരുന്നമാർഗ്ഗമൂടുക്കു
ഭുവനമൂന്നിലും ഭീതിവരുന്നഗാത്രവും പൂണ്ടു
സരസമാരുതപുത്രൻവരുന്നതേറവും നോക്കി
സുരസകാമിനിനിന്നാളധികം ധീരതയോടും.

നിർഭയമപ്പൊഴുതപ്പവനാത്മജ-
നത്ഭുതവേഗാലപ്പുഴിയൂടെ
തടവുവരാതെ ഗമിച്ചിടുന്നതി-
നിടയിലൊരുത്തി ഭയങ്കരഗാത്രി
പടുതരഗൌരവമെച്ചപ്പൊഴിച്ചു
പ്പവനജനോടുതടുത്തുരചെയ്താൾ
ഹാമിഹലംഘിച്ചവനൊരുത്തൻ
വ്യോമനിപോവതിനിച്ഛിക്കുന്നു
നിൽക്ക ഗമിക്കയിലുടനക്കാതിവേഗേനി-
നക്കിഹനവുകൂട്ടുകവെച്ചു;
ചാവാൻവന്നൊരു നീയിനിയിപ്പോൾ
പോവാനെന്തിനുമോഹിക്കുന്നു?
വഴിയതിലൂടെ നടക്കുന്നവരെ
പ്പഴുതിൽവിടാതെ ഭുജിക്കുന്നവൾ
വിധികല്പനയാൽ നിന്നെ ഭുജിപ്പാ-
നധികാരിയതായുംസംഗതിവന്നു
ജീവനില്ലുള്ളൊരു മോഹത്താലെ
ഈവഴിയാരും പോകത്തില്ലാ
ഏറിയകാലം ക്രൂരിലക്ഷിച്ചൊരു
കാര്യമിതിന്നിതൊഴിക്കയുമില്ലാ
വിശപ്പുകൊണ്ടും ദാഹംകൊണ്ടും
സഹിപ്പതിനും പാത്രവുമല്ലാ
എന്നുടെവായിൽ പുക്കോണ്ടൊട്ടെ!
നിന്നുടെവിധിയെന്നോർത്തോണ്ടൊട്ടെ
നീയിനിമോഹമൊഴിച്ചേച്ചാട്ടെ
വായിനനേരേകതിച്ചേച്ചാട്ടെ
ഘോരസാസുരസാസരസവചസ്സുതി
സാഹസാസരസം കേട്ടുകപീന്ദ്രൻ
ഹന്തവിചിത്രം വഴിതടയുന്നവ-
ളെന്തൊരുവേഷമിതെന്തൊരുജാതി
പെരുവഴിപോകുന്നവരെവിലക്കി
കരക്കലമോടുഭുജിക്കുന്നവളിവ-
ളെങ്കിലുമിവളൊടുസംഗതി ചൊൽവന-
തിങ്കലൊഴിക്കിലിതങ്ങിനെപോട്ടെ
ഇതിമനതാരിൽ നിനച്ചുമരുൽസുത-
നതിനയമോടവളോടുരചെയ്താൻ:—

ശ്രീരാമസ്വാമിതന്റെദൂതൻഞാൻവായുപുത്രൻ
താരാർമകളാംസീതാദേവിയെയന്വേഷിപ്പാൻ
രാക്ഷസരാജ്യത്തിന്നായ് ശീഘ്രംഗമിക്കുന്നനി-
ന്നാഗ്രഹം സാധിപ്പിപ്പേൻഞാനങ്ങുപോയ്വരട്ടെ
ലങ്കാപുരിയിൽ പുക്കുശങ്കാരഹിതംമലർ-
മങ്കയാം ജാനകിയെ പങ്കവിഹീനംകണ്ടു
സങ്കടംതീർത്തു പോന്നു പങ്കജനേത്രൻരാമൻ
തങ്കഴൽ കൃപ്പിവാത്സല്യമറിയിച്ചാൽ ഞാൻ,
താമസിക്കാതെ നിന്റെവായിൽ പുക്കിടുന്നുണ്ടു
താമസിച്ചീടുകനീയേവമിവിടെത്തന്നെ
വ്യാജം ഞാൻചെയ്കയില്ലചതിച്ചുപോക്കയില്ല
വ്യാജംപറകയില്ലവേഗം വഴിതരേണം
അഞ്ജനാത്മജന്റെ സരസവാചകങ്ങൾകേട്ടു-
സുരസ
ആശ്ശുവാശരമവീതശങ്കമത്രചൊല്ലിനാൾ
ഫണിവരന്റെ വായിന് വന്നതവളതന്റെനിന
വുപോലെ
പഴുതിലായിവന്നു നിന്റെദേഹമഖിലമിതെ-
ന്നെടോ
അരനിമിഷമാത്രമതിനൊരിടതരികയില്ല ഞാനു
മുന്നിനച്ചുവെ പറഞ്ഞു കാര്യമില്ലെടോ!
നിന്നുടക്കര് ഞാൻ വരുമ്പോൾ നിന്റെശാസ്ത്ര
മായിരിക്കാം
എന്നുടക്കനീവരുമ്പോളെന്റെ ശാസ്ത്രവും
മരണവിധം നിനക്കുപെരുപ്പാരമെങ്കിലതിനു
വിരവിലുച്ചരിച്ചുകൊൾകരാമനാമകീർത്തനം

ചരിതമെന്റെ വായിൽ വന്നു പൂകണമിടിച്ചി
ടേണ്ട
യെരിപൊരിഞ്ഞിടുന്നു പെരികെക്ഷുത്പീ-
ഡാശയാലഹം
ഉരഗനാരിതന്റെ ഘോരമൊഴികൾകേട്ടുവായു-
സൂനു
രഘുകുലേശമോർത്തുചൊല്ലിവിരവിലുത്തരം-
നാനുചിതമിവകടുസ്ഥതചെയ്യാ- ഗിരം
നതിഹിതമിതു നിനക്കെന്നാകിൽ
എന്നുടെ കർമ്മമതിങ്ങനെയാട്ടെ
നിന്നുടെ വയറുനിറഞ്ഞുംപോട്ടെ
എന്നെത്തിന്നുരസിപ്പതിനായ്ക്കൊതി-
യുണ്ടിച്ചുള്ളു ഞാൻ തീർത്തുതരുന്നേൻ
തെരുക്കനെമമനേരേനിന്നിഹ
തുറക്കവായ്നീതാമസിയാതെ
ഉടൽക്കപാകംനോക്കിക്കൊണ്ടഥ
പിളർക്കവക്ത്രം ഭീഷണഗാത്രേ
എന്നു പറഞ്ഞൊരുമാരുതിയോജന
വണ്ണവുമായിവളർന്നഥനിന്നാൻ
ഹനുമാൻതന്നുടെ ഗിരംഭാവവു-
മനമോദത്തൊടറിഞ്ഞിഹനാരി
നിന്നുടെഗാത്രംതിന്നുനിറപ്പതി-
നെന്നുടെവക്ത്രംമതിയായീടും
വണ്ണംപെരുകിനനിന്നുടെയുടലി-
നണ്ണാക്കിൽത്തടയാതെഭുജിപ്പേൻ
പിന്നാക്കാൽബലിപൂജകൊടുത്താൽ
പൊണ്ണ! ദേവതമാറുകയില്ലാ;
ബാല്യപ്രജ്ഞാ ദുർബ്ബലജാത!
ദുർബ്ബലനിന്നുടെധാർഷ്ട്യമിതെല്ലാം
എന്നുടെനേരേ കാണ്മവരേണ്ടാ
നിന്നുടെപകിടകളെന്നോടുകൂടാ;
ഇത്ഥമുരച്ചവൾ രണ്ടും മൂന്നും
വിസ്തൃതയോജനവക്ത്രവുമായി
നേരേനിന്നളവഞ്ജനാനന്ദന-
നീരഞ്ചായിരുയോജനവണ്ണം;
ഒരുപതുയോജനവണ്ണം കണ്ടവ-
ളിരുപതുയോജനവായിപിളർന്നു;
അപ്പോളതുകണ്ടപ്പവനജനും
മുപ്പതുയോജനയാക്കിശരീരം

വൻപരിൽമുമ്പനിവൻബദ്ധധീര-
നിരംഭയഹീനനകംപരിലാഢ്യർ
കിംപറയാവതുമലമലമെന്നവ-
ളൻപതുയോജനവായ്പിളരുമ്പോൾ
ചുരുക്കിമാരുതിദേഹവുമുടൽചെറു-
വിരല്പസമമായ് സംശയഹീനം
ക്ഷണത്തിലവളുടെവായിൽപുക്കഥ
പുറത്തുപോന്നാൻശ്രവണദ്വാരാൽ
അഹിമാതാവേ! ശരണംവിരവൊടു
വഴി മേ ദേഹി വിളംബനമരുതേ!
ഭൂയോ ഭൂയോ വന്ദേഹംതവ
പാദേ ദേവി! ഹേ! സുരസാദേവ്യ
എന്നുപറഞ്ഞുവണങ്ങിയമാരുത-
നന്ദനനോടുപറഞ്ഞിതുസുരസാ;
വീരാപവനകുമാരാഭൃശമരി
ധീരാ ശൃണു ശൂരാ! മേ വചനം
താവകവീര്യബലങ്ങളെയറിവാൻ
ദേവകൾനായകനായ മഹേന്ദ്രൻ
സംശയമാത്മനിതീർപ്പതിനായി-
ട്ടാശുനിയോഗിച്ചെന്നെയയച്ചു;
ബോധംവന്നു ഖേദംതീർന്നു
മോദംചേർന്നു തവ ബലമതുലം;
സുഖമേ പോക നിശാചരപുരിയതി-
ലകമേപോകവിദേഹാത്മജതൻ
ചരിതമറിഞ്ഞതുമങ്ങറിയിച്ചഥ
ഝടിതിരഘൂത്തമനിങ്ങെഴുനള്ളി;
രക്ഷോവംശമൊടുക്കമശേഷവു-
മൃക്ഷകുലേശ! ഭവാനിതിനാദ്യൻ;
വൃന്ദാരകവരനിന്ദലൊഴിപ്പാൻ
മന്ദേതരമിഹപോകുന്നേൻ ഞാൻ
ജയിക്ക സർവ്വം പവനതനൂജ നീ
ഗമിക്കയെന്നവൾ യാത്രപറഞ്ഞു
സുരേശനാദികളോടുരചെയ്തു
സുഖംനിനച്ചവരങ്ങുരസിച്ചു;
മാരുതമണ്ഡലമാർഗ്ഗത്തൂടെ
മാരുതസുതനാം ശ്രീഹനുമാനും
വിരവിലതീനൻ ചപലവിഹീനൻ
ഗരുഡസമനൻ പോകുന്നേരം.

സുരനാഥൻതന്നോടപ്പേടി-
ച്ചുദകനിധിയിൽവാഴും
ഗിരിനാഥൻമൈനാകന്താ-
നരുൾചെയ്തുനാഴിനാഥൻ;
തുഹിനാചലാധിനാഥ
തനയ! മേനകാസുതാ!
കപിനാഥൻ ശ്രീഹനുമാൻ
പവമാനപുത്രനിപ്പോൾ
രഘുനാഥസ്യാജ്ഞയാലേ
ദശകണ്ഠരാജ്യത്തിന്നായ്
ഖഗനാഥൻയാനംപോലെ
വരുമിങ്ങടുക്കമിപ്പോൾ;
വിരവോടെചെന്നവനെ
കനിവോടെ സമ്മാനിച്ചു
പരിചോടെ യാത്രയാക്കി
വരിക മൈനാകമേ! നീ;
സഗരഭൂപാലകന്മാർ
വലുതാക്കി നമ്മെ മുന്നം
അതിനാലെ സാഗരമെ-
ന്നുളവായി നാമധേയം;
സഗരകുലത്തിലല്ലോ
സകലൈകനാഥൻ വിഷ്ണു
ഖഗപൈകാരൂഢൻ ദാശ-
രഥിയായവതരിച്ചു
രഘുനാഥൻകാര്യത്തിന്നായ്
കപിനാഥൻപോകുന്നിപ്പോൾ
ശതയോജനയു-
ടകലം ലങ്കയിൽചെല്ലാൻ;
ഇരിപ്പാനൊരേടമില്ല
കുടിപ്പാനൊന്നുമില്ല
ഭുജിപ്പാനുമില്ല ദാഹം
കെടുപ്പാനുമേതുമില്ല
മടിക്കാതെ ചെന്നവന്റെ
മതിക്കു ചേരുന്നതെല്ലാം
കൊടുത്തുസന്തോഷിപ്പിച്ചു
സുഖത്തോടയച്ചീടേണം.
ജലധീശവാക്യം കേട്ടു
ജനയിതാപുണ്യമൂർത്തി
ജലധേർമൈനാകംമേല്പോ-
ട്ടുടനേ പൊങ്ങിനാൻ നേരെ
അമിതമധുരസഫലപക്വങ്ങളു-
മമൃതസമാനമായ വിമലസുഖോദകവും
നിറയപ്പെട്ടൊരുതേജ-
സ്സുഴകംശ്രീമൈനാകനും
വിരവിൽപവനജൻത-
ന്നരികിൽപ്രത്യക്ഷനായാൻ;
അനല്പസന്തോഷത്തോടു
കഥിച്ചുമൈനാകമേവം.

പദം.

വാതകുമാരവീര! പാഥോനിധിവരന്റെ
ശാസനയാലെവന്നുഞാനെടോ കപിവീര!
ഏറ്റമലിവുകൊണ്ടുനിന്മെയ്തളർച്ചതീർത്തു
സമ്മോദംപൂണ്ടുപോയാലും
മാരുതസുതനാ! സമ്മോദംപൂണ്ടുപോയാലും!
പക്വമധുഫലങ്ങൾഭക്ഷിച്ചുദാഹംതീർത്തു
സൌഖ്യമുൾക്കൊൾകസാദരം
വാനരവീരാ! സൌഖ്യമുൾക്കൊൾകസാദരം,
ഇഷ്ടമായുള്ളതെല്ലാമിഷ്ടമായങ്ങുചെയ്തു
തുഷ്ടനായ്പോയിടേണമേ! രാമചന്ദ്രദൂതാ!
തുഷ്ടനായ്പോയിടേണമേ.

തുഹിനഗിരിപുത്രനാമദ്രിസംഭാഷിതം
സുഖസഹിതമാശുകേട്ടാശുഗേയൻ തദാ
കുതുകമോടുപുഞ്ചിരിപൂണ്ടു സംപ്രീതനായ്
ഗിരിവരനൊടുത്തരം സത്വരം ചൊല്ലിനാൻ:—
അയി! ശൃണു ധരാധരാധീശ രാമാജ്ഞയാ-
ലബലാമണിസീതയെക്കണ്ടുവന്നീടുവാൻ
ദശമുഖപുരിക്കുഞാനിന്നുപോകുന്നിതു
വഴിയിലൊരുതാമസം യോഗ്യമല്ലോട്ടുമേ
ഒരുവകഭുജിക്കതാനോർക്കമെറ്റൊന്നുതാ-
നൊരുദിശികിടക്കതാനിന്നിതൊന്നും സഖേ!
അരുതരുതുരാഘവസ്വാമികാര്യാന്തരേ
അലമലമലംകുലാദ്രീന്ദ്രചൂഡാമണേ!
ഇതികരുണയാ ഭവാൻ ചെയ്തസത്കാരമി-
ന്നഥ മനുഭവിച്ചുസന്തുഷ്ടനായേൻതുലോം
മെച്ചമെഴുമിച്ഛയൊടുമച്ഛനെനമിച്ചുടന-
ഭിച്ചഭയവാച്ചുമുദ പുളച്ചതിതഴച്ചധിക-

ലക്ഷ്മമതിമാരുതി ഗിരിശിഖരമണച്ചുടൻപി-
ടിച്ചുതഴുകിപ്പുരിരസിച്ചുസുഖയാത്രയുമ-
യച്ചുവിരവിൽ ബത തിരിച്ചു രജനീ
ചരപുരിക്ക പവനാത്മജൻ.

പവനമണ്ഡലമാർഗ്ഗഗരുഡസന്നിഭൻ വേഗാൽ
പവനനന്ദനൻ ചാടിഗ്ഗമനം ചെയ്യുന്നേരം
കരുത്തഗാത്രവുമേററം ഉരുത്തനേത്രവുമായ്ക്കൊ
ണ്ടൊരുത്തി ഭീഷണഗാത്രി കരുത്തി മായികാരാത്തി
പരുത്ത വന്മലപോലെ ജലത്തിൽവാസിനി നിത്യം
പരിത്രഭൂഷണിയായാഗ്രഹണി സിംഹികാ നാമ്നി
ഖവർഗ്ഗമീതിലേ പോവോർ നിഴൽ മർദ്ദനം ചെയ്തു
പിടിച്ചു ഭക്ഷണം ചെയ്തു വസിപ്പൂ വാരിധിമദ്ധ്യേ;
ഖവർഗ്ഗമീതിലായപ്പോൾ നിഴൽ മർദ്ദനം ചെയ്തു
നിഴലൊക്കെപ്പിടിപെട്ടു പിടിച്ചു നിർത്തിയ നേരം
പൊടിച്ചു മാരുതി കീഴെ ചുഴിച്ചു നോക്കിയ നേരം
ഗ്രഹിച്ചു സിംഹികതന്നെ ചവിട്ടി ദുഷ്ടയെ പെട്ടെ-
ന്നയച്ചിതന്തകരാജ്യമരുത്സംഭൂതനാം വീരൻ
വരിഷ്ഠൻ രാമചന്ദ്രേഷ്ടൻ ബലിഷ്ഠൻ മാരുതസൂനു
കുതിച്ചിതാശരാധീശപുരിക്കു നേർവഴി നോക്കി
യുദിച്ചഭാസ്കരനസ്തമിച്ച നേരമായപ്പോൾ
മിടുക്കൻ ശ്രീഹനൂമാനും ദശഗ്രീവാലയത്തിന്റെ
വടക്കേഗോപുരവാതിൽക്കടുത്ത ദേശമുൾപ്പുക്കു
അവിടെനിന്നുടൻ നോക്കിയറിഞ്ഞിതസ്ഥലാവസ്ഥ!
ഇളയില്ലാദിശി സർവ്വം നവരത്നോജ്ജ്വലാഭാസം
ഉയർന്ന ഗോപുരം നാലും വിളങ്ങും പൊന്മതിലേഴും
അതിന്നു ചുഴുമായേഴു കിടങ്ങുണ്ടത്യഗാധമായ്;
കനകനിർമ്മിതം സർവ്വം ജഗദേകാത്ഭുതഭാവം
ഘനകൗതൂഹലം യന്ത്രപ്പണികൾ വിസ്മയമേററം
അടച്ചു ഗോപുരമെല്ലാമകത്തു പോവതിന്നേററം
തടച്ചൽ കണ്ടുതന്നേരം നിനച്ചു മാരുതപുത്രൻ;
ഒളിച്ചു ചെൽകയുമില്ല ചതിച്ചു ചെൽകയുമില്ല
വഴിക്കു വാതിലൂടെന്നെയകത്തു കേറുകവേണം;
നമസ്തേ രാഘവസ്വാമി! നമസ്തേ പാഹിമാം നാഥ!
നമസ്തേ മൈഥിലീ ദേവി! തുണയ്ക്ക ലോകമാതാവേ
ഇവണ്ണം പ്രാർത്ഥനചെയ്തു നിവർന്നു നോക്കിയനേരം
ഉയർന്ന ഗോപുരാഗ്രാന്തേ തുറന്ന വാതിൽ കാണായി
കൃശമാം വാതിലൂടെ പൂവാൻ കൃശനായഞ്ജനാസൂനു
വിജനമണ്ഡലം പ്രാപിച്ചനിലനന്ദനവീരൻ
ഇടത്തുപാദവും മുള്ളിൽ കമത്തി ദക്ഷിണപാദ-
മെടുത്തുവെപ്പതിൻ മുമ്പതടുത്തിതേകഘോരാംഗി

ഹുംകാരത്തൊടു ശങ്കാരഹിതം
ലങ്കാലക്ഷ്മി ഭയങ്കരഗാത്രി
സംഘോരാരവരൂപിണി ഭീഷണി
സംകോലാഹലരോഷിണി തരസാ;
എട്ടുലകും കുലുങ്ങെട്ടുമുടൻ തട-
വൊട്ടുവരാതിടിവെട്ടിനു സമമവ-
ളട്ടഹസിച്ചു ഭ്രുകുടി മറിച്ചതി
നിഷ്ഠുരഭാവമൊടിത്ഥമുരച്ചാൾ;
ആരാടെട കൃശ! ചോരാ! ശാനിശി
വാതാനിഹ മതി പോരാതവനേ!
ഘോരാകാരമഹാരാക്ഷസവര-
രോരാനുംകണ്ടെങ്കിലിനിക്കൊരു
പോരായ്കക്കൊരു പേരാദയനേ
രേ രേ മർക്കട! ദൂരേ നില്ലെട
മാറെട മൂഢ! മരമൃഗകീടാ!
വാനരപശുഫണിദാനവഖഗമൃഗ
മാനവരിവകജാതികളാരും
ഞാനറിയാതെ കടന്നുവരാ ബഹു-
മാനമെഴും ദശകണ്ഠപുരാന്തേ
കടക്കമോ നീ ഞാൻ പറയാതെ?
വിടപ്രവീണ! ചഞ്ചലബുദ്ധേ!
കടക്കിൽ നിന്നെസ്സമ്മതമേററം
മിടുക്കനത്രേ സംശയമില്ല
അടിച്ചു നിന്നുടെ മസ്തകമിപ്പോൾ
പൊടിച്ചു വാരിധിതന്നുടെമദ്ധ്യേ

കലഹംവെൻ ഞാനില്ല വിവാദം
നിലയ്ക്കു നിന്നോനിയയ്ക്കു നല്ലു
നിലയ്ക്കുമല്ലെന്നാകിലിദാനീം
കൊലയ്ക്കു ചേരും കശ്മലഹൃദയ!
ചൊടിച്ചിലും നിൻ ധാർഷ്ട്യമെല്ലാ-
മിടിച്ചിലാകും സംശയമില്ല.
എന്നിവഘോഷം കേട്ടുകപീശ്വര-
നൊന്നുമിളക്കാതങ്ങിനെനിന്നാൻ;
പട്ടുചമാടഥ ലങ്കാലക്ഷ്മിയു-
മുട്ടുചെന്നഥമാരുതസുതനുടെ
ഇടത്തു ചെവിതടമുടയുംപരിചൊ-
കൊട്ടത്തിതപ്പോൾ ശ്രീഹനുമാനും
തട്ടു തല്ലതിടത്തുഭുജത്താൽ
കൊട്ടു നല്ലൊരു താഡനമുടനേ
ഓടിയുംകൊണ്ടവൾ വീണിതു ഭൂമിയി-
ലുടനേ ചോരയുമൊട്ടു വമിച്ചു;
ത്വരിതമെഴുന്നവൾ മരുദാത്മജനോടു
തരസാ പുഞ്ചിരി പൂണ്ടു പറഞ്ഞു
അത്ഭുതമത്ഭുതമയി! തവ കരബല-
മിബ്ഭുവനത്രയവിശ്രുതവീര!
കേട്ടാലും മമ ചരിതമശേഷം
കേട്ടുമനസ്സിലുറച്ചീടേണം;
പണ്ടു ജനങ്ങൾ കലാന്തകനാം ദശ-
കണ്ഠനുവേണ്ടി ദയാനചിതഹൃദയൻ
ലങ്കാനഗരകപാടം കാപ്പാൻ
പങ്കേരുഹഭവനെന്നെയയച്ചു;
ഞാനിപ്പുരിയിൽ വസിക്കുന്നാളൊരു
ഥാനിവരാനഗരേകപിവീര!
സരസം ചിന്തിച്ചരുളിച്ചെയ്തിതു
സരസിരുഹഭവനെന്നോടു ശുദ്ധം;
സീതാന്വേഷണകാരണമായി
ശ്രീരാമാജ്ഞയൊടൊരുകപി രാത്രൗ;
ബലവരപുരിയതിൽ വന്നു കടക്കും
കലഹം നിങ്ങളിലിവിടെയുദിക്കും
ഇടർ കൊള്ളും പരിചവനൊടു നീയുമൊ-
ടടികൊള്ളും പുനരതിനുടനേ നീ
മനക്കുരുന്നതിലാദരപൂർവക-
മനുഗ്രഹിക്കണമവനെ ഭവാൻ;

ജാനകിദേവിവസിച്ചരുളുന്നൊരു
സ്ഥാനവുമവിടെച്ചെൽവതിനുള്ളൊരു
വഴികളുമാശു പറഞ്ഞുകൊടുത്തട-
നൊഴികഴിവിടണം വിളംബനരഹിതം
അത്ര വസിച്ചേൻ ബഹുകാലം ശത-
പത്രസമുൽഭവകല്പനയാലേ
അടികൊണ്ടിങ്ങൊരു സങ്കടമില്ലാ
നടകൊണ്ടാലുമശങ്കമശേഷം
സമവിസ്താരമതെഴുനൂറുണ്ടിതു
സുമഹത യോജന ലങ്കാനഗരം
ഏഴുണ്ടേ മതിൽ ചുറ്റും ചുറ്റും
ഏഴിനുമുണ്ടു കിടങ്ങുകൾ ചുറ്റും
ഉന്നതഗോപുരമോരോന്നതിലിന
നന്നാലുണ്ടിഹ നട നാലിനുമായ്
പെരികെപ്പുഷ്ടലസത്പരിനിർമ്മിത-
മിരുപത്തെട്ടു ഗോപുരമഖിലം
ഒത്തനടുക്കു നിരത്തൊടു കാണാം
പത്തുമുഖൻ മരുവും മണിഭവനം;
കാൺകനീസീമ്നി നടന്നു പുരാകേൾ
പൂങ്കാവുണ്ടതിനോടു സമീപേ
ഉദ്യാനാടവിമദ്ധ്യേ നില്പിതു-
മത്യുന്നതമാം ശിംശപവൃക്ഷം
അതിന്റെ കീഴേ മരുവീടുന്നിതു
മതിമുഖി ജാനകിയതിദുഃഖിതയായ്
അവിടെച്ചെന്നഥ കണ്ടാലും നീ
അവനിതനൂജാമനിലതനൂജ!
രാക്ഷസനാരികൾ കാവലുമുണ്ടു
രാക്ഷസരുദ്യാനത്തിലുമുണ്ടു
കണ്ടനിശാചരർ മണ്ടിയണഞ്ഞാൽ
ശണ്ഠയിലവരെയൊടുക്കിജയിക്കും
വിശദമതേ! നീ ചെയ്യുക സകലവു-
മുചിതമതെന്നേ വന്നുഭവിക്കൂ!
സർവം ജയമാസ്തുരിക ഭവാനപ-
ഗർവം പാവനപവനതനൂജ!
നന്നാസ്തുരിക നിനക്കിനി മേന്മേൽ
നിന്നാലേ ജിതലങ്കാനഗരി
സീതാവസ്ഥകളങ്ങറിയിച്ചഥ
ശ്രീരാമാദികളിങ്ങു കടന്നു

ആശരവംശമശേഷമതിദ്രുതം-
മാശുഗസൂനോ! തവ കപിവീര!
എന്നാലോ ഞാൻ പോയീടുന്നേൻ
എന്നു മറഞ്ഞിതു ലങ്കാലക്ഷ്മി.

തദനു കപികുലതിലകനഞ്ജനാനന്ദനൻ
തണ്ടാരിൽമാതിനെക്കണ്ടറിഞ്ഞീടുവാൻ
ചാരിപുരിയിലഖിലദിശി തിരവതിനുവാതജ-
നണ്ണാമലക്രോധസന്നിഭഗാത്രനായ്
അവിടവിടെയിടയിടയതടവിതി നടമാടിനാ-
നാലോകനം ചെയ്തു ചാരുലങ്കാപുരം
സകലപുരനികരജിതമിരുപതുഭുജാലയം
സാനന്ദമാമ്മാറു കണ്ടു വാതാത്മജൻ.

അപ്പുരിതന്നിൽ വസിച്ചോരു രാവണ-
നപ്പൊഴുതൊരു ദുർല്ലക്ഷണമുണ്ടായ്
ഇടത്തുഭാഗംദേഹമശേഷതോ-
രെട്ടുത്തു തട്ടിവിറച്ചുതരിച്ചു
നിമിത്തമാകും പുരുഷന്മാർക്കു-
മമിത്രവൃന്ദം വന്നുകരേറം
ബലത്തിനും നിജഹാനി ഭവിക്കും
കുലത്തിനും ബത നാശമുദിക്കും
അനർത്ഥമേവം വരുമിതു സുദൃഢം
മനസ്സിലാക്കി നിശാചരനാഥൻ
തഥാ വിറച്ചിതു ജാനകിതന്നുട-
ലതീവ വിസ്മയമതുമിടഭാഗം;
സ്വാമിരഘൂത്തമനവ്വളവിൽതനു-
വാമേതരമുടനൊന്നുവിറച്ചു;
ദക്ഷിണഭാഗം പുരുഷന്മാർക്കു
സൂക്ഷ്മം ദൃഢമതിവിജയനിമിത്തം;
അനന്തരം പുനരനിലതനൂജൻ
മനം തണുപ്പിച്ചുതിഹരിഭക്ത്യാ
അനന്തഭാസുരമപ്പുരമഖിലം
ഗുണാന്തരങ്ങൾ പാർത്തു ലഭിച്ചാൻ;
മണിയറമച്ചുകൾ മാളികയും പല
മണികളുമത്ഭുതഗോപാനസിയും
നികരനികേതനമാളികളും ചില
സുരപരിലാഞ്ഛിതതൂണുകളും
സുരശയനോന്നതമേടകളും പല
ബലപതിമാരുടെ വീടുകളും
ബഹുവിധമത്ഭുതമോടികളും പുന-
രിടയിടയിൽ ചിലതോട്ടുകളും
വടിവൊട്ട കിണറുകൾ വാപികളും
സ്ഫടികമയാഞ്ചിതഭിത്തികൾ മണിയറ
കളിയിലഴകിയ മേത്തളവും
കനകമണിത്തറ പൊന്മതിലും പല
ജനകുതുകോജ്ജ്വലവെണ്മകളും
നിരമണിഗോപുരനിലകളെയും
നവരസഭാതലനിരകളെയും
നടവഴിയിടവഴിതെരുവുകളും
വടിവൊടുനെടുകൊടികൊടിമരവും
തോരണപങ്ക്തിസുകോണികളും
വാരണപന്തികൾ കോണുകളും
നാടകശാലനടപ്പുരയും ചില
ഘോടകശാലപടിപ്പുരയും
മോടികലർന്ന കുളപ്പുരയും ബഹു-
മാടുകൾശാലപണിപ്പുരയും ചില
വീടുകളാദികളപ്പുരയും ബഹു
നാണിഭശാലമുടിപ്പുരയും ബഹു
ഭോജനശാലമണിപ്പുരയും ബത
ഭോജനശാലഭടപ്പുരയും
നാഴികമണിയുടെ ചാരുനിനാദം
നാഴികഘോഷസമൂഹവിലാസം
മദിരാപാനം ചെയ്യുതിനനവധി
ചതുരാകാരസമുന്നതഭവനം
പലലംവെട്ടിപ്പുരിശകളിപ്പാൻ
പലവകചലദിശിപട്ടഭവനങ്ങൾ
പത്താനനനുടെ പത്തനശോഭ പു-
കഴ്ത്താനരുതു സഹസ്രാനനനും
വൻപച്ചാരാം കുംഭച്ചെവിയൻ
ജൃംഭിച്ചനിശമുറങ്ങും ഭവനം
ഉത്തമനായ വിഭീഷണഭവനം
തസ്യവിശേ സുമഹസ്ഥലമേറം
രാവണസുതനാം മേഘനിനാദൻ
ദേവകുലാധിപജിത്തിൻഭവനം
തസ്യ സഹോദരനാമതികായൻ
തത്സഹജൻ തലമൂന്നുള്ളവനും
നാലാംനന്ദനനക്ഷകുമാരൻ

ജാലയമിവരുടെ ബാഹുബലവിലാസം;
കുംഭച്ചെവിയൻ തൻപുത്രന്മാർ
കുംഭൻ തദനു നികുംഭനുമേവം
ഖരസുതനാം മകരാക്ഷനുമിവരുടെ
പുരശോഭകൾ പറവാൻ പണിപാർത്താൽ
യൂപേക്ഷണ ധൂമ്രേക്ഷണ മുഖവി-
രൂപേക്ഷണകലശേക്ഷണപുരവും
ഫാലേക്ഷണനും കാലേക്ഷണനും
ബാലേക്ഷണനും സ്ഥൂലേക്ഷണനും
ദൂരേക്ഷണനും ഭൂതേക്ഷണനും
ശോണേക്ഷണനും തദനു നരാന്തക-
നേവം വജ്രസമുന്നതമുദ്ഭ്യൻ
മത്തോന്മത്തന്മാരുടെ ഭവനം
സുപ്തഘ്നന്മഖവിഘ്നനകമ്പൻ
ജംബൻ കമ്പസുപാർശ്വമഹോദരൻ
ജംബുമാലിപ്രജംഘവിശങ്കൻ
എന്നിവരാദികൾ മന്ദിരമനവധി
ഒന്നൊഴിയാതെകപീന്ദ്രനമപ്പോൾ
കടന്നുസകലംനോക്കിക്കൊണ്ടഥ
നടന്നുപിന്നെയുമോരോദിശിയിൽ
ജനകിദേവിവസിച്ചവിടം പവ-
മാനതനൂജൻ കണ്ടതുമില്ല;
ദശമുഖനാകിയ രാവണനനിശം
ഭൃശസുഖമോടേ ശയനം ചെയ്യും
മണിയറതന്നിൽ വസിപ്പതിനല്ലോ
മതിമുഖിജാനകിസംഗതിയാവൂ;
പൂങ്കാവിൽസ്ഥിതിയെന്നുപറഞ്ഞൊരു
ലങ്കാവചനം നിശ്ചയമാമോ?
ഇത്ഥമുറച്ചുദശാസ്യനുറങ്ങും
വിസ്തൃതമണിമയപത്തനമഖിലം
പാർക്കുന്നളവിൽ പതിനൊന്നുവിധം
ക്രൂർക്കംവലിയെക്കേട്ടുകപീന്ദ്രൻ;
ആറുംനാലുംമൂക്കുണ്ടൊരുവനു
വേറെയരികേമറ്റൊരുപെണ്ണും
ഇങ്ങിനെവകപതിനൊന്നുവിധത്തിൽ
സംഗതിയായതുശ്വാസപ്രകൃതി;
ഭ്രിഷ്മപ്രിസ്ന്നിഷ്ണഘോത്സ്ന്നി
ജ്ജ്മഭോങ്ങധമ്സ്സജന്മ

വികൃതംശ്വാസപ്രകൃതികൾകേട്ടിതു
രഘുതിലകപ്രിയജാനകിയിതിലി-
ല്ലെന്നുമനസ്സിലുറച്ചുതിരിച്ചഥ
പ്ലവകാധിപസംഘവരിഷ്ഠൻ;
ലങ്കാനാഥപുരത്തിൻകൊട്ടത്തൊരു
പൂങ്കാവാളുതിരിഞ്ഞുതുടങ്ങി;
മലർമയമഴകിനുപരിമളമിളകിനൊ-
രിളമ്പുപവനനുമപി ച നിശ്ശബ്ദം
തടഞ്ഞുകൂടെപ്പെരുവഴിയൂടെ
ക്ഷണംജഗാമസുമാടവിമദ്ധ്യേ
ബഹുലഫലാലസകുസുമദലാഞ്ചിത
വിപുലതലേ വിമലേതിമനോജ്ഞം
വളന്നുപൂമരനിരവരിമദ്ധ്യേ
ഉയന്നശിംശപനാമകവൃക്ഷം
അതിന്നടെമുരടിന്നനികടേമേവിന
മതിമുഖിമായാഭഗവതിസീതാ
ദുഃഖിതയായിമുഷിഞ്ഞുമെലിഞ്ഞുട-
നക്ഷിജലേനനനഞ്ഞുശരീരം
ഊണുംകുളിയുമുറക്കമൊഴിച്ചഥ
ക്ഷീണം പൂണ്ടു തളന്നുതളന്നു
രാമസ്മരണയൊടനിശം രഘുവര
നാമമൊരിക്കലുപേക്ഷിക്കാതെ
രക്ഷോമാനിനിമണ്ഡലമദ്ധ്യാ-
ദൃക്ഷകുലേശൻ കണ്ടദശായാം
മനസാ ചിന്തിച്ചമ്മരമുകളതി-
ലലസാതെകണ്ടല്പമിരുന്നു.
രഘൂത്തമപ്രിയമിഥിലതനൂജാ
ജഗത്സ്വരൂപിണി ഭഗവതിമായാ
ജഗത്ത്രയേശ്വരി തന്നുടൽകണ്ടേൻ
കൃതാർത്ഥനായേൻഞാനുമിദാനീം;
അമിത്രവൃന്ദംകണ്ടീലമാമിതി
ചരിത്രമാരുമറിഞ്ഞതുമില്ല;
ക്ഷമിക്കവേണമൊരല്പംനേരം
ഗ്രഹിക്കവേണമിതത്രവിശേഷം
നിശാചരാംഗനമാരുടെവാക്കും
കഠോരനാക്കും പല്ലുകൾമൂക്കും
ദയാനയാദിവിവർജ്ജിതഭാവവു-
മനേകഭോഗാത്മികൾ കണ്ടറിവാനായ്

പ്ലവംഗപുംഗവരാകിയ നമ്മാൽ
പ്രഭഞ്ജനാത്മജനാം മാരുതതനയൻ
ചുരുങ്ങിവാണാനകിൽമരങ്ങളിൽ
ഭൂമണ്ഡവിശ്രമം പ്രാപിച്ചു തദാനിം.

നളിനാസനപുരിവിവിസ്തൃപരാക്രമ-
സാഹസമേറുന്നജനേന ധനേന
നളിനമോദേന സുമനോമദേന
നളിമോദേന സഹായബലേന
സുഖമായഴകിനലങ്കാപുരിയതി-
ലകമേ മരുവിന കൈകസിതനയൻ
ഹനുമാനവിടെച്ചെല്ലുംമുമ്പേ
ദശാസ്യനന്നൊരുസ്വപ്നം കണ്ടു;
രവികുലനാഥൻ ഭൂവുടെനാഥൻ
ദശരഥതനയൻ ഹരിവനവാസൻ
നരപതിരാമൻ തന്റെനിയോഗാൽ
ഒരുകപിവരനിഹരാത്രിയിലിവിടെ
പേടിവിഹീനം വാരിധിയും ബത
ചാടി ജവേന കടന്നു പുരാന്തേ.

ഇപ്പുരിനീളവെ നോക്കിനടക്കും
പുഷ്പവനത്തിൽ പുക്കുവസിക്കും
പൃഥ്വീസുതയെക്കണ്ടുനമിക്കും
മുദ്രാമോതിരമങ്ങുകൊടുക്കും
ശുഭം വാസ്തവമഖിലമുരയ്ക്കും
ചൂഡാരത്നമവൻകൊടുക്കും
അല്പംനാശമിവിടെവിതക്കും
ക്ഷിപ്രംജലനിധിചാടിഗമിക്കും
സംശയമില്ലിവനങ്ങുസമീപേ
ശിംശപതരുകളിൽവസിച്ചീടുന്നു;
സ്വപ്നമിവണ്ണംകണ്ടുദശാസ്യൻ
സുപ്തിയുണർന്നുവിചാരമിയന്നു
താപാദ്രാവണരജനിചരേന്ദ്രൻ
പൂർവസ്മരണയുമുണ്ടായ്വന്നു;
ശ്രീവരപുരമാം ശ്രീവൈകുണ്ഠേ
ഗോപുരസീമനികാവൽവസിക്കും
ജയവിജയന്മാരവരിരുവരിലിഹ
ജയനാമമതിനിഹ സംശയമില്ലാ;
സഹജൻ വിജയൻ ഘടകർണ്ണൻ മമ
സഹജൻ വികചൻ വിഗതവിഷാദൻ
ഹിരണ്യനയനനുമവനുടെ സഹജൻ
ഹിരണ്യകശിപുവുമിങ്ങനെമുന്നം
കഴിഞ്ഞുമന്നവർ മൂന്നിഹമന്നിൽ
ചുഴിഞ്ഞുപിന്നെയുമാശുപിറന്നു;
മോക്ഷപ്രദനാം ഭഗവാൻ ഞങ്ങടെ
മോക്ഷപ്രഹതിവരുത്തുവതിന്നായ്
അവനിപസുതനായ് രാഘവനായിഹ
വിപിനതലേപെരുമാറീടുന്ന
താതിനുടെഹേതുവരുത്തുവതിന്നാ-
യവനീമകളാമവനുടെമഹിഷിയെ
മോഷണമാശുകഴിച്ചിതുഞാനതി
ദൂഷണമെന്നതുരാവണനില്ല;
ഒരുപുരുഷന്റെകുടുംബിനിയേമ-
റ്റൊരുപുരുഷൻകൊണ്ടങ്ങുഗമിച്ചാൽ
ഒന്നുംക്രൂട്ടാക്കാതെയിരിപ്പാ-
നിന്നാക്കുംതോന്നീടുകയില്ല;
അജ്ഞനമോചനസമയമതുംപുന-
രിജ്ജനമിങ്ങിനെനിശ്ചയമാമോ?
എങ്കിലുമിന്നൊരുപണിചെയ്യേണം
സങ്കടമവനിൽ വളർത്തീടേണം
സ്വപ്നംകണ്ടാൽ ചിലകാലങ്ങളി-
ലൊക്കമതെന്നൊരു ശാസ്ത്രവുമുണ്ട്;
അപ്പാനരനുണ്ടിച്ഛയിലിപ്പോൾ
പൂവാടിയതിൽ വസിച്ചീടുന്ന
ഇപ്പോൾചെന്നഹമവളോടുസുഖതര
പുഷ്പായുധരണമർത്ഥിക്കേണം
വാഗ്നികരംകൊണ്ടവളുടെഹൃദയം
ശീഘ്രമഹോപരിഭേദിപ്പേൻ ഞാൻ
എന്നുടെഗീരും നിർബന്ധങ്ങളു-
മൊന്നൊഴിയാതവനിന്നുധരിക്കും
ചെന്നവനക്കഥ രാഘവനോടഥ
ചൊന്നതിനുടനേ വരുമിഹരാമൻ;
മോക്ഷംവരുവാനുള്ളൊരുപായം
സാക്ഷാദിദമിഹകരുതി ദശാസ്യൻ
സീതാദേവിവസിപ്പേടത്ത-
ക്കാദരവോടുപുറപ്പാടായി.

അധികംസുന്ദരന്മാരിലഴകും സുന്ദരമായൊ
രതിശൃംഗാരമാംവേഷംധരിച്ചു രാക്ഷസരാജൻ

കനകമഞ്ജുളരത്നകലിതമോഹനഹാര
ഘനസന്തോഷതഗന്ധകുസുമമാലികാജാലം
വളകൾമോതിരം ചാരുതിലകപാളികൾമെയ്യി
ലിളകുംകാഞ്ചനമാലവിലസുംമോഹനനാദം
വിളങ്ങുംപൊന്നരഞ്ഞാണോടിണങ്ങും ദിവ്യര-
ത്നങ്ങൾ
നിറങ്ങൾകൊണ്ടുമദ്ദേശംനിറഞ്ഞകാന്തിയുംപൂ:
നിറമേറീടിനപട്ടിൽപുറമേവിസ്മയമായോ[ണ്ടേ
രുമാർമംഗിയിൽകെട്ടിതുടർമാലാവലിമീതേ
ഉളയഭാസ്കരബിംബമുദയംചെയ്യുമവണ്ണം
വിളങ്ങുംഭാസുരചാരുമകുടമണ്ഡലത്തോടും
അടുത്തസേവകന്മാരാമമർത്ത്യവൈരികൾ
കൈയി
ലെടുത്തിതായുധജാലംനടത്തീതാരവഘോഷംൽ
തരത്തിൽകാമിനീവൃന്ദംകരത്തിൽപൊന്നണി
ത്താലം
നിരത്തിച്ചേർത്തുടൻമന്ദംനിറത്തിൽകാഞ്ചന-
ദീപം
കൊളുത്തികൌതുകംപാരംനിരത്തിദീപമാ
ലകളോ
മുഴത്തികോമളപൂരംവരുത്തിവാദ്യക്കാരാരാവ-
മുരത്തിൽകീർത്തനംചൊല്ലിപ്പുകഴ്ത്തിശാസ്ത്ര-
സൌന്ദര്യം
വളർത്തികാമുകന്മാരെത്തളർത്തികാമനെനിന്ദി-
ച്ചുകത്തിഭൂഷണജാലമുയർത്തിതൽപ്രകാശൌ-
ഘം
തരത്തിൽസുന്ദരീവൃന്ദംനിരപ്പിൽനല്ലവരെല്ലാം
ഇടക്കമദ്ദളതാളമുട്ടുകളും പാണിമേളത്തോ-
ടിണക്കംതേടിനനാഗസ്വരവുംതാളസംഗീതം
സുഖവീണാരവമോടക്കുഴലുംതിത്തികനാദം
മുഖവീണാവലിശംഖുകാഹളിയുംമററുമീവണ്ണം
അമരാധീശനെവന്നപദവിഘോഷവും
പൂണ്ടോ
രാരാതികൾമുമ്പാകെഴകും രാവണനവിടൻ
തെളിഞ്ഞുനിന്നുടൻനോക്കി;
പറഞ്ഞീടതവരുംനന്നായറിഞ്ഞുകൊള്ളുവിൻ
നാനാ
വിധങ്ങൾകാട്ടുന്നതാരും ഏറ്റുപ്പിൻ പെട്ടികൾ
പിള്ളർ
കടപ്പിൻപെട്ടകംകെട്ടിൻ വെടിപ്പിലായിരം
പെട്ടി

നിറപ്പിൻകാഞ്ചനരത്നചമപ്പിനാഭരണങ്ങൾ
ഭ്രമിപ്പിൻ മന്ത്രിമുഖ്യന്മാർ നമിപ്പിനെപ്പൊഴു
സ്തുതിപ്പിൻ സേവകവൃന്ദം; [നമ്മെ
മുഷിപ്പിൻശീലകൾകണ്ടാൽതൊഴപ്പിൻസംശ
യംവേണ്ട;
മുട്ടപ്പൂഞ്ചേലകളഞ്ഞുനറുപ്പുഷ്ണമാക്കേണം
വളപ്പിൻമോടികൾമെയ്യിൽ ധരിപ്പിൻഭൂഷ-
കൊടുപ്പിൻവേണ്ടവർക്കെല്ലാം; [ണമെല്ലാം
ഗമിപ്പിൻതാമസമില്ലാ ഇളിപ്പുന്നോക്കുകൾ-
കണ്ടാൽ
കൊടുപ്പിൻതാഡനംനന്നായ്, നടപ്പിൻകൂടവേ
ചുററും
കെടുപ്പിൻദാഹവുംക്ഷുത്തുംതടുപ്പിൻ ദുഷ്ക്കന-
ങ്ങൾ
തകർപ്പിൻമോഹനമേളം പൊഴിപ്പിൻവേണു-
വിൻനാദം
ഒഴിപ്പിൻദിക്കുകൾമുമ്പിന്നൊഴിപ്പിൻ കശ്മല-
ന്മാരെ
ചരിപ്പിൻനല്ലവർമുമ്പിൽനിരപ്പിൻമാനസ-
മൊത്തു
രമിപ്പിൻനാരിമാർമുമ്പിൽ കളിപ്പിൻമോഹി
നിയാട്ടം
രസിപ്പിൻഭാഗമെല്ലാരും വെടിപ്പിൻവട്ടണി-
യിട്ടു
നടപ്പിൻമന്ദമന്ദേനകറപ്പിൻകാടമൂഢതാം
നാടിപ്പിൻഭൂതലമെല്ലാം തളിപ്പിൻകാമിനീ-
വൃന്ദം
വാറിപ്പിനാലവട്ടംകൈവിളക്കും ചാമരജാലം
മണപ്പൂരാഞ്ചിതചാരുമലർപ്പൂസഞ്ചയംവാരി
വിതപ്പിനെന്നുടെമെയ്യിൽപനിപ്പാനീയ സംയു
ഓമരമാനിനീമാരുമസുരമാനിനീമാരു- [ക്തം
മപാരംമാനുഷനാഗാപ്സരസാം മാനിനീമാരും
വളകൾകാതിലോലാതളകൾ പൂമലർമാലാ
വലികൾനാസികാരത്നമിളകുംമൌക്തികാ-
ഹാരം
ഇളക്കത്താലിയുംമിന്നുംമടക്കത്താലിയുംനൂലും
പതക്കംതോൾവളമുത്തുവിരല്ലുമോതിരജാലം
ധരിപ്പിനീവകമാറം മഹാദിവ്യാഭരണങ്ങൾ
ചരിപ്പിൻ കുറവുണ്ടാക്കാതിരിപ്പിൻ മാനിനി
മാരേ
വെള്ളക്കപ്പല്ലുകൾതേച്ചു മുറുക്കിക്കൺകറുപ്പിച്ചു
കറിക്കൂട്ടാദികൾപൂശിനിരക്കെവാല്ലുറിപ്പൂണ്ടു

കള്ളക്കൗമാനസത്തോടും പുറപ്പെട്ടിട്ടവിൻവേഗം
ചലിക്കുന്താമസംകണ്ടാലലയും പൂൺകൊണ്ടു
തൊൻ

മുട്ടുതപോലിനവസ്ത്രംധരിച്ചിട്ടേനമെല്ലാരും
മഹത്വമുള്ള പരിവ്രാജകനെന്നുത്തമമതിഭേണം
മഹിക്കുമന്ദിനീതന്റെമതിക്കുകൗതുകം പാര
മുതിക്കമേവമല്ലാഞ്ഞാൽ ദൂഷിക്കുംസംശയമില്ലാ
ഇവണ്ണംകല്പനചെയ്തു നടന്നു രാക്ഷസരാജൻ
സുവർണ്ണഭൂഷണാകാരൻ തുടങ്ങിയാത്രയുംമന്ദം.

മധുവാണീജനം കണ്ടുമയങ്ങുംവണ്ണം
മലരമ്പൻനാണംപൂണ്ടുവണങ്ങുംവണ്ണം
മുഖംപത്തുംതെളിഞ്ഞേറ്റം വിളങ്ങുംവണ്ണം
സുഖംചിത്തംനിറയുമാളികളുംവണ്ണം
നയനങ്ങളിരുപതുമിളക്കിക്കൊണ്ടു
നവരസമവറ്റിൽചേർത്തിണക്കിക്കൊണ്ടു
നയസുഖരസഗിരമുരച്ചുംകൊണ്ടു
നവമലർപരിമളംധരിച്ചുംകൊണ്ടു
ശതമഖമുഖസുഖവിഗതകരൻ
ദശമുഖനഴകിയപുരുഷവരൻ
വളകൾമോതിരംപൂണ്ട കരനികരൻ
വനിതമാർകളികണ്ടു കുതുകധരൻ
മുറുക്കിക്കൊള്ളികൾപത്തും മുഴപ്പിക്കുന്നു
കുറുക്കുകാൽവച്ചു മന്ദം ഗമിപ്പിക്കുന്നു
മനസ്സിൽദേവിയേധ്യാനിച്ചുറപ്പിക്കുന്നു
മദത്തെമന്മഥനുള്ളിൽ കുറപ്പിക്കുന്നു
ദശമുഖനേവം വേഷംധരിച്ചുകൊണ്ടു
ഭൃശമുഖംനിനച്ചുടൻ ഗ്രഹിച്ചുംകൊണ്ടു
നിറഞ്ഞപൂമലർക്കാവിലടുത്തുമന്ദം
ബഹുതപോജനത്തെയൊട്ടകറ്റിനന്നായ്
ജഗന്മാതാവായദേവിയമർന്നീടുന്ന
പുകഴ്ന്നപൂമലർക്കാവിൽനികന്നീടുന്ന
നിറന്തേടുമകിൽമരമണിത്തറയ്ക്കൽ
സുഖംതേടിരാവണൻചെന്നടുക്കുക്കെ
നിശിചരവരൻതന്റെവരവീവണ്ണം
ശശിമുഖിസീതകേട്ടുവിറച്ചുതുണ്ണും
മുലരണ്ടും തുടകളാൽ മറച്ചണച്ചു
മുഖപങ്കേരുഹം കുമ്പിട്ടിരുന്നിരുണ്ട
തലമുടിയടിക്കമീഴെവിരിച്ചുഴിച്ചു
സുലളിതചാരുഗാത്രം മറച്ചുറച്ചു
മഞ്ജുളതരനേത്രമടച്ചുവച്ചു
മനസ്സിൽ ശ്രീരാമധ്യാനമുറച്ചു
മരത്തിൻകീഴ്ഗാതിക്കരികൊണ്ടിരിക്കുംനേരം.

പഞ്ചുകഴുത്തനമത്തൻമുഴങ്ങും
ചിത്തഭവസ്യ ശരൗഘരവിന്ദം
നിത്തരതാതമരിച്ചുമോഹ
മടിച്ചുവിലേശപരിയോടും ചൊല്ലാൻ.—

നാഥേ! നരവരജാതേ ഗുണമയ
ഭൂതേ! മതിമുഖി! സീതേ! ഉരു പരി-
ഖേദേതരസുഖബോധേതരമാ
മോദേതരമിദമരുതരുതമലേ!
ബാലേ സുമുഖി സുശീലേ! ശിശുശശി
ഫാലേ മുഴുലകപോലേ! സുമശര
മാലേറ്റിടുകയാലേ നന്ദ കല-
നീലേ ദൃഢമിതു കാലേ പരിഭവ
തുലേനലഗതിപോലേ വരുമിതി
നാലേ ദൃഢമിദമലമലമബലേ!
ലോകൈകാധിപനായ ദശാസ്യൻ
കൈകസിസുതനാം രാവണനിഹഞാൻ
കോകിലഭാഷിണിനിന്നുടെ കാരുണ-
മാകലനായിഭവിച്ചിതനേകം
നിന്നുടെ ചരണസരോരുഹയുഗളം
വനിഹശരണം പ്രാപിക്കുന്നേൻ
കണ്ടാലും നീ എന്നുടെ ഗാത്രം
തണ്ടാരാലജിതം ദശവക്ത്രം
സുന്ദരചാരുശരീരമിവണ്ണം
മന്നിലൊരുത്തനുമില്ലസുവർണ്ണം
രക്ഷോജനവരനെന്നറികെന്നെ
പക്ഷ്മളസായകനെയ്തീടുന്നേ
ഹതനാക്കും കാമാകുലയങ്ങേ
അതിനൊരു സംശയമില്ലമനോജ്ഞേ
മകരക്കുഴമിഴിമുനകൾക്കഴകിയ
രുചിരപ്രചലിതചൂരികക്കൊടിയിണ
ഇളകിക്കനിവിനൊടൊരു വീക്ഷണമതു
മയിസത്തനരുചിയറികക്കുതുകമൊ-
ടധികക്കരുണയൊടകമൊത്തഴകിയ
മണിപത്തനമതിലതിസുസ്ഥലഭുവി

സുഖമെത്തയിലന്നദിനമുത്തമഗുണ-
ഗസമത്തനതവപരിസിദ്ധിയിൽ മലർ
ശരവിദ്യകളുടെ വിവിധപ്രകൃതിയി-
ലധികപ്രിയമൊടു മതിപൂരംഭമൊടു-
മതിവിദഗ്ദ്ധമാറിയൊരാകൂരാദന്തേ
രാമനെയെന്തിനു മോഹിക്കുന്നു?
രാമനവൻ ഭുവനൈകനിതാന്തൻ
മാമുനിമാരുടെ കുടിലുകൾതോറും
നാമവുമോതി നടന്നുമിരുന്നും
ഭുജിച്ചില്ലായാൽ മറ്റൊരു കാട്ടിൽ
കഴിച്ചിലുടനെ പിന്നൊരു കാട്ടിൽ
ഒരിക്കലും പിരിയാതെ വസിക്കണം
മൊരുത്തിയവനൊരു ഭാര്യയുമുള്ളൂ
ഒന്നല്ലെങ്കിൽ പിന്നൊന്നവനുള്ളൂ
നന്നല്ലെങ്കിൽ പിന്നൊന്നാണ്ടാം
ഒന്നിനുമില്ലൊരു കാംക്ഷയിലേശി-
ച്ചൊന്നിലുമില്ലൊരു കാംക്ഷയുമനിശം
നീയുംമറ്റൊരു കാട്ടാളിയുമിന്ന
പൊയ്യല്ലവനൊരു ഭേദവുമില്ലാ
മായവർകലയവർ വിണ്ണവരുംബത
പായനമില ഗുണസംകുംഭേദം
ശാപംഭോഗാപം ഭേദം നാറി നാറി
രൂപം പകലുമഖണ്ഡമഭേദം
അങ്ങിനെയുള്ളൊരു രാമനെവെറുതേ
മംഗലശീലേ മോഹിക്കേണ്ടാ
അനുചിതമെയിതവനാഭുവിവാസസ്യ-
മനുപമസുലളിത പരിമൃദുഗാത്രേ!
സ്വസ്ഥത്തെക്കാളിക്കൌതുകപരി-
മൂല്യത്തെപ്പുലർദിക്കുകൾ തോറും
ചൊല്ലേറുള്ളൊരു മലങ്കാനഗരൂ-
രിക്കൊത്തൊരു പുരി നഹിനഹിലോകേ
ങ്ങിനെയുള്ളപുരപ്രേക്കാൺമതി-
നംഗനമാർമുടിമകുടമണേ! നീ
തിങ്ങിനകൌതുകമോടു പുറപ്പെട്ടു-
കിങ്ങിനിയിങ്ങനെയരുതുനിവാസം
നാടുംവീടും കാടും വേടും
ബലവും തേടും ഗുണവും തേടും
പുണ്യവുമാടും പാപവുമോടും
ജഗദിവഭേദവിഹീനം തേട്ടം
തേടുന്നോർക്ക് പ്രയാസം കാണ്മാൻ
തേടാതവരെച്ചെന്നണകാണും
പേടിയുമില്ല പ്രസാദവുമില്ലൊരു
മോടിയുമില്ല ശരീരത്തിന്മേൽ
ആശയ്ക്കൊത്തതു സാധിപ്പിപ്പൊരു
മാണിക്കം മണികൈയിലിരിക്കെ
വിശത്തിന്നും വിലപിടിയാതൊരു
കാചത്തെപ്പരികാമിക്കാമോ?
മോശത്തെച്ചെയ്യിട്ടുകരാമനൊ-
ടേശത്തെക്കൊരു മാനസമോഹം
തികാഞ്ഞൊത്തനിറം കലരും മുഖി
തങ്കൽച്ചേപ്പട്ടു വിളങ്ങിയിരിപ്പൊരു
തങ്കക്കട്ടയെറിഞ്ഞു കളഞ്ഞൊരു
ചെങ്കല്ലിനെയോ മോഹിക്കുന്നു?
മങ്കലമണിമകുടമനോഹരി
ശങ്കിക്കരുതൊരുതെല്ലുമിദാനീം
ലങ്കയ്ക്കധിപതിയായ് മരുവീടിനൊ
രെങ്കൽ ചേർന്നുവസിപ്പതിനൊത്താൽ
കിംകിം സംശയമത്ഭുതഗാത്രേ!
പങ്കേരുഹസുമസന്നിഭനേത്രേ!
കല്പകവൃക്ഷകുസുമമുപേക്ഷി-
ച്ചല്പകുസുമമപേക്ഷിക്കാമോ?
നീയാവതുഭുവിനാരീരത്നം
പൊയ്യല്ലഹമിഹപൂരുഷരത്നം
കൈയിലിരിക്കും കനകമുപേക്ഷി-
ച്ചീയ്യമിരപ്പാനിച്ഛിക്കാമോ?
നിന്നുടെ രമണൻഞാനായിനിമേൽ
എന്നുടെ രമണിമനോഹരിനീയും
അങ്ങിനെയായാലിജ്ജന്മംമമ
തിങ്ങിനസുസുഖം സഫലംസതതം
ക്രീഡകമൽതരുവോടകമെത്തഴ
കോടതിൽ സതതരമിട്ടുമുഴുത്തെഴു-
മേടലർതൽക്കലബാണരസക്കളി
നാടകവിദ്യകളാട്ടുകമെത്തക-
രേറകബുദ്ധിയിലോട്ടുകമൽസ്ഥിര-
മൂഢഹിതത്തൊട്ടുനേട്ടുകനൽസുര-
മാടകൾ വേണ്ടവമോടികളോടിട

ക്കുടിവിളങ്ങിനഭൂഷണജാലവു-
മുടുകരാംബരമെടുത്തു ധരിച്ചിററ
മുട്ടകരാമനിലാശയുമകമേ
പ്രീതിയുമാളുമവിക്കസേവിക്ക
സുഖിക്ക ചിരിക്ക രമിക്ക കളിക്ക
വിളിവണിസകലം ചെയ്യിപ്പാനും
കളിചിരിപൂണ്ടു വിനോദിപ്പാനും
സുരസുന്ദരോമാനിനിമാരു-
ണ്ടനവധിയവർ പിരിയാതെ വസിക്കും
കല്യാണാത്ഭുതഘോഷത്തോടും
സല്ലാപാദിവിനോദത്തോടും
മല്ലായതമിഴി! പോകപുരാന്തേ
നീയുടല്ലയൊരു ശരണമിനിക്ക്
വിബുധാരാതിദശാസ്യനിവണ്ണം
വസുധാനന്ദിനി ജാനകി തന്റെ
സവിധേ ചെന്നു നമസ്കൃതി ചെയ്തിദ-
മവിധം ചാരുമഹാമധുരോക്തം
ഹ്രീയുമുപേക്ഷിച്ചുരചെയ്യുന്നള-
വഹിതതരം പ്രതിനോക്കീടാതെ
ഉള്ളോടുകോപമൊടത്രപ്പുരോളുവി
പുല്ലൊടിപൊട്ടിച്ചിട്ടവിളംബം
തൃണശകലം സാക്ഷീകൃത്യ
ജഗത്ത്രയനായിക ചൊന്നാളേവം.

ഖലപ്രൌഢോത്തമനിന്റെ
വലിപ്പംകേളിയുണ്ടേററം
ഖലപ്രൌഢോത്തമൻ നീയെ-
ന്നുരപ്പാൻ സംശയംവേണ്ടാ
കരുത്തൻ കാർത്തവീര്യന്റെ
പുരത്തിൽ ശൃംഖലംപൂണ്ടു
പരുത്തതുണിനോടിട്ടു
തളച്ചവാർത്തകളോർത്താൽ
വിചിത്രമെത്രയുമോർത്തു
രസിപ്പാൻ വേണ്ടമററൊന്നും
ചരിത്രം വിസ്മയം മൂഢ!
പ്രവൃദ്ധകശ്മലബുദ്ധേ!
തടന്നബാലിതൻ വാൽമേൽ
സ്ഥിതനായ് ചാരശവഷം
കഥനം ചെയ്യിലിക്കാര്യ-
മനിശം ലക്ഷണം വേണ്ടാ;

ഖലനെങ്കിലൊന്നിമാംകപടഭിക്ഷുവായ്വന്ന
ചപലചിത്തനായ്കൂട്ടുവിരവിൽ; കൊണ്ടുപോ-
രേണ്ടു
മതിയായുള്ളവരെന്റെ പതിയും ദേവരൻതാനും
അറിയാതല്ലയോ നീമാംധടിതികൊണ്ടിഹ-
പോന്നു
അവരിലേകനുള്ളപ്പോൾ വരികിൽ നിന്നുടെ-
ദേഹേ
വിപിനേജന്തുവൃന്ദങ്ങൾക്കശനമായിവന്നീടും
അഖിലാനന്ദിനി കീർത്തിവൃതയാംമാനിനിഞാ-
നെൻ
പതിയാകുന്നതു ലോകപതിയാംകോസലഭൂപൻ
ജലധിലംഘനംചെയ്തു കടന്നുവന്നുടൻ നിന്റെ
കുലവും കോട്ടയും വീടും ബലവുംനഷ്ടമാക്കീടും
ഖലനാം നിന്നുടെ പത്തുതലയുമസ്ത്രസംഘത്താൽ
കളയുംകുന്നവും വീഴുംവിതയും മസ്തകംപള്ളും
ജയവുംമെന്നെയും കൈക്കൊണ്ടുഴവമല്ലതിരാമൻ
ജഗദേകാഞ്ചിതഭൂപൻമനുവംശാധിപൻവീരൻ
അതിനുതാമസമില്ലെന്നറികതസ്കര! നീച!
അതിമോദേനവന്നീട്ടുമധികം നാശവും നൂനം

വസുന്ധരാസുതാഗിരം ദശാനനൻ
ജവം ധരിച്ചതിരുഷാന്ധസംഭ്രമ-
മടന്നുരംഗമോടിദം തദാചരി-
ഭവം ധരിച്ചുടനെടുത്തു ഖഡ്ഗവു-
മടുത്തു സീതയെക്കഴുത്തിനോങ്ങിയോ-
രവസ്ഥകണ്ടതിപടുത്വമോടതി
ജവത്തിലൻപൊടുമയസൂനന്ദിനി
പിടിച്ചു ഖഡ്ഗവുമിടിച്ചുമാനവു-
മിളച്ചുപേവിധമൊഴിച്ചുമൌനത
വഹിച്ചുമോഹവുമാച്ചു സീതയി-
ലുദിച്ചലജ്ജയുമിളിച്ചു പല്ലുകൾ
വിറച്ചു മാനസമറച്ചുപോവതി-
നുരച്ചു രാക്ഷസിജനത്തോടിത്തരം
"രജനീചരനാരികളേ! വരുവിൻ
രജനീചരഭാസുരചാരുമുഖി
ജനകാത്മജയാമിവൾ മാനസതാ-
രരികേമമചേപ്പതിനോപ്പിനിനീ
കൊടുവാക്കുകൾ നല്ലനയോക്തികളും
പടുഭീഷണസൌമ്യരസങ്ങളെയും
സരസോക്തിവിനോദവിധങ്ങളെയും
സമയോചിതമാത്തിഹ ചെയ്തുടനേ

ഭസന്നിധിതന്നിലിണപ്പിനെടോ!
ക്ഷമയാമരുവീടുവനിന്നുമുതൽ
ഒരു മാസമതിന്നകമെന്നരികിൽ
ഇവൾ വന്നു വസിക്കണമായതിനായ്
വഴിപോലെ ശ്രമിച്ചുവരുത്തിടുവിൻ!”
ഇതമുരച്ചു ദശാസ്യനറക്കറ-
പുക്കതിമോദരസേനശയിച്ചു.

ദശകണ്ഠൻപോയശേഷം ജനകഭൂപാലപുത്രി
അതികുണ്ഠമാനസയായഴൽപൂണ്ടു ഭൂയോഭൂയോ
കരഞ്ഞും കണ്ണുനീരാലെ നനഞ്ഞു സന്താപമു-ള്ളിൽ
നിറഞ്ഞും ശരീരമെല്ലാം കുഴഞ്ഞും സ്വേദാംബു മെയ്യിൽ
പൊഴിഞ്ഞും ഭീതിയോടാധിവഴിഞ്ഞും ഭർത്താര മോർത്തും
പറഞ്ഞുംദുഃഖിച്ചു പാരംവലഞ്ഞുമുൾക്കാമ്പിൽ-ദൈന്യം
നിറഞ്ഞു വ്യഗ്രിച്ചും ചിത്തമഴിഞ്ഞും കോമള-വപുമൈ
മെലിഞ്ഞും മുഷിഞ്ഞും സുഖമൊഴിഞ്ഞും മൈ-ഥിലീദേവി
അഴകാംപൂമരക്കാവിൽപുകഴേറുംശിംശപാവൃ-
ക്ഷവിന്റെ ശാഖകളിലൊരു കൊമ്പുമന്ദമന്ദം
കരംകൊണ്ടു പിടിച്ചാശ്രു മറച്ചിരുന്നന്നേരോരോ
തരംഹാ പറഞ്ഞുകേണുധരണീനന്ദിനിസീതാ
“ഹാ നാഥ! ലോകനാഥ! മമമാനസാധിനാഥ!
കൃപയില്ലാതാവാനുള്ളോരവകാശം തോന്നുന്നി-ല്ലേ
പരുത്തരാക്ഷസീജാലംപിടിച്ചുഭക്ഷണം ചെയ്യു-
മെന്നതിനില്ലല്ലോ ചിത്രം ചരിത്രം രക്ഷിതാ-വായി
വിഗതകാരുണ്യനായി മമജീവനാഥൻരാമൻ
പിഴകൾ ഞാൻ ചെയ്തിട്ടില്ല വെടിയായ്കുത്തോ-വേ!യെ-
ന്നയേകാരുണ്യരാശേ പരിപാഹിയേവംചൊ-ല്ലി
വിവിധവിലാപം ചെയ്താളവനീനന്ദിനിസീ-
പവമാനപുത്രനേവമഖിലംമനസ്സിലാക്കി [താ;
ബഹുമാനംപൂണ്ടുസീതാഹൃദയധൈര്യത്തെക്കണ്ടു
അവിടെയിരുന്നു രാമചരിതംകീർത്തനംചെയ്തീ-
ടിനാനന്ദനനങ്ങളിലധികം ഭക്തിയോടേവം.

ആര്യകുലജാതനഖിലാധിപതിരാമൻ
വീര്യപുരുഷൻ ഹരിവിശേഷപരിധാമൻ
കോസലനൃപാലസുതനാമമലഭീമൻ
ഭൂതലമഹൽക്കുമുദചാന്ദ്രമുഖസോമൻ
മേദിനിസുതാമിഥിലമേദിനിപപുത്രി
സീതയിതിനാമമെഴുമാമൃദുലഗാത്രി
യാമിനീവരാനനസുഭാമിനിസമേതം
രാമനനുജേനസഹതാതഗിരഹേതോഃ
ഘോരവിപിനാധിതിയിലാശയുമുറച്ചു
ചാരുമതിയായ ഗുഹനാധിയുമൊഴിച്ചു
ചിത്രവരകൂടഗിരിപാർശ്വമുപഗതാ
അത്രഭരതാദപിചതാതമതംശ്രുതാ
വേദപൂമമന്ത്രപിതൃകർമ്മവിധികൃതാ
പാദുകകളും ഭരതനാശ്രുപരിദതാ
ദണ്ഡകമുപേത്യ ചവിരാധമപിഹത്വാ
മണ്ഡലമഹാമുനിവരാനപിചനത്വാ
പഞ്ചവടിപുക്കതിസുഖിച്ചധിവസിച്ചു
പഞ്ചയുഗകന്ധരസഹോദരിധരിച്ചു;
പഞ്ചമലർസായകരസാന്ധതഭവിച്ചു
പഞ്ചമതിലാശ്രുലളിതാതനുവഹിച്ചു;
ശൂർപ്പണഖവന്നു ചിലവാക്കുകളുരച്ചു
വേപ്രകൃതികണ്ടനുജനീഷ്യതപിടിച്ചു
വാളുമുറ ഗൃരിമുലനാസികമുറിച്ചു
കാളനിശപോലെ രജനിചരിതിരിച്ചു
അക്കഥകൾകേട്ടു ഖരനാദികൾചൊടിച്ചു
വിഗ്രഹമതിങ്കലവരൊക്കവെനശിച്ചു;
രാവണനുംവന്നവനിപുത്രിയെഹരിച്ചു
പാരിടസുതേത്തിരവതിന്നുടനയച്ചു
നാലുദിശിവാനരരുഴറ്റൊട്ടുഗമിച്ചു
ബാലിസുതനാദികപിസേനയൊരുമിച്ചു
ചാലെയഥതെക്കുദിശിനോക്കിനതിരിച്ചു
ഘോരതരവാരിനിധികണ്ടുവിഷമിച്ചു
രാജതനയം വസതിയോർത്തു വിഫലിച്ചു
വാജിവരവാചമതുകൊണ്ടുതുധരിച്ചു
ആകുലമകന്നൊരു കുരങ്ങഥകുതിച്ചു
വേഗമൊടുചാടിമലർവാടിയിൽ വസിച്ചു
ശിംശപതരൂപരിയിരുന്നുദരിശിച്ചു
സംശയവുമില്ലമമഭാഗ്യവുമുദിച്ചു

വിശ്വജനനീംസപദികണ്ടതിസുഖിച്ചു
വിസ്മയമിവണ്ണമനിലാത്മജനരച്ചു

രഘുകുലനായകചരിതരസാലാപ-
മിഹസുഖദായകമമിതമനോജ്ഞം
അത്രപവിത്രവിചിത്രചരിത്രമി-
തിത്രദയാന്വിതമുദിതസമേതം
യാവനൊരുത്തൻ കീർത്തിച്ചതുമതി
പാവനചാരുസുമാനസനവൻ!
മായാവികളാം ദേവാരികളുടെ
മായാകുസൃതിപ്രകൃതികളോവാൻ?
മാരുതനെന്നുടെ മാനസതോഷദ-
കാരണമായിദമുരചെയ്യാനോ?
കഥയഗുണാലയസദ്യസ്മഹോമമ
ഹൃദയസുഖോദയകരമനവാരം
നൃപവരനാകിയമമവരനംബത
കപിവരനാകിയരവിസുതനും
മനമൊരുമിച്ചു സുഹൃത്തുകളാവതി-
നനുപമസുമതേകിംകാരണവു?
പുഞ്ചിരിപൂണ്ടിതുകേട്ടമരുൽസുത-
നഞ്ചിതരൂപിണിയോടുരചെയ്താൻ;
പഞ്ചവടിസ്ഥലമതിൽമരുവുന്നള-
വഞ്ചുമൊരഞ്ചുംതലയുള്ളവനാൽ
വഞ്ചിതയായിതുഭവതിയുമുടനഥ
സഞ്ചിതപാപമൊടവനീശന്മാർ
ദുഃഖിച്ചക്കാടൊക്കെനടന്നും
പക്ഷിമൃഗാദിയൊടന്വേഷിച്ചും
ഒട്ടുകരഞ്ഞുമുഷിഞ്ഞുമുഴന്നഴൽ
പെട്ടുതിരിഞ്ഞുനടന്നീടുമ്പോൾ;
വെട്ടുംകൊണ്ടുപിളർന്നുതളർന്നഴൽ
പെട്ടുംകൊണ്ടുകിടന്ന ജടായുവി-
നിഷ്ടംപൂണ്ടുകൊടുത്തിതുമോക്ഷവു-
മൊട്ടുംപിന്നെവിഗതവിളംബം
വികൃതാകൃതിയായുള്ളകബന്ധനു
സുകൃതാനന്ദപദത്തെയുമരുളി;
അപരിച്ഛേദിസുഭക്തിഭരിച്ചൊരു
ശബരിക്കുംഗതിയരുളിജവേന
പമ്പാനദിയെപിമ്പാക്കിപ്പോ-
ന്നമ്പൊടുമൃശ്യമൂകാദ്രികരേറി
ബാലിഭയത്താലമ്മലതൻമുക-
ളാലയമായദിവാകരതനയൻ
നീലൻഗവയഗവാക്ഷനുമടിയൻ
നാലിങ്ങിനെ നിജമന്ത്രികളോടും
നിവസിക്കുമ്പോളിവരെക്കണ്ടതി-
ഭയമുൾക്കൊണ്ടു ദിവാകരതനയൻ
എന്നെയയച്ചുചെന്നുനമിച്ചു
എന്നുടെചുമലതിലവരെവഹിച്ചു;
സുഗ്രീവനെയുംകണ്ടുപറഞ്ഞു
വ്യഗ്രമശേഷവുമകലെവെടിഞ്ഞു
അഗ്നിയെവിരവൊടു സാക്ഷിയുമാക്കി
സഖ്യവുമുടനിഹചെയ്യിച്ചേൻ ഞാൻ;
ഒരുബാണേനവധിച്ചിതുബാലിയെ
വിരവോടുഗ്രമമഥരഘുനാഥൻ;
കിഷ്കിന്ധാപുരിപാലനമതിനായ്
സുഗ്രീവനെയും വാഴിച്ചവനും,
ദിക്കുകൾനാലിലുമന്വേഷിപ്പാൻ
മർക്കടസഞ്ചയമൊരോലക്ഷം
ദിശിദിശിപോയതിലഹമിഹതെക്കേ
ദിശിതിരവാൻ പോന്നവരിലൊരുത്തൻ
അടയാളോക്തിയുമുണ്ടിതുനൽത്തിരു
വടയാളാഹ്വയമുദ്രയുമുണ്ടു്;
തണ്ടാർമാനിനി രണ്ടായുവതനു
പൂണ്ടാശ്രമമതിലൊന്നഗ്നിയിലും
വടിവൊടുമരുവിനതടയാളോദിത-
മുടനിഹചിഹ്നം പശ്യസുശീലേ!
താരാർമകളോടേവമുരച്ചഥ
ശ്രീരാമാങ്കിതമോതിരമുദ്രാ
ജാനകിദേവിക്കാശുകൊടുത്തിതു
വാനരവീരൻ പവനതനൂജൻ.

വരൻതന്റെനാമംപൂണ്ടനിറംതേടുമംഗുലീയം
കരംതന്നിൽവാങ്ങിസീതാജവംതോഷപൂരത്തോടും
ശിരസ്സിലുമുഴ്ത്തിമിഴിയുഗത്തിലണച്ചുമുല
ത്തടത്തിലുംതന്തിരുമാറിടത്തിലും ഭൂയോഭൂയോ
ബഹുലാപാലഴകോടുമമലാവിലാപംചെയ്തും-
ളുചലാനന്ദിനീസീതാമിഥിലഭൂപാലപുത്രി

പറഞ്ഞുമനസ്സിൽമമനിറഞ്ഞുനിന്നൊരുളളമൊം
കറഞ്ഞുനിൻവാക്കുകേട്ടമറിഞ്ഞുപതിചരിതം
വരംവിശ്വാസമായിമോതിരംമേളിച്ചുമൂലം
ജ്ജീവനാഥൻതന്റെ ചരിതമുരച്ചോരുനീ
ജ്ജീവദാതാവെന്നുമനസാനിശ്ചയിച്ചേൻ-
ഞാൻ.

ഇനിയൊട്ടുംതാമസിയാതെ
വനിഷ്ടംമാമില്ലയാതെ
കനിവൊട്ടം കൈവെടിയാതെ
വനിഷ്ടമാനസമോടെ
മലയെട്ടുംരണ്ടുമേററം
കരമെട്ടുമൊരേഴുമഞ്ചും
ധൃതദുഷ്ടംമാമതികഷ്ടം
ബതകട്ടോരനിഷ്ടവരിഷ്ടം
യുധിനഷ്ടതചെയ്യുജവത്തോടു
പരിതുഷ്ടിയൊടങ്ങുഗമിപ്പതി-
നായിഷ്ടമതേശ്രുണസംഗതി
ജ്ജീവിട്ടുവരുത്തുകനീപോയ്.

അവനിസുതാഗിരമധികശുചാബത
പവനതനൂജൻകേട്ടുരചെയ്താൻ;
കമലായതദലസുരുചിരനയനേ
കളമൊഴികളകഴലകമതിലധികം
രഘുനായകനും നിജസോദരനും
പ്ലവഗാധിപനാമരുണാത്മജനും
പ്രബലതപെരുകിന കപികുലബലയുത
മബലമണേ!വരുമിവിടെബലേന;
അഹിതബലൌഘമശേഷമൊടുക്കും
ഭവതിയെയുംകൊണ്ടങ്ങുഗമിക്കും
സാഗരമെന്നൊരുദുർഗ്ഘടമുള്ളതി-
നാകുലമില്ലവേൽകൃപയാഞാൻ
നൃപകുലതിലകവരന്മാരെയുമഥ
കപികുലബലജലമിരുപത്തൊന്നും
ചുമലിലെടുത്തുജവേനകടത്തുവെ
നമലതനോനഹിസംശയമല്പം.

ധരിത്രീനന്ദിനികൌതുകമോടിതി
മരുൽസുതോക്തികൾകേട്ടരുൾചെയ്താൾ;
അതികൃശനല്ലോനീയിനിയുള്ളവ-
രിതിലുംകൃശരോനിന്നൊടുസമരോ!

തത്രസമീരണപുത്രനതീവ
ഭയത്തെജനത്തിനുവർദ്ധിതമാംപടി
കദ്രുകുലോത്തമനൊത്തമഹത്തനു
ബദ്ധമുദാപരിധൃതമാനതമാ
മതിസത്വരമുടനവനീശ്വരിയോടു
ഗിരമുത്തരമുരചെയ്തുകപീന്ദ്രൻ;
ഇതിനൊത്തവരുണ്ടതിവിക്രമമൊടു
മിരുപത്തൊന്നുജലംകപിസൈന്യം
ഇവിടെവരുംബതയവിളംബിതമിനി
വിബുധരിപുക്കളുമൊക്കെനശിക്കും;
അടയാളോക്തിയുമടയാളവുമിതി
ഝടിതിതരേണം വിടയരുളേണം;
വടിവൊടുചിന്തിച്ചവനിസുതാനിജ
മുടിയിൽവിളങ്ങും ചൂഡാരത്നം
മാരുതസുതനുടെപാണിയിൽനൽകി
ച്ചാരുഗിരത്തെയുമരുളിച്ചെയ്തു.

ഉത്തമചിത്രകൂടപ്പൃഥ്വീസുരോത്തമന്റെ
വിസ്തൃതതാഴ്വരയിൽതത്രവാണീടുംകാലം
ആമിഷംശോഷിപ്പിപ്പാൻഭൂമൌ നിരത്തിവച്ചു
സാമോദംഞാനതിങ്കൽ കാവലുമായിരുന്നു
എന്മടിതന്നിൽചേർത്തുതൻമുടിജീവനാഥൻ
സമ്മോദംപൂണ്ടുസുഖമാമ്മാറുറങ്ങുന്നേരം
പാകാസുരാരിതന്റെ സൂനുജയന്തനൊരു
കാകാകൃതിയായ്വന്നിട്ടാമിഷം ഭുജിക്കുമ്പോൾ
പാരാതെകല്ലെടുത്തുനാലഞ്ചെറിഞ്ഞുഞാനും
ക്രൂരതഭാവിച്ചെന്റെനേരെയടുത്തുകാകൻ;
കൂർത്തോരുകൊക്കുകൊണ്ടും മൂർത്തനഖങ്ങൾകൊ
ഗാത്രേമുറിവേച്ചിട്ടാർത്തയായ്തീർന്നുഞാനും [ണ്ടും
നാഥനുണർന്നിതപ്പോൾഖേദേനകണ്ടിതെന്നെ
ക്രോധേനപുൽമുറിച്ചുസാരമനുജപിച്ചു
വായസംതന്നെനോക്കിനേരേപ്രയോഗിച്ചു-
പ്പോൾ
പോയവൻഭീതികൈക്കൊണ്ടോരോരോദിശി-
യെല്ലാം
ഈശവാഗീശവിബുധേശഹുതേശനാദി
യാശാപതികളാദിയാമവരവരെല്ലാം
ദാശരഥിവിശിഖമോചനംചെയ്യതിനു-
ള്ളാശയശക്തികാണാഞ്ഞാശ്രുസുദരശസൂനു

ക്ഷീണിച്ചുഭീതിപൂണ്ടുനാണിച്ചുപോന്നവ-
ന്നെൻ
പ്രാണേശ്വരാംഘ്രിയുഗ്മേവ്വീണാശ്രയിച്ചു-
നേരം
കണ്ണെണ്ണമേറുന്നോരെൻറനന്ദനനായവൻെറ
കണ്ണൊന്നുകുത്തിച്ചോൎത്തിണ്ണംമറച്ചുബാണം;
അന്നേവംപാലിച്ചവനിന്നേവംമോചിച്ചതു-
മിന്നുംനിരൂപിക്കുമ്പോളെന്നുടെകഷ്ടകാലം
ഇവഭൃതവൃത്താന്തംനീചെവിയിലുപദേശിക്ക
മമജീവനാഥൻ കൈയിൽ മണിയുംകൊടുത്തു
കൊൾക;
മടിയാതെപിന്നെക്കപീശപ്പടയോടും തമ്പി
യോടും
ഉടനെവരേണംനാഥനതിനായ്ശ്രമിച്ചാലും നീ
സുഖമായ്ഭവിക്കനിനക്കൊരുനാളും ദുഃഖമില്ലെ
ന്നുമോദംപൂണ്ടുദേവികനിവോടനുഗ്രഹിച്ചു
ജനകനന്ദിനിതന്നെത്തൊഴുതുയാത്രയും വീണ്ടൊ
രനിലനന്ദനഭാനുതനയസചിവശ്രേഷ്ഠൻ;

ഉപവനമതിൽകടന്നാത്മസന്തുഷ്ടനാ-
യൊരുമരമതിൻെറകൊമ്പത്തിരുന്നോൎത്തിതു
നിശിയിലിഹവന്നുവൈദേഹിയെക്കണ്ടുഞാൻ
നിശികഴിവതിന്നുമുമ്പങ്ങുപോയാകിലോ
സമുചിതവിഹീനനാംദൂതനെന്നായ്വരും
സുമഹിതയശസ്സിനും ശോകകേടായ്വരും
അരിപുരിയിലേകനെദ്ദൂതയച്ചീടുകിൽ
പരിചൊടുഗുരുതരമാം കാൎയ്യസാദ്ധ്യംപരം;
സ്വയഹൃദയവൈഭവാൽപിന്നെയൊന്നന്യമാ
യുചിതമൊട്ടുചെയ്തീലോ ദൂതനത്യുത്തമൻ;
ദശവദനമീക്ഷണം വീക്ഷണംചെയ്യണം
ചിലവചനമായവൻ താനുമാശ്ലേഷണം
അതിനുവഴിപൂമലക്കാവുഭഞ്ജിക്കണം
തദനുവരുമാഹവത്തിന്നുരക്ഷോഗണം
അവരൊടുപിണങ്ങണം കൊന്നൊടുക്കീടണം
അപരമമരാരിയെക്കണ്ടുചൊല്ലായ്വരും;
ഇതിമനസിചിന്തചെയ്തഞ്ജനാനന്ദനൻ
ക്ഷിതിധരവരോപമൻക്ഷീണഹീനൻതദാ

ലങ്കാമർദ്ദനം ഓട്ടൻതുള്ളൽ സമാപ്തം.

അഹല്യാമോക്ഷം

ഓട്ടൻതുള്ളൽ.

പണ്ടുമഹാഭുജവിക്രമനാം ദശ-
കണ്ഠനതെന്നൊരു രാക്ഷസരാജൻ
ഉണ്ടായ്വന്നുധരിത്രിയിലവനെ-
ക്കണ്ടാലഞ്ജനശൈലസമാനൻ
കണ്ടതപെരുകിനരാക്ഷസരെക്കൊ-
ണ്ടിണ്ടൽതുടങ്ങിസുരന്മാൎക്കെല്ലാം;
തൽക്ഷണമായവരൊക്കെക്കൂടി
ലക്ഷ്മീപതിയെച്ചെന്നുവണങ്ങി
രക്ഷോവരനാലുള്ളൊരസഹ്യത
ശിക്ഷയിലങ്ങറിയിച്ചൊരുനേരം
പക്ഷിധ്വജനാമീശ്വരനവരെ

രക്ഷിപ്പതിനുമതിന്നരുൾചെയ്തു:—
‘ഇക്ഷുശരാസനരിപുതൻകൃപയാൽ
രക്ഷോവരനതിബലവാനെങ്കിലു-
മക്ഷയഭുജബലനാകുമൊരവനെ
ശിക്ഷിച്ചിനിഞാൻ നിങ്ങളെയെല്ലാം
രക്ഷിച്ചീടുവനെന്നരുൾചെയ്തു
മോക്ഷപ്രദനവിടത്തിൽമറഞ്ഞു;
ഉത്തരകോസലരാജ്യയെത്രയു-
മുത്തമമായൊരയോദ്ധ്യാപുരിയിൽ
കീൎത്തിപെരുത്തൊരു ദശരഥനാകും
പാൎത്ഥിവമകുടശിരോമണിതന്നുടെ

പുത്രനതാം രാമാഭിധനോടും
പൃത്ഥിയിൽവന്നവതാരംചെയ്തി-
ട്ടുവസിക്കുംകാലേ കൌശിക
സത്രവിരോധികളെക്കൊലചെയ്വാൻ
പ്രാർത്ഥിതനായതുകാരണമവനിപന
ന്ദ്യംഗജനാം ലക്ഷ്മണനോടും
യജ്ഞരക്ഷകനാകിയ ഭഗവാൻ
വിശ്രുതമാകിന സിദ്ധാശ്രമഭുവി
പാർത്തുമഖദ്വേഷികളെക്കൊലചെ-
യ്താർത്തികളഞ്ഞുമുനീന്ദ്രന്മാർക്കും
ഭൂപകുമാരന്മാരുടനേഹര-
ചാപംകാൺമതിനാഗ്രഹമോടെ
വിശ്വാമിത്രമുനീശ്വരവചനാൽ
വിശ്വാസത്തോടുപോയൊരുശേഷം.

വീരൻ ശ്രീരാമചന്ദ്രൻധീരൻതരുണീജന
മാരൻതരുണഗുണശീലൻ സരസീരുഹ
നേത്രൻമൃദുലതരഗാത്രൻ പരിപാലിത
സത്രൻപരിപഠിതശാസ്ത്രൻപ്രചലിതകാ-
മാസ്ത്രൻപൂർണ്ണേന്ദുനിഭവക്ത്രൻകൌശികനൃപ-
പുത്രൻതന്നോടുകൂടിരസിച്ചുപോകുംകാലം.

അഗ്രേകണ്ടൊരുകാനനമെത്രയു-
മുഗ്രതരംതരുപൂരംവിമലം
സർഗ്ഗസ്ഥിതിലയകാരണനാം നൃപ-
വർഗ്ഗശിരോമണിചോദിച്ചുടനേ
ഏതൊരുകാനനമിന്നുപുരോഭുവി-
ചേതോഹരമിതുകാണാകുന്നു?
പാതകനാശനമായതപോവന-
മേതൊരുമുനിയുടെയെന്നരുൾചെയ്തു
ഹരികരിനരിമരമഗ്രനടക്കം
ശരഭനരിഹരിണങ്ങളുമീവക
പെരുകിനമോദാലിടചേർന്നങ്ങിനെ-
പരിഭവരഹിതം കാണാകുന്നു
ഇങ്ങിനെയുള്ളമഹാസ്ഥലദർശന-
സംഗതിവരികയുമില്ലനരാണാം
പുണ്യവിശേഷംകൊണ്ടല്ലാതിതു
മാന്യമതേ! യിടകൂട്ടുകയില്ലാ!
രാമചന്ദ്രഗിരമേവംകേട്ടൊരു
മാമുനീന്ദ്രനഴകോടരുൾചെയ്തു

ശ്യാമകോമളകളേബര! നിന്നുടെ
കാമിതമേചിരമിന്നനമുക്കു
വാമദേവപദഭക്തനതാകിയ-
സാമവേദനിധിഗൌതമനെന്നൊരു
മാമുനീശ്വരവരനുളവായി
ഭൂമിതന്നിലൊരുകാലംപണ്ടു്
സോമബിംബമുഖിയായൊരഹല്യാ
കോമളാംഗി മൃദുഭാഷിണിയോടും
ശ്യാമകോമളകളേബരവളരെ
ഭീമമായതപമായവർചെയ്തോരു
പുണ്യദേശമിതുകാൺകരഘൂത്തമ
പുണ്ഡരീകവിമലായതനേത്ര!

താപസവരനുടെ വാക്കുകൾകേട്ടു
ഭൂപകുമാരനരുളിച്ചെയ്തു
ശാപവശായിപഗൌതമമുനിയുടെ
പാപവിമോചനവാസസ്ഥലമിതു
കണ്ടുവണങ്ങിഗമിക്കാനാഗ്രഹ-
മുണ്ടുനമുക്കുമനസ്സിലിദാനീം
ഉണ്ടേലകന്നശമിച്ചെന്നാലതു-
കൊണ്ടുനമുക്കൊരുമംഗലമുണ്ടാം
എന്നരുൾചെയ്തുമുനീശ്വരസഹിതം
ചെന്നുമഹാവനദേശംപുക്കു
അന്നേരത്തൊരു മോഹനമാംശില
മുന്നിൽപരിചൊടുകാണായ്‌വന്നു
അതിമോദേനപറഞ്ഞാൻ മാമുനി
ഇതുകണ്ടീടുക രാജകുമാര!
മതിമുഖിയായൊരഹല്യാദേവിയെ
ഇതുകാലത്തൊരു ശിലയായ്ക്കാൺക!
തവപദകമലംകൊണ്ടുചവിട്ടുക
ഇവളുടെപാപവിമോചനമല്ലോ
അവൾബഹുകാലം ദുഃഖിച്ചിങ്ങിനെ
അവനിയിലൊരുശിലയായിസ്സതതം
ഭഗവാനുടെ പാദസരോരുഹ
ചിന്തനകൊണ്ടതിവിമലാത്മാവാം
ചിന്തിതവിതരണസന്താനദ്രുമ
നിന്തിരുവടിയുടെ വരവുംപാർത്തു
പൂന്തേൻമൊഴിയവൾതന്റെയഭീഷ്ട-
മെന്തിഹഞാനരുൾചെയ്യുന്നിനീം

താരകമാംവരതാപസവീര!
കാമഫലപ്രദ! കാരുണികോത്തമ!
മാമകദുഃഖനിവാരണമതിനൊരു-
താമസമരുതിനിയരവിന്ദാക്ഷ!
ഇങ്ങിനെവളരെപ്രാർത്ഥിച്ചുംകൊ-
ണ്ടംഗനമണിയവൾ വാണീടുന്നു
മംഗലനിലയനവൾക്കിനിവേഗാൽ
മംഗലമരുളുക കരുണാസിന്ധോ!
മാമുനിവചനംകേട്ടമശായം
മനസിതെളിഞ്ഞിതമരുളിച്ചെയ്തു
കനിവൊടുമാമുനിപുംഗവവേഗാൽ
ഇതിനുടെകാരണമരുൾചെയ്താലും
മതിമുഖിയായൊരഹല്യാദേവി
സതിജനവംശശിരോമണിരത്നം
അതിസുഖമോടുതപസ്സുംചെയ്തു
പതിയൊടുകൂടിവസിക്കുംകാലം
സംഗതിയിങ്ങനെവരുവാൻ മുനികുല-
പുംഗവകാരണമരുൾചെയ്താലും;
മംഗലമൂർത്തിരഘൂത്തമവചനം
ഭംഗിയൊടിങ്ങനെകേട്ടമശായം
തിങ്ങിനമോദമൊടതിനുടെകാരണ-
മിങ്ങിനെമുനിവരനരുളിച്ചെയ്തു.
അമരാധിപനൊരുനാളിൽകുതുകാൽ
ധരണീതലമതുകാണ്മതിനായി
പരിചൊടുനല്ലവിമാനവുമേറി
സുരപതിദിക്കുകൾ കണ്ടുരസിച്ചു
അതികുലകാലമനേകം ദിക്കുകൾ
തരണംചെയ്തുഗമിക്കുംകാലം
ലോകമഹാമണിദീപമതായൊരു-
ഭാനുവുമബ്ധിയിലാശുമറഞ്ഞു
താരഗണങ്ങളുദിച്ചുവിളങ്ങി
സാരസജാലവുമങ്ങടമങ്ങി
ചന്ദ്രനുദിച്ചുചകോരഥപൊങ്ങി
ചന്ദ്രികയുലകിലശേഷംതിങ്ങി
അംഗനമാരൊടുകൂടിച്ചിലജന-
മംഗജനാടകമാടുവതിന്നായ്
ഭംഗികലർന്നൊരുപുരകളിൽവാണവർ
ശൃംഗാരങ്ങൾനടിച്ചുതുടങ്ങി
തിങ്ങിനമോദമൊടമരേശൻതാൻ
ഇങ്ങിനെയുള്ളൊരു രാത്രിയിൽവേഗാ-
ലങ്ങുഗമിക്കുന്നേരമയോളവി
ഭംഗിയിലൊരുവനമവിടെക്കണ്ടു
ഗൌതമമുനിയുടെയാശ്രമദേശം
കൌതുകമോടഥകണ്ടുമഹേന്ദ്രൻ
അതിശയമോടൊരു പൂങ്കാവുംപുന-
രതിലൊരുമതിമുഖിവിലസീടുവതും
പ്രതിമുഖമവിടെക്കണ്ടു സുരേശ്വര-
നതിമോദത്തൊടുനോക്കും സമയേ.

അതികുടിലഘനസദൃശനിറമുടയവേണിയും
അത്ഭുതമാകും നിടിലപ്രദേശവും
രതിരമണകരകമലചാപത്തിനേററവും
ആതങ്കമേകുന്ന ചില്ലിവില്ലാട്ടവും
കമലദളവിമലതചികണ്ണിണഭംഗിയും
കാമക്ഷണിരമോടൊത്തകണ്ണങ്ങളും,
തിലകുസുമസമമുടയ നാസികാഭംഗിയും
തിങ്കൾക്കുതുല്യംനിരങ്കമാംവക്ത്രവും
വനജസമഘനസുഷമകുചകലശകട്മളം
വക്ഷഃപ്രദേശംനിറഞ്ഞുതിങ്ങിത്തദാ
മൃദുലതരകരയുഗളവടിവുമതിമോഹനം
ആനന്ദമുണ്ടാംവലിത്രയശോഭയും
പുളിനമൊടുസമജഘനമതികൃശസുമദ്ധ്യവും
പൂഞ്ചുകിൽചാർത്തുമക്കാഞ്ചിതൻ ശോഭയും
കദളിയൊടുകലഹമനുദിനവുമഥചെയ്തിടും;
കാമിനീമൌലിതന്നുരുപ്രദേശവും
കമലകുലമനിശമവൾചുവടികൾ കാണുകയാൽ
കാമഭംഗേനജലംപുക്കുമേവിനാർ
അതുകരുതുപറവതിനു നാഗാധിരാജനും
അത്ഭുതസൌന്ദര്യമോഹനാഡംബരം
സുരതരുണിജനമഖിലമപ്സരസ്ത്രീകളും
പരിചിനൊടുകാണ്കിലോ നാണമാമേൽക്കിടും

കമലാക്ഷിയെയിങ്ങിനെകണ്ടു
കാമാസ്ത്രവുമപ്പോഴെകൊണ്ടു
വലശാസനനൊന്നുവിരണ്ടു
ചലനായനായതുകൊണ്ടു
തലമുടികണ്ടും മുലയിണകണ്ടും
കളിരുചികണ്ടും മനമതുമാണ്ടും

സൂക്ഷ്മാണനമൊന്നുകട്ടത്തു
സുമസായകമൊക്കെയെടുത്തു
വിരവോടതിലൊന്നതെടുത്തു
സുരനാഥനെയൊന്നുകൊട്ടത്തു
ശരമതെടുത്തു ഗുണമോടുചേർത്തു
സമയമതോർത്തു ഉതിവത്തുപാർത്തു
പുരുഹൂതനുബുദ്ധിപകർന്നു
പരനാരിയിലാശവളർന്നു
സുരകാമിനിമാരെമറന്നു
സുരലീലയിൽ മോഹമിയന്നു
ധൃതിയതകന്നുവിവശതചേർന്നു
തളർന്നുതളർന്നുകാമമുയർന്നു.

ഉത്തമനായസുരാധിപനിങ്ങിനെ
ചിത്തവിചാരം വന്നുഭവിച്ചു
മത്തനതായസുരാധിപനപ്പോ-
ളുത്തൽവളർന്നുവിഷാദിച്ചുടനേ
കാമിനിമണികുലമകുടശിരോമണി
യാമിനിയതിലിവളേകയതായി
ഉൽപ്പലലോചനയാരുടെഭാമിനി
പുഷ്പമിറുത്തുവസിച്ചീടുന്നു
നിഷ്ഫലമായിതുവരുമോ നമ്മുടെ
പുഷ്പശരാർത്തികളിവളോടുചൊന്നാൽ
എങ്കിലുമവളുടെസവിധേചെന്നി-
സ്സങ്കടമഖിലം പറകേയുള്ളൂ
എന്നുമനസ്സിലുറച്ചുമഹേന്ദ്രൻ
മന്നിടമതിലവതരണം ചെയ്തു
സുന്ദരിമാർമണിതന്നുടെസവിധേ
ചെന്നവളോടുരചെയ്തിതുമന്ദം.

പല്ലവമൊഴിജനമടിപണിയുന്നൊരു
സരസിജദളമിഴിശശിവദനേ കേൾ
പെരുകിനവനമതിലിങ്ങിനെതാനേ
പരിചൊടുവരുവാനെന്തൊരുമൂലം
വലുതായുള്ളൊരുസത്വകുലംബഹു
വിലസീടുന്നൊരു ഗഹനേരാത്രൌ
ചലനമതെന്നിയെനടകൊള്ളുംതവ
കലനാമങ്ങളുമുരചെയ്താലും
സുലളിതകോമളഗാത്രേ നിൻവര-
നലകിലുമതേതൊരുസുകൃതിയതെന്നും
പരിചൊടുചൊൽകമനോജ്ഞേ! നീയിഹ
പരമാർത്ഥങ്ങളശേഷവുമിപ്പോൾ
സുരകുലവരനുടെ ഗിരമതുകേട്ടഥ
സരസിജദളമിഴിചൊന്നാളേവം
മുനികുലമകുടശിരോമണിയാകും
മമപതിഗൌതമമുനിയെന്നറിക!
നാമമഹല്യാഇതിപരമാർത്ഥം
മാമകമെന്നറിയേണമിതിപ്പോൾ
കാമസമാനകളേബരനാം ഭവ
നാമമതെന്തെന്നുരചെയ്താലും!
ഇത്തരമവളുടെ വാക്കുകളഖിലം
ചിത്തരസത്തൊടു കേട്ടമരേശൻ
സത്വരമത്തരുണാംഗിയൊടപ്പോൾ
ഉത്തരമരുൾചെയ്താനതിമോദാൽ
അമരാധിപനാനെന്നെപ്പരിചൊടു
കമലാനനയാം നീയറിയേണം
വിമലമതേ! തവ കൊങ്കകളാം കണ്ടി-
ട്ടമിതകുതൂഹലമുളവാകുന്നു
മട്ടോലും മൊഴിയാളേ! 'നിൻമുല
മൊട്ടുകൾ രണ്ടും നമ്മുടെ മാറിൽ
പുഷ്ടാനന്ദം ചേർത്തു പുണർന്നി-
ട്ടൊട്ടു ശമിപ്പിച്ചീടുകതാപം
കഷ്ടംമട്ടുമലർ ശരനുടെ ബാണം
പെട്ടെന്നനവധികൊണ്ടിട്ടെന്നുടൽ
നഷ്ടംവന്നുഭവിക്കും മുമ്പേ
തുഷ്ടിയൊടാശുപുണർന്നാലും നീ
രതിരമണാസ്ത്രമതേറ്റതിവിവശാൽ
മതിയും കെട്ടുഴലീടുന്നെന്നെ
മതിമുഖിയാളെയൊന്നുപുണർന്നാ-
ലതിയായിട്ടൊരുദോഷവുമില്ല
എന്നതുകേട്ടുമനോഹരഭാഷിണി
മന്ദസ്മിതമൊടുചൊന്നാളേവം
ഉത്തമനായഭവാനുടെ ഹൃദയേ
ഇത്തരമുള്ളതുതോന്നീടുന്നതു
യുക്തമതല്ലെന്നറികമഹാമുനി
സത്തമനിന്നിതുബോധിച്ചെന്നാൽ
കോപിച്ചുമുനിവരനിന്നുനമ്മെ
ശാപവചസ്സുകളരുളും നിയതം

ചാപവുമുണ്ടതിനെത്രയുമോർത്താൽ
താപവുമതിനാൽവന്നുഭവിക്കും
അറിവില്ലാത്തജനത്തോടിവക
പറയണമറിവുള്ളാളുകളെല്ലാം
പറവാൻമാത്രമൊരറിവുനമുക്കി-
ല്ലറിയണമല്ലോസകലവുമോർത്താൽ
മറിമായങ്ങളെയറിയാത്തുള്ളൊരു
മറിമാൻമിഴിയുടെ വചനമിതേവം
സ്മരശരവിവശനതായീടുന്നൊരു
സുരകുലനാഥൻ കേട്ടൊരുനേരം
പെരുകിനചപലവശമാനസനായി-
ട്ടുനരപിസരസിജമുഖിയൊടുചൊന്നാൻ;
ഉരുതരഗുണഗണനിലയേനിന്നുടെ
ഗിരമതുദുസ്സഹമെത്രയുമോർത്താൽ;
ഒരുഗതിയില്ലിഹനീയല്ലാതെ
പെരുകിനമലർശരതാപമൊഴിപ്പാൻ
എന്നുടെ ജീവനെരക്ഷിച്ചീടുക
സുന്ദരിമാർകുലമകുടമണേ! നീ
ഖരമതിയാകയൊരു മാടപ്രാവിൻ
ചരിതമതിന്നിഹചൊല്ലീടാം ഞാൻ;
ഒരുദിനമൊരുവനതരുവിൻമുകളിൽ
പരിചൊടുതാനും പിടയുംകൂടി
മനസിജതാപമൊടാഖഗമിഥുനം
മനമതഴിഞ്ഞുരമിക്കും സമയേ
വന്നൊരുവ്യാധനമത്തരുമൂലേ
നിന്നൊരുശരമെയ്താനതുമൂലം
പക്ഷിണിതന്നുടെ വക്ഷസ്ഥലമതു
ലക്ഷിതമാക്കിത്തീർത്തുശരത്തിനു
പക്ഷവുമററുവിലാപിച്ചവളും
തൽക്ഷണമവനിയിലാശുപതിച്ചു
ചെന്നതെടുത്തക്കാട്ടാളൻതാൻ
പിന്നെയുമവിടെച്ചെന്നുവസിച്ചു;
തന്നുടെ പിടയെ രതിയുടെ മദ്ധ്യേ
കൊന്നൊരുതാപം സഹിയാഞ്ഞിട്ടതി-
ന്നുന്നതമാകിനതരുശാഖായാം
ഖിന്നതപൂണ്ടുവസിക്കുന്നേരം
ചപലവശനായകിരാതൻ അന്നേ
പരിചൊടുകണ്ടപ്പാരാവതവും
പെരുകിനകൃപയവനുള്ളിലുദിച്ചു
പരിഭവമെല്ലാം തോന്നീലപ്പോൾ;
പട്ടിണിയിട്ടുകിടന്നീടുന്നൊരു
കാട്ടാളനുലഭിച്ചൊരുമാംസം
ചുട്ടുഭുജിപ്പാനഗ്നിയുമുടനേ
പെട്ടെന്നാവിടെക്കൊത്തിക്കൊണ്ടു-
ന്നിട്ടുകൊടുത്തവനാദരവോടെ
ദുഷ്ടനതായകിരാതനുമുടനെ
ചുട്ടുഭുജിച്ചുകപോതിയെവേഗാ-
ലൊട്ടും തൃപ്തിവരാഞ്ഞിട്ടവനും
ദൃഷ്ടിമിഴിച്ചഥനോക്കുന്നേരം
ശിഷ്ടനതായൊരുപാരാവതവും
കഷ്ടമിതെന്നുമനസ്സിലുറച്ചു
തന്നുടെദേഹവുമവനുഭുജിപ്പാൻ
ഖിന്നതയെന്നിയെദാനംചെയ്തു,
വഹ്നിയിൽ വീണുമരിച്ചാനുടനേ
ധന്യനതായകപോതപ്പക്ഷി
ചെന്നതെടുത്തു ഭുജിച്ചൊരുസമയേ
വന്നിതുതൃപ്തിയുമായവനേററം
ഉന്നതമതിയായുള്ളജനങ്ങൾ
ഖിന്നതു ചെയ്യുമെന്നില്ലല്ലോ

സുരകുലവരനുടെ ഗിരമഖിലം
പരിചൊടുശ്രവിച്ചൊരു ചലമിഴിയും
സ്മരശരവിവശയായവളേററം
വിരവൊടുനിരൂപിച്ചു ശശിവദനാ
മരതകമണിമയതനുലഘനാ
സരസിജമിഴികളൊടിടകലർന്നു
വരസുമതതികൊണ്ടു ചമച്ചതല്ലേ
പെരുകിന സുഖമൊടുരമിച്ചുവാഴും
ഹരിയുടെ മൃദുതനുതനുസംഗമം
തരുണിമാർക്കതു പാർത്താലതി ദുർല്ലഭം;
കരമതിലിഹവന്നതതിസുകൃതം
തരുണിമാർ സുഖലീലവെടിഞ്ഞീടുമോ?
കരമതിലകപ്പെട്ടു കനകക്കട്ട
പരിചൊടുകളയുന്നതു ചിതമല്ല;
ഇതിനാലൊരുദോഷം വന്നാലുടനെ
വിധിയെന്നോർത്താലഥ ശശിമുഖിയും.

സുന്ദരനായ സുരേശൻ തന്നോടു
നന്ദികലർന്നു പറഞ്ഞാളേവം;
അതികമനോഹരരൂപാ നിന്നുടെ
കരളിലുദിച്ചൊരു കാമിതമെല്ലാം
വിരവൊടു സാധിച്ചീടുക വേഗാ-
ലതിനിയതിനൊരു താമസമൊട്ടും
മതിമുഖിയാളുടെ വചനമിതേവം
കുതുകിൽതെളിവൊടു കേട്ടൊരു നേരം
സുരനവതായൊരഹല്യയെ വേഗാ-
ലതിവേഗത്തൊടു പ്രാപിച്ചിന്ദ്രൻ;
പലവിധലീലകൾ ചെയ്തുതുടങ്ങി
രതിപതികരമതിൽ ബാണമൊടുങ്ങി;
കതിരവനുദയത്തിന്നു തുടങ്ങി
പനിമതിബിംബവുമങ്ങു മങ്ങി
സുഖമൊടുകൂടിരമിച്ചു സുരേശൻ
മതിമുഖിമണിയൊടു കൂടിയശേഷം
രതിയുടെ വിരതിഭവിച്ചൊരു സമയേ
മീനമനോപമനായ സുരേശൻ
മന്ദസ്മിതവും ചെയ്തു പുണർന്ന-
ന്തരമവളോടുര ചെയ്തു;
"എന്നാലങ്ങു ഗമിക്കുന്നിഹ ഞാൻ
നിന്നാലതിനൊരു വിഷമമതുണ്ടാം
നിന്നുടെ വല്ലഭനിവിടെ വരുമ്പോൾ
എന്നെയുമവിടെക്കണ്ടെന്നാകിൽ
ഉന്നതമതിയാമവനുടെ ഹൃദയേ
ഒന്നിനതൊന്നു ധരിക്കും നിയതം
ആയതിനൊന്നിനുമിടകൂടാതെ
ആയതമിഴി! ഞാൻ പോയീടുന്നേൻ;
ഇന്നും രാത്രിയിലിവിടെ വരും ഞാൻ
ഒന്നും തൃപ്തിഭവിച്ചതുമില്ല
എന്നവളോടുരചെയ്തതിമോദാൽ
ചെന്നു പുണർന്നു നടന്നു മഹേന്ദ്രൻ;
സുന്ദരിമാർകുലമൌലിയുമുടനേ
ചെന്നു കുളിച്ചു തനാശ്രമദേശേ
ചെന്നു വസിച്ചു മുനീന്ദ്രനു വേണ്ടവ-
യൊന്നൊഴിയാതെയൊരുക്കിയിരുന്നു
അന്നു തുടങ്ങീട്ടമരാധിപനിൽ
സുന്ദരഗാത്രിക്കാശമുഴുത്തു;

എന്നതു തന്നെയുമല്ലമുനീന്ദ്രനിൽ
നിന്ദയുമന്നുമുതൽക്കു തുടങ്ങി;
അന്നുംരാത്രിയിലമരാധീശൻ
സുന്ദരിമണിയുടെ സവിധേ ചെന്നു
നന്ദിച്ചതിസുഖമോടു വസിച്ചു
പിന്നെയുമങ്ങിനെ നിത്യമതായി
പലനാളിങ്ങിനെ പുരുഹൂതൻ താ-
നലസാക്ഷീസമനായി രസിച്ചു;
പലകാലം വലയാനൊരു സംഗതി
ചലമിഴിയാൾക്കതു കൊണ്ടു ഭവിച്ചു
അമരാധിപനിൽ കാംക്ഷമുഴുത്തു
കമലവിലോചനയാൾക്കു ദിനംപ്രതി
വിമലാത്മാവാം മാമുനിതാനൊരു
കുമതിയതെന്നു മനസ്സിലുറച്ചു.

നേരം വെളുപ്പാറാകും നേരമമരവരൻ
ചാരത്തു ചെന്നു പരിചോടു കുക്കുടശബ്ദം
പാരം പുറപ്പെടീക്കും നേരം വഴുകീതെന്നു-
ത്തീരം ഗമിക്കും മുനി സാരംഗാക്ഷിയുമപ്പോൾ
പാരാതെ ചെന്നു സുരവീരനോടൊത്തു പല-
നേരം പോക്കുരയ്ക്കയും മാരമാലോടെ പരി-
ചോടെ രമിച്ചു മുനിവീരൻ നിയമം തീർന്നു
ചാരത്തു വരുന്നേരം ദൂരത്തു ഗമിക്കയും.

കേഴക്കണ്ണീസംഗമമേറ്റവ-
രേഴര നാഴികരാവുള്ളപ്പോൾ
കോഴികരഞ്ഞു തുടങ്ങി മഹേന്ദ്രൻ
മോഴകളഞ്ഞു മുനീന്ദ്രനുമപ്പോൾ
പ്രീതനതായെഴുന്നേററങ്ങുടനേ
പ്രാതസ്സ്നാനത്തിന്നു ഗമിക്കും
മാമുനിപോയതറിഞ്ഞാലുടനേ
വാമവിലോചനയാളൊടു കൂടി
കാമമഹോത്സവമാടീട്ടധികം
പ്രേമമിയന്നു രമിക്കും നിത്യം
ഇങ്ങിനെ പലനാൾ പുരുഹൂതൻ താൻ
മംഗലഗാത്രിയൊടൊത്തു രമിച്ചു
തിങ്ങിന മോദാൽ വാണൊരു കാലം
പങ്കച്ചാക്കൊരു ചെണ്ടപിണഞ്ഞു
രാത്രിയിലൊരു നാൾ കുക്കുടശബ്ദം

പാർത്തിരിയാതെ ശ്രവിച്ചുമഹാമുനി
മാർത്താണ്ഡോദയസമയമിതെന്നു-
ങ്ങോർത്തുനടന്നു കുളിപ്പാൻ വേഗം
ഗംഗാപുളിനേ ചെന്നൊരുനേരം
ഗംഗയുണർന്നതുമില്ലസ്സമയേ
സംഗതിയെന്തെന്നോർത്തു മഹാമുനി
പുംഗവനന്തരതപോവിഭവത്താൽ
ഒന്നൊഴിയാതെയറിഞ്ഞു ചരിത്രം
നന്നിത്തൊഴിലെന്നോർത്തു ഗമിച്ചു
അന്നേരം പുരുഹൂതനുമവളോ-
ടൊന്നിച്ചോരോ കഥകൾ പറഞ്ഞു
നന്ദിച്ചവരു രമിക്കുന്നേരം
ചെന്നുകരേറി മുനീന്ദ്രനുമവിടെ
സുന്ദരിയോടൊരുമിച്ചു രമിക്കും
സുന്ദരനായ സുരേശൻ തന്നെ
ദുഷ്ടനതായൊരു നേരത്തവനുടെ
ദൃഷ്ടികളൊന്നു കലങ്ങി മറിഞ്ഞു
മാമുനിവരനെക്കണ്ടൊരുനേര-
ത്താമയമോടുസുരാധിപനുടനേ
ഭാമിനിയാമവളെയുപേക്ഷിച്ചൊരു
താമസമെന്നിയെയോടിഭയേന
വന്നൊരുകോപാദ്ദേവാധിപനോ-
ടൊന്നുവിളിച്ചുരുൾ ചെയ്തു മുനീന്ദ്രൻ
സുകൃതിയതായ സുരേശാ നിന്നുടെ
വികൃതികൾ കണ്ടു രസിച്ചേനിഹ ഞാൻ
യാഗം ചെയ്തു ഫലങ്ങളെയിന്നൊരു
ഭോഗംകൊണ്ടു നിവൃത്തിയതാക്കി
വേഗം പോകുന്നെന്തിനു നിന്നവി-
വേകം കൊണ്ടൊരു കോപവുമില്ല
എന്നെക്കണ്ടതിനാലൊരു സമ്പ-
ത്തിന്നുഭവാനുലഭിച്ചീടേണം
പത്തുശതം സുരനാരികളോട-
ങ്ങൊത്തു രമിപ്പാനായി നിനക്കു
പുത്തനതായൊരു ലിംഗസഹസ്രം
ഉത്തമനാകിയ നിന്റെ ശരീരേ
ഒത്തുമുളയ്ക്കണമെന്റെ തപസ്സൊരു
സത്യമതെന്നാലെന്നുടെ ശാപാൽ
എന്നു ശപിച്ചു പുരന്ദരനെപ്പുന-
രൊന്നു പറഞ്ഞിതഹല്യയൊടപ്പോൾ
"കഷ്ടം മാനിനിമൌലേ! നിന്നുടെ
ചേഷ്ടിതമെത്ര ജുഗുപ്സിതമോർത്താൽ
ദുഷ്ടനതായൊരു വരനില്ലാഞ്ഞി-
ട്ടൊട്ടു കൊതിച്ചഥ മരുവും സമയേ
കിട്ടിയവരനൊടു കൂടിപ്പരിചിനൊ-
ടിഷ്ടസുഖങ്ങൾ ഭുജിച്ചാലും നീ!
കുവലയനയനേ! നിന്റെ മനസ്സിൽ
കപടമതിങ്ങനെ തോന്നുകമൂലം
കപികളുമംഗനമാരും സമമെ-
ന്നുപമിക്കുന്നതു സൂക്ഷ്മമതോർത്താൽ
കുടിലവധൂജനമകുടമണേ നിൻ
കുടിലതകാരണമിന്നു മുതൽക്കു
കഠിനമതായൊരു ശിലയായ്പ്പോക
കഠിനമതിങ്ങിനെ കാട്ടുകമൂലം
താപസവരനതി കോപമിയന്നു
പാവകനെന്നതു പോലെ ജ്വലിച്ചു
ശാപമതിങ്ങനെ കൂട്ടിയനേരം
താപമിയന്നു വിറച്ചിതഹല്യ
എന്നൊരു മോചനമതിനെന്നോർത്തതി-
ഖിന്നതപൂണ്ടു വിലാപിച്ചവളും
തന്നുടെ പതിയുടെ ചരണസരോജേ
ഖിന്നതപൂണ്ടു കരഞ്ഞുവസിച്ചു.

കരുണാജലരാശിയാം മാമുനീന്ദ്ര വിഭോ!
കരുണമയിതോന്നുവാനാശുനമിക്കുന്നേൻ
ശരണമിഹതവൽകൃപയെന്നിയേ മററില്ല
ശരണമിഹശാപമോക്ഷം ഭവാനിന്നു മേ
കരളിൽ മരുവുന്ന മേ താപമിന്നേററവും
കരള പറവല്ല ഞാൻ മാമുനിരത്നമേ!
തരുണിമണിയിങ്ങനെ കേണുതൻ നാഥനെ
പരിചിനൊടു വീണു കൈക്കൂപ്പിനമിക്കയാൽ

പ്രീതനതായി മഹാമുനിതാനും
കാതരമിഴിയോടരുൾ ചെയ്തേവം
ഇതിനൊരു മോക്ഷം തരുവെൻ ഞാനിഹ
മതിമുഖിയാളേ കേട്ടാലും നീ
പാരാവാരസുതാരമണൻ ഭൂ-
ഭാരമശേഷം തീർപ്പതിനായി
ഉത്തരകോസലരാജ്യേദശരഥ-
പുത്രശിരോമണിയായുളവാകും

അക്കാലത്തഖിലേശൻ തന്നുടെ
തൃക്കാൽകൊണ്ടു ചവിട്ടും നിന്നെ
നീക്കാമതിനുടെ ദോഷവുമപ്പോൾ
ശേഷ്യമീടുകയില്ലെൻ വചനം.
ഇക്കാലത്തിതു തീരുകയില്ല
ധിക്കാരം നീ കാട്ടുകമൂലം
മൈക്കണ്ണാളേ! യെന്തിനു നിന്നുടെ
ഉൾക്കാമ്പിൽ പരിതാപം പഴുതേ?
എന്നൊരു മോക്ഷവുമരുളിനടന്നു
ധന്യനതായ മഹാമുനിതാനും
കന്നൽമിഴിയാളായൊരഹല്യയു-
മന്നൊരു ശിലയായിത്തീർന്നു
പിന്നീടസ്സുരനാഥൻ തന്നുടെ
ഭിന്നതദാരുണമോർത്തതിഖേദാൽ.

ലഭിച്ചദേവനു ശാപം ഭവിച്ചതാപവുമങ്ങു
വഹിച്ചു സങ്കടമേറെ നിറച്ചു മേനിയിലൊക്കെ
നിറച്ചു ലിംഗവും വന്നു മുളച്ചു താൻ തന്നെ നോക്കി
ലസിച്ചു വേഗത്തിലങ്ങു ഗമിച്ചു സ്വർഗ്ഗത്തിൽ- പോയി
വിരിച്ചു കട്ടിലേൽ കേറി ശയിച്ചുമുണ്ടുകൾ- കൊണ്ടു
പുതച്ചു ശീലകൾകൊണ്ടു മറച്ചു വാതലുമൊ-
ടച്ചുനിദ്രയുംമന്ദമിളച്ചുതന്നത്താനോർത്തു [ക്ലെ
ശിച്ചു വസിച്ചു.

ഗീർവ്വാണേശനെ വന്ദിപ്പാനാ-
യുർവ്വശിചെന്നു വെളുപ്പാന്നേരം
വാതൽ തുറന്നു കടന്നൊരു സമയേ
ശാതോദരിയൊടു ചൊന്നാനേവം:
അമരനിതംബിനിമാരേയിപ്പോൾ
സമയമതില്ലിഹ കാണ്മാനൊട്ടും
പനിമതിവദനേ! ഇന്നു നമുക്കൊരു
പനിയുടെ ദീനമിതെന്നേവേണ്ടു
ആയതുകൊണ്ടു കിടക്കുന്നേൻ ഞാൻ
നയമതല്ല പറഞ്ഞീടുന്നു
ചെയ്താലും സുഖമില്ലനമുക്കിഹ
ന്യായമറിഞ്ഞവളല്ലോ നീയും
അല്പം ഭേദം വന്നാലുടനേ
ഉൽപലനയനേ! ആളെയയയ്ക്കാം
കെല്ലൊട്ടു നിന്നുടെ ഭവനേ ചെന്നി-
ട്ടുല്ലതരസുഖമോടു വസിക്ക
എന്നതുകേട്ടുരചെയ്തു സുഭാഷിണി
നന്നുഭവാനുടെ വാക്കുകളെല്ലാം
മുന്നമൊരിക്കലുമുരചെയ്യാത്തതു
മിന്നുരചെയ്യാനെന്തൊരു മൂലം?
നന്നായ് ബോധിച്ചില്ല നമുക്കതു
വന്നീടും ഞാനരികിലിദാനീം
ഇത്തരമുരചെയ്തായവൾ ചെന്നു-
സ്സുത്തമനത്രപുതച്ചപുതപ്പതു
സത്വരമങ്ങുവലിച്ചു കളഞ്ഞു
ചിത്തരസത്തൊടു നോക്കുന്നേരം
അതിനവമായൊരുലിംഗസഹസ്രം
സുഭഗതയാമവൾ കണ്ടൊരുനേരം
അതികൗതുകം പുനരുണ്ടായ് വന്നു
മതിമുഖിയാളുടെ മനതാരിങ്കൽ.

നിർജ്ജരനാഥ സുമതേ അതി-
ലജ്ജയാകുന്നിതു കണ്ടാൽ
സജ്ജനങ്ങൾക്കേവമുണ്ടാവാനെന്തഹോ,
മുജ്ജന്മവാസനകൊണ്ടോ കഥിച്ചാലും (നി)

എന്തൊരബദ്ധത്തിൽ ചാടി എന്നു-
മെന്തൊരു കാരണമെന്നും
എന്തിനിനല്ലൊരുപായം എന്നുള്ളതും
ചിന്തിച്ചരുളുക ഹന്ത ഭവാനിഹ (നി)

ഇങ്ങിനെയുള്ളവനെ ഞാൻ മുമ്പിൽ
എങ്ങുമേകണ്ടിട്ടുമില്ല
തൽക്കാലശാന്തി വരുത്താനിനി
ഞങ്ങൾക്കൾക്കാമ്പിലോർത്താൽ
കഴിയുമറിഞ്ഞാലും (നി)

എങ്കിലുമുണ്ടു വിഷമം കിഞ്ചിൽ
മങ്കമാരായിരം വേണം
ശങ്കകൂടാതെയതിനുമതിന്നാലും
പങ്കജനാഭസഹോദരവീര! (നി)

പത്തുശതം വല്ലഭമാരും വ-
ന്നൊത്തു വിനോദിക്കുന്നേരം
ചിത്തത്തിലേററവും നാണമുണ്ടായ് വരും
മത്തേഭഗാമിനിമാർക്കുമസംശയം (നി)

ഞാനിതപോകുന്നെന്നും ചൊല്ലി
മാനിനിതാൻ നടകൊണ്ടൊരു സമയേ
ഒന്നു വിളിച്ചു പറഞ്ഞു മഹേശൻ
വന്നാലും നീ ഉൎവ്വശിബാലേ!
നിന്നോടിതിന്റെ മൂലമശേഷം
ഒന്നൊഴിയാതെ പറഞ്ഞറിയിക്കാം;
നാരീമണിയായുള്ളൊരഹല്യയെ
ആരോമൽക്കണ്ടിന്നലെ ഞാനും
മാരശരാൎത്തിയൊടവളോടുകൂടി
സ്വൈരമതായി രമിക്കും സമയേ
പാരാതവളുടെ കണവൻ കണ്ടഥ
പാരംകോപിച്ചാശു ശപിച്ചു
സാരംഗാക്ഷി! നീയിനിയിക്കഥ
യാരോടും പറയരുതേ ബാലേ!
ഒരുവനറിഞ്ഞാലപ്പോൾതന്നെ
പരിചിനൊടറിയും മററുള്ളവരും
പരിഹാസങ്ങളുമാരംഭിക്കും
വിരുതന്മാർ ചിലരന്നേരത്തു
നാണംകെട്ടുവസിക്കുന്നതിലും
പ്രാണൻകളകയതേററം നല്ലൂ,
ഏണാങ്കാനനയാളേ ഞാനൊരു
കോണിലൊളിച്ചു വസിക്കുന്നായി
നിന്നോടാരാൻ ചോദിച്ചെങ്കിൽ
എന്നെക്കണ്ടില്ലെന്നുരചെയ്ക
സുന്ദരഗാത്രി! നീയിനിവേഗാൽ
നിന്നുടെ ഭവനേ ചെന്നു വസിക്ക
എന്നതു കേട്ടവൾ പുഞ്ചിരിയോടെ
മന്ദമിറങ്ങി നടന്നുതുടങ്ങി;
ചെന്നവളക്കഥ തന്നുടെ ഭവനേ
വൎണ്ണിച്ചൻപൊടു വാണീടുന്നാൾ
മേനക ഉൎവ്വശി തന്നുടെ ഭവനേ
ആനന്ദേനഗമിച്ചൊരുനേരം
ആയവൾ മേനകതന്നോടു സരസം
മഞ്ജുമൊഴിഞ്ഞു പറഞ്ഞു തുടങ്ങി:-

വൃന്ദാരകനാഥൻ തന്നുടെ വാൎത്തകളൊന്നെ-
യറിഞ്ഞെൻ
പെണ്ണായിരമൊരുമിച്ചരികിൽ ചെല്ലണമെ-
ന്നരുൾചെയ്തു
ആയതിനൊരു കാരണമുണ്ടതു കേൾക്ക മനോ-
ഹരശീലേ
ആയതമിഴിയായൊരഹല്യയിലാശമുഴുത്തു-
മൂലം
പോയവനവൾസവിധേ ചെന്നു രമിച്ചാരില-
വരുമറി
ആയതുകണ്ടവളുടെ കണവനുമൊന്നുകയൎത്തു-
ശപിച്ചു
ഭംഗമതായുള്ളൊരുലിംഗമൊരായിരമിപ്പോൾ
വിശേഷാ-
ലത്യുന്നതമായോരണിക്കമ്പുകൾപോലെ-
ഭവിച്ചു
ആയതുകേട്ടാശുപറഞ്ഞു മേനകയതിന്റെ
ശേഷം
ആയതുവരണം മോഷനമതു നന്നിഹനമ്മെ
ശേഷം
നിന്ദമുഴുത്തതിനാൽ വന്നതുമിന്നുനമുക്കതി-
തോഷം
പോയവനുടെ സവിധേ ചെന്നഭിനവമായു-
ള്ളൊരുവേഷം
കണ്ടീടണമെന്നുപറഞ്ഞവളൊന്നു ചിരിച്ചു
നന്നെ,

അരയന്നപ്പിടതന്നോടിടയും
തരുണീമണിയുടെ നടയുംപിന്നെ
കരിവരതുമ്പിക്കരമതിനഖിലം
പരിഭവമുളവാക്കീടിനതുടയും
അടിമുടിയിടയിലെ അഴകുകളെല്ലാം
വടിവൊടുപറവതിനിന്നു നമുക്കൊരു
പടുതയതില്ലൊരു പുരുഷൻകണ്ടാൽ
ഉടനേകാമഭ്രാന്തുപിടിക്കും;
അത്രമനോഹരയാകിയപങ്കജ-
പത്രവിലോചനമേനകതാനും
സുത്രാമാവുപുരത്തുകിടക്കും
ചിത്രമതായൊരു ഭവനംപുക്കു
കതകുതുറന്നൊരുസമയേവാസവ-
നതിപരുഷംപൂണ്ടിത്ഥംചൊന്നാൻ:
ആരുവരുന്നിതുചൊല്ലുകവേഗാൽ
നേരംപോക്കിനു സമയമിതല്ല;
ദൂരെപ്പോകണമല്ലെന്നാൽചില
വൈരക്കേടുഭവിക്കുമിദാനീം;

കാൺമാൻനമ്മുടെയരികത്തിങ്കൽ
മാനിനിമാരിവരണ്ടായിപ്പോൾ
മാനക്കേടുളവാക്കേണ്ടായ്കിൽ
മാനിനിമാരെ പൊയ്ക്കാണാലും
ഹരിയുടെവാക്കുകൾ കേട്ടവളുടനേ
പരിഹാസത്തോടുമവനോടുമൊന്നാൾ
ഇത്രകലമ്പുന്നെന്തിനുപാഴിൽ
ഇത്രവരുന്നതുമില്ലിഹയിപ്പോൾ
വൃത്രനിഷൂദന! നിന്തിരുവടിയുടെ
വൃത്തമശേഷമറിഞ്ഞേനിഹഞാൻ;
അമ്മുനിശാപംകൂടിയതിന്നു
നാമെന്തൊന്നുപിഴച്ചുഭവാങ്കൽ
ഞങ്ങാടിന്നൊരു ദോഷിപിണഞ്ഞാൽ-
തങ്ങടെഅമ്മയൊടെന്നങ്ങെല്ലാ
ലക്ഷണമുള്ളൊരുനാരികളിന്നു
ലക്ഷമതല്ല ഭവാനുടെനാട്ടിൽ
ദക്ഷനതായഭവാനതിലൊന്നും
ലക്ഷ്യമതായില്ലായതുപോട്ടെ
സുരവര! നിന്നുടെഭാര്യയതാകും
പരഭൃതമൊഴിയാമിന്ദ്രാണിയെയും
പരിചിനൊടാശുമറന്നതിമോദാൽ
ധരണിയിലൊക്കെനടന്നുതിരഞ്ഞു
പെരുകിനനിയമമഹാനിധിയായൊരു
പരമുനിപത്നിയിലാശമുഴുത്തു;
ചപലനതിനായുദ്യോഗിച്ചു
ചലമിഴിയാളൊടുകൂടിരമിച്ചു
സതിയാമവളുടെ ഹൃദയേയിത്തൊഴിൽ
ഹിതമല്ലെന്നതുതോന്നീലപ്പോൾ
പതിവ്രതമാരുടെധർമ്മമൊഴിച്ചാ-
ലതിനൊരുപാപം വരുവാനുള്ളതു
വലുതായിന്നുഭവാനുടെദേഹേ
നലമൊടുവന്നുമുളച്ചെന്നറിക;
മർക്കടജാതിയിലൊരുവനുപണ്ടൊരു
ദുർഘടമിങ്ങിനെവന്നതുകേൾക്ക
പെരിയൊരുവൃക്ഷമരപ്പതിനുള്ളിൽ
പരിചിനൊടാപ്പുമടിച്ചുകരേറി.
ഈർച്ചവാളുമുടന്തരിക്കൊണ്ട-
അച്ചനങ്ങുനടകൊണ്ടൊരുസമയേ
മൊച്ചവന്നുവിരവോടത്തടിമേൽ
ഇച്ഛയോടുകരയേറിയിരുന്നു.
അണ്ഡംരണ്ടും തടിയുടെയിടയിൽ
പൊണ്ണക്കപിയവനിട്ടുംകൊണ്ടു്
ആപ്പുപിടിങ്ങിയെറിഞ്ഞൊരുസമയേ
കെല്ലൊടുവന്നിടചേർന്നിതുതടിയും
എണ്ണയരിക്കുംപോലെയവനുടെ
അണ്ഡംപെട്ടുമരത്തിനതുള്ളിൽ
ദണ്ഡപ്പെട്ടുവിലാപിച്ചവനും
ദണ്ഡധരനുടെ ഭവനംപുക്കാൻ;
എന്നതുപോലെയിന്നുഭവാനും
വന്നുഭവിച്ചോരനത്ഥമതോർത്താൽ
തന്നുടെദോഷംകാരണമിന്നതു-
ധന്യമതേ! മനതാരിലുറയ്ക്ക
ന്നൂനംകണ്ടജനങ്ങൾക്കെല്ലാ-
മാനകളിപ്പാനൊരുവകയായി
സ്ഥാനത്തുള്ളജനങ്ങൾക്കെല്ലാം
മാനക്കേടുഭവിച്ചാൽവിഷമം;
മുറവുംനിന്റഹിതത്തെച്ചെയ്യാൻ
മനാറവുംകൊണ്ടുവസിക്കും ഞങ്ങടെ
ഏററംനിന്ദമുഴുത്തതിനായൊരു-
നേററിക്കാക്കവരാത്തതുവന്നു.

ഇങ്ങിനെപരിഹാസോക്തികൾചൊല്ലി
അംഗനാമണിയവൾ പോയൊരുശേഷം;
തിങ്ങിനശോകാൽവാണപുരന്ദര-
നെങ്ങുംപ്രതിവിധികാണാഞ്ഞതിനാൽ;
ദണ്ഡംകാൺമാനായിപ്പലപല-
പെണ്ണുങ്ങളുമഥയാത്രതുടങ്ങി;
വിണ്ണവർനാഥനുകാഴ്ചകളവരൊരു-
വണ്ണംപലവകസമ്പാദിച്ചു
വെററിലപൂകയിലജാതിക്കായും
മററുംപലവക കാഴ്ചദ്രവ്യം
തെററന്നീവകകൈയിലെടുത്തഥ
കററക്കുഴൽമണിമാരുനടന്നു!
സുരപതിതാനേവാണരുളീടും
പെരിയൊരുമണിയറതന്നിൽചെന്നു
സരസിജമുഖിമാർ പുരവാതുക്കൽ
പരിചൊടുചെന്നുകടന്നൊരുസമയേ

അംഗമശേഷം തിങ്ങിമുളച്ചതി
ഭംഗികലർന്നൊരുലിംഗസഹസ്രം
അംഗനമാരവർകണ്ടൊരുനേരം
തിങ്ങിനലജ്ജകലർന്നുവസിച്ചു
മൂക്കേൽവിരലുംവച്ചുപലർക്കെ
ചിക്കെന്നങ്ങുപുറത്തുകടന്നു
കളമൊഴിമാരവർ പലരുംകൂടി
കളിവചനങ്ങൾപറഞ്ഞുതുടങ്ങി.

ഗീർവ്വാണനാരിമാർ കേട്ടുകൊൾവിൻ
ഗീർവ്വാണരാജന്റെ വൃത്തമെല്ലാം
സർവ്വമറിഞ്ഞുഞാനുർവ്വശി ചൊൽകയാൽ
ഗർവ്വമതിന്നുനിദാനമല്ലോ
വൃന്ദാരകാധിപൻമോദമോടെ
മന്ദാരപുഷ്പമലംകരിച്ചു
സുന്ദരരൂപം ധരിച്ചുവനേകദാ
മന്നിടംതന്നിൽ ഗമിക്കുംനേരം
മാമുനിയാകുന്നഗൌതമന്റെ
ഭാമിനിയാകുമഹല്യതന്നെ
യാമിനിയിൽ തത്രകണ്ടുഭ്രമിച്ചവൻ
കാമിനിതന്നുടെ മുമ്പിൽചെന്നു
വണ്ടാർകുഴലിയെപ്പാട്ടിലാക്കി
തണ്ടാർശരലീലയാടിമോദാൽ
ഉണ്ടതിനാലകപ്പെട്ടുവന്നൂ
രണ്ടുനാളായ് ശ്രവിച്ചിരുന്നുഞാൻ
മംഗലഗാത്രിയഹല്യയോടും
സംഗമംചെയ്വാനുടനേതന്നെ
ഇങ്ങിനെവന്നുഭവിച്ചതിനെന്തൊരു
സംഗതിയെന്നുപറകയാലേ
ഇങ്ങിനെപണ്ടുഞാൻകേട്ടിട്ടില്ല
എങ്ങുമൊരേടത്തും നിർണ്ണയംതാൻ
അംഗനമാരോടുകൂടിവിനോദിച്ചുടൻ
ലിംഗംവളരെവെക്കുംപോലും
അല്പമൊരുഭേദമുണ്ടതിനു
ഉൽപ്പലനേത്രയെപുല്കുന്നേരം
തൽപ്പതിയായമുനിവരൻകണ്ടുടൻ
കെല്പോടനുഗ്രഹിച്ചെന്നുകേട്ടു.

ഇങ്ങിനെപലപല പരിഹാസം പുന-
രംഗനമാർകളഞ്ഞുതുടങ്ങി

അങ്ങതുകേട്ടുസുരന്മാരുംസുര
പുംഗവനെ വന്ദിപ്പാനായി
തക്കത്തിൽചെന്നളവേദമനിയി-
ലൊക്കെക്കാണായെന്നേവേണ്ടു
ആലുംമുകളിലണഞ്ഞുകിടക്കും
വാവലതെന്നതുപോലെനിരക്കെ
ശക്രൻതന്നുടെദേഹത്തിങ്കൽ
ഒക്കെനിറഞ്ഞഥകാണാകുന്നു;
ആയതുകണ്ടൊരുവിബുധന്മാരവർ
വായുംപൊത്തിക്കൊണ്ടുചിരിച്ചു
പോയവരോരോകോണിൽചെന്നി-
ക്കാര്യംകൊണ്ടുപറഞ്ഞുതുടങ്ങി;
നമ്മുടെസ്വാമിക്കിങ്ങിനെവരുവാൻ
സംഗതിയെന്തിതുവിബുധന്മാരേ!
ഇന്നലെയോളം ഇങ്ങിനെയില്ല
ഇന്നിതുവരുവാനെന്തൊരുമൂലം
ഇന്നുവെളുപ്പിനു ഞാനെഴുന്നേററു
ഇന്ദ്രനെവന്ദിപ്പാൻചെന്നപ്പോൾ
എന്തെന്നേതുമറിഞ്ഞീലവനുടെ
ചന്തമിയന്നശരീരത്തിന്മേൽ
അവയവമൊന്നും കാൺമാനില്ല
അപജയമായ്വന്നല്ലോകാര്യം
കണ്ണും കാലും കൈയും ചുണ്ടും
കണ്ഠം ദന്തം താടിയുമെല്ലാം
സൂക്ഷിച്ചങ്ങിനെനോക്കിക്കണ്ടാ-
ലാസകലം കോശാകൃതിയത്രേ
തൂക്കോശാകൃതികണ്ടതുതന്നെ
ചിക്കെന്നിങ്ങുവണങ്ങിപ്പോന്നു
ശക്രനിവണ്ണം വരുവാനെന്തൊ-
രതിക്രമമേതാൻ ചെയ്തിട്ടുണ്ടോ
വിക്രമമൊന്നുനിനച്ചെന്നാലും
വിക്രമനസ്സൊട്ടുവാണീടുന്നു;
നാരായണപദഭക്തനതാകിയ
നാരദമാമുനിയിക്കഥയെല്ലാം
പാരംകൌതുകമോടഥകേട്ടു
പാരിടമൊക്കെനടത്തിചരിത്രം
കേട്ടവർകേട്ടവരൊക്കെക്കൂടി
ക്കൂട്ടംകൂടിവസിച്ചുതുടങ്ങി

ഇട്ടിച്ചുട്ടം ദേവാധിപനൊരു
വിഡ്ഢിത്തംവന്നതുനീകേട്ടോ
കേട്ടില്ലനുജാ! അങ്ങിനെയെന്തൊരു
കോട്ടംവന്നുഭവിച്ചതിദാനീം?
പൊട്ടനതായൊരവന്റെ ചരിതം
കേട്ടാൽ ചിരിയാമെന്നേവേണ്ടൂ?
കാറക്കുഴൽമണിയായൊരഹല്യയി-
ലേറ്റമൊരഭിരുചിയുണ്ടായതിനാൽ
ചുററിക്കൂടിനടന്നൊരുകാര്യം
പററിയവന്നുപലകുറിയവളെ
കഷ്ടംമാമുനിവരന്റെവശമന
മുട്ടാതവനും കരിതേപ്പിക്കും
മട്ടോൽ മൊഴിയെക്കട്ടു രമിപ്പാൻ
പെട്ടന്നവനുലകിങ്കൽ നടക്കും
കിട്ടിയ സമയമതിന്നായവനും
മട്ടലർ ബാണവിനോദം ചെയ്വോൻ
ഇങ്ങിനെ പലനാൾ ചെന്നൊരുശേഷം
മംഗലശീലനതായമുനീന്ദ്രൻ
ഇങ്ങിനെയുള്ളൊരു തൊഴിലുഗ്രഹിച്ചി-
ട്ടങ്ങോർ നല്ലൊരനുഗ്രഹമരുളി
അംഗത്തേലൊരു പത്തുസഹസ്രം
ലിംഗംവന്നു മുളച്ചിതുപോലും
എങ്ങാനും പുനരിങ്ങനെയൊരുകഥ
ചങ്ങാതികളേ കേട്ടിട്ടുണ്ടോ
ഇങ്ങിനെയുള്ളോരവതാളന്മാ-
രങ്ങിനെവെളിവിൽ നടന്നീടുന്നു
കാട്ടരുതാത്തതു കാട്ടിനടന്നാൽ
കൂട്ടം പരിഹാസം പലരപ്പോൾ
വാട്ടമതിന്നില്ലെന്നതു വന്നാൽ
കോട്ടം വന്നു ഭവിക്കും നൂനം
ഇന്ദ്രൻ താനെന്നാകിലുമിന്നീ
ദുർന്നയമിങ്ങിനെ കാട്ടീടാമോ?
മന്ദിരമതിലൊരു കോണിലിരുന്നാൽ
വന്ദ്യനതെന്നു നടിച്ചു വസിക്കാം
ശങ്കര! ശിവ ശിവ! യിങ്ങിനെ പണ്ടൊരു
പെൺകൊതിയന്മാർ തീർന്നിട്ടില്ലാ;
എങ്കിലുമിന്നതു ചേരും പണ്ടൊരു
വൻകപടത്തൊഴിൽ കാട്ടിയതോർത്താൽ

സൂര്യൻ തന്നുടെ തേരുതെളിപ്പാൻ
സാരഥിയായൊരരുണൻമുന്നം
പാരാതവന്റെ മുമ്പിൽ ചെന്നൊരു
വാരിജലോചനയെന്നതുപോലെ
സ്ത്രീയുടെ വേഷം കണ്ടപ്പോളോ-
സ്ത്രീണൻ കാമമാന്നു പിടിച്ചു
നാരിയതെന്നതു തന്നെ നിനച്ചു-
ക്കാര്യപ്പാടു കഴിച്ചിതുപോലും
പുരുഷന്മാരൊടു കൂടിരമിക്കും
പുരുഷനെയെങ്ങാൻ കേട്ടിട്ടുണ്ടോ
വഷളന്മാരുടെതൊഴിലുകൾ ചെയ്യാൽ
വഷളായിട്ടു ഭവിക്കയുള്ളു.
ഇങ്ങിനെ പലവകമനുജന്മാരുടെ
തിങ്ങിനപരിഹാസങ്ങൾ ഭവിച്ചു
മങ്ങിനമുഖമൊടു വാണു പുരന്ദര-
നെങ്ങും പ്രതിവിധി കാണാത്തതിനാൽ
അക്കാലത്തു ബൃഹസ്പതിയാകിയ
ചൊൽക്കൊണ്ടീടും ദേവാചാര്യൻ
ഇക്കഥയഖിലം കേട്ടൊരു നേര
ത്തുൾക്കമലത്തിൽ വളർന്ന വിഷാദം
വെക്കം ചെന്നു സുധർമ്മയതാം സഭ
പുക്കസുരന്മാരോടൊരുമിച്ചു
വല്ലാതിങ്ങിനെ നമ്മുടെ സ്വാമി-
ക്കല്ലൽ പിണഞ്ഞതു തീർപ്പാൻ ചൊല്ലിൻ!
നല്ലൊരു മാർഗ്ഗം ചിന്തിച്ചീടേണ-
മെല്ലാവരുമിനി ദേവന്മാരേ!
ധർമ്മവിരോധമതായിട്ടുള്ളൊരു-
കർമ്മമനുഷ്ഠിച്ചീടുകമൂലം
ദുർമ്മതിയാമിവനോർത്താലിതിനൊരു
ശർമ്മം വന്നു ഭവിപ്പാൻ വിഷമം
എങ്കിലുമതിനൊരുപായമിദാനീ
മെങ്കലുദിച്ചതു ഞാനതുചെയ്യാം
ശങ്കവെടിഞ്ഞിനി നമ്മളശേഷം
ശങ്കരഭക്തനതാകും മുനിപദ-
പങ്കജമതിൽ വീണാശു നമിപ്പാൻ
തൻകൃപകൊണ്ടു നമുക്കിനിമേലിൽ
സങ്കടമൊഴിവാൻ കഴിവുണ്ടാകും
എങ്കിൽനമുക്കു ഗമിക്കല്ലല്ലീ!

ശങ്കമനസ്സിൽ തോന്നീടേണ്ട
ഇങ്ങിനെ ഗുരുഗിരമേവം കേട്ടവ-
രൊക്കെ നടന്നു മുനീന്ദ്രസമീപേ
മംഗലശീലന്മാരവർ മുനികുല-
പുംഗവനാകിയ ഗൌതമമുനിയുടെ
പാദസരോജം വന്ദിച്ചുടനവ-
രാദരവോടു നമസ്കൃതി ചെയ്തു
ഇരുപത്തഞ്ചുമൊരെട്ടും കോടി
പെരുകിന ശോഭകലർന്ന കിരീടം
വിരവൊടു തന്റെ പാദസരോജ
ത്തെമിച്ചങ്ങിനെ കണ്ടദശായാം
പരമദയാലുവതായ മുനീശ്വര-
നരുതരമവരോടരുളിച്ചെയ്തു
സുരവരരഖിലരുമെന്റെ സവിധേ
പരിചൊടു വരുവാനെന്തൊരു മൂലം
പെരുതായിട്ടൊരു കാരണമുണ്ടതു-
മുരചെയ്യാമതിനില്ല വിഷാദം
കരണീയം പുനരെന്നാലെന്തോ-
ന്നരുചെയ്താൽ കഴിയുന്നതുചെയ്യാം
എന്നതുകേട്ടു സുരന്മാരെല്ലാം
വന്ദനചെയ്തു പറഞ്ഞാരേവം
നിർജ്ജരരാജൻ തന്നെക്കണ്ടതി-
ലജ്ജിതരായിഹ വന്നു ഞങ്ങൾ
സജ്ജനമാനിതനായ ഭവാനാൽ
വഞ്ജിതനായവനവന്റെ ദോഷാൽ
ഊർജ്ജിതഭുജബലനാമവനപ്പോ-
ളുജ്ജിതമായിതു ലിംഗസഹസ്രം
വൃത്തുകളൊക്കെ വെടിഞ്ഞെരനിമിഷാ-
ലാത്തിവളർന്നു തളർന്നു ശരീരം
ചടുലവിലോചനയാളാം ശചിയുടെ
നട്ടവുമറിഞ്ഞു കിടപ്പാനുള്ളൊരു
ഇടയാമെന്നതു തന്നെ നിനച്ചു
വിടകൊടേണ്ടേനിഹ കരുണാസിന്ധോ!
ജ്ഞാനിയതായ ഭവാന്റെയുള്ളിൽ
ജ്ഞാനമുദിച്ചതു കുറവുമല്ല;
ജലമതിൽ നില്ക്കും കമലദലത്തിനു-
വലിയൊരു ബന്ധുവതല്ലോ പറഞ്ഞാൽ
ജലപതിതാനും സൂര്യനുമെന്നതു-
പലപല ശാസ്ത്രം ഘോഷിക്കുന്നു;
സ്ഥാനഭ്രംശം വന്നു ഭവിച്ചാൽ-
ന്നനമിളക്കിക്കളയും സൂര്യൻ
വരുണൻ താനതു പ്ലോഷിപ്പിക്കും
കരുണയവർക്കതരിമ്പില്ലിപ്പോൾ
ഗോപൂകൾ വളരെ ഘോഷിച്ചാലതു
സേവയ്ക്കുന്ന നടിക്കും ചിലര്
ഭാവിയതെങ്കിൽ വിഷാദിക്കേണ്ട.
ഏവനമായതൊഴിപ്പാൻ മേലാ
അടിമലരിങ്കൽ നമിച്ചു കിടക്കും
അടിയങ്ങൾക്കൊരു വരമരുളേണം!
കുടിലതപെരുകിന ഞങ്ങടെ സ്വാമി-
ക്കുടലിൽ മുളച്ചൊരു ലിംഗസഹസ്രം
വടിവൊടു പോവതിനായിക്കൃപയാൽ
ഉടനൊരു കല്പനയുണ്ടാകേണം
സുരവരരഖിലവുമഴകൊടു ചൊല്ലിയ
ഗിരമതു സകലം കേട്ടൊരു നേരം
പരമദയാലുവതായ മുനീശ്വര
നൊരുഗിരമവരോടരുൾ ചെയ്തേവം
എന്റെ ശാപം നിഷ്ഫലമെന്നതു
വന്നു ഭവിക്കയുമില്ലെന്നറിക
ലിംഗസഹസ്രം മറെറാന്നാക്കാം
നിങ്ങളിലുള്ളൊരു വാത്സല്യത്താൽ
അംഗങ്ങളിലൊന്നാക്കണമവനിനി
എങ്ങും കാട്ടരുതിത്തൊഴിൽ മേലിൽ
വിണ്ണവരഖിലരുമരുൾ ചെയ്തപ്പോൾ
കണ്ണുകളാക്കണമെങ്കിലതെല്ലാം
അങ്ങിനെയെങ്കിലതങ്ങിനെതന്നെ
നിങ്ങടെയഭിരുചിപോലെ ഭവിക്കും
മംഗലനിലയനതായ മുനീന്ദ്രൻ
ഇങ്ങിനെ മോക്ഷവുമരുളിയശേഷം
തിങ്ങിനമോദമൊടാശു സുരന്മാ-
രങ്ങു സുരോത്തമസവിധേ ചെന്നു
ലിംഗസഹസ്രം പോയിട്ടവന്റെ
അംഗം തന്നിൽ നിറഞ്ഞിതു നയനം
തുംഗമനസ്സൊടു വാണിതു സുരകുല
പുംഗവനഖിലസുരന്മാരോടും
ദേവാധിപന്റെ ശാപാനുഗ്രഹ-
മേവമിതെന്നു ധരിക്ക കുമാരാ!

നിൻതിരുമലരടിവെച്ചിനിയിവളുടെ
സന്താപത്തെയൊഴിച്ചീടേണം
മാമുനിവരനുടെ വാക്കുകളിങ്ങിനെ
മാനവവീരൻ കേട്ടദശായാം
താനങ്ങിനെ മന്ദം പോയ് ചെന്നഥ
സാനന്ദം നിജപാദസരോജം
ഉഗ്രതപസ്സോടിരിക്കും ശിലമേ-
ലഗ്രവച്ചരുളീടിനനേരം
മാനവവരനാം രഘുവരമഗ്ര
മാനിനിയാൾക്കഥകാണായ് വന്നു
ശ്യാമളഘനരുചിതടവിനതലമുടി
കോമളമാകിനനെററിത്തടവും
അഞ്ചിതമാകിനകമലദളത്തി
നഞ്ചൽ വളർത്തും നയനപ്രഭയും
സഞ്ചിതശോഭകലർന്നൊരുതിലകസു-
മഞ്ചിതവന്ദിതനാസാപുടവും
ചഞ്ചലമിഴികടെമനമതഴിക്കും
പുഞ്ചിരിയാം ചന്ദ്രികയും വടിവും
തൊണ്ടിപ്പഴരുചിതേടിനൊരധരം
നീണ്ടുതടിച്ചൊരു പാണിദ്വയവും
വിസ്തൃതമാകിനതിരുമാറിടവും
ഉത്തമനോഹരഹാരാവലിയും
എത്രയുമൽഭുതമായൊരുദരേ
ചാർത്തിനപൂഞ്ചുകിലതിനുടെമീതേ
ചേർത്തൊരു കാഞ്ചനകാഞ്ചീവടിവും
പാർത്താൽ വിശ്രുതമൂരുദ്വയവും
ആർത്തരതായ സുരന്മാർക്കാർത്തികൾ
തീർത്തുപരിത്രാണത്തിനുവാമന
മൂർത്തിയതായ മഹാബലിതന്നുടെ
ചീർത്തൊരു ഗർവ്വുകുറപ്പാൻ മൂന്നടി
ധാത്രിയെയാചിച്ചീടിനസമയേ
പാത്രതകൊണ്ടു കൊടുത്തന്നവനും
എത്രയുമുഗ്രമതായൊരു രൂപം
ഉദ്ധരിച്ചിട്ടീരടിയാക്കീ
ട്ടിത്രൈലോക്യമളന്നൊരു പാദം
മൂർത്തിയിലങ്ങിനെ ചേർത്തൊരുനേര-
ത്തോർത്തുപുരാമുനി ചൊല്ലിയവചനം
അതിശയഭക്തിയതായ സമുദ്രേ
മതിമുഖിയാളവൾ മുങ്ങിപ്പൊങ്ങി
കതിരവവംശജമഞ്ജുളപാദേ
പതിതയതായിനമസ്കൃതിചെയ്തു
അതിവിനയത്തോടു കൂപ്പിസ്തുതിഗിര-
മതിമോദേന തുടർന്നാളവളും

രാമരാമദയാസിന്ധോ! ശ്യാമളവിഗ്രഹതവ
നാമവും ജപിച്ചു വനസീമനിതാന്തം
ഭീമമായശിലയായിമാമുനിതൻശാപത്താൽ
ആമയമോടാത്തുവാണേൻ കോമളഗാത്ര!
നിന്നുടയപാദരേണു എന്നുടെ മൂർദ്ധ്നി വീഴ്കയാ
ധന്യയായേനിന്നു ഞാനും പുണ്ഡരീകാക്ഷ! [ൽ
എന്നുടെ ജന്മസാഫല്യംവന്നു നിന്നെക്കാൺക
ന്നവേക്ഷിക്കുന്നനഹമിന്നുരാഘവ! [യാലെ
അച്യുത!നിൻനാമങ്ങളെയുച്ചരിക്കാറാകേണം
നിത്യവുമെൻനാവുകൊണ്ടുവിശ്വനായകാ!
കർണ്ണങ്ങളും നിൻറഗുണവർണ്ണനംശ്രവിപ്പാനായ്
അർണ്ണോജാക്ഷ! ശ്രദ്ധിക്കേണം ചിത്തമോഹന!
പാണികളാലർച്ചനത്തെ ക്ഷോണിനാഥ! ചെയ്യു-
തിന്നു
വേണമെങ്കിൽ കൃപയിന്നക്ഷീണപുണ്യദ!
പുണ്ഡരീകായതനേത്ര! പൂർണ്ണചന്ദ്രനിഭവക്ത്ര!
ഖണ്ഡിതനിഖിലാമിത്ര! കാരുണ്യപാത്ര!
ചാപബാണധര! വന്ദേഭൂപബാലവേഷ! വന്ദേ
പാപനാശകര!വന്ദേ പാവന! വന്ദേ.

ഇത്തരമതിശയമാം സ്തുതികേട്ടി-
ട്ടുത്തമപുരുഷൻ രാമൻ തിരുവടി
സത്വരമായവളോടുരചെയ്തു,
സ്വസ്തിനിനക്കു ഭവിക്കും മേലിൽ
തുച്ഛമതാകും വിഷയങ്ങളിലൊരു
ഇച്ഛഭവിക്കയുമരുതിനിമേലിൽ
സച്ചിന്മയനാമെന്നുടെ പാദേ
നിശ്ചലമായി വരേണം ചിത്തം
അതിശയഭക്തിയുമെങ്കൽ സതതം
മതിമുഖിയായ നിനക്കുളവാകും
പതിശുശ്രൂഷപരായണയായി
പ്രതിദിവസം നീ വാഴ്ക സുഖേന
നരവരശിശുവാം നാരായണനൊടു
പരമഭിലാഷം വാങ്ങിയശേഷം
സരസിജനയനപ്രദക്ഷിണവും വ
ച്ചുരുതരഭക്ത്യാവീണുവണങ്ങി

അമ്പൊടുകൊണ്ടവിലസുന്നങ്ങളുണ്ടോ
പതിവ്രതമാർക്കതിനില്ല വിവാദം;
വിശ്വാമിത്രനെ വന്ദിച്ചൊന്നു
വിശ്വാസത്തോടുപായങ്ങളുമും
ഉത്തമനാകിയ ഹരിദാസൻ തന്റെ
പാദാംബുജവും വണങ്ങിമോദാൽ
ഭർത്തൃപദത്തെച്ചെന്നു ഗമിച്ചി-
ട്ടുരുവസിച്ചവനോടു സമേതം
അതിമാനുഷനാം രാമൻ തിരുവടി
മതിമാനാകിയ കൌശികനോടും
അതിമോദേന ഗമിച്ചിതു തരസാ
മതിപൃഥനന്റെ ചാപം കാൺമാൻ.

അഹല്യാമോക്ഷം ഓട്ടൻതുള്ളൽ സമാപ്തം.

ബാണയുദ്ധം.

ഓട്ടൻതുള്ളൽ.

പണ്ടുമഹാബലി തന്നുടെ സുതരാ-
യുണ്ടായ് ശതകുമാരന്മാരിൽ
കണ്ടാലധികഭയങ്കരഗാത്രൻ
കുണ്ഠൻ ബാണാസുരനെന്നൊരുവൻ
കണ്ടകനെങ്കിലുമതിശക്തൻതാൻ
കുണ്ഠേതരഭുജബാഹുസഹസ്രൻ
കണ്ഠീരവമൃഗപടലികൾ പോലും
തണ്ടടികൊൾവാൻ മതിയാകില്ലാ
ഖാണ്ഡർ വരൻ മുതലഖില ജനങ്ങളു-
മിണ്ടലൊടവനെ വണങ്ങീടുന്നു
അത്രമഹാഭുജവിക്രമമുള്ളവ-
നത്തൽവെടിഞ്ഞു മഹേശ്വരനെത്തേ
ചിത്തകുതൂഹലമോടു മിഴാവും
ശക്തനടിച്ചു സഹസ്രകരത്താൽ
മുല്ലശരാന്തകനുള്ളിൽതെളിഞ്ഞി-
ട്ടുല്ലാസേന പറഞ്ഞീവണ്ണം
നല്ലസമർത്ഥനഹോ നീയതിനൊരു
തെല്ലും സംശയമില്ല നിനച്ചാൽ
ചൊല്ലികൊൾക വരം വേണ്ടുന്നതു
കില്ലില്ലതിനു തരുന്നുണ്ടിഹ ഞാൻ
എന്നതു കേട്ടുതെളിഞ്ഞഥബാണൻ
മന്ദസ്മിതവും തൂകിച്ചൊന്നാൻ
എന്നേ! വിസ്മയമെന്തൊരു വരമിതു
നിന്നോടിങ്ങു വരിച്ചീടേണ്ടൂ?
മുന്നം ഞാനോ കരുതിയതില്ലേ
നിന്നോടൊന്നു വരിക്കണമെന്നും
ഇംഗിതമിങ്ങു വരേണ്ടതു ചൊല്ലാം
ഇന്നു ഭവാനും പാർവതിതാനും
ഭംഗിയൊടെൻ ഗോപുരവാതുക്കൽ
പുംഗവവാഹന! പുത്രരുമൊത്തു
പേർത്തു നിതാന്തമുറക്കമിളച്ചിഹ
പാർത്തീടേണമിതെല്ലാനാളും
ശങ്കവെടിഞ്ഞു നേരം ബാണൻ
ഹുംകൃതിയോടീവണ്ണം ചൊന്നിതു
പങ്കജശരരിപു കേട്ടിവനുള്ളി-
ലഹങ്കാരം പെരുതുണ്ടതിനിപ്പോൾ
നീക്കുവതിന്നൊരു കഴിവുണ്ടാമതു
നീങ്ങുകയും പുനരില്ല നിനച്ചാൽ
നീരജശരരിപു താനുമിവണ്ണം
നീതിയൊടും മനതാരിൽക്കരുതി
നീരജരിപുധരനുള്ളിൽ വളന്നൊരു
നീരസമേതും കാട്ടീടാതെ
ശങ്കരശങ്കരിമാർ സുതരോടും
ശങ്കവെടിഞ്ഞഥ ബാണാസുരനുടെ

കിങ്കരഭാവമിയന്നു നടന്നഭ-
യങ്കരമാകിന ഗോപുരവാതിൽ
ശങ്കാഹീനം കാത്തുനിതാന്തം
തിങ്കൾധരാദികൾ വാണിതു പലനാൾ
പലദിനമിങ്ങിനെ പോയൊരു കാലം
ബലമൊടു ബാണാസുരനമതപ്പുറം
കലിതകുതൂഹലമോടും ശിവപദ-
കമലം കൂപ്പി ഉണർത്തിച്ചിങ്ങിനെ;—
പാണിസഹസ്രമിനിക്കുണ്ടതിനാൽ
കാണിയുമില്ലുപകാരം പാർത്താൽ
ബാണനു സമരമൊഴിഞ്ഞാലുള്ളൊരു
നാണക്കേടെന്തുര ചെയ്യുന്നു?
ചിത്തമഹാഭുജവിക്രമനൊരുവൻ
നേർത്തുവരുന്നീലെന്തൊരു കഷ്ടം?
പാർത്താലെന്നോടു തുല്യനൊരുത്തൻ
പാർത്തലമതിലില്ലാഞ്ഞോ മാമക-
യുത്തുകളോർത്തു ഭയപ്പെട്ടൊരു ദിശി
പാർത്തുവിറച്ചു വസിച്ചീടുകയോ?
ഓർത്തൊരു വിക്രമനോടു രണത്തിനു
പാർത്തുകൊതിച്ചു വസിക്കുന്നിഹ ഞാൻ
ഓർത്തിനിനമ്മിലുമിത്തിരിനേരം
കൂർത്തശരേണ കളിച്ചീടേണം
എന്നീവചനം കേട്ടു മഹേശ്വ-
രന്നതമാകിയ കോപമടക്കി
പന്നഗഭൂഷണനന്നവനോടഥ
തന്നായിട്ടരുൾ ചെയ്തീവണ്ണം,
ഉന്നതമാകിയ കേതുവിതൊരുനാൾ
ഖണ്ഡിച്ചാശു നിലത്തുപതിക്കും
അന്നൊരു പൂരുഷമകുടമഹാമണി
വന്നിഹ നിന്നോടു സമരം ചെയ്യും
എന്നല്ലവനിഹ നിന്നുടെ ഹുംകൃതി
നന്നായിട്ടു ശമിപ്പിച്ചീടും
എന്നതു കേട്ടു തെളിഞ്ഞിതു ബാണൻ
തന്നുടെ പുരമതു പുക്കുവസിച്ചാൻ
കൊടിമരമെന്തു മുറിഞ്ഞീടാത്തു
കൊടിയരണത്തിനു വൈകുന്നല്ലോ
ഝടിതിയടിച്ചു മുറിച്ചീടുകയോ
പൊട്ടുപൊടെയങ്ങു പൊടിച്ചീടുകയോ
കട്ടതായുള്ളൊരു സംഗരമതിനിഹ
പറ്റുവാം പൂരുഷനെന്തു വരാത്തു?
വിരുതേറുന്ന വിരോചനപൌത്രൻ
തെരുതെരെയീവകയുള്ളിൽ നിനച്ചു
മരുവും കാലത്തൊരുനാളവനുടെ
മകളായുഷയെന്നുള്ളൊരു തരുണി
ശീതളമായൊരു മാളികമുകളിൽ
കോമളയാമവളാളികളോടും
കേളിവിനോദം ചെയ്തു സുഖിച്ചവർ
മേളമിയന്നൊരു നിദ്രാവേളയിൽ
നാളീകായുധനോടു സമാനൻ
കോമളരൂപൻ ശ്യാമളവർണ്ണൻ
നാളീകായതലോചനയാമവ-
ളോടിട ചേർന്നു ശയിച്ചൊരു പൂരുഷൻ
ചലമിഴിതന്നെയണച്ചുമമാറിൽ
നലമൊടു ഗാഢാശ്ലേഷം ചെയ്തു
കലിതസുഖേന മുഖാധരാമൃത
രസമവളുടെ ഹൃദയത്തിനു നൽകി
അരുണാധരിയുമുണർന്നതുനേരം
കണവനെയാലിംഗനമിച്ഛിച്ചു
അണയുംനേരം കാണാഞ്ഞവളും
അണയത്തെങ്ങും തപ്പികരത്താൽ
ഗുണവാനാമവനണയത്തില്ലാ
ഞ്ഞകമതിലെല്ലാമാരാഞ്ഞുടനെ
തരുണീമണിയാമവളുടെയുള്ളിൽ
ക്ഷണനേരംകൊണ്ടുളവാമഴലതു
ഫണമായിരമുള്ളവനുമിതോർത്താൽ
പണിപണിപറവാനെളുതാവല്ല
സരസിജശരനഥമുഹുരപിമുഹുരപി
ശരനികരങ്ങൾ പൊഴിച്ചുതുടങ്ങി
പരഭൃതമൊഴിയതുകൊണ്ടു മയങ്ങി
പരവശഭാവമിയന്നു തളർന്നു
പരിചൊടു തല്പേ വീണുകരഞ്ഞി-
ട്ടരുവയർമണിയാമുഷയതുനേരം.

എന്തയ്യോ! ചെയ്തു ദോഷം ഞാൻ
ചിന്തിക്കിലീവണ്ണമാകും
സന്താപമുണ്ടായിട്ടുണ്ടോ
ഹന്തകഷ്ടമെന്തിവണ്ണമനഘ
ബന്ധമിന്നിനിക്കു വന്നു ശിവ! ശിവ! (എന്ത)

എന്തെന്റെ കാന്താ! നീയെന്നെ
സന്താപിപ്പിച്ചീടുന്നീവം
കാര്യമെന്തു ന്യായമെന്തു നിന്നുടെ
മോഹമെന്തു സാഹസങ്ങളീദൃശം (എന്ത)
മായകൊണ്ടു മറഞ്ഞേവം
ന്യായമോ ദുഃഖിപ്പിപ്പതു
മായമാത്രു കൈവെടിഞ്ഞു മാമക
കായമാത്രു ചൂൽവതിന്നു വരികിഹ (എന്ത)
യോഗ്യനാം ഭവാനീവണ്ണം
യോഗ്യതമാ ചെയ്തീടുന്നതും
യോഗ്യമിന്നുമാരതാപമെന്നോടു തീർക്കുതിന്നു
ഭാഗ്യവാരിധേ ശൃണു (എന്ത)
ധൃഷ്ടതയോടെന്തീവണ്ണം
കഷ്ടമിന്നു ചെയ്തീടുന്നു!
ദുഷ്ടനായീടുന്നനിന്റെ
ചേഷ്ടിതമിതെത്രകഷ്ടം! (എന്ത)
കേൾക്കെടോ കുസുമേഷോ നീ
വീരനെന്നഭാവംകൊണ്ടോ!
നാരിയാമെന്നെയെയ്യുന്നു
വീരനാകിൽ നേരെവന്നുമാനസ
ചോരനാരെബാണമെയ്യുകൊൾകിഹ (എന്ത)
നാണമില്ലേനാരിതന്നെ
ബാണമെയ്തീടുവാനിപ്പോൾ
കാണണേ വേണമിന്നുഞാനതും തവ
പാണിവിക്രമങ്ങളൊക്കെവീരവൊട്ടു (എന്ത)

അംഭോരുഹദളലോചനയേവം
ജൃംഭിച്ചീടിനതാപത്തോടെ
സംഭോഗാദിനിനച്ചുകരഞ്ഞതു
കുംഭാണ്ഡാത്മജകേട്ടുടനപ്പോൾ
തെരുതെരെയവിടെ സമീപേചെന്നി-
ട്ടരുവയർമണിയുമിവണ്ണംചൊന്നാൾ
എന്തൊരുകാരണമിന്നീവണ്ണം
സന്താപത്തിനു സംഗതിയെന്നും
എന്നെകിലുമുരചെയ്യണമെന്നോടു
ചെന്താമരദളലോചനയാളേ
ചിന്തിതംമന്തുനിനക്കെന്നാലതി-
ന്നന്തരമില്ലതുസാധിപ്പിപ്പൻ
ഉഷ: ഞാകണ്ടകിനാവിൽ പുരുഷനെ
ഉണ്ടെന്നാലതുപറകസുശീലേ!
വേണ്ടവിഷാദം ചെറുമിദാനീം
ഉണ്ടാക്കാമതിനുള്ളൊരുപായം
കുന്നിതമെല്ലാമകലെവെടിഞ്ഞി-
ട്ടുണ്ടായൊരുവൃത്താന്തമശേഷം
വണ്ടാർകുഴലാളേ! പറകെന്നാ-
ട്ടുണ്ടാകരുതേമടിയതിനേതും
കണ്ടശരക്ഷതമാനസയാകം
സുന്ദരിയാമുഷതാനതുനേരം
ഇന്ദുമുഖീഗിരമേവംകേട്ടു
മന്ദാക്ഷിണിമന്ദാക്ഷരമൂചേ.

ചിത്രലേഖേ! സഖി! കേൾക്ക
അത്രഎൻദുഃഖകാരണം
എത്രചിത്രമൊരുസ്വപ്നംകണ്ടുഞാനിപ്പോൾ
സുന്ദരപൂരുഷനേകൻവന്നിവിടെഎന്നരികിൽ
മന്ദമന്ദംതല്പംതന്നിൽചേർന്നുകൊണ്ടവൻ
ഗാഢഗാഢംപുണർന്നിട്ടുരൂഢമോദമവനെന്നെ
പ്രൗഢനാകുമവൻപിന്നെഗൂഢനായ്പോന്നു
പാരമുണ്ടുപരിതാപംമാരബാണഗണമേററ
നാരിമൌലേ! സഖി ഞാനും എന്തഹോ-
ചെയ്‌വൂ
ദേഹമെല്ലാംതളരുന്നു മോഹമുള്ളിൽവളരുന്നു
ദാഹവുംവളർന്നീടുന്നു ആഹന്ത! കഷ്ടം!
എന്തുവേണ്ടതെന്നറിഞ്ഞീല ചിന്തകൊണ്ടുവല
ഞ്ഞുഞാൻ
സിന്ധുരഗമനേ! തോഴി! ബന്ധുരഗാത്രീ
ഇത്തരംപറയുന്നതിനുത്തരമായ് ചിത്രലേഖ
സത്വരംചൊന്നതുകേട്ടാലെത്രയും ചിത്രം!

കളകവിഷാദം കളമൊഴിമൌലേ,
കഴിവുണ്ടാക്കുവനഹമിതിനിപ്പോൾ
കളിയല്ലിഹനിൻവരനെയിദാനീം
ഒളിവിൽവരുത്തുവനരികേഞാനും
കളഭാഷിണിനീ ദുഃഖിക്കരുതേ
കളകളമോഹനകുന്തളജാലേ!
തെളിവിനൊടിങ്ങിനെചൊന്നുജവ[illegible]
കളിപറകല്ലേ തൂലികകൊണ്ടു്
സുലളിതകോമളനാം സുരവരനെ
സരസിജലോചനഎഴുതുന്നേരം

ഇന്ദ്രാകൃതികണ്ടുടനസ്സുന്ദരി
നിന്ദിച്ചവനല്ലെന്നു ചൊല്ലാൾ
ചന്ദ്രനെയെഴുതിയതല്ലെന്നപ്പോൾ
സുന്ദരനാകും വരുണനെയെഴുതി
ഭാവംകൊണ്ടല്ലെന്നവൾകാട്ടി
ഭാമിനിയുടനെ നിരൃതിയെയെഴുതി
ഭാസുരഗാത്രിയതല്ലെന്നപ്പോൾ
ഭാനുവിനെദ്രുതമെഴുതിമനോഹരി
സരസിജസംഭവനെപ്പുനരെഴുതി
സരസിജമിഴിയാളതുമല്ലെന്നാൾ
സുരലോകത്തെയശേഷവുമപ്പോൾ
സരസപ്പെൺകൊടിയാളെഴുതീട്ടും
അനുസരണം പുനരില്ലാഞ്ഞുടനെ
സുരരിപുവരരെയശേഷവുമെഴുതി
ബുദ്ധിയവൾക്കവരാരിലുമപ്പോൾ
ബദ്ധയതല്ലാഞ്ഞുടനെതന്നെ
സിദ്ധന്മാരെവരച്ചു കിന്നര-
കിംപുരുഷന്മാരെയുമതുനേരം
ഗന്ധർവ്വന്മാർ പലരെയുമപ്പോൾ
ബന്ധുരഗാത്രിയുമെഴുതീട്ടുടനെ
സിന്ധുരഗമനയ്ക്കതുകൊണ്ടൊട്ടി
ബന്ധമതിന്നില്ലെന്നതുകണ്ടു
ബന്ധുരഗാത്രിയുമുടനേമാനുഷ-
വരരെവരച്ചുതുടങ്ങിതദാനീം
കന്ദളാഖ്യനൃപവീരന്റേയുട-
ലന്തരംഗകുതുകേനവരച്ചു
ഞ്ഞീവാരികൾപെരുത്തോരുമാഗധ
ഭൂമിപാലനെവരച്ചഥകാട്ടി
ചന്തമേറെയുളവായൊരുചോളൻ
കേരളൻഗുണമിയന്നകലിംഗൻ
കൊങ്കണേശനെവരച്ചഥകാട്ടി
വങ്കണേശനെയുമങ്ങിനെതന്നെ
പാണ്ഡ്യഭൂപനെവരച്ചുമനോഹരി
പാണ്ഡുപുത്രനെയുമാശുവരച്ചു
ഷണ്ഡിനാഖ്യനൃപവീരശരീരം
ഭണ്ഡമെന്നിയെവരച്ചഥകാട്ടി
ഒന്നുകൊണ്ടുമവൾതന്റെതാപം
തീർന്നതില്ലപുനരെന്നതുകണ്ടു

സുന്ദരാംഗിയവൾ തൂലികകൊണ്ടു
തീർത്തുമെല്ലെയദുവംശമതപ്പോൾ
കൃഷ്ണമായമതികൊണ്ടതിദിവ്യനാം
വൃഷ്ണിവംശകുലനായകനാമ
ജിഷ്ണുതന്റെസഖികൃഷ്ണനെയുമങ്ങ്
തൃഷ്ണയോടവൾ വരച്ചുമനോഹരി
ചൊല്ലിയുണ്ടിവനുമാകൃതികിഞ്ചിൽ
തീർത്തരയ്ക്കിലവനല്ലിതുനൂനം
ഓർത്തിവ[illegible]മനിനും വിലതുമാം
തീർക്കപാക്കതുശീഘ്രമിദാനീം;
എന്നുകേട്ടുപ്രദ്യുമ്നനെടനെ-
സുന്ദരാകൃതിവരച്ചുമനോഹരി
ഇന്ദുബിംബമുഖിയാളാമുഷയും
സുന്ദരാംഗമതുപാർത്തുപറഞ്ഞു
കന്ദബാണനിവനെന്നതുചൊല്ലാം
ഇന്നതിന്നുവിവദില്ലനിനച്ചാൽ
കാന്തിയേറെയുളവാമിവനെന്റെ
കാന്തനോടുസമനാകിലുമിപ്പോൾ
ഭ്രാന്തുകൊണ്ടുപറകല്ലൊരുകിഞ്ചന
പ്രാപ്തിഭേദമവനുണ്ടതുനൂനം
ബുദ്ധിശാലിയതുകേട്ടുടനേയനി-
രുദ്ധനെജ്ഝടിതിതീർത്തതുകണ്ടു
ബുദ്ധിതന്നിലുടനേയുളവായൊരു
ലജ്ജകാരണമധോമുഖിയായി
ട്ടുന്നിന്നുവിരൽകൊണ്ടുവരച്ചു
ചിത്രമെന്നതുമറന്നുടനേമദ-
നാർത്തികൊണ്ടവൾമതിഭ്രമമോടെ
ചിത്രമായപതിതന്റെരൂപം
ചിത്രമൻപിനൊടെടുത്തിതുപുൽകാൻ
ചിത്രലേഖയുടനേയുരചെയ്താൾ
ചിത്രമെന്നതുധരിക്കമനോജ്ഞേ
രാഗതോതിപരിതാപമതപ്പോൾ
നാരിമാർമണിതനിക്കുളവായി
ഭോഗവാഞ്ഛയിലഴിഞ്ഞമനസ്സൊട്ടു
ഭാസുരാംഗിമരുവുന്നതുകണ്ടു
ചിത്രലേഖയുരചെയ്തു സഖീതവ
ദുഃഖമൊക്കെയകലത്തുകളഞ്ഞതി-
സൌഖ്യമോടുമരുവീടാൻ സംഗതി

കൂട്ടുവൻ ധ്രുവമഃ റാതൂണ്ട് ബാലേ
എന്നതു ചൊല്ലിയവൾ ഭാവമെന്യേ
സുന്ദരാംഗിയിക്കൊണ്ടതിവേഗാൽ
ഉന്മാദികൾക്കൊക്കെ ഇളക്കാരം
നാട്ടുതരുകൾമാങ്ങളിടങ്ങൾ
ഭാനുകാന്തശിലകളുതെളിഞ്ഞവ-
ളാതമാതമറിയാതതുനേരം
ആദരേണ ഭവനങ്ങളുടെയിട-
ക്കൂടിയവരോടു നടന്നതിവേഗം
ബഹുമോദമനിരുദ്ധനരങ്ങു-
ശുദ്ധമായ ചുരിചൂടവളൊക്കെ
ബുദ്ധിതന്നിലതികൌതുകമോടനി-
രുദ്ധനെഴുന്നടിതിക്കെക്കലതാക്കി
സിന്ധുരേന്ദ്രവരഗാമിനിയാകും
ബന്ധുകാധരിനടന്നതിവേഗം
സിന്ധുശായിയുടെപൌത്രനെയപ്പോൾ
ബന്ധുരാംഗിയുഷയോടിടചേർത്തു.

കരുണാനിധി മാധവപൌത്രൻ
അരുണാക്ഷിയൊടും ഇടകൂടി
അരുണാധരമാശ്ലനകൻ
പരിണയവുമേററമിയന്നു
വിരവോടുകളിച്ചു പുളച്ചു
രസിച്ചുമദിച്ചുവസിച്ചുതദാ
കളഭാഷിണിതാനതുനേരം
തെളിവോടു പുണർന്നതിവേഗം
കുളുർകോമളമാംകുചഭാരേ
തെളിവോടുടൽചേർത്തതുനേരം
കളഭങ്ങളണിഞ്ഞു തെളിഞ്ഞു
സുമനങ്ങളണിഞ്ഞു വിളങ്ങി ധ്രുവം
കളിവാക്കുപറഞ്ഞു രസിച്ചും
കളിയല്ലപദങ്ങളുരച്ചും
തെളിവോടുസുമങ്ങൾധരിച്ചും
കളിവാക്കുപറഞ്ഞു ചിരിച്ചും
പരിഹസിച്ചുവസിച്ചുസുഖിച്ചുതദാനീം
നല്ലവീടികമെല്ലനകന്നും
പല്ലവാധരമിടയ്ക്കുനകന്നും
രതികലകളിടയ്ക്കുതുടർന്നും
മതിമറന്നതളർന്നുകുളുർന്നുവളർന്നുഭൃശം

മലർബാണനണഞ്ഞുതുടങ്ങി
മലർകണകൾ പൊഴിഞ്ഞുതുടങ്ങി
രതികണവനുകണകളൊടുങ്ങി
മതിവിവശതപൂണ്ടുമയങ്ങി
രതിമുതിർന്നുകിളർന്നുതളർന്നുഭൃശം.

ചൊരുല്പരവമുഷതന്നോടെല്ലാമീവണ്ണമോരോ
നല്ലവിലാസമാടിമെല്ലെരസിച്ചുകള
വല്ലവലഞ്ഞതിതിക്ഷുവില്ലന്റെനന്ദനൻതാൻ
നല്ലമണിയറയിൽ മല്ലാക്ഷിയോടുംകൂടി
മല്ലായുധവിലാസമെല്ലാംനടിച്ചുതത്ര
കല്യൻകമലബാണതുല്യൻമദനകണ
ശല്യംതറച്ചിട്ടുള്ളോരല്ലൽകെട്ടുത്തുരതി
വല്ലിയാമുഷയോടുമെല്ലവേദാരങ്ങളെ
ന്നെല്ലാം പറഞ്ഞുകൊണ്ടുനല്ലപോലെസുഖിച്ചു
നല്ലാർമണിയാമുഷതാനും കണവനുമായ്.

ഇങ്ങിനെപലദിനമങ്ങുകഴിഞ്ഞു
മംഗലരൂപകളാം സഖിവൃന്ദം
ഒന്നൊഴിയാതെയടുത്തുപതുക്കെ-
ത്തങ്ങളിലിങ്ങനെ ചൊന്നുതുടങ്ങി

ബാലികയാമുഷതന്റെവാർത്ത
ചാലേധരിപ്പിനെല്ലാരും
ബാലികതന്നുടെ ആനനപങ്കജം
മെല്ലെത്തെളിഞ്ഞുവരുന്നുദിനംപ്രതി (ബാലി
പങ്കജകോരകം ചമ്പരം വെല്ലുന്ന
കൊങ്കകൾ ചാഞ്ഞുമൊവ്വണ്ണം കാണുന്നു ബാ)
പണ്ടൊന്നും കാണാത്ത ഭൂഷണമൊന്നിന്നു
കണ്ണേതരമവൾ കണ്ഠത്തിൽ കാണുന്നു (ബാലി)
ലീലകൾ കോലുവാൻ കാലം പുലരുമ്പോൾ
ചാലേനാമങ്ങു ചെല്ലുമന്നേരം (ബാലി)
കട്ടകം തന്നിൽ നാമൊട്ടേടം ചെല്ലുമ്പോൾ
പെട്ടെന്നു പെട്ടകം പൂട്ടിപ്പോരുന്നു (ബാലി)
മങ്ങിമയങ്ങിച്ചമഞ്ഞു കാണാമപ്പോൾ
ചങ്ങാതിതന്നുടെ കണ്ണുകൾ രണ്ടും (ബാലി)
രോഗമെന്നിങ്ങനെ ചൊല്ലുമാറുണ്ടവൾ
രോഗമല്ലയതു രാഗമത്രേനൂനം (ബാലി)
ദന്തപാതെയുള്ളൊരു ദന്താംബരങ്ങളും
തെളിഞ്ഞെല്ലാം കാണുന്നു തേന്മൊഴിതന്നുടെ
(ബാലിക

ഇങ്ങിനെയുള്ളൊരുലാഞ്ഛനം കാണാതെപ്പോൾ
എങ്ങിനെ കന്യകയെന്നു പറയുന്നു? (ബാലി)
ഇന്നിവൾ തന്നുടെ കാമുകനായി-
ട്ടന്യനൊരുത്തനകത്തുണ്ടിപ്പോൾ;
എന്നേ വിസ്മയമെങ്ങിനെ വന്നിവ-
നുന്നതമതിലുകടന്നിതിന്നുള്ളിൽ?
നമ്മളിതൊരുവരൊടും പറയാഞ്ഞാൽ
ചെമ്മവനു ഭവിക്കുമബദ്ധം;
പക്ഷ്മളലോചനമാരീവണ്ണം
ലക്ഷണമോർത്തു നിരൂപിച്ചിട്ടു
അക്ഷതരാകിയ രക്ഷികളോടെ
തൽക്ഷണമങ്ങുരചെയ്യുന്നേരം
രക്ഷികളീവക ബാണനൊടപ്പോൾ
ശിക്ഷയിലങ്ങു പറഞ്ഞാരേവം;
കന്യകദൂഷകനായൊരു കാമുക-
നന്യനൊരുത്തനകത്തുണ്ടിപ്പോൾ,
ധന്യൻ കേട്ടുകയർത്തതിവേഗം
കന്യാഭവനേ ചെന്നു കരേറി,
ചൂതേലും മുലയാളുടെ പുരം
ചുറ്റും പടവുമെടുത്തു നിരത്തി
ചൂതായുധസുതനോടും കൂടി
ചുറ്റും പൊരുതു വസിച്ചീടുന്നു;
കണ്ടുകയർത്തിതു ബാണൻ സുരജനൊ-
ടുണ്ടായൊരു കോപത്തോടപ്പോൾ
ശുണ്ഠിച്ചുടനെ ശരങ്ങൾ പൊഴിച്ചു
കണ്ടുകയർത്തു മനോഭവപുത്രൻ
നന്നായിട്ടു ശരങ്ങൾ പൊഴിച്ചവ
നൊന്നൊഴിയാതെ കുറഞ്ഞൊരുനേരം;
പന്നഗപാശംകൊണ്ടു മുറുക്കി
ഖിന്നനതാമനിരുദ്ധനെയപ്പോൾ
അന്നൊരു പുരമുറിതന്നിലടച്ചു
ഉന്നതബാഹുസഹസ്രൻ പോന്നാൻ
തന്നുടെ ഭവനേ പുക്കതിവേഗം
നന്നായിട്ടു സുഖിച്ചുവസിച്ചാൻ.

ബദ്ധനായുള്ളൊരനിരുദ്ധനെക്കണ്ടനേരം
മുഗ്ദ്ധവിലോചനയാൾ ദുഃഖേന ഭൂതലത്തിൽ
വീണുമുരണ്ടും പാണിമാറത്തു ചേർത്തിട്ടു
ഏണവിലോചനയാളാശു കേണുതുനേരം
തൈലത്തിൽ കത്തീടുന്ന വഹ്നിതന്നിലപ്പോൾ
സലിലം തളിക്കുംപോലെ വന്നിതപ്പോൾ
ചലദലോചനതൻ്റെ ഖേദം മാറ്റീടുവാൻ
ചലചലവാക്കു ചൊന്നതെല്ലാമപ്പോൾ
ഫലമില്ലാതായി വന്നു വാരിധിയിൽ മേഘം
വരിഷിക്കും മാരിപോലെയെന്നവൾ
നാണിച്ചുമാറാതവൾ പിന്നെയുമോരോരോ
വാണിവിശേഷങ്ങളെ ഓതിയോതി
ഏണാങ്കാനനതൻ്റെ ഖേദമുമെട്ടുമാറ്റി
വാണൊരു കോണിൽ നാണിച്ചുണ്ണുനേരം
പഞ്ജരം തന്നിൽ അനിരുദ്ധനായൊരു നല്ല
കുഞ്ജരവൈരി എന്നപോലെതന്നെ
ബദ്ധനായുള്ളൊരനിരുദ്ധൻ കോപിച്ചഥ
ബന്ധുവിരോധനായ് നിന്നകാലം
ഭോജന്മാരെല്ലാവരും നിദ്രവെടിഞ്ഞുകൊണ്ടു
രാജകുമാരൻ തന്നെക്കാണാഞ്ഞിട്ടു
എങ്ങുപോയ് ഗമിച്ചവനെത്രകഷ്ടമാരു-
മെങ്ങും ഗ്രഹിച്ചീടാതെ പോവാനെന്തു?
ഇന്നു വന്നീടുമവനിന്നു വരുമുണ്ണി
ഇന്നു വരുമെന്നേവം ചിന്ത ചെയ്തു.
സുന്ദരനാമവനെക്കാണാഞ്ഞിട്ടു നല്ല
സുന്ദരിമാരും ദുഃഖസാഗരത്തിൽ
മങ്ങിമയങ്ങിമുങ്ങിപ്പൊങ്ങിവിങ്ങും കൊണ്ടു
തുംഗസ്തനങ്ങൾ നോക്കി സന്താപിച്ചും
നാലുമാസമീവണ്ണം ചെന്നാറെയുമെങ്ങും
ബാലകനെക്കാണാഞ്ഞങ്ങു ലോകരെല്ലാം
മാലുമുഴുത്തു മധുദ്വേഷിയോടങ്ങു ചെന്നു
ബാലകൻ്റെ വാർത്ത ചൊല്ലി വാഴുംകാലം.

നാരദമാമുനി വീണയുമായി
ദ്വാരകതന്നിൽ പുക്കൊരു നാളിൽ
നാരായണനും വന്നു വണങ്ങി
സാദരമർഘ്യാദികളും ചെയ്തു
ദ്വാരകവാസികളെല്ലാം നാരദ
പാദസരോജേ വീണുവണങ്ങി
ശ്രീനാരദമുനിയപ്പോൾ തന്നെ
ശ്രീമാധവനോടു കല്പിച്ചേവം
ശ്രീപതിനിന്തിരുവടിയുടെ പൌത്രൻ
ശ്രീദ്വാരകയതിലില്ലാഞ്ഞല്ലി

ഖേദം പൂണ്ടു ജഗദ്വാസികളതി
മോദം പ്രാപിക്കുന്നു മരുവുന്നു?
ബാണൻ സമരാങ്കണമതിലവശന
നാശമേറ്റു ഭയപ്പെട്ടു വലഞ്ഞു
ക്ഷീണിപ്പിച്ചൊരു കോണിലിരുത്തി
പ്രാണൻ പോകാഞ്ഞതു തൽഭാഗ്യം
ആശ്ചര്യമതാ ദുഃഖം മഹനീയം
താക്കീതുമാറാതെ ബാണൻ
അപ്പുരികാത്തു വസിച്ചീടുന്നു
മുപ്പുരവൈരിയതെന്നറിയേണം
നാരദനിങ്ങനെ കല്പിച്ചുടനേ
യാദരവോടേ വീണയെടുത്തു
നാരായണശിവയെന്നു ജപിച്ചു;
നേരമിതെന്നു കിളർന്നു നടന്നു
വൃഷ്ണികളെല്ലാവരുമൊരുമിച്ചു
കൃഷ്ണൻ തിരുവടിയോടും കൂടി
ഉഷ്ണിച്ചസുരനെ വെൽവാനായി
കൃഷ്ണൻ തിരുവടിയാത്ര തുടങ്ങി.
നരകരിപുനളിനദളലോചനൻ മാധവൻ
നരകദുരിതശമശാന്തിപ്രദൻ കേശവൻ
നരജരകളാദിമദ്ധ്യാന്തമില്ലാത്തവൻ
കരിമുകിലൊടിടയുമൊരു ചികുരമൊതുമിച്ചുടൻ
വിരവിനൊടു നെറുകയിൽ കൂടിബന്ധിച്ചുടൻ
സരസമൊടു നിറമധികമുള്ള പീലിത്തഴം
സരസിജവിലോചനൻ ചേർത്തു ചിലപൂക്കളും
മധുമഥനനതു പൊഴുതു നെററിത്തടമതിൽ
മഹിമയൊടു ഗോപിയും ചേർത്തു തിലകവും
ഗളമതിലണിഞ്ഞു തൻമാലഹാരങ്ങളും
തുളസികൃതമാലജാലങ്ങളണിഞ്ഞുടൻ
കരമതിലെടുത്തു ശരചാപഖഡ്ഗാദിയും
കരുണാകരനമിതകുതുകേന പീതാംബരം
തിരുവുടയുമരയിലതി കുതുകമൊടു ചേർത്തുടൻ
പരിചിനൊടു പൊന്നരഞ്ഞാണമിട്ടഞ്ജസാ
അരുണനൊടു സമതരുണതരണിയുവരുന്ന-
പോൽ
കരുണാനിധിമാധവൻ തേരിൽക്കരേറിനാൻ
മുനികളുടെ മനമതിലും വനിതകടെ മാറിലും
കനിവിനൊടുമമ്മതിയിലും വിളങ്ങീടുന്ന
ആനന്ദമൂർത്തിയെക്കണ്ടു വീരരും
ആനന്ദമോടു കൊണ്ടാടിപ്പുറപ്പെട്ടു
ആനതേർ കാലാൾ കുതിരപ്പടകളും
അമിതകരബലമുടയ യദുവരരുമൊക്കയും
മാനം നടിച്ചവർ തേരിൽക്കരേറിനാർ
മഹിമകളൊടതുപൊഴുതു തെരുതെരെ മദിച്ചുടൻ
ആലവട്ടങ്ങളും വെൺചാമരങ്ങളും
വാഴകിനൊടു കൊടിക്കുഴകൾ പടലമിവയൊ-
ക്കെയും
മുറവം പിടിപ്പിച്ചു കുറങ്ങൾ കൂടാതെ
പാറാലരൊടേറെ പടവെട്ടുവതിനായിട്ടു
കോട്ടങ്ങൾ കൂടാതെ കണ്ടങ്ങതുനേരം
എട്ടുദിശിപൊട്ടുമളവിട്ടു പെരുഞ്ഞാണൊലികളും
ആരവാരങ്ങളും സിംഹനാദങ്ങളും
അമിതകരബലമുടയ യദുവരനിനാദവും
മററു ശൃംഗങ്ങൾ ചക്രങ്ങൾ തമ്മിട്ടവും
മധുരതരമുരുളരസം പൂങ്കുഴൽ കാഹളം;
പെരുമ്പറത്തൊടു കുഴലികൾ നാദവും
പെരിയരുമലറിയുടനിളകുമതിഘോഷവും
നാരദവീണാമനോഹരനാദവും
നരകരിപുകരഗളിതഗുണനിനദഘോഷവും
അങ്ങോട്ടുമിങ്ങോട്ടു മുന്തിയും തള്ളിയും
ഹരിയുടയ പടകളുടെ പടുതരനിനാദവും.

അംബുധിശയനോത്തമപുരുഷൻ അഖില-
ജനേശൻകൃഷ്ണൻ
തുംബുരുസനകാദികൾ സേവിതനമിതന-
ന്തൻതാനം
തംബുരുകരതന്നിലെടുത്തു; കളിച്ചു ചിരിച്ചുവി-
ളിച്ചും
പടുതപെരുത്തൊരു പടനായകരുടെ പടവ-
ന്നിങ്ങറിയേണം
പടയതിനൊരു കുറവുവരാതെ രചിച്ചു വഹിച്ചീ-
ടേണം
നെടുതാകിന കൊടിമരമുകളിൽ കൊടികളു-
ശോഭിക്കേണം
പടഹങ്ങളടിപ്പിക്കേണംമതി പടുതകൾ കാട്ടീ-
ടേണം
പടയുടെയിടകണ്ടഘോടകപാളി നിരത്തീ-
ടേണം
കഠിനതരമുരംത്തടിയുള്ളൊരു കരികൾ നിര-
ത്തീടേണം

ക്കുകൾ കവിണത്തരമെന്നിവയെകയിലെടു-
ത്തൊരുകാലാൾ
ത്തെല്ലും ഭയമില്ലാതനവധിവന്നു പരന്നീടേണം
വെള്ളത്തിരതള്ളിവരുന്നതുപോലെപക്കണ-
മിടപ്പോൾ
കള്ളമൊഴിഞ്ഞുള്ളോരു വെള്ളക്കുതിരകളുള്ളത-
ശേഷം
കൊള്ളരുതാതുള്ളോരു പുള്ളിപ്പടകളകററീടേണം
കള്ളകറിച്ചാനകളിക്കും പൊണ്ണന്മാരിവരാതം
കൊള്ളരുതു പടയ്ക്കിന്നിവരുടെ കൊള്ളയ്ക്കുടി-
കൊള്ളേണം
ഉത്തമഖിലേശൻ തന്നുടെ കല്പനകേട്ടവ-
രെല്ലാം
സത്വരമവ്വണ്ണം പലപലകോപ്പുകൾകൂട്ടീത-
ദാനീം

തിത്തിയിടക്കയുടക്കം തിമിലകൾ
മണ്ണുംമദ്ദളമെത്രവിധത്തിൽ
കാളംചെങ്ങിലചെണ്ടകൾ തിമിലകൾ
നീളം കുറയും കൊമ്പും കുഴലും
തമ്പിളിവളയും; തമ്പേറെന്നിവ-
മേളംകൊണ്ടു ജഗത്തു മുഴക്കി
ശക്തിപെരുത്തജനങ്ങളെടുക്കും
ശക്തികടുത്തിലമുൾത്തടിവാളും
ചവലം വെൺമഴു ഗദയും കുന്തം
ശൂലംപരശുപരാശധവട്ടക
ചക്രംനല്ലശതഘ്നികളനവധി
വക്രതരംചിലശസ്ത്രസമൂഹം
ചൊട്ടകൾനല്ലകടുത്തില ചുരികക-
ട്ടികളോട്ടളിചാട്ടളിയെന്നിവ
യൊക്കെയെടുത്തുതിരിച്ചവർതന്നുടെ
ചെക്കൻമാരൊടുകൂടീട്ടൊരുവക
ചക്കംദ്വാരകനഗരിയിൽനിന്നഥ
ചിക്കെന്നങ്ങുകടന്നുനടന്നു
കൊടിപടലങ്ങൾകിളർന്നുദിഗന്തം
മൂടിപ്പെട്ടുമാറുടനാർത്തുവിളിച്ചു
വട്ടപ്പരിശുതടയ്ക്കിട്ടമപ്പോൾ
പൊട്ടിജഗത്തുകൾഞെട്ടീടുന്നു
വെട്ടമിടിക്കുസമാനം ഘോരം
വിഷ്ടപമൊത്തുകളിച്ചുപുളച്ചും
ദുഷ്ടന്മാരുനടന്നീടുമ്പോ-
ളൊട്ടംപൊളിയല്ലവനികുലുങ്ങും
അഷ്ടഗജങ്ങടെചെവികളശേഷം
പൊട്ടിയണഞ്ഞുവലഞ്ഞുചമഞ്ഞു.

കളിച്ചും വീരവാദമുരച്ചുമൊരോജനം
വിളിച്ചും പുളച്ചുവന്നങ്ങിച്ചുമദിച്ചുടൻ
കലിച്ചുമോരോരോകഥരസിച്ചുമതുകേട്ടു
ഭ്രമിച്ചുചിലർപടഭരിച്ചുസന്തോഷിച്ചും
തടിച്ചഗജത്തിന്റെ കഴുത്തിൽകരയേറി
പൊടിച്ചുവില്ലുമമ്പും ധരിച്ചുവീരന്മാർ
ചിരിച്ചുരാഗദ്വേഷം ജ്വലിച്ചുമനതാരിൽ
സ്മരിക്കമുകുന്ദനെകഴിച്ചുബാണയുദ്ധം
തരത്തിലോരോവാജിവരുത്തിത്തരംകണ്ടു
പരത്തിക്കരുത്തന്മാരൊരുത്തരൊഴിയാതെ
തരത്തിൽവില്ലുമമ്പുംകരത്തിലെടുത്തോരോ
രഥത്തിൽകരയേറിയുരത്തിമാവനാഴി
ധരിച്ചുവീരന്മാർ മരിപ്പാൻമടിയെന്യേ
തരക്കേടായുള്ളോരെതിരിച്ചുനിർത്തിപ്പട
തിരിച്ചനേരം ബാണനിരിക്കും രാജ്യമെല്ലാം
വിറച്ചുപടകണ്ടുഭ്രമിച്ചുനാട്ടുവാസികൾ [ട്ടരെ
തിരിച്ചുംസംഗരമുള്ളിൽകൊതിച്ചുംചിലർകൂ
വിളിച്ചുംകാട്ടുകൾതേടിപ്പരിച്ചുംകാട്ടിൽകരേറി
ഒളിച്ചുംകൂട്ടുപിരിഞ്ഞുവിളിച്ചുംകൂട്ടുകാർചിലർ
ചൊരിച്ചുംകണ്ണുനീരെന്നുവദിച്ചുംഓട്ടമോടി
തിരിച്ചുംകെട്ടുകൾതട്ടിപ്പതിച്ചുംകെട്ടുകാരങ്ങൾ
തറച്ചുംഒട്ടുപേർകണ്ടുചിരിച്ചുംദുഷ്ടന്മാർശൌര്യം
ജ്വലിച്ചുംഒട്ടല്ലേറെജനങ്ങൾവലഞ്ഞുതോർത്താ-
പടവന്നിങ്ങുകരേറീനമ്മുടെ [ൽ
വടിയിങ്ങോട്ടെടുകുഞ്ഞിപ്പെണ്ണേ
വടിഞാനിവിടെക്കണ്ടില്ലെന്നും
ചിടലിക്കൊന്നുതരുന്നുണ്ടെന്നും
പുടവയുടുത്തുഞെളിഞ്ഞുനടന്നാ-
ലുടലുമുറിഞ്ഞുമരിക്കുമിതെന്നും
പാളയമവിടെക്കണ്ടൊരുതടിയൻ
വാളുകളഞ്ഞുതിരിച്ചുനടന്നു
കേളച്ചാരതുനേരംനമ്മുടെ
കാളിപ്പെണ്ണുംകൂടിനടന്നു
ഉട്ടിക്കാളിനുമിട്ടിശാരനും

പെട്ടെന്നൊരുദിശിനോക്കിനടന്നു
കഷ്ടമിതെന്നുപറഞ്ഞുംകൊണ്ടു
മട്ടോലുംമൊഴിമാർ ചിലരപ്പോൾ
കെട്ടിയ പുരുഷം കാണാഞ്ഞിട്ടു
ഒട്ടുവിളിച്ചുകരഞ്ഞു വലഞ്ഞും
കുട്ടികളെച്ചിലരെളിയിലെടുത്തും
കുട്ടിപ്പെണ്ണേ! വാ പറയട്ടേ
കുട്ടച്ചാരയളെങ്ങുഗമിച്ചു
ഒട്ടല്ലവളുടെതാതന്മാനിത്തം
കഷ്ടമിതെന്നോപറവാനുള്ള
കൊച്ചിളയച്ചീ! കേട്ടില്ലേനീ
അച്ചുതനുടെപടവന്നുകരേറി
കൊച്ചുകളോടുകളിക്കാംപിന്നെ
നിച്ചിരിയത്തിവെക്കംവാനീ
കുഞ്ഞച്ചാരെക്കണ്ടില്ലല്ലോ
പൊങ്ങച്ചാരയളെങ്ങുഗമിച്ചു
കുഞ്ഞിപ്പെണ്ണിന്നുള്ളരഹസ്യം
പെണ്ണിനെയന്വേഷിച്ചുനടന്നു
നിത്യവുമിങ്ങിനെയിവിടെച്ചെന്നു
നിച്ചിരിയതും പുണരാമെന്നും
കൊച്ചുക്കാളിപറഞ്ഞതുമമ്മോ-
ടിച്ചയതില്ലെന്നിപ്പോൾതോന്നി
മാടച്ചാരെന്നുള്ളൊരുവിരുതൻ
മാടണിമുലമാരോടുംകൂടി
പടിമേലേറിപ്പായുന്നേരം
പടയുടെവിരുതേകേൾപ്പാനുള്ള
പടവന്നപ്പോളോടിയൊളിച്ചൊരു
വിടുരോഷച്ചാരെന്നേവേണ്ടു
കുടിലാപാംഗികൾതന്നുടെവീട്ടിൽ
വിരുചണിചെയ്തുവസിപ്പാനല്ലാ-
തൊരുഫലമില്ലാത്തടിയന്മാരുടെ
തടികൊണ്ടെന്തുധരിക്കവേണ്ടു
കെട്ടിയപന്തലിൽവന്നൊരുകൃഷ്ണൻ
കട്ടിക്കവണിമുറിച്ചുനമുക്കു
കഷ്ടമൊരുത്തനൊടൊന്നുപറഞ്ഞാൽ
ചെട്ടെന്നടികൂട്ടുംതടിയൻ
വീട്ടിനകത്തൊരുപുരുഷൻവന്നാൽ
പെ വതിന്നും മടിയില്ലെന്നും

ഒട്ടല്ലിങ്ങനെപാടുപെടുന്നതി-
നററമതില്ലപറഞ്ഞെന്നാകിൽ
കുട്ടികൾനാലഞ്ചുണ്ടായിട്ടും
ഒട്ടുംമറുമുഖമറിയുന്നില്ല
ഇങ്ങിനെയുള്ളസമർത്ഥനിതാപട
വന്നെന്നുള്ളതുകേട്ടൊരുനേരം
തിങ്ങിനഭീത്യാതെരുതെരെമണ്ടീ-
ട്ടെങ്ങാൻപോയതുകണ്ടോനിങ്ങൾ
കൊച്ചുകിടാങ്ങളുനാലഞ്ചുണ്ടതി-
ലരുച്ചാകൊച്ചുകരഞ്ഞീടുന്നു
ഒന്നിനെയെളിയിലെടുക്കാംപിന്നെ
ഒന്നിനെക്കൈക്കുപിടിച്ചുനടത്താം
പിന്നുള്ളതിനെക്കൊണ്ടൊരുപായം
കണ്ടില്ലേഞാനെങ്ങിനെവേണ്ടു
ഇങ്ങിനെപലപലതുംഗസ്തനിമാ-
രങ്ങുപറഞ്ഞുനടന്നുതുടങ്ങി
മങ്ങാടാ! താനെവിടെപ്പോന്നു?
ഇങ്ങോട്ടേക്കനടന്നീടുകെടോ!
അങ്ങോട്ടീവഴിഓടിച്ചെന്നാൽ
തിങ്ങിനപടയിൽപെട്ടുമരിക്കാം
കാലിനൊരേന്തുനമുക്കുണ്ടതിനാൽ
ഓടുവതിന്നും വശമില്ലാതായ്
പീലിക്കുന്തമെടുത്തൊരുവൻഗുരു
കാലിണവന്ദിച്ചങ്ങുനടന്നു
തെക്കൻകത്തിയെടുത്തൊരുവിദ്വാൻ
വെക്കംതോളിലതേററിക്കൊണ്ടു്
ചെക്കനെയങ്ങുമറിഞ്ഞഥനോക്കി
ചിക്കെന്നങ്ങുകടന്നുനടന്നു
വില്ലുംശരവുമെടുത്തവരരിയെ-
ക്കൊല്ലാമെന്നുനിനച്ചിട്ടൊരുവൻ
നല്ലൊരുവിരുതുകൾപലതുംചൊല്ലി
ച്ചെല്ലുന്നേരം പടകണ്ടായാൾ
വില്ലൊരുകാട്ടിലെറിഞ്ഞൊരുവണ്ണം
മെല്ലെപ്പോന്നിഹഭവനംപുക്കു
നാരായണനും പടകളുമെല്ലാം
പാരാതവിടെച്ചെന്നുനിറഞ്ഞു
ധീരന്മാരവർബാണപുരത്തിൻ
ഗോപുരസീമനിചെന്നുകരേറി

കണ്ണൻതിരുവടിയൊരുബാണംകൊ-
ണ്ടുന്നതമാകിനകൊടിമരമെയ്തു
മണ്ണിൽമുറിച്ചുമറിച്ചതുനേരം
പൊണ്ണൻബാണനുമൊന്നുവിറച്ചു
മതിലുകൾഗോപുരമെന്നിവയെല്ലാ
മതിബലവാന്മാർകുത്തിയുടച്ചു
മതികലചൂടുമരൻകണ്ടുടനേ
മകനാംശരജന്മാവൊടുചൊന്നാൻ
മട്ടമിനംനാമിവിടെപ്പൊരുതി-
ഉച്ചതയോടുഭജിച്ചീടുന്ന
ഉച്ചന്മാരാംവൃഷ്ണികൾമൂലം
കഷ്ടംചോറമുടങ്ങുകയുള്ളു
യോഗ്യതയല്ലിനിനോക്കിയിരിപ്പതു-
മക്കമൊടേററുപിണങ്ങീടേണം
ഇങ്ങിനെകല്പിച്ചുടനേതന്നുടെ
പുംഗവകണ്ഠേകേറിശിവൻഹരി
തന്നൊടുചെന്നുപിണങ്ങിത്തങ്ങളിൽ
ഞങ്ങിനെനിന്നുകുറഞ്ഞൊരുനേരം
ആൺമയിലേറിഷൺമുഖനും പ്ര-
ദ്യുമ്നനൊടേററുശരങ്ങൾപൊഴിച്ചു
ചെററുവലഞ്ഞിതുരുക്മിണിനന്ദന-
നേററുണച്ചാരുധവരപ്പോൾ
സിന്ധുരദാനവരിപുവായുള്ളോ-
രന്തകവൈരിയുമന്ധകനാഥനു-
മന്ധതകൈവിട്ടുടനേതന്നെ
ബന്ധുരമോദമിയന്നതുനേരം
അസ്ത്രംകൊണ്ടുകളിച്ചുംതങ്ങളി-
ലസ്ത്രവിശാരദരാമവർതമ്മിൽ
ഈരേഴുലകിനുകാരണരാകും
വീരന്മാരവർനേരിട്ടപ്പോ-
ളീരേഴുലകും ഞെട്ടിവിറച്ചു
വാരിധിപൂരവുമൊന്നുകലങ്ങി.

ബാണനണഞ്ഞുടൻസാത്യകിതന്നോടു
ബാണഗണംപൊഴിച്ചു ഒരു-
ക്ഷീണംകൂടാതവൻതാനു-
മതുനേരംപ്രത്യസ്ത്രമെയ്തുനിന്നു
ചൊല്ലിനാൻബാണനോ-
ല്ലാസമോടവൻനല്ലസമർത്ഥനെടാതട-
വില്ലാതടിതകത്തീടുന്നതുണ്ടതിനില്ലവികല്പമേ
നില്ലെടവില്ലെടുത്താഹവംചെയ്യിൽനീ [തും
ഇല്ലെന്നുവന്നുകൂടുംദ്ധ-
മില്ലതിനിങ്ങൊരുവല്ലന്തിരെല്ലമേ കല്യ! കഠോ
മുല്ലബാണാരിതൻഭക്തനെന്നുള്ളൊരു [രാശം!
ഡംഭുകൊണ്ടല്ലേഭവാൻ മമ
മല്ലവിലോചനൻതന്നുടെപുത്രന്റെ
പുത്രനെബന്ധിച്ചതും
ചൊല്ലിയന്നോരനിരുദ്ധനെയിന്നുനീ
മല്ലാക്ഷിമൌലിയോടുംകൂടെ
മല്ലാരിതൻമുമ്പിൽവച്ചുവണങ്ങുകിൽ
കൊല്ലാതയയ്ക്കാംനിന്നെ.
ഇപ്രകാരംപറയുന്നൊരുസാത്യകി
തന്നോടതിരോഷത്താൽബാണൻ
ക്ഷിപ്രംശരങ്ങൾപൊഴിച്ചതുകണ്ടവ-
നപ്രിയംപൂണ്ടതിനാൽ
ബദ്ധരോഷത്തോടുരണ്ടുപരിഷയും
ക്രുദ്ധന്മാരായിനിന്നുകൊണ്ടു
ബുദ്ധിമാന്മാരവർതങ്ങളിലുണ്ടായയുദ്ധമതെത്ര-
ചിത്രം!

പലരുംപലവിധത്തിൽരണംതുടങ്ങി
മലയ്ക്കുന്നചത്തുരണ്ടുപുറത്തുമുള്ളോർ
ചലിക്കുന്നചിത്തംകൊണ്ടും ജനങ്ങൾക്കെല്ലാം
ഒലിക്കുന്നചോരപ്പുഴപലവഴിക്കും
കരുത്തന്മാർഗദകൈയിലെടുത്തുകൊണ്ട്
കരുത്തേറും കരികളെ പൊരിച്ചീടുന്നു
കരത്തിൽ വാളിളക്കികൊണ്ടെത്തീടുന്നു ചിലർ
കഴുത്തു മുറിച്ചുകലെക്കളഞ്ഞീടുന്നു
ശരങ്ങൾ ഗളങ്ങളൂടേ നടന്നീടുന്നു ചില
രൊത്തുക്കം നോക്കിപ്പോരിൽ കയത്തീടുന്നു
സമരേ വീണുമരിക്കും ജനങ്ങളെല്ലാ-
മമരസ്ത്രീകളോടൊത്തു രസിച്ചീടുന്നു
കലഹം ഭയങ്കരമായ് ചമഞ്ഞിതപ്പോൾ
കലഹപ്രിയമുനിയും രസിച്ചീടുന്നു
മലകളുലഞ്ഞിളകിച്ചമഞ്ഞീടുന്നു
കടൽകലങ്ങീടുന്നു പാരുകുലുങ്ങീടുന്നു
ചിലർ ചിലരോടേററു പിണങ്ങീടുന്നു
ചിലരൊഴിച്ചീടുന്നു ചിലർ മരിച്ചീടുന്നു

കുടകൊടിതഴകളും മുറിച്ചീടുന്നു
താഴെപ്പതിച്ചീടുന്നു രഥത്തെ കഴിച്ചീടുന്നു
കാളീകൂളീരക്തം കണ്ടു മദിച്ചീടുന്നു
ഘോരകടിച്ചീടുന്നു സംഹരിച്ചീടുന്നു
ഭയമുടയവരോടിത്തിരിച്ചീടുന്നു
പാരംഭയമില്ലാത്തവർ കണ്ടു രസിച്ചീടുന്നു
മിടുക്കുള്ളവർകൾ പാഞ്ഞടുത്തീടുന്നു
ബാണംപൊഴിച്ചീടുന്നു കാണെക്കഴിച്ചീടുന്നു;

വേലായുധനും പ്രദ്യുമ്നനുമായ്
കോലാഹലമോടു സംഗരമുണ്ടായ്
വേലുമുറിഞ്ഞിതു നേരം സരസം
മേലാസംഗമെന്നഥ വാങ്ങി
ഘോരറിനു വേലയെടുത്തീനോരം
ക്രൂരനല്ലിവനെന്നതു തന്നെ
ക്രൂരനാം ശ്രീ നാരായണനോ-
ടേറ്റുപിണങ്ങാനെന്താവശ്യം?
അച്ഛനമാനസതാരതിലിപ്പോ-
ളിച്ഛാഭംഗം വന്നിട്ടെന്നെ
സ്വച്ഛമതാം മമ ദേഹം കീറി-
ട്ടയ്യോ വേദനസഹിയായല്ലോ
എന്നു നിനച്ചഥ സുന്ദരഗാത്രൻ
പോനൊരു ദിക്കിലിരിക്കും നേരം

കുടവയറേന്തി നഗണനായകനും
കുടവയറും കൊണ്ടോടിയണഞ്ഞു
അടലിട പുക്കശരങ്ങൾ തറച്ചി-
ട്ടരുതരുതെന്നു തിരിച്ചു നടന്നു
കളിക്കയും ചിലരൊളിക്കയും ചിലർ
വിളിക്കയും ചിലർ പുളയ്ക്കയും
ചിലർ വഹിക്കയും മോദമിളയ്ക്കയും
ഖേദം പെരുക്കയും പാരം ഹസിക്കയും
അട്ടഹസിക്കയും രണംസ്തുതിക്കയും
ചിലരൊഴിക്കയും ചിലർപഴിക്കയും
പടുത്വമുള്ളവർ പിടിക്കയും പട-
ഭേരിക്കയും ഭേരിയടിക്കയും
അടൽക്കളമൊക്കെപ്പൊടിക്കയും വെട്ടി-
നടുക്കയും ചിലർ തിരിക്കയും
കടുത്തകരിമ്പടമുടയ്ക്കയും വടി-
യെടുത്തു ചിലർ തച്ചുതകർക്കയും
ശരങ്ങൾ പലവിധമെയ്ക്കയും
തലതെറിക്കയും ഉടൽ മുറിക്കയും
പരന്നപടകേട്ടു തിരിക്കയും ഘോര
പരന്ന പലവഴിയൊലിക്കയും
പരന്നകുതിരകൾ മരിക്കയും ശരം
നിരന്നു ജനമൊക്കെ മറക്കയും വില്ലു
മുറിച്ചുരഥികളും മടിക്കയും
പടയ്ക്കുനാശം കണ്ടു കടുത്ത കോപം പൂണ്ടു
മിടുക്കനേറ്റുന്നു ബാണനടുത്തു കൃഷ്ണനോടു
കടക്കണ്ണും ചുവത്തിക്കൊണ്ടടുത്തു ദാമോദരൻ
എടുത്തു ശരം വില്ലിൽ തൊടുത്തു പ്രയോഗിച്ചു
കടുത്ത മാർവ്വിടത്തിൽ കൊടുത്താനതുനേരം
തൊടുത്തു ചില ബാണം തടുത്തിതസുരരും
മടുത്താരമ്പൻ തന്നെക്കൊത്തദേവന്റെ രക്തൻ
തടിച്ചുബാണനെന്നു നിനച്ചിടാതെ കൃഷ്ണൻ
ചൊടിച്ചു ബാണങ്ങളെപ്പൊട്ടക്കെന്നയച്ചു-
പടയ്ക്കുമിടുക്കരെന്നടുത്തങ്ങസുരനും [പോരാൾ
കടുത്തരോഷത്തോടും മടിക്കാതെയ്തു ബാണം
തടിച്ചുവൃത്രൻ താനും അമർത്ത്യനാഥൻ താനും
നടിച്ചു പണ്ടുണ്ടായ സമരം കണക്കെയും
ശ്രീപതിനാരായണൻ ശ്രീദശരഥപുത്രൻ
ശ്രീരാമദേവൻ താനും വീരനാം രാവണനും
ദാരുണതരം നേർത്തമ്മിൽ പൊരുതപോലെയും
ഘോരതരം സമരമുണ്ടായിതുനേരം
പൊരല്ലുവാൻ പുരവൈരി ചൊല്ലിക്കൊണ്ടങ്ങയച്ചു

ശനികരമുഖത്തടിവാൾ
കുന്തങ്ങൾ കക്കടപരശ്വധവിശിഖം
ഒക്കെയെടുത്തതുനേരം
തക്കംനോക്കിച്ചൊരിഞ്ഞു സുരശരൻ
ബാണങ്ങൾ വർഷിച്ചു
നാരായണനും പുനരതു ഖണ്ഡിച്ചു
ഖണ്ഡിച്ചു ഖണ്ഡിച്ചാ
ഖണ്ഡലസഹജനടുത്തിതു നേരം
തേരെല്ലാം പൊടിയാക്കി
വാരിജനയനൻ സനാതനൻ കൃഷ്ണൻ
അശ്വങ്ങൾ കൊലചെയ്തു
വിശപ്പേറുമാളമേയനവ്യക്തൻ
ചൊല്ലിക്കൊണ്ടതുനേരം
വില്ലുംകുടയും മുറിച്ചു തഴപലതും

കൊല്ലാനായതു നേരം
വില്ലും കഴിയെക്കലച്ചുമറ്റാരി
ചെല്ലുമ്പോൾ ബാണനെൻറ
മാതാവതിഭീതിപൂണ്ടു വശനാടി
അംബുജനയനൻ തന്നുടെ മുമ്പിൽ
അംബരമംബരമാക്കീട്ടവളും
നിന്നതുകണ്ടു മുകുന്ദൻ തിരുവടി
നിന്ദിച്ചുടനേ പിന്തിരിഞ്ഞു
അന്നേരത്തുടനോടിച്ചാടി
ച്ചെന്നൊരു മറിയിലൊളിച്ചിതു ബാണൻ
പുരനാശനഭഗവാനതുനേരം
പരിചൊട്ടുടൻ പനി നിർമ്മിച്ചുടനേ
തെരുതെരെ വിണ്ടുവിറച്ചു തുടങ്ങി
കരികാലാൾ കുതിരപ്പടയെല്ലാം
വൃഷ്ണികളെല്ലാം പനിപൂണ്ടുടനേ
വിണ്ടുവിറച്ചീടുന്നതു കണ്ടു
ഉണ്ണിച്ചുടനേവൻപനിതന്നെ
കൃഷ്ണൻ തിരുവടിയും നിർമ്മിച്ചു
വിഷ്ണുജ്വരമതു വന്നു തുടങ്ങി
വൻപനിതന്നോടു സംഗരമപ്പോൾ
ഘോരതു തുടങ്ങി ശിവജ്വരമപ്പോ-
ളേററ തടുപ്പതിനെളുതല്ലാഞ്ഞു
പോരുവതിന്നൊരുവരുമില്ലാഞ്ഞു
പോററിവിളിച്ചു കരഞ്ഞതിവേഗം
നാരായണനുടെ പാദസരോജേ
അതിനുതിചെയ്തങ്ങതിഭയമോടേ
നാഥാമുകുന്ദശൗരേ! പരിപാഹിനാഥ
മുകുന്ദശൗരേ! നാഥാനീയല്ലാതില്ലേ
പരാശ്രയം പാഥോജനേത്ര! ഭവാൻ
ഭീതിയൊഴിച്ചു പരിപാലിച്ചീടണം
ശ്രീപതേ പുരുഷോത്തമ! കൃഷ്ണാ (നാഥാ)
അച്യുതാനന്തജയജയ ജയ!
സരസീരുഹലോചനസച്ചിൽസ്വരൂപ!
സനാതനകൃഷ്ണാ
സത്യസ്വരൂപാ വിഭോ! (നാഥാ)
താവകപാദയുഗം ഗതി മമ
പാവനശീല! വിഭോ മാധവ!
നിൻകൃപാവൈഭവംകൊണ്ടെൻെറ
ആധിയും വ്യാധിയും നീക്കിരക്ഷിക്കണം (നാ

സർവ്വലോകേശ പരാപരവര
ദർവ്വീകരശയനാ! സർവ്വസ്ഥിതികരാ
സർവ്വഭൂതാത്മക! സർവ്വദാ പാഹി മാം
പാഹി ദയാലോ (നാഥാ)

ഇങ്ങിനെയുള്ളൊരുനുതി കേട്ടുടനേ
മംഗലമൂർത്തിമധുരിപുഭഗവാൻ
തിങ്ങിന പരവശഭാവമിയന്നൊരു
വൻപനിതന്നുടെയത്തലുമകറ്റി
നിന്നീടുന്നതു നേരത്തിങ്കൽ
വന്നിതു പോരിനു വീരൻ ബാണൻ
നീടുതടിച്ച ഭുജങ്ങളൊരായിര-
മുള്ളതിൽ വില്ലും ശരവുമെടുത്തു
കുന്തവുമേന്തിദശകണ്ഠൻവൈ-
കുണ്ഠൻതന്നോടു നേർത്തതുപോലെ
ആർത്തുതിമിർത്തു കളിച്ചു പുളച്ചുട-
നാർത്തിവെടിഞ്ഞു പടജ്ജനമോടും
നേർത്തിതു പടുവാക്യങ്ങൾ പറഞ്ഞത
ധൂർത്തൻ പേർത്തു മടുത്തതുനേരം
രേരേഗോകുലകീടാ നില്ലെട
നേരേനമ്മൊടു പാരാതെപോരിനു
കൂടാ നിന്നുടെ വികൃതികളെന്നോടു
ക്രുദ്ധാമോദം പോരാടീടുക
നരകനല്ല മുരനല്ല വാരണ-
മുഖനുമല്ല കംസനല്ലിതതിബലാ
വേറെയുള്ളവീരന്മാരുതുക
വിരുതുകളൊരുവകതെരുതെരെ വളരുമ-
തഖിലമൊഴിപ്പാൻ ശരനിരതുരുതുരെ
വരുമതുവീരനെങ്കിൽ നേരേനിന്നുസംഗര
ശൂരനാകുമെന്നോടെയ്യുവിക്രമ-
മെക്കെയിന്നു നിങ്കലെങ്കിലച്യുത!
കരുതിനിന്നുപൊരുതുകൊൾകമാധവ!
കൊടിയും കുടയും വിരുതുകൾ വടിവിലെടുത്തു
നിന്നുടനടലിൽ പൊടിപെടുത്തു
നിന്നുടെതടിതകർത്തു നിന്നമർത്തി
വെക്കമിഹതുടതികഴച്ചൊരു
പിണ്ഡമതാക്കിവയ്ക്കുമീ ഞാനൊരു
ദണ്ഡമെന്നിയേ വെണ്ണതിന്നു
പൊണ്ണനായ നിന്നുടെ ചണ്ഡ-
ബാഹുവിക്രമങ്ങളൊക്കെയും

മുന്നിൽ നിവൃത്തിലോക്കിന്നു സങ്കടം
വന്നുകൂട്ടമെന്നു ഭക്തയാദവ!

എന്നു പറഞ്ഞുടനെയ്തിതു ബാണൻ
കുന്നിന്മേൽ മഴപെയ്യുംപോലെ
പന്നഗശായിയുമതു കണ്ടപ്പോൾ
സന്നാഹത്തോടൊത്തസുരന്റെ-
യ്യൊന്നൊഴിയാതെ തച്ചിതുബാണം
വന്നൊരുകോപം സഹിയാഞ്ഞപ്പോൾ
പേരാൽ തന്നുടെ വേരുകൾ പോലെ
പെരുതായുള്ള കരങ്ങളശേഷം
നാരായണനഖിലേശൻ കൃഷ്ണൻ
നേരേനിന്നു മുറിച്ചു തുടങ്ങി
പുരരിപുഭഗവാനതുകണ്ടുടനേ
മുരരിപുതന്റെ സമീപം പുക്കു
അരുതരുതെന്നു ചൊല്ലരുതെന്നു
തെരുതെരെയരുളിച്ചെയ്താനപ്പോൾ
കരുണാകരനുടെ പാദസരോജ
ശരണം ചൊല്ലിവണങ്ങിമഹാഗുണ-
നിധിയായീടിന ഭഗവാൻ ഗണപതി
ജനകൻസ്തുതിചെയ്തിദമതുനേരം

കൃഷ്ണ മുകുന്ദ! മുരാന്തക! മാധവ!
ജിഷ്ണുമുഖാമരവന്ദിതകേശവ!
ജിഷ്ണുസഖേ! ജഗദീശ മനോഹര!
വൃഷ്ണികുലോത്തമ! വിശ്വംഭര ജയ!
കൃഷ്ണ പയോദനിഭാബ്ജവിലോചന!
തൃഷ്ണാതരളിതചിത്തമുനീനാം
തൃഷ്ണാശാന്തിദവിഗ്രഹ ഭഗവൻ!
വിഷ്ണോ ജയജയ! വിശ്വസ്ഥിതികര
തവചരണാംബുജചിന്താപരിവൃത
നിശ്ചലബുദ്ധിമഹാബലിതനയൻ
മച്ചരണാർച്ചനകാരണതോഽദ്രി
തൽകൃതദോഷമശേഷമിദാനീം
വിസ്മരണം ചെയ്തിപ്പുരിപാലയ;
ഭക്തപരായണ ദീനദയാലോ!
കാലാന്തകനുടെ കല്പനയിങ്ങിനെ
കോലാഹലമൊടു കേട്ടനപ്പോൾ
നീലക്കാർ നിറമൊത്തമുകുന്ദൻ
കാലോചിതതരമരുളിച്ചെയ്തു;

ത്വൽഭക്തനതാമിവനിനിമേലിൽ
മൽഭക്തനതായ്‌വന്നീടട്ടേ!
മിഞ്ചിനപാണികൾ നാലും കൊണ്ടഥ
നിൻചരണങ്ങൾ പണിഞ്ഞിഹപാർശ്വേ
കിഞ്ചനഭീതിഭവിക്കാതനിശം
സഞ്ചിതമോദം വാണീടട്ടെ
നാരായണനുടെ കല്പനയിങ്ങിനെ
മാരാന്തകനും കേട്ടുതെളിഞ്ഞു
പാരാതടിമലർ വീണുവണങ്ങി
നേരേ പുരിപുക്കുടനേവാണാൻ
ശുദ്ധനതാമനിരുദ്ധൻതന്നെ
ബദ്ധാനന്ദം ഉഷയൊടുകൂടി
മുഗ്ദ്ധവിലോചനഹസ്തേ നൽകി
ബുദ്ധിയിൽ മോദമിയന്നു വണങ്ങി

ദേവദേവദയാനിധേ! ദനുജാന്തകാ പരി-
പാഹിമാം
വേദസാരമനോഹരാനന! മോദശീലന-
മോസ്തുതേ
ആദിയിൽ മകരാകൃതീമഴകോടുപൂണ്ടുനിരാമയം
ചാരുകൂർമ്മകളേബരധര! ലോകനാഥനമോ-
സ്തുതേ!
കോലകോലമിയന്നകേശവനീലലോല-
വിലോചന!
മാലശേഷമൊഴിച്ചുപാലയ! പത്മനാഭ-
നമോസ്തുതേ!
നരകനാശനദുരിതഹരമൃതിഭവഹരാ കരുണാ-
നിധേ!
നരസിംഹമഹാകൃതീധര! ദേവപാഹി
നമോസ്തുതേ
പണ്ടുമൂവടിയായളന്നു ഭയങ്കരം ഭുവനത്രയം
ഭൂമികാന്തമനോഹരാ ഭുവനൈകനാഥനമോ-
സ്തുതേ
പരശുധരവടിവായതും ദശരഥനന്ദനനായതും
പരമപുരുഷതയായതും ബലദേവനായുളവാ-
യതും
വൃഷ്ണിവംശകുലോത്തമാ പുരുഷോത്തമായ-
നമോസ്തുതേ!
ദുഷ്ടകർമ്മമഹാഭവാനൊരു ദുഷ്ടനായിഹചെയ്തതും
കഷ്ടവാക്കുപറഞ്ഞതും ശരമിട്ടടക്കിയയച്ചതും
ഒക്കെനിന്തിരുമേനിതന്നെ ക്ഷമിക്കിലേ ഗതി-
യുള്ളമേ

നിഷ്കളങ്ക നിരാമയാ നിഖിലേശ നിസ്സമാ!
നിർമ്മലാ!
നാളിൽ നാളിൽ വന്നുംവിപത്തുകളൊക്കെയങ്ങു-
കളഞ്ഞുടൻ
നാളികേക്ഷണ നിത്യവും വരമേകണംകരുണാം-
നിധേ
നിസാരിൽ പ്രിയ നീരജാനന സത്യരൂപ
നമോസ്തുതേ
മാധവാ! മധുരാധരാ! മധുകൈടഭാന്തക!
വിഭോ!

ഈവണ്ണം സ്തുതിചെയ്തു ബാണനോടത്തനേരം
ഈരേഴുലകിന്നീശൻ കാർവർണ്ണനരുൾചെയ്തു
ബാണാ! വരിക നല്ലവണ്ണം നിനക്കു
പൊണ്ണന്മാർ വൈരികളാൽ ബന്ധമുണ്ടാകയില്ല
ശ്രീമഹാദേവൻ തന്റെ ശ്രീപാദങ്ങളും കൂപ്പി
ശ്രീമാനായിവിടത്തിൽ ശോഭയിൽവാഴ്കനീയും
ശ്രീപതിയേവം കല്പിച്ചാമോദത്തോടുകൂടെ
ശ്രീസുതാത്മജനോടും ശ്രീസമുഷയോടും
ശ്രീമദ്ദ്വാരകാപുക്കു നേരം ജനങ്ങൾ ജയ
ശ്രീയോടുമൊരുമിച്ചു വാണുസുഖിച്ചിതപ്പോൾ

ബാണയുദ്ധം ഓട്ടൻതുള്ളൽ സമാപ്തം.

പാത്രചരിതം

ഓട്ടൻതുള്ളൽ.

ധർമ്മപരായണമാനസനാകിന
ധർമ്മാത്മജനും പവനാത്മജനും
അർജ്ജുനനും നകുലൻ സഹദേവനു-
മിജ്ജനമൈവരുമവരുടെ ഭാര്യയും
സമ്പത്തിങ്കലുമാപത്തിങ്കലു-
മൻപൊടുകൂടിവസിച്ചീടുന്നൊരു
എമ്പത്തെട്ടു സഹസ്രം വിപ്രരു-
മിമ്പമിയന്നു വനത്തിൽ പുക്കു
കള്ളം പെരുകിന ശകുനി ശാൻ ബത
കള്ളച്ചൂതുകളിച്ചു ചതിച്ചുട-
നുള്ളധനങ്ങൾ പിടിച്ചു പറിച്ചു
തള്ളിയയച്ചിതു കുന്തീസുതരെ
മുന്നമുടുത്തൊരു വസ്ത്രമതല്ലാ-
തൊന്നുമവർക്കു ലഭിച്ചതുമില്ല
ഖിന്നതപൂണ്ടു വിശന്നു തളർന്നൊരു
മന്നവർ നാഥനുമനുജന്മാരും
മന്നാംഗിമണി പാഞ്ചാലിയുമവ-
രുന്നതമാകിന മലയുടെ നികടേ
ചെന്നുവസിച്ചു മഹാവിപിനേപുന-
രെന്നും പണ്ടറിയാത്തനൃപന്മാർ!
കൊട്ടവെയിൽ കൊണ്ടുവിയർത്തുതളർന്നൊരു
കുടയും കൂടെക്കിടയാതങ്ങിനെ
[illegible]ട്ടതായുള്ളൊരു കാട്ടിൽ പുക്കു
നടപ്പാനുള്ളൊരു സംഗതിവന്നു
കിഴവന്മാർക്കു കമ്പണിമറപ്പാൻ
പഴതായുള്ളൊരു മുണ്ടുംനാസ്തി
മഴപെയ്യുങ്കിൽ നനഞ്ഞു നനഞ്ഞി-
ക്കിഴവന്മാർ ചിലർ ചാകേയുള്ളു
കുന്തീസുതരെക്ലേശിപ്പിപ്പാ-
നെന്തിനു താനിഹകൂടെപ്പോന്നു
നിങ്ങളശേഷം പോരുന്നേര-
ത്തങ്ങുനമുക്കുവസിപ്പതുചിതമോ?
അങ്ങിനെയോർത്തു പുറപ്പെട്ടെന്നാ-
ലിങ്ങിനെ പട്ടിണിയിടുകേയുള്ളു
കൊററിനു വകയില്ലടവിയിലെന്നതു
മുററും ഞാനതു ചിന്തിച്ചില്ല

കലയും പുലിയും സിംഹം കരടികൾ
നിലയും വരുന്നിടമൊന്നില്ലിവിടെ
നിലയില്ലാതെ പുകയുന്നുണ്ടാൽ
വലയുന്നതിനൊരു ഉപായം വഴിയില്ല
മലയിൽ ചെന്നാൽ കിടപ്പാൻ നമ്മുടെ
തലയിലെഴുത്തിനി ഒന്നുമില്ലാതെ
വലയിൽ പെട്ടൊരു പന്നികളെപ്പോലെ
വിലയം വിധിവശാൽ വന്നു ഭവിക്കും
മലയാളികളും പരദേശികളും
പലയാളുകളും ഭരതന്നന്നിൽ
സഹലവും വയ്ക്കുന്നതിരാവും പകലും
നലമൊടു കൊറ്റ കഴിച്ചീടുന്നു
ഫലമില്ലാതിഹ കാട്ടിൽ നടുവിൽ
ജലവും കൂടെ ലഭിക്കാതിങ്ങിനെ
പലരും ഹന്ത കിടന്നുഴലുന്നൊരു
ഫലമൂലങ്ങളുമില്ലാതായി
കഷ്ടം കഷ്ടം; ദുര്യോധനനരി
ദുഷ്ടൻ ദുഷ്ടൻ ദുശ്ശാസനനും
അവരുടെ അമ്മാവനുമതിദുഷ്ടൻ
കപടക്കാരൻ ശകുനികശ്മലൻ
ധർമ്മാത്മജനെയുമനുജന്മാരെയും
ധർമ്മപാപികൾ കളളച്ചൂതെ-
ന്നുള്ളൊരു കപടം കൊണ്ടു വനത്തിൽ
തള്ളിമറിച്ചാശു ശാന്തയ്ക്കിപ്പോൾ
കള്ളന്മാരുടെ വീടും പുരയും
കൊള്ളിയെരിച്ചു കരിച്ചേതീരു;
കറിയരിവെച്ചുവെളുത്തൊരു ചോറും
കറിയും നെയ്യും തൈരും കൂട്ടി
നിറയെക്കൊറ്റ കഴിച്ചുവസിപ്പാൻ
കറവല്ലന്തണരെൺപതിനായിരം
അങ്ങിനെയുള്ള മഹാബ്രാഹ്മണരെ
ഇങ്ങിനെ കാട്ടിൽ പട്ടിണിയിട്ടു വി-
ശന്നുതളർന്നു കിടന്നുഴലാൻ വഴി-
വച്ചവരെക്കെനശിക്കണമെന്നു ശ-
പിക്കണമീജ്ജനമൊക്കെക്കൂടി-
ട്ടീക്കപടത്തിനർത്ഥ മതിയാവു
നമ്മുടെയില്ലത്തച്ഛനമ്മയു-
മന്തർജ്ജനവും മക്കളുമെല്ലാം
നമ്മുടെ മൂലം പലതുകഴിച്ചവർ
നമ്മയിലെവിടെപ്പാർത്തീടുന്നു
നെല്ലും പണവും വസ്തുവുമെല്ലാം
ഗ്ലാനവാന്മാരിവരെവരുമങ്ങുത-
ന്നൊളു കാരണമില്ലാത്തങ്ങുവി-
ടന്നു വരുംനാൾക്കുടികെടുക്കും
പാതിരാവായാൽ പുറപ്പെടും
ഊണുപം നമ്മുടെ ധർമ്മമിതെല്ലാം.
രാത്രിപ്പോൾ പറഞ്ഞൊന്നൊരുവിപ്രൻ നമ്മുടെ- യില്ല
ത്തപ്പൻമരിച്ചപ്പിന്നെ സപല്ലം കടംപിണഞ്ഞു
കണ്ടംകൃഷിചെയ്യുന്ന കണ്ടൻെറതാതന്താന്നി- ത്തം
കൊണ്ടെന്റെ കണ്ടമെല്ലാംകണ്ടോർകരസ്ഥ- മാക്കി
രണ്ടുകന്യകമാരുമുണ്ടുനമുക്കു അതു
രണ്ടുമൊരുമിച്ചുതിരണ്ടവരെവേട്ടു
കൊണ്ടുപോവാനാരെയും കണ്ടില്ലാനമുക്കതു
കൊണ്ടുവിഷാദം പാരമുണ്ടു മനസ്സിൽ പിന്നെ
ഉണ്ടുപണംകിട്ടുന്നദിക്കിൽ കുടയും കൊണ്ടു
മണ്ടുവാനെനിക്കൊട്ടുമാരോഗ്യമില്ലാതായി
ശാന്തിചെയ്യുന്നതുമെളുതല്ലെന്നുറച്ചുപോന്നു
കുന്തീതനയന്മാരെസ്സേവിച്ചിരിക്കും കാലം
കാട്ടിന്നു പോവാൻ വട്ടംകൂട്ടിപ്പുറപ്പെട്ടെന്നു
കേട്ടുഞാൻ കൂടെപ്പുറപ്പെട്ടുവെന്നതേവേണ്ടു
കാട്ടിൽ ചെന്നാലും നമുക്കൂട്ടിൽചോറുംകറിയും
കിട്ടുമെന്നോർത്തു പോയി കഷ്ടം ഞാനെന്തുചെ- യ്‌വൂ
കായും കനിയും തിന്നുവായും കുഴഞ്ഞുകാട്ടിൽ
രാവുംപകലുമങ്ങുപായുന്നതിന്റെ മൂലം
കായംപിടിക്കമൊരുപായും വിധിക്കാതൊരു
നായിന്റെക്കൂട്ടതന്റെകൈയുംതലയ്ക്കൽവച്ചു
മണ്ണിൽകിടക്കപാരംദണ്ഡമയ്യോ! നമുക്കി-
വ്വണ്ണംവരുത്തിയതാപ്പൊണ്ണൻ ദുര്യോധനൻ.
മറ്റൊരുഭൂസുരനരചെയ്യുന്നിഹ [താൻ
കുററമൊരുത്തൻ പറവാനില്ല
മാററികളായിട്ടൊരുവകവളരെ
പ്പോററികളിങ്ങനെനുപനെവലപ്പാൻ
പാററകൾപോലെപുറപ്പെട്ടവരെ-
പ്പോററവതിന്നൊരുനൃപനെളുതാമോ

ന്നവർ ചെയ്യോരു കള്ളച്ചതിൽ
റുവനത്തിലിരിക്കുന്നവരുടെ
റിനുവേണ്ടിക്കൂടെ ദുഃഖമിതു
റിത്തൊഴിലിൻ മേറതും
ണ്ണമെന്നുമുറങ്ങുന്നമെന്നും
പെണ്ണുങ്ങളോട്ടു രസിക്കണമെന്നും
കണ്ണിൽക്കണ്ട ജനങ്ങളെയെല്ലാം
എണ്ണിക്കൊണ്ടു ദുഷിക്കുന്നമെന്നും
ഈത്തൊഴിലല്ലാതിപ്പുരിവാസ്യേകൊരു
വസ്തുവിചാരമൊരിക്കലുമില്ലാ
കൊററുകഴിഞ്ഞുവരുമ്പോൾ കൂടെ
ററിലപ്പുകയിലകൊണ്ടുവരാഞ്ഞാൽ
റും നമ്മുടെ ചന്ത്രക്കാരനു
കാ. വാശ്ശൂറുമൊന്നുണ്ടാകും
ള്ളവരുടെ സങ്കടമെന്നതു
റും നമ്മൾ വിചാരിക്കില്ല
ചോററികളെന്നൊരു പേരറിയേണം
റികളായതുകാരണമറിവാൻ
ങ്ങിനെതിന്നതിമത്തുകിടപ്പവ-
രിങ്ങിനെ പട്ടിണിയിട്ടുകിടപ്പിൻ
ങ്ങടെ കൊററിനുവകയില്ലാത്തവ-
ങ്ങിനെ നമ്മെ രക്ഷിക്കേണ്ടു?
ങ്ങസ്വയാധനനാദികളൊരും
ങ്ങടെ ചോറുവിലക്കുകയില്ല
ങ്ങാതികളിവർ കാട്ടിൽ നടന്നുമ-
ങ്ങാതങ്ങു നടന്നാലും പുന-
ങ്ങാന്തുട്ടുള്ളേടത്തെത്തിമു-
ങ്ങാതഷ്ടികഴിച്ചുവസിപ്പിൻ
ങ്ങടെ വസ്തുവിലുൾക്കയില്ല-
രംഗധ്യാജനതു ബോധിച്ചാലും
തിനിങ്ങടെ ദുസ്സാമത്ഥ്യം
തിയില്ലാത്തവരായിവരഞ്ഞാൽ
നരെക്കൊണ്ടാനകളിച്ചും-
രു മുണ്ടാമഖിലന്മാക്കും
ൻവകയില്ലാഞ്ഞിട്ടല്ലീ
ങ്ങടെക്കൂട്ടം നമ്പൂതിരിമാർ
ജനടെ പുറകേ പോന്നതു
ധീനമതെന്നു ധരിപ്പിൻ

ചോറും വസ്തുവുമെണ്ണയുമെല്ലാം
നാളുകളന്തരാം തന്നു പുലർത്തും
ദ്രുപതിവരരാം പാണ്ഡവന്മാരെപ്പ-
രാപന്തികളുദ്രാക്ഷിക്കാരമോ?
ഗുണവാന്മാരാമിവരെ വെടിഞ്ഞൊരു
ക്ഷണമാത്രം വൈഷമ്യമിരിപ്പാൻ
മനമുള്ളൊരു കന്യകകൾ തിരഞ്ഞി-
ട്ടുണ്ടെന്നാൽ ദ്രുപദന്നികളെല്ലാം?
ഇവരൊരുമിച്ചാൽ ദുഃഖം സുഖമാ-
മിവരെ വെടിഞ്ഞാൽ സുഖം ദുഃഖം
ആയതുകൊള്ളാമപ്പിക്കെന്തൊരു-
പായമിതെന്നു മുഖവിഷാദം
ഉണ്ടെന്നുള്ളതുപേക്ഷിച്ചാലി-
പ്പാണ്ഡവനെയെങ്ങനെ രക്ഷിക്കുന്നു;
ഫലമൂലാദികളഷ്ടികഴിച്ചാൽ
മലമൂത്രാദികളൊഴികയുമില്ല
ജലവും കുടിയാതിങ്ങിനെ പാത്താൽ
ബലവും കെട്ടുമരിക്കയുമുള്ള
താടികൾക്കു വനത്തിൽ ചേരും
താടികൾക്കുചേതകയില്ല
താടിക്കടികൂട്ടം കടുവായും
പേടിച്ചിട്ടിഹ പാർപ്പാൻ മല
താനിങ്ങിനെ പറയുന്നതിനത്ഥം
ഞാനിങ്ങാണെയറിഞ്ഞിതു ചിത്രാ!
ഇപ്പോളൊരു ചെറുചക്കിപ്പെണ്ണിനു-
ടുപ്പാൻ പാതിപ്പുടവ കൊടുപ്പാൻ
രാവിച്ചൻ പശുചക്രം സ്വപ്പൻ
നമ്പൂതിരിയോടുവാങ്ങിച്ചപ്പോൾ
അപ്പുരമാത്ഥം കേട്ടു കലമ്പി-
ട്ടപ്പൻ നമ്പൂരിച്ചൻ തന്നെയ-
ടിപ്പാൻ വരവുണ്ടെന്നതു കേട്ടേ-
യപ്പെട്ടോടിയൊളിച്ചില്ലേ താൻ
പിന്നെപ്പലരും സംസാരിച്ചൊരു
വണ്ണം കൂപ്പിലെയരിശമൊഴിച്ചു
പെണ്ണിനു പുടവ കൊടുത്തെന്നുള്ളതു-
മുണ്ണിക്കിട്ടൻ ചോററി പറഞ്ഞു
അങ്ങിനെയുള്ളൊരു ബാലപ്പെണ്ണിനെ
ന്നു ഞാനിഹ കാണാതടവിയിൽ

വാസംചെയ്യുന്നൊന്നല്ലീ? വന
വാസവിരക്തതെനിക്കിഹ വിപ്രാ!
ഇങ്ങനെപലതും പലപലവാക്കു-
റഞ്ഞു വിശന്നുതളർന്നു വനാന്തേ
തിങ്ങിന പരവശഭാവം പൂണ്ടു
മങ്ങിന മുഖമൊടു വാഴുംകാലം
ധർമ്മതനുജനുമനുജന്മാരും
കർമ്മബ്രാഹ്മണവരരുടെസങ്കട-
മൊന്നൊഴിയാതെയറിഞ്ഞുമുകുന്ദൻ
തൻ കഴലിണതുണയെന്നുമനസ്സിൽ
ചെന്നു തടാകത്തിൽ ചെന്നു കുളിച്ചുട-
നൊത്തിന്നാലിന്നാശ്രയമാകിന
മാർത്താണ്ഡനെ വഴിപോലെമനസ്സിൽ
ചേർത്തുടനിന്നുതപസ്സുതുടങ്ങി.

മുറുകിയ അടന്ത.

നാഥ ദിനേശ നമോ നമോ നാഥാ! ദിനേശ
നാഥാ ദിവാകര! നാഥാ ദിവാകര!
നമസ്സഹിത പൂരണത്തിനുകാരണ! ഖലുനാഥ
കാരുണ്യമൂർത്തേ! കദംബിതതാരുണ്യമൂർത്തേ!
ആരുംനിനച്ചാലൊഴിച്ചുകൂടാതൊരു
ഘോര പാപനിവാരണത്തിന്നു
പോരുമിന്നു ഭവാനതീശ്വരാ (നാഥ)
പാർത്ഥന്മാർ ഞങ്ങൾ പരാധീനപാർത്ഥന്മാർ—
ഞങ്ങൾ
പാർത്ഥിവഭാവംവെടിഞ്ഞു വനംപുക്ക
പാർത്തുനിൻപദമാർത്തു ചേതസി
മുമ്പിൽവീണിതാ കുമ്പിടുന്നേൻ (നാഥാ)
ഉത്തമന്മാരാംമഹീസുരസത്തമന്മാരും
അത്രവനംതന്നിൽവന്നു വിശന്നട-
നത്തൽ പൂണ്ടുവശംകെട്ടുമഹത്വമുള്ള
മഹാജനങ്ങൾ (നാഥാ)
നന്നിതാവർഷംമഹാവിപ്ര
വൃന്ദമശേഷം
നന്ദിപ്പിച്ചിടുകനാഥ! ദിവാകര
സുരന്മാർക്കും നരന്മാർക്കുംവരംനൽകും (നാഥ)
പാർത്ഥന്മാരുടെമനസിഹിതംപര-
മാർത്ഥമറിഞ്ഞൊരു പാവനമൂർത്തി
മാർത്താണ്ഡൻപുനരവരുടെനികടേ
പൂർത്തിവന്നുപ്രസാദിച്ചരുളി

ധർമ്മതനുജ വൃകോദരഫൽഗുന
നിർമ്മല നകുലസഹദേവാ
കന്മഷരഹിതേ കൃഷ്ണേ! നിങ്ങടെ
നന്മവരാനൊരുവരമേകുന്നേൻ
ദിവ്യമതാകിനപാത്രമിതത്ഭുത
മവ്യയമഹമിദമോർത്തുതരുന്നേൻ
എന്തൊരുവസ്തുലഭിക്കണമെന്നാൽ
ചിന്തിക്കുന്നവകിട്ടുമവററിൽ
സന്തതമുളവാം ഭോജ്യംകറികളു-
മന്തണവരരുടെതുഷ്ടിവരുത്തുക
എമ്പത്തെട്ടുസഹസ്രംദ്വിജരുടെ
സമ്പത്തൊക്കെവരുത്തിക്കൊൾവിൻ
സദ്യതുടങ്ങിമുടങ്ങാതിവിടെ
സദ്യതുടങ്ങിക്കൊൾകനരേന്ദ്ര!
പഥികന്മാർക്കും ഭോജനമൊട്ടുത്തുട-
ന്നധികംപ്രീതിവരുത്തിക്കൊൾവിൻ
പാഞ്ചാലി നീ വിപ്രന്മാർക്കിഹ
പഞ്ചാരപ്പാൽപായസമധുനാ
അഞ്ചാതങ്ങുവിളമ്പീടുക ബഹു
പഞ്ചാമൃതവും ഗുളവും ദധിയും
നിന്നുടെയഷ്ടികഴിഞ്ഞാൽപാത്രേ
അന്നംപാൽപഴമെന്നിത്യാദികൾ
ആദിവസംപുനരുണ്ടാകില്ലെ-
ന്നറിയണമരചന്മാരേ! നിങ്ങൾ
പഥികന്മാരുടെവരവുനിലച്ചു
പാർത്തിനിയും ഭക്ഷിക്കാവൂ
ചതിയന്മാർചിലർ കസൃതിപിണയ്ക്കു-
മതുനീകരുതിപ്പാർത്തീടേണം
ഉത്തരമരുൾചെയ്തീടിനസൂര്യൻ
സത്വരമുത്തമപാത്രംനൽകി-
ത്തത്രമറഞ്ഞൊരുസമയേ പാണ്ഡവ-
രത്രവനത്തിലുറങ്ങീടുന്നൊരു
ധാത്രീസുരരെച്ചെന്നുപതുക്കെ
യുറക്കമുണർത്തിത്തൊഴുതുരചെയ്തു
കാനനനദിയിൽ ബ്രാഹ്മണരെല്ലാം
സ്നാനംചെയ്യാനാശുഗമിക്ക
മുണ്ടുംപുടവയുമെല്ലാം കടവിൽ
കൊണ്ടുവരുംകൊച്ചുജനന്മാര്

ണ്ണയുമവിടെത്താളിയുമിഞ്ചയു-
ല്ലാവർക്കും വട്ടംകൂട്ടി
ഴലവയ്പ്പാനമട്ടത്തുവനത്തിൽ
ന്തലപുംവെച്ചുകളിപ്പാൻപോവിൻ
ന്നതുകേട്ടൊരുവിപ്രൻ ചൊന്നാ-
ന്നൊരുവാക്കിതു വിപ്രന്മാരേ
കാന്തെയെന്ത്രുമനുജന്മാക്കും
ന്തുപിടിച്ചോ? പരിഹാസമിതോ?
ശ്ശോ ശിവ ശിവ! കാട്ടിൻനടുവിൽ
ിയുംപൂകയും കാണ്മാനില്ല
പ്പുംനാസ്തിമടപ്പള്ളിക്കാ
ക്കൂടപ്പോന്നിട്ടില്ല
ിശകഴകന്നതുകാണ്മാനില്ലാ
റിവയ്ക്കുന്നതുകാണ്മാനില്ലാ
ക്കാകന്ദിയ്ക്കുന്നൊരുശബ്ദവു-
ഞ്ഞാനൊരുദിശികേൾപ്പാനില്ലാ
ലവയ്പാനമട്ടത്തെന്നിങ്ങനെ
ചിതംപറയുന്നെന്തു നരേന്ദ്ര!
വാസ്സുമൊന്നുകളിച്ചുവരാം പുന-
ിശവിലസിതമാക്കറിയാവൂ?
ന്നുപറഞ്ഞവർ കാനനനദിയിൽ
ചെന്നുനിറഞ്ഞൊരുനേരത്തിങ്കൽ
ന്നൊരുമൊരുവാപ്പുനിറച്ചുട-
ണ്ണയുമവിടെത്താളിയുമിഞ്ചയു-
ന്നോ! വിസ്മയ വിസ്മയമെന്നാവ-
ന്നുയെടുത്തഥതേച്ചുതുടങ്ങി
ച്ചിലൊലിച്ചും കാതിലൊലിച്ചും
ണ്ണകലിച്ചുകയത്തുവിളിച്ചും
ക്ഷവടക്കമിരിക്കാരാ!
ങ്കംതാളിപതിച്ചിറകൊണ്ടാ
ന്നവരവിടെഗദ്ഘോഷിക്കുമ്പോൾ
ചെന്നധനകലൻ താളിപിഴിഞ്ഞു
ഞ്ഞന്നസപദികളിച്ചുമഹാജന-
മുവനത്തിൽ വരുന്നൊരുനേരം

ുനിച്ചു പാത്രത്തിൽ നിന്നു ജനിച്ചോരില-
ക്കെട്ടുകൊ-
ണ്ടാരിക്കല വിപ്രന്മാർക്ക നിരക്കെയിലയും
വച്ചു

കപ്പൂത്തചന്ദനം കോരിക്കൊടുത്തു മാരുതി
കൈയിൽ
വെളുത്തചോർ കോരികയിൽ നിറച്ചുപാത്രോ-
ലിമെല്ലെ
വിളമ്പിത്തുടങ്ങി ചൊററ വിളംബംകൂടാതെ
തന്നെ
ഇളയ്ക്കനവാഴയ്ക്കായും ഇളവൻ വെള്ളരിക്കായും
ഇടചേർന്നോരരിശ്ശേരി ഇലയ്ക്കാക്കെവിള-
മ്പുന്നു
വറുത്തനേന്ത്രവാഴയ്ക്കാക്കഷ്ണങ്ങളും ചക്ക-
ച്ചുളയുമുപ്പേരിക്കൂട്ടം വളരെ വിളമ്പീടുന്നു
ചെറിയ പപ്പടം പിന്നെ വലിയ പപ്പടങ്ങളും
കുറയാതെ പഞ്ചസാരക്കളവും പായസം തേനും
പരിപ്പുപച്ചടിച്ചാറംകരിമ്പിൻനീർ നല്ല
പാലും
പൊടിച്ചുവർക്കുട്ടകറിപൊടിച്ച വേപ്പിലക്കട്ടി
തടിച്ചകന്നുമ്പഴവും തടിച്ചുവന്നുമ്പഴവും
പരിപ്പുപ്രഥമൻ ചക്കപ്രഥമനടപ്രഥമൻ
നിരപ്പിൽ വിളമ്പിമാങ്ങാ പുളിശ്ശേരിതൈരും-
മോരും
ചുക്കും ജീരകമിടചേർന്നുക-
റക്കിയമോരും കോരിവിളമ്പി
തൽക്ഷണമനവധി വിപ്രന്മാരുടെ
ഭക്ഷണഘോഷമിതെന്തുവിചിത്രം!
കൊണ്ടുവാപപ്പടമെന്നൊരു വിപ്രൻ
കൊണ്ടുവാപഴമെന്നങ്ങൊരുവിപ്രൻ
കോരികകൊണ്ടുടനടമധുരക്കറി
കോരിവിളമ്പണമെന്നൊരുവിപ്രൻ
ഇഞ്ചിത്തൈരും മാങ്ങാക്കറിയും
കിഞ്ചിൽ പോരണമെന്നൊരു വിപ്രൻ
പഞ്ചപ്രസ്ഥം പഞ്ചാരപ്പൊടി
പാല്പായസമതിലിട്ടു കലർന്നട-
നഞ്ചാതിലയിൽ വിളമ്പുകിലെന്നുടെ
നെഞ്ചുകുളുർക്കുമതെന്നൊരുവിപ്രൻ
ചെണ്ടമുറിക്കുസമാനമതാക്കി
ക്കണ്ടിച്ചിടിനനേന്ത്രപ്പഴമതു
കണ്ടംകണ്ടമിനിക്കു വിളമ്പുകിൽ
ഉണ്ടൊരുകൌതുകമെന്നൊരു വിപ്രൻ,
ആലങ്ങാടൻ ശർക്കരയുണ്ടകൾ
നാലഞ്ചിങ്ങു വിളമ്പീടുകിലതി

കോലാഹലമായൊരു ഭക്ഷണ-
ഘോഷാവിധമിദമെന്നൊരു വിപ്രൻ
ഉണ്ണുന്നരച്ചൊരു കമ്പഹലവും
മത്തനുമൊന്നു ചതിച്ചൊരു കറിവ-
ച്ചെത്രയുമിഗ്ഗുണമിതിനുണ്ടെന്നാൽ
സത്യം വിസ്മയമെന്നൊരു വിപ്രൻ
ഓലോലക്കറി ചിതമായ്ച്ചാൽ
പാലോലോടൊക്കമിതെന്നു വടക്കൻ
മാലോകർക്കൊരു പക്ഷമതിവിടെ
കാലോചിതതരമെന്നൊരു വിപ്രൻ
പച്ചടികൊണ്ടോ കിച്ചടികൊണ്ടോ
കച്ചതു കൊണ്ടോ പുളിച്ചതുകൊണ്ടോ
എരിച്ചതു മധുരിച്ചതുമെല്ലാം
വച്ചതശേഷം ഹിതമെന്നൊരുവൻ;
വെരുകിൻ കടയും ചെറുകടലാടിയു-
മയമോദകവും കൂട്ടിയരച്ചൊരു
മുക്കടിവച്ചതു രണ്ടാമിക്കറി-
ശസ്സുശമിപ്പാനെന്നൊരു വിപ്രൻ
പിത്തം കൊണ്ടുവലഞ്ഞു നമുക്കതി-
നൊത്തൊരു മുക്കടികൊടവനമിഞ്ചിയു-
മുത്തമമായതു മോരിലരച്ചത-
ഞ്ചിത്തിജ്ജീരകമിട്ടു കലന്നൊരു
കുത്തിലകുത്തിയ പററിലൊഴിച്ചുത-
രത്തിൽ ചൂടുശമിപ്പിച്ചെന്റെക-
രത്തിൽ തന്നാലായതു മങ്ങനെ ച-
ലുത്തിക്കൊള്ളാമഹമെന്നൊരുവൻ
പുളിയാരിലയും മാവിൻ തളിരും
പുളിവേർ മാതളനാരങ്ങായും
പൊളിയല്ലിവക കൊണ്ടൊരു മുക്കടി-
തെളിവൊടു വേണമെനിക്കെന്നൊരുവൻ;
കാച്ചിയമോരിൽ നവായസഗുളികപൊ-
ടിച്ചുകലക്കിത്തരണമിതങ്ങുക-
ടിച്ചെന്നാലിരുനാഴിരച്ചാറുഭു-
ജിച്ചീടാമിനിയെന്നൊരു വിപ്രൻ;
ഇത്തരമനവധി വിപ്രന്മാരുടെ
ചിത്തരസത്തെസ്സാധിപ്പിപ്പാൻ
പാത്രമതായതു പാർത്ഥിനല്ലൊരു
പാത്രമവൾക്കു ലഭിക്കനിമിത്തം
മുക്കടിയും പല പൊടിയും ഗുളികയു-
മൊക്കെയുമോർക്കുന്നേരത്തുണ്ടാം;
അന്തണരവരുടെ ഭക്ഷണമിങ്ങിനെ
ഹന്ത! സുഖേന കഴിഞ്ഞൊരു സമയേ
ഭർത്താക്കന്മാരെയവരെയും പുന-
രത്യാദരവോടൂട്ടികഴിപ്പി-
ച്ചുത്തമനാരിയാമവൾ താനും
സത്വരമങ്ങു ഭുജിച്ചു വസിച്ചു
മിത്രവരത്തെക്കൊണ്ടു ലഭിച്ചൊരു-
പാത്രത്തിന്റെ മഹത്വമിതെന്നു,
വിപ്രന്മാരുമറിഞ്ഞു പലക്കെ-
ത്തൽപ്രിയസുഖമൊടുതത്ര വസിച്ചു.

ഹസ്തിരഥാദിസമത്ഥതപെരുകുമൊ-
രസ്തിനപുരിയിൽ പരിചൊടു വാഴും
ദുര്യോധനനും ദുശ്ശാസനനും
ദുവ്വാരിഷനും ദുർല്ലോരിഷനും
ദുർമ്മേധാവും ദുർമ്മോദനനും
ദുന്നീലകനും ദുശ്ശ്വശരനും
മിത്രങ്ങളുമായവരുടെ നല്ലക-
ളത്രങ്ങളുമായതി സുഖമോടെ
ചിത്തവിനോദത്തോടും പലപല
രാത്രിദിനങ്ങൾ കഴിഞ്ഞൊരു സമയേ
പെരുവഴിയൂട്ടിനു വന്നുകിടക്കും
പെരുവഴിപോക്കർ പറഞ്ഞുതുടങ്ങി;
താനെങ്ങുന്നു വരുന്നതു വിപ്ര!
ഞാനെന്നുടെ ദിശിയിന്നു വരുന്നു
തന്നുടെ ദിശിപുനരെന്തു വിശേഷം
എന്നുടെ പുരി ബത നല്ലവിശേഷം
ഇതുകാലം താനെവിടെ വസിച്ചു?
ഇതുകാലം ഞാൻ കാട്ടിൽ വസിച്ചു
കാട്ടിലിരുന്നാൽ ഭക്ഷണമെങ്ങിനെ?
നാട്ടിലിരുന്നാൽ ഭക്ഷണമെങ്ങിനെ
നാട്ടിൽ പലതരമൂട്ടുണ്ടല്ലോ?
കാട്ടിലുമിപ്പോളൂട്ടുതുടങ്ങി;
എന്തീവണ്ണമിതാരുടെ ധർമ്മം
കുന്തീതനയന്മാരുടെ ധർമ്മം
അരച്ചോ! ഭോഷ്കു പറഞ്ഞതുമതി മതി!
ദുര്യോധനനൊടു ചൂതിൽതോററു

നാട്ടും നഗരവുമങ്കം ചുങ്കം
വീട്ടും കുടികളുമെന്നിവയെല്ലാം
പാടെയുപേക്ഷിച്ചുളുവസിപ്പവ-
രിന്നുനിനച്ചാലുൾക്കഴിപ്പാ-
നെന്തൊരു മുതലവർ പക്കലിരിപ്പൂ?
ഹന്തഭോ നൊരു കരള പറഞ്ഞു
ചിന്തിച്ചാലിഹ ചിരിയാം വിവിധം
കരള പറഞ്ഞു ഫലിപ്പിക്കുന്നൊരു
പുരുഷൻ ഞാനല്ലെന്നുടെ വിപ്രാ!
കുന്തീതനയരുമെൺപതിനായിര-
മന്തണവരരും കൂടിച്ചെന്നൊരു
കാന്താരത്തിലകം പുക്കധികം
സന്താപപ്പെട്ടുഴലുംനേരം
കുന്തീതനയന്മാർ ദിനകരനെ
ചിന്തിച്ചാരു തപസ്സുതുടങ്ങി;
കാന്ത്യാമോഹനനാകിയ സൂര്യൻ-
മന്തികസീമനി വന്നു വിളങ്ങി
ശാസ്ത്രംകൊണ്ടും ദുർഗ്രഹനാകിന
ഗാത്രം പൂണ്ട ദിനേശനവർക്കൊരു
പാത്രം ദാനം ചെയ്തു വിശേഷം
മാത്രംകൊണ്ടു മഹീസുരവരരെ
എന്തോ വസ്തു ലഭിക്കണമെന്നാൽ
കുന്തികുമാരന്മാർക്കതു സർവം
ചന്തമിയന്ന ചട്ടിക്കിൽ കാണാം
എന്തൊരു വിസ്മയമസ്മാദികളെ!
ചോറും കറിയും ചാറും പുളിയും
നൂറു സഹസ്രം ജനമെന്നാലും
ചോറുകൊടുപ്പാൻ തടവില്ലേതും
ഭൂപതിമാരുടെ വല്ലഭയാകും
ദ്രൗപദി വേണമതൊക്കെ വിളമ്പാൻ
കൊററു കഴിഞ്ഞവൾ പോന്നാൽ പിന്നൊരു
വററുമവററിൽ കാണുകയില്ലാ
പോററികളന്തിക്കവിടെച്ചെന്നാൽ
നാററികളെന്നൊരു പേരുംകിട്ടും
നൂററവർ ചെയ്യൊരു കള്ളച്ചൂതിൽ
തോററു വനത്തിലിരിക്കുന്നവരുടെ
ചോററിനു പറകല്ലിന്നുനമതിലി-
ന്നേററം വിരുതു വിശേഷിച്ചില്ല;

പെരുവഴിപോക്കരുമൊരുദിശിയുള-
മിരുന്നു പറഞ്ഞൊരു വാക്കുകൾകേട്ടു
കുരുപതി പുനരസൂയയാ മനതാരിൽ
ഒരുതരമധികമസൂയ മുഴുത്തു
അമ്മാമൻ പുരോഹിതരോടും
ധൎമ്മാത്മജനും സോദരജനമാർക്കും
നമ്മെക്കാൾ സുഖമായി വനിയിൽ
ധൎമ്മം ചെയ്തിയലുന്നിതു പോലും
സൂര്യനവർക്കൊരു പാത്രം നൽകി
കാര്യമവർക്കു കണക്കിനു കൂടി
നിരുപമമാകിന പാത്രം മനസ്സിൽ
നിരൂപിക്കുന്നതശേഷവുമുണ്ടാം
കണ്ണാ!. നിന്നുടെ താതൻ സൂര്യനി-
വണ്ണമവർക്കു സഹായം ചെയ്താ-
നെന്തുപകാരം മകനെ പുന-
രെങ്കിലതങ്ങിനെ ചെയ്യുന്നുമില്ല
പട്ടികൾ പോലവർ കാട്ടിൻ നടുവിൽ
പട്ടിണിയിട്ടു കിടന്നുഴൽവാനായ്
ചെട്ടെന്നിങ്ങിനെ മനസി വിചാരി-
ച്ചിട്ടിഹ ചെയ്തൊരു കൈതവകൎമ്മം
ഒട്ടും ഹന്ത ഫലിച്ചതുമില്ലാ
ചെട്ടെന്നിനിയും വന്നവർ ചാടും
രാജ്യം പാതികൊടുക്കണമെന്നാ-
പൂജ്യന്മാരു വിധിച്ചു തുടങ്ങും
യോഗ്യമിതെന്നുമയോഗ്യമിതെന്നും
പൂജ്യന്മാർക്കു വിചാരവുമില്ലാ
നമ്മുടെ ചോറുണ്ണുന്നാജനത്തിനു
നമ്മെക്കുറവതരിമ്പില്ലിപ്പോൾ
ധൎമ്മാത്മജനുടെ പക്ഷക്കാരിവർ
നമ്മെപ്പേടിച്ചുരിയാടാതെ
ചുമ്മാ പാർക്കുന്നിതു കള്ളന്മാർ
അമ്മാവനുമിതറിഞ്ഞിട്ടില്ലേ?
നമ്മുടെ കാര്യക്കാരന്മാരില-
ഹമ്മതികൂടാതുള്ളവരില്ലാ;
ഉണ്മാൻവകയില്ലാഞ്ഞവർമുന്നം
ധൎമ്മക്കഞ്ഞികുടിച്ചുകിടന്നു
നമ്മുടെ ശുദ്ധതകൊണ്ടു വരുത്തി
സ്സമ്മാനിച്ചു സമീപത്താക്കി

ചെമ്മെ വാളുകൊടുത്താൻപിന്നെ
നമ്മെക്കൊള്ളാം ചൊന്നതവരേറം
എന്തിനുപലവഴി ഫലവതിപ്പാനതു
ചിന്തിക്ക നിസ്സാഹസന്മാരേ!
കുന്തീസുതരുടെ നിഷ്കൃതിക്കാ
ഒന്നൊരുപായമുരക്കെ നിങ്ങൾ?
ഭോജനസാധനമുണ്ടാകുന്നൊരു
ഭാജനമത്ര നശിപ്പാനൊരു വഴി
ഉണ്ടായ്‌വരുമാറാമുലരാത്താ-
ലുചിതമതിപ്പോൾ ചെയ്യേണ്ടാകിൽ.

ആനന്ദഭൈരവി— ചമ്പ.

ഇതിമനസി ചിന്തയാ വന്നു ദുൎയ്യോധനൻ
ക്ഷിതിശകുനികൎണ്ണരും തേരുമേറും വിധൌ
സപദിപതിനായിരം ശിഷ്യരും താനുമായ്
സകലദിശി സഞ്ചരിച്ചെന്നൊരു യോഗീശ്വരൻ
ദുരിതഹരദൎശനൻ ദുൎവ്വാസതാപസൻ
ത്വരിതമിഹമന്ദിരേ വന്നു കേറീടിനാൻ
സകലകനകാസനം നല്കിയിരുത്തിനാൻ
വചനമിദമോതിനാൻ വാരിജാരിപ്രിയൻ
ഹരിഹരസമൻ ഭവാനത്രഗമിക്കയാൽ
കരിപുരമിതെത്രയും ശുദ്ധമായിദ്ധ്രുവം
വിരവൊടു ഭവാനിനി സ്നാനകൎമ്മാദിയും
വിധിവിഹിതമൊക്കയും ചെയ്തുവന്നാദരാൽ
സരസമിഹ ഭിക്ഷയും ചെയ്തിട്ടു പോയിടുവാൻ,
ഇതിനൃപതിഭാഷിതം കേട്ടു യോഗീശ്വരൻ
മതിതളിൎത്തുള്ളിലും തൻശിഷ്യരോടുംകൂടാ
വിരവൊടു കുളിച്ചുതൻദേവകാൎയ്യങ്ങളും
പരമശിവപൂജയും ചെയ്തുവന്നീടിനാൻ.

പൊന്നുംതളികകളൊരുപതിനായിര-
മൊന്നു വിശേഷിച്ചതിരമണീയം
സ്വൎണ്ണക്കോരികകൊണ്ടതിലെല്ലാം
അന്നംവെള്ളവെളെയങ്ങുവിളമ്പി;
ഭിക്ഷയ്ക്കുള്ള പദാൎത്ഥമശേഷം
ശിക്ഷയിൽ വട്ടം കൂട്ടിമുനീശൻ
തൽക്ഷണമനവധിശിഷ്യരുമായി
ഭക്ഷണമങ്ങു കഴിഞ്ഞൊരുസമയേ
ശ്രീദുൎവ്വാസമുനീശ്വരനപ്പോൾ
പ്രീതിമുഴുത്തുടനരുളിച്ചെയ്തു

ഭേദംവേണ്ട സുയോധനനമ്മുടെ
ഭക്ഷണമെത്രമനോഹരമായി;
സമ്മാനിപ്പാൻ നിന്നെപ്പോലൊരു
ധൎമ്മികളില്ലിതു ബോധിച്ചാലും
എന്നാലിനി ഞാൻ പോകുന്നുതവ
നന്നായ്‌വരുമെന്നരുളിച്ചെയ്തു
കേട്ടുവണങ്ങീദുൎയ്യോധനനും.
കേവലമാഗ്രഹമൊന്നറിയിച്ചു
ജ്യേഷ്ഠൻ നമ്മുടെ ധൎമ്മതനൂജൻ
കാട്ടിലിരുന്നു തപംചെയ്യുന്നു
നാട്ടിലിരുന്നാൽ നാടുഭരിപ്പാൻ
നമ്മുടെ ജ്യേഷ്ഠനൊരാഗ്രഹമില്ല,
അഞ്ചുവെളുപ്പിനുണൎന്നുകുളിക്കണ-
മഞ്ചാതൊരു വിജനത്തിലിരിക്കണ-
മുച്ചയ്ക്കൊരുകുളി അന്തിക്കൊരുകുളി
നിത്യവുമിങ്ങനെ ജ്യേഷ്ഠനു നേമം
ഹോമം ജപവും പുഷ്പാഞ്ജലിയും
നാമജപങ്ങൾ നമസ്കാരങ്ങളു-
മിങ്ങിനെകഴിയും രാവും പകലും
എങ്ങിനെ കാൎയ്യം ക്ലേശിക്കുന്നു?
ബൌദ്ധന്മാരെക്കണ്ടാൽ ദേഹമ-
ശുദ്ധമതൊന്നു കുളിച്ചേപോവൂ
ശൂദ്രപുരിഷകളകലെനില്പാനം
ശുദ്ധിവരുത്തിവരുത്തിത്തന്നുടെ
ബുദ്ധിക്കൊരു വെളിവില്ലാതായതു
വൎദ്ധിക്കേപുനരുള്ളു മുനീന്ദ്ര!
എന്നതുകാരണമിവിടെ വസിച്ചാൽ
തന്നുടെ ദിനകൃത്യങ്ങൾ മുടങ്ങും
ഉണ്ണീ! പരിക സുയോധന! നീയും
കൎണ്ണനുമമ്മാവനുമായ് നമ്മുടെ
നാടും നഗരവുമങ്കം ചുങ്കം
വീടും കുടികളുമെന്നിവയെല്ലാം
ക്ലേശിച്ചിവിടെ വസിക്കനമുക്കിതു
ക്ലേശിപ്പാനെളുതല്ലെന്നിങ്ങിനെ
നമ്മുടെ ജ്യേഷ്ഠൻ നമ്മൊടു കല്പി-
ച്ചങ്ങു വനത്തിനു യാത്രയുമായി
അങ്ങിനെ ജ്യേഷ്ഠൻ കല്പിച്ചാൽ പുന-
രെങ്ങിനെ അടിയനുപേക്ഷിക്കേണ്ടു

ഭീമജ്യേഷ്ഠനുമെല്ലതല്ലിപ്പോൾ
ഭൂമിയെ രക്ഷിപ്പാനുള്ളുകൊണ്ടു
ശർമ്മമിതെല്ലാമിങ്ങു പിണഞ്ഞു
നേരംപോക്കില്ലിതു പരമാർത്ഥം
ജ്യേഷ്ഠനുമനുജന്മാരവർനാൽവർ
ജ്യേഷ്ഠത്തിയുമായ് കാട്ടിൽപോയി
ശാന്തിവിനോദത്തിന്നൊരുപന്തി
രാസ്സ്രിബ്രാഹ്മണർ കൂടെപ്പോയി
കാട്ടിലിരിക്കും പരിഷകൾക്കെല്ലാ-
മൂട്ടിനു വേണ്ടും സാധനമെല്ലാം
അരിയുംമോരും തൈരും പഴവും
കറിവയ്പ്പാനുള്ളിലകളയെല്ലാം
മടിക്കൂടാതെ സകലവുമവിടെ-
ക്കടിയൻ തന്നെകൊടുത്തുവിടുന്നു
നിന്തിരുവടിയും ശിഷ്യരുമായി
കുന്തികുമാരർ വസിക്കും വനമതിൽ
വെക്കമെഴുന്നള്ളേണമിതവരുടെ
സൽക്കാരം ബഹുമാനിക്കേണം
നിർമ്മലമാകിന സോമകുലത്തിനു
ധർമ്മജനല്ലോ നായകനായതു
അദ്ദേഹത്തെ യനുഗ്രഹിയാഞ്ഞാ-
ലടിയങ്ങൾക്കതു മതിയാകില്ല
അവിടെസ്സരസമെഴുന്നള്ളിപ്പുന-
രവരുടെ സമ്മാനത്തെ ലഭിച്ചുട-
നവരെയനുഗ്രഹമേകുവതിന്നവ-
കാശം വരുമെന്നാകിലിദാനീം
ഏറിയവിപ്രജനങ്ങൾക്കെല്ലാം
ചോറുവിളമ്പിട്ടുണ്ടിക്കുന്നതു
ദ്രൗപദിതാനെന്നുള്ളതുകേട്ടു
ഭൂപതികല്പനയങ്ങിനെപോലും!
എന്നാലവളുടെ ഭക്ഷണമങ്ങുക-
ഴിഞ്ഞേയവിടെയെഴുന്നെള്ളാവൂ
അല്ലെന്നാകിൽ വിശന്നു വലഞ്ഞവ-
രെല്ലാവർക്കും വേണ്ടും വണ്ണം
വെച്ചുവിളമ്പിട്ടുണ്ടിപ്പാനും
കൊച്ചുകുടുംബിനിയാളാവില്ല
കളിതേവാരം മറ്റൊരു ദിക്കിൽ
തെളിവോടു നിങ്ങൾകഴിച്ചുംകൊണ്ടു
കിളിമൊഴിയാളുടെ കൊററ കഴിഞ്ഞെ
ന്നുളവാകണ്ടാലവിടെച്ചെല്ലാം.

ഇത്ഥം പറഞ്ഞു കുരുപുത്രൻ കൈതവത്താൽ
ശുദ്ധൻ മുനീന്ദ്രനപ്പോൾ തരം വിചാരിച്ചില്ല;
സത്യമെന്നോർത്തുകൊണ്ടങ്ങത്യന്തമാദരത്തോടും
യാത്രയും ചൊല്ലിമെല്ലെയാത്ര തുടങ്ങിത്തന്റെ
ശിഷ്യന്മാരോടുകൂടിപ്പുറപ്പാടനേക
കാടും മലയും കുന്നും തോടും കടന്നു സുഖ-
മോടുമയിലുകളും പാടും കുയിലുകളു-
മോടും മുയലുകളും ചാടും തക്കടങ്ങളും
ഓടും വരാഹങ്ങളും മാനും മഹിഷങ്ങളും ചെ-
ന്നായും നൽസിംഹങ്ങളും രാവും പകലുമിരു-
ട്ടായുള്ളദിക്കുകളും;

ഇങ്ങിനെയുള്ള പ്രദേശമശേഷവു-
മങ്ങുകടന്നു കടന്നുമുനീന്ദ്രൻ
കുന്തികുമാരർ വസിക്കും വനമതി-
ലന്തികസീമനി ചെന്നു പുക്കെ
ദിവ്യൻ മുനികുലവര്യൻ തന്നുടെ
ദിവ്യമതാകിനനേത്രംകൊണ്ടു
സൂക്ഷിച്ചപ്പോൾ ദ്രൗപദിതന്നുടെ
ഭക്ഷണമങ്ങു കഴിഞ്ഞതറിഞ്ഞു
ലക്ഷണമുള്ള ജനത്തിനു തെല്ലു
നിരീക്ഷണമെന്നതിതെന്തൊരു ബന്ധം
പത്തുസഹസ്രം ശിഷ്യന്മാരൊടു
മൊത്തുമഹാമുനിദുർവ്വാസാവും
മന്നവവരനാം ധർമ്മാത്മജനുടെ
മുന്നിലെഴുന്നള്ളീടിന സമയേ
ശീഘ്രം നരപതിധർമ്മതനൂജൻ
ദീർഘനമസ്കൃതിചെയ്തുവണങ്ങി
അന്തണരും പുനരമ്പതിനായിര-
മന്തികസീമനി ചെന്നുവണങ്ങി
നിർമ്മലമാനസനാകിനഭൂപതി
ധർമ്മതനൂജൻ തൊഴുതുരചെയ്തു
ആനന്ദാമലമൂർത്തേ! ഭവതഃ
സ്നാനംചെയ്തുവരാനെഴുന്നള്ളാം
പാനംഭോജനമെന്നിവകൊണ്ടൊരു
ദീനമശേഷമൊഴിഞ്ഞല്ലാതെ
കുശലപ്രശ്നം തരമല്ലിപ്പോ-
ളശനാനന്തരമല്ലോ ഉചിതം

നരപതിവാക്കുകളിതു കേട്ടു മുനീന്ദ്രൻ
വിരവൊടു ശിഷ്യസമൂഹത്തോടും
ഗിരിവരനദിയതിൽ സ്നാനം ചെയ്വാൻ
പരിചിനൊടെഴുന്നെള്ളുന്നേരം
ദ്രുപതിവരനാം ധർമ്മജൻ
ദ്രൌപദിയോടു വിളിച്ചുരചെയ്തു
പാഞ്ചാലാധിപതനയേ! നമ്മുടെ
വാണരുളീടുമിപ്പുളിനതലേ
ശ്രീദുർവ്വാസാവന്നു മുനീശൻ
ശ്രീപതിഭക്തന്മാരിൽ മുമ്പൻ
പത്തുസഹസ്രം ശിഷ്യന്മാർക്കും
ക്ഷുത്തും ദാഹവുമധികമവർക്കു
നമ്മുടെ സുകൃതം കാരണമവരെ
സമ്മാനിപ്പാൻ സംഗതിവന്നു
സ്നാനംചെയ്തിഹ വേഗം വരുവാൻ
ഞാനങ്ങവർകളെ യാത്രയുമാക്കി
ദേവാരത്തിനു പൂവും ചന്ദന-
മിവകളൊക്കെയൊരുക്കീടേണം
നൈവേദ്യത്തിനു പാല്പായസവും
നെയ്യും ശർക്കരകദളിപ്പഴവും
ഭിക്ഷയ്ക്കുള്ള പദാർത്ഥമശേഷം
ശിക്ഷയിൽ വട്ടം കൂട്ടീടേണം
നല്ലൊരു ശിഷ്യന്മാർക്കും സാദര-
മിലയും വച്ചിഹ പാർത്തീടേണം
കല്പനയിപ്പടി കേട്ടനേരത്തിൽ
തീപ്പിടിപെട്ടു കണക്കെ ദ്രൌപദി
തന്നുടെ പതിയെത്തൊഴുതും കൊണ്ടു
നിന്നുവിറച്ചു പറഞ്ഞു തുടങ്ങി
അയ്യോ കഷ്ടമൊരമളിപിണഞ്ഞു
പൊയ്യല്ലെന്നുടെ ഭുക്തികഴിഞ്ഞു
ഇനിയൊരു വസ്തുവുമിദ്ദിവസം മമ
ജനിയാശിവശിവ! കിംകരണീയം
കോപശരീരനതാകിയമാമുനി
ശാപമഹാഗ്നിയിൽ നമ്മുടെ വംശം
സപദിശപിച്ചിഹ ഭസ്മമതാക്കും
വ്യവസിതമയ്യോ സർവ്വവിനാശം
ദുർവ്വാസാവു ശപിച്ചാൽ പിന്നൊരു
നിർവ്വാഹവുമില്ലെന്നുടെ കാന്താ!
തവസാപത്ന്യൊരുമാമനിമിത്തം

സുരസംഘത്തസ്സപദിശപിച്ചു
ജനവും ധനവും പുത്രവരെല്ലാം
നരകക്കുഴിയിൽ ബഹുബഹുകാലം.
അങ്ങിനെയുള്ളൊരു ദുർവ്വാസാവിനെ
ഇങ്ങിനെയാക്കിത്തീർത്തതിനിപ്പോ-
ളെങ്ങിനെയിനിഞാൻ വേണ്ടുവിധാനം
ഇങ്ങിനെകണ്ണടച്ചുകൃശോദരി
തിങ്ങിനവേദനയോടുംകൂടി
മംഗലമൂർത്തിമുകുന്ദനെയങ്ങവൾ
മങ്ങാതൻപൊട്ടുസേവതുടങ്ങി.

ദ്വിജാകല്യാണം — ചമ്പ

ആഹാമുകുന്ദ മമ മോഹാംബുരാശിയുടെ
മാഹാത്മ്യമെന്തു തവ ദീനബന്ധോ!
ദുശ്ശാസനൻപണ്ടു ദൂഷണം ചെയ്തൊഴിൽ
വിശ്വനാഥാ! ബത കഠിനം അതികഠിനം
അന്നു തവ കരുണകൊണ്ടുനിന്നു പൊറുത്തടിയൻ
ഇന്നതിലധികമാപ്പന്നവല്ലോ
രാധാപതേ! നിരാധാരയാകുമെന്റെ
ബാധയൊഴിച്ചരുൾക വാസുദേവാ!

മുറിയടന്ത.

പാഹിപാഹി പങ്കജാക്ഷ!
പാഹിപാഹിപത്മേക്ഷണാ
പാഹിപാഹിപത്മാകാന്താ പാലയശൌരേ!
ഇങ്ങിനെകണ്ണടച്ചുകൃശോദരി
തിങ്ങിനവേദനയോടുംകൂടി
മംഗലമൂർത്തിമുകുന്ദനെയങ്ങവൾ
മങ്ങാതൻപൊട്ടുസേവിച്ചപ്പോൾ
നന്ദാത്മജനായുള്ളമുകുന്ദൻ
വന്നവളോടിദമരുളിച്ചെയ്തു.

ദേവകടരാഗം—മുറിയടന്തതാളം.

വാരണഗാമിനീ! ഭാമിനീ! പാഞ്ചാലീ!
വാരിജചാരുമുഖീ! മമ
പാരം വിശക്കുന്നു പാത്രത്തിലേതാനു-
മുണ്ടെങ്കിൽതന്നാലും നീ:
ക്ഷുത്തുശമിപ്പിച്ചയയ്ക്കണമെന്നെ നീ
യുത്തമരാജസുതേ! ഇനി-
ക്കത്താഴമുണ്മാൻകഴിവന്നില്ലിന്നലെ
സത്യം പറയുന്നു ഞാൻ.

വെള്ളംകുടിയാഞ്ഞെൻവള്ളമുരുകുന്നു
കള്ളംപറകല്ലെടോ ഇനി-
ക്കള്ളമേ ചൊവതന്നാൽമതിപിന്നെശേഷംഞാൻ
വെള്ളംകുടിച്ചുകൊള്ളാം
നന്ദകുമാരക! ഇന്ദീവരേക്ഷണ!
യിന്നുഞാൻഭക്ഷിച്ചുപോയിയിനി
അന്നമിപ്പാത്രത്തിലുണ്ടായ്‌വരികയി-
ല്ലെന്നുദിനേശവാക്യം
പാത്രമെടുത്തിങ്ങുകൊണ്ടുവരികനീ
പാർഷതി വൈകീടാതെ
അത്രമാത്രമെന്നാകിലുമന്നമ-
വററിലുണ്ടായ്പുരുമെനിശ്ചയം
പാത്രമെടുത്തവൾനോക്കുന്നനേരത്തു
പററിക്കിടന്നിട്ടന്നശാകപത്രമെടുത്തു
ഭുജിച്ചുജലവുംകുടിച്ചുഗമിച്ചുകൃഷ്ണൻ
പാത്രേപററിയ ചീരയിലക്കറി
മാത്രമെടുത്തുഭുജിച്ചുമുകുന്ദൻ
യാത്രയുമരുൾചെയ്യാതെഗമിച്ചുദു-
മോർത്താലെന്നുടെ ദുരിതംതന്നെ;
ഭർത്താവവരെസ്നാനംചെയ്വാൻ
യാത്രയയച്ചതുമോർത്താലുചിതം
ക്ഷേത്രോപാസികളിവിടെവരുമ്പോൾ
പാത്രേഭോജനമൊന്നുംനാസ്തി
ഗോത്രാരിപ്രതിമൻ മുകിൽവർണ്ണൻ
മാത്രംരക്ഷന്മാമിവിടധുനാ
ഏവംചിന്തിച്ചുടനേ ദ്രൗപദി
താപംപൂണ്ടുവസിക്കുംസമയേ.

കാനക്കുറത്തി— ചമ്പ.

തത്രമുനിപുംഗവൻ ശിഷ്യരോടുംമുദാ
വനനദിയിൽനിന്നുകുളിച്ചുപൊങ്ങുംവിധൌ
സപദിബഹുഭക്തികൊണ്ടത്യന്തതുഷ്ടരായ്
മാമുനീന്ദ്രന്മാർക്കിതെന്തൊരുവിസ്മയം
മധുരരസമന്നവും പൂവൻപഴങ്ങളും
മതിതളിർത്തൊളിവൊത്തപാല്പായസങ്ങളും
കറിപലതുമധുദധിയുമധികമവർകുക്ഷിയിൽ
മാനസാനന്ദംവിളമ്പിനിറഞ്ഞിതാർ
അതിചപലതരമതിദുര്യോധനൻതന്റെ
കൈതവംമൂലമുളവാമനവധിമായകൾ
ആതികംപടുസുരാധാർത്തരാഷ്ട്രാദികൾ
നാശമാകെന്നുശപിച്ചുമുനീന്ദ്രനും
അപ്പൊഴുതുയമനിയമാനന്ദമൂർത്തിയും
പാണ്ഡവന്മാർ പർണ്ണശാലാഗതരായി

പാർത്ഥിവമകുടശിരോമണിധർമ്മജ-
നാർത്തിയോടും നിജസോദരരോടും
ഭാമിനിയോടും മാമുനിതന്നുടെ
കഴലിണഭൂമിയിൽവീണുവണങ്ങി
കാരുണ്യാംബുധിയായ്മുനിവരനും
ഭാരതഭൂപതിതന്നുടെമുടിയിൽ
പരമാനന്ദമനുഗ്രഹമേകി-
പ്പരമേശോത്ഭവനിദമരുൾചെയ്തു
തുംഗപരാക്രമരാശേ! നൃപവര
മംഗലമാശുഭവിക്കനിനക്ക്
മംഗലമൂർത്തിമുകുന്ദനനിങ്ങളി-
ലങ്ങുളവാകിയവാത്സല്യത്താൽ
ഇംഗിതമൊക്കെലഭിച്ചെന്നുള്ളതു-
മിങ്ങുധരിച്ചേൻ ധർമ്മതനൂജ!
പതിവ്രതയാളേ! പാഞ്ചാലി? യവർ
ചതിവുപറഞ്ഞതറിഞ്ഞില്ലാ ഞാൻ
സോമകുലാവനിരമണന്മാരുടെ
കാമവിലോചിതമാശു ലഭിക്കെ-
ന്നാമോദം വരുമാററരുൾചെയ്തു
താമസമെന്യേയത്രപറഞ്ഞു
ശിഷ്യന്മാരൊടുമൊരുമിച്ചമ്മുനി
തുഷ്ട്യൻമെല്ലെമറഞ്ഞാനപ്പോൾ.

ഇതിപാത്രചരിതം ഓട്ടൻതുള്ളൽ സമാപ്തം.

സന്താനഗോപാലം

ഓട്ടൻതുള്ളൽ.

വെള്ളിക്കുന്നിലമർന്നീടുന്നഭഗവാൻ
വെള്ളപ്പുള്ളുകാളയും
വെള്ളം നല്ലൊരു വെള്ളെരുക്കിവ ജട-
യ്ക്കുള്ളിൽ സദാ ചൂടുവോൻ
എള്ളോളം തിരുവുള്ളമെന്നിലധുനാ-
തുള്ളക്കഥയ്ക്കേകുവാൻ
കിള്ളിക്കർശ്ശിയമന്നദേവമനിശം
കള്ളം വിനാ ഭാവയേ.

സന്തതിധനധാന്യാദിസമസ്തം
ചിന്തിച്ചതു പോലാശുകൊടുക്കും
സന്താനദ്രുമമാകിയ സന്തതി
ഗോപാലം കഥയതു കഥനീയം
അതിമോദത്തൊടുരചെയ്യാമതു
മതിമാന്മാർ കേട്ടരുളുകവേണം
മൽകൃതികൾക്കൊരു പിഴവന്നാലും
സൽകൃതിയെന്നിഹ വരുവതിനായി
സുകൃതികളാകിയ കൃതികളെയിന്നു
നമസ്കൃതിചെയ്യുന്നെല്ലാവരെയും
വികൃതിപറഞ്ഞു നടക്കും ദുർജ്ജന
നികൃതികൾകൊണ്ടൊരു കുസലുമില്ല
നാരായണനുടെ കഥപറയുമ്പോ-
ളൊരു ദോഷം വന്നെന്നാലും
പോരായ്മകളില്ലെന്നതു കൊണ്ടാ-
ധീരതയുള്ളിൽ വളർന്നീടുന്നു
കാരണപൂരുഷനാകിയ ഭഗവാ-
നാരണപൂജിതനതിസുകുമാരൻ
കാരുണ്യാലയനച്യുതനർജ്ജുന
സാരഥിഭക്തപ്രിയനാം കൃഷ്ണൻ
ഈരെണ്ണായിരവും പുനരെട്ടും
ദാരങ്ങളുതാം തരുണികളോടും
ദ്വാരകയെന്നമഹാപുരിതന്നിൽ
സ്വൈരം വാണരുളീടിനകാലം
ശതമുഖസുരവന്ദ്യൻ കൃഷ്ണൻ
വിരവൊടു ഹയമേധം ചെയ്വാനായ്
ചിതമൊരുയജനപുരാദികൾ തീർത്തി-
ട്ടതിനു പ്രയത്നം ചെയ്തു തുടങ്ങി
ജ്യേഷ്ഠനതാം ബലഭദ്രനൊടും പരി
തുഷ്ടന്മാരാം വൃഷ്ണികളോടും
ഇഷ്ടന്മാരിൽ ശ്രേഷ്ഠനതായ യു-
ധിഷ്ഠിരസോദരനാം സഖിയോടും
എട്ടും നിജപതിനാറായിരവും
മട്ടോൽ മിഴിമാർ പെറവുളവാകും
എട്ടുസഹസ്രം മക്കളൊടും പരി-
തുഷ്ടപ്രാഗേഹം പുക്കതിമോദാൽ.
സദ്യൂത്തമിപ്പാനനിരുദ്ധാദികൾ
തട്ടിശിപോകെന്നവരെയയച്ചു
ശ്ലാഘ്യതപെരുകിനമാമുനിവരനുടെ
യോഗ്യതപോലെയിരുത്തിയഥാവൽ
യാഗത്തിന്നായ് വന്നൊരുനരവര
യോഗത്തോടു മിരുത്തിമുകുന്ദൻ
അന്തണവരരുമസംഖ്യം വന്നി-
ട്ടന്തികസീമ്നിയിരുന്നു തുടങ്ങി
അടിതിരിയക്കിത്തിരിചോമാതിരി-
പട്ടേരിമ്പ്രാൻ നമ്പൂതിരിയും
പട്ടന്മാരും കുട്ടികളൊരുവക
വട്ടം പറവാൻ കാലം പോരാ
മററും പല പല സാധുജനങ്ങളു-
മററം കൂടാതസ്സുടതന്നുടെ.
പുററം വന്നു നിറഞ്ഞു ശശിയുടെ
ചുററും നക്ഷത്രങ്ങൾ കണക്കേ.
ഏററം ഘോഷിച്ചങ്ങിനെ ജഗതീ-
പോററിയുമവിടെയിരുന്നരുളുമ്പോൾ
തത്രസമീപത്തുള്ളൊരു ഭൂസുര-
സത്തമനും പുനരന്തർജ്ജനവും
എത്രകൊതിച്ചിട്ടുണ്ടായ് വന്നൊരു

പുത്രൻ ചത്തു പിറന്നു യാദയാം
അത്തലോടദ്വിജവരനും തന്നുടെ
ഹസ്തതലത്തിലെടുത്തു കുമാരനു
ഉത്തമപൂരുഷപദാംബുജസേവക-
നുത്തമമാകിനവക്ഷസിതാഡി-
ച്ചുച്ചത്തലിവണ്ണം ശിവ ശിവ!
പത്തിരുന്നുരുവിലാപിച്ചിട്ടു
ചിത്തവിഷാദാൽ ചൊന്നാനപ്പോൾ

പദം.

ഹന്തഹന്ത മുരാന്തകബന്ധുരാംഗദയാരാശേ
ബന്ധമെന്തെനിക്കിവണ്ണം സംഭവിപ്പാനും
വിപ്രകർമ്മം പിഴയാതെകിൽബിഷാംശമണയാ
ചിൽപൂരുഷാർച്ചനസേവലുപ്തമാക്കാതെ [ാതെ
കൃഷ്ണകൃഷ്ണ! എന്നല്ലാതെ ത്വ...യെന്യേയെന്മാനസ്സി
വൃഷ്ണിവംശശിഖാമണേ! ചിന്തയില്ലമേ [ൽ
പാലയകൃപാലയലോകാലയഗുണാലയമാം
വേലയില്ലഭവാനോർത്താൽപാലനമസ്തു
ഇത്ഥംദുഃഖിച്ചുപുനരുത്ഥാനംചെയ്തുവിപ്രൻ
പുത്രനെയുമെടുത്തുപ്രസ്ഥാനംചെയ്തുശീഘ്രം
പേർത്തുശയിച്ചുദുഃഖമോർത്തുശരീരംപാരം
നേർത്തുംആനനംപാരംവീർത്തുംകണ്ണുനോട്ടുക-
യർത്തുംകണ്ണുനീരൊട്ടുവാർത്തുംകൈകൊണ്ടുകൂടെ
തോർത്തുംഭാര്യെടെദുഃഖമോർത്തും പാരാതെയാത്ര
പേർത്തുംപറഞ്ഞുശീഘ്രംആർത്തനായ്പുറപ്പെട്ടു
സത്യസ്വരൂപനാം ശ്രീകൃഷ്ണന്റെമുമ്പിൽകൊ
സ്താരംവച്ചുനിജപുത്രന്റെയുമദ്ദേഹം [ണ്ടായ്
നിരക്കുംപന്തിയിൽചെന്നങ്ങിരിക്കും നിർമ്മല
ന്മാരാ-
യിരിക്കുംമാലോകർക്കുള്ളമെരിക്കുംകന്മഷത്തെ
സം-
ഹരിക്കുംമാലോകർ മറവുള്ളവർക്കുംഗൂഢമാനസ-
മിരിക്കുംശോകവഹ്നിയിൽ ദഹിക്കുംബ്രാഹ്മണ
നെന്നു
തടിക്കുമാറെല്ലാവരുംഅടിക്കുംകൈകൊണ്ടുമാറ്-
ത്തടിക്കുംപൊടിയാംവണ്ണമിരിക്കും ഒച്ചകൾ
കൊണ്ടും
തുടങ്ങുംപൊഞ്ഞങ്ങുമിങ്ങുംനടക്കുംഉണ്ണിയെമാറ്റു-
ത്തെടുക്കുംകണ്ണുകൊണ്ടുകൊട്ടുക്കും കാൽത്താ
രിൽവീണു
കിടക്കുംകാലിണകെട്ടിപ്പിടിക്കും ഉണ്ണീടെ
ജീവൻ
കിടപ്പുംഎന്നുള്ളഭാവംനടിക്കുംഭൂസുരൻതന്റെ
തിട്ടുക്കമിങ്ങനെകഷ്ടം!
ദുഷ്ടമാനസരാകും ഭൂസുരരെല്ലാവരും
ഞെട്ടുമാറുരചെയ്തീടിവെട്ടും നാദംപോലെ.

പാരംപരവശമാകുമെൻപീഡകൾ
നേരംപോക്കായ്ത്തീർന്നിനക്കും
മരണമടുത്തപുമാനുടെശ്വാസവി-
കാരംകണ്ടുരസിക്കുംപോലെ
നാരികൾനാലഞ്ചുണ്ടല്ലോതവ-
പുത്രന്മാരുമുന്നാലില്ലെ
കർക്കശമാനസഞങ്ങളുമിങ്ങനെ
ദുഃഖിച്ചിട്ടുകിടപ്പാറെന്നോ?
എണ്ണുകിലെത്താതുള്ളൊരുനിന്നുടെ
പെണ്ണുങ്ങൾക്കുപ്രതിപ്രതിയനവധി
യുണ്ണികളുംപെണ്ണുങ്ങളുമുള്ളതി-
ലൊന്നിനുമില്ലൊരുസൌഖ്യക്കേടു
കണ്ടാലമ്പതുമറുപതുമൊരുദിന-
മുണ്ടാകുന്നുനിനക്കുസുതന്മാർ
കൊണ്ടാടിക്കൊണ്ടവരെപ്പുരിചൊടു
കണ്ടുരസിച്ചും കൈകളിലാക്കി
കുണ്ഠതതീർന്നുവസിച്ചീടുംവൈ-
കുണ്ഠാ! നിന്നുടെ നാട്യംകൊള്ളാം
വിപ്രന്മാരുടെ ദുഃഖംകണ്ടാൽ
ഉൾപ്പൂവിങ്കൽ കൃപയില്ലാതൊരു
ദുഷ്പ്രഭുവേനീയെന്നറിഞ്ഞാൽ
ക്ഷിപ്രംനിന്നെശപിക്കും ഞാനും?
കുഴലുവിളിച്ചുരസിപ്പാൻകൊള്ളാം
തോഴിയെവിളിച്ചുനടപ്പാൻകൊള്ളാം
ചേലകൾകട്ടുനടപ്പാൻകൊള്ളാം
പാലുകവർന്നുഭുജിപ്പാൻകൊള്ളാം
അംഗനമാരെയൊളിപ്പാൻകൊള്ളാം
ഇങ്ങിനെയുള്ളതിനൊക്കെക്കൊള്ളാം
പാർത്ഥിവധർമ്മംതിരിയാതുള്ളൊരു
ധൂർത്തമതേ! യീവണ്ണംരാജ്യ-
ത്താർത്തിവളർന്നുകാത്തുവസിച്ചാൽ
കീർത്തികളും തിറമായിത്തീരും.

നാട്ടിലിരിക്കുന്നൊരുനാനാജനത്തിൻെറയും
പാട്ടിലിരിക്കുംദ്രവ്യംപാദകരസ്ഥമാക്കി
വീട്ടിലിരുന്നാരോരോഗോഷ്ഠികൾകാട്ടുംനി-
ന്നൂട്ടിക്കുവാനമീനാട്ടിലാരുമില്ലല്ലോ. [ന്ന

അന്യായംപലതിങ്ങനെ ബ്രാഹ്മണ-
നന്യായംവച്ചുരചെയ്തിട്ടും
മനുവവരനതിനുത്തരമായി-
ട്ടൊന്നുംതന്നെയുരിയാടീലാ
ഘനതപൂണ്ടവരന്യന്മാരായ്
നിന്നസഭാജനമഹാജനമെല്ലാം
എന്നാ! വിസ്മയമെന്നുവിചാരി-
ച്ചന്യോന്യം ചിലവാക്കുതുടങ്ങി
ഈരേഴുലകിനുവേരായ്മരുവിന
നാരായണനും നരനുംകൂടി
പാരാതിവിടെയിരുന്നരുളുമ്പോൾ
ഘോരരേവന്നൊരുഭൂസുരനിങ്ങിനെ
ഘോരമുള്ളതുചൊന്നതുമല്ലൊരു
നേരായ്‌വരുമോ, യെന്നുചിലരു്
നിരസനമതാൻകാട്ടീട്ടുണ്ടോ
സാമസനേനൊടെന്നുചിലരു്
മാരണദേവതകൊല്ലുക യാവല
ബാലകമരണമിതെന്നുചിലരു്
മാരണദേവതകൊല്ലുന്നതിനു
നിവാരണമുണ്ടോ എന്നുചിലരു്
കുട്ടികൾചത്താലിവിടെക്കൊണ്ടുവ
കെട്ടിക്കൊണ്ടുവരേണ്ടശവത്തെ
ഭൂസുരവരരുടെ ചുടലക്കളമോ
ഭാസുരമാമിദ്വാരകനഗരം
അളമല്പിതുമല്ലിങ്ങിനെയല്ല
മതിസംശയമതുനിശ്ചയമാക്കാം
ആറുംരണ്ടും ചത്തസുതന്മാ-
രാരെക്കാട്ടിസ്സംശയമാററി
ബലഭദ്രാർജ്ജുനനാദികളാലൊരു
ഫലമില്ലാതായ്‌വന്നെന്നും ചിലർ
പലരുംപലവിധമുരചെയ്യുന്നതു
ബലരാമൻകേട്ടിട്ടുരിയാടീലാ
കലിശായുധസമനാകിയഭൂപതി
കലമണിമകുടമഹാമതിവിജയൻ
കലിശംപോലെകഠോരവചസ്സുകൾ
കലശലൊടിങ്ങനെകേട്ടദശായാം
വളരുംകോപമടക്കരുതാഞ്ഞക-
തളിരുംകൂടെവിറച്ചുതുടങ്ങി
വളരുംതോട്ടിയുമാദരിയാതൊരു
കളഭംനിന്നുമദിക്കുംപോലെ
ബലവീര്യാംബുധിവിജയൻനിജകല
ചിലയുംകൈയിലെടുത്തുപതുക്കെ
പലപലവിരുതുകളവിടെനടിച്ചു
ഘനജനമദഹാനാകിയവിജയൻ
ദുഃഖംപൂണ്ടുകിടക്കുംദ്വിജനെ
കൈക്കുപിടിച്ചെഴുനേല്പിച്ചുടനേ
ഭക്തിയൊടേദ്വിജവരനെത്തൊഴുതു
സ്വശക്തിനടിച്ചുപറഞ്ഞുതുടങ്ങി

ദുഃഖംകൊണ്ടുള്ളതുപോരും മേലിൽ
സൌഖ്യംവരുത്താൻ ഞാൻപോരും
ഇക്കഥകേട്ടിട്ടാരുമിളകാതെ
നില്ക്കുന്നതെന്തിതുധിക്കാരമല്ലയോ (ദുഃഖം)
ഇന്നിയൊരുണ്ണിയുണ്ടാകുമെങ്കിൽ
വന്നുരക്ഷിച്ചുതരുന്നേൻ
പന്നഗഭൂഷണകാരുണ്യംകൊണ്ടിപ്പോൾ
ഒന്നുംനമുക്കുകഴിയാത്തതില്ലഹോ! (ദുഃഖം)
പാരംപരിതാപത്തോടെയുള്ള
ഗീതകളിങ്ങനെകേട്ടാൽ
പൂരുകുലത്തിൽപിറന്നവനായൊരു
പൂരുഷനെങ്ങുംസഹിക്കയില്ലേതുമേ! (ദുഃഖം)
പാർത്തലമൊക്കെനിറഞ്ഞോരെൻെറ
കീർത്തികൾകേട്ടിട്ടില്ലയോ
മൂർത്തികൾമൂന്നുംമറുപക്ഷത്തായാലും
രക്ഷിപ്പാൻബാലരെൻെറപൃതനാണഞാൻ (ദുഃ)

ഇത്തരമുള്ളൊരുവാക്കുകൾകേട്ടു
കയർത്തുപറഞ്ഞുടനർജ്ജുനനോടേ
മതിമതിനിന്നുടെഗർവുകളെല്ലാം
ചതിവുകളുംഞാനറിയും മൂഢാ!
ക്ഷിതിപതിമാരുടെദുസ്സാമർത്ഥ്യം
ക്ഷിതിസുരവരരൊടുകൂടുകയില്ല
അക്കടൽവർണ്ണനുമഗ്രജനും പുന-
രിക്കണ്ടാളുകൾമററുള്ളവരും

ദുർഘടമാകിയകാര്യമതെന്നു
നിനച്ചീടുവരാൽ സാദ്ധ്യവുമല്ല
ആനപിടിച്ചാലിളകാത്തൊരുതടി
ശൌവിനെക്കൊണ്ടു ഗമിക്കായ്‌വരുമേ
ഊററക്കാരന്മാരാംനിങ്ങളെ
ന്നൂററുവരാട്ടിപ്പായിച്ചുന്നു
ഊററംകൊണ്ടൊരുഫലമില്ലാതെ
തോററുമടങ്ങാനെന്തൊരുബന്ധം
ഏണവിലോചനയാളാമെന്നുടെ
മാനിനിയെപ്പിടിപെട്ടനരായം
ദീനതയെന്നിയെ ദുശ്ശാസനനവ-
മാനമതോരോന്നേ ചെയ്യുമ്പോൾ
നാണംകൂടാതവിടെവസിച്ചതു
ആണുങ്ങൾക്കിഹയോഗ്യമതാമോ
അക്ഷൌണീസുരനാഥനിവണ്ണമ-
ധിക്ഷേപിച്ചുപറഞ്ഞതുകേട്ടു
വീര്യപരാക്രമശാലിയതായ
കിരീടിയുമപ്പോളേവം ചൊന്നാൻ
കഷ്ടംഭൂസുരനിത്ഥമുരപ്പാ-
നൊട്ടുംമടിയില്ലാത്തതുമെന്തേ
കേട്ടിട്ടില്ലേഭൂസുരനെന്റെ
വിചേഷ്ടിതമൊട്ടുമറിഞ്ഞിട്ടില്ലേ
മാരുതനന്ദനസോദരനായ
മഹാരഥനർജ്ജുനനെന്നറിയേണം
കാട്ടാളാകൃതിപൂണ്ടൊരുഹരനൊ
കാട്ടിയഘോരപരാക്രമമെല്ലാം
കിട്ടിനമുക്കിഹപാശുപതാസ്ത്രം
ഒട്ടംദ്വിജവര കേട്ടിട്ടില്ലേ?
പാഞ്ചാലനൃപാലനോടേററു ര-
ണംചെയ്താശുജയിച്ചുപിടിച്ചഥ
കെട്ടിയെടുപ്പിച്ചെന്നുടെഗുരുവിനു
പുഷ്ടകുതൂഹലദക്ഷിണചെയ്തു
വമ്പന്മാരാംനൃപതിമാരവർ
ഡംഭുംകാട്ടിഞെളിഞ്ഞങ്ങവരുടെ
ഡംഭത്തരവും വമ്പത്തരവും
കൊമ്പത്തരവും മുമ്പത്തരവും
ചീമ്പിട്ടാശുമടക്കിദ്രൌപദി
തൻപാണിഗ്രഹണോത്സവകാലേ

യന്ത്രംഭേദിച്ചാവേളികഴിച്ചതു
മന്തണനാഥാ! കേട്ടിട്ടില്ലേ
യാദവകേളിയതെന്നാമഹാവിധി
മാധവീഹരണംകേട്ടിട്ടില്ലേ?
സുരലോകേ ചെന്നമരാരികളാം
അരിയനിവാതകവചന്മാരേ
വിരവിൽവധിച്ചൂടവരെവരിച്ചു
വിവശംമൊഴിച്ചുപുരിയിലയച്ചു
കേൾക്കദ്വിജേന്ദ്ര! വിരാടനൃപന്റെ
പശുക്കളെയൊക്കെഹരിച്ചതുമൂലം
ഭീഷ്മദ്രോണകൃപാചാര്യന്മാർ
ഭീഷ്മപരാക്രമരാമവർ പലരും
പോരിനുവന്നവരോടു പിണങ്ങി
ധീരതയോടുടനവരുമടങ്ങി
അപ്പുത്രവൃന്ദമശേഷം വീണ്ടി-
ട്ടവ പൃഥിവീവരനാശുകൊടുത്തു
ഭാരതമാകിനപോരതിലേറാം
ധീരതപൂണ്ടമഹീപതിമാരെ
നേരതിലാരിയെതിർത്തു ജയിച്ചോരു
വീരൻ വിജയൻ ഞാനറിയേണം
ലോകാധീശ്വരനാകിയ ഭഗവാൻ
ശ്രീകൃഷ്ണപ്രിയനഹമറിയേണം
തന്റെ വലിപ്പം താൻപറയരുതത്രെ
കൊണ്ടുമിതിങ്ങറിയാഞ്ഞിട്ടല്ലാ
ധാത്രീസുരരുടെ ദുഃഖംകാൺമതു
ക്ഷത്രിയനൃപർക്കുചിതവുമല്ല
അതിനുശ്രമിച്ചാലവരെ ദുഷിപ്പതു-
മനുചിതമയിതവഭൂവനസുരേശാ!
സംശയമൊട്ടുംവേണ്ടമഹേശ്വര
വംശപരാക്രമപൊയ്യോ നാലും!
പത്താംതനയനെരക്ഷിപ്പാൻ ഞാ-
നിത്ഥം ചൊല്ലിയ സത്യഗിരംമമ
വ്യർത്ഥമതാകിലരക്ഷണനാം ഞാ
പാർത്തിരിയാതതിനുടനേ ഞാനാം
കയ്യിലിരിക്കും ഗാണ്ഡീവമൊടും
തീയ്യിൽ ചാടി ദഹിച്ചീടുന്നേൻ
സത്യം ഗുരുവരചരണത്താണെ
സത്യം പൂർവ്വജപാദത്താണെ

ശ്രീഗാണ്ഡീവമാം ചാപംതാനേ
ശ്രീകൃഷ്ണൻ ശ്രീപാദംതന്നെ
നിശ്ചയമായിട്ടുപേക്ഷിക്കിലും
സജ്ജനനാഥ വെറുതെല്ലുണ്ടാവും
മെല്ലെമഞ്ജുളവാക്കുകളിങ്ങനെ
ആദരവോടഥകേട്ടൊരുവിപ്രൻ
ദുർജ്ജനരിപുവാം പാർത്ഥൻതന്നോടു
വിപ്രൻതാൻ പുനരരുളിച്ചെയ്തു;—

അറിവില്ലാതെ ഞാൻ വല്ലതും പറഞ്ഞുപോ-
യെന്നിരിക്കിലും
അറിവുള്ളോരു ഭവാനുള്ളിൽകരുതിവെക്കല്ലേ
സജ്ജനവന്ദിതനായൊരർജ്ജുന! നീയെന്ന്യേമററു
ദുർജ്ജനത്തിന്നൊരുമൊരുശരണ്യമില്ലേ
പുത്രന്മാരെസമ്പത്തുംക്ഷിപ്രം ചത്തുപോയതുമൂലം-
കൊണ്ടു
ഇപ്രകാരംദുർഭാഷണംചെയ്തുപോയേൻഞാൻ
എന്നതുകൊണ്ടൊന്നുമിന്നുമനസിനിനക്കൊരു
കന്മഷങ്ങൾ തോന്നരുതേ നിർമ്മലമൂർത്തേ! [ൽ

ക്ഷീണവപുസ്സുകളോരോന്നിങ്ങനെ
ഖേദംപറഞ്ഞതു കേട്ടു കിരീടി
പാണിതലം കൊണ്ടുദരത്തെ
താണുതലോടിപ്പുനരതിസദയം
പോന്നംദ്രുതമിനിയെന്നൊരു
വാണിയുമർപ്പൊട്ടു യാത്ര പറഞ്ഞു
മന്നിൽ മരിച്ചു മലർന്നു കിടക്കുമൊ-
രുണ്ണിയെവേഗം കോരിയെടുത്തൊരു
വണ്ണംയാത്ര പറഞ്ഞെല്ലാരും
ഉന്നതഗുണനിധിയാത്ര തിരിച്ചു
വില്ലാനായിക്കൊണ്ടു ഗമിച്ചുമ-
രുപ്പാവക്കിഹ വിലചരാഞ്ഞാൽ
അപ്പോഴുടനെ തിരിയെക്കൊണ്ടു-
ഗമിപ്പാൻ ഭാവിച്ചെന്നകണക്കേ
അരനാഴികകൊണ്ടില്ലത്തെത്തി
തെരുതെരെവേഗമകായിൽ പുക്കു്
ഉദകക്രിയവിധിയെല്ലാം ചെയ്തി-
ട്ടുടനേ തന്നുടെ കാന്താസമീപേ
പരിതാപേനവിമൂർച്ഛിതയായി-
ട്ടറിയാതെ കിടക്കും പത്നിയെ

തരസാകോരിയെടുത്തു മനോഹര-
മിലാമന്ത്രവുമാറ്റുതുടങ്ങി
ഖേദം മതിമതി മതിമുഖി! നീയിനി
മോദിച്ചിട്ടുടനെഴുനീററാലും
നാഥേ! നമ്മുടെ കാര്യമിതെല്ലാം
സാധിപ്പാനൊരുയോഗംവന്നു
പൊയ്യല്ലെന്നുടെ ദുഃഖം കണ്ടി-
ട്ടീശ്വാ കഷ്ടമിതെന്നുപറഞ്ഞു
കയ്യേററാനിക്കാര്യം നമ്മുടെ
കയ്യുക്കുള്ളൊരു പാർത്ഥനമിപ്പോൾ
ചൊന്നതിനിന്നൊരു നീക്കം വന്നാൽ
മന്നവവരനതിനുടനേ തന്നേ
കയ്യിലിരിക്കും ഗാണ്ഡീവമൊടും
തീയിൽ ചാടി ദഹിക്കുമിദാനീം
നമ്മുടെ സുകൃതവിശേഷംകൊണ്ടു്
മന്നവവരനുടനിങ്ങനെചെയ്തു
നന്നായവിടെ വസിച്ചാലും നീ
മദതപഴുതെ വൃഥാഫലമല്ലോ
ശാന്തിദവാക്കതു കേട്ടൊരുനേരം
കാന്തയുമാശു തെളിഞ്ഞെഴുനീററു
കാന്തനുമായിട്ടോരോരോവൃ-
ത്താന്തം തമ്മിലുരച്ചുതുടങ്ങി
കണ്ണനെയുണ്ടോ കണ്ടിതുനാഥാ?
കണ്ണനെയും ഞാനവിടെക്കണ്ടു
ഉണ്ണിയെയുണ്ടോ കണ്ടു മുകുന്ദൻ?
ഉണ്ണിയെയും ഞാൻ കാട്ടിമുകുന്ദം
കല്പനയെന്തെല്ലാമുണ്ടായി?
കല്പനയൊന്നുംഞാൻ കേട്ടില്ലാ
കാരണപുരുഷൻ മിണ്ടാത്തതിനുടെ
കാരണമെന്തെന്നുണ്ടോ കാന്താ!
കാരണപുരുഷൻ മിണ്ടാത്തതിനുടെ
കാരണമെന്തെന്നാക്കറിയാവൂ?
ബലഭദ്രാദികളെന്തുപറഞ്ഞു?
ബലഭദ്രാദികളൂരിയാടീലാ
പാർത്ഥനുടെ ചരിതം കേൾക്കട്ടേ!
പാർത്ഥനുടെ ചരിതം കേട്ടാലും
ഹേഹേ! പാർത്ഥനിതിന്നെളുതാമോ?
ഓഹോ പാർത്ഥൻ പോരുമതിന്നു്

കുന്തീസുതനുടെ സത്യത്തിന്നു-
ന്തരമുണ്ടായ്വരുമോ നാഥ!
കുന്തീസുതനു മരിപ്പാനുണ്ടോ
ഭാനുപിടിച്ചു ശിരസ്സിലെഴുത്തു്
നിശ്ചലഹൃദയന്മാരായിട്ടവ-
രച്യുതപൂജകൾ ചെയ്തുവസിച്ചും
ഹരനുടെ നാമവിശേഷമുരച്ചും
അവരുടനവിടെ വസിച്ചുസുഖേന.

ഏവം കഴിഞ്ഞെല്ലാരും മേവുന്നകാലമങ്ങു
ഭാവംതെളിഞ്ഞു തത്ര ഭൂസുരൻ പത്നിയോടും
തോഷമിയന്നോരോരോ വിശേഷങ്ങൾ ചോദിച്ചപ്പോൾ
യോഷമാർമൌലിതാനും ശേഷമരുളിച്ചെയ്തു.

അങ്ങിനെവളരെദ്ദിവസംചെന്നു-
അംഗനമണിമാർ മൌലിക്കണ്ടു
പത്താംഗർഭവുമുണ്ടായ്വന്നു
പത്താംമാസവുമങ്ങതികഞ്ഞു
ഭൂസുരവരനും താപമിയന്നു
കുന്തീസുതനെക്കൊണ്ടിഹവരുവാൻ
സത്വരമങ്ങു ഗമിച്ചു നരവര-
പത്തനസീമനിചെന്നിഹകണ്ടു

പദം

ഇന്ദ്രാത്മജാ! ഇതുകേൾക്കമനോഹര
സാന്ദ്രവചനമിദംഇന്നു-
ചന്ദ്രാനനയാൾക്കുതി! പോരികവൈകാതെ-
മന്ദിരേ മോദമോടും നീട്ടുകവി
സൂതിസമയമടുത്തവിടെ എന്റെ കൂടെപ്പോ-
കുടലർകാലനാം കൃഷ്ണന്റെ മുമ്പിന്നു
ചെയ്തസമയമിപ്പോൾ
അതിശൂരാ! മറന്നിതോപോകനാംവൈകാതെ
മാനസേ മോദമോടെ
അയ്യോ എൻ മാനിനിതാനേവസിക്കുന്നു
പൊയ്യല്ലേ പാർത്ഥവേന്ദ്രാ! ഒരു
കഷ്ടംകൊണ്ടുവളരും പരിതാപം
നന്ദസുതപ്രിയകേൾ
കൂടലർകാലനാം കൃഷ്ണനോടും നിന്റെ
കൂടിപിറന്നോരോടും ഇന്നു
കൂടിപ്പറഞ്ഞുനീതേതെരിൽ കരേക
പാടവശാലിൻവിഭോ!

എന്നുള്ള വാക്യംകേട്ടനന്നാസ് തെളിഞ്ഞു
അഗ്രജപാദാംബുജം വ്യഗ്രതവിട്ടു കുമ്പിട്ടുവീരൻ
ഭീമപാദാരവിന്ദം ഭീമമാം ഭക്തിയോടും
താണുതൊഴുതുനിജമാതൃപാദാംബുജവും
സോദരന്മാരെന്നിയാശ്ലേഷംചെയ്തു കൊണ്ടു
ഖേദംകൂടാതെവാഴ്ക സോദരന്മാരേനിങ്ങൾ
പാഞ്ചാലരാജകന്യേ വന്നാലുമരികത്തു
ചാഞ്ചല്യം കൂടാതെനീ മാതാവോടൊത്തുവാഴ്ക
ഭദ്രേ! വരികരുതേ ഖേദം ഭവിച്ചീടുക
ഭദ്രം ഞാൻ ഭൂസുരന്റെ പത്തനേ ഗമിക്കുന്നു
നിന്നുടെ സോദരന്റെ കാരുണ്യമുണ്ടെന്നാകിൽ
കണ്ടീടാമല്ലെന്നാകിൽ കണ്ടതുകാര്യംതന്നെ.

എന്നുപറഞ്ഞു പുറപ്പെട്ടുനിജ
മന്ദതവിട്ടു പരാക്രമശാലി
പോരികവിപ്രാ പക്ഷേ നമ്മുടെ
പോതകർ കിഞ്ചനകാട്ടുന്നുണ്ടു്
എന്നുപറഞ്ഞുരഥമതിലേറീ-
ട്ടുന്നതഗുണനിധിയാത്രതിരിച്ചു
പൂച്ചവിലങ്ങെച്ചാടുകയും പല-
ദുശ്ശകുനംപുനരങ്ങിനെകണ്ടു
വാശ്ശുതുമങ്ങുഗമിച്ചീടാംപുന-
രീശ്വരവിധിപോലൊത്തുവരട്ടെ
എന്നുപറഞ്ഞുനടന്നുകടന്നു
മന്ദിരസീമനിചെന്നുകരേറി
ഗർഭവിലാപവുമങ്ങുതുടങ്ങി
വിപ്രാംഗനമാർവരവുതുടങ്ങി
ഈശ്വരസേവകൾ ചെയ്യുന്നു ജഗ-
ദീശ്വരനാമംചൊല്ലുന്നു ചിലർ
സതതാശ്രയമാകെന്നോതുന്നു
വിബുധേശാദിയെവാഴ്ത്തുന്നു ചിലർ
തദ്ഗ്രഹനിലഗതിപാർക്കുന്നു ചിലർ
നിഴലടിനോക്കിയളക്കുന്നു ചിലർ
വിരലുകൾകൊണ്ടുപിടിക്കുന്നു ചിലർ
മാറിടമാശ്ശുതലോടുന്നു ചിലർ
ആമയഹരരെത്തേടുന്നു ചിലർ
വേരുമുറിപ്പാനോടുന്നു ചിലർ
ഘോഷമതിങ്ങനെകേട്ടതദാദമ-
ഘോഷസുതാരിസഖൻവിജയൻതാൻ

ഗാണ്ഡീവചാപമുടൻകുലചുട്ടി
തൂണിയിലമ്പുനിറച്ചുടൻകെട്ടി
തൂണ്ണംകൈക്കുച്ചട്ടകൾകൊണ്ടുകെട്ടി
പാദധവനം ശാത്രംകെട്ടി
ക്ഷുരലവാസികളാകവെതട്ടി
ഭൂമിയുമാനാ വിറച്ചുമതെട്ടി
ഉമ്പരിൽമുമ്പർ പാംഭോജാംബുധി
ഉമ്പർകുലാധിപതനയൻ വിജയൻ
ഉടനടനേചൊരുഞാണൊലിയിട്ടും
ഇന്ദിരാനന്ദങ്ങളുംവിറച്ചുമതെട്ടി
ഈററില്ലത്തിനകത്തുപുറത്താരെ-
ട്ടുക്കരത്തിൽ ധനസ്സുമെടുത്തുവ
ലത്തുകരത്തിലൂതപുരത്തക-
ത്തുള്ളപൊരുത്തശരത്തെയുമേന്തി
അന്തകഭടരെവിരോധിച്ചുടകാ-
ടന്തണബാലനെരക്ഷിക്കേണം
ഏവമുറച്ചുകിരീടിവസിച്ചു
മഹീസുരമാനിനിയും പ്രസവിച്ചു
അതിശയമായൊരുസുതനുണ്ടായതു
വധുകുലമണിമാർ നോക്കിയിരിക്കെ
ഹാഹാ! കഷ്ടം! കഷ്ടം! ശിവശിവ!
ദേഹത്തോടുമറഞ്ഞുകുമാരൻ
ഹന്തഹന്ത! മരിച്ചുകുമാരൻ
എന്തുചെയ്യുന്നുഞാനെന്റെ ദൈവമേ!
കുന്തീനന്ദനൻ തന്നുടെസത്യവും
ഹന്ത പാഴിലായ്വന്നുചമഞ്ഞല്ലോ
പാർത്ഥനല്ലയോ ഇല്ലത്തിരിക്കുന്ന
വാർത്തയേതുമറിഞ്ഞതുമില്ലയോ?
കർമ്മദോഷമിതെന്നുടെജാതകം
നിർമ്മലൻ പാർത്ഥൻ തന്റെപരാക്രമം
ഒന്നുമിപ്പോൾഫലിക്കാഞ്ഞതെന്നുടെ
കർമ്മദോഷമതെന്നുപറയാവൂ
മുന്നമൊന്നുമേയീവണ്ണം കണ്ടതി-
ല്ലെന്നെവഞ്ചിച്ചുപോയാനോ ബാലകൻ
അയ്യോ ബാലക! എന്തുനീയിങ്ങനെ
മെയ്യോടെമറയുന്ന കുമാരക!
ഒച്ചയെങ്കിലും കേൾപ്പാനില്ലായിതു
നിശ്ചയംകൃഷ്ണൻ തന്നുടെമായങ്ങൾ
കൃഷ്ണനങ്ങുകൃപയേതുമില്ലാഞ്ഞാൽ
ജിഷ്ണുഭാവിച്ചാൽ സാധിക്കുമോ കാര്യം?
കൃഷ്ണകൃഷ്ണ! മുകുന്ദ! മുരാന്തക!
പത്മനാഭപരൻപുരുഷോത്തമ!

മാനിനിമാരുടെ മുറവിളികേട്ടഭി-
മാനികിരീടിമഹേന്ദ്രതനൂജൻ
എന്തിതിവാർത്തകൾ ചെവിപാർക്കുമ്പോൾ
അന്തണനോടിവരുന്നതുകണ്ടാൻ
നിർദ്ദയമാനസനാകിയഭൂസുര-
നർജ്ജുനനോടുപറഞ്ഞവയെല്ലാം
ഇജ്ജനമെങ്ങിനെചൊല്ലീടേണ്ടു
ലജ്ജയുമുണ്ടിസ്സഭയിൽപറവാൻ
പാർത്ഥാ! ഗുണപടുസത്ത്വാ! നിന്നുടെ
വാർത്താവൈഭവമതിശയമോർത്താൽ
ശശികുലജാതനൃപൻഞാനെന്നും
ശചീരമണന്റെസുതൻഞാനെന്നും
ചൊല്ലിഞെളിഞ്ഞുപറഞ്ഞതുനേരെ-
ന്നെന്നുള്ളത്തിൽനിനച്ചതബദ്ധം
അതിമാനവുമതിവൻപും മുൻപും
തവമാനസമതിലമ്പുംഡംഭും
ഒന്നവലിപ്പമതെവിടെപ്പോയി?
മന്നവരിൽജള! ഹീനജളാഢ്യ
തണ്ടുംതപ്പിനടക്കുംനിന്നോടു
പണ്ടേഞാൻവന്നരചെയ്തിട്ടോ?
എന്നുടെമക്കൾമരിച്ചൊരുദുഃഖം
നിന്നോടുഞാൻവന്നരചെയ്തിട്ടോ?
സത്യംചെയ്യതുമെന്തിനെടാ! നീ
മദ്യംസേവതുടങ്ങീട്ടുണ്ടോ?
പേയാമീവകദുഷിവചനംപല
ഭൂയോഭൂയോഭുവനസുരേശൻ
വായിൽതോന്നിയതഖിലമുരച്ചു
കായത്തിൽകൊതിവിജയനൊഴിച്ചു
ചേതസ്സിൽപുനരേവമുറച്ചു
ശ്രീകൃഷ്ണൻദൃഢമെന്നെയൊഴിച്ചു!
ഹാ! കഷ്ടം! പോരായ്മഭവിച്ചു
കേട്ടിട്ടില്ലാത്തവമാനോക്തികൾ
കേട്ടുസഹിപ്പാനെളുതല്ലേതും
കായത്തോടെചിതവരബാലക-
മായത്തോടേകൊണ്ടുതിരിച്ചു

ഞായത്താലല്ലെന്നയുന്ത്രന-
മുപായത്താലെന്നാകിലുമുടനേ
പോയെത്തീടിനദേശത്തോളം
പോയിത്തിരവൻകൊണ്ടിഹവരുവൻ!
ഏവമുറച്ചുകിരീടിവസിച്ചു
ദേവവരാത്മജനതിനുക്രമിച്ചു
അംബരായണമഹാത്ഭുതവിദ്യാ
ഡംബരരണകപികേതനവീരൻ
ധർമ്മരാജപുരിനോക്കിനടന്നു
ധർമ്മജാനുജനമീഷലകന്നു
കണ്ണടച്ചുഝമിഴിക്കുമിടസ്ഥാ-
ഖണ്ഡലാത്മജനന്തകദേശേ
ചെന്നുടുത്തളവുകാലഭടന്മാർ
നിന്നതങ്ങളിലിവണ്ണമുരച്ചാർ
ഏവനിന്നൊരുനരൻപടുധീരൻ
ഏവനായധികചാരുശരീരൻ
പ്രേതനായകപുരിക്കുവരുന്നു
ഭീതിഭാവമവനുള്ളിലകന്നു
ചെന്നുകൊണ്ടിഹവരാതെയൊരുത്തൻ
ഇന്നുവന്നതുമതീവവിചിത്രം?
ആയുധങ്ങളൊടുമത്രമമിപ്പോൾ
ആയവൻവരുവതാരുതടുപ്പൻ
എന്നുറച്ചുബതകാലഭടന്മാർ
നിന്നുചാപവിശിഖാദികളോടും.

അടുത്തുഗോപുരദ്വാരമമർത്ത്യനായകസൂനു
എടുത്തുഗാണ്ഡീവചാപംകുലച്ചുപൂണിയുമേന്തി
ധിമൃതിംധിംധിമന്തിദംതകത്തുഞാണൊലി
പാർത്ഥൻ

അമന്ദസംഭ്രമംപൂണ്ടങ്ങുഴന്നാരന്തകദൂതർ
ഹുംകാരരോദയചെറുഞാണൊലിയും
ശംഖാരവവുംകേട്ടുകൃതാന്തൻ
നമ്മുടെതനയസഹോദരനാകിയ
വെൺമതികലമണിശക്രതനൂജൻ
അവനുടെശംഖധ്വാനിയതുനിർണ്ണയ-
മവനെവിരോധിയ്ക്കുംസ്ഥിതിൽവെറുതേ
ശോഷിക്കവനൊടുകലഹിക്കാതെ
കൂട്ടിക്കൊണ്ടിഹവരുവിൻവിരവിൽ
അന്തകശാസനകേട്ടുടനവരും

കുന്തീസുതനെക്കൊണ്ടിഹവരുവാൻ
നരനോടവരുരചെയ്തിതുദന്തം
സുരനാഥജനം ക്രൂപ്പിതകൃതാന്തം
വിരവിലനുഗ്രഹമരുളിമുദായമ-
നരുളിച്ചെയ്തുകപിദ്ധ്വജനോട്
കിമർത്ഥമാളുന്നിധനഞ്ജയ! വരുവതി-
നെന്തൊരുകാരണമുരചെയ്താലും!
ഹരിസഖനാകിയഹരസുതനപ്പോൾ
യമവചനംകേട്ടിതുമുരചെയ്തു:--
മതിമതിമഹാമതേ! മധുരവാക്കുകൾ
ചതികളിറചെയ്തതുമുള്ളതരോക്കിലോ
ധരണിസുരവരനുടയബാലകന്തന്നെഞാൻ
ധരണിസുരാലയേകാത്തുനില്ക്കുംവിധൌ
മമചതുരശരാസികരകൂടങ്ങൾഭേദിച്ചു
ചാരത്തുബാലനെക്കൊണ്ടിങ്ങുപോന്നതും
അമരവരതനയനഹമെന്നെയോർക്കായ്കിലെ-
ൻറഗ്രജൻതന്നെനീചിന്തചെയ്തീലയോ?
മധുമഥനനഖിലജഗദീശനാം കൃഷ്ണൻെറ
കാരുണ്യപീയൂഷമുണ്ടുനമുക്കഹോ!
തരികമമകരതളിരിലഴകൊടുകുമാരനെ
താല്പര്യമാമൻറഗംഭീരസത്യവും
ഓർത്തുകൊള്ളല്ലായ്കിലന്തകനെന്നുള്ള
ധൂർത്തുപോക്കീടുവാൻ പാർത്ഥൻമടിക്കുമോ!
ദ്വാരകാതീരത്തൊരുഭൂസുരബാലന്മാരെ
പാരാതൊൻപതുപേരെചോരനീകൊണ്ടു
പോന്നു
പത്താംതനയനെഞാൻരക്ഷിച്ചുകൊടുപ്പാനായ്
സത്യവുംചെയ്തുകൊണ്ടുപത്തനേവസിക്കുമ്പോ
ചിത്തഭയക്രോധാതെപ്പൃഥ്വീസുരസുതനെ ശ്രം
അത്രനീകൊണ്ടുപോന്നതെത്രയുംധിക്കാരമായ്-
ആയതിനിന്നുനിൻെറനാശംവരുത്തുവാനായ്
ആശുഞാൻവന്നതെന്നുക്രൂശാതെകേട്ടുകൊൾക
ശുദ്ധനാംപാർത്ഥനെന്നുഅത്രനീശങ്കിക്കേണ്ടാ
പക്ഷരണത്തിന്നായിപക്ഷങ്ങൾകൂട്ടുന്നാക്
കുന്തീനന്ദനനെന്നുകേട്ടിട്ടില്ലയോ ഭൂപാ!
അന്തകവൈരിതാനുംഅന്തരമെന്നേവേണ്ടു
കൃത്തുമുളശരംകൊണ്ടുപോക്കുമെന്നിൽനിൻെറ
ധൂർത്തുകളുവാനിന്നുപാർത്ഥൻമടിക്കയില്ലാ

ഇത്തരമുള്ളൊരു വിജയൻതന്നുടെ
അത്തൽമുഴുത്തൊരു വാക്കുകൾ കേട്ടു
ആധിപിടിച്ചുവിയർത്തു കൃതാന്തനു-
മാദരവോടങ്ങരുളിച്ചെയ്തു:—
എന്തൊരു ഭൂസുരനെന്തൊരു ബാലക-
നേതൊരു ദിക്കിന്നു കൊണ്ടുതിരിച്ചു
ഹേതുവതെന്തിതു വരുവാനെന്നും
ഏതുമറിഞ്ഞിട്ടില്ലേ ഞാനും;
മത്ഭടരാരും പോയിട്ടില്ലാ
മൽപുരിയിൽ കൊണ്ടുവന്നിട്ടില്ലാ
നിന്നെക്കബളിപ്പിച്ചാരാണതി-
നെന്നോടു കോപിച്ചാൽ ഫലമുണ്ടോ?
അങ്ങാടിത്തോറ്റെന്നാലിങ്ങിതി-
നമ്മയൊടെന്ന പഴഞ്ചൊല്ലൊത്തു;
സംശയമുണ്ടെന്നാകിലഹോ! കുരു-
വംശപരന്തപ! പോരിക കൂടെ
എന്നുപറഞ്ഞു തുറന്നിതു യമനും
തന്നുടെ വൻനരകൗഘകവാടം
പാപം ചെയ്യൊരു ജീവനെയങ്ങനെ
ദുഃഖിപ്പിപ്പതു കണ്ടു കിരീടി;
കണ്ടാലുമോരോ മഹാപാപികൾ കിടക്കുന്ന
കണ്ണാമരത്തുകൊണ്ടു കണ്ണീതം പ്രാപിക്കുന്ന
ദേവസ്വം ബ്രഹ്മസ്വവും കേവലമടക്കിക്കൊ-
ണ്ടോരോമൽപൂമേനിയായുള്ളൊരു കാന്തയോടും
സാദരം പുണർന്നു മൂഢന്മാരുടെ തനു
താഡനം ചെയ്തുകൊണ്ടു വാട്ടിവലിച്ചീടുന്നു.
കള്ളുകുടിക്കും നായന്മാരുടെ
പള്ളയ്ക്കിട്ടു കൊടുക്കുന്നതു കണ്ടു;
വള്ളികൾകൊണ്ടു വരിഞ്ഞതു കണ്ടു;
പാശം കൊണ്ടു മുറുക്കുന്നതു കണ്ടു;
പിന്നെപ്പലപല ജീവനെയിങ്ങിനെ
ബന്ധിപ്പിപ്പതു കണ്ടർജ്ജുനനും
അസ്ഥലമഖിലം പാർത്തു കിരീടി
നാസ്തികമാരനതോർത്തുഴൽതേടി;
താതൻപാദവുമാശു നമിച്ചു
ഖേദാദികളഖിലങ്ങളൊഴിച്ചു
അവിടെയുമില്ലെന്നുടനെ വിധിച്ചു
ദിക്പാലാഷ്ടകഭുവനം പുക്കു
തത്രതിരഞ്ഞും കാണാഞ്ഞതിനാൽ
നാണം കെട്ടു മനസ്സു മടങ്ങി
മാനം കെട്ടു മഹേന്ദ്രതനൂജൻ
നിശ്ചയമായി മനസ്സിലുറച്ചു
അച്യുതനെന്നെയുപേക്ഷിച്ചെന്നു
മൽചരിതം പുനരഗ്നിയിൽ വീണു ദ-
ഹിച്ചൊരവസ്ഥ ഗ്രഹിച്ചീടേണം
ഏവം നിജമനതാരിലുറച്ചു
ദേവവരാത്മജനതിനുദ്യമിച്ചു;
അനവധി വിറകു വരുത്തി നിറച്ചു
മനമതിലതിശയഭക്തിയുറച്ചു;
ആശു കുളിച്ചു വിഭൂതി ധരിച്ചഖി-
ലേശപദേ നിജഭക്തിയുറച്ചു
ഇന്ധനമാശു വരുത്തിയുയർത്തി
ഘനഘടയും പുനരതിശയമോടെ
അഗ്രജജനകസഹായനതായോ-
രഗ്നിയെ വിരവൊടു വിറകിൻ നടുവേ
കത്തിയെടുത്തു ചുഴന്നു പിളർന്നഘ-
നാശ്രയമാർഗ്ഗത്തോളമുയർത്തി
ദിക്പതിമാരെയുമാരാധിച്ചു-
ങ്ങഗ്നിയെ മൂന്നു വലത്തും വച്ചു
ശരവും ശരധി ശരാസനസമയുഗ-
കരതലപരിചോടഞ്ജലി ചെയ്തു
ദേവകദംബവരിഷ്ഠാധികനാം
പാവകദേവനൊടായറിയിച്ചു.
പാഹി ധനഞ്ജയ! പാതമദനായ
പാഹി ധനഞ്ജയമയമിഹ ഭഗവൻ
താമ്രത്തായത ചാപസമേതം
താദ്രേഹത്തോടു പതനേൻ ഞാൻ;
എന്നുടെ കൃഷ്ണാ! യെന്നു വിളിച്ചു
വഹ്നിടനടുവേ ചെന്നു പതിപ്പാൻ
ആങ്ങിത്തുടങ്ങിയമൻ കുതിച്ചു
ജനങ്ങൾക്കനവധി ഭയവുമുറച്ചു
ജിഷ്ണുസമേതേ ജനനിനികേതേ
കൃഷ്ണനറിഞ്ഞാൻ ജിഷ്ണുജസമയം
അയ്യോ! കഷ്ടം നമ്മുടെ പാർത്ഥൻ
തീയിൽച്ചാടി ദഹിക്കുമിദാനീം;
പേടിമുഴുത്തൊരു ഭാവത്തോടെ

ഓടിജനാർദ്ദനനതിമതിമോദാൽ
മഞ്ഞപ്പട്ടുടെകുത്തുകിഴിഞ്ഞും
മഞ്ജീരധ്വനിതത്രപൊഴിഞ്ഞും
ഓടിവലഞ്ഞും നാടികുഴഞ്ഞും
വാടിയുലഞ്ഞും മാടിവിളിച്ചും
വിജയാ! വിജയാ! യെന്നുവിളിച്ചും
അരുതേസാഹസമെന്നു പറഞ്ഞും
വിജയൻവഹ്നിയിൽവീഴുംമുൻപേ
തരസാചെന്നുപിടിച്ചു മുകുന്ദൻ
മുൻനോക്കീട്ടുകുതിച്ചോരു പാർത്ഥൻ
പിൻനോക്കീട്ടുമറിഞ്ഞഥവീണു
അപ്പോഴത്തെയവസ്ഥനിനച്ചാ-
ലത്ഭുതമെന്നേപറവാനുള്ളു
വിഭ്രമമോടഥനോക്കുന്നേരം
രുക്മിണിവരനെക്കാൺമാറായി
വ്രീളാവിവശതപൂണ്ടുകിരീടി
കാളാഭാംഗനെവീണുവണങ്ങി
തൊണ്ടവിറച്ചും നെഞ്ചുവിറച്ചും
മിണ്ടരുതാതെവിയർത്തുതളർന്നും;
അണ്ടർവരാത്മജനിണ്ടൽമുഴുത്തു
കണ്ടുദയാനിധി കാർമുകിൽവർണ്ണൻ
പുഞ്ചിരിപൂണ്ടിദമരുളിച്ചെയ്തു
നിഞ്ചരിതംബഹുവിസ്മയമോർത്താൽ!
കുന്തികുമാരക! നീ എന്തിനായ്ക്കൊണ്ടീവണ്ണം
ഹന്തനിനച്ചുചെയ്തതന്ധകാരോദയമോ?
ചെന്തീയിൽവീണുദേഹംവെന്തുമരിപ്പാനൊരു-
ബന്ധംഭവിച്ചീടുവാൻകാരണമെന്തുപാർത്ഥ!
ബുദ്ധിതെളിഞ്ഞുകേൾക്കാതബാധമായയെല്ലാം
സിദ്ധിദമാക്കിയഞാൻപ്രസ്താപകാരിയായോ
ഘോരതായോധനത്തിൽതേരതിലേറിനിന്റെ
'വീര്യവുംപൂരിപ്പിപ്പാൻസാരഥിയായില്ലേ ഞാൻ
പോരിന്നായാരംഭിച്ചവീരന്മാരുമായ്നേരേ
ഘോഷിച്ചനേരത്തുനീതേരിൽപരിപതിച്ചു്
അന്നേരംമോഹംതീർത്തുനന്നായുപദേശിച്ചു
തന്നൊരുപനിഷത്തുമിന്നുമറന്നുപോയോ
ലോകങ്ങളേഴുരണ്ടുംകീഴ്മേൽമറിപ്പതിനു
മാകലമില്ലചിത്തേമേവിചാരിച്ചീടുമ്പോൾ,
ഭൂസുരബാലപരിപാലനവീരവാദ-
ഹേതുവതെന്നോടുപറയാഞ്ഞതെന്തുപാർത്ഥ!
പൃഥ്വീസുരേശൻതന്റെപുത്രകുമാരന്മാരിൽ
പത്തിലൊരുത്തനെനീകാത്തുതരുന്നേനെന്നു
സത്യവചനമിന്നുവ്യർത്ഥമായ്വന്നിതിപ്പോൾ
ബുദ്ധിക്ഷയവുംവേണ്ടാചിത്തേഖേദവുംവേ- [ണ്ടാ
പത്തുകുമാരന്മാരുമൊത്തുധരിത്രീദേവ
സത്തമനായ്ക്കൊണ്ടെക്കൊടുത്താലുമർജ്ജുന! നീ
ദാഹകർമ്മത്തിനിന്നുമോഹമുണ്ടായതുനിൻ
സാഹസമെന്നല്ലാതെ ഹാ! ഹാ! പറഞ്ഞീടാ- [മോ?

ഇതിമാധവഗിരമമരാധിപസുത-
നതിമാധുര്യസമേതംശ്രുത്വാ
നത്വാമുരരിപുചരണസരോരുഹ-
മുക്ത്വാഭീമസഹോദരനേവം
കരുണാകരതവതരുണാരുണസമ-
ചരണാംബുജയുഗമാധാരംമമ
പിഴകളശേഷമൊഴിച്ചരുളേണം
അടിയനെയോർത്തുക്ഷമിച്ചീടേണം
മുട്ടീട്ടന്നിയഗ്നിജ്വാലയിൽ
പെട്ടീടുന്നഹരേപരിതാപം
മുട്ടീടുന്നവിവേകവുമകമേ
വൃഷ്ണിവംശജ! ജഗദീശമുരാരേ
ഇതിനരപതിഗിരമഖിലംകേട്ടു
അതിമോദേന ചിരിച്ചുമുകുന്ദൻ
അഗ്നിജ്വാലയിലുള്ളുമകന്നു
ശക്രതനൂജനു ദുഃഖമകന്നു
ദാരുകനാം നിജസൂതനെമാനസ
താരകമേ കരുതി ജഗദീശൻ
രഥവും കൊണ്ടഥ വന്നവനും നിജ
പദവും വന്ദിച്ചളവുതദാനീം
നരനൊടു സഹിതം നാരായണനും
വിരവിനൊടത്ഭുതരഥമതിലേറി-
ട്ടംബരമാർഗ്ഗേയാത്രതുടങ്ങി
ജവംബഹുതരമകന്നു തുടങ്ങി
രവിമണ്ഡലവും ശശിമണ്ഡലവും
ധ്രുവമണ്ഡലവും താഴെക്കാണായി
വിബുധാധിപപുരിനിശാനായകപുരി
നവഖേചരഗതി സുരദീർഘികയും
കല്പകവൃക്ഷം പുഷ്പോദ്യാനവു-
മപ്സരികളും കനകാചലശിഖരം

ഏറെത്താഴത്തേറെത്താഴെ
ദൂരെ ദൂരെ കാണായ്വന്നു
ലോകാലോകപൂർവ്വം കടന്നു
മഹാതിമിരങ്ങളധികമുഴന്നു
കൺകാണാഞ്ഞുമുടൻ കമലേക്ഷൻ
മുഖം കാണാഞ്ഞു വലഞ്ഞു കിരീടി
ശക്രതനൂജനു ഖേദമൊഴിപ്പാൻ
വിക്രമശാലി ജഗൽഗുരുകൃഷ്ണൻ
ചക്രപരായണനർക്കമലനിജ
ചക്രത്തെപ്പരിശീഘ്രംസ്മൃതമാ
ലോകൈകകാന്തിതദീപാകൃതി ജഗ-
ദേകാശ്രിതസുദർശനചക്രം
തൂർണ്ണമുദിച്ചു കോപമൊഴിച്ചു
പാണ്ഡവനുള്ളിൽ വിഷാദമൊഴിച്ചു
വൃത്രവിനാശനപുത്രനൊടൊരുജഗ-
ഗന്നായകനന്നുവിരവോടാൽ
എന്നയകന്നിതുമായതി ദൂരമ
തത്തിമിരശകലങ്ങളൊഴിച്ചു
ദേവാജനസൂര്യന്മാർ പതിനായിര-
മനവധികൂടിയതുപോലായിതു
ഓരോതരമിദമളവില്ലാതന്ന-
ത്തേറിയ ദൂരമകന്നിതുതേരും
ശ്രീപാൽക്കടലൂടെതിരയടിനാദം
താപാൽകേട്ടുമഹാത്ഭുതജാതം
വൈഷ്ണവരൂപമഹാത്ഭുതമുണ്ട്
സുഖസ്ഥലഭാഗ്യനരോത്തമരുടെ
മെന്നറിയുമ്പോളമ്പൊടുകണ്ടു
സുന്ദരമഞ്ജുളരത്നനിലയം
ശ്രീകണ്ഠാദിനിഷേവിതമാംഹരി
വൈകുണ്ഠം ജഗദേകമനോജ്ഞം
ക്ഷീരാർണ്ണവമതിൽ നാഗാധിപനുടെ
ചാരുഫണാഞ്ചിതമണിവരതല്പേ
നാരായണനധിവാസം കണ്ടുമു-
രാരികിരീടിയൊടരുളിച്ചെയ്തു
കണ്ടാലുമിതു കണ്ടീടുക വൈ-
കുണ്ഠപുരം പുരുഷോത്തമവാസം,
എന്നുപറഞ്ഞഥനന്ദസുതോപി പ-
ഞ്ചജനനൊടു സമേതം
സ്യന്ദനമതിൽ നിന്നമ്പൊടിറങ്ങി
ജഗന്നിലയസ്ഥലമാശുവണങ്ങി;
അതിമോദത്തോടുടനക്കരനേരം
ആതിശയമനവധി കണ്ടു തുടങ്ങി;
കനകക്കൊടിമരമുയരെക്കണ്ടു
ഖഗസത്തമസുനിവാസംകണ്ടു;
ഹേമസമാനശയ്യപ്രഭ കണ്ടു
ഭാസമസമാനമതിൽ പ്രഭകണ്ടു
നവരത്നജാലപരഭാസുരമാം
സുരവന്ദിതസോപാനംകണ്ടു
ഹരിപദഭക്തജനത്തെക്കണ്ടു
സുരമുനിമാരെയുമഴകൊടുകണ്ടു
ഓരോതരമവർ സേവകൾ കണ്ടു
നാരദമുനിയെ വിശേഷാൽകണ്ടു
മേരുസമാനകിരീടംകണ്ടു
ചാരുഗളോന്നതമാലകൾകണ്ടു
പുഷ്പാദ്യാനവിശേഷംകണ്ടു
ബാഹുപ്പടജാലവിലാസംകണ്ടു
പീതാംബരമാമുടുപുടകണ്ടു
പാദാംബുജയുഗമഴകൊടുകണ്ടു
ലക്ഷ്മീദേവിയെയരികേകണ്ടു
ലക്ഷ്മീപതിയുടെ വാസംകണ്ടു
ശ്രീവൈകുണ്ഠവിശേഷമുരപ്പാൻ
ആകാംക്ഷിതമെന്നാകിലുമിപ്പോൾ
ആവുന്നതിനേ മോഹിക്കാവൂ
ഭാവിച്ചാലെളുതല്ലുരപ്പാൻ
നരനൊടു സഹിതൻ നാരായണനും
ഹരിചരണാംബുജമാശുവണങ്ങി
ഭൂമീഭഗവതിമാരൊടുകൂടി
ആമോദേനവസിച്ചരുളുന്നൊരു
ഭഗവദ്രൂപവിലാസംകണ്ടു
പെരുകിനഭക്ത്യാ ഹരിസ്തുതിചെയ്തു
മുരഹരനരനതിഗിരമിതിവിവിധം
ഹരികരുണാകരജഗദഖിലേശൻ
ശ്രുതപാകൃതപാമൃദുഹാസ്സിതമമ-
ധൃകതാമധുരമനോഹരവാക്യം
രാമസഹോദര! ഭീമസഹോദര!
ഹേ മമ ചാരുകമാരന്മാരേ!

പുരവാസം സുഖമല്ലതവ?
സാധുജനത്തിനുമിഹ നിങ്ങൾക്കും
ക്ഷ്മായാം നമ്മുടെ ഭൂസുരാദികൾ
ഉല്ലാസസുഖമൊടു വാഴുന്നില്ലേ!
മുസലിക്കും തവജനനിക്കും മന-
മോദമിക്കുന്നയദുപ്രവരർക്കും
ഉപജനകനുമുപമാതാവിന്നും
തവസുഖവാസമതല്ലേ കൃഷ്ണ
നിർമ്മലഹൃദയാ! വിജയാ! നമ്മുടെ
ധർമ്മതനൂജനു സുഖമാമോ വാസം?
മാരുതസുതനും മാദ്രീസുതരും
ഭുജസോദരി തവമാതാവും
കുശലസമേതനിവാസരതല്ലേ?
വിശദമതേ ശതമന്യുതനൂജ!
ശത്രുഹരായുധചിത്തരസോദയ
നിത്യസുഖേന വസിക്കുന്നില്ലേ?
ഇതി മധുസൂദനനതിമധുരോദയ-
മുചിതകുശലമതുചെയ്യുമ്പോൾ
ഖേദിനിറഞ്ഞു വഴിഞ്ഞു പൊഴിഞ്ഞനു-
സൂക്തമുവാച ദ്വിജഗല്പതികൃഷ്ണൻ;
കുശലം സകലം കരുണാജലധേ!
കുശലമതില്ലെന്നറിയുന്നില്ലേ
നിന്തിരുവടിയറിയാതഖിലാശയ
കിഞ്ചിദ്ദുഃഖം നഹി നഹി ഭുവനേ
ഒന്നും പറവാൻ തോന്നാതേ ബത
നിന്നു കിരീടിമുകുന്ദസമീപേ;
അന്നേരം മധുകൈടഭനാശൻ
അന്യോന്യാദരമരുളിച്ചെയ്തു;
ഉച്ചിതലപരിതാപഹരാ! തവ
ഉച്ചാംബലപരിതവുമപരം
സർവ്വവിശേഷമശേഷമറിഞ്ഞേൻ
വസുദേവാത്മജവിജയന്മാരേ
നിങ്ങളെയുള്ളൊരു വാത്സല്യം പുന-
രിങ്ങുമുഴുത്തു ഭവിച്ചതുമൂലം,
ഇരുവരുമെന്നുടെ മുമ്പിൽ വരേണം
ഹരിവേഹിതം കണ്ടീടേണം
അതിനൊരു പെരുവഴി ഞാനിഹ കരുതി
ക്ഷിതിസുരസുതരെക്കൊണ്ടിഹ പോന്നു

ഇന്നവരുംബത നിങ്ങളതും പുന-
രെന്നു നിനച്ചു വസിച്ചതു ഞാനും
പത്തുകുമാരരെയാത്തവനീസുര
സത്തമനാമ്മെ കൊടുത്തു സുഖേന
ദമ്പതിമാരൊടനുഗ്രഹവും ബഹു
സംപ്രതി വാങ്ങിവസിച്ചീടുകയായ്
രെത്രുകുട്ടളവധതൊഴുതുവിവർള-
വതികൗതുകമിഹ കാണാകുന്നു;
പൃഥ്വീസുരനുടെ പുത്രകുമാരരു-
മൊത്തുകളിച്ചുവസിച്ചീടുന്നു;
അച്ഛൻമക്കളെയെന്നു കണക്കെ
ആശ്ചര്യം ബഹുമായാസഹിതം
വാഞ്ഛാസാകമൊരുണ്ണിയെ ഭഗവാൻ
പാഞ്ഞോടിച്ചു കളിപ്പിക്കുന്നു
പൊക്കാക്കെക്കെയെന്നു പറഞ്ഞു
വിരലുപിടിച്ചു നിവൃത്തികുമാരൻ
ഇതിലിതിലതിലിതിലെന്നു പറഞ്ഞു
വിരലുകൾ ചെന്നു പിടിച്ചു നിവത്തും
കൌസ്തുഭമാത്തു പിടിച്ചുവലിച്ചു
കുത്തിലുടൻ കരയേറിയിരുന്നും
മടിയിൽച്ചുകസുഖേന ശയിച്ചും
മകരക്കാതിലകണ്ടുരസിച്ചും
വിട്ടുവിട മുട്ടുകൾ കുത്തിനടന്നും
ഫണിവരതല്പേ വന്നുമറിഞ്ഞും
വല്ലുസാധികമാം വചനമുരത്തും
കലിതരസേന കളിച്ചു രസിച്ചും
തൃക്കൈകൊണ്ടു പിടിച്ചു മുറുക്കി
ശീഘ്രം നിറുകയിലാഘ്രാണിച്ചും
ലക്ഷ്മീഭഗവതിപത്താംതനയനെ-
യാശ്ലേഷിച്ചു കുചങ്ങൾകൊടുത്തും
അവനീദേവിയുമവനുടെ പൂർവ്വജ-
മാദരവോടഥ താലോലിച്ചും
ബാലകലീലാവിലസിതമഥപത്തു
പാലകിരീടികൾ കണ്ടുരസിച്ചും
പുഞ്ചിരിപൂണ്ടു പരൻ പുരുഷൻ പുന-
രഞ്ചിതരൂപൻ കിഞ്ചിദ്ബഭാഷേ
വിശ്രുതവിപ്രകുമാരന്മാരേ
പശ്യമുരഹരവിജയന്മാരേ!

പത്തുശിശുക്കൾ ക്രമത്തെയുമവരുടെ
നിത്യവളർച്ചവയസ്സുകളും ബത
ഉണ്ണികളെപ്പതിപരിപാലിച്ചു-
നന്നാജാക്ഷനമിദമരുൾചെയ്തു;
സുഖമായങ്ങുഗമിച്ചുവസിപ്പിൻ!
സുകുമാരാകൃതിമാരേ! നിങ്ങൾ
നിങ്ങൾക്കച്ഛനമമ്മയുമുണ്ടു
നിങ്ങളെയോർത്തുവിലാപിക്കുന്നു;
എന്നതുകൊണ്ടിനിവൈകാതവരെ
ചെന്നഥകണ്ടുവരേണമിദാനീം.

മധുകൈടഭാരാതിതന്റെ മധുരമാംവാക്കുകേട്ടു
അധികസന്താപത്തോടും കരയുന്നബാലകന്മാർ
പൊഴിയുന്ന കണ്ണുനീരും കരയുന്നമാനസവും
പതറുന്നഖേദത്തോടേ പറയുന്നിതോരോതരം
വിയർക്കുന്ന ദീർഘവീർപ്പും പിളർത്തുന്ന ചുണ്ടുരണ്ടും
തളരുന്ന പാരവശ്യം പറയുന്നിതോരോതരം
ജനകജനനിമാരും ഇവിടെയുണ്ടല്ലോ ഞങ്ങൾ-
ക്കിനിയേതൊരച്ഛനമ്മമാരറിയുന്നില്ലല്ലോ-
ഞങ്ങൾ;
ഒരുനാളുംപോകയില്ലെന്നരചെയ്തുനാഥൻതന്റെ
തിരുമുഖം നോക്കിനോക്കിക്കരയുന്ന ബാലക
ന്മാർ.

മഹിമാഭഗവതിമാരതുകണ്ടട-
നാദരമോദേനസമാശ്ലേഷിച്ചു
ദുഃഖമൊഴിച്ചിദമരുളിച്ചെയ്തു
മക്കളേ! യങ്ങുഗമിക്കസുഖേന,
നിങ്ങൾക്കച്ഛനമമ്മയുമുണ്ടു
നിങ്ങളെയോർത്തു വിലാപിക്കുന്നു
പിതൃമാതാക്കളെ ദുഃഖിപ്പിക്കരു-
തതിദോഷം വരുമതിനുണ്ണികളേ!
എന്നതുകേട്ടു കുമാരന്മാരുട-
നൊന്നുപകർന്നു ചമഞ്ഞു സ്വഭാവം;
അങ്ങുള്ളവരെക്കണ്ടീടേണം
ഞങ്ങൾക്കങ്ങു ഗമിച്ചീടേണം
അച്ഛനമമ്മയുമുള്ളേടത്തേ-
ക്കിക്ഷണമിപ്പോളയച്ചീടേണം
മായാമയനാം നാരായണനുടെ
മായാവൈഭവമതിശയമോർത്താൽ
നിശ്ചലമാനസനാകിയ ഭഗവാൻ
കുട്ടികളോടിദമരുളിച്ചെയ്തു—
എങ്കിൽ സുഖമായങ്ങുഗമിപ്പിൻ
സങ്കടമുള്ളിലശേഷമൊഴിപ്പിൻ
ഓജസ്സോടേ ചെന്നുടനവരുടെ
തേജസ്സോടു ലയിക്കുക നിങ്ങൾ;
ഇദമരുൾ ചെയ്തഥ ഭൂയോഭൂയോ
വിരവൊടുതഴുകിയനുഗ്രഹമേകി;
യാത്രയയച്ചു മുകുന്ദൻ കൃഷ്ണനു-
മാസ്ഥയൊടദ്വിജബാലന്മാരെ
തേരതിലേററിയുഴറെറാടുവേഗാൽ
ദ്വാരകതന്നിലിറങ്ങിവിളങ്ങി
ധരണീസുരനുടെ ഭവനേചെന്നു-
ക്കരുണാകരനുടെ വചസാവിജയൻ
പൃഥ്വീദേവനെയാശുവിളിച്ചു
അപ്പൊഴുതുംകൃതമായി ശകാരം
വേണ്ടാപരിഭവഗിരമിനിഭൂസുര-
നിണ്ടലശേഷമൊഴിപ്പതിനായി
പങ്കജനയനൻ ശ്രീകൃഷ്ണൻ വ-
ന്നങ്കണസീമനിമരുവീടുന്നു;
മുററത്തോളംവരികഭവാനിഹ
കുററം പറവാൻപിന്നെയുമാമേ;
എന്നതുകേട്ടു പുറത്തുമിറങ്ങി
മന്നിടദേവൻ മഹിഷീസഹിതൻ
ശ്രീധരദേവനമിദമരുൾചെയ്തു
ഭൂസുരനാഥനൊടയിഗ്ഗുണരാശേ!
മൃത്യുഭവിച്ചസുതന്മാരെത്തവ
പത്തിനെയും ബതപശ്യമഹാത്മൻ!
ഒന്നിനെവിജയൻ രക്ഷിച്ചതുമതിൻ·
മുന്നേപോയവരൊമ്പതുപേരും
കയ്ക്കൊള്ളുകതവപുത്രരെയതിസുഖ-
മായ്ക്കൊള്ളുകതവനിത്യനിവാസം;
എന്നരുൾചെയ്തഥനന്ദജനാശു
പുരന്ദരജാതൻ തന്നുടെ കയ്യാൽ
നന്ദിച്ചൻപൊടു നന്ദനദശകം
മന്നിടദേവനു നൽകിപ്പിച്ചു
മദിനിദേവൻ മാനിനിയോടും
മോദമുദിച്ചഥ ചൊല്ലുംവല്ലേ

അൽഭുതമൽഭുതമെന്നു മഹാജന-
മുല്പലനേത്രനെ വാഴ്ത്തീടുന്നു;
ആലിംഗനമവർ ചുംബനമങ്ങവ-
രാവോളമവർ ചെയ്തീടുന്നു
അവനീസുരനും രമണീസഹിതം
കമലാകാമുകവിജയന്മാരെ!
മക്കൾ മരിച്ചൊരു ദുഃഖനിമിത്തമി-
നിക്കവിച്ചൊരതിഖേദമൂലം
ദുഷ്കൃതവചനമുത്തരചയെല്ലാം
സൽകൃതമെന്നേ ബോധിക്കാവൂ
ഭൂസുരവരരുടെ ശീലമിതെന്നാ
ചേതസി നിങ്ങൾ നിരൂപിക്കാവൂ;
ആത്തകുതൂഹലമോടവരെല്ലാം
വാഴ്ത്തി മുരാന്തകവിജയന്മാരെ
മേദിനിതന്നിൽ മാനിനിയോടും
സാദരമത്ര സുഖിച്ചു വസിച്ചു;

സന്താനഗോപാലം ഓട്ടൻതുള്ളൽ സമാപ്തം.

സീതാസ്വയംവരം.

ഓട്ടൻ തുള്ളൽ.

വിശ്വാനന്ദകരാകൃതിയാകിയ
വിശ്വാധീശൻ വീരശിരോമണി
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസേന ഗമിപ്പാനായി
വില്ലും ശരവുമെടുത്തും കൊണ്ടഥ
തെല്ലും മടികൂടാതെ മഹാമതി
ചൊല്ലേറീടിന രാമനുമനുജനു-
മുല്ലാസേന പുറപ്പെട്ടുടനെ
ദശരഥനന്ദനനാകിന രാമൻ
ദശമുഖരാവണകിങ്കരരാകിയ
നിശിചരരെക്കൊലചെയ്വാനുള്ളൊരു
വിശിഖം കയ്യിലെടുത്തൊരു സമയെ
ത്രിശിരസ്സും ഖരനും ദൂഷണനും
നിശിചരവരനാം ദശകണ്ഠനുമഥ
ശേതരമാധിമനസ്സിൽ വളർന്നു
വിശദമറിഞ്ഞതുമില്ലവരാരും
ലക്ഷ്മണസഹിതൻ ശ്രീരാമൻ ശുഭ-
ലക്ഷണസമയേ മുനിയൊടുകൂടെ
തൽക്ഷണമടവിയിൽ നടനം ചെയ്തഥ
താടകയെക്കൊലചെയ്തു തദാനീം
സിദ്ധാശ്രമമതുവിൽ ചെന്നു വസിച്ചുട-
നിർബ്ബാധോപം മുനിവരയാഗ-
പ്രധ്വംസത്തിനു വന്ന നിശാചര-
വിധ്വംസത്തെ ചെയ്തു മഹീപതി
യാഗം രക്ഷിച്ചുടനെ നടന്നഥ
വേഗം ഗംഗ കടന്നു നടന്നു വി-
ദേഹമഹീപതിജനകൻ തന്നുടെ
ഗേഹസമീപേ ചെന്നവരൊക്കെ
ചരിതമഹല്യാമോക്ഷവുമേകി-
പ്പരിചൊടുപഥിപഥിപരമാനന്ദം
പെരികസുഖേന രമിച്ചും കൊണ്ടഥ
പുരിയുടെ നികടം തന്നിലണഞ്ഞു
അഥ ജനകനൃപൻറെ പുരത്തിൽ
പൃഥുകനകഘടങ്ങൾ നിരത്തി
ബഹുജനമവിടത്തിൽ വരുത്തി
ബഹുമതിയൊടു സാകമിരുത്തി
പുനരണിയറമണിയറകലവറ
നിലവറപണിയറതുണിയറയും
നിലമൊക്കെയടിച്ചു തളിച്ചു
ചിലശില്പിജനത്തെ വിളിച്ചു
നൃപകല്പനയവരൊടുരച്ചു
നലമേറിന കല്ലുപൊളിച്ചു

പലതറകളുമാകളുമിറകളും
മുറകളുമതിബഹുതരതിലുകളും
കൊടിമരമൊരു പന്തിനിറച്ചു
പടികളുമിവിടത്തിലുറച്ചു
പെട്ടിപടലവുമൊക്കെമറിച്ചു
പട്ടുചിലവുകളൊട്ടുകുറച്ചു
പടകുടികളുമുടനടയിടയിടെ
വടിവിനൊടുടനുടനാടകശാലരും
മണിമേടകൾ പലവകതീർത്തു
മണികാഞ്ചനമാലകൾ കോർത്തു
പണിതട്ടുകളിട്ടഥ ചേർത്തു
പലകുണ്ടുകളമ്പൊടുതൂർത്തു
നരവരനുടെ പുരമതുസുരവര
പുരിയൊടുപരിഭവതരമതുലം
കട്ടിലുകൊട്ടിലുകോട്ടത്തളവും
തടവുകളിടവുകൾ കിണറും കുളവും
കെട്ടുകൾ തട്ടുകൾ പലകൊത്തളവും
ഘനമൊടുവില ദിനകനകത്തളവും
മാടപ്പുരകളുമങ്ങാടികളും
മതിലും ഗോപുരമതിലും വിസ്മയം
ആട്ടിൻകുടിലുകളാനപ്പന്തിക-
ളതിരമണീയം കതിരപ്പന്തികൾ
അന്നിതഞ്ചും പലമണിമഞ്ചങ്ങളു-
മണിമതിമുഖികടെമണിയറയുണ്ണിയറ-
മാങ്ങളും പുനരിടങ്ങളും പര-
തടങ്ങളും തരുപടങ്ങളും
ബഹുതരമിഹ വിരവൊടു നരവര
പുരവരമതിലനവധിജനതതി
മനതളിരിളകിനഘനതരമനുപമ-
മുത്തരമിത്തരമുത്തമമുത്തമ
പത്തനപംക്തികൾ തത്രതത്ര ചിത്രമെത്രയും-
ചിരം

ജനകമഹീപതിതന്നുടെ മകളുടെ
ഘനതരകല്യാണോത്സവഘോഷം
കനിവൊടുതത്ര തുടങ്ങിനൊരു സമയേ
മനസികുതൂഹലമഖിലജനാനാം
വിപ്രക്ഷത്രിയവൈശ്യന്മാരും
വിവിധതരം ബഹുശൂദ്രജനങ്ങളു-
മല്പതരമഥനാനാജാതിക-
ളെപ്പേരും ബത മിഥിലാപുരമതിൽ
വന്നുനിറഞ്ഞു തുടങ്ങിപതുക്കെ
തങ്ങടെ തങ്ങടെ വിഭവത്തോടെ
ആനകൾ തേരുകളനവധിജനതതി
മാനികളാമെജമാനന്മാരും
മേനാക്കികളും സേനാപതികളു-
മധിപന്മാരുമമാത്യന്മാരും
മാനിനിമാരും വൃഷലികളും ബഹു-
മാനിക്കേണ്ടും രാജസ്ത്രീകൾ
ആനന്ദിച്ചു കളിച്ചു ചിരിച്ചുട-
നാനമകന്നു പരന്നു വരുന്നൊരു
മാനുഷഘോഷവിശേഷമതെങ്ങിനെ
ഞാനരചെയ്തു ധരിപ്പിക്കേണ്ടു?
ആനനമായിരമുള്ള ഫണീന്ദ്രൻ
താനരചെയ്കിലുമില്ലവസാനം

അങ്ങാടിത്തെരുവുകളങ്ങാശു കെട്ടിത്തീർത്തു
മങ്ങാതെകൊങ്കണികൾ ചെങ്ങാതിമാരുംവന്നു
കെട്ടും ചുമടുകളും ഒട്ടും കുറക്കാതെ
കെട്ടിച്ചുമന്നു വച്ചു ചെട്ടിപ്പരിഷകൾ കോ-
മട്ടിപ്പരിഷകളും ചെട്ടിച്ചിമാരും കൊച്ചു-
കുട്ടികളേയും ചില ചട്ടികലങ്ങൾ പല
വട്ടിയും കുട്ടകളും കട്ടിക്കവണിതെറുത്തു
കെട്ടിപ്പുടവസോമൻ കോട്ടക്കച്ചകൾ പല
കൂട്ടങ്ങളെന്നുവേണ്ടാ
കുപ്പായക്കൂട്ടങ്ങൾ മണപ്പാടൻ മുണ്ടുവക
തൂപ്പട്ടുറുമാൽ ചെത്തിപ്പട്ടും വീരവാളിയും
തൊപ്പിചകലാസുകൾ കുപ്പികണ്ണാടികളും
ചെപ്പും ചിമിഴുകൾ കറപ്പും കരിമ്പടവും
തപ്പുകൊങ്കണികൾ വിരിപ്പും കോസടികൾ ചെ
രിപ്പും പലവിധം പരിപ്പുപയറുഴുന്നും

ഇത്തരമനവധി വാണിഭമെവിടെ-
സ്സുതപാരമങ്ങു തുടങ്ങി പലേടവു-
മെത്രമനോഹരമരചപുരത്തിൽ
വിചിത്രവിശേഷമഹോ ബഹുഘോഷം
പട്ടന്മാരുടെ വാണിഭമൊരുവക
പട്ടുകളരട്ടുകൾ തിച്ചുളമച്ചുടി
തട്ടുകൾ തോറും തെക്കൻ പുടവ-
കെട്ടുകൾ പലതുമഴിച്ചു നിരത്തി

പത്തുപണത്തിനൊട്ടത്തൊരുമുണ്ടിനു
പതിനഞ്ചു പണം വില പറയും ചില
പുത്തൻ കവണി പണത്തിനാറ[illegible]ത്തു
പുത്തൻവിലവയ്ക്കാമെന്നൊരുവൻ
പോടാലടുവായപ്പടിനമ്മൊടു
കൂടാഹോഹോ എന്നൊരു വിപ്രൻ
അറുത്തുകെട്ടിപ്പുടവകളൊരുവക
തെറുത്തുകെട്ടിത്തെരുവുകളിരുപുറ-
മുരുത്തിരിഞ്ഞച്ചൊരു ദിശിവിരവൊടു
നിരത്തിവച്ചും മുറിച്ചുവിററും
തരത്തിലർത്ഥം കരസ്ഥമാക്കി-
ച്ചരക്കുവാങ്ങിച്ചരക്കൊപ്പാണിഭ
ത്തിരക്കവർദ്ധിച്ചിതിങ്ങനവധി
പരദേശികളുടെ പല പലഘോഷം
നരനാരികളുടെ വരവും കലശലു-
മൊരുവകകശ്ശപിശപറയുകവാണിഭ-
മെടുക്കയും ചിലർ കൊടുക്കയും ചില-
രടുക്കയും ചിലർ നടക്കയും ചില-
രാടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ
മദിച്ചു വദിച്ചു നദിച്ചു രസിച്ചു
പലവിധമിഹ നലമൊടു നരവര
പുരമതിലതിശയമിതിജാതം

ജനകനരവരനുടയ കനകമണിമന്ദിരേ
ജാനകീകല്യാണഘോഷം മനോഹരം
അരചർവരുവൊരുവഴികൾ തെരുവുകളുമൊക്കെ-
ആടകൾകൊണ്ടു വിതാനിച്ചു ഭംഗിയിൽ [വേ
മണികനകരജതശതമണിയുമണിപ്പന്തലിൽ
മാലകൾ തൂക്കി വിളക്കുവച്ചാദരാൽ
നിറമുടയകനകമണിനിറപറകൾ വച്ചുടൻ
നീളവേ ചന്ദനച്ചാറും കളഭവും
കനിവിനൊടു പനിജലവുമതിസുരഭികുങ്കുമം
കസ്തൂരിയും തളിച്ചേറും പരിമളം
നടനടികളുടെ നടനപടുരവവിലാസവും
നല്ലൊരു വേണുവീണാദിനാദങ്ങളും
കിട്ടുമുടികളുടെ ചടുലചടചടരവങ്ങളും
കിങ്കരന്മാരുടെ ഹുങ്കാരഘോഷവും
കളികൾനിലവിളികളുളികിളികളുടെ ചിലയും
കസ്തൂരികുങ്കുമാമോദസംഭാരവും
നരപതികളുടെ വരവുമവിരതമിതങ്ങിനെ
നാലുദിക്കിന്നും തിരക്കും പരക്കവേ
കുടതഴകൾകൊടികൾബഹുതുടുപടഹാദ[illegible]
കൊമ്പും കുഴൽ വിളികാളവും തമ്പേറും [റവും
തകിൽ മുരശുമുള്ളംതപ്പും തിമിലയും
മെണ്ടവാദ്യഗണങ്ങൾ വാദ്യഭേദങ്ങളും

ഇത്തരമനവധികോലാഹലമിഹ
ചതുരവാടികൾ തോറുമുദാരം
പത്തരമാററുള്ളാഭരണങ്ങൾമ-
ഹത്തരമുടലിലണിഞ്ഞു വരുന്നൊരു
പെണ്ണുങ്ങളെയും കൊണ്ടുവരുന്നൊരു
പൊണ്ണന്മാർ പല കാര്യക്കാരും
ഔവണ്ണം പല പട്ടന്മാരുമി-
വണ്ണം വിസ്മയമെങ്ങാനുണ്ടോ!
അച്ചികളൊരുവക മുത്തുവേശ്യകളും
മച്ചികൾ കിഴവികൾ മക്കളുമൊക്കെ
കാഴ്ചകൾ കാണ്മാൻ വട്ടം കൂട്ടി-
ത്താഴ്ചവരാതെ ചമഞ്ഞു തുടങ്ങി
കച്ചഞൊറിഞ്ഞുമുടുത്തും വിരലിൽ
പിച്ചളമോതിരമിയ്യൻമോതിരം
ഇത്തരമോരോകൊച്ചുകളിട്ടുക-
ഴുത്തിൽ പൊന്നണി താലികൾകെട്ടി
കണ്ണിൽ കരിയും തേച്ചു മിനുക്കി-
ക്കണ്ണാടിയെടുത്തായതിൽ നോക്കി
കുറിയും തിലകവുമിട്ടുവെളുത്തൊരു
മുറിമുണ്ടങ്ങിനെ തോളിലുമിട്ട്
വെററിലപാക്കും പുകയിലയെന്നു-
മിവററയതെല്ലാം മടിയിലുമാക്കി
കുട്ടി! കമ്മിണി! കുഞ്ഞിപ്പെണ്ണേ
ഇട്ടിളയച്ചീ കോതേ ചിരുതേ!
ചക്കീമാധവികാളീനീലീ!
ചക്കച്ചാരുടെ മകളേ നിന്നുടെ
ചന്തം നോക്കി ഞെളിഞ്ഞു ചമഞ്ഞു-
മണിഞ്ഞുകനിഞ്ഞുമലഞ്ഞുമുലഞ്ഞും
കാലംപോയല്ലൊ കാണുന്നീല
കാഴ്ചകളെല്ലാം കഴിയും മുന്നേ
വെക്കം ചെന്നൊരു ദിക്കിൽ പററിയി-

രിക്കാഞ്ഞാലക്കോയിക്കൽ പല
തിക്കും വലിയ തിരക്കും പലരുടെ
മുഷ്ക്കും കലശൽ പെരുക്കുമ്പോളൊരു
ദിക്കനമുക്കലകികളെമിവ
സ്വീക്ഷണമെങ്കിലിതൊക്കെ ധരിപ്പിൻ
മുഞ്ഞിനരച്ചുമെലുത്തൊരു നല്ലൊരു
പഞ്ഞികണക്കിനെ മുതുകിഴവച്ചാർ
കുഞ്ഞിപ്പെണ്ണിനു കാഴ്ചകൾ കാണ്മാൻ
കൂട്ടിക്കൊണ്ടു തിരിച്ചു തുടങ്ങി
കഞ്ഞികുടിപ്പാനില്ലെന്നാലും
കണ്ടാൽ വക്കത്തുള്ളവനെന്നാം-
ലിങ്ങനെകൊള്ളാതെമിറഞ്ഞാം-
ലെങ്ങിനെ പെണ്ണിനു തലപൊറങ്ങേണ്ടു
നിങ്ങളിതൊരു ബോധിപ്പീലേ
സംഗതിയെന്നൊരു നാരിപറഞ്ഞു.
മറ്റൊരുനാരി പറഞ്ഞാനപ്പോൾ
മാക്കോച്ചാരുടെ മകളൊരു കൂടെ
കാക്കരനായരു ചമ്പ്രുതുങ്ങി
പൊറക്കിറിയവനൊരു പെണ്ടപിണങ്ങി
പത്തുപണത്തിനു പാതിപ്പുടവയെ-
ടുത്തുകൊടുത്തുപടത്തോടെപായി
പത്താംതീയതിപണമുണ്ടാക്കി-
ട്ടുക്കൊടുക്കാത്തിലെങ്കിൽ
പത്തിനരണ്ടുപ്പലിശപ്പണമെ-
ന്നൊന്നുപറഞ്ഞു തിരിഞ്ഞിതുപോലും
പത്താംതിയതിപുലരുന്നേരം
പട്ടർതളത്തിൽ പാട്ടുകിടന്നു
കാക്കരനായനവനെക്കേൾപ്പാനാൻ
കച്ചയെടുത്തപണത്തെത്തോരം
പണമില്ലാഞ്ഞാൽപ്പുണയംതോരം
പട്ടരുകിടക്കുവാരും പെണ്ണേ
ഒമ്മെത്താനൊരുപണയംതന്നാ-
ലൊരുകുറിപാത്രവുമാങ്കിക്കൊൾവാൻ
ഇങ്ങനെപട്ടരുപട്ടിണിയിട്ടു
പാട്ടുകിടക്കുന്നെന്നതുകേട്ടു
കൊച്ചുനജത്തിയൊളിച്ചുപതുക്കെ-
ക്കച്ചയെടുത്തുപുതച്ചുംകൊണ്ടു
താച്ചൻനായരെമുമ്പിൽനടത്തി
കാഴ്ചകൾകാൺമാനങ്ങുതിരിച്ചു
കാഴ്ചപ്പന്തലിലെത്തുമ്പോളൊരു
താഴ്ചവരാനങ്ങിങ്ങനജത്തി
നല്ലവെളുത്തൊരുപുടവയുടുപ്പാ-
നില്ലതുകൊണ്ടുനമുക്കവിചാരം
മണിയും താലിയുമെന്തിനനല്ലൊരു
തുണിയുണ്ടെന്നാലായതുപോരും
കണികാൺമാനൊരുപണമില്ലാത്തവ-
ളണിവാനൊത്താലെന്തൊരുകാര്യം
ഉമ്മാർവകയില്ലാത്തൊരുവേമ്മൻ
പെമ്മാനിപ്പാനാളായുതമോ
നമ്മുടെവീട്ടിൽപണ്ടൊരുമാതാ
വമ്മാന്നുംമുതൽതേടിയതെല്ലാം
അമ്മാവിയ്ക്കുകൊടുത്തുകൊടുത്തുട-
നമ്മാവൻതാനാക്കെമുടിച്ചു
നമ്മാമക്കളൊരഞ്ചെട്ടുണ്ടവ-
രമ്മാനല്ലാതൊന്നിനുപോരാ
അമ്മാപാപികൾ രാവും പകലും
ഉമ്മാനിലയംവച്ചുനിരക്കെ
കോലെറയത്തുമടക്കളെയില്ലുമൊരു
കോലാറലമേകേൾപ്പാനുള്ള
ചോറുവിളമ്പെടികോരതി ചിരുതേ
മോരുവിളമ്പെടിമാധവിനിങ്ങടെ
വെള്ളെല്ലാംചിതമല്ലോ കറികളി-
ലുപ്പുംമുളകുംചേർത്തിട്ടില്ലാ
കയ്പുണ്യംചിതമൊരുപുളിയെങ്ങനെ
കയ്പുണ്ടാവാൻ സംഗതിവന്നു
കുട്ടികളിങ്ങനെപറികിപ്പിശകി-
ക്കിട്ടിയതൊന്നും മതിയില്ലിനിയും
ചട്ടിയിലുള്ളൊരു ചോറുംകറിയും
കൊട്ടിവിളമ്പണമല്ലെന്നാകിൽ
പട്ടികൾപോലവർപറഞ്ഞുകരേറി-
ച്ചുട്ടികലങ്ങളുടപ്പാനുംമതി
മുട്ടിനമുക്കമനസ്സും പലപല
മുട്ടികണക്കിനുതിന്നുതടിച്ചൊരു
കൂട്ടക്കാരുടെമൂലംനമ്മുടെ
വീട്ടിലിരുന്നുപൊറുപ്പാൻമേലാ
ചെട്ടക്കാക്കിരിവച്ചുവിളമ്പി

ച്ചേട്ടത്തിക്കുമിനിസ്സംഭാരം
കോട്ടമൊരിക്കൽകഞ്ഞികുടിപ്പാൻ
കൂട്ടുകയില്ലൊരുനേരംപോലും
കോയിക്കൽപോയ്ക്കാഴ്ചകൾകാണ്മാൻ
സ്ഥായിക്കാർ ചിലരുണ്ടെന്നാകിൽ
പോയിക്കൊണ്ടുവരേണമിനിക്കതി-
നായിക്കൊണ്ടുപുറപ്പെട്ടപ്പോൾ
അമ്മാവിക്കതുസമ്മതമല്ല
അമ്മാവനുമൊട്ടങ്ങിനെതന്നെ
അമ്മയ്ക്കല്ലാതിട്ടിക്കില്ലെടോ
നമ്മെക്കുറിതരിമ്പില്ലാർക്കും
മോദിച്ചീടിനനാരികൾതമ്മിൽ
ചോദിച്ചങ്ങുപറഞ്ഞുതുടങ്ങി
കല്യാണാംഗിവിദേഹാത്മജയുടെ
കല്യാണോത്സവഘോഷംകാണ്മാൻ
മുല്ലാസനധരിത്രിയിലുള്ളവ-
രെല്ലാവരുമിഹപോയിട്ടുണ്ട്
എല്ലാവരുമിഹപോയതുകൊള്ളാം
തെല്ലുവിരോധംകൽപ്പാനുണ്ട്
വില്ലാളികളാം വീരനൃപന്മാ-
ർക്കല്ലാതവളെക്കിട്ടുകയില്ല
വില്ലുവലിച്ചുകുലച്ചുമുറിച്ചു
വേളികഴിപ്പാൻസംഗതിക്കൂ
വില്ലെന്നുള്ളൊരുപണയംചൊന്നു
വില്ലങ്കമതായ്പ്പുനവെച്ചു
നല്ലസമർത്ഥന്മാരായുള്ളൊരു
നരപതിവിരുതന്മാർപലർവന്നു
വില്ലുമെടുത്തുവീണുമുറിഞ്ഞു
പല്ലുതകർന്നു എല്ലുതെറിഞ്ഞവ-
രെല്ലാംപരവശരെന്നേവേണ്ടു
പെണ്ണിനെമോഹിച്ചയ്യോ ശിവശിവ!!
പൊണ്ണന്മാർക്കങ്ങമളിപിണഞ്ഞതി-
വണ്ണമിതെന്നുപറഞ്ഞറിയിപ്പാൻ
ദണ്ഡമിനിയ്ക്കുൻ കൊച്ചനുജത്തീ
ഇങ്ങനെപണയംപറവാനെന്തൊരു
സംഗതിയായതുകേട്ടോതാനും
നിങ്ങടെചെവിയിൽപൂക്കാലവിടെയ-
ടങ്ങുകയില്ലപരക്കുംനാട്ടിൽ

നിന്നാണെന്നുടെകണ്ണാണേതൊ-
ന്നിനിയൊരുത്തരെയറിയിക്കില്ല
എന്നാൽപറയാമച്ഛനുമമ്മയു-
മെന്നതുടങ്ങി പലരുംകൂടെ
മുഷ്കരമാമൊരുപണയം ചൊല്ലി
ദുർഘടമാക്കിത്തീർത്തുവിവാഹം
പെണ്ണിനെയച്ഛനുകുറിയില്ലേനോ
പെണ്ണിനുമുണ്ടോ അച്ഛനുമമ്മയും
അച്ഛനുമമ്മയുമില്ലാതെങ്ങിനെ
കൊച്ചുകുമാരിപിറന്നതുമായി?
എങ്ങിനെയുണ്ടായെന്നതറിഞ്ഞി-
ല്ലങ്ങിനെകിട്ടിയതെന്നേവേണ്ടു
കഞ്ഞികുടിപ്പാൻവകയില്ലാഞ്ഞാൽ
കുഞ്ഞിനെവില്ക്കും പാപികളുണ്ടോ?
പിള്ളേവിറ്റും പണമുണ്ടാക്കി-
പ്പുള്ളപൊറുപ്പിപ്പാൻമുതിരുന്നോരു
തള്ളയിരിക്കും നാട്ടുനശിക്കും
കൊള്ളരുതീവകജാതികളൊന്നും
അങ്ങിനെയെങ്ങാൻകിട്ടിയപിള്ള-
യ്ക്കിങ്ങനെയനുഭവമെന്നായ്വരുമോ
കുത്തുതനിക്കില്ലാഞ്ഞാൽമറുകി-
ഴിഞ്ഞൊരുജാതിയിലുള്ളൊരുശിശുവെ
കുഴിയതിൽവച്ചുമെടുക്കാമെന്നൊരു
പഴമൊഴിയുണ്ടേ തെക്കൻദിക്കിൽ
വലിയതനുരാനിങ്ങനെവന്നൊരു
വഴിയിൽവന്നൊരുവൈദേഹിയതാകിയ
മകളെവളർക്കുന്നതുകൊണ്ടൊരു
മകളെക്കുറിയില്ലാതെ വിളിപ്പൂ
എന്തൊരുകഷ്ടം സാധിക്കാതൊരു
പന്തിപിടിച്ചൊരുപന്തിനൃപന്മാർ
ചന്തമിയന്നിഹവന്നവരെല്ലാം
ദന്തമൊടിഞ്ഞുമടങ്ങിപ്പോയി
എന്നുടെജാനകി തെളാറായി-
യെന്നിനിയവളുടെവേളികഴിപ്പൂ
മതിയായിട്ടൊരുമന്നവവീരൻ
അതിയായിട്ടുപ്രയത്നംചെയ്താൽ
പതിയായിട്ടുവരാനുംവിഷമം
ഗതിയായിട്ടൊരുപണയംമൂലം

ഞാങ്ങിനെജാതകമല്ലോജാനകി-
യിങ്ങനെതന്നെയിരുന്നനരയ്ക്കും
വല്ലാത്തുള്ളൊരുരാശിയിലല്ലൊ
വന്നുപിറന്നൊരുവൈദേഹിക്കു
കല്യാണത്തിന്നുവേണ്ടും ഭാഗ്യമ-
തില്ലാഞ്ഞാൽപുനരെന്തിഹചെയ്യാം.

എന്നേ! നിശ്ചരിയാദമെന്നേപാവാനുള്ള
എന്നെവേണെങ്കിലെൻറകണ്ഠംവിഴുങ്ങേണം
താൻ
എന്നുള്ളസംസാരംപോൽവന്നകാര്യങ്ങളെല്ലാം-
ഒന്നുംകണക്കിലാകില്ലെന്നുനമുക്കുപക്ഷം
വില്ലുകുലയ്ക്കുന്നോർക്കേ വേളിലഭിക്കുവെന്നു
തെല്ലുംമടിക്രടാതെചൊല്ലുന്നതമ്പുരാനെ
കല്യാണിസീതയുടെ കല്യാണംവേണ്ടമന്ന-
തെള്ളോളമാശയില്ലെന്നല്ലാതോന്നിക്കുമായം
നല്ലൊരുപെണ്ണിരുന്നനരച്ചുപോകയേയുള്ളു
വല്ലോരുംവന്നുവേട്ടുകൊണ്ടുപോയില്ലെന്നാ
നല്ലതലമുടിയും കാതും മുഖവും നല്ല [കിൽ
ചില്ലുംചൊടിയുംകണ്ണുംകണ്ടാലെത്രമനോജ്ഞം
ചാലേചകിടച്ചുംതുപോലെ മുലകൾരണ്ടും
ബാലയാംവൈദേഹിയ്ക്കുവന്നുകുരുത്തീടുന്നു
ആലാപഭംഗികളും ലീലാകടാക്ഷങ്ങളും
പ്രാലേയരുചിബിംബംപോലെവദനംപിന്നെ
നീലേന്ദീവരംപോലെനീണ്ടുള്ളനേത്രങ്ങളും
മല്ലീശരൻറചാപവില്ലിൻറ വൈഭവത്തെ
തല്ലിമണ്ടിക്കുന്നൊരുചില്ലീയുഗവുംനല്ല
മുല്ലമുകുളംപോലെചില്ലുംമന്ദസ്മിതവും
ബാലേന്ദുകലപോലെഫാലതിലകങ്ങളും
എല്ലാമിവണ്ണംകണ്ടുംകേട്ടുംനൃപവരന്മാർ
എല്ലാംമലരമ്പൻറമുല്ലക്കണകളേററു
വല്ലാതുഴന്നുദേഹമെല്ലാംതളർന്നുഖേദ-
മല്ലാതൊരുനേരവുമില്ലാതെനാട്ടുംവീട്ടു-
മെല്ലാംവെടിഞ്ഞുവെക്കമെല്ലാരുംക്രടിസ്സീത
കല്യാണപ്പന്തൽകളിൽചെല്ലുന്നനേരംകേട്ടു
വില്ലുകുലയ്ക്കാമെന്നുവില്ലന്മാരൊത്തുചെന്നു
വില്ലെടുത്തുവീണുപല്ലുംതകർന്നപാരം
അല്ലൽപിണഞ്ഞുസാധിക്കില്ലെന്നുറച്ചുമണ്ടി
നല്ലാർമണിയുടയകല്യാണമുഖ്യമായി
വല്ലാത്തകാലമെന്നേചൊല്ലാവൂയെന്നീവണ്ണം
എല്ലാസ്ത്രീകളുംതമ്മിൽസല്ലാപംചെയ്യുന്നേരം.

മണ്ടിവന്നൊരുമനോഹരരൂപിണി
കണ്ടിവാർകുഴലിതാനുരചെയ്താൾ
കുണ്ഠിതംകളക കാമിനിമാരേ
കണ്ടുകൊൾവിനിഹവേളിമഹോത്സവം
രണ്ടുപക്ഷമതിനില്ലവിവാഹം
രണ്ടുനാളിലകമാശുഭവിക്കും
രണ്ടുസുന്ദരനരേന്ദ്രസുതന്മാ-
രുണ്ടുപോന്നിഹപുരേമരുവുന്നു
കണ്ടുതൊന്നുവരെയിന്നിഹകണ്ടാൽ
രണ്ടുപേരുമതിവിസ്മയരൂപികൾ
പണ്ടുശംഭുഭഗവാനതികോപം
കൊണ്ടുഫാലമിഴിതന്നിലെരിച്ചോരു
വണ്ടുതൊണ്ടുടയമന്മഥനിപ്പോൾ
രണ്ടുവിഗ്രഹമിയന്നിഹവന്നു
കണ്ടിവാർകുഴലിസീതയെവേട്ടും-
കൊണ്ടുപോകുവതിനെന്നിഹതോന്നും
രണ്ടുപേരിലൊരുവൻവിരവോടാ
കുണ്ഠരാകിയനൃപന്മാർപലരും
കണ്ടിരിക്കവേ വില്ലുകുലച്ചും-
കൊണ്ടുജാനകിയെവേളികഴിച്ചിഹ
കൊണ്ടുപോയിടുമതായതുനിശ്ചയ-
മുണ്ടിനിക്കുമമകൊച്ചുനത്തീ
തണ്ടുതപ്പികടെ കുണ്ഠിതഭാവം
കണ്ടിരുന്നിഹ നമുക്കു ചിരിക്കാം
രാമനെന്നുമഥലക്ഷ്മണനെന്നും
നാമധേയവുമവർക്കിഹകേട്ടു
കാമദേവനുടെ കാന്തിയെവെല്ലും
കോമളാകൃതിമനോഹരനാകിയ
രാമനെന്ന ശിശു വില്ലുകുലാപ്പൻ
മാമുനീന്ദ്രനരുൾ ചെയ്തിതുപോലും.

അയ്യോ ശിവ ശിവ കൊച്ചുകുമാരനു
കയ്യോകാലോ പോരാകാനുള്ളൊരു
ദുർയ്യോഗത്തെ കല്പിച്ചോരുമുനി-
വര്യനമിപ്പോൾ ഭ്രാന്തുപിടിച്ചോ
വണ്ണൻ വാഴകണക്കു തടിച്ചോരു
പൊണ്ണന്മാർ ചിലർ വന്നവിടെയ്ക്കു

ദണ്ഡുമെടുത്തു കുലപ്പാൻവളരെ-
ദ്ദണ്ഡിച്ചു ഭൂപാമതായെന്നല്ലീ
കണ്ണുപൊടിഞ്ഞു കാലുമൊടിഞ്ഞു
മണ്ണിൽ മറിഞ്ഞുമുറിഞ്ഞു ശരീരം
മന്നിലിരിക്കും മന്നവരനവധി
ഖിന്നതപൂണ്ടിഹമാറിപ്പോന്നു
അങ്ങിനെയുള്ളൊരു വില്ലുകുലപ്പാ-
നിങ്ങിനെ ശിശുവാം ദശരഥതനയൻ
എങ്ങിനെ മതിയാകുന്നതികാനമി-
തംഗനമാരേ! നിങ്ങൾ ധരിപ്പിൻ
ആനവലിക്കാവുള്ളമരത്തടി
പൂനവലിപ്പാനാളായ് വരുമോ?
ജാനകിമൂലം മനുകുലബാലനു
മാനക്കേടു വരുത്തും മാമുനി
വിശ്വാമിത്രൻ കല്പിച്ചാലതു
വിശ്വാസമിനിക്കില്ലനുജത്തീ
വിശ്വംമൂന്നിലുമെത്രയുമേററം
വിശ്രുതമാകിയ സൂര്യകുലത്തിൽ
വന്നുപിറന്ന നൃപന്മാക്കൊരുപിഴ
വന്നെന്നുള്ളതു കേൾപ്പാനില്ലാ
ഇന്നിതുകേൾക്കാറാകില്ലല്ലീ-
യെന്നു നമുക്കിഹ തോന്നീടുന്നു
നമ്മുടെ സ്വാമിവിദേഹനരേന്ദ്രൻ
നല്ലതു ഞാനിഹ ചൊല്ലാമിപ്പോൾ
വില്ലെന്നുള്ളൊരു പണയം ചൊന്നതു
വില്ലങ്കത്തെ വെടിഞ്ഞു പൊടുക്കനെ
നല്ലകുമാരകനാകിയ രാമനെ
മെല്ലെവിളിച്ചു വരുത്തിക്കനിവൊടു
കല്യാണാംഗിയതാകിയ മകളുടെ
കല്യാണം വഴിപോലെ കഴിച്ചഥ
ആരും വളരെ ഗ്രഹിയാതങ്ങൊരു
തേരിൻ മുകളിൽ കേററിയയോദ്ധ്യാ-
പുരിയിലയയ്ക്കണമിരുവരെയും പുന-
രതുതൊരു താമസമായതിനിപ്പോൾ
നാമിഹ ചൊന്നാനതു ചെയ്യെന്നാൽ
സ്വാമിക്കേതും ദൂഷണമില്ലാ
രാമനുമകളെദ്ദാനം ചെയ്താൽ
ഭൂമിയിൽ നല്ലൊരു കീർത്തിനടക്കും

ചാർച്ചയുമുണ്ടാം വേർച്ചയുമുണ്ടാം
താഴ്ചയുമെങ്ങും വരികയുമില്ലാ
കാഴ്ചനരേശ്വരനുണ്ടെന്നാകിൽ
വാശ്ശുതുമിങ്ങനെ ചെയ്യണമിപ്പോൾ
പോടീ നിന്നുടെ സംസാരംമതി
പോകാം വിരവൊടു കാഴ്ചകൾ കാണ്മാൻ
കൊപ്പുച്ചൊരു നിനക്കുണ്ടാക്കിയ
കോപ്പുകളെല്ലാമെങ്ങടിപെണ്ണേ
കോപ്പുകളെല്ലാം പണയംവച്ചു
കറപ്പും കള്ളും കൊണ്ടു മുടിച്ചൊരു
മുടിയൻ നായർ നമുക്കൊരു മുണ്ടും
പുടവയുമിപ്പോൾ തരുമാറില്ല
കടമെന്നുള്ളതു തലയിൽ കേറി
കാട്ടിലൊളിച്ചു നടക്കുന്നിപ്പോൾ
ഉമ്മിണിയച്ചീ വാടീനിന്നുടെ
പൊന്മണിയിന്നു നമുക്കുതരാമോ
പൊന്മണിവിററു കടത്തെപ്പോക്കി
പൊളിയില്ലിങ്ങനെ സംഗതിവന്നു
പൊന്നും വെള്ളിയുമെന്നുടെ വീട്ടിലി-
തൊന്നും കണികാൺമാനുമതില്ലാ
രാമച്ചാരുടെ മകടെ കഴുത്തിലൊ-
രാമത്താലികിടക്കുന്നുണ്ടു്
ആയതുകിട്ടും ചോദിച്ചെന്നാ-
ലായവൾ തരുമെന്നെന്നുടെ പക്ഷം
അവൾ പോന്നില്ലേ കാഴ്ചകൾ കാണ്മാൻ
അവൾപോന്നില്ലാ തൊടുവാൻ മേലാ
ഇങ്ങനെയോരോ വാക്കുപറഞ്ഞും
തങ്ങടെ മോടിവരുത്തിക്കൊണ്ടും
പെട്ടിതുറന്നു കോപ്പുകളെല്ലാം
കെട്ടിയണിഞ്ഞും പുടവഞൊറിഞ്ഞും
കണ്ണുകളെഴുതിത്തിലകം തൊട്ടും
മോതിരമിട്ടും കൈവളയിട്ടും
താലിയണിഞ്ഞും മാലയണിഞ്ഞും
നാടൻ പുഴുവുമുഖത്തു മിനുക്കി
കൂടെത്തലമുടിചീക്കിവിടുത്തു
വെററതെറുത്തും കയ്യിലെടുത്തും
മററുള്ളവർകളെമാടിവിളിച്ചും
കൊച്ചിനെയിളിയിലെടുത്തും പലതര-
മച്ചികളങ്ങു നടന്നുതുടങ്ങി

തെക്കുവടക്കുകിഴക്കുപടിഞ്ഞാ-
റൊക്കെനിറഞ്ഞുകവിഞ്ഞുവരുന്നൊരു
വിപ്രന്മാരുടെതിക്കുതിരക്കുനി-
രപ്പൊടതത്രവിചിത്രമിതല്ലോ
ദേഹംഹതനൊട്ടു ചോദിക്കുന്നുവി-
ദേഹേശന്റെ മകൾക്കുസ്വയംവര
ഘോഷമിതെന്നുതുടങ്ങിജനങ്ങളു-
ശേഷവുമവിടെച്ചെന്നു നിറഞ്ഞു
തത്രനമുക്കുപ്രതിഗ്രഹമവിടൊ-
ട്ടെത്രലഭിക്കുമതുണ്ടോ കേട്ടു
നംപൂതിരിമാക്കമ്പതു മറുപതു-
മാറുക്കാശുണ്ടെന്നങ്ങിനെകേട്ടു
ഓരോപാതിപ്പട്ടും കിട്ടും
നേരോപൊളിയോ കണ്ടാലറിയാം
ധീരതപം പുനരുള്ളമഹീപതി
പാരിൽ ധനവാന്മാരിലധീശൻ
ഭൂരിദ്രവ്യമതുള്ളതശേഷം
വാരിക്കോരിച്ചിലവിട്ടപ്പോൾ
ദാരിദ്ര്യം കാണികൺമാനില്ലാ.
താമ്പരമെന്നാലിപ്പരിഷയ്ക്കു
പോരികവിപ്രാസദ്യയടുത്തു
കോരികകൊണ്ടു വിളമ്പും പ്രഥമൻ
പപ്പടവും പഴവും പഞ്ചാരയു-
മപ്പംവടകളുമുപ്പേരികളും
നെയ്യും നല്ല പരിപ്പും പാലും
പച്ചടികിച്ചടിവേപ്പിലമാങ്ങാ
നാരങ്ങാക്കറിപുളിയിഞ്ചികളും
ചക്കപ്രഥമനടപ്രഥമൻ പുന-
രൊക്കയുമോമോലാലക്കറിയിങ്ങിനെ
ശക്കരചത്തു വരുത്തപദാത്ഥം
മുഷ്കരമാകിനനേന്ത്രപ്പഴവും
കണ്ണൻ പഴവും വണ്ണൻപഴവും
കാളിപ്പഴവും കദളിപ്പഴവും
കന്നിൻതൈരും കാച്ചിയമോരുമി-
തൊന്നും കുറവില്ലെത്രചെലുത്താം
എന്നാലായതിലേറെവിളമ്പും
ഇലയിലിടം പോരാതായ്വരുമേ
എല്ലാമിലയിൽ ശേഷിപ്പവരൊടു
വല്ലാതങ്ങു ശകാരിക്കുന്നു
ദരിപ്പുനടത്തും പരദേശികടെ
വലുപ്പവുമവിടെക്കാണുകയില്ല
വല്ലിനനല്ലമടപ്പള്ളിക്കാ-
രല്ലമതല്ലാത പത്തുസഹസ്രം
കല്പനകേട്ടു നടക്കാത്തവരുടെ
കൈക്കുപിടിച്ചു പുറത്തുതള്ളും
പാത്രക്കാരനുമേറെത്തെളിഞ്ഞാൽ
ചന്തക്കേറ്റവരുത്തിയയയ്ക്കും
കൊല്ലാറുന്ന ജനങ്ങൾ പിഴച്ചാൽ
കൊല്ലാൻകല്പനവരുമെന്നറിക
കൊല്ലരുതാത്തവരക്കൂട്ടത്തിൽ
കൊള്ളരുതാത്തവഴിക്കും കൂട്ടം
വമ്പുള്ളോരെജമാനൻമീശ-
ക്കൊമ്പുള്ളവനെന്നാകിലുടനേ
സംമാരങ്ങൾവരുത്താത്തവരെ
സ്തംഭത്തോടുവരിഞ്ഞിഹകെട്ടും
നംപൂതിരിമാർ ചോമാതിരിമാ-
രെംപ്രാന്തിരിമാർ പരദേശികളും
നമ്പിബ്രാഹ്മണരെന്നുള്ളവരുടെ
മുമ്പിൽ വരുമ്പോൾ വഴിതിരിയാഞ്ഞാൽ
വമ്പന്മാരവരധികാരികളെയു-
മമ്പൊടു നരപതി പിഴചെയ്യിക്കും
സംപ്രതിജനകപുരത്തിലൊരുത്തനു
സംഭ്രമമെന്നതു കാൺമാനില്ലാ

ഇത്ഥം നാലുദിക്കിനുമെത്തും മഹീസുരന്മാർ
ചിത്തം തെളിഞ്ഞുപലവൃത്തം പറഞ്ഞുകൊണ്ടു
ഛത്രംവിശറിയുമായത്രനഗരിതന്നിൽ
ചിത്രമായുള്ള ബഹുസത്രങ്ങൾ കണ്ടുകണ്ടി-
ങ്ങെത്രയും മോദമോടെ ധാത്രീശൻ ജനകന്റെ
പുത്രീവിവാഹഘോഷേ തത്രസുഖിച്ചുവാണു.

ഇത്ഥമനവധിഘോഷം ദിശിദിശി
ചിത്തരസങ്ങളനേകമനേകം
പത്തനമൊക്കെ നിറഞ്ഞു ജനങ്ങടെ
പലപലവിദ്യകളങ്ങുതുടങ്ങി
ആട്ടംപല ദിശിപാട്ടുംകളികളു-
മോട്ടംതുള്ളലുകൊമ്പും കുഴൽവിളി
തട്ടുമ്മേൽകളിതറയിൽ ചാട്ടവു-
മൊട്ടും കുറയാതമ്മാനാട്ടം

കമ്പക്കുത്തുകൾ തൊണ്ണിമേൽക്കളി
കമ്പമകന്നൊരു ദണ്ഡിപ്പുകളും
കൊമ്പുകളും കിട്ടമുടിയുംതകിലുമൊ-
രമ്പതുലക്ഷം തിമിലക്കാരും
പാണ്ടിവിധം മലയാളവിധങ്ങളു-
മാണ്ടിക്കളികളുമായുധവിദ്യകൾ
ചെണ്ടകൊട്ടുംതിമദ്ദളഘോഷവു-
മുണ്ടിഹദിശിദിശികേൾക്കാകുന്ന
ശാസ്ത്രിബ്രാഹ്മണരവരുടെ കളിയും
മാത്രക്കോലും വാളും വടിയും
ചെപ്പടിവിദ്യകൾതപ്പടികോലടി
കെല്ലൊട്ടുംപൊട്ടുപാടെവെടികളുമിടയിടെ-
യിപ്പടിബഹുവിധമത്ര്യമൽഭുത
മപ്പുരവരമതിലാശുനിറഞ്ഞും
വിശ്വാമിത്രമഹാമുനിതാനും
വിരവൊടുരാഘവസുതരോടുസമേതം
വിശ്വാസം ബഹുമാനം ഭക്തിയു-
മാശ്വാസവുമിയലും ജനകേന്ദ്രനെ
വേറെവിളിച്ചുവരുത്തിസ്സാദര-
മേറെത്തെളിവൊടുഗിരമുരചെയ്തു.
വീരപുംഗവധീരമഹീപാല
ശൌര്യവാരിധേകേൾക്കഗിരംമമ
സൂര്യവംശതിലകൻ ദശരഥൻ
ഭാര്യമാരുമായ് മേവുന്നകാലം
പുത്രരില്ലാഞ്ഞു ദുഃഖംമുഴുക്കയാൽ
പുത്രകാമമഖവും തുടങ്ങിച്ചു
ഋശ്യശൃംഗമുനിയുടെ വൈഭവാൽ
വിശ്രുതന്മാരാം പുത്രന്മാരുണ്ടായി
കോസലനൃപൻതന്റെമകളായ
കൌസല്യയ്ക്കുപിറന്നിതുരാമനും
കേകയനൃപൻതന്റെമകളായ
കൈകേയിയ്ക്കുപിറന്നു ഭരതനും
മാഗധന്റെകുമാരിയായുള്ളൊരു
ധന്യശീലസുമിത്രയ്ക്കുമപ്പോൾ
ലക്ഷ്മണശത്രുഘ്നന്മാരെന്നിങ്ങിനെ
ലക്ഷണമുള്ളപുത്രന്മാരുണ്ടായി
നാലുവേദവുമാറുശാസ്ത്രങ്ങളും
നാലുനന്ദനന്മാരുംഗ്രഹിച്ചു
ആയുധവിദ്യയാദികളൊക്കെയു-
മായവണ്ണംഗ്രഹിച്ചൊരവരും
മൂത്തവനായരാമൻസഹോദരൻ
മൂന്നാമൻബതലക്ഷ്മണനവനും
നമ്മൊടൊന്നിച്ചുപോന്നിതുയാഗവും
ചെമ്മേരക്ഷിച്ചതിവരുമവർ
പാടവമുള്ളരാമൻവഴിതന്നിൽ
താടകയെക്കൊലചെയ്തുവേഗം
പ്രൌഢരാകിയരാക്ഷസവീരരെ
താഡനംചെയ്തുബാണങ്ങൾകൊണ്ടു
ഭൂപാലബാലൻതന്നെയഹല്യയ്ക്കു
ശാപമോക്ഷവുമന്നൊട്ടുനൽകി
ഭൂപവര്യയാംനിന്റെപുരേശിവ
ചാപമുണ്ടെന്നു കേട്ടതുകാണ്മാൻ
ജാതമോദമിവിടെക്കുവന്നിവർ
ഏതുംവൈകാതെകാണിക്ക ചാപം.
ഇത്തരമുരചെയ്തീടിനമുനിയോ-
ടുത്തരമുരചെയ്താനഥ ജനകൻ
അയ്യോ ശിവശിവശിശുവാമിവനീ-
ത്ര്യംബകമാംവില്ലുകുലപ്പാൻ
കയ്യുക്കേറ്റൊസാഹസമാമിതു
ചെയ്യിപ്പിക്കനമുക്കിതുചിതമോ
അയ്യായിരമവനീശന്മാരിതു
ചെയ്യാമെന്നുനടിച്ചിഹവന്നീ-
ത്ര്യംബകമൊട്ടേതോററുമടങ്ങി
കയ്യുംകാലുമൊടിഞ്ഞുചിലർക്കിഹ
മെയ്യുവളഞ്ഞു കണ്ണുകളഞ്ഞു
പൊയ്യല്ലിത്തരംകേട്ടാരവർ
ആയാളുകളിലൊരുത്തരുമോർത്താൽ
വയ്യായുള്ളൊരുദുർഘടകാര്യം
ചെയ്യാമെന്നിക്കുഞ്ഞുങ്ങൾക്കും
ചെയ്യിപ്പിക്കാമെന്നുനമുക്കും
ദുർമ്മോഹംകൊണ്ടതിനുതുനിഞ്ഞാൽ
ധർമ്മോപക്ഷയമെന്നിഹതീരും
ത്രിപുരന്മാരെച്ചുട്ടുമുടിപ്പാൻ
ത്രിദശന്മാരുണ്ടാക്കിയവില്ലിതു
നൃവരന്മാർക്കും സൂര്യകുലത്തിൽ
അപരന്മാർക്കുമെടുത്തുകുലപ്പാൻ

സാധിക്കാഞ്ഞൊരുകാൎയ്യമിതടിയൻ
ബോധിക്കാഞ്ഞൊരുപണയംചൊന്നതു
സാധിക്കുംകാൎയ്യമശേഷജനത്തിന-
മാധികളെല്ലാരുതൊഴിലായ്വന്നു.

സ്വൈരക്കേടുപാരമെന്റെമകൾക്കുവയസ്സുപ
ത്തായി
കൊട്ടക്കന്നൊരുത്സവത്തിനുകൊട്ടുക്കെന്നുള്ളതി-
നൊരു
മുടക്കമീകല്യാണത്തിനുമുടക്കം വരുന്നതാകിൽ
പുറ-
ത്തൊട്ടുകളെക്കുവടക്കുംകിഴക്കുംപടിഞ്ഞാറും
വഴി
നടക്കുംജനങ്ങൾനമ്മെപ്പഴിക്കുന്നുണ്ടെന്നുപല
വഴിക്കുംതകൾപ്പാനമുണ്ടൊഴിക്കുംപ്രകാരം
കാൎയ്യം
കഴിക്കുന്നാകിലോസൌഖ്യംഭവിക്കും നമുക്കും-
പിന്നെ
ചെവിക്കുപുത്തരിയായിട്ടസൂയദുസ്തുതികേട്ടു
ങ്ങിരിക്കുന്നതിനെക്കാട്ടിൽമരിക്കുന്നതത്രേനല്ല
തെറിക്കുന്നകാരിക്കുണ്ടിരിക്കാമെന്നതേവരു
ഒരിക്കൽ ചാകുമുണ്ടല്ലോധരിക്കെന്റെവിശ്വാ
മിത്ര!
തരക്കേടുവന്നുനമ്മെപ്പരക്കെദ്ദുഷിവാക്കുകൾ
ഉരയ്ക്കുന്നിതുപോൽനാട്ടിലിരിക്കുംമാനുഷ
രെല്ലാം
ചിരിക്കുന്നതുകൊണ്ടത്രെപ്പെരുകുന്നിങ്ങൾ
ക്കെല്ലാം
നിരക്കുന്നതുപോൽചൊല്ലാനെനിക്കുംമോഹമു-
ണ്ടു
മുനിക്കുസമ്മതമെങ്കിൽകനക്കെച്ചിന്തിയാതെ
കനക്കെഗ്ഗുണമുള്ളൊരുപുരുഷനെക്കൊണ്ടുവേളി
പരിചിൽകഴിപ്പിച്ചുകൊണ്ടുരിയാടാതെപോ
യാലും.

വൈരാഗ്യംകൊണ്ടിങ്ങിനെപലമൊഴി
വൈദേഹൻപറയുന്നതുകേട്ടു
ഗൌതമനായശതാനന്ദൻമുനി
വീതവിശങ്കംപുനരരുൾചെയ്തു
സീരധ്വജനരപാലസഖേതവ
ധീരതപുനരെങ്ങുഗമിച്ചു
വീരപരീക്ഷയ്ക്കുള്ളൊരുപണയം
വീരവൊടുപണ്ടേവാനരചെയ്തു
ഭംഗംവരികയുമില്ലവിവാഹം
സംഗതിവരുമതിനില്ലവിവാദം
പുംഗവകേതനചാപംദ്രുതമഥ
രംഗതലത്തിൽവരുത്തീടേണം
രാമൻവില്ലുകുലയ്ക്കുമതിന്നൊരു
താമസമില്ലതരിമ്പുമിദാനീം
മാമുനിവിശ്വാമിത്രൻതിരുവടി
രാമനുഗുരുവെന്നറികമഹീശാ
ജൃംഭകമാദിമഹാസ്ത്രമശേഷം
സംഭൃതമോദംകൌശികമാമുനി
സംപ്രതിരാമനുദാനംചെയ്തു
സരസമതേനീബോധിച്ചീലാ
താടകയെക്കൊലചെയ്തുസുബാഹു
നിശാടനമുഖ്യവധത്തെച്ചെയ്തു
നാടകമല്ലിതുസകലത്രിഭുവന
നാടകമഖിലംപാലിച്ചീടാൻ
പാടവമുള്ളൊരുരാമനുകാർമ്മുക
പാടനമതിനിന്നെന്തൊരുദണ്ഡം
മൂഢജനങ്ങൾക്കെന്തറിയാമിതു
ഗാഢപരാക്രമനേഷകുമാരൻ
ശിശിരേതരകരകുലമതിലുളവാം
ശിശുവെന്നാലും വൈരികുലത്തെ
പ്രശമിതമാക്കാൻമതിയാമെന്നു
വിശദമതേ! നീ ബോധിച്ചാലും
പൊക്കമിയന്നമരങ്ങൾനിറഞ്ഞതി
ദുഷ്കരമാകിയകാടുകളെല്ലാം
ഒക്കെച്ചുട്ടുമുടിപ്പാനല്പം
തീക്കനൽമാത്രംമതിയാകില്ലേ
തെല്ലുവിഷാദംവേണ്ടസഖേ തവ
നല്ലൊരുചാൎച്ചക്കാരനിവൻതട
വില്ലിഹവിരവൊടുപരമേശ്വരന്റെ
വില്ലുവലിച്ചുകുലച്ചുമുറിച്ചഥ
ഉല്ലാസത്തൊടുജനകാത്മജയുടെ
കല്യാണോത്സവമാശുകഴിച്ചഥ
കല്യനതാകിയതവഹൃദിപെരുകിയ
ശല്യമൊഴിക്കും ദശരഥതനയൻ.

മുനിവരഗിരമുദാകേട്ടുസീരധ്വജൻ
മനതളിർതെളിഞ്ഞുടൻമാനശാലീനൃപൻ

പുരഹരശരാസനംകൊണ്ടുവന്നീടുവാൻ
പുരുഷജനമായിരം യാത്രയാക്കീടിനാൻ
തദനുപുനരായിരംകിങ്കരന്മാർചെന്നു
മദനരിപുകാർമുകംചെന്നുകണ്ടീടിനാർ
പെരിയൊരുമഹാമലയ്ക്കൊക്കുമിക്കാർമ്മുകം
വിരവൊടുചുമന്നുകൊണ്ടെങ്ങുചെൽവാൻപണി
ഇനിയുമുടനായിരംനായരുണ്ടെങ്കിലേ
ഇതുതലയിലേററുവാനാളാവുനാമെടോ
വലിയമലയെച്ചുമന്നീടുവാനെങ്കിലും
വലിയജനമിങ്ങുകല്പിച്ചയച്ചാലതും
ഒരുദശയിലിന്നുനാംചെയ്യുമെന്നേവരും
കുറവുപറയുംവിധൌകുററമുണ്ടാമ്പുരം
അരചനുടെചെമ്പിലെച്ചോറുതിന്നുംനമു-
ക്കൊരുശരണമില്ലെടോതമ്പുരാനൊന്നിയേ
തിരുമനസികല്പിച്ചവേലയെല്ലാംനമു-
ക്കൊരുകുറവുകൂടാതെചെയ്യുമെന്നേവരും.
വരികവിരവോടുനാംവില്ലെടുത്തീടുക
വരുവതുവരുംഫലംവാശ്ശതെന്നാകിലും
ചലമിഴികൾക്കൂപ്പമാജാനകിപ്പെണ്ണിന്റെ
മുലയിണകൊതിച്ചുവന്നീടുന്നവർക്കഹോ
മലകളെമറിപ്പതിന്നും മടിയില്ലഹോ
ഫലമിനിവരുന്നതാക്കെന്നറിഞ്ഞീലഞാൻ
ദശരഥനരാധിപൻതന്നുടെപുത്രനായ്
ശിശുനൃപതിരാമനെന്നിങ്ങിനെപേരായ
പുരുഷനക്കൊച്ചുഭൂപാലനിക്കാർമ്മുകം
വിരവൊടുകുലപ്പതിന്നായ്തുടങ്ങുന്നപോൽ
ശിവശിവമഹാകഷ്ടമക്കഞ്ഞുരാമനീ
ശിവനുടെശരാസനത്തെക്കുലച്ചീടുമോ
ഒരുശിശുവധത്തിനായ്നമ്മുടെതമ്പുരാൻ
തിരുമനസികല്പിച്ചതയ്യോ ശിവശിവ.

ഇത്തരമോരോന്നുരചെയ്തുടനെ
മഹത്തരമാകിയകാർമുകമമ്പൊടു
സത്വരമായിരമാളുകൾക്കൂടിയെ-
ടുത്തുപിടിച്ചിഹകൊണ്ടന്നുടനേ
ഇംഗമതാകിയരംഗത്തിന്നൊരു
ഭംഗംകൂടാതഴകൊടുവച്ചു
മംഗലസമയേമനുകുലനരവര
പുംഗവനന്ദനനാകിയരാമൻ
കുശികാത്മജനുടെശാസനകൊണ്ടതി-
കുശലമതാകിനകർമ്മംചെയ്വാൻ
ഭൂശകുന്മകേനപുറപ്പെട്ടപ്പോൾ
സുശകുനമഖിലവുമങ്ങുളവായി.
ദക്ഷിണലോചനമിളകിതദാ ശുഭ-
ലക്ഷണമാമതുപുരുഷന്മാർക്കു
ദക്ഷിണബാഹുപ്രചലനവും പുന-
രക്ഷണമേവഭവിച്ചുവിശേഷാൽ
പക്ഷികൾനല്ലചകോരാദികളും
ദക്ഷിണദിശിശബ്ദിച്ചുതുടങ്ങി
ലക്ഷ്മണപൂർവ്വജനാകിയരാമൻ
തൽക്ഷണെഗുരുവാംകുശികാത്മജനെ
പ്രദക്ഷിണവുംവച്ചാശുവണങ്ങി
ദക്ഷിണനാകിയജനകാധിപനാ-
മക്ഷിതിപതിയെനമിച്ചുസുഖേന വി-
ചക്ഷണനാകിയലക്ഷ്മണസഹിതന-
രക്ഷണമിടെതാമസിയാതുട-
നക്ഷിതിപതിസുതനാശുനടന്നു
ഖണ്ഡാമൃതകരമണ്ഡനനുടെകോ-
ദണ്ഡമിരിക്കുംമണ്ഡപസീമനി
മനുകുലബാലൻചെന്നുകരേറി
ഘനമേറീടിനകോദണ്ഡത്തിനു
കനിവൊടുമൂന്നുവലംവച്ചുടനേ
മനസാവാചാമദനാന്തകനെ
പുനരപിപുനരപിതൊഴുതുവണങ്ങി
ഘനതരകഠിനമതാകിയചാപം
വിവശതയെന്യേയെടുത്തഥപൊക്കി
അനവധിനൃപതികൾനോക്കിയിരിക്കെ
ധനുരാരോപണമാരംഭിച്ചു
വില്ലിൻമുനപുനരവനിയിലൂന്നി
ത്തെല്ലും താമസിയാതെ വളച്ചഥ
നല്ലൊരുഞാണു പിടിച്ചുമുറുക്കി
പാണിതലംകൊണ്ടൊടുവുപിടിച്ചു
പതുക്കെത്താഴ്ത്തി ഝടിതികലച്ചു
പടുതരമാകിന ചെറുഞാണൊലിയും
പൊടുപൊടെ വട്ടിവൊടു സപദിമുഴക്കി
കല്ലുക്കെട്ടിയമന്നൊരു നിലയുമു-
റച്ചഥനിന്നു വലിച്ചുകരേറി

പററത്താരാ വലഭിച്ചെവിയഘോരം
പററിച്ചാടിന സമയത്തിങ്കൽ
പട്ടററീടിന ചാപം നടുവെ
പൊട്ടിമുറിഞ്ഞുമറിഞ്ഞുപതിച്ചു
പൊട്ടുന്നേരമുദിച്ചൊരുശബ്ദം
ഒട്ടുംകുറവല്ലാഴിയുമൂഴിയു-
മെട്ടുദിഗന്തരമൊന്നുകുലുങ്ങി
അഷ്ടദിഗന്തരദന്തികളുടെ ചെവി
പൊട്ടിയലഞ്ഞവർ ഞെട്ടിയുഴന്നു
സപ്തകുലാചലകന്ദര മരുവിന
സപ്തമതാകിന സിംഹസമൂഹം
സത്വരമഖിലമുണർന്നതിവേഗ
ബദ്ധപ്പെട്ടു ഭ്രമിച്ചു നടന്നു.

നരപതിശിഖാമണിരാമൻ
പരകാമിനിമാർക്കൊരുകാമൻ
അതിസുന്ദരനാകിയ ബാലൻ
അരിവൃന്ദകുലത്തിനുകാലൻ
അതിചതുരൻ മധുരൻ മഹിതൻ
സുഭഗൻ സുരുചിരസരസതരൻ
ഹരചാപമെടുത്തു കുലച്ചു
പരിചോടു പിടിച്ചുവലിച്ചു
ധരണീതലമെന്നു വിറച്ചു
ധരണീശമദങ്ങൾ നിലച്ചു
സുഖമുദിച്ചുരസിച്ചിതുസാധുജനം.
അഥകാർമ്മുകമായതുപൊട്ടി
അതുകേട്ടവരമ്പൊടുഞെട്ടി
ജനകന്റെ നല്ലൊരു പുത്രി സു-
വനിതയ്ക്കു സുമബലപുഷ്ടി
അതിതുംഗമംഗലംസപദിസമാപതിതം
വരവാണിയതാകിയ സീതാ
വനമാലികയോടുസമേതാ
വരനാകിയ രാമനുപേതാ
വരവർണ്ണിമണീസുവനിതമാ-
വന്നെടെ ഗളഭുവിവിഹിതവൊടുമാല
വച്ചാരാലൊഴിച്ചുവാണുസുഖം.

നരവീരസുതനവില്ലുകുലച്ചു
വരതനുഗളഭുവിമാലയുമിട്ടു
ധരണീസുരരതു കണ്ടുരസിച്ചു
പെരുകിനസഭകളിലവിടെവസിച്ചു
ജനകമഹീപതിഗൌതമമുനിയൊടു
ജനിതകുതൂഹലമിദമുരചെയ്തു
മുനികുലപുംഗവനിന്തിരുവടിതാൻ
കനിവൊടുമമമൊഴി കേട്ടരുളേണം
ഇന്നിഹവിരവിലയോദ്ധ്യാനഗരേ
ചെന്നിഹ വിരവൊടു ദശരഥനെയും
നന്ദനഭരതൻ ശത്രുഘ്നനെയും
നന്ദിച്ചിങ്ങു വരുത്തീടേണം
കൌസല്യാകൈകേയിസുമിത്രാ
ദേവികൾ മൂവരുമവരുടെസഖിമാർ
ദാസികളെന്നിവർ സകലജനത്തോടും
ദശരഥനരവരനാശുവരേണം
തരണികുലത്തിനുപാദ്ധ്യായൻമുനി
ധരണിസുരോത്തമനായവസിഷ്ഠൻ
തിരുവടിതാനുമെഴുന്നള്ളേണം
ഇരുഭ്രാതന്മാരപരന്മാരും
ശ്രീരാമൻചരവില്ലുകുലച്ചു
സീതാ മമ മകൾ മാലയുമിട്ടു
പത്തുദിനത്തിനകത്തുവിവാഹമു-
ഹൂർത്തവുമവിടെക്കല്പിച്ചെന്നതി-
നെത്തുകവേണം ജനനികൾ ജനകനു-
മിത്ഥംചൊന്നുധരിപ്പിക്കേണം
കുറിയെഴുതീട്ടൊരു പുരുഷനെവിട്ടാൽ
കുറയത്താമസമുണ്ടാമായതു
തമില്ലിപ്പോൾ നിന്തിരുവടിതാൻ
കനിവൊടു ബന്ധിച്ചേ മതിയാവൂ
തേരും കുതിരയുമാശുവരുത്താം
ചേരുമകമ്പടി കൂടെയയയ്ക്കാം
പേരുപുകഴ്ന്നൊരു മേനോക്കിച്ച-
ന്മാരും നാലു പണിക്കന്മാരും
പോരുന്നാളുകൾ പലരുംകൂടെ
പോരും നിന്തിരുവടിയുടെകൂടെ
കാരുണ്യാംബുധിയായഭവാനുപ-
കാരം ചെയ്യണമിന്നിതുമാത്രം.

എന്നുള്ളവാക്കുകേട്ടുനന്നായ്തെളിഞ്ഞുശതാ-
നന്ദൻമുനീന്ദ്രനാശു സ്യന്ദനമേറിക്കൊണ്ടു

കായക്ലേശംകൂടാതെ രായുംപകലുംവീട്ടിൽ
പായുംവിരിച്ചുകൊണ്ടു വായുംപിളന്നങ്ങും
നായന്മാർ കുരപ്പുശ്ശൻ കാര്യസ്ഥന്മാരും വെക്ക-
മായുധംതപ്പിയെടുത്താശു കണ്ണുംതിരുമ്പി
തിരിച്ചു തേരിൻെറ പിമ്പേ ചരിച്ചുകാണി
കൾ കണ്ടു
തിരിച്ചുതോക്കുംകുന്തവുംഭേരിച്ചുകൊണ്ടൊരുകൂ
കാട്ടുംമലയും കുന്നും തോട്ടും പുഴകൾ മല- [ട്ടം
മൂട്ടം കടന്നയോദ്ധ്യാപുരിയിലകത്തുപുക്കു

ജനകമഹീപതിനഗരംതന്നിൽ
ജനിതമതാകിന വൃത്താന്തത്തെ
മുനിവരനാകിയ ഗൌതമനഖിലം
കനിവൊടുതത്ര പറഞ്ഞറിയിച്ചു
തന്നുടെ തനയൻ വില്ലുകുലച്ചതു
വന്നുപറഞ്ഞ ഭടന്മാർക്കെല്ലാം
പൊന്നും പണവും പട്ടുംവളയും
മന്നവനനവധി സമ്മാനിച്ചു
വീര്യമുള്ള യജമാനന്മാർക്കും
വീരചങ്ങല കൊടുത്തുനരേന്ദ്രൻ
കാര്യമിങ്ങനെ ശ്രവിച്ചതുതന്നുടെ
ഭാര്യമാരൊടു പറഞ്ഞറിയിച്ചു
മിത്രവംശമണി ദശരഥനരപതി
മിത്രബന്ധുജനമൊക്കെവരുത്തി
തത്രനിന്നഷ്ടമി യാത്രപുറപ്പെ-
ട്ടെത്രയും കൌതുകമോടുനടന്നു
ആനപ്പടയും കുതിരപ്പടയും
സേനാപതികളമാത്യന്മാരും
മാനത്തോളമുയർന്നരഥങ്ങളു-
മാനകൾ ദുന്ദുഭിവാദ്യക്കാരും
നായന്മാരൊരുകോടിസഹസ്രം
കാര്യസ്ഥന്മാരെജമാന്മാരും
ആയുധപാണികളായിരമായിര-
മായതിനോരോ യജമാന്മാരും
കൊട്ടുംവെടിയും കൊമ്പുംകുഴലും
തട്ടുംമുട്ടും തിക്കുംതിരക്കും
ചുറ്റീടിന കുടതഴചാമര-
മെണ്ണല്ലനവധിയോഗംകൂടി
കേളച്ചൂരേ കൂവാനമ്മുടെ

വാളുംപരിചയുമങ്ങുതരാമോ
ആയതുകൊള്ളാം നിന്നുടെ കയ്യിലൊ-
രായുധമില്ലെ രാമജ്യേഷ്ഠാ!
എന്നുടെ കുന്തം പണയംവെച്ചു
എന്തിനു താനതു പണയംവെച്ചു
വെററില പുകയില കൊൾവാനിങ്ങൊരു
വകയില്ലാഞ്ഞതു പണയംവെച്ചു
അച്ഛാ താനിന്നകമ്പടികൂടാൻ
കയ്യുംവീശിപ്പോകേയുള്ളു
അമ്മാവനുമെന്നമ്മായിയുമായ്
ചുമ്മാവീട്ടിലിരിക്കുന്നുണ്ടു
അങ്ങേലുണ്ടൊരു പീലിക്കുന്തം
എങ്ങുംനമ്മെക്കാട്ടുകയില്ല
ചുമടുചുമപ്പാൻ പോരുംപോലെ
കുമരിച്ചുട്ടനുമങ്ങുനടന്നു
നായന്മാരായ് വന്നുപിറന്നാ-
ലായുധമെല്ലാം കയ്യിലിരിക്കണ-
മായതുകൂടാതുള്ളൊരുനമ്മെ
നായിനുമില്ലൊരു ബഹുമാനമെടോ
നാട്ടിലിരുന്നു പൊറുക്കണമെന്നാൽ
നരവരകല്പനകേട്ടേതീരൂ
വീട്ടിലിരുന്നു കടംകൊണ്ടാലതു
വീട്ടിക്കൊൾവാൻ വകയുംനാസ്തി
ആട്ടക്കാരുടെ പെട്ടിചുമപ്പാൻ
ചേട്ടക്കാർക്കൊരു നാണവുമില്ല
കൂട്ടക്കാരെജമാനന്മാരൊടു
കൂടിനടപ്പാനായുധവുംകൊ-
ണ്ടെത്തിസ്വരൂപിക്കുന്നതുകണ്ടാൽ
ഇത്തിരി ഉശിരുതരിമ്പില്ലാത്താൽ
ചത്തക്കണക്കേ വിലപിടിയാത്ത സ-
മർത്ഥന്മാരിവരെന്തിനുകൊള്ളാം
ഇപ്പോഴെന്തൊരു സംഗതിചട്ടം
ഇപ്പുരുഷാരത്തെസ്വരൂപിപ്പാൻ
ഭോഷന്മാരതു കേട്ടില്ലേബഹു
ഘോഷിച്ചുള്ളൊരു വേളിമഹോത്സവം
ഞാനതുകേട്ടില്ലാരുടെവേളി
താനല്ലാത്തവരൊക്കെക്കേട്ടു
മക്കളിൽ മൂപ്പിലെ വേളിമഹോത്സവ-

മക്കളെയങ്ങുവിദേഹപുരത്തിൽ
ജാനകിയെന്നൊരു കന്യാമണിയുടെ
പാണിഗ്രഹണം ചെയ്വാൻ നമ്മുടെ
രാമസ്വാമിയുമനുജനുമങ്ങൊരു
മാമുനിവരനുമതായെഴുനള്ളി
ഹരനുടെവില്ലുകുലച്ചുമുറിച്ചതു
കേട്ടില്ലേ പടനായന്മാരേ
വില്ലുകുലച്ചുമുറിച്ചുമഹാരഥ-
നല്ലാതൊരുവനു വരുവോന്നല്ല
നല്ലാർകുഴലിജനകാത്മജയുടെ
കല്യാണോത്സവമാഘോഷിപ്പാൻ
അച്ഛൻതമ്പുരാൻതന്റെകൊച്ചുകുമാരന്മാരിൽ
വച്ചു മൂപ്പീന്നു വിൽമുറിച്ചു സീതയും മാല
വച്ചു വേളിയുംവ്യവസ്ഥാവച്ചുതമ്പുരാൻതാനംഗ്ര-
ഹിച്ചുനന്നായി സന്തോഷിച്ചു
എഴുന്നെള്ളത്തുമുറച്ചു എല്ലാദിക്കിലും
അറിവിച്ചു എല്ലാവരുമൊത്തുതിരിച്ചു
എന്നുള്ളതാശുധരിച്ചുകൊണ്ടാലും നിങ്ങൾ.
പള്ളിക്കെട്ടറിയിക്കണമെന്നാ-
പള്ളിത്രാമ്പികൊടുത്തു നൃപാലൻ
ഉള്ളിൽ തള്ളിന കൌതുകമോടും
ചൊല്ലിയയച്ചിതു ദൂതന്മാരെ
സന്തോഷംപൂണ്ടുചെന്നക്കല്യാണകന്യകയെ
ആന്തോളംതന്നിലേററിക്കൊണ്ടിങ്ങുപോന്നീടേ
ചന്തത്തിലകമ്പടിക്കാരരായുധക്കാരും [ണം
ബന്ധുമാരൊരുമിച്ചു മുമ്പിട്ടുപോയിടേണം
ദന്തിപ്പടകുതിരപ്പടയെന്നിവ
പന്തി[illegible] നടന്നീടേണം
ഇങ്ങിനെതങ്ങളിലോരോവാക്കുക-
ളങ്ങുചൊല്ലിനായന്മാരും
ഭംഗിയിലധികമയോദ്ധ്യാപുരിയിൽ
തിങ്ങിനപടയൊടുവന്നുനിറഞ്ഞു
ദശരഥനരപതിരഥവരമേറി
ശകടികകളിൽ നിറഞ്ഞുകവിഞ്ഞൊരു
പുരുഷാരങ്ങളുമംഗനമാരും
പരിവാരങ്ങളുമന്തണവരരും
ഭരതൻ ശത്രുഘ്നനുമനുഗമനം
പരിചൊടുചെയ്യുന്നോരളവതിൽ

കോസലപതിയുടെ പത്നികളാകിയ
കൌസല്യാകൈകേയിസുമിത്രയു-
മാശു നിരന്തരമന്തോളങ്ങളി-
ലധിരോഹിച്ചുഗമിച്ചുതുടങ്ങി
അനവധിവിപ്രസമൂഹത്തോടും
കനിവേറീടിന ഗൌതമമുനിയും
മനുകുലവരനുടെ മുമ്പിൽനടന്നു
വേളിക്കാത്തുവിളിച്ചുവരുമ്പോൾ
പടലിപടിപ്പുര കയ്യാലകളും
മതിലുകൾകുത്തിയിടിച്ചുതകർത്തും
അതിനൊരുദൂഷണമില്ലതരിന്നും
തെങ്ങുകവുങ്ങും മാവും പ്ലാവും
എങ്ങുംമടികൂടാതെനശിപ്പി-
ച്ചങ്ങുകടന്നുപുരത്തിൽ നിറഞ്ഞിതു
തിങ്ങിനബഹുപുരുഷാരമസംഖ്യം
ജനകമഹീപതിയെതിരേല്പാനഥ
കനകത്തളികകൾ വെള്ളിത്തളികകൾ
മണിദീപങ്ങളുമവിലരിപൂക്കുല
മണമിയലും കുസുമങ്ങളുമിങ്ങനെ
മംഗല്യങ്ങളെടുത്തുംകൊണ്ടുട-
നംഗനമാരെ നിയോഗിച്ചവരുടെ
കുരവകളെത്രമനോഹരമതിനൊരു
കുറവുവരാതെ നിരപ്പുതുടങ്ങി
നിറമൊടു രണ്ടും പുറത്തും ചെരുകിന
നിറപറവെച്ചഥ കനകപ്പൊടികൾ
നിറച്ചുചൊരിഞ്ഞു വിളക്കുകൾതൂക്കി
താകളിൽമീതേ പട്ടുവിതാനി-
ച്ചുറകളിലുരുതരമതിരമണീയം
അരിന്ത്രവുകൾകൊണ്ടങ്ങണിയിച്ചു
അങ്കണസീമനി കുലവാഴകളും
കുംകുമകളഭം കസ്തൂരികളും
കൊണ്ടു തളിച്ചു മനോഹരമാകിന
പങ്കജമാലകൾ മാലതിപിച്ചക
കുറുമൊഴി മല്ലികകേതകിചെമ്പക
നവമലരല്ലികളെന്നിവ നെല്ലിൻകതിരും
എല്ലാമനവധി സമ്പാദിച്ചു
വല്ലാത്തുള്ളൊരു വേളിമഹോത്സവം
സീരധ്വജനരപാലനങ്ങു

കുശധ്വജനൃപനുംകൂടെച്ചെന്നു
ദശരഥനൃപനൊടു കുശലപ്രശ്നവു-
മുരചെയ്തഴകൊടുമണിപീഠത്തിലിരുത്തിവണ
പ്രണയിനിമാരാം കൌസല്യാദികൾ [ങ്ങി
രാജസ്ത്രീകളെയെല്ലാംതന്നുടെ
രാജസ്ത്രീഭവനങ്ങളിലാക്കി
സ്നാനാശനമുടനെല്ലാപ്പരിഷയു-
മനന്ദേന കഴിപ്പിച്ചുടനേ
നായന്മാരുടെ സദ്യകഴിപ്പാൻ
കാര്യസ്ഥന്മാരധികാരികളും
കാര്യസ്ഥന്മാരങ്ങുശ്രമിച്ചു
പന്തൽനിറഞ്ഞുകൊട്ടിൽനിറഞ്ഞു
നെടുമ്പുരകെട്ടിയതൊക്കെനിറഞ്ഞു
പന്തിനിരക്കെയിരുന്നൊരുശേഷം
ഒരുപന്തിക്കിലവച്ചുതുടങ്ങി
കറിയരി വെളുവെളെയുള്ളൊരു ചോറും
കറിനാലും പപ്പടവുംപഴവും
ഇഞ്ചിപ്പച്ചടി നാരങ്ങാകറി
ചെഞ്ചീരക്കറി ചേനക്കറിയും
കന്നുംതൈരും കാച്ചിയമോരും
ഒന്നുംകുറകൂടാതെവിളമ്പി
മതിമതിയേയെന്നൊത്തുവിളിച്ചഥ
ഘോഷിച്ചുടനേ സദ്യകഴിച്ചു
അത്താഴത്തിനു നായന്മാർക്കു പു-
റത്തൊരു കൊട്ടിലിലിലവച്ചൂണും
മറെറാരുകൂട്ടം കറികൂടാതെ
കൊററിനു മോടിവരുത്തിക്കൂടാ
കാട്ടിലുമുണ്ടു കടലിലുമുണ്ടു
കായലിലുണ്ടു കുളത്തിലുമുണ്ടു
കറിവെപ്പാനുണ്ടൊരുവകസാധന-
മറിയപ്പോകാതവനുമിതറിയാ
കൂട്ടംനൽക്കറികൂട്ടാഞ്ഞാലൊരു
കൂട്ടക്കാർക്കു കണക്കിനുകൂടാ
കർക്കടമെന്നൊരുസാധനമുണ്ടതു
ദുർഘടമില്ലവരുത്തിക്കൂട്ടാൻ
പന്നിത്തടിയനെവെട്ടിക്കൊന്നി-
[illegible]കൊണ്ടൊരുകറിവെപ്പാനുണ്ടു
[illegible]ത്തിലിവിഷമം നായർക്കിന്നു സ-
മർത്ഥന്മാർക്കിയതുസാധിപ്പൂ
നായാട്ടിന്നൊരു പത്തുസഹസ്രം
നായന്മാരെ നിയോഗിച്ചുനൃപൻ
ആയവർചെന്നിഹ പന്നികൾ മാൻക-
ളാവകവളരെ വരുത്തീടേണം
കറിവെപ്പാനായ്നായന്മാരില-
ടുക്കളവെപ്പാൻ തടവില്ലാത്തവർ
നക്കരെയുള്ളവരിക്കരെയുള്ള വ-
രൊക്കെയടുക്കളപുക്കപതുക്കെ
ചട്ടുകവും പല കലവും കുടവും
കുട്ടകവും തവിചട്ടകമീവിധ-
മെല്ലാം പരിചൊടു വട്ടംകൂട്ടി
കറിയുംചോറും വച്ചുവിളമ്പി
ഭക്ഷണമാശു കഴിപ്പിച്ചവരും
പട്ടുംമുണ്ടും വാങ്ങിക്കൊണ്ടാർ.
ഇങ്ങിനെയൊരുദിശികോലാഹലമിഹ
യെങ്ങിനെ ഞാനതു വർണ്ണിക്കേണ്ടു
ഗണിതക്കാരൊരു ദിക്കിൽ ഗണിതം
പരിചിൽ ഗണേശഗണായനമസ്തു
എന്നുഗണിച്ചു. വേളിമുഹൂർത്തം
അമ്പൊടുകല്പിച്ചാശ്വസിച്ചു.

സീരധ്വജനപ്പോൾ മകളെകൊടുപ്പാൻവേ [ണ്ടും
സകലസംഭാരങ്ങളെ സമ്പാദിച്ചുടനേ
ജനകന്റെ പുരോഹിതൻശതാനന്ദമാമുനിയും
മനുനാഥപുരോഹിതവര്യൻ വസിഷ്ഠൻതാനും
വൈവാഹക്രിയയെല്ലാംവാദംകൂടാതെചെയ്തു
വിദേഹൻപുത്രിസീതേ വിരവോടുദാനംചെയ്തു
എണ്ണക്കോടിപ്പുടവയും ഉടുത്തു കോപ്പുകളിട്ടു
മണപ്പാടൻമുണ്ടുകൊണ്ടു പുതച്ചുശരീരംമൂടി
ശരവും കണ്ണാടിയുംതാൻകരത്തിലെടുത്തും
കൊണ്ടു
വരവുതുടങ്ങീവേളിമണിപ്പന്തൽ പുക്കപിന്നേ.

ശ്രീരാമനാഥദശരഥനൃപനെ
പരിചൊടുവീണുവണങ്ങിപദാന്തേ
വിശ്വാമിത്രമുനീന്ദ്രനെയും ബഹു
വിശ്വാസേന നമസ്കൃതിചെയ്തു
കുലഗുരുവായ വസിഷ്ഠമഹാമുനി
തിലകനെ നലമൊടുനമനംചെയ്തു

ഗൌതമകാശ്യപനാരദമുനിവര
വൎയ്യന്മാരെ വണങ്ങിത്തന്നുടെ
മാതൃജനത്തെയുമൃഷിപത്നികളെയു-
മാദരവോടുനമിച്ചെഴുന്നേററു
ദാനമുഹൂൎത്താദികളും ചെയ്തു
ആനന്ദനവിവാഹോചിതമാം
നാനാകൎമ്മവിശേഷമശേഷം
ഊനംകൂടാതെപോടു ചെയ്തു
നാളീകാക്ഷിവിദേഹാത്മജയുടെ
വേളികഴിച്ചു രഘൂത്തമവീരൻ
മേളിതമാംവിധിഹോമാദികളും
മേളമിയന്നു കഴിഞ്ഞു ദശായം
വിപ്രന്മാൎക്കു പ്രതിഗ്രഹമവിടെ
ക്ഷിപ്രംചെയ്തു ദശരഥനൃപവരൻ
ഇരുകൈകൊണ്ടും വാരിക്കോരി
കറിമുണ്ടുവിരിച്ചായതിലാക്കി
തെരുതെരെയങ്ങുകൊടുത്തുതുടങ്ങി
കറിക്കൂടാതെയുംകെട്ടിപ്പേറി
പിറകേപിറകേപുനരപിപുനരപി
തിക്കിയിടഞ്ഞുതടഞ്ഞുകടഞ്ഞു
തിരക്കിത്തിക്കിനടന്നുഗമിച്ചു
ധരണീസുരോത്തമരെന്നേവേണ്ടു
ധാൎമ്മികനാകിയ ജനകൻപിന്നെ
ഊൎമ്മിളയെന്നൊരു മകളുണ്ടവളെ
തൽക്ഷണമേവമഹീപതിജനകൻ
ലക്ഷ്മണനെക്കൊണ്ടഥവേൾപ്പിച്ചു
ഉളമയതായ കുശദ്ധ്വജനൃപതി-
ക്കിരുവർകുമാരികളുണ്ടതിലഗ്രജ
മാണ്ഡവിയെന്നുള്ളവളെബ്ഭരതന
മന്നവവീരൻ ദാനംചെയ്തു
അവളുടെയനുജത്തി ശ്രുതകീൎത്തി
അവളെശ്ശത്രുഘ്നനുമഥനൽകി
നാലുകുമാരികമാരെയുമിങ്ങിനെ
നാലുകുമാരന്മാരവർവേട്ടു
നാലുവിവാഹോത്സവമതികൗതുകം
നാലഹമങ്ങുകഴിച്ചുതദനീം
മിഥിലാപുരമതിൽനിന്നുമഹീപതി
ദശരഥകൌസല്യാദിയുമുടനെ
ഋഷിവരനായവസിഷ്ഠൻതാനും
ദേവിയരുന്ധതിജാനകിയോടും
തേരിൽകേറി യാത്രതുടങ്ങി.

സീതാസ്വയംവരം ഓട്ടൻതുള്ളൽ സമാപ്തം.

ശീലാവതീചരിതം

ഓട്ടൻതുള്ളൽ.

സരസിജഭവസുതനത്രിമുനീന്ദ്രൻ
പരിചൊടു ദക്ഷകുമാരിയതാകും
തരുണീമണിയാമനസൂയയെവേ-
ട്ടുരുതരസുഖമൊടുമേവുംകാലം
സുമഹിതമാകിന ഭൃഗുവംശത്തിൽ
സുതപസ്സെന്നൊരു മുനിയുണ്ടായി
സുതപസ്സിന്നൊരു സുതനുണ്ടായി
സുതനും കോപനനതിദുശ്ശീലൻ
ഉഗ്രതപെരുകിന മുനിതനയനു പേ-
രുഗ്രതപസ്സെന്നറികമുനീന്ദ്ര
വിഗ്രഹഭംഗിയുമില്ലകറുത്തൊരു
ദുൎഗ്രഹപീഡിതനെന്നകണക്കേ
വളരെവയസ്സുംചെന്നുനരച്ചൊരു
വെളിവില്ലാതൊരു വേഷമതായി
കളിവചനങ്ങളുമറിയപ്പോകാ
തെളിവില്ലാതെ കറുത്തൊരുഭാവം

അങ്ങിനെയുള്ള മുത്തുക്കമുനിക്കതി
മംഗലരൂപഗുണങ്ങളിണങ്ങും
അംഗനമാർമണിശീലവതീയിതി
സംഗതമാകിന നാമത്തോടെ
ഭംഗികലന്നൊരു കന്യാമണിയെ
സംഗതിവന്നു വിവാഹം ചെയ്വാൻ
ദുർമ്മുഖനായ ഗൃഹസ്ഥനുമവളും
തമ്മിലഹോ ബഹുഭേദം കണ്ടാൽ
തങ്കപ്പൊന്മണിയിടയിൽ ചേർത്തൊരു
ചെങ്കല്ലെന്നകണക്കിനു കാന്തൻ
പങ്കജമുഖിയാൾക്കുള്ള ഗുണം മലർ-
മങ്കയ്ക്കും പുനരിങ്ങിനെയില്ല
പുരികുഴലഴകിയിരുണ്ടു ചുരുണ്ടൊരു-
പരിമളമെത്രമനോഹരമതുമൊരു
കരിമുകിൽ കണ്ടാൽ മണ്ടിയൊളിച്ചഥ
ഗിരിഗുഹപുക്കുകിടക്കേയുള്ളു
ചടുലവിശാലവിലോലസുവിലോചന
കുടിലകടാക്ഷനിരീക്ഷണമോർത്താൽ
അടവിയിലിയലും മറിമാൻ കൂട്ടം
നെടുവീർപ്പിട്ടു മുഖം താഴ്ത്തീടും
പല്ലവതുല്യം തുടുതുടെയധരം
പല്ലുകൾ മുല്ലപ്പൂമലർപോലെ
നല്ലൊരു മുത്തുകൾ ചേർത്തൊരു വിദ്രുമ-
മാല്യംപോലെ മനോഹരമധികം
ചലമിഴിയാളുടെ ചാരുമുഖത്തോടു
തുലനം മോഹിക്കുന്നൊരു ചന്ദ്രൻ
കലകളഴിച്ചും ചേർത്തും ശിവ ശിവ
പലകുറിയുണ്ടിഹ പണി ചെയ്യുന്നു.
പങ്കജമൊട്ടുകൾ മട്ടോൽ മൊഴിയുടെ
കൊങ്കകളുടെ വടിവാശു ലഭിപ്പാൻ
കലിതരസേനകഴുത്തോളം ബഹു
സലിലേനിന്നു തപം ചെയ്യുന്നു
മടവാർമണിയുടെ പിടിയിലടങ്ങും
കൊടിനടുതുടിയൊടു പടപൊരുതുന്നു
കടിതടമുടനഥകരിമസ്തകരുചി
ഝടിതികലർന്നു വിളങ്ങീടുന്നു
കൊമ്പൻ കരിയുടെ തുമ്പിക്കരവും
കമ്പിടുമവളുടെ തുടയിണകണ്ടാൽ
കാർകുഴലണികുഴലാളുടെ പുറവടി
ക്രമ്മത്തേക്കാളധികമനോജ്ഞം
പാർമേലവളൊടു സമമായിട്ടൊരു
പാൽമൊഴിമാരെക്കാൺമാനില്ല
അങ്ങിനെയുള്ളൊരു ശീലവതിക്കിഹ
സംഗതിവന്നതു വൃദ്ധൻ ക്രുദ്ധൻ
എങ്ങാനൊരു പിഴകിട്ടാഞ്ഞാലും
ചങ്ങാതിക്കൊരു തെളിവില്ലൊട്ടും
പാണ്ടു പിടിച്ചു വെളുത്തു ശരീരം
നീണ്ടു കഴുത്തും മുഞ്ഞിചുളിഞ്ഞു
കോലുകൾപോലെമെലിഞ്ഞു കുഴഞ്ഞൊരു
കാലും കയ്യും കണ്ടാൽ വികൃതം
എല്ലുമികച്ചു വല്ലവമിച്ചും
കണ്ണുകുഴിഞ്ഞു കാഴ്ച കുറഞ്ഞു
കണ്ണുമടച്ചു കാലു പിടിച്ചു
മൂക്കും താടിയുമൊന്നിച്ചിട്ടും
വാക്കിനു മൂച്ചുകുറഞ്ഞില്ലൊട്ടും
താടിയുമൊട്ടുകൊഴിഞ്ഞുതുടങ്ങീ
തലയിൽ കാൺമാനില്ലൊരുരോമം
കണ്ണാടിക്കു സമാനം നല്ല
കഷണ്ടിപിടിച്ചു മിനുത്തു ശിരസ്സും
കണ്ണിൽ പീളനിറഞ്ഞുനിറഞ്ഞൊരു
വെണ്ണകണക്കിനു കാണാം വെളിയിൽ
പൊയ്യല്ലിവനുടെ വാനാററംകൊ-
ണ്ടയ്യോ! ശിവ ശിവ! പാരമസഹ്യം
ചോറും കറിയും വച്ചുകൊടുത്താൽ
നൂറുവിധത്തിൽ കുററം പറയും
ആറിപ്പോയാലീരയ്ക്കും ചൂ-
ടേറിപ്പോയാൽ നിന്നു ശപിക്കും
മാറിപ്പോയാലെളുതല്ലിവനെ-
പ്പേറിക്കൊണ്ടു നടന്നേപോരൂ
ചോറും വിരവിൽ പുളിയും മുളകും
ചാറുംകൊണ്ടിഹ ചെല്ലുന്നേരം
ചീറും നില്ലെടി! നിച്ചിരിയത്തീ!
കൂറില്ലാത്തവിലക്ഷണമിപ്പോൾ
ചോറും കൊണ്ടു വരുന്നതുകൊള്ളാം
ചോറൊരുചാറുമിറങ്ങുകയില്ല
ദാഹിക്കുമ്പോൾ കഞ്ഞികുടിപ്പാൻ

മോഹമിനിക്കതു സാധിക്കില്ല
സ്നേഹിച്ചിട്ടൊരു പെണ്ണുണ്ടെങ്കിലെ
മോഹിക്കുന്നതു സാധിപ്പിച്ചു
കറിവച്ചാലതിനുപ്പും മുളകും
കണികാണ്മാനില്ലൊരു ദിനമിങ്ങിനെ
കളിയല്ലൊരുനാളുപ്പെങ്കിലുമാം
മുളകെങ്കിലുമാമെത്രകൂട്ടപ്പം
കയ്പുണ്യത്തിനു ശീലവതികളെതി-
രിപ്പൊഴുതൊരു പെണ്ണുങ്ങളുമില്ല
കയ്പുള്ളതു മധുരം മധുരിച്ചതു
കല്ലെന്നും വരുമീയവൾവെച്ചാൽ
കറ്റരിയായിട്ടൊരു ദിനമന്നം
കറ്റം പറകല്ലിതു പരമാർത്ഥം
പിറ്റേന്നാളതു ചളുപിളയങ്ങിനെ
പാറ്റം വെള്ളവുമൊന്നായ് കാണാം
മറ്റൊരു പെണ്ണിനെയവർക്കാതിവിടെ
കൊററിനു സൌഖ്യമിനിക്കില്ലിനിമേൽ
അന്തകവീട്ടിനു യാത്രയടുത്തൊരു
താന്തക്കിഴവനു വേളികഴിപ്പാൻ
എന്തൊരു മോഹം പെണ്ണുകൊടുപ്പാൻ
ബന്ധുജനങ്ങളുമൊക്കെമടിക്കും
പത്തുപണത്തിനു മുതലുണ്ടെന്നാൽ
വൃദ്ധന്മാർക്കും പെണ്ണുകിടയ്ക്കും
ആത്തൊഴിലിന്നെളുതല്ല നമുക്കൊരു
പുത്തൻപോലും നാസ്തികരത്തിൽ
പട്ടിണിതന്നെ കിടപ്പാനിന്നൊരു
വട്ടംകൂടി നമുക്കൊരുവസ്തു
കിട്ടുകയില്ല വിശക്കുന്നേരം
കിട്ടുകിലതിനൊരുചിതവുമില്ല
തലമുടി പലകുറി ചിക്കിവിടുത്തും
തിലകംതൊട്ടും പുടകഞ്ഞൊറിഞ്ഞും
കണ്ണെഴുതിക്കണ്ണാടിയിൽ നോക്കി
തുണ്ഡം പല്ലും ചന്തം പാർത്തും
എണ്ണയെടുത്തും തേച്ചു കുളിച്ചും
പെണ്ണുങ്ങളുമായ് നിന്നു കളിക്കും
നമ്മുടെ ശീലവതിക്കൊരുനേരം
നമ്മളെനോക്കാനവസരമില്ല
ഭക്ഷിപ്പാനിവൾ കൊള്ളരുതൊട്ടും
ഭക്ഷിപ്പാനിവൾ കൊള്ളാം താനും
ലക്ഷണമില്ലാതുള്ളൊരിവൾക്കിഹ
ഭക്ഷണമെന്നാൽ പഞ്ചപ്രസ്ഥം
ഭിക്ഷയുമേററു ലഭിച്ചതശേഷം
ശിക്ഷയിൽ വച്ചുവിളമ്പികഴിക്കും
നിത്യവുമിങ്ങിനെ പട്ടമെനിക്കരി-
വച്ചുകരിച്ചു പൊരിച്ചു പുകച്ചുട-
നച്ചുസ്ഥൂലിത്തിരികൊണ്ടുടനിലയും
വച്ചതിലിട്ടുച്ചുങ്ങതിരിക്കും
കാച്ചിയമോരും നീരാവേണം
വച്ചെളുതുമൊരു കൂട്ടാനംവേണം
അത്രയുള്ളൂ നമുക്കൊരു പത്ഥ്യം
അതിനു മിവൾക്കിഹ ദുർഘടമിപ്പോൾ
എന്തൊരു തൊഴിലെന്നതുമറിഞ്ഞി-
ല്ലെന്നുടെ മുമ്പിൽ വരുന്നതു കുറയും
ചന്തം നോക്കി ഞെളിഞ്ഞു പിരിഞ്ഞുമൊ-
രന്തസ്സാരമവൾക്കില്ലേതും
എന്തിനുകൊള്ളാം കഷ്ടമെനിക്കീ
ജന്തുവിനെക്കുടിവയ്പാൻതോന്നി
താന്തോന്നിത്തം പാരം പെണ്ണിനു
താനാരെന്നൊരു ഭേദവുമില്ല
വലിയവരിത്തിരിലാളിക്കുമ്പോൾ
തലയിൽ കേറും തരുണികളുളവേ
തലയും മുലയും കണ്ണും കാതും
നിലയും നിറവും കണ്ടു ഭ്രമിച്ചിഹ
വലയും നല്ലജമാനപ്പരിഷകൾ
മലയാളത്തും പരദേശത്തും
വിലയേറുന്നൊരു ശീലത്തർവഴി
കലിയൻ ചിലവിട്ടിങ്ങുവരുത്തി
കലിതാനന്ദമവർക്കു കൊടുക്കും
പൊളിയല്ലിങ്ങിനെ ചെയ്യുന്നാലും
തെളിയിപ്പാനെളുതല്ലൊരുനാളും
ഒളിശയനക്കാരുടെ സുഖമൊന്നും
വെളിശയനക്കാർക്കെത്തുകയില്ല
കളമൊഴിമാരുടെ കളവറിയാതെ
വളരെ ദ്രവ്യമവർക്കുകൊടുക്കും
ജളനെക്കാൾ ഗുണമോർക്കെണ്ടങ്ങളിൽ
വിളവിനു വിത്തു വിതയ്ക്കും ഭോഷൻ

വളമതിൽ നിന്നു വളർന്നൊരു വാഴകൾ
വളരെക്കിളരം പൂണ്ടുകുലച്ചാൽ
അളവേകലയിലൊരെട്ടോപത്തോ
ഫലമുണ്ടാമതു പുഷ്ടിയുമില്ല
കളവേറീടിന കാമിനിമാരെ
കളയും പുരുഷൻ ഷട്ടിക്കാറൻ
കളപറിയാഞ്ഞാൽ കണ്ടങ്ങളിലൊരു
വിളവില്ലാതാമെന്നറിയേണം
എന്നതുകൊണ്ടു പറഞ്ഞു നമ്മുടെ
പെണ്ണിനു നമ്മെക്കുറില്ലൊട്ടും
കണ്ണും തിരിയാ കാതും കേളാ
ദണ്ഡം പലതു നമുക്കു; ഭവിച്ചു
കിണ്ണം പോലെ ശിരസ്സു മിനുത്തൊരു
ദണ്ഡും കുത്തിനടക്കും കിഴവനി
വണ്ണം നിന്നു ശകാരിച്ചെന്നാൽ
പെണ്ണുങ്ങൾക്കൊരു കൂറുണ്ടാമോ?
മുഞ്ഞിചുളിഞ്ഞമുതുക്കന്മാരെ
കഞ്ഞിപ്പെണ്ണിനു കുശലുണ്ടാമോ?
പഞ്ഞികണക്കിനെ താടിവെളുത്താൽ
പരിഹാസത്തിനുകൊള്ളാംപുരുഷൻ
മയ്ക്കണ്ണികളൊടു സംസാരിപ്പാ-
നാക്കിഴവച്ചാർ ചെല്ലരുതെങ്ങും
അക്കഥയറിയാഞ്ഞല്ല പറഞ്ഞുന-
മുക്കതിസങ്കടമെന്നേ വേണ്ടു
ശീലവതിക്കു ചെറുപ്പമവൾക്കൊരു
ബാലപ്പുരുഷനെയല്ലലഭിച്ചു
ശീലക്കേടുകൾ കാട്ടുന്നതുമമ
കാലക്കേടെന്നേ പറയാവൂ
ജാതകദോഷമിനിക്കിതുവന്നതു
പാതകദോഷമവൾക്കിതുവന്നതു
ഏതുമൊരുത്തനെക്കുറ്റം പറവാൻ
ഹേതുവുമില്ലിതുതലയിലെഴുത്തു്.

ഇത്ഥം പലപ്രകാരം ക്രുദ്ധൻ പറഞ്ഞീടുന്ന
വൃദ്ധൻമുനിയോടെതിർബോധം പറകയില്ല
ചിത്തേവിനയത്തോടെമത്തേഭഗാമിനിതൻ
ഭർത്താവെ ശുശ്രൂഷിച്ചുപാർത്താൾകനിവിനോടേ
മുററമെൻഭർത്താവിൻെറ കുററമല്ലിവയൊന്നും
പെററമ്മയാകുന്നതും കൂററുകാരാകുന്നതും
മററാരുമല്ലെനിക്കെൻഭർത്താവുതന്നെ സർവം
ഉള്ളം തന്നിലെനിക്കുകള്ളംതരിമ്പുമില്ല
ഉള്ളനിനാഥൻ തിരുവുള്ളം പ്രകാശിപ്പിപ്പാൻ
ഉള്ളപ്രയത്നത്തിന്നൊരുള്ളാളുമുപേക്ഷയില്ല
ഉള്ളിലഹങ്കാരവും ഭള്ളും നമുക്കില്ലേതും
വേഗമെൻഭർത്താവിൻെറ രോഗം ശമിപ്പാനുള്ള
യോഗം വരുമോദൈവയോഗമാക്കറിയാവൂ?
നല്ലകഷായങ്ങളും നല്ലുമുക്കുടികളും
എല്ലാം കൊടുക്കുന്നു ഞാനെല്ലാനേരവുമിപ്പോൾ
തെല്ലുംവിശേഷംകാൺമാനില്ലുചൊറൊരുപറവം
ചെല്ലുന്നതില്ലരോഗം വെല്ലുന്നൌഷധജാലം
തെല്ലും നമുക്കു കഴിവില്ലെന്നു വന്നു കാന്ത-
നല്ലും പകലും കഴിവില്ലാതെ വലയുന്നു
നില്ലാതെ വിഷമങ്ങൾ വല്ലാതെ വന്നുനമു-
ക്കെല്ലാമൊത്താലാരോടു ചൊല്ലുന്നുഞാനിക്ലേശം
ഇല്ലങ്ങളിൽ നടന്നു നെല്ലുമരിയും തെണ്ടി
ചൊല്ലുന്നപോലെ കുത്തിക്കല്ലുകളഞ്ഞുവച്ചു
നല്ലചോറും കറിയുമെല്ലാമുണ്ടാക്കിക്കൊണ്ടു
ചെല്ലുന്നനേരമങ്ങു തെല്ലും രുചിയുമില്ല
കൊല്ലുന്നതിനെക്കാളും ശല്യമായിട്ടുള്ളൊരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം
എടുത്തെന്നാലതും കുററം എടുക്കാഞ്ഞാലതും..
കുററം
കൊടുത്തെന്നാലതുംകുററം കൊടുക്കാഞ്ഞാലതും
കുററം
അടുത്തെന്നാലതും കുററം അടുക്കാഞ്ഞാലതും
കുററം
കുളിച്ചെങ്കിലതുംകുററംകുളിക്കാഞ്ഞാലതുംകുററം
പറഞ്ഞെങ്കിലതുംകുററംപറയാഞ്ഞാലതും കുററം
എരിച്ചെങ്കിലതും കുററം എരിക്കാഞ്ഞാലതും-
കുററം

കുറവല്ലാതെ നമുക്കൊരുവസ്തു
പറവാനില്ല ജനിച്ചേപ്പിന്നെ
മറിമായങ്ങളുമവിനയവും ഞാൻ
അറിയുന്നവളല്ലച്യുത കൃഷ്ണ!
പിറവിലുള്ളൊരു ജാതകദോഷം
കുറയല്ലതുകൊണ്ടിങ്ങിനെനമ്മെ-
ക്കുറവുപറഞ്ഞു നശിപ്പിക്കുന്നു
കുറവററീടിനമുനികുലനാഥൻ.

പദം.

പത്മനാഭ! വാസുദേവ! പരമബന്ധോ! ദേവ
പത്മപുത്രീജീവനാഥ! പാഹിമാം കൃഷ്ണ! (ദേവ!
അച്യുതാനന്ദ! ഗോവിന്ദ! സച്ചിദാനന്ദ! ഗോ-
പാല
നിശ്ചലാനന്ദവാനിന്നെ കൈതൊഴുന്നേൻ ഞാൻ
വേഗമെൻ ഭർത്താവിന്റെ രോഗശാന്തിവന്നീടു-
വാൻ
യോഗമാവേശിച്ചിടേണം യോഗമായേശ!
ദൈവമാകുന്നതും ലോകേ ദേഹമാകുന്നതും നാഥ
ജീവനാകുന്നതുമെന്റെ ജീവനാഥൻതാൻ
ആധികൊണ്ടുഴന്നീടുന്നു വ്യാധികൊണ്ടുമെന്റെ
നാഥൻ
വ്യാധിതങ്ങളെല്ലാം നീക്കിക്കാത്തരുളേണം
ജന്മജന്മങ്ങളിൽ ചെയ്യും കല്മഷങ്ങളെല്ലാം കൂടി
ജന്മികൾക്കു രോഗമായി സംഭവിക്കുന്നു
കർമ്മപാശംകൊണ്ടു കെട്ടിക്കളിപ്പിക്കുന്നു മർത്ത്യ-
ന്മാരെ
നിർമ്മലാകാര! നീയല്ലോ നിഖിലലോകേശ!
വെന്തിടുന്നു; സംസാരാംബുരാശിതന്നിലെല്ലാ-
രെയും
നീന്തിക്കുന്നു നീതാനല്ലോ നീലക്കാർവർണ്ണ!
വാസുദേവ! നീതാനെന്റെ പാതിവ്രത്യത്തി-
ന്റെ ഭംഗം
വന്നിടാതെ പാലിക്കേണം വന്ദിച്ചീടുന്നേൻ
ഇന്ദിരാവല്ലഭ! നാഥ! ഇന്ദുബിംബാനനാ ശൌരേ!
ഇന്നുമെന്നും നിൻ കാരുണ്യമിങ്ങൊരാധാരം!

ശീലമഹാഗുണശാലിനിയാകിയ
ശീലവതി പുനരിങ്ങിനെ മനസാ
ധ്യാനം ചെയ്തുവസിക്കുംകാലം
ജ്ഞാനം പെരുകിന മുനികുലവരനുടെ
ദീനംകിമപി ശമിച്ചുതുടങ്ങി
മൂലംമുരഹരകരുണാമൂലം
ഉഗ്രതപസ്സിനു കിമപി ഭജിപ്പാൻ
ആഗ്രഹമുണ്ടെന്നുള്ളതു കേട്ടഥ
സദ്ഗ്രഹമാകിയ മഹീസുരരെല്ലാം
സൽകൃതിപൂർവം വന്നു ക്ഷണിച്ചു
നമ്മുടെ ഇല്ലത്തിനു പുറന്നാൾ
ഉണ്ണാനവിടെ വരേണം മാമുനി
സമ്മാനിപ്പാൻ മാത്രമതില്ലൊരു
സംഗതിമാത്രമതെന്നേയുള്ളു
എന്നൊരു വിപ്രൻ വന്നു ക്ഷണിച്ചു
നന്നായ്വരുമെന്നുഗ്രതപസ്സും
എന്നാലെന്നെയെടുത്തും കൊണ്ടട-
നെന്നുടെ ഭാര്യയുമങ്ങുവരുന്നു
പോയാലും താനെന്നു മുനീശ്വര-
നായാളെ ദ്രുതമങ്ങഥ വിട്ടു
ആയതമിഴിമണിയാകിയ തന്നുടെ
ജായയെ വിരവിൽ വിളിച്ചുവരുത്തി
അവളുടെ കഴുത്തേലേറിയിരുന്നാ-
നവികലമുഗ്രതപോമുനിവര്യൻ
അവയവമൊന്നു മനങ്ങാതെക-
ണ്ടവളുംകൊണ്ടു തിരിച്ചു പതുക്കെ
ചൊല്ലിയ സരസബ്രാഹ്മണവരനുടെ
യില്ലംപുക്കഥ പടിമേൽതന്നുടെ
വല്ലഭമുനിയെയിറക്കിവണങ്ങി
പല്ലവമൃദുനിജപാണികൾ കൊണ്ടവൾ
മെല്ലെപ്പതിയുടെ കാലുതലോടി-
ക്കല്യതയോടഥ തേച്ചുകുളിപ്പി-
ച്ചല്ലൽ വരാതൊരു ദിക്കിലിരുത്തി
നല്ലൊരു ചാറും നെയ്യും തൈരുമി-
തെല്ലാമങ്ങു ഭുജിപ്പിച്ചുടനേ
വല്ലഭനുടെ ഭോജനശേഷംകൊ-
ണ്ടുല്ലസദമൃതസമം നിജഭോജനം
എല്ലാമാശു കഴിച്ചു കഴുത്തേൽ
വല്ലഭനേയുമെടുത്തു കരേറി
കല്യാണീമണി വിരവൊടു തെരുവിൽ
ചെല്ലുന്നേരം പെരുവഴിമദ്ധ്യേ
വെള്ളമൊലിച്ചു വരുന്നതുകണ്ടു്
കൊള്ളരുതീവഴി തെല്ലുവലത്തു
വളച്ചുഗമിച്ചേ ഗുണമാവുള്ളൂ
നിശ്ചയമേവമുറച്ചു തിരിച്ചുവ-
ളച്ചുനടന്നുടനാശ്രമവും പ്രാ-
പിച്ചു സുഖിച്ചു വസിച്ചുതദാനീം
ചോദിച്ചാനഥ പിറ്റേന്നാൾ മുനി
മോദിച്ചുൻപൊരു പറക സുശീലേ
ഖേദിച്ചെന്നെയെടുത്തൊരു തെരുവിൽ
പാതിവഴിക്കിഥ ചെല്ലുന്നേരം

എന്തിനുവഴിവിട്ടൊരു കന്തപ്പാ-
ടകലെ വച്ചു ഗമിച്ചിതുനീയും
ബന്ധമതെന്തതു കേൾക്കാൻ കൌതുക-
മുണ്ടു നമുക്കതു ചൊല്ലീടുകനീ.
എന്നതിനുത്തരമവളുരചെയ്താൾ
ഉന്നതമാകിന മണിഗൃഹമവിടെ
സന്നിധിതന്നിൽ കണ്ടതു വേശ്യാ
മന്ദിരമെന്നു ധരിക്കമുനീന്ദ്രാ!
"മണിമാണിക്ക"-മതിങ്ങനെനല്ലൊരു
ഗണികാരത്നവുമുണ്ടവിടത്തിൽ
കണവന്മാരൊരു മുപ്പതു നാല്പതു
ഗുണവാന്മാരുണ്ടവടെ സമീപേ
കിണറും കുളവും തെങ്ങും കമുങ്ങും
മണമിയലും പല പൂമലർ വാടികൾ
തണലും മണലും നല്ല പ്രദേശം
പണമുണ്ടെന്നാലെന്തരുതാത്തു
മണിമാണിക്കപ്പെണ്ണിനുപാർത്താൽ
പണവും തൃണവും ഭേദമതില്ല
പണിചെയ്യുന്ന ജനത്തിനു നെല്ലും:
പണവും വാരിക്കോരിവിതയ്ക്കും
അൻപതു രാശിയെടുത്തുകൊടുത്താ-
ലവളെക്കാണ്മാൻ സംഗതികൂടാ
അവളെയൊരിക്കൽ പുണരണമെങ്കിൽ
ഭുവനമവൾക്കുദകം ചെയ്യേണം
വൻപനതാകിന വൈശ്രവണൻ താൻ
ഒൻപതു നിധിയുമെടുത്തു കൊടുത്താൽ
ഒൻപതുദിവസം കുളുർമുലപുണരാൻ
ഒരുകഴിവരികിലതവനുടെ ഭാഗ്യം!
പണമുള്ളവനും ഗുണമുള്ളവനും
ഗണികാഭവനം പുക്കുവസിച്ചാൽ
പണമുള്ളവനെയകത്തുകരേറും
ഗുണമുള്ളവനെത്തള്ളിയയയ്ക്കും
ധനികന്മാർ പലരവളുടെ വീട്ടിൽ
പനിയുംകൊണ്ടു കുളുന്നു വിറച്ചിഹ
പുറമുററത്തു കിടക്കുന്നുണ്ടവർ
കനിവും പാർത്തിഹ പത്തും നൂറും
മണിമാണിക്കപ്പെൺകൊടിയാളുടെ

മണവാളന്മാർക്കില്ലൊരു നാണം
കണികാണ്മാനല്ലവടെ വിഴുപ്പും
തുണിയുമെടുപ്പാനവർ വേണം പോൽ
അങ്ങിനെയുള്ളൊരു വേശ്യകുളിപ്പാ-
നങ്ങുളുടങ്ങുന്നേരം വൃഷലികൾ
വെള്ളമനത്തിച്ചെമ്പുനിറച്ചതി-
നുള്ളിൽ കുങ്കുമകസ്തൂരിപ്പൊടി
ഇട്ടുകലക്കിന്നൊരു പരിമളശബളം
കളമൊഴിമണിയുടെ മെയ്യിലൊഴിച്ചഥ
കുളുർമുലയിണയും കയ്യുംകാലും
തെളിവൊടു തേച്ചു കുളിപ്പിക്കുന്നൊരു
കലശലുനിച്ചലുമിങ്ങനെതന്നെ
പെരുകിനവെള്ളമതൊഴുകിപ്പുരിചൊടു
പെരുവഴി തന്നിൽ നിറഞ്ഞീടുന്നു
പെരുവഴിപോക്കർ ചവിട്ടിനടന്നതു
പെരുകിപ്പലവഴിവന്നു പരന്നു.
അശുചിയതാകിയ വെള്ളംതൊട്ടാൽ
ആശുകുളിച്ചാലും മതിയല്ല
പുണ്യാഹം ചെയ്തീടുകയോഗ്യം
പുണ്യക്ഷയമതു തൊട്ടജനാനാം
എന്നതു-മൂലം ഞാനതു കണ്ടുട-
നന്യപഥേനവളച്ചിഹപോന്നു
എന്നുടെ സുകൃതവുമങ്ങേ സുകൃതവു-
മിന്നു നശിക്കും ജലമതുതൊട്ടാൽ
ഈശ്വരകൃപയാലതു കൂടാതെ
വാസ്തുമൊരുവഴിപോന്നിഹപററി
വേശ്യാജനസമ്പർക്കമുള്ളവർ
ശാശ്വതദുഷ്കൃതഭാജനമല്ലോ!

നല്ലാരിൽമണിയുടെ സല്ലാപം കേട്ടുമുനി
വല്ലാതെ കാമബാണശല്യം മനസ്സിലേററ
മല്ലാക്ഷിഗണികതന്റെ ഉല്ലാസമോർത്തു നിദ്ര
യില്ലാതെ ജനികളിൽ തെല്ലുംതെളിവുമില്ല
ഉഗ്രതപസ്സിനുടെ വ്യഗ്രതകണ്ടുപാരം
ഖേദിച്ചു ശീലവതി ചോദിച്ചു ഭർത്താവോടെ
ഇന്നെന്റെ ഭർത്താവിനു സന്താപമാകുന്നിപ്പോൾ
ചിന്താവിഷാദങ്ങൾക്കെന്തൊന്നു മൂലം നാഥാ
എന്നോടതുൾ ചെയ്യേണമേതും മടിക്കവേണ്ട
എന്നാലൊഴിക്കാമെങ്കിലെല്ലാമൊഴിക്കുന്നുണ്ടു"

ക്ഷണമില്ലാതായിപ്പോയമെലിഞ്ഞു ദേഹം
ലക്ഷണം കണ്ടാൽ കാമസന്താപമെന്നേ വേണ്ടു
സംഗതിയില്ലതിനുമെങ്ങും നിനച്ചാൽസർവ്വ-
സംഗനിവൃത്തിവന്നദേഹമല്ലോ ഭവാനും
കഷ്ടംപിടിച്ചദേഹമൊട്ടും വിധേയമല്ല
കഷ്ടംവയസ്സു പിന്നെയൊട്ടുവളരെച്ചെന്നു
എട്ടുദിനത്തിനുള്ളിൽ പട്ടംപകർന്നുപോയി
പെട്ടെന്നുദിനമെല്ലാമൊട്ടുശമിച്ചിരുന്നു
ഇഷ്ടമെന്തെന്നാലതുമൊട്ടും മറയ്ക്കവേണ്ടാ
പുഷ്ടിവരുത്താമെങ്കിലാശുവരുത്തുന്നുണ്ട്
പത്നീവചനമതുകേട്ടുമുനീന്ദ്രൻതാനും
പാരാതെകണ്ടതന്റെ മാരാർത്തിയറിയിച്ചു.

ശീലഗുണോദയശീലനശാലിനി
ശീലവതീ! ശൃണു! വചനമിദംമേ
ബാലജനങ്ങടെകൂട്ടനമുക്കൊരു
മാലകതാരിലിയന്നീടുന്നു
ആലസ്യങ്ങളുമരുചിയുമരതിയു-
മാലോലതചാമധീരതയുംമേ
ശീലവിഭംഗവുമെന്നിവ ശിവ ശിവ!
നീലസരോരുഹനയനേ ബാലേ!
അനുചിതമാകുമൊരഭിലാഷംമമ
മനതളിരകമേവന്നിടകൂടി
മനസിജസായകപാവകശിഖയാ
ലനവരതംമമഹൃദയമിദാനീം
വെന്തുരുകുന്നിതു ബന്ധുരവദനേ!
ബന്ധുതനീമമചെയ്തീടേണം
അന്ധതമസ്സിലകപ്പെട്ടുഴലും
ബന്ധുജനത്തെപ്പരിചൊടുനല്ലൊരു
പന്തമെരിച്ചു [illegible]
ഷ്പന്ഥാവോടിടകൂട്ടിക്കാട്ടി
ചിന്തിതദേശംപ്രാപിപ്പിപ്പതി-
നന്തരമില്ലാത്തവർബന്ധുക്കൾ
നിന്നോടുപറയരുതാത്തൊരുരഹോഗോഷ്ഠികൾ
നിന്നോടുതന്നേപറകയുമുള്ളൂ
പിന്നെനമുക്കിഹമറ്റൊരുഗതിയി-
ല്ലെന്നുധരിക്കനിരൂപ്യനീയും
ഒരുദിനമെന്നെയെടുത്തുകൊണ്ടൊരു
പെരുവഴിതന്നിൽചെല്ലുന്നേരം
നിരുപമമാകിനവേശ്യാഭവനം
പരിചൊടുനീമമകാട്ടിത്തന്നു
നിരുപമമായിനമുക്കവിടത്തിൽ
സരസംമേവിനഗണികാമണിയുടെ
കരികുംഭാകൃതികലർമുലയുഗളം
ഒരുകുറിപുണരാൻസംഗതിവരുമോ
കരളിലിനിക്കതിമോഹം ബാലേ!
അവളുടെ തലയും മുലയും മുഖവും
കവിളിണചേരും കണ്ണാഭരണവും
അവയവഭംഗിയുമധരമൃദുത്വവു-
മവയവപലതും ചിലവകയിന്നെയും
അവികലമോർത്തും നെടുവീർപ്പിട്ടും
ഭുവിബതവീണുമുരണ്ടും ദിശിദിശി
രവിരുചിസമമാം ചന്ദ്രപ്രഭയാൽ
അവശതപൂണ്ടുവിയർത്തുശരീരം
നയനജലങ്ങൾപൊഴിഞ്ഞുമഴിഞ്ഞും
ശയനാശനനിദ്രാദിവെടിഞ്ഞും
നിയമത്തിനുബഹുഭംഗമിയന്നും
നിയതിബലേനവലഞ്ഞിതുഞാനും
മണിമാണിക്കപ്പൊൺകൊടിയാളുടെ
മണിമാളികമേലെന്നെക്കൊണ്ടു
അണിമതിമുഖിയുടെമുന്നിൽചെല്ലുക
പണിപെട്ടെങ്കിലുമിന്നുനിശായാം
വാശ്ശുകണക്കിലുമെന്നെക്കൊണ്ടാ-
വേശ്യാസംഗമപരമാനന്ദം
സാധിപ്പിക്കനിനക്കതുകൊണ്ടു
സാധുഗുണങ്ങൾഭവിക്കുംമേലിൽ
ഭർത്താവെന്തുപറഞ്ഞെന്നാലതു
ഭാര്യാജനമുടനേകേൾക്കേണം
ഗുണദോഷങ്ങൾ വിചാരിക്കേണ്ടാ
ഗുരുജനമൊന്നുനിയോഗിക്കുമ്പോൾ
മരണമടുത്തുകിടക്കുംകിഴവനു
തരുണന്മാരെപ്പോലെബാല-
ത്തരുണികളോടുരമിപ്പാൻമോഹം
തരമില്ലിങ്ങനെവിസ്മൃതിയെന്നും
വരുമിവണ്ണമൊരാശതുടർന്നാൽ
പരിഹാരത്തിനുനല്ലൊരുമാർഗ്ഗം
അരചതിലമരാൻചുരികപയററ
തുടങ്ങാവേണ്ടു ശിവശിവ കഷ്ടം!

ഇങ്ങിനെയുള്ളവിചാരം ഗുണമ-
ല്ലെങ്ങിനെ ഭർത്താവിൻെറ നിയോഗം
അങ്ങിനെ ചെയ്യപതിവ്രതമാരാ-
മംഗനമാക്കുളവാകിനധർമ്മം
ഇഹലോകസുഖം പരലോകസുഖം
ഗൃഹിണിനിനക്കലഭിക്കണമെങ്കിൽ
ഗൃഹമേധിയതാമെന്നെഗ്ഗുണികാ-
ഗൃഹമതിലാക്കുകസന്ധ്യകഴിഞ്ഞാൽ
ഉത്തമമുള്ളൊരുഭർത്തൃഗിരംകേ-
ട്ടുത്തമതാപസിചിന്തതുടങ്ങി
വൃദ്ധനതാകിനഭർത്താവിൻെറ
ബുദ്ധിമറിഞ്ഞതുപാരം കഷ്ടം!
നിശ്ചലശീലമഹാബ്രാഹ്മണരേ
പുംശ്ചലിവീട്ടിൽകയ്യാളിപ്പാൻ
ഉജ്ജനമെങ്ങിനെകയ്യേൽക്കേണ്ടു
സജ്ജനമെന്നുപറഞ്ഞാലും ശിവ
ദുർജ്ജനമെന്നതുപോലെനമുക്കതി
ദൂഷണമായ്‌വരുമിങ്ങിനെചെയ്താൽ
എങ്കിലതിങ്ങനെചെയ്തീടാഞ്ഞാൽ
ലംഘിതമാമഥഭർത്തനിയോഗം
സംഘടിതംബഹുപാതകമതിനാൽ
സങ്കടമെന്നേപറവാനുള്ളു
കചരിതകാംക്ഷനിവൃത്തിവരുത്താനു
ചിതമിതെന്നുപറഞ്ഞേപാരു
അതിനൊരുഭേദംവന്നില്ലെങ്കിൽ
പതിയുടെകല്പനകേൾക്കാംപിന്നെ
സുന്ദരിയിങ്ങനെചിന്തിച്ചുടനേ
വന്ദനചെയ്തുപറഞ്ഞുതുടങ്ങി
നിന്ദിതമാകിയവൃഷലീസംഗമ-
മെന്നതുപാരം ദൂഷണമയ്യോ!
അന്തേവാസികൾഗുരുവരനെയും
കാന്താജനമഥഭർത്താവിനെയും
ശാന്തിവരുത്താൻശാസിക്കുന്നു
ശാസ്ത്രവിരുദ്ധം വേദവിരുദ്ധം
ശ്രുതിയും സ്മൃതികളുമാഗമവിധികളും
ഇതിഹാസങ്ങൾ പുരാണാദികളും
മതിയിലശേഷംധാരണയുള്ളൊരു
മതിമാനല്ലോ നിന്തിരുവടിതാൻ
ധർമ്മാധർമ്മമറിഞ്ഞുവസിക്കും
ധാർമ്മികവരനാം നിന്തിരുവടിയുമ-
ധർമ്മത്തിന്നുപുറപ്പെട്ടാലി
ദുർമ്മതികൾക്കിനിനല്ലൊരുസൌഖ്യം
വൻപന്മാരൊരുപെരുവഴിയിട്ടാൽ
പിൻപിൽവരുന്നവരതിലിടക്കൂട്ടും
കൊമ്പൻപോയതുമോഴയ്ക്കുംവഴി
കോലാഹലമിനിവേണ്ടതുകാട്ടും
ആശാനക്ഷരമൊന്നുപിഴച്ചാൽ
അമ്പത്തൊന്നുപിഴയ്ക്കുംശിഷ്യന്നു
കളരിക്കാരനുചാട്ടപിഴച്ചാൽ
കാണികളൊക്കെപ്പുഴതിൽ ചാടും
ഓതിക്കോനൊരുമന്ത്രമിളച്ചാൽ
ഒരുപന്തിക്കാരൊക്കെയിളയ്ക്കും
എമ്പ്രാനപ്പംകട്ടുഭജിച്ചാൽ
അമ്പലവാസികളൊക്കെക്കക്കും
പടനായകനൊരുപടയിൽതോററാൽ
ഭടജനമെല്ലാമോടിയൊളിക്കും
അമരക്കാരന്തലതെററുമ്പോൾ
അണിയക്കാരുടെ തണ്ടുകൾതെററും
കാര്യക്കാരൻ കളവുതുടർന്നാൽ
കരമേലുള്ളവർകട്ടുമുടിക്കും
താളക്കാരനുമാത്രപിഴച്ചാൽ
തകിലറയുന്നവനവതാളത്തിൽ
കാമം ക്രോധം ലോഭം മോഹം
പ്രേമം പ്രവണം രാഗം ദ്വേഷം
മാമുനികുലവരാകിനനിങ്ങടെ
മനസതാരിലിതൊന്നും നഹിനഹി
ആചാരത്തിൽമികച്ചൊരുസാധന-
മാചാര്യന്മാർപറയുന്നല്ലോ
നീചന്മാരുടെസംഗത്തേക്കാൾ
നിന്ദിതമായിട്ടില്ലൊരുവസ്തു
പലഗുണമുള്ളൊരുവേശ്യാസ്ത്രീക-
വക്ത്രാംബുജവും രജകന്മാരുടെ
വസ്ത്രമലക്കാനുള്ളൊരുകല്ലും
വളരെബ്ഭേദമതില്ലമുനീന്ദ്ര
നരപതിമാരുടെനന്മപെരുത്തൊരു
തിരുവുടയാടകളേറവമതിന്മേൽ

നായന്മാരുടെകൈക്കോണകവും
നാർപ്പട്ടംപുനരേറവമതിന്മേൽ
പട്ടന്മാരുടെനാറിക്കീറിയ
രട്ടംസാമാന്മമേറവമതിന്മേൽ
നംപൂരാരുടെമുണ്ടും തോര-
ക്കോണകവുംപുനരേറവമതിന്മേൽ
അച്ചികളുടയ ചവുണ്ടകറുത്തൊരു
കച്ചത്തുണികളുമേറവമതിന്മേൽ
എംപ്രാരുടെപുകനാറിപ്പുടവ-
ക്കൌപീനങ്ങളുമേറവമതിന്മേൽ
നല്ലതുമാകാത്തതുമേറവമ്പോൾ
കല്ലിനുമാവവിശേഷമതുണ്ടോ!
എന്നകണക്കിനുവേശ്യാമുഖമതു
മെന്നുധരിക്കണമെല്ലാജനവും
ഒരുപുരുഷൻ ചുംബിച്ചുതിരിച്ചാൽ
വരുമനന്തരം മറെറാരുപുരുഷൻ
അവനുമതിന്മേൽത്തന്നെപ്രയോഗം
അവയവമതുതന്നെല്ലാവക്കും
ഊററക്കാരനൊരുത്തനൊരുന്നാൾ
പിറേറന്നാളൊരുവാല്യക്കാരൻ
വിപ്രൻവന്നുശയിക്കമൊരുന്നാൾ
വൃഷലൻവന്നുശയിക്കമൊരുന്നാൾ
വിപ്രന്മാരും വൃഷലന്മാരും
വൃദ്ധന്മാരും വികലന്മാരും;
ബൌദ്ധന്മാരും ബാലന്മാരു-
മൊരുത്തരുമില്ലൊരു ഭേദമവൾക്കു
മുടിയനതാമൊരുപുരുഷൻതന്നുടെ
മടിയിൽകാലിണകേററം മറെറാരു
തടിയൻതന്നുടെമടിയിൽതന്നുടെ
മുടിയുംവച്ചുകിടക്കുംവേശ്യാ
മടിയില്ലൊന്നിനുമന്തണരുംകൾ
കടിയന്മാരുമവൾക്കൊരുപോലെ
തടമുലയിണയും പല്ലും ചൊടിയും
തടിയുടെവടിവും തലമുടിയുടയും
കുടിലകടാക്ഷവുമോത്തുനരന്മാർ
ഉടലുമെലിഞ്ഞും നെട്ടവീർപ്പിട്ടും
വിട്ടുധുളിക്കവിടന്മാരെയവർ
കടവുംകൊണ്ടുകഴുത്തിലകത്തില
കടകംമോതിരമെന്നിവകോപ്പുകൾ
ഉടനേതീർത്തുകൊടുത്തുപുറത്തെ
പ്പടിമേൽകൊളുകകടിച്ചുകിടക്കും
വിടുഭോഷന്മാരെത്രതരത്തിൽ
ശുദ്ധമിതെന്നുമശുദ്ധമിതെന്നും
കൃത്യമിതെന്നുമകൃത്യമിതെന്നും
സത്യമിതെന്നുമസത്യമിതെന്നും
യുക്തമിതെന്നുമയുക്തമിതെന്നും
നിത്യമിതെന്നുമനിത്യമിതെന്നും
ബദ്ധമിതെന്നുമബദ്ധമിതെന്നും
ഒരുവകനിനവില്ലാത്തൊരുവേശ്യകൾ
മരുവുംദിക്കുകളൊക്കെയശുദ്ധം
ദുരിതസമൂഹമശേഷമെടുത്തിഹ
തരുണീരൂപംതീർത്തുവിരിഞ്ചൻ
തരുണന്മാരെദ്ദുരിതക്കുഴിയിൽ
തരസാതള്ളിമറിപ്പാനുള്ളൊരു
പെരുവഴിയായിതു തരുണീരൂപം
അരുവയർമീതേ രോമാവലിയെ-
ന്നൊരുതണലുള്ള നടക്കാവിടയിൽ
സരസമതാകിനനാഭീകൂപം
മലരണ്ടുണ്ടവഴിക്കിരുപുറവും
മുലയെന്നുള്ളൊരു പേരുമതിന്നു്
മുഞ്ഞിയതാകിനൊരമ്പലമവിടെ
കഞ്ഞിയുമുണ്ടധരാമൃതസംജ്ഞം
നാസികയാകിന ചിറമേൽക്കൂടെ
നയനമതാകിനതോടുകടന്നു്
തലമുടിയാകിനകാട്ടിൽപുക്കാം-
നലസതതിൻ തണപ്പിലിരിക്കാൻ
അക്കാടങ്ങു കടന്നാൽ കാണാം
അക്കാമജനുടെ വീടുമടുക്കൽ
അങ്ങിനെയുള്ളൊരു പെരുവഴിപോവാൻ
സംഗതിവരുവാനാഗ്രഹമെങ്കിൽ
എങ്ങിനെ ഞാനിതു നിൎത്തീടേണ്ടു
നിങ്ങടെ നീതി നമുക്കറിയാമോ
കുലഗുണമുള്ളൊരു വിപ്രന്മാക്കു്
കുലടാസംഗമമൊരുകുറിചെയ്താൽ
കുലനാശം ധനനാശം യൌവന
ബലനാശം ഗുണനാശം സന്തതി

ബലനാശം പലനാശം വരുമിവ
തപസ്സിന്നും യശസ്സിന്നും തന്നുടെ
വപുസ്സിന്നും വയസ്സിന്നും ഹാനികൾ
പരസ്ത്രീയെ പരിഗ്രഹിച്ചീടിന
ഗൃഹസ്ഥനക്കനർത്ഥമെന്നുള്ളതു്
നിവൃത്തിയില്ലൊരുത്തി തന്നെന്നതു്
മനസ്സിലോർത്തനക്കമില്ലാതിഹ
തപസ്സുചെയ്തിരിക്കുന്നീ മുനിവര!
മൂത്രമലാദിധരിപ്പാനുള്ളൊരു
പാത്രമതാകിന വേശ്യാസ്ത്രീകടെ
ഗാത്രംകണ്ടു കൊതിപ്പാനേതൊരു
ശാസ്ത്രംകൊണ്ടു സമർത്ഥിക്കുന്നു?
കണ്ണുകൾകൊണ്ടൊരു പിണ്ഡമുരുട്ടി
കണ്ണും മൂക്കും വായും ചെവിയു-
മിവണ്ണം ചിലതുളയങ്ങുളച്ചതു
പെണ്ണെന്നങ്ങിനെ പേരുമതാക്കി
പൊണ്ണന്മാരുടെ ചിത്തമിളക്കാൻ
അണ്ഡജവാഹനഭഗവാൻ പല പല
ഖണ്ഡമതാക്കിത്തീർത്തിഹവിട്ടതു
പണ്ഡിതരാകിയ നിങ്ങടെ ചേതസി
നന്നെന്നുള്ളൊരു വ്യാമോഹത്തെ
ത്തോന്നിക്കുന്നതു വിസ്മയമോർത്താൽ
എന്നല്ലവരുടെ ധൂളിതങ്ങളി-
ലൊന്നു നിനച്ചു വിരക്തിവരുത്താൻ
കുലഗുണമുള്ളൊരു വിപ്രന്മാർക്കിഹ
കുലടാസംഗമമൊരു കുറിചെയ്താൽ
പലജന്മങ്ങളിലുള്ളൊരു സുചരിത
ഫലസമ്പത്തു നശിക്കുമശേഷം
നാലും മൂന്നും ജന്മം മുഴുവൻ
നരകാനുഭവം വേണ്ടിവരും നിജ-
നാരിയെയങ്ങു വെടിഞ്ഞു പരസ്ത്രീ
മാരിൽ രമിക്കും വിപ്രന്മാർക്കു്
എന്നതു കൊണ്ടീദുർവ്യവസായം
നന്നല്ലെന്നു നമുക്കിഹ തോന്നി
എന്നുടെ ഭർത്താവോടിതിലപ്പുറ-
മൊന്നുമിനിക്കിഹ പറവാനില്ലാ
അരുളിച്ചെയ്താനുഗ്രതപോമുനി
പരമാർത്ഥം നീ ചൊന്നതശേഷം
പരനാരീജനസംഗം ചെയ്താൽ
ദുരിതം പെരുതുഗൃഹസ്ഥനനന്തം
അറിയാഞ്ഞല്ല പറഞ്ഞിതു ഞാനും
മറിമാൻകണ്ണി ധരിച്ചീടേണം
പറയാമെങ്കിൽ മനുഷ്യജനങ്ങൾ
ക്കറുപതുമറുപതുമായുസ്സല്ലേ!
ആയതിലറുപതുറക്കംകൊണ്ടും
പോയാലറുപതു പിന്നെശ്ശിഷ്ടം
വൃദ്ധതകൊണ്ടും ബാലതകൊണ്ടുമൊ-
രദ്ധംകുറവറുപതിലുംകാണാം
മുപ്പതുവർഷം മുഴുവൻകിട്ടു-
മതിൽപ്പുനരൊട്ടും പോവതുമില്ലാ
അപ്പോൾവേണം സുകൃതസമാർച്ചന-
തല്പരമാകിന കർമ്മം ചെയ്വാൻ
അക്കാലങ്ങളിലംഗനമാരുടെ
പൊൽക്കീഴായി വിഴപ്പും കെട്ടത-
ലയ്ക്കും വച്ചുകിടക്കയുമവരുടെ
മക്കളെയെളിയിലെടുത്തു നടക്കയും
ഇക്കഥകൊണ്ടു പിരിഞ്ഞെന്നാകിൽ
പാക്കമവർക്കൊരു സൽഗതിമാർഗ്ഗം
ദുഃഖമതാം ദുരിതാംബുധിതന്നുടെ
യക്കരപറ്റാൻ കൂടുകയില്ല
അപ്പരമാർത്ഥമെനിക്കുണ്ടെങ്കിലു-
മിപ്പോൾ നമുക്കൊരു മോഹം തോന്നിയ
തിപ്പോൾ തന്നതു സാധിക്കാതെയൊ-
ഴിപ്പാൻ മാത്രം ക്ഷമയില്ലുള്ളിൽ
കായത്തിന്നൊരു ദോഷംവന്നാൽ
പ്രായശ്ചിത്തം കൊണ്ടതു നീക്കാം
ആയതുമെളുതല്ലെന്നാലെന്തിനു-
പ്രായശ്ചിത്തസ്മൃതിയുണ്ടാക്കി
ആയിരമക്ഷികളുള്ളമഹേന്ദ്രൻ
മായതമിഴിയാളാകുമഹല്യയെ
മായംകൊണ്ടു ലഭിച്ചു രസിച്ചൊര-
പ്പായംവളരെ വരാതെരമിച്ചു
മിത്രാവരുണന്മാരുർവ്വശിയെ
കുത്രചിൽനിന്നു പുണർന്നു നിഗൂഢം
ആയവരെല്ലാമുടനേതന്നെ
പ്രായശ്ചിത്തം ചെയ്തതെളിഞ്ഞു

ആയതുപോലെ ശമുക്കംപിന്നെ
പ്രായശ്ചിത്തം ചെയ്യാമുടനെ
ചലമിഴിയാളേ! ചാന്ദ്രായണവിധി
നലമൊടു ചെയ്തു വിശുദ്ധിവരുത്തും
നലമൊടുനന്മയെടുത്തു കഴുത്തിൽ
കലിതാനന്ദമിരുത്തിക്കൊണ്ട്
ആരുംഗ്രഹിയാതന്തികഴിഞ്ഞാൽ
വാരസ്ത്രീമണിഭവനംതന്നിൽ
കൊണ്ടിഹചെന്നെന്നാഗ്രഹമവളെ
ക്കൊണ്ടു ലഭിപ്പിച്ചീടുകവേണം.

ഏവം മുനീന്ദ്രനുടെ ഭാവമെന്നാകിലേതും
ആവതില്ലെന്നുകൊണ്ടു പോവാൻ മടിക്കരുത്
എന്നങ്ങുറച്ചുവളുമന്നരജനിതന്നിൽ
ചന്ദ്രനുദിക്കുംമുമ്പേ മന്ദം മുനിവരനെ
കണ്ഠത്തിലെടുത്തേറ്റിക്കൊണ്ടങ്ങു പുറപ്പെട്ടു
വണ്ടുനിറത്തെപ്പോലിരുണ്ടുള്ള തിമിരങ്ങൾ
കൊണ്ടുനിറഞ്ഞവഴികണ്ടു കൂടാഞ്ഞു പാദം
കൊണ്ടുപതുക്കെത്തപ്പിക്കൊണ്ടു നടന്നു ചെന്നു
കാട്ടിൽ മരങ്ങളുടെ മൂട്ടിൽ വഴിപിഴച്ചു
കല്ലിന്റിടയിൽ കാലും തല്ലിയലച്ചുകാട്ടു
വള്ളികളിൽ തടഞ്ഞു വല്ലാതെ പോകുന്നേരം
കൊല്ലാതെ കഴുവേറ്റിക്കള്ളന്മാർ കിടക്കുന്ന
കള്ളപ്പറമ്പിൽ ചെന്നുകേറീശീലാവതീതാൻ

അക്കഥ കിമപി ചുരുക്കിപ്പറയാം
തസ്കരജാതികളങ്ങൊരുകൂട്ടം
തെക്കുവടക്കവർകപ്പാനുള്ള
തക്കംനോക്കിനടക്കുന്നേരം
രാത്രിയിലൊരു നാളരമനതന്നില-
കത്തുകരേറിക്കട്ടുതുടങ്ങി
കാത്തുകിടക്കും കാവൽക്കാർക്കു
കള്ളുകുടിച്ചൊരു ബോധവുമില്ല
ചത്തശവത്തെപ്പോലൊരുകൂട്ടം
തത്രനിരക്കെയുറങ്ങീടുന്നു
കള്ളന്മാരഥ ഭണ്ഡാരങ്ങളി-
ലുള്ളതശേഷം മോഷ്ടിച്ചാർ പല
വെള്ളിക്കുടവും പൊന്നും കുടവും
വെള്ളപ്പട്ടുകൾ ചകലാസുകളും
പൊന്നരഞ്ഞാണം മുട്ടുകടുക്കൻ
പൊന്നും കിണ്ടികൾ ചങ്ങലവട്ടക
ളിത്തരമെല്ലാം കട്ടും കൊണ്ടവർ
സത്വരമങ്ങുഗമിച്ചൊരുശേഷം
ഭൃത്യന്മാർ ചിലർ ബോധിച്ചുടനെ
പൃഥ്വീപതിയൊടു ചെന്നറിയിച്ചു
കേട്ടവർ കേട്ടവർ ചൂട്ടുമെരിച്ചു
മോഷ്ടാക്കന്മാർ വന്നു സമസ്തം
മോഷ്ടിച്ചും കൊണ്ടങ്ങു തിരിച്ചു
ചട്ടക്കാരവർ ബോധിച്ചില്ലാ
കട്ടജനത്തെപ്പരിചൊടുചെന്നിഹ
കെട്ടിക്കൊണ്ടു വരാഞ്ഞാൽ നിങ്ങടെ
തുഷ്ടിമുടക്കും ചന്ത്രക്കാരൻ
വീട്ടിലുമുള്ളതു കത്തിക്കുവതും
പെട്ടെന്നിങ്ങനെ ഘോഷിച്ചുകൊ-
ണ്ടോട്ടുവഴിക്കിഹ മണ്ടിഭടന്മാർ
തെക്കും ദിക്കിനുമണ്ടിവനത്തിൽ
പുക്കിതുതസ്കരതിഭയമോടെ
അർക്കനുദിച്ചു വെളിച്ചവുമായിന-
മുക്കുതരക്കേടായ്‌വരുമെന്നിവ-
രൊക്കെക്കൂടെയുഴന്നവിടത്തിൽ
നിൽക്കുന്നേരം കാണായ്‌മുന്നിൽ
കണ്ണടച്ചുതപംചെയ്യുന്നൊരു
മണ്ഡവ്യൻമുനി തന്നുടെനികടെ
സ്വർണ്ണംകെട്ടിയെടുത്തു വലഞ്ഞൊരു
വണ്ണമിറക്കിക്കാട്ടിലെറിഞ്ഞു
തങ്ങടെ പ്രാണനെയും കൊണ്ടോടി
ത്തരസാപലപല കോട്ടിലൊളിച്ചു
പാടവമേറിന നൃപഭടരെല്ലാം
പേടിവെടിഞ്ഞവർ സന്നാഹത്തൊടു
കൂടിപ്പലവക തോക്കുകൾ വേലുകൾ
ചാടിക്കൂക്കുവിളിച്ചും കൊണ്ടട-
നോടിയടുത്തഥ പുറകേകൂടി
ക്കാടുകൾ പുക്കു തിരഞ്ഞൊരുനേരം.

കനകമഹാമണിഭൂഷണജാലവു-
മനവധിഭോജനവസനാദികളും
വനഭുവിനിന്നു തപം ചെയ്തീടും
മുനിവരനികടേ കാണായ്‌വന്നു
എല്ലാമങ്ങു കെട്ടിയെടുത്തവ-
രുല്ലാസത്തൊടു ചൊല്ലീടുന്നു

നല്ലവനല്ലിത്താടിക്കാരനി-
തെല്ലാമവനുടെ കപടമതായ്‌വരു-
മില്ലൊരു സംശയമിവനുടെ കള്ളക-
ളെല്ലാമിന്നു ശമിപ്പിക്കേണം
എല്ലുനുറുങ്ങത്തല്ലീടേണം
പല്ലുകൾ തച്ചുതകർത്തീടേണം
കൊല്ലാതിവനെക്കഴുവേററാനതി-
ന്നെല്ലാം പുനരങ്ങറിയിച്ചീടാം
കള്ളനകൂടാതരുതിതിലൊന്നും
സ്വല്പം നിങ്ങൾ ക്ഷമിച്ചീടേണം
കെല്പോടുതിരയണമിനിയുമതെന്നാൽ
തൽപരമാർത്ഥമതെല്ലാമറിയാം
കണ്ണുതവിട്ടു തിരഞ്ഞഥ പുനരപി
മണ്ണിനടന്നഥ കള്ളന്മാരെ
കണ്ടുപിടിച്ചഥ കോട്ടയ്ക്കുള്ളിൽ
കൊണ്ടുവന്നവിടെ വിലങ്ങിലുമിട്ടു
തിരുവുള്ളക്കാര്യക്കാരന്മാർ
തിരുമുമ്പിൽ ചെന്നങ്ങറിയിച്ചു.
തിരുഭണ്ഡാരപ്പെട്ടികളെല്ലാം
തിരുടിക്കൊണ്ടു തിരിച്ചോരന്മാർ
തിരുകള്ളന്മാർ പലരുണ്ടവരെ
അരസാ ചെന്നു തിരഞ്ഞുപിടിച്ചു
തിരിയാത്താളുകളടിയങ്ങൾക്കൊരു
തിരിവുള്ളംകൊണ്ടിവരെക്കിട്ടി
ചോരന്മാരെക്കഴുവേററാനുട-
നാരാച്ചാരിൽ കല്പിപ്പിൻ
പാരാതിങ്ങിനെ കല്പിച്ചു നൃപ-
നാരോഹണവും തീർത്തുടനന്മാർ
അന്നേരത്തൊരുകിങ്കരനവിടെ
ച്ചെന്നു വണങ്ങിയുണർത്തിക്കുന്നു
കണ്ണുമടച്ചൊരുതാടിക്കാരൻ
കാട്ടിൽ നടുവിലിരിക്കുന്നുണ്ടു്
ഞങ്ങളനേകം ചോദിച്ചിട്ടും
ചൊല്ലാതിക്കൊരനക്കവുമില്ല
അങ്ങോർക്കൂടെ മനസ്സറിയാത-
ല്ലിങ്ങനെ കള്ളന്മാരിതുചെയ്തു
എന്നതുകേട്ടുരുൾചെയ്തു നരേന്ദ്രൻ
മുന്നതുവന്നവനത്തിലിരിപ്പൂ

മന്ദനതാമവനറിയാതല്ലിതു
വന്നതുമെന്നാലവനെക്കൂടെ
ക്കൊന്നില്ലെന്നാലിനിയും രസ്സാ-
പ്പന്ദംവനനിഹമോഷണമുണ്ടാം
ഒന്നുമറിഞ്ഞീലാ നാം നിങ്ങടെ
സന്നാഹംപോലെല്ലാം ചെയ്യിൻ
മന്നവനിങ്ങിനെ മൌനംകൊണ്ടുപ-
പന്നമിതെന്നനുവാദം ചെയ്താൻ
മന്നിൽമഹീപതിരേവന്തോടെ
വന്നു പിറന്നവളന്നുജനത്തിനു-
മിന്നിഹ കാര്യാകാര്യവിചാരമി-
യന്നമഹീപതിപാരംതുച്ഛം
എന്നതുകൊണ്ടുവിവേകമൊരല്പവു-
മന്നുള്ളരചന്നുണ്ടായില്ല.
തല്ലുംനൃപനിഹ കൊല്ലുംസചിവൻ
കൊല്ലുംനൃപനിഹതിന്നും സചിവൻ
ഒന്നുംഘോഷിക്കേണ്ടാമുനിയെ
ക്കൊന്നാൽമതിയെന്നരചനുപക്ഷം
കൊല്ലാതെകഴുവേററാനവരൊടു
ചൊല്ലിയയച്ചിതുകാര്യക്കാരൻ
ഉപ്പിലിടുന്നപദാർത്ഥങ്ങൾക്കുട-
നുപ്പിലിരട്ടിപ്പുളിപ്പുണ്ടാകും
കല്പിച്ചതിലൊരുപത്തുമടങ്ങു
കവിഞ്ഞു നടക്കും കാര്യക്കാരും
വമ്പുപറഞ്ഞുപിടിച്ചുപറിച്ചുത-
രിമ്പുമടിക്കാതൊരുസാധുവൊട-
ങ്ങമ്പതുരാശിപിടിച്ചുപറിച്ചതി-
ലൊമ്പതുരാശിനൃപനുകൊടുക്കും
ഇത്ഥംനൃപനൊടുമോഷ്ടറിയിക്കും
ശുദ്ധൻനൃപനതുബോധിച്ചീടും
രണ്ടുജനങ്ങളുതമ്മിൽകാര്യം
കൊണ്ടുവിവാദിച്ചരമനപുക്കാൽ
രണ്ടുജനത്തിനുമാചനെയെതിരി-
ക്കണ്ടറിയിപ്പാൻ സംഗതികൂടാ
കാര്യക്കാരുടെമുമ്പിൽച്ചെന്നവർ
കാര്യമതെല്ലാമങ്ങറിയിച്ചു
കാര്യാസനത്തിനു [illegible]
[illegible]ത്തിനു [illegible]

നേരില്ലാത്തോൻ കാട്ടുകാരൻ
ചോരംദ്രവ്യം കൊണ്ടുകൊടുത്താൻ
നേരുള്ളവനെസ്ഥാനെന്നെല്ലാരു
ചോരംനൽകിപ്പൂക്കിയയച്ചും
ന്നാക്ഷേയാനാം നൃപനെബ്ബാധി
പ്പിക്കയുമില്ലവരിഞ്ഞനെ പട്ടം
താഴത്താരാനിരുവർവരുന്നു
താഴത്തെന്തുജനങ്ങൾ വരുന്നു
രണ്ടുകടക്കാർനാംപുരാതര-
കണ്ടുപടിപ്പുരകേറുന്നുണ്ടാൻ
രണ്ടുകടക്കാരുട്ടിനാവന്നവ-
രണ്ടുംകൊണ്ടവരങ്ങുനടന്നു
ഇങ്ങിനെപലവകമോഷ്ടുറിയിക്കം
തങ്ങടെനായകനാകിയനൃപനെ
ഇങ്ങിനെയുള്ളവനിവധരണീതല-
മെങ്ങുമൊരേടവുമില്ലെന്നാലും
ഇങ്ങിനെമാണ്ഡവ്യൻ മുനിതിലകൻ
സംഗതിവന്നവതെന്നാവേണ്ടു
അതിനൊരുകാരണമുണ്ടതുമിവിടെ
കഥനംചെയ്യിട്ടെന്തൊരുകാര്യം
മതിമാൻമാമുനിതിലകൻകഴുവേ-
ലതിമെല്ലെക്കാലമനല്പം കിടന്നു
മതിമുഖിയാമവളൊരുനിശായാം
അതിനടെനേരേതപ്പിത്തപ്പി
പതിയെത്തോളിലെടുത്തുംകൊണ്ടവ-
ളതിമലതന്നെചെന്നുകരേറി
ഉഗ്രതപോമുനിതന്നുടെമസ്തക-
മഗ്രസ്ഥിതമായുള്ളൊരുശൂല
വ്യഗ്രതപൂണ്ടുകിടക്കും വിപ്രക-
ലാപപ്രസരം മാണ്ഡവ്യന്റെ
കാലലമ്പെട്ടുതട്ടിയനേരം
ശൂലവുമൊന്നുകുലുങ്ങികനക്കെ
മുറിയിളകീട്ടൊരുവേദനവന്നു
കുറയല്ലാഞ്ഞുപറഞ്ഞുമുനീന്ദ്രൻ
കഷ്ടംനമ്മുടെപാദേവന്നിഹ
മുട്ടുന്നവനിവനേതൊരുമൂഢൻ
പെട്ടെന്നാതുരനാകിനമമ
തൊട്ടെന്നല്ലകലുക്കീശൂലം

ഒട്ടേറമിച്ചൊരുവേദനയിപ്പോൾ
ഒട്ടേടങ്ങെക്കണ്ണുകരോരം
ഉഗ്രതപസ്സല്ലനീ നിന്നുടെ
വിഗ്രഹനാശമടുത്തുമൂഢക!
നിന്നുടെചപലതയൊന്നറിയുന്നു
നന്നിതുവിസ്മയമെന്നതുപായാം
വേളികഴിച്ചുപതിവ്രതതന്നുടെ
തോളിൽകേറിയിരുന്നുംകൊണ്ടതി
ധൂളിയതാകും വേശ്യയിരിക്കും
മാളികകേറാനല്ലേഗമനം
അയ്യോകിഴവച്ചാരേതന്നുടെ
കയ്യോ കാലോ കണ്ണോ മൂക്കോ
മെയ്യോ മുഖമോ നല്ലതുവേശ്യാ
സംയോഗത്തിനുസാധനമിപ്പോൾ
മണിമാണിക്കത്തിന്നിവ നല്ലൊരു
മണിയായുള്ളരഹസ്യക്കാരൻ
ഇത്രമനോഹരനായൊരുപുരുഷനെ
യെത്രകൊതിച്ചുലഭിച്ചിതവൾക്കും
തഴുകീടുവതിനുതപ്പിത്തപ്പി
ക്കിഴവൻമെല്ലെച്ചെല്ലുന്നേരം
ഒഴുകീടും ചലമവളുടെമുലമേൽ
പിഴകീടുംമണമേറിനനാടൻ
പുഴുവിന്നുള്ളൊരുപരിമളമൊക്കെ
പിഴകീടുവതിനും സംഗതിവന്നു
കഴുവേറീടിനനാമിനിയെന്തിനു
പഴുതേയവളെയുപേക്ഷിക്കുന്നു
നമ്മെത്തോളിലെടുപ്പാനിന്നൊരു
നന്മൊഴിയാളില്ലായതുഖേദം
ധാർമ്മികനായി വയോധികനായി
കാർമ്മികനാകിനതാനൊരുകലടാ
കാമുകനായതുകേട്ടാൽമററിഹ
മാമുനിമാർക്കലഘുതമശേഷം
രാസ്യയിലാഗ്രഹമുണ്ടെന്നല്ലവർ
ഭാരംപോലെചുമന്നൊരുവൃഷലീ
വീട്ടിലിറക്കിത്തന്നൊടവളെ
കൂട്ടിയിണക്കിക്കുത്സിതമാകിന
ഗോഷ്ഠികളുള്ളചടങ്ങുംകാട്ടി
ക്കൂട്ടണമെന്നൊരുദുശ്ശീലത്ത

ക്കേട്ടജനങ്ങൾ ചിരിക്കും നമ്മുടെ
കൂട്ടക്കാരെക്കൂടെ ഹസിക്കും
പൂച്ചപ്പാൽകുടിപോലെ നേത്രമ-
ടച്ചുംകൊണ്ടിവൻ താനിതിചെയ്താൽ
കാഴ്ചക്കാരുടെപരിഹാസത്തിനു
താഴ്ചവരുത്താൻതാനുമതിയാമോ?
കാര്യംകൂടാതെന്തിനു ചാഴിൽ
കലഹിക്കുന്നു നീയിനിനാളെ
സൂര്യനുദിക്കുംമുമ്പേമരണം
പ്രാപിക്കാമവനെന്നുശപിച്ചു
കോപിതനാകിനമാണ്ഡവ്യൻറെ
ശാപമതേററുടനുഗ്രതപോമുനി
താപംപൂണ്ടുപറഞ്ഞുപതുക്കെ
ശാപംഹന്ത! ഫലിച്ചുസുശീലേ!
നിന്നുടെവാക്കിനെ ലംഘിച്ചിട്ടിഹ
വന്നുഭവിച്ചുനമുക്കുവിനാശം
നിന്നുടെപാതിവ്രത്യബലംകൊ-
ണ്ടെന്നുടെജീവനെരക്ഷിച്ചെങ്കിൽ
നമ്മുടെഭാഗ്യമതല്ലന്നാൽമമ
കർമ്മമതെന്നേപറവാനൊള്ളു
ഇന്നിനിഗണികാസംഗം വേണ്ടന-
ടന്നാലും പുറകോട്ടിനിവേഗാൽ
ഉത്തമയാകിനശീലവതീപുന-
രുത്തരമേവംകിമപിപറഞ്ഞു
ഭർത്താവേതുംഖേദിക്കേണ്ടാ
പാർത്താലിതിന്നൊരുപായമതുണ്ടാം
മാർത്താണ്ഡൻമമവൈധവ്യത്തെവ-
രുത്താതെപരിപാലിക്കേണം
അർക്കൻനാളെയുദിക്കരുതെന്നുവി-
ലക്കാൻഭാവമിനിക്കണ്ടധുനാ
തൽകൃപവരുവാനർക്കടെയിന്നന-
മുക്കൊരുനിയമമെടുക്കണമുഗ്രം
ആശ്രമവാടംതന്നിൽചെന്നാൽ
വാശ്ശുമൊരുകഴിവുണ്ടായീടും
വിശ്വാസംവരുമന്നേരംതവ
വിശ്വാധീശൻ സാക്ഷിദിനേശൻ
എന്നുപറഞ്ഞുതിരിച്ചവരന്നു
ചെന്നുനിജാശ്രമവാടംപുക്കു

തന്നുടെപതിയെത്തത്രകിടത്തി
ചെന്നുകുളിച്ചുപതിവ്രതവേഗാൽ
തന്നുടെനെടുമംഗല്യവിഭംഗം
വന്നീടരുതെന്നാദരവോടെ
വന്ദ്യന്മാരാമിന്ദ്രമരുൽസുര-
ചന്ദ്രവിരിഞ്ചമഹേന്ദ്രാദികളുടെ
വന്ദനമൻപൊടുചെയ്തുമിച്ചിതി
വന്ദനമാശുതുടങ്ങികൃശാംഗി.

പദം.


വന്ദേഹം ഭാനോ വന്ദേഹം
സന്ദേഹം കൂടാതെ നമ്മുടെ
സന്താപം ശമിപ്പിക്കേണം
സങ്കടം വിശങ്കടം നിരാകുരു
നിൻകടാക്ഷമെങ്കൽ വേണമൻപോടു—വന്ദേ
മാർത്താണ്ഡാ പാഹി ഭർത്താരം
ആർത്തി കളകർത്ഥികാമിത
പൂർത്തികരം വരുത്തീടേണം
കീർത്തനീയമൂർത്തിയായനിൻപദ-
മോർത്തുകൊണ്ടുപാർത്തുകൊൾകമമഗതി—വന്ദേ
താപസേന്ദ്രൻറ ശാപമേ
താപത്തിനു മൂലമുടൻ
ആപത്തിനുഹേതുവായെൻ
പാപജാതപാതമായിവന്നിതു
പാവനാംഗ! പാഹി! പാഹി! ദിനകരാ!-വന്ദേ
ഉദിക്കാതെ നാളെ വസിക്കേണം
ഉദിക്കുമ്പോളെന്നുടെ നാഥൻ
പതിക്കുംപോലെന്നു മാണ്ഡവ്യൻ
വിധിച്ചുഹന്ത! ചതിച്ചുനമ്മെമാമുനി
വധിച്ചുവെങ്കിലതിനുഖേദമില്ലിഹ —വന്ദേ
വൈഷമ്യംമമവൈധവ്യം
വാരാതെലോകേശാനമ്മ
പാരാതെപാലിച്ചീടേണം
പരമയോഗിവരനമിന്നുവന്നൊരു
മരണഖേദമറന്നുമഞ്ജസാ വിഭോ!-വന്ദേ
കല്യാത്മൻപാഹി! കല്യാണം
ഉല്ലാസമിയന്നുമമ
ശല്യങ്ങളൊഴിച്ചീടേണം
ഉദയശൈലമുപരിവന്നിരിക്കിലും
ഉദയഭാവമരുതു ദേവ! ഭാസ്കരാ വന്ദേഹം.

ശീലവതീസതി വചനമതിങ്ങനെ
തിങ്ങിന രസമോടു കേട്ടു ദിനേശൻ
കാലവിധായകനെങ്കിലുമവളുടെ
ശീലഗുണാദികൾമൂലമവൾക്കനു-
കൂലമതാകിന കാലവിളംബന-
ലോലതയോടുദയശൈലവരന്റെവി-
ശാലമതാകിന ശിഖരംതന്നിൽ
ബാലദിവാകരരാവതത്തോടെ
ശൂലസ്ഥിതനാം മുനിയുടെ ശാപാൽ
കാലവശംഗതനാകിയ മുനിയുടെ
പാലനമൻപൊടു ചെയ്യുതിനായി
ശീലവതീചരിതപൂരണനിരതൻ
തത്രമരാണുവസിച്ചതുമിത്ഥം
മാത്രചരിത്രൻ മിത്രൻ ഭഗവാൻ
അസ്തമയമില്ലാഞ്ഞതുകൊണ്ടു
ജഗത്ത്രയമൊക്കെപ്പരവശമപ്പോൾ
ധാത്രിയിലുള്ള ജനങ്ങളശേഷം
രാത്രിവിരാമംകാണാഞ്ഞെത്രയു-
മാർത്തികലർന്നുമുറക്കമുണർന്നു പു-
രത്തിനകത്തുകിടന്നുഴലുന്നു
പുറത്തുപുറപ്പെട്ടവർക്കയതോ
ഉറക്കുകരുത്തുപരക്കമിരട്ടകൾ
കൊണ്ടുവിരണ്ടുംതങ്ങളിലാർത്തും
കണ്ടുക്രൂരമഹാവൈഷമ്യം
കുണ്ഠംകുന്നമറിഞ്ഞുക്രൂരതു
കൊണ്ടുമിറങ്ങിനടപ്പാൻമേലാ
ഭൂമിയിലുള്ളമഹാബ്രാഹ്മണരും
മാമുനിമാരും മറ്റുള്ളവരും
യാമിനിവിരതിവരാഞ്ഞതുമൂലം
കാമിതവിധിയുമിളച്ചുവസിച്ചു
നാമിനിനിയമമുപേക്ഷിച്ചതിനാൽ
നരകക്കുഴിയിൽ ചാടുകയായി
കാമിനിമാർക്കും പുരുഷന്മാർക്കും
കാമവിലാസംകൊണ്ടുമുഷിഞ്ഞു
ഭൂരിമനോഹരമതെന്നാലും
കോരിക്കോരിയൊഴിച്ചാൽമുഷിയും
ആക്രന്ദിക്കാത്തേപ്പോൾ ചന്ദ്ര-
ജാലങ്ങളിലുദയംനാസ്തി

നക്ഷത്രങ്ങളുടെ ഗമനാഗമനം
തൽക്ഷണമില്ലാതായിതുകാലം
ഭൂതപ്രേതപിശാചാദികളും
ഭുവനംതന്നിൽ നിറഞ്ഞു ചമഞ്ഞു
കള്ളന്മാർക്കിഹ കട്ടുമുടിപ്പാ-
നുള്ള പരാക്രമമെത്രയുമധികം
വേദിയവരരുടെ ധർമ്മാധർമ്മം
വേദാദ്ധ്യയനം സന്ധ്യാവന്ദനം
ഓദനപാകം ശാസ്ത്രംതർപ്പണ
മാദിസമസ്തം നാസ്തിയതായി
ദേവക്ഷേത്രേ പൂജകളിശീവേ-
ലസേവാവിധികൾ നമസ്കാരാദികൾ
നൈവേദ്യങ്ങൾ ജപങ്ങളുമെന്നിവ
ഏകവലമൊക്കെമുടങ്ങിതദാനീം
ധരണീസുരരുടെ യാഗാദികളാം
കരണീയങ്ങൾ നശിച്ചതുമൂലം
സുരവൃന്ദങ്ങൾക്കല്ലൽതുടങ്ങി
പരവശരവരുഴന്നുതുടങ്ങി
അഷ്ടവസുക്കളുമശ്വിനികളുമര-
രുദ്രന്മാരുംകിംപുരുഷാദികൾ
അഷ്ടദിഗീശന്മാരുംകൂടി
ക്ലിഷ്ടതപൂണ്ടുമഹേന്ദ്രസമീപേ
ചെന്നൊരുയോഗംകൂടിവിചാരി-
ച്ചന്നൊരുസമയേ നാരദമുനിയും
മന്ദസ്മിതവുംതൂകിപ്പുരിവാ-
വന്നുവിശേഷംബോധിപ്പിച്ചു
ഉഗ്രതപസ്സുള്ളൊരുമുനിയുടെ
സൽഗൃഹിണീമണി ശീലവതീനിജ-
ഭർത്തൃവിനാശഭയംകൊണ്ടവൾതൻ
ഭർത്തൃപ്രീതിവരുത്താൻ ചരിതമു-
ദിക്കരുതെന്നുവിലക്കുകകാരണ-
മർക്കനുദിക്കുന്നില്ലതുമൂലം
സൽക്കർമ്മങ്ങളശേഷംമുട്ടി
സാത്വികജനങ്ങൾ രുഷ്ടിയുമേറ്റം
ആക്രന്ദിച്ചാലവളുടെ ഭർത്താ-
വക്ഷവീട്ടിൽപോകുന്നൊരുമുനി
കർക്കശമാകിയ ശാപംനൽകി
ദുർഘടമെല്ലാമായതുമൂലം

താടിക്കാരുടെകുസൃതികൾകണ്ടാൽ
താഡിക്കാത്തവർവിട്ടഭോഷന്മാർ
പേടിക്കാതെവനങ്ങളിലെല്ലാം
കൂടിക്കൊണ്ടവർകണ്ടജനത്തെ
ശാപംകൊണ്ടുനശിപ്പിക്കുന്നു
കോപംകൊണ്ടൊരുചൊവ്വതിയുമില്ല
താപസവരരുടെമുഷ്കുപൊറാഞ്ഞൊരു
ഭൂപൻകല്പിച്ചൊരുതാപസനെ-
ക്കഴുവേറ്റിച്ചുപിന്നെയുമൊരുമുനി
കഴുവേലങ്ങുമലർന്നുകിടന്നിഹ
വഴിപോകുന്നജനത്തെത്തന്നൊരു
പിഴകൂടാതെശപിച്ചുതുടങ്ങി
നമ്മുടെകൂട്ടക്കാരോടിപ്പോലെ
ദുർമ്മര്യാദംമറ്റാർക്കൊള്ളൂ?
തനിയേമരണമടുത്തമുതുക്കൻ
മുനിയെസ്സ്വപദിശപിക്കനിമിത്തം
മനുജസുരാസുരമുനിവൃന്ദത്തിനു-
മനുഭവമിങ്ങനെവന്നുഭവിച്ചു
നാരദവചനംകേട്ടമഹേന്ദ്രൻ
നമ്മാലെളുതല്ലെന്നുരചെയ്തു
നീരജഭവനെക്കാണ്മാൻതന്നുടെ
വാരണവരഗളമേറിനടന്നു
കുടതഴചാമരമെന്നിവചിഹ്നം
പടുപടഹധ്വനികൊമ്പും കുഴലും
തുടിതകിൽതിമിലയിടയ്ക്കയുടുക്കുകൾ
ഝടഝടരവമൊടുവാനവർസേനാ-
ഭടജനമാക്കെനടന്നിതുമുൻപിൽ
ചൊല്ക്കൊണ്ടീടിനമുപ്പത്തുകോടികൾ
മുക്കോടിയുമമരന്മാരുടെ കുല-
മൊക്കെക്കൂടിവിരിഞ്ചനികേതം
പുക്കവിരിഞ്ചനെവന്ദനംചെയ്തു
ജംഭനിഷൂദനനപ്പൊഴുപങ്കജ
സംഭവനോടുവിശേഷമശേഷം
സംഭ്രമഭരിതം ശീലവതീവ്രത-
സംഭൂതംബതബോധിപ്പിച്ചു
ഇങ്ങനെയുള്ളൊരുസങ്കടമെങ്കില-
തിങ്ങുനിനച്ചാലെളുതല്ലേതും
അംഗജനാശനനോടറിയിച്ചാൽ
സംഗതിവരുമീദുർഘടമൊഴിയാൻ
ചിരവൊട്ടുഞാനുംപോരാമെന്നര-
നരവിന്ദാസനമരുളിച്ചെയ്തു
അരയന്നപ്പുറമേറിനടന്നാ-
നരനാഴികവൈകാതെതരസാ
നാലാനനനും നാരദമുനിയും
കാലാനിലവരുണേശാദികളും
ബാലാമൃതഭോജനമരും
കൈലാസാചലമൻപൊടണഞ്ഞു
കോലാഹലമൊടുമണിമയഗോപുര
ശാലാനികടേനിന്നദശായാം
ശൈലാധീശ്വരനീശ്വരനോടനു-
കൂലാചാരംതൊഴുതറിയിച്ചു
മംഗലദൈവതമക്കന്ദിച്ചുവി-
ളങ്ങിയസമയം സപദിഭവിച്ചു.

ശീലാവതീചരിതം ഓട്ടൻതുള്ളൽ സമാപ്തം.



രാവണോത്ഭവം

ഓട്ടൻതുള്ളൽ

പണ്ടുനിശാചരവംശവിപുലെ
രണ്ടുനിശാചരരുണ്ടായ്‌വന്നു
കൊണ്ടാടീടിന ഹേതിപ്രഭൃതിക-
ളിന്നതിൽകലഹൻവളന്നൊരുകാലം
കാന്തതരനാം ഹേതിക്കൊരുമക-
നുണ്ടായ്‌വന്നിതുവിദ്യുൽകേശൻ
കണ്ടാലധികഭയങ്കരനവനെ
കൊണ്ടുജഗത്തിന്നിണ്ടൽതുടങ്ങി
കാലസഹോദരിമകളാമവളഥ
സാലകടങ്കടയെന്നൊരുരാക്ഷസി
ചാലേവല്ലഭയായിട്ടവളൊടു
ലീലകളാടിവളന്നിതുകാലം
ബാലനുമുണ്ടായവനെയുപേക്ഷി-
ച്ചാലസരാമവരങ്ങുനടന്നു
കാലാന്തകനുടെകൃപകൊണ്ടടന
ബാലനുയൌവനമുണ്ടായ്വന്നു
ശീലഗുണാകരനായസുകേശൻ
ലീലാപരനായ്‌വാഴുംകാലം
ദക്ഷമഹാമുനിതന്നുടെമകളെ
രാക്ഷസരാജനുദാനംചെയ്തു
തൽക്ഷണമവനുംവേട്ടാനതിശുഭ
ലക്ഷണയാകിയദക്ഷാത്മജയെ
യൌവനശാലികളായിട്ടവനഥ
മൂവ്വരുമക്കളുമുണ്ടായ്വന്നു
മാല്യവദാഖ്യൻ പ്രഥമതനൂജൻ
മാലിസുമാലികളനുജന്മാരും
സ്രഷ്ടാവിനെയവരവിടെവരുത്തി
തുഷ്ടന്മാരൊരുപുരമുളവാക്കി
പുഷ്ടിപെരുത്തൊരുലങ്കാപുരമതു
വിഷ്ടപസീമനിവിശ്രുതമായി
തുഷ്ടന്മാരവർമൂവരുമവിടെ
പ്പുഷ്ടാനന്ദംമരുവുംകാലം

നർമ്മദയെന്നൊരുഗന്ധർവ്വിയുടെ
ശർമ്മദമാരാംകന്യകമാരെ
ധർമ്മത്തോടുവിവാഹംചെയ്തു
ദുർമ്മദരാമവർമൂവരുമുടനേ
ഗർവ്വോദ്ധതരാംമക്കളനേകം
മൂവർക്കും പുനരുണ്ടായ്വന്നു
പുഷ്പോൽക്കടയും കൈകസിയുംകില
കുംഭീനസിയും മൂന്നുകുമാരികൾ
ദർപ്പോൽക്കടനായുള്ളസുമാലി-
ക്കപ്പോളുണ്ടായെന്നേവേണ്ടൂ
രാക്ഷസരവരതിരൂക്ഷതയോടേ
തൽക്ഷണമിന്ദ്രപുരത്തിലടുത്തുട-
നക്ഷതമാകിനവൃക്ഷാദികളുടെ
പ്രക്ഷേപണരണദക്ഷതയോടേ
യക്ഷജനത്തെയടിച്ചുമിടിച്ചും
കാക്ഷികളൊക്കെയെടുത്തുമുടിച്ചും
തൽക്ഷണമുദയാമമരാവതിയെ-
ത്തൽക്ഷണമങ്ങുനശിപ്പിക്കുമ്പോൾ
പക്ഷിവരാസനനായ മുകുന്ദൻ
സാക്ഷാലവിടെയെഴുന്നള്ളിപ്പുന-
രക്ഷയമാകിനചക്രംകൊണ്ടു
രാക്ഷസരെക്കൊലചെയ്തുതുടങ്ങി
ശക്രപുരത്തിൽ കരുമനകാട്ടും
വിക്രമിയാകിയമാലിയുടെഗള-
മക്രമമുടനേചക്രംകൊണ്ടു
ചക്രായുധനും ഝടിതിമുറിച്ചു
മാലിനിശാചരവീരനുമപ്പോൾ
കാലപുരത്തിനകത്തുകടന്നു
ഭീതന്മാരാംമറ്റവരെല്ലാം
പാതാളംപുക്കവിടെയൊളിച്ചു
അക്കാലത്തുപുലസ്ത്യാത്മജനാ-
മക്ഷസമാനമഹാമതിയാകിയ

വിശ്രവസസ്സുതനാം ദ്രവിണേശൻ
വൈശ്രവണൻതാനീശാനകൃപയാൽ
വിശ്രുതമാകിനലങ്കാനഗരം
വിശ്രുതനായിവസിച്ചു സുചിരം
വിശേഷാൽക്കർഷമഹാനിധിയാകിയ
വൈശ്രവണൻെറവിശേഷംകേട്ടതി-
ശോകത്തോടുസുമാലിയുമപ്പോൾ
കൈകസിയാംമകളോടുപറഞ്ഞു
ഇന്നുപുലസ്ത്യാത്മജനാം മുനിയെ-
ച്ചെന്നുഭജിക്കണമെന്നാലുടനേ
നന്നായിട്ടൊരുനന്ദനനുണ്ടാ-
മെന്നതുകേട്ടവളുന്നമതിയോടും
അമ്മുനിവരനെച്ചെന്നുഭജിച്ചാ-
ളംബുജമുഖിയാൾകൈകസിയുടനേ
ഉണ്ടായീസുതനക്കാലം ദശ-
കണ്ഠൻവിംശതിബാഹുസമേതൻ
പണ്ടൊരുപുരുഷനുമവനെപ്പോലെ
കണ്ടില്ലഖിലജഗത്ത്രയവാടേ
നീണ്ടുവളഞ്ഞതിഭീഷണമാകിന
ദന്തങ്ങളുമൊരുപന്തിനിരക്കെ
ചന്തംതടവിനപംക്തിമുഖങ്ങളു-
മെന്തൊരുവിസ്മയമോർക്കുന്നേരം
വട്ടംചന്തകലങ്ങിമറിഞ്ഞതി-
നിഷ്ഠുരമാകിനകണ്ണുകളിരുപതു-
മെട്ടുദിഗന്തരവാസിജനത്തിനു
ഞെട്ടൽകൊടുപ്പാൻപുഷ്ടതപോരും
ചെമ്പിച്ചീടിനതലമുടികണ്ടാൽ
വൻപന്മാർക്കുംഭീതിമുഴക്കും
തുംഗതപെരുകുമൊരഞ്ജനഗിരിയുടെ
ശൃംഗംതന്നൊടുപടപൊരുതീടും
അംഗത്തോടുംകൂടിനിശാചര-
പുംഗവനുടനേവന്നുപിറന്നാൻ.

ജംഭവൈരിയുടെവാഹനമാകും
കുംഭിരാജനുടെഡംഭമടക്കാൻ
ജൃംഭമാണഭുജവിക്രമനാകിന
കുംഭകർണ്ണനുളവായിതദാനീം
അന്ധകാരപടലത്തിനുചെമ്മേ
ബന്ധുവാകിയകളേബരമോടെ
സിന്ധുരായുതമഹാബലരാക്ഷസി
ഹന്ത! ശൂർപ്പണഖവന്നുപിറന്നാൾ
വിഷ്ണുപാദസരസീരുഹസേവനൊ-
രിഷ്ടമാകിനവിഭീഷണനാമം
വിഷ്ടപത്രിതയഭൂഷണരത്നം
പുഷ്ടമോദമുളവായികുമാരൻ
തരുണന്മാരാം തനയന്മാരോടു-
മൊരുമിച്ചനവധികൌതുകമോടേ
തരുണീമണിയാൾകൈകസിയുടനേ
ചിരതരമവിടെവസിച്ചുസുഖിച്ചു
ഒരുനാളവളഥദശകന്ധരനേ
പരിചൊടുമടിയിലെടുത്തുകിടത്തി
തലമുടിവടിവൊടുതടവിയുറക്കി-
പ്പലതരസുഖമൊടുമരുവുംകാലം
എട്ടുദിഗന്തംപൊട്ടുംപടിചില
തട്ടുംവിളിയുംകൊട്ടുംവെടിയും
പട്ടുംപുടവകൾപട്ടുറുമാലും
കെട്ടിയുടുത്തൊരുകൂട്ടംപരിഷകൾ
ചുട്ടറ്റീടിനവട്ടപ്പരിചകൾ
ഒട്ടുതുടയ്ക്കുടനിട്ടുംപരിചൊടു
വട്ടത്തിൽചിലർവട്ടംപാഞ്ഞും
വാട്ടമകന്നുപിടിച്ചുകളിച്ചും
വെള്ളക്കുടതഴവെള്ളക്കൊടിയും
വെള്ളക്കുതിരകൾവെള്ളാനകളും
പള്ളിത്തണ്ടിനുള്ളിൽപരിചൊടു
തുള്ളിച്ചാടിനവെള്ളച്ചമരികൾ
പള്ളിക്കട്ടിലുപള്ളിവിരിപ്പും
പള്ളിക്കിണ്ടികൾപള്ളിത്തൂകിലും
പള്ളിപ്പടഹംപല്ലക്കുംപല
വെള്ളത്തോളവുമുള്ളതശേഷം
പൊന്നുംകുടമണിപൊന്നുംപരിചകൾ
മിന്നുംപലവകപൊന്നുംകൊടിമര-
മെന്നുംവിലസിനപൊന്നുംവാളും
പൊന്നുംചുരികകൾപൊന്നുടവാളും
തപ്പുംതകിലുകളൊപ്പമടിച്ചുട-
നൊപ്പംപെരുകിനകോപ്പുംപലവക
കൊമ്പുംകുഴലുകളമ്പിളിവളയം
അൻപൊടുമംബുധികമ്പംതടിന

കൊമ്പൻകരികളുമൻപൊടു ലക്ഷം
വമ്പടമുനിവലകവചിക്കുടിന
വമ്പന്മാരവരൊരു പെരുവെള്ളം!
ജൃംഭിച്ചീടിനകുംഭികളനവധി
എതിരില്ലാതൊരു കുതിരകളെന്നിവ
പടുതരമിളകിനപടകളൊടിടഃ പ-
ന്നടനടത്തികടുമാഘോഷത്തോടെ
പടഹമടിപ്പിച്ചവിടെപ്പുരിപൊരു
പടുവാംധനപതിവരവായുതുടങ്ങി.

വിശ്രവസ്സെന്നാമുനിവിശ്രമിച്ചുള്ളൊന്നോ-
രാശ്രമംതന്നിൽ ചെന്നുവൈശ്രവണനുമപ്പോൾ
വിശ്വാസത്തോടുവന്ദിച്ചാശ്വാസംപൂണ്ടുമെല്ലെ
വിശ്രുതനായതാപസേശ്വരനരുളാലെ
വിശ്വവിജയിയായവൈശ്രവണനംപോയാൻ
കൈകസിയതുകണ്ടു ശോകങ്ങൾ സഹിയാഞ്ഞു
വൈകാതെയാവിടത്തിൽ കൈകളും ചേർത്തു കൊണ്ടു
ദുഃഖത്തോടിടകൂടിരോദനം ചെയ്തീടുമ്പോൾ
തിണ്ണംപൊഴിഞ്ഞീടുന്ന കണ്ണുനീരുടനവൻ
മാറാതെരാവണൻതൻ മാറത്തുവീണനേരം
പെട്ടെന്നുമടിയിന്നങ്ങെട്ടിയുണർന്നിരുന്നൊ-
രട്ടഹാസങ്ങളോടെ പൊട്ടിച്ചിരിച്ചുകൊണ്ടു
തന്നുടെമാതാവിനെവന്ദിച്ചുമുരചെയ്തു
എന്തൊരുമൂലമമ്മേസന്താപംവരുവാൻ
നിന്തിരുവടിക്കിപ്പോളന്തശ്ശോകത്തിനുള്ള
ബന്ധമെന്തടിയനോടെന്തരുളിച്ചെയ്യാത്തു?
ചിന്തിതംസാധിപ്പിപ്പാനന്തരമില്ലമമ
അന്തികേമരുവുന്നപങ്ക്തികണ്ഠനാമെന്നോ-
ടെന്തുനീപറയാത്തു ചിന്തയിലുള്ളഖേദം
നിൻതാപംതീർത്തീടുവാനെന്തുമേമടിയമ്മേ!
ചിന്തകളഞ്ഞുതെളിഞ്ഞന്തരമോദമോടെ
സന്താപമൂലമെല്ലാംനിന്തിരുവടിചൊൽക
പങ്ക്തികണ്ഠൻ്റെവാക്കുകേട്ടൊരുനേരമവൾ
ചെന്തീക്കണക്കേ ചിത്തംവെന്തുരുകീടുന്നൊരു
സന്താപമടക്കിക്കൊണ്ടീവണ്ണമുരചെയ്താൾ.

ഉണ്ണീ! നിന്നുടെപൂർവ്വജനിപ്പോൾ
വിണ്ണോർപതിയോടുസമനായ്‌വന്നു
കണ്ണുകളിരുപതുകൊണ്ടീപ്പരിചൊടു
കണ്ടാലുംനീധനപതിവിഭവം
കൊണ്ടാടീടിന പുഷ്പകമതുവ
തണ്ടിലിരുന്നുതെളിഞ്ഞഥപോന്നു
വണ്ണൻ ബാഹുകണക്കെ തടിച്ചൊരു
മൊണ്ണനറിയുന്നുകൊന്നുമില്ലേ?
ബോധംമാനസിനിനക്കുണ്ടെങ്കിൽ
കണ്ണുകളൊക്കെയടച്ചാലുംനീ
നിന്നുടെജനകനുമവനുടെജനകനു-
മൊന്നൊന്നായുള്ളതുബോധിച്ചാലും!
യക്ഷകുലമലകുടമാമണി
രാക്ഷസനഗരമടക്കീടുന്നു
ശിക്ഷാരക്ഷകൾചെയ്‌വാനവനതി
ദക്ഷനിതെന്നുധരിച്ചീടേണം
രാക്ഷസകുലപതിയായൊരുനീയും
വൃക്ഷംപോലെവളർന്നീടുന്നു
ഭക്ഷിച്ചു സ്വകുക്ഷിനിറപ്പാൻ
ദക്ഷതയുണ്ടുനിനക്കെന്മകനേ!
ഉരഗംപോലെനീണ്ടുതടിച്ചു-
ങ്ങിരുപതുകൈകളുമെന്തിനുപാഴിൽ
പരിപൊടിതെല്ലാമിന്നരിപ്പാൻ
ദുരിതംതന്നെനിരൂപിച്ചാലും!
പത്തുമുഖങ്ങളുമിരുപതുകരവും
മത്തഗജത്തിന്നൊത്തൊരുതടിയും
ചിത്തത്തിൽ ഭയമുള്ളനിനക്കണി-
യത്തിനുമാത്രം ചേരുംമൂഢ!
കാതരനാകിയനീയിഹകൊള്ളാം
പാതാളത്തിലിടങ്ങൾമുടക്കാൻ
നിന്നുടെദോഷമിതല്ലെന്മകനേ
എന്നുടെദുരിതമിതെന്നേവേണ്ടൂ
നന്നായിട്ടൊരുമകനുണ്ടാവാ-
നനാതതരമാം സുകൃതംവേണം
രാക്ഷസജാതിയിൽവന്നുപിറന്നാൽ
ശൂരതവേണമറിഞ്ഞാലുംനീ-
നാരായണനുടനേരേനിന്നു
പോരാടുന്നൊരുകൂട്ടമിതത്രേ
ഇക്കുലജാതന്മാരെപ്പലരും
ധിക്കരിയാതെയിരിക്കണമെങ്കിൽ
വിക്രമമേറ്റംവേണമിതെല്ലാ-
മോർക്കണമെന്മകനാരുതെളിവോടെ

വിക്രമമുള്ള ജനങ്ങളോടൊരുവൻ
നേർക്കുമില്ലതു ബോധിച്ചാലും!
അക്കനടിക്കുംനേരം തിരുട്ടക-
ളൊക്കെത്തുടിതിയൊളിക്കുന്നില്ലേ?
വല്ലജനത്തിനു പുഷ്ടികുറഞ്ഞാ-
ലില്ലൊരുനേരം സുഖമിഹലോകേ
മന്ദനതാകിയ ചന്ദ്രനെരാഹു-
മന്നനാശുവിഴുങ്ങീടുന്നു
പെരികെക്കാലം പണിപെട്ടെന്നാ-
ലൊരുദിനമെത്തും രവിയെവിഴുങ്ങാൻ
എന്നതുകൊണ്ടിഹ ബലവാന്മാരോടു
നിന്നുപിണങ്ങുന്നവരുചുരുക്കം
ധൃഷ്ടതയുള്ള ജനങ്ങടെമുൻപിൽ
ധൃഷ്ടതയൊരുവൻകാട്ടുകയില്ല
കണ്ടകമുള്ളൊരുവള്ളികൾകണ്ടാൽ
മണ്ടും നല്ല സമർത്ഥന്മാരും
കണ്ടകമില്ലെന്നാകിലതെല്ലാം
കണ്ടവർ ചെന്നു പിടിച്ചു വലിക്കും
കണ്ടതകാട്ടാതൊരുപൊഴുതും ദശ-
കണ്ഠാനീയിതു ബോധിച്ചാലും!
കണ്ടുവിഷാദം കാട്ടുന്നവനെ
ക്കണ്ടാൽക്കൂടെ പ്പാതകമുണ്ടാം
തൊണ്ടൻ രാവണനെന്നൊരു നാണിയ-
മുണ്ടാമിനി ലോകങ്ങളിലെങ്ങും
ദുഷ്കീർത്തികളിഹ വന്നു ഭവിച്ചാൽ
നീക്കിക്കൊൾവാനെളുതല്ലേതും
നല്ലപരാക്രമമില്ലെന്നാകിൽ
ചൊല്ലാമെന്മകനല്ലഭവാനും
വല്ലാമക്കളിലില്ലാമക്കളി-
തെല്ലാജനവും ചൊല്ലുന്നല്ലോ
മല്ലേറീടിന വില്ലാളികളെ-
ക്കൊല്ലാൻ തക്കൊരു വിരുതുണ്ടാവാൻ
ഉല്ലാസത്തൊടു നല്ലജനത്തെ-
ക്കല്യാ! നീ ഭജിക്കില്ലതുമേതും
അഗ്രജനാകിയ പുണ്യജനേശ്വര-
നഗ്രമതാകിന പുണ്യംചെയ്തു
ശങ്കവെടിഞ്ഞവനതു കൊണ്ടധുനാ
ലങ്കാനഗരേ മരുവീടുന്നു

പുഷ്പകമെന്നൊരു നല്ലവിമാനം
കൈക്കൊണ്ടൊരുവനവന്നുകൊടുത്തു
അൽഭുതമാകിയ നമ്മുടെ നഗരേ
ശില്പമൊടവനും വാണീടുന്നു.
ഉൽക്കടതിമിരനിരന്തരമാകിന
സപ്തകലത്തിൽ നമുക്കധിവാസം
ദർപ്പംകൊണ്ടൊരു ഫലമില്ലീശ്വര
കല്പനയൊരുവനൊഴിച്ചീടാമോ!
രൂക്ഷമതായിജ്ജനനിയുമീവിധ-
മാക്ഷേപോക്തികളുരചെയ്തപ്പോൾ
അക്ഷയരോഷനമാകുലനാകിയ
രാക്ഷസരാജൻ തൊഴുതുരചെയ്തു
ആക്ഷേപാക്ഷരവചനംകൊണ്ടിഹ
പ്രക്ഷോഭിതമിന്നെന്നുടെ ഹൃദയം
ഇക്ഷിതിതന്നിൽ ഭിക്ഷയുമേറ്റു
ഭക്ഷിച്ചങ്ങിനെ കുക്ഷിനിറപ്പാൻ
കാൽക്ഷണമെന്തും കാംക്ഷിക്കില്ലിനി
യക്ഷേശ്വരനെശ്ശിക്ഷിക്കാതെ
വൃക്ഷംപോലെ വളർന്നൊരു ഞാനും
പക്ഷെയിവിടെ നശിച്ചീടട്ടെ!
രാക്ഷസനഗരമടക്കിപ്പലവക
നിക്ഷേപം വച്ചവിടെയിരിക്കും
യക്ഷേശ്വരനെത്തച്ചു പറിച്ചി-
ങ്ങക്ഷിതിതന്നിൽ നമുക്കുവസിക്കാം
ഭിക്ഷാപാത്രം കയ്യിലെടുത്തിനി
യക്ഷന്മാരു നടന്നീടേണം
എട്ടുദിഗന്തരപാലന്മാരുടെ
തട്ടിപ്പെന്നൊടു കൂടുകയില്ല
എട്ടുദിനത്തിനകത്തങ്ങവരെ
പ്പട്ടിപിടിച്ചു നടത്തിപ്പൻ ഞാൻ
കെട്ടിയിരുന്ന പണങ്ങളശേഷം
പെട്ടികളോടെയടിച്ചു പറിച്ചി-
ങ്ങെച്ചികളാകിയയക്ഷന്മാരവ-
രച്ചിക്കില്ലാത്തങ്ങൊരുദിശി
പട്ടികളെന്നതുപോലെപരിചൊടു
പട്ടിണിയിട്ടു നടക്കേയുള്ളൂ
ശങ്കവെടിഞ്ഞവരെന്തൊരു കഷ്ടം
ലങ്കയടക്കിവസിപ്പാറായോ

എങ്കിലതറിയണമവനെക്കൊണ്ടു
ശങ്കകളിപ്പിക്കും ഞാനുടനെ
നമ്മുടെ പൂർവ്വജനവനെന്നാകിലു-
മിമ്മദമൊട്ടു ശമിപ്പിക്കേണം
അമ്മുനിവരനെക്കാൺമാനായി-
ട്ടുദ്യോഗത്തോടു പോകുമ്പോളവ-
നമ്മയെ വന്നു വണങ്ങീടാഞ്ഞതു
നിർമ്മര്യാദമതെന്നേ വരൂ.
നമ്മുടെ ജാതിക്കനുചിതമെന്നാര-
ഹമ്മതികൊണ്ടവനിവിടെവരാഞ്ഞു
ജാതികൾ കൊണ്ടുനിരൂപിച്ചെന്നാ-
ലേതുംകുറവു നമുക്കില്ലിപ്പോൾ
ബ്രഹ്മകുലത്തിൽജനനം നമ്മുടെ
ജിഹ്മന്മാരതുബോധിച്ചാലും
രൂക്ഷമതാകിന കർമ്മംകൊണ്ടു
രാക്ഷസരെന്നു പറഞ്ഞീടുന്നു
ദക്ഷമഹാമുനിതന്നുടെ മകളെ
ദക്ഷിണനായ സുകേശൻ വേട്ടാൻ
മാല്യവദാദികൾ മാലിസുമാലികൾ
പൊല്ലെഴുമവളുടെ പുത്രരതല്ലോ.
അമ്മേ! നിന്തിരുവടിയുടെ ജനകൻ
നിർമ്മലനായ സുമാലിയുമല്ലേ?
എന്തിനുവളരെയുണർത്തിക്കുന്നു
നിന്തിരുവടിയൊടു പാരിലിലതെല്ലാം
സന്തതകലഹമഹാകുതുകീദശ-
കന്ധരനെന്നതു ബോധിക്കേണം
നിന്തിരുവടിയിനിവളരെക്കാലം
സന്താപത്തെ വഹിച്ചീടേണ്ടാ
സിന്ധുരതരബലനാകുമെനിക്കൊരു
ബന്ധുവിശേഷിച്ചാരും വേണ്ടാ
അനുജന്മാരിവരിരുവരുമെങ്കിൽ
കനിവൊടുകൂടിവസിച്ചാൽപോരും
മനുജന്മാരും ദനുജന്മാരും
മുനികളുമഖിലനരേന്ദ്രന്മാരും
കിന്നരചാരണസിദ്ധന്മാരും
പിന്നെപ്പലവിധമുപദേവകളും
ഇന്ദ്രനുമർക്കനുമമരന്മാരും
ചന്ദ്രനുമാശാപാലന്മാരും

പന്നഗഗണവും പക്ഷിമൃഗാദിയു-
മെന്നെത്തന്നെ വണങ്ങീടേണം
ഐന്ദ്രം പദമതെനിക്കെന്നോർത്തി-
ട്ടിന്ദ്രനു മോഹം തെളിഞ്ഞീടേണ്ടാ
ഇന്നിമ്മൂന്നു ജഗത്തിലുമോർത്താ-
ലെന്നിൽ മികച്ചവനൊരുവൻ വരുമോ?
മന്നിൽ പല പല മന്നവരുണ്ടവ-
രെന്നെക്കണ്ടാലോടിയൊളിക്കും
മുന്നിൽ പരിചൊടു നിന്നു പിന്നങ്ങാ-
നിന്നിയൊരുത്തൻ മതിയാകില്ല;
ഈവണ്ണം ചില വമ്പുപറഞ്ഞൊരു
രാവണനോടഥ കൈകസിചൊന്നാൾ
ദൈവാനുഗ്രഹമുണ്ടെന്നാലതു
ചെയ്വാനുഗ്രതയുണ്ടായീടും
ദേവകളൊക്കെ വിരോധികളെന്നതു
കേവലമുണ്ണികൾ ബോധിക്കേണം
ദേവതമാരിലൊരേടത്തനവധി
സേവകൾ കൊണ്ടതു സാധിക്കേണം
ഇവകൊണ്ടിഹ വിബുധന്മാരുടെ
ഭാവാഹമ്മതി ബോധിക്കേണം
ഭുവലയത്തിൽ വസിക്കുന്നവരുടെ
നിയാമകത്തെ നിരോധിക്കേണം
നാരായണനെച്ചെന്നു ഭജിപ്പതു
നേരായ്വരികയുമില്ല നമുക്കു
വൈരികളായ ജനത്തിനുമഖിലം
ചേരായതു നാരായണനത്രേ
മാരാന്തകനെച്ചെന്നു ഭജിച്ചാൽ
ചേരുമതെങ്കിലുമുണ്ടൊരു ദോഷം
ക്രൂരതയേറും ഭഗവാനെന്നാ-
ലാരാധിപ്പാനെളുതല്ലേതും
പിന്നെയുമുണ്ടൊരു വൈഷമ്യം ബത
പന്നഗഭൂഷണ സേവയിലവനെ
സേവിക്കുന്ന ജനത്തെത്തന്നെ
കൊൽവാനും മടിയില്ലവനേതും
ധന്യന്മാരാം ത്രിപുരന്മാർ പ-
ണ്ടുന്നതിവരുവാൻ വളരെക്കാലം
ഗംഗാപതിയാം ഭഗവാൻ തന്നുടെ
ലിംഗംതുടിതി ധരിച്ചു നടന്നാർ

ഭസ്മരജടയും രുദ്രാക്ഷങ്ങളു-
മസുരന്മാരവരാശു ധരിച്ചാർ
ശിവനാമങ്ങൾ ജപിക്കതുടങ്ങി-
ട്ടവധാരിതവിധി പലതും ചെയ്തു
ഭുവനം തന്നിലടക്കിഭരിച്ചാൽ
ശിവനല്ലാതൊരു ദൈവവുമില്ലെ-
ന്നവരുടെയുള്ളിലുറച്ചു നിമിത്തം
ഭുവനമവർക്കു വശത്തായ്വന്നു
മാരാന്തകനുടെ ഭക്തന്മാരവ-
രീരേഴുലകിലുമൊക്കെ നടന്നാർ
പരമേശ്വരൻ താനൊരു നാളവരെ
പ്പുരിയൊടു ചുട്ടുകരിച്ചാനെന്നൊരു
ശ്രുതിയതുമുലകിൽ നടന്നു വാസ്തവ-
മതുമെന്നറിവിൻ തനയന്മാരേ!
എന്നതുകൊണ്ടു പുരത്രയഹരനെ
ച്ചെന്നു ഭജിപ്പതു വിഷമം തന്നെ
പങ്കജഭവനെ സ്സേവിക്കുകിലോ
സങ്കടമൊഴിയുമൊരന്തരമില്ല
തൽകൃപകൊണ്ടു നമുക്കിനിമേലിൽ
ലങ്കാപുരിയിലിരിപ്പാറാകും.
എന്നാലുണ്ണികൾ മൂവരുമധുനാ
ചെന്നൊരു കോട്ടിലുറച്ചീടേണം
സ്രഷ്ടാവിനെ വഴിപോലെ സേവി-
ച്ചിഷ്ടവരങ്ങൾ വരിച്ചീടേണം
അഭ്യുദയങ്ങൾ നമുക്കു ലഭിപ്പാ-
നിതുപദേശം കരുതീടേണം
ആത്മോദയമേ ചിന്തിക്കാവൂ പ-
രജ്ഞാനിക്കുതുടങ്ങീടരുതു്;
പത്മോത്ഭവനെസ്സേവിച്ചനവധി
പത്മോൽപ്രീതി വരുത്തീടേണം
സൌമ്യാദികളുടെ സൌഖ്യവുമഭിമത-
മാത്മജസുഖവുമുപേക്ഷിക്കേണം
ഉചിതമതാകിയ ജനനീതന്നുടെ
വചനമിതെല്ലാം കേട്ടുദശാസ്യൻ
തുടയിലടിച്ചു ചിരിച്ചുംകൊണ്ടു
കുതരമാകിന വചനം ചൊന്നാൻ
ഉഴതകൊണ്ടുടനമ്മ പറഞ്ഞതു
ബുദ്ധിയിലിങ്ങതു പററീലേതും
ഉദ്ധതരാകിയ വിബുധന്മാരൊടു
യുദ്ധം ചെയ്യുന്നതെന്നൊരു പക്ഷം
പാന്ഥന്മാരെ വധിച്ചീടാഞ്ഞാൽ
സൌഖ്യവുമില്ലിഹ സുഖസംയോഗം
പരപീഡകളെക്കരുതീടാഞ്ഞാ-
ലൊരുവനുമുണ്ടോ പരമാനന്ദം
നമ്മുടെകുലഗുരുവാകിയശുക്രൻ
ധർമ്മവിചാരപരായണനല്ലീ
സമ്മതനായ പരജ്ഞാനിക്കൊരു
കല്മഷമില്ലതു ബോധിച്ചാലും!
ശത്രുജനത്തൊടു പടപൊരുവാനഹ
മെത്രകൊതിച്ചു വസിച്ചീടുന്നു
മത്തഗജങ്ങടെ മസ്തകതതികളി-
ലെത്തിപ്പുരിയൊടു കുത്തിയമർത്തും
ആർത്തുവിളിച്ചും നേർത്തു കടന്നും
പത്തമ്പതുമരമെത്തിവലിച്ചുട-
നെത്തും പടിചിലപത്തികളൊരുവക
ചാർത്തും പടകളരത്തും ധരണിത-
ടത്തുംകഹ ചനകൊട്ടും വെടികളു-
മൊട്ടങ്ങൊരുദിശിവെട്ടും മനമതു
പൊട്ടുന്നൊരു ചില ചാക്കംമുറികളും
മാക്കംപെരുകിനതൊക്കം ചെങ്ങളറു-
മന്തംപെരുകിനകുന്തങ്ങളുമുട-
നന്തകരെരുടെദന്തങ്ങൾക്കൊരു
ബന്ധുതതേടിന ചന്തത്തിൽപല
ലന്തപ്പുരശുകൾതമ്മിലിടഞ്ഞുത-
ടഞ്ഞുവരുന്നൊരുപൊടിപടലങ്ങളു-
മുടനിടതിങ്ങിനനുതരമാം ചില
ചോരപ്പുഴകളിലളവേകളികളി-
ലിളകിമറിഞ്ഞും കാളികൾകൂളികൾ
രുധിരശവങ്ങൾകടിച്ചുകടിച്ചുര-
സിച്ചുനടപ്പാനടിയനുവടിവൊടു
രുചിയുണ്ടമ്മേ!

എന്തിനുവളരെയുണർത്തിക്കുന്നു
നിന്തിരുവടിയോടുപാഴിലിതെല്ലാം
സന്തതമവരെയമർത്തിനേതുമൊ-
രന്തരമില്ലതുബോധിച്ചാലും!
എങ്കിൽപരമൊട്ടുഞങ്ങളിദാനീം
പങ്കജഭവനെസ്സേവിപ്പാനായ്"

ശങ്കവെടിഞ്ഞു നടിച്ചീടുന്ന
സങ്കടമകതാരിൽ നിറയുന്നേരത്തിൽ
പരിക്ഷീണന്മാർ നിജസഹജന്മാരും
ലങ്കയിലെന്നാപുള്ളക്കെക്കേൾക്കാം
യക്ഷന്മാരുണ്ടങ്ങൊരുദിക്കിൽ
ഭിക്ഷയുമൊരുവടക്കന്നാനാം
എന്നുപറഞ്ഞഥരാവണനുടനേ
തന്നുടെസഹജന്മാരൊരുകൂടി
ജനനീചരണനമ്രതരനികടേ
കനിവൊടുവീണുവണങ്ങുംനേരം
പുത്രന്മാരുടെനല്ലശിരസ്സുകൾ
പത്തുംരണ്ടുമതൊത്തുപതുക്കെ
തൊട്ടുകൈകസികൈകൊണ്ടുടനെ
പുഷ്ടാനന്ദമനുഗ്രഹമേകി
നല്ലതുവരികെൻപുത്രന്മാർക്കെ-
ന്നുല്ലാസത്തോടെചൊല്ലുന്നേരം
കനിവൊടുനയനജലംകൊണ്ടവളഥ
തനയന്മാരുടെമുടികൾനനച്ചു
ഒഴുകീടുന്നൊരുനയനജലങ്ങളിൽ
മുഴുകീടുംദശകന്ധരനപ്പോൾ
എഴുമനനുജന്മാരൊരുകൂടി-
ത്തൊഴുതുപതുക്കെനടന്നുതുടങ്ങി.

തുടന്മോദമോടെ നടന്നാരവരെല്ലാം
പടർന്നാഗിരിതടംകടന്നുതടിനിയും
ഉടനേപർവതംതടിനീതടങ്ങളു-
മുടമക്രൂരംപടികടന്നുനടന്നവർ
വിടപിപടലംകൊണ്ടിടയിലിടക്കൂട്ട-
ന്നടവിനടുവിലങ്ങുടനേവസിക്കയും
പടയിലതിരുചിതരവും വചനങ്ങ-
ളിടയിൽപറകയുമുടനേ ഹസിക്കയും
മുമ്പിൽനടന്നീടുന്നവർപിന്നം ദശകണ്ഠ-
നിമ്പമായ്ചലവാക്കങ്ങൾചൊല്ലുപറകയും
പിമ്പിൽനടന്നീടുന്നകുംഭകർണ്ണനതിനെ
കൊണ്ടാടിസ്തുതിക്കയും കണ്ണാവാക്കരസ്സുയും
രണ്ടുപേരുടെപിൻപോമിങ്ങനെവിഭീഷണൻ
തണ്ടാർമന്നിനീകാന്തൻകോണിൽവണ്ണനെ-
തന്നെ
കണ്ടാവൂഎന്നുചിന്തിച്ചുണ്ടായമോദമോടെ
കന്നാരപ്പൊടിയെപ്പോവെകന്നു കല്ലറയ്ക്കുയും
ഇങ്ങിനെയവരെല്ലാംതിങ്ങിനമോദമോടെ
ഭംഗിയിൽനടക്കുമ്പോളങ്ങുടൻകാണാവുന്നു
വൈഗുണ്യംക്രീഡാളുള്ളോരാകന്നനംമന്ത്രത്താൽ
ലോകന്നുംനീക്കീടുന്നഗോകർണ്ണമെന്നദേശം.

അർണ്ണവനികടേവിലസീടുംഗോ-
കർണ്ണമഹാക്ഷേത്രത്തിന്നരികേ
പൂർണ്ണമനോരഥസിദ്ധിക്കവരഥ
നിർണ്ണയമാശുതപസ്സുതുടങ്ങി
ഉഗ്രമഹാബലവിഗ്രഹനായദ-
ശഗ്രീവൻപുനരഗ്രജനരികുല
നിഗ്രഹണത്തിനൊരാഗ്രഹപരനിവ-
നുഗ്രതകൊണ്ടനവഗ്രഹപതിയുടെ
വിഗ്രഹശോഭസമഗ്രമടക്കി
ഉഗ്രതപോബലദുർഗ്രഹചരിതന-
നുഗ്രഹണാദിലനുഗ്രഹഗുണനാം
പങ്കജഭവനെത്തങ്കലുറപ്പി-
ച്ചങ്കണമാകിയപങ്കമകറ്റി
പങ്കമിഴികടെകൊങ്കകളിഴകും
കുങ്കമപങ്കമൊടങ്കംപൊരുവാൻ
ശങ്കകളഞ്ഞൊരുതങ്കളാകിയ
വൻകരിതന്നുടെഹുംകൃതിനിത്താൻ
നങ്കശമാംവിധിതങ്കഴലിണയെ-
സ്സങ്കടമൊഴിവാൻവീണുവണങ്ങി
ഇന്ദ്രാദികസുരസുന്ദരിമാരുടെ
ചന്നിക്കരണമിതെന്നുകൊതിച്ചവൻ
ഇന്ദ്രിയനികരമമന്ദമടക്കി
ചന്ദനഹിമജലകന്ദകരണ്ഡക
സാന്ദ്രാധികസുഖസന്ദോഹങ്ങളിൽ
നിന്ദമുഴുത്തുനടന്നവനൊന്നുഭജിക്കണമെന്നും.
സൗഖ്യമിതെന്നും ദുഃഖമിതെന്നും
കാമമിതെന്നും പ്രേമമിതെന്നും
ദോഷമിതെന്നും രോഷമിതെന്നും
മധുരമിതെന്നും വിധുരമിതെന്നും
സരസമിതെന്നും വിരസമിതെന്നും
പരിചൊടിതൊക്കെമറന്നവനുടനേ
പരമാനന്ദപയോധിയിൽമുഴുകി
പരിതാപങ്ങളകന്നൊരുശേഷം
പരമാത്മാവുമനസ്സിലുദിച്ചു

പരിപാകങ്ങളുമനവധിവന്നു
പരിശോഭിതമായ്ദേഹവുമഥ
നാലുവശത്തുംപരിചൊടുനല്ലൊരു
രിമലര്‍ക്കൂട്ടിഹോമമെരിച്ചു
ചാരുകണ്ണുകളിരുപതുമുദയ-
ബാലാദിത്യാര്‍ത്തങ്കലുറച്ചു
ആഹാരാദികളില്ലവനതിലൊരു
ദേഹാലസ്യവുമില്ലൊരുതെല്ലും
ദേഹാദികളെപ്പരിപാലിപ്പാന്‍
മോഹവുമില്ലവനെന്തുവിചിത്രം!
സോഹംഭാവംമനസിനിനച്ചാല്‍
ദേഹമതെന്നതുപുല്ലോടൊക്കും
ഇപ്പാരിടമതിലുള്ളജനത്തിനു
മപ്പാവലരെമനസ്സുംമുട്ടി
കല്പാനലനൊടുതുല്യമതായി-
ട്ടിപ്പോളനവധിപൂരുഷങ്ങളും
എന്നുപറഞ്ഞഥവാളുമെടുത്തവ-
നൊന്നുപതുക്കെയിളക്കിക്കൊണ്ടു
വാമകരംകൊണ്ടൊരുതലചുററി-
ത്താമസമററുപിടിച്ചുനിവര്‍ത്തി
ചട്ടററീടിനവാളുകൊണ്ടവനഥ
വെട്ടിയറുത്തുകരത്തിലെടുത്തു
നെയ്യില്‍പ്പുനരതുമുക്കിപ്പരിചൊടു
തീയില്‍ത്തരസാഹോമംചെയ്തു
കബന്ധംതന്നില്‍ത്തീപിടിപെട്ടു
മുണ്ഡംചടചടനെന്നുപൊടിഞ്ഞു
പൊട്ടിച്ചിതറിയതലയോടുകളില്‍
പട്ടാലപ്പടിലിഖിതംകണ്ടു
ഉത്തമനാകിയരാമന്‍കൈയാല്‍
മൃത്യുനിനക്കെന്നതുവായിച്ചു
കൊട്ടിക്കരതലമൊന്നുചിരിച്ചു
കൂട്ടാക്കീലവനതുകൊണ്ടേതും
പിന്നെയുമവനൊരുവര്‍ഷസഹസ്രം
ചെന്നതുനേരമിവണ്ണംതന്നെ
ഒന്‍പതുതലകളിലൊന്നുമുറിച്ചു
വന്‍പുപെരുത്തൊരുരാക്ഷസരാജന്‍
ഒന്‍പതുവര്‍ഷസഹസ്രംചെന്നു
ഒന്‍പതുതലകളുമാഹുതിചെയ്തു

പത്താംവര്‍ഷസഹസ്രവുമായി
പൊല്‍ത്താര്‍മകനെക്കണ്ടതുമില്ലാ
നക്തഞ്ചരവരനിങ്ങനെതന്നെ
ചിത്തേന്നാകില്‍വരംനല്‍കേണ്ടാ
ഇത്തരമാരോ[illegible]പെരുത്തൊരു
മര്‍ത്ത്യന്മാര്‍ചെന്നോഷണിക്കൂട്ടി
ശ്ലഘാത്മാവാംനമ്മുടെമുപ്പുര-
കത്തൊരുകോട്ടിലൊളിച്ചീടുന്നു
ചെണ്ടക്കാരന്‍ഞാനെന്നിപ്പോള്‍
ഉണ്ടൊരുഭാവമിവര്‍ക്കെല്ലാര്‍ക്കും
കണ്ടാലറിയുമവര്‍ക്കിന്നിവിടെ
കണ്ടേതെന്നതുതൊണ്ടന്മാരേ
വണ്ടാര്‍കുഴലികള്‍തലമുടിചുററി
ക്കണ്ടുനിശാചരരെന്നുടെമുമ്പില്‍
കൊണ്ടന്നാശുപിരട്ടിയുരുട്ടി
ക്കണ്ഠാഭരണംതച്ചുപറിക്കിന
കണ്ടാലറിയാംനമ്മുടെഭാവം
വേണ്ടാതുള്ളൊരുകപടംകാട്ടി
ക്കൊണ്ടാല്‍വരുമതിനാവതുമില്ലാ
ബാലന്മാരെപ്പോലെനമ്മുടെ
നാലാമച്ഛനമെന്തിതുതോന്നാന്‍
ഈലോകങ്ങള്‍തപസ്സാമഗ്നൌ
പാലതുപോലവെഹോമിക്കുന്നേന്‍
നാലാംഗലമുഖനിങ്ങെഴുന്നള്ളി
ച്ചാലേവന്നുവരംതന്നില്ലാ
തോലിപിന്നസ്സുഞാനല്ലാഞ്ഞാല്‍
ഇത്തരമോരോവാക്കുപറഞ്ഞവ-
നത്തലകന്നുകൃപാണമെടുത്തു
പത്താംതലമുടികെട്ടിമുറുക്കി
ട്ടാത്താനന്ദംധ്യാനമുറച്ചു
വെട്ടാനായിത്തുടരുന്നേരം
സ്രഷ്ടാവിനെയുംകാണായ്‌വന്നു
ഓടിനടന്നുവിയര്‍ത്തുവലഞ്ഞും
ജടയില്‍നിന്നുജലങ്ങള്‍പൊഴിഞ്ഞും
കോടീരങ്ങളഴിഞ്ഞതിനുള്ളില്‍
കൂടിയതുളസിദളങ്ങള്‍പൊഴിഞ്ഞും
പാളത്താറുകിഴിഞ്ഞുംപരിചൊടു
തോളിലണിഞ്ഞൊരുവസനമുലഞ്ഞും

ദണ്ഡം കമണ്ഡലികളൊരുവനെന്നിവ
എന്നാലുമവകരുദ്രാക്ഷങ്ങളു-
മൊട്ടുകളൊന്നും പാരിയൊണ്ണും
മട്ടമതിങ്ങനെ സേവിച്ചുടനെ
വെട്ടത്തൻവെട്ടുകാണായ് വന്നു
ഉണ്ണി! സാഹസമതരുതിപ്പോൾ
ഞണ്ഡാലടങ്ങൾമുറിച്ചീടൊല്ല
എന്തുനിനക്കഭിലാഷമതെന്നാ-
ലന്ത മില്ലതതന്നേനെന്നും
എന്നരുൾചെയ്തവനുടെനികടെ
ചെന്നുപതുക്കെത്തൃക്കൈകൊണ്ട്
നന്നായുടലിൽതടവുംനേരം
ഒന്നുവെച്ചുതലകളുമെല്ലാം
നിന്നുടെതലകൾമുറിച്ചെന്നാകിൽ
പിന്നെയുമുണ്ടാമെന്നരുൾചെയ്തു
നിന്നീടുന്നൊരുകമലാസനനെ
താണുവണങ്ങിദശമുഖനുടനേ
ഭുവനകടാഹതരായനമസ്തേ
ഭുവനവിധാനകരായനമസ്തേ
ജഗതീനാഥപരായനമസ്തേ
ജഗതീശോകഹരായനമസ്തേ
നാമലസരോജഭവായനമസ്തേ
കമലവിധേയകരായനമസ്തേ
ഗുരുകരുണാകരദേവനമസ്തേ
പരപരിതോഷിത ദേവനമസ്തേ.
ഇത്തരമോരോസ്തുതിവചനംകൊ
ണ്ടുത്തമനാകിയ സരസിജഭവനേ
സതതമങ്ങു പ്രസാദിപ്പിച്ചു
നക്തഞ്ചരവരവീരനിവണ്ണം
തുഷ്ടികലർന്നു വിരിഞ്ചനതപ്പോ-
ളിഷ്ടമറിഞ്ഞുടനരുളിച്ചെയ്തു
വിഷ്ടപമഹിതമഹാഗുണരാശേ!
വിഷ്ടപവാസികളൊരുവരുമിന്നതി-
നിഷ്ഠുരനായ ഭവാനുടെ നേരേ
ധൃഷ്ടതയോടു പിണങ്ങാൻ പോരാ
ത്രിഭുവനമൊക്കെയടക്കി ജയിപ്പാൻ
പ്രഭുതനിനക്കു ഭവിച്ചീടേണം
അതികടുകോപമൊടെതിരിട്ടുമഭവേ

സ്തുതിപെട്ടമമരസുരാസുരനികരം
മർത്ത്യന്മാരുമമർത്ത്യന്മാരും ഭൂതന്മാരാമുപദേവ-
ശക്തിപെരുത്തൊരു ഭുജഗാദികളും (കളും
ഉദ്ധതരാകിയ വാനരജാതിയും
ഇവർകളിൽ നിന്നു നിനക്കൊരുനാളും
മൃത്യുഭവിക്കയുമില്ലനിശാചര
സത്യം ഞാനിതവരമേകുന്നേൻ
ഇത്തരമുള്ള പിതാമഹവചനം
സത്വരമവിടെക്കേട്ടുദശാസ്യം
ഉദ്ധതനാകിയ രാക്ഷസവീരൻ
ഉത്തരമങ്ങു പറഞ്ഞുതുടങ്ങി
അഭിമാനത്തെ നടിക്കുമൊരടിയനൊ-
ടഭിമതമല്ല ഭവാനുടെ വചനം
സഭയന്മാരാം മനുജരിൽ നിന്നുട-
നഭയമെനിക്കു തരേണ്ടുമില്ല-
കണ്ഠഗതപ്രാണന്മാരാമതി-
കുണ്ഠതപെരുകിന മനുജന്മാരെ
കണ്ടേടത്തിഹകൊലചെയ്വാൻ ദശ-
കണ്ഠനുവരബലമേതും വേണ്ട
വാനരജാതിയിൽ നിന്നും സംപ്രതി
ഞാനൊരുപേടിയറിഞ്ഞിട്ടില്ല
മാനുഷവാനരജാതിയിൽ നിന്നവ-
മാനമെനിക്കു ഭവിക്കില്ലൊട്ടും
ഉണ്ടിതു കരുണഭവാനെന്നാലിതു
രണ്ടുമൊഴിച്ചുവരമരുളേണ്ടു.
കണ്ടവരങ്ങളപേക്ഷിപ്പാനൊരു
തൊണ്ടനതല്ലടിയൻ ദശകണ്ഠൻ
എന്നതുകേട്ടു തെളിഞ്ഞു വിരിഞ്ചൻ
മന്ദസ്മിതമൊട്ടൊന്നരുൾചെയ്തു.
സാമ്പ്രതമുചിതം നിന്നുടെ വചനം
ഞാൻ പുനരിതു വിചാരിച്ചില്ല-
നരവരവാനരജാതികളല്ലാ-
തൊരുവരുമിന്നെക്കൊലചെയ്കില്ല,
വരമിതു തന്നേനെന്നരുൾചെയ്തു
സരസിജസംഭവനവിടെ മറഞ്ഞു

കുംഭകർണ്ണന്റെ മുമ്പിലംഭോജജന്മാവപ്പോൾ
സംഭാവനം ചെയ്യുവാനായപ്പോടങ്ങെഴുന്നള്ളി
വരമവനോടുഗംഭീരമരുൾചെയ്തു

സംഭ്രമം വെടിഞ്ഞാശു കുംഭകർണ്ണ! നീ ചൊൽക
എന്തൊരുവരമിപ്പോൾ ചിന്തിതമന്തരംഗേ
ഹന്ത! നീ പറഞ്ഞാലുമന്തരമില്ലതരാം;
ചെന്താരിന്മകനെയങ്ങന്തികേ കണ്ട നേരം
ചിന്തിച്ചു കുംഭകർണ്ണനേന്തിന മോദമോടെ
ചന്തത്തിലൊരുവരമെന്തു ഞാൻ നേടിക്കൊണ്ടു
ചിന്തിച്ചില്ലിത്രനാളുമെന്തൊരുകഷ്ടമിദം
ദേവകളെല്ലാം മമ കേവലം വിരോധിക-
ളേവരും നശിപ്പാനായേവം ഞാൻ പറയുന്നു
ഈവണ്ണം കുംഭകർണ്ണൻ ഭാവിച്ചതറിഞ്ഞാശു
ദേവകൾ ഭയപ്പെട്ടു സേവിച്ചാർ വാണിതന്നെ
ദുഷ്ടരാം നിശാചരർ ശിഷ്ടനാം വിരിഞ്ചനോ-
ടിഷ്ടമായ് യാചിക്കുന്ന കഷ്ടം ദേവേന്ദ്രപ്പെട്ടും
ശിഷ്ടരാം ഞങ്ങളെല്ലാം നഷ്ടമായീടുമിപ്പോൾ
ദുഷ്ടിയോടൊരുമാർഗ്ഗം കൂട്ടണം മടിയാതെ
ഭാരതിയതു കേട്ടു പാരാതെയെഴുന്നള്ളി
വീരന്റെ രസനമേൽ ചേരുന്നനേരംതന്നെ
മുന്നമേ നിർദ്ദേവത്വമെന്നെല്ലാമുറപ്പിച്ചു
ചെന്നപ്പോൾ നിദ്രാവത്വമെന്നത്രേ പുറപ്പെട്ടു
അന്നേരം വാണീനാഥൻ നന്നായി പ്രസാദിച്ചു
മന്ദഹാസവും തൂകി മന്ദമൊന്നരുൾചെയ്തു
ഉണ്ണീ! നീമടിക്കാതെ കണ്ണിണയടച്ചാലും
നന്നായിട്ടൊരു ദിക്കിൽ ചെന്നുടനുറങ്ങുക
പന്തീരാണ്ടുറങ്ങുക സന്തോഷത്തോടുംകൂടി
യെന്തിനു പാഴിലോരോ ചിന്തകൾ തേടീടുന്നു
മൂന്നു നാഴിക നേരം മുക്കാലും കൂടെക്കൊള്ളാം
സാനന്ദമുണർന്നിരുന്നാലും നീ കുംഭകർണ്ണ!
ഖിന്നത വെടിഞ്ഞാശു പിന്നെയുമുറങ്ങുക
അന്തരാ ഉണർന്നാകിൽ അന്തകൻവീടുപൂകാം
ഇത്തരം വരം നൽകി സത്വരമെഴുന്നള്ളി
ഉത്തമൻ വിഭീഷണൻ മുമ്പിലേ കാണായ്വന്നു.

ഗുണഗണനായ വിഭീഷണനോടുട-
നരുളിച്ചെയ്താനംബുജഭവനൻ
വരിക വിഭീഷണ! പുരുഗുണരാശേ!
വരമേതുവേണ്ടതു തരുവേനടനേ
കരളിൽ നിനച്ചതു പറകവേണ്ടു
തരുവാനിന്നൊരു മടിയില്ലുണ്ണീ!
അരുളിച്ചെയ്തതു കേട്ടു തെളിഞ്ഞവ-
നാദരവോടറിവിച്ചുതുടങ്ങി
അടിയനുവേണ്ടും വരമതു നിന്തിരു
വടിയൊടു വടിവിലുണർത്തിക്കുന്നു
അടിമലരിണതുണയായി വരുവാൻ
പടുതരമൊരു കൃപ വിളയാടേണം
മനസാ വാചാ കർമ്മംകൊണ്ടും
നന്നുപുനരടിയൻ ചെയ്യുമവസ്ഥക
ളന്ദിനമെന്നുടെ കമലാകാന്തൻ
കനിവുണ്ടാവാനരുളീടേണം.
അമലകളായ കളേബരമധുരൻ
കമലദളായതലോചന ഭഗവാൻ
കമനീയാകൃതിയായ മുകുന്ദൻ
കരുണാകരനാം ഭഗവാനെന്നുടെ
കരളിൽ പരിചൊടു വിലസീടേണം,
ഇന്നുമുരാന്തകഭക്തന്മാരി-
ലൊന്നായടിയനെയരുളീടേണം
എന്നതു കേട്ടു തെളിഞ്ഞു വിരിഞ്ചൻ
മന്ദസ്മിതമൊടുമൊന്നരുൾചെയ്തു
നന്നു വിഭീഷണ! നിന്നുടെ ഹൃദയം
പൊന്നുഭവിക്കും തവ രുചിയെല്ലാം
സംപ്രതി മുരഹരഭക്തന്മാരിൽ
മുമ്പുനിനക്കെന്നായ് വരവേണം
സമ്പത്തനവധി മേലിൽ നിനക്കു
സമ്പാദിതമാമെന്നരുൾചെയ്തു
അംഭോജാലയനവിടെ മറഞ്ഞു
സംഭൃതബലനായ് രാവണനപ്പോൾ
ഡംഭമനസ്സിൽ മുഴുത്തു ചമഞ്ഞു
ഗംഭീരധ്വനിയവിടെ മുഴക്കി
ജംഭാന്തകനുടെ വാഹനമാകും
കുംഭീശ്വരനുടെ നീണ്ടുതടിച്ചൊരു
തുമ്പിക്കയ്യു പിടിച്ചു വലിക്കാം
കൊമ്പുകൾ നാലും ഝടിതിയൊടിക്കാം
അമ്പൊടിവണ്ണം പലതുമെനിക്കൊരു
സംഭ്രമമിനിയൊട്ടും ചേതസി
ബഡാൻമെല്ലെനടന്നു തുടങ്ങി
അപ്പൊഴുതിളമയുറക്കം തുങ്ങി
തപ്പിത്തപ്പിവരുന്നതു കാണാം
അപ്പോൾ പൊണ്ണൻ കണ്ണുകൾ കാണാ-
ഞ്ഞെപ്പടിനല്ലുകഴപ്പുംതന്നെ

ഒട്ടുനടക്കും വഴികാണാഞ്ഞൊരു
കോട്ടിലകപ്പെട്ടും കുണ്ടുമാകും
പെട്ടുനാമിവിടെ മറിഞ്ഞു വീണ-
മുട്ടുകൾ പൊട്ടുമാറാം ഞെട്ടും
പട്ടിണിയിട്ടു തപം ചെയ്തുള്ളൊരു
പട്ടമിതെന്നു ദശാസ്യനുരച്ചു
യഷ്ടിഎന്തൊരു ഗോഷ്ടികൾ തന്നുടെ
ധൃഷ്ടതയെല്ലാമെവിടെയൊളിച്ചു
കഷ്ടം കഷ്ടമിതിങ്ങനെതന്നെ
ജ്യേഷ്ഠൻ തളപ്പാടുള്ളകട്ടവ-
നൊട്ടു സമീപേ ചെന്നു വണങ്ങി
പ്പെട്ടജളതചറുമങ്ങറിവിച്ചു
പൊട്ടിപ്പുരിപിന്നൊടൊന്നു ചിരിച്ചു
അട്ടഹസിച്ചു നടന്നു ദശാസ്യൻ
പൃഷ്ഠേ ചെന്നു വിഭീഷണനപ്പോൾ
പുഷ്ടാനന്ദം തൊഴുതുപറഞ്ഞു
എന്തു നിനക്കു ലഭിച്ചു വരമെ-
ന്നരുളിച്ചെയ്തതു കേട്ടുരചെയ്തു
നാരായണനുടെ പാദസരോജേ
ചേരാനുള്ളൊരു ഭക്തിലഭിച്ചു
ഈരേഴുലകിനു വേരാമവനൊടു
ചേരാനവധി ഭാഗ്യം വേണം
എന്നുടനവിടെക്കേട്ടുടനേര-
ത്തൊന്നു പകർന്നു രാവണനേവം
കൊള്ളാമനുജന്മാരിവർ രണ്ടും
കള്ളന്മാരെന്നുള്ളതു വന്നു
ഉള്ളിൽകപടതയുള്ളവരെക്കൊ-
ണ്ടെള്ളോളം ഫലമുണ്ടൊരുമോ
ദൂഷണമേറെ നിനച്ചീടുന്ന വി-
ഭീഷണനീയതിദുഷ്ടൻ തന്നെ
വിരവൊടു നിന്നുടെ ജ്യേഷ്ഠനതാകാൻ
പുരമുറിയൊന്നാ ചമച്ചുകൊടുക്കാം
ദേവതയുള്ള നിനക്കും പിന്നെ
ദേവാലപ്പുര പണിയിച്ചുതരാം
അഷ്ടികഴിപ്പാൻ തന്നെയിരുവരു-
മെഷ്ടികളിങ്ങിനെ വന്നണയായി
കണ്ണിതരാവമകന്നീടും ദശ-
കണ്ഠനുമന്യ സഹായംവേണ്ടാ
വേണ്ടതിനിക്കിഹ സാധിപ്പിപ്പാൻ
വേണ്ട നമുക്കിനി മറ്റൊരു ബന്ധു
ഇത്തരമോരോ വാക്കു പറഞ്ഞവ-
നൊത്തു വിളിച്ചു പറഞ്ഞു തുടങ്ങി.

പ്രഹസ്തൻ വിരൂപാക്ഷൻ ധൂമ്രാക്ഷൻ മഹാ-
പാർശ്വൻ
സുരശത്രുഞ്ഞരകാപൻ ദുർമ്മുഖൻ വജ്രമുഷ്ടി
മത്തനുന്മത്തനും കമ്പനകമ്പനനും
സംപ്രതി ധൂമ്രകേതു ജൃംഭകൻ കുംഭാണ്ഡനും
താമ്രാക്ഷൻ താമ്രകേതു പിംഗലൻ കപിംഗലൻ
തുംഗനുന്നതൻ മന്ദൻ വജ്രദംഷ്ട്രനും പിന്നെ
രൂക്ഷത പെരുകിന രാക്ഷസപ്രധാനികൾ
തന്നുടെ പടയോടും വന്ദിച്ചുതുടങ്ങിനാർ
രൂക്ഷത പെരുകുന്ന രാക്ഷസരാജൻതന്നെ.

ഇത്തരമോരോരോ കാട്ടിന്നനവധി
നക്തഞ്ചരവരരോടിയടുത്തു
ചിത്തസുഖത്തൊടു ഝടിതി വണങ്ങി
ചിത്രകുതൂഹലമവിടെ നിറഞ്ഞു
കാഴ്ചകളൊരുവക വന്നുതുടങ്ങി
പച്ചയ്ക്കടെതഴ പട്ടും പണവും
കച്ചടി കോസടി നല്ലതലേണകൾ
കച്ചകൾ പുടവകൾ മെത്തകൾ മീതേ
ചെമ്പുകളുരുളികൾ കിണ്ടികിടാരം.
ചെമ്പുകുടങ്ങളുമസ്പത്തുക്കൂട്ടം
കമ്പിളിയൊരുവക നല്ലകരിമ്പട
മമ്പതുലക്ഷം കംബളപടലം
വെററക്കെട്ടുമടയ്ക്കാക്കലയും
കററമകന്നൊരു പുകലക്കെട്ടും
മററും പലവക നല്ലപദാർത്ഥം
കൊററിന്നൊരുവക വന്നുതുടങ്ങി
നീണ്ടൊരുവടിയുടെ രണ്ടുവശത്തും
വാഴയ്ക്കാക്കുല കെട്ടിത്തൂക്കി
കണ്ടു നിശാചരർ തോളിലെടുത്തും
കൊണ്ടിഹവന്നു. കണ്ടും തൊഴുതും
കാച്ചിലു ചേനകിഴങ്ങുകൾ മത്തൻ
മെച്ചമിയന്നൊരു ബൃഹതിക്കൂട്ടം
അച്ചിങ്ങാപല ചക്കകൾ കൂശുൻ
പച്ചക്കായകൾ പഴക്കുലയെന്നിവ

കാട്ടുകൾവെച്ചും തൊഴുതുമെത്തും
കാട്ടക്കാരെത്തള്ളിയൊഴിച്ചും
പട്ടോലക്കാരങ്ങൊരുകൂട്ടം
പാഴിൽവരുംവക മാറ്റിവരച്ചും
ചെട്ടികളൊരുവകപട്ടാണികളും
മട്ടകലത്തിന്നാനകൾകുതിരകൾ
പെട്ടികൾപെട്ടകമൊക്കെയെടുപ്പി-
ച്ചുവിടെയണഞ്ഞുവണങ്ങീടുന്നു
കുതിരപ്പൂവുകരങ്ങൊരുകൂട്ടം
പൊതിരെച്ചെന്നുനിറഞ്ഞുതുടങ്ങി
ചതുരംഗപ്പടയിളകിനടന്നട-
നതിരേകംപലഘോഷാവലിയുറച്ചു
ഭട്ടന്മാരുംപാർശ്വപദന്മാർ
കോട്ടമകന്നൊരുതരാളികളും
വാട്ടമകന്നൊരുസേനാപതികളും
മൂട്ടിയവാളുംപരിശയുമായി
കൂട്ടിവിളിച്ചൊരുകൂട്ടംരാക്ഷസർ
പാട്ടിൽനടന്നുമകമ്പടികൂടി
എട്ടുദിഗന്തവുമാശുമുഴങ്ങി
പൊട്ടുമിതെന്നുള്ളപോലേതോന്നും
ചട്ടമിതെല്ലാംകൂട്ടിപ്പുരിപോറ്റു-
മുഖ്യന്മാരാംമന്ത്രിഭടന്മാർ
ചാരത്തണവാൻമയമുണ്ടതിനാൽ
ദൂരത്തമ്പൊടുനിന്നുവണങ്ങി
ചെമ്പിച്ചീടിനതലമുടിയോടും
വമ്പിച്ചീടിനദംഷ്ട്രികളോടും
ലംബിച്ചീടിനകുടവയറോടും
ജൃംഭിച്ചീടിനകുരവമോടും
വൻപനതായദശാസ്യൻതന്റെ
മുമ്പിൽചെന്നവരാദരവോടും
കമ്പിട്ടമ്പൊടുനില്ക്കുന്നേരം
സംപ്രീതികുതുകമൊടാശുദശാസ്യൻ
ഗംഭീരംപുനരൊന്നരുൾചെയ്തു
കംഭികൾകംഭാദികളൊടുമെന്തേ
ലങ്കയടക്കിവസിച്ചീടുന്നൊരു
ശങ്കരസഖിയാമിളിബിളതനയൻ
സങ്കടമതുകൊണ്ടേറ്റമുളവാമിഹ
നിങ്ങളിലൊരുവനുമുണ്ടായില്ല
എങ്കിൽനമുക്കതുസാധിപ്പാനൊരു
ശങ്കമനസ്സിൽതോന്നുന്നില്ലാ
പങ്കജഭവനദൈവതവും ലോകഭ-
യങ്കരനാകിയനമ്മുടെബലവും
മന്ത്രികളാകിയനിങ്ങടെനല്ലൊരു
മന്ത്രഗുണങ്ങളുമുപദേശങ്ങളും
ഒന്നിച്ചുവിടെയുറച്ചെന്നാൽപുന-
രൊന്നിനുമില്ലനമുക്കൊരുദണ്ഡം
അപ്പോൾതൊഴുതുപ്രഹസ്തൻചൊന്നാൻ
കല്പനപലരുംബോധിച്ചില്ലേ
കല്പിപ്പാനൊരുപ്രഭുവില്ലാഞ്ഞാൽ
കല്പനകൊണ്ടൊരുഫലമില്ലതും
ആനമദിച്ചുവരുംനേരത്തൊരു
കൂനനിറുമ്പുതടുപ്പാനെളുതോ
ഞാനെന്നിട്ടുപുറപ്പെട്ടുവാനൊരു
മാനിയിതിൻകീഴുണ്ടായില്ല
അടിയങ്ങളുമിതുവാശ്ശുതുമെന്നൊരു
മടികൊണ്ടത്രകുഴപ്പംവന്നു
പടുവാംനല്ലൊരുനായകനില്ലാ-
ഞ്ഞടികൊണ്ടേതുംപൊറുതിയുമില്ലാ
നാണംകെട്ടുവസിപ്പതിനേക്കാൾ
പ്രാണൻകളകയശസ്സിനുനല്ലൂ
ആണല്ലാതെകഴിഞ്ഞുതുക്കോ-
ലാണനിശാചരവംശമശേഷം
എന്തിനുവളരെയുണർത്തിക്കുന്നു
നിന്തിരുവടിയുടെകല്പനകേൾപ്പാൻ
അന്തരമില്ലടിയങ്ങൾക്കെന്നതു
ചിന്തയിലായതുബോധിച്ചരുളുക
ഇങ്ങിനെയൊരുവകരാക്ഷസവൃന്ദം
ഇംഗിതമാശുപറഞ്ഞതുകൊണ്ടു
തിങ്ങിനപടയുംസന്നാഹത്തോ-
ടങ്ങുകടന്നുദശാനനവീരൻ
കുന്തംചുരികകടുത്തിലകൾക്കട
ചന്തത്തിൽപലവില്ലുംശരവും
ചന്തമിയന്നൊരുശക്തികൾചവളം
ചെന്തീക്കനൽചിതറുംമുസലാദികൾ
ഒക്കെയെടുത്തുതകർത്തുനടന്നു
ഉഴക്കെപെരുത്തൊരരക്കരശേഷം

ചെമ്പാവമ്പാചെണ്ടക്കൂട്ടുടി
വമ്പടഹംപലതപ്പുംതകിലും
കൊമ്പും കുഴലും താളം കാളം
അൻപൊടുമേളമിതെത്രവിചിത്രം
കംബികളങ്ങുമടിച്ചുമതങ്ങടെ
കൊമ്പുകളൊക്കെയടിച്ചുതകൎത്തും
ഉടനെചെന്നുപിടിപ്പതെങ്ങളി
ന്തെട്ടുനൂറെച്ചെന്നുപിടിച്ചുവലിച്ചും
കതിൎക്കുലതന്റെകൊളമ്പുകൾതട്ടി
ധരണിയിലൊക്കിയൊരുപൊടിപടലംകൊ-
ണ്ടതിഘനതരമാമൊട്ടുമഖിലദിഗന്തം
കതിരവന്റെപെട്ടുകാന്തികളൊന്നും
രാമോനിധിയുടെതെക്കുവിചെന്നഥ
ജൃംഭിച്ചാശുനിശാചരസംഘം
ശങ്കവെടിഞ്ഞവരംബരമാൎഗ്ഗ
ശക്രസഖിയൊടുപൊരുവാനായി
ലങ്കാഗോപുരനികടെചെന്നഥ
സംഘോഷിച്ചുവിളിച്ചുപറഞ്ഞാർ
ലങ്കാനായകനായനിശാചര-
നങ്കംപൊരുവാനെഴുന്നള്ളുന്നു
യക്ഷേശ്വരനും തന്നുടെപടയും
തൽക്ഷണമിങ്ങുപുറപ്പെട്ടാലും
യുദ്ധംചെയ്‌വാനെളുതല്ലെങ്കില
ബദ്ധംപലവകകാട്ടീടാതെ
വൃദ്ധന്മാരെയുമവരെയുമിവരെയു-
മെത്തിച്ചങ്ങുനടക്കാമുടനെ
ലങ്കയിലിനിയുമിരിക്കാമെന്നൊരു
ശങ്കമനസ്സിൽതോന്നീടേണ്ടാ
ആരാന്റെവിടെയിരുന്നാലിങ്ങിനെ
തീരുമൊട്ടുക്കെന്നറിയേണം
പോരായുള്ളവനിവിടെവരുമ്പോൾ
ചോരന്മാരെപ്പോലെതിരിക്കാം
തന്നുടെകയ്യുതലക്കുവച്ചാ-
ലൊന്നുംവളരെയസാദ്ധ്യതയില്ലാ
തന്നിൽമികച്ചവരോടുപിണങ്ങരു-
തെന്നുമഹാജനമുരചെയ്യുന്നു
കശ്മലരാകിയരാക്ഷസർതന്നുടെ
ദുശ്ശ്രവമാകിനവാക്കുകൾകേട്ടു

വൈശ്രവണൻപുനരെളിപിണങ്ങി-
ട്ടാശ്രയരഹിതമുഴന്നുതുടങ്ങി
നിധികൾകുഴിച്ചുപുഴക്കിയെടുത്തു
ന്നിധിവിഹിതങ്ങളൊഴിക്കരുതാൎക്കും
കതകുകളൊക്കെയടച്ചിട്ടൊരുവഴി
വിതതമൊളിച്ചുതിരിച്ചുതുടങ്ങി
സുന്ദരിമാരഥമണിമാളികമേൽ
മന്ദമിരുന്നുരസിക്കുന്നേരം
വന്നുദശാനനനെന്നതുകേട്ടി-
ട്ടൊന്നുവിറച്ചുപറന്നുതുടങ്ങി
മകനെക്കാണില്ലാമകളെങ്ങു
മകളുടെമകളവളെങ്ങുനമ്മുടെ
തോഴികളൊരുവകതാഴത്തായി
പോഴികളെന്തിനുപോകുന്നെന്നും
താലികളെന്തും മാലകളെന്തും
ശീലത്തരമതുപലതുംപോയി
സുന്ദരിമാൎക്കൊരുഖേദമെടുത്താൽ
നമ്മുടെയാളെക്കാണ്മാനില്ലാ
പടവരവെന്നതുകേൾക്കുന്നേരം
തടമുലയാളെമറക്കുംഭോഷൻ
ഇടയിൽകള്ളൻതന്റെകളത്രം
മടിയിന്നങ്ങുപിരിഞ്ഞാൽബന്ധം
തടിയനിതിരപ്പാളൊക്കെമറന്ന
പിടിപിടിമണ്ടിത്താനെതിരിച്ചു
ഭദ്രാംഗദനെന്നൊരുവിദ്വാൻ
ഭദ്രംപേശിനടപ്പാൻകൊള്ളാം
ഉമ്പരൊടൊരുവകകാഴ്ചകൾകാണ്മാൻ
മുമ്പിൽച്ചെന്നവനാൽത്തറകേറും
വമ്പടവരുമതുകേൾക്കുന്നേരം
അമ്പതുകാതംപിമ്പിൽകാണാം
ഇക്കഥചിലതുപറഞ്ഞീടിൽപുന-
രിക്കഥപറവാൻനേരംപോരാ
നിക്ഷേപങ്ങളെടുത്തുംകൊണ്ടിവ
യക്ഷന്മാരുനടന്നുതുടങ്ങി
രാക്ഷസരിങ്ങുനടന്നുതുടങ്ങി
യക്ഷിണിമാൎക്കൊരിളക്കവുമില്ലാ
രാക്ഷസർവന്നുപിടിച്ചുപതുക്കെ
ഭക്ഷിച്ചീടുമതോൎത്തീടേണം

രക്ഷിപ്പാനുള്ളോരുകൾപോയി
തൽക്ഷണമങ്ങൊരു കോണിലൊളിച്ചു
രക്ഷിക്കുന്ന ജനങ്ങളിൽവേണം
പക്ഷംവെച്ചതിനുപൊളിയല്ലേതും
കണ്ടജനത്തെക്കൊണ്ടുകൊതിച്ചാൻ
കണ്ടിൽ ചാട്ടം മാനിനിമാരെ
തൊണ്ടന്മാരാംകണവന്മാരെ
ക്കൊണ്ടൊരുനേരംഫലമില്ലറിവിൻ
കണ്ടിട്ടുള്ളവരെന്നൊരുഭാവ-
മുണ്ടാകയുമില്ലെന്നറിയേണം
പാണ്ഡവനവിടെത്തന്നെയിരുന്നു
കണ്ടാൽമതിയെന്നിട്ടുകിടന്നു
ഇണ്ടൽപിടിച്ചിഹമണ്ടീടുന്നതു
കണ്ടിട്ടെന്തിവനുള്ളതുമിപ്പോൾ
ഈവണ്ണംപലവിലാപംപലദിശി
രാവണവരവതുകേട്ടതുനേരം
ദേവകളൊക്കെക്കൂടിപ്പലവഴി
ധാവനമാശുതുടങ്ങിതദാനീം
നിഷ്ഫലവിഭവന്മാരവരെല്ലാം
പുഷ്പകമായവിമാനത്തിങ്കൽ
തല്പംകൂടെയുപേക്ഷിയ്ക്കാതെ
എപ്പേരപ്പെട്ടതുമങ്ങുകരേറി
ഇരുമുടികെട്ടിത്തലയിലെടുത്തി-
ട്ടൊരുവഴിമണ്ടിനടന്നുതുടങ്ങി
യക്ഷന്മാർ ചിലർതങ്ങടെ ഭാണ്ഡം
കക്ഷംതന്നിലെടുത്തു നടന്നാർ
ലങ്കാനഗരമുപേക്ഷിച്ചങ്ങിനെ
സങ്കടമോടുധനേശ്വരനുടനെ
ശങ്കരനെച്ചെന്നങ്ങുവണങ്ങി
തൽകൃപകൊണ്ടുലഭിച്ചൊരുമന്ദിര-
മളകാപുരമെന്നവിടെച്ചെന്നാ-
ങ്ങിളകാതങ്ങുസുഖിച്ചുവസിച്ചു
അളവില്ലാതുള്ളൊരുയക്ഷന്മാരും
വള്ളികൾതോറുമിരുന്നുരസിച്ചാർ

ദശാനനൻ പുനരനേകയോജന
വിശാലമന്ദിരമകത്തുപുക്ക
ശശാങ്കനോടുടനിടഞ്ഞുമേവിന
യശോവിശേഷവുമവൻലഭിച്ചു
നിശാചരപ്പടകളന്നുമന്ദിര-
മശേഷമമ്പൊടു നിറന്നുനിന്നു
അശോകവാടികളശോകമോടതി-
ലശോകമോടവർ നടന്നുകണ്ടു
സുശീതമാകിയ ജലംനിറഞ്ഞൊരു
വിശാലമാം പല സരസ്സുകണ്ടു
അശേഷമപ്പുരവിഭൂതിചൊൽവതി-
ന ശേഷനും ബത പടുതയില്ലാ
വെളുത്തതാമരകിളിച്ചുമേവിന
കുളത്ത്വാപികൾ പെരുത്തുകണ്ടു
തളങ്ങളും പല കളങ്ങളും ചില
വിളങ്ങി മേവിനകുളങ്ങളും
കളങ്കമെന്നിയെ തെളിഞ്ഞു ചെമ്പക
കദംബമംബുജദളങ്ങളും
ഇടങ്ങളും പല മാടങ്ങളുംനവ
തടങ്ങളുംബഹുപടങ്ങളും
പടന്നമാലതിപുടങ്ങളും ചില
തടിച്ച കാഞ്ചന ഘടങ്ങളും
മരങ്ങളുംകൊടിമരങ്ങളുംമണി
പുരങ്ങളുംബഹുധനങ്ങളും
വരാംഗനാജനപുരങ്ങളുംപല
തരങ്ങളായ്പുരവരങ്ങളും
ഫലങ്ങളുംവനദലങ്ങളും മൃദു
മണങ്ങളും ഹിമജലങ്ങളും
നിലങ്ങളും പടനിലങ്ങളും മഹാ-
ഫലങ്ങളും മരുതലങ്ങളും
കരിമ്പുചെമ്പകമിലഞ്ഞിമല്ലിക-
മലർത്തകാഞ്ചനലവംഗമങ്കണ
കരണ്ഡപണ്ണവകശീതചന്ദന
കുരുന്തമെന്നിവകരുത്തുപൂത്തതി-
ലിരുണ്ടവണ്ടുകൾമുരണ്ടു മൊട്ടുകൾ
കരണ്ടുപൂങ്കൊടി പിരണ്ടുതേറിന
തിരണ്ടനന്മധുമണങ്ങളോടുട-
നിണങ്ങിമേവിനസുഖങ്ങളും.

ഉദ്യാനം പല വിദ്യാഭവനം
അഭ്യംഗാലയമദ്യാലയവും
സദ്യക്കൊട്ടിലുവാദ്യാലയവും
ആട്ടക്കൂട്ടുകൾമാടണിപന്തികൾ

നാടകശാലകൾ പാഠകശാലകൾ
മാടപ്പുരവരമൊത്തവടിപ്പുര
വാടക്കഴികളുമെത്ര വിചിത്രം
മാലകൾ ചാലകൾ മാലപ്പുരയും
ചാലേവാതിലുമോലപ്പുരയും
വെങ്കളിമാടം പങ്കജവാട-
ങ്ങളുപവിവാടികളങ്കണജാലം
കുങ്കുമവാടികൾ പൂങ്കാവുകളും
വൻകടൽതന്നിൽ വിളങ്ങീടുന്നൊരു
വെള്ളക്കടതഴവെഞ്ചാമരവും
തുമ്പിച്ചനവധി ഭണ്ഡാരത്തൊടു
പള്ളിത്താമ്പികയേറിട്ടരുമ-
ന്നള്ളമഴിഞ്ഞു സുഖിച്ചു വസിച്ചു.

രാവണോത്ഭവം ഓട്ടൻതുള്ളൽ സമാപ്തം.

ബാലിവിജയം
ഓട്ടൻ തുള്ളൽ.

രാത്രിഞ്ചരകുലപുംഗവനാം ദശ-
വക്ത്രൻതന്നുടെ ലങ്കാനഗരേ
മിത്രജനങ്ങളുമവരുടെ പല ക-
ളത്രങ്ങളുമായതിസുഖമോടെ
അത്രപരാക്രമിപങ്ക്തിമുഖൻ ശത-
പത്രോത്ഭവനോടു വരവും വാങ്ങി
ശത്രുഭയം പുനരകലെവെടിഞ്ഞു വി-
ചിത്രം വാണരുളീടും കാലം
സത്വരമൊരുനാൾ തന്നുടെ മക്കളിൽ
മൂത്തകുമാരനെയതികസീമനി
ചേർത്തുപുണർന്നു ദശാനനനവനുടെ
ഗാത്രമശേഷം പുളകിതമാക്കി
ചേർത്തുതലോടി: കരംവലികൊണ്ടഥ
ചിത്തസുഖേന പറഞ്ഞുതുടങ്ങി:—
പുത്ര സമർത്ഥഭവാനെൻ വാക്കുക-
ളുത്തരമിതു കേൾക്കണമധുനാ
കീർത്തിപെരുത്തൊരു നിന്നുടെ കരബല-
പൂർത്തിതടുപ്പതിനൊരുവനുമില്ല
തീർത്തുരചെയ്യാമിന്നിഹ നമ്മൊടു
നേർത്തുവരുന്നവരൊക്കെമടങ്ങും
ഓർത്താലെത്ര വിചിത്രം നമ്മുടെ
പൃഥ്വീപതികളെ വാർത്തകളവരവർ
തീർത്തുള്ളൊരു ഭവനങ്ങളിൽനിന്നഥ
യാത്രയിറക്കിയയച്ചിതു ഞാനും
പാർത്ഥിവമതിലിനിയെങ്ങുമൊരേടം
പാർത്താലൊരു സുഖമില്ല നമുക്കെ-
ന്നാർത്തന്മാരായടവികൾതോറും
തീർത്ഥവുമാടി നടന്നീടുന്ന
മത്തഗജങ്ങടെ കൊമ്പുകൾകൊണ്ടും
മത്തയിലക്കറി ചേനത്തണ്ടും
കത്തിയെടുത്ത കിഴങ്ങുകൾകൊണ്ടും
നിത്യതയങ്ങുകഴിച്ചുനടക്കും
പാർത്ഥിവസുതകന്മാരവരവനിയി-
ലാർത്തിപിടിച്ചിഹ വന്നെന്നാകിൽ
പാർത്തിരിയാതപമൃത്യു ലഭിച്ചു-
ക്കാർത്താന്തികദിശമാശുഗമിക്കും
എന്നതുകൊണ്ടിഹ നമ്മുടെ നേരേ
നിന്നുപിണങ്ങുന്നവരു ചുരുക്കം
ഇന്ദ്രാദികളെക്കൂടെ ജയിക്കണ-
മെന്നൊരു മോഹമെനിക്കുണ്ടുള്ളിൽ
വന്നാലും നീയെന്നുടെ നന്ദന-
നിന്നതു സാധിച്ചീടുകവേണം
എന്നാലെന്മകനൊരുതിരുനൽപ്പേ-
രിന്നുവിശേഷിച്ചുണ്ടായീടും

വൃന്ദാരകപതിതന്നെജയിച്ചാ-
നന്ദാരാമിമരങ്ങളശേഷം
ഒന്നൊഴിയാതെ പറിച്ചീലങ്കാ-
മന്ദിരമെന്നതിലുളവാക്കേണം
നന്ദനവനമിന്നവനിതലേമമ
നന്ദനനാക്കിയതെന്നവരേണം
എന്നതിനിന്നുവിളംബനമരുതയി
മന്ദേതരഗുണമന്ദിരസുമതേ!
പണ്ടൊരുനാളഥനാരായണനെ-
ക്കൊണ്ടിഹനമ്മുടെ വംശോത്ഭവനാം
കണ്ഠീരവനാം മാലിനിശാചര
കണ്ഠംഝടിതിമുറിപ്പിച്ചീടിനൊ-
രണ്ടർകലേശനെനാംകാൽതച്ചഥ
ദണ്ഡിപ്പിച്ചീടണമത്രയുമല്ലതി
കണ്ഠനെയങ്ങുപിടിച്ചഥകെട്ടി-
ക്കൊണ്ടിഹപോരണമിപ്പുരിതന്നിൽ
തുംഗപരാക്രമനായഭവാനൊട്ട
സംഗമസീമനി നിന്നമർചെയ്യും-
നെങ്ങുംസുരവരനാളാകില്ലാ
സംഗതിയൊണ്ടാം ബന്ധിപ്പാനും
മംഗലമേലും നമ്മുടെ നാട്ടിൽ
ചങ്ങലകൊണ്ടിഹപൂട്ടിമുറുക്കി
തുംഗമതായൊരു തുറുങ്കുംകോട്ടില-
നങ്ങാതെകിടത്തീടണമവനെ;
ഇങ്ങിനെയുള്ളപിതാവിൻവചനം
തിങ്ങിയമോദാൽകേട്ടുപതുക്കെ
ഭംഗികലർന്ന പിതാവിനെയങ്ങുവ-
ണങ്ങിക്കൊണ്ടവനിദമുരചെയ്തു

പംക്തികണ്ഠ ഹേ ജനകഭവാൻപുന-
രെന്തിനിത്രവളരെപ്പറയുന്നു
ചിന്തിതങ്ങളഖിലങ്ങളുമേതുമൊ-
രന്തരംവിനാസാധിച്ചീടാം
എന്തുബന്ധമിന്നമരാധിപനുടെ
ബന്ധനത്തിനു നമുക്കനിനച്ചാൽ
സിന്ധുരേന്ദ്രബലനാകുമിനിക്കൊരു
ബന്ധുപോലുമിന്നാരുംവേണ്ടാ
സന്തതംതവപദാംബുജയുഗളം
ചിന്തചെയ്തുടൻ നിന്തിരുവടിയെ
വന്ദനമോടുസേവിച്ചീടുമടിയനു
ചിന്തിതം സഫലമെന്നുധരിക്ക
വൃത്രവൈരിയെജയിച്ചഥ ബന്ധി-
ച്ചത്രനമ്മുടെ പത്തനസീമനി
ചേർത്തുകൊണ്ടുവരാഞ്ഞിന്നവനുടെ
ഗാത്രമൻപൊടുവരിഞ്ഞുമുറുക്കി-
ട്ടത്രബാലകന്മാർക്കുകളിപ്പാൻ
പാത്രമാക്കിയൊരു പാവകണക്കെ
കത്രചിൽപുരേസുരപതിവൃദ്ധനെ
ചിത്രമാകിയൊരു തൂണൊടുകൂട്ടി-
ച്ചീർത്തകോപമൊടുചേർത്തീലെന്നാ-
ലെത്രയുംബഹുപരാക്രമിയാംദശ-
വക്ത്രരാക്ഷസകുലേന്ദ്ര! ഭവാനുടെ
പുത്രനല്ലടിയനെന്നുവരേണം
ശത്രുകൃന്തനസമർത്ഥനതാമെൻ
ശക്തിയിന്നിഹതടുപ്പതിനൊരുവൻ
പാതാളത്തിലുമമർത്ത്യപുരത്തിലു-
മൊത്തുകാൺകിലിഹ നാസ്തിപിതാവേ!
തത്രചെന്നുമടിയാതടിയൻശത-
പത്രനേത്രനുടെ സോദരനാകിയ
ഗോത്രവൈരിയെക്കൊണ്ടിഹവന്നു ത-
ന്നത്രവച്ചുതൊഴുവൻതവമുമ്പിൽ.

ഏവംപറഞ്ഞൊരുമേഘനാദന്റെവാക്കുകേട്ടു
ഭാവംതെളിഞ്ഞുദശഗ്രീവനുമുരചെയ്തു
ഉണ്ണീ!നിൻവാക്കുകേട്ടു നന്നായ് പ്രസാദിച്ചു ഞാൻ
വന്നാലുമന്തികേയെൻനന്ദനാമേഘനാദ [ൻ
രാക്ഷസരെന്നാകിലോ ദക്ഷതവേണമേററം
ദക്ഷനാംഭവാങ്കൽസുഭിക്ഷംദക്ഷതാഭാവം
ഇക്ഷണംപോകനാമിന്നിപ്പുരിതന്നിൽനിന്നു
ശിക്ഷിപ്പാനൊരായിരമക്ഷികളുള്ളവനെ
ഇത്ഥംപറഞ്ഞുകൊണ്ടു നക്തഞ്ചരാധിനാഥൻ
സത്വരം പുറപ്പെട്ടുപുത്രനുംതാനുമായി
സുത്രാമാവിരിക്കുന്നപത്തനമതിൽചെന്നു
വൃത്രവൈരിയോടായിട്ടിത്തരമുരചെയ്തു:—

രേരേ! ചപല! വലാരേ! നീ മമ
നേരേനിന്നിഹ പൊരുതുകസമര
വീരന്മാർക്കെജമാനൻനീയിഹ
പോരെന്നുള്ളതുമകലെവെടിഞ്ഞീ

നാരീമണികടെനടുവിൽസതതം
മാരക്രീഡാതൽപരനായി
ക്രീഡിക്കുന്നൊരു നിന്നുടെ മുടിയിൽ
താഡിക്കും പുനരതുയുമല്ലഹോ
മോടിക്കും പുനരവിടെന്നയിതവ
മോടിക്കുംകുറവാശുഭവിക്കും
താടിക്കാരെത്തച്ചിറപമ്പിരി
പാടിക്കുന്നൊരു നമ്മുടെനാമം
കൂടിക്കൾക്കുന്നൊരുസമയേബത
പേടിക്കാതിന്നൊരുവരുമില്ലാ
ശക്രനതാകിയനീപണ്ടൊരുനാൾ
ചക്രായുധനെക്കൊണ്ടിഹനമ്മുടെ
വിക്രമിയാകിയബലിയെവിരവിൽ
ചക്രംകൊണ്ടുവധിപ്പിച്ചില്ലേ?
ഠക്കെരണ്ടുനിശാചരരന്നമ-
രോൽക്കടധൈര്യപയോധികളായി-
ട്ടക്കാലംനിജപാതാളത്തിൽ
പുക്കുസുഖിച്ചുമദിച്ചുവസിച്ചു
തത്രസുമാലിനിശാചരപുംഗവ
പുത്രിയതാകിയകൈകസിതന്നുടെ
പുത്രനഹോദശവക്ത്രൻനിന്നുടെ
ശത്രുവതെന്നയറിച്ചീടേണം
മൃത്യുഞ്ജയനുടെപത്തനമാകുമൊ-
രത്യുന്നതഗിരികത്തിയിളക്കിന
പത്തിരുപതുകരമൊണ്ടുനമുക്കിഹ
ചിത്തനിയച്ചുകരുച്ചുകകുമതേ!
ഈവകവിക്രമമുള്ളനമുക്കീ
ദേവകളുംപുല്ലുംശരിയല്ലോ
പാകനിഷൂദനനിന്നുടെമദമു
പാകംവരുവാനുണ്ടുപദേശം
നാകാധിപനാംനിന്നെസ്സമരേ
ശോകാകുലനാക്കീടുവനിപ്പോൾ
ലോകമൂന്നിലുമുള്ളജനങ്ങളി-
ലേകൻപോലുംനമ്മൊടുനേർത്താൽ
പാകാരതകണ്ടൊരുവൻപോലും
പോകുന്നില്ലതുബോധിച്ചാലും
വൈകാതേകണ്ടെന്നൊടുപോരിനു
വന്നാലുംനീരിപുകുലകീടാ!

ഇത്ഥംഘോഷിക്കുന്നൊരബദ്ധവചനങ്ങടെ
സിദ്ധാന്തമറിഞ്ഞുടൻവൃത്രശത്രുവപ്പുന്നേരം
ബുദ്ധിയിലുറച്ചോർബുദ്ധിരാവണനുടെ
ബുദ്ധിയിലഹങ്കാരംവർദ്ധിക്കകൊണ്ടുചില
ഗൃദ്ധിയാശ്ശീഘ്രംപരമാർത്ഥിയാണമെന്നോടിപ്പോൾ
യുദ്ധസന്നദ്ധനായ്‌വന്നാദരംവിളിക്കുന്നു
ശസ്ത്രവെങ്കിലുംചിലവസ്തുനോക്കണമെന്നും
ചിത്തത്തിലുറച്ചുതൻമത്തഗജമേറി
അസ്ത്രശസ്ത്രാദികൾസമസ്തംകരസ്ഥമാക്കി-
ട്ടാർത്തിങ്ങുവരുന്നൊരമർത്ത്യവൃന്ദത്തോടൊത്തു
യാത്രതുടങ്ങീടുത്രഗോത്രാരിദേവൻദശ-
വക്ത്രന്റെമുന്നിൽചെന്നിട്ടിത്ഥമരുളിച്ചെയ്തു

രാക്ഷസകീടനിനക്കിന്നുസഹ
സ്രാക്ഷൻതന്നെജയിക്കാമെന്നൊരു
പക്ഷമതെങ്ങിനെയാകിലതൊന്നുപ-
രീക്ഷിച്ചീടാമിപ്പോൾതന്നെ
ആക്ഷേപാദികൾകൊണ്ടുനിനക്കുപ-
രോക്ഷേകിംഫലമിന്നിഹനമ്മുടെ
ദക്ഷതയെല്ലാമറിയാമിനിയുമൊ-
രക്ഷരമുരചെയ്യെന്നാലുടനെ
മോക്ഷാപേക്ഷികളായജനത്തെ
ഭക്ഷിച്ചുംകൊണ്ടടവികൾനീളെ
കക്ഷിതിരിച്ചുനടക്കുംനിന്നുടെ
രൂക്ഷതയെല്ലാംമതിമതികുമതേ!
യക്ഷാധിപനെജയിക്കകൊണ്ടും
ത്ര്യക്ഷാചലമതിളക്കുകകൊണ്ടും
ദക്ഷൻഞാനെന്നുള്ളൊരുതണ്ടുകൾ
പാക്ഷ ഇവിടെക്കളയുന്നൊണ്ട്
രാക്ഷസരിൽചിലരിക്ഷണമനവധി
കക്ഷ്യകടന്നുടനിക്ഷിതിതന്നിൽ
ദക്ഷതയോടുംവന്നാലവരെ
ശിക്ഷിപ്പതിനൊരുപേക്ഷയുമില്ലാ.

ഇത്ഥംപറഞ്ഞുതത്രയുദ്ധംതുടങ്ങീവൃത്ര-
ശത്രുവുംരാവണനുമെത്രയുംമഹാഘോരം
കുത്തുമുത്തുള്ളശരംകോർത്തുമൂർത്തികളെല്ലാം
വീർത്തുവിയർത്തുതമ്മിൽനേർത്തുപിന്നെയുമവർ
ആർത്തുവിളിച്ചുപാരംധൂർത്തുള്ളപംക്തികണ്ഠൻ
പത്തുകൈകളിൽവില്ലുമെടുത്തു ശരങ്ങൾചൊരി

ഞൊട്ടുന്നു സംഗരമൊന്നുകൂട്ടുന്നു സത്വരമേറ്റി
യട്ടുന്നു സൂത്രങ്ങൾ നാകികൊട്ടുന്നു സൂത്രമാ-
വിന്ന
പട്ടതാംവഴിച്ചുപോരും വൻതാന്തങ്ങളിലുള്ള
വിരുതം പിന്നെയും പോരും ഉള്ളിലുള്ളു ചമഞ്ഞുതത്ര

ഇതി സമരം കലശിച്ചു
പടിരുധിരം കുത്തിയൊലിച്ചു
വിധിതനയൻ തൂവലിച്ചു
ഏടികളും കൂടെ മടിച്ചു
യുധി സാഹസമോടെ പൊരുതവരുടെ
അടികളും പുനരിടികളും പലതുള്ള കടികളും
കലഗിരികളുമൊന്നു കുലുങ്ങി [ക്കളും]
ജലനിധികളുമൊന്നു കലങ്ങി
പലപല വിധമങ്ങു തുടങ്ങി
ബലമതിയുടെ ഗർവ്വമടങ്ങി
കലഹിച്ചു പറഞ്ഞിതു രാവണനോടഥ
ഫലധരൻ ഭുജബലധരൻ പരിഭവമൊടിഹ ദേവ-
ഞരുതരതെ മതിവകളൊന്നും [വരൻ]
പെരുതിതു മമ വിരുതുകളെന്നും
കരുതരുതിതി തവ ഹൃദി ഏന്നും
പൊരുതീടുക രണഭുവി നിന്നാം
ഇനി നമ്മനിനക്കുവരുന്നതു നമ്മുടെ
സമ്മതമെന്നതു ഉമ്മത മതികുത്സിതമെന്തിഹ തേ
പലവാക്കുകളിതുമുരത്തു
നലമോടഥ വജ്രമെടുത്തു
വലശാസനനെത്തിയടുത്തു
കലഹാനിനി നിനക്കമടുത്തു
തലപത്തുപറത്തിടുമത്തലകന്നു നമസ്ഥലെ
അതിനിസ്ഥലെ യുധി നിൽക്കുക പാർത്തുകവെ
ശതമഖഗിരമിങ്ങിനെ കേട്ടു
ദശമുഖനഥ നാണം കെട്ടു
ദശമുഖതതിയക്കുമ്പിട്ടു
നിശിചരനഥ നെട്ടുവീർപ്പിട്ടു
അളലത്മകനാകിയ ദശമുഖമൊമുഖതതി
വാടിയും പുനരാടിയും സുതനെ ബത തേടുകയും.

ഇങ്ങിനെയുള്ളൊരു രാവണനരിയൊടു
സംഗരസീമനി ബുദ്ധിമടങ്ങീ
തിങ്ങിന സങ്കടമോടവനേററം
മങ്ങിനമുഖമായ് മരുവുന്നേരം
മേഘനാദനാളുകളുകയർത്തു
മേഘവാഹനനൊടെത്തിയടുത്തു
ഘോരമെന ബ്രഹ്മാസ്ത്രമെടുത്തു
വേഗമോട്ടു പുനരങ്ങുതൊടുത്തു
ഏകനായിമമമൊന്നു കടുത്തു
നാകനാഥനെ ചെന്നുതടുത്തു
പാകവൈരിതാൻ ബുദ്ധിമടുത്തു
പാകമാവതിനു കാലമടുത്തു
രാക്ഷസനായവനതിരൂക്ഷപരാക്രമി
തൽക്ഷണമിന്ദ്രനെ വക്ഷസി താഡി-
ച്ചുക്ഷതവീരതരക്ഷണമതുകൊ-
ണ്ടക്ഷിതിതന്നിൽപ്പതിപ്പിച്ചു
അക്ഷകുമാരനു മുമ്പിറന്നൊരു
ദക്ഷൻ രക്ഷോനായകപുത്രൻ
ശക്രനെയങ്ങു പിടിച്ചുംകൊണ്ടരി-
ചക്രങ്ങളെ വിരവോടു ജയിച്ചാ-
വക്രാത്മാവാം രാവണനിതാൻ ദശ-
വക്ത്രൻതന്നുടെ മുമ്പിൽ ചെന്നു
വിക്രമമുള്ളൊരു കുമാരനെയും ഗത
വിക്രമനാകിന ശക്രനെയും ക-
ണ്ടത്യുമാനന്ദിച്ചു ചിരിച്ചാ-
പുത്രനെമാർവ്വിലണച്ചുപുണർന്നു
മൂർദ്ധാവിങ്കൽ തൊട്ടുമുഹുർമ്മുഹു-
രാത്താനന്ദമനുഗ്രഹമേകി
വത്സ ജയിക്ക ജയിക്കവാൻ ബഹു
വത്സരമങ്ങൊട്ടു ജീവിച്ചീടുക
മത്സരമുള്ള ജനത്തെയമർപ്പാൻ
ത്വത്സമനില്ലൊരുദിക്കിലുമധുനാ
മത്സഹജന്മാരെന്തിനുകൊള്ളാം
നിസ്സാരന്മാരിതു വരുമവരുടെ
ദുസ്സാമർത്ഥ്യത്തൊഴിലുകൾകണ്ടാൽ
ഭസ്മമതാക്കണമെന്നേ തോന്നൂ
മത്സാഹായ്യം ചെയ്യണമെന്നാൽ
മൽസുതനല്ലാതൊരുവനുമില്ലെ-
ന്നുത്സംഗമതുവീടുക നീ ബഹു
വത്സലനായിതു നികലിദാനീം
ഇന്ദ്രനെയുദ്ധം ചെയ്തു ജയിച്ചൊരു
നന്ദനനൊന്നിഹ ബോധിക്കേണം

ഇന്നിവനുടെ കപടത്തൊഴിലോർത്താ-
ലൊന്നാമനസ്സിനു പൊറുക്കരുതില്ല.

മുന്നം ദേവന്മാരസുരവരും
പിന്നെട്ടുന്നജനംകൂടി
പന്നഗവരനാം വാസുകിവീരൻ
തന്നെപ്പുനരൊരു പാശമതാക്കി
മന്ദരമായ മഹാപർവ്വതമൊരു
മന്ഥാനവുമാക്കിക്കൊണ്ടങ്ങവർ
ചെന്താമരമാനിനികാന്തനിരിക്കും
സിന്ധുകടന്നു കടഞ്ഞൊരു സമയേ
ബന്ധുരമായ്ച്ചില വസ്തുവവററി-
ന്നന്തർഭാഗേ നിന്നു ജനിച്ചു
സന്തതകാന്തിയതേന്തിയെഴുന്നൊരു
അന്തിമകൈരവബാന്ധവബിംബം
ചന്തമിയന്നൊരു സിന്ധുരവരനും
കാന്തനതാമൊരു സൈന്ധവവരനും
ബന്ധുകാധരി ലക്ഷ്മിയുമങ്ങഥ
ചിന്തിതദായിനി സുരഭിയുമിങ്ങനെ
ദിവ്യങ്ങളതായുള്ളവയധികം
ദ്രവ്യങ്ങളുമന്നതിലുളവായി
സവ്യാജം പുനരവകവളരെ
ദിവ്യനതാമിവനിങ്ങലഭിച്ചു
പൊണ്ണന്മാരാം ദനുജന്മാർക്കൊരു
പൊന്നാം പണമതൊന്നും നാസ്തി
വിണ്ണവരോടൊരുമധികം ദ്വേഷം
ദണ്ഡിച്ചുള്ളൊരു ഫലമുളവായി
ചണ്ഡന്മാരാമെന്നുടെ കാരണ
മണ്ണും കിട്ടിയതില്ലെന്നല്ലാൻ
കണ്ണുംനട്ടടനങ്ങിരിച്ചാ-
രത്നാനിധിയുടെതീരെനിന്നു
സ്വർണ്ണംവിളയും കല്പകവൃക്ഷമി
വണ്ണംപലതും ദനുജന്മാരെ
കണ്ണുഴതിച്ചു കരസ്ഥമതാക്കിയ
കണ്ണച്ചാരിവനൊരുകഠോരൻ
എന്നതിലൊന്നുമതിക്കൂട്ടത്തിനു
തന്നില്ലന്നവനിത്തിരിപോലും
സ്വർണ്ണമണിയാമിന്ദിരയെപ്പുന-
രിന്ദ്രാവരജനുദാനംചെയ്തു

മുന്നിവനമ്മുടെ പരദൈവതമാ-
ലംബോദരഗജവദനനതിലൊന്നും
ഇന്നൽദാനംചെയ്തിട്ടില്ല-
നല്ലൊരുകാര്യമതൊട്ടുമകപ്പം
പന്നഗവരനുടെ ഘോരവിഷത്തെ
പന്നഗധരനെ ഭക്ഷിപ്പിച്ചു
എന്നിവയൊക്കെ വിചാരിക്കുമ്പൊ-
ളിന്ദ്രൻതന്നൊടുക്രോധം പെരുത്തുണ്ടാം
പെണ്ണുങ്ങൾക്കു ജന്മാന്തരമാമീ
വിണ്ണവവരനുടെ കപടത്തൊഴിലുകൾ
മണ്ഡോദരിയുടെ നന്ദനനാമെ-
ന്നുണ്ണിയിതൊന്നറിഞ്ഞിട്ടില്ലേ
പാല്പാലാഴിയിൽ നിന്നു ജനിച്ചതി-
ശില്പമതാകിയ കല്പകവൃക്ഷമ-
തിപ്പുരിയിന്നു നടത്തിപ്പോളിങ്ങു
പറിപ്പാനിന്നു വികല്പം വേണ്ടാ
കെല്പേറുന്നൊരു നമ്മുടെ ചേതസി
തൽപരിയം കുറയാണെന്നറിക
സാല്പുതിതന്റെ പുരത്തിനകത്തുള-
ളതൊപ്പുകളൊക്കെ പൊടിക്കണമധുനാ

ഇതിവിവിധമൊഴികൾ നിജ സുതനൊടുര-
ചെയ്തുകൊ
ണ്ടതിക്രോധമോടതിനകത്തു കേറീടിനാൻ
മതിതളിരിലധികമൊരു മദമുടയ രാവണൻ
മത്തമാതംഗത്തിനൊത്തുള്ള ശക്തിമാൻ
നാകവരനാകുമൊരു പുരിയുടെ വിശേഷങ്ങ-
ളാകവേ കണ്ടു കണ്ടത്യന്തകോപനൻ
തടിയനഥ ഝടിതിയൊരു തടിയെടുത്താകവേ
തട്ടിത്തകർത്തു തുടങ്ങി സുരാലയം
പൊടിപടലമതിനുടയ നാഗവിപിനക്കൂടിയും
പൊട്ടും മരങ്ങടെ ശബ്ദങ്ങളിങ്ങനെ
നെടിയ കൊടിമരവുമിതു വിട്ടുപൊടിയാക്കി-
യന്നേരത്തു നേരിട്ടു വന്നിതൈരാവതം
വമ്പനുടെ കൊമ്പു പുനരമ്പൊടു പിടിച്ചുപ-
ത്തമ്പത്തു ചുഴററിയെറിഞ്ഞു ദൂരത്തവൻ
ജംഭരിപുകുംഭിവരഡംഭുകൾ ശമിച്ചുനാ-
ല്ലൊമ്പതും ദൂരെപ്പതിച്ചു കണ്ടീടിനാൻ
നഗരിയതു സരഭസമൊടവനഥ നശിപ്പിച്ചു
നാകനാഥോദ്യാനമണഞ്ഞു ദശാനനൻ

കനകധനമണിനിവഹമനവധിജനിക്കുന്ന
കല്പവൃക്ഷാദിയും കയ്ക്കലാക്കീടിനാൻ
അവനൊടെതിരിടുകളിതമമരവരർ കണ്ടൊന്നു
മാവതില്ലെന്നങ്ങൊഴിച്ചു പാർത്തീടിനാർ
അങ്ങുമതിദശമുഖമനസി നിജമോദങ്ങ-
ളാകവെ വന്നുദിച്ചു മോദിച്ചു മേവിനാൻ.

നക്തഞ്ചരപതിരാവണനങ്ങതി
ശക്തനതാം നിജനന്ദനനോടും
സുത്രാമാവിനെ ബന്ധിച്ചും കൊ-
ണ്ടെത്രവിചിത്രം യാത്ര തുടങ്ങി
സത്രാസന്മാരായമരന്മാ-
രാർത്തുവിളിച്ചു കരഞ്ഞു തുടങ്ങി
രാത്രിഞ്ചരപതിതാനും തന്നുടെ
പുത്രനുമൊത്തു രസിച്ചു തുടങ്ങി
ഗോത്രാരാതിയുമാശരവരനുടെ
തേർത്തടമദ്ധ്യേ ബദ്ധനതായ് നിജ
നേത്രങ്ങളിൽ നിന്നശ്രുജലങ്ങളെ
വാർത്തുംകൊണ്ടവിടത്തിലിരുന്നു
വിസ്തൃതമായനഭസ്ഥലമാർഗ്ഗം
തത്രകടന്നു കടന്നിതുതേരും
എത്രയുമധികം വേഗത്തോടെ
പൃത്ഥ്വീചക്രം തന്നിലിറങ്ങി
ലങ്കാനായകനങ്ങുടനേററ-
മഹങ്കാരത്തോടു പുത്രസമേതൻ
സംക്രന്ദനനെക്കെട്ടിക്കൊണ്ടഥ
ലങ്കാപുരിയിൽ ചെന്നുകടന്നു
ശങ്കാരഹിതം സുരപതിതന്നെ
തങ്കക്കൊടിമരമൂലത്തിങ്കൽ
ശൃംഖലകൊണ്ടു തളച്ചീടാനായ്
കിങ്കരവരരെ വിളിച്ചുരചെയ്തു
ഭൃത്യന്മാരവരിങ്ങിനെ യാപൌ-
ലസ്ത്യൻ തന്നുടെ കല്പനയതുകേ-
ട്ടുദ്യോഗിച്ചു പുറപ്പെട്ടഥ
സദ്യോബദ്ധതരമദമത്തന്മാർ
വിദ്യുന്മാലാബാണാസനനാ-
മുളേളാരത്തെബ്ബന്ധിപ്പാനതി
ശുഭ്രമതാമൊരു ചങ്ങലയുംകൊ-
ണ്ടത്യാദരമൊടുമെത്തു പിടിച്ചു
വാനവവരനെച്ചങ്ങലവച്ചുടനെ
വാനരനെപ്പോലെ ചമച്ചു
മാനികളാമവരങ്ങതിരിച്ചുദ-
ശാനനനോടും ചെന്നറിയിച്ചു
മാനസതാരിൽ പ്രീതികലർന്നഭി-
മാനിയതാം ദശകണ്ഠൻതന്നുടെ
മാനിനിയോടും മക്കളുമായ് പര-
മാനന്ദിച്ചുടനവിടെ വസിച്ചു.

ഓർത്താൽവിചിത്രമഹോ ഗോത്രാരിദേവനുടെ
വാർത്താവിശേഷമതിമാത്രം കഠിനംതന്നെ
ഗാത്രങ്ങളെല്ലാം മലമൂത്രങ്ങൾകൊണ്ടണിഞ്ഞു
ധാത്രിയിൽ കിടന്നഹോരാത്രങ്ങൾ കഴിക്കുന്നു
രാത്രിഞ്ചരന്മാരുടെ ചീത്തവൈഭവങ്ങൾതീർപ്പാൻ
പാത്രമായ്ത്തീർന്നു ദേവഗോത്രാധിരാജൻതാനും
സ്നാനവുമില്ല ജലപാനവുമില്ലാ കഷ്ടം
മേനിയുംമെലിഞ്ഞതിദീനനായിതുയാതു-
ധാനന്മാർചെയ്തീടുന്ന നാനാവിധങ്ങൾകൊണ്ടു
ദാനവകുലപതിതാനും മനസ്സുമുട്ടി
ആശരന്മാരിൽ ചിലമീശക്കാരങ്ങുവന്നി-
ക്കീശായമാനനോടും പേശിത്തുടങ്ങിമന്ദം
ദേവാധിരാജനിന്റെ സേവന്മാരിന്നു ഞങ്ങൾ
കേവലം നിന്നെക്കാൺമാനാമോദംവന്നിതെ-
ന്നോർക്ക
കേട്ടാലുമെടോ നിന്റെ ദുഷ്ടികൾ സർവ്വാംഗമി-
ക്കൂട്ടത്തിലൊരുത്തനോക്കൂട്ടക്കാർക്കൊക്കെയുണ്ടോ
കഷ്ടമിങ്ങിനെയുള്ള ഗോഷ്ടികൾഞങ്ങളുടെ
നാട്ടിന്നകത്തുമുന്നം കേട്ടുകണ്ടറിവില്ല
ഒട്ടും കുറവുമില്ലകിട്ടേണമിവസ്തുക്കൾ
വിഷ്ടപാധിപന്നു വിശിഷ്ടവസ്തുക്കൾപോലും
വിഷ്ടരശ്രവസ്സാം നിൻറിഷ്ടനെങ്ങടായിപ്പോൾ
പെട്ടെന്നുനിന്നുടെയീപട്ടങ്ങൾഗ്രഹിച്ചില്ലെ
എത്രനാളായിമലമൂത്രാദികളിൽത്തന്നെ
മുത്തപ്പുഴുക്കൾപോലിധാത്രിയിൽ കിടക്കുന്നു
ചിത്തത്തിൽ സ്നേഹമുള്ളൊരുത്തനെങ്കിലു-
മിന്നു
മിത്രമായിട്ടില്ല നിൻ ഗോത്രത്തിലൊരുത്തനും
ശക്രനാം നിനക്കിന്നു വിക്രമിക്കൊളുവില്ലേ
[illegible]

അപ്പുറമിപ്പുറമവരിരിക്കാട്ടും വിരിഞ്ഞിടുവാ-
നിക്കൂട്ടരോടുമവർ കലർന്നിട്ടുമെന്തെ
എന്താണപേക്ഷയെന്നെന്നും മനസ്സിലല്ലാ
തനയാ നിന്നുടെ താപമൊന്നും തീർത്തിടുമിനി
ബന്ധനമുചിതമെന്നതേ മെയ്ക്കുളിൽ
ചിന്തിച്ചിരിക്കുന്നതിനെന്തിന്നു ചൊല്ലിത്തന്നെ
ഉണ്ണിക്കുമിപ്പോഴിനി ചിത്തത്തിൽ മോഹമുണ്ടോ
വച്ചു പോരും കാരിയം കാര്യപാലിവരെല്ലാം
നിച്ചലും പെണ്ണുങ്ങളെ മച്ചത്തിൽ കൊണ്ടുത്താറാം
സപ്പുമാം മെത്തമേൽ വിരിച്ചു കിടത്തിത്തന്റെ
കൊച്ചിനെച്ചൊല്ലിപ്പാടം പഠിച്ചു പാഠന്നത-
ൻറ ചൂന്നോന്തറിയാത്ത കൊച്ചുകിടാങ്ങളായാൽ
വച്ചുള്ള കളിപ്പിന്നെത്തച്ചു കൊല്ലണമിപ്പോൾ
ഉച്ചപെരുങ്ങളൊന്നമിക്കുട്ടങ്ങളിൽ കാണാ
കുന്നന്നിനാരു ദരകന്നർമടങ്ങിയുള്ള
കണ്ടരാവണിയെയാം തുന്നിച്ചു വന്നതിന്റെ
തന്തുതപ്പിത്തരുല്ലാം കൊണ്ടുവള്ളിച്ചുവെടി
ഞെരാളനോനിനിന്നക്കെട്ടിക്കൊണ്ടിങ്ങു പോ-
നാവന്നി-
ക്കണ്ടജനങ്ങളെല്ലാംകണ്ടുനില്ക്കുംപടല
കൊണ്ടുബന്ധിച്ചിട്ടും നീ കണ്ടില്ലേ ദേവരാജാ
മക്കളുനാകിലപര്ക്കണക്കിലിക്കണം
പോക്കണാക്കട്ടമിന്റെ പോക്കവാൽതക്ക-
പോലെ
വിക്രമശാലിയായിരിക്കുന്ന പുത്രൻനിന-
ക്കിപ്പോലപ്പോക്കംതന്നെനുക്കുവാലംനിക്കാവ-
തോ
രാക്ഷസക്കഞ്ഞവിച്ചാൽ ക്ഷത്രിയുണ്ടാമറാം
ലക്ഷീണബലമതാകും ലക്ഷണാശ്ലിമവൻ
ലക്ഷംസൂരന്മാർ സഹസ്രാക്ഷാനിനക്കെന്നാലും
രക്ഷാവരന്മാരാരുകാൽ ക്ഷണംനില്ക്കയില്ല
എന്നതുകൊണ്ടുതവനന്നായ് വരുവാൻ വഴി
യൊന്നതൊന്നരചെയ്യാമെന്നങ്ങു ബോധിച്ചാലും
ഇന്നതുമാറാരോടും ചെന്നു പ്രസംഗിക്കണ്ടാ
ഏതാലതിന്നവിഘ്നം വന്നപോമറിഞ്ഞാലും
ഇന്ദ്രനാം നിന്റെ നല്ല സുന്ദരിമാരെയെല്ലാം
മോന്തോഴിയാതെ കണ്ടീമന്ദിരേവരുത്തുക
എന്നാൽ തിലക നല്ല സുന്ദരന്മാരെ ചില
നന്ദനന്മാരുണ്ടാകുമെന്നേ പറവാനുള്ളൂ

ആശ്രമത്തിൽ ചിലരിന്നിമായാവികളെവന്ന
പാരമൊന്നിന്നെക്കൊണ്ടു പോയിട്ടുണ്ടായി-
ല്ലല്ലോ
അല്ലാതെയവനിന്നിവല്ലാത്തക്കൂട്ടങ്ങളെ
വെല്ലുവതിന്നു പോരുകില്ലെന്നറിഞ്ഞാലുംനീ
മുള്ളുകത്തിയാൽ മറമുള്ളകൊണ്ടെടുക്കേണം
രാക്ഷസരെജയിപ്പാൻ രാക്ഷസന്മാരേനല്ലൂ
ഇങ്ങനെയവരുടെ തങ്ങളിൽപരിഹാസ-
മങ്ങനെകേട്ടുകട്ടമങ്ങിനമനസ്സോടെ
ദാനവാരിയാംദേവനൊന്നുരിച്ചുചിന്ത
ദാനവാരികൾ പതിതാനും വാണിരുന്നു
അക്കാലവും നാരദൻ താനക്കഥയെല്ലാംചെന്നു
ചെക്കമങ്ങറിയിച്ചാനക്കമലാസനനെ
ശക്രന്റെ വർത്തമാനമൊക്കെ ഗ്രഹിച്ചു ബ്രഹ്മാ-
വാക്കാമദോടിച്ചെന്നക്കന്റെ മന്ദിരത്തിൽ
തൽക്കാലോചിതമായ സൽക്കാരംചെയ്തുനില്പും
വിക്രമനാം ദശവക്ത്രനാടകംചെയ്തു.

നക്ഷത്രാകലപുംഗവരാവണ
യുക്തന്നിന്നുടെ തൊഴിലുകളെല്ലാം
ശക്തൻ ദശമുഖനെന്നു വരുത്താ-
നിത്തൊഴിലാതവപാർത്താലുചിതം
എത്രയുമുത്തമനാകും നമ്മുടെ
പുത്രമാവിനെ ബന്ധിച്ചിങ്ങനെ
അരുകിടത്തീടുന്നതു പാർത്താൽ
ചിത്രമതെന്നേ പറവാനുള്ളൂ
പണ്ടും പല പല രാക്ഷസരിവണ്ണം
ശണ്ഠയുണ്ടാക്കിയടങ്ങീദേവകൾ
മണ്ടാ നേരത്തായതു രണഭുവി
കണ്ടുംകൊണ്ടവരിങ്ങിനെപോരും
ഉണ്ടായിട്ടില്ലന്നമിവക
വേണ്ടാസനകർമ്മങ്ങളിലൊന്നും
ഉണ്ടിതിനിഹമൊചിലതൊഴിലുകൾശേ
കണ്ടാനിയതു ബോധിച്ചാലും
ചെണ്ടക്കാരൻ തൊന്നിയാനിന്നു
ക്കൊണ്ടാടീടുകകൊണ്ടല്ലേ നീ
കണ്ടവരോടൊക്കെച്ചെന്നിങ്ങനെ
ഇണ്ടികടിച്ചു നടന്നീടുന്നു
വേണ്ടാതിന്നൊവികൃതികളേറാം

ചെമ്മത്താംപിന്നെയും തവ മൂഢാ
വിഷ്ടപനായകനായിട്ടെന്നോരു
ദുഷ്ടാവഹമൊരു [illegible]
ളെളംമരിയാദ [illegible]
പെട്ടെന്നൊരു ബന്ധനമേഴിച്ചു
വിട്ടിടണമെന്നുകൊണ്ടു നിനക്കും
പുഷ്ടിവരിക്കും ലങ്കാധിപതേ!
ഇത്തരമുള്ള പിതാമഹവചനം
ചിത്തമതായൊരുകേട്ടതിനന്തരം
കാൽത്തളിരിണയതിൽ വീണു വണങ്ങി
ഉത്തരമിതമുരചെയ്തു ദശാസ്യൻ:
നിന്തിരുവടിയുടെ കല്പനയെന്നാ-
ലെന്തുനമുക്കിഹ ചെയ്യുന്നതാണു
ചെന്തീക്കനലതിൽ വെന്തു മരിപ്പാ-
നന്തരമില്ല [illegible]
എന്തിനു പഴുതേ കലഹിക്കുന്നു
ഹന്ത ഭവാനീ സുരനായകനെ
ബന്ധനകർമ്മമിതിന്നിവനുടെ
താന്തോന്നിത്തമിതെന്നറിയേണം
നില്ലല്ലിവനുടെ തൊഴിലുകളിവക
ദുഷ്ടിതത്തിനൊരു വധിയുമില്ലാ
കൊച്ചുകിടാങ്ങടെ വികൃതികളെല്ലാം-
മച്ഛൻ [illegible] ചൊല്ലും
വാശ്ശൂരസ്സുനമുക്കൊരുനന്ദന-
നീശാരകൃപകൊണ്ടുള്ള [illegible]
വിശപ്പെട്ട വാകുന്ന ഭവാനെ
ഐശ്വര്യമന്ത്രിജീവിതമെല്ലാം
അരികളൊടമർചെയ്യുവതിനു ബന്ധന-
മതെന്നിന്നു ഭവാനും ചെയ്തു
പരമാത്ഥമതെന്നാകിലുമിപ്പോൾ
കരളിലതടിയനു [illegible]
എങ്കിലുമടിയൻമടികൂടാതെ
പങ്കജയോനേ! തവശാസനമൂലം
ശങ്കവെടിഞ്ഞീസുരനായകനെ
ശൃംഖലവിരവിലഴിച്ചുവിടുന്നേൻ
ലങ്കയിൽനിന്നുപമാനാദികൾ-
[illegible]യിരിപ്പാനിന്നതി
ചിത്രമതായൊരു വരമിഹനമ്മുടെ
പുത്രനുനൽകിടുകനലമോടെ

രാവണനിങ്ങിനെ ചൊല്ലിയനേരം [illegible]
രാവണി [illegible] വിളിച്ചു
ദേവാധിപനെ ബന്ധമഴിച്ചു
ദേവാലയമതിൽ യാത്രയയച്ചു
ദുഷ്ടാവിന്നൊരു [illegible]
സാഷ്ടാംഗം [illegible] കൃതി ചെയ്തു
ഇഷ്ട [illegible]
[illegible]
രാവണിതന്നെ വിളിച്ചു [illegible]
[illegible] ഭാവങ്ങളെല്ലാം ചൊൽക
താവക [illegible] പ്രസാദിച്ചു
കേവലം [illegible] ഞാനും
[illegible] മേടിച്ചാലുമാരോടുമാരാഞ്ഞവൻ
[illegible] കാൽക്ക-
എന്നതു [illegible] സാധിച്ചെന്നാകിൽ
[illegible] യെന്നാക്കാക്കെയുമില്ല
[illegible] സാധിക്കും [illegible]
[illegible]
[illegible] നാദ-
[illegible] വിശേഷിച്ചു [illegible] റിഞ്ഞാലും
എന്നെല്ലാമതു [illegible] ഗ്രഹിച്ചു
[illegible] ഭാവിച്ചുവിധാതാ
[illegible] മനുഗ്രഹിച്ചു,
സന്തോഷത്തോടു [illegible]
[illegible] നായക [illegible] കൂടി
[illegible] ലങ്കയിൽ [illegible]
[illegible] നാകലോകത്തിൽ [illegible]
[illegible]
[illegible]
[illegible] ചെന്നാൻ

പദം മുറിയടന്ത.

ഉമ്പർകലാധിപവമ്പസഭോ! ശ്രുണു
ജംഭരിപോ! മഘവൻ!
[illegible]
സന്തോഷങ്ങളെല്ലാം
[illegible]
നിങ്ങ [illegible]

തങ്ങളിലുള്ളൊരു ശക്തിഭേദങ്ങ-
ളെങ്ങാനം ചോദിച്ചീടാം
ണ്ടു മേഘനാദംകൊണ്ടു ദേവനാ-
ഥനെപ്പിടിച്ചുകെട്ടിയെന്നു
സമ്മതമെല്ലാർക്കുമെന്നറിച്ചാലു-
മംബുദവാഹനനാണീ
എങ്കിലുമുണ്ടൊരുപായമവനെ
ച്ചുക്രതിരപാക്കിടുവാനെങ്കി-
ലകരിച്ചീടുന്നലങ്കേശനെക്കൊണ്ടു
ശികകളിപ്പിച്ചീടാം
അമ്പർകലേശര നിന്നുടെപുത്രനു-
യുണ്ടൊരുവാനരത്തൻ ചെന്നു
കണ്ടാൽകൃതാന്തനുമിണ്ടലകപ്പെട്ടു
മണ്ടീടുമിന്നവനെ
കണ്ടുതം ബലനാകിയ ബാലിയെ
ക്കൊണ്ടുകളിക്കാംകൊള്ളുമദശ-
കണ്ഠനെ ലാംഗൂലംകൊണ്ടു ബന്ധിപ്പിച്ചു
കണ്ടുരസിക്കണമൊണ്ടു
ഇണ്ടെ പോരദശകണ്ഠനൊക്കതി-
രാജ്യകണ്ടനോടിടണംതാ
ചെണ്ടപിഞ്ഞുവാൻ നമ്മെക്കൊണ്ടെ കഴി-
ക്കണ്ണുതിലവാദമില്ലാ.

ഏവംമുനിവാക്കുകൾകേട്ടഥ
വാഴുംവലാശാസനനന്ദനി-
രാവണർപറഞ്ഞതെല്ലിഞ്ഞഥ
ദേവമുനിശ്രേഷ്ഠനോടുകല്പിച്ചാൻ
കരുണാമയവരണനിധികരനാ
കരുണാകരപരനാദിഭവവന
കരുണാമൃതമുനിവര നിശ്ശീഘ്ര
ശരണംമമപൂതരിതുസമയെ
അതിദുർമ്മതിരാവണനവധി
ചതിവന്നൊരുചെപ്പിലിഷണമുപി
ഭരിയായ ഭൂമിയിൽ മയിച്ചുത-
നിങ്കലമഹാഗുണരാശേ
അതുകണ്ടകരത്തിരാവണി
ചതികൊണ്ടുജയിച്ചവനെന്നെയു-
മതിവേഗംകൊണ്ടതിരിച്ചുപർ
പുരിയതിലൊതരിക്കിബന്ധിച്ചു.

ദുഷ്ടന്മാരുടെപൂരിയതിലേറ്റം
കഷ്ടപ്പെട്ടടനവരുടെതല്ലും
കൊട്ടുംകൊണ്ടു ഞാനങ്ങിനെവലയിൽ
പെട്ടുകരങ്ങുകണക്കെവസിച്ചു
ചട്ടമതെല്ലാമങ്ങുഗ്രഹിച്ചാ-
സ്രഷ്ടാവവിടെയെഴുന്നള്ളിപ്പല-
വട്ടം രാവണനോടുപറഞ്ഞതി-
രുഷ്ടനതായിവിരിഞ്ചനമപ്പോൾ
പെട്ടെന്നെന്നെയഴിച്ചുവിടാനാ-
യ്മുട്ടംകൂട്ടിയദുഷ്ടദശാസ്യൻ
കെട്ടിമുറുക്കിപ്പൂട്ടിയ ചങ്ങല
വെട്ടിയറുത്തുകളഞ്ഞവനപ്പോൾ
മുഷ്ടിചുരുട്ടിക്കൊണ്ടുതലയ്ക്കൊരു
കൊട്ടുംതന്നവനെന്നെയയച്ചു
കഷ്ടംകള്ളന്മാരുടെതൊഴിലുക-
ളൊട്ടല്ലെന്നങ്ങറികമുനീന്ദ്രാ
വാട്ടമകന്നുഭവാനിനിയക്കപി-
ക്കൂട്ടങ്ങൾക്കെജമാനനതാമെ-
ൻറിഷ്ടകുമാരൻബാലിയോടവനുടെ
ചേഷ്ടിതമൊക്കെയുമുരചെയ്യേണം
കൂട്ടണമവനെക്കൊണ്ടിഹ ചില പണി
കോട്ടംദശമുഖനങ്ങുവരേണം
നിഷ്ഠുരതരനാം രാവണനവിടെ
ക്കെട്ടപിണഞ്ഞുകിടന്നീടേണം
പെട്ടെന്നായതുകൊണ്ടിഹനമ്മുടെ
വാട്ടംതീരുമതെന്നറിയേണം
ഒട്ടുംതാമസിയാതെകണ്ടുപു-
റപ്പെട്ടാലുമതിന്നുമുനീന്ദ്രാ

ദേവാധിരാജന്റെ ഭാവങ്ങളെല്ലാംകേട്ട
ദേവമുനിഞാനിതാപോയിടുന്നു എന്നുംചൊല്ലി
തോഷംകലർന്നൊരു ഘോരഘോഷണം ചെയ്തു
പോകും
ദോഷംവിചാരിച്ചാൽവിശേഷമെന്നോർത്തു
ദേവനു
കാഷായവസ്ത്രധരനീശാനൻ കേതിശാലി
ഏഷണിക്കേറ്റനല്ലശേഷിയായ്‌തോക്കണ്ട
നാരദമുനിവരൻവീരൻബാലിയെക്കണ്ടു
സാരമങ്ങറിയിച്ചുപാരാതെപുറപ്പെട്ടു

വീണാപാണിയാം മുനി കാണിനേരംകൊണ്ടങ്ങു
ചെന്നാൻലങ്കാപുരമകത്തുകടന്നാൻമെല്ലെ
നക്തഞ്ചരേന്ദ്രനപ്പോൾ ഭക്തിനമിച്ചുപാദേ
ഭക്തനാംമുനിതന്നെസ്സൽക്കരിച്ചിരുത്തിനാൻ
ധിക്കാരമദം ദശവക്ത്രൻമാമുനിയോടു
തക്കത്തിലുരചെയ്തുതൽക്കാലോചിതമെല്ലാം.

നാരദമുനിവര നിന്തിരുവടി താ-
നേതൊരുദിശിനിന്നിപ്പോൾവരുന്നു?
ആദരവോടരുൾചെയ്തീടുക ഭവ-
ദാഗമനത്തിനുമെന്തൊരുമൂലം?
വൃത്രാരിയുടെ ചരിത്രവിചിത്രം
ശ്രോത്രഗതങ്ങളതല്ലേ സുമതേ!
എത്രസമർത്ഥനതാകും നമ്മുടെ
പുത്രൻ രിപുകുലമർദ്ദനശീലൻ
വാസ്തോഷ്പതിയെസ്സമരംതന്നി-
ലമർത്തിബന്ധിച്ചാത്തരസാപുരി
ചേർത്തുകടത്തിയിതെന്നിങ്ങിനെചില
വാർത്തകൾ നീളെനടക്കുന്നില്ലേ
പാകാരാതിക്കവനായ വിരിഞ്ചൻ
ലങ്കാപുരിയിൽവന്നിഹനമ്മോടു
സങ്കടമേകിയകാരണമവനെ
ശൃംഖലയിന്നിഹമോചിപ്പിച്ചിതുഞാൻ
ലങ്കാനായകനാകുംനമ്മെ
ശങ്കിക്കാതിന്നൊരുവൻപോലു-
മഹങ്കാരങ്ങൾതുടങ്ങീട്ടുണ്ടെ-
ന്നെങ്കിൽനമുക്കതുകേൾക്കണമിപ്പോൾ
ത്രിഭുവനവാസികളെല്ലാം നമ്മുടെ
പ്രഭുതകൾകേട്ടുഭയാർത്തുന്നില്ലേ?
വിമതജനങ്ങളതെങ്ങാനുംമമ
സമതനടിച്ചുനടക്കുന്നോരുണ്ടോ
തണ്ടാർശരനെപ്പണ്ടൊരുനാളീശൻ
കണ്ണാൽചുട്ടുകരിച്ചൊരുശേഷം
രണ്ടാംകാമൻതന്നുടെജനിദശ-
കണ്ടതിതെന്നുധരിച്ചീടേണം
കണ്ടാലഴകേറുന്നൊരുനമ്മുടെ
തൊണ്ടിതൊഴുന്നൊരു ചുണ്ടും മുഖവും
കണ്ടാലാഗ്രഹമൊന്നാവാത്തൊരു
വണ്ടാർകുഴലികളുണ്ടോഭുവനേ

ചഞ്ചലമിഴിമാരെന്നെനിനച്ചവർ
പഞ്ചശരാർത്തികൾപൂണ്ടുമയങ്ങി
പഞ്ചതവരുമാറായിക്കിമപിച
ചാഞ്ചല്യത്തൊടുമരുവുന്നില്ലേ
ഈരേഴുലകിലുമിന്നിനിനല്ലാ-
ളീരാവണനെക്കൊണ്ടുദ്വേഷിപ്പവ-
രാരാനുംപുനരുണ്ടെന്നാലതു
നേരോടുപറഞ്ഞീടുക ഭഗവൻ
പങ്‌ക്തിഗളൻറെവചസ്സുകൾകേട്ടതി
സന്തോഷേണ പറഞ്ഞുമുനീന്ദ്രൻ
ഹന്ത ഭവാനുടെ കരബലവിരുതുകൾ
ചിന്തിച്ചാൽബഹുവിസ്മയമല്ലോ
സിന്ധുരബലനിൻസൂനുസുരേന്ദ്രനെ
ബന്ധിക്കുന്നതുകണ്ടുസുരന്മാ
രന്ധന്മാരവരോടിയൊളിച്ചൊരു
ഭന്തമിതിന്നാരറിയാതുള്ളു
രാവണനെന്നതുകേൾക്കുന്നേരം
ദേവകളൊക്കെവിറച്ചീടുന്നു
കേവലമിഹഞാൻഭേദംപറക-
ല്ലവർക്കുംഭയമുണ്ടിഹനിന്നെ
എങ്കിലുമുണ്ടൊരുവാർത്തകളിപ്പോൾ
ലങ്കാധിപതേ നിന്നൊടുണർത്താൻ
ശങ്കയുമുണ്ടതുപറവതിനും ശിവ
ശങ്കരയെന്നതുമാത്രംപറയാം
വാനവർവരനുടെമകനായിട്ടൊരു
വാനരനുണ്ടീഭുവനതലത്തിൽ
നാനാജനവുമാനിക്കുന്നഭ-
വാനെക്കൊണ്ടുദ്വേഷിച്ചീടുന്നു
ആശാവരനാംനിന്നെക്കൊണ്ടൊരു
കീശൻവളരെഹസിച്ചീടുന്നു
നാശമവന്നുവരുത്തീടാഞ്ഞാൽ
മോശംനിന്നുടെകാര്യമശേഷം
കല്യനവൻപറയുംമൊഴിനിന്നൊടു
ചൊല്ലുവതിന്നുഭയംകുറയുണ്ട്
പുല്ലാമിനിക്കുദശാസ്യനമൊക്കെയി-
തെല്ലാമവനുരച്ചീടുന്നു
നല്ലൊരുവടികൊണ്ടവനെത്തല്ലി
പ്പല്ലുകളൊക്കെയുതിർത്തീടുന്നവനെ

എല്ലുകളുമരിച്ചുതാക്കി
ക്കൊല്ലാക്കൊലചെയ്യുവനൊരുവനിൽ
നല്ലൊരുവള്ളിവലിച്ചുമുറുക്കി-
ട്ടെന്നുമിതിലുംകൊണ്ടുനടക്കണ-
മല്ലാരാക്ഷസരാവണസർവ്വക-
ളെല്ലാമിന്നുമരിക്കുകയില്ലാ
ഇക്കാലംപലതരമകനാംപുമ്പെ
വെക്കംചെന്നുപിടിച്ചുനമുക്കാ-
മർക്കടകീടനെനമ്മുടെലങ്കയി-
ലാക്കണമതിനഗമിക്കണമധുനാ
മൂക്കുമുലച്ചതാരെന്നുമകത്ത-
ക്കാഴ്ചമെഴുന്നും മങ്ങലയിട്ടോരു
മൂക്കിൽചപലതയൊരുകുറിതാച്ചു
തങ്ങുന്നമെന്നുമതിയാമൊള്ളു
ഇക്കണ്ടകിടങ്ങളുംകൂട്ടിച്ചാ-
നക്കപികൊള്ളാമെന്നതിനാൽ
ഇക്കണ്ടതിനുപുറപ്പെട്ടീടുക
രാക്ഷസകുലമവലംബിയാതെ

സുന്ദരാത്മൻമുനിയുടെവാക്കുകൾ
ചെന്താകോപമൊടതൊഴുസ്വം
കത്തനാശകുലാന്തകർമ്മുനി
യൊട്ടന്തരംപുനരന്തിരവം
കടക്കണംബാലപൊരുക്കമെന്നഥ
നടക്കണംപാപലരക്കടത്തിനോ-
ടടുക്കണംതടക്കണം പുന-
രൊതുക്കണസേകലമക്കടങ്ങളെ
കരത്താനെന്നടരത്തിലിന്നട-
നൊരുത്തനൻചിന്താടെരിക്കിലേക-
പുരത്തിലവനൊടയിരുത്തമെന്നു
വരുണമിന്നതിസമർത്ഥനാം ഞാൻ
വെരുത്തനമ്മളെമറന്നുസംപ്രതി
കരുത്തവാക്കുകൾഭ്രത്തവൻതല
തരുണ്ണതീയ്യതിൽപരുത്തവന്നൊടെ
ചെരുത്തഗർവ്വുമമത്തിടുംഞാൻ.

ഇത്ഥംബാലുപരാക്രമമുള്ളൊരു
നക്തഞ്ചരനാമെന്നുമഹിക്കമ-
ശക്തനതാകാവുന്നവരെനോ-
ടൊത്തെമിന്നിവനാചരിക്കേണം
കൊണ്ടാ തേരും കുതിരയുമാനര
കപ്പമാതരമഥതികടപ്പിൻ
ചേനുംപടയുടെകോപ്പുമെടുത്തഥ
മടങ്ങാതപ്പിൻമടിക്കരുതാതെ
അമർക്കളശേഖരാനന്ദനായി-
ട്ടുണ്ടൊരുവാനരനൊരുമിശിയിൽദശ-
കണ്ഠൻതന്നൊടുകൂട്ടാക്കാതെ
ശങ്കകളൊരോന്നാചെയ്യുന്ന
ശങ്കയുടങ്ങുന്നവനൊടുവാനര
കങ്കനെക്കൊലചെയ്യണമിപ്പോൾ
വെക്കംരാക്ഷസരൊക്കെനടപ്പിൻ
തക്കംനോക്കീട്ടവനൊടടുപ്പിൻ
മർക്കടവരനെത്തല്ലിക്കൊന്നതി-
രിക്കണമതിനഗമിക്കണമധുനാ
ഇതരമുചെയ്യുന്നതിലകനക-
രത്തിലടുന്നുപിടിച്ചുകൂവാണം
ഇത്ഥംചെയ്യുമ്പോളവനോ-
ടിത്ഥംകിമപിപറഞ്ഞമുനീന്ദ്രൻ
എന്തൊരുവിധമിതുപക്ഷിമുഖാ തവ
ചേന്നുപിടിച്ചവനെന്നുകണക്കെ
സ്വാന്തേരങ്ങടെകരബലമൊന്നും
ചിന്തിക്കാതെപറഞ്ഞിടുന്നു
മർക്കടവീര്യനതെങ്കിലുമിന്നൊരു
മർക്കടകീടനെയങ്ങുജയിപ്പാൻ
രാക്ഷസരൊക്കെനടക്കണമെന്നതി-
രൂക്ഷതയോടുപറഞ്ഞതുമുചിതം
ആയുധപാണികളായിട്ടൊരുപതി
നായിരമാളുകളാടിടചെന്നു
ചായിട്ടന്നുകൊള്ളാം പുനരട-
നായോധനമൊരുവാനരനോടു
ഈവകയൊന്നുംപറയരുതേമമ
രാവണചെരുകയില്ലവൊന്നും
സേവന്മാരാംഞങ്ങൾക്കും പുന-
രേവംവാക്കുകളുചിതവുമല്ലാ
വില്ലുംവേണ്ട ശരവുംവേണ്ടാ
വില്ലാളികളിവരാരുംവേണ്ടാ
നല്ലപരാക്രമമുള്ളവനൊരു
പുല്ലുംസംപ്രതിയൊലിയുമൊക്കം

കിങ്കരന്മാരെല്ലാംനാശമായത്തു
പാരമതെന്നുധരിച്ചീടേണം
കാശിന്റെപോലുംവിലപിടിയാത്തവ-
ശ്ശരീരിക്കവേണ്ടീസുഖമെല്ലാം
തായംനോക്കിച്ചെന്നങ്ങവന്നീടെ
കായമതിങ്കൽപിടിക്കേണ്ടതിന്നൊരു-
പായമതൊണ്ടാമതിന്നറിക -
ന്യായംതൊന്നാക്കൂടെരപ്പുറം
അല്ലാതെകണ്ടവന്നടനേരേ
എല്ലാമൊരുമിച്ചങ്ങിനെ ചെന്നാൽ
ല്ലുകച്ചാരങ്ങളുകണ്ടാൽ
ചല്ലമിളിച്ചോരരവംകൂട്ടി
ത്തെല്ലുംതാമസിയാതെധാവതി
ചെയ്യുംസംശയമില്ലതിനേതും
ചൊല്ലാംപിന്നെമനോരാജ്യങ്ങളു-
തെല്ലാമിന്നിഹപൊക്കതെന്നെ.

ഇത്തരമുരചെയ്യൊരുമുനിയുടെ
യുക്തികൾകേട്ടുദശാസ്യൻ
സത്വരമൊരുരഥത്തിന്മതിലുടനാത്തസുഖ-
ത്തൊടുകേറി
നാരദമുനിവീരനുമപ്പൊഴുതാശരവരനൊടു
കൂടി
രഥമതിലുടനങ്ങുകടന്നുകരേറിയിരുന്നിതുമന്ദം
രാവണനഥവേദമുനീശ്വരസേവകനായ
വല്ലഭൻ
യാനമതുചെയ്തിതുസരഭസമവനതിധീരന-
ഘോരൻ
അടവികൾപലവിടവികളുടനഥകടലുകടന്നു
നടന്നു
കൂരമലമുടയൊരുകപിവരനികടമണഞ്ഞു
പതുക്കെ
ക്ഷീരജലനിധിയുടെതടഭുവിരൂക്ഷതയോടു
നിതാന്തം
തൽക്ഷണകൃതതപ്പ്രസന്നവനെനിരീക്ഷ്യനിശാ-
ചരവീരൻ
വലുതായൊരുകലഗിരിയെന്നിതിനിജഹൃദി-
കരുതിയസമയേ
കനകകളുകിയാനനവനൊരുനലമൊടുവചന-
മുരച്ചു

കണ്ടാലുംനീബാലിയെവിരവോടു
വണ്ടാരണിയിലയംഭക്തൻ
നീണ്ടതിപ്പരുളന്നൊരുവാലും
കണ്ടാലധികഭയങ്കരമാകും
കണ്ടുകൊണ്ടാസാരമില്ലി-
തൊണ്ടനായകരുതിക്കാനെത്ര-
ക്കണ്ടാൽവാലുംപൊക്കിക്കൊണ്ടാ
മണ്ഡംരണ്ടതിനായില്ലിഹപക്ഷം
ഉണ്ടൊരുപായമതിന്നൊ ചിന്തു
മിണ്ടാതെചെന്നരികിൽകരമതു
കൊണ്ടുപിടിക്കണമെന്നാലായതു-
നിണ്ടകപ്പെട്ടുമുടനേതന്നെ
എന്തിനുതാമസമതിനിഹപുഴുതെ
ചിന്തിക്കേണ്ടവരാനൊരുതരമെല്ലും
ചന്തമൊടിങ്ങിനെചൊല്ലുംമുനിയൊടു
പങ്ക്തിമുഖൻതാനിദമുരചെയ്തു
അക്കപിവരനവനെങ്ങൻ
ദോഷംപറഞ്ഞുഫലിപ്പിക്കേണ്ടാ
ഇക്കാണുന്നൊരുപർവതമതിനെ
തെക്കവശത്തോബാലിവസിപ്പു
ചൊൽക്കൊള്ളുംദശകണ്ഠൻപറയും
വാക്കുകളിങ്ങിനെകേട്ടുമുനീന്ദ്രൻ
ഉൾക്കാമ്പിങ്കൽപുഞ്ചിരിതൂകി
യരക്കൻതന്നൊടുപിന്നെയുമോതി
പർവതമല്ലയിതയ്യോനമ്മുടെ
ഗർവിതഹൃദയൻബാലിയതല്ലോ
ശർവചോദനനീയിന്നവനെ-
പ്പൂർവസമാനായ്ക്കാണുകയല്ലേ
മുമ്പേതന്നെപറഞ്ഞില്ലേഞാൻ
ജൃംഭിതകായൻബാലിയതെന്നും
സംഭ്രമമേതുംവേണ്ടമനസ്സിൽ
സംപ്രതിചെന്നുപിടിച്ചുച്ചാലും
അൻപൊടങ്ങിനെകണ്ടാലവനതി-
ഗംഭീരനതെന്നങ്ങിനെതോന്നും
വമ്പേറുന്നൊരുവാനരനെക്കണ്ടാൽ
കമ്പമിയന്നൊരുകൊമ്പനൊരാവം
സംപ്രതമപ്പൊളൊരുകൊണ്ടങ്ങവതിരിയും
മുമ്പേചൊന്നാവാലുകടന്നിഹ

പിന്നെയെന്നു പിടിച്ചുതന്നാലും
ഞാൻ പൂണ്ണമൊന്നു വലിച്ചീടുന്നേൻ
ഉമ്പർമുനിയുടെ വാക്കുകൾ കേട്ടവ-
നമ്പൊടുകലെശൻതന്റെമകൻ
പുച്ഛിച്ചുമന്ദാപിതാവേറിയ
സംഭാവനമുള്ളൊരു ഭാവത്തെ
കാണിച്ചീടിനൊരാടിയുമവനുടെ
പെരുകിയോരുമാമർദ്ദനത്തിനു-
മമ്പിളിപോലെയുള്ളൊരു പല്ലും
കമ്പിച്ചീടിനനാസാഗ്രവും
പാതാളോപമമായൊരു വായും
ഘോരതരമുണ്ടാകും മുഖവും
നീണ്ടുതടിച്ചു വളർന്നകരാംഗുലികളു-
ണ്ടുംനൈരൂതായുള്ളൊരുവാലും
കണ്ടുവിരണ്ടുതിരിഞ്ഞിതുനാം ദശ-
കണ്ഠൻ മാമുനിയോടുരചെയ്തു.

ഇപ്പോൾ തരമില്ലിനിയൽപ്പനേരം കഴിയട്ടെ സ്വല്പം താമസിച്ചു പിടിപ്പാൻതരമാവൊള്ളു മൽപ്പുരമെന്നു പൊരാഞ്ഞില്ലം സമയമൊണ്ടെ-ന്നൽപ്പവിലേറച്ചാലും കേട്ടാലും മഹാമുനേ! മറ്റൊന്നു മുമ്പായിട്ടെല്ലാരും ഞാൻ പറയുന്നു തെറ്റെന്നെൻവണ്ടികളെമുറ്റുംകാൺമതിനത്രേ ഞാനൊന്നുകാണുന്നതൊരുകാൽക്ഷണംപൊറുക്കവാൻ രക്ഷനല്ലതാമെന്നും ശിക്ഷയോടറിഞ്ഞാലും പക്ഷെ ഞെന്നൊരു നോക്കെന്റക്ഷനെക്കണ്ടും-വച്ചു തൽക്ഷണം പോരുന്നേക്കാംഞാനൊന്നക്ഷണെബന്ധി-ച്ചേക്കാം ആടലില്ലിനിയിപ്പോളിന്നിമൂഢനെജ്ജയിപ്പാനെന്നോടു പിന്നെമറ്റൊരുകൂടെവേണമെന്നില്ല തോണ്ടനാകുന്ന ദശകണ്ഠന്റെ വാക്കുകേട്ടു ചെണ്ടക്കാരനാംമുനിവീണ്ടുമരുളിച്ചെയ്തു,

ഞങ്ങടെവിക്രമനിന്നുടെ വാക്കുക-
ളങ്ങനെയെന്നേ പറവാനുള്ളു
അർക്കനെക്കണ്ടെച്ചു വരാനൊരു
ആൾപ്പെട്ടും പുതരിപ്പോളുചിതം
കല്ലേറുന്ന ഭയമില്ലാതാനും
കല്പിക്കുന്നതു യോഗ്യതയല്ലാ
ഉൾപ്പൂവിൽ ഭയമുണ്ടെന്നാകിലും
ഇല്ലിങ്ങും ചിലരിങ്ങനെയോതാം
അച്ഛൻ തന്നുടെ വരവുംനോക്കി
കൊച്ചുകിടാങ്ങളിരിക്കുന്നേരം
ഉച്ചപ്പദാർത്ഥമതെങ്കിലുമിന്നൊരു
കാഴ്ചയവർക്കൊരുക്കാനമിപ്പോൾ
നല്ലാതെകണ്ടവരുടെ മുമ്പിൽ
ചെല്ലാനൊരുസുഖമില്ലനിനച്ചാൽ
നല്ലപദാർത്ഥമതിന്നിവനിപ്പോൾ
നല്ലൊരു സമയം ചെന്നു പിടിപ്പാൻ
വല്ലാതെ ശങ്കിച്ചും കൊണ്ടിനി
നില്ലാതെ ചെന്നങ്ങു പിടിപ്പാൻ
ചൊല്ലേറുന്ന ഭവാന്റെ മനസ്സിൽ
കില്ലുവരാനിതിലില്ലെന്തൊരുമൂലം.

പ്രൗഢനാം നാരദന്റെ ചാടുമൊഴികൾകേട്ടു മൂഢമതിയാമവൻ ഗൂഢമദനായിനി പ്രൗഢബലൻബാലിയുടെ പാടവമോർത്തിടാതെ ചാടിച്ചെന്നക്കപീന്ദ്രനോടടുത്തുമെല്ലെ കൂടക്കൂടവേമുനിയോടു കടാക്ഷിക്കയും ഓടിച്ചെന്നടുക്കയും പേടിച്ചിങ്ങൊഴിക്കയും ഇങ്ങിനെ പലവട്ടമോങ്ങിയുമടങ്ങി വാങ്ങിയുമുള്ളിൽ ഭയംവിങ്ങിയമന്ദകണ്ടാൽ ചെങ്ങാതിയാകും മുനിതിങ്ങിനരസംപൂണ്ടു ഭംഗിയിൽ പറയുന്നു ലാംഗൂലം പിടിയെന്നും തൊട്ടവൻ രാവണനൊന്നും മിണ്ടാതടുത്തു പിമ്പെ നീണ്ടുതടിച്ചവാൽകരംകൊണ്ടുപിടിച്ചു പോയി

ഒരു കൈകൊണ്ടാവാനരവരനുടെ
പെരിയൊരുവാലു പിടിച്ചൊരു സമയേ
ഹരിയൊരു സംശയമെന്യേകരമതു
വരിയുന്നു നിജവാലതുകൊണ്ടു
അപ്പോഴേരം ദശകന്ധരനവനൊരു
പതിവുപിഴച്ചൊരു ഭാവത്തോടെ
പഴുതൻ മുനിയുടെ മുഖമതുനോക്കി
ഗതിയിനിയെന്തെന്നിതികാട്ടുന്നു
ഇതിമറ്റേക്കൈകൊണ്ടു പിടിപ്പാൻ
മുതിരേണ്ടെന്നു വിളിച്ചു പറഞ്ഞു
നിന്ദാവചനം കരയുന്നൊരു ഭാവം
മനംവെറുപ്പു പുനരൊന്നു തെളിഞ്ഞു

രണ്ടാമത്തെക്കൈകൊണ്ടഥദശ-
കണ്ഠൻവാലു പിടിച്ചൊരു സമയേ
രണ്ടുകരങ്ങളുമൊരുമിച്ചഥവാൽ
കൊണ്ടുമുറുക്കിവരിഞ്ഞിതുബാലി
രണ്ടുകരംപുണയത്തിലതായതു
കണ്ടില്ലയിന്നെൻെറ മുനീന്ദ്രാ!
ചെണ്ടപിണച്ചാൻ തന്നെനമ്മെ
ക്കൊണ്ടിഹപോന്നവനിവിടേയ്ക്കു
ഇണ്ടലൊടിങ്ങനെ രാവണനേവം
കണ്ടുരസിച്ചുമുനീശ്വരനപ്പോ
നീണ്ടുതടിച്ചൊരുകൈകളതിരുപതു
കൊണ്ടുംതെരുതെരെയങ്ങുപിടിക്കാ
നാരദമുനിയുടെ വാക്കുകൾ കേട്ടതി
നീരസികൻ നിശിചാരികുലേന്ദ്രൻ
ഇരുപതുകയ്യുകൾകൊണ്ടും പരിചൊടു
തെരുതെരെവാലുപിടിച്ചൊരുസമയേ
രാത്രിഞ്ചരനുടെ ഗാത്രമശേഷം
കോർത്തുവലിച്ചു വരിഞ്ഞിതുവാലാൽ
തീർത്ഥസ്നാനം ചെയ്യിപ്പിച്ചുകൃ-
താർത്ഥനതായിതു ബാലിയുമപ്പോൾ
ചിത്താനന്ദം പൂണ്ടുമുനീശ്വര-
നിത്ഥംനിന്നുവിളിച്ചുപറഞ്ഞു
രേരേരാവണലങ്കാധിപതേ!
പോകുന്നേനഹമമ്പൊടു നൃപതേ
ശോകമതേതുംവേണ്ടഭവാനു വി-
വേകമൊരല്പം വേണംതാനും
വൈകാതിഹഞാൻ ചെന്നുഭവാനുടെ
നാകാധിപനെ ജയിച്ച കുമാരനൊ-
ടാകെച്ചെന്നിവകണ്ടുപറഞ്ഞതി
വേഗംകൂട്ടിക്കൊണ്ടുവരുന്നേൻ
എന്നിങ്ങനെ പരിഹാസമതായോ-
രോന്നു പറഞ്ഞുനടന്നുമുനീന്ദ്രൻ
നക്തഞ്ചരവരനക്കപിതന്നുടെ
സക്ഥിയതിങ്കൽ ബദ്ധനതായി
ബുദ്ധിക്ഷയവും പൂണ്ടു കിടന്നവ-
നത്തൽമുഴുത്തു കരച്ചിൽ തുടങ്ങി

പദം.

പാഹിപാഹിപരമേശ! ദേഹിദേഹിദയാ-
മെങ്കൽ
സാഹസങ്ങൾ കൊണ്ടുവന്ന സങ്കടം തീർക്കാ
ഇന്നു മൂട്ടംഭഗവാനേ! ഇന്നതൊന്നിക്കരങ്ങളി
ൻെറ
പിമ്പിൽവന്നാകപ്പെട്ടുപോയെന്നാതേവേണ്ടു
ഇന്നിതൊന്നെത്രനാളിഹചെന്നിന്നായിക്കിടക്കേ-
ധന്യശീല! പ്രസാദിക്ക കിന്നരപൂജ്യാ [ണ്ടു
ഉപ്പുവെള്ളം കുടിച്ചിട്ടും വീർപ്പുതട്ടുംപോവാ-
ത്രാല്പമല്ലെന്നുടെ ഖേദംമുപ്പുരാരാതേ [ഞ്ഞിട്ടും
ധിക്കാരമേററമെന്നാലതൊക്കെയുംനീ ചാദി-
മക്കനെക്കൊണ്ടെന്തിനമർത്തിക്കുന്നു [ക്കാതെ
നിന്തിരുവടിയല്ലാതെപരഗതികണ്ടനാരുമൊരു
ബന്ധുവില്ലെന്നറിഞ്ഞാലും ബന്ധുരമൂർത്തേ!

ഇങ്ങിനെ നിശിചരപുംഗവനവനുടെ
അംഗമതിങ്ങു പ്രസംഗംപോലുമ-
നങ്ങാൻമേലാഞ്ഞംഗജരിപുവിനെ
യങ്ങുവിളിച്ചു കരഞ്ഞതുകൊണ്ടും
എങ്ങുമൊരല്പം ദുഃഖത്തിന്നൊരു
ഭംഗംവരികയുമുണ്ടായില്ലാ
ഭംഗമതായശരീരംവന്നിഹ
വീങ്ങുന്നിതു ദിവസം പ്രതിയധികം
ഊക്കേറുന്നൊരു ബാലിയുമവനെ
തൂക്കിക്കൊണ്ടഥ വാലധിതന്നിൽ
തക്കംനോക്കീട്ടുക്കടലിന്നു പൊ-
ട്ടക്കെന്നമ്പൊടു ചാടിയസമയേ
പൊണ്ണൻ രാവണനവനുടെ പിമ്പൊരു
ഭാണ്ഡംതൂക്കിയതെന്നകണക്കേ
കണ്ണുകളൊക്കെമിഴിച്ചുതുറിച്ചതി
ദണ്ഡംപൂണ്ടഥകൂടെച്ചാടി
പശ്ചിമജലനിധിതീരേചെന്നുവ-
സിച്ചിതുബാലിയുമുടനേതന്നെ
നിശ്ചലഹൃദയൻ തർപ്പണമവിടെയു-
മിച്ഛയൊടങ്ങുതുടങ്ങിപതുക്കെ
പുച്ഛം കൂടക്കൂടെജലത്തിൽന-
നച്ചുംകൊണ്ടുകളിച്ചുരസിച്ചും
ഒച്ചയില്ലെല്ലാമധിപതിയാമവ-
നിച്ഛയ്ക്കൊത്തതു പോലെനിതാന്തം
നാലുസമുദ്രങ്ങളിലുമിവണ്ണം
കോലാഹലമായ് തർപ്പണമനവധി

കാലം ബാലിദശാസ്യനെ വിരവൊടു
വാലേൽക്കെട്ടിക്കൊണ്ടുകഴിച്ചു.
ഉപ്പുജലങ്ങൾ കുടിച്ചു കുടിച്ചു വി-
ശപ്പും ദാഹവുമേറിവാൻ മേലാ-
ഞ്ഞെപ്പൊഴുമവനൊരു പൊറുതിയുമില്ലാ-
ഞ്ഞറ്റുപ്പിരിഞ്ഞു കഴിഞ്ഞു തന്നെ
അക്കാലത്തൊലങ്കാപുരിയിൽ
ചൊൽക്കൊണ്ടീടിന ശക്രജിദാദ്യർ
നിഷ്കണ്ടകരായുള്ളനിശാചരർ
നിത്യം സഭയിലിരുന്നാം കൊണ്ട-
ങ്ങച്ഛൻ തന്നുടെ വാർത്തകളറിവാ-
നിച്ഛിച്ചൊരുവനെ ഉടനുവിളിച്ചു
പുച്ഛമതഞ്ചുമടക്കിക്കൊണ്ടവ-
നൊച്ചാനിച്ചു പുരോഭുവിചെന്നു
രാവണിയവനോടുരചെയ്തിതുമമ
സേവകനീയിഹ വരികസമീപേ
രാവണവാക്കുകളറിയാഞ്ഞിട്ടിഹ
രാവും പകലുമതൊരു സുഖമില്ലാ
നാരദമുനിയൊരു നാളിഹവന്നു
നാഥനിരിക്കുന്നൊരു ദിശിചെന്നു
സാരമതായ് ചിലകഥകൾ പറഞ്ഞു
സാദരമച്ഛനുമൊന്നു തെളിഞ്ഞു
ഇരുവരുമൊത്തു പുറപ്പെട്ടൊരു
ഹരിയെജയിപ്പാനെന്നും കേട്ടു
പെരികെക്കാലമതായിട്ടൊരു
തിരിയെവരുന്നതുകാണുന്നില്ല
നാരദമുനിയുടെ കപടത്തൊഴിലിനു
നേരറിയാതെ പുറപ്പെട്ടെന്നാ-
ലാരെങ്കിലുമൊരു ചെണ്ടപിണയ്ക്കും
പോരാത്തവനിഹനാരദനല്ല
കണ്ണിൽക്കണ്ടജനങ്ങളെയെല്ലാ-
മെണ്ണിക്കൊണ്ടു ചതിച്ചു നടക്കും
ഖണ്ഡിച്ചുരചെയ്യാമിവയൊന്നും
വിണ്ണിലൊരുത്തരുമറിയാതില്ല
മുന്നമിവൻതാൻ മോഹയശാപനൊടു
ചെന്നങ്ങൊരു ചിദമേഷണികൂട്ടി-
ച്ചൊന്നിഹനമ്മുടെ താതനിരിക്കും
മന്ദിരസീമനിവന്നു ചതിക്കെ

ഒന്നുമറിഞ്ഞീടാത്തൊരു താതനെ
അന്ധിപ്പിച്ചിഹ കൊണ്ടുതിരിച്ചു
മന്നവവരനൊടു സന്നാഹത്തിനു
പിന്നൊരുതാതനുമാരംഭിച്ചു
ആയോധനമതിലച്ഛനെമന്നവ-
നായുധപാണിയതാക്കിജയിച്ചാ
കാരാഗൃഹമതിലാക്കിയവൻ ബഹു-
കാലം തത്രകിടന്നിതുജനകൻ
ബന്ധനമാശുവെവിട്ടിച്ചുപുന-
രന്നുപിതാവിനെ മടികൂടാതെ
മാന്നിക്കുണ്ടജനങ്ങളതില്ലാ-
ഞ്ഞങ്ങിനെയച്ഛനുവന്നുഭവിച്ചു.
ഇങ്ങിനെയുള്ളൊരു സംഗതിയിനിയുമി-
യുണ്ണിയിരിക്കെവരുന്നതുമല്ലാ
എന്നാലുംകരുതീടുകവേണ-
മെന്നാലൊന്നുമസാദ്ധ്യവുമല്ലാ
വാനരവരനായിട്ടുമവന്നുടെ
വാലുപിടിച്ചുടനവനെക്കെട്ടി
കോലാഹലമായങ്ങുവിളിച്ചിഹ
കൊണ്ടുവരാനായ് പോയൊരുതാതൻ
തൻപിന്നൊടിന്നവൻചെന്നവിടെ
ബന്ധനമായിക്കഴിഞ്ഞോ എന്നും
എന്തൊരുതാമസമങ്ങതിനെന്നുമു-
ദന്തമതൊക്കെയറിഞ്ഞുവരേണം
ചാലേചെന്നുവരാനായ് വളരെ
ക്കാലവിളംബംവന്നാൽനിന്നെ-
ക്കാലപുരത്തിനയപ്പാനച്ഛനു
കാലാണേതും സംശയമില്ലാ.

ഉണ്ണിത്തമ്പുരാനിത്ഥം ഖണ്ഡിച്ചുകല്പി-ച്ചൊരു
ദണ്ഡത്തെക്കേട്ടപ്പൊണ്ണൻതിണ്ണെന്നനടകൊ-ണ്ടാൻ
പ്രാണഭയംകൊണ്ടവൻകാണിയും വൈകീടാ-തെ
പാണികൾവീശിക്കൊണ്ടുപാഞ്ഞുനടക്കുന്നേരം
തെക്കേസമുദ്രത്തിൻറവക്കത്തങ്ങൊരുദിക്കി-ൽ
വിക്രമമേറുംബാലീമർക്കടംവസിക്കുന്ന
ന്നക്കപിവീരൻതന്നെനോക്കുമ്പോളവന്നുടെ
പിന്നിലാമ്മാറുകണ്ടുതന്നുടെതമ്പുരാനെ

വാലുകൊണ്ടവൻറ കോലങ്ങളെല്ലാം ചുററി
കാലുംകയ്യുമനക്കാൻമേലാതെവലയുന്നു
വീണാധരനുമില്ലാകാണാനരികത്തെങ്ങും
ചെന്നാന്രാവണനെൻറനാണക്കേടെന്തു ചൊല്ലു
ഊണുമുറക്കമിവകാണിയുമില്ലാകഷ്ടം
പ്രാണഭക്ഷണമെത്രവേണമെന്നാലുംകിട്ടും
രാവണവർത്തമാനമേവമറിഞ്ഞുകൊണ്ടു
രാവണിതൻറദൂതൻരാത്രിഞ്ചരൻനടന്നു
ഇമ്പമോടവനുണ്ണിത്തമ്പുരാൻതൻറതിരു-
മുമ്പിലാമ്മാറചെന്നുകുമ്പിട്ടുകൂപ്പിനിന്നാൻ
ദൂതനെക്കണ്ടധികംപ്രീതനാംമേഘനാദൻ
യാതുധാനനോടാശു ചോദിച്ചുവൃത്താന്തങ്ങൾ

രാവണനെങ്ങുനിശാചരവീരാ
രാവണനങ്ങുപയോനിധിതീരെ
ആയവിടെപ്പുനരെന്തുവിശേഷം
ആയവിടെബ്ബൃതനല്ലവിശേഷം
ബന്ധനമാശുകഴിഞ്ഞോദൂതാ
ബന്ധനമാശുകഴിഞ്ഞതെ നാഥാ
എന്തൊരുതാമസമിനിയവിടത്തിൽ
എന്തെന്നൊന്നുമറിഞ്ഞില്ലടിയൻ
അന്തികസീമനിനാരദനുണ്ടോ
അന്തികസീമനിനാരദനില്ലാ
പന്തിയതല്ലെന്നാകിൽകാൎയ്യം
പന്തിയതല്ലെന്നടിയനുമുണ്ടു
പരമാൎത്ഥംനീബോധിച്ചില്ലേ
പരമാൎത്ഥംബോധിച്ചേനടിയൻ
എന്നാലായതുകേൾക്കണമിപ്പോ-
ളെന്നാലടിയനുണൎത്തിച്ചീടാം
അന്തകതുല്യനതായിട്ടൊരുവന-
ജന്തുവവൻ നിജവാലതുകൊണ്ടു
പങ്ക്തിമുഖപ്പെരുമാളെപ്പൃഷ്ഠേ
ബന്ധിച്ചുംകൊണ്ടംഗമശേഷം
വാരാന്നിധിയുടെതീരെദ്ദൂരേ
പ്പാരാതടിയനുമങ്ങിനെകണ്ടു
പാരംഭീതികലൎന്നമനസ്സി-
നാരാലടിയനുമോടിപ്പോന്നു
വട്ടക്കണ്ണും ചലിയൊരുമുഖവും
ഒട്ടുവളഞ്ഞൊരുദംഷ്ട്രാളികളും
പൊട്ടററിടിനപൊരിയൊരുമുഷ്ടം
നിഷ്ഠുരതരമായുള്ളൊരുടനാക്കം
പെട്ടെന്നിങ്ങിനെകാണുന്നേരം
വിഷ്ടപവാസികളെല്ലാമൊട്ടും
ഒട്ടല്ലവനുടെവിക്രമമോൎത്താ-
ലൊട്ടേയടിയനുണൎത്തിച്ചുള്ളു.
ദുഷ്ടനവൻബാഹുപുഷ്ടമദൻനിജ
പൃഷ്ഠംതന്നിൽകെട്ടിമുറുക്കി
പ്പെട്ടുകിടക്കുംനമ്മുടെമൂപ്പരേ
ഒട്ടുമവന്നൊരുകരുണയുമില്ലാ
കെട്ടുപിണഞ്ഞുകിടന്നാൽവിഷ്ടും
മുട്ടമതിന്നുംസംശയമില്ലാ
ഒട്ടുദിനങ്ങൾകഴിഞ്ഞാലച്ഛനെ
വിട്ടുഗമിക്കുംപ്രാണനുമുടനേ
വട്ടംപന്തിയതല്ലപിതാവിനു
കോട്ടംവരുവാൻകാലമടുത്തു.

നിശിചരഭടനുടെവചനമിദം
നിജഹൃദികരുതിയ സമയമതിൽ
ദശമുഖസുതനിദമരുളീഗിരം
ദശദിശിമുഴങ്ങുമാറധികതരം
ശതമഖസുതനുടെ ചതിവതിലും
ശതഗുണമധികമെൻ ചതുരതകൾ
സുരപതിപിതൃപതിജലപതിയും
ധനപതിയനവധിജനതതിയും
വിധിയുമാജലനിധിമകൾപതിയും
രതിപതിയെക്കരിച്ചപശുപതിയും.

ഇങ്ങിനെയുള്ളവരൊക്കെയുമിന്നാ-
ളെങ്ങാതിക്കസഹായമതെന്നാ-
ലിങ്ങുകൊണ്ടൊരുകോട്ടവുമില്ലവി-
ധങ്ങളിലേതും കോട്ടവുമില്ലാ
സംഗതിക്രൂരതെന്നുടെജനകനു
ഭംഗമതിന്നിടകൂട്ടുകിലവനെ
സംഗരസീമനികൊല്ലുവതിന്നുപ്ര-
സംഗംസംശയമില്ലനമുക്കും
പേടിപെരുത്തുവനങ്ങളിലെല്ലാ-
മോടിച്ചാടിനടക്കുന്നമര
രോടിയവനുടെനേരേകൊണ്ടു-
ച്ചാടിപ്പിച്ചതുനാരദനത്രേ

താടിക്കാരൻ്റെ മാതിരി നിറഹ
രോടികൾ പലവിധമാനങ്ങൾ
മോടിയോടുതാനുരുവീണയുമായി
പ്പാടിപ്പലവിധമാംകൃതികൾ
തേടിക്കൊണ്ടുടനങ്ങവനൊടെ
താടികരിച്ചുവിട്ടന്നൊണ്ടടനെ
ഇത്തരം പലപല വാക്കുപറഞ്ഞവ-
നാത്തരംഗാശര താപമെട്ടുള്ള
രെത്തെന്നീമനിലെന്നകരേറി
പീത്തമെത്തൊട്ടയാത്രയുമായി
ബലമേറ്റമയാസുരനപ്പോ-
ളുത്തിയട്ടുള്ളുതട്ടത്തിട്ടുതേരും
പൌത്രൻതന്നൊടെപാണിപിടിച്ചുനി-
ലത്തയ്യൂരിങ്ങുപള്ളക്കെയിറക്കി
ഉണ്ണീസാഹസമരുതരുതെന്നീ-
വണ്ണമൊരേന്നപറഞ്ഞുതുടങ്ങി
വിണ്ണിലൊരുത്തനുമിന്നനിനച്ചാൽ
നിർണ്ണയമവനൊടുനില്ക്കുകയില്ലാ
കേവലമവനൊരുവാനരനെന്നാ
രാവണനിനികരുതീടുകവേണ്ടാ
രാവണനവനൊടുപോരിനുപോരാ
ഏവമവൻ്റെ പരാക്രമമെല്ലാം
പണ്ടൊരുനാളാസുരവരപുരിയിൽ
കണ്ടുരസിപ്പാനിന്ദ്രൻതന്നുടെ
വണ്ടാർകുഴലികളാം തരുണികളെ-
ക്കൊണ്ടൊരുനാടകമാടിപ്പിച്ചു
ആയതമിഴിമാരല്ലാതൊരുവ-
ർക്കായതുകാണാൻകല്പനയില്ലാ
ന്യായമതൊക്കെയറിഞ്ഞൊരുകാശ്യപ-
നായതുകാണണമെന്നുമുറച്ചു
മായമിയന്നൊരുമാനിനിതന്നുടെ
കായവുമങ്ങുധരിച്ചുനടന്നാ
ദേവാലയമതിലങ്ങുകടന്നു
ദേവസ്ത്രീകടെനടനംകാണ്മാൻ
ഭാരുണർതരുണീവരിവുചമഞ്ഞൊ
വിരുണൻമുന്നിൽകണ്ടതുനേരം
അലർശരശരമേറ്റമരാധിപനുടെ
ആലസ്യതയെന്തും പറവാൻമേലാ
ചലമിഴിയാളെക്കണ്ടൊരുവലഹര
നലമലമിപ്പെണ്ണെന്നുവിലക്കി
തരുണീമണിയുടെവടിവുചമഞ്ഞോ-
രരുണനെയരികിൽവിളിച്ചുസുരേന്ദ്രൻ
മഞ്ജുളഭാഷിണിയോടൊരുമിച്ചഥ
കഞ്ജശരോത്സവനാടകമാടി
മഞ്ജുളനായൊരുബാലനുമവിടെ
സഞ്ജാതനതായ്ത്തീർന്നതദാനീം
കല്യനതായകുമാരനെയിന്ദ്രന-
ഹല്യയ്ക്കായിക്കൊണ്ടുകൊടുത്തു
ഗൌതമമുനിയുടെപത്നിയുമവനെ
ക്കൈതുകമോടുവളർക്കുംകാലം
ഗൌതമനൊരുനാളങ്ങവനെനിജ
ചേതസികോപംപൂണ്ടുശപിച്ചു
മുനിയുടെശാപംകാരണമവനൊരു
വനമൃഗമായിത്തീർന്നിതുബാലി
കിഷ്കിന്ധാപുരിതന്നിലനേകം
മുഖ്യവനൊരുമർക്കടവരരതി-
ലൊക്കെയ്ക്കുംയജമാനനതായി
ശ്ശക്രസുതൻമരുവീടുംകാലം
വിക്രമമേറുന്നമ്മുടെനന്ദന-
നക്രമശീലനതാകിയദുന്ദുഭി
ദിക്കുകളൊക്കെജയിച്ചുനടന്നൊരു
ധിക്കാരങ്ങളടക്കരുതാഞ്ഞവൻ
അക്കപിവരനെച്ചെന്നുവിളിച്ചാ-
നൂക്കേറുന്നൊരുദാനവവീരൻ
മർക്കടവരനവനൽക്കടകോപാൽ
വെക്കമെതിർത്തങ്ങവനുടലമ്പൊടു
ഞെക്കിക്കൊന്നുകളഞ്ഞതിവീരൻ
വെക്കംബാലിതിരിച്ചുനടന്നു
ശക്രസുതൻ്റെ പരാക്രമമെല്ലാ-
മൊക്കെയുമിന്നുരചെയ്യാമോരോ
വിണ്ണവർപണ്ടമൃതത്തിനുവാരി-
ധിമഥനം ചെയ്യാനായി
പൊന്നിൻവാസുകിപാശമതായി
തിണ്ണംരണ്ടുവശത്തുംനിന്നാ
മന്ദരപർവതമെന്നതുകൊണ്ടൊരു
മത്തുംതീർത്തുപിടിച്ചുവലിപ്പാൻ

അങ്ങൊരുതലയത്തുദൈത്യന്മാരും
ഇങ്ങൊരുതലയതമർത്ത്യന്മാരും
രണ്ടുവശംനിന്നങ്ങുപിടിച്ചുവലി-
ച്ചുടനങ്ങുവലിച്ചുവലിച്ചവ-
രിങ്ങൽമുഴുത്തവരെല്ലാംപരിചൊടു
കുണ്ഠിതഹൃദയന്മാരായ്നിന്നു
കുന്ദതരബലനാകിയബാലി
രണ്ടുകരംകൊണ്ടങ്ങുപിടിച്ചൊരു
രണ്ടുവലിച്ചുതിരിച്ചവനമ്പൊടു
കുന്ദരഗിരിഹനിന്നൊരുസമയേ
പമ്പരമെന്നകണക്കെപർവ്വത-
മമ്പൊടങ്ങുതിരിഞ്ഞുതിരിച്ചിതൊ
രഞ്ചുനാഴികനേരംനിന്നു
അംഭസ്സൊന്നുകലങ്ങിമറിഞ്ഞുട
നംഭോനിധിതടമങ്ങുകവിഞ്ഞു
ജംഭാരാതിപ്രഭൃതികളായുള്ള
സംഭാവനവും ചെയ്തു തെളിഞ്ഞു
അടിയിലടിഞ്ഞു കിടന്നവരെല്ലാ-
മുടനുടനങ്ങിനെ വന്നിഹപൊങ്ങി
തടിയൻവൃക്ഷശമിയ്ക്കാഞ്ഞിട്ട-
ക്കടകോൽ മൂഢാപിനിന്നുതിരിഞ്ഞു
പാശമതാകിന വാസുകിവലിയൊരു
കീശൻതന്നുടെ കരമർദ്ദനമതി-
ലാശുതളൎന്നു മലൎന്നവനങ്ങൊരു
കാശിനുകൊള്ളരുതാതെ ചമഞ്ഞു
ഘോരവിഷത്തെച്ഛർദ്ദിച്ചു ബഹു
ഘോരയുമതിനൊടു കൂടിത്തന്നെ
നാരായണനും പരമേശ്വരനും
നാന്മുഖനും നിജനാനാജനവും
വാനരവരനുടെ വിരുതുകൾ കണ്ടട-
നാനന്ദിച്ചു രസിച്ചുനിതാന്തം
ദുഗ്ദ്ധാംഭോധിയിൽ നിന്നുജനിച്ചൊരു
മുഗ്ദ്ധാപാംഗിയതാകിയതാരയെ
ദുഗ്ദ്ധാംഭോധിശയൻമടിയാതെ
വിദഗ്ദ്ധൻബാലിയ്ക്കങ്ങുകൊടുത്തു
അത്രമഹാബലനാകിയബാലിയൊ-
ടൊത്തവാൻ ചെന്നേററീടൊല്ലാ

ശത്രുതയെല്ലാം നിങ്കലഹോദശ-
വക്ത്രൻതന്നിലതല്ലറിയേണം
വൃത്താന്തകനെബ്ബന്ധിച്ചൊരുപക
യെത്രയുമുണ്ടവനുള്ളിലിദാനീം
പൌത്രനിനക്കിന്നിവനൊടെതിൎപ്പാൻ
മാത്രംശക്തിയുമുളവായില്ല
വിഷ്ണുവവരനെ ജയിക്കുകകൊണ്ടാ-
പ്പൊണ്ണൻ കണ്ണിനു നിന്നെക്കണ്ടാൽ
ദണ്ഡധരൻെറ പുരത്തിലയയ്ക്കും
നിൎണ്ണയമതിനൊരു സംശയമില്ലാ
ഉണ്ണീനീയിന്നൊന്നിനു പഴുതേ
ദണ്ഡിപ്പതിനു തുനിഞ്ഞീടൊന്നു
കണ്ണില്ലാത്തൊരുപൊണ്ണൻകാഴ്ചകൾ
കാണാനിച്ഛിക്കുന്നതുപോലെ
കതിപയദിവസംചെല്ലുന്നേരം
മതിയിലൊരാർദ്രതബാലിക്കുണ്ടാം
അതിനിടയിൽ ചില ഗോഷ്ഠിതുടൎന്നാ-
ലപജയമൊണ്ടതുമോർത്തീടേണം
ശിതിഗളസേവകനാംതവജനകനു-
മതുവരെയുംപുനരവിടെത്തന്നെ
പതിവുപിണഞ്ഞുകിടന്നീടട്ടെ
ഗതികേടിനു പുനരെന്തിഹചെയ്യാം
ഇങ്ങിനെപലപലയുക്തികൾകൊണ്ടു
ടങ്ങിയയാത്രയുമവിടെമുടക്കി
അങ്ങുമയൻനടകൊണ്ടൊരുശേഷമ-
ടങ്ങിയിരുന്നാൻ രാവണനിതാനും.

അക്കാലംകിഷ്കിന്ധയിൽമുഷ്കരന്മാരായുള്ള
മർക്കടന്മാർ പലരുംക്കടരവത്തോടെ
ശക്രസുതനാംബാലിമർക്കടാധിപൻപോയ-
തക്കത്തിലവരൊക്കെത്തക്കയിരുന്നുംകൊണ്ടു
കുട്ടിക്കുരങ്ങുകടെ കൂട്ടത്തെവിളിച്ചിങ്ങു
പാട്ടും പഠിപ്പിക്കുന്നു ഓട്ടം പഠിപ്പിക്കുന്നു
പാട്ടത്തിൽ പിഴച്ചെന്നാൽ കൂട്ടത്തിലാരുംപി-
ക്കുട്ടുകയില്ലവന്നെന്നാട്ടോടെയറിഞ്ഞാലും [ന്നെ
പെട്ടെന്നീജാതികൾക്കു പാട്ടങ്ങളേവമല്ലോ
കുട്ടികളാകും നിങ്ങൾകേട്ടുകൊള്ളുവിനെല്ലാം
പട്ടറരാവം പലകാട്ടേണം പല്ലിളിച്ചു
കൂട്ടേണംകൂടി ചില പാട്ടുകൂട്ടങ്ങളെയും

ചേവട്ടുവരും ചില പെട്ടികളുമായ് പല-
രോട്ടിയടുക്കുന്നേരം കാട്ടിടെയൊളിച്ചുകൂടും
വാട്ടമകന്നു മരക്കൂട്ടത്തിൽ ചാടുന്നേരം
പൊട്ടിച്ചാടിയാലൊരു കോട്ടംവരികയൊട്ട്
ഇങ്ങനെ പല പല സംഗതിയുള്ളതെല്ലാം
നിങ്ങളറിഞ്ഞു നല്ലഭംഗിയിൽ പാടിക്കേണം
വൃദ്ധകുരങ്ങന്മാരിതരംകുട്ടികൾക്കോരോ
ബുദ്ധിപറഞ്ഞു സഭാമദ്ധ്യേവസിക്കുന്നേരം
ചൊല്ലൊണ്ടുന്നൊരു ബാലിയുമത്തനാൾ
തർപ്പണമങ്ങു കഴിച്ചുപതുക്കെ
കിഷ്കിന്ധാപുരഗോപുരസീമനി
പുക്കുടനങ്ങുകടന്നൊരുസമയേ
ചൊല്ലേറുള്ളൊരുമർക്കടവരരുടെ
തിക്കുംമുഷ്കുംധിക്കാരങ്ങളു-
മൊക്കെയൊഴിച്ചു തെരിക്കെന്നവരവർ
ദിക്കിനുപാറിവസിച്ചുതുടങ്ങി
ദിക്കുകളൊക്കെജ്ജയിക്കും വിക്രമി
ശക്രസുതൻ ദശവക്ത്രനെവാലിൽ
ത്തൂക്കിക്കൊണ്ടുടനക്കപിവീരരി-
രിക്കുംസഭയിൽ ചെന്നുകടന്നു
ബദ്ധാനന്ദം പുംഗവരപ്പോ-
ളുത്ഥാനം ചെയ്താശുവണങ്ങി
ഉദ്ധതബലനാം ബാലിവസിച്ചാൻ
മദ്ധ്യേസഭമൊരു മണിപീഠത്തിൽ
ദുഷ്ടശാസനനുടെ പൃഷ്ഠംതന്നിൽ
രാക്ഷസരാജൻതന്നെക്കണ്ടതി-
രൂക്ഷന്മാരായീടുന്നൊരുപിം-
ഗാക്ഷന്മാരവർ തമ്മിലുരച്ചു
നോക്കെടമുത്തകരങ്ങച്ചന്റെ
കാല്ക്കീടയിൽ പുനരെന്തൊരുവസ്തു
മർക്കടവരരേകാണ്മിനതുപുന-
രക്കടലീന്നുകിടച്ചതുപോലും
അംഭോനിധിയുടെനടുവിൽപലപല
ഗംഭീരന്മാരൊണ്ടൊരുകൂട്ടം
വമ്പിച്ചീടിനവായുപൊളിച്ചുട
നങ്ങസ്ത്രീകൾ പറഞ്ഞുനടക്കും
ജന്തിനെയുള്ളൊരു[illegible]കളി-
ലതെന്തൊരുവൻപുനരിവനെന്നറികാ

ഭംഗികലർന്നൊരു തർപ്പണസമയേ
ലാംഗൂലത്തിനു വന്നുകടിച്ചു
ചെങ്ങാതികളേ വരുവിനിവന്നുമു-
ഖങ്ങളനേകം കാൺമാനുണ്ടു
നിങ്ങളൊരുത്തുമറിഞ്ഞീടാതെ
പറഞ്ഞീടരുതേ പൊളിവചനങ്ങൾ
സിന്ധുവിലുള്ളൊരു ജന്തുവതല്ലിവ-
നെന്തിനു പഴുതേ ചിന്തിക്കുന്നു
സിന്ധുരവരനാം നമ്മുടെ ബാലി-
ക്കന്തംവരുവാനുള്ളൊരു ബന്ധം
വ്യാധിവിശേഷമതെന്നു മനസ്സിൽ
ബോധിച്ചീടുകനിങ്ങളിദാനീം
സാധുജനത്തെബാധിച്ചീടും
വ്യാധിയിതഖിലവിരോധിയതല്ലേ
പത്തുമുഖങ്ങളുമുള്ളൊരുചരുവിതു
വിത്തുവരുന്നിതുലാംഗൂലാഗ്രേ
തീർത്തുരചെയ്യാമിന്നിപ്പുരുവിനു
പത്തിരുപതുകണ്ണും പുനരുണ്ടു്
ഇവക ചിലതു പറഞ്ഞിതൊരുത്തൻ
രാവണനിവനെന്നപരനൊരുത്തൻ
കേവലമിങ്ങനെകപികടെ ഹൃദയേ
ഭാവംപലതായങ്ങതു സമയേ
കുട്ടികളായ കുരങ്ങന്മാർ പലർ
കൂട്ടംകൂടിയടുത്തു പതുക്കെ
നിഷ്ഠുരതരനാം ബാലിവസിക്കും
പുഷ്ടിപെരുത്തൊരു വിഷ്ടരമതിനുടെ
പൃഷ്ഠേചെന്നുമറഞ്ഞഥനിന്നൊരു
കൂട്ടംഗോഷ്ഠികളങ്ങുതുടങ്ങി
വെട്ടനായതുകണ്ടു ദശാസ്യനു-
മേട്ടത്തങ്ങളുമാശുതുടങ്ങി
പല്ലുമിളിച്ചും തെല്ലുകടിച്ചും
പുല്ലുവലിച്ചുമുഖങ്ങളിലിട്ടും
കൊല്ലുവനെന്നൊരു ചൊല്ലുമിടയ്ക്കിടെ
നല്ലൊരുവടിയാൽതല്ലുകൊടുത്തും
കില്ലുകളൊന്നൊരുകല്ലുവലിച്ചുട-
നെല്ലുകൾപൊടിയും മാറടനിട്ടും
എല്ലാമിന്നിവരചൊല്ലാനരുത
ച്ചില്ലുകളങ്ങനെവല്ലായ്മകളും

ചിലപാനക്കാരല്ലകരങ്ങ-
ച്ചിലപാനങ്ങളതെന്നറിയേണം
നല്ലാനത്തലവന്മാരോടും
ചെല്ലാനേതും കൂസലുമില്ലാ
ധിക്കാരികളവരൂക്കേറുന്നദശ-
ഗ്രീവൻെറ സമീപേ ചെന്ന-
ങ്ങീക്കിലുകയ്യിലെടുത്തങ്ങവനുടെ
മൂക്കിലുമങ്ങുകടത്തീടുന്നു
നിഷ്കണ്ടകരുടെ മുഷ്കുകൾകൊണ്ടുപൊ-
റുക്കരുതാഞ്ഞൊരരക്കൻരാവണ-
നക്കാലംതലപൊക്കാനുംപുന-
രൂക്കില്ലാതെ വലഞ്ഞു ചമഞ്ഞു
ളുപ്പുജലത്തിൽ നനച്ചൊരുവേദന
യല്ലവുമങ്ങു പൊറുക്കരുതാഞ്ഞു
ചൊല്ലൊണ്ണം ദശകണ്ഠപ്പെരുമാ-
ളപ്പോളാശു കരച്ചിൽ തുടങ്ങി
രാവണമുറവിളി കേട്ടൊരുനേരം
ഭാവമതൊന്നു പകർന്നു കപീന്ദ്രൻ
രാവണബന്ധമഴിച്ചുകളഞ്ഞുട-
നേവംപുനരവനോടുരചെയ്തു
എത്രയുമുത്തമനാംമമജനകൻ
സുത്രാമാവാമദ്ദേഹത്തെ
യുദ്ധംതന്നിലമർത്തു ജയിച്ചസ-
മർത്ഥൻതൻെറ പിതാവോനീയ്യിഹ
കൈലാസാചലമമ്പൊടിളക്കി-
ക്കയ്യിലെടുത്തൊരു വീരനതോനീ
എട്ടുദിഗന്തരപാലന്മാരും
വിഷ്ടപവാസികളൊക്കയുമിന്നതി
ധൃഷ്ടതയുള്ളഭവാനുടെ ശബ്ദം
കേട്ടാൽ ഞെട്ടുമതെന്നും കേട്ടു
തുംഗപരാക്രമനായഭവാനീ
പിംഗാക്ഷനതാമെന്നുടെ പൃഷ്ഠേ
ലാംഗൂലത്തിലകപ്പെട്ടവനൊരു
സംഗതിയെന്തെന്നുരചെയ്യാലും!
എങ്ങുംമനസിവിഷാദംവേണ്ടാ
ഭംഗംവരികയുമില്ലഭവാനും
എത്രദിനങ്ങൾ കഴിഞ്ഞു നീ പുന-
രത്രഗമിച്ചിട്ടെന്നുടെ പൃഷ്ഠേ

എത്രമഹാകഷ്ടം ഞാൻ നിന്നുടെ
വാർത്തകൾ മുന്നമറിഞ്ഞില്ലല്ലോ
ശത്രുതയൊന്നും കരുതരുതയിദശ-
വക്ത്രഭവാൻെറ മനസ്സിലിദാനീം
രാത്രിഞ്ചരവരനായ നിനക്കിതു
മാത്രംവരുവാനെന്തൊരുമൂലം!
ഇത്ഥംബാലിപറഞ്ഞതുകേട്ടതി
ശുദ്ധൻ രാവണനെത്രവിനീതൻ
ബുദ്ധിക്ഷയവുംപൂണ്ടുപതുക്കെ നി-
ബദ്ധാഞ്ജലിയായ് നിന്നുരചെയ്തു.

വാനരകുലവീരാവാനവേശ്വരസൂനോ!
ദീനനാമെന്നെഭവാൻ മാനിച്ചയച്ചീടണം
എല്ലാംഗ്രഹിയാതെഞാൻചെയ്തോരപരാധങ്ങൾ
ചേതസിനിനയ്ക്കൊല്ലചേതോഹരാകൃതേനീ
സാധുവായുള്ളഞാനസാധുവാം; നാരദൻെറ
സാരപ്രയോഗംകൊണ്ടുപാരാതെപോന്നുവന്നു
ധീരനാകുന്ന ഭവാനാരെന്നറിഞ്ഞീടാതെ
ചാരത്തടുത്തുവന്നനേരത്തേവംപിണഞ്ഞു
കാലത്തുമുച്ചയ്ക്കും സായംകാലത്തുംമുടങ്ങാതെ
നാലുസമുദ്രേ ഒരുപോലെതർപ്പിപ്പാനായി
ബാലിയാകുന്നഭവാൻ ചാലെനടക്കുന്നേരം
വാലേൽകിടന്നു ഞാനും താലോലംകളിക്കുന്നു
തർപ്പണത്തിങ്കൽ ഞാനിങ്ങുപ്പുവെള്ളത്തിൽചാട്ടു
മപ്പുറത്തതിലൊന്നുമല്പം ബോധിക്കയില്ലാ
അപ്പോൾ ദേഹത്തിൽ വന്നകപ്പും ജലജന്തുക്ക-
ളപ്രാണസങ്കടങ്ങളിപ്പോളാരറിയുന്നു
ആറുകളെല്ലാം മാറിമാറിക്കടിച്ചുകൊണ്ടു-
ഞ്ഞാറുവാസരമല്ലാ ഏറിയനാളിങ്ങിനെ
ചോറുചെല്ലുന്ന ദിക്കിൽ ചേറുചെന്നടിക്കയും
നാറുന്ന ജന്തുക്കൾ മേലേറിക്കുത്താടുകയും
ഏറക്കട്ടുത്ത ചില പാറമേൽത്തട്ടിത്തല
കീറിപ്പൊളിഞ്ഞു പാരം നീറുന്നനേരത്തുപ്പു
വെള്ളത്തിൽതട്ടിത്തിരതള്ളിത്തള്ളുന്നനേര-
ത്തുള്ളലോകങ്ങളെല്ലാമുള്ളത്തിൽ കാണാറാകും
കള്ളംപറകയല്ലെൻവള്ളം തകർന്നീടുന്നു
വെള്ളം കുടിച്ചുപാരം പള്ളയും വലുതായി
മേളത്തിലങ്ങുകൊട്ടുംതാളത്തിൽതുള്ളിക്കൊണ്ടു-
ത്രാളും ഞാൻ കഴിച്ചതിന്നാളല്ലചൊല്ലുവാനും

അത്രവന്നതെല്ലാമബദ്ധംപിണഞ്ഞുമമ
ബുദ്ധിമോശത്താൽവന്നതത്രയും ക്ഷമിക്കണം
ഈവണ്ണം രാവണന്റെ ശ്രവലാധികൾകേട്ടു
ബാലിയാം വാനരേന്ദ്രൻ ചാലവേയുരചെയ്തു.
കേൾക്ക! സഖേ! ദശകണ്ഠ! ഭവാനുടെ
ധിക്കാരങ്ങൾ കുറച്ചീടണം
ശക്രാദികളോടു വക്കാണത്തിനു
പൊയ്ക്കൊള്ളരുതു ഭവാനിനിമേലാൽ
ചൊൽക്കൊള്ളുന്നൊരു നിന്നുടെവാക്കുകൾ
കയ്ക്കൊള്ളുന്നതുമുണ്ടഹമധുനാ
പൊയ്ക്കൊള്ളുക നീ നിന്നുടെ ദേശേ
നോക്കിനടക്കണമൊക്കെയുമിനിമേൽ
കാലം ദേശാവസ്ഥകൾ മൂന്നിവ
കാലേതന്നെയറിഞ്ഞീടേണം
ബാലകവൃദ്ധന്മാരുമതിന്നൊരു
പോലെയതിന്നൊരു ഭേദവുമില്ല
ഭൂലോകങ്ങളിലുള്ളജനങ്ങടെ
ശീലഗുണങ്ങളറിഞ്ഞീടേണം
നാലുജനങ്ങടെ നടുവിൽ ചെന്നാൽ
നാനാവിധമതുകാട്ടരുതവിടെ
കാര്യാകാര്യവിവേകംവേണം
മര്യാദകളുടെ യറിവുംവേണം
ശൌര്യം വേണം ചതുരതവേണം
വീര്യംവേണംവിബുധതവേണം
അല്ലാതുള്ള ജനങ്ങൾക്കെല്ലാം
വല്ലാതുള്ളതുവന്നുഭവിക്കും
കല്യതതാംനിന്നോടിവരാരും
തുല്യന്മാരല്ലെന്നതുനിയതം
സുന്ദരിമണിയാകുന്നൊരുകൈകസി-
നന്ദന! നമ്മുടെ മനതാരിങ്കൽ
സന്ദേഹം പുനരൊന്നുണ്ടായതു
നിന്നോടിന്നിഹ ചോദിക്കുന്നു
അന്നുഭവാസികന്മാരൊട്ടുരച്ചു
ഗുണഗണദോഷമറിഞ്ഞിടാവൂ
വനമൃഗവരന്മാരെന്നുടെ പൃഷ്ഠേ-
ത്തങ്ങിനവാസമസഹ്യതയാമോ
കണ്ണിൽകണ്ടവയെല്ലാമൊന്നിഹ
ബന്ധിച്ചിങ്ങു ചെലുത്താറില്ലാ
കണ്ണൻപഴവും തൈരും ചോറും
വെണ്ണയുമിവകയെണ്ണങ്ങളിലെ
വിണ്ണവർവരനുടെ മകനാമിന്നീ
ഉണ്ണിയിനിക്കഭിലാഷമതൊള്ളു
പിന്നെപ്പിന്നിലിരിപ്പാനെന്തൊരു
ബന്ധം മണ്ഡോദരികമിതാവേ?
മർക്കടജാതികളിന്നു നിനച്ചാൽ
കുക്കുടജാതികളൊക്കെത്തന്നെ
മൽക്കടകാദിപ്രഹരംകൊണ്ടവ-
രുൾക്കടഗർവ്വമടക്കീടുന്നു
പുൽക്കടപോലെയവർക്കുസമസ്ത-
മക്കട്ടുകോപംകളിക്കൂട്ടങ്ങടെ
ഉൽക്കർഷങ്ങളതെല്ലാമിന്നീ
ച്ചൊൽക്കൊള്ളുന്നൊരുവാലിനതത്രേ
ഇങ്ങിനെയുള്ളപ്ലവംഗമപുംഗവ-
ലാംഗൂലത്തിലണഞ്ഞുകിടപ്പാൻ
സംഗതിവന്നതുകൊണ്ടുഭവാനൊരു
ഭംഗിക്കേടുഭവിക്കയുമില്ലാ
ബാലിയതാനമ്മോടുനിനക്കിഹ
തോല്വിപിണഞ്ഞതുകൊണ്ടു മനസ്സിനു
മാലിന്യം കരുതീടുകവേണ്ടസു-
മാലിനിശാചരപുത്രീതനയാ!
വാസവാത്മജപരിഹാസവാക്കുകളേവ-
മാസകലംകേട്ടുകൊണ്ടാസരോമധ്യത്തിങ്കൽ
ഹാസഭാവവും പൂണ്ടങ്ങാസിക്കുംകപികളെ
ഭാസഭാവേനനിജനാസയും വായുംപൊത്തി
ലജ്ജിച്ചുപങ്ക്തികണ്ഠൻമജ്ജിച്ചുകണ്ണുനീററിൽ
വജ്ജിച്ചുവൈരമെല്ലാംനിർജ്ജരാരിപ്രവീരൻ
ശക്രസുതനാകുന്നമർക്കടാധിപൻമുമ്പിൽ
വക്രത്മാവായിനിജവക്ത്രവുംതാഴ്ത്തിച്ചൊ-
ബാലിമഹാബലശാലിഭവാനൊടു [ന്നാൻ
തോല്വിപിണഞ്ഞതിനാലിഹചെററു-
മലൌകികമില്ല സുശീലഭവാനനു-
വേലമിനിയ്ക്കനുകൂലംവേണം
പച്ചുരന്മാർമുവ്വരൊരുതും ചന്ന-
ങ്ങെതിരിട്ടാൽ നേർനില്പാനാമോ
കതിരവനുടെസുതനാകിയകർണ്ണൻ
കടലിൽ പൂക്കകഴിഞ്ഞൊരു ശേഷം
ദുരിയോധനനും മകനമിരിക്കും
കരിയുടെ കാൽക്ക പിടിച്ചു ചുഴററി
ധിമിനൊ എന്നിരുവരുമാസ്യീനു
പിടിക്രുടിലക്ഷ്മണനെ ഇരവാൻ
ഉടനെകൈയും കെട്ടിയവൻെറ
നടുവിനു നല്ലൊരു കയറുകെട്ടി
മൂക്കുളുളച്ചൊരു ചരടുംകോർത്തു
മുളെരൊരുതൊണ്ടും കെട്ടിത്തൂക്കി
അതുകണ്ടതിപരുഷത്തോടുന്തറവ-
രതികോപത്തോടോടിയടുത്തു
എളിയവനങ്ങുഗദവാളും പുളകി-
ച്ചാശുകടന്നാപടയിടെചൂക്ക്
ഉച്ചൈസ്സ്വരമലറിക്കൊണ്ടവനും
തച്ചുതകർത്തരിപാററിച്ചഖിലം
വെച്ചുവെച്ചുചുതയുവഴിക്കഥ
പ്രച്ഛന്നസ്ഥിതിനിർത്തിഘടോൽക്കച-
നച്ഛന്മാരെ! പേടിക്കേണ്ട
സ്വച്ഛന്മാരായ്പ്പോകൊണ്ടാലും

കൊല്ലുന്നില്ലിപ്പോൾ നിങ്ങളെവരു-
മല്ലെങ്കിൽ സമയത്തിന്നു ഭംഗം
മെല്ലെപ്പൊറുത്തുകൊണ്ടാലുമതിപ്പോൾ
കല്യാണത്തിന്നതിന്നായൊരു സമയം
ദുര്യോധനനാദികളെല്ലാരും
മരിയാതെമരിച്ചോടിപ്പോയി
ദുര്യോഗം തന്നാലക്ഷ്മണനുടെ
അരയിൽ കയറും കെട്ടിയിരാവാൻ
അരിയ ഘടോൽക്കചനഭിമന്യുവിനോടു
മരയാലും തറതന്നിലിരുന്നു.

അക്കഥയവിടെയിരിക്കട്ടെ പുന-
രൎജ്ജുനനും പശുപതിയുടെയരുളാൽ
പാശുപതാസ്ത്രം വാങ്ങിയശേഷം
ആശു സുരേശൻ തന്നുടെ വചസാ
ആമോദം ദേവന്മാൎക്കകി-
ട്ടഗ്രജനാകിയ ധൎമ്മാത്മജനുടെ
അരികേ ചെന്നു നമിച്ചൊരുശേഷം
അഗ്രേ കേട്ടൊരു ഗൌളിനിമിത്തമ-
തെന്തെന്നരുളി ധൎമ്മാത്മജനും
സഹദേവനുമതിനേരത്തിന്നുടെ
ഫലമഗ്രജനെ കേൾപ്പിച്ചുടനേ
പുത്രന്മാർ മൂവരുമായ് കുരുകുല
പുത്രൻ ദുൎയ്യോധനനാദികളൊടു
യുദ്ധത്തിങ്കൽ ജയിച്ചവർ പലതി
മദ്ധ്യത്തിങ്കലിരുന്നീടുന്നു
നന്ദാത്മജനുടെ നന്ദിനിയാകിയ
സുന്ദരിയെക്കല്യാണത്തിന്നു
ഒന്നൊഴിയാതെ ഒരുക്കുകതിന്നു
എന്നു പറഞ്ഞു ഗൌളിയുമിപ്പോൾ
വിജയംമക്കൾക്കുണ്ടായെന്നു
വിജയൻകേട്ടുതെളിഞ്ഞഗ്രജനെ
വിരവിൽ വണങ്ങിപ്പോവതിനായി
വിണ്ണവർപതിസുതനാരംഭിച്ചു
അതുകണ്ടു ധൎമ്മതനൂജൻ
അരുതരുതനുജാ സാഹസമരുതേ
നാട്ടിൽചെന്നെന്നൊരുവനറിഞ്ഞാൽ
ദുൎയ്യോധനനൊടുചെന്നു
കാട്ടിൽ പിന്നെ പന്തീരാണ്ടു

ചട്ടംകൂട്ടിവരും നമ്മൾക്കു
എന്നതുകേട്ടു പറഞ്ഞു കിരീടി
ഒന്നുരചെയ്യാം ബോധിക്കേണം
ഉണ്ടെനിക്കു തിരസ്കരണിയതു
കൊണ്ടൊരുവൻ ബോധിക്കയുമില്ല
ശത്രുക്കൾക്കു നമ്മെക്കണ്ടീടാ
ശത്രുക്കളെ നമ്മൾക്കും കാണാം
മിത്രന്മാൎക്കുളവേയറിയാവൂ
ചിത്രമിതെന്നുടെ വൈഭവമോൎത്താൽ
പുത്രന്മാരുള്ളേടത്തിന്നിതാ-
നെത്തുന്നേനൊട്ടും വൈകാതെ
എന്നു പറഞ്ഞു നടന്നു കിരീടി
ചെന്നിതു വാരിധിതീരത്തൂടെ
ദൂരക്കണ്ടവർ മൂവരുമുള്ളിൽ
ആരെന്നവിടെച്ചിന്തതുടങ്ങി
ഏകധനുൎദ്ധരനാകിയധീരൻ
ഏകനൊരുത്തൻ വന്നീടുന്നു
വാസവനെങ്കിലുമിവിടെവരട്ടെ
വന്നാലറിയാമെന്നഭിമന്യു
വൃന്ദാരകപതിനന്ദനനപ്പോൾ
വന്നരികത്തായതുകണ്ടവരും
വന്നകുതൂഹലചിത്തത്തോടും
നന്നായ് ഗാഢാശ്ലേഷാദികളും
ഒന്നൊഴിയാതുണ്ടായൊരുവൃത്തം
അന്യോന്യം ബോധിപ്പിച്ചവരും
ഒന്നിച്ചവരതികുതുകത്തോടെ
നന്ദിച്ചവരും ദ്വാരകപുക്കു
അൎജ്ജുനനും പുത്രന്മാർമൂവരു
മൻപൊടുചെന്നു വണങ്ങി മുകുന്ദനെ
തൃക്കൺപാൎത്തവരെക്കരുണാനിധി
സൽക്കാരം പൂണ്ടവരൊടുചൊന്നാൻ
സമയത്തിന്നു കാണാമിങ്ങനെയി
സ്സമയം ദൈവാനുഗ്രഹമത്രേ
സമയമടുത്തു മുഹൂൎത്തത്തിന്നു
താമസിയാതെ കഴിക്കല്ലല്ലീ
ഗൎഗ്ഗമഹാമുനിയാം വാദ്ധ്യാരും
സൎഗ്ഗമൊരോന്നു തുടങ്ങീതവിടെ
മദ്ദളമുരളിയിടക്കയുടുക്കുകൾ

ധുമ്മെന്നൊരുവാദ്യഘോഷവും
തുംബുരുനാരദതംബുരുവാദന
അംബുജമുഖിമാർ കുരവഘോഷവും
നന്മധുമൊഴിമാരുടെ നടനങ്ങളു-
മംബരമാർഗ്ഗത്തിലുമപ്പോലെ
കല്പകവല്ലിപ്പൂമലർ സൌരഭ-
മെപ്പേരും വരിഷിച്ചിതുവാനവർ
മണ്ണെയൊരുക്കിപ്പീഠത്തിന്മേൽ
മച്ചുന്നാരെയുമെഴുന്നള്ളിച്ചു
അപ്പുരുഷോത്തമനും നിജമകളെ
അഭിമന്യുവിന്നുകൊടുത്തിതുസമ്മുദം
പാണിഗ്രഹണവുമങ്ങുകഴിഞ്ഞു
പരിചൊടു മണിയറപൂക്കൊരുശേഷം
ഇക്കഥയെന്നു മറിഞ്ഞതുമില്ല
മുഖ്യനതാംബലഭദ്രനുമുടനേ
വാരുണിയെസ്സേവിച്ചതിനാലെ
വന്നൊരുറക്കം കൂടുതലായിട്ടു്
വാരിജമുഖിയെ വിവാഹംചെയ്തു
ആരെന്നറിയാതെ ബലദേവൻ

ചോരകയറിയെഴുന്നള്ളിയനേരം
ചാരെകാണായിതു ലക്ഷ്മണനെ
പന്തൽത്തൂണിൽ കയ്യും കാലും
ബന്ധിച്ചവനുടെ നടുവിനുകയറും
മൂക്കുതുളച്ചൊരു കയറും കോർത്തു
മുറ്റൊരുതൊണ്ടും കെട്ടിത്തൂക്കി
ദുഃഖിച്ചങ്ങിനെ നില്ക്കുന്നവനെ
തക്കൺപാർത്തുബലദേവനുമഥ
തന്റെകൈകൊണ്ടുകെട്ടഴിച്ചു
മൂക്കിൽത്തൂക്കിയതൂക്കം ചെത്തി
ഊക്കോടു ബാലനെയും കൊണ്ടവിടെ
ചിത്തരുഷാതൻ ഭവനംപുക്കു
മല്ലാരിയുമസ്സുഭദ്രകളോടെ
കല്യാണം ഘോഷിച്ചുകഴിച്ചു
എല്ലാവരുമായഥസുഖമോടെ
ഉല്ലാസേനവസിച്ചിതുകൃഷ്ണൻ
മംഗലമിക്കഥകഥനം ചെയ്താൽ
മംഗലമായ്‌വരുമഖിലജനാനാം.

സുന്ദരീസ്വയംവരം ഓട്ടൻതുള്ളൽ സമാപ്തം.

അംബരീഷ ചരിതം

ഓട്ടൻ തുള്ളൽ.

ഭാസുരശീലന്മാരാകുന്നമ-
ഹീസുരവരരുടെ കൃപകൊണ്ടിഹ ഞാൻ
അസ്സരനെങ്കിലുമരചയ്യാംഹരി
വാസരമാഹാത്മ്യത്തിലൊരേടം.

അംബുജാക്ഷചരണാംബുജസേവ-
നംബുജപ്രിയകലാംബുധിചന്ദ്രൻ
അംബരീഷനിതിവിശ്രുതനായോൻ
സമ്പദീശപതിപിന്നയരായം.
അംബുജശരതുല്യശരീരൻ
ധർമ്മശീലനധികം സുകുമാരൻ
അംബുരാശിസമധീരഗഭീരൻ
സ്വത്തുകൊണ്ടുപരിഭൂതകുബേരൻ;
നിർമ്മലൻ നിഖിലദുർമ്മതിനാശൻ
കർമ്മനിർമ്മനയധർമ്മവിധിജ്ഞൻ
ധർമ്മരെയന്നസേവകരോടും
ശർമ്മണാപിമരുവുന്നൊരുകാലം.

വിശ്വവിശ്രുതൻ മേദിനിവല്ലഭ-
നശ്വമേധമാം യാഗസഹസ്രം
വിശ്വസാക്ഷി ഭഗവാനെ നിജമനി
വിശ്വസിച്ചു വിധിപോലെചെയ്തു

വിഷ്ടപത്രയവാശിഷ്ടനധോക്ഷജ
ജുഷ്ടിയോടുരതിഹൃഷ്ടനുദാരൻ
എട്ടുദിക്കുമൊരുപോലെ പ്രസിദ്ധ-
പ്പെട്ടഭൂപനതുകാലമവന്റെ
കഷ്ടകാലമൊഴിവാനൊരുമാർഗ്ഗം
കിട്ടി ഭൂപനുടെ നിഷ്ഠവിശേഷാൽ
പ്രേഷ്ഠതാപസവരിഷ്ഠനതായ വ-
സിഷ്ഠനാൽ സമുപദിഷ്ടമതാകും
ശ്രേഷ്ഠമായ ഹരിവാസരനോൻപതി-
നിഷ്ഠയോടുടനനുഷ്ഠിച്ചുടൻ
നാട്ടിലുള്ള ധനപുഷ്ടികളുംബഹു
ലോഷ്ടവും നൃപനു തുല്യമതായി
നിഷ്ഠുരംഹരിതപസ്സുചെയ്തുപ-
വിഷ്ടനായ് മധുവനത്തിലിവണ്ണം
സഞ്ചിതാഞ്ചിത മഹാർഹചമൂരഥ-
മഞ്ചസഞ്ചയഹയാദികളുംചെത
പഞ്ചസാരമധുപാനകമെന്നിവ
വാഞ്ഛിതാസനപദാർത്ഥവുമെല്ലാം
കിഞ്ചനാപിമടിയാതെ വെടിഞ്ഞവ-
നുഞ്ഛവൃത്തിചിലവൃത്തികളേവം
ചഞ്ചലംവിനാചെയ്തമരുംമുനി
സഞ്ചയപാദമുദഞ്ചിതയായൊരു
ഭക്തിമാൻദശമിനാളൊരുനേരം
ഭുക്തിചെയ്തുപവസിക്കുമനക്തം
ഭുക്തിനക്തമതിലില്ലൊരുതെല്ലും
യുക്തമേവനൃപഭക്തിവിശേഷം
വാരിജാക്ഷദിനമക്ഷിതിപാലനു
വാരിപാനമതുപോലുമഹോനഹി
നീരദാഭനിഖിലേശനിരാമയ
നാരദാദിനുതനാഥമുരാരേ!
വിശ്വനാഥപരമേശ്വരകേശവ
വിശ്വവന്ദ്യജലജേക്ഷണവിഷ്ണോ!
ആശ്രിതാഖിലജനാവനതൽപര
ശാശ്വതാച്യുതസരോജധരേതി
നാമസഞ്ചയമഹർന്നിശമോതിയു-
മാമയാപഹരമായൊരുസാളി-
ഗ്രാമസേവകളുമേവമിതെന്യേ
ഭൂമിപാലനൊരുചിന്തനമില്ല

ദ്വാദശീസമയമാമരവോദയ
മേദിനീന്ദ്രനുടെപാദസരോജം
ആദരേണകഴുകിച്ചുഭുജിപ്പി-
ച്ചാദിനാഥപദതീർത്ഥമശിക്കം
അപ്രമേയനൃപകല്പനകൊണ്ട-
ന്നിപ്രപഞ്ചമതിലുള്ളവരെല്ലാം
അപ്രകാരമഖിലം ഹരിവാസര-
മപ്രിയംവിനാനോററുതുടങ്ങി
സപ്പ്ശായിഭഗവാനതുകാലം
സുപ്രസന്നമതിയായി നൃപങ്കൽ
അത്ഭുതംപരമമത്ഭുതമോക്കിലി-
തിൽപരംകിമിഹഭാഗ്യവിശേഷം
അത്രയല്ലപുരുഷോത്തമനെത്രയു-
മുത്തമത്വമിയലുംനൃപസത്തമ
ഗാത്രരക്ഷണമതിന്നുസുദർശന-
മത്യുദാരമവനായ്ക്കൊടുത്തു.

അതിവിമലഭക്തിമാനനേകമേകാദശീ
വ്രതമതുതുടങ്ങിനാൻ ഭക്തിയോടും മുദാ
വിധിവദുപവാസവും ദ്വാദശീപാരണം
വ്രതനിയമശക്തിയും ചിത്രമത്രേതുലോം
ത്രിഭുവനവിരാജിതം വിഷ്ണുരൂപാമൃതം
ത്രിപുരഹരസേവിതം കങ്കമാലാംകൃതം
ത്രിഗുണനിലയം ബഹുശ്യാമളം കോമളം
ത്രിദശപതിസന്നിഭൻ മേദിനീവല്ലഭൻ
നിജമനസിചേർത്തുടൻ ചിന്തചെയ്തപ്പൊഴും
ഭജനമതുചെയ്കയും ഭക്തിപൂണ്ടെത്രയും
ശിരസിവിലസീട്ടമപ്പൊന്നുംകിരീടവും
സരസിജദളോപമം ചാരുനേത്രങ്ങളും
നിരവധിമണിപ്രഭാമിന്നുന്നകുണ്ഡലം
നിറമൊടുവിളങ്ങുന്നഗണ്ഡപ്രദേശവും
സുലളിതസുധാമിളന്മന്ദഹാസപ്രഭാ
വിലസിതമുഖാംബുജവും നാസാവിലാസവും
ഗളകലിതകൌസ്തുഭം വന്യമാല്യങ്ങളും
തുളസിദളമാലയും ശ്രീവത്സവക്ഷസ്സും
ഘനരണിതകങ്കണശ്രേണിമിന്നുന്നനൽ
ഫണിപതിനിഭങ്ങളാം നാലുതൃക്കൈകളും
സുരുചിരഗദാചക്രമുജ്ജ്വലച്ഛംഖവും
കരതലസരോജവും ചാരുമോമൊളിയും

കടിതടസുവിശാലപീതാംബരപ്രൌഢിയും
ചടുലമണികാഞ്ചിയും ജംഘാജാനുക്കളും
ശുഭദപദപത്മവും മഞ്ജുമഞ്ജീരവും
ശുഭവരമിരിക്കണം മാമകേമാനസേ
അനുപമപദാംബുജേ വീണുവന്ദിപ്പതി-
ന്നനുഗുണമിതസ്തുതേ പാണിയുഗ്മം ഹരേ!
മനമതുഭവത്തനുധ്യാനമാനോചിതം
ജനയജഗതീപതേ സർവ്വകാലം വിഭോ!
തവഭുനിലയംവലംവയ്പതിന്നെപ്പൊഴും
ഭവതു ചരണദ്വയം ഭക്തചിന്താമണേ!
തവചരിതവർണ്ണനേ തൽകഥാകർണ്ണനേ
ചെവിയുമഥജിഹ്വയും സംഭവിക്കേണമേ
ക്ഷിതിപതികുലോത്തമൻ ഭക്തിപൂണ്ടെപ്പൊഴു-
മിതിമൊഴികളോതിയും ഹന്ത ചിന്തിക്കയും
സതതമിവയെന്നിയേ നാസ്തിമറ്റൊന്നിലും
ഇതരസുപദാർത്ഥബുദ്ധിക്കുമില്ലാഗ്രഹം
പലവകഫലങ്ങളും നല്ലമൂലങ്ങളും
കലിതപലഹാരവും പാലിളന്നീരതും
ചിലരതുഭുജിക്കുമേകാദശീവാസരേ
ഫലമതുകുറഞ്ഞുപോമെന്നറിഞ്ഞീടണം
അരുതരുതഹോവരിച്ചാവമച്ചാമയും
ദുരിതകരമെത്രയും ശാല്യന്നസന്നിഭം
പലതുമിതിഭൂതലംതന്നിലുണ്ടായതിൽ
ചലനമൊരുതെല്ലുമില്ലാത്തഭൂവല്ലഭൻ
മധുമഥനവാസരംതന്നിലേവംവിധം
വിധിവിധിവദാചരിച്ചത്രവാഴുംവിധൌ

ഏകാദശിയുടെനിയമവിശേഷമ-
നേകംദിശിദിശികേട്ടുതുടങ്ങി
ലാകാശശികരസന്നിഭയശസാ
ലോകാലോകവുമങ്ങുവെളുത്തു
പാകനിഷൂദനലോകത്തിങ്കലു-
മാകപ്പെട്ടുപരന്നതദാനീം
നാകാധീശനുമതിരേകം ഹൃദി
ശോകാതുരനായ് ചിന്തതുടങ്ങി
ഇങ്ങിനെനിയമമനുഷ്ഠിക്കും നൃപ-
പുംഗവനെന്നുടെനാട്ടുംപദവിയു-
മങ്ങുഹരിക്കും സംശയമില്ലതി
നെങ്ങിനെഭംഗംചെയ്തീടേണ്ടു
തുംഗഗുണങ്ങളിണങ്ങിവിളങ്ങുമ-
പാംഗംമുരഹരനങ്ങുകൊടുത്താൽ
സംഗതിവരുമീസ്വർഗ്ഗത്തിന്നപ-
സംഗമനത്തിനെനിക്കിനിനൂനം
കാലേകൂട്ടിക്കരുതണമെന്നോ
ചാലേചെന്നുകരുക്കണയുള്ള
കൈതവമാർഗ്ഗംകൊണ്ടിഹനൃപനുടെ
മാധവഭജനവിരോധം ചെയ്‌വാൻ
പാടവമുള്ളവരാരും നമ്മുടെ
നാടതിലില്ലതുകൊണ്ടുനിനച്ചാൽ
താടിക്കാരിലൊരുത്തനെയിതിനായ്
ചാടിക്കേണമതെന്നൊരുപക്ഷം
ശർവ്വാണീരമണാത്മജനാകും
ദുർവ്വാസസ്സാംമുനിയെക്കൊണ്ട-
ങ്ങുർവ്വീവല്ലഭതിലകൻതന്നുടെ
ദുർവ്രതഭംഗംചെയ്യിപ്പിക്കാം
ശ്രീപത്യാശ്രയനാകും നൃപനുട-
നാപത്താശുവരുത്തണമെന്നാൽ
ശാപത്തിനൊരുതടവില്ലമുനി-
കോപത്തിനും നിലയനമല്ലോ
എന്നിവപലതുംനിരുപിക്കുന്നാൾ
നന്നിവനെന്നതുതോന്നീടുന്നു
എന്നാലായതിനിനിയുംമന്ദത
വന്നീടാതെമുതിർന്നീടേണം
തൽക്കാലത്തതിനുത്സാഹിച്ചല-
ഭിക്കാമെന്നുനിനച്ചുവസിച്ചാൽ
തിക്കേറുവോളംപനിവസിക്കി-
ല്ലക്കരെയെന്നൊരുചൊല്ലുണ്ടല്ലോ
വാനവർനാഥനിവണ്ണമുറച്ചു-
മ്മാനസമതിലത്താപസവരനെ
ധ്യാനംചെയ്തൊരുസമയേമാമുനി
താനന്തത്രസമാഗതനായി
ആഗമനിധിയാം മാമുനികുലതില-
കാഗമനത്തെക്കണ്ടൊരുനേരം
ആഗതമോദാലമരാധിപനതി-
വേഗമൊടെഴുന്നേറ്റാശുവണങ്ങി
ശീഘ്രമൊരാസനമേകിയിരുത്തിയ-
നർഘഗുണാംബുധി ദേവശ്രേഷ്ഠൻ

ദീർഘവിലോകനകൗതുകസമന്വിതം
നർമ്മപ്രായികളും ചെയ്തു ചെയ്തു
മംഗലമൂർത്തേ ദുർവ്വാസമുനി
പുംഗവ! ചെലയംഗുരുഭഗവൻ!
മംഗലമല്ലോ ഭവദാലോകന-
സംഗതിസംഗതമായതുപാർത്താൽ
ഇങ്ങിനെയുള്ള ഭവാനെക്കാണ്മാൻ
സംഗതിവരികനിമിത്തമിദാനീം
എങ്ങുമൊരേടം പാർക്കിലെനിക്കപ-
മംഗലവസ്തുഭവിക്കയുമില്ല
തിങ്ങിനശുദ്ധിഭവിച്ചുമദീയപു-
രങ്ങളിലെങ്ങും സംശയമില്ല
ഇങ്ങിനെ പലതും ചൊല്ലിത്താപസ
പുംഗവനുള്ളിൽ തെളിവു വരുത്തി
തങ്ങടെമാനസതാരിലിരിക്കുമൊ-
രിംഗിതമങ്ങു പറഞ്ഞു നരേശൻ
എന്നിൽ പ്രിയമാമൊരു കാര്യം ഞാ-
നെന്നരുളിച്ചെയ്യുപോലെ മഹാത്മൻ!
നിൻകരുണാലവമുണ്ടെന്നാലതു
സങ്കടമെന്യേ സാധിച്ചീടും
പങ്കജബാന്ധവവംശംതന്നില-
ലംകൃതനായനഭാഗതപുത്രൻ
പങ്കജദളനയനൻ മുരരിപു-
തങ്കലുറച്ചൊരു ഭക്തിവിശേഷാൽ
ചുങ്കവുമങ്കവുമാഡംബരവും
കരപങ്കവിലേപനസുഖവും
തങ്കത്തിങ്കലെരുചിയും കിങ്കര-
സംഘവുമെന്നിവയൊക്കെവെടിഞ്ഞു
പങ്കഹരം ഹരിവാസരനോമ്പത-
ശങ്കാന്തരവരനങ്ങുതുടങ്ങി
ഓങ്കാരാദികളെന്നിയെമറ്റഹ-
ങ്കാരാദികളില്ലാതായി
സുപ്തിഭവമടക്കാമെന്നൊരു
താൽപര്യന്ത്യാ പാർത്തമനീഷ്പോൾ
ഉൾപ്പലലോചനസേവതുടങ്ങിവി-
കല്പമതില്ലതരിക്കമുനീന്ദ്രാ!
എന്നതുചിന്തിച്ചുന്നതചേതസി
ഖിന്നതവളരെവളർന്നീടുന്നു
നന്ദിയൊടായതിനിന്നൊരു മാറ്റം
മന്ദതയെന്ന്യേനിരുപിക്കേണം
ഉന്നതികാരണമന്ദിരനാംനീ
മന്നവസവിധംതന്നിലണഞ്ഞു
വൈകാതവനുടെനിയമത്തിന്നൊരു
വൈകല്യത്തെവരുത്തീടേണം
ലോകംമൂന്നിലുമോർത്തീടുമ്പോ-
ളേകനുമിന്നു ഭവാനെപ്പോലെ
പാകതയുള്ളവരില്ലിഹപണ്ടേ
പാകാന്തകനാമങ്ങറിയുന്ന
ഏകതബുദ്ധികളുള്ളവരോടെ
ശോകസുഖാദികളുരചെയ്യാവൂ
ആയതുകൊണ്ടുരചെയ്തേനിഹ ഞാ-
നായതബുദ്ധേ! ബോധിച്ചാലും
മായമകന്നതു ചെയ്യാമെങ്കി-
ലുപായം ഞാനുരചെയ്യാമിപ്പോൾ
ദ്വാദശിനാളതിലാഗതരാകും
മേദിനിവിബുധന്മാർക്കവനധികം
സ്വാദുസമന്വിതമോദനവും ബഹു
ഗോദാനങ്ങളുമഴകൊടുചെയ്തു മ
മോദം മനസി ജനിപ്പിച്ചാശീ-
ർവ്വാദവുമവരോടാഗ്രഹിച്ചു
ദ്വാദശിസമയം പെറ്റാലുടനെ
സാദരമവനും പാരണചെയ്യും
മേദുരയായൊരു ഭക്തിസുപോതം
നാദിപുമാനിലുദിക്കനിമിത്തം
ഖേദംകൂടാതങ്ങിനെയെന്നും
മേദിനിപാലനമനുഷ്ഠിക്കുന്നു.
കാലനിഷൂദനസമനാം നീ നര-
പാലൻതന്നുടെ സവിധേ ചെന്നു
കാലംകഴിയാതവനുടെ പാരണ
കാലം പരിചൊടുതെറ്റിക്കേണം
എല്ലാം ചെയ്യാം മഹതാമെന്നൊരു
ചൊല്ലുണ്ടായതു നിരുപിക്കുമ്പോൾ
തെല്ലും ദുർഘടമിതുകൊണ്ടുണ്ടാ-
കില്ലഭവാനതു നിർണ്ണയമത്രേ.
ഇത്ഥം വൃത്രാരിതൻ വിസ്താരം കേട്ടുമുനി-
സത്തമനത്രിപുത്രൻ പ്രീത്യാ [illegible]

ഗോത്രാമരിയോടൊത്തു യാത്രയുമുരചെയ്തു
സ്വസ്ഥാനത്തിങ്കൽനിന്നങ്ങാസ്വാതാപ-
സേന്ദ്രൻ
പ്രസ്ഥാനം ചെയ്തുപിന്നെ സ്വസ്ഥാനംനോക്കി
മെല്ലെ
പത്തുദിവസം ചെന്നാലെത്തുമദ്വാദശിയെ
പാൎത്തുപാൎത്താശ്രമത്തിൽ പാൎത്തു മാമുനിതാനും
അത്രച്ചിലന്ന നല്ലകാൎത്തികമാസത്തിലു-
ത്തമദ്വാദശിയെയോൎത്തറിഞ്ഞാത്തമോദം
സ്വസ്ഥതപൂണ്ടമുനിസത്വരം പുറപ്പെട്ടു
പാൎത്ഥിവശ്രേഷ്ഠൻതന്റെപത്തനംപ്രവേശിച്ചു
പൃത്ഥ്വീശൻ താനുമപ്പോളുത്തുംഗപ്രീതിയോ-
ടുത്ഥാനം ചെയ്തുവന്ദിച്ചിത്തരമരുൾചെയ്തു
അത്രിനന്ദനാഭവാനത്രവന്നതു ചിന്തി-
ച്ചെത്രസന്തോഷംമമ ചിത്തേവളൎന്നീടുന്നു
മത്താപതിഥിപൂജയ്ക്കത്രയും പാത്രമാം നീ
സത്വരം കാളിന്ദീസരിത്തടം പൂകനിജ-
കൃത്യങ്ങളെല്ലാം കഴിച്ചെത്തേണമതെന്നവനീ.
ന്ദ്രതിഭൂപതിയാത്രയയച്ചു
അതുപോലെതദനുവദിച്ചു
സുമനാമുനിയങ്ങതിരിച്ചു
യമുനാതടമാശുഗമിച്ചു
കനിവോടഥമാമുനികാളിന്ദികരതന്നിൽക്കാ-
ലാന്തകജൻ നിരത്തിനിവസിച്ചു
ത്രിദശാധിപവാക്ക നിനച്ചും
മുരമഥനയൊത്തുതിരിച്ചും
മൈമ്മലതിവവഹിച്ചും
വദനംവടിവോടുമടച്ചും
അതിമദസമന്വിതമഴകൊടുകഴലിണക-
ളുകിയുംജപിമുടകിയും കരതന്നിലിരിക്കയും
കടവിൽ കനിവോടു വസിച്ചു
ഉടചലമഴിച്ചു നനച്ചു
നിമ്മൽനിവരിതളിച്ചു
നിമ്മലനിരന്നരസിച്ചു
പുനരമ്പൊടുകിഞ്ചനപൊങ്ങാതെചുഴന്നിൽ-
മുങ്ങിക്കിടന്നഥാനിൻ
ഇതികാലമതൊട്ടുകഴിഞ്ഞു
മുനിപാലനകാലമണഞ്ഞു
മുനിപുംഗവനെത്തുവതാഞ്ഞു

മനുജാധിപനാധിപിണഞ്ഞു
അവനുടെ ചേതസിസന്താപം സന്തതം
ത്തുസ്വാന്തേ നിരൂപിച്ചു നരപാലൻ
ഗിരിശാംശജനേവമമാന്തം
വരുവാൻ പുനരെന്തൊരു ബന്ധം
ഉരുകുന്നു മദീയഹൃദന്തം
അറിയില്ലവനേതുമുദന്തം
അതുകൊണ്ടു നിനയ്ക്കിലെന്തിഹ ചാരുകരോ
ദൃശ്യം ദുരിതാപഹം നിജകൎമ്മനിവൃത്തിവഹം
ധരണീധരമായവരേ!
ധൃതപങ്കജശംഖഗദാരേ!
പരിവന്ദിതപഞ്ചശരാരേ!
പരിപാഹിമുകുന്ദമുരാരേ!
ഭഗവൻ മമസംപ്രതികാരുണ്യം കരണീയംനാ-
രായണ! തേനമോസ്തു നരകാരേ!
ഇതിഭൂപതിചിന്തയുടൎന്നു
സ്ഥിതിചെയ്യൊരുനേരമവന്നു
സ്ഥിരമായൊരു മാൎഗ്ഗമമൎന്നു
ഉടനേ ചെറ്റൊരുതോഷമിയന്നു
നലമൊടുജലകണപാരണം വ്രതപൂരണംകര-
ണീയമതീവഗുണം
നരപാലകനേവമുറച്ചു
ജലലേശമൊടുണ്ണുമടിച്ചു
മുനിനാഥനതാശുഗ്രഹിച്ചു
മുഹുരാത്തനികോപമുദിച്ചു
നരപാലകസീമനിചെന്നേവം ചരിതാൎത്ഥം-
ചൊന്നാനതിഘോരവാചമവനിതം
കേട്ടാലും നൃപകീടക! നിന്നുടെ
ചേഷ്ടിതമോൎക്കിലഹോ ബോദ്ധകം
പെട്ടെന്നങ്ങുകളിപ്പാനെന്നെ-
ച്ചട്ടംകെട്ടിയയച്ചൊരുശേഷം
വാട്ടമകന്നതിദുഷ്കരംപുന-
രഷ്ടികഴിച്ചു വസിച്ചതുമുചിതം
മട്ടോലും മൊഴിമാരൊടു ചേൎന്നി-
ട്ടുഷ്ടികലൻ വസിച്ചിടും നീ
കാട്ടും വികൃതികളറിയില്ലെന്നോ
പൊട്ടതനികൾ പെട്ടിട്ടുകമഹോ!
പട്ടും വളയും മോതിരമെന്നിവ
യിട്ടണിഞ്ഞു ജളപ്രഭവാണി

ടൊട്ടതശേഷം ഝടിതിമുടിപ്പാ-
നൊട്ടും സംശയമില്ലദുരാത്മൻ
പുരഹരസംഭവനേവമുരച്ചും
നിരവധികോപംപൂണ്ടുവിറച്ചും
തിരുമിഴിവിരവിലുരുട്ടിമിഴിച്ചും
കരതലമഴകൊടുമണ്ണിലുരച്ചും
സുരുചിരജടമുടിധരണീതലമതി-
ലുരുതരരഭസമടിക്കുന്നേരം
പെരികഭയങ്കരിയാമൊരു കൃത്തിക
പെരുകിനൊടുടനെതത്ര ജനിച്ചു
ത്തുടെ വിലസുംനേത്രദ്വയവും
ചടചടവികടപ്രകടധ്വനിയും
ജടകളുമനവധിസടകളുമുന്നത
തടിയും നഗവരകൊടുമുടിപോലെ
കഠിനമതാകിന നേത്രം കണ്ടാൽ
കിടുകിടെ നിന്നുവിറയ്ക്കുംലോകം
നടനംകൊണ്ടഥഭൂമികുലുക്കി
ത്രുടനം ചെയ്യും സംശയമില്ല
കഠിനതചെയ്യൊരു ധരണീപതിയെ
ഝടിതിയിലിടിപൊടിയാക്കിവരേണം
ചെമ്മിയൊടുപോകെന്നമ്മുനിജരൻ
വടിവൊടുചൊന്നതു കേട്ടതിരിച്ചു
ഉൽകടഘോരകരാളകൃപാണം
കൈക്കലെടുത്തൊരു മാരണദേവത
ഊക്കൊടടുത്തു വരുന്നതുകണ്ടൊര-
നക്കം നരവരനുണ്ടായില്ല
ചക്രായുധനുടെ ചാരുകളേബര-
മുൾക്കമലത്തിലുറപ്പിച്ചായവ-
നക്ഷികളമ്പൊടു ചിമ്മിക്കൊണ്ടര-
ക്ഷണമവിടെ വസിച്ചൊരു സമയേ
ഭക്തജനാവനകർമ്മണിപണ്ടുനി-
യുക്തമതാകിന ചക്രം താനും
ശക്തതപെരുകിനതേജസ്സോടും
തൽക്ഷണമവിടെക്കാണാറായി
തൽക്കാലത്തക്കൃത്തികതൻറെമ-
ഹൽക്കിരണങ്ങളശേഷമടക്കി :
അർക്കനടിച്ചു വിളക്കും പൊഴുതുവി-
ളക്കിനഹന്തവിളക്കം വരുമോ?

പെരിയവതങ്ങളിലെരിയും തീയതി-
ലെരിയും വ്യാളികളെന്നകണക്കെ
അരികെവന്നൊരുകൃത്തികതന്നെയു-
മരനിമിഷേണദഹിപ്പിച്ചുടനെ
കോടിദിവാകരധാടികളിങ്ങിട-
കൂടിവിളങ്ങും തേജസ്സോടും
കൈടഭരിപുതൻ ചക്രമതുടനെ
മാമുനിയോടെതിരേററൊരുസമയേ.

ഇത്തരമഥകൃത്തികതന്നുടെ
ഘോരശരീരമശേഷം
ഉത്തമപുരുഷൻറെ മഹായുധ-
മാശുദഹിച്ചൊരുശേഷം
വാർത്തകളതിലപ്പുറമുള്ളതു
വാക്കുകിലെത്രവിചിത്രം
സത്വരമൃഷിസത്തമനോടവ-
നെത്തിയടുത്തൊരുനേരം
അത്യയമിഹവരുമിതിഹൃത്തതി
ലോർത്തുവിറച്ചു തുടങ്ങി
സത്വരമൃഷിസത്തമനദ്രിശി
നിന്നഥപാഞ്ഞുതുടങ്ങി
കാടുകൾ പലനാടുകളുരുതര
തോടുകളദ്രിതടങ്ങൾ
വാടികൾ പലവീടുകളിങ്ങിനെ
യുള്ളൊരുദിക്കുകളെല്ലാം
ഓടിയുമഴൽതേടിയുമത്തടി
വാടിയുമാടിയുമുള്ളം
നാടകമതിഘോരമൊരാശ്രയ
മില്ലമുനീന്ദ്രനപാർത്താൽ
ചെമ്പണിനിറമുടയൊരുജടമുടി
വടിവൊടഴിഞ്ഞുകിഴിഞ്ഞും
സംഭൃതഗളമാലകൾചേലക-
ളെന്നിവയൊക്കെയഴിഞ്ഞും
സംഭ്രമമൊടുകിഞ്ചനവാരിയെ-
ടുക്കയുമൊട്ടുകളഞ്ഞും
കമ്പിതമതിയാകിനമുനിവര-
നോടിവലഞ്ഞു ചമഞ്ഞു
പത്തുദിക്കുമതിങ്ങിനെയഥ
മണ്ടിമണ്ടിമുനീശ്വരൻ

കണ്ണുമഗ്നികണക്കിനെയരി
ചക്രവും പിറകേതുടർന്നാ
വേഗത്താലിച്ചു കിതയ്ക്കയുംനെട്ട-
വീഴ്ചയുല്ലുകതിക്കയും
പാഞ്ഞുകാണുകിലീശ്വരന്റെ വി-
ലാസമാർക്കറിയാവതും
അംഗകേരളകാശിപാണ്ഡ്യക-
ലിംഗകേകയകോസലം
വംഗമാഗധകുന്തികുന്തള
ഭോജകൊങ്കണമങ്കണം
ഇങ്ങിനെപുനരാറുമൊമ്പതു
മുള്ളദിക്കിലതെങ്ങുമേ
ഭംഗതാപനിവാരണത്തിനൊ-
രുത്തരില്ലതുകാരണം
ഐശികൻ മുനിപിന്നെയും പല
ദേശമൊക്കെനടന്നുടൻ
കൌശികാദിമുനീശസഞ്ചയ-
മാശ്രയിച്ചു പലായനം
ശംഭുസംഭവനംഭസാംനിധി
തന്നിലാണുകിടക്കിലും
കമ്പമില്ലതരിമ്പുമായുധ-
മാശുതത്രഗമിച്ചിടും
സംഭവിച്ചൊരുസങ്കടംസഹി-
യാഞ്ഞുടൻ മുനിപുംഗവൻ
ജംഭവൈരിപുരം പ്രവിശ്യപ-
റഞ്ഞുസംഭ്രമചേതസാ
ദേവരാജധരിക്കനിന്നുടെ
വാക്കുകേൾക്കനിമിത്തമായ്
ആവലാധികളിങ്ങുവന്നു
പിണഞ്ഞുഹന്തവലഞ്ഞു ഞാൻ
സാവധാനമെനിക്കുചേതസി
ചെറുമില്ലഭവാന്നുടെ
ഭാവമെന്തറിഞ്ഞുവേണമെ-
നിക്കയാവതിചെയ്യുവാൻ
വിഷ്ണുപേഷണതുല്യമല്ലൽപെ-
ട്ടതിടുന്നസുദർശനം
വിട്ടുപോകയുമില്ലനല്ലഭ-
യാലുണങ്ങളുമില്ലഹോ

കഷ്ടമെന്നുടെപിന്നവിട്ടുഗ-
മിച്ചിടാതെദിഗന്തരം
വട്ടമിട്ടുനടത്തിടുന്നസു-
ദർശനാകരരൂക്ഷമാം
ഉത്തരംമുനിസത്തമന്റെവ-
ചസ്സുകേട്ടുവലാന്തകൻ
ചിത്തഭീതിയൊടാശുവീണ്ടന-
മസ്കരിച്ചിദമൂചിവാൻ
അത്രനിന്നുഗമിക്കതാപസ
താമസിക്കരുതേതുമേ
പത്തനംമമഭദ്രമെന്നുവ-
രുത്തിടൊല്ലമഹാമുനേ!
ചക്രിചക്രബലംതടുപ്പതി-
നാവതല്ലനമുക്കഹോ
അത്രിമാമുനിപുത്ര! ഞാനൊരു-
പായമിന്നുരചെയ്തിടാം
സത്യലോകനിവാസിയായപി-
താമഹൻകമലാസനൻ
പാഞ്ഞുകാണുകിലിന്നു മൂർത്തികൾ
മൂവരുള്ളതിലൊന്നവൻ
തത്രചെന്നുരചെയ്കിലാശുന-
ശിക്കമാർത്തികളാകവേ
വൃത്രശത്രുനിയോഗമിങ്ങിനെ
കേട്ടുടൻമുനിപുംഗവൻ
തത്രതത്രസുദർശനം നിജ
പിന്നിലുണ്ടതികഷ്ടണം
അത്രമാത്രമതല്ലസങ്കട-
മത്രിപുത്രനുദിച്ചതും
എത്രതന്നെമനോഹരം പുരു-
ഷോത്തമന്റെപണിത്തരം
പാഞ്ഞുപാഞ്ഞുവലഞ്ഞുലഞ്ഞു ച-
മഞ്ഞുതാപസനഞ്ജസാ
കഞ്ജവാസനിവാസഗേഹമ-
ണഞ്ഞുവീണുവണങ്ങിനാൻ
പാഹിപാഹിപയോജസംഭവ
സങ്കടങ്ങളൊഴിക്കനീ
സാഹസേനനമുക്കവന്നു പി-
ണഞ്ഞദുർഘടമുൽക്കടം

ഞങ്ങളെഹീനതകൊണ്ടുനീതിങ്ങു
വന്നുകൃപിപിതാമഹാ!
മന്നരേശമശേഷസൽഗുണ
ത്തരകാരണമേവനും
പുണ്യവാരിധിയംബരീഷന-
രയിപൻ ഹരിവാസരേ
പുണ്ഡരീകവിലോചനപ്രിയ
നാമസംകൃതപാരണൻ
ബന്ധ്യനല്ലവനെങ്കിലുംമമ
കോപഗൗരവകാരണാൽ
ബന്ധിതവ്രതനെന്നനമ്മുടെ
മനസത്തിലുറച്ചുടൻ
പൂജനാർഹതയുള്ളനമ്മുടെ
ഭോജനത്തിനുമുന്നമേ
ഭോജനംകൃതവാൻ ഭവാനിതി
ശങ്കതിട്ടവ്യധൈവഞാൻ
ഹേ! ജനാധിപ! ദുർമ്മതേതവ
വംശമാശുനശിപ്പതി-
നോജനായുടനഞാനതു
കൃത്യമെന്നരചെയ്യുഞാൻ
നന്മയോടൊരുകൃത്തികാകൃത-
വാനഹംബദ്ധസാഹസാൽ
തിന്മയോടവളെദ്ദഹിച്ചുമു-
രാരിതന്റെസുദർശനം
അംബുജാസനലോകമെത്തുവോള-
മത്രയല്ലപിന്നെയും
നമ്മെയുംബതഭസ്മമാക്കിവ-
ന്നൊന്നുമൊന്നുമുരാന്തകൻ
ക്കൊടുവിട്ടസുദർശനം ബദ്ധ
പൊരികാട്ടിയടുക്കയാൽ
നാട്ടവിട്ടകഥിച്ചുപാഞ്ഞുട-
നേരിയെട്ടുദിഗന്തവും
തദ്ദിനേഞാനുമത്രമന്ദതി
പാരമുള്ളവരന്നതം-
നന്ദിവിട്ടമഹാംഗപീഡയൊ-
ടിക്കവല്ലവിധത്തിലും
കോടിതങ്ങളഹോതിനക്കിളു
ക്കെട്ടുതന്നെബലിച്ചിടും

താപസിയുള്ളോരുതാപസൻറവി-
താമമിങ്ങിനെകേൾക്കയാൽ
വാരിജാസനനാശുവന്ദന
ചെയ്തുനിന്നരുൾചെയ്തുടൻ
വാരിജാക്ഷഗവൈരിസംഭവ
കേൾക്കനീമമഭാഷിതം
പൗരുഷംപുനരിജ്ജനത്തിന
നാസ്തിചക്രനിവാരണേ
പൗരുഷേണബലേനവാണവ-
രുന്നസാമ്പ്രതമിങ്ങിനെ
ചാരുരണ്ടുപരാർദ്ധമെന്നുടെ
കാലമായതുകൊണ്ടഹോ
തീരുമാറതിലപ്പുറം പുന-
രിപ്രജാപതിയല്ലകേൾ
ആരഹോമതിയാകമച്യുത
ചക്രശക്തിതടുക്കുവാൻ
ഘോരമാകമഘോരവും നര-
സിംഹവും ഹരിചക്രവും
ഗൗരവാലിവർ മൂന്നുമാകുമ
തെങ്കിലും പ്രളയാഗമേ
പാരശേഷമഹോദഹിപ്പതു
കാലചക്രമിതല്ലയോ
ഉരിശോകലൻ ചക്രമ-
ത്തുനമ്മുടെപത്തനേ
തീയിലാശുദഹിക്കുമെന്നുടെ
ദേഹമൊക്കയുമോർക്കനീ
പത്മവേദവമാലൊഴിപ്പതി-
നിങ്ങുകൗശലമില്ലെടോ
നെഞ്ചുഴിച്ചെരിയുന്നതീയിലൊ-
രംബുബിന്ദുഫലിക്കുമോ
മെയ്യുണങ്ങിദഹിപ്പതിന്നവ-
ന്നുവിഷ്ണുമഹായുധം
തീയുമർക്കനുമൊത്തുകൂടുകി-
ലിത്രഗൗരവമില്ലഹോ
ഇന്ദ്രനാദിസമസ്തലോകസ-
മൂഹവും മനുജാദിയും
പന്നസത്വചരാചരം ജഗ-
ദണ്ഡമണ്ഡലമൊക്കെയും

ഇന്ദ്രസോദരനായവിഷ്ണുജ-
നാർദ്ദനൻമധുസൂദനൻ
ഇന്ദിരാവരനേകനെന്നധ-
രിക്കമാമുനിപുംഗവാ!
വിശ്വസാക്ഷിമുകുന്ദനിങ്ങിനെ
വിശ്വമൊന്നു ചമച്ചതിൽ
വിശ്വസിച്ചുകളിച്ചിടുന്നിതു
ചാരുപാവകണക്കെഞാൻ
മായയായ ചരട്ടിലിട്ടതി-
രിച്ചിടുന്നിതുനമ്മെയും
പ്രായമായഭവാനിതൊക്കെയ-
റിച്ചിരിപ്പവനല്ലയോ
ലോകലോകമഹാമുനേരജ-
താദ്രിശൃംഗനിവാസിനം
പാകശാസനദേവദാനവ
സേവിതാംഘ്രിസരോരുഹം
ലോകനാഥമുമാസഹായമു-
പാശ്രയിക്കമഹേശ്വരം
ശോകസങ്കടമാശുതീർത്തരു-
ളീടുമീശ ന സംശയം
പത്മസംഭവവാക്കുകേട്ടു
തിരിച്ചുമാമുനിപുംഗവൻ
സത്തമുത്തമമീശ്വരന്റെ
മഹാമഹീധരമാപ്പുവാൻ
ചമ്മഹീനമണഞ്ഞുവീണവ-
ണങ്ങിമാമുനിപുംഗവൻ
ആത്മസങ്കടമസ്സുശങ്കമു-
ണർത്തിനാൻ മുനിപുംഗവൻ
അംബുരാശികലാകലാപിയു-
മിപ്രകാരമുരച്ചുതേ
അംബരീഷമഹീശരക്ഷണ
ദക്ഷമാംശുഭലക്ഷണം
അംബുജേക്ഷണചക്രമേതദ-
സാരമല്ലനമുക്കഹോ
കിംവദാമികരോമിഞാനിഹ
സാധ്യമല്ലനമുക്കെടോ
ഉഗ്രമാകിനചക്രവിക്രമ
ശാന്തിയാശുവരുത്തുവാൻ

വിഗ്രഹേണവികുണ്ഠലോകനി-
വാസിതാനൊരുവൻ ക്ഷമൻ
നിഗ്രഹത്തിനനുഗ്രഹത്തിനു-
മീശ്വരൻ ധരണീധരൻ
വ്യഗ്രമെന്തിനുഹന്തസമ്പ്രതി
തത്രചെന്നുനമിക്കെടോ.

ശ്ലോകം.

മാരവൈരിഗിരമിപ്രകാരമഴകോടു
കേട്ടുമുനിപുംഗവൻ
പാരമാർന്നപരിതാപമോടുമരിയോടു
മൊത്തുനടകൊണ്ടുടൻ-
ക്ഷീരവാരിനിധിതീരമെത്തിനരകാ
ന്തകം ഖലമുരാന്തകം-
വാരിവാഹനിഭചാരുശോഭമപിവന്ദ്യ
വന്ദ്യമിദമബ്രവീൽ
പാഹിപാഹിപങ്കജാക്ഷപാഹിപാഹിപത്മേ
ക്ഷണ!
പാഹിപാഹിപയോദനിഭപാലയശൗരേ!
ദുർവ്വാസസ്സാമെന്നുടെയദുർവ്വാസനകൊണ്ടുതാനേ
ഈവിധംവലയുമാറായ്‌വീവല്ലഭ!
ത്വൽപ്രിയനാമംബരീഷനല്പനെന്നുകല്പിച്ചല്പം
അപ്രിയംഞാൻചെയ്തുപോയി ഉൽപ്പലനേത്ര!
ക്രോധംകൊണ്ടുചെയ്തോരപരാധമൊക്കെക്ഷമി
മാധവാനിന്നായുധത്തിൻബാധതീർക്കണം. [ച്ചുനീ
മുനിവരസങ്കടവചനമിവണ്ണം
കനിവോടുകേട്ടൊരുമുകിൽവർണ്ണൻ
വനനിധിശയനൻ വാരിജവദനൻ
ഘനവരപുഞ്ചിരിപൂണ്ടരുൾചെയ്തു
വരിക മഹാമുനിപുംഗവ സുമതേ
വരഗുണവസതേ മാമകസവിധേ
പരിചോടറിഞ്ഞു ഭവാനുടെ ചേതസി
പെരുകുന്നൊരുപരിതാപമശേഷം
നിരുപിച്ചാലതിനിന്നൊരു കഴിവി-
ല്ലറിയിക്കാമതിനുള്ളൊരുവിഷമം
നരവരപരിവൃഢനെന്നുറച്ചൊരു
നിരുപമഭക്തിവിശേഷംകൊണ്ടു്
നിത്യംകനകകളത്രമുപേക്ഷി-
ച്ചുത്തമപസ്സുകൾ ചെയ്തീടുന്നൊരു

പാർത്ഥിവപതിയൊടുകാരണമെന്യേ
പാരുഷ്യം പലചെയ്തുനിമിത്തം
പാരം സങ്കടമിങ്ങിനെ തവ ഹരി
ചരണമെന്നു നമുക്കും പക്ഷം
നിസ്തുലയായൊരു ഭക്തികലർന്നഥ
നിത്യവുമെന്നെസ്സേവിക്കുന്നൊരു
ഭക്തന്മാരുടെ ഭൃത്യൻ ഞാനതി-
നിത്തിരിഭേദം വരികയുമില്ല
അത്രയുമല്ലപുരത്രയമായതി-
ലോർത്താലിന്നിഹനാഭാഗജനാം
ധാത്രീപതിയൊടു തുല്യൻ നമ്മുടെ
ഭക്തന്മാരിലൊരുത്തരുമില്ല
അസ്തു സമസ്തം പിന്നെയുമുണ്ടു
വസ്തുതഞാനുരചെയ്തീടുന്നു
വൃത്രനിഷൂദനവചനം കേട്ടു
ധാത്രീപതിയുടെ നിയമങ്ങൾക്കു
പ്രത്യൂഹത്തെ വരുത്തുവതിന്നു സ-
മുദ്യോഗിപ്പാനെന്തവകാശം
ഇത്തൊഴിലെല്ലാം ചെയ്തതഹോ തവ
ചിത്തവിശുദ്ധിവിശേഷം തന്നെ
സാധുജനത്തെദ്വേഷിക്കുന്നന-
രാധമനിവഹങ്ങൾക്കു വസിപ്പാൻ
ഘോരംക്രൂരാതനവധിനരകം
ബോധിച്ചീടുകവർത്തിക്കുന്നു
അനസൂയാസുതനായഭവാനിഹ
മനസാവാചാനിരുപിച്ചാലും
അനഘന്മാരിലസൂയമുതിന്നാ-
ലനുഭവയോഗ്യമിതെന്നറിയേണം
പലവിധമിങ്ങിനെ ചൊല്ലുകകൊണ്ടൊരു
ഫലമില്ലയി തവ സങ്കടമഖിലം
നലമൊടുതീർപ്പതിനിന്നുനിനച്ചാ-
ലലമല്ലായതു തീർത്തുചെയ്യാം
ഭുവനത്രയമതിലുത്തമനാക-
ന്നവനീവരനവനെന്നുടെ ഭക്തൻ
ഇവനെശ്ശരണം പ്രാപിച്ചെന്നാ-
ലവനംചെയ്യും സംശയമില്ല
മുന്നംചെയ്തൊരുവികൃതികളൊന്നും
മന്നവനുള്ളിൽ കരുതുകയില്ല
എന്നതുകൊണ്ടിനിവൈകാതവനുടെ
സന്നിധിതന്നിൽ ചെന്നാലും നീ
ചന്ദ്രനുമിന്ദ്രനുമിന്ദുകലാധര-
നെന്നല്ലരവിന്ദാസനനും പുന-
രെന്നിവരാരും നിരുപിച്ചാലതി-
നിന്നൊരു കഴിവില്ലായതുമൂലം
എന്തിനുവളരെപ്പറയുന്നൂബത
സന്താപങ്ങളൊഴിക്കണമെന്നാൽ
ബന്ധം നരവരനെന്ന്യേമറ്റൊരു
ബന്ധുനിനക്കുഭവിക്കയുമില്ല
പരമപുമാനുടെ വചനംകേട്ടു
പരമവിഷണ്ണതപൂണ്ടുമുനീന്ദ്രൻ
തിരുമനതാരിൽ തെളിവില്ലായതു
തരമില്ലതുകൊണ്ടവനീപതിയുടെ
പുരമതിലമ്പൊടുപോകെന്നോർത്തവ-
നരമകലൻ പുറപ്പെട്ടുടനേ
വിരമിക്കാതെ മുകുന്ദരഥാംഗവു-
മൊരുമിച്ചവനുടെ പിറകേക്കൂടി
താമരസേക്ഷണചക്രത്തിന്നൊരു
കോമരമായിത്തീർന്നുമുനീന്ദ്രൻ
താമസമെന്ന്യേഭൂമിപുരന്ദര-
സീമനിമാമുനിചെന്നൊരുശേഷം
മുന്നംമുനിവരനോടിയസമയേ
ഉന്നതമകുടമഹാമണിവീരൻ
നിന്നീടുന്നതിലയ്യൊരിളക്കം
വന്നില്ലവനുടെ ഭക്തിവിശേഷാൽ
മാമുനിതന്നുടെ വരവുനിനച്ചും
ദാമോദരനുടെ നാമമുരച്ചും
കാമാദികളിയലാതമനസ്സില-
മേയാകാരം കരുതിയുറച്ചും
കരവുംകൂപ്പിവിനീതനതായ് നി-
ല്പൊരുധരണീപതിയെക്കണ്ടതിശയ-
മരവാരണകലാജാതൻമുനി
വരനും മനസാബഹുമാനിച്ചു
ഭീതിമുഴുത്തു സുദർശനപാവക
ഹേതിയടക്കാനഭ്യർത്ഥിച്ചു
ഹേധരണീവര! ജീവ ചിരം! മമ
ബോധക്കേടു പൊറുത്തരുളീടുക!

യോഗികലാമലമാനസമധുപനാ-
രോരഘമായമുകുന്ദൻതിരുവടി
കാരുണികോത്തമനത്ഭവനില-
സാരതരംസന്തോഷിക്കകയാൽ
ഈരേഴുലകിടവാസികളായവ-
രാരും നിന്നോടു സമരായില്ല
ഘോരസുദർശനചക്രമടക്കി-
പ്പാരാതെന്നെപ്പാലിപ്പതിനും
വേറാരും ചിന്തിച്ചാലതുതീ-
രാറാകില്ലെന്നരുളീ മുരരിപു
ഹേ! രാജാവേ! നിന്നുടെ കൃപയാ
തീരേണം മമസങ്കടമധുനാ
നാരായണചക്രത്തെയടക്കണ-
മോരോപിഴകളറിഞ്ഞു പൊറുക്കണ-
മേവംനിന്നുകരഞ്ഞു പറഞ്ഞൊരു
താപസവാക്യം ബഹുമാനിച്ചു
ഭൂപതിതാനും വൈഷ്ണവചക്രമ-
താവാഹിച്ചുളികത്തിലടക്കി
ആശീർവാദം ചെയ്തുമുറപ്പോട-
നാശുമുനീന്ദ്രനമങ്ങുഗമിച്ചു
കേശവഭക്തൻ നരവരസഞ്ചയ
കേശാലംകൃതമുക്താരത്നം
ഭാസുരൽകുലമണിദീപമതായമ-
ഹാശയനാമംബരീഷൻതാനും
ഹരിവാസരവ്രതവും പാലിച്ചു
ഹരിചരണാംബുജവും ധ്യാനിച്ചു
സുരവരമന്ദിരസമമാകും നിജ
പുരിയതിലത്രസുഖിച്ചുവസിച്ചു.

അംബരീഷചരിതം ഓട്ടൻതുള്ളൽ സമാപ്തം.

നളചരിതം (രണ്ടാം സ്വയംബരം)

ഓട്ടൻതുള്ളൽ.

അക്കാലങ്ങളിലധികപരാക്രമ
യുക്തനതാകിയ നരപതിഭീമൻ
ചൊൽക്കൊണ്ടീടിനകുണ്ഡിനപുരമതിൽ
വിഖ്യാതഗുണൻ വാണീടുമ്പോൾ
മുഖ്യനതായൊരുനളനരപാലൻ
തൽക്കമനീമണിദമയന്തിയൊടും
അക്കലിമലദോഷത്താലടവിയി-
ലതുഗമിച്ചെന്നുള്ളൊരു വാർത്തകൾ
ശ്രുതനാം ഭീമനമഴൽപിടിപെട്ടഥ
ക്ഷിതിപഭാമിനിയും പുനരധികം
ദുഃഖാപലതരമവശതയോടും
നക്തംകാമിനികമിതാവോടും
എന്നുടെമകളെവിടെപ്പോയെന്നഥ
ചെന്നറിവാനിഹ ദൂതഗണങ്ങളെ
മന്നവ! നിമിഷമയച്ചീടേണ-
മിന്നേദ്ദിവസമടിക്കരുതേതും
ഭാമിനിവചനംകേട്ടുദശായം
ഭീമനരേന്ദ്രനമനവധിദൂതരെ
സാമോദത്തോടുചിലവിനുനൽകി
സ്സോമകുലോത്ഭവനും പറയുന്നു
ഭൂമിസുരേന്ദ്രന്മാരേ നിങ്ങൾ
കോമളരൂപയതാംമമപുത്രിയെ
ഭൂമിയിലൊക്കെ നടന്നു തിരഞ്ഞഥ
താമസമെന്യേകൊണ്ടുവരേണം
നളനരപാലനെയും തിരയേണം
തെളിവൊടുഭൂസുരവരരേനിങ്ങൾ
കളിപറകല്ലനവധികധനം ഞാൻ
വിളഭൂമികളും തരുവെനിദാനീം
ഇങ്ങിനെഭൂപതിചാരന്മാരെ
സംഗതിപോലെയയച്ചുധരായാം

തിങ്ങിനമോദത്തോടവരുടനേ
അങ്ങുനടന്നു നാലുദിശായാം
കോസലകേകയവംഗകലിംഗം
ഭാസുരമാഹിഷ്മതിപാഞ്ചാലം
കേരളവും കൊങ്കണമാനർത്തം
ചാരുതചേർന്നൊരു ചോളം പാണ്ഡ്യം
കാശ്മീരം കന്നഡം ഗൌഡം
മാദ്രേയം മാഗധവുമവന്തി
ഇങ്ങിനെ പല പല ദേശം തോറും
ചെന്നതിരഞ്ഞവർ ഭൈമീനളരെ
എങ്ങുമൊരുത്തരുകണ്ടവരില്ല
കേട്ടവരും നഹി എന്നേവേണ്ടു!
സുദേവനാകിയ ഭൂസുരനപ്പോൾ
വിദേഹരാജ്യേചെന്നതിരഞ്ഞു
സുവേഷധാരിയതാകിയ രാജാ
സുവീരബാഹുവിനെബ്ഭുതകണ്ടു
നളന്റെ വാർത്തകളവനോടുചൊല്ലി
ദമന്റെ സോദരിതന്നുടെ യാത്രയും
തെളിഞ്ഞു കേട്ടഥസുവീരബാഹു
പറഞ്ഞുഭൂസുരവരനോടുമന്ദം
സുദേവ ഹോ! നളഭൈമികളെന്നുടെ
വിദേഹരാജ്യേവന്നതുമില്ല
അനംഗനാലനാപൂജിതനാകിയ
അനംഗതുല്യനതാംമമജ്യേഷ്ഠൻ
ഗൃഹങ്ങൾതന്നുടെ പിഴകൊണ്ടത്രേ
ഇതിങ്ങിനെബതസംഗതിവന്നു
നളപ്രസംഗംകേട്ടുടനേരം
ഗളിച്ചനയനജലങ്ങൾ തുടച്ചു
മഹീസുരാ! മമനന്ദനനാംനള-
നഹോഗമിച്ചതുമേതൊരുവിപിനേ
അതില്പരം ദമയന്തിയുമപ്പോൾ
പതിച്ചുദുഃഖാംബുധിയുടെ നടുവേ
കൊതിക്കണം നാരികളിന്നവളെ-
ച്ചതിച്ചുനൈഷധനെന്നേവേണ്ടു
വിധിക്കമെന്തിഹ കൃപയില്ലാഞ്ഞു?
വിധിച്ചതിന്നൊരു നീക്കവുമില്ല
കൊതിച്ചിരുന്നിതു ഞാനവരിവിടെ
ഗ്ഗമിച്ചുകാണണമെന്നുനിനച്ചു
നൃപപ്രസൂതാവചനമിദംകേ-
ട്ടുടനുരചെന്നുസുദേവനപ്പോൾ
മടിക്കവേണ്ടാനൃപജനനീനി-
ന്നുടക്കൽനില്ക്കുന്നതു ദമയന്തി
അബലമെന്തേപറയുന്നതു താ-
നബലാമല്ലേയിതുദമയന്തി
തനിക്കതെങ്ങിനെബോധംവന്നു
സുചിപ്ളുരശ്മികൾകൊണ്ടെന്നറിക
ഉദിച്ചുകാണുന്നില്ലാപ്രഭകൾ
ഉദിച്ചുകാണാം കുളിച്ചുവന്നാൽ
മറഞ്ഞകാന്തികളറിഞ്ഞതെങ്ങിനെ
കുറഞ്ഞമേഘശശിയെപ്പോലെ
സുചിപ്ളുചിഹ്നം നെററിയിലില്ല
സുചിപ്ളുചിഹ്നം നെററിയിലുണ്ടു്
സുദേവതന്നുടെമോഹമിതത്രേ
സുദേവിയെന്നുടെമോഹമിതല്ലോ
മറഞ്ഞചിഹ്നമതറിഞ്ഞതെങ്ങിനെ
കുറഞ്ഞവസനേദീപംപോലെ
ചേറപിരണ്ടൊരുനെററിയിലെങ്ങിനെ
വേറേയറിയുന്നിതുമമചിഹ്നം
മാതാവുടനേജലമതുകൊണ്ട-
ഗ്ഗാതോദരിയുടെനെററിതുടച്ചു
ചേതോമോഹനമാകിയചിഹ്നം
കാർമുകിൽനീങ്ങിയശശിയെപ്പോലെ
കണ്ടുതെളിഞ്ഞഥമാതാവപ്പോൾ
പൂണ്ടുതുടങ്ങീസന്തോഷത്താൽ
കണ്ണിതമെന്യേശിരസിൻകന്നു
കണ്ടു സുനന്ദയുമാത്താനന്ദം
രണ്ടുകരംകൊണ്ടാശുപുണർന്നു
ദാന്തസഹോദരിതന്നൊക്കനിവൊടു
എന്നുടെമകളേ ദമയന്തീ! നീ
എന്തിനുകൈതവമെന്നൊടുചൊല്ലി
പൂന്തേന്മൊഴിയേ! നിന്നുടെകാന്തൻ
തന്നുടെമാതൃസഹോദരിയാംഞാൻ
എന്തിനുനീവേഷപ്പുന്നയതായ്
സന്തതമിങ്ങിനെദുഃഖിച്ചതുമേ
മാതൃവചസ്സുകൾകേട്ടഥഭൈമി
സംമോദത്തൊടുവീണവണങ്ങി

അമ്മേ കോപിച്ചീടരുതൊട്ടും
ചെമ്മേ പിഴകൾ പൊറുത്തീടേണം
നിർമ്മലശീലേ! മമ ജനനി ഞാൻ
കല്മഷമായൊരു ഭോഷ്കു പറഞ്ഞു
അന്നേരത്തങ്ങിനെ തോന്നീ പുന-
രെന്നേയൊന്നു പറഞ്ഞീടാവൂ
ബാലേ വരിക സുനന്ദേ! മതിമുഖി
മാലേറുകയാൽ കൈതവവചനം
ചാലേ ഞാനുര ചെയ്തു നിന്നുടെ
ചേതസി കരുതീടരുതു സുശീലേ!
നിങ്ങളുമൊരുമിച്ചിവിടെ വസിച്ചു
അംഗനമാർമണിയേ സുഖമത്രേ
രണ്ടു ശിശുക്കളിനിക്കുണ്ടല്ലോ ത
കുണ്ഡിനനഗരേ വാണീടുന്നു
രണ്ടര വർഷമതായിതവരെ
കണ്ടിട്ടെന്നതുമറിക മനോജ്ഞേ!
എന്നാലൊട്ടും താമസിയാതെ
അമ്മേയെന്നെയയച്ചീടേണം
സുന്ദരിയാം ദമസോദരി തന്നുടെ
മന്ദസ്മിതരുചിതടവിന വാക്കുകൾ
മന്ദതയെന്യേ കേട്ടഥ ജനനി
തന്നുടെ തനയനെയവിടെ വരുത്തി
മന്നവമണിയാം നളനുടെ വാർത്തക-
ളൊന്നൊഴിയാതെ പറഞ്ഞു മകനോടു
വീരസേനജൻ തന്നുടെ കാമിനി
വീരഖ്യാതവജ്യേഷ്ഠനയമിവ-
ളാരുമാരുമറിയാതൊരു ദിക്കിൽ
പേരുമാറി ദമയന്തി വസിച്ചു
ചക്രവർത്തി തന്മഹിഷിയതായ സു-
വിപുലചിഹ്നവും കാൺകയലാതെ
ശക്രതുല്യനാം മമ തനയൻ ഭുവി
കുത്ര വാണീടുന്നതുമറിയാതെ
എത്ര സങ്കടം ചേതസി മകനേ
ചക്രപാണിയല്ലാതൊരു ഗതി നഹി
എത്രയും വിരയെ ദമനുടെ ഭഗിനിയെ
അത്ര മൂടുപല്ലക്കിലെടുത്തു
തത്ര കുണ്ഡിനപുരത്തിനയയ്ക്കണ-
മത്ര മാത്രമുപകാരം കരു നീ

പത്തുനൂറു പേരെയുമരികത്തു
തത്ര കാവലിനക്കൂടെയയയ്ക്കാം
വിപ്രവര്യനാകുന്ന സുദേവനു
ക്ഷിപ്രമതു സമ്മാനവുമേകുക
ഇത്ഥമമ്മയുടെ ഗിരകൾ കേട്ടു
ഉത്തമോത്തമനതായ സുദേവനു
ചിത്രവസ്ത്രവും നൽകീ കങ്കണ-
മിട്ടു രണ്ടു കരതാരിലുമുടനെ
വട്ടമേറിയ കടുക്കൻ കാതിൽ
ഇട്ടമോതിരം പത്തു വിരലിലും
പത്തുനൂറു രത്നങ്ങൾ പതിച്ചൊരു
ഹസ്തികടകവും നൽകി കരത്തിൽ
മുത്തുമാല ചില പൊന്മണി മാലക-
ളെത്ര വിസ്മയം കനകവുമനവധി
കൈക്കൊണ്ടവിരവോടു സുദേവൻ
പൊക്കമുള്ള കുതിരപ്പുറമേറി
ഝടിതി മൂടുപല്ലക്കിലുടൻ ദമ-
ഭഗിനിയെയുമഥ കേറിയയച്ചു
അനവധി ധനമാഭരണാദികളും
ജനനി കൊടുത്തിതു ദമയന്തിക്ക
ദാസികൾ പലപല ദാസന്മാരും
കൂടിയകമ്പടിയായി നടന്നു
കാടുകൾ പലപല തോടുകൾ പുഴയും
മേടുകൾ നാടുകളെന്നിവയൊക്കെ
പാടേയങ്ങു കടന്നു നടന്നു
വീടായുള്ളൊരു കുണ്ഡിനപുരിയിൽ
തരുണീമണിയാം നളനുടെ കാമിനി
വിരവൊടു ചെന്നഥ കണ്ടിതു ജനകനെ
ജനനിയെയും കണ്ടാശ്ലേഷിച്ചു
തനയന്മാരെയെടുത്തു പുണർന്നു
ചന്ദ്രാനനനാം തനയമുഖാബ്ജം
സാന്ദ്രാമോദം കണ്ടു കൃശോദരി
ചന്ദ്രബിംബസമമുഖനളസുതശത-
കണ്ടും പൂണ്ടു പരിതാപവുമധികം
സുദേവനൻപൊടു ഭീമനരേന്ദ്രൻ
മുദാ കൊടുത്തിതു കനകവുമനവധി
സദാ കൊടുക്കണമുടമയൊടൊത്തുട-
നനാമയം ഗോമൂല്യമൊരു പത്തു

ദിനേദിനേദാനാദികൾപലതും
സുദേവനഴകൊടുനൽകീടേണം
നിരക്കവേകെട്ടുകൾപതിനെട്ടായ
തരത്തിലില്ലവുമഥപണിയിച്ചു
കൊടുത്തുനല്ലൊരുവിളഭൂമികളും
തടിച്ചപാത്രാദികളുമസംഖ്യം
അത്തലകന്നഥവസ്ത്രമുടുപ്പാൻ
നിത്യച്ചിലവിനുമത്രകൊടുത്തു
നരവാഹനനൊടുസമനായ് ഭൂസുരൻ
നരപതിതന്നുടെയരികേവാണു
സരസിജമുഖിദമയന്തിയുമപ്പോൾ
സുരനൊടുതുല്യനതാകിയനളനെ-
ത്തരസാകാണാഞ്ഞകമലരുരുകി
പെരുകിനഖേദംപൂണ്ടുകരഞ്ഞു
ജനനിയൊടാശുപറഞ്ഞിതുമന്ദം
മനസിജസമനാം നളനരപാലന്റെ
വിരവിനൊടിവിടെവരുത്തീലെങ്കിൽ
മരണമെനിക്കുവരുത്തുമനംഗൻ
പരിചൊടുതാതനൊടിതുപറയേണം
അതുകേട്ടമ്മയുമുടനേപതിയൊടു
മതിഖേദത്തൊടുമുറചെയ്തപ്പോൾ
ദൂതന്മാരെവരുത്തീനരപതി
ചേതസികരുതുകാൽനളനെത്തിരവാൻ
ചിലവിനുവേണ്ടും പണവുംനൽകി
പ്പലരെയുമുടനേയാത്രയുമാക്കി
ഭീമാത്മജയുടെനികടേചെന്നവർ
സാമോദാൽവിടവാങ്ങിനസമയേ
ഒരുവാചകമതുഞാൻപറയാമേ
മറുവാചകമതുകേട്ടുവരേണം
കാട്ടിനകത്തുകിടത്തിയുറക്കി
ക്കാട്ടിയഗോഷ്ടികളാർക്കുസഹിപ്പൂ
വസ്ത്രംപാതിമുറിച്ചുംകൊണ്ടു
ക്ഷിപ്രമുപേക്ഷിച്ചാശുഗമിച്ചു
അല്പപുരുഷനതാരിയതെന്നതു
നിർഘനനായാൽവേണ്ടാതെന്നോ
പാണിഗ്രഹണംചെയ്തുംമന്ത്രം
പ്രാണൻപോയാലും പിരിയരുതു
ഇതിനെന്നവൈദികമെന്നതുമെല്ലാം
അതറിയാതെയിരിക്കയുമല്ല
മതിനിർമ്മലനായുള്ളഭവാനി-
ച്ചതിചെയ്തതുമെന്തുപറയേണം
ഇങ്ങനെനീളെനടന്നുപറഞ്ഞാ-
ലങ്ങതിനുടനുത്തരമായൊരുവൻ
ചൊല്ലീടുന്നതുകേട്ടാലുടനേ
വല്ലവനെങ്കിലുമവനുടെചരിതം
നല്ലൊരുനാട്ടുംരൂപഗുണങ്ങളു-
മൊക്കെവിചാരിച്ചാശുധരിച്ചു
വെക്കംവരുവിൻ ഭൂസുരവരരേ
എന്നുടെമൊഴികൾമറന്നീടാതെ
നന്നായുരുവിട്ടാശുപഠിപ്പിൻ
പാടവമില്ലാത്താളുകളിപ്പോൾ
ഗ്രന്ഥമൊരോലയിലെഴുതിക്കൊൾവിൻ
ദമസോദരിയുടെവചനംകേട്ടഥ
ഗമനംചെയ്തുഭൂസുരവരരും
ഓട്ടാളികളായുള്ളവർ പലപല
നാട്ടിൽനടന്നുതിരഞ്ഞുനടന്നവർ
പാട്ടുകൾപോലെദമിപറഞ്ഞൊരു
പാട്ടുകൾപാടിക്കൊണ്ടുനടന്നു
കേട്ടില്ലുത്തരമൊരുദിക്കീന്നും
വാട്ടമകന്നവർവന്നുപറഞ്ഞു
കേട്ടാലുംദമയന്തീനിന്നുടെ
വാക്കുകൾപാടിക്കൊണ്ടുനടന്നു
കേട്ടില്ലുത്തരമൊരുദിക്കീന്നും
കേട്ടുചിരിച്ചീടുന്നിതുചിലരു
പർണ്ണാദാഖ്യനതായൊരുവിപ്രൻ
അർണ്ണോജാക്ഷിയൊടുടനറിയിച്ചു
കർണ്ണാമൃതമായുള്ളൊരുവാക്കുകൾ
മംഗലശീലേകേട്ടാലുംനീ
ഉത്തരകോസലമായൊരയോദ്ധ്യാ-
പത്തനമതിൽഞാൻചെന്നൊരുദിവസം
അദ്ധരണീപതിഋതുപർണ്ണൻപോ-
ലിത്തരമവനൊടുണർത്തിച്ചാറെ
ഉത്തരമൊന്നുപറഞ്ഞതുമില്ലാ
സത്വരമിങ്ങുഗമിപ്പതിനായി
പദ്ധതിതന്നിലിറങ്ങുന്നേരം
പുറകേവന്നൊരുപുരുഷൻഎന്നൊടു
പറയുംവാക്കുകൾകേൾക്കസുശീലേ!

നാരീമണികളുടെ ചാരിത്രശുദ്ധികൊണ്ടു
നേരോടേ ഭർത്താവിനെക്കൂടെ രക്ഷിച്ചുകൊള്ളാം
വല്ലാതെ കലിദോഷാലല്ലലുണ്ടായിപാരം
നല്ലവെളിവുമപ്പോളില്ലെന്നേ പറയാവൂ
നഗ്നനാകയാൽ നിന്റെ വസ്ത്രം മുറിച്ചെടുത്തു
നഗ്നനായ്പോകുമപ്പോൾ വിഘ്നം വരുത്തീല്ലെ-ങ്കിൽ
നിന്നെ രക്ഷിപ്പാനെന്നാൽ പ്രാപ്തിയില്ലാതെ-വന്നു
നിന്നെ നീ തന്നെ രക്ഷിച്ചീടുവാൻ പോരുമല്ലോ
ചാരിത്രമായ ചട്ടയൊണ്ടു നിന്നുടെ മെയ്യിൽ
ആരിത്ര പൊന്നിട്ടുള്ള ചാരിത്രശുദ്ധിയോടെ
നിന്നുടെ ധർമ്മനിഷ്ഠ തന്നെ ഞാൻ ജീവിച്ചതു
അന്നന്നടയാളേ നീയെന്നോടു കോപിക്കല്ലേ
ദുർന്നയമേറുമെന്നെത്തന്നെ ബാധിച്ചു കലി-
മണ്ടിച്ചുകൊണ്ടുപോന്നതനാംഗീ കോപി-ക്കല്ലേ
ഇങ്ങിനെയൊരു പുമാൻ വന്നു പറഞ്ഞെന്നോടു
മംഗലശീലേ ഭൈമീ അംഗം കണക്കല്ലൊട്ടും
ബാഹുകനെന്നു പേരുമാഹന്ത കേട്ടു ബാലേ
ബാഹുക്കൾ നെടുതായിപ്പോകയാൽ നാമമിദം
ഏററം കറുത്തുമുണ്ടെൻ തെററുമില്ലിവനൊട്ടും
പാററം മുറമ്പോൽ കണ്ണും ഊററനെന്നതുപോലെ

നരപതി തന്നുടെ പാചകനെന്നു
നരപതികന്യേ കേട്ടിതു ഞാനും
വേഷം കണ്ടാൽ ചേരുകയില്ല
ശേഷം ചൊന്നതു ചേരും താനും
തോഷമിയന്നു പറഞ്ഞൊരു വിപ്രനു
ഭൂഷണമൊന്നു കൊടുത്തിതു ഭൈമി
താതസമീപേ ചെന്നഥ ഭീമജ
ദൂതൻ ചൊന്നതു മങ്ങറിയിച്ചു
ചേതോമോഹനനാകിയ കണവൻ
സാകേതാഖ്യപുരേ മരുവുന്നു
കപടം കിഞ്ചന വേണമതെന്നാ-
ലിവിടെ വരുത്താനൊരു കഴിവുണ്ടാം
രണ്ടാമതുമിനിയുണ്ടു സ്വയംബര-
മെന്നൊരു കുറിയെഴുതീടണമിപ്പോൾ
മണ്ടിവരും ഋതുപർണ്ണനമപ്പോൾ
കണ്ടീടാം നളമവനോടുകൂടെ
കുണ്ഠതയെന്യേ കുറി കണ്ടീടും
രണ്ടാം ദിവസം വേളിയതെന്നും
ഇണ്ടലകന്നു പറഞ്ഞീടേണം
ഉണ്ടാമതിനൊരു കൌശലമിപ്പോൾ
ഉത്തമനാകിയ നൃപനും തന്നുടെ
പുത്രി പറഞ്ഞതു കേട്ടദരായാം
അത്തലകന്നൊരു കുറിയുടനെഴുതി
പൃഥ്വീസുരനാം പർണ്ണാദന്നുടെ
ഹസ്തേ നൽകീ ഭൂപതിവരനും
ചിത്താനന്ദത്തോടരുൾചെയ്തു
ഉത്തരകോസലമായൊരയോദ്ധ്യയി-
ലെത്തണമിക്കുറിയും കൊണ്ടനിശം
വണ്ടാർകുഴലാളാം ദമയന്തിയെ
രണ്ടാമതുമിനിയുണ്ടാം വേളി
കണ്ടാലും കുറിയെന്നൃതുപർണ്ണൻ
തന്നോടു നിങ്ങൾ പറഞ്ഞീടേണം
വഴിയിൽ താമസമല്പം വന്നു
അഴകൊടു നാളെത്തന്നെ വിവാഹം
എന്നു പറഞ്ഞു കൊടുത്തീടേണം
ഇങ്ങിനെ ഭൂമിനരേന്ദ്രൻ ചൊന്നാൻ
അങ്ങിനെതന്നേ ചാരന്മാരൊടു-
മങ്ങു കടന്നിതയോദ്ധ്യാപുരിയിൽ
മന്നവനാമൃതുപർണ്ണൻ കയ്യിൽ
അന്നവർ കുറിയും നൽകിച്ചൊന്നാൻ
നളിനാക്ഷിയതാം ദമയന്തിക്കു
നാളെത്തന്നെ രണ്ടാം വേളി
കളിപറകല്ലിതു കുറിയിൽ കാണാം
മാർഗ്ഗേ കിഞ്ചന താമസമാണ്ടോ-
യ്യാഗ്ഗുണസൂത ഹേ കോപിക്കരുതേ
അവനീപതിയും കുറിയതെടുത്തഥ
ജീവലനോടു വായിപ്പാൻ നൽകീ
ജീവലനും കുറി കയ്യിലെടുത്തു
കേവലമുടനേ വായിക്കുന്നു
മംഗലനാമൃതുപർണ്ണമഹീപതി
തുംഗബലൻ അറിയേണ്ടുമവസ്ഥ
നമ്മുടെ മകളാകും ദമന്തിയെ
മൂന്നാം വേളികഴിച്ചു നളൻ പുന
രന്നാഹമവളെയുപേക്ഷിച്ചുപോവ-

ച്ചുന്നേപോയിതു നാടുംവിട്ടു
അന്വേഷിച്ചു നടന്നാരേയൊരു
നാട്ടിലുമില്ലൊരു വീട്ടിലുമില്ലൊരു
കാട്ടിലുമെങ്ങും കാണാഞ്ഞിട്ടു
രണ്ടാംവേളികഴിക്കണമെന്നു
വണ്ടാർകുഴലി പറഞ്ഞിട്ടുന്നു
പണ്ടുസ്വയംവരഘോഷത്തിന്നു
തണ്ടാർശരനൊടു സമനായിട്ടു
കണ്ടൊരു ഋതുപർണ്ണമഹീപതിതന്നെ
രണ്ടാംനളനെന്നവളുടെ പക്ഷം
കുണ്ഠതയെന്ന്യേ വൃശ്ചികമാസം
രണ്ടാംതീയതി ഉഷസികുളിപ്പാ-
നണ്ടർ പുരാനഭ്യാസനനാകും
മന്നവർ മകുടമണേവന്നീടുക
വൃശ്ചികമാസം രണ്ടാംതീയതി
അഷ്ടമിരോഹിണിയൊടുകൂടുമ്പോൾ
അർദ്ധനിശീഥിനികഴിയും മുൻപേ
കർക്കടലഗ്നം നല്ലമുഹൂർത്തം
ഇപ്പടികൈയെഴുതീടിനനീട്ടു
കുണ്ഡിനഭൂപതിഭീമനെഴുത്തു
കുറിവാചകമതുകേട്ടൃതുപർണ്ണൻ
മറവാതെബാഹുകനെവരുത്തി
കുറിവാചകമവനോടുരചെയ്തു
പറകഭവാനിതിനെന്തൊരുകഴിവു?
പത്താറേ ദിവസം കുണ്ഡിനമതി-
ലെത്തീടുവതിന്നരികസരമെന്നി
ഇത്തൊഴിലിലൊരൊരു കഷ്ടം മുപ്പതു
നാഴികകൊണ്ടതു സാദ്ധ്യമതാമോ
നൽത്തേന്മൊഴിയാൾ ദമസോദരിയുടെ
പുത്രൻ കളർമുലതൊട്ടുതലോടി
പത്തഞ്ചുറപ്പുണർന്നീടുവതി-
ന്നൊത്തുകൊതിച്ചു വസിക്കുന്നിഹ ഞാൻ
അത്തരുണീമണിയും പുനരെന്നെ
ച്ചിത്തേകരുതീടുണ്ടെന്നതുമി-
പ്പത്രികതന്നിൽ കിമപികഥിച്ചുള
ഉത്തമപുരുഷാ കേട്ടില്ലേനീ?
പലതിതന്നിൽ ഉത്തമമാകും
പാഞ്ചാലൻ കുറികാമസമാളും-
യെത്തുവതിന്നു പ്രയാസവുമായി-
തട്ടത്തദിനത്തിൽ കല്യാണവുമഥ
കത്തീടും മദനാർത്തിപിടിച്ചു
ചത്തീടും വെറുതേ ബാഹുകഞാൻ
മുന്നേയവളുടെ കല്യാണത്തിനു
സന്നാഹത്തോടു പോയിതു ഞാനും
അന്നവൾ നളനെത്തന്നെവരിച്ചു
എന്നതിനൊരു പരിഭവമില്ലേതും
പെണ്ണിനു ചേരും പുരുഷനിതല്ലോ
നിർണ്ണയമതിനു വിസമ്മതമില്ല
എണ്ണമതില്ല നളന്റെ ഗുണങ്ങളെ
എണ്ണുവതിന്നഹിരാജനുമെളുതോ
എന്തവനിങ്ങനെ സംഗതിവന്നതു
ചിന്തിച്ചാലതികഷ്ടംതന്നെ
പൂന്തേന്മൊഴിയെക്കാട്ടിലെറിഞ്ഞു-
ത്തണ്ടാർ ശരസമനെവിടെപ്പോയി?
മരണമവനുഭവിച്ചല്ലാതെ
സരസിജമുഖിയിതു ഭാവിക്കില്ല
തെരുതെളിപ്പാൻ വിരുതുണ്ടെന്നതു
ചാരുശരീരചൊല്ലീലേനീ
ഒന്നുപരീക്ഷിച്ചീടണമിപ്പോൾ
നിന്നുടെ പടുതകൾ കാണാമല്ലോ
മന്നവനിങ്ങനെ ചൊല്ലുന്നേരം
മന്ദസ്മിതമൊടുബാഹുകനുരചെ

അർക്കകുലാധിപ കേൾക്കമഹാമതേ
ദുഷ്കരമല്ലിക്കാര്യം നാളെ
അർക്കോദയത്തിനു മുൻപേ കുണ്ഡിനമന്നി-
ലാക്കണമെന്നു ഞാൻ നീക്കമില്ലേതും
(അർക്ക)
ജീവലവാർഷ്ണേയന്മാരോടുമൊന്നിച്ചു
തേരിൽകയറുകവൈകാതെ
(അർക്ക)
കുണ്ഠംകൂടാതെയക്കുണ്ഡിനേമേവുന്ന
പെണ്ണിനെക്കാട്ടുന്നതുണ്ടുമനോഹര!
(അർക്ക)
സേനകളൊക്കെയും മാനിനിയെക്കൂട്ടാൻ
വൈകാതെസമയത്തങ്ങെത്തിക്കൊള്ളുണമേ
(അർക്ക)

ബാഹുകവാക്കുകളിങ്ങനെകേട്ടു
ബാഹുജലോകാധിപനും നളനൊടു

മോഹംകൊണ്ടു പുറപ്പെട്ടെന്നൊരു
സാഹസമാക്കരുതേ ബാഹുക നീ
ജീവലവാർഷ്ണേയന്മാരോടും
തേരതിലാശു കരേറിപ്പുക്കെ
ഉടനേ ബാഹുകനും വാജികളെ
ഝടിതിയടിച്ചു നടന്നു തുടങ്ങി
തെറ്റെന്നങ്ങു പറന്നു തിരിച്ചു
കാററിൻ വേഗം പോലെ കുതിരകൾ
കാടുംമേടും നാടും പാടം
തോടും പുഴകളുമെന്നിവയൊക്കെ
പാദേയങ്ങളതൊടാതെ ഗമിച്ചു
പാടവമതിശയമെന്നേവേണ്ടൂ.
മുന്നിൽക്കണ്ടീടുന്നമരങ്ങൾ
പിന്നിൽക്കാണാമൊരു നൊടിയളവിൽ
ദൂരെക്കാണും ഗിരികളുമെല്ലാം
ചാരെക്കാണാമരനിമിഷത്താൽ
നേരേയോടിമരങ്ങളതങ്ങിനെ
പാരാതുടനേ തോന്നീടുന്നു
തേരിലിരിപ്പാൻ പണിയാകുന്നു
ധീരതയേറും നരപാലകനും
കൊടിമരമാശു പിടിച്ചു മുറുക്കി-
ത്തടിയന്മാരവർമേവീടുന്നു
കുടയും മുണ്ടും പേടയ്യുച്ചണ്ണന-
മുടനേ ബാഹുകനോടുപറഞ്ഞു
നിൽക്കുകതേർമമവസ്ത്രംപോയി
ഛത്രവുമങ്ങിനെതന്നെഭവിച്ചു
നിൽക്കുകജീവലചെന്നതെടുക്കുക
നിൽക്കുകവിഷമം വസ്ത്രംപോയൊരു
ദിക്കീന്നൊരു യോജനവഴിപോന്നു
ഇങ്ങിനെവഴിയിൽ താമസമായാൽ
അംഗനമാർമണിതന്നുടെ കുചയുഗ-
മംഗേ ചേർത്തു പുണർന്നുരമിപ്പാൻ
സംഗതിവരികയുമില്ല നരേന്ദ്ര!
പൊങ്ങിനസന്തോഷത്തോടുനരപതി
ചെന്നുപുണർന്നു ബാഹുകനേയും
ജീവലവാർഷ്ണേയന്മാർതമ്മിൽ
ഈവിധമാശുപറഞ്ഞുതുടങ്ങി
ആരിവനിങ്ങിനെ തേരുതെളിപ്പാൻ
മാരാന്തകനുടെ മായമിതല്ലീ
മാരുതനോമാതലിയോനളനോ
ധീരനിവൻ മനുജാകൃതിപൂണ്ടു
തേരുതെളിച്ചുകളിച്ചുനടക്കും
പുരുഷനിവനൊരു ദിവ്യനിതത്രേ
ഇത്ഥംവർണ്ണനമിത്തുനേരം ബാഹുക
ചരിതംകണ്ടു പറഞ്ഞാനപ്പോൾ
കേൾക്കസഖേയൊരു വിദ്യയിനിക്കു-
ണ്ടോർക്കുമ്പോളതിവിസ്മയമത്രേ
അശ്വഹൃദയമെന്നുണ്ടൊരുമന്ത്രം
അക്ഷിഗോചരമതിൻഫലമിപ്പോൾ
ശിക്ഷയോടതുപഠിക്കുംപുരുഷനു
തൽക്ഷണംമനസിജ്ഞാടിടവിക്കും
പക്ഷമല്ലപറയുന്നു ബാഹുക
ഇക്ഷിതികലതുവശമല്ലാർക്കും
അശ്വഹൃദയമതുനിങ്കലുമുണ്ടു
വിശ്വസമ്മതംമനവിത്തുരണ്ടും
നിങ്കലുള്ളമനവിങ്ങുതരേണം
എങ്കലുള്ളതുനിനക്കുമതങ്ങിനെ
ശങ്കതീർന്നുപുനരിരുവരുമപ്പോൾ
മന്ത്രമങ്ങവർപകർന്നുപഠിച്ചു
താന്നിതന്റെഫലവും ദലവും
ഇത്ഥംവർണ്ണനങ്ങുമനകൊണ്ടുപറഞ്ഞു
നന്നുനന്നുതവവിദ്യയിതെന്നു
എണ്ണിവന്നുപറയുന്നിതുതൻ
അക്ഷഹൃദയമതുവൽമായപ്പോൾ
തൽക്ഷണംകലിയൊഴിഞ്ഞതവാങ്ങി
താന്നിവൃക്ഷമതിലേറിവസിച്ചു
പോന്നുബാഹുകനുമഴകൊടുതേരിൽ
സാകേതാധിപനോടും കുണ്ഡിന
ഗേഹേചെന്നുവസിച്ചുമോദാൽ
തേരൊലിനാദംകേട്ടുഭൈമി
പാരംസന്തോഷത്തോടുമിങ്ങിനെ
തേരുവഹിപ്പാനാരീയുലകിൽ
വീരസേനസുതനല്ലാതില്ലാ
കുണ്ഡിനനരപതിതാനും നളനുടെ
സ്യന്ദനഘോഷംകേട്ടുതെളിഞ്ഞു
കോസലഭൂപാലകനും തന്നുടെ

ദ്വാസ്ഥകനോടു പറഞ്ഞാനപ്പോൾ
രണ്ടാംവേളികഴിഞ്ഞോ ശ്വോ
കണ്ടില്ലാരെയുമിപ്പുരിതന്നിൽ
രണ്ടാംവേളികഴിഞ്ഞില്ലിപ്പോൾ
പണ്ടേപ്പോലെ കാണുകയില്ലാ
വേളിഘോഷം കേൾക്കുന്നില്ല
വേളിഘോഷമിതിന്നില്ലല്ലോ
ആരെയുമിവിടെക്കാണുന്നില്ലാ
പലരെയുമെന്തിനു കാണുന്നിപ്പോൾ
കർക്കടരാശികഴിഞ്ഞില്ലല്ലീ
കർക്കടരാശികഴിഞ്ഞില്ലിപ്പോൾ
കറിവന്നായുകൾക്കറിയെന്നോ
കറിവന്നായുകള്ളക്കറിയല്ലാ
ചാരന്മാരവർ ചാരന്മാരോ
ചാരന്മാർ ചാരന്മാരല്ലാ
പിറകോട്ടാഗ്ഗമിക്കവേണ്ടേ
പിറകോട്ടാഗ്ഗമിച്ചീടേണം
അകമ്പടിക്കൂട്ടനാളില്ലല്ലോ
അകമ്പടിക്കൂട്ടനാളുണ്ടാക്കാം
പിള്ളേരാരും വന്നില്ലല്ലോ
പിള്ളരെയിവിടുണ്ടാക്കീടാമേ
വെററിലപുകയിലതിന്നാൻ പോലും
ചക്രം നമ്മുടെ കരമതിലില്ലും
വെററിലപുകയിലതിന്നാൻ വേണം
ചക്രം ഞാനിവിടുണ്ടാക്കീടാം
നാടകശാലക്കാർ വന്നില്ലാ
നാടകശാലക്കാരിവിടൊണ്ട്
ശ്രീമന്ത്രജയെയിന്നലഭിയാതോ
ശ്രീമന്ത്രജയെയിന്നുലഭിക്കും
അവളെക്കാണ്മാൻ സംഗതിവരുമോ
അവളെക്കാണ്മാൻ സംഗതിവരുമേ
ചൊന്നപറഞ്ഞുവശത്താക്കാമോ
ചൊന്നപറഞ്ഞുവശത്താക്കീടാം
ചുംബനമതിനും സംഗതിവരുമോ
ചുംബനമതിനും സംഗതിവരുമേ
ആലിംഗനമതിനൊണ്ടോ സംഗതി
ആലിംഗനമതിനൊണ്ടു സംഗതി
ഇന്നേദ്ദിവസിനമുക്കുലഭിക്കുമോ
ഇന്നേദ്ദിവസിനമുക്കുലഭിക്കും
ഇങ്ങിനെസാകേതാധിപദ്വാസ്ഥകർ
തങ്ങളിലുള്ളൊരുല്ലാസവിശേഷം
ശ്രീമന്നരാധിപനപ്പോളുഴറി-
സ്സാകേതാധിപമേത്തിയുടനേ
കാഞ്ചനമണിഗണഭൂഷിതമാകിന
മഞ്ചംതന്നിലിരുത്തിയണഞ്ഞി
സഞ്ചിതഗുണനാം ശ്രീമാനപ്പോൾ
ചഞ്ചലഹീനം ഗിരമുരചെയ്തു
കമലാകാമുകവംശതിലക സാകേതനാഥാ
കമലാവല്ലഭപാദകമലയുഗളം ചിത്ത-
കമലകർണ്ണികതന്നിൽവിമലാനന്ദം ചേർത്തിടും
കമലാദേവിതൻകരകമലയുഗ്മത്തിൽ ജല
കമലം ധരിച്ചുനിത്യം വിലസുന്നതവഗേഹേ
കമലനേർമുഖിലീലാകമലപുസ്തകവതി
കലശമുലയാംനീലജലദകചഭാരിണി
കലിയുഗകൃതമായകലുഷം വന്നണയാതെ
പൊഴിക്കുംകാന്തികളേറെ ജ്വലിക്കും സുരലോ
കത്തു
ഗമിക്കുംസുരനായകനിരിക്കുമർദ്ധാസനത്തെ
ലഭിക്കും നരലോകമമ്പതുകഴിക്കും ഭിക്ഷകളൊക്കെ
ജയിക്കും ദേവാനിവിടെഗ്ഗമിച്ചു ഞാനെത്രകാലം
കൊതിച്ചു ജന്മസാഫല്യം ലഭിച്ചു മന്ത്രങ്ങളേറെ
ജപിച്ചു വിഷ്ണുപൂജയും കഴിച്ചു ശിവനെ നന്നായ്
സ്തുതിച്ചു ദേവിതന്നെ ഭജിച്ചു ദേവനെയിന്നു
ലഭിച്ചു മോദത്തോടിവിടെ വസിക്കാം മാസമാ-
റൊന്നി-
ച്ചിരിക്കാം കൂട്ടങ്ങൾ കണ്ടുരസിക്കാം മാംസ
ങ്ങൾ കൂട്ടി
ഭുജിക്കാം പാട്ടുകളേറെ ശ്രവിക്കാം ശുഭപാല
മെഘേ
ധരിക്കഭൂഷണജാലം ധരിക്കദൂഷണം നീക്കി-
യിരിക്ക രാജശേഖര.

ഇങ്ങിനെ ശ്രീമന്നൃതുപർണ്ണനരായ്
ഭംഗിയിലോരോവാക്കുപറഞ്ഞു
അംഗനമാർമണിമൌലിയുമപ്പോൾ
തിങ്ങിനമോദാൽ പാചകവരരെ
തന്നുടെമുമ്പിൽ വരുത്തിച്ചൊന്നാൾ
നിങ്ങളുമിന്നൊരുകാര്യം വേണം

സാകേതാധിപനതാഴത്തിന്ന
വൈകാതങ്ങരിയും കോപ്പുകളും
പാകേയങ്ങളുകൊടുത്തീടേണം
കൂടെപ്പാചകർവന്നിട്ടൊണ്ടു
പേടമൃഗാക്ഷിപറഞ്ഞതുപോലെ
ഝടിതികൊടുത്തവരരിയുംകോപ്പും
ദൂതനതാകിയനൈഷധനപ്പോൾ
ചേതസികൗതുകമുൾപുക്കീതക്കള
ശാന്തയതാകിയദമനസഹോദരി
അന്തണവരരെയയച്ചിതുശുദ്ധം
പന്തമൊടവരുംവന്നുപറഞ്ഞു
എന്തൊരുകൗതുകമതിമുഖിമാരേ!
പാത്രമടപ്പത്തൊശ്ശുകരേററി
നേത്രമടച്ചുജപിച്ചുരനാഴിക
പാത്രേജലമതുവന്നുനിറഞ്ഞു
ചിത്രമിദമൊരുതൃണമേലശത്താൽ
കത്തിയിതഗ്നിയുമുടനേവാങ്ങി
എത്രവിചിത്രമതത്ഭുതമെഴുമേ
മിത്രനതാകിയദേവൻതാനോ
അതുകൊള്ളാമപ്പുരുഷൻവച്ചൊരു
കറികളിലല്പംകൊണ്ടുവരേണം
അതുകേട്ടന്തണരുടനേ ചെന്ന-
മധുരക്കറികൊണ്ടന്നുകൊടുത്തു
അതുമേടിച്ചുഭുജിച്ചതുനേരം
മതിയിൽകൌതുകമുളവായ്‌വന്നു
വിറകുംതീയുംജലവുമതെന്യേ
കറിയുംചോറുംവച്ചുചമച്ചി-
ട്ടതിനുതുല്യംസ്വാദുവരുത്താൻ
നളനല്ലാതൊരുപുരുഷനുമില്ല
കേശിനിതന്നെവിളിച്ചുവരുത്തി-
ട്ടാശുശിശുക്കളെയവിടെക്കൊണ്ടു-
പ്പാചകവരനെക്കാണിച്ചീടുക
പോകസഖീവൈകീടരുതൊട്ടും
രണ്ടുശിശുക്കളെയുംകൊണ്ടവളും
കതൃതയെന്യേചെന്നീടുമ്പോൾ
കണ്ടുകുമാരന്മാരെയെടുത്ത-
ത്തൊണ്ടവിറച്ചുകരഞ്ഞുപറഞ്ഞു
രണ്ടിനെയുംമുറകെത്തഴുകീട്ടു
കൊണ്ടാടിക്കണ്ണീരുപൊഴിച്ചു
അശ്രുജലംകൊണ്ടഭിഷേകംചെ-
യ്താത്മനന്ദനശിരസിനകന്ന
വിശ്രുതനാകിയനിഷധനരേന്ദ്രൻ
പുത്രന്മാരെയുമങ്ങുകൊടുത്തു
അക്കമനീമണിമക്കളെയുംകൊ-
ണ്ടക്കാവേണിസമീപേചെന്നു
ദുഃഖമകിമപികഥിച്ചീടുമ്പോൾ
ദുഃഖമൊഴിഞ്ഞുദമയന്തിക്കു
സംശയമില്ലകേശിനിനമ്മുടെ
അമ്മയൊടിക്കഥബോധിപ്പിച്ചു
നിഷ്ഫലനാകിയജനകനിയോഗാൽ
ചെമ്മേബാഹുകമിവിടെവരുത്താം
ഇങ്ങനെകേട്ടവളപ്പോൾതന്നെ
ഭൈമീമാതുടെസമതവരുത്തി
കമ്പമൊഴിഞ്ഞുനിശായാംബാഹുക-
നിമ്പമൊടവളുടെപുരിയിലതായി
പീഠവുമങ്ങുകൊടുത്തതുമോദാൽ
ശുഭമതായ് ചിലവാക്കുപറഞ്ഞു.

നരേന്ദ്രമന്ദിരമതിൽനിന്നെന്നുടെ
ഗിരങ്ങളാരണർപറഞ്ഞശേഷം
പറഞ്ഞതാരെന്നറിവതിനായി
ക്കനിഞ്ഞുനിങ്ങളെയിവിടെവരുത്തി
പറഞ്ഞശേഷംപറഞ്ഞുഞാനെ-
ന്നറിഞ്ഞുകൊള്ളുനരേന്ദ്രകന്യേ
പറഞ്ഞശേഷംപറഞ്ഞതെങ്ങിനെ
നളൻതവാന്തികമതിൽവന്നായോ
വൈരസേനിഞാനവന്റെവാർത്തകൾ
സാരസേക്ഷണേകേട്ടിതുമുന്നം
വൈരസേനിയല്ലാതൊരുപുരുഷൻ
സാരമെൻവചനമറികയുമില്ല
അഥോനളൻഞാനവന്റെവാർത്തകൾ
മഹാനഭാവംപറഞ്ഞിട്ടന്നോൻ
സുമന്ദഹാസംപൂണ്ടുവിദർഭജ-
പറഞ്ഞുനൈഷധനെവിടെഗമിച്ചു
ദമൻസഹോദരിതന്നുടെവനേ
ഇതന്നിട്ടുന്നിതുനളനരപാലൻ
വിരൂപമെങ്ങിനെവന്നുഭവിച്ചു

വിരൂപമാഹിയാൽ വന്നു ഭവിച്ചു
സ്വരൂപമാവാനെന്തൊരു വഴിയിനി
സ്വരൂപമാവാൻ കൌശലമുണ്ട്
കാർക്കോടകനാടെ വസ്ത്രമെടുത്തു
പാർക്കാതങ്ങു പുതച്ചിതു നളനും
മാർത്താണ്ഡോദയമെന്നതുപോലെ
പാർത്താലെത്ര മനോജ്ഞശരീരം
മുന്നേതിലുമതിശോഭകലർന്നു
മന്നവർമണിയാം നൈഷധനപ്പോൾ
പെൺമണിയോടും കൂടെ രമിച്ചു
നിർമ്മലമതിയാം നിഷധനരേന്ദ്രൻ
ഉണ്ടായൊരു ദുഃഖങ്ങളശേഷം
രണ്ടാലിംഗനമതിനാൽ നീങ്ങി
വണ്ടാർകുഴലിയൊടൊത്തു രമിച്ചങ്ങിനെ
തണ്ടാർശരനാടകമാടുമ്പോൾ
കണ്ടില്ലെന്നു നിശായാം നിദ്രയു-
മിണ്ടലകന്നു ദിനേശനുദിച്ചു.

മന്ദിരംതോറുമപ്പോളിന്ദിന്ദിരങ്ങൾ ചെന്നു
സുന്ദരനായ നളൻ വന്നതറിയിക്കുന്നു
മന്ദിരപതിയായ ഭീമനെക്കാണാനപ്പോൾ
മന്ദാരബാണതുല്യൻ മന്ദം പുറപ്പെട്ടപ്പോൾ
കൂപ്പിത്തുടങ്ങി സർവലോകരുമതുനേരം
തൃപ്പിട്ടു ഭൂസുരരും കോപ്പിട്ടു നൈഷധനും
പൊന്നിൻകിരീടം നന്നായ് മിന്നുന്ന കുണ്ഡലങ്ങൾ
പൊന്മണിമാലാ നല്ല മുത്തുമാലകൾ കണ്ഠേ
കങ്കണം തരിവളകുങ്കുമം മാറിൽ ചേർത്തു
പൊൻകസവുകളിട്ട മുണ്ടുകൾ ചാർത്തി നല്ല
പൊന്നരഞ്ഞാണമതിന്മീതെ മുറുക്കിക്കൊണ്ടു
പട്ടുക്കുട പിടിപ്പിച്ചിഷ്ടന്മാരോടും കൂടെ
പെട്ടെന്നു ചെല്ലുന്നേരമൊട്ടെന്നും ജയഘോഷം
ജീവലവാർഷ്ണേയന്മാർ വന്നു കൈകൂപ്പിനിന്നു
ഭീമരാജാവു പൊന്നിൻസിംഹാസനവും നൽകി
സാമമോടെഴുന്നേറ്റു പാണിപിടിച്ചിരുത്തി
ആമയം വന്നതിന്റെ കാരണങ്ങളും ചൊല്ലി
സമ്മാനം കേട്ടുടൻ സാകേതാധിപനെയും
ചെമ്മേ പറഞ്ഞയച്ചു കല്മഷഹീനനപ്പോൾ

വീരസേനാത്മജനും ഭൈമീകാമിനിയു-
മാരവേണകാലാൾപ്പടയോടും
പൗരിലങ്ങുപുകൾ പൊങ്ങിനാൻ നിഷധ-
പുരേ ഗമിച്ചു സുരരാജതുല്യൻ
പുഷ്കരാ വരിക ചൂതിനു സതതം
വയ്ക്കണം പണയമിന്നിയുമെന്നുടെ
കയ്ക്കലായ ധനമിത്തിരിയുണ്ടു
മൊക്കെയങ്ങു തരുവാൻ മടിയില്ലാ
ഇത്ഥമാശു നളവചനം കേട്ടു
ബഹുമോദമൊടു പുഷ്കരനപ്പോൾ
അക്ഷവും പടമെടുത്തു കരത്തിൽ
ചിത്തശോകമതിനില്ല നരാധിപ
വയ്ക്ക ഭൈമിയെയുമഴകൊണ്ടുപണേട
ചിത്തമോഹമതിനുണ്ടു നമുക്കു
വയ്ക്ക പണയമതിനെന്തൊരു ചേതം
കഷ്ടവാക്കു പറയുന്നതുമതിമതി
ദുഷ്ടബുദ്ധിയാം നീയുമഹംകൃതി
വെയ്ക്കു മഞ്ചുവരവയ്ക്കു നേരം
തമ്മിലങ്ങനെ പറഞ്ഞഥ ദേവനം
മൂന്നു ചെയ്തു ധനധാന്യമശേഷം
പുഷ്കരൻ സപദി നൽകി നളന്നാ-
യുസ്സുമൊന്നുമാത്രം ശേഷിച്ചു
പൃഥിവീപാലനതാകിയ നളനും
ഖഡ്ഗമത്രകരതാരിലെടുത്തു
പുഷ്കരന്റെ ഗളമത്രമുറിപ്പാൻ
ക്ഷിപ്രമങ്ങു കചം പിടിപെട്ടു
തൽക്ഷണം ദമനസോദരി നളന്റെ
ഹസ്തപങ്കജം ചെന്നു പിടിച്ചു
ദുഷ്ടബുദ്ധിയിവനെങ്കിലുമിപ്പോൾ
നഷ്ടമാക്കരുതു വിഷ്ടപനാഥാ!

ഹരിണമതിനെയൊരു ഹരിയെന്നതുപോ-
ലിവനെയിന്നു കൊൽവാൻ പണിയില്ലാ
ഭൈമിതന്റെ ഗിരമേവം കേട്ടഥ
ഭൂമിനാഥന്റെ കോപമടങ്ങി
വിട്ടു പുഷ്കരനെ വീരവൊടു നളനും
ദുഷ്ടബുദ്ധിയൊടു കിമപി കഥിച്ചു
വരിക പുഷ്കര വീരാ പരുഷമില്ലെടോ ചെറവം

തരുവൻഞാൻ നിന്റെ ധനം പരിഭവമില്ല വരിക
മരുവുകമുന്നേപ്പോലെ പരിചോടെ സഹോദരാ
ചിരകാലംവാണുകൊൾക തരുവൻഞാൻ വേണ്ടതെല്ലാം
ഉരുതരസുഖമൊടുവാഴ്ക സുശീലാ.

പുഷ്കരനോടിങ്ങനെയുരചെയ്തു
ദുഷ്കരരഹിതംമുന്നേപ്പോലെ
സൽക്കാരംചെയ്തവനെയിരുത്തി
ഉൾത്താരിൽകനിവോടഥ നളനും
ചിത്താനന്ദം പൂണ്ടു സുഖിച്ചു
ഉത്തമയാകിയഭൈമീസഹിതൻ.

നളചരിതം രണ്ടാംസ്വയംവരം ഓട്ടൻതുള്ളൽ സമാപ്തം.

ഹിഡിംബവധം

ഓട്ടൻതുള്ളൽ.

കരകാണാതൊരുകടലിനുസമമാം
നരകവിനാശനപാണ്ഡവചരിതം
പരിചൊടുസജ്ജനസഭയിലിറങ്ങി-
പ്പറവതിനായിഹ ഭാവിക്കുന്നേൻ.
ഹസ്തിരഥാദിസമൃദ്ധതപെരുകും
ഹസ്തിനപുരമതിലതിമതിസുഖമൊടു
നിസ്തുലധൃതിധൃതരാഷ്ട്രമഹീപതി
നിസ്തുലഭൂപതിവാഴുംകാലം
ദുര്യോധനനും ദുശ്ശാസനനും
ദുർഭാഷണനും ദുശ്ശേഷണനും
ദുർമ്മേധാവും ദുർമ്മൃതനനും
ദുശ്ശീലനനും ദുന്നീലനനും
ധൃഷ്ടതയാധൃതരാഷ്ട്രസുതന്മാ-
രെട്ടുജനങ്ങളുമനുജന്മാരും
അന്ധനതാകിയ ജനകൻതന്നുടെ-
യന്തികസീമനി ചെന്നുവണങ്ങി
പന്തിനിരക്കെയിരുന്നുപതുക്കെ-
ച്ചിന്തിതമങ്ങുപറഞ്ഞുതുടങ്ങി;
അച്ഛനു ഞങ്ങളിലുള്ളൊരു കനിവതു
തുച്ഛമതാവാനെന്തവകാശം?
കുന്തീസുതരെക്കുറവുണ്ടാവാ-
നെന്തൊരുബന്ധമതും കേൾക്കേണം

വണ്ണൻവാഴകണക്കെ വളർന്നൊരു
പൊണ്ണത്തടിയനതാകിയ ഭീമൻ
ഉണ്ണികളാകിയ ഞങ്ങളെ വളരെ
ബന്ധിപ്പിക്കുന്നിതു മമ താതാ!
കണ്ണറിയാത്ത പിതാവിനിതൊന്നും
കണ്ടറിവാനും വശമല്ലല്ലോ
പൊണ്ണൻ ഭീമനു പത്തുപറച്ചോ-
റുണ്ണണമെന്നാലതുമതിയല്ലാ
ഉണ്ണികളാകിയ നമ്മെക്കണ്ടാൽ
കണ്ണുതുറന്നൊരു ഭാവംകാട്ടും
അതുകാണുമ്പോൾ ഞങ്ങൾ ഭയപ്പെ-
ട്ടതുവഴി മണ്ടിയൊളിക്കേയുള്ളു
ചെമ്പിൽ ച്ചോറു കടത്തീടുമ്പോൾ
മുമ്പിൽകൊണ്ടിലവയ്ക്കും ഭീമൻ
വമ്പുള്ളവനച്ചെമ്പിന്നിങ്ങുവി-
ളമ്പിയചോർ മതിയല്ലെന്നാകിൽ
ചെമ്പുപിടിച്ചങ്ങിലയിൽമറിപ്പാൻ
ചങ്ങാതിക്കൊരു സംശയമില്ലാ
ചക്കപ്പഴമാരാൻകൊണ്ടുവന്നാ-
ലൊക്കെമുറിച്ചുചെലുത്തും ഭീമൻ
ഇക്കണ്ടുണ്ണികൾ ഞങ്ങൾക്കായതു
വെക്കമൊരിത്തിരി കിട്ടുകയില്ലാ

പക്കച്ചോറും കാളൻകറിയും
ചക്കച്ചുകണ്ണിയുമെന്നിവയെല്ലാം-
തിക്കഞ്ഞുങ്ങൾക്കൊരു സുഖഭോജന-
മിക്കാലങ്ങളിലില്ലിഹതാതാ:
എന്തിനവളരെക്കീർത്തിക്കുന്നു
കുന്തീസുതരും ഞങ്ങളുമിവിടെ
സന്ധിച്ചിനി മരുവീടുകയെന്നതു
ചിന്തിച്ചാലെളുതല്ലിനിമേലിൽ
അവരിലൊരപ്രിയമരുളിച്ചെയ്യാം-
നച്ഛനുമമ്മയ്ക്കും വാശമല്ലം
ഭവയുനമുക്കെന്തിതുകൊണ്ടിപ്പോ-
ളിവിടെനിവാസമുപേക്ഷിക്കുന്നേൻ
അടിയനുമനുജന്മാരും കണ്ണനു-
മടിയാരിൽച്ചിലനായന്മാരും
മടിയാതിന്നിനി മറ്റൊരുദിക്കിനു
വിടകൊൾകെന്നു മനസ്സിലുറച്ചു.
കുത്തിവെളുത്തൊരു കറിയരിവെച്ചു
കുന്തീതനയന്മാർക്കുവിളമ്പും
കണ്ണൻപഴവും കറിപലതുംപുതു
വെണ്ണയുമൻപൊടു പാലുംദധിയും
പൊണ്ണൻഭീമനുമനുജന്മാർക്കും
കണ്ണുമടച്ചുജപിക്കും ജ്യേഷ്ഠനും
ഇച്ചുട്ടത്തിനു കല്ലുംനെല്ലു-
മിടിക്കും കററി വെച്ചുവിളമ്പും
ചട്ടമിവണ്ണമടുക്കളവയ്ക്കും
പട്ടന്മാർക്കതു മാറുകയില്ലാ
തടിയൻഭീമൻ വടികൊണ്ടടിയനെ
യടികൂട്ടുന്നതിൽ മുന്നേതന്നെ
തടിയുംകൊണ്ടൊരു ദിക്കിനുമണ്ടി
ത്തടിതിഗമിപ്പാൻ കൂടുകിലുചിതം
കാട്ടിൽപ്പെററ വളന്നൊരുകൂട്ടം
കാട്ടിലുന്നൊരു ധിക്കാരം മമ
കണ്ടുംകേട്ടും വളരെമുഷിഞ്ഞും
കൊണ്ടുവസിപ്പാനരുതിനിമേലിൽ
പാർത്ഥന്മാരോടൊരുമിച്ചിവിടെ
പാർത്തീടുകയിനിയെളുതല്ലേതും
തീർത്തുചെയ്യാമീജനമെല്ലാം
തീർത്ഥവുമാടി നടക്കെയുള്ളു

മറുതലവന്നിഹ തലയിൽക്കേറി
പൊറുതികെടുക്കുന്നതു കണ്ടിങ്ങനെ
വെറുതെ പാടുപെടുന്നതിനേക്കാൾ
മറുനാട്ടിന്നു ഗമിക്കുകനല്ലൂ
അറുപതുമിന്നൊരുനാല്പതുമൊരുവക
ചെറുകുഞ്ഞുങ്ങളൊരേഷണികുസൃതികൾ
അറിയാത്തവരൊടുവൈരികളൊരുവക
മറിമായങ്ങൾ തുടങ്ങിക്കൊണ്ടാൽ
ആയതുനിർത്താനടിയങ്ങൾക്കൊരു
നാഥനുമില്ലെജമാനനുമില്ലാ
കോയിക്കൽപ്പുനരുള്ളവരവരുടെ
സ്ഥായീക്കാറല്ലാതില്ലാരും
ആർക്കുംവേണ്ടാതിങ്ങിനെയിവിടെ-
പ്പാർക്കുന്നെന്തിനു ഞങ്ങളിദാനീം!
ഓർക്കുന്നേരമൊരിക്കൽനമുക്കും
ചാക്കുണ്ടെന്നതു നിശ്ചയമല്ലോ;
മട്ടും കൃപയില്ലാത്ത ജനങ്ങടെ
കൊട്ടുംകൊണ്ടുകിടക്കേക്കായിൽ
കെട്ടുംചുമടുമെടുത്തുനടന്നാൽ
കിട്ടുംമുതൽകൊണ്ടഷ്ടികഴിക്കാം
പട്ടണമൊക്കെ നിരപ്പെനടന്നാൽ
കോട്ടണമെങ്കിലുമഷ്ടികഴിക്കാം
പട്ടന്മാരും ചുമടുചുമക്കുമെ-
ന്നൊട്ടും ദൂഷണമില്ലനമുക്കു
പതിപെട്ടാൽ പുനരെന്തരുതാത്തു
ഗതികെട്ടാൽ പുലി പുല്ലുംതിന്നും
കാററിന്മകനും സഹജന്മാരും
ഊററക്കാരെന്നാകിലുമൊരുപട-
യേററന്നാകിൽ മടങ്ങുമവർക്കതി-
ലേററം വിരുതുവിശേഷിച്ചില്ലം
എങ്കിൽ നമുക്കൊരു ചക്രംപോലും
എങ്ങുമൊരുത്തരു തരികയുമില്ലാ
അങ്കപ്പണമങ്ങടിയറയുംചില
വയ്പും തചിയുമൊടെപ്പെട്ടൊരു
ചപ്പും ചിപ്പും പാണ്ഡുസുതന്മാ-
ർക്കൊപ്പിക്കുന്നു ജനങ്ങളശേഷം
പ്രാണസമൻ മമ കണ്ണൻതന്നുടെ
പാണിതലത്തിലെടുത്തൊരുവില്ലും

ഖണ്ഡവുമിന്നുവൃഥാ ഫലമല്ലോ
കാണാതഖിലമടങ്ങുകിലെന്നാൽ
കേഴുകൾ പലതും സംപ്രതിവന്നിട-
ക്കൂട്ടം ഉദ്യമിഹ പടതുടരുമ്പോൾ
കൂട്ടനശിച്ചൊരു പക്ഷികൾപോലെ
കാട്ടുകരേറും പുരവാസികളും
പോരുപറഞ്ഞാലിതുപെരുന്നവട്ടമല്ലാ.
പോരുള്ള കൂട്ടമെന്ന തീരും പുലരും കേട്ടാൽ
നേരുപറഞ്ഞാലിതു നേരംപോക്കെന്നിരിക്ക-
മാരും നമുക്കൊരുപകാരം ചെയ്യുകയുമില്ലാ
നൃപതനയന്മാരിൽ കൂറമൊരുത്തർക്കില്ലാ
ചോറും കറിയുംകൂടി നേരേ ലഭിക്കുന്നില്ലാ
ചെറുപിരണ്ട നാറിക്കീറത്തുണിയുംചുററി-
ച്ചോറമ്മാനങ്ങുചെന്നുകേറുമ്പോൾ വല്ലന്മാരും
ചീരം കനത്ത കട്ടച്ചോറും പുളിച്ചപുളി-
ഞ്ചാറും വിളമ്പുമവക്കേറം ദുർമ്മുഖത്തോടെ
ആരും കാണാതെ നല്ല തൈരും പുളിശ്ശേരിയും
വാരിക്കോരിയെടുത്തങ്ങോരോതരങ്ങളവ
കൂട്ടിപ്പുളിപ്പുകാരൻകൂട്ടരുംകൂടിനന്നാ-
യഷ്ടികഴിച്ചുകൊണ്ടുമിഷ്ടംപോലെന്നിനം
കുട്ടിപ്പട്ടന്മാർ ചോറുകട്ടങ്ങുകൊണ്ടുചെന്നു
കെട്ടിയ പെണ്ണുങ്ങൾക്കുതട്ടിക്കൊടുക്കുമവ-
രൊട്ടിങ്ങുകാണാമോരോരോ ഗോഷ്ഠികൾകണ്ടാൽ-
ഞങ്ങൾ—
ക്കൊട്ടും സഹിക്കയില്ലാ കഷ്ടമീക്കായിക്കലെ
പട്ടവും വട്ടങ്ങളുമൊട്ടും ഹിതമല്ലെന്നു
തിട്ടമായുണ്ടിതെല്ലാം പെട്ടെന്നുറച്ചുഞങ്ങൾ
കുന്തീസുതന്മാരോടു സന്ധിതരമല്ലെന്നു
ചിന്തിച്ചു മാറാപ്പെല്ലാം ബന്ധിച്ചുപുറപ്പെട്ടു
നിന്തിരുവടിയുടെയന്തികേവന്നുകൂപ്പി
അന്തിക്കുമുമ്പേ യാത്രകല്പിച്ചയച്ചീടേണം
ഇത്തരമുള്ളൊരു ദുര്യോധനന്റെ-
യത്തൽമുഴുത്തൊരു വാക്കുകൾകേട്ടു
വൃദ്ധനതാകിയ ധൃതരാഷ്ട്രൻപുന-
രുത്തരമിത്തരമരുളിച്ചെയ്തു: —

ഉണ്ണീ വരിക സുയോധന നിങ്ങളി-
വണ്ണം വാശിപിടിച്ചുപറഞ്ഞി-
ക്കണ്ണില്ലാത്തൊരു നമ്മെക്കൊണ്ടിഹ
ദണ്ഡിപ്പിക്കുന്നെന്തിനപാഴിൽ
നിങ്ങളുമയ്‌വരുപാർത്ഥന്മാരും
തങ്ങളിലേതും രസമില്ലെങ്കിൽ
പാർത്തലമതിലിനി മറെറാരു ദിക്കിൽ
പാർത്ഥന്മാക്കൊരു ഭവനംതീർത്തു
പാർപ്പിച്ചീടുകവേണമിതെന്നൊരു
താൽപര്യംപുനരുണ്ടതുമാത്രം
നമ്മുടെയിളയമ്മയ്ക്കുപിറന്നൊരു
നന്മകനല്ലോ പാണ്ഡുതനൂജൻ
അവരും നമ്മുടെ മക്കളിതല്ലോ
അവരെ നമുക്കു വെടിഞ്ഞീടാമോ?
ധർമ്മേശ്വരന്റെ സുതനായുള്ളൊരു
ധർമ്മജനും നാലനുജന്മാരും
ഭവനമവർക്കുവസിപ്പാനൊരിടം
നലമൊടുതീർത്തു കൊടുക്കണമുണ്ണീ!
വളരെ ദൂരത്തരുതൊരുകാതം
വഴിയകലത്തിഹ നല്ലൊരുദിക്കിൽ
വളരെത്തെങ്ങു കവുങ്ങും പ്ലാവും
കൊടിയും വാഴകളെന്നിവ പലതും
ഉളവാക്കിക്കൊണ്ടൊരു പുരമിങ്ങനെ-
യളവേ ഹസ്തിനപുരിയൊടുതുല്യം
തെളിവോടു തീർത്തു കൊടുക്കാമെങ്കിൽ
പൊളിയല്ലവരെയിറക്കിയയയ്ക്കാം.

അന്ധൻ നൃപതിതന്റെയരുളപ്പാടതുകേട്ടു
സന്തുഷ്ടൻ ദുര്യോധനൻസപദിസന്തോഷംപൂണ്ടു
അമ്മാവനോടുചെന്നീയവസ്ഥകൾ ബോധിപ്പി
അമ്മാവൻശകുനിയുമതുകൊള്ളാമെന്നുറച്ചു [ച്ചു
ഉണ്ണീമരുമകനെ ഉരഗധ്വജാവരിക
കണ്ണില്ലാത്തച്ഛനോടു കപടം ഗ്രഹിപ്പിക്കല്ലേ
പാണ്ഡുതനയന്മാരെ പരിചോടു വഞ്ചിക്കേണം
പാണ്ഡിത്യമുണ്ടെനിക്കു പരന്മാരെ ചതിപ്പാനും
വാരണാവതമെന്നവലിയോരു ദേശമുണ്ടു
പാരം ദൂരത്തുമല്ല പാരമടുത്തുമല്ല
പാരാതങ്ങിക്കലില്ലം പണിയിച്ചുകൊടുക്കേണം
സാരമൊന്നുണ്ടതാനുംസപദിനീ ബോധിച്ചാലും
കണ്ണനും ഞാനും നീയുമെന്യേ മറെറാരുവരും
ബോധിക്കരുതിക്കപടസംസാരമൊന്നുംതന്നെ
ആശാരിപ്പണിക്കന്മാരവരെല്ലാമെങ്ങുപോയി
ആശയ്ക്കുതക്കപോലെ അവരില്ലം തീർത്തിടേണം

ഇത്ഥംപറഞ്ഞാശാരിപ്പണിക്കന്മാരാലേക്കേററം
ചിത്രപ്പണിക്കാരന്മാർ ചിലരുണ്ടുവിശ്വസിപ്പാൻ
പാരാതെമൂത്താശാരിപ്പണിക്കനെവേറെവിളി-
ച്ചാരോമലുരചെയ്തു ജാതിദുഷ്ടൻ ശകുനിയും
പണിക്കവിരുതുള്ളൊരുപണിക്കനിങ്ങുവന്നാലും
നിനക്കുശില്പിശാസ്ത്രത്തിൽകണക്കുംകയ്യുമുണ്ടല്ലോ
കരുക്കൾക്കുമൂപ്പായുള്ളകരുശ്രേഷ്ഠൻകല്പിക്കുന്നു
അരക്കുകൊണ്ടില്ലമൊന്നു തെരിക്കെന്നു തീർത്തീടേണം
കരക്കാരുംമററും ചിലമരക്കാരുംബോധിക്കേണ്ടാ
പരക്കെബോധിച്ചെന്നാകിൽതരക്കേടുവന്നു-കൂടും
ചുരുക്കിപ്പറയാമില്ലമിതിക്കേണ്ടുംപ്രകാരങ്ങൾ
അരക്കും പഞ്ഞിയുമുള്ളിൽനിരക്കെ നിറച്ചുവച്ചു
പുറത്തു വെങ്കളിയിട്ടു നിരപ്പിൽ ചിത്രമെഴുതി
കരുത്തവെടിമരുന്നകത്തും ചൊരിഞ്ഞതിൻെറ
പുറത്തുഭാഗത്തുഭിത്തിമറച്ചുമാളികക്കൂട്ടം
തിറത്തിൽ പണിയുന്നല്ലനിറത്തിൽ ചായവുമിട്ടു
പെട്ടെന്നുപതിനെട്ടുകെട്ടുംപണിതുണ്ടാകൾ
തട്ടുംമതിലുകളുംചുട്ടററപുരത്തിൻെറ
ചട്ടങ്ങളെല്ലാംകൂട്ടിക്കെട്ടിച്ചമച്ചീവണ്ണം
എട്ടുദിനത്തിൻമുമ്പേ പൂർത്തിവരുത്തീടേണം.

ശഠാത്മാവുള്ള ശകുനിപറഞ്ഞൊരു
കഠിനംകപടത്തൊഴിലതുകേട്ടു
അടിയങ്ങൾക്കൊരു കുറ്റമതിപ്പോ-
ളിടകൂടാതെ തുണച്ചരുളേണം
ഉടനേ ഗൂഢമരക്കില്ലംപണി-
തുടരാമെന്നു പണിക്കന്മാരും
അടിമലർതൊഴുതുനടന്നദ്ദിക്കിൽ
ഝടിതിതുടങ്ങി...യത്നവുമുടനേ:
ശൗര്യവിധത്തിനുവിരുതുപെരുത്തൊരു
കാര്യക്കാരിലൊരുത്തൻവേണം
ആരുള്ളെന്നതിനെന്തിതുശകുനി
അടിയനിതെന്നു പുരോചനനപ്പോൾ
അതുകൊള്ളാംമതിവീരപുരോചന!
ജതുഗൃഹമമ്പൊടു തീർപ്പിച്ചാലും
എന്നതുകേട്ടുപുരോചനനവിടെ
ച്ചെന്നുക്രമിച്ചുതുടങ്ങിപ്രയത്നം
ഉന്നതമാകിനജതുഭവനംപണി
യുന്നപണിക്കന്മാർക്കിഹ ചെലവിനു
നെല്ലുംപണവുംപുകയിലവെററില
തെല്ലുംമടിക്കൂടാതെകൊടുത്തും
ചെല്ലുംചെലവുകളെഴുതിച്ചാർത്തിയ-
തെല്ലാംശകുനിയെ വന്നറിയിച്ചും
നല്ലസമർത്ഥനരക്കില്ലംപണി
നലമൊടു സാധിച്ചിങ്ങിനെസരസം
ഇട്ടുവിരവൊടു ശില്പികളിൽപുന-
രിട്ടുവിരുതും മൂത്തപണിക്കനു
പട്ടുംമുണ്ടുംപണവുംവളയും
ഒട്ടുംമടിക്കൂടാതെകൊടുത്തു
ദുര്യോധനനതുനേരംകുരുകുല-
വര്യനതാകിയധൃതരാഷ്ട്രന്നുടെ
ചേവടിയുഗളംചെന്നുവണങ്ങി-
സ്സാദരമേവംഗിരമുരചെയ്തു.

വാരണാവതേ വലിയൊരുമന്ദിരം
ആരണാവലിസഞ്ചിതമഞ്ചിതം,
അഞ്ചുപാണ്ഡവന്മാർക്കുവസിപ്പാനാ-
യഞ്ജസാവിഭോ! തീർത്തുമനോഹരം
എത്രവിസ്മയമണിഗൃഹംമണിഗൃഹം
അത്രമാത്രമല്ലനവധിജനതതി-
തത്രപാർപ്പതിന്നതുമതിശിവശിവ
ചിത്രമെത്രയും ചിതമതുഹിതമതു.

ഇത്ഥംമകനുടെവാക്കുകൾകേട്ടതി
ശുദ്ധൻകപടമറിഞ്ഞില്ലേതും
വൃദ്ധൻനരപതിധർമ്മാത്മജനെ
തത്രവരുത്തിയിരുത്തിച്ചൊന്നാൻ
ധർമ്മജ! ഭീമ! ധനഞ്ജയ! നകുലാ!
മന്മകനേ സഹദേവ! സുശീലാ!
നന്മൊഴികേൾക്കണമുണ്ണികളെല്ലാരു-
മെന്മക്കൾക്കശുഭംവരുമെന്നാൽ
നമ്മുടെമക്കളിൽ മൂത്തവനുള്ളില-
ഹമ്മതിപാരമടക്കവുമില്ലാ
നമ്മെബ്ബഹുമാനവുമില്ലാത്തതു
നമ്മുടെജാതകമെന്നേവേണ്ടു

നിങ്ങൾക്കുള്ളിൽവിവേകവുമുണ്ടതി
മംഗലമീശ്വരഭക്തിയുമുണ്ട്
ജ്ഞാനവുമുണ്ടതുകാരണമിപ്പോൾ
ഞാനെന്നുള്ളോരഹമ്മതിയില്ലാ
മക്കളെല്ലാരഞ്ചെട്ടുണ്ടുനമുക്കവ-
രൊക്കെമഹാമൂഢന്മാർതന്നെ
അവരുംനിങ്ങളുമൊരുമിച്ചിനിമേ-
ലിവിടെവസിച്ചാൽ ഗുണമാകില്ലാ
അക്കരെയമ്പലമൊന്നില്ലാഞ്ഞാൽ
മക്കടെ കലശലു മാറുകയില്ലാ
എന്നതുകാരണമിപ്പോഴങ്ങൊരു
മന്ദിരമാശുചമച്ചിതുഞാനും
അവിടത്തിൽചിലർചെന്നുവസിക്കേ
ണവനത്തിന്നൊരു ഭൃതിവേണ്ടു
ഇവരിൽചിലരെയയച്ചാലായവ-
രവതാളങ്ങൾപിണയ്ക്കുംപലതും
ധർമ്മജ നീയും സഹജന്മാരും
അമ്മയുമപ്പുരതന്നിൽചെന്നു
നന്മയിലവിടെപ്പാലുംകാച്ചി
ച്ചെമ്മേസുഖമായി വാണീടേണം
ചെലവിന്നെല്ലാംപണവുംനാരിയും
ഇലകലമോരുംനെയ്യുമിതെല്ലാം
നിലകാത്തുകളും ചെമ്പുകളുരുളികൾ
വലിയകിടാരം വാർപ്പുവിളക്കുകൾ
ചട്ടകവും പല കുട്ടകവുംചില
പെട്ടികളും പല കട്ടിലുമെല്ലാം
ഇഷ്ടംപോലിന്നിവിടേനിന്നും
കെട്ടിയെടുപ്പിച്ചങ്ങുഗമിക്കാം
അഷ്ടികഴിച്ചുവസിപ്പാനുംപുന-
രിഷ്ടികൾചെയ്യതിനും സുഖമവിടം
കണ്ടവർ വന്നു പറഞ്ഞതുകേട്ടതു-
കൊണ്ടിഹ ഞാനും ഘോഷിക്കുന്നു
കണ്ടറിവാനിക്കിഴവച്ചാക്കൊരു
കണ്ണുംതിക്കമതില്ലെന്മകനേ!
താതന്റെ വാക്കുകേട്ടുസഹനംകൈക്കൊണ്ടുയി
താണുവണങ്ങിക്കൊണ്ടു താനുമനുജന്മാരും [രൻ
മാതാവുമെററംചില മമതയുള്ളാളുകളും
ഏതാനും നായന്മാരുമൊരുമിച്ചുപുറപ്പെട്ടു
വമ്പൻപുരോചനനും വഴികാട്ടാനായിക്കൂടെ
മുമ്പിൽനടന്നു ഹാ വാനചിതനെന്നുംനടിച്ചു
അഞ്ചുനാഴികകൊണ്ടങ്ങരക്കില്ലംതന്നിൽ ചെ-
ന്നഞ്ചാതെകണ്ടുകൊണ്ടങ്ങകംപൂക്കജനനിയും [ന്നു
സഞ്ചാരംചെയ്യുമെല്ലേ സരസന്മാരഞ്ചുപേരും
അഞ്ചാതെചെന്നുമണിമാളികമുകളേറി
പള്ളിമാടങ്ങൾതന്നിൽപാരിച്ചൊടെകാണായോ
പള്ളിമെത്തമേലേറിപ്പരമാനന്ദംശയിച്ചു, [രോ
കള്ളപ്രയോഗമെന്നു കരുതി മാനസംതന്നിൽ
കൊള്ളാമിങ്ങെന്നുരചിതംകുറഞ്ഞൊന്നു ചൊല്ല
ന്നേരം
ഉള്ളിൽ കപടമേററമുരഗദ്ധ്വജൻറെഭൃത്യൻ
കൊള്ളിവച്ചീടുമതുമറിയാതിരിക്കയില്ല
ഉള്ളവണ്ണം ഞങ്ങളോടുരചെയ്യുംവിദുരരെ-
ന്നുള്ളോരുറപ്പുകൊണ്ടങ്ങുടമയോടൊത്തുവാണു.

ജനകനതാകിയ വിദുരരുമപ്പോൾ
ഖനകനെ വിരവിലയച്ചിതുഗൂഢം
ഖനകൻചെന്നു യുധിഷ്ഠിരനോടു
കനിവൊടുകണ്ണു കിമപികഥിച്ചു
ദുര്യോധനനുടെ കപടമിതെല്ലാം
അയ്യോ! ശിവശിവ! ബോധിച്ചാലും
കഷ്ടമിതൊക്കെയരക്കുംപഞ്ഞിയു-
മിട്ടുനിറച്ചോരു പുരമിതുസർവ്വം
കള്ളനതായ പുരോചനനിവിടെ
കൊള്ളികൊളുത്താൻ വരുമൊരുദിവസം
അതുബതകരുതിപ്പാർത്തീടേണം
ഇതുജതുഗൃഹമെന്നോർത്തീടേണം
ഇതുബതജനകൻ വിദുരരു നിങ്ങടെ
ഹിതമുരചെയ്യാനെന്നെയയച്ചു
പതിനെട്ടുംപുനരെട്ടും തൂണുകൾ
മതിലിനകത്തിഹ കാണുന്നീലേ
അതിലൊരുതൂണടിയൻപണിചെയ്തു
അതിലൊരു വിസ്മയമുണ്ടതുകേൾപ്പിൻ
തൂണുപിടിച്ചു തിരിച്ചാലായതു
താണങ്ങിളകിപ്പോരുംനിയതം
കാണാമപ്പോളൊരുഗുഹപെരുവഴി
തൂണിനു കീഴതി വിസ്തൃതമായി
കൊള്ളിക്കാരൻ വരുമളവതിനുടെ
ഉള്ളിലിറങ്ങിപ്പോയ്ക്കൊണ്ടാലും

ഉള്ളിലിരിക്കയാവൂയിതെല്ലാം
ഉപദേശംമമ ധർമ്മതനൂജ!
നമ്മുടെ ദുർന്നീതയാളുംകണ്ടോ-
നമ്മാക്കപ്പണിചെയ്തു ചമച്ചു
ദുര്യോധനനധിവിഷാദമൊടായ-
ഗ്ഗൃഹമാകുന്നതു ഗമിക്കാവൂ ന.

ഇങ്ങിനെ ഖനകൻ വന്നുപറഞ്ഞു
അങ്ങുതിരിച്ചു പുനരതിവേഗാൽ
ഇംഗിതവേദികൾ പാണ്ഡുസുതന്മാ-
രിങ്ങുമിരുന്നു സുഖിച്ചുവസിച്ചു
അക്കാലത്തൊരു കാട്ടാളസ്ത്രീ
അവിടെയിരിപ്പാൻ ചെന്നുകരേറി
മക്കളവർകളഞ്ചുസുതന്മാ-
രൊക്കെത്തക്കൊണ്ടന്നീടുന്ന
ലാക്ഷാഭവനംതന്നിലിരിക്കും
സാക്ഷാൽ പരമേശ്വരനൊടുതുല്യൻ
ധർമ്മതനൂജനുമനുജന്മാരും
തന്മാതാവാം കുന്തീദേവിയും
ധർമ്മംചെയ്യും അവരെന്നുള്ളതു
ചൊന്നതു കേട്ടൊരു കാട്ടാളസ്ത്രീ
അറിയരുതാത്തൊരു സമയേ വിരവൊടു
കുടിവസിച്ചുടനും പുരമുറിയുടെ
അന്തികസീമനി ചെന്നുചുരുക്കെ
ഒന്നിരുപടിയൊടു ഭിക്ഷയിരന്നാൾ.

ഭിക്ഷാംദേഹിഗുരോ! നമുക്കിഹ
ഭിക്ഷാംദേഹി ഗുരോ!
ഭക്ഷിപ്പാനേതും വകയില്ലാഞ്ഞിങ്ങിനെ
ഭിക്ഷയുമേററ വിഷണ്ണതയോടെ
ഇക്ഷിതിതന്നിൽ നടന്നുകഴിക്കുന്നു
കുക്ഷിപൊരിഞ്ഞു ദിനംപ്രതി ഞങ്ങൾ (ഭിക്ഷാം)
ഐവർ ശിശുക്കളെ ഞാൻ
പോററിപ്പാനയ്യമിരന്നുകഴിക്കുന്നഹസ്സ്
ദൈവത്തിനേതും കനിവില്ലാഞ്ഞാലെന്തു
ചെയ്യേണ്ടു ഞാനെന്നറിഞ്ഞീല ദേവി (ഭിക്ഷാം)
നാലഞ്ചു ബാലന്മാർക്കും മുതുക്കിക്ക-
മാലംബനമൊരുമില്ലല്ലോദേവി!
കാലനുംകൂടെ വെടിഞ്ഞാനൊരെൺപത്തു
നാലുംകഴിഞ്ഞുള്ള കാട്ടാളനായിരുന്നോൻ (ഭിക്ഷാം)
പാഴിൽകളഞ്ഞീടുന്ന പഴംകഞ്ഞി
ശേഷിച്ചിരിപ്പതുണ്ടോ?
ആഴക്കുഴക്കരികിട്ടിയാൽ ഞങ്ങൾ-
ക്കായിരം പൊൻകിട്ടുംപോലെപ്രസാദം (ഭി)
എച്ചിലിലകളെല്ലാമെടുക്കുന്ന
അച്ചിമാരെങ്ങുപോയി
പിച്ചയ്ക്കുവന്ന കിഴവിക്കൊരുവററ
വെച്ചേക്കരുതാഞ്ഞോ നിങ്ങൾക്കുപിന്നെ (ഭി)

ഇങ്ങനെ വന്നുപറഞ്ഞൊരു കാട്ടാ-
ളാംഗനയോടരുൾചെയ്തിതുകുന്തീ
നിങ്ങടെ സങ്കടമുടനേതീർപ്പാം-
നിങ്ങൊരു ശാതതരിമ്പില്ലറിവിൻ
ബ്രാഹ്മണസദ്യകഴിഞ്ഞാലുടനേ
ബ്രാഹ്മണശേഷം ചോറുംകറിയും
നിങ്ങൾക്കമ്പൊടു നിറയെത്തരുവാൻ
നിങ്ങളെയൊരുവനെ ഭരമേല്പിക്കാം
ശനിയും ബുധനും തേപ്പാനെണ്ണയു-
മിനിയും വേണ്ടതുതരുവാൻചൊല്ലാം
തുണിയും മുണ്ടും തരുവാൻനമ്മുടെ
മണിയൻപട്ടരൊടവസ്ഥവരുത്താം
ചന്തമിയന്നൊരു പൂകെട്ടിപ്പാൻ
ചന്ത്രക്കാരനെ ഏല്പിച്ചീടാം
വനചരവൃദ്ധേ നീയുംഞാനും
പുനരൊരുപോലെ സംഗതിവന്നു
അഞ്ചുസുതന്മാരുണ്ടുനമുക്കും
നെഞ്ചിൽനിനച്ചാലത്ഭുതമത്രെ
ജാതകമെന്നതിനിക്കുംകഷ്ടം
പാതകദോഷംമേലിൽവരുത്താൻ
ഇപ്പുരമിവിടെത്തീർത്തു ചമച്ചു
സ്വല്പംദിനമുണ്ടിഹമരുവുന്നു
ഇങ്ങിനെഞങ്ങടെ വാസവുമിപ്പോ-
ളെങ്ങിനെമേലാലനുഭവമെന്നും
ഇങ്ങറിയാവതുമല്ലവയൊന്നും
സംഗതിപോലെ വന്നുഭവിക്കും.

ഏവംപറഞ്ഞു കുന്തീ ദേവികുമാരന്മാരും
ദേവംതെളിഞ്ഞു തത്ര മേവുന്ന കാലത്തിങ്കൽ
ഓരോരോ രജനികളിലോരോ പാണ്ഡുസുതന്മാ-
രോരോമുറങ്ങാതെ നേരംപുലർത്തീടുന്നു

അക്കാലമങ്ങുബഹു ധിക്കാരി ദുര്യോധനൻ
വെക്കംപുരോചനന്റെ കൈക്കുപിടിച്ചിരു-
ത്തി
സൽക്കാരംപൂണ്ടുചൊന്നാനൻപോടാമ്പിൽ മോഹ
മെല്ലാം
നില്ക്കാതെ പോകട്ടോതാനക്കാര്യം സാധി
പ്പ നായ്
രാക്കുററിലങ്ങുചെന്നനങ്ങാതെനിന്നുകൊള്ളി
വയ്ക്കാമരക്കില്ലമെരിക്കാമുടനേതന്നെ
വാടാതരക്കില്ലത്തെപ്പാടേദഹിപ്പിച്ചിങ്ങു
വാടാപുരോചനാനീപോരാതാമസിക്കാതെ
ഒട്ടുംമടിക്കാതില്ലം ചുട്ടുകരിച്ചുവന്നാൽ
കിട്ടുംനിനക്കനല്ല പട്ടുംവളയുമതു
പെട്ടെന്നുസാധിക്കാതെ പൊട്ടാ! നീ വന്നുവെ
കിൽ
പട്ടല്ലകിട്ടുന്നതൊരു വെട്ടെന്നറിഞ്ഞുകൊൾകാ.

ഉള്ളിലുറച്ചു പുരോചനനപ്പോൾ
കൊള്ളിയെരിച്ചുപിടിച്ചുകരത്തിൽ
കള്ളനൊളിച്ചുതിരിച്ചാനവനുടെ
കാലനുമവനുടെ പുറകേ കൂടി;
ജതുഭവനത്തിൽ ചെന്നുകരേറി-
ക്കതകിന്നരികേ നിന്നുപതുക്കെ
ചെവിപാർത്തപ്പോളവരുടെശബ്ദം
അവികലമവിടെക്കേൾപ്പാനുണ്ടു
ഒരുമയമിവിടെപ്പാർക്കണമെന്നു
കരുതിക്കോലിറയത്തുകരേറി
കറാമുണ്ടവിടെ വിരിച്ചുശയിച്ചു
കസ്സതിക്കാരനുറക്കവുമായി
രാത്രിയിലങ്ങുകരുത്തുപെരുത്ത
മരുത്തിൻമകനജ്ജതുഭവനത്തെ
കാത്തുനിതാന്തമുറക്കമിളച്ചിഹ
പാർത്തീടുന്നപരാക്രമശാലി
ഒണ്ടുപുറത്തൊരുക്രൂക്കേൾപ്പാൻ
കണ്ടകരാരാൻ വന്നിട്ടുണ്ടോ?
ഇങ്ങനെ ശങ്കിച്ചുടനേഭീമൻ
ചങ്ങലവട്ടകകയ്യിലെടുത്തു;
കതകുതുറന്നുപുറത്തുമിറങ്ങി-
ച്ചുതിയനറങ്ങുംദിക്കിൽചെന്നു
നോക്കെടാ! കള്ളൻകൊള്ളിയെരിച്ചു
ചെയ്യുംവെച്ചു കിടക്കുന്നോയിതു?
കൊള്ളാംനല്ലൊരു തൊഴിലെന്നോർത്തു
കൊള്ളിപിടിച്ചുപറിച്ചങ്ങവനുടെ
വായിൽതിരുകിയുറക്കമുണർത്തി-
ക്കാൽകൊണ്ടൊന്നു കണക്കിനുതന്നെ
മുഞ്ഞികൊട്ടിത്താഴിച്ചുടനേരം
പഞ്ഞികണക്കെ മുഞ്ഞിയരഞ്ഞു
പാശംകെട്ടിവലിച്ചഥതന്നുടെ
ദേശംനോക്കിനടന്നുകൃതാന്തൻ
ഭീമനുമങ്ങഥയുള്ളിൽജനിച്ചൊരു
ഭീമതരാകിനകോപമടക്കി
ധർമ്മാത്മജനെയുമനുജന്മാരെയു-
മമ്മയുമാശുകലുക്കിയുണർത്തി
കൊള്ളിക്കാരൻവന്നവിശേഷം
ഉള്ളിലവർക്കറിപ്പിച്ചേവം
തരമല്ലിവിടെനമുക്കിനിവാസം
തരസാ പോകെന്നുള്ളിലുറച്ചു
ജനകൻപണ്ടുപറഞ്ഞറിയിച്ചൊരു
കനകസ്തംഭമിളക്കിയെടുത്തു
തരസാകണ്ടൊരു ഗുഹയിലിറങ്ങി-
സ്സഹജന്മാരെയുമഗ്രജനേയും
കൈക്കുപിടിച്ചുപതുക്കെജ്ജനനിയെ
യഗ്ഗുഹതന്നിലിറക്കിയയച്ചു
കൊള്ളിയെടുത്തജ്ജതുഭവനത്തെ
കോലാഹലമൊടുചുട്ടുകരിച്ചു
തള്ളക്കാട്ടാളത്തിയുമവളുടെ
തനയന്മാരുംകൂടെദഹിച്ചു
കൊള്ളാമവളുടെകർമ്മമതിങ്ങിനെ
യുള്ളുഎന്നുനിനച്ചഥഭീമൻ
ഗദയുമെടുത്തഗ്ഗുഹയിലിറങ്ങി
ഗമനംചെയ്താനവരുടെപിറകേ
ഗംഗാതീരത്തോളമതുള്ളൊരു
തുംഗമമാർഗ്ഗമതുള്ളിൽക്കൂടെ
ഗംഗകടന്നുനടന്നുപതുക്കെ
തുംഗമഹാഗിരിവിപിനംപുക്കാർ.

പിറേറന്നാൾദുര്യോധനൻമററുള്ളനുജന്മാരും
കൊററകഴിച്ചുപാക്കുംവെററിലപൊട്ടുംകൊണ്ടു
മററുള്ളവരുമായിച്ചുററുമിരുന്നുകൊണ്ടു
വൃത്താന്തംഗൂഢമായങ്ങൊത്തുവിചാരംപൂണ്ടു

കൊള്ളിക്കാരനിക്കാര്യം കൊള്ളിക്കാതിങ്ങൊരു-
ന്നാൽ
കൊല്ലേണമവനെയെന്നെല്ലാരും നിശ്ചയിച്ചു
കള്ളൻ വരഞ്ഞതെന്തു? കള്ളു കുടിച്ചെങ്ങാനും
കണ്ണു മയങ്ങി വീണു മണ്ണു കപ്പുകയല്ലീ?
കഷ്ടം! വരികയെന്നു കണ്ടിങ്ങു പോരാം നമ്മുടെ
ബന്ധുക്കൾ പാണ്ഡവന്മാർ വെന്തു കരിഞ്ഞു ചത്തു
വെണ്ണീറാണിന്നു കിടക്കുന്നതു കണ്ടു പോരാം
കാണാമവിടെച്ചെന്നാൽ കാണി താമസം വേണ്ടാ
ഉത്തരം പറഞ്ഞവിടെക്കെത്തീടുന്നവരെല്ലാം
കത്തിട്ടൊരരക്കില്ലത്തിന്നരികിൽ ചെന്നു
ചത്തു കറുത്തുടൻ കരിഞ്ഞു കിടക്കുമഞ്ചു
കാട്ടാളപ്പിള്ളരേയും കാട്ടാളത്തള്ളയേയും
കണ്ടു സുയോധനനും കർണ്ണനും മറ്റുള്ളോരും
രണ്ടു പക്ഷമതില്ലാ കണ്ടാലും പാണ്ഡവന്മാർ
അഞ്ചുപേരും മാതാവുമംഗം കരിഞ്ഞു ചത്തു
മൂഢൻ പുരോചനനും കൂടെച്ചത്താനോ ഭോഷൻ
കുന്തീകുമാരന്മാരെന്തിങ്ങനെ കർമ്മമായി
ചെന്തീയിൽ വീണു ഗാത്രം വെന്തീടുവാനമി-
പ്പോൾ?
ചിന്തിച്ചിട്ടവകാശമെന്തെന്നറിഞ്ഞീലിതും
ചന്തത്തിൽ പുറപ്പെട്ടു സന്തോഷവും മറച്ചു
ദന്തിപുരത്തിൽ ചെന്നു അന്തികസ്നാനം ചെയ്തു
ഇല്ലം ദഹിച്ചു പോലുമെങ്കിലപ്പാണ്ഡവന്മാർ
എല്ലാമതിൽക്കിടന്നു വല്ലാതെ ദഹിച്ചു പോ-
യെന്നുള്ള വർത്തമാനം ചെന്നു പിതാവിനോടു
കേൾപ്പിച്ചുദ്ദുഃഖഭാവം ഭാവിച്ചു കള്ളക്കാട്ടി-
ക്കണ്ണുപുലയുംകൊണ്ടു വാണു കുരുക്കളെല്ലാം
ആണത്തം നടിച്ചവരോണം പോലെല്ലാ നാളും.

കൗന്തേയന്മാരാം മനുജന്മാരും
കാന്താരത്തിലകം പുക്കധികം
ശാന്തത പെരുകിന മാതാവിനെ നിജ-
സ്കന്ധം തന്നിലെടുത്തഥ ഭീമൻ
നേരം പാതിരയായൊരു സമയേ
പാരമിരുട്ടും വന്നിടകൂടി
മാരുതി ഭീമൻ മാതാവിനെയൊരു
ചാരുശിലാതലസീമനി കൊണ്ടെ-
സ്സാദരമങ്ങു കിടത്തിയുറക്കി
സ്സോദരരേയും പൂർവ്വജനേയും
ഒരു ദിശി സാധു ശയിപ്പിച്ചവരെ-
ക്കരുതിക്കാത്തു വസിച്ചു സമീപേ
മറുതലർ ചെയ്തൊരപരാധത്തെ
മനസ്സിൽ നിനച്ചു കറുത്തൊരു ഭാവാൽ
കണ്ണു ചുവന്നു കലങ്ങി കരത്തിൽ
ദണ്ഡുമെടുത്തു കൃതാന്തനു തുല്യൻ
തെണ്ണുറഞ്ഞുമൊരഞ്ഞും ധൃഷ്ടരി-
വണ്ണം വണ്ണൻ വാഴകണക്കെ
വന്നു പിറന്നതു മൂലം നാട്ടുക-
ളൊന്നൊഴിയാതെ നശിപ്പാറായി
ഇന്നിവർ കാട്ടിയ ഗോഷ്ഠികളോർത്താ-
ലെന്നുമടങ്ങാതുള്ളൊരു വൈരം
എന്നുടെയുള്ളിൽ വളർന്നീടുന്നു
ഇന്നഥ പോകണമായതു തീർപ്പാൻ
ചെന്നുടനവരെക്കൂട്ടത്തോടെ
ഒന്നൊഴിയാതെ കൊട്ടിക്കൊലചാൻ
നല്ലൊരു സമയമടങ്ങരുതേതും
ഇല്ലൊരു സംശയമൊക്കെ ഹനിപ്പാൻ
എന്നു വിചാരിച്ചഗ്രജനൃപനെ
ച്ചെന്നു പതുക്കെയുറക്കമുണർത്തി
നിന്നു പറഞ്ഞു മാരുതി ഭീമൻ
ഇന്നു ഭവാനൊരു കനിവരുളേണം
അനുജനതാകുമൊരടിയനിദാനീം
ഗദയുമെടുത്തു കടുത്തൊരു കോപാൽ
വിരവിനൊടസ്തിനപുരിയിൽ ചെന്നു
പരിഭവശാന്തി വരുത്തുവനധുനാ
സമയമതിപ്പോളതിശുഭമത്രേ
അധമവധത്തിനടങ്ങരുതൊട്ടും
കള്ളക്കഴിയന്മാരാമവരുടെ
പള്ളയ്ക്കിട്ടടികൂട്ടണമവരുടെ
തള്ളയ്ക്കിട്ടു തൊഴിക്കണമവരുടെ
തന്തക്കുരുടനെയൊന്നു ചവിട്ടണം
എന്നതുകേട്ടരുൾ ചെയ്തു യുധിഷ്ഠിര-
നെന്നുടെയനുജാ! സാഹസമരുതേ
മുറവും നമ്മുടെ ദുഷ്കാലത്തിനു
മറവുള്ളവരെക്കുറ്റമുരത്താൽ

ചെററംഫലമില്ലിപ്പോളിത്തൊഴിൽ
പററകയില്ലപരാക്രമശാലിൻ!
തെററന്നിയെ ഒരുസമയംവരുമതു
തെററകയും പുനരില്ലകുമാര!
ശക്രാനുജനാം ചക്രായുധനുടെ
തൃക്കാലിണതുണയുണ്ടുനമുക്കു
അക്കാലടിയിണവെക്കാതനുദിന-
മുൾക്കാമ്പിങ്കലുറപ്പിച്ചെന്നാൽ
ഇക്കാലങ്ങളിലിങ്ങുപിണഞ്ഞൊരു
ദുഷ്കാലംബതനീങ്ങുമിദാനീം.

ഇത്തരമഗ്രജവചനം കേട്ടതി-
നുത്തരമൊന്നുംപറവാനില്ലാ-
ഞ്ഞുദ്ധതഭാവമടക്കിവസിച്ചുട-
നദ്ധതധീമാനാകിയഭീമൻ.

തത്രകാട്ടിലൊരുകോട്ടിലിരിക്കും
വൃത്രവൈരിയുടെ വൈരിഹിഡിംബൻ
ധാത്രിവാസികളിലന്തകതുല്യൻ
ധാത്രിവാസിജനമർദ്ദനശീലൻ
യാതുധാനനതുനേരം തന്നുടെ
സോദരിഹിഡിംബിതന്നോടുചൊന്നാൻ,
മർത്ത്യഗന്ധമതിനെന്തൊരുബന്ധം
ഭൂത്യവിങ്കൽഗതനേതൊരുപുരുഷൻ?
ഹന്തമൂഢനവനെപ്പിടിപെടുവാൻ
ദന്തിവീരനുടെമസ്തകമേറി
ചെല്ലെടീ! വിരവിനോടുഹിഡിംബി
നല്ലനല്ലകണിയിന്നുനമുക്കു
കള്ളമല്ലപതിനെട്ടുവയസ്സാ-
യുള്ളമർത്ത്യരുടെപച്ചയിറച്ചി
പഞ്ചതാരയൊടുതുല്യമവററിൽ
സഞ്ചിതംരുധിരമങ്ങിനെതന്നെ
വല്ലകൊണ്ടഥകടിച്ചുകടിച്ചു-
ങ്ങെല്ലുടുത്തകളെനീക്കിയശേഷം
കണ്ടുകൊൾകമമഭക്ഷണസൌഖ്യം
കൊണ്ടുവാസപദിസോദരിവെക്കം
ലക്ഷണംശുഭമതിങ്ങനെകണ്ടാൽ
ഭക്ഷണംമമകണക്കിനുകൂട്ടും
രണ്ടുപക്ഷമതിനില്ലനിനക്കും
വേണ്ടുവോളമതുതന്നെഭുജിക്കാം

തണ്ടുതപ്പികൾമനുഷ്യർവനത്തിൽ
പണ്ടുകണ്ടറിവിനിക്കിഹനാസ്തി;
ചെണ്ടകൊട്ടിയൊരുഘോഷനമായതു
കൊണ്ടിനിക്കുമൊരുഭാഗ്യമിദാനീം
സോദരൻറമൊഴികേട്ടുഹിഡിംബി
സാദരംതൊഴുതുകൊണ്ടുനടന്നു
കൊണ്ടൽവേണിമണിമോഹനവേഷം
പൂണ്ടുകൊണ്ടുമധുരസ്മിതമോടെ
തത്രമേവിനവൃകോദരരൂപം
ചിത്തമോഹനമിതപ്പൊഴുകണ്ടു
അന്തരേറിയൊരുകൌതുകമോടെ
ചിന്തചെയ്തുരജനീചരനാരി
സുന്ദരാംഗനിവനേതൊരുപുരുഷൻ
ഇന്ദുബിംബമുഖനിന്ദുസമാനൻ
കുന്ദബാണനുമിവന്നെതിരല്ല
നന്നുനന്നുമമവല്ലഭനാവാൻ.

ഇങ്ങിനെയുള്ളിൽനിശാചരിയാകിയ
മംഗലരൂപിണിമാരുതസുതനെ
ഉന്നതമോദംകണ്ടുമയങ്ങി
നിന്നുപതുക്കെപ്പുനരിതുചൊന്നാൾ

വന്നാലും വാമലോചനാ! വൈകാതെവീര!
വന്നാലും വാമലോചന!
വന്ദനീയാകാരാ! നിന്നെ വന്ദനംചെയ്തീടു
ന്നേൻ ഞാൻ
മന്ദമന്ദംമാമഹോകിമേ (വന്നാലും)
മന്മഥശരങ്ങളേററമാനസമുരുകുന്നുമേ
നന്മമേലിൽവന്നുകൂടുമെനാഥനീയെൻെറ
ജന്മംപാഴിലാക്കീടൊല്ലാ (വന്നാലും)
ചാലവേകിടന്നുറങ്ങും നാലുപേർപുരുഷ-
ന്മാരും
നീലവേണിമൌലിദേവിയുമാരെന്നുചൊൽക
(വന്നാലും)
ശീലഗാംഭീര്യകൃതേഭവാൻ
ശീല്യമേസുശീലപാകഭേദിയോമുകുന്ദനോനീ
വ്യാലച്ചചർമ്മധാരിദേവനോ മനസിജനോ?
അശ്വിനീദേവനോചൊന്നാലും (വന്നാലും)
ലളിതപറഞ്ഞൊരുവാക്കുകളിങ്ങനെ
തെളിവൊടുകേട്ടുവൃകോദരവീരൻ

കളമട്ടുപൂഞ്ചിരിതൂകിപ്പരിചൊടു
കളമൊഴിയാളൊടുഗിരമുരചെയ്തു;
"കേട്ടുകൊൾക നീ കേളിവിലാസിനി
കേവലമെൻവചനം
കേട്ടാലെത്രലഘൂപമിക്കൂട്ടങ്ങൾ
കാട്ടിൽവന്നുവസിപ്പതിനുകാരണം (കേട്ടുകൊ)
ഭീമസേനൻഞാനിദ്ദേഹമാകട്ടെ
സോമവംശാധിനാഥൻയുധിഷ്ഠിരൻ
മാമകയനുജന്മാരിവൻ പാർത്ഥൻ
കോമളാംഗൻനകുലൻസഹദേവൻ (കേട്ടുകൊ)
അന്തികേകാൺകഞങ്ങടെമാതാവാം
കുന്തിദേവി ശയിക്കുന്നപാറമേൽ
എന്തിവണ്ണം ഭവിപ്പതിൻകാരണം
ദന്തിഗാമിനി ചിന്തിച്ചുകാൺകനീ (കേട്ടുകൊ)
പട്ടുമെത്തയും പട്ടുതലേണയും
പുഷ്ടിയോടെവിരിച്ചുശയിക്കുന്ന
മട്ടോലുംമൊഴിമാതാവും ജ്യേഷ്ഠനും
വട്ടപ്പാറമേലേറിശയിക്കുന്നു (കേട്ടുകൊ)
ശത്രുവായുള്ളമൂഢൻ സുയോധനൻ
ചിത്രമായൊരരക്കില്ലമുണ്ടാക്കി
തത്രഞങ്ങളെ പാർപ്പിച്ചുതൽപുരേ
രാത്രിയിൽകൊള്ളിവച്ചുദഹിപ്പിച്ചു (കേട്ടുകൊ)
ദുഷ്ടക്കൂട്ടത്തെച്ചെന്നിഗ്ഗദകൊണ്ടു
കൊട്ടിക്കൊല്ലുവാനൊട്ടും മടിക്കാതെ
വട്ടംകൂട്ടിപ്പുറപ്പെട്ടുഞാനപ്പോൾ
ജ്യേഷ്ഠൻസമ്മതിച്ചില്ലിതുസാഹസം (കേട്ടു)

ആയതുകൊണ്ടുസഹിച്ചുവസിച്ചേ-
നായതകമലവിലോചനയാളേ!
നീയുരചെയ്തതിനുംപുനരല്പം
ഞായക്കേടുവരാനുണ്ടറിക
ജ്യേഷ്ഠനുവേളികഴിഞ്ഞില്ലതുബത
കോട്ടമിനിക്കതുബോധിച്ചാലും
ജ്യേഷ്ഠനിരിക്കെസ്സഹജനൊരുത്തിയെ
വേട്ടാലവളെക്കൊള്ളരുതല്ലോ
പന്തണിമുലയാളാകിയനിന്നുടെ
ചന്തമിയന്ന ശരീരംകണ്ടു
ചിന്തയിലാശ നമുക്കുണ്ടല്ലോ
എന്തിഹചെയ്യുന്നിതനിയച്ചാൽ
എന്തിഹനിന്നുടെപേരെന്നുള്ളതു-
മേതുകുലേതവജനനമിതെന്നും
എന്തിഹവരുവാൻ കാരണമെന്നും
ബന്ധുരരൂപിണിയേ! പറയേണം
എന്നുടെപേരതുപിന്നെഹിഡുംബി
എന്നുടെസോദരനുണ്ടുഹിഡുംബൻ
മനുജന്മാരെക്കൊന്നുതിന്നും
അന്നുദിനമിഷ്ടംപെരുകിനദുഷ്ടൻ
മനുജസുഗന്ധം കാരണമിപ്പോൾ
അനുജയതാകിയനമ്മെയയച്ചാൻ
മർത്ത്യന്മാരിഹവന്നിട്ടുണ്ടെ-
ന്നതുന്താംബഹുകൗതുകമോടും
ചെല്ലടിസോദരി! അവരെച്ചെന്നു
തല്ലിക്കൊന്നു മനോഹരമാംസം
കൊണ്ടിഹവരികെന്നിങ്ങനെനമ്മൊടു
കണ്ടകദുർമ്മതിയാത്രയുമാക്കി
ഏണാങ്കാനന! നിന്നുടെരൂപം
കാണാമെന്നതികൗതുകമോടും
ലളിതാവേഷംപൂണ്ടിതുഞാനും
പൊളിയല്ലിങ്ങിനെമമപരമാർത്ഥം
എന്നുടെ വരവതുകാണാഞ്ഞാലവ-
നൊന്നുകലമ്പും കശ്മലമൂഢൻ
രൂക്ഷതപെരുകിനരാക്ഷസദുർമ്മതി
കാൽക്ഷണമിവിടെത്താമസിയാതെ
മണ്ടിവരുംമമവൃത്തമതറിവാൻ
ശുണ്ഠികടിച്ചതിക്രൗര്യത്തോടെ
അഗ്രജനിങ്ങുവരുമ്പോളവനുടെ
നിഗ്രഹമങ്ങുഭവാൻചെയ്യേണമ-
നുഗ്രഹമായ്‌വരുമഖിലജനത്തിനു
മുഗ്രനിശാചരനിധനംചെയ്താൽ.

ഇതിബത പറഞ്ഞുകൊണ്ടാശരപ്പെൺകിടാ-
വതിരതിരസംകലന്നുമേവുംവിധൌ
കടുകപിത ചിത്തനാകുംഹിഡിംബാസുരൻ
കഠിനമലറിദ്രുതംകാട്ടുതല്ലിത്തക-
ർത്തുടനൊരുമരാമരംകയ്യിലേന്തിഗ്ഗാൻ
ഝടിതി പവനാത്മജൻ തന്നുടെ മുൻപിൽവ-
ന്നതിപരുഷരോഷവാനിത്ഥമങ്ങൂചിവാൻ
എടിയെടി ഹിഡിംബിനീയെന്തുഭാവിച്ചെടീ?

തടിയൊടിയുമാറുഞാൻ തല്ലിടത്തങ്ങളെ
ഝടിതിപൊടിയാക്കുവൻകില്ലതെല്ലില്ലെടീ?
കണവനിവനെന്നുനീകാമിച്ചമർത്ത്യനെ
ക്ഷണതരമടിച്ചുഞാൻകൊന്നുതിന്നീടുവൻ
കളികളിടകൂട്ടുവാൻ കാട്ടുവാഴുന്നഞാ-
നിവിടെമരുവുംവിധൌക്രൂരമാം കുത്സിതം
മമഭഗിനിയാംനിനക്കീവിധംതോന്നുവാൻ
കിമപിബതകാരണംകശ്മലത്തീ ശഠേ!

വാടാതെ്പോരിന്നു വാടാമനുഷ്യാ!
കൂടാരമാനിന്റെ ഗൂഢാഭിമാനം
കൂടാതെ പൊയ്ക്കൊള്ളു മൂഢാധരിക്ക
പോടാശഠായെന്റെവീടായിമേവും
കാടായദേശത്തുകൂടാനിവാസം
കിടികരടികരികളുടെനടുവിലിഹവാസം
കരവിഭവമുടയപടുരജനിചരനേറ്റം
പൊരുവതിന്നുവരുമരികളഖിലമപിവാട്ടം
വിരവിനൊടുപൊരുവതിന്നുവരികയിഹനേരേ
മർത്ത്യനെക്കൊല്ലുവാൻവാട്ടമോയിന്നുഞാൻ?
തീർത്തീടുവൻനിന്റഹംഭാവമൊക്കെയും
കെട്ടിക്കൊലചെയ്തുനിന്നെഞാൻ തിന്നുവെൻ
കാട്ടുകോഴിക്കുസംക്രാന്തിയുണ്ടോനരാ?
ഏവംഹിഡിംബന്റെ വാക്കുകൾകേട്ടതി
കോപേനനിന്നുപറഞ്ഞിതു ഭീമനും
പല്ലുംകടിച്ചുംചൊടിച്ചുംപറഞ്ഞാൽ
തെല്ലുംഭയംനമുക്കില്ലെന്നറികെടോ!
ആഹന്തവായിങ്ങുകാലന്റെവീട്ടിന്നു
പോഹന്തനീയുംമടിക്കാതെമൂഢാ
അണ്ഡജവരധ്വജനിനിക്കിഹസഹായം
നിർണ്ണയമതിന്നുടയകാരണവും കേൾക്ക
ജംഭാരിതന്നുടയകുംഭിപ്രവീരൻ
കൊമ്പങ്ങുവത്തിപ്പിടിച്ചെന്റനേരേ
ഝടിതിമമബലമുടയകരതലയുഗത്താൽ
അടികളുടനിടികളുടനടവുകൾതുടർന്നും
തടിയനുടെതടിതടനകിടുകിടെവിറച്ചും,
ഉടലുമഥനടുവുമുടനുടനഥമുറിച്ചും
തുമ്പിക്കരംവാലുമൻപോടുപൊക്കിയെൻ
മുമ്പിന്നുമണ്ടിത്തിരിച്ചങ്ങുമാറി
വമ്പിന്നുമുമ്പുള്ളനമ്മേജയിപ്പാ-
നമ്പക്കുപോലുംബലംപോരമൂഢ!
ഘോരരാക്ഷസനമ്മുടെനേരേ
വന്നീടുകസംപ്രതിപോരേശ്ശുന്നരം
ഹുംകൃതിതീരുംസംശയമില്ലാ
കുന്തംകണക്കേകൂർത്തദന്തം പിടിച്ചൊടിച്ചു-
ങ്ങന്തംവരുത്തുമിന്നിക്കുന്തീകുമാരകൻഞാൻ
ഏവംപറഞ്ഞുമുഖഭാവംപകർത്തിക്കൊണ്ടു
കോപിതൻഭീമസേനൻവേഗമടുത്തുനേരെ.

മരുത്തിന്റെ പുത്രനാശ്ശുരണത്തിന്നുതുടർന്ന-
പ്പോൾ
കരുത്തൻ രാക്ഷസൻവൃക്ഷംതരത്തിൽ പിടിച്ച
ടുത്തു
കടുത്തഭീമനോടെതിർക്കൊടുത്തു താഡനമ-
പ്പോൾ
ചൊടിച്ചുഭീമനും ചാടിക്കൊടുത്തൊന്നുഗദ-
മുഷ്ടികൾകൊണ്ടുടനടികളുമിടികളു- [കൊണ്ടു
മൊട്ടുനേരമൊരുകലശലുഘോഷം

ദുഷ്ടനാകിയ നിശാചരാധമനെ
മുഷ്ടികൊണ്ടുടനടിച്ചുഹനിച്ചു
സത്വരമധമനിശാചരനങ്ങു
കരുത്തുപെരുത്തൊരു മാമലപോലെ
ചത്തുമറിഞ്ഞഥവീണൊരുസമയേ
പൃത്ഥ്വീമണ്ഡലമൊന്നുകുലുങ്ങി
ലക്ഷംനായ്ക്കളടുത്തുകടിച്ചു
ഭക്ഷണഘോഷവുമങ്ങുതുടങ്ങി;
സംഗതിവന്നുസദാഗതിസുതനു
മംഗലമതുകൊണ്ടഖിലജനാനാം
തിങ്ങിനമോദമിയന്നുസുഖിച്ചു.

ഹിഡിംബവധം ഓട്ടൻതുള്ളൽ സമാപ്തം.

ബകവധം

ഓട്ടൻ തുള്ളൽ.

അക്കനടിച്ചൊരു സമയേ കുന്തിയു-
റക്കമുണർന്നഥ പുത്രന്മാരും
നോക്കുന്നേരത്തരികേ നല്ലൊരു
മയ്ക്കണ്ണാളെക്കണ്ടതിമോദാൽ
എന്തു നിനക്കിഹ പേരെന്നുള്ളതു-
മേതു കുലേ തവ ജനനമിതെന്നും
എന്തു മനോരഥമുള്ളതശേഷം
സന്തോഷേണ പറഞ്ഞാലും നീ
കുന്തീദേവി പറഞ്ഞതു കേട്ടു
സന്താപത്തെ വെടിഞ്ഞിതു സുന്ദരി
തന്നുടെ കുലവും തന്നുടെ പേരും
തന്നുടെയുള്ളിൽ മനോരഥമെല്ലാം
ഉള്ളതശേഷവുമങ്ങറിയിച്ചു
ഉള്ളിൽക്കനിവൊടു ചളിതാശ്രുപിണി
പുത്രി ഹിഡിംബി നിനക്കിഹ നമ്മുടെ
പുത്രനെ വരണം ചെയ്വാനാഗ്രഹ-
മെന്നു പറഞ്ഞതിനിന്നിഹ കിഞ്ചന
തടവുണ്ടായതു ബോധിച്ചാലും
നമ്മുടെ വല്യുണ്ണിക്കു വിവാഹം
സംഗതിവന്നീലായതുമൂലം
രണ്ടാമകനു വിവാഹത്തിനു വിധി-
യുണ്ടായില്ലതു ബോധിച്ചാലും
രണ്ടാ നാലോ; മാസത്തിനക-
ത്തുണ്ടായ്വരുമഗ്രജനു വേളി
എന്നാലുടനേ നിന്നുടെ വാഞ്ഛിത-
മങ്ങു ലഭിക്കും അംബുജനയനേ!
പോന്നാലും നീ നമ്മൊടുകൂടി ന-
ടന്നാലൊരുതുമംഗലമധികം
എന്നു പറഞ്ഞവൾ കൈക്കു പിടിച്ചു പു-
[illegible] നടന്നുതുടങ്ങി
മക്കളെപ്പോലെ ലാളനവും ചെ-
യ്തുകളുംകാമലംഘയാകന്നി

ശാലിഹോത്രിയെന്നുള്ള മഹാവ്രത-
ശാലിവാഴുമദ്ദിക്കിനു ചെന്നു
ഭിക്ഷയേററു നടമാടിന സമയേ
ഭിക്ഷുവാകിന പരാശരസുതമുനി
തൽക്ഷണം വെളിയിൽ വന്നു വിളങ്ങി
ഭിക്ഷനൽകിയരുൾചെയ്തു സമോദം
ശോകമെന്നതു വൃഥാഫലമല്ലോ
പാകശാസനസമാനനരേന്ദ്രാ
ഏകചക്രയെന്നുണ്ടൊരു ഗ്രാമമ-
നേകഭൂസുരഗൃഹങ്ങളുമുണ്ടു്
തത്ര ചെന്നു ബത ഭിക്ഷയുമേററു പ-
വിത്രവൃത്തിസുഖമോടു കഴിപ്പിൻ
ശത്രു ചെയ്ത ചതി തന്നെ ഭവാന്മാ-
ക്കത്രയും ഗുണമതായ്വരുമല്ലോ
ഭീമസേനനു ഹിഡിംബിയെ വേൾപ്പാൻ
താമസേകിമപി ദോഷവുമില്ലാ
നാമവും കമലബാലികയെന്നാ-
ക്കാമിനിക്കു പരികല്പിതമല്ലോ
ജാതതാപസകുലേശ്വരനിത്ഥം
ജാതമോദമരുൾചെയ്തു മറഞ്ഞു
ഭീമനും കമലബാലികതന്നുടെ
കാമമൻപൊടു ചെയ്വാനതിമോദാൽ;

ചക്രായുധപ്രിയന്മാരാകും പാർത്ഥന്മാരേക-
ചക്രാഖ്യദേശത്തെപ്രവേശിച്ചോരനന്തരം
കുന്തീപുത്രന്മാർ വിപ്രവേഷം ധരിച്ചുകൊണ്ടു
സന്തോഷത്തോടെയവർ ഭിക്ഷയുമേററുകൊണ്ടു
നല്ലൊരു ലൌകികമതുള്ളൊരു ഭൂസുരന്റെ
ഇല്ലത്തു വാസം ചെയ്തു ചെല്ലുന്ന കാലത്തിങ്കൽ.

തത്രസമീപത്തുള്ളൊരു ഭൂസുര-
സത്തമനുടെ ഭവനത്തിലൊരുന്നാൾ
എത്രയുമേററം വാച്ചൊരു നിലവിളി
രാത്രിയിലിവിടെ കേട്ടുതുടങ്ങി

എന്തീവണ്ണമൊരന്തണവരനും
അന്തർജ്ജനവും ദാസികളും ബാല്യ
സന്താപിച്ചുകരഞ്ഞീടുന്നൊരു
ബന്ധമതെന്തെന്നുണ്ടായില്ലാ
കുന്തീദേവിതിരഞ്ഞുതിരഞ്ഞഥ
സന്ധ്യാസമയേചെന്നുകരേറി
അന്തഃപുരമതിലാശുകടന്നി-
ട്ടന്തികസീമനിചെല്ലുന്നേരം
മുണ്ടുവിരിച്ചുശയിക്കും ദ്വിജനെ-
ക്കണ്ടുടനരികേചെന്നിതുകുന്തീ
അന്തസ്താപംപൂണ്ടവളുക്കെ
ചോദ്യംചെയ്തിതുകുന്തീദേവി
എന്തീവണ്ണമൊരന്തണവരനും
അന്തർജ്ജനവും വൃഷലീജനവും
അന്തിക്കിങ്ങനെമുറയിടുവാനൊരു
ബന്ധമതെന്നൊടുകേൾപ്പിക്കേണം
ഉണ്ണിക്ഷയിച്ചതുകൊണ്ടോകന്യാ-
പ്പെണ്ണിനപായംവന്നതുകൊണ്ടോ
കള്ളൻവന്നുകടന്നുഗൃഹേമുത-
ലുള്ളതശേഷംകട്ടതുകൊണ്ടോ
ഉള്ളിലിവണ്ണമൊരാധിഭവിപ്പാൻ
ഉടനേമൂലമതരുൾചെയ്യേണം
കുന്തീദേവിപറഞ്ഞതുമിങ്ങനെ
അന്തണവരനും കേട്ടൊരുനേരം
സന്തതമങ്ങറിയിച്ചുതുടങ്ങീ
രോദനകാരണസങ്കടമെല്ലാം
ബകനെന്നുണ്ടൊരുരാക്ഷസനവനുടെ
മകനാകുന്നവനും മടിക്കില്ലതുകൾ
അച്ചതിയൻബഹുമർത്ത്യരെവന്നുപി-
ടിച്ചിഹമൃത്തികടിച്ചും ഞങ്ങടെ
ഇല്ലങ്ങളിൽവന്നല്ലൽപിണച്ചും
നെല്ലുംപണവും കട്ടുകവർന്നും
തെല്ലുംകൃപയില്ലംഗനമാരെ
ക്കൊല്ലുന്നതിനൊരു സംഖ്യയുമില്ലാ
വല്ലായ്മകളിവചെയ്യുന്നിമിത്തം
എല്ലാവരുമായൊത്തൊരുദിവസം
വ്യസനത്തോടേഞങ്ങളുമശേഷം
സമ്മതമേചെയ്തുകൊടുത്താർശാന്ത

വേദംചൊല്ലും ബ്രാഹ്മണർബകനുടെ
പാദംചെന്നുപിടിച്ചുപറഞ്ഞു
വേദിയർഞങ്ങൾബകാസുരനിന്നു
സാദരമിന്നുനമസ്കൃതിചെയ്യാം
ഓരോരോദിവസമോരോരുത്തരുട-
നോദനദാനംചെയ്തീടുന്നേൻ
പത്തുപിടിച്ചുപറയ്ക്കങ്ങിരുപ-
ത്തഞ്ചുപറച്ചോറുണ്ടാക്കീടാം
അതിനിഹചേരുംചാരുരസാള-
ക്കറിയങ്ങൊരുവിധമുണ്ടാക്കീടാം
വെള്ളമൊഴിക്കാതങ്ങുകലക്കി-
ട്ടുള്ളൊരുതൈരതിലച്ചുകറക്കി
ശർക്കരമുളകുംചേർത്തതിനിടയിൽ
ചുക്കുംജീരകമിടചേർത്തങ്ങനെ
വയ്ക്കുന്നൊരുപുളിമധുരക്കറിയും
മിയ്ക്കതുമങ്ങുരസാളക്കറിയും
അന്നമതൊക്കെച്ചാട്ടേചേറ്റി-
ക്കന്നുകൾനാലുംപൂട്ടിക്കെട്ടി
കൊണ്ടുവരാമിനിദിവസംതോറും
രണ്ടുവിധംവാക്കില്ലനമുക്ക്
ഇങ്ങനെഞങ്ങടെസങ്കടമെല്ലാ-
മങ്ങറിയിച്ചിതുദൈവനിയോഗാൽ
ഇല്ലക്കാരെച്ചാർത്തിബ്രാഹ്മണ-
രെല്ലാംകൂടിസ്സമയംചെയ്തു
വച്ചുപിരിഞ്ഞതിനിദ്ദിനമങ്ങുബ-
ലിച്ചുമഹാസുരനശനംചെയ്വാൻ
വാശ്ശതുമിങ്ങനെവച്ചുകൊടുക്കെ
മീശ്വരകല്പിതമല്ലോസകലം
അന്നംനൽകുന്നവനേക്കൂടി
തിന്നുന്നതുബഹുസങ്കടമയ്യോ
ഞങ്ങടെജാതകഫലമീവണ്ണമ
നാൻമുഖനൊന്നുവരച്ചുവച്ചു
നീക്കംവരുമോ ജനനീനിയതം
മായ്ക്കാമെന്നാലാകുകയില്ല.
ധരണീദേവികേട്ടാവന്നീ
ദുരിതമഹോ ദുര്യോഗമെ
മരണഭീതികൊണ്ടല്ലഞാ-
നരചെയ്തീടുന്നു

മമഗൃഹത്തിൽഞാനാമെന്റെ
മഹിഷിയുംമാത്രമേയുള്ളു
മമവിനാശംവന്നുപോയാൽ
വംശമേപോയി
സന്തതിയില്ലാഞ്ഞുലോകർ
സന്താപംകൊണ്ടോരോകർമ്മം
അന്തണർകഴിച്ചീടുന്നു
കുന്തീദേവികേട്ടാലുംനീ
ഇപ്പോൾനമ്മുടെഭാര്യയ്ക്കു
ഗർഭമെട്ടുമാസമായി
അർഭകനുണ്ടാമെന്നൊരുശങ്കതോന്നുന്നു
മകനുണ്ടായികാണുവോളം
ബാലകനുണ്ടാപത്തിനിക്കുന്നു?
ശകടത്തിന്റെശബ്ദംപോത്ത-
ങ്ങിരിക്കുന്നുമൃഢൻ
അംബികേഞാനെന്തുവേണ്ടു
ജന്മദോഷംകൊണ്ടോരോരോ
കർമ്മദോഷംവന്നുപോയാൽ
കരഞ്ഞാൽമാറുമോ?
അന്തണവരന്റെസന്താപമെല്ലാംകേട്ടു
ചിന്താവിഷാദത്തോടെ കുന്തീദേവിയും ചൊന്നാൾ
വേദിയശ്രേഷ്ഠാഭവാൻഖേദിക്കവേണ്ട ചൊററം
ഖേദിക്കുന്നതേപാഴിൽമോദിച്ചുവാണുകൊൾക
നാലഞ്ചുമക്കളിനിയുണ്ടിപ്പോളതിലൊരു (ക
ബാലനെത്തരുന്നുണ്ട് കാലനുകാഴ്ചവെപ്പാൻ
പത്തുമാസംചുമന്നുപെറ്റുവളർത്തഫലം
മൃത്യുംവരേണമെങ്കിൽ മറ്റുള്ളജനങ്ങൾക്കു
കുറ്റംവരാതെകണ്ടുകുറവുകൾതീർത്തതിരു
മക്കളുണ്ടായിവന്നാൽ,മാതാക്കൾക്കല്ലോസുഖം.
അല്ലോശിവശിവജനനിനീയിതു
ചെയ്യണമെന്നല്ലചെയ്യുന്നതു്
ശിവശിവനിന്നുടെമക്കളിലൊരുവനെ
ബകനിഹതിന്നാനൽകണമെന്നു
അരിശചിയെന്നുടെമനസ്സിലിലാനിം
നഹിനഹിമഹിതഗുണാലയഭൂഷണി
അപ്പൻതന്നാണിങ്ങനെയൊരുവക
യിച്ഛിച്ചില്ലാ ഞാൻ പറയുന്നതു

അങ്ങോൻജനനിക്കങ്ങോൻപിന്നെ
അന്യമൊരാശ്രയമില്ലിഹഭുവനേ
ഇങ്ങുസുതന്മാർനാലഞ്ചുണ്ടവർ
തങ്ങളിലീശ്വരഭക്തിയുമുണ്ടു്
ഇങ്ങനെയുള്ളട്ടുതകാഞ്ഞാ-
ലെങ്ങുമവർക്കൊരുസുഖമാവില്ലം
മക്കളിലൊരുവനതെല്ലുകരുത്തു-
ണ്ടവനെയയക്കാമെന്നൊരുപക്ഷം
അവനെയയച്ചാലവനിഹപിന്നെ
ബകനെക്കൊലചെയ്യാനുംപോരും
അല്ലെന്നാകിലവന്നുടെ മേനി-
യ്ക്കുല്ലൽവരാതെതിരിച്ചിഹപോരും.
എരിപുളിമധുരക്കറിയും ചോറും
പരിചൊടുവെച്ചുചമയ്ക്കേവേണ്ടു
ഇരുപത്തഞ്ചുപറച്ചോർവല്ലം-
നിരുവരുകൂടാതങ്ങളൂരാമോ
ചെമ്പുപിടിച്ചിഹവയ്പാൻ നമ്മുടെ
നമ്പൂര്യച്ഛൻതാനേമതിയോ
അന്തർജ്ജനവും ഞാനുംകൂടി
സന്ധിച്ചിങ്ങിനെ സാധിപ്പിക്കാം
അന്തണവരനും സന്തോഷിച്ചു
കുന്തീദേവിയെയാത്രയുമാക്കി
അച്യുതഭഗവാൻ തന്നുടെസാക്ഷാ-
ലച്ഛൻപെങ്ങളതാകിയകുന്തി
വിടുതിയിലുടനേചെന്നഥസുതനേ
ഝടിതിവിളിച്ചുപറഞ്ഞിതുമുദം.
ഉണ്ണിവരികഭീമാഭൂമീസുരേന്ദ്രൻതന്റെ
കണ്ണുനീർകണ്ടിനിക്കുകരച്ചിൽമാറുന്നില്ലയ്യോ
ക്ഷീണതപെരുത്തൊരുക്ഷിതിവരനവന്റെ
പ്രാണനെരക്ഷിയ്ക്കണംപവനനന്ദനാകേൾനീ
അങ്ങേക്കുറവില്ലത്തൊരു അവനീസുരനേയുള്ളു
അങ്ങോന്റെജനനിയുമന്തർജ്ജനവുമുണ്ടു്
അല്ലേഹംവേണമിന്നുബകനുചോർകൊടു-
പ്പാൻ
ബന്ധുക്കളാരുമില്ലാബകനുചോർകൊണ്ടുപോ-
വാൻ
അന്തണനതുകൊണ്ടുവിവശനായ്‌മേവീടുന്നു
സന്താപമതുകണ്ടുസഹിയാഞ്ഞു ഞാനുംചെ-
ന്നേൻ

കുന്തിയാകുമെനിക്കു കുഞ്ഞുങ്ങളഞ്ചുനാലഞ്ചുണ്ടു
ആയതിലൊരുത്തനെ ...യയയ്ക്കുന്നുണ്ടിപ്പോൾ-
തന്നെ
ആയവനരക്കനു അന്നവുംകൊണ്ടുപോകും
ഉഴശീസ്വരനൊരുകാരുണ്യംചെയ്തുവെങ്കിൽ
പാഴിലാകയുമില്ലാപരിചിലനുഗ്രഹിക്കും
എങ്ങിനെവേണ്ടുമീമാ എന്തുതാമോ നിനക്കുള്ളു.

അമ്മപറഞ്ഞതിനുത്തരമൊന്നു
ചിരിച്ചുപറഞ്ഞു വൃകോദരവീരൻ
അമ്മേനിങ്ങൾപറഞ്ഞതിനർത്ഥം
ചെമ്മെഞാനറിയുന്നിതുനൂനം
ഐവർസുതന്മാരുള്ളതിലിവനൊരു
വൈവരുതയില്ലാതുള്ളമനുഷ്യൻ
തിന്മാനല്ലാതൊന്നിനുകൊള്ളരു-
തിമ്മാപാപിയെബകനുഭുജിപ്പാൻ
സമ്മാനിച്ചാലിന്നിതുകൊള്ളാം
നമ്മൾക്കൊരുകെടുകാര്യവുമില്ല
മററുള്ളനുജന്മാർനാലാൾക്കും
കൊററിനുപിന്നെയലമ്പലുമില്ലാ
കുററവുമല്ലിതുമാതാവിനുതാൻ
പെററകുമാരന്മാരിലൊട്ടുക്കും
പെററവനിൽകനിവേറും ജനകനു
മൂത്തവനിൽകനിവെന്നുപ്രസിദ്ധം
നടുവിൽപെററപിറന്നൊരുപൊണ്ണ-
ത്തടിയനെയിപ്പോളാർക്കുംവേണ്ടാ
അടിയനുകാലപുരത്തിനുപോവാൻ
മടികൊണ്ടല്ലാമുറചെയ്യുന്നതു
പെററവളൊത്തൊരുമാതാവിങ്ങനെ
മുററുംനമ്മെയുപേക്ഷിക്കുമ്പോൾ
മററുള്ളനുജന്മാർക്കും ജ്യേഷ്ഠനും
മുററുംകൃപയുണ്ടെന്നറിയേണം
മലവുംമൂത്രവുമുററിവളർത്തൊരു
മാതാവിനുടെ കല്പനകേൾപ്പാൻ
മടിയുണ്ടായിനിവിരവൊടുചെന്നാ-
ബകനുടെവായിൽപുക്കുവസിക്കാം
ബലുതായിട്ടൊരുസദ്യംവന്നഥ
പുരമുറിതന്നിലകത്തുകടന്നു
പ... പാക്കനുമവിടേക്കെത്തി
തരമിതുകൊള്ളാമിവനെക്കേറി
പാമ്പിനെയങ്ങുപിടിപ്പിക്കേണം
പാമ്പതു ചത്തെന്നാലുംകൊള്ളാം
പാമ്പൻചത്തെന്നാലുംകൊള്ളാം
പാപംപെരുവഴിപോക്കനിരിക്കും
ഇങ്ങിനെയുള്ളൊരുകൌശലമിപ്പോൾ
നിങ്ങളുമങ്ങുവിചാരിക്കുന്നു
കുന്തീദേവിപറഞ്ഞിതുമകനേ!
എന്തീവകപരിഹാസമിദാനീം
എന്നുള്ളത്തിലുറപ്പുണ്ടായതു
എന്നുണ്ണിക്കറിവാനെളുതായോ?
ഉദ്ധതനായഹിഡിംബാസുരനെ
യുദ്ധംചെയ്തുടനവനെജയിച്ചൊരു
വീരനിയിബ്ബകനെവധിപ്പാൻ
പോരാത്തവനോ പവനതനൂജ!
വിപ്രദ്രോഹിയതാകിയബകനെ
ക്ഷിപ്രംചെന്നുവധിച്ചിനിമേലിൽ
വിപ്രന്മാരെപ്പരിപാലിച്ചാ-
ലല്പവുമല്ലനമുക്കും സുകൃതം.

തദനുനിജജനനിയുടെ വചനമതുകേട്ടവൻ
താണുതൊഴുതുപറഞ്ഞു വൃകോദരൻ
കളിവചനമിതുജനനി കനിവൊടുപൊറുക്ക
കാര്യബോധംനമുക്കില്ലായ്കയല്ലേ ഭോ... [ണം
കനിവിനൊടുബകനുടയവധമതുകഴിച്ചുഞാൻ
വിപ്രദേശത്തിന്റെ രക്ഷവരുത്തുവൻ
ഇതിതൊഴുതുപവനസുതനഴകിനൊടുക്രുദ്ധവെ
ഇല്ലത്തുചെന്നുകേറിപ്പറഞ്ഞീടിനാൻ
അതിചപലദുരിതമതിയാകും ബകനു ഞാൻ
അന്നവുംകൊണ്ടുപോവാനിഹവന്നതേ
അതിനിവിടെയുചിതതരധവളരുചിയന്നവും
നാലഞ്ചുകുംഭംനിറച്ചുരസാളവും
പോരുന്നാലും നല്ലചാറുംകണക്കിനെ
കൊണ്ടുവന്നീടുവിനന്തണശ്രേഷ്ഠരേ
വിരവിനൊടുപവനസുതഭാഷിതം കേട്ടവർ
ആരണശ്രേഷ്ഠനും കോപ്പുകൂട്ടീടിനാൻ.

അന്നമതൊക്കെച്ചാടതിലേററി
കുംഭകൾനാലും പൂട്ടിക്കെട്ടി
അന്തണവരനൊടുയാത്രയുമുടനേ
ആദരവോടുപറഞ്ഞുതിരിച്ചു.

കാട്ടുംമലകളുമൊട്ടുംകടന്നുചെന്നു
ചാട്ടുംകരടികളെയോടിച്ചുവിരവോടെ
പേടികൂടാതെതല്ലിമണ്ടിച്ചുഭീമസേനൻ
വൻപുള്ള ഭീമസേനൻ കൊമ്പൻ കൊലയാ-
നേടെ
കൊമ്പുപിടിച്ചൊടിച്ചുകമ്പംവരുത്തുകയും
എന്തൊരു ഘോഷമിന്നു അന്തികേ കേൾക്കാ-
കുന്നു
ചിന്തിച്ചുബകാസുരൻ ചന്തത്തിൽവസിക്കു-
മ്പോൾ
അടിച്ചും ആനകൾ വാലുപിടിച്ചും ആടോപ-
മഹങ്കരിച്ചും
ബകന്റെ ദിക്കിൽ ഗമിച്ചുമങ്ങത്തുനേരം.

ധർമ്മാത്മജസഹജൻ ചാട്ട-
മുരട്ടി നടന്നതിവേഗാൽ
കാററിൻമകന്റെ വരവായതുകണ്ടു മൃഗങ്ങള-
മെല്ലാം
തെററന്നുഭയപ്പെട്ടോടിയൊളിച്ചിതുകാട്ടുകൾ
തോറും
ആനത്തലവന്മാർതങ്ങടെവാലുപിടിച്ചുമറിച്ചും
ആനകളുടെകൊമ്പുപിടിച്ചുമടിച്ചുപൊടിച്ചു
തകർത്തും
[illegible]യെല്ലാംകുത്തിക്കൊന്നുപുളച്ചും
[illegible]കലശലുമതിഘോരതരങ്ങുതുടർന്നുഘനാടുകടന്നു
[illegible]കിനമരുതിഭീമൻ നാട്ടുകടന്നത-
കനാട്ടുമണഞ്ഞു
[illegible]വരെ ചാരേകടന്നു ഭീമനടയ-
ഗർവുകളേറെമുതിർന്നു.

ചെന്നുകടന്നഥ ചാട്ടമുറപ്പി-
ച്ചുന്ന[illegible]ഭുജിച്ചുതുടങ്ങി
[illegible] ചിന്ധമുരട്ടിയുമുണ്ടും
ഒന്നിടയിട്ടസുരനെനോക്കി
ഭക്തികഴിച്ചഥ ഭരവുമുയർത്തി-
ശ്ശത്രുനിശാചരനടിവിളിച്ചും
[illegible]കമനിശാചാരമൂഢാ
പോടാ നിന്നുടെ ചോറുംകറിയും
മൂഢാ [illegible] ഭക്ഷിക്കുന്നു
[illegible]കതിഭീമൻ
കോളല്ലാത്ത [illegible]
സാള[illegible]റിപുനര[illegible]കൊള്ളാം

ചോളച്ചോററിനു തേനൊത്തിലകറി
നീളക്കളിപഴമൊല്ലിങ്ങനെ
നിച്ചിരിയാനി നമ്മുടെയിലയിൽ
എച്ചിലെടുപ്പാൻ വാടായിപ്പോൾ
അച്ചികൾവേണ്ടും വേലയെടുത്താ-
ലെച്ചിച്ചോറുകൾതെല്ലുഭുജിക്കാം
ആണല്ലാത്തവനാണവരുടെ
കാണംമുതലുകൾ തിന്നുമുടിച്ചു
പെണ്ണുങ്ങളെയും ബ്രാഹ്മണരേയുമീ-
വണ്ണംവന്നുംകൊന്നുംതിന്നും
പൊണ്ണത്തടിയൻമനുജന്മാരെ-
ക്കൊന്നുതിമിർത്തുനടക്കുംനിന്നുടെ
ഉള്ളിലഹമ്മതിയുള്ളതുകളവാൻ
കൊള്ളാമെയിസ്സമയവുമിപ്പോൾ
ഭീമഭുജന്റെവാക്കുകൾകേട്ടതി
രോഷത്തോടു പറഞ്ഞിതുബകനും ॥
അന്നമെനിക്കല്ലെകൊണ്ടന്നതു
പൊണ്ണാവാരിത്തിന്നാതെ നീ
അന്നന്നിങ്ങിനെ പലപലമറുതല
എന്നോടുവന്നിഹ നേർപ്പോരുണ്ടു്
എന്നതിലൊരുവരുമെന്നുടെമുമ്പിൽ
നിന്നുപിണങ്ങീട്ടുന്നവരില്ലാ
ഇക്ഷിതിതലമതിൽനമ്മെക്കാളൊരു
മുഷ്കരനുണ്ടായ് വന്നതുകൊള്ളാം
അന്നത്തെയും തിന്നുമുടിക്കും
നിന്നെയെടുത്തു വിഴുങ്ങുന്നേരം
എന്നുടെയുള്ളിൽ വിശപ്പുംതീരും
നിന്നുടെ വിക്രമവിരുതുംതീരും
എരിപുളിമധുരക്കറിയുംകൂട്ടി-
പ്പുരിചിനൊടങ്ങുഭുജിച്ചിതുഭീമൻ
ഉണ്ടീലെന്നൊരുകോപത്തോടെ
പണ്ടതിലുമൊരന്നേറമെടുത്തു
വൃക്ഷംപിഴുതുപിടിച്ചിഹബകനും
തൽക്ഷണമെതിരിയടിച്ചുതുടങ്ങി
ഘോരതപെരുകിന യുദ്ധംചെയ്തി-
ട്ടാറുദിനങ്ങൾ കഴിഞ്ഞിതുപോലും
ഭീമഭുജനമടുത്തുപിടിച്ചതി
രോഷത്തോടെയടിച്ചിതുബകനെ

മാമലപോലെമറിച്ചുടനവനെ
ഭൂമിയിലൻപൊടിട്ടുവൃകോദരൻ
ബകനുടെ ശവമതു നായുംനരിയും
തരസാ വന്നുഭുജിച്ചുതുടങ്ങി
ഗ്രാമജനങ്ങൾ പറഞ്ഞിതുനമ്മുടെ
ഭീമബ്രാഹ്മണനെങ്ങാനുണ്ടോ?
ഭീമബ്രാഹ്മണനെന്നുള്ളൊരുടെ
നാമംമാത്രംഭൂവിശേഷിച്ചു
അപ്പോൾതന്നൊരുവിപ്രൻചൊന്നാൻ
അപ്പോയാളതിരിച്ചുവരുന്നു
എന്നാലായാൾ ബകനുടെമുമ്പിൽ
ചെന്നില്ലെന്നുകളിച്ചുംചൊല്ലും
എന്നല്ലായാൾ ബകനെത്തല്ലി-
ക്കൊന്നെന്നും ചിലർചൊല്ലുന്നുണ്ട്
എന്നുപറഞ്ഞവർമേവുന്നേരം
വന്നിതുഭീമദ്വിജനുമതപ്പോൾ
ഗ്രാമജനങ്ങൾ പ്രശംസിച്ചവനേ
നലമൊടുഗാഢാശ്ലേഷംചെയ്തു
ഏവംചെന്നുമഹാബ്രാഹ്മണരനു-
വാദവുമേകി സുഖിച്ചുവസിച്ചു.

ബകവധം ഓട്ടൻതുള്ളൽ സമാപ്തം.

ഗോവർദ്ധനചരിതം

ഓട്ടൻതുള്ളൽ.

ധരണീഭാരമൊഴിപ്പാൻഭയകരം
കരുണാകരനാം നാരായണനൊടു
പരിതാപങ്ങളുണർത്തിയമൂലം
പരമാനന്ദശരീരിമുകുന്ദൻ
പരിചൊടുദേവകിതന്നുടെസുതനായ്
ധരണിയിൽവന്നവതാരംചെയ്തു
പിരിയാതഗ്രജനാകിയ രാമൻ
തിരുവടിയോടും സഖിമാരോടും
പരിതോഗോകുലമതിൽവിളയാടി-
പ്പരിതോഷവുമുളവാക്കിജനാനാം
സുരജനകാര്യനിമിത്തംകൈതവ-
നരശിശുഭാവാൽവളരുംകാലം
ഉന്നതഭാഗ്യഗുണാംബുധിനന്ദന-
മന്നയശോദാദേവിതനിക്കും
തന്നുടെസുതനെന്നോർത്തുദിനംപ്രതി
വന്നൊരുസമ്മതമുള്ളൊരുചെയ്വൂ
നന്ദാദികളും ഗോപകുമാരരൊ-
ടൊന്നിച്ചോരോചേഷ്ടകൾചെയ്തും
സാന്ദ്രാനന്ദംമുഴുകിയസുകൃതി-
സുന്ദരമൂർത്തി വസിച്ചരുളുന്നൊരുനാൾ
നന്ദാദികളാംപശുപാലന്മാ-
രിന്ദ്രപ്രീതിവരുത്തുവതിന്നാ-
യൊന്നിച്ചൊരുമഖമാരംഭിച്ചതി-
നൊന്നൊഴിയാതെ കോപ്പുകൾകൂട്ടി
പുല്ലുംചമതകൾമേലരിവിറകും
നല്ലവെള്ളത്തരിപുഷ്പാദികളും
ചൊല്ലേറുന്നൊരു നറുനെയ്ശർക്കര
എള്ളുംകദളിപ്പഴവും തേനും
എല്ലാമിവകയോരോരോദിശി
മെല്ലെവരുത്തിനിരക്കെക്കൂട്ടി
ഫുല്ലാംബുജദളനയനൻകൃഷ്ണനി-
തെല്ലാംകണ്ടറിയാത്തകണക്കെ
നല്ലൊരുസമയേ നന്ദാദികളോടു
മെല്ലെയണഞ്ഞിതരുളിച്ചെയ്തു
ഹന്തഭവാന്മാരിച്ചുതമൊരുമി-
ച്ചൊന്നൊരുകാര്യനിമിത്തമിദാനീം
അന്തരമെന്യേ [illegible]
സന്തതമിവിടെ വരുത്തീടുന്ന

ഘനകഥിക്കാമെങ്കിൽ ചൊല്ലുക
ചിന്തിച്ചറിയാനാളല്ലിഹ ഞാൻ
അന്ധന്മാരായുള്ള കിടാങ്ങൾ-
ക്കെന്തിതറിഞ്ഞിട്ടെന്നു മനസ്സിൽ
ചിന്തിക്കുന്നു ഭവാന്മാരെങ്കിൽ
ട്ടന്തം നമ്മുടെ ചോദ്യംപെരുതേ
തന്റെ മകന്റെ വാക്കുകളിങ്ങനെ
നന്ദൻ കേട്ടു മനസ്സു തെളിഞ്ഞു
മന്ദംമടിയിലിരുത്തിത്തഴുകി
മന്ദസ്മിതമൊടിവണ്ണം ചൊന്നാൻ.

പുന്നാഗവരാളി— മുറിയടന്ത.

കാർവർണ്ണാ! തനയാ കണ്ണാ! കോകിലമേചക
കമനീയഗുണനിലയാ!
എന്തുണ്ണീ! കിടാവാകുംനീ നേരോടുപറയാതെ
ഒന്നുമില്ലിനി ഞങ്ങൾ നന്നായി ധരിച്ചാലും (കാർ)
വൃഷ്ടികൂടാതെ സസ്യപുഷ്ടികൾ ഭവിക്കുമോ
കഷ്ടമെന്നവരെല്ലാം നഷ്ടിപ്പെട്ടുഴലുന്നു (കാർ)
പുല്ലുംവെള്ളവും നല്ലപല്ലവാളികളൊന്നു-
മില്ലാതെ പശുക്കൂട്ടം വല്ലാതെ വലയുന്നു (കാർ)
എന്നതുകൊണ്ടു ഞങ്ങൾ നന്നായി യജിക്കേണം
ഇന്ദ്രനും പ്രസാദിച്ചു തന്നീടും വരമെല്ലാം (കാർ)

അച്ഛനിങ്ങനെ പറഞ്ഞതു കേട്ടു ചി-
രിച്ചു കൃഷ്ണനരുൾചെയ്തു പരക്കെ
വാച്ചമൂഢതര ചെയ്യുന്നതുപോലെന്ന-
ച്ഛനിങ്ങനെ പറഞ്ഞതു ചിത്രം
ചേർച്ചയില്ലിതിനു ചൊവ്വമിനിക്കൊരു
നിശ്ചയം മനസി വന്നതുമില്ല
മന്നിടത്തിൽ മഴ പെയ്യിക്കുന്നതു-
മിന്ദ്രനെന്നിഹ കഥിച്ചതു കൊള്ളാം
മന്ദനായവനമിക്കഥ നേര-
ല്ലെന്നതന്നെയറിയാം മനതാരിൽ
ഇങ്ങുകാറുകളിലും മലതോറും
നിന്നിടുന്നൊരു തരുക്കളശേഷം
ഇന്ദ്രനായ് ബലികൊടുപ്പതുമാർക്കും
മുന്നമൊരുത്തരെ കേളിയുമില്ല
[illegible]-
മുർവിതന്നിൽ മഴ പെയ്യിടുന്നു

ഗർവ്വുകൊണ്ടു പറയുന്നതുമല്ലിതു
നിർവ്വിവാദമതു വേണ്ടതു ചൊല്ലാം.

ഗോകുലമല്ലോ കുലധനമായതു
ഗോപജനങ്ങൾ നമുക്കെല്ലാർക്കും
ഗോകുലമതിനു ഭവിക്കുമ്പോൾ നാ-
മാകെപ്പരവശരായിത്തീരും
നല്ലൊരു ജലവും പുല്ലും തെളിരുക-
ളില്ലെന്നാകിൽ പശുക്കളുമുടനെ
അല്ലൽ മുഴുക്കും ജീവനകാരണ-
മെല്ലാവർക്കും ഭോജനമല്ലോ
ചൊല്ലേറുന്നൊരു ഗോവർദ്ധനഗിരി-
യെല്ലാനാളും പശുവൃന്ദത്തിനു
തെല്ലും കുറവു വരാതുണ്ണാനിക-
ളുല്ലാസേന കൊടുത്തീടുന്നു
അരുവികൾ തന്നിലെ ജലമൊരു ദിവസം
പിരികിൽ പരവശമീ പശുവൃന്ദം
പെരുകിന ദുഷ്ടമൃഗങ്ങളിൽനിന്നൊരു
പരിഭവവും പുനരില്ലിവിടത്തിൽ
ജീവനവൃത്തി കൊടുക്കുന്നവനെ
കേവലമവനർച്ചിക്കേണം
സേവിക്കാതെ ദിനം പ്രതി ഗോക്കൾ-
ക്കാവശ്യപ്രദനാകനിമിത്തം
ഭാവിക്കേണ്ടതിനെന്തും വിമുഖത
സേവിക്കേണ്ടതുമവനെത്തന്നെ
ഗോവർദ്ധനഗിരിയത്രേ നമ്മുടെ
ശ്രീവർദ്ധിപ്പാൻ കാരണഭൂതൻ
എന്നതുകൊണ്ടീ പർവ്വതരാജനു
നന്നായിട്ടൊരു ബലി നൽകേണം
വന്നപദാർത്ഥം പഴുതാക്കീടാ-
തിന്നേ തുടരുക പർവ്വതയാഗം
തന്നുടെ മൂർത്ത്യാ ഗോവർദ്ധനഗിരി
വന്നു ഹവിർഭാഗവുമിഹ വാങ്ങും
മന്ദൻ ഞാനീ ചൊന്നതശേഷം
നന്നെന്നുള്ളിൽ തോന്നുന്നെങ്കിൽ
സന്നാഹങ്ങൾ തുടങ്ങുവിനതിനാ-
യന്നേരത്തറിയാം പരമാർത്ഥം
അന്ധതകൊണ്ടു ജഗൽപതി തന്നെ-
നാക്കൂർവ്വാസവനല്ലതു-

ഭംഗമെന്യേ കളവാനൊരുവഴി
ചിന്തിച്ചംബുജനാഭനിവണ്ണം
സന്ധിച്ചുതാംചെയ്യുന്നവധിയുക്തികൾ
ഛന്നമുടക്കിവാസവയജനം
സന്തോഷിപ്പിച്ചദ്രിമഖത്തിനു-
മെന്തൊരു ചിത്രമുറപ്പിച്ചവരെ.

നന്നിപ്പറഞ്ഞതെന്നു നന്ദാദിഗോപവൃന്ദം
നന്ദിച്ചുസംഭാരങ്ങളൊന്നിച്ചെടുപ്പിച്ചുടൻ
ചെന്നു ഗോവർദ്ധനാദ്രിസന്നിധൌമഖത്തിന്റെ
സന്നാഹം പലവിധമൊന്നൊന്നായാരംഭിച്ചു
ഭക്തന്മാരുംകാണേണ്ടുള്ള ഗിരിരാജമഖംകാൺമാൻ
തരസാപോകേണമെന്നകരുതിഗോപികമാരും
നിറയെഭൂഷണമണിഞ്ഞൊരുമിച്ചുപുറപ്പെട്ടു
തരസായശോദയോടുംഗിരിസാനുവിങ്കലെത്തി
കൊണ്ടൽനേർവ്വർണ്ണനിപ്പോൾപണ്ടില്ലാതൊരു
യാഗ-
മൊന്നുതുടങ്ങീട്ടെന്നുകണ്ടവർചൊല്ലിക്കേട്ടു
കണ്ടുകൊള്ളുവിനെല്ലിലുണ്ടായസന്തോഷത്താൽ-
ക്ഷീണമറിയാതൊട്ടുമുണ്ടീലതിസുന്ദരിമാർ
കൃഷ്ണനെയെന്യേചെന്നവേണ്ടക്രിയകളെല്ലാം
കൊണ്ടാടിക്കഴിപ്പാനായ്ക്കൊണ്ടുമന്നുദ്യോഗിച്ചു
ഉത്തമപുരുഷന്റെ ചിത്തമറിയുംമുനി-
സത്തമന്മാരും പലരെത്തിയവിടെയപ്പോൾ
പത്തനവാസികളുംമർത്ത്യന്മാരനവധി
ചീർത്തമോദേനവന്നുപാർത്തു മഖത്തെക്കാണ്മാൻ
ആർത്തിനാശനൻജഗന്മൂർത്തികൃഷ്ണന്റെമായാ
വിസ്താരംനിരൂപിച്ചാലെത്രയും ചിത്രമത്രേ.

കംഭതാളം.

ചില്മുനികൾ കുളിച്ചുജപിച്ചു
പലക്രിയകളുമങ്ങുകഴിച്ചു
നലമൊടുമറയോതിരസിച്ചു
കലഗിരിവരമന്ത്രമുരച്ചു
ബലിപൂജകളെന്നിവ
ബഹുവിധവിധികളുംതുടങ്ങിയുംബത-
വാങ്ങിയുംചിതമായവർ ചെയ്യുചിരം
ചലമിഴികളശേഷമൊരുങ്ങി
പലപുഷ്പമകളോടുമിറങ്ങി
ബഹുവിധിയതുകണ്ടുതുടങ്ങീ
അമർശരനുടെകീർത്തിവിളങ്ങീ
അതിമോഹനമവരുടെഅനുപമഗുണഗണശീല
ഗുണശീലവുംകടിലേക്ഷണവീക്ഷണവും [വും
മഖവിധിയതുകണ്ടമിതാനം
സഖിമാരൊടുസപദിനടന്നും
സുഖമിടയിടെചിലതുരന്നും
പരിതോഷവിധങ്ങൾപകർന്നും.

ഗിരീന്ദ്രബലിയതുകണ്ടാപ്രതികള-
മന്ദമോദംചെയ്യുന്നളവിൽ
മഹേന്ദ്രമഖത്തിലുമിതുനന്നെ-
ന്നചേന്ദ്രനവർക്കെബോധിപ്പിപ്പാൻ
നിനച്ചുമാനസതാരിലുപായമു-
മുറച്ചുമായാമൂർത്തിവസിച്ചു
ഉരച്ചുമന്ത്രപുരസ്സരമദ്രിയെ
വരിച്ചുബലിനൽകുന്നൊരുസമയേ
ധരിച്ചുതാനേ പർവ്വതവേഷം
ധരിച്ചുചെന്നാസദസിസമക്ഷം
ഗ്രഹിച്ചുമോദാൽതന്റെബലിയതു
തിരിച്ചുപോന്നഥസപദിമറഞ്ഞു
കരുത്തൊരത്ഭുതമിങ്ങനെകണ്ട-
വരൊത്തുനിന്നമഹാജനമെല്ലാം
തൃണമാമൊരനൊരുചൊല്ലിയ
പൃഥുശാലികൾഗോപന്മാരും
പെരുത്തവിശ്വാസേനവിചിത്രം
വിചിത്രമിങ്ങിനെപണ്ടൊരുനാളും
ഒരുത്തരാൽഭുവികണ്ടിട്ടില്ലീ-
ത്തരത്തിലുണ്ടോമറ്റൊരുയാഗം
നമസ്കരിപ്പാൻ ഗോവർദ്ധനഗിരി
നമുക്കുദൈവംസംശയമില്ലാ
മിടുക്കനുണ്ണികൃഷ്ണൻചൊല്ലിയ-
തൊട്ടൊക്കമത്രേ ബോധിച്ചുള്ളൂ
എട്ടത്തിവണ്ണംവാഴ്ത്തിബലിയതി-
നുത്തമദക്ഷിണയുംബോധ്യചെയ്തു
മുകുന്ദനുംബലദേവൻനന്ദന-
മമന്ദമോദാൽ ഗോപന്മാരും
പുരന്ധ്രീവിളയുംഗോകുല-
മമർന്നനിജനിജഭവനംപുക്കാർ.

അന്നമഹേന്ദ്രൻ ദേവകളോടും
വന്നുസുധർമ്മയിൽവാഴുംകാലം
തന്നുടെയാഗത്തിന്നുവിഭംഗം
നന്ദതനൂജൻചെയ്തതറിഞ്ഞു
വന്നൊരുകോപാൽ കണ്ണുകളായിര-
മൊന്നചുകന്നുചുറിഞ്ഞുമറിഞ്ഞു
ഒന്നുവിറച്ചുകറുത്തമുഖത്തൊടു
നിന്നൊരുദേവകളോടരുൾചെയ്തു
കഷ്ടംകഷ്ടംഗോകുലവാർത്തകൾ
കേട്ടറിയുന്നോ നിങ്ങളിദാനീം
ധൃഷ്ടന്മാരാം നന്ദാദികളെ
ദുഷ്ടൻകൃഷ്ണൻചൊല്ലിമയക്കി
വട്ടംകൂട്ടിയയാഗമശേഷം
മുട്ടിച്ചെന്നെയുമവമാനിച്ചു
ദുഷ്ടാചാരംചെയ്തുയഥേഷ്ടം
ഗോഷ്ഠികൾപലതുംകാട്ടീടുന്ന
കെട്ടിക്കാരാഗൃഹമതിൽനിത്യവു-
മിട്ടുകിടക്കുംമേഘപ്രവരരെ
വിട്ടുവരുത്തുകവേഗാലിവിടെ
ഗോഷ്ഠംജലമയമാക്കീടേണം
ഇഷ്ടിമുടക്കിയതിന്നുപകാരം
വൃഷ്ടികൾകൊണ്ടിഹ തീർത്തീടേണം
നടക്കംമേഘങ്ങൾചെന്നു-
അളക്കമമ്പാടിയിൽവെള്ളം
കടിക്കംഗോകുലവർഷം
തൊടുക്കം ഗോരസപാത്രം
മുടിക്കം സസ്യങ്ങളെല്ലാം
മുടക്കംസഞ്ചാരമാർഗ്ഗം
മുടക്കംവീടുകളെല്ലാം-
മടയ്ക്കുമെന്നാലുംചെന്നോ-
രിടിക്കം കറവെന്നിയേ.

ലക്ഷ്മീതാളം.

അന്നേരംഗോപന്മാർ
നന്ദാത്മജനം പടയ്ക്കുവരികിൽ
വരുത്തി ഐരാവതത്തെ
ഇരുത്തിഞാനെറിയും
കരത്തിലെടുത്തുവജ്ര
മരത്തിൽപൊരുതുജയ-
പുരത്തിൽ നന്ദാത്മജനെ
ഉരുത്തി കോപശാന്തിയെ
വരുത്തി കീർത്തിയെ പാരിൽ.
പരത്തീടുവൻനിയതം
കംസന്മാർക്കവമാനംവന്നോ
ബഹുമാനമെന്നുള്ളവാക്കു
തുടങ്ങിയാഗവുമങ്ങുമുടങ്ങി അല്ലൊകണ്ടിങ്ങു
മടങ്ങിനാമെല്ലാമപ്പോളടങ്ങിപ്പാർത്തീടിൽനമ്മെ
വണങ്ങിടാതനുദിനം പണങ്ങിമാനുഷരെല്ലാം
ഇണങ്ങിയാഗങ്ങൾമേലിൽ മുടങ്ങുമെന്നറിഞ്ഞാ
വിട്ടാലും വിനതിപ്പിൻ [ല്ലം,
ഒട്ടുംമടിയാതെമേഘനിവഹത്തെ

മർമ്മതാളം.

സംക്രന്ദബഹുരോഷമിവണ്ണം
ജംഭനിഷൂദനവാക്യം
സംഭ്രമമോടുകേട്ടുനടന്നതിലുമ്പർസമൂഹമ-
ശേഷം.
മുമ്പേബഹുകാരാഗൃഹമതിൽശൃംഖലയിട്ടുകിട-
വമ്പേറിനമേഘപ്രവരരെ [ക്കും
യമ്പൊടുവിട്ടാനുടനെ
ഉലകഖിലമഴിപ്പതിനേറ്റമൊ-
ലസതയില്ലാത്തവർപോയി
പലപലനദിജലധികളിൽ
ജലമനവധി സപദികുടിച്ചും
കലശിഖരികൾപോലെതടിച്ചു
കറുത്തുമിന്നത്തൊരുമൂർത്ത്യാ
പൊലിമയൊടുടനംബരസീമനി
പൊങ്ങിനിരക്കെക്കാണായ്
അഞ്ജനഗിരിപലതായ്മുകളിൽ
പറന്നുനടക്കുംപോലെ
മഞ്ജുളനിറമൊടുമുകിൽമാലകൾ
വന്നുനിറഞ്ഞൊരുനേരം
പൊടിപടലമൊടൊത്തുകൊള്ളും കട-
റാടിയുടെ കൊടുമകളേൽക്കിൽ
പൊടിയുംഉപമകൾചെവികളു-
മടയുംപുനരിടികേളൽ
പ്രളയാംബുദനിവഹഘോരസ്വന-
നൊളിവായിവ കണ്ടപ്പോൾ

കളിയല്ലതമസ്സുനിറഞ്ഞൊരു
വെളിവില്ലധരിത്രിയതിൽ
കരിമേഘകങ്ങൾകണ്ടക്കെ
ചൊരിഞ്ഞൊരുധാരാവർഷം
പരിതോദിശിദിഗാകലസീമനി
വാരിദനികരം ചൊരിഞ്ഞും
തെരുതെരെനിരവധി ചൊരിയും
വാരികൾധരണിനിറഞ്ഞുകവിഞ്ഞുവഴിഞ്ഞഥ
അരനിമിഷത്തിൽപുരികളുമാഴികൾ
പെരുകിജ്ജലമയമായിദിഗന്തം
കരകനിപാതാൽകാലികളെല്ലാം
കരചരണങ്ങൾ മുറിഞ്ഞുവലഞ്ഞു
അരണകളാഖിപ്പുഴമത്തുതിന്നു
മരണംപ്രാപിച്ചോർക്കയൊടുങ്ങി
ഗിരിവിവരങ്ങളിൽമരുവീടുന്നൊരു
കിരികളുമാനകൾകരടികൾപുലിയും
തെരുതെരെവാരിയിലൊഴുകിനശിച്ചു
പുരകളശേഷംമുഴുകിനശിച്ചു
പെരികെവളന്നതരുക്കളുമെല്ലാം
മുരടുപറിഞ്ഞുപതിച്ചുനിരക്കെ
കരുമനയിങ്ങനെ പലതുംവന്നു
പാവനരാഗ ചരിക്കംവിഷമം
അച്ചികൾനായന്മാരുംവീട്ടൊ-
ഴിച്ചുടനാടിരുന്നകൾതോറും
കൊച്ചുകിടാങ്ങളെമടിയലിരുത്തി
വിറച്ചുകരഞ്ഞു പറഞ്ഞുതുടങ്ങി
കണ്ടച്ചാരെവലുതായിട്ടൊരു
ചെണ്ടപിണഞ്ഞതറിഞ്ഞില്ലതാൻ
മണ്ടിപ്പോരുന്നേരത്തെന്നുടെ
പണ്ടയുള്ളൊരുതാലിപ്പാട്ടും
കൊണ്ടിഹപോന്നില്ലയ്യാവിട്ടില
ത്തുണ്ടാകുമതുംകാണ്ടുഗമിച്ചോ?
ഇണ്ടലിതിക്കുമിതിന്നന്തോരം
ഉണ്ടാക്കാൻഞാനാളല്ലിനിമേൽ
കണ്ടച്ചാരുപറഞ്ഞതുനേരം
വേണ്ടിനിമോഹംതോന്നീലേതും
വെള്ളംകേറിപ്പായില്ലെങ്കിൽ
കള്ളൻകൊണ്ടുഗമിച്ചുതുനൂനം

കള്ളംകാട്ടിക്കണ്ടജനങ്ങളെ-
ട്ടുള്ളധനങ്ങൾപിടിച്ചുപറിക്കും
കള്ളികളുമുതലീങ്ങനെപോണം
കള്ളത്തൊഴിലുകളുടെഫലമത്രേ
പരമതിനെന്തിനുദുഃഖിക്കുന്നു
പുരുഷന്മാരിനിയുംപലതുണ്ടാം
തരമാവതിൽ ചിലർപൊന്നുംപണവും
തരമായിനിയുംതീർപ്പിച്ചിടാം
ചേനാദികളാംനിങ്ങൾക്കെല്ലാം
പരധനജീവനമല്ലാധർമ്മം
ചിരുതേകുപിക്കരുതേവെറുതേ
പെരുതേനിന്നുടെയുള്ളിത്തങ്ങൾ
നിന്നുടെതൊഴിലുട്ടിക്കാളി-
പ്പെണ്ണന്നവളുടെ ചനേചരിവാൻ
ഇന്നലെരാത്രിയിൽമഴ ചൊരിയുമ്പോൾ
ചെന്നകമറിയത്തച്ചയിൽഞാനും
കച്ചയുമൊളിയുംകേൾക്കാതങ്ങു
വിറച്ചുപുറത്തുകിടക്കുന്നേരം
വന്നൊരുസരസനറക്കറവാതിലു
മന്ദംമുട്ടിവിളിച്ചുതുടങ്ങി
ഇട്ടിക്കാളിയുമപ്പോളുറങ്ങീ-
ട്ടക്കഥയെപ്പുംബോധിച്ചീല
ട്ടഷ്ടാചത്താലവളുടെഗുണദോ-
ഷക്കാരൻകുഞ്ഞിട്ടിയുണർന്നു
തെരുതെരെവാതലുമുട്ടുന്നാളുകേ-
ട്ടറിയാടാതെപതുക്കെയിരുട്ടിൽ
ചാരിപ്പോകുതകുതുറന്നൊരുകോണിൽ
തലവുംപൊത്തഥനിന്നിളവിരുതൻ
ഗാത്രംമഴയിൽനനഞ്ഞതശേഷം
തോർത്തിയുണക്കിഷ്ടത്തൻകേളൻ
പാർത്തിടാതെകട്ടിൽകരേറീ-
ട്ടാർത്തികളഞ്ഞുപുണർന്നയഥേഷ്ടം
സരസിജമുഖിതാൻമുന്നംചൊല്ലിയ-
പിരിയൻചളയിതുമടിച്ചാലും
ഉരിയാടാതെകിടക്കുന്നെന്തിനു
ചരിതമൊക്കെക്കളകസുശീലേ!
ഇരുളിൽ കുഞ്ഞിട്ടിക്കിതുപോലെ
കരമതിലില്ലൊരുപൊന്നുംപണവും

വരികയുമില്ലാനീയിടയെങ്ങും
വരികിലുമാട്ടിക്കളയുന്നേരുടനേ
വിരസതയെന്യേ പൂട്ടുക വേഗാൽ
സരസിജശരന്റെ ലീലകൾ ബാലേ
പറ്റിയ്ക്കട്ടെ ഘടഞ്ഞിട്ടീയുമ്മയു
ചെറുമനസി പൊറുക്കാഞ്ഞതിനാൽ
ചീറിച്ചെന്നു കുടുമ്മ പിടിച്ചു
ചുറ്റിവലിച്ചു ധരയഴത്തിട്ടു
തെറ്റെന്നവനുടെ ചെവിയുമറുത്തു
പറ്റെച്ചെത്തി കുടുമ്മയുമുടനേ
മാറിയെമാറത്തിട്ടു തൊഴിച്ചു
മാറിത്തം പലതൊന്നോ വച്ചാ
ക്രൂരന്മാരാം ഭടകളരികട്ട
മൂരുമൂന്നന്നിക്കാളിയെപ്പുറം
തെറിപ്പറയെന്നോർത്തുട നാട-
ഞ്ഞോറവതിനായ് ഭാവിച്ചപ്പുറം
നല്ലകുടുംബക്കാരാനീച്ചി
വല്ലാത്തവളൊരു പെണ്ണുങ്കൊള്ളാം
നില്ലന്നങ്ങു കണ്ണിട്ടീയിവളെ
ക്കൊല്ലരുതെന്നിമാറക വേഗാൽ
മതിമാൻ നീച്ചിക്കാളിയൊടിനിയവൻ
മതിയാക്കേണം ബന്ധുതയെല്ലാം
അതിസാഹസമരുതെന്നു വിലക്കി
കഥ പറികഞ്ഞിട്ടിയെ വശമാക്കി-
ട്ടൊരുമിച്ചവനൊടുമറ്റൊരു വീട്ടിൽ
തരസാ ചെന്നു കിടന്നു ചിലന്തു
കമനിയൊടവളും പിരിയൻ വളയത്തു
വിമുഖതയെന്യേ വാങ്ങികൊണ്ടു
മമതമുഴുത്തു വസിച്ചെന്നിപ്പോ-
ളുമയന്നരിക്കാളി പറഞ്ഞു
അതുകൊണ്ടൊന്നു ഞാൻ പറയുന്നു
മതിമോഹത്താൽ നിങ്ങൾക്കെല്ലാം
അതിയായിട്ടുള്ളമളികൾ പിന്നെയും
മതിമതി ചിതമിതു ദുസ്സാമർത്ഥ്യം.

ഇങ്ങിനെതങ്ങളിലവർ പറയുമ്പോ-
ളങ്ങൊരു കിഴവി പറഞ്ഞു തുടങ്ങി
നങ്ങേലിക്കു കരിഞ്ഞൂൽഗർഭം
സംഗതമായിതു പത്തരമാസം
എങ്ങും മാറാതുള്ളൊരു മഴയിതി-
ലെങ്ങിനെ ചെറുകഴിച്ചീടേണ്ടു
വിറകും വെള്ളം മത്തുമുള്ളിയും
പെറുകട്ടെ കന്നിപ്പ കൊണ്ടുവരാനും
തിറമുള്ളാളുകളുണ്ടെന്നാലും
പുറമേ പോവതിനെളുതല്ലൊട്ടും
എന്തൊരു കാരണമെന്നെടെ മകനേ
സന്തതമിങ്ങനെ മഴ പെയ്തീടാൻ
എന്തെങ്കിലുമൊരു കാരണമുണ്ടു
ചിന്തിച്ചെന്നോടു ചൊല്ലീടേണം
അമ്മ പറഞ്ഞതു കേട്ടഥ മകനും
ചെമ്മേ ചെവിയിൽ ചെന്നു പറഞ്ഞു
നിശ്ചയമൊന്നും കേട്ടുവിശേഷമി-
തമ്മയൊഴിഞ്ഞു ഗ്രഹിക്കരുതാരും
നങ്ങേലികളിപിടാരം മിച്ചാ-
ഗ്രാമവരത്തുടക്കിയതുവൻ
എന്നതുകൊണ്ടതിവൃഷ്ടി ഭവിച്ചു
എന്നൊരു ദൂഷം ചിലരു പറഞ്ഞു
അതുമൊന്നാ വൃദ്ധ പറഞ്ഞു
മതിമതി കാരണമിതുമെന്നത്രേ
പതിവേറുന്ന കിടാവാം കുഞ്ഞൻ
മറിയതുമതിരെന്നതു മുറച്ചു
വല്ലായ്കള്ളികളില്ലവൾക്കുള്ളി-
തെല്ലാവർക്കും സമ്മതമല്ലോ.
എന്നതു കേട്ടഥ മകനരുൾചെയ്തു
നന്ദാത്മജനതി മാനുഷനത്രേ
ഇന്നിരിക്കനൊരു കഴിവുണ്ടാക്കീടും
സന്ദേഹം ചെറ്റില്ലിതിനമ്മേ!
ഒന്നിച്ചീവക പലതും തങ്ങളിൽ
മന്ദതയോടു കഥിച്ചുള്ളപ്പോൾ
രോഷമിയന്ന മഹേന്ദ്രനെ വേഗാൽ
തോഷിപ്പിക്കണമെന്നു നിനച്ചു
ഘോഷിച്ചംബുദനിരകൾ ചൊരിഞ്ഞും
ഇടിതീവീണു ഗൃഹങ്ങൾ ദഹിച്ചും
ഝടിതി മരങ്ങളെരിഞ്ഞു പതിച്ചും
ഇടിവെട്ടേറ്റു പശുക്കൾ മരിച്ചും
കിടുകിടെ മിന്നലു കണ്ടു വിറച്ചും
ഉൽക്കകൾ മിന്നിവരുന്നതു കണ്ടി-

ളുകൾക്കളിൽബഹുഭീതിവളൎന്നു
ഒക്കെജ്ജലമയമായൊരടത്തും
നില്ക്കരുതാഞ്ഞുപകച്ചുനടന്നു
ഗൃഹരണത്തിനുകൂട്ടിയവട്ടവു-
മഹാഗൃഹങ്ങളുമൊഴുകിനശിച്ചു
ബഹുവിധമുള്ളപശുക്കൾജലത്തിൽ
മുഹുരപിമുങ്ങിപ്പൊങ്ങിവലഞ്ഞും
വലുതായുള്ളവിപത്തുപൊറാഞ്ഞൊരു
നിലവിളിയായിത്തീൎന്നുതുനേരം
അലസതപൂണ്ടപ്പശുപന്മാരുടെ
കലവുംനന്ദനുമൊരുമിച്ചവിടെ
ചലമിഴിമാരൊടുകൂടിയണഞ്ഞഥ
ബലദേവാനുജനോടുരചെയ്തു.

ഇന്ദിശ—മുറിയടന്ത

പാലയ പാലയ കൃഷ്ണ!
ബാലകൻമാരിഞങ്ങളെയും
കാലികളെയുംവൈകാതെപാലിച്ചീടേണം
കഷ്ടമിപ്പോളതിവൃഷ്ട്യാവിഷ്ടപങ്ങൾകുഴങ്ങുന്നു
ഗോഷ്ഠവാസികളുമെല്ലാംനഷ്ടരാകുന്നു
ഇടികൾവന്നുവീണിട്ടുള്ളകെടുതിനീയുംകണ്ടി-
ല്ലയോ
ഝടിതിരക്ഷാമാൎഗ്ഗമൊന്നിൽവന്നുകൂടിയ
[സന്താപം
ഇന്ദ്രനെത്തെളിയിക്കാ[illegible]
ഒന്നറിയാവതുമല്ലാവന്നു[illegible] [നാം
പശുകുലത്തിനങ്ങു[illegible]
മശുഭമെല്ലാംകളഞ്ഞാ[illegible]
കുശലമേകീടേണംകൃഷ്ണാ[illegible]
പാഹിപാഹിദയാസിന്ധോ!
ദേഹിസൗഖ്യംദീനബന്ധോ!
സാഹസംവേർപെട്ടതല്പംതീൎന്നകിലെന്തു!

പങ്കജനേത്രൻനന്ദാദികളുടെ
സങ്കടമിങ്ങിനെകേട്ടതെളിഞ്ഞു
ശങ്കവെടിഞ്ഞിതിമരുളിച്ചെയ്തു
ശങ്കരനാണിതുസത്യംകേൾപ്പിൻ
ദുൎമ്മദമോടിന്നമരാധീശൻ
നിൎമ്മൎയ്യാദംകോപിച്ചാലും
നമ്മൊടുതരസാബലിവാങ്ങീടിന
വന്മലയൊന്നുനമുക്കുസഹായം

അമ്മയുമപ്പുറമഖിലജനങ്ങളു-
മുന്മേഷത്തൊടധികംകളവിൻ
എന്നരുൾചെയ്തുമുകുന്ദൻതിരുവടി
ചേന്നഥഗോവൎദ്ധനഗിരിവരനെ-
ത്തന്നുടെകയ്യിലെടുത്തുസലീലം
ഉന്നമുയൎത്തിസ്സപദിപിടിച്ചു
അന്നേരംപശുപാലകരുംപശു-
വൃന്ദവുമതിന്നടകീഴെചെന്നു
നന്ദാത്മജനെച്ചുററിവസിച്ചു
മാനപീഡകളൊക്കെമനസ്സിൽ
നിറഞ്ഞുകൌതുകമെല്ലാവൎക്കും
കുഞ്ഞതയെന്ന്യേഗോവൎദ്ധനഗിരി
കൊണ്ടൊരുകുടയുളവാക്കിമുകുന്ദൻ
ഇങ്ങുലകററിസ്സകലജനാനാം
പക്ഷതിലുമതിസുഖമായ്വന്നു
വലുതായുള്ളൊരുഗോവൎദ്ധനഗിരി
അലസതയെന്ന്യേകയ്യിലെടുത്ത
നിലയിളകാതെവസിയ്ക്കുന്നതുക-
ണ്ടലസാക്ഷികളുംപശുപന്മാരും
ഈശ്വരബുദ്ധ്യാകേശവനിൽബഹു-
വിശ്വാസത്തോടുകൂടെച്ചെന്നു
വിഭുപരന്തന്നുടെമായയിൽമുഴുകീ-
ട്ടച്ഛൻനന്ദനമമ്മയുമപ്പോൾ
കൊച്ചുകിടാവിനുപീഡവരായ്കതി-
നീശ്വരനായ്ബഹുനേൎച്ചകൾനേൎന്നു
മുകൈകൊണ്ടേഗിരിയെയുയൎത്തീ-
ട്ടിരികിൽവരുന്നൊരുശോകമെല്ലെ
മറകൈക്കൊണ്ടുപൊറിഞ്ഞുതഷോടി
പ്പൂരമാനന്ദംനിന്നുമുകുന്ദൻ
ഇഷ്ടനാശംഗോപന്മാരൊടു
ഴുഷ്ടിവരുംപടിവെടികൾപറഞ്ഞു
ഒട്ടിനിനിങ്ങളെടുപ്പിൻഞാൻപോ-
യഷ്ടികഴിച്ചുവരാമിങ്ങുടനെ
ഇട്ടീടരുതേനമ്മളശേഷം
മൊട്ടുകൾപോലെഞ്ഞോട്ടിപ്പോകും
ധൃഷ്ടവചസ്സുകൾകേട്ടശിശുക്കടെ
കൂട്ടംകയ്യുമുയൎത്തിച്ചെന്നു
ഒപ്പംതാങ്ങിയനേരംകൃഷ്ണൻ-
മല്പംകയ്യുമെല്ലയയച്ചു

അപ്പാവലിയൊടുമവലുമടക്കം കി
ട്ടപ്പാൻ ഞങ്ങൾക്കെല്ലാമാരുമില്ല
ചെപ്പടിവിദ്യക്കാരൻ നിന്നോ-
ടല്പംനില്പാനരുതിതിലാർക്കും
ദുഷ്പ്രാഭവമുരചെയ്താൽഫലമെ
ന്തിപ്പണിപാരം ദുർഘടമത്രേ
മുലകുടിമാറാത്തുണ്ണികളാരാലി
മലകരതാരിലെടുത്തതുനല്ലൊരു
ഉലകതിൽമുന്നം കേട്ടറിയുന്നി-
ല്ലലമലമാക്കറിയാംഹരിമായം
വലയിക്കാതിനിഞങ്ങളെയെല്ലാം
മലനീതന്നെയെടുക്കമുകുന്ദാ
ശിശുജനവാക്കുകളിങ്ങനെകേട്ടാ
ശിശുവാംകൃഷ്ണൻകേട്ടതെളിഞ്ഞിഹ
കുശലതയോടാഗിരിയെയുയർത്തി
പുഷ്പവദുപലമതൊരുവിരലിൽ
അതിപുഷ്ടശ്രമമറിയാതിങ്ങനെ
മതിമുഖിമാരുംഗോപന്മാരും
ക്ഷിതിതലവാസികൾ മറ്റുള്ളവരും
പ്രതിദിനമവിടെ വസിച്ചു സുഖിച്ചു.

ഓട്ടകയും ചിലരോട്ടകയും ചിലർമുറ്റ-
ത്തടനടിപിടികിട്ടുകയും
പാട്ടകയും ചിലരാട്ടകയും ചിലർ
പട്ടതയൊടഥവിളയാട്ടകയും
ചാട്ടകയും ചിലചിട്ടകളും ബഹുഗു
ണമുടയമാട്ടുകളും
വാതുകളും ചിലവാദികളും ചെറ്റകവിതക
ളൊരുവിനോദികളും
തേട്ടകയും കരയിടുകയും പ്രതിദിനംകാ
ഹരികഥപാട്ടകയും

നാട്ടക്കുറിഞ്ഞി — ചെമ്പ

മഴയുടെയൊഴിവതികൾകിമപിവിധമന്ത-
മന്ദമായ്ത്തെളുപ്പാൽതാരകളോടെ [വർ
നളിനിയുടെമണനഥനെളിവിനൊടുകണ്ണായി
നന്നായ്തെളിഞ്ഞുദിഗന്തങ്ങളൊക്കെയും
മുരമഥനനവനിയിലവനിയതിൽവച്ചുടൻ
മുന്നേക്കണക്കെയുറപ്പിച്ചുകേശവൻ.

ആയതറിഞ്ഞിതുയശോദയു-
മായനുമകതാരണ്ടനാർത്ഥ
കംസാർദ്ദനതിനുവതിന്നായ്
പായസവും പാൽവെണ്ണകളെന്നിവ
പ്രായമകന്നൊരുപുത്രസ്നേഹാ-
ലയകണക്കെക്കൊടുത്തൂപുണർന്നു
നന്ദനനാം ശ്രീകൃഷ്ണനെവേഗാൽ
മന്ദംമടിയിലിരുത്തിത്തഴുകി
ഇന്നിവനുടെയീസാഹസകർമ്മം
നിന്നവരെല്ലാംകാൺകനിമിത്തം
വന്നീടരുതൊരുനാവിൻദോഷവു-
മെന്നുനിനച്ചതിനായിലയോടെ
നന്നായ്ഗോമയമിലകളുമിട്ടു
ഗോമുഴിയിനെ ചുഴറ്റി വാലാൽ
മണിമന്ത്രാദികൾകൊണ്ടുംസുചിരം
പണിപ്പെട്ടിട്ടിതു രക്ഷകൾ ചെയ്തു
അണിയിച്ചുദ്വേഗങ്ങളതൽക്കണ-
മവനവനവധിദാനം ചെയ്തു
ഗോപികമാരും ഗോപന്മാരും
ശ്രീപതിതന്നുടെ പൂർവ്വം ചൊന്ന
ആപദിഞങ്ങളെരക്ഷിച്ചിങ്ങിനെ
താപമകറ്റുകയാൽതവമേലിൽ
മംഗലമഖിലം മേന്മേൽവരുമൊരു
ഭംഗംവരികയുമില്ലെടുത്തും
മംഗലശീലാ നീവിളയാട്ടുക
ഞങ്ങടെഭവനം താവകനിത്യം
സംഗവുമീവിധമായിപ്പലവിധ-
മിങ്ങിനെവാഴ്ത്തിത്തെളിവൊടുപോന്നു
അത്തലുവന്നതൊഴിപ്പാനവിടെ-
ക്കെത്തിയലോകരശേഷവുമപ്പോൾ
ഉത്തമപുരുഷനെവാഴ്ത്തിത്തങ്ങടെ
പത്തനനിരകളിലങ്ങുഗമിച്ചു
ആമോദിച്ചഥപശുപന്മാരും
രാമനുമുദാനന്ദാദികളും
ക്ഷേമംപെരുകിനഘോഷവിരവൊടു
ദാമോദരനുടെലീലകൾകണ്ടും
കോമളമുരളീനാദംകേട്ടും
ശ്യാമളതനുവുടൽനോക്കിരസിച്ചും

ന്നാമയമെന്നൊരുകഥയറിയാതെ
കാമിതലാഭത്തൊടുവസിച്ചു.
ശതമഖനപ്പൊഴുതധികഭയാൽ
പതറിയമനമൊടുപരവശനായ്
പരമപുരുഷന്റെ പരിഭവത്തെ
പരിചൊടുകളയണമിതികരുതി
സുരചിരംകനകകലശനിരയിൽ
സുരനദിയിലെജലമഥനിമിഷാൽ
സുരകരികരംതന്നിലേല്പിച്ചുടൻ
സുരഭിയെവിരവൊടുനടത്തിക്കൊണ്ടു
ധരണിയിൽവിരവൊടുവിറച്ചിറങ്ങി
ശരണമെന്നടിയിണപണിവതിന്നായ്
മനമതിൽമദമുടനുടനകന്നു
വിനയമേറ്റമതികളിടകലർന്നു
പിഴകൾപലതുമതിശയനാമതി
തൊഴുവതിനിഹമമ കഴിവരുമോ
മുഹുരപിപലവകയിതിനിനച്ചു
ഹഹഹനയനജലമപിപൊഴിച്ചു
രഹസിഹരിയുടയഅരികിൽചെന്നു
ബഹുലഭയമൊടടിമലരിൽവീണു.

ലക്ഷ്മീതാളം.

അനന്തരംസുരഭിമുദാചെന്നു
പുരുഷോത്തമന്റെസവിധമതിൽ
നിന്നീടാത്തമോദത്തിന്നായ്ചൊരിയും
ചുരന്നപാൽകൊണ്ടു
നന്ദിപ്പിച്ചഭിഷേകംനന്ദാത്മജമ-
സ്തകത്തിലവൾചെയ്തു
അന്നുമുതൽക്കണ്ടായിത്തീർന്നു
ഗോവിന്ദനെന്നതിരുനാമം
സുരതടിനീതീർത്താൽസുര-
കരിവരനുംകഴിച്ചിതഭിഷേകം
സുരപതിയുംപുനരുടനന്പൊടൊ-
ടെഴുന്നേറ്റുനിന്നുസ്തുതിചെയ്തു.

മോഹനം മുറിയടന്ത.

ഏകസാമ്രാജ്യനാമസ്തുകൃഷ്ണ!
ലോകത്രയേശ്വരശൌരേ!
നാകപ്രഭുതാംനടിച്ചുഞങ്ങളിങ്ങനാഗസ്സു
ചെയ്തവയൊക്കെക്ഷമിക്കണം (ഏകസാ)
മന്ദമതിയാകുമൂഢംബോധ-
മെന്നിയെഞാൻപ്രതികൂലം
ഒന്നു ചെയ്തീലുംപൊറുത്തുരക്ഷിപ്പതി-
നന്യനൊരുവനുമില്ലെന്നറിയണം (ഏകസാ)
ദാസനായിട്ടുമിനിക്കനിത്യ-
മാശയശുദ്ധിവരുത്തി
ക്ലേശമൊഴിച്ചുരുമോദംവരമതി-
നശ്രുതരുന്നതിമനംതൊഴുന്നഹം (ഏകസാ)

ശ്ലോകം.

വൃത്രാരാതി വണക്കമോടടിയിൽ വീ-
ണിത്ഥം പുകഴ്ത്തീശനെ
ഉത്ഥായാഥ വലത്തുവച്ചു മുടിയിൽ
ബദ്ധാഞ്ജലിഃ സാദരം
ഭക്ത്യാ കാൽത്തളിരൊത്തു നിൽക്കുമളവിൽ
പ്രീത്യാ ജഗന്നാഥനെ
ഭക്ത്യർത്ഥം പൊഴിയും ഗിരാ സുരഭിയും
സ്തോത്രങ്ങൾ ചെയ്താൾ ചിരം.

മോഹനം-മുറിയടന്ത.

നാഥ! ഹരേ! കൃഷ്ണ! നാഥ! ഹരേ
പാരംവളർന്നഭൂമിഭാരമൊഴിപ്പതിന്നായ്
നാരായണൻനീസാക്ഷാൽപാരിലവതരിച്ചു (നാഥാ)
ഗർഭത്തിൽകിടക്കുന്നോരർഭകൻ ചവിട്ടുമ്പോ-
ഴുർവ്വിയിൽജനനിയ്ക്കുണ്ടതുഭവിക്കുമോകോപം (നാഥാ)
ഒന്നുണ്ടു വിശേഷിച്ചുനിന്നോടപേക്ഷിക്കുന്നു
മന്ദതരയാമെനിക്കതിവന്നീടണംനിമ്പാദേ (നാ)
എന്നുമൂലംഭവാൻവൃന്ദാരകാധിപനെ
നന്നായനുഗ്രഹിച്ചുഎന്നെയുമയയ്ക്കേണം (നാ)
കരുണാകരനാംമാധവനപ്പോൾ
സുരഭിയെമെല്ലത്തഴുകിക്കൊണ്ടു
ശരണാഗതനാമിന്ദ്രനെനോക്കി
ചെറുചിരിയോടിദമരുളിച്ചെയ്തു
വരികരികെസുരനാഥമഹേന്ദ്ര
നിരുപമഗുണഗണഭാഗ്യപയോധേ!
സുരജനബന്ധുതയേറുമിനിക്കൊരു
പരിഭവമിന്നുഭവാനുടെനേരെ

വരുവാൻകാരണമില്ലനിനച്ചാൽ
പരിചൊടുകരുതുകമാനസതാരിൽ
പരമൊരുകാൎയ്യാസംഗതിയുണ്ടതു-
മറിവാനായഹമുരചെയ്തീടാം
സൎവ്വജനത്തിനുമുടയവനെന്നൊരു
ഗൎവ്വംമനസിവളൎന്നുതുടങ്ങി
ഗീൎവ്വാണാധിപനതറിഞ്ഞീ-
ട്ടീവഴിയൊക്കെവരുത്തിക്കൂട്ടി
ഗൎവ്വംവളരുകിലാരെന്നാലും
ദുൎവ്വിധമോരോന്നാരംഭിക്കും
ആവഴികണ്ടാൽനിന്ദിച്ചീടും
സൎവ്വജനങ്ങളുമുടനേതന്നെ
ശൎവ്വനുനേരായുള്ളമുനീന്ദ്രൻ
ദുൎവ്വാസസ്സുംപണ്ടൊരുകാലം
ദുൎവ്വൃത്തജനനാശനനാം-
മുൎവ്വീപതിയൊടുകാരണമെന്യേ
നിൎവ്വൈരങ്ങൾതുടങ്ങിയതൊരു
ഗൎവ്വനിമിത്തമിതറിയുന്നില്ലേ
എന്നതുപോലെമഘവാനും
വന്നിടതെന്നോൎത്തിളകുരുവാൻ
ഇന്നിതൊഴിവുതുടങ്ങീതാനും
വന്നവമാനംശതമഖമനസ്സിൽ
എന്നാൽത്രിദിവേചെന്നവമാനിനി
എന്നെയുമുള്ളിൽമറന്നിടാതെ
സാന്ദ്രസുഖേനവസിച്ചാലുംതവ
വന്നീടുംസൽകീൎത്തിയുമധികം
നന്ദിനിതന്നെപ്പൂജിക്കിനി
ഇന്ദ്രനൊടുംചെന്നമരപുരത്തിൽ
വൃന്ദാരകജനവൎഗ്ഗമതൊക്കയു-
മൊന്നൊഴിയാതെകൊണ്ടുവന്നിക്ക
നന്ദാത്മജനുംസന്മതിവാക്കുക-
ളിന്ദ്രനിവണ്ണംകേട്ടുതെളിഞ്ഞു
നന്ദിനിസുരഭിയൊടൊന്നിച്ചുടനെ
മന്ദവലത്തുംവച്ചുവണങ്ങി
മന്ദംവിടയുംവാങ്ങിക്കൊണ്ടു
ചെന്നമരപുരിപുക്കഥശേഷം
സാന്ദ്രസുഖേനവസിച്ചുസതതം
മംഗലശീലൻകൃഷ്ണൻതിരുവടി
ഇംഗിതവേദികൾസഖിമാരൊടും
തുംഗഗുണാംബുധിയഗ്രജനൊടും
സംഗതമായമ്പാടിയിലനിശം
മംഗലമേവതരുന്നൊരുകാന്തൻ
ഗോപ്യാകളിവിളയാടിവസിച്ചു.

ഗോവൎദ്ധനചരിതം ഓട്ടൻതുള്ളൽ സമാപ്തം.

കിൎമ്മീരവധം.

ഓട്ടൻ തുള്ളൽ.

ധൎമ്മികളിങ്ങനെമരുവുംകാലം
കിൎമ്മീരാഖ്യനിശാചരനൊരുവൻ
കൎമ്മികളാകിയവിപ്രന്മാരുടെ
കൎമ്മശേഷങ്ങളിമുടക്കി
തടിച്ചുകിൎമ്മീരൻപാരം
ചൊടിച്ചുംതാപസന്മാരെ
പിടിച്ചുപാണികൾകൊണ്ടു-
അടിച്ചുമുഷ്ടികൾകൊണ്ടു-
ഞെരിച്ചുംപല്ലുകൾകൊണ്ടു
കടിച്ചുംപാരാതെചോര
കുടിച്ചുംപുണ്യശാലകൾ
പൊടിച്ചുംഗോക്കളെക്കൊന്നു
മുടിച്ചുംകണ്ഠങ്ങൾകുത്തി-
യിടിച്ചുംകത്തിനെച്ചെന്നു
കിടച്ചുംതാപസിമാരെ-
ട്ടുംതാമസിക്കാതെ

തട്ടത്തുംതാഡനംനന്നാ-
യ്യോട്ടത്തുംതാടിക്കരോട്ട്
കട്ടത്തുംകാനനാന്തല്ലി-
തകത്തുംകശ്മലൻപാനം
തിമത്തുംകണ്ടവരോട്ട്
കയത്തുംകള്ളുകുടിച്ചു
കയത്തുംകള്ളവാക്കുക-
ളുരത്തുംകണ്ടകാനനാ-
തിമത്തുംകന്യകമാരാ-
ട്ടത്തുംവലച്ചുംക്രൂരൻ
കിർമ്മീരാഖ്യനിശാചരനങ്ങനെ
നിർമ്മര്യാദംചെയ്തീടുന്നതു
പെരുകിന പടജനമുദധിസമാനം
ഭുജബലസഹിതൻ ബലദേവൻ നിജ-
ജലനിധി കടന്നു പടജ്ജനമോടും
ഹരിയും രഥമതിലേറി പതുക്കെ
മുനിവരനാകിയ നാരദനപ്പോൾ
പരമാനന്ദകുതൂഹലമോടും
പരിചൊടു യാത്ര പറഞ്ഞെഴുനള്ളി

യദുനികരമഖിലമഥ [illegible] സഹിതരായുടൻ
യാദവനാഥനോടൊന്നിച്ചു സത്വരം
തകിൽ മുരശു പറ പടഹ തുടികളൊടു വീണയും
നാദം വളർക്കുന്ന ശംഖധ്വനികളും
പടുനിനദ വെടി പടഹ ഢക്ക [illegible] നിനാദവും
പാരം തിമിർത്തുള്ള കാഹളികൾ നാദവും
കരിതുരഗരഥനികര കാലാൾപ്പടകളും
പാരം വളർന്നുള്ള ശംഖധ്വനികളും
ശരമുസലപരിഘഗദ പരശുവധവജ്രവും
മുൾത്തടി ഭിണ്ഡിപാലാദിശസ്ത്രങ്ങളും
നരകരിപുഹലിസഹിത രചിതബഹുസൈന്യ-
പാലകന്മാരവരൊന്നിച്ചു സത്വരം [illegible]വും
[illegible] സോമരൈസ്സംയുതം
[illegible] മെന്നിയേ പോരിന്നൊരുമിച്ചുടൻ

ഫണികൾകുലവരനമിതു പണിപൊരികെവാ
[illegible] കാലാഹലം വിസ്മയം [illegible] വാൻ
[illegible] പവനസുത വിജയ ബഹുഭ്രപതേ
വീണം വിളിച്ചു [illegible] ചെയ്തു നാരായണൻ
നയവിനയഗുണമുടയ യമതനയ ഭൂപതേ!
നന്നു നന്നിതു ഭാവി [illegible] രങ്ങൾ മന്നവ!
മതിഗുണവുമതിവിനയമധിക ബഹുമാനവും
ഭക്തി വിശ്വാസവും നന്നൊടൊർത്തു തേ!
അയി വിജയ തരികഗയ [illegible] താമസം
ആയോധനം വേണമെന്നില്ല ശൗര്യവും
സുരവരജനങ്ങൾ പൊഴുതു തെരുതെരെ നമസ്കരി-
ച്ചാനന്ദമൂർത്തിയെ കീർത്തിച്ചു ചൊല്ലിനാൻ;
കമലദളനയന! ജയ മധുമഥന! മാധവ!
ആലംബനം മാററിനിക്കില്ല ദൈവമേ!
ഗയനിലൊരുകരുണ മമ [illegible] ജഗൽപ്പതേ
സത്യം പിഴപ്പിക്കയോഗ്യമോ മാധവ!
തരുപതിനു ഗയനെ മമ മനസി ചിതമല്ലിനി
എന്നും ജനന്നിലഞാനെന്നു നിശ്ചയം
പടപൊരുക വിജയ ശമതിമതിമുഖസ്തുതി
പാടവമെല്ലാം കുറച്ചു വച്ചീടുവൻ!
മല്ലാന്തകനും പോരിക്കൊരുമിച്ചു
വില്ലുകലച്ചു വലിച്ചു പതുക്കെ
ബാണമകാന്തകനതിശയമായൊരു
ബാണമെടുത്തു തൊടുത്തരുൾ ചെയ്തു
നിയമവിരോധം ചെയ്തൊരു ഗയനെ-
ത്തരികധനഞ്ജയ മടിക്കരുതാതെ
വളരെപ്പറയുന്നെന്തിനു കൃഷ്ണ!
ഒരുനാളും ഞാൻ തരികയുമില്ല;
ബാണം കണ്ടു ഭയപ്പെട്ടോടാൻ
ആണല്ലാത്തവനല്ല കിരീടി
അച്യുതനപ്പോളർജ്ജുനമാർവ്വു
ലക്ഷ്യവുമാക്കി ശ്ശരവും വിട്ടു
മാർവ്വിനു നേരെ വരുന്നൊരു വിശിഖം
നൂറായങ്ങു മുറിച്ചിതു വിജയൻ
ചക്രായുധരിപു തന്നെ വണങ്ങി
ട്ടഞ്ചാറസ്ത്രമൊരിക്കലയച്ചു;
ചക്രായുധനവയൊക്കെ മുറിച്ചു
വിക്രമമോടെ ശരങ്ങളയച്ചു

നീലാംബരനതുനേരമുഴറെറാടു
കോലാഹലമോടോടിയടുത്തു
ഭീമനുമൊരുഗദകയ്യിലെടുത്തു
ഭൂമികുലുക്കിയിളക്കിച്ചാടി,
സീരിയുമതിബലനാനിലാത്മജനും
പോരതിഘോരം ചെയ്യുന്നേരം
കൃതവർമ്മാവും ധർമ്മാത്മജനും
ചതികൂടാതെകഴിച്ചിതുകലഹം
പ്രദ്യുമ്നൻമഥപോരിനണഞ്ഞു
ഉദ്യോഗത്തോടുനകുലനുമേററ
ഉദ്ധവരോടുസുയോധനഭൂപൻ
യുദ്ധംചെയ്തമരിച്ചുകണക്കായ്
ലക്ഷ്മണനോടഥസാംബൻതാനും
ലക്ഷ്മീപതിസുതരഖിലരുമഥനാ
മററുംയാദവസൈന്യമശേഷം
നൂററവരോടുരണങ്ങൾതുടങ്ങി;
പാർത്ഥനുമംബുജനേത്രൻതാനും
പാർത്തലഗഗനംമൂടിശരത്താൽ
ക്രൂരമരന്നുമുകുന്ദൻതിരുവടി
നൂറുശരങ്ങളൊരിക്കലയച്ചു
നൂറുംഖണ്ഡിച്ചർജ്ജുനവീരൻ
നൂറുശതംശരമൊന്നായ്വിട്ടു
അവയുംഖണ്ഡിച്ചു[illegible]
അയുതംബാണമൊരിക്കലയച്ചു
അയുതവുമെയ്തുമുറിച്ചുകിരീടി
നിയുതംശര[illegible]
പുതയൊടവയു[illegible]കോടി
വിശിഖഗണത്താൽമൂടിമുകുന്ദൻ
തൽക്ഷണമർജ്ജുനനവയുംപോക്കി
ലക്ഷംകോടിശരങ്ങളയച്ചു
ശക്തിക്ഷയവും[illegible]മുകുന്ദൻ
രക്തമണിഞ്ഞു[illegible];
വില്ലുംവെച്ചു[illegible]നേരം
മെല്ലെത്തേരിലിരുന്നുമുകുന്ദൻ
സീരായുധനുംമാരുതിതാനും
പോരതിഘോരംചെയ്യുന്നേരം
പെരുമലസമനാംമാരുതിയപ്പോൾ
പടയുടെനടുവേപാച്ചിൽതുടങ്ങി;

കരികളെയനവധിതെരുതെരെയപ്പോൾ
പരിചൊടുതച്ചുമുറിച്ചുതുടങ്ങി;
തുരഗഗണങ്ങടെ ചരണംപിടിപെ-
ട്ടവധിയിലോളംദൂരെയെറിഞ്ഞു;
കാലാൾപടകളെധൂളിപ്പിച്ചിഹ
ചോരയണിഞ്ഞുതടിച്ചുപുളച്ചും
സീരായുധനുടെരഥതുരഗത്തെ-
പ്പോരാതങ്ങുഹനിപ്പാനായ് ചെന്നു;
ഹലിയുംമുസലംകൊണ്ടുകുമച്ചു
പെരുമലപോലെപതിച്ചിതുഭീമൻ
കൃഷ്ണൻതിരുവടിമോഹമകന്നഥ
ജിഷ്ണുവിനോടുരണങ്ങൾതുടങ്ങി
പന്നഗജാലസമാനശരങ്ങളെ
യെണ്ണമൊഴിച്ചുചൊരിച്ചുമുകുന്ദൻ
വൃത്രാരാതിസുതന്റെശരീരം
അസ്ത്രംകൊണ്ടുപിളർന്നുസമസ്തം;
ശക്തികുറഞ്ഞുകിരീടിയുമപ്പോൾ
ബലവിമോഹംവീണിതുതേരിൽ
സാത്യകിതന്നോടഭിമന്യുവുമഥ
ഏററമയങ്ങിയുറക്കവുമായി
ഗദനെവിടെപ്പുനരെന്നതുംചെയ്തു
മുരരിപുതാനുംവന്നുതുടങ്ങി
ഗംഗാസുതനുംനകാന്തകനും
സംഗരമാശുതുടങ്ങിവിചിത്രം
സീരിയുമോടിയടുത്തിതുവമ്പോൾ
ഗുരുവരനാകിയദ്രോണരുമേററ
തുംഗനതാകിയരുക്മിണിസുതനോടു-
മാഗേശ്വരനാംകർണ്ണനുമേററ
ദുശ്ശാസനനങ്ങവർതന്നുടെ
ദുശ്ശാഠ്യങ്ങൾകളഞ്ഞാനപ്പോൾ
ചെന്താമരദളനയനനുദാരൻ
ശന്തനുസുതനുടെവില്ലുമുറിച്ചു
തെററന്നവനുടെതേരിലിരിക്കും
മററൊരുചാപമെടുത്തുകുലച്ചു
മുരരിപുതന്നുടെതിരുവുടലെല്ലാം
ശരനിരകൊണ്ടുമുറിച്ചുചമച്ചു
അംബുജനയനൻകോപംസഹിയാ-
ഞ്ഞംബുജസംഭവബാണമയച്ചു

ഭീഷ്മരുമതിനെ ബഹുമാനിച്ചി
ട്ടുഷ്ണയൊടങ്ങു പതിച്ചിതുതേരിൽ
ഗുരുവരനും ചില ശരനികരത്താൽ
സീരിയെയപ്പോൾ സമ്മാനിച്ചു;
ക്രോധവുമൊന്നു ജ്വലിച്ചതുകണ്ടു
ദ്രോണരുമിങ്ങതിരിച്ചിതു ചെല്ലെ
ഫല്ഗുനനപ്പോൾ മോഹമകന്നഥ
നിൽക്കമുരാരേ യെന്നരുൾചെയ്തു
വിശിഖഗണംകൊണ്ടരവിന്ദാക്ഷനെ
വിധമല്ലാതെ ചമച്ചുകിരീടി;
ഭീമനുമപ്പോൾ മോഹമകന്നഥ
രാമനെനോക്കിയുരച്ചുതുടങ്ങി
അർജ്ജുനകൃഷ്ണന്മാരുംഖേദ-
ഗഞ്ജിതരായുപിണങ്ങുമന്നേരം

പലപലവിശിഖങ്ങളയച്ചീടുന്നു;
ഫലമില്ലെന്നിരുവരുംനിനച്ചീടുന്നു
യദുപതിമുഖമൊന്നുകറുത്തീടുന്നു
അതുകണ്ടുവിജയനുംചെറുത്തീടുന്നു
അനിലജനൊരുമയൊടണഞ്ഞീടുന്നു
അനവധിശരങ്ങളുംപൊഴിച്ചീടുന്നു
തരണിജനവയെല്ലാംമുറിച്ചീടുന്നു
സരസിജശരനെയുംവലച്ചീടുന്നു
അനവധികബന്ധങ്ങൾനിറഞ്ഞീടുന്നു
കഴുക്കളുംനരികളുംനിറഞ്ഞീടുന്നു
ജലധിയുംകലങ്ങീട്ടുമറിഞ്ഞീടുന്നു
ഗിരികളുംവടിവോടെകുലുങ്ങീടുന്നു
വനതലമൃഗമെല്ലാംഭ്രമിച്ചീടുന്നു
പടയുടെവിധമെല്ലാംപകർന്നീടുന്നു
ഇടയിടെവിജയനുംവലഞ്ഞീടുന്നു
കഠിനമായ്മുകുന്ദനുംവലഞ്ഞീടുന്നു;
സാത്യകിയൊരുശക്തിയയച്ചീടുന്നു
അഭിമന്യുവതുകണ്ടുപൊഴിച്ചീടുന്നു
കലശത്തിൽമുനിതാനുംരസിച്ചീടുന്നു.

തെല്ലുംവിജയൻകുറയാഞ്ഞപ്പോൾ
ഉല്ലാരിക്കവുമുന്നിതുകോപം
ഗന്ധർവ്വാസ്ത്രമെടുത്തുതൊടുത്തു
കൌന്തേയന്റെരവിസൂനുവിട്ടു;

ഗുഹ്യകമസ്ത്രംകൊണ്ടുതടുത്തു
ചിഹ്നമമാനസനായകകിരീടി;
പർവ്വതവിശിഖമയച്ചിതുകർണ്ണൻ
ഗവ്യാസ്ത്രംകൊണ്ടതുതീർത്തി?
പവനശരംപുനരീശരത്താൽ
ശമനംചെയ്തുകനേരംഭവാൻ;
നാഗാസ്ത്രത്തെയയച്ചിതുകർണ്ണൻ
ഗരുഡാസ്ത്രേണതടുത്തുകിരീടി;
ആഗ്നേയാസ്ത്രമയച്ചിതുകർണ്ണൻ
വരുണാസ്ത്രേണതടുത്തിതുവിജയൻ;
പലപലദിവ്യാസ്ത്രങ്ങളെയിങ്ങനെ
ഇരുവരുമിങ്ങുപ്രയോഗിച്ചതിനാൽ
ഒരുവനുമൊരുതെല്ലുംവന്നതുമില്ലാ
വചരിപുവതനൊരുളുച്ചലുമില്ലാ
കൃഷ്ണൻതിരുവടികോപമിയന്നഥ
വെച്ചുതുചക്രംതൃക്കരത്തിൽ;
വിക്രമജലധേ! പാണ്ഡവനമ്മുടെ
ചക്രമിതാശുവരുന്നതുകാൺക!
വിക്രമമൊക്കെയുമിവിടെക്കാണാം
ചക്രമിതാശുതടുക്കുന്നാകിൽ
എന്നരുൾചെയ്തുസുദർശനചക്രം
നന്ദാത്മജനുംവിട്ടൊരുനേരം
കോടിദിവാകരമണ്ഡലസദൃശം
ശോഭകലർന്നുജ്വലിച്ചുതുടങ്ങി
ദീപിച്ചുണരുംജ്വാലകളതിനിൽ
ദീപംപുക്കൊരുശലഭകൾപോലെ
പടകളശേഷംവെന്തുതുടങ്ങി
പടുതരമൊന്നുനടുങ്ങിസുരന്മാർ;
ശൌര്യപരാക്രമനാകിയവിജയൻ
ധൈര്യംപൂണ്ടുനമിച്ചുമഹേശം
പാശുപതാസ്ത്രമെടുത്തുതൊടുത്തു
ക്രുദ്ധൻവെടിയൊടുപ്രയോഗിച്ചപ്പോൾ
ത്രിഭുവനമൊക്കെനശിച്ചുതുടങ്ങി
ദിനകരശോഭയുമില്ലാതായി
ചക്രാസ്ത്രങ്ങളടുത്തൊടുചെന്നാ-
ലിക്കാണായപ്രപഞ്ചംനാസ്തി;
അംബരചാരികളൊക്കെയുമോടി
നാന്മുഖനപ്പോൾഭീതിമുഴുത്തു;

യുദ്ധാങ്കണമതിലങ്ങെഴുന്നള്ളി
സിദ്ധാന്തങ്ങൾ പറഞ്ഞുതുടങ്ങി;
നന്ദാത്മജഹരിനാരായണഹരി
നരകമുരാരേ! പങ്കജനേത്ര!
ചക്രമടക്കുകവേണം ഭഗവാൻ
എന്നെ ശിക്ഷിക്കും ത്രിഭുവനമിപ്പോൾ
പാണ്ഡവവീര! ധനഞ്ജയ! നീയും
തൂണ്ണം ശരമുടനാവാഹിക്ക
ചക്രമടക്കി മഹേശ്വരനാൻമുഖ
മുഖ്യന്മാരെ നമിച്ചിതു ഭഗവാൻ;
പാണ്ഡവനും ശരമാവാഹിച്ചു
തൽക്ഷണമങ്ങു [illegible]
മാരാന്തകനെ [illegible]
നീരജസംഭവ പാദം കൂപ്പി
അംബുജഭവനം സന്ധിപറഞ്ഞു
നിർമ്മലമാനസ വിജയാ! കേൾക്ക
ഗയനാമിവനെ നമുക്കുതരേണം
അപജയമൊന്നും വരികയുമില്ല
ഞാനങ്ങോട്ടിഹ നൽകാം ഗയനെ
ഊനം വരുമെന്നാധികൾ വേണ്ടാ
ഉൽപ്പലസംഭവനിത്തിരുവടിയുടെ
കല്പനകേൾപ്പാനിണ്ടലുമില്ലാ
എന്നതു ചെയ്യാം [illegible]
എന്നതു ചെയ്തു [illegible]
നയനമടച്ചു [illegible]
ഗയനെത്തത്ര [illegible]
അർജ്ജുന [illegible]
അച്യുതനപ്പോൾ [illegible]
തൃക്കൈകൊണ്ടു പിടിച്ചു മുകുന്ദൻ
ചക്രം കൊണ്ടു ശിരസ്സു മുറിച്ചു.
പൃഥ്വിയിലിട്ടു പിരിച്ചു [illegible]
സത്യം സഫലം വന്നു [illegible]
ഉൽപ്പലസംഭവനാനന്ദ [illegible]
ഉൾക്കനിവോടും യോജിപ്പിച്ചു
പ്രാണബലങ്ങളുമാശു വരുത്തി
ദീനതതീർന്നു തെളിഞ്ഞിതു [illegible]
വീരധനഞ്ജയ ഗയനിതു പാരം
ആരും കൊല്ലുകയില്ലിനിയിവനെ

എന്നതു ചെയ്തു മഹേശ്വരനോടും
നന്ദാത്മജനുടെ സവിധം പുക്കു
സന്ധിപറഞ്ഞു നിവർത്തിപതുക്കെ
ചന്തമൊടാശു മറഞ്ഞാനപ്പോൾ
ശന്തനനന്ദനനാദികളൊക്കെ
സന്തോഷിച്ചു തെളിഞ്ഞു വിളങ്ങി
പാണ്ഡുസുതന്മാരംബുജനേത്രനെ
വീണുവണങ്ങി സ്തുതിയും ചെയ്തു.

മല്ലാരിദേവ! പരാപര! വല്ലായ്മ വന്നതെല്ലാം
മെല്ലെന്നു ബോധിക്കേണം കല്യാണമൂർത്തേ! കൃഷ്ണാ
നിന്തിരുവടിയല്ലാതാധാരം ഞങ്ങൾക്കോർത്താൽ
ബന്ധുവാരംബുജാക്ഷ! സന്തതം വണങ്ങുന്നേൻ
[illegible]മാതുലൻ്റെ പന്തൊക്കും കൊങ്കത-
ന്നിൽ
തങ്ങുന്ന കുങ്കുമം കൊണ്ടങ്കിതമാറുള്ളോനേ!
കാരുണ്യമൂർത്തേ! നിൻ്റെ കാരുണ്യമുണ്ടാവാനായ്
പാരിച്ച ഭക്തിയോടും പൂജിച്ചു വണങ്ങുന്നേൻ
[illegible]നയന്മാരേ! സന്താപമുണ്ടാകേണ്ട
ബന്ധുതാനൊന്നു നിങ്ങൾക്കന്തരം തെല്ലുമില്ല
[illegible] നിങ്ങൾക്കു മാത്സര്യം വേണ്ടതല്ല
[illegible]ഹമെന്നാലുണ്ടു
ധർമ്മതനയ! വിപ്ര! വന്നാലുമരികത്തു
നിർമ്മലമതി നീയും സമ്മാനിച്ചയയ്ക്കേണം
ഉന്നതഭുജവീര! വന്നാലുമരികത്തു
എന്നോടു ശപ്പാതെല്ലാം നിന്നാണതോന്നീടേണ്ട
[illegible] കൃഷ്ണ! പാരവശ്യം നിന്നോടൊരു
[illegible]നാരാലസ്യം തോന്നീടേണ്ടാ
[illegible] ദേവ! സമസ്താരാ
[illegible] ക്ഷീണങ്ങൾ പോണം
നാഥാ

[illegible] പാണ്ഡുസുതന്മാർ
[illegible]വീണു നമിച്ചോരു ശേഷം
[illegible]ത്തോടു ഭഗവാനവരെ
അതിശയമായനുഗ്രഹമേകി
ലളിതതരം [illegible] സ്നാനം ചെയ്തു
മലിനമകന്നൊരു യമുനാസലിലേ
സ്നാനം ചെയ്തവരൊക്കെയുമുടനി-
[illegible]
[illegible]
[illegible] സദ്യകഴിച്ചു

പാണ്ഡവവൃഷ്ണികളൊന്നായപ്പോൾ
കണ്ണാടികടമുഞ്ഞികരത്തു
ക്രാസ്സന്നയദുക്കളിവർക്കിഹ
ചോറം വേണ്ടതുമുക്കിനിയെന്ന്
വേറായുള്ളതിവിരുതന്മാരതി-
വേഗാൽ വാങ്ങിനിനച്ചിതു സല്പം
ബ്രഹ്മാത്മജനാം നാരദമുനിയുടെ
ഏഷണികേട്ടുടനേറമഹാബലം
കൃഷ്ണന്നശ്രുവിശേഷിച്ചുണ്ടാം
തീക്ഷ്ണപരാക്രമനായ ബലിക്കും
ശത്രുക്കൾക്കിവർ പാത്രവുമായി
അത്തൽമുഴുത്തഥ വൈരവുമായി
ഇത്തരമോർത്തുകരുക്കളശേഷം
യാത്രകഥിക്കാതങ്ങുഗമിച്ചു
ഫൽഗുനാദികളോടിടചേർന്നു
നിഷ്കളമാനസനാകിയ ഭഗവാൻ
വെൺമതിശോഭജയിച്ചോരു ബലനും
നന്മയിലൻപൊടു യാത്രപറഞ്ഞു
പോവതിനായഥ നിയുതന്മാരാം
നാരദമുനിയും വന്നു കരേറി
മുനിയെ വണങ്ങി ഹലായുധനപ്പോ-
ളിനിയെന്തുള്ളു ജഗത്തിലെ വാർത്ത?
കനി[illegible]ങ്ങിനെ
കഴി[illegible]
ഇങ്ങിനെ കേട്ടു മുനി അപ്പോൾ
മംഗലവാക്കുകളൊന്നിങ്ങു പറഞ്ഞു
സംഗതിയഖിലവുമറിയിച്ചിട്ടി-
ട്ടങ്ങുമറഞ്ഞു നാരദമുനിയും
മംഗലദേവത [illegible]
ങ്ങളിടാതൊരു സന്തകളോടും
മംഗലമാകിയ ദ്വാരകപുരിയി-
ലങ്ങുഗമിച്ചു ഹരിയും ഹലിയും.

കൃഷ്ണാർജ്ജുനവിജയം ഓട്ടൻതുള്ളൽ സമാപ്തം.

നിവാതകവചവധം

ഓട്ടൻതുള്ളൽ.

മഹിതമഹാഗുണരാശിധനഞ്ജയ-
നഹിതനിഷൂദനനതിതന്ദ്രാരൻ
അഹിവരഭൂഷണനോടുതപോബല-
ബഹുമതികൊണ്ടൊരു നസ്ത്രം വാങ്ങി
സഹിതമനോരഥനവനിഹ ചിലനാൾ
തുഹിനമഹാഗിരിതന്നിൽ വസിച്ചു
അക്കാലത്തമരാധിപനൊരുനാ-
ളിക്കഥസർവ്വമറിഞ്ഞുതദാനീം
ഉൾക്കമലത്തിൽ വളർന്നൊരു മോദമ-
ടക്കാനാളല്ലാതെ ചമഞ്ഞു
മക്കടെ വീര്യപരാക്രമമെല്ലാം
കേൾക്കുന്തോറും ജനകന്നുചിതേ
നില്പാതുളവാം കൗതുകമെന്നപ-
രക്കസ്സമ്മതമായാലും
വിക്രമജലനിധിയാകിയ വിജയനെ
യിക്കാലം പുനരിവിടെ വരുത്തി
ഇക്കൺമിഴികൾക്കാനന്ദത്തിനു
തക്കൊരു ഭാജനമാക്കാം പിന്നെ
ഊക്കേറുന്ന നിശാചരരെടരുടെ
മുഷ്കുശമിപ്പിച്ചിടാമതിനുപ-
രാക്രമമെന്നതുകുറവില്ലവന-
ച്ചക്രായുധസഖിയാകനിമിത്തം
ചേതസി ചിന്തിച്ചുടനേവം പുരു-
ഹുതൻ തന്നുടെ സാരഥിയാകും
മാതലിതന്നെ വരുത്തിത്തരസാ
പ്രീതിമുഴുത്തിദമരുളിച്ചെയ്തു

പശുപതിതന്നെസ്സേവിച്ചവൻ പാശു
പാശുപതാസ്ത്രംവാങ്ങിപ്പുറിപ്പിന്നാം-
ടംശുഗനന്ദനസോദരജ്ഞന-
നംശുവസിച്ചീടുന്നിതുനിയതം
ആശയമതിലിന്നവനെക്കാൺമാ-
നാശനമുക്കവളന്നീടുന്നു
ആശ്രുതരംനീവിജയനിരിക്കും
ദേശംനോക്കിനടന്നീടേണം.

തത്രചെന്നുദ്രുതമിന്ദ്രദേവാത്മ-
പുത്രനാകുമവനോടുമദീയം
വൎത്തമാനമുരചെയ്കിലവൻപുന-
രത്രപോരുമുടനെന്നതുനൂനം
പാൎത്ഥിവോത്തമകലാലംകരണൻ
പാൎത്ഥനെന്നുഭുവനങ്ങളിലെല്ലാം
കീൎത്തിവന്നവളരുന്നപരന്മാ-
ൎക്കാൎത്തിയുംബതവളൎന്നുതുടങ്ങി
പാൎത്തലത്തിലവനോടുസമാനൻ
പാൎത്തുകാൺകിലിന്നൊരുവനുമില്ല.
ഇത്ത്രിലോകപതിയായിട്ടൊരു
ദൈത്യവൈരിപുരുഷോത്തമനോടുസ-
ഖിത്വമുണ്ടവനിതെന്നുജഗത്തിലെ-
രുത്തരംബതധരിക്കാതില്ലാ
ഇത്തരംബലപരാക്രമനായമ-
രുത്തനൂജസഹജൻതാനിന്നുക-
രത്തിൽ[illegible]മന്തിയു
രത്നവ[illegible]
മാത്രകൊ[illegible]
പിത്തുവിത്ത[illegible]
കൃത്തുമൃത്ത[illegible]നി-
കൃത്തമാക്കിയാ[illegible]
രത്തലില്ലപാ[illegible]
ചിത്തതാരിലൊന്നുകൊണ്ടും[illegible]
ഇത്തരംബഹുപരാക്രമ[illegible]
പുത്രനെസ്സുപടികാൺമാൻ[illegible]
ചിത്തതാരിൽവളരുന്നതിനാൽനീ
തത്രപോയിവരണംബതശീഘ്രം
വീരനാകുമവനെക്കൊണ്ടിന്നിഹ
കാൎയ്യമുണ്ടുപലതുംസാധിപ്പാൻ
പോരുമിന്നതിനുവേണ്ടുവോളം ബല
വീൎയ്യവുംമമകുമാരകനുണ്ട്
സാരഥേ! കിമപിതാമസിയാതെ
തേരിലേറിനടകൊൾകസമോദം

ഇന്ദ്രന്റെകല്പനകളീവണ്ണംകേട്ടുസൂതൻ
സാന്ദ്രാനന്ദംവണങ്ങീസ്യന്ദനംതന്നിലേറി
മന്ദേതരംനടന്നു സ്വൎല്ലോകംതന്നിൽനിന്നു
ഉല്ലാസമോടുഗിരിവല്ലഭൻതന്റെപാൎശ്വേ
ചെല്ലുമ്പോൾപലവിധമെല്ലാമവിടെക്കണ്ടു
സിദ്ധന്മാരോടുചില വിദ്യാധരന്മാർസുര-
സാദ്ധ്യന്മാരുമമൎത്ത്യമുഗ്ദ്ധാക്ഷിമാരുംപല
ഗന്ധൎവ്വന്മാരുംദൈത്യ ബന്ധുകാധരിമാരും
സന്തോഷമോടുമോരോടത്തുവസിച്ചീടുന്നു
യക്ഷന്മാരോടുംചില ദക്ഷന്മാർമുനിമാരും
അക്ഷികളുമടച്ചങ്ങക്ഷമാലപിടിച്ചു
ദക്ഷവൈരിയെധ്യാനിച്ചക്ഷീണഭക്തിയോടും
തൽക്ഷണംമേവുന്നതുംകണ്ടാനങ്ങൊരുദിക്കിൽ
വീണാലാപിനികടെ വീണാപ്രയോഗത്തിലും
വാണിഗുണങ്ങളിലും പ്രീണിച്ചുകൊണ്ടുചിലർ
വാണീടുന്നതുംതത്ര കണ്ടാനങ്ങൊരുദിക്കിൽ
കാന്തമാരോടുകലഹിച്ചുഗമിച്ചീടുന്ന
പൂന്തേൻമൊഴിമാരെത്തിരഞ്ഞുടൻവല്ലഭന്മാർ
കാന്താരംതന്നിലുടനന്വകണ്ടറിയാഞ്ഞു
സന്താപമായിവന്നു ക്രീഡാസംഭ്രമമൂലം
സ്വൎണ്ണപ്രദേശങ്ങളിൽ ചെന്നുതിരയുമപ്പോൾ
സ്വൎണ്ണവൎണ്ണത്തിൽകാണാമുള്ളവരാശേഷവും
വെള്ളികൊണ്ടുള്ളദിക്കിൽചെന്നുതിരയുമപ്പോ-
വെള്ളവൎണ്ണത്തിലവിടെയുംപലരെക്കാണാം [ൾ
നീലക്കല്ലുള്ളദിക്കിൽ ചാരെതിരയുമപ്പോൾ
നീലവൎണ്ണത്തിലവിടെയുംപലരെക്കാണാം
സാക്ഷാൽതന്നുടെഭാൎയ്യേകണ്ടറിയാഞ്ഞങ്ങേറ്റം
ദുഃഖിച്ചുകാന്തന്മാർനടന്നീടുന്നൊരുദിക്കിൽ
കാട്ടാളന്മാർകരുത്ത ചട്ടകളുമുടലി-
ലിട്ടുമുറുക്കിത്തന്റെ കൂട്ടങ്ങളോടുമങ്ങു
വെട്ടിച്ചിരിച്ചുമിടി വെട്ടുംകണക്കെപരം
കാട്ടിൽവന്നുടനൊരുകോട്ടിൽവലകൾനന്നായ്
കെട്ടിയുറപ്പിച്ചുനായ്ക്കൂട്ടങ്ങളോടുമങ്ങു
വേട്ടയ്ക്കിറങ്ങുന്നതുംകണ്ടാനങ്ങൊരുദിക്കിൽ

ആട്ടംമയിലുകളും പാട്ടുംകുയിലുകളും
ഓട്ടംമാൻപേടകളും പേടിമൃഗങ്ങൾതന്റെ
നാട്ടംവെടിഞ്ഞുശിലീമുഖമാട്ടുന്നങ്ങൊരുദിക്കിൽ
മത്തഗജങ്ങളുടെമസ്തകതലങ്ങളിൽ
ശക്തിപെരുത്തീടുന്ന ഹസ്തങ്ങൾകൊണ്ടടിച്ചു
ഭസ്മമാക്കിയുടനേ മെത്തിയൊഴുകുംചോര
കുത്തിക്കുടിച്ചുദരപൂർത്തിവരുത്തിപ്പിന്നെ
കൂർത്തുള്ളനഖംകൊണ്ടു കുത്തിപ്പിളർന്നിതിലെ
മുത്തുകൾകൈവിരലിലിട്ടുകളിച്ചുസിംഹ-
സത്തമന്മാർവനംതകത്തുനടക്കുന്നേരം
ചോരകൊണ്ടുല്ലസിക്കും ചുവന്നുതിരിഞ്ഞുടനേ
വേടന്മാരായതിനെ താഡനംചെയ്യാനായി
കാട്ടംതകത്തു വഴിതേടിനടന്നീടുമ്പോൾ
മഞ്ഞുകൾകൊണ്ടുരക്തം മാഞ്ഞുപോയ്വഴികളു-
റിഞ്ഞുകൂടാഞ്ഞു പരകരിഞ്ഞമുഖങ്ങളോടു-
മഞ്ജസാനിൽക്കുമ്പോൾതെളിഞ്ഞുകാണുന്നേരം
വൃക്ഷങ്ങൾതോറുംമൃഗസത്തമന്മാരുടെ [ത്തു
കൈത്തലങ്ങളിൽനിന്നു മുക്തങ്ങളായുള്ളോരു
മുത്തുമണികൾകണ്ടു ചിത്തംതെളിഞ്ഞുടനേ
എത്തിവേടന്മാർചെന്നെടുത്തുകനകമുപ-
യോഗിപ്പതുംകണ്ടാനങ്ങൊരുദിക്കിൽ.

പലവിധമിങ്ങനെപർവതസീമനി
വലരിപുസുതൻകണ്ടുടനേരം
കലിതകുതൂഹലമാശു നടന്നിഹ
നലമൊടുവിജയനിരിക്കുംദിക്കിൽ
തേരുവഹിച്ചുംകൊണ്ടിഹനമ്മുടെ
നേരെയിങ്ങുവരുന്നൊരുവീരൻ
ആരെന്നേതുമറിഞ്ഞില്ലവനൊരു
വീരശിഖാമണിയെന്നുറപ്പനം
കരുണാവാരിധികൃഷ്ണൻതാനേ
കരുണമുഴുത്തിഹവന്നീടുകയോ
അരുണൻതാനേവരികയോകാൺമാൻ
വരുണനവഴിതപ്പീടുകയല്ലീ
കരളിൽശങ്കിച്ചങ്ങിനെപാർത്ഥൻ
അസ്ഥലത്തുവസിപ്പതുനേരം
സുരപതിസുതനരികിലണഞ്ഞു
ചെരികിതാകെതൂകമോടുപറഞ്ഞു.

ഭൂമിപാലകമൌലിമണേ!ശൃണു
ഭീമസേനസഹജാ ഗുണരാശേ!
ധീമതാംവര ധനഞ്ജയ നിന്നുടെ
ഭീമമായഭുജവൈഭവമതിനാൽ
കാമവൈരിപരിതുഷ്ടനതായ്രണ-
ഭൂമിതന്നിൽനിന്നാദരവോടെ
കാമിതങ്ങൾബതനൽകിയതുംസുര-
ധാമനിവാസിമഹേന്ദ്രൻതന്നുടെ
കാമിനീമണികൾകീർത്തിക്കുന്നു
രമണീയകരുണാകരസിന്ധോ!
പണ്ടുദ്രുപദനിജങ്ങളശേഷം
കണ്ടുനില്ക്കവേഗുരുതരമാം വിൽ-
കൊണ്ടുചഞ്ചലവിശിഖങ്ങൾതൊടുത്തുട-
നിണ്ടലെന്നിയെ ലക്ഷ്യചലത്വം
കണ്ടുനില്ക്കുമൊരുലാക്കുമുറിച്ചു
കൊണ്ടുവേണിയെവരിച്ചോരുവീര

പദം

ദേവാധിപനന്ദന!കേൾക്കനീ
കേവലമെൻവചനം
ദേവദേവൻതന്റെകേതശിരോമണേ!
ദേവകീസൂനുസഖേ! സാമോദം (ദേവാ)
ഇന്ദ്രനിന്ദ്രാണീദേവിക്കുംനിൻമുഖ-
ചന്ദ്രനെക്കാൺമാൻമോഹംനിതാന്തം
ഇന്ദുകുലമണിദീപമേമാനസേ
നന്നായ്വളർന്നീടുന്നുനിയതം (ദേവാ)
കൈതവമല്ലിതുകേൾക്കേവാൻ തന്നെക്കാ-
ണ്മതിനായിമുദാഭൃശംതവ
താതന്റെസന്ദേശംകൊണ്ടിങ്ങുവന്നുഞാൻ
മാതലിഎന്നറികമഹാത്മൻ! (ദേവാ)
തേരിൽകരേയറീട്ടെന്നോടുകൂടവേ
പോരണമിന്നുവിരോവിജയനീ
ചാരുതരമോരോവസ്തുവിശേഷങ്ങൾ
സ്വൈരമായിക്കാണാമല്ലോസുരാലയേ
ദേവാധിപനന്ദനാകേൾക്കനീ
കേവലമെൻവചനം

മാതലിതന്നുടെവാക്കുകളിങ്ങനെ
മതികുലതിലകൻകേട്ടൊരുനേരം

മതിയിൽവളൎന്നൊരുകൌതുകമോടെ
ഇതിപുനരങ്ങുപറഞ്ഞുതുടങ്ങി
ജനകൻതന്റെനിയോഗംകൊണ്ടിഹ
കനിവൊടുനിന്നെക്കണ്ടതുമൂലം
ആനവധിസുഖമിന്നിപ്പോൾമാമക
മനതാരിങ്കൽവളൎന്നീടുന്നു
വരികസഖേ!നീതേരിൽക്കേറുക
സുരലോകത്തിനുപോയീടുകനാം
പെരുവഴിതന്നിൽകുശലപ്രശ്നവു-
മുരചെയ്തുംകൊണ്ടാശുഗമിക്കാം
അച്ഛൻതന്നെക്കാൺമാൻപലനാ-
ളിച്ഛിച്ചിങ്ങനെമേവുന്നുഞാൻ
തുച്ഛംസംശയമില്ലിഹകണ്ടാ.
ലിച്ഛിക്കുന്നവരങ്ങൾലഭിക്കും
ഇങ്ങനെചൊന്നഥമാതലിയോടും
തിങ്ങിനസുഖമൊടുതേരിൽക്കേറി
മംഗലരൂപൻപാൎത്ഥനുമൊന്നി-
ച്ചങ്ങുതിരിച്ചുപുനരതിവേഗം

ചമ്പതാളം

സുരവരനസുതനുംസുരവരകുമാരനും
ത്വരിതഗതിയോടവർതേരുംവഹിച്ചുടൻ
സുരനദികടന്നുടൻസ്വൎഗ്ഗംപ്രവേശിച്ചു
സുരവരപദാന്തികേചെന്നുനിന്നീടിനാർ
സുരവരനമതുപൊഴുതുസുരഗണസമേതനായ്
സ്വൈരംസഭാന്തരേമേവുംദശാന്തരേ
വിരവിനൊടുവിജയനഥസവിധഭുവിചെന്നുടൻ
വീണുനമസ്കരിച്ചീവണ്ണമോതിനാൻ
ജനക!ജയ!ജഗദധിപ!ജയ!ജയ!നമോസ്തുതേ
ജംഭനിഷൂദന! നിൻപാദദർശനാൽ
ജനനഫലമടിയനിഹകരതലസമാഗതം
ജാതമോദേനമാംകാത്തുകൊള്ളേണമേ
ഗുരുജനകൃപാമൃതംകൊണ്ടുതന്നെപൂൎണ്ണമാം
വസ്തുമഖിലമിതിവിബുധവാക്കുകേൾക്കുന്നുഞാ-
കരുണയൊടുമടിയനെയനുഗ്രഹിക്കേണമേ [ൻ
കാരുണ്യമൂൎത്തേ!നമസ്തേ!നമോസ്തുതേ.

ഇത്ഥംഭക്തിമുഴുത്തുടനേപല
കീൎത്തനമമ്പൊടുചെയ്തുജയന്തനൊ-
ടൊത്തുസമീപേമേവുംവിജയനി-
ലത്യന്തംകൃപപൂണ്ടുമഹേന്ദ്രൻ
സത്വരമരികിലണച്ചുപുണൎന്നു
പുത്രസ്നേഹവശംഗതനായി
അൎദ്ധാസനവുംനൽകിയിരുത്തി
ബദ്ധാമോദമിതരുളിച്ചെയ്തു
ഉണ്ണീകേൾക്കധനഞ്ജയമകനേ!
പൂൎണ്ണായുസ്സുനിനക്കുലഭിക്കും
ചണ്ഡരിപുക്കളെവെൽവാനുള്ളൊരു
പാണ്ഡിത്യവുമുളവായ്വരുമല്ലോ
കണ്ണിൽപരിചൊടുനിന്നെക്കാൺമാൻ
കൌതുകമോടുവസിക്കുന്നേൻഞാൻ
കണ്ണായിരമുള്ളതുകൊണ്ടിന്നിഹ
പൂൎണ്ണാനന്ദമെനിക്കുഭവിച്ചു
ധൎമ്മതനൂജനുസുഖമോ?തനയ!
ധൎമ്മതനൂജനുസൌഖ്യംതന്നെ
ധൎമ്മവുമൻപൊടുചെയ്യീടുന്നോ?
ധൎമ്മവുമൻപൊടുചെയ്യീടുന്നു
അമ്മയ്ക്കുംസുഖമല്ലീ?തനയാ?
അമ്മയ്ക്കുംസുഖമെന്നേവേണ്ടു
ഭീമനുമനുജന്മാക്കുംസുഖമോ?
ഭീമനുമനുജന്മാക്കുംസൌഖ്യം
കൃഷ്ണയുമമ്പൊടുമരുവീടുന്നോ?
കൃഷ്ണയുമമ്പൊടുമരുവീടുന്നു
കൃഷ്ണനെയുണ്ടോ?സേവിക്കുന്നു
കൃഷ്ണനെഞങ്ങളുസേവിക്കുന്നു.
ഭൃത്യന്മാരുംനിങ്ങളൊടനുദിന-
മൊത്തുസുഖേനവസിച്ചീടുന്നോ?
ഭൃത്യന്മാരുംഞങ്ങളൊടനുദിന-
മൊത്തുസുഖേനവസിച്ചീടുന്നു
കുരുടച്ചാരുടെമക്കളുകാട്ടിയ
കുസൃതികൾകൊണ്ടിഹനിങ്ങളശേഷം
കാട്ടിൽവസിച്ചീടുന്നെന്നുള്ളതു
കേട്ടിതുഞാനക്കഥകളശേഷം
കള്ളച്ചൂതുകളിട്ടുകളിച്ചുട-
നുള്ളതശേഷംകൈക്കലതാക്കി
തള്ളിവനത്തിലയച്ചുടനേററവു-
മുള്ളിലഹമ്മതിയോടുംപലവക-
ളുള്ളപറഞ്ഞുതെളിഞ്ഞുവസിക്കും

കള്ളന്മാരുടെനാട്ടുനഗരവു-
മുള്ളതശേഷംനാശംവരുവാ-
നുള്ളൊരുകാലമടുത്തുകുമാരാ!
ചെന്താർമാനിനികണവൻതൻപദ-
ചെന്താരടിയിണയുണ്ടുസഹായം
ചിന്തയിലായതുറപ്പിച്ചങ്ങിനെ
സന്തതമൻപൊടുസേവിച്ചെന്നാൽ
ചിന്തിതമഖിലംസാധിക്കുംപുന-
രെന്ന്യേമോക്ഷവുമാശുലഭിക്കും
ഭൂഭാരങ്ങളൊഴിപ്പാനല്ലോ
ഭൂമിയിലവതാരംചെയ്തങ്ങിനെ
ഭൂപാലാകൃതിപൂണ്ടൊരുദേവൻ
ഗോപാലാത്മജനെന്നറിയേണം
ഇക്കഥരാപ്പകലെല്ലാനേരവു-
മുൾക്കമലത്തിൽവിചാരിച്ചെന്നാൽ
ദുഃഖമശേഷമൊഴിഞ്ഞുസുഖേനവ-
സിക്കാമരികളെമുഷ്കുസകല-
മടക്കാമവരിലെതിർക്കാമവരെമു-
ടിക്കാമഘവുമൊഴിക്കാമവനിര-
ക്ഷിക്കാമവശതതീർക്കാമതിനൊരുശങ്കവുമില്ല.
നാരായണനുടെകല്പനയെന്യേ
പാരിലൊരാശ്രയമില്ലെന്നുള്ളൂ
നേരേകരുതിക്കൊള്ളണമേറ്റി
സാരമിതെന്നുധരിച്ചീടേണം
നിന്നുടെസുകൃതവിശേഷംകൊണ്ടുട-
നിങ്ങനെപുത്ര!സമാഗതനായി
യന്യമതേ'മറ്റൊരുവനുമിന്നിതു
വന്നുലഭിപ്പതിനുംബഹുവിഷമം
ഇവിടെവരാനായുള്ളൊരുമോഹാൽ
മുനിപലരുണ്ടുതപംചെയ്യുന്നു
ഭാവിതമുള്ളിൽഭക്തിയൊടുംചിലർ
ശിവരാമസ്തുതിചെയ്തീടുന്നു
ഹരിനാമങ്ങളുംജപിച്ചീടുന്നു
ഹരിപദപൂജകൾചെയ്തീടുന്നു
ശിവകയോഗംസാധിക്കുന്നു
പരിചൊടുയാഗംചെയ്തീടുന്നു
ഇങ്ങനെപലതുംചെയ്യുന്നാലും
ഇങ്ങുവരുന്നവർദുർല്ലഭമത്രേ

മംഗലകർമ്മവിപാകംകൊണ്ടു
സംഗതിപോലെവന്നുഭവിക്കും
നിന്നെക്കാൺമതിനാശമുഴുത്തുട-
നിന്ദ്രാണിയുമഥമരുവീടുന്നു
എന്നതുകൊണ്ടിനിവൈകാതവളെ-
ച്ചെന്നിഹകണ്ടുവരേണമിദാനീം
തുംഗപരാക്രമരാശേനിന്നുടെ
യിംഗിതമഖിലംസാധിച്ചീടും
മംഗലമസ്തുനിനക്കനിതാന്തം
സംഗരഭുവിജയവുംവരുമല്ലോ
താതൻതന്നുടെകല്പനയിങ്ങനെ
തരസാകേട്ടുധനഞ്ജയനുടനേ
താണുവണങ്ങിക്കൊണ്ടുനടന്നു
താനുംതത്രജയന്തനുമായി
സാമോദംപൂണ്ടിരുവരുമായി
തമ്മിൽകയ്യുംകോർത്തുപിടിച്ചുട-
നമ്മവസിച്ചീടുന്നൊരുമണിമയ
ഹർമ്മ്യംതന്നിൽചെന്നുകരേറി
അന്തഃപുരമതിലാശുകടന്നുട-
നന്തികസീമനിചെല്ലുന്നേരം
കുന്തീസുതനെക്കണ്ടഥശചിയാ
സാനന്ദാശ്രുകണങ്ങൾപൊഴിച്ചു
പന്തിടയുംപോർമുലകളിൽനിന്നഥ
ചിന്തിടലപ്പാലുംദേവിക്കു
കനിവൊടുപാർത്ഥനുമപ്പോൾതന്നുടെ
ജനനിയെവിരവിലടുത്തുവണങ്ങി
അനുമതികൈക്കൊണ്ടരികേനിന്നവ-
നന്നയമേവമുണർത്തിച്ചുമുദാ

പദം

ധന്യേപുലോമജ!ദേവി!സുര-
മാന്യേ!ജനനീ!തൊഴുന്നേൻ
ധന്യനായ്‌വന്നുഞാൻനിന്നെക്കാണ്മാനനുകൂലം
ഇന്ദുബിംബസമാനനേ!സുര-
സുന്ദരീജനവന്ദിതേശുഭേ (ധന്യേ
പാർത്ഥനഹംഗുണശീലേതവ
പുത്രനെന്നുകരുതേണം
ആർത്തികളെല്ലാമൊഴിഞ്ഞുനമുക്കുമേൽ
സ്വസ്തിവരുവതിന്നുനിൻപദ-
മത്തലെന്നിയേകുമ്പിടുന്നേൻ (ധന്യേ

പദം.

വീരാ ധനഞ്ജയാ കേൾക്ക സുകു-
മാരാ ഗുണാർണ്ണവ വീരാ!
പോരിൽജയിച്ചുപൗലോമിയോടുംനീ
ശരവുമതിശുഭവരവുമൻപോടു
വിരവിലങ്ങുലഭിച്ചുമഹിതവീരാ (വീരാ)
നിന്നുടെകീർത്തിവളർന്നലോകം
മൂന്നുംനന്നായിവെളുത്തുചമഞ്ഞു
ഇന്ദുവിന്നുകളങ്കങ്ങളുമാഞ്ഞു
ഇന്ദുചൂഡനറിഞ്ഞിതാഞ്ഞുവിരഞ്ഞു
തന്നുടെമന്ദിരേചെല്ലു (വീരാ)
എത്രനാളുണ്ടുഞാൻനിന്നെക്കാൺമാൻമോഹി
ച്ചത്രവസിക്കുന്നുബാലാ
ആർത്തികളെല്ലാമൊഴിഞ്ഞുനിനക്കുമേൽ
സ്വസ്തിവരികസമസ്തപദവിയു
മെത്തുമെന്നതുമോർത്തുകൊൾക നീ
വീരധനഞ്ജയകേൾക്കസുകു-
മാരാ ഗുണാർണ്ണവ വീരാ.

ഇത്തരമുർവ്വശിവാക്കുകൾകേട്ടുസ-
മർത്ഥനതാകിയപാർത്ഥനുമുടനെ
യാത്രയുമറിയിച്ചുംകൊണ്ടധികം
ചിത്തസുഖേനതിരിച്ചുനടന്നു
ഉന്നതമാകിനമണിമഞ്ചാഗ്രേ
നിന്നുപതുക്കെത്താഴെയിറങ്ങി
നന്ദികലർന്നുനടന്നവിടെപ്പല
ശൃംഗാടകമതിലാശുവിളങ്ങി
ഇന്ദ്രസുരാംഗനമാരതുനേരം
ഇന്ദ്രാത്മജനെക്കാൺമാനമ്പൊടു
വന്നുതുടങ്ങീസുന്ദരിമാർ ചിലർ
ഉന്നതദിക്കിൽകേറിനിരന്നു
വിജയൻതന്നുടെചരിതമിതപ്പോൾ
വിരവൊടുനീളെക്കേട്ടുതുടങ്ങി
കേട്ടവർകേട്ടവർവരവുതുടങ്ങി
കൂട്ടംവിട്ടുനടന്നുതുടങ്ങി
മട്ടോലുംമൊഴിമാർ ചിലർതങ്ങടെ
കെട്ടിയവല്ലഭനോടുപിരിഞ്ഞു
ചേഷ്ടിതമെല്ലാമാശുമറന്നു
ചേട്ടന്നങ്ങുതിരിച്ചുനടന്നു
കാഴ്ചകൾകാൺമാൻപോകുന്നെന്നട-
ന്നച്ഛത്തിൽചിലവാക്കുപറഞ്ഞു
വെള്ളയടിച്ചൊത്തുഗമിക്കാമെന്നും
കാച്ചിയപുടവയെടുത്തില്ലെന്നും
അപ്പാട്ടെപ്പെണ്ണുങ്ങളെന്നുംപുന-
രിപ്പോൾതന്നേയവൾപോയെന്നും
അമ്പടിവൈരമുള്ളവൾതമ്മെവി-
ളിപ്പാനെന്തൊരുബന്ധമതെന്നും
കുന്തീസുതനെക്കാൺമാനുള്ളൊരു
സന്തോഷംഏറിവളരുകമൂലം
പൂന്തേൻമൊഴിമാരെല്ലാമപ്പോൾ
ചിന്തകലർന്നുനടന്നുതുടങ്ങി
ഒററക്കണ്ണെഴുതിക്കൊണ്ടൊരുവൾ
തെറ്റെന്നങ്ങുതിരിച്ചുനടന്നു
ഒററക്കാതിൽതോടയുമിട്ടു
മറെറാരുപെണ്ണുവരുന്നതുകണ്ടാൽ
ഇക്കൂട്ടങ്ങടെവികൃതികളോർത്തു
ചിരിപ്പാനുള്ളൊരുകാലംവന്നു
അക്കുറവുള്ളൊരുവേശ്യപ്പെണ്ണുക-
റിക്കൂട്ടെന്നുനിനച്ചൊരടപ്പൻ
വെക്കമെടുത്തുടുത്തവൾചുണ്ണാ-
മ്പൊക്കെക്കത്തിയണിഞ്ഞുമുഖത്തു
മറെറാരുപെണ്ണിനുജളതപിണഞ്ഞു
കററക്കുഴൽമണികെട്ടില്ലെന്നീ
യാത്രയൊരുങ്ങിച്ചെന്നവൾനല്ലൊരു
വസ്ത്രമിതെന്നുനിനച്ചുകരിമ്പട-
മെത്തിയെടുത്തുടുത്തുംകൊണ്ടു
തെറ്റെന്നങ്ങുതിരിച്ചുനടന്നു
പരിഹാസത്തിനുവട്ടംകൂട്ടി-
പ്പലരുംകണ്ടുചിരിച്ചുതുടങ്ങി
ഫലമില്ലായതുകൊണ്ടവളപ്പോൾ
അതിനൊന്നുംബോധിച്ചതുമില്ല
എന്നതുകേട്ടുപറഞ്ഞൊരുതരുണി
യിന്നതിവിസ്മയമങ്ങക്കുറെറ
സുന്ദരികാട്ടിയഗോഷ്ടിനിനച്ചാ-
ലെന്നുംചിരിയാമെന്നേവേണ്ടു
കാഴ്ചകൾകാൺമാൻപോകുന്നു ചിലർ
വേശ്യകളായതുകേട്ടുമുഷിച്ചു

കാച്ചിയപുടവയെടുത്തുംകൊണ്ടു
പച്ചപ്പുഴുവുമെടുത്തഥവെച്ചു
ചന്തമിയന്നൊരുകറിക്കൂട്ടനായ്
ചന്ദനമില്ലാഞ്ഞുടനേതന്നെ
ചന്ദനമുട്ടിയെടുത്തുംകൊണ്ടവൾ
ചാണതിരഞ്ഞുനടക്കുന്നേരം
തലയിൽരോമവുമില്ലകഷണ്ടിയു-
മുളവേവന്നുപിടിച്ചൊരുവിധവാ
ജലദോഷംകൊണ്ടവളുടെകണ്ണും
മലസതപൂണ്ടുകിടക്കുന്നേരം
തപ്പിച്ചെന്നവളരികെയവളോ-
ചാണയിതെന്നുനിനച്ചായാളുടെ
തലയിൽകൊണ്ടഥവെച്ചുമൊഴിച്ചു
ചന്ദനമമ്പൊടരച്ചുതുടങ്ങി
തലനൊന്തപ്പോളായവനവളുടെ
തലമുടിചുററിപ്പിടിച്ചൊട്ടടനേ
കലഹിച്ചഞ്ചാർപൊട്ടാനവനുടെ
ജലദോഷവുമതിനാലെശമിച്ചു
അതുകേട്ടിട്ടുപറഞ്ഞൊരുതരുണീ!
ഇതുമൊട്ടിന്നുചുരുക്കീടേണം
മതികെട്ടിങ്ങിനെചിലർകാട്ടുന്നൊരു
കഥപെട്ടെന്നുപറഞ്ഞുംകൊണ്ടു
അതുകേട്ടിങ്ങുഗമിച്ചാൽപോരാ
ദ്രുതമങ്ങോട്ടുഗമിച്ചീടുകനാം.

ഏവംപറഞ്ഞുചലദേവനിതംബിനിമാർ
ഭാവംതെളിഞ്ഞുതത്രപോവാൻതുനിഞ്ഞുമെല്ലെ
സന്തോഷമോടുമവർകുന്തീകുമാരൻതന്റെ
അന്തികേചെന്നുകണ്ടുചന്തിനിരന്നുനിന്നു
തണ്ടാർശരന്നുനാണമുണ്ടാമവന്റെരൂപം
കണ്ടാലതിമോഹനംകണ്ടുസുരാംഗനമാർ
തണ്ടാർശരാർത്തിപൂണ്ടുകൊണ്ടുമദംകലർന്നു
കൊണ്ടാടിപ്പലവിധമുണ്ടായികാമരസം
ഉദ്യോഗമോടുചിലഹൃദ്യാംഗിമാരുംചില-
ഉദ്യാനംതന്നിൽചെന്നുഗദ്യവിധംതുടങ്ങി-

കളിച്ചുതമ്മിലന്യോന്യംവിളിച്ചുംസന്തോ-
ഷാബ്ധൌ
കളിച്ചുമൊരുക്കൾപാററിക്കളിച്ചുംനന്ദനംതന്നിൽ
കടന്നുമദനരസംകലർന്നുംശൃംഗാരലീല
തുടങ്ങിപലവിധത്തിൽ.

ഒരുകാമിനിമെല്ലെയെടുത്തു
പുരുപുഷ്പഗണങ്ങളിറുത്തു
ഒരുവൾക്കതുപാരിക്കൊടുത്തു
ഒരുപെണ്ണതുകണ്ടുവെറുത്തു
ഒരുകാമിനിപൂമലർചിന്തുന്നു
ചിതറുന്നചിന്തയിലധികംസ്മരതാപിതരുന്നു
അരുണാധരിമാർചിലരുംകൂടി
സുരപാദപപൂമലർചൂടി
പരിമോഹനമവരുടെമോടി
പരിതോഷമിടംബഹുലമാടി
മദവാരണമഞ്ജുളഗാമിനിമാർ
കാമവിനോദംകലർന്നുകളിയാടി
പലരാഗവിധംബഹുപാടി
കളിപൂഞ്ചോലികിഞ്ചനതേടി
ലളിതംചിലനാടകമാടി
സുരസുന്ദരിമാരുടെമോടി
ചിലർവീടികസുഖമൊടുപൊടിയുംരുചി
തേടിയുംമലർവാടിയിലധികരസം
മലർബാണനുമൊന്നുകയർത്തു
കലവില്ലുംകയ്യിലെടുത്തു
മലർസായകമാശുതൊടുത്തു
ചലമിഴിമാർക്കിട്ടുകൊടുത്തു
ചിലർമങ്ങിമയങ്ങിയനംഗശരാവലിയിൽ
മുങ്ങിയുമതിവിവശം
ഒരുപെണ്ണിനുവസ്ത്രമഴിഞ്ഞു
ഒരുപെണ്ണൊരുകോണിൽമറഞ്ഞു
ഒരുവൾക്കരിശമഴിഞ്ഞു
ഒരുപെണ്ണതുകണ്ടുപറഞ്ഞു
പരിഹാസവിധംമൂഢമറികയുംബോധമറികയും
മറിമാൻമിഴിസംഹതികൾ.

ഇങ്ങനെപലവിധമംഗനമാരുട-
നംഗജശരപരിതാപംപൂണ്ടട-
നങ്ങുകളിച്ചുവസിക്കുംമദ്ധ്യേ
അംഗനമാർമണിയാളാമുർവ്വശി
തിങ്ങിനമദനവികാരംകൊണ്ടവൾ
മങ്ങിനമുഖമൊടുപാർത്ഥൻതന്നുടെ
അംഗഗുണങ്ങൾനിനച്ചുനിനച്ചുട-
നിങ്ങനെസഖിയോടുചൊന്നാൾമന്ദം

കണ്ടാലും നീയൎജ്ജുനനിവനെ-
ത്തണ്ടാർശരനെക്കാളതിസുഭഗൻ
വണ്ടാർകുഴലികളുന്മദിനമിവനെ
ക്കൊണ്ടാടുന്നതികൌതുകമോടെ
പണ്ടുമനോഭവനുടെ ദേഹം ശിതി
കണ്ഠൻ തത്ര ദഹിപ്പിച്ചതിനാൽ
തണ്ടാർസായകനെക്കാളതിശയ-
മുണ്ടായിട്ടൊരു നരപതിവരനിവ
നുണ്ടായ്വരണമതിങ്ങിനെ ഹൃദയം
കൊണ്ടു വിചാരിച്ചങ്ങിനെ വിധി പുന-
രുണ്ടാക്കിത്തീൎത്തിവനെ നിയതം

പദം.

മാനിനീമൌലേ വരഗുണശാലിനി!
നീ ബാലേ!
മാനവവരനാകുമൎജ്ജുനനുടെ രൂപം
മാനസകൌതുകേന മധുരരസമയി കണ്ടിതോ നീ
(മാനിനി)
കൊണ്ടൽനിരയ്ക്കുതമസ്സിനു
മിണ്ടൽ വളൎക്കും നീണ്ടു ചുരുണ്ടൊരിവന്റെ
തലമുടി
കണ്ടാൽ നിനക്കുള്ളിൽ കമലശരപരിതാപ-
മുണ്ടാം (മാനിനി)
മന്നിടം തന്നിൽ വസിക്കുന്ന
മന്നവന്മാരിൽ മാന്യനാമിവനോടു ശരിയായി-
ല്ലിന്നൊരു നൃപൻ
അന്യദിക്കുകളിലും ഭുവനവാസനഹി
മദനാഭജ്ഞേ (മാനിനി)
വില്ലാളിവീരൻ ധനഞ്ജയൻ
ചൊല്ലേറും ശൂരൻ മുല്ലബാണനു മുള്ളിലല്ലൽ
നൽകുമിവന്റെ
നല്ലൊരു സൌന്ദൎയ്യം പറവതിന്നു ഫണിവരനും
(മാനിനി)
പഞ്ചാലിതൻറെ ഭാഗ്യോദയം പരിചെഴു
കമൺക
പഞ്ചാരപ്പൊടിയെക്കാൾ മധുരം പാണ്ഡവാധരം
അഞ്ചാതെ നുകൎന്നവളതിസുഖത്തോടു മരുവീടുന്നു
മാനിനീമൌലേ വരഗുണശാലിനി! നീ ബാലേ
കമലദലായതനയനനിവൻ
കനിവു പെരുത്തൊരു വീരനിവൻ
അമലചരിതനിവനമൃതസരസനിവൻ
അമരകുലാധിപതനയനിവൻ
ഇവനൊടു കൂടി രമിപ്പാനും
അവിരളമാശു സുഖിപ്പാനും
അധികതരസുകൃതമതു പരഭൃതമൊഴി മമ സഖി
പാൎക്കിൽ വളൎന്നീടേണം.

അംഗനമാൎക്കൊരു കാന്തനിവൻ
അരിവരനിചയകൃതാന്തനിവൻ
അമലബലസഹിതനധികസുഭഗനിവൻ
അമൃതകിരണസമവദനനിവൻ
തൊണ്ടിപ്പഴമൊടു ശണ്ഠപിടിച്ചുട-
നിണ്ടൽ വളൎക്കും ചുണ്ടുകളും
മല്ലികതൻമുകുളത്തിനു നിയത-
മല്ലൽ വളൎക്കും പല്ലുകളും
മല്ലീശരകുലവില്ലിൻ ചതുരത
തല്ലിയെടുക്കും ചില്ലികളും
മുല്ലായുധശരതുല്യമതാകിന
കല്യകടാക്ഷവുമിവ പലതും
ഉള്ളിൽ നിനയ്ക്കും തോറും വലിയൊരു
കൊള്ളിയെരിക്കും പോലെ മാമക-
മുള്ളമശേഷമെരിഞ്ഞീടുന്നു
കള്ളം പറവാനറിവാൻ മേലാ
വിധുമുഖനാകിയ വിജയൻ തന്നുടെ
മധുരാധരരസപാനം ചെയ്തിഹ
വിധുരത തീൎത്തു വസിപ്പാനുള്ളൊരു
വിധിയുണ്ടായ്വരുമോ മമ ബാലേ!
ഇത്ഥമുൎവ്വശിതന്നുടെ വാക്കുക-
ളത്തരുണീമണി കേട്ടൊരു നേരം
സത്വരമരികിലണഞ്ഞു കനിഞ്ഞവ-
ളത്തരമങ്ങു പറഞ്ഞു തുടങ്ങി
ഉത്തമശീലേ ഉൎവ്വശി നിന്നുടെ
ചിത്തവിഷാദമുപേക്ഷിച്ചാലും
ഉത്തമനാകിയ പാൎത്ഥൻ തന്നൊടു-
മൊത്തു രമിപ്പാനുള്ളൊരു സംഗതി
അത്ര വരുത്താം സന്നതാംഗി
സത്തമയാളേ ഖേദം വേണ്ടാ
നിന്നുടെ പരിതാപങ്ങളശേഷം
ചെന്നവനോടു പറഞ്ഞറിയിച്ചാൽ

നിന്നെക്കാളധികം ചില വികൃതികൾ
ചെങ്ങാതിക്കും വന്നു ഭവിക്കും
പന്നണിമുഖമാർമൌലിമണേ തവ
ചന്തമിയന്ന ശരീരം കണ്ടാൽ
ചെന്താർസായകശരമാകുന്നൊരു
ചെന്തീനടുവിലുഴന്നീടാതെ
പൂന്തേൻമൊഴി ഭുവനങ്ങളിലെങ്ങും
ചിന്തിച്ചാലൊരു പുരുഷനുമില്ല
ഈശ്വരഭക്തിയുറച്ചു മഹാഗിരി
പാർശ്വേ ചെന്നു തപം ചെയ്തുടനേ
നിശ്ചലഹൃദയന്മാരായ് മേവിന-
വിശ്വാമിത്രപരാശരമുനിമാർ
വിശ്വവിമോഹിനി നിന്നെക്കണ്ടാൽ
ഈശ്വരഭക്തിയുമവിടെ നിൽത്തും
വിശ്വാസേന വളർന്നീടും തവ
വിശ്വാസവുമവർ മോഹിച്ചീടും.
എന്നതു കേട്ടു പറഞ്ഞാളുർവശി
നന്നയി തോഴീ നിന്നുടെ വചനം
മന്നവവരനായീടും പാർത്ഥൻ
ദൈന്യതയറിയുന്നവനല്ലെന്നൊരു
സന്ദേഹം ഹൃദി വളരുന്നായതു
നിമന്നാടിന്നതു ചെയ്തീടാം കേൾ
ഇന്ദ്രനിദേശം കൊണ്ടന്നൊരുനാ-
ളിന്ദ്രപുരാംഗനമാർ പലർ കൂടി
ചെന്നു ഹിമാചലമൂലേ മന്മഥ
സുന്ദരനാകുമവന്റെ സമീപേ
അന്നവിടെപ്പല സുന്ദരിമാർ ചിലർ
ശൃംഗാരത്തിൻ മോടികൾ കൂട്ടി
നാടകമാടി നവരസമാടി
നംഗനിതംബിനിമാർ ചിലർ പാടി
നലമൊടു പാടീ ചിലരവിടാടീ
നളിനവിലോചനമാർ ചിലർ പാടീ
എന്തിനിതഖിലം പറയുന്നവരുടെ
ചന്തികളൊന്നും ഫലമായില്ലാ
കുന്തീസുതനതുകൊണ്ടുമൊരല്പം
ചിന്തയിലുണ്ടായില്ല കലക്കം
എന്നതുകൊണ്ടു പറഞ്ഞിതു ഞാനും
മന്നവവീരനു കൃപയില്ലേതും

തന്നെക്കാമിച്ചീടാത്തവനെ-
ത്താനങ്ങോട്ടു പറഞ്ഞു ഭ്രമിച്ചാൽ
മാനക്കേടു ഭവിക്കയിതെന്യേ
മാനിനി മറ്റൊരു ഫലമില്ലേതും
തരമിതു കൈക്കൊള്ളാം സമയമിതെന്നതു
കരുതി മനോഭവനരികിലണഞ്ഞു
ശരനിര ചൊരിയുന്നംബുജനയനേ!
ഉരുതരതാപവുമുളവാക്കുന്നു.
എന്നതു കേട്ടപ്പെൺകൊടി ചൊന്നാൾ
ഇന്നു നിനക്കു വിഷാദം വേണ്ടാ
നിന്നെ ഭ്രമിയാതിന്നൊരു പുരുഷൻ
മന്നിലുമപി സ്വർഗ്ഗത്തിലുമില്ലാ
കാറ്റും വെയിലും മഴയും മഞ്ഞും
ഏറ്റു തളർന്നുടനേറ്റി മറന്നും
കാറ്റും വെള്ളവുമിലകളുമെന്നിവ
കൊറ്റു കഴിച്ചും കാട്ടിൽ വസിച്ചും
ചുറ്റും വള്ളികൾ ചുറ്റിപ്പുനരപി
ചുറ്റും വന്നുടൽ മുറ്റിപ്പരിചിനൊ-
ടേറ്റം ഭക്തിയുറച്ചു വസിക്കും
ഊറ്റക്കാർക്കും നിന്നിൽ ഭ്രമമുട-
നേറ്റം കൂടാതുളവാകുന്നതു
മറ്റുള്ളോർക്കിനിയെന്തൊരു കുറ്റം
വിജയനിനിക്കു ദിക്കു തിരിഞ്ഞാ-
വിജയനെന്നീ ചെന്നപ്പൊതു സരസിജ-
നയനേ! നിൻ ചരിതങ്ങൾ ധരിപ്പി-
ച്ചവനെക്കൂട്ടിക്കൊണ്ടിഹ നന്മണി
ഭവനേ പോരിക വൈകീടാതെ.
മന്നവവീരനിരുന്നരുളുന്നൊരു
മന്ദിരസീമനി ചെന്നതിയായ്
മന്ദസ്മിതരുചി തൂവുന്നേരം
സുന്ദരി തവ വശനാകുമല്ലോ.
ഇങ്ങനെ സഖിയുടെ വചനം കേട്ടവ-
ളങ്ങനെ തന്നെ മനസ്സിലുറച്ചു
മംഗലരൂപിണിയുർവശിയുടനെ
ഭംഗികലർന്നൊരു മോടികൾ കൂട്ടി
ഗുണമിയലും കുസുമങ്ങളുമമ്പൊടു
മണമേറുന്ന ജവാദുകൾ പുഴുവും

മണമേറുംകസ്തൂരികൾകളഭം
ക്ഷണനേരംകൊണ്ടുടലിലണിഞ്ഞു
കണവനിരിക്കുംദിക്കുതിരഞ്ഞു
ക്ഷണമങ്ങോട്ടുതിരിച്ചുനടന്നു

കുമ്മി.

കുന്തിതന്റെകുമാരകന്റെ
അന്തികേചെന്നമന്ദമവൾ
ചിന്തുമാനനകാന്തികൊണ്ടവൾ
അന്തരംഗമിളക്കുമാറുമന്ദംമന്ദംകളിതുടങ്ങി
മന്ദസ്മിതവുംതുടങ്ങി
കന്ദബാണരസംകലർന്നവൾ
സുന്ദരാംഗിമതിമറന്നുനിർജ്ജരാധിപ-
നന്ദനനാമർജ്ജുനൻതന്നെക്കണ്ടനേരം
ലജ്ജയെല്ലാമുപേക്ഷിച്ചാ-
നിർജ്ജരനാരിചൊന്നാളേവം

പദം.

പാഹിമാംപങ്കജേക്ഷണ! പാണ്ഡവവീര!
പാഹിമാംപങ്കജേക്ഷണ!
മോഹനീയകാരനിന്റെ
ദേഹകാന്തികണ്ടമൂലം
മോഹമുള്ളിൽവളരുന്നു ഹേ
ബാഹുജമൌലേ! (പാഹിമാം)

മാരന്റെശരങ്ങളേററു
മാനസമുരുകീടുന്നു
മാനനീയഗുണവാരിധേ! മഞ്ജുളകീർത്തേ!
മാലകററീടേണമേ! വിഭോ മാനവാധീശ!
(പാഹിമാം)

ആർത്തപാലനംകൊണ്ടല്ലോ
പാർത്ഥിവശിഖാമണേ നിൻ
കീർത്തികൾജഗത്ത്രയങ്ങളിൽ
പൂർത്തേൻവാണികൾകീർത്തിക്കുന്നു
സന്തതംമുദാ ഓർത്താൽവിചിത്രം (പാഹിമാം)

കന്ദബാണലീലചെയ്യാൻ
വന്നാലുംനീവൈകീടാതെ
കുന്നേലുംമുലകൾമാർവ്വിടംതന്നിലണച്ചു
നന്നായ്പുണർന്നീടുവാനഹോ
സന്ദേഹമെന്തേ! (പാഹിമാം)

മുല്ലവിശിഖന്റെകലവില്ലിനെവെന്നീടുന്ന
ചില്ലികൾകൊണ്ടെന്നെനീസഖേതല്ലീടാതി-
നല്ലോരധരാമൃതംനുകർന്നല്ലൽകളക [ദിപ്പോൾ
പാഹിമാംപങ്കജേക്ഷണ! പാണ്ഡവവീര!
പാഹിമാംപങ്കജേക്ഷണാ!

ഉർവ്വശിയുടെവചനങ്ങളിവണ്ണം
ദുർവ്വിനയംബതകേട്ടൊരുനേരം
ഉർവ്വീപാലശിരോമണിപാർത്ഥൻ
ചൊട്ടിവളർന്നൊരുകോപമടക്കി
ദുഷ്ടനിതംബിനിയോടരുൾചെയ്തു
ചേരാതുള്ളോരുവാക്കുകളിങ്ങിനെ
നേരേനിന്നൊരുലജ്ജയതെന്ന്യേ
ആരെന്നുള്ളതറിഞ്ഞുരചെയ്തു
പാരംദുസ്സഹമെന്നേവേണ്ടു
കഷ്ടംകഷ്ടം! ചിലജനമിത്തൊഴിൽ
കേട്ടെന്നാകിൽപരിഹാസത്തിനു
വട്ടംകൂട്ടിവസിച്ചീടുന്നതി-
നൊട്ടുംസംശയമില്ലിഹനൂനം.
മട്ടോലുംമൊഴിമാന്യജനങ്ങളി-
ലൊട്ടുംമോഹംതോന്നീടരുതേ
അംബുജനാളമൊഴിഞ്ഞിഹശൈവല-
മന്നത്തരുണികൾമോഹിക്കുന്നോ
ആനത്തലവനെയെന്ന്യേകരിണികൾ
മാനിനെയുണ്ടോകാമിക്കുന്നു
അംബുജമധുരസമുണ്ണുംവണ്ടുകൾ
നിംബരസത്തിനുവാഞ്ഛിക്കുന്നോ?
മനുജന്മാരിൽമനോരസമേററം
മനസിനിനക്കുവളർന്നിടനിങ്ങനെ
മനസിജശരവശനന്മൊരുചൊന്നതു-
മനുചിതമെന്നുധരിച്ചീടേണം
നാരായണനെന്നിങ്ങനെനല്ലൊരു
പേരായുള്ളോരുമാമുനിതന്നുടെ
ഊരുവിൽനിന്നുളവായൊരുനിന്നുടെ
ചാരുതകണ്ടതികൌതുകമോടെ
സരസിജനയനനിന്നെപ്പുരിചൊരു
സുരനായകനുകൊടുത്തുമുനീന്ദ്രൻ
സുരപതിതന്നുടെതനയൻഞാനെ-
ന്നൊരുകഥനീയുമറിഞ്ഞീടേണം

ചേരാത്തുള്ളവിധങ്ങൾതുടന്നാൽ
തീരാത്തുള്ളൊരുകുററംവരുമെ-
ന്നോരാതുള്ളിലുറച്ചിഹനീയും
മരാത്തുരയായീടരുതേതും
എന്നതിലുംപുനരുണ്ടുവിശേഷം
ഇന്നതുമങ്ങുധരിച്ചീടേണം
എന്നുടെവംശേപണ്ടുപുരൂരവ-
സ്സെന്നൊരുഭൂപതിവരനുണ്ടായി
ഉന്നതബാഹുപരാക്രമിപലനാൾ
മന്നിടമഖിലംകാത്തുവസിച്ചു
അക്കാലംനിജബാഹുപരാക്രമ-
ധിക്കൃതശക്രപരാക്രമിയായൊരു
നക്തഞ്ചരപതിനിങ്ങളെയെല്ലാം
തക്കത്തിൽപുനരാശുപിടിച്ചു
വക്രാത്മാവാമവനൊരുകിഞ്ചന-
ഖക്കാണിപ്പാനെളുതല്ലാഞ്ഞു
ശക്രൻതേരുംനൽകിസുതനെ
വെക്കംമന്നിലയച്ചുമശായം
അന്നബുധാത്മജനാകിയഭൂപതി
വന്നിഹദൈത്യജനങ്ങളെയെല്ലാം
വെന്നുജയിച്ചുതുകൊണ്ടുസുരാണാം
നന്ദിവളത്തിമന്നവവീരൻ
പിന്നെപ്പുരിചെന്നുനിന്നെവിവാഹവു-
മന്നുകഴിച്ചെന്നെന്നിഹകേട്ടു
സമ്മതമിതുബതസകലജനാനാം
അംബുജനയനേസത്യമിതെല്ലാം
കല്മഷരഹിതയുമൊന്നുടെയമ്മയു-
മൊക്കിലൊരന്തരമില്ലാ
ഗുരുതൻപത്നിയിലാശമുഴുത്താൽ
വരുമപ്പോഴതിദോഷമിതെന്നാ-
ണൊരുതാൽപശ്ചമറിഞ്ഞീടേണം
പരതല്പത്തിന്നാഗ്രഹമില്ലാ
സ്വർല്ലോകാധിപതനയൻതന്നുടെ
സല്ലാപങ്ങളിവണ്ണംകേട്ടു
സ്വർല്ലോകാംഗനമാർമണിപിന്നെയു-
മല്ലൽമുഴുത്തുപറഞ്ഞുതുടങ്ങി.

പദം.

എത്രതന്നെവരികിലുംനീയിപ്പോൾ
ബന്ധുരാംഗവെടിയമതേതും
ഹന്തദേഹവുംപാരംതളരുന്നു
ചിന്തിതംമമനൽകണംനീയിപ്പോൾ
പഞ്ചസായകബാണങ്ങളാകുന്ന
വഞ്ചന്തീയിലുഴന്നീടുമെന്നെ
ചഞ്ചലങ്ങൾവെടിഞ്ഞിഹപാലയ
പഞ്ചബാണമനോഹരമൂർത്തേ!
കാണിപോലുംസുഖമില്ലാ
ഊണിനുംരുചിയില്ലെനിക്കേതും
ഏണലാഞ്ഛനബിംബാനനനിന്നെ-
ക്കാണാതെയെങ്ങിനെവാഴുന്നുഞാൻ
മറനീയതിത്തേ!പഞ്ചശരാർത്തിനിനക്ക
വരാത്തതിൻ
കാരണമെന്തെന്നെന്നോടുചൊൽകനീ
കാമവൈരിയെപ്പോരിൽജയിച്ചൊരു
ഭീമപരാക്രമിനീയാകകൊണ്ടോ
കാമദേവജനകനുംനീയുമായ്
പ്രേമമുണ്ടാകകൊണ്ടോവല്ലതെന്നാലുമുള്ളിൽ
വളരുന്നോരല്ലലെല്ലാം
കളഞ്ഞിഹനമ്മകല്യാണാലയരക്ഷിച്ചുകൊ- [ള്ളുക
അല്ലാതെമറെറാരാലംബനമില്ലാ.

എന്നതുകേട്ടരുൾചെയ്തുധനഞ്ജയ-
നിന്നിതുമാത്രംകൂടുകയില്ലാ
അമ്മനമുക്കെന്നാകിലുമിങ്ങനെ
ധർമ്മവിരോധമിതരുളിച്ചെയ്താൽ
സമ്മതമില്ലനമുക്കെന്നുള്ളതു
നിന്മനതാരിലുറച്ചീടേണം
കഷ്ടം!കഷ്ടം!കാമിനിനിന്നുടെ
ദുഷ്ടതയെത്രതല്ലൊട്ടുംനമ്മുടെ
ജ്യേഷ്ഠനതായയുധിഷ്ഠിരനുംബത
ശിഷ്ടജനങ്ങൾകനിഷ്ഠന്മാരും
മട്ടോലുംമൊഴിനിഷ്ഠുരമിത്തൊഴിൽ
കേട്ടനാലുടനൊട്ടുംസഹിയാ
നേരല്ലാത്തവിധങ്ങളിലൊന്നും
കൂടുകയില്ലാനമ്മുടെനേരെ
പെരുതായുള്ളൊരുപാപങ്ങൾക്കിഹ
പെരുവഴികൂട്ടുകയില്ലിതുനിയതം
എന്നതുകേട്ടുർവശിയുംപുന-
രുന്നതകോപത്തോടുപറഞ്ഞാൾ.

നേരല്ലാത്തവിധങ്ങളിലൊന്നും
കൂട്ടുകയില്ലെന്നിങ്ങനെനമ്മുടെ
നേരേനിന്നുപറഞ്ഞൊരുഭൂപതി
വീരൻനീയും ബോധിച്ചീതാൻ
കാര്യംപറയുംനേരത്തുള്ളിൽ
കാലുഷ്യം ബത തോന്നുമിദാനീം
പാഞ്ചാലാത്മജയെന്നൊരുപെണ്ണിൽ
വാഞ്ഛമുഴുത്തതുകാരണമല്ലീ?
പഞ്ചശരായുധവിവശന്മാരായ്
അഞ്ചുജനങ്ങളുനിങ്ങളുമൊരുമി-
ച്ചഞ്ചിതവളെവേളികഴിച്ചതു
കിഞ്ചനഞാനുംകേട്ടിതുവിജയാ
അഞ്ചാറേഴെന്നാലുമവർക്കൊരു
ചാഞ്ചല്യവുമതിനില്ലിഹതെല്ലും
ജ്യേഷ്ഠൻചെന്നുശയിക്കുമൊരുനാൾ
മറുനാളനുജനൊടൊത്തുരമിക്കും
ജ്യേഷ്ഠനിനിക്കുകളത്രമതിങ്ങിനെ
കേട്ടാൽചേരാത്തുള്ളവിധത്തിൽ
ഗോഷ്ടികൾപലതുംകാട്ടുന്നതിനൊരു-
കോട്ടംനിങ്ങൾക്കില്ലതരിമ്പും
അക്കഥയവിടെയിരിക്കട്ടേപുന-
രാക്കറിയാവൂനിങ്ങടെശാസ്ത്രം
ഒക്കെയറിഞ്ഞൊരുനിങ്ങടെജനനീ
മയ്ക്കണ്ണാളാംകുന്തിയുമൊരുനാൾ
അർക്കനൊടൊത്തുരമിച്ചിതുപിന്നെ
അർക്കാത്മജനെയുമക്കുപ്പുണർന്ന്
അച്ഛനൊടുംമകനോടുംക്രീഡി-
പ്പിച്ചുകല്യാണമഹോത്സവമാടി
ഇച്ചരിതത്തിലതല്ലോനിങ്ങൾ
ജനിച്ചതുമോർത്താലത്ഭുതമത്രേ
പാണ്ഡുനരേന്ദ്രനിരിക്കത്തന്നെ
പാണ്ഡവ!നിന്നുടെമാതൃജനം ചില
പൊണ്ണന്മാരാംജാരന്മാരൊടു
പൂർണ്ണസുഖേനരമിച്ചതുകഷ്ടം
ചണ്ഡപരാക്രമശാലികളാകിയ
ഉണ്ണികൾനിങ്ങളുമുളവായ്വന്നു
പാണ്ഡുസുതന്മാർഞങ്ങളിതെന്നൊരു
കണ്ഠാനന്ദംചൊല്ലുകയത്രേ
കുണ്ഠന്മാരായുള്ളൊരുനിങ്ങടെ
പൊണ്ണക്കാര്യമതയ്യോപാഴിൽ
ഇത്തൊഴിലാരുമറിഞ്ഞിട്ടില്ലെ-
ന്നുൾത്താരിങ്കലറിഞ്ഞൊരുനമ്മൊടു
ധൂർത്തുപറഞ്ഞിഹബോധിപ്പിച്ചതു
ധൂർത്തമതേ! ബഹുചിത്രം ചിത്രം.

വല്ലതെങ്കിലുമിനിക്കവളെന്നൊരു
അല്ലൽഞാനുമകൈചെയ്യുന്നേരം
തെല്ലുപോലുമൊരുകൃപയില്ലാതെ
കല്ലുപോലിഹവസിച്ചതുചിതമോ?
കണ്ടിവാർകുഴലിമാരോടിങ്ങനെ
ഇണ്ടൽതീർന്നുപറയുന്നതിനാൽനീ
കണ്ടുകൊൾകഫലമിന്നുമേവാനൊരു-
ഷണ്ഡനായിവരുമെന്നതുമന്നം
കോപമോടുമുടനുർവശിയിങ്ങിനെ
ശാപമേകിനടകൊണ്ടൊരുശേഷം
താപമോടുമധികംപുനരർജ്ജുന-
ഭൂപനാശുവിലാപങ്ങൾതുടങ്ങി!

ദേവാ!ദേവാ!ദീനബന്ധോ!
ദേവകീനന്ദനാ!ശൗരേ!
ദൈവമേഞാനെന്തുചെയ്വൂ
കൈവല്യമൂർത്തേ ദേവ!
കാരുണ്യമില്ലാഞ്ഞിട്ടേവരോ
ദുർയ്യോഗങ്ങൾകൈവന്നതിന്നു
പാർത്താലാവതെന്തയ്യോ
മന്നവനഗ്രജൻധർമ്മ-
നന്ദനൻതന്നെയുംപിന്നെ
അന്യരേയുമെങ്ങനെഞാൻ
ചെന്നുകാണുന്നു
പാണ്ഡവനർജ്ജുനനാണും
പെണ്ണുമല്ലാതെയായെന്നാ
കണ്ണനുംമറ്റുള്ളവരുംപരിഹസിച്ചീടും
പാരിലുള്ളവൈരികളെ
പോരിലാശുസംഹരിപ്പാൻ
പാർവ്വതീശൻതന്നോരസ്ത്രം
പാഴിലായല്ലോ
പുണ്ഡരീകവിലോചനാ!
ഷണ്ഡനാമെനിക്കുപാർത്താൽ

ഗാണ്ഡീവംകൊണ്ടെന്നുമഖില
മന്ധജവാരനാഗനാഥാ!
പരിതാപവാരിധിതന്നിൽ
പരിചോടുഴലുമെന്നെ
കരുണാസിന്ധോ! ഗോപിനാഥാ
പരിപാലിക്കേണം.

ഇത്തരമധികവിലാപം പൂണ്ടഥ
ചിത്തവിഷാദത്തോടു വസിക്കും
പാർത്ഥിവവരനുടെ ചരിതം കേട്ടു സു-
രോത്തമപുരജനമങ്ങിടകൂടി
തങ്ങളിൽ ചിലരു പറഞ്ഞുതുടങ്ങി
ദുർമ്മരിയാദമിതെന്തൊരു കഷ്ടം
സന്താപങ്ങളിവണ്ണം വരുവാ-
നെന്തൊരു കാരണമെന്നതു കേട്ടോ
എന്തെന്നേതുമറിഞ്ഞീലിതു ബത
ചിന്തിച്ചാൽ ബഹുകഠിനം കഠിനം
കുന്തീദേവിക്കേതാനും ചില
സന്താപങ്ങൾ ഭവിച്ചതുകൊണ്ടോ
ധർമ്മതനൂജനസുഖമല്ലെന്നൊരു
കല്മഷമുരചെയ്തീടുകകൊണ്ടോ
ഭൂമിയിൽനിന്നിഹ വന്നവരാരോ
ഭീമനസുഖമല്ലായ്കകൊണ്ടോ
വേളികഴിച്ചതിനേതാനും ചില
താരക്കേടു പിണഞ്ഞതുകൊണ്ടോ
ഖേദനകാരണമെന്തെന്നുള്ളതു
ചോദിച്ചറിവാനെന്തൊരുപായം
ഇങ്ങനെ ചിലരു പറഞ്ഞുംകൊണ്ടുട-
നങ്ങുകടന്നു നടന്നുതുടങ്ങി
ദേവന്മാർ ചിലർ തങ്ങളിലപ്പോ-
ളേവം നിന്നു പറഞ്ഞുതുടങ്ങി
കുന്തീസുതനിഹ വന്നതുമിപ്പോ-
ളെന്തൊരു കാരണമെന്നതു കേട്ടേ
കുന്തീസുതനിഹ വന്നതുമിപ്പോ-
ളെന്തൊരു കാരണമെന്നതു കേട്ടു
എന്നാലെന്തതുമുരചെയ്യരുതോ?
എന്നാലെന്തതുമുരചെയ്തീടാം
അതിനെന്തൊരു വൈഷമ്യമിതെന്നോ
അതിനുണ്ടൊരു വൈഷമ്യമതേറും

ആയതുമെന്നോടു കല്പിക്കരുതോ
ആയതുതന്നോടു കല്പിച്ചീടാം
നമ്മുടെ യജമാനന്റെ കളത്രം
പെൺമണിയാളാമുർവ്വശിയിപ്പോൾ
തൻമകനാകിയ പാണ്ഡവനെക്ക-
ണ്ടമ്മാത്രം ഹൃദി കൗതുകമുളവായ്
മകനിൽ കൗതുകമുളവായതുമതു
സകലജനത്തിനുമതിനെന്തിപ്പോൾ
അതുപോലല്ലിതിനെന്തൊരു വിഷമം
അതിനേക്കാളിതിനെന്തൊരു വിഷമം
ഉത്തമനാകിയ പാർത്ഥൻതന്നുടെ
ഗാത്രം പുണരണമെന്നൊരു മോഹം
പുത്രനെയേറ്റം കനിവുണ്ടായാൽ
ഗാത്രം പുണരാമതിനെന്തിപ്പോൾ
അങ്ങിനെയല്ലാ ശൃംഗാരത്താലവ
ളെങ്ങിനെതന്നൊടു കല്പിക്കേണ്ടൂ
എങ്ങിനെതാനതു കേട്ടെന്നാൽ പുന-
രങ്ങനെ നമ്മൊടു കല്പിക്കേണം
മല്ലാക്ഷീമണിയുർവ്വശിതന്നുടെ
വല്ലഭനാകണമർജ്ജുനനെന്നൊരു
സല്ലാപം ചെയ്യുമ്പൊഴുതു വിജയന-
തെല്ലും സമ്മതമായതുമില്ലാ
അയ്യോ ശിവശിവ കഷ്ടം കഷ്ടം
ദുര്യോഗം ബത കേൾക്കരുതേതും
ഉർവ്വശി പിന്നങ്ങെന്തുരചെയ്തു
ഉർവ്വശിയും നിജകോപത്തോടേ
അർണ്ണോജായതലോചനമാരൊടു
ഖണ്ഡിച്ചിങ്ങനെ ചൊന്നതിനാണും-
പെണ്ണുമതല്ലാതാക ഭവാനെ-
ന്നങ്ങവളും ശാപവുമേകി നടന്നാൾ
നാരായണ ശിവ നാട്ടിനുകൂടെ-
പ്പേരൊഴികവരുമെന്നേ വേണ്ടൂ
നാരികളെന്നു പറഞ്ഞാൽതന്നെ
നേരില്ലാത്തൊരു കൂട്ടമിതെല്ലാം
ആരെന്നാലുമവർക്കു മനസ്സിൽ വി-
ചാരവുമില്ലൊരു ഭേദവുമില്ലാ
ഇളകരത്തിനകട്ടിക്കുള്ളവതി-
ന്നൊട്ടും സംശയമില്ലിഹ നൂനം

ഉത്തരമോരോജനമുരചെയ്തും
വാർത്തകൾ കേട്ടുമഹേന്ദ്രനമർജ്ജുന-
വൃത്താന്തങ്ങളറിഞ്ഞുതദാനീം
തത്രസമാഗതനായിത്തരസാ
അത്തൽമുഴുത്തുവസിച്ചീടുന്നൊരു
പുത്രനെയപ്പോഴുകണ്ടൊരുനേരം
വിസ്തൃതമാകിയതന്നുടെമാറിൽ
ചേർത്തുമുഹുർമ്മുഹുരാശ്ലേഷം പൂണ്ടന്ന്
അത്തൽകളഞ്ഞുസുരാധിപനുടനേ
ഇത്തരമഞ്ജുപറഞ്ഞുതുടങ്ങി.

ഖേദിച്ചീടരുതുണ്ണീ! മേദിനീപാലകവാൻ
ഖേദംകളഞ്ഞു ചിരത്തമോദിച്ചുവാണീടുകൊൾക
ആനന്ദമൂർത്തികൃഷ്ണൻ അനുകൂലമാകമൂലം
ആപത്തുകളിലൊന്നും അനുഭവിക്കയുമില്ലാ
കുരുക്കൾ പാണ്ഡവരോടാക്കൂട്ടം കൃതികൾചെയ്തില്ലയോ
അരക്കില്ലംതന്നിലാക്കി അടച്ചുതീയുംകൊളുത്തി
മരിക്കുന്നവിഷംനൽകി മടിയാതെകശ്മലന്മാർ
പെരുക്കംഗംഗാജലത്തിൽപരിചോടെബന്ധിച്ചിട്ടു
ഫലിക്കുമെന്നുകല്പിച്ചു പലകൂട്ടം ചെയ്തതൊന്നും
ഫലിയാഞ്ഞതുമുകുന്ദൻ പരമബന്ധുവാകയാൽ
ഇതൊക്കെയും വിചാരിച്ചാൽനിനക്കുള്ളിലെന്തിനിപ്പോൾ
മനഃക്ലേശമുണ്ടാവാനിത ഗുണാംബുരാശേ!
ഉർവ്വശിയുടെശാപമുപകാരമായിവരും
ഉർവ്വീരമണവീരാ! ഉചിതമിതുകേട്ടാലും
വിജ്ഞാനികൾനിങ്ങൾക്കു വനവാസംകഴിഞ്ഞിരുന്നാൽ
അജ്ഞാതവാസംതന്നിൽ അനുഭവിക്കയുംചെ-
ഏവമരുൾചെയ്തൊരു ദേവനായകൻതന്നുക്തം
കുന്തീസുതനപ്പോൾ ഭാവംതെളിഞ്ഞുടനെ
ദേവനായകൻതന്റെ പാദവടിത്തളിർകൂപ്പി
സാവധാനമൊന്നിച്ചുമേവുന്നകാലത്തിങ്കൽ
ദിവ്യാസ്ത്രങ്ങളുമിന്ദ്രൻ സവ്യസാചിക്കുനൽകി
വരുണാസ്ത്രമിന്ദ്രാസ്ത്രവും വൈകല്യബ്രഹ്മാസ്ത്രവും
വൈഷ്ണവമാഗ്നേയമെന്നിത്യാദികളായുള്ളോ-
രസ്ത്രങ്ങൾവഴിപോലെ പുത്രനുപദേശിച്ചു
ചിത്രസേനനെന്നുള്ള ഗന്ധർവ്വനോടുംപിന്നെ
നൃത്തഗീതവാദ്യങ്ങളത്യന്തം പഠിപ്പിച്ചു
പാർത്ഥസന്ദേശംകൊണ്ടു സുത്രാമാവങ്ങുധർമ്മ-
പുത്രാദികൾവസിക്കും വൃത്താന്തം ബോധിപ്പാനായ്
രോമേശനെന്നുപേരാം മാമുനിവരനേയും
ഭൂമിയിൽനിയോഗിച്ചു സാമോദമിന്ദ്രൻപിന്നെ
വീരൻവിജയനോടും വീര്യമായത്രവാണു.

അങ്ങനെവാഴുംകാലംസുരവര-
പുംഗവനായമഹേന്ദ്രനൊരുനാൾ
സംഗരധീരനതാകുംവിജയനെ
യങ്ങുവിളിച്ചുവരുത്തിസമീപേ
തുംഗപരാക്രമിയാകിയവിജയനൊ-
ടിംഗിതമേവമിതരുളിച്ചെയ്തു
കുന്തീതനയ! ധനഞ്ജയ! മകനേ!
ചിന്തതെളിഞ്ഞിതുകേൾക്കണമുണ്ണീ!
ചിന്തയിലുണ്ടൊരുതാൽപര്യം പുന-
രെന്തെന്നുള്ളതുമുരചെയ്തീടാം
ശിക്ഷയിൽനമ്മോടുദിവ്യാസ്ത്രങ്ങൾപ-
ഠിച്ചതിനിന്നുകുമാരകനീയും
ദക്ഷിണചെയ്യണമെന്നുനമുക്കൊരു
പക്ഷവുമുണ്ടതുസാധിക്കേണം
പട്ടുംവളയുംമുണ്ടും ചന്ദന
മുട്ടികളെന്നിവപൊന്നുംപണവും
വെള്ളിത്തട്ടംപൊന്നുംവട്ടകനല്ലൊരു
പട്ടുകിടക്കാചങ്ങലവട്ടകനല്ലകടുക്കൻ
മഞ്ചലികിണ്ടികൾകോളാമ്പികളും
മുടവുകൾപെട്ടികൾപട്ടുറുമാലുകൾ
പിടിമൊന്തകളിവയൊന്നും
കിട്ടണമെന്നൊരുമോഹവുമില്ലാ
ഇപ്പോഴെരുചിയെന്തെന്നാലതു
മിപ്പോൾതന്നെസാധിച്ചീടും
കല്പതരുക്കളിൽനിന്നുളവാകുമ-
നല്പധനങ്ങൾനമുക്കതുമൂലം
സമ്പത്തുകളിവയൊന്നുംതന്നെ
സമ്പാദിക്കണമെന്നതുമില്ലാ
ഒന്നൊരുകൂട്ടംമാത്രംകൊണ്ടൊരു
ദൈന്യതയുണ്ടതുസാധിക്കേണം

നിന്നാലരുതു സാധിച്ചീടും
നന്ദനാ! ഫൽഗുനാ! വിക്രമജലധേ!
കൌന്തേയനമുടനങ്ങറിയിച്ചു
ചിന്തിതമെന്തെന്നരുൾചെയ്യേണം
നിന്തിരുവടിയുടെ കൃപയുണ്ടായാ-
ലെന്തെങ്കിലുമതു സാധിച്ചീടും
അന്തരമില്ലിതിനടിയനിദാനീം
ചിന്തിതമെന്തെന്നരുൾചെയ്താലും
എന്നതുകേട്ടു മഹേന്ദ്രനുമുടനേ
നന്ദികലർന്നിദമരുളിച്ചെയ്തു

നിവാതകവചനെന്നൊരു ദുഷ്ടൻ
നിശാചരാധിപനുണ്ടിഹ സവിധേ!
നിവാര്യനല്ലവനതിബലസഹിതൻ
നിതാന്തദൂഷണകരനായ് വന്നു
നിശാന്തസുന്ദരിമാരെയുമവനിഹ
നിരാകുലം മുനിതരുണികളെയും
നിശാമനം ചെയ്തീടുന്നവനിഹ
നിശാചരാധമനാശു ഹരിച്ചു
നിശാന്തമഖിലമടിച്ചുതകർത്തു
നിശാവിനാശം ചെയ്യുമവനെ
നിശാന്തമാകിന ശരജാലത്താൽ
നിഷൂദനം ചെയ്ക രജനാനാം
നിശാന്തസുഖമതുളീടണമതിനിഹ
നിതാന്തമനുഗ്രഹമുണ്ടു നമുക്കും
തടിച്ചവാരിധിനിറത്തോടൊക്കും
പെരുത്തമാമലപോലെ തടിച്ചതി
കരുത്തനാകുമവനിഹ മമ
പുരത്തിലിങ്ങുകടന്നാൽ കോപാൽ
അനർത്ഥമോരോവക ചെയ്തീടും
അമർത്ത്യവൈരികളെല്ലാരുംഡംഭക-
ളത്തിവെയ്പ്പാനോർക്കിലിദാനീം
അമർത്ത്യരാലിന്നാവതുമല്ല

തടിച്ചുരാക്ഷസക്കൂട്ടം പൊടിച്ചും കല്പവൃക്ഷങ്ങ-
ളൊടിച്ചും കല്ലുനാശകതി നടിച്ചും മാമുനിമാരെ-
തിരിച്ചും മറ്റുള്ളതിലെത്തി ചിരിച്ചും മല്പവു-
[illegible]
കടിച്ചും മാമുനിമാരെപ്പിടിച്ചും ഭക്ഷണം ചൊല്ലി-
ച്ചിരിച്ചും ദേവവൃന്ദത്തെയടിച്ചും [illegible]-
ളഴിച്ചും യാഗവൃന്ദത്തെപ്പുഴിച്ചും കുണ്ഡങ്ങൾ കുത്തി
ഇടിച്ചും കത്തിനെച്ചെന്നു പിടിച്ചും ഹോമപാത്രങ്ങ
ളുടച്ചും ഹോമപാത്രങ്ങൾ പൊരിച്ചും വിത്തമെല്ലാരും
മുടിച്ചും വിക്രമത്തോടെ തിരിച്ചും വാടകൾ കുത്തി
യിടിച്ചും വീടുകൾ ചുട്ടുകരിച്ചും ഇങ്ങനെ ലോകം
മുടിച്ചീടുന്നു നിത്യവും.

വാരിധിതന്നിൽ വസിച്ചീടുന്നൊരു
വൈരിയെ നിധനം ചെയ്വാനിപ്പോൾ
സാരഥിയോടും വൈകാതെ മമ
തേരിൽ കേറിപ്പോകണമുണ്ണീ!
ഇങ്ങനെ വികൃതികൾ കാട്ടുന്നവരെ
സംഗരസീമനി സപദി വധിച്ചാൽ
മംഗലമിതുകൊണ്ടഖിലജനാനാ-
മങ്ങുവെച്ചീടും ഭേദമുടനെ
വൃത്രവൈരിയുടെ ശാസനമിങ്ങനെ
പാർത്ഥിവൻ ബത നിശമ്യ തദാനീം
ശക്രൻ ചെയ്യും ചതിയുള്ളിൽനിനച്ച-
ങ്ങെത്രയും ഏറിപ്പെരുത്തൊരു കോപാൽ
ശസ്ത്രജാലവുമെടുത്തുതൊടുത്തു-
നത്യുദാരഭുജവിക്രമി പാർത്ഥൻ
തത്രമേവിന സുരാധിപനോടും
സത്വരം തൊഴുതു യാത്രയുണർത്തി
വൃത്രവൈരിയതുകണ്ടു പ്രസാദി-
ച്ചുത്തമനുടെ കിരീടമെടുത്തു
പുത്രനൻപൊടു കൊടുത്തതിമോദാൽ
ഹസ്തപങ്കജമുയർത്തിക്കൊണ്ടു്
അസ്തു തേ ഗുണമനല്പഗുണാലയ!
സ്വസ്തി തേ വരിക വിക്രമജലധേ!
ഇത്ഥമങ്ങുടനനുഗ്രഹമേകി
യാത്രയാക്കി സഹസാരഥിയോടും

ചമ്പതാളം.

ഇതിനകരകുലതിലകനവനിപതിയർജ്ജു-
നംഗപരാക്രമവാരിധി പാണ്ഡവൻ [നൻ
സപദി നിജജനകനുടെ രഥവരമമർന്നുടൻ
സാരഥിയോടും തിരിച്ചു ജിതശ്രമം

ചാടിച്ചിനൊരസുരനടികടന്നു ചെന്നങ്ങിനെ
വാരാന്നിധിതന്റെ തീരം പ്രവേശിച്ചു
അരിവരനിലധികതരമരിശമൊടർജ്ജുനൻ
ആരാഞ്ഞു ശംഖുവിളിച്ചു ചൊല്ലീടിനാൻ
വരികപടപൊരുവതിനു നിശിചരകുലാധമ!
വീരനെന്നാകിൽ നീ വൈകാതെ സന്നിധൌ
അമരവരപുരിയിലതിവിരവിനൊടു വന്നു ഭവാൻ
അന്നന്നനർത്ഥങ്ങൾ ചെയ്യുന്നതുമതേ!
നിശിചരരിലധികജള! നിശിതതരമെയ്തു ഞാൻ
നിഗ്രഹിച്ചീടുവൻ നിന്നെയും സാമ്പ്രതം

ഇത്ഥം വിജയന്റെ ദുർഭാഷണം കേട്ടു
ക്രുദ്ധനായേറ്റം നിവാതകവചനും
അബ്ധിയിൽ നിന്നങ്ങു ദാനവന്മാരോടും
സാകം പുറപ്പെട്ടു വന്നതിഭീഷണൻ
കല്പാന്തമേഘനാദത്തിനല്പം വി
കല്പമേകുംപടി കശ്മലൻ
ഉൽപ്പന്നരോഷേണ സിംഹനാദം ചെയ്തു
മുപ്പാരുമൊന്നു നടുങ്ങി ഭയങ്കരം
വൃത്തംകലർന്നുള്ള ചമ്പുകിടാരത്തി-
നൊള്ളമന്ത്രങ്ങൾ ചൊല്ലുന്നതന
കണ്ണുനീതിക്കൽക്കു ചൊല്ലി-
നത്യന്തവേഗം വന്നെതിർത്തങ്ങ സാ
യുധതതിയൊത്തു വിളിക്കും വിജയനാം-
ക്രുദ്ധനായിപ്പറഞ്ഞീടിനാൻ ശഠൻ
ആരെടാ നമ്മോടു പോർ ചെയ്തതിന്നായി
നേരിടാമെന്നുള്ളിലോർത്തു വന്നീടിനെ
പാരമധിക്ഷേപവാക്കുകൾ ചൊന്നതു
ചേരുമാറില്ലെന്നു ബോധിക്ക മാനസേ
ഇന്ദ്രനെന്നാകിലും ചന്ദ്രനെന്നാകിലും
ഇന്ദുചൂഡൻ മുകിൽവർണ്ണനെന്നാകിലും
മാരനെന്നാകിലും വീരനെന്നാകിലും
മദമോടടൽ ചെയ്‌വതിന്നു വരികമമസവിധേ നീ
തല്ലിമമഭുജയുഗത്താൽ കല്ലുകളിതുകൽ പൊടുമാറു-
തവലിപ്പൻ
കില്ലിതിനു തെല്ലുമിടനില്ല വിടുരോഷം
പാണ്ഡവൻ ഞാനെന്നു വർണ്ണിച്ചു നിന്റെ
പൊണ്ണത്തമെല്ലാം നശിച്ചീടുമിപ്പോൾ
എണ്ണമില്ലാതുള്ള സൈന്യങ്ങളെയും
കണ്ണിലാമ്മാറു നീ കണ്ടുകൊണ്ടാലും
ചണ്ഡരിപുവീരകരദണ്ഡമതിനണ്ടം
ഖണ്ഡതരബാണശതഷണ്ഡമതുകൊണ്ടു
മുണ്ഡമതുമിന്നു തവ ഖണ്ഡതരമാകും
കുന്തീസുതനമരത്താനീവണ്ണം
ചിന്തുമുഖം നിശാചരാ ചൊടി
ദന്തം കടിച്ചു ചൊടിച്ചു പറഞ്ഞാ-
ലെന്തിങ്ങു ഫലം കലുഷമില്ലേതും
കുരുനൃപതിവരനോടടൽ പൊരുതുവതിനൊക്കും
അരികളുടെ കുലമഖിലമിടിപൊടിതകർക്കും
കരുതടൽ പൊരുകിലിഹ പടയൊടു നിനക്കും
ശരനിമിഷമിടയിലമരപുരിയാശുഗമിക്കാം.

ഇത്ഥം പറഞ്ഞു തമ്മിലേറ്റും
കോപവും പാരം കടുത്തും
അസ്ത്രജാലങ്ങൾ ചൊരിഞ്ഞും
അത്തൽ കൂടാതെയൊഴിഞ്ഞും
അമ്പുകൾ കൊണ്ടു മുറിഞ്ഞും
വമ്പുകൾ തമ്മിൽ പറഞ്ഞും
ദൈത്യേന്ദ്രൻ പാരം കടുത്തും
പാർത്ഥനെ വന്നു തടുത്തും
തമ്മിലന്യോന്യം കൊടുത്തും
തായത്തിലെത്തിയടുത്തും
മാർവ്വിടം കുത്തിപ്പൊടിച്ചും
പാരാതെ കോപം മുഴുത്തും
ഇങ്ങനെ തമ്മിൽ കയർത്തും
കലഹവിധങ്ങളൊന്നു പകർന്നീടുന്നു
കലശലുമിശിദിശി വളർന്നീടുന്നു
പൊടികളുമനവധി നിറഞ്ഞീടുന്നു
പൊളിയല്ല ദിനകരൻ മറഞ്ഞീടുന്നു
രജനിചരന്മദം കുറഞ്ഞീടുന്നു
രണഭുവി വിജയനുമണഞ്ഞീടുന്നു
കരതലവിരുതൊന്നു കടുത്തീടുന്നു
അരികളുമുടനങ്ങു മരിച്ചീടുന്നു
അമരജനങ്ങൾ നിന്നു പുകഴ്ത്തീടുന്നു
അസുരജനങ്ങൾ നിന്നു ദൈക്കേണീടുന്നു
ശിവശിവ! രണമെന്നു പറഞ്ഞീടുന്നു.

സംഗരമധികഭയങ്കരമായി
ട്ടങ്ങുമുതിർന്നു തുടർന്നൊരു ദാനവ

തുംഗനിശാചരവീരനെയർജ്ജുന-
നങ്ങുവധിച്ചുമറിച്ചുവിട്ടിട്ടു
മംഗലമതുകൊണ്ടഖിലജനാന
മങ്ങസമാഗതമായി
ഉടനധികമാനവവീരൻപാൎത്ഥൻ
മുടനേസ്യന്ദനമേറിക്കൊണ്ടതിരിച്ചു
ഇന്ദ്രനെവന്നുവണങ്ങിസ്സാദര
മൊന്നൊഴിയാതെവിവധമറിയിച്ചു
ഇന്ദ്രനുമധികംപ്രീതികലൎന്നു
നന്ദനനൻപൊടനുഗ്രഹമേകി
ജീവചിരംനീജിഷ്ണുകുമാരക!
വെള്ളമുള്ളർമുള്ളപെകശലംതെ
ദേവകളവനുടെതലയിൽതൊട്ടു
കേവലമാശീൎവ്വാദവുമേകി
ചുറവുന്നിന്നുടനപദേവകളും
കററമകന്നുപുകഴ്ത്തിതമോനിം
കല്യാണംദിശിദിശി
കല്യാണംകല്യാണമൂൎത്തിതൻപദ-
പല്ലവംസേവചെയ്യാൻ

അല്ലൽതീൎന്നുമല്ലവൈരികീൎത്തികൾ
സല്ലപിച്ചുമുല്ലസിച്ചുവാഴുകകല്യാണം
ഇതുമൂലംദൈവമനുകൂലം
അതിബലബലവീൎയ്യവു-
മതുലകലനിജപൂരവും
അതുലകീൎത്തിവിമലപൂൎത്തിയെന്നിവ
സകലമാശുസഫലമാകനപവരകല്യാണം
മാനവവീരനൎജ്ജുനൻദാനവരെക്കൊന്നു
ദീനതകളഞ്ഞുസുഖമോടുദാനവാരി
മാനിനിബഹുമാനമൊടുഗാനമാശ്രുതുടരുകകല്യാ
ണം
പരിതോഷംജഗതീപര തോഷംപൂരുജന-
ന്ദനം
പൂരുവംശജാതവീരപരിപാലിനൊടുളവനവീര-
കല്യാണംദിശിദിശികല്യാണം [രണിമണേ
കല്യാണംസുഖമേററവനങ്ങനെ
ഉല്ലാസേനകഴിഞ്ഞൊരുദിവസം
സ്വർല്ലോകാധിപനൊടുംസുഖമൊടു
സ്വർല്ലോകത്തിൽവസിച്ചുസുഖിച്ചു.

നിവാതകവചവധം ഓട്ടൻതുള്ളൽ സമാപ്തം.

കേരള സാഹിത്യ
അക്കാദമി